# ചങ്ങനാശ്ശേരി

"ഇന്നത്തെ ലോകം അതിവേഗ
ത്തിൽ മാറിക്കൊണ്ടിരിക്കുന്നു. പഴയ
വ്യത്യസ്തമായ ഒരു തരം പ്രശ്നങ്ങളെ
നിങ്ങൾക്കു നേരിടാതെ ഗത്യന്തര
മില്ല. ക്ലേശിച്ചു ചിന്തിക്കുക; ക്ലേശിച്ചു
പ്രയത്നിക്കുക; കരളു സംസാരിക്ക
കയും. ഇങ്ങനെ പ്രവൃത്തിക്കുകയും ചെ
യ്യുക. മടയന്മാർക്കും, അലസന്മാർക്കും,
ഭീരുക്കൾക്കും ലോകത്തിൽ സ്ഥാനം
ഇല്ല."

ചങ്ങനാശ്ശേരി.


സി. നാരായണപിള്ള

ബി. ഏ., ബി. എൽ.

# ചങ്ങനാശേരി

(ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ ജീവചരിത്രം)

ഗ്രന്ഥകർത്താ

**സി. നാരായണപിള്ള.**

ബി. ഏ., ബി. എൽ.

*(Copy Right.)*

THE STATE MUSEUM,
JUL 8 1917
COCHIN.

പ്രസാധകൻ

**ജി. രാമചന്ദ്രൻ.**

ഒന്നാംപതിപ്പ് കാപ്പി ൧൦൦൦

1—5—1117

*Price Rs. 1 As 8*] [വില രു. 1 ണ. 8.

---

എല്ലാ പ്രതികളിലും ഗ്രന്ഥകർത്താവിന്റെ മുദ്രയുണ്ടായിരിക്കേണ്ടതാണ്.



ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള.

# മുഖവുര

ഇതു് ഒരു വ്യക്തിയുടെ ജീവിതവിവരണം മാത്രമല്ല, പിന്നെയോ, തിരുവിതാംകൂറിന്റെ കഴിഞ്ഞ നാല്പതു വഷത്തെ തുടച്ചയായ ചരിത്രമാണെന്ന, ഗ്രന്ഥകത്താവു് അദ്ദേഹത്തിന്റെ ആമുഖത്തിൽ പ്രസ്താവിച്ചിട്ടുള്ളതു തികച്ചും പരമാത്ഥമാണു്. അതങ്ങിനെ ആയിരിക്കുവാനേ വഴിയുള്ളൂ. എളിയവനും ദരിദ്രനമായിരുന്ന 'പാച്ചു'വിന്റെ ബാല്യം, ഉൗർജ്ജസ്വലവും വിജയലാളിതവുമായ 'പരമേശ്വരൻപിള്ള'യുടെ യുവത്വത്തിലേയ്ക്കും അവിടെനിന്ന 'ചങ്ങനാശേരി'യുടെ ശോഭനമായ വിശ്രുതിയിലേയ്ക്കും വളൎന്ന ചരിത്രം, ആധുനിക തിരുവിതാംകൂറിലെ പൊതുക്കാൎയ്യജീവിതത്തിന്റെ ബാല്യം യൗവ്വനം വിശ്രുതി എന്നിവയുടെ ഏറെക്കുറെയുള്ള ചരിത്രമാണു്. തിരുവിതാംകൂർചരിത്രത്തിൽ ഇതിന തുല്യമായി, ആരിലും പുളകമുണ്ടാക്കുന്ന മറെറാരു ഘട്ടം കണ്ടെത്തുവാൻ ഒരുപക്ഷേ ഏകദേശം രണ്ടു ശതാബ്ദങ്ങൾക്കു മുൻപു രാമയ്യൻദളവ, വേലുത്തമ്പി, രാജാകേശവദാസ് തുടങ്ങിയ പുരുഷകേസരികൾ ജീവിച്ചിരുന്ന കാലങ്ങളിലേയ്ക്കു തിരിഞ്ഞുനോക്കേണ്ടിവരും. കൂടുതൽ ദുർഘടപൂർണ്ണവും വിപൽക്കരവുമെങ്കിലും, വീരോചിതമായ കൃത്യങ്ങൾക്കും ശോഭനമായ പ്രശസ്തിക്കും കൂടുതലവസരം നൾകുന്ന ഒരു കാലഘട്ടത്തിലാണു് ആ പ്രഗത്ഭന്മാർ ജീവിച്ചിരുന്നു തിരുവിതാംകൂറിൻെറ ഭാഗധേയങ്ങളെ നിയന്ത്രിച്ചിരുന്നതെന്നുള്ള കാൎയ്യം നിൎവ്വിവാദമാണു്. കൂടുതൽ പ്രശാന്തവും സമാധാനപൂർണ്ണവുമായ ഒരു യുഗത്തിലാണു ചങ്ങനാശേരി ജീവിച്ചിരുന്നതെങ്കിലും, ഇന്നത്തെ തിരുവിതാംകൂറിൽ തീവ്രമായ അഭിപ്രായാന്തരങ്ങൾക്കു് ഇടനൾകുന്ന ചൈതന്യപൂർണ്ണമായ ഒരു വ്യക്തിത്വമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. അനുനിമിഷം വളൎന്നു പരിവൎത്തനം ചെയ്തുകൊണ്ടിരുന്ന തിരുവിതാംകൂറിലെ നാനാമുഖമായ പ്രവൎത്തനങ്ങളെ ഗാഢമായി സ്പർശിച്ചു്, ആധുനികകാലത്തിനും ചിന്താഗതിക്കും അനുരൂപമാംവണ്ണം അവയെ

രൂപഭേദപ്പെടുത്തുവാൻ ചങ്ങനാശേരി അദ്ദേഹത്തിന്റെ ജീവിതത്തിൽ വളരെയൊക്കെ ചെയ്തിട്ടുണ്ടു്. വയ്ക്കംസത്യാഗ്രഹമാരംഭിക്കുന്നതിനു വളരെ മുൻപുതന്നെ ഹരിജനോദ്ധാരണം സംബന്ധിച്ച ജോലികളിലേർപ്പെട്ടു്, ജാതിവ്യത്യാസത്തെ എതിർത്തു്, നായർസമുദായത്തിന്റെ സാമൂഹ്യസംഘടനയെ ഉടച്ചുവാർത്തു് നൂതനശക്തികളെ തുറന്നുവിട്ട അദ്ദേഹം ഈ രാജ്യത്തിലെ ഏററവും ധീരനായ സമുദായപരിഷ്കർത്താവായിരുന്നു എന്നു തീർത്തുപറയാം. കേരളഹരിജനസേവാസംഘത്തിന്റെ അദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹം അഖിലഭാരതപ്രശസ്തി ആർജ്ജിച്ചു. ആധുനികകാലത്തു തിരുവിതാംകൂറിലുണ്ടായിട്ടുള്ള ഏററവും സമർത്ഥനും തന്ത്രജ്ഞനുമായ രാഷ്ട്രീയപ്രവർത്തകൻ അദ്ദേഹംതന്നെയായിരുന്നു. മററതൊരാളെക്കാളും കൂടുതൽ രാഷ്ട്രീയപ്രസ്ഥാനങ്ങളെ അദ്ദേഹം സംഘടിപ്പിച്ചു നയിച്ചിട്ടുണ്ടു്. ദേശീയപ്രവർത്തനങ്ങളിൽ ഒരു യഥാർത്ഥവാദിയായിരുന്ന അദ്ദേഹം എതിർക്കേണ്ടിടത്തു് നിർഭയമെതിർത്തും, രാജിപ്പെടേണ്ട ഘട്ടങ്ങളിൽ ബുദ്ധിപൂർവ്വം രാജിയുണ്ടാക്കിയും, ഒന്നിലധികം അതിപ്രധാനങ്ങളായ രാഷ്ട്രീയസമരങ്ങളെ വിജയത്തിലേയ്ക്കു നയിച്ചിട്ടുണ്ടു്. വിപുലമായ വ്യവസായീകരണത്തിൽ ദൃഢവിശ്വാസമുണ്ടായിരുന്ന അദ്ദേഹം കൊല്ലത്തു് “തോമസ്സ് സ്റ്റിഫൻ ഓട്ടുകമ്പനി” എന്ന വ്യവസായശാല നവീകരിക്കയും പരിപുഷ്ടമാക്കയും ചെയ്തിട്ടുള്ള കാര്യം സുവിദിതമാണു്. എന്നാൽ അതേസമയംതന്നെ ഗ്രാമവ്യവസായങ്ങളെ പരിപുഷ്ടമാക്കി ഗ്രാമീണജീവിതത്തെ പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ വിശദമായി മനസ്സിലാക്കിയിരുന്ന അദ്ദേഹം “തിരുവിതാംകൂർ ഗ്രാമവ്യവസായ സംഘം” എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്തു് അതിന്റെ പ്രസിഡൻറുസ്ഥാനം കയ്യേററു. പ്രസ്തുത കമ്പനി ജോലി ആരംഭിക്കുവാൻ ഒരുക്കങ്ങൾ തുടങ്ങിയ വേളയിലാണു് രാഷ്ട്രീയപ്രക്ഷോഭണവും അദ്ദേഹത്തിന്റെ അവസാനരോഗവും അതിനെ പ്രതിബന്ധപ്പെടുത്തിയതു്.

നെടുമങ്ങാട്ടുതാലൂക്കിലെ വനാന്തരങ്ങളിൽ കടന്നുചെന്നു കഠിനമായ മലേറിയാരോഗത്തിന്റെ അപകടങ്ങളെപ്പോലും

വിഗണിച്ച് അദ്ദേഹം വിസ്തൃതമായ ഓരോന്നാംതരം റബ്ബർത്തോട്ടം കൃഷിചെയ്തുണ്ടാക്കി. വിദ്യാർത്ഥിമന്ദിരങ്ങളും വിദ്യാലയങ്ങളും തുടങ്ങി കാട്ടുജാതിക്കാരായ പിന്നോക്കസമുദായങ്ങൾക്ക് ആശ്രമങ്ങൾവരെ സൃഷ്ടിച്ചിട്ടുള്ള അദ്ദേഹം പല ജനോപകാരപ്രദങ്ങളായ സ്ഥാപനങ്ങളുടേയും നിർമ്മാതാവാണ്. ഒരു സാമ്പത്തികശാസ്ത്രജ്ഞനായ അദ്ദേഹം കേരകർഷകസംഘം പ്രസിഡന്റെന്ന നിലയിൽ അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളുടെ വിവരണം നിസ്തുലമായ ഒരു പ്രമാണമായി എന്നും പരിലസിക്കുന്നതാണ്. തിരുവിതാംകൂറിലെ ഓരോ ഇഞ്ചു ഭൂമിയെപ്പറ്റിയും, അതിനെ അധിവസിക്കുന്ന ജനങ്ങളുടെ സാമ്പത്തികാവസ്ഥയെപ്പററിയും, ഇത്ര പരിപൂർണ്ണമായ പരിജ്ഞാനമുള്ള മറെറാരു സമകാലീനനും ഉണ്ടായിരുന്നിട്ടില്ല. വസ്തുതകളും അടിസ്ഥാനതത്വങ്ങളും അതിശയോക്തിയോ അധഃസ്ഥിതിയോ കൂടാതെ ഒരു ശാസ്ത്രീയഗവേഷകനേപ്പോലെ അദ്ദേഹം സസൂക്ഷ്മമായി പഠിച്ചിരുന്നു.

വികാരം ബുദ്ധിയെ കീഴടക്കുവാൻ ഒരിക്കലും അനുവദിക്കാത്ത ഒരു ശാസ്ത്രീയ വീക്ഷണകോടിയാണദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹം ഒരു നല്ല നിയമജ്ഞനും, തിരുവിതാംകൂറിലെ അത്യുന്നതന്മാരായ അഭിഭാഷകന്മാരിലൊരാളും ആയിരുന്നു. ഗവർമ്മെന്റ് അദ്ദേഹത്തെ ഹൈക്കോടതിയിലേയ്ക്കുയർത്തിയപ്പോൾ തിരുവിതാംകൂറിലെ അത്യുന്നതമായ നീതിപീഠത്തിന് ഏററവും പ്രാപ്തനായ ഒരു ന്യായാധിപനെ ലഭിച്ചു. അദ്ദേഹത്തിന്റെ നിസ്സീമമായ കാര്യശേഷിക്കും, നിർദ്ദാക്ഷിണ്യമായ നീതിനിർവ്വഹണത്തിനും, സംശയാതീതമായ സത്യസന്ധതയ്ക്കും, തിരുവിതാംകൂറിലെ പ്രശസ്തരായ പല അഭിഭാഷകന്മാരും സാക്ഷ്യം വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ചില വിധിത്തീർപ്പുകൾ ഇക്കാലങ്ങളിലുണ്ടായിട്ടുള്ളവയിൽ ഏറ്റവും ശ്രേഷ്ഠങ്ങളായി പരിഗണിക്കപ്പെട്ടേയ്ക്കാമെന്നാണ് ഒരഭിഭാഷകനേതാവ് ഒരിക്കൽ അഭിപ്രായപ്പെട്ടത്. സർവ്വോപരി ധാരാളം ശിക്ഷണബോധവും പരിശ്രമശീലവും ധീരതയും ഉള്ള ഒരാളായിരുന്നു അദ്ദേഹം. ചങ്ങനാശേരി ഒരതിമാനുഷനോ വൈരാഗിയോ ആയിരുന്നില്ല. മനുഷ്യസഹജമായ സാമാന്യഗുണ

ങ്ങളുടെ പരിപൂർണ്ണവിജയമാണ് അദ്ദേഹത്തിന്റെ ജീവിത വിജയം. ജീവിതപ്രവർത്തനങ്ങളുടെ ഏതെങ്കിലും ഒരു പ്രത്യേക ശാഖയിൽ ആർജ്ജിച്ച അപ്രാപ്യമായ വൈദഗ്ദ്ധ്യമല്ല, പിന്നെയോ വിവിധരംഗങ്ങളിലെ ബഹുമുഖമായ നേട്ടങ്ങളാണ് അദ്ദേഹത്തിന്റെ മഹത്വത്തിനുള്ള നിദാനം.

തിരുവിതാംകൂറിനെപ്പോലെ പരിമിതിയുള്ള ഒരു രാജ്യാതൃത്തികളിൽ അദ്ദേഹത്തിന്റെ വളർച്ചയ്ക്കും ഒരു പരിമിതിയുണ്ടായിരിക്കണമല്ലോ! ബ്രിട്ടീഷ് ഇൻഡ്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്തിലാണു ജനിച്ചിരുന്നതെങ്കിൽ അദ്ദേഹത്തിന്റെ വളർച്ചയും കൂടുതൽ വിപുലമായിരുന്നേനേ. അദ്ദേഹം ഇൻഡ്യൻ നാഷണൽകാൺഗ്രസ്സിന്റെ അഖിലഭാരത പ്രശസ്തിയുള്ള ഒരു നേതാവായിരുന്നേനേ. കാൺഗ്രസ്സ് പ്രാദേശികസ്വയംഭരണം ഏറ്റെടുക്കുമ്പോൾ കേരളം ഏതു രൂപത്തിലെങ്കിലും ഉത്തരവാദഭരണമുള്ള ഒരു സംസ്ഥാനമായിരുന്നു എങ്കിൽ അവിടത്തെ പ്രധാന മന്ത്രിപദം വഹിക്കുവാൻ ഏറ്റവും അർഹതയുള്ള സർവസമുദായസമ്മതനായ നേതാവു ചങ്ങനാശേരി ആയിരുന്നേനേ. നിർഭാഗ്യവശാൽ വ്യത്യസ്തമായ ഒരു കാലഘട്ടത്തിൽ വ്യത്യസ്തങ്ങളായ പരിതഃസ്ഥിതികളിലാണ് അദ്ദേഹത്തിനു ജീവിക്കേണ്ടിവന്നത്. ആ കാലഗതിയുടെ പരിവർത്തനം വേണ്ടിടത്തോളം പുരോഗമിക്കുന്നതിനു മുൻപു തന്നെ അദ്ദേഹം ചരമമടയുകയും ചെയ്തു. എന്റെ മാന്യസ്നേഹിതൻ ശ്രീ. സി. നാരായണപിള്ള എഴുതിയിട്ടുള്ള ഉജ്ജ്വലവും പ്രചോദിതവുമായ ഈ ജീവചരിത്രം ഈ തലമുറയേയും ഭാവിതലമുറകളേയും, ചങ്ങനാശേരിയേയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളേയുംപറ്റി പൂർണ്ണമായി പരിചയപ്പെടുത്തുന്നതാണ്.

ചങ്ങനാശേരിയുടേതുപോലുള്ള സംഭവബഹുലമായിരുന്ന ഒരു ജീവിതത്തിൽ തെററുകളും കുറവുകളും യാതൊന്നും ഉണ്ടായിട്ടില്ലെന്നു പറയുന്നതു അതിശയോക്തിപരമായിരിക്കും. അദ്ദേഹത്തിന്റെ ബുദ്ധിതന്ത്രങ്ങളേയും ഉദ്ദേശശുദ്ധിയേക്കുറിച്ചും പൊതുജനങ്ങൾ ചോദ്യം ചെയ്തിട്ടുള്ള അവസരങ്ങളുണ്ടാ

യിട്ടുണ്ട്. എന്നാൽ അദ്ദേഹവും അദ്ദേഹത്തിൻെറ പൊതുപ്രവർത്തനങ്ങളും താഴ്വരകളിൽ ഉയർന്നു നില്ക്കുന്ന ശൈലാഗ്രങ്ങളെപ്പോലെ ഉന്നതമായി പ്രശോഭിക്കതന്നെ ചെയ്യും. അദ്ദേഹം തീഷ്ണമായ അഭിപ്രായാന്തരങ്ങളുടെ നടുമദ്ധ്യത്തിലാണു ജീവിച്ചതു്. അതിനുള്ള കാരണം ചാരുകസാലയിലിരുന്നുകൊണ്ടു ചുററുപാടും നടന്നുകൊണ്ടിരുന്ന സംഭവങ്ങളെ വിമർശിക്കുക മാത്രം ചെയ്യുന്ന ഒരു പൊതുകാര്യപ്രസക്തനായിരുന്നില്ല അദ്ദേഹമെന്നുള്ളതാണ്. മിക്ക സമരരംഗത്തിലും മുന്നണിയിലദ്ദേഹത്തെക്കാണുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു വശത്തുള്ള ജനങ്ങൾ കഠിനമായി അദ്ദേഹത്തെ പഴിക്കുമ്പോൾ മറുവശത്തുള്ളവർ തുല്യനിലയിൽ അദ്ദേഹത്തെ പ്രശംസിച്ചിട്ടുണ്ട്. അനാസ്ഥയും അലസതയും അദ്ദേഹത്തെ അന്ത്യംവരെ ബാധിച്ചിരുന്നില്ല. അസ്വാസ്ഥവും വിശ്രമരഹിതവുമായ ഒരു ജീവിതമാണ് അദ്ദേഹം നയിച്ചതു്. അദ്ദേഹത്തെപ്പോലെ ഒരേ ഘട്ടത്തിൽ അപലപിക്കപ്പെടുകയും പ്രശംസിക്കപ്പെടുകയും ചെയ്തിട്ടുള്ള മറെറാരു വ്യക്തിപോലും കഴിഞ്ഞ അരശ്ശതാബ്ദത്തിനിടയ്ക്കു് തിരുവിതാംകൂറിലുണ്ടായിട്ടില്ല.

പരസ്പരവിരുദ്ധങ്ങളും വിവേചനം ചെയ്തു തിരഞ്ഞെടുക്കുവാൻ ദുസ്സാധ്യങ്ങളുമായ സംഭവബാഹുലതയിൽ നിന്നു് ഇങ്ങിനെ ഒരു ജീവചരിത്രം നിർമ്മിക്കുക ഇതിൻെറ കർത്താവിന് എത്രമാത്രം ശ്രമകരമായ ഒരു ജോലിയായിരുന്നു എന്നെനിക്കറിയാം. മി. നാരായണപിള്ളയോ ഞാനോ ചരിത്രപുരുഷൻെറ അന്ധരായ സ്തുതിപാഠകരല്ല. വസ്തുതകൾ പ്രതിപാദിച്ചു ചങ്ങനാശേരിയുടെ വീക്ഷണകോടി വിശദമാക്കുകയാണ് ഈ ഗ്രന്ഥത്തിൽ ചെയ്തിട്ടുള്ളതു്. അതുകൊണ്ടുതന്നെ ഇതിലാവിഷ്കരിച്ചിട്ടുള്ള അഭിപ്രായങ്ങൾ മുഴുവൻ ഗ്രന്ഥകർത്താവിൻേറയോ എൻേറയോ അഭിപ്രായങ്ങളായിരിക്കണമെന്നു തീരേ നിർബന്ധമില്ല. ചങ്ങനാശേരി പങ്കെടുത്തിട്ടുള്ള സംരംഭങ്ങളിൽ സമകാലീനരെന്ന നിലയിൽ ഭാഗഭാക്കുകളാകുവാൻ ഞങ്ങൾക്കിടവന്നിരുന്നു എങ്കിൽ ചില ഘട്ടങ്ങളിൽ മറു

പക്ഷത്തിന് അദ്ദേഹത്തെ എതിൎക്കുവാൻപോലും ഞങ്ങൾ നിർബന്ധിതരായിരുന്നേനെ. ഒരുപക്ഷേ ഗ്രന്ഥകൎത്താവു് കൂടുതൽ വിമൎശനബുദ്ധിയും ഈ ഗ്രന്ഥത്തിൽ പ്രകടമാക്കിയേനേ. എന്നാൽ ഒരു കലാകാരനെപ്പോലെ, നിരൂപകനേക്കാൾ വ്യാഖ്യാതാവെന്ന നിലയിലാണു് അദ്ദേഹം ചരിത്രവിഷയത്തെ അഭിമുഖീകരിച്ചിട്ടുള്ളതെന്നു തോന്നുന്നു. ഓരോ അദ്ധ്യായവും തുടൎച്ചയായി അദ്ദേഹം എഴുതുന്ന രീതി ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നപ്പോൾ, സ്വാഭിപ്രായങ്ങളും ആദൎശങ്ങളും ഈ കലാസൃഷ്ടിയിൽ കലൎത്തുവാൻ ഉത്സാഹപ്പെടാതെ, മൂലചിത്രത്തെ അതേ രീതിയിൽ പ്രദൎശിപ്പിക്കുകയെന്ന ഏകാഗ്രമായ ഒരു കൎത്തവ്യത്തിലദ്ദേഹമേൎപ്പെട്ടിരിക്കുകയാണെന്നു് എനിക്കു തോന്നി. ക്ഷോഭകരമായ അഭിപ്രായാന്തരങ്ങൾക്കിടകൊടുക്കുന്ന വിഷയങ്ങളെപ്പോലും ആരോടും വിദ്വേഷബുദ്ധിയോ ശത്രുഭാവമോ കൂടാതെ നിഷ്പക്ഷമായി വിമൎശിക്കുവാൻ അദ്ദേഹം നിഷ്കളങ്കമായി ശ്രമം ചെയ്തിട്ടുണ്ടെന്നു് എനിക്കറിയാം. അധികൃതമായ അടിസ്ഥാനമുള്ള പല വസ്തുതകളും അദ്ദേഹത്തിനു് ഇതിൽ പ്രതിപാദിക്കേണ്ടിവന്നിട്ടുണ്ടു്. മി. നാരായണപിള്ളയുടെ തൂലികയാണു സുദീൎഘമായ ഈ ഗ്രന്ഥത്തിലെ പുറങ്ങളിൽകൂടി ഓടിയിട്ടുള്ളതെന്ന കാൎയ്യം ഒരു പ്രത്യേക നേട്ടമായി വിചാരിക്കാം. ഒരു ഗദ്യകൃത്തെന്ന നിലയിൽ അദ്ദേഹം മലയാളവായനക്കാരുടെ ഇടയിൽ സുപരിചിതനാണു്. പ്രകൃത്യാ അദ്ദേഹത്തിൽ വിമൎശനബുദ്ധിയും യുക്തിബോധവുമാണു മുഴച്ചു നില്ക്കുന്നതു്. ആരുടേയും ബുദ്ധിശക്തിയെ ചിന്താഗ്രസ്തമാക്കുന്ന ഒരു മഹൽജീവിതമാണു് അദ്ദേഹത്തിനു പ്രതിപാദിക്കുവാൻ ലഭിച്ചതു്. ആ കാരണങ്ങൾകൊണ്ടുതന്നെ ഈ ഗ്രന്ഥത്തിനു മലയാളസാഹിത്യത്തിൽ വിശിഷ്ടവും ശാശ്വതവുമായ ഒരു സ്ഥാനം ലഭിക്കുമെന്നു പ്രത്യാശിക്കുവാൻ വകയുണ്ടു്. വായനക്കാരെ ഈ ഗ്രന്ഥം പ്രചോദിപ്പിക്കുമെന്നു ഞാൻ പ്രതീക്ഷിക്കട്ടെ!!!

തൈക്കാട്,<br>തിരുവനന്തപുരം.<br>൧-൯-൧൧൧൭.

ജീ. രാമചന്ദ്രൻ,<br>പ്രസാധകൻ.

# ശ്രീ. എ. വി. ഠക്കരുടെ സന്ദേശം

(അഖിലേന്ത്യാ ഹരിജനസേവാസംഘം സിക്രട്ടറി.)
(ഭാരതസേവാസംഘം സീനിയർ വൈസ്പ്രസിഡന്റ്).

പരേതനായ ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ ഒരു ജീവചരിത്രം പ്രസിദ്ധപ്പെടുത്തുവാൻ പോകുന്നു എന്നറിയുന്നതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. കേരളഹരിജനസേവാസംഘത്തിന്റെ പ്രസിഡന്റായി ൧൯൩൪-ൽ അദ്ദേഹത്തെ നിയമിച്ച നിമിഷംമുതൽ എനിക്കദ്ദേഹവുമായി വളരെ അടുത്തു പരിചയപ്പെടുവാൻ ഇടവന്നു. അദ്ദേഹത്തെപ്പററിയും കേരളഹരിജനസേവാസംഘത്തിനുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള വ്യവസ്ഥിതവും കാൎയ്യക്ഷമവുമായ പ്രവൎത്തനങ്ങളെപ്പററിയും അത്യാനന്ദകരമായ പല സ്മരണകളും എനിക്കുണ്ടു്. ഹരിജനസേവനപ്രവൎത്തനങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേരളം ഏററവും മുന്നണിയിലുള്ള സംസ്ഥാനങ്ങളിലൊന്നായിത്തീൎന്നു. നിരന്തരമായി സംസ്ഥാനമൊട്ടുക്കു ചുററിസഞ്ചരിക്കയും, ധനശേഖരം നടത്തുകയും, സംഭവവികാസങ്ങൾ അപ്പോഴപ്പോൾ എന്നെ ഡൽഹിയിൽ അറിയിച്ചുകൊണ്ടിരിക്കയും ചെയ്തിരുന്ന അദ്ദേഹം വളരെ ഊൎജ്ജസ്വലനായ ഒരു പ്രസിഡന്റായിരുന്നു. എന്നാൽ ക്ഷേത്രപ്രവേശനപ്രക്ഷോഭണത്തിലാണു് അദ്ദേഹത്തിന്റെ സംഘടനാചാതുൎയ്യവും പക്വവും സുശക്തവുമായ നേതൃത്വവും ഞങ്ങൾ പൂൎണ്ണമായി മനസ്സിലാക്കിയതു്.

അദ്ദേഹം എപ്പോഴും ഒരു സുസ്ഥിരചിത്തനായിരുന്നു. അദ്ദേഹത്തിനു പറയുവാനുള്ള വസ്തുതകളെപ്പററി പൂൎണ്ണമായ പരിജ്ഞാനമുണ്ടായിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അപ്പാടെ സ്വീകരിക്കുവാൻ വിഷമമുണ്ടായിരുന്നില്ല. ആദിമനിവാസികളായ കാട്ടുജാതിക്കാരുടെ ഉൽഗതിയെപ്പററി

പ്പോലും അദ്ദേഹത്തിനുണ്ടായിരുന്ന അത്യധികമായ താല്പര്യ ത്തെക്കുറിച്ചും എനിക്കിവിടെ പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. നെടുമങ്ങാട്ടു താലൂക്കിലെ മലകളിൽ വിതുര എന്ന സ്ഥലത്ത് അദ്ദേഹം ഒരു വിദ്യാലയവും ആശ്രമവും സ്ഥാപിച്ച് അവയുടെ നടത്തിപ്പിലേയ്ക്കാവശ്യമുള്ള ഭൂസ്വത്തും ദാനം ചെയ്ത് ആ സ്ഥാപനങ്ങൾ ഹരിജനസേവാസംഘത്തിനു വിട്ടുകൊടുത്തു. ആശ്രമത്തിന്റെ ഉൽഘാടനകർമ്മം നിർവഹിക്കുകയെന്ന ആനന്ദ കരമായ കർത്തവ്യം എന്നിലാണു വന്നുചേർന്നത്. കാണിക്കാർ എന്ന പേരിൽ ആ പ്രദേശങ്ങളിലറിയപ്പെടുന്ന വനവാസിക ളെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യം എന്നെ പ്രത്യേകം ആകർഷിച്ചു. ആശ്രമത്തിൽ താമസിക്കുവാൻ ആദ്യം വന്നുചേർന്ന കാണിക്കാരായ മൂന്നുബാലന്മാരെ അനവധി വീടുകൾ സന്ദ ർശിച്ച് അദ്ദേഹം തന്നെയാണു തേടിപ്പിടിച്ചത്.

അദ്ദേഹത്തിന്റെ ചരമം കേരളത്തിലെ ഹരിജനപ്രവ ർത്തനങ്ങൾക്ക് ഒരു വലിയ നഷ്ടമായിട്ടാണു പരിണമിച്ചത്. അദ്ദേഹം ഉദാരനായ ഒരാതിഥേയനും ഉത്തമനായ ഒരു മിത്രവുമായിരുന്നു. അദ്ദേഹത്തിന്റെ സ്മരണയെ പ്രകീർത്തിക്കു വാൻ എനിക്ക് ഏററവും സന്തോഷമുണ്ട്.

ക്യാമ്പ്, വാർദ്ധാ,
൧൯ നവംബർ ൧൯൪൧. } എ. വി. താക്കർ.

# പ്രസ്താവന

ചങ്ങനാശേരിയുടെ ജീവചരിത്രത്തിന്റെ രചനാകർത്തൃത്വം ആകസ്മികമായിട്ടാണ് എന്നിൽ വന്നുചേർന്നത്. എന്നാൽ ആ കർത്തവ്യം എന്നിൽ നിക്ഷിപ്തമായതിനുശേഷം അതൊരാനന്ദകരമായ ജോലിയായിട്ടാണ് എനിക്കനുഭവപ്പെട്ടത്. ചങ്ങനാശേരിയുടെ ജീവചരിത്രം, ആരെയും പ്രചോദിപ്പിക്കുന്നതും പുളകം കൊള്ളിക്കുന്നതും ആയ കഴിഞ്ഞ നാല്പതു വർഷങ്ങളിലെ തിരുവിതാംകൂറിന്റെ സാമുദായികവും രാഷ്ട്രീയവും ആയ ചരിത്രമാണ്. ആ കാലഘട്ടത്തിന്റെ ചരിത്രനിർമ്മാതാക്കളിലദ്വിതീയനെന്ന നിലയിൽ ചങ്ങനാശേരിയുടെ ജീവിതം ആ നാല്പതു വർഷങ്ങളോട് അവിഭക്തമാംവണ്ണം ബന്ധപ്പെട്ടു നിൽക്കുന്നു.

ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള സാമുദായികവും ചരിത്രപരവുമായ സംഭവങ്ങൾ ചങ്ങനാശേരിയുടെ മേൽനോട്ടത്തിൽ അധികൃതമായും സൂക്ഷ്മമായും ശേഖരിച്ചുവച്ചിരുന്ന രേഖകളേയും, തുടർച്ചയായി അദ്ദേഹം ലിഖിതപ്പെടുത്തി സൂക്ഷിച്ചിരുന്ന കഴിഞ്ഞ ഏതാനും വർഷങ്ങളിലെ ഡയറിയേയും ആസ്പദമാക്കി എഴുതിയിട്ടുള്ളവയാണ്. എന്നാൽ ഈ സംഭവങ്ങളിൽ ഏതാനും ചിലതെല്ലാം തികച്ചും ആധുനികവും അവയിലെ നടന്മാർ ഇന്നും ജീവിച്ചിരിക്കുന്നവരുമാകയാൽ വ്യക്തിവിദ്വേഷപരമോ നിന്ദാജനകമോ ആയ വസ്തുതകൾ ഇതിൽ കടന്നുകൂടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ രേഖാമൂലമായ തെളിവുകളുള്ള ചരിത്രസത്യങ്ങൾപോലും സംക്ഷിപ്തമായിട്ടു മാത്രമേ ചിലപ്പോൾ പ്രതിപാദിക്കുവാൻ കഴിഞ്ഞിട്ടുള്ളു. ചരിത്രപുരുഷന്മാർ ജീവിച്ചിരുന്ന കാലത്തിനോടു തൊട്ടടുത്ത് പ്രസിദ്ധം ചെയ്യുന്ന ജീവചരിത്രങ്ങൾക്ക് ഇങ്ങിനെയൊരപൂർണ്ണത അപരിത്യാജ്യമാണല്ലോ! വാദവിഷയങ്ങളാകാത്തിടത്തോളം കാലം ആ സംഭവങ്ങൾ കൂടുതൽ വിശദമാക്കാതിരിക്കയല്ലേ നല്ലത്.

ഇങ്ങിനെയൊരു ഗ്രന്ഥരചനയ്ക്കാവശ്യമായ കരുക്കൾ ശേഖരിക്കുവാനും അധികൃതമായ രേഖകൾ സൂക്ഷിക്കുവാനും

ചങ്ങനാശേരിയെ ആദ്യമായി പ്രേരിപ്പിക്കയും, അതിലേയ്ക്കു വേണ്ട സഹകരണങ്ങൾ നൽകുകയും ചെയ്ത പരേതനായ ചങ്ങനാശേരി കൊറ്റനാട്ട് പത്മനാഭപിള്ളയുടെ നാമധേയം ഈ അവസരത്തിൽ ഇവിടെ അനുസ്മരിക്കേണ്ടതായിട്ടുണ്ട്. ചങ്ങനാശേരി സ്വന്തനിർദ്ദേശമനുസരിച്ച് അദ്ദേഹത്തിന്റെ പ്രൈവറ്റ്സിക്രട്ടറിയായിരുന്ന മി.ആർ. പരമേശ്വരൻപിള്ളയെക്കൊണ്ട്, ഇങ്ങിനെയൊരു പ്രസിദ്ധീകരണത്തിനാവശ്യമായ വസ്തുതകളും ചരിത്രവിവരങ്ങളും ശേഖരിപ്പിച്ചു സൂക്ഷിച്ചിരുന്നത് എന്റെ ശ്രമങ്ങളെ വളരെ ലഘൂകരിച്ചിട്ടുണ്ട്. ആ ജോലികൾ ഭംഗിയായും പൂർണ്ണമായും നിർവഹിച്ചതിലേയ്ക്കു മി. ആർ. പരമേശ്വരൻപിള്ളയോടും അദ്ദേഹത്തിനുശേഷം പ്രസ്തുത ജോലികൾ തുടർന്നുകൊണ്ടുപോയ മി. ടി. കെ. പരമേശ്വരപ്പണിക്കരോടും എനിക്കുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഈ ഗ്രന്ഥത്തിന്റെ രചനാകർത്തൃത്വം ഞാൻ ഏറ്റെടുത്ത നാൾമുതൽ അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതുവരെ നാനാമുഖമായ സാഹിത്യോപദേശങ്ങൾകൊണ്ടും, വാസനാകുശലമായ നിർദ്ദേശങ്ങൾകൊണ്ടും, ആത്മാർത്ഥമായ അഭിനന്ദനങ്ങൾകൊണ്ടും, എന്നെ പ്രോത്സാഹിപ്പിക്കകയും ഇതിന്റെ പ്രസാധകത്വമേറ്റെടുത്ത് ഉജ്ജ്വലമായ ഒരു മുഖവുര എഴുതിത്തരികയും ചെയ്ത ശ്രീ. ജി. രാമചന്ദ്രനോടും എനിക്കുള്ള നന്ദി ഇവിടെ പ്രകടിപ്പിച്ചുകൊള്ളട്ടെ. ഈ ഗ്രന്ഥം മുഴുവൻ ക്ഷമാപൂർവ്വം ഒരാവർത്തി വായിച്ചുകേട്ടു വിലയേറിയ പല ഉപദേശങ്ങളും നൽകിയ പണ്ഡിതാഗ്രേസരനായ ശ്രീ. എ. ബാലകൃഷ്ണപിള്ളയോടും, എന്റെ മാന്യമിത്രമായ ശ്രീമാൻ കെ. പി. ശങ്കരമേനവനോടും എനിക്കുള്ള കൃതജ്ഞത നിസ്സീമമാണു്. അവസാനമായി ഈ ഗ്രന്ഥം ഇത്ര ഭംഗിയായി അച്ചടിച്ചുതന്ന 'കമലാലയാ' അച്ചടിശാലയുടമസ്ഥൻ മി. പി. നാരായണൻ നായരോടും എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ഈ പ്രസ്താവന ഇവിടെ അവസാനിപ്പിക്കുന്നു.

തിരുവനന്തപുരം,<br>1—5—1117.

ഗ്രന്ഥകർത്താ.

# ചങ്ങനാശേരി

## അദ്ധ്യായം ൧

വാഴപ്പള്ളി എന്ന പ്രദേശം ചങ്ങനാശേരിത്താലൂക്കിലേ പ്രകൃതിരമണീയവും ഫലഭൂയിഷ്ഠവുമായ ഒരു ഭൂവിഭാഗമാണു്. തിരുവിതാംകൂറിലേ പരമോന്നതമായ നീതിന്യായാസനത്തിലേയ്ക്കു പ്രാപ്തന്മാരായ രണ്ടു ജഡ്ജിമാരെ ഏകകാലത്തു പ്രദാനം ചെയ്തതായി വേണമെങ്കിൽ പ്രസ്തുത ദേശത്തിനു് അഭിമാനിക്കാം. അവരിലൊരു മാന്യൻ ഹെഡ്സർക്കാർവക്കീൽ ജോലിയിൽനിന്നു് ആദ്യം ഹൈക്കോടതിയിലെ നിയമപീഠത്തിലേ-യ്ക്കും, അവിടെനിന്നു തിരുവിതാംകൂർ ദിവാൻപദത്തിലേയ്ക്കും, അതിശീഘ്രതയിൽ ഉയരുകയും ഒരു കൊള്ളിമീനെന്നപോലെ അപ്രത്യക്ഷനായിത്തീരുകയും ചെയ്തു. ഒരുകാലത്തു് ഹൈക്കോട്ടുബാറിലെ അനിഷേധ്യനേതാവായിരുന്ന അദ്ദേഹത്തിനു് അന്നും അതിനുശേഷവും തിരുവിതാംകൂറിലേ പൊതുക്കാര്യജീവിതവുമായി സാരമായ യാതൊരു ബന്ധവുമുണ്ടായിരുന്നില്ലെന്നു-ള്ളതു് ഇവിടെ സ്മരണീയമാണു്. ഇവരിൽ രണ്ടാമത്തെയാൾ സംഭവബഹുലമായിരുന്ന തന്റെ പൊതുക്കാര്യജീവിതത്തിനിടയിൽ അത്യന്താപേക്ഷിതമായിത്തീർന്ന വിശ്രമം വരിക്കുവാനോ എന്നു തോന്നുമാറു ഹൈക്കോടതിയിലേ നീതിന്യായാസനങ്ങളിലൊന്നിലേയ്ക്കു് അല്പകാലത്തേയ്ക്കു പിൻവലിഞ്ഞു. കേവലം താല്ക്കാലികമായിരുന്ന ഈ തിരോധാനത്തിനുശേഷം അദ്ദേഹം പൂർവ്വാധികം ഊർജ്ജസ്വലതയോടുകൂടി വീണ്ടും പൊതുക്കാര്യജീവിതത്തിലേയ്ക്കു തിരിച്ചുവന്നു. മരണത്തിനു് അല്പകാലം മുൻപുവരെ അന്നു തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കിയിരുന്ന അതിതീവ്രമായ ദേശീയപ്രവർത്തനങ്ങളിൽ അദ്ദേഹം സതതശ്രദ്ധയോടു പങ്കെടുക്കുകയു ചെയ്തു. രണ്ടു പേരും അവരുടെ നിത്യജീവിതത്തിലെ പ്രാ

ത്തനരംഗമായിരുന്ന വക്കീൽവൃത്തിയിൽ അത്യുന്നതമായ സ്ഥാനങ്ങളെ അലങ്കരിച്ചിരുന്നവരാണ്. രണ്ടുപേരും പ്രതിഭാസമ്പന്നന്മാരായ പ്രശസ്ത നിയമപണ്ഡിതന്മാരായിരുന്നു. രണ്ടുപേരും വക്കീൽവൃത്തിയിൽനിന്നു തന്നെയാണ് നേരിട്ട് ഉദ്യോഗജീവിതത്തിലേയ്ക്കു പ്രവേശിച്ചതു്. എങ്കിലും രണ്ടുപേരുടേയും സ്വഭാവഗതിക്കോ, പ്രവൎത്തനരംഗങ്ങൾക്കോ യാതൊരു പൊരുത്തവും സാമ്യവുമുണ്ടായിരുന്നില്ല. ഔദ്യോഗികജീവിതം ഒരാൾക്ക് അദ്ദേഹത്തിന്റെ ലൌകികാഭിലാഷങ്ങളുടെ പരമകാഷ്ഠയായിരുന്നു എങ്കിൽ, മററെ ആൾക്ക് അതു് തന്റെ ഭാവിപ്രവൎത്തനങ്ങളുടെ ശോഭ വർദ്ധിപ്പിക്കുവാനുതകുന്ന ഒരു കൃത്രിമപശ്ചാത്തലം മാത്രമായിരുന്നു. ഔദ്യോഗികജീവിതത്തിൽ ഇവർ തമ്മിലുണ്ടായിട്ടുള്ള മത്സരങ്ങൾ ഇപ്പോൾ പരസ്യമായ രഹസ്യങ്ങളായിക്കഴിഞ്ഞിട്ടുമുണ്ട്. അതങ്ങിനെ നിൽക്കട്ടെ.

വടക്കേക്കര പുത്തേട്ടുവീട്ടിൽ നാരായണപിള്ള ചങ്ങനാശേരി മണ്ഡപത്തുംവാതുക്കൽ ഒരു കീഴ്ക്കൂട്ടം പിള്ളയായിരുന്നു. അദ്ദേഹത്തിന്റെ ഭാൎയ്യ നാരായണിഅമ്മ വളരെ ഞെരിഷ്ഠിച്ചു കാലക്ഷേപം കഴിച്ചുകൂട്ടുവാൻ വേണ്ട ധനസ്ഥിതി മാത്രമുണ്ടായിരുന്ന ഒരു പ്രാചീന നായർതറവാടായ മണക്കാട്ടുവീട്ടിലാണു ജനിച്ചതു്. പതിമൂന്നു രൂപാ മാത്രം ശമ്പളമുള്ള ഒരു കീഴ്ക്കൂട്ടം പിള്ളയായിരുന്ന മണക്കാട്ടുവീട്ടിലെ കാരണവൻ, തറവാട്ടുസ്വത്തായ രണ്ടുമുറിപ്പുരയിടങ്ങളിൽനിന്നും ലഭിച്ചിരുന്ന ആദായവും തുച്ഛശമ്പളവുംകൊണ്ടു് ഭാൎയ്യവീട്ടിലെ കാൎയ്യാദികൾ അന്വേഷിച്ചതിനുശേഷം, ബാക്കി വന്ന അല്പസംഖ്യകൊണ്ടാണ് ഏകദേശം ഇരുപത്തിയഞ്ച് അംഗങ്ങളുണ്ടായിരുന്ന മണക്കാട്ടുവീട്ടിലേ ചെലവുകൾ നിൎവഹിച്ചുവന്നതു്. അതുകൊണ്ടു നാരായണിഅമ്മയേ സംബന്ധിച്ചിടത്തോളം നാരായണപിള്ളയുടെ വിവാഹം ഒരനുഗ്രഹമായിരുന്നു എന്നു വേണം പറയുവാൻ. നാരായണപിള്ള ബുദ്ധിമാനും ഉൽക്കൎഷേച്ഛുവും ജനസമ്മതനുമായിരുന്നു. വിവാഹാനന്തരമെന്നല്ല മരണശേഷംപോലും, ഈ ദമ്പതിമാൎക്ക് ദീൎഘകാലം പിരിഞ്ഞു താമസിക്കേണ്ടിവന്നില്ല. നാരായണപിള്ളയുടെ അകാലമരണത്തിനുശേഷം ആ സാദ്ധ്വിയും അല്പകാലങ്ങൾക്കുള്ളിൽ

ഭത്താവിനെ അനുഗമിക്കയാണുണ്ടായത്. ഇവരുടെ ദാമ്പത്യ ജീവിതം അറിയാവുന്നിടത്തോളം തികച്ചും വിജയകരമായിരുന്നു എന്നു പറയാം.

൧൦൭൨–ാമാണ്ടു മീനമാസം ൩–ാംനു- ഈ ദമ്പതിമാരുടെ ഓമനസ്സന്താനമായി ഒരാൺകുട്ടി ജനിച്ചു. പിതാവിന്റെ അഭീഷ്ടാനുസരണം ശിശുവിനു പരമേശ്വരൻ എന്നാണു നാമകരണം ചെയ്തതെങ്കിലും, പാച്ചു എന്ന ഓമനപ്പേരിലാണു് ആ ബാലൻ പരക്കെ അറിയപ്പെട്ടുവന്നതു്. പാച്ചുവിന്റെ ജനനത്തിനു മുൻപു് അവരുടെ ആദ്യസന്താനമായി ഒരു പെൺശിശു പിറന്നിരുന്നു. പാച്ചുവിനു് ഒരിളയസഹോദരി കൂടി ഭൂജാതമാകാതിരുന്നില്ല. എന്നാൽ മൂത്തസഹോദരി യൌവ്വനദശയിലെത്തിയതിനു ശേഷവും, ഇളയസഹോദരി ബാല്യദശയിൽത്തന്നേയും, മരണമടയുകയാണു് ഉണ്ടായതു്.

പാച്ചുവിന്റെ ജനനത്തിനുശേഷം പ്രശാന്തവും സംഭവരഹിതവുമായിരുന്ന അവരുടെ ഗ്രാമീണജീവിതത്തിൽ ഒരു ചെറിയ കോളിളക്കമുണ്ടായി. ഒരു കീഴ്ക്കൂട്ടം പിള്ളയായിരുന്ന നാരായണപിള്ളയെ സമ്പ്രതി എന്ന സ്ഥാനഗൌരവമുള്ള ഉദ്യോഗപ്പേരോടുകൂടി ഏററുമാനൂർക്കു് സ്ഥലംമാററി എന്നുള്ളതായിരുന്നു അതു്. ഈ 'പാനപാത്രത്തിലെ കൊടുങ്കാററു്' അവരുടെ സൈ്വരജീവിതത്തിലെ പ്രശാന്തതയെ അല്പമൊന്നു ഭഞ്ജിക്കാതിരുന്നില്ല. ചങ്ങനാശേരിയിൽ നിന്നു് ഏററുമാനൂർക്കു് താമസം മാററുവാനുള്ള ഒരുക്കങ്ങൾ ആരംഭിക്കുകയായി. വീട്ടുസാമാനങ്ങൾ വാരിക്കെട്ടി ഇന്നത്തെ വാഹനസൌകര്യങ്ങൾ യാതൊന്നുമില്ലാതെയിരുന്ന അക്കാലത്തു തലച്ചുമടായോ, വില്ലുവണ്ടിയിലോ ഏററുമാനൂർക്കയക്കുക, പഴയ പരിസരങ്ങളോടും അയല്ക്കാരോടും യാത്രപറഞ്ഞു പിരിയുക, ഇതിനിടയ്ക്കു് ഉദ്യോഗക്കയററം ലഭിച്ചതിനു് വിരുന്നുകളും അഭിനന്ദനങ്ങളും സ്വീകരിക്കുക, ഇത്യാദി ജോലിത്തിരക്കുകൾ ഒന്നൊന്നായി നിർവ്വഹിച്ചു്, നാരായണപിള്ള ഭാര്യാപുത്രാദികളോടുകൂടി ഏററുമാനൂർക്കു് പോയി പുതിയജോലിയിൽ പ്രവേശിച്ചു. ഇതിനുശേഷം പിഞ്ചുകാലുകൾ നിലത്തുറയ്ക്കുന്നതിനു മുൻപു് ഏററുമാനൂർ നിന്നു

ചങ്ങനാശേരിക്കും അവിടെനിന്നു വീണ്ടും ഏററുമാനൂക്കും എത്ര പ്രാവശ്യമാണ് താൻ, സഹോദരിയും വൃദ്ധനായ ഒരു പരിചാരകനുമൊന്നിച്ച് ഈ റോഡിൽക്കൂടി കാൽനടയായി സഞ്ചരിച്ചിട്ടുള്ളതെന്നു കാര്യം അനന്തരകാലങ്ങളിൽ പരമേശ്വരൻ പിള്ള സംഭാഷണമദ്ധ്യേ പലപ്പോഴും പ്രസ്താവിക്കാറുണ്ടായിരുന്നു. പാച്ചുവിനു ഏഴു വയസ്സു തികഞ്ഞപ്പോൾ പുത്രന്റെ വിദ്യാഭ്യാസമാരംഭിക്കണമെന്നു നാരായണപിള്ള നിശ്ചയിച്ചു. ഏററുമാനൂർ പ്രവൃത്തിപ്പള്ളിക്കൂടത്തിൽ താഴ്ന്ന ക്ലാസുകളിലൊന്നിലേ അദ്ധ്യാപകനായിരുന്ന ഒരു കുഞ്ഞൻപിള്ള ആശാൻ നല്ല നവരാത്രി ശുഭമുഹൂർത്തത്തിൽ പാച്ചുവിന്റെ ജിഹ്വാഗ്രത്തു സ്വർണ്ണമോതിരംകൊണ്ടു 'ഹരിഃ ശ്രീ' കുറിച്ചു. യഥാകാലം പാച്ചു പ്രവൃത്തിപ്പള്ളിക്കൂടത്തിൽ കുഞ്ഞൻപിള്ള ആശാന്റെ ശിഷ്യഗണങ്ങളിലൊരാളായിച്ചേർന്ന് അദ്ധ്യയനം തുടങ്ങി. *പ്രവൃത്തിപ്പള്ളിക്കൂടത്തിൽ ഒരു വർഷത്തിലധികകാലം പാച്ചുവിനു പഠിക്കേണ്ടിവന്നില്ല. തന്റെ പുത്രനെ ഉന്നതവിദ്യാഭ്യാസം ചെയ്യിക്കണമെന്നും, കഴിയുമെങ്കിൽ ബി. എ. തുടങ്ങിയ ബിരുദങ്ങൾ സമ്പാദിക്കുവാൻ അവനെ പ്രാപ്തനാക്കണമെന്നും, ഒരു ലക്ഷ്യേച്ഛുവായിരുന്ന നാരായണപിള്ള വളരെ നേരത്തേ തന്നെ നിശ്ചയിച്ചിരുന്നു. അന്ന് പാറവൃക്കാരനായ ഒരു പത്മനാഭപിള്ള ഏററുമാനൂരിൽ ഒരു പ്രൈവററ് ഇംഗ്ലീഷ്സ്കൂൾ സ്ഥാപിച്ചു കുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചുവന്നു. നാരായണപിള്ള പുത്രനേയും പ്രസ്തുത വിദ്യാലയത്തിലയച്ചു പഠിപ്പിച്ചു. പത്മനാഭപിള്ള സ്കൂളിലെ അദ്ധ്യാപനത്തിനു പുറമെ പ്രാചീന ഗുരുകുലരീതി അനുസരിച്ചു വിദ്യാർത്ഥികളെ ദിവസവും രാത്രിയിൽ സ്വന്തഗൃഹത്തിൽ വരുത്തി പഠിപ്പിക്കുന്ന ഒരു ചടങ്ങുകൂടി ഏർപ്പെടുത്തിയിരുന്നു. ഒരു സംഗീതജ്ഞൻ കൂടിയായിരുന്ന അദ്ദേഹം തന്റെ വിദ്യാർത്ഥികൾക്കു സംഗീതകലയിൽ വേണ്ട പ്രാവീണ്യം നൽകുവാൻ പ്രഭാതത്തിൽ കുട്ടികളെ വിളിച്ചുണർത്തി.............................

---

* അന്നത്തെ നാട്ടുഭാഷാവിദ്യാലയങ്ങൾ പ്രവൃത്തി, ഡിസ്ട്രിക്റ്റ്, ഹയർ എന്നിങ്ങനെ മൂന്നായി വിഭജിക്കപ്പെട്ടിരുന്നു. പ്രവൃത്തിപ്പള്ളിക്കൂടങ്ങളിൽ രണ്ടും, ഡിസ്ട്രിക്റ്റ് പള്ളിക്കൂടങ്ങളിൽ നാലും, ഹയർപള്ളിക്കൂടങ്ങളിൽ ഏഴും ക്ലാസുകൾ വരെയാണ് ഉണ്ടായിരുന്നത്.

"നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ
നരകവാരിധി നടുവിൽ ഞാൻ"

എന്നു തുടങ്ങിയ സങ്കീർത്തനങ്ങൾ പാടിക്കുക പതിവായിരുന്നു. പാച്ചുവിനും സംഗീതത്തിനും തമ്മിൽ യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. ഗുരുനാഥന്റെ സംഗീതഭ്രാന്തു പാച്ചുവിനു വലിയ ശല്യമായിട്ടാണ് അനുഭവപ്പെട്ടത്. പ്രഭാതവേളയിലെ ശൈത്യസുഖമനുഭവിച്ചു ഗാഢനിദ്രയിൽ മുഴുകുമ്പോഴാണു ഗുരുനാഥൻ തൻെറ സംഗീതപാഠംവുമായി ഉണർന്നെഴുന്നേററു വിദ്യാർത്ഥികളുടെ കർണ്ണപുടങ്ങൾ ഭേദിക്കുന്നതു്. ഏതായാലും ഈ ദുരിതം പാച്ചുവിനും സഹവിദ്യാർത്ഥികൾക്കും ദീർഘകാലം അനുഭവിക്കേണ്ടിവന്നില്ല. പാച്ചു വിദ്യാലയത്തിൽ ചേർന്നു ആറു മാസം കഴിയുന്നതിനു മുൻപു വിദ്യാലയം നിർത്തൽ ചെയ്തു് ഗുരുനാഥൻ സ്വദേശമായ പറവൂർക്കു ഭാണ്ഡം മുറുക്കി. വിദ്യാവിതരണം ചെയ്യുവാനുള്ള പത്മനാഭപിള്ളയുടെ ശുഷ്കാന്തിക്കോ, സംഗീതകലയിലുള്ള അദ്ദേഹത്തിൻെറ പ്രവീണതയ്ക്കോ, ദിനംപ്രതി വിദ്യാർത്ഥികളില്ലാതെയും പണമില്ലാതെയും പ്രോത്സാഹനമില്ലാതെയും അധഃപതിച്ചുകൊണ്ടിരുന്ന ആ വിദ്യാലയത്തെ അതിൻെറ അന്തിമദുരദൃഷ്ടത്തിൽനിന്നു വിമോചിപ്പിക്കുവാൻ കഴിഞ്ഞില്ല. സ്കൂൾ നിർത്തൽചെയ്തതിലും പത്മനാഭപിള്ള തിരോധാനം ചെയ്തതിലും അദ്ദേഹത്തിൻെറ വിദ്യാർത്ഥികൾ ഒട്ടുംതന്നെ സന്തപിച്ചതുമില്ല. പ്രഭാതവേളയിലെ സംഗീതപരിശീലനം നിലച്ചതിൽ പാച്ചു സന്തോഷിക്കുകതന്നെ ചെയ്തു.

ഇംഗ്ലീഷ്‌വിദ്യാഭ്യാസം തുടരുവാൻ മാതാപിതാക്കന്മാർ പുത്രനെ ചങ്ങനാശേരി ഡിസ്ട്രിക്ട് ഇംഗ്ലീഷ്‌സ്കൂളിലയച്ചു പഠിപ്പിച്ചു. മാതാപിതാക്കന്മാരെ വിട്ടുപിരിഞ്ഞു പാച്ചു ചങ്ങനാശേരിയിൽ തൻെറ തറവാട്ടുഗൃഹത്തിൽ താമസമാക്കി. അന്നു ചങ്ങനാശേരിയിൽ ലോവർ ഫോർത്തുഫാറംവരെ നാലു ക്ലാസ്സുകളാണുണ്ടായിരുന്നതു്. തെക്കൻതിരുവിതാംകൂറുകാരനായ ജെ. എൻ. ഡാനിയൽ എന്നൊരാളായിരുന്നു അവിടത്തെ ഹെഡ്മാസ്റ്റർ. അദ്ദേഹം ഈശ്വരഭക്തനും സദാചാരസമ്പന്നനുമായ ഒരു ക്രിസ്ത്യാനിയായിരുന്നു എങ്കിലും വിദ്യാല

യത്തിലെ അച്ചടക്കം പരിപാലിക്കുവാൻ ചതുരുപായങ്ങളിലെ നാലാമത്തെ മാർഗ്ഗമാണു സ്വീകരിച്ചിരുന്നതു്. ചൂരൽവടി കെട്ടുകെട്ടായി അദ്ദേഹത്തിൻെറ മേശപ്പുറത്തു കിടക്കുന്നതു് അന്നത്തെ ഒരു സാധാരണ കാഴ്ചയായിരുന്നു. നിസ്സാരമായ കുററങ്ങൾക്കുകൂടി അദ്ദേഹം വിദ്യാർത്ഥികളെ നിർദ്ദാക്ഷിണ്യമായി പ്രഹരിക്കുന്നതു കണ്ടാൽ ഇത്ര നിർദ്ദയനും ക്രൂരനുമായ ഒരു മനുഷ്യൻ വേറെ ലോകത്തിലില്ലെന്നു തോന്നിപ്പോകും. ഒരു മനുഷ്യക്കരടിയേപ്പോലെ വിദ്യാർത്ഥികൾ അദ്ദേഹത്തെ വെറുക്കയും ഭയപ്പെടുകയും ചെയ്തു. ക്ലാസ്സുകയററം കിട്ടിയില്ലെങ്കിൽകൂടി ഹെഡ്മാസ്റ്ററുടെ ക്ലാസ്സിൽ പഠിക്കുവാനിടവരരുതേ എന്നു വിദ്യാർത്ഥികൾ പ്രാർത്ഥിച്ചു. പ്രസ്തുത വിദ്യാലയത്തിലേ ഏററവും താഴ്ന്ന ക്ലാസ്സിൽ അദ്ധ്യയനം ആരംഭിച്ച പാച്ചുവിനു് ഉടനടി ഹെഡ്മാസ്റ്ററുടെ ഭീകരനടപടികളെ ഭയപ്പെടേണ്ടിയിരുന്നില്ലെങ്കിലും, വിദൂരമല്ലാത്ത ഭാവിയിൽ സംഭവിക്കാനിടയുള്ള ആ അത്യാഹിതത്തെക്കുറിച്ചോർത്തു് ആ ബാലൻ പലപ്പോഴും നടുങ്ങിപ്പോയിട്ടുണ്ടു്.

ഒരു ദിവസം ഡാനിയൽ ലോവർ ഫോർത്തിൽ കണക്കു വിഷയം പഠിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. അദ്ദേഹം ഒരു ചോദ്യം ബോർഡിലെഴുതി അതു മനക്കണക്കായി ചെയ്തുത്തരം നൽകുവാൻ വിദ്യാർത്ഥികളോടാജ്ഞാപിച്ചു. എന്നാൽ പ്രസ്തുത ചോദ്യത്തിനു ശരിയായ ഉത്തരം നൽകുവാൻ അദ്ദേഹത്തിൻെറ ക്ലാസ്സിലെ ഒരൊററ വിദ്യാർത്ഥിക്കും കഴിഞ്ഞില്ല. അടുത്ത ക്ലാസ്സിലെ ഒരു ബഞ്ചിലിരുന്നുകൊണ്ടു് അവിടെ നടക്കുന്നതെന്താണെന്നു ശ്രദ്ധിക്കാതെ ഹെഡ്മാസ്റ്ററുടെ ചോദ്യം ശ്രവിച്ചുകൊണ്ടു് ആലോചനയിൽ മുഴുകിയിരുന്ന പാച്ചുവിൻെറ മുഖത്തു് ഹെഡ്മാസ്റ്ററുടെ ക്രൂരദൃഷ്ടികൾ യാദൃച്ഛികമായി ചെന്നു പതിഞ്ഞു. പാച്ചു ഹെഡ്മാസ്റ്ററുടെ സവിധത്തിൽ ചെല്ലുവാൻ ആജ്ഞാപിതനായി. ചൂരൽവടിപ്രഹരത്തിൻെറ തീവ്രമായ വേദന മനസ്സിൽ സങ്കല്പിച്ചുകൊണ്ടു പാച്ചു ഭയന്നു വിറച്ചു് ഒരുവിധം ഹെഡ്മാസ്റ്ററുടെ സമീപം ചെന്നുനിന്നു. കണക്കിനുത്തരം പറയുവാൻ ഇടിമുഴങ്ങുന്ന സ്വരത്തിൽ ഹെഡ്മാസ്റ്ററാജ്ഞാപിച്ചു. ഉരുളയ്ക്കുപ്പേരിപോലെ പാച്ചു ശരിയായ ഉത്തരം നൽകി. ഹെഡ്മാ

സ്റ്ററുടെ ക്രൂരമായ മുഖം ഒരു മന്ദഹാസംകൊണ്ടു തെളിഞ്ഞു വികസിച്ചു. സന്തുഷ്ടനായ അദ്ദേഹം തൻെറ ക്ലാസിലെ ഏററവും പ്രായം കൂടിയ വിദ്യാൎത്ഥിയെ വിളിച്ചു താഴ്ന്ന ക്ലാസിൽ പഠിക്കുന്ന ഈ കൃശഗാത്രനായ ബാലനെ ചുമലിൽ വഹിച്ചുകൊണ്ടു ക്ലാസിനു ചുററും മൂന്നു വലംവയ്ക്കുവാൻ ആജ്ഞ നൽകി. ഇങ്ങിനെ ബാലനായിരുന്നപ്പോൾ ഒരിക്കൽ ഒരു മനുഷ്യക്കുതിരമേലല്ലാതെ താൻ ഒരിക്കലും കുതിരസ്സവാരി ചെയ്തിട്ടില്ലെന്ന് അനന്തരകാലങ്ങളിൽ ചങ്ങനാശേരി വിനോദരൂപത്തിൽ പറയാറുണ്ടായിരുന്നു.

താമസസ്ഥലത്തുനിന്നു രണ്ടു മൈൽ ദൂരത്തിലാണു പള്ളിക്കൂടം സ്ഥിതിചെയ്തിരുന്നത്. ദിവസവും രണ്ടുനേരം പുഞ്ചപ്പാടങ്ങളും വയലുകളും കടന്ന് രണ്ടു മൈൽ സഞ്ചരിക്കേണ്ടിയിരുന്നതുകൊണ്ടും, പോഷണകരമായ ആഹാരം ലഭിക്കാതിരുന്നതുകൊണ്ടും, ഉച്ചപ്പട്ടിണികൊണ്ടും, ആ ബാലന്റെ ആരോഗ്യത്തിനു സാരമായ ഹാനി തട്ടിക്കഴിഞ്ഞിരുന്നു. ബാല്യകാലത്തു പരിതസ്ഥിതികളുടെ പ്രാതികൂല്യംകൊണ്ടു സമ്പാദിച്ച ഈ അനാരോഗ്യം ജീവിതകാലം മുഴുവൻ അദ്ദേഹത്തെ ഒട്ടുവളരെ അലട്ടിയിട്ടുണ്ടു്.

അചിരേണ പാച്ചുവിനു ഡാനിയലിൻെറ ക്ലാസിലേക്ക് കയററം കിട്ടി. പാച്ചു ഭയവിഹ്വലതയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഒരു സംഭവമായിരുന്നു ഇതു്. ഹെഡ്മാസ്റ്ററുടെ പ്രഹരശിക്ഷയെക്കുറിച്ചുള്ള ഭയമാണു പരീക്ഷാവിജയത്തിൻെറ സന്തോഷത്തെക്കാൾ ബാലനായ പാച്ചുവിൻെറ ഹൃദയത്തിൽ മുന്നിട്ടു നിന്നതു്. എന്നാൽ ഇക്കാലത്തു സന്തോഷകരമായ മറെറാരു സംഭവമുണ്ടായി. പാച്ചുവിൻെറ പിതാവായ നാരായണപിള്ളയെ തിരുവനന്തപുരത്തു ഹജൂർ സമ്പ്രതിയായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് അദ്ദേഹത്തിനു കിട്ടി. ഉടൻതന്നെ നാരായണപിള്ളയും ഭാൎയ്യയും കുട്ടികളും തിരുവനന്തപുരത്തേയ്ക്കു താമസം മാററി. അങ്ങിനെ ഡാനിയലിൻെറ ബന്ധനവിധികളിൽനിന്നു പാച്ചുവിനു വിമോചനം ലഭിച്ചു.

# അദ്ധ്യായം ൨

അങ്ങിനെ, അന്നു പതിനൊന്നു വയസ്സു മാത്രം പ്രായമു
ണ്ടായിരുന്ന പാച്ചു ഏതാണ്ടു് അരശ്ശതാബ്ദത്തിനു മുൻപു
തന്റെ മാതാപിതാക്കന്മാരൊന്നിച്ചു് ആദ്യമായി തിരുവനന്ത
പുരത്തു വന്നുചേൎന്നു. ഏററുമാനൂരും ചങ്ങനാശേരിയിലുമുള്ള
കുഗ്രാമജീവിതം മാത്രം കണ്ടു പരിശീലിച്ചിരുന്ന ആ ബാലന്റെ
ഹൃദയത്തിൽ, രാജധാനിയിലെ ആഡംബരപൂൎവ്വമായ കാഴ്ച
കൾ പല വികാരങ്ങളും അങ്കുരിപ്പിച്ചു. ഏതെങ്കിലും ഒരു
വസ്തുവിൻേറയോ ആശയത്തിൻേറയോ നിശ്ചിതരൂപം വന്നു
ഗാഢമായി പതിഞ്ഞാൽ, അതൊരിക്കലും മാഞ്ഞുപോകാത്ത
ഒരു ഹൃദയമാണു പാച്ചുവിനുണ്ടായിരുന്നതു്. ഉയൎന്ന ഉദ്യോ
ഗസ്ഥന്മാരുടേയും, ധനാഢ്യന്മാരുടേയും, പൊതുക്കാൎയ്യപ്രസക്ത
ന്മാരുടേയും, സമുദായത്തിന്റെ ഉപരിതലത്തിൽ ജീവിക്കുന്ന
മററു പ്രമുഖന്മാരുടേയും, അധിവാസസങ്കേതമായിരുന്ന രാജ
ധാനിയിൽ കണ്ട ജീവിതമത്സരങ്ങളും വിപുലമായ പൊതു
കാൎയ്യപ്രവൎത്തനങ്ങളും, ഗുണദോഷവിവേചനം ചെയ്യുവാൻ
വേണ്ട വളൎച്ചയോ ലോകപരിചയമോ സിദ്ധിച്ചിട്ടില്ലാതിരുന്ന
പാച്ചുവിന്റെ അപക്വമായ ബാലഹൃദയത്തിൽ അനിശ്ചിത
ങ്ങളായ ചില ആശാസൌധങ്ങൾ പടുത്തുകെട്ടി. പിതാ
വിന്റെ ഗുണവിശേഷങ്ങളിലൊന്നായിരുന്ന ഉൽക്കൎഷേച്ഛ
പുത്രനിലേയ്ക്കു പകൎന്നിരുന്ന ലക്ഷണങ്ങളും ഇക്കാലത്തുതന്നെ
യാണു കണ്ടുതുടങ്ങിയതു്. തിരുവനന്തപുരത്തെ ഉന്നതമായ
സമുദായജീവിതത്തിലോ മററു പ്രവൎത്തനരംഗങ്ങളിലോ കേവ
ലം ഒരു സമ്പ്രതിപ്പിള്ളയുടെ പുത്രൻ മാത്രമായിരുന്ന പാച്ചു
വിനു പറയത്തക്ക സ്ഥാനമെന്തെങ്കിലും ലഭിക്കുകയെന്നുള്ളതു
തുലോം അസ്വാഭാവികമായിരുന്നു. പാച്ചു അക്കാലത്തു്
അവയൊന്നും ആശിച്ചതുമില്ല. എങ്കിലും സമുദായജീവിത
ത്തിൽ ഉന്നമിക്കണമെന്നും, ജീവിതമത്സരത്തിൽ വിജയം
നേടണമെന്നും, കിന്നരിത്തലപ്പാവുകളോടും നീളമുള്ള കോട്ടു

കളോടും കാലുറകളോടും ഉരുമ്മി, അഗണ്യനും അപ്രാപ്തനും അപ്രശസ്തനുമായി കഴിഞ്ഞുകൂടുന്നതുകൊണ്ടു, താൻ തൃപ്തിപ്പെടുകയില്ലെന്നും പാച്ചു ഇക്കാലത്തു തന്റെ ബാലഹൃദയത്തിൽ നിശ്ചയിച്ചുറച്ചു. അല്പകാലത്തിനുള്ളിൽ വിദ്യാഭ്യാസം പൂർത്തിയാക്കുവാനെന്നു വേണ്ട, ശരീരവും ആത്മാവും ഒന്നിച്ചു ചേർത്തു വച്ചുകൊണ്ടിരിക്കുവാനാവശ്യമുള്ള ആഹാരസാധനങ്ങൾ സമ്പാദിക്കുവാൻപോലും, ആ ബാലന് എതിരിടേണ്ടി വന്ന പ്രതിബന്ധങ്ങൾ മറേറതൊരാളേയും അമ്പരപ്പിക്കുവാൻ പര്യാപ്തങ്ങളായിരുന്നു. സാധാരണന്മാരായ യുവാക്കന്മാർ ഈ ദുർഘടങ്ങൾ കണ്ടു മനസ്സു മടിച്ചു, ലക്ഷ്യസ്ഥാനത്തു നിന്നു പിന്തിരിഞ്ഞു്, അവരുടെ ജീവിതശിഷ്ടം നിരാശയിലും, ദാരിദ്ര്യത്തിലും, അന്ധകാരത്തിലും അവസാനിപ്പിക്കുമായിരുന്നു എന്നുള്ളതു നിസ്സംശയമാണു്. എന്നാൽ സ്ഥിരോത്സാഹിയും, പരിശ്രമശീലനും, സമരപ്രിയനുമായിരുന്ന പാച്ചുവിന്റെ യുവചൈതന്യം പ്രതിബന്ധങ്ങളോടു നേരിടേണ്ടി വന്നപ്പോൾ കൂടുതൽ വികസിച്ചു തഴയ്ക്കുകയും തൽഫലമായി ദുർഘടങ്ങൾ ഒന്നൊന്നായി തട്ടിനീക്കി, ആ ബാലൻ മുന്നോട്ടു കടന്നുപോകയുമാണു ചെയ്തതു്.

൧൦൫൨-ലാണു പാച്ചു തിരുവനന്തപുരത്തു വന്നു പ്രിപ്പാറേറ്ററിസ്കൂളിൽ ഒരു വിദ്യാർത്ഥിയായി ചേർന്നതു്. ഇന്നു സയൻസ്കാളേജ്ജു് കിടക്കുന്ന കെട്ടിടത്തിലാണു് അന്നു കാളേജ്ജുക്ലാസുകളും, ഹൈസ്കൂളും, പ്രിപ്പാറേറ്ററിസ്കൂൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന താഴ്ന്ന ക്ലാസുകളും നടത്തിയിരുന്നതു്. അന്നു പ്രിപ്പാറേറ്ററിസ്കൂളിലെ ഹെഡ്മാസ്റ്റർ തുമ്പറ ഉമ്മിണിത്തമ്പി എന്നൊരാളും, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സുപ്രസിദ്ധനായ നാരായണക്കുരുക്കളും, കാളേജ്ജു് പ്രിൻസിപ്പാൾ ഡാക്ടർ ഹാർവ്വിയുമായിരുന്നു. ഡാക്ടർ ഹാർവ്വി പ്രതിദിനം എല്ലാ ക്ലാസുകളും സന്ദർശിച്ചു്, അദ്ധ്യാപകന്മാർക്കു വേണ്ട നിർദ്ദേശങ്ങൾ നൾകുക പതിവായിരുന്നു. ഡാക്ടർ ഹാർവ്വിയുടെ സന്ദർശനം അത്യധികം ആഹ്ലാദത്തോടുകൂടിയാണു വിദ്യാർത്ഥികൾ പ്രതീക്ഷിച്ചിരുന്നതു്. നാട്ടുകാരായ ചില അദ്ധ്യാപകന്മാ

രുടെ ഇരുളടഞ്ഞ മുഖങ്ങൾക്കും, നിർദ്ദാക്ഷിണ്യമായ പ്രഹരങ്ങൾക്കുമിടയ്ക്കു, ഫാവ്വിയുടെ മന്ദഹാസമധുരമായ മുഖവും, സ്നേഹമസൃണമായ പെരുമാററവും, കാർമേഘനിബിഡമായ ആകാശത്തിൽ ഇടയ്ക്കിടയ്ക്കു തിളങ്ങുന്ന ലോലമായ സൂര്യകിരണങ്ങളെന്നപോലെ വിദ്യാർത്ഥികൾക്ക് ആനന്ദപ്രദമായിരുന്നു.

പാച്ചു ഒരു വിദ്യാർത്ഥിയെന്ന നിലയിൽ അസാധാരണമായ ബുദ്ധിശക്തിയോ, സഹപാഠികളെ അമ്പരപ്പിക്കുന്ന പാണ്ഡിത്യപ്രചുരിമയോ, അക്കാലത്തു പ്രദർശിപ്പിച്ചിരുന്നില്ല. അദ്ധ്യയനകാര്യത്തിൽ കാലേക്കൂട്ടി തയാറാക്കിയിരുന്ന വ്യവസ്ഥയോ, രീതിയോ, ക്രമമോ ഒന്നുംതന്നെ പാച്ചു സ്വീകരിച്ചിരുന്നതുമില്ല. അന്നന്നുള്ള പാഠങ്ങൾ പഠിച്ചു തീർക്കുക, എന്ന നിർദ്ദിഷ്ടമായ ഒരു കാര്യപരിപാടിയും ആ ബാലൻ അംഗീകരിച്ചിരുന്നില്ല. വർഷാവസാനപ്പരീക്ഷയടുക്കുമ്പോൾ അർദ്ധരാത്രിവരെ വിളക്കെരിച്ച് ഒരു ഭൃതത്തെപ്പോലെ ജോലി ചെയ്തു, പാസാകുവാനുള്ള മാർക്ക് വാങ്ങി വല്ലവിധവും പരീക്ഷയിൽ കടന്നുകൂടും എന്നുള്ളതു തീർച്ചയാണ്. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന കുരുക്കൾ ഒരിക്കൽ പാച്ചുവിനെക്കുറിച്ച് ഇങ്ങിനെ പറയുകയുണ്ടായി. "പാച്ചുവിനെപ്പോലെ ബുദ്ധിമാന്മാരും എന്നാൽ അതേസമയംതന്നെ ഉദാസീനന്മാരുമായ കുട്ടികളെ ഞാൻ വേറെയും കണ്ടിട്ടുണ്ട്. പരീക്ഷയിൽ ഒരിക്കൽ തോൽക്കുന്നതുവരെ അവർ ഉദാസീനത കാണിക്കും. അതിനുശേഷം ശുഷ്കാന്തി താനേ വന്നുകൊള്ളും." പാച്ചുവിനു നിർഭാഗ്യവശാൽ ഒരിക്കൽപോലും തോൽവി സംഭവിക്കാതിരുന്നതുകൊണ്ടു ഗുരുനാഥൻ ദീർഘദർശനം ചെയ്ത ശുഷ്കാന്തി അദ്ധ്യയനകാര്യത്തിൽ സമ്പാദിക്കുവാൻ അന്നൊരിക്കലും അവസരം കിട്ടിയില്ല.

പാച്ചുവിനു ഹൈസ്കൂളിലേയ്ക്കു കയററം കിട്ടി. ഡാനിയലിനേയോ ഉമ്മിണിത്തമ്പിയേയോപോലെ, ദണ്ഡനശിക്ഷയിൽ വിശ്വസിക്കുന്ന ഒരാളായിരുന്നില്ല ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന നാരായണക്കുരുക്കൾ. ഒരു മാതൃകാദ്ധ്യാപകനായിരുന്ന അദ്ദേഹം, ഓരോ വിദ്യാർത്ഥിയുടേയും സ്വഭാവ

ഗതിയും അഭിരുചിയും വാസനയും ശ്രദ്ധിച്ചു മനസ്സിലാക്കുകയും, അതിനനുരൂപമായ നിലയിൽ അവരോടു പെരുമാറുകയും ചെയ്തുവന്നു. ഹൈസ്കൂളിൽ അന്നുണ്ടായിരുന്ന മറെറാരദ്ധ്യാപകൻ, അനന്തരകാലങ്ങളിൽ അഭിഭാഷകവൃത്തിയിൽ നിന്നു ഹൈക്കോടതി ജഡ്ജിയുദ്യോഗത്തിലേയ്ക്കുയന്ന കെ. ജി. ശേഷയ്യരായിരുന്നു. ഏററവും ദുർഘടകരമായ ചോദ്യക്കടലാസുകൾ നിമ്മിക്കുന്ന അദ്ധ്യാപകനെന്ന നിലയിലാണു പണ്ഡിതനായ ശേഷയ്യരെ അദ്ദേഹത്തിൻെറ ശിഷ്യഗണങ്ങളിൽപെട്ടവർ ഇന്നും സ്മരിക്കുന്നതു്.

ഇക്കാലത്താണു പാച്ചുവിൻെറ ജീവിതത്തിൽ അവിസ്മരണീയമായ ഒരത്യാഹിതം സംഭവിച്ചതു്. ഉദ്യോഗജീവിതത്തിലേ അനാരോഗ്യകരമായ നടപടികളും ദിനചയ്യയും കൊണ്ടു തിരുവനന്തപുരത്തു വന്നു് അല്പകാലം കഴിയുന്നതിനു മുൻപുതന്നെ നാരായണപിള്ള പ്രമേഹരോഗബാധിതനായിത്തീന്നിരുന്നു. രോഗശമനത്തിനു വേണ്ടിച്ചെയ്ത ചികിത്സാവിധികളേയും, അനാഥരും നിരാശ്രയരുമായിത്തീന്ന കളത്രപുത്രാദികളുടെ കണ്ണുനീർപ്രവാഹത്തേയും, വിഗണിച്ചുകൊണ്ടു നാല്പത്തിരണ്ടാമത്തെ വയസ്സിൽ മൃതി അദ്ദേഹത്തെ നിർദ്ദാക്ഷിണ്യമായി ഗ്രസിച്ചുകളഞ്ഞു. അദ്ദേഹത്തിനുണ്ടായിരുന്ന അല്പമായ ചില സമ്പാദ്യങ്ങൾ മരണാനന്തരം മരുമക്കത്തായനിബന്ധനകളനുസരിച്ചു്, അദ്ദേഹത്തിൻെറ തറവാട്ടിൽ ലയിച്ചു. അശരണരായ പാച്ചുവും, സഹോദരിയും, മാതാവും പറയത്തക്ക യാതൊരു ധനസ്ഥിതിയുമില്ലാതിരുന്ന സ്വന്തം തറവാട്ടിനെത്തന്നെ അഭയംപ്രാപിക്കേണ്ടി വന്നു.

ഇതിനുശേഷം അല്പദിവസങ്ങൾക്കുള്ളിൽ നാരായണി അമ്മയും രോഗബാധിതയായി കിടപ്പിലായി. അതികഠിനമായ ക്ഷയരോഗമാണു് അവരെ ബാധിച്ചിരുന്നതു്. സമീപവാസിയായിരുന്ന ഒരായുവേദവൈദ്യൻെറ ചികിത്സയല്ലാതെ ശാസ്ത്രീയമായ യാതൊരു വൈദ്യസഹായവും അന്നത്തെ പരിതസ്ഥിതികളിൽ അവക്കു ലഭിക്കുവാൻ മാറ്ഗ്ഗമുണ്ടായിരുന്നില്ല. നാരായണപിള്ളയുടെ മരണാനന്തരം പത്തു മാസങ്ങൾക്കുള്ളിൽ ആ സാദ്ധ്വി ഭത്താവിനെ അനുഗമിച്ചു.

പാച്ചുവും സഹോദരിയും രണ്ടനാഥശിശുക്കളായി ലോകത്തി ലവശേഷിച്ചു. ആ ബാലൻെറ ആശാസൌധങ്ങൾ ഒന്നൊന്നായി തകൎന്നുവീണു. അങ്ങിനെ ഭാവിജീവിതം പട്ടുത്തുകെട്ടുവാനും, ജീവിതമത്സരത്തിലെ അപ്രതിരോധ്യങ്ങളായ പ്രതിബന്ധങ്ങളോടു മല്ലിടുവാനും, ഉള്ള വൻപിച്ച ഭാരം കുഞ്ഞിച്ചു പതിനഞ്ചു വയസ്സു മാത്രം പ്രായമുള്ളപ്പോൾത്തന്നെ പാച്ചുവിൻെറ ചുമലിൽ വന്നു പതിച്ചു.

തിരുവനന്തപുരത്തു താമസിക്കുവാൻ സ്ഥലം, കഴിക്കുവാൻ ഭക്ഷണം, ധരിക്കുവാൻ വസ്ത്രങ്ങൾ, പുസ്തകത്തിനും ഫീസിനും വേണ്ട പണം, ഇത്രയും ലഭിക്കുവാനുള്ള മാൎഗ്ഗങ്ങൾ ഉടനടി കണ്ടുപിടിച്ചെങ്കിൽ മാത്രമേ, പാച്ചുവിനു വിദ്യാഭ്യാസം തുടൎന്നുകൊണ്ടുപോകുവാൻ സാധിക്കുമായിരുന്നുള്ളു. നാരായണപിള്ളയുടെ ഒരു മാന്യമിത്രവും, അനാഥമായിത്തീൎന്ന അദ്ദേഹത്തിൻെറ കുടുംബത്തിൻെറ അഭ്യുദയകാംക്ഷിയും, ഉദാരമതിയും ആയിരുന്ന കോയിപ്പുറം കൃഷ്ണപിള്ള എന്നൊരാൾ തിരുവനന്തപുരത്തുള്ള അദ്ദേഹത്തിൻെറ ഗൃഹത്തിൽ, ആഹാരം കഴിച്ചു താമസിച്ചുകൊള്ളുവാൻ പാച്ചുവിനു് അനുമതി നൽകി. ഇത്രയുമായപ്പോൾ ഫീസ്, വസ്ത്രങ്ങൾ, പുസ്തകം മുതലായ ആവശ്യങ്ങൾ നിൎവ്വഹിക്കുവാനുള്ള പണം കണ്ടുപിടിക്കുവാനുള്ള ശ്രമമായി. സഹോദരിയുടെ വക ചില ചില്ലറ ഉരുപ്പടികൾ പണയപ്പെടുത്തിയും വിക്രയം ചെയ്തും, ഉണ്ടാക്കിയ പണം ഒരു വൎഷത്തേക്കാവശ്യമുള്ള വസ്ത്രങ്ങൾ വാങ്ങുവാൻപോലും തികഞ്ഞില്ല. മുണ്ടും കച്ചത്തോൎത്തുമായിരുന്നു അന്നു പാച്ചുവിൻെറ അത്യാഡംബരപൂൎവ്വമായ വസ്ത്രവിധാനങ്ങൾ. ഇവതന്നേയും വൃത്തിയായും ശുദ്ധമായും വച്ചുകൊണ്ടിരിക്കുവാൻ അപൂൎവ്വമായി മാത്രമേ പാച്ചുവിനു കഴിഞ്ഞിരുന്നുള്ളു. പിൽക്കാലങ്ങളിൽ 'ആരോഗ്യത്തിനു ഹാനികരമായ ശീലങ്ങളെ'ക്കുറിച്ചു് ഉപന്യസിക്കയും പ്രസംഗിക്കയും ചെയ്തിട്ടുള്ള ചങ്ങനാശേരിക്കു്, അദ്ദേഹത്തിൻെറ ബാല്യത്തിൽ അന്നു ഫൈൻസ്റ്റും ഹെഡ്മാസ്റ്ററായിരുന്ന അയ്യൻപിള്ളയിൽ നിന്നു ലഭിച്ച കീൎത്തിബിരുദം "വൃത്തിഹീനനായ ബാലൻ" എന്നായിരുന്നു. ശുചിത്വം, ആരോഗ്യരക്ഷ, തുടങ്ങിയ

വിഷയങ്ങളിലെ പരിജ്ഞാനക്കുറവുകൊണ്ടോ, നൈസർഗ്ഗിക മായ ശീലംകൊണ്ടോ, അല്ലാ പിന്നെയോ കരപറ്റുവാൻ കഴിയാത്ത ദാരിദ്ര്യത്തിന്റെ ഗരിമകൊണ്ടാണു പാച്ചു വൃത്തിഹീനനായി പ്രത്യക്ഷപ്പെടാറുണ്ടായിരുന്നതെന്ന കാര്യം ആ ഹെഡ്മാസ്റ്റർ അറിഞ്ഞിരിക്കുമോ എന്തോ?

കോയിപ്പുറം കൃഷ്ണപിള്ളയുടെ ഉപദേശമനുസരിച്ചു പാച്ചു തന്റെ ദയനീയാവസ്ഥയെ വിവരിച്ചും, അതിന് എന്തെ നിലും പരിഹാരമുണ്ടാക്കിത്തരണമെന്നു പ്രാർത്ഥിച്ചും, ഒരു ഹർജി തയ്യാറാക്കി അന്നത്തെ ദിവാൻജിയായിരുന്ന ടി. രാമ റാവുവിന്റെ സന്നിധിയിൽ സമർപ്പിച്ചു. പരേതനായ നാരാ യണപിള്ളയെ നേരിട്ടറിയുമായിരുന്ന രാമറാവു ഈ ബാലന്റെ ദയനീയസ്ഥിതിയെക്കുറിച്ചറിഞ്ഞപ്പോൾ ആർദ്രചിത്തനായി ച്ചമഞ്ഞു. നാരായണപിള്ളയുടെ സർക്കാർസേവനകാലത്തെ, മുപ്പതു വർഷത്തിനു് ഒരു വർഷമായി കണക്കാക്കി അത്രയും കാല ത്തേയ്ക്കു വരുന്ന ശമ്പളത്തുക രണ്ടായി വിഭജിച്ചു്, ഒരു ഭാഗം പാച്ചുവിനും,മററു പകുതി പരേതന്റെ തറവാട്ടിനും നൽകുവാൻ ദിവാൻജി ഉത്തരവു ചെയ്തു. ഈ കണക്കനുസരിച്ചു പാച്ചു വിനു് ഇരുന്നൂററി ഇരുപത്തഞ്ചു രൂപാ കിട്ടുവാനവകാശമുണ്ടാ യിരുന്നു. എന്നാൽ നാരായണപിള്ളയുടെ സമ്പാദ്യം മുഴുവനും ഭാര്യാപുത്രാദികൾക്കാണു ലഭിച്ചിട്ടുള്ളതെന്നും, അതിനാൽ ഗവമെൻറിൽ നിന്നും അനുവദിച്ചിട്ടുള്ള തുക മുഴുവൻ തന്റെ തറവാട്ടിലേയ്ക്കു മുതൽ ചേരേണ്ടതാണെന്നും, കാണിച്ചു് ഒരു ഹർജ്ജിയുമായി പരേതന്റെ മാതുലൻ തിരുവനന്തപുരത്തെത്തി. പ്രസ്തുത ഹർജിയെക്കുറിച്ചുള്ള അവസാന തീർച്ചയ്ക്കു കാല താമസം നേരിട്ടു. വിദ്യാഭ്യാസം തുടരുവാൻ ഉടനടി ലഭിക്കു മെന്നു പാച്ചു പ്രതീക്ഷിച്ച സർക്കാർസഹായം അങ്ങിനെ വി ഫലപ്പെട്ടു. 'നാസിക മുറിച്ചാലും ശകുനം മിനക്കെടുത്തണ'മെ ന്നുള്ള മാതുലന്റെ മർക്കടമുഷ്ടി തല്ക്കാലത്തേയ്ക്കു ഫലിച്ചു. ൧൦൬൫-ലെ റഗുലേഷനിലവസാനിച്ച നായരുടെ മരുമക്ക ത്തായ ദായക്രമത്തിനെതിരായുള്ള, ചങ്ങനാശേരിയുടെ അന ന്തരകാലങ്ങളിലെ തീവ്രവും ആത്മാർത്ഥവുമായ എതിർപ്പിന്റെ പശ്ചാത്തലം ഈ സംഭവം തന്നെയോ എന്നാരായുന്നതു് കൌതുകകരമായിരിക്കും.

സക്കാരിന്റെ സഹായഹസ്തം നിർദ്ദാക്ഷിണ്യമായി തട്ടിനീക്കിയ അത്യാഗ്രഹിയായിരുന്ന വൃദ്ധമാതുലൻ അല്പകാലത്തിനുള്ളിൽ ഇഹലോകവാസം വെടിഞ്ഞു. പാച്ചു, വിനയപൂർവ്വം മറെറാരപേക്ഷയുമായി ദിവാൻജിയെ സമീപിച്ചു. ആദ്യം അനുവദിച്ചിരുന്ന തുകയിൽ മുന്നൂറു രൂപാ പാച്ചുവിന് ഉടനടി നൽകുവാനും ബാക്കി സംഖ്യ സക്കാരിലേയ്ക്കു മുതൽക്കൂട്ടുവാനും ദയാശീലനായിരുന്ന ദിവാൻജി ഉത്തരവു ചെയ്തു. അങ്ങിനെ പാച്ചുവിനു മുൻ തീരുമാനത്തിൽനിന്ന് ഏഴുപത്തഞ്ചു രൂപാ കൂടുതൽ ലഭിച്ചു. പിതാവിന്റെ കുടുംബത്തിലേയ്ക്കു ആദ്യ ഉത്തരവനുസരിച്ചു കിട്ടുമായിരുന്ന തുകപോലും നഷ്ടപ്പെട്ടു. ദിവാൻ രാമറാവുവിന്റെ ദാക്ഷിണ്യപൂർവ്വമായ തീരുമാനമനുസരിച്ചു ലഭിച്ച മുന്നൂറു രൂപ:യും ഉൽക്കഷേച്ഛുവായിരുന്ന ആ ബാലൻ കാളേജുവിദ്യാഭ്യാസത്തിന് ഒരു മൂലധനമായിക്കരുതിവച്ചതല്ലാതെ, അതിലൊരു പൈസപോലും ഹൈസ്ക്കൂൾവിദ്യാഭ്യാസകാലത്തെ താല്ക്കാലികാവശ്യങ്ങൾക്കകൂടി വിനിയോഗിക്കുവാൻ തുനിഞ്ഞില്ല. അതിനാൽ ഹൈസ്ക്കൂൾവിദ്യാഭ്യാസത്തിനാവശ്യമുള്ള പണം അന്വേഷിക്കേണ്ട ഭാരം അപ്പോഴും അവശേഷിച്ചിരുന്നു.

എന്നാൽ ഇക്കാലത്തുതന്നെ പാച്ചുവിന്റെ ഭാവിജീവിതഗതിയേ സാരമായി സ്പർശിക്കയും, ഏറക്കുറെ രൂപവൽക്കരിക്കയും ചെയ്ത മറ്റൊരു സംഭവമുണ്ടായി. നായർസമുദായോദ്ധാരകൻ എന്നു വിഖ്യാതനായ സ്രീ. കൃഷ്ണപിള്ളയെ നേരിട്ടു കാണുവാനും, അദ്ദേഹത്തിന്റെ പരിചയവും സ്നേഹവും ആർജ്ജിക്കുവാനും ഇക്കാലത്തു പാച്ചുവിന് അവസരം ലഭിച്ചു, എന്നുള്ളതായിരുന്നു ഇത്. കോയിപ്പുറം കൃഷ്ണപിള്ള പാച്ചുവിന്റെ ദുഘടം നിറഞ്ഞ ജീവിതത്തെക്കുറിച്ച് ഒന്നിലധികം തവണ സ്രീ. കൃഷ്ണപിള്ളയോടു പറഞ്ഞിരുന്നു. കൃഷ്ണപിള്ള പാച്ചുവിനെ നേരിട്ടു കാണുവാൻ കൌതുകം പ്രദർശിപ്പിച്ചു. അനന്തരകാലങ്ങളിൽ സമുദായപരമായ ജനസേവനപ്രവൎത്തനങ്ങളിൽ താൻ ഗുരുനാഥനായി വരിച്ച ആ മഹാശയന്റെ സന്നിധിയിലേയ്ക്കു കൃഷ്ണകയ്യോടുകൂടി നടന്നു പോകുമ്പോൾ പാച്ചുവിന്റെ കാലുകൾ വിറക്കയും ശരീരം ത്രസിക്കയും ചെയ്തു. പിതാവിന്റെ മരണത്തിനു ശേഷം തനിക്കു നേരിടേണ്ടിവന്ന സന്താപകരങ്ങളായ

കഷ്ടാനുഭവങ്ങളെക്കുറിച്ചുള്ള സ്മരണകളും, ഭാവിജീവിതത്തെ ക്കുറിച്ചുള്ള ഉൽക്കണ്ഠാകുലമായ ചിന്തകളും, ഒരു ചലനചിത്ര ത്തിലെന്നപോലെ പാച്ചുവിൻെറ ഹൃദയത്തിൽക്കൂടി ഒന്നൊ ന്നായി കടന്നുപോയി. ഒരു ഗിരിശ്രേഷ്ഠനുള്ള ഗാംഭീര്യവും, സമുദ്രവിസ്തൃതിയുള്ള ഒരു ഹൃദയവുമാണു തൻെറ ഗുണകാം ക്ഷിയിൽ ആ ബാലൻ ദർശിച്ചതു്. ആ മുഖത്തു പ്രസ്പഷ്ടമായി നീണ്ടു കനത്തു നിന്നിരുന്ന മേൽമീശയും, തുടുത്ത വട്ടമുഖവും, ആരുടേയും ബഹുമാനാദരങ്ങളെ ഹഠാദാകർഷിക്കുന്ന ഗംഭീര മായ നോട്ടവും പാച്ചുവിൻ്റെ ഹൃദയത്തെ അന്നത്തെ ആദ്യസ ന്ദർശനത്തിൽത്തന്നെ വശീകരിക്കയുണ്ടായി. സീ. കെ. വി., പാച്ചുവിൻ്റെ കുടുംബചരിത്രങ്ങൾ ഒന്നൊന്നായി ചോദിച്ചു ഗ്രഹിച്ചു. ആ മുഖത്തു് അനിയന്ത്രിതമായ മനോവേദനയു ടേയും, ആത്മാർത്ഥമായ അനുകമ്പയുടേയും ഭാവസ്ഫുരണങ്ങൾ നിരന്തരമായി ഉദിച്ചു മറഞ്ഞുകൊണ്ടിരിക്കുന്നതു് പാച്ചു വിനു കാണാമായിരുന്നു. കൂടിക്കാഴ്ചയുടെ അവസാനത്തിൽ സീ. കെ. വി., അന്നു തിരുവനന്തപുരം ഹൈസ്ക്കൂൾഹെഡ്് മാസ്റ്ററായിരുന്ന അയ്യൻപിള്ളയ്ക്കു്, പാച്ചുവിനു് ഒരു ഫ്രീ സ്കോളർഷിപ്പ് നൽകണമെന്നു ശുപാർശ ചെയ്തുകൊണ്ടു് ഒരു കത്തു കൊടുത്തു. പ്രസ്തുത കത്തുമായി പാച്ചു അയ്യൻ പിള്ളയുടെ ഗൃഹത്തിലേയ്ക്കു നടന്നു. അയ്യൻപിള്ള പാച്ചു വിനെ സൌഹാർദ്ദപുരസ്സരം സ്വീകരിക്കയുണ്ടായി എ ങ്കിലും സ്കോളർഷിപ്പ്കാര്യത്തിൽ യാതൊരു സഹായവും ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഈ നിരാശ പാച്ചു വിൻെറ ജീവിതത്തിൽ ആദ്യത്തേതോ അവസാനത്തേതോ ആയിരുന്നില്ല. ഇക്കാലത്തുതന്നെ സീ. കെ. വി, കൊല്ലം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. കൊല്ലത്തു ചെന്നു ഹൈസ്കൂളിൽ ചേരുവാൻ പാച്ചുവിനു് അദ്ദേഹത്തിൽ നിന്നു് ഒരു നിർദ്ദേശം കിട്ടി. ശുപാർശകൊണ്ടു സാധിക്കാ തിരുന്ന സ്കോളർഷിപ്പ് സി. കെ. വി., തന്നെ പാച്ചുവിനു കൊല്ലത്തനുവദിച്ചു കൊടുത്തു. കോയിപ്പുറത്തു കൃഷ്ണപിള്ള യുടെ കൊല്ലത്തുള്ള ഭവനത്തിലാണു പാച്ചു അവിടേയും ഭക്ഷണം കഴിച്ചു താമസിച്ചിരുന്നതു്.

സീ. കെ. പി., പാച്ചുവിനു അന്നു കൊല്ലംമുൻസിഫായിരുന്ന എൻ. കൃഷ്ണപിള്ളയുടെ പരിചയം നേടിക്കൊടുത്തു. മുൻസിഫ് കൃഷ്ണപിള്ള ചില കമ്മീഷൻഉത്തരവുകൾ കൊടുത്തു പാച്ചുവിനെ സഹായിച്ചിരുന്നതു കൂടാതെ പ്രതിമാസം ഓരോ രൂപാ സൌജന്യമായി നൽകുകയും ചെയ്തുവന്നിരുന്നു. കൂടാതെ പ്രതിമാസം രണ്ടു രൂപാ വീതം ലഭിക്കുന്ന ഒരു ട്യൂഷനം പാച്ചുവിനു കിട്ടി. ഇങ്ങിനെ ഉദാരമതികളും, ദാക്ഷിണ്യശീലന്മാരും, സംപൂജ്യന്മാരുമായിരുന്ന മൂന്നു കൃഷ്ണപിള്ളമാരുടെ ഒരേ കാലത്തുള്ള സഹായസഹകരണങ്ങൾകൊണ്ടു പാച്ചു ദൈന്യസമുദ്രം ഒരുവിധം തരണംചെയ്തു.

# അദ്ധ്യായം ൩

പരമേശ്വരൻപിള്ള ൧൦൬൩-ൽ മട്രിക്കുലേഷൻപരീക്ഷയിൽ ജയിക്കയും, അടുത്ത വർഷംതന്നെ തിരുവനന്തപുരത്തു മഹാരാജാസ്കാളേജിൽ എഫ് എ. ക്ലാസിൽ ചേൎന്നു വിദ്യാഭ്യാസം തുടരുകയും ചെയ്തു. കോയിപ്പുറം കൃഷ്ണപിള്ളയുടെ തിരുവനന്തപുരത്തെ ഭവനം, ഒരു സർവ്വകലാശാലാവിദ്യാർത്ഥിയായി കൊല്ലത്തുനിന്നു തിരിച്ചുവന്ന പഴയ പാച്ചുവിനു സന്തോഷപുരസ്സരം ആതിഥ്യം നൽകി. ദിവാൻ രാമറാവുവിന്റെ ഔദാൎയ്യംകൊണ്ടു ലഭിച്ചിരുന്ന മുന്നൂറു രൂപാ അപ്പോഴും പരമേശ്വരൻപിള്ളയുടെ സ്വകാൎയ്യമൂലധനമായി ശേഷിക്കുന്നുണ്ടായിരുന്നു. പ്രസ്തുത മൂലധനംപോലെതന്നെ മറ്റൊരുറച്ച സമ്പാദ്യമായി കൊല്ലത്തുവച്ചു ലഭിച്ച മുൻസിഫ് കൃഷ്ണപിള്ളയുടെ സ്നേഹവാത്സല്യങ്ങളും, പരമേശ്വരൻപിള്ളയുടെ സർവ്വകലാശാലാവിദ്യാഭ്യാസത്തെ സുഗമമാക്കി. കാളേജുവിദ്യാഭ്യാസത്തിനാവശ്യമായ വിലപിടിച്ച പുതിയപുസ്തകങ്ങൾ വാങ്ങുവാനോ, താരതമ്യേന ഭാഗ്യവാന്മാരായ വിദ്യാർത്ഥികളെപ്പോലെ മാന്യമായ വിധത്തിൽ വസ്ത്രധാരണം ചെയ്തു ക്ലാസുകളിൽ ഹാജരാകുവാനോ, അന്നും അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. സ്നേഹിതന്മാരോടു പുസ്തകങ്ങൾ കടം വാങ്ങിയും, പഴയപുസ്തകങ്ങൾ അന്വേഷിച്ചു പിടിച്ചും പരമേശ്വരൻപിള്ള തന്റെ ആവശ്യങ്ങൾ നിർവ്വഹിച്ചു. മററു വിദ്യാർത്ഥികൾ കാളേജിലേ സായാഹ്നവിനോദങ്ങളിൽ പങ്കെടുക്കുകയും, സംഘം ചേൎന്ന് ഉല്ലസിച്ചു സവാരി പോകുകയും ചെയ്യുമ്പോൾ ദരിദ്രനായ പരമേശ്വരൻപിള്ള മററുള്ളവരുടെ വസതികളിൽ ഡസ്കിനു മുൻപിലിരുന്നു, ഭാഗ്യവാന്മാരായ അവരുടെ സന്താനങ്ങളെ ട്യൂഷൻ പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരിക്കും.

ഇക്കാലത്ത്, ദയാലുവായിരുന്ന മുൻസിഫ് കൃഷ്ണപിള്ള ഒരു വെക്കേഷനു കൊല്ലത്തുചെന്ന് അദ്ദേഹത്തെക്കാണുവാൻ, പരമേശ്വരൻപിള്ളയോടാജ്ഞാപിച്ചു. കൃഷ്ണപിള്ള ആലപ്പുഴ, കോട്ടയം, പറവൂർ എന്നീ മൂന്നു സ്ഥലങ്ങളിലേ മുൻസിഫ

ന്മാൎക്ക് ഓരോ ശുപാൎശക്കത്തും, യാത്രച്ചിലവിന മൂന്നു രൂപായും പരമേശ്വരൻപിള്ളയെ ഏല്പിച്ചു. അഗതിയായ ആ ബാലനു കഴിവുള്ള സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നാണ് എഴുത്തിൽ പറഞ്ഞിരുന്നതു്. യാത്രയ്ക്കു കിട്ടിയ മൂന്നു രൂപാ വഴിക്കു ഭക്ഷണച്ചിലവിലേക്കു പൊതിഞ്ഞു് എളിയിൽ തിരുകിക്കൊണ്ടു്, പരമേശ്വരൻപിള്ള ചങ്ങനാശ്ശേരിയിൽ നിന്നു് ഈ മൂന്നു സ്ഥലങ്ങളിലേയ്ക്കും കാൽനടയായി സഞ്ചരിക്കയാണു ചെയ്തതു്. എത്ര ദൂരവും കാൽനടയായി സഞ്ചരിക്കുവാനുള്ള തഴക്കം ബാല്യത്തിലേതന്നെ പരമേശ്വരൻപിള്ള സമ്പാദിച്ചിരുന്നു. ചങ്ങനാശ്ശേരിയിൽ നിന്നു കൊല്ലത്തേയ്ക്കു പോകുവാൻ, ഇരുപത്തിരണ്ടു നാഴികയകലേയുള്ള കായങ്കുളംവരെ കാൽനടയായി സഞ്ചരിച്ചതിനുശേഷം, അവിടെനിന്നു മാത്രമാണു പരമേശ്വരൻപിള്ള കൊല്ലത്തേയ്ക്കു പതിവായി വള്ളം കയറാറുള്ളതു്. ചങ്ങനാശ്ശേരിയിൽനിന്നു കൊല്ലത്തേയ്ക്കു തിരിക്കുമ്പോൾ വള്ളക്കൂലിയായ മൂന്നു ചക്രം മാത്രമാണു കൈവശമുണ്ടായിരിക്കുക, എന്നുള്ളതുകൊണ്ടു്, ഈ നടപ്പു് ഒഴിച്ചുകൂട്ടുവാൻ മേലാത്ത ഒരാവശ്യം മാത്രമായിരുന്നു. ഇങ്ങിനെയുള്ള സഞ്ചാരത്തിൽ ഒരിക്കൽ ബോധരഹിതനായി പരമേശ്വരൻപിള്ള റോഡിൽ വീണുപോയിട്ടുണ്ടു്. തൊട്ടപുഴക്കാരായ രണ്ടു മുസൽമാന്മാർ ആ അവസരത്തിൽ അതിലെ കടന്നുപോകുകയും, ബോധരഹിതനായിക്കിടന്നിരുന്ന പാച്ചുവിനെക്കണ്ടു സഹതാപപൂൎവം എടുത്തുകൊണ്ടുപോയി ശുശ്രൂഷിച്ചു ബോധം വരുത്തി വയറുനിറച്ചു ഭക്ഷണം കൊടുത്തയക്കയും ചെയ്തു. എങ്കിലും, കാൽനടയായിട്ടുതന്നെയാണ് ആലപ്പുഴ, കോട്ടയം, പറവൂർ എന്നീ സ്ഥലങ്ങളിലേയ്ക്കു പരമേശ്വരൻപിള്ള ശുപാൎശക്കത്തുകളുമായി തന്റെ ഭിക്ഷാടനമാരംഭിച്ചതു്. ആലപ്പുഴ മുൻസിഫ് യാതൊരു സഹായവും ചെയ്യുവാൻ സാധിക്കയില്ലെന്നു് ആദ്യസന്ദൎശനത്തിൽത്തന്നെ തീൎത്തുപറഞ്ഞു. കോട്ടയം മുൻസിഫ് "പിന്നെയാകട്ടെ" എന്നു് ഒററ വാക്കിൽ ഒരു മറുപടിയാണു നൽകിയതു്. പരമേശ്വരൻപിള്ള നിരാശപ്പെടാതെ ആ ഒററ വാക്കിനെ അഭയം പ്രാപിച്ചു ചങ്ങനാശ്ശേരിയിൽനിന്നു കോട്ടയത്തേയ്ക്കും, തിരിച്ചു ചങ്ങനാശ്ശേരിക്കും, വീണ്ടും കോട്ടയത്തേക്കും പല പ്രാവശ്യം സഞ്ചരിച്ചു. പക്ഷേ

നടന്നുനടന്നു കാലു തേഞ്ഞതല്ലാതെ, തുടൎച്ചയായുള്ള ഈ സന്ദ
ൎശനങ്ങൾകൊണ്ടു യാതൊരു ഫലവുമുണ്ടായില്ല. അവസാന
മായി കയ്യിൽ ശേഷിച്ച കത്തുമായി നിരാശനായ പരമേ
ശ്വരൻപിള്ള കാൽനടയായി മൂന്നു ദിവസത്തെ വഴിയുള്ള
പറവൂൎക്കു തിരിച്ചു. പട്ടിണികിടന്നും, തളൎന്നും, ക്ഷീണി
ച്ചും ഒരുവിധം മുൻസിഫിന്റെ ഗൃഹത്തിൽ എത്തിച്ചേൎന്നു്
അദ്ദേഹത്തെക്കണ്ടു് എഴുത്തു കൊടുത്തു. എഴുത്തു വായിച്ചു
തീരുന്നതിനു മുൻപുതന്നെ കമ്മീഷൻ ഉത്തരവുകളൊന്നു
മില്ലെന്നു് അദ്ദേഹം മറുപടി പറഞ്ഞു. യാത്രാക്ലേശംകൊ
ണ്ടും, നിരാശകൊണ്ടും ക്ഷീണചിത്തനായിരുന്ന പരമേശ്വരൻ
പിള്ള ദീപ്തി നശിച്ച തന്റെ നയനങ്ങൾ രണ്ടും ദയനീയമാം
വണ്ണം ആ ഉദ്യോഗസ്ഥന്റെ മുഖത്തു പതിപ്പിച്ചു, നിൎന്നിമേഷ
നായി നോക്കിക്കൊണ്ടു നില്ക്കുവാനല്ലാതെ ഒരക്ഷരംപോലും
ഉരിയാടുവാൻ ശക്തനായില്ല. ഇതു കണ്ടാൎദ്രചിത്തനായ
മുൻസിഫ് "ഞാൻ നിങ്ങൾക്കു് ഒരഞ്ചു രൂപാ തരണമെന്നു
വിചാരിക്കുന്നു. അതിപ്പോൾ കൈവശമില്ല.. തിരുവനന്തപു
രത്തു ബി. ഏ. ക്ലാസിൽ പഠിക്കുന്ന എന്റെ മകൻ അതു നി
ങ്ങളെ കണ്ടുപിടിച്ചു തരും" എന്നുകൂടി പറഞ്ഞിട്ടു് അകത്തേക്കു
പോയി. ഉദാരനായ ഈ ദാതാവും, ദാനമൎത്ഥിച്ചു ചെന്ന
പരമേശ്വരൻപിള്ളയും, അവരുടെ സുദീൎഘങ്ങളായിരുന്ന
ജീവിതങ്ങൾ കഴിച്ചുകൂട്ടി, ഈ ലോകത്തിൽ നിന്നു് അന്ത
ൎദ്ധാനം ചെയ്തിട്ടു കാലം കുറഞ്ഞൊന്നു കഴിഞ്ഞിരിക്കുന്നു
എങ്കിലും പ്രസ്തുത വാഗ്ദാനം ഇനിയും നിൎവ്വഹിക്കപ്പെടേണ്ട
തായിട്ടാണു് ഇരിക്കുന്നതു്. പരമേശ്വരൻപിള്ള തന്റെ അനു
ഭവങ്ങൾ യഥാകാലം സദുദ്ദേശപ്രേരിതനായിരുന്ന മുൻസിഫ്
കൃഷ്ണപിള്ളയെ അറിയിച്ചു. അദ്ദേഹം അതു കേട്ടു ഖേദിച്ചു.
ഏതായാലും ഈ കായക്ലേശത്തിനും, നിരാശയ്ക്കും പരിഹാര
മെന്നപോലെ ഉടൻതന്നെ മുൻസിഫ് കൃഷ്ണപിള്ള സത്യം ചെ
യ്യിക്കുവാനുള്ള ഒരു കമ്മീഷൻഉത്തരവു പരമേശ്വരൻപിള്ളയ്ക്കു
നൽകി. ഒരു വിദ്യാൎത്ഥിയായിരിക്കുമ്പോൾ പല കമ്മീഷൻഉത്ത
രവുകളും അദ്ദേഹം നടത്തിയിട്ടുണ്ടു്. വസ്ത്രധാരണം തുടങ്ങിയ
പ്രാഥമികമായ മനുഷ്യാവശ്യങ്ങൾക്കുപോലും പണമില്ലാതെ
ഉഴലുന്ന അക്കാലത്തു, സത്യത്തിൽ നിന്നും ധൎമ്മത്തിൽ നിന്നും

വ്യതിചലിക്കുവാൻ പ്രേരിപ്പിക്കുന്ന ചില ചില്ലറ പ്രലോഭനങ്ങളേയും പരമേശ്വരൻപിള്ളയ്ക്കഭിമുഖീകരിക്കേണ്ടിവന്നിരുന്നു. കമ്മീഷൻഉത്തരവുകളെ സംബന്ധിച്ച വ്യാജമായ റിപ്പോർട്ടുകളയയ്ക്കുവാൻ പണംകൊണ്ടു ചില കക്ഷികൾ അദ്ദേഹത്തേ പ്രേരിപ്പിച്ചിട്ടുണ്ട്. ചില ഘട്ടങ്ങളിൽ ഭീഷണികൊണ്ടദ്ദേഹത്തെ വിരട്ടിയോടിക്കുവാൻ പോലും പ്രബലന്മാരായ ചില കക്ഷികൾ തുനിഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിലെല്ലാം സത്യസന്ധതയും, വിപദിധൈര്യവും പരമേശ്വരൻപിള്ളയ്ക്കു പിന്തുണയായുറച്ചു നിന്നിരുന്നതുകൊണ്ടു് ഒരിക്കൽപോലും ആ ബാല്യദശയിൽ തൻെറ കർത്തവ്യങ്ങളിൽ നിന്നു് അദ്ദേഹം വ്യതിചലിക്കുവാനിടയായിട്ടില്ല.

നിരന്തരമായ കായക്ലേശംകൊണ്ടും, പോഷണകരമായ ആഹാരസാധനങ്ങളുടെ അഭാവംകൊണ്ടും, കളേജുവിദ്യാഭ്യാസം തുടങ്ങി ഒരു വർഷം കഴിഞ്ഞപ്പോഴേയ്ക്കും പരമേശ്വരൻപിള്ള രോഗഗ്രസ്തനായിച്ചമഞ്ഞു. ജൂണിയർ എഫ്. ഏ. പരീക്ഷ കഴിഞ്ഞു വീട്ടിലെത്തിയതോടുകൂടി അദ്ദേഹം ശയ്യാവലംബിയായിത്തീൻ. 'ബ്രൈററ്സ് ഡിസീസ്' എന്ന മൂത്രാശയരോഗമാണു് അദ്ദേഹത്തെ ബാധിച്ചിരുന്നതു്. രണ്ടു മാസം മുഴുവനും അദ്ദേഹത്തിനു രോഗശയ്യയിൽത്തന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. രോഗശമനം വന്നെഴുന്നേറ്റപ്പോൾ കാളേജിൽ ചേരുവാനുള്ളസമയം കഴിഞ്ഞുപോയി. ഒരു വർഷം നിഷ്പ്രയോജനമായി ദുർവ്യയം ചെയ്യരുതെന്നു കരുതി പരമേശ്വരൻപിള്ള കോട്ടയത്തുചെന്നു്, അന്നവിടെ സ്കൂൾഇൻസ്പെക്ടറായിരുന്ന സീ. കെ. പി-യെക്കണ്ടു. ഏതു ഘട്ടത്തിലും ആ ശിഷ്യപ്രമുഖന്റെ ഗുണകാംക്ഷിയായിരുന്ന ഗുരുഭൂതൻ അദ്ദേഹത്തിൻെറ ആഫീസിൽ അപ്പോൾ ഒഴിവുണ്ടായിരുന്ന ഒരു ചെറിയ ഉദ്യോഗം താല്ക്കാലികമായി പരമേശ്വരൻപിള്ളയ്ക്കു നൽകി. കൂടാതെ തൻെറ ശിശുക്കളേ അദ്ധ്യയനം ചെയ്യിക്കുവാൻ സ്വന്തഗൃഹത്തിൽ താമസമാക്കിക്കൊള്ളുവാനും സീ. കെ. പി., പരമേശ്വരൻപിള്ളക്കനുമതി നൽകി. ഇങ്ങനെ പ്രതിമാസം പത്തുരൂപാ വീതം ഒരു വർഷത്തേയ്ക്കു ലഭിച്ച ശമ്പളം മുഴുവൻ ഭാവിയിലേ ആവശ്യങ്ങൾക്കു മിച്ചം വയ്ക്കുവാൻ പരമേശ്വരൻപിള്ളയ്ക്കു കഴിഞ്ഞു.

ഒരു വർഷം കഴിഞ്ഞു പരമേശ്വരൻപിള്ള കാളേജിലേയ്ക്കു തിരിച്ചുപോയി. സദുദ്ദേശപ്രേരിതനായിരുന്ന സീ. കെ. വി., പരമേശ്വരൻപിള്ളയുടെ ഉദ്യോഗം സ്ഥിരപ്പെടുത്താമെന്നു പ്രതിജ്ഞചെയ്തു എങ്കിലും, അത്ര തുച്ഛമായ ഒരുദ്യോഗത്തിൽ ജീവിതശിഷ്ടം കഴിച്ചുകൂട്ടുവാൻ ഉൽക്കർഷേച്ഛുവായിരുന്ന പരമേശ്വരൻപിള്ള ഇഷ്ടപ്പെട്ടില്ല. കാളേജിൽ പുസ്തകങ്ങൾ പ്രതിവർഷം മാറിക്കൊണ്ടിരുന്നതിനാൽ ഒരു വർഷം നഷ്ടപ്പെട്ട പരമേശ്വരൻപിള്ളയ്ക്കു രണ്ടു വർഷത്തെ പുസ്തകങ്ങൾ ഒറ്റ വർഷം കൊണ്ടു പഠിച്ചുതീർക്കേണ്ടിയിരുന്നു. പരീക്ഷയടുക്കുമ്പോൾ മാത്രം ഉറക്കമിളച്ചു പഠിക്കുന്ന പഴയ അദ്ധ്യയനരീതി പരമേശ്വരൻപിള്ള വളരെ മുൻപേ വെടിഞ്ഞുകഴിഞ്ഞിരുന്നതുകൊണ്ടു് വർഷാവസാനത്തിൽ പരീക്ഷാവിജയം നേടുവാൻ അദ്ദേഹത്തിനു വിഷമമൊന്നുമുണ്ടായില്ല.

൧൧൦൬-ൽ പരമേശ്വരൻപിള്ള ഒരു ബി. എ. വിദ്യാർത്ഥിയായിത്തീർന്നു. ഇക്കാലത്താണു് ആദ്യമായി ഒരു വിജ്ഞാനസമ്പാദനതൃഷ്ണ അദ്ദേഹത്തെ ഗാഢമായി ബാധിച്ചതു്. ഹൈസ്കൂൾ ക്ലാസുകളിലെ ക്രമരഹിതമായ അദ്ധ്യയനരീതി അദ്ദേഹം ഉപേക്ഷിച്ചുകഴിഞ്ഞിരുന്നു. സാമ്പത്തികമായ കഴപ്പങ്ങളിൽ നിന്നും അല്പാല്പമായ മോചനവും ഇക്കാലത്തു് അദ്ദേഹത്തിനു ലഭിക്കാതിരുന്നില്ല. കാളേജ് ലൈബ്രറിയിലെ ഇരുളടഞ്ഞ ഷെൽഫുകൾ ഒന്നൊന്നായി അദ്ദേഹത്തിൻെറ പരിശോധനയ്ക്കു വിഷയമായി. വിശ്രമാവസരങ്ങളിൽ ഒരു നിമിഷംപോലും പാഴാക്കാതെ തല കാഞ്ഞു മനഃക്ലേശംചെയ്തു് അദ്ദേഹം വിജ്ഞാനസമ്പാദനാർത്ഥം യത്നിച്ചു. ശാസ്ത്രീയമായ ഗ്രന്ഥങ്ങളാണു പരമേശ്വരൻപിള്ളയുടെ ശ്രദ്ധയെ കൂടുതലായാകർഷിച്ചതു്. നോവലുകൾക്കും, മററു സാഹിത്യകൃതികൾക്കും അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ രണ്ടാം സ്ഥാനം മാത്രമേയുണ്ടായിരുന്നുള്ളു. പരമേശ്വരൻപിള്ള ഒരു ശാസ്ത്രകാരനാണു്. ശാസ്ത്രീയമായ ഒരു വീക്ഷണകോടിയിൽക്കൂടിയാണു് അദ്ദേഹം ബാഹ്യസംഭവങ്ങളെ നോക്കിക്കണ്ടിരുന്നതു്. ബി. എ-യ്ക്കു രസതന്ത്രശാസ്ത്രം (Chemistry) ആയിരുന്നു അദ്ദേഹത്തിൻെറ ഐച്ഛികവിഷയം. ഏതെങ്കിലും ഒരു വിഷയത്തെ ശാസ്ത്രീയ

മായി അപഗ്രഥിക്കുവാനും, ശാഖാചംക്രമണം ചെയ്യാതെ സൂക്ഷ്മമായി വിമർശിക്കുവാനും, അദ്ദേഹത്തിനു കഴിയുമായിരുന്നു. അദ്ദേഹം ഒരു മിതഭാഷിയാണ്. സംഭാഷണങ്ങളിലാകട്ടെ, അനന്തരകാലങ്ങളിൽ കോടതികളിൽ കഴിഞ്ഞ കേസുകൾ വാദിക്കുമ്പോഴാകട്ടെ, പൊതുയോഗങ്ങളിൽ പ്രസംഗിക്കുമ്പോഴാകട്ടെ, നിയമസഭയിൽ വാദപ്രതിവാദം ചെയ്യുമ്പോഴാകട്ടെ അശാസ്ത്രീയമായി ആവശ്യത്തിൽ കവിഞ്ഞ ഒരൊററപ്പദംപോലും അദ്ദേഹം ഉപയോഗിക്കാറുണ്ടായിരുന്നില്ല. ഈ ശാസ്ത്രീയമായ മനോഭാവമാണു പിന്നീട് അദ്ദേഹത്തിൻെറ നിയമജീവിതത്തെ വിജയകരമാക്കിച്ചെയ്തതു്. വ്യക്തിപരമായ കാര്യങ്ങൾപോലും അദ്ദേഹം ആവേശത്തോടുകൂടി വീക്ഷിച്ചിട്ടില്ല. കേവലം ശാസ്ത്രീയമായ ഒരു ജിജ്ഞാസയോടുകൂടി മാത്രമാണു പൊതുക്കാര്യജീവിതത്തെ എല്ലാ ഘട്ടങ്ങളിലും, സ്വകാര്യജീവിതത്തെ മിക്കപ്പോഴും, അദ്ദേഹം വീക്ഷിച്ചിട്ടുള്ളതു്. പരമേശ്വരൻപിള്ളയ്ക്കു് ഹൃദയത്തേക്കാൾ ബുദ്ധിയാണു കൂടുതൽ വികസിച്ചിട്ടുള്ളതെന്നു് അനന്തരകാലങ്ങളിൽ അദ്ദേഹത്തിന്റെ വിമർശകന്മാർ പറയാറുണ്ടായിരുന്നു. ബുദ്ധിപരമായിട്ടല്ലാതെ, സ്തോഭപരമായ ഒരു പ്രവൎത്തനവും അദ്ദേഹത്തിൽനിന്നും പ്രതീക്ഷിക്കേണ്ടതില്ലെന്നും അവർ പറഞ്ഞിട്ടുണ്ട്. ഇതു് ഏറെക്കുറെ ശരിയാണ്. അദ്ദേഹത്തിന്റെ ബുദ്ധിപ്രധാനവും ശാസ്ത്രീയവുമായ മനോഗതിയുടെ ഒരു സ്ഥിരീകരണം മാത്രമാണ് ഇതു്. മനശ്ശാസ്ത്രദൃഷ്ട്യാ വികാരപ്രധാനമെന്നു തോന്നാവുന്ന അദ്ദേഹത്തിൻെറ ജീവിതത്തിലെ സംഭവങ്ങൾപോലും ബുദ്ധിപ്രധാനമായ നിശ്ചലാത്മകജീവിതത്തിലെ വൈവിദ്ധ്യത്തിനു വേണ്ടിയുള്ള ചില താല്ക്കാലികവ്യതിയാനങ്ങൾ മാത്രമാണ്. പ്രസ്തുത ശാസ്ത്രീയവീക്ഷണകോടി തന്നെയാണ് അനന്തരകാലങ്ങളിൽ അദ്ദേഹത്തിനു നാസ്തികൻ എന്ന ബിരുദം സമ്പാദിച്ചുകൊടുത്തതു്. ഡാർവിൻെറ പരിണാമവാദം അക്കാലത്തു ശാസ്ത്രലോകത്തെ ഇളക്കിമറിച്ചുകൊണ്ടിരിക്കയായിരുന്നു. Origin of the species (ഓറിജിൻ ആഫ് ദി സ്പീഷീസ്) എന്ന ഡാർവിന്റെ വിശ്രുതമായ ഗ്രന്ഥം പരമേശ്വരൻപിള്ള ഒരു മതഗ്രന്ഥമെന്നപോലെ ആവൎത്തിച്ചു

ചറിച്ചു. കുറച്ചുകാലം മുൻപു മാതൃഭൂമിപ്രവൎത്തകന്മാർ അദ്ദേഹത്തിനയച്ചുകൊടുത്തൊരു പ്രശ്നപരമ്പരയിൽ, "നിങ്ങളുടെ ഹൃദയത്തെ ഏറ്റവും സ്പൎശിച്ചിട്ടുള്ളതും, നിങ്ങളുടെ ജീവിതത്തെ സാരമായി ബാധിച്ചിട്ടുള്ളതും, ഏതു ഗ്രന്ഥമതാണെ"ന്നു് ഒരു ചോദ്യംകൂടി ഉൾപ്പെട്ടിരുന്നു. ഡാർവിന്റെ 'Oirgin of the species'എന്നായിരുന്നു ആ ചോദ്യത്തിനു പരമേശ്വരൻപിള്ള നിസ്സംശയമായി മറുപടി കൊടുത്തതു്. ഇതുകൂടാതെ ഹക്സിലി, ടിൽഡൻ തുടങ്ങിയ ശാസ്ത്രീയചിന്തകന്മാരുടെ ഗ്രന്ഥങ്ങളും ഇക്കാലത്തു് അദ്ദേഹം ധാരാളമായി വായിച്ചുകൊണ്ടിരുന്നു. ഡാവിൻ, ഹക്സിലി, ടിൽഡൻ മുതലായവരുടെ ഗ്രന്ഥങ്ങളാണു പരമേശ്വരൻപിള്ളയെ, കാലാനുകൂലമായ പരിവൎത്തനങ്ങളിൽ മാത്രം വിശ്വസിക്കുന്ന ഒരുല്പതിഷ്ണുവാക്കിത്തീൎത്തതു്. ഡാർവ്വിന്റെ പരിണാമവാദം വിപ്ലവകരമായ സമൂലപരിവൎത്തനങ്ങളെ പററിയല്ല, പിന്നെയോ, കാലഗതിയനുസരിച്ചുള്ള മന്ദമായ വ്യതിയാനങ്ങളെക്കുറിച്ചാണു പ്രതിപാദിക്കുന്നതു്. അവ ബുദ്ധിപ്രധാനമായ ശാസ്ത്രീയഗ്രന്ഥങ്ങളാണു്. വിപ്ലവകാരികൾ കീററ്സ്, ഷെല്ലി തുടങ്ങിയ കവികളുടെ വികാരപ്രധാനമായ ഗ്രന്ഥങ്ങളെ ആരായുന്നു. അവരുടെ ജീവിതം സ്തോഭപ്രധാനവും സാഹസികവുമാണു്. പരമേശ്വരൻപിള്ള ഇക്കാലത്തു സമ്പാദിച്ചു ഹൃദിസ്ഥിതമാക്കി വച്ചിരുന്ന വിജ്ഞാനസമ്പത്താണു് അദ്ദേഹത്തിന്റെ ഭാവിജീവിതത്തെ ശോഭനമാക്കിത്തീൎത്തതു്.

# അദ്ധ്യായം ４

ഡാക്ടർ ഹാവ്വി ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു് ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചു പൊയ്ക്കഴിഞ്ഞിരുന്നു. അധികാരകാംക്ഷിയും, ശിക്ഷണപ്രിയനുമായിരുന്ന ഡാക്ടർ മിച്ചലാണു തൽസ്ഥാനത്തേയ്ക്കു നിയമിതനായതു്. അദ്ദേഹം ഏതാനും കാലം കഴിഞ്ഞു വിദ്യാഭ്യാസഡയറക്ടർ പദത്തിലേയ്ക്കുയർന്നതും, അക്കാലത്തു കാളേജുവിദ്യാൎത്ഥികൾ മാത്രമല്ല അർദ്ധപ്പട്ടിണിക്കാരായ പ്രാഥമികവിദ്യാലയങ്ങളിലെ ബാലന്മാർപോലും ഇംഗ്ലീഷ് രീതിയനുസരിച്ചു വസ്ത്രധാരണം ചെയ്തു വിദ്യാലയങ്ങളിൽ ഹാജരായിക്കൊള്ളണമെന്നു നിയമമുണ്ടാക്കിയതും, ജനങ്ങളുടെ ഏകകണ്ഠമായ പ്രക്ഷോഭണത്തിന്റെ ഫലമായി അല്പകാലത്തിനുള്ളിൽ പ്രസ്തുത നിയമം പിൻവലിച്ചതും ആരും വിസ്മരിച്ചിരിക്കാനിടയില്ല. പാശ്ചാത്യകലാശാലകളിലെ സ്വാതന്ത്ര്യമായ അന്തരീക്ഷത്തിലാണു് അദ്ദേഹം വളൎന്നതെങ്കിലും, ഒരു സാമ്രാജ്യവാദിയും അധികാരപ്രമത്തനുമായിരുന്ന ആ സ്കോട്ടുലൻഡ്കാരനു് ഇൻഡ്യൻ വിദ്യാൎത്ഥികളുടെ സ്വാതന്ത്ര്യതൃഷ്ണ തുലോം അഹിതകരമായിരുന്നു.

സ്വേച്ഛാധികാരിയായിരുന്ന ഡാക്ടർ മിച്ചൽ, പരമേശ്വരൻപിള്ളയെ ഒരു കടന്ന വിപ്ലവകാരിയായിട്ടാണു പരിഗണിച്ചിരുന്നതു്. യുവാക്കന്മാരായ ഉല്പതിഷ്ണുക്കളുടെ ഇടയിൽ യൗവ്വനത്തിൽ ഒരു കടന്ന വിപ്ലവകാരിയും, യാഥാസ്ഥിതികന്മാരായ വൃദ്ധന്മാരുടെ ഇടയിൽ വാൎദ്ധക്യത്തിൽ ഒരു കടന്ന ഉൽപ്പതിഷ്ണുവും ആയിരുന്നു അദ്ദേഹം. പരമേശ്വരൻപിള്ളയുടെ അഭിപ്രായധീരതയും, സ്വാതന്ത്ര്യബുദ്ധിയും അദ്ദേഹത്തിന്റെ സഹപാഠികളെ പലപ്പോഴും വിസ്മയിപ്പിച്ചിട്ടുണ്ടു്. ഇന്നത്തെ രാഷ്ട്രീയബോധമോ ദേശീയവീക്ഷണമോ ഇല്ലാതിരുന്ന അക്കാലത്തു്, ഒരു വിപ്ലവകാരി എന്നു പേരെടുത്ത അദ്ദേഹത്തിനു, കാളേജധികൃതന്മാരുമായി ചിലപ്പോൾ ഏററുമുട്ടേണ്ടതായും വന്നിട്ടുണ്ടു്. പരമേശ്വരൻപിള്ള കാളേജു് ഡിബേററിംഗ് സൊസൈററിയിലെ സിക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. ഡാക്ടർ ഹാവ്വി പുത്രനിവ്വിശേഷമായ വാത്സല്യത്തോടുകൂടി വളൎത്തിയിരുന്ന ആ സമ്മേളനശിശു

വിസ്, അദ്ദേഹം ഇൻഡ്യാഭൂഖണ്ഡത്തിൻെറ തീരപ്രദേശങ്ങൾ വിട്ടു പൊയ്ക്കഴിഞ്ഞിരുന്നിട്ടും, പ്രതിവർഷം ഉപദേശരൂപത്തിലുള്ള സന്ദേശങ്ങൾ അയച്ചുകൊടുക്കുക പതിവായിരുന്നു. ഡിബേററിംഗ്സൊസൈറ്റി ബഹുമാനപുരസ്സരം ഹാവ്വിയുടെ സന്ദേശങ്ങൾക്കു ഉപചാരപരമായ മറുപടികളും അയച്ചുകൊടുക്കാറുണ്ടായിരുന്നു. പ്രസ്തുത വർഷത്തിൽ ഈ സന്ദേശത്തിനു മറുപടി എഴുതി ഉണ്ടാക്കുവാനുള്ള ജോലി സിക്രട്ടറി എന്ന നിലയിൽ പരമേശ്വരൻപിള്ളയിലാണു നിക്ഷിപ്തമായിരുന്നതു്. അദ്ദേഹം ഒരു മറുപടി എഴുതിയുണ്ടാക്കി. മാമൂലനുസരിച്ചുള്ള മറുപടിയെഴുത്തിൽനിന്നു വ്യതിചലിച്ചു പരമേശ്വരൻപിള്ള പരോക്ഷമായി അദ്ധ്യാപകന്മാർക്കു ചില ഉപദേശങ്ങൾ നൾകുവാൻകൂടി ഈ അവസരത്തെ വിനിയോഗിച്ചു. അദ്ധ്യാപകന്മാർ വിദ്യാർത്ഥികളോടു സമഭാവേന വർത്തിക്കേണ്ടതിൻേറയും, ക്ലാസുമുറികൾക്കു വെളിയിലുള്ള പ്രവർത്തനങ്ങളിൽ അവർ പങ്കെടുക്കേണ്ടതിൻേറയും, ആവശ്യകതയെ ഈ കത്തിൽ അദ്ദേഹം പ്രത്യേകം ചൂണ്ടിക്കാണിച്ചു.

പ്രസ്തുത കത്തു സൊസൈററിയുടെ അംഗീകാരത്തിനു സമർപ്പിക്കണമെന്നു് ഒരു ചടങ്ങുണ്ടായിരുന്നു. വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും സമ്മേളനഹാളിൽ യഥാസ്ഥാനങ്ങളിൽ സന്നിഹിതരായി. നൂതനമായി യാതൊന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ പരമേശ്വരൻപിള്ള എഴുന്നേററുനിന്നു് അദ്ദേഹത്തിൻെറ ഏററക്കുറച്ചിലില്ലാത്ത സ്വരത്തിൽ കത്തു വായിച്ചുതുടങ്ങി. അദ്ധ്യാപകന്മാർക്കുള്ള ഉപദേശഭാഗം വായിച്ചുകഴിഞ്ഞപ്പോൾ ഹാളിലെ രംഗം പ്രക്ഷുബ്ധമായി. ഡാക്ടർ മിച്ചൽ പ്ളാററ്ഫാറത്തിൽ ഇരുന്നുകൊണ്ടു കൃശഗാത്രനായ ഈ യുവാവിനെ ശരീരശാസ്ത്രസംബന്ധമായ ഒരുതരം ജിജ്ഞാസയോടുകൂടി തുറിച്ചു നോക്കുന്നതും, അദ്ദേഹത്തിൻെറ കണ്ണുകൾ ചുമക്കുന്നതും, മുഖത്തു ക്രൂരഭാവം പ്രത്യക്ഷപ്പെടുന്നതും, പരമേശ്വരൻപിള്ളയ്ക്കു കാണാമായിരുന്നു. മററദ്ധ്യാപകന്മാർ പരസ്പരം നോക്കി മുഖം ചുളിച്ചു. വിദ്യാർത്ഥികളുടെ ഇടയിൽ നിന്നു പുറപ്പെട്ട, ആഹ്ലാദവും ഉല്ക്കണ്ഠയും ഇടകലർന്ന ഒരു അവ്യക്തശബ്ദം മാത്രമാണു ഹാളിലെ നിശ്ശബ്ദതയെ ഇടയ്ക്കിടയ്ക്കു

ഭേദിച്ചുകൊണ്ടിരുന്നത്. പരമേശ്വരൻപിള്ള കത്തു വായിച്ചു തീൎത്തു സ്വസ്ഥാനത്തിരുന്നപ്പോൾ ഹാളിലെങ്ങും നിശ്ശബ്ദത വ്യാപിച്ചു. വിദ്യാൎത്ഥികൾ അദ്ധ്യാപകന്മാരുടേയും വിശേഷിച്ചു ഡാക്ടർ മിച്ചലിൻേറയും മുഖത്തു നിൎന്നിമേഷരായി നോക്കിക്കൊണ്ടിരുന്നു. അല്പനിമിഷങ്ങൾ കഴിഞ്ഞപ്പോൾ അവിടെ സന്നിഹിതനായിരുന്ന എം. രാമവൎമ്മതമ്പാൻ സ്വസ്ഥാനത്ത് എഴുന്നേററു നിന്നുകൊണ്ടു പ്രസ്തുത കത്തിലേ ഉള്ളടക്കത്തെക്കുറിച്ചു പരുഷമായി വിമൎശിച്ചു. അക്കാലത്ത് ഒരു കടന്ന യാഥാസ്ഥിതികനും, അനന്തരജീവിതത്തിൽ അഭിപ്രായങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വിപ്ലവകാരിയുമായിരുന്ന അദ്ദേഹം, പ്രസ്തുത കത്തിൽ അദ്ധ്യാപകന്മാൎക്കു നൾകിയിരുന്ന ഉപദേശഭാഗത്തെ അത്യുഗ്രമായി ഭത്സിച്ചു. അതിനെത്തുടൎന്നു തീക്ഷ്ണമായ ഒരു വാദപ്രതിവാദം നടന്നു. അദ്ധ്യാപകന്മാരുടെ എതിൎപ്പിനെ ചെറുത്തു നില്ക്കുവാൻ വേണ്ട ചങ്കുറപ്പ് അന്നു വിദ്യാൎത്ഥികൾക്കുണ്ടായിരുന്നില്ല. അംഗീകാരത്തിനു സമൎപ്പിച്ച കത്ത് അസ്വീകാൎയ്യമാണെന്നും, അതു മാററി എഴുതണമെന്നുമുള്ള അഭിപ്രായത്തിന് ഒരു വലിയ ഭൂരിപക്ഷം ലഭിച്ചു. അടുത്ത ദിവസം പരമേശ്വരൻപിള്ള ഡാക്ടർ മിച്ചലിൻെറ സന്നിധിയിൽ ഹാജരാകുവാൻ നിയുക്തനായി. മറുപടിയുടെ പകൎപ്പു ഹാജരാക്കുവാൻ പ്രിൻസിപ്പാൾ ക്രോധപൂൎവ്വം പരമേശ്വരൻപിള്ളയോട് ആജ്ഞാപിച്ചു. യോഗം നിരസിച്ച കത്തു താൻ ഉടനടി നശിപ്പിച്ചുകളഞ്ഞതായി പരമേശ്വരൻപിള്ള മറുപടി പറഞ്ഞു. കൎശനമായ ശിക്ഷണനടപടികൾ നടത്തുമെന്നു പ്രിൻസിപ്പാൾ ഭീഷണിപ്പെടുത്തി. കത്ത് തന്റെ കൈവശമില്ലെന്ന പഴയ പല്ലവിതന്നെ പരമേശ്വരൻപിള്ള ആവൎത്തിച്ചു. രേഖാമൂലമായ തെളിവില്ലാതെ ശിക്ഷണനടപടികൾ കയ്ക്കൊള്ളുവാൻ പ്രിൻസിപ്പാൾ ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ഉൽക്കണ്ഠാകുലനായ പരമേശ്വരൻപിള്ളയുടെ മുഖത്ത് ഒന്നുകൂടി തുറിച്ചു നോക്കിയതിനുശേഷം പിന്തിരിഞ്ഞു നടന്നുകൊള്ളുവാൻ പട്ടാളമുറയിൽ ഒരു ആജ്ഞ നൾകി. അതിനുശേഷം പരമേശ്വരൻപിള്ളയുടെ നടപടികൾ ഡാക്ടർ മിച്ചലിൻെറ പ്രത്യേക ശ്രദ്ധയ്ക്കു വിഷയമായിരുന്നു.

കാളേജുവിദ്യാൎത്ഥികൾ തിരുവനന്തപുരത്തിനു സമീപമുള്ള പുലയനാർകോട്ടയിലേയ്ക്കു് ഒരു വിനോദയാത്ര പോകുവാൻ നിശ്ചയിച്ചു. പുലയനാർകോട്ടയിൽ വിദ്യാൎത്ഥികൾക്കു വേണ്ട സൌകൎയ്യങ്ങൾ മുൻകൂട്ടി സജ്ജമാക്കിയിരുന്ന കൂട്ടത്തിൽ ജാതി തിരിച്ചു ഭക്ഷണം കഴിക്കുവാൻ വേണ്ട പുരകളും കെട്ടി ഉണ്ടാക്കിയിരുന്നു. തന്റെ സഹപാഠികളായിരുന്ന മെസേഴ്സ് വൈദ്യലിംഗംപിള്ള, എം. ഗോവിന്ദൻ, ജി. നീലകണ്ഠൻ, എന്നിവരോടുകൂടി പരമേശ്വരൻപിള്ള നായന്മാൎക്കു് ആഹാരം കഴിക്കുവാൻ തയ്യാറാക്കിയിരുന്ന പുരയിൽ കടന്നു ചെന്നു. കുടിമൂത്ത യാഥാസ്ഥിതികത്വം നടമാടിക്കൊണ്ടിരുന്ന അക്കാലത്തു നായരേതരന്മാരായ വിദ്യാൎത്ഥികൾ, വിശേഷിച്ചും അവൎണ്ണസമുദായക്കാർ, ഭക്ഷണസ്ഥലത്തു പ്രവേശിച്ചതിൽ നായർവിദ്യാൎത്ഥികൾ ക്ഷുഭിതചിത്തരായി. അവർ വിനോദസംഘത്തിന്റെ നേതാവായിരുന്ന ട്യൂട്ടർ കൃഷ്ണസ്വാമി സമക്ഷം പരാതി ബോധിപ്പിച്ചു. ക്രുദ്ധനായ കൃഷ്ണസ്വാമി അയ്യർ, മി. ഗോവിന്ദനോടും മററും നായന്മാരുടെ പന്തലിൽനിന്നു് ഇറങ്ങിപ്പോകുവാൻ ആജ്ഞാപിച്ചു. ഈ ആജ്ഞയെ പരസ്യമായി പ്രതിഷേധിച്ചുകൊണ്ടു പരമേശ്വരൻപിള്ളയും, മി. വൈദ്യലിംഗംപിള്ളയും പ്രസ്തുത വിനോദയാത്രയിൽ പെട്ടിരുന്ന എല്ലാ അവൎണ്ണവിദ്യാൎത്ഥികളോടുമൊന്നിച്ചു് ആ സ്ഥലം വിട്ടുപോന്നു. വിദ്യാലയത്തിനു് അകത്തും പുറത്തുമുള്ള അന്തരീക്ഷത്തെ ഈ സംഭവം അല്പമൊന്നു് ഇളക്കി മറിക്കാതിരുന്നില്ല. “ജാതിമൎയ്യാദ വിട്ടു് കുപ്രസിദ്ധി നേടിയ അധികപ്രസംഗിയായ എന്നെക്കാണുവാൻ വൃദ്ധനും ഹ്രസ്വദൃഷ്ടിയും ആയിരുന്ന മുൻഷി രാമക്കുറുപ്പു് മൂക്കോടുമൂക്കു മുട്ടത്തക്കവണ്ണം അദ്ദേഹത്തിന്റെ ദൂരദൎശിനിക്കണ്ണാടിയുടെ ഘനമുള്ള മുക്കകണ്ണടയുടെ ചില്ലുകളിൽക്കൂടി എന്റെ മുഖത്തു നോക്കിയ നോട്ടം എനിക്കു് ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ലെ”ന്നു് ഈ സംഭവത്തെക്കുറിച്ചു് അനന്തരകാലങ്ങളിൽ ചങ്ങനാശേരി പറയുകയുണ്ടായിട്ടുണ്ടു്.

അക്കൊല്ലത്തിലെ കാളേജുവിദ്യാൎത്ഥികൾ മഹാരാജാസ് കാളേജിൽ ഒരു ഓണദിനാഘോഷം നടത്തണമെന്നു തീരുമാനിച്ചു. അന്നു ബി. എ. വിദ്യാൎത്ഥികളായിരുന്ന മി. മള്ളൂർ

ഗോവിന്ദപ്പിള്ളയും, പരമേശ്വരൻപിള്ളയുംകൂടി ഈ സംഗതി യെക്കുറിച്ച് ആലോചിക്കുവാൻ ഒരു യോഗം വിളിച്ചുകൂട്ടുന്നതി ലേക്കു നോട്ടീസ് എഴുതി ഉണ്ടാക്കി ഡാക്ടർ മിച്ചലിന്റെ അനുമതിക്കു സമപ്പിച്ചു. എന്നാൽ അദ്ധ്യാപകലോകത്തിൽ കൂടി ഉദ്യോഗസ്ഥദൃഷ്ട്യാ പ്രഭുത്വം പുലത്തിയിരുന്ന ഡാക്ടർ മിച്ചൽ വിദ്യാത്ഥികളുടെ പ്രാരംഭശ്രമങ്ങളെ പ്രോത്സാഹിപ്പി ക്കാതെ, അധികാരികളുടെ ചുമതലയിൽത്തന്നെ അന്നത്തെ വിദ്യാത്ഥികളുടേയും, പൂവ്വവിദ്യാത്ഥികളുടേയും ഒരു യോഗം വിളിച്ചുകൂട്ടി. ഒരു പൂവ്വവിദ്യാത്ഥിയും, അന്ന് ഒരു ഉന്നത നായ ഉദ്യോഗസ്ഥനും, ആ യോഗത്തിലെ പ്രധാന പ്രാസംഗി കനും ആയിരുന്ന പി. താണുപിള്ള, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ യുവാക്കന്മാരുടെ ആത്മാഭിമാനത്തെ സ്പശി ക്കുന്ന ചില നിരുത്തരവാദപരമായ പ്രസ്താവനകൾ ചെയ്തു. അതു വിദ്യാത്ഥികളുടെ ഇടയിൽ വലിയ ക്ഷോഭം ഉണ്ടാക്കി. പക്ഷേ, അന്നതിനു മറുപടി പറയുക സാദ്ധ്യമല്ലായിരുന്നു. പ്രസ്തുത സമ്മേളനത്തിൽവച്ച്, ഓണദിനാഘോഷം നടത്തു വാൻ അദ്ധ്യാപകന്മാർ, പൂവ്വവിദ്യാത്ഥികൾ, അന്നത്തെ വി ദ്യാത്ഥികൾ എന്നിവരുടെ പ്രതിനിധികളടങ്ങിയ ഒരു കമ്മററി രൂപവൽകൃതമായി. പ്രസ്തുത കമ്മറ്റി ഓണദിനാഘോഷത്തിന്റെ കായ്യപരിപാടി എഴുതി ഉണ്ടാക്കുവാൻ ഒരു സബ്ബ്കമ്മിററിയേ നിയമിച്ചു. ആ കമ്മിററി, ലഘുഭക്ഷണം, കായികവിനോദം, പൊതുയോഗം എന്നീ മൂന്നു ചടങ്ങുകൾ മാത്രം അടങ്ങിയ ഒരു സായാഹ്നപരിപാടി തയ്യാറാക്കി കൃതാത്ഥരായി. വിദ്യാത്ഥി കൾ അതറിഞ്ഞു് ഒരു ദിവസത്തേയ്ക്കു മുഴുവൻ നീണ്ടു നില്ക്കുന്ന ഒരു ദീഘപരിപാടി എഴുതി ഉണ്ടാക്കുകയും, അതു കമ്മിറ്റിയുടെ അംഗീകാരത്തിനു സമപ്പിക്കുവാൻ തീച്ചയാക്കുകയും, ചെയ്തു. എന്നാൽ പ്രസ്തുത പരിപാടി ആരാണു കമ്മിററിയിൽ ഹാജ രാക്കേണ്ടതെന്നുള്ള കായ്യം വാദവിഷയമായി. ഒരു വിപ്ലവകാ രിയെന്നു പ്രഖ്യാതനായിക്കഴിഞ്ഞിരുന്ന പരമേശ്വരൻപിള്ള യിൽ തന്നെയാണ് ഈ ചുമതല വന്നുചേന്നതു്.

കമ്മിററി യഥാകാലം സമ്മേളിച്ചു. പൂവ്വവിദ്യാത്ഥികളുടെ പ്രതിനിധികൾ മിക്കപേരും പതിവുപോലെ അന്നും ഹാജരു ണ്ടായിരുന്നില്ല. അതുകൊണ്ടു് അന്നത്തെ വിദ്യാത്ഥികളുടെ

പ്രതിനിധികൾക്ക് അനായാസേന ഭൂരിപക്ഷം സമ്പാദിക്കുവാൻ കഴിയുമായിരുന്നു. ആദ്യം ഡാക്ടർ മിച്ചലിന്റെ നേതൃത്വത്തിലുള്ള സബ്ബ്കമ്മിററിയുടെ കാര്യപരിപാടി ഹാജരാക്കി. അനന്തരം ഒരു ചെറിയ പ്രസംഗത്തോടുകൂടി പരമേശ്വരൻപിള്ള അദ്ദേഹത്തെ ഏല്പിച്ചിരുന്ന കാര്യപരിപാടി കമ്മിററിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. പി. താണുപിള്ള, വിദ്യാർത്ഥികളെക്കുറിച്ചു മുൻപ്രസംഗത്തിൽ ചെയ്തിരുന്ന പ്രസ്താവനകളെ വിമർശിച്ചുകൊണ്ടാണു പരമേശ്വരൻപിള്ള പ്രസംഗം ആരംഭിച്ചതു്. താണുപിള്ളയെപ്പോലുള്ളവർ യുവാക്കന്മാരെ അടുത്തു പരിചയിച്ചാൽ തെററിധാരണകൾ നീങ്ങുമെന്നും, അതിലേക്കു തന്റെ ദീർഘമായ കാര്യപരിപാടി ഉപകരിക്കുമെന്നും പ്രസ്താവിച്ചു് അദ്ദേഹം പ്രസംഗം ഉപസംഹരിച്ചു. വിദ്യാർത്ഥികളുടെ പരിപാടി ഒരു വലിയ ഭൂരിപക്ഷത്തോടെ പാസായി. ഇതു് അദ്ധ്യാപകന്മാർക്കും, വിശേഷിച്ചു ഡാക്ടർ മിച്ചലിനും ഒരു വലിയ പരാജയമായിരുന്നു. "ഒരാൾക്ക് അനേകം പേരെ അപഥത്തിലേക്കു വിജയകരമായി നയിക്കാമെന്നുള്ളതിനു് ഒരു നല്ല ദൃഷ്ടാന്തമാണിതെ"ന്നായിരുന്നു പ്രഫസർ ലക്ഷ്മീധിയർ ഈ വിപ്ലവകാരിയുടെ സാഹസത്തെക്കുറിച്ചു് അഭിപ്രായപ്പെട്ടതു്.

ബി. എ. പരീക്ഷ അടുത്തുകഴിഞ്ഞിരുന്നു. തിരുവനന്തപുരത്തെ വിദ്യാർത്ഥികളും മദ്രാസിലാണു് അന്നു പരീക്ഷയ്ക്കു പോകേണ്ടിയിരുന്നതു്. യാത്രച്ചിലവിനു വേണ്ട പണം ഉണ്ടാക്കുവാനുള്ള മാർഗ്ഗങ്ങൾ പരമേശ്വരൻപിള്ളയ്ക്കു് അന്വേഷിക്കേണ്ടതായി വന്നുകൂടി. വിദ്യാഭ്യാസത്തിനു കരുതിവച്ചിരുന്ന നിക്ഷേപത്തിൽ അവസാനനാണയവും ചിലവഴിച്ചുകഴിഞ്ഞിരുന്നു. ഈ ഘട്ടത്തിലാണു ഹാവ്ലി മെമ്മോറിയൽപ്രൈസ്സു സംബന്ധിച്ചുള്ള ഉപന്യാസമത്സരപരീക്ഷ നടന്നതു്. പരമേശ്വരൻപിള്ളയും മത്സരത്തിൽ പങ്കുകൊണ്ടു. ഒന്നാംസമ്മാനമായ നാല്പതു രൂപായും അദ്ദേഹത്തിനു ലഭിച്ചു. അങ്ങിനെ പരീക്ഷയ്ക്കുള്ള യാത്ര, ദുർഘടം കൂടാതെ കഴിഞ്ഞു.

ഐച്ഛിക വിഷയമായിരുന്ന രസതന്ത്രശാസ്ത്രത്തിൽ (Chemistry) ഒന്നാം ക്ലാസ്സോടുകൂടി ൧൮൭൭-ൽ പരമേശ്വരൻ

പിള്ള ബി. ഏ. പരീക്ഷ ജയിച്ചു. അക്കൊല്ലം മദ്രാസ്സസം സ്ഥാനമൊട്ടുക്ക രണ്ടു പേർ മാത്രമാണു കെമിസ്ട്രി വിഷയത്തിൽ ഒന്നാം ക്ലാസ്സിൽ ജയിച്ചിരുന്നതു്. പരപ്പനാട്ടു വലിയ രാജാവു തിരുവനന്തപുരം കാളേജ് സന്ദർശിച്ച അവസരത്തിൽ ബി. ഏ. പരീക്ഷയ്ക്കു കെമിസ്ട്രിയിൽ ഒന്നാമതായി ജയിക്കുന്ന വിദ്യാർത്ഥിക്കു പാരിതോഷികമായി നല്കുവാൻ ഇരുപത്തഞ്ചു രൂപാ ഡാക്ടർ മിച്ചലിനെ ഏല്പിച്ചിരുന്നു. ഡാക്ടർ മിച്ചൽ താൻ വിപ്ലവകാരിയെന്നു മുദ്രയടിച്ചിരുന്ന ആ യുവാവിനെ അദ്ദേഹത്തിന്റെ പ്രശസ്തമായ വിജയത്തിൽ അനുമോദിക്കയും പരപ്പനാട്ടു രാജാവിന്റെ സമ്മാനം സന്തോഷപൂർവ്വം അദ്ദേഹത്തിനു നല്കുകയും ചെയ്തു. പ്രസിഡൻസിക്കാളേജിലെ കെമിസ്ട്രിപ്രഫസറായിരുന്ന ഡാക്ടർ വിൻസൺ, പരമേശ്വരൻ പിള്ളയ്ക്കു് ഒരു അനുമോദനസന്ദേശമയച്ചിരുന്നതിൽ എം. ഏ-യ്ക്കു പഠിക്കുവാൻ പ്രതിമാസം ഇരുപതു രൂപാ വരുന്ന ഒരു വേതനം നല്കാമെന്നു പ്രതിജ്ഞ ചെയ്തിരുന്നു. എന്നാൽ ഇരുപതു രൂപ കൊണ്ടു മദ്രാസിൽ വിദ്യാർത്ഥിജീവിതം കഴിച്ചുകൂട്ടുവാൻ സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടു വിൻസന്റെ ഔദാര്യം നന്ദിപൂർവ്വം ഉപേക്ഷിക്കയല്ലാതെ ഗത്യന്തരമില്ലായിരുന്നു. എം. ഏ-യ്ക്കു പഠിക്കുവാൻ തിരുവനന്തപുരത്തേ ഗുരുനാഥന്മാരും അദ്ദേഹത്തെ ഉപദേശിച്ചു. എന്നാൽ പരമേശ്വരൻ പിള്ള രസതന്ത്രശാസ്ത്രമുപേക്ഷിച്ചിട്ടു നിയമവിഷയത്തിലേയ്ക്കാണു തന്റെ ശ്രദ്ധയെ തിരിച്ചു വിട്ടതു്. പരിതഃസ്ഥിതികളുടെ പ്രാതികൂല്യമാണു് അദ്ദേഹത്തിന്റെ തീരുമാനത്തിനു പ്രേരകമായിരുന്നതെങ്കിലും പ്രസ്തുത തീരുമാനത്തെപ്പററി അദ്ദേഹത്തിനു് അനന്തരകാലങ്ങളിൽ ഒരിക്കലും പശ്ചാത്തപിക്കേണ്ടിവന്നിട്ടില്ല.

# അദ്ധ്യായം ൫

സയൻസ് ഐച്ഛികമായെടുത്ത് അതിപ്രശസ്തമായ നിലയിൽ ബി. ഏ. പരീക്ഷ ജയിച്ച പരമേശ്വരൻപിള്ളയ്ക്ക്, അന്നത്തെ നിലയ്ക്ക് ഒരു സക്കാർജീവനം ലഭിക്കയെന്നുള്ളതു വളരെ വിഷമമുള്ള കാര്യമായിരുന്നില്ല. എന്നാൽ ഉദ്യോഗം തിരുവനന്തപുരത്തു ലഭിച്ചെങ്കിൽ മാത്രമേ, നിയമവിദ്യാഭ്യാസം ആരംഭിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നുള്ളു. ഉദ്യോഗമുള്ളവക്കും നിയമവിദ്യാഭ്യാസം ചെയ്യുവാൻ സൌകര്യം ലഭിക്കത്തക്കവണ്ണം പ്രഭാതത്തിലും സായാഹ്നത്തിലുമായിരുന്ന അന്നു ലാക്കാളേജിൽ അദ്ധ്യയനം നടത്തിവന്നതു്. സീ. കെ. പി. ഈ ഘട്ടത്തിലും പരമേശ്വരൻപിള്ളയുടെ സഹായത്തിനു വന്നെത്തി. സീ. കെ. പി., യുടെ ശുപാൎശയനുസരിച്ചു പരമേശ്വരൻപിള്ള പ്രതിമാസം ഇരുപത്തഞ്ചു രൂപാ ശമ്പളത്തിൽ ഫോർട്ട് വർണാക്യുലർ സ്കൂളിൽ ഒരദ്ധ്യാപകനായി നിയമിക്കപ്പെട്ടു. പക്ഷേ, ഇതുകൊണ്ടും ദാരിദ്ര്യം പരമേശ്വരൻപിള്ളയെ പരിപൂർണ്ണമായി വിട്ടുപിരിഞ്ഞിരുന്നില്ല. കഷ്ടപ്പെട്ടും, കടം വാങ്ങിയും, മററുള്ളവരുടെ ഔദാര്യബുദ്ധിയെ ആശ്രയിച്ചും, അദ്ദേഹം ഒരു വിധം ബി. എൽ. പരീക്ഷ ജയിച്ചു. പരീക്ഷയുടെ ഫലം പുറത്താകുന്നതിനു മുൻപ് അദ്ദേഹത്തിനു കൊല്ലം ഹൈസ്കൂളിലേയ്ക്കു സ്ഥലംമാററം കിട്ടി. ഇവിടെവച്ചാണ് അന്നു കൊല്ലം ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന കെ. പരമുപിള്ള എം. ഏ-യുടെ സ്നേഹാദരങ്ങൾക്കു പരമേശ്വരൻപിള്ള പാത്രമായതു്. അവർ തമ്മിലുള്ള ഔദ്യോഗികബന്ധം ദീർഘകാലത്തേയ്ക്കു നീണ്ടുനിന്നില്ല. പരീക്ഷാഫലം പുറത്തു വന്നതോടുകൂടി പരമേശ്വരൻപിള്ള സക്കാർജോലി രാജികൊടുത്തിട്ട് വക്കീൽവൃത്തിയിൽ പ്രവേശിക്കുവാൻ വേണ്ട ഒരുക്കങ്ങളാരംഭിച്ചു. സക്കാർജോലിയും, അതിലെ സ്ഥിരമായ പ്രതിഫലവും, ഭാവിയിൽ ഔദ്യോഗികമായി ഉണ്ടാകാവുന്ന ഉന്നമനവും പരമേശ്വരൻപിള്ളയെ അല്പംപോലും ആകൃഷ്ടനാക്കിയില്ല. അഭിഭാഷകവൃത്തിയിൽ വിജയം നേടുന്ന ഒരാൾക്കു പൊതു

ക്കാൎയ്യജീവിതത്തിലും, വേണമെങ്കിൽ ഔദ്യോഗികജീവിതത്തിലും ലഭിക്കുവാനിടയുള്ള ഔന്നത്യവും പുരോഗതിയും, ആദ്യം മുതൽക്കേ പരമേശ്വരൻപിള്ളയേ ആകൎഷിച്ചിരുന്നു. അതുകൊണ്ടു സൎക്കാർജോലിയിൽനിന്നു വിരമിക്കുന്ന കാൎയ്യത്തിൽ അന്നദ്ദേഹത്തിനു യാതൊരുവിധമായ മനഃക്ലേശവുമുണ്ടായിരുന്നില്ല. നേരേമറിച്ച് എവിടെയാണു വക്കീൽവൃത്തി ആരംഭിക്കേണ്ടതെന്ന പ്രശ്നമാണ് അദ്ദേഹത്തെ അല്പമൊന്നലട്ടിയതു്. ദീൎഘമായ ആലോചനയ്ക്കുശേഷം കൊല്ലത്തുതന്നെ പ്രാക്റ്റീസു തുടങ്ങുവാൻ അദ്ദേഹം നിശ്ചയിച്ചുറച്ചു.

ബാറിൽ വലിയ തിരക്കുള്ളതു പിന്നണികളിലാണെന്നും, മുന്നണികളിൽ ധാരാളം സ്ഥാനങ്ങൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും, നിയമജീവിതത്തിൽ വിജയം നേടിയിട്ടുള്ള വക്കീലന്മാരും, ജഡ്ജിമാരും പ്രസംഗപീഠങ്ങളിൽ നിന്നുകൊണ്ടു വക്കീൽവൃത്തി ആരംഭിക്കുന്ന യുവാക്കന്മാരേ നോക്കി ഉപദേശരൂപത്തിൽ ആവൎത്തിച്ചു പ്രസംഗിക്കുന്നതു കേട്ടിട്ടുണ്ട്. ബുദ്ധിശക്തിയും പരിശ്രമശീലവും മാത്രം ആശ്രയിച്ചുകൊണ്ടു, മുന്നണികളിലേയ്ക്കു തള്ളിക്കയറുവാൻ യത്നിച്ചിട്ടുള്ള പലരും നിരാശയോടെ പിൻവാങ്ങുന്നതും, ചില പ്രത്യേക സാഹചൎയ്യങ്ങളോടുകൂടിയ സാമാന്യബുദ്ധികളും, നിസ്സാരബുദ്ധികളും നിഷ്പ്രയാസം മുന്നോട്ടു പാഞ്ഞു കയറുന്നതും, നിയമലോകത്തു സാധാരണ കണ്ടുവരുന്ന സംഭവങ്ങളാണ്. അതെങ്ങിനെയുമാകട്ടെ. ഏതായാലും കൊല്ലം ബാറിനെ സംബന്ധിച്ചിടത്തോളം പരമേശ്വരൻപിള്ള പ്രാക്റ്റീസാരംഭിക്കുന്ന കാലത്തു പിന്നണികളിലേക്കാൾ വലിയ തിരക്കും തള്ളലും മുന്നണികളിൽത്തന്നെയായിരുന്നു. അനന്തരകാലങ്ങളിൽ തിരുവിതാംകൂറിലേ നിയമലോകത്ത് അത്യുന്നതങ്ങളായ സ്ഥാനങ്ങളിലേക്കുയൎന്നു തൽസ്ഥാനങ്ങളിൽ ഉജ്വലമായി പ്രശോഭിച്ച പല അഭിഭാഷകന്മാരും അന്നു കൊല്ലം ബാറിലാണു പ്രാക്റ്റീസു ചെയ്തുകൊണ്ടിരുന്നതു്. മി. കൃഷ്ണൻപണ്ഡാല, പി. രാമൻതമ്പി, ഇല്ലിക്കളം കേശവപിള്ള, ചെങ്കോട്ട രാമയ്യർ, മി. ലാ സുബ്ബയ്യർ തുടങ്ങിയവർ ഇവരിൽ ഏതാനും ചിലർ മാത്രമാണ്. ഇവരിൽ ആദ്യം പറഞ്ഞ മൂന്നുപേരും പരമേശ്വരൻപിള്ളയുടെ മിത്രങ്ങളും അഭ്യുദയകാംക്ഷികളു

മായിരുന്നു. ഇവരുടെ വാത്സല്യവും, ഉപദേശവുമാണു തന്റെ പ്രവർത്തനരംഗമായി കൊല്ലം തിരഞ്ഞെടുക്കുവാൻ പരമേശ്വരൻപിള്ളയേ മുഖ്യമായി പ്രേരിപ്പിച്ചത്.

അക്കാലത്തു ബി. എൽ. ബിരുദധാരികൾപോലും, വക്കീൽ വൃത്തിയിൽ പ്രവേശിക്കുന്നതിനു മുൻപ്, ഒരു പ്രത്യേക പരീക്ഷ കൂടി ജയിച്ചിരിക്കണമെന്നു നിയമമുണ്ടായിരുന്നു. അനാരോഗ്യം നിമിത്തം അക്കൊല്ലത്തെ പരീക്ഷയിൽ ചേൎന്നു ജയിക്കുവാൻ പരമേശ്വരൻപിള്ളയ്ക്കു കഴിഞ്ഞില്ല. വീണ്ടും പരീക്ഷയിൽ ചേൎന്നു ജയിക്കുവാൻ ദീൎഘമായ ഒരു സംവത്സരം കാത്തിരിക്കേണ്ടിവരുമെന്നുള്ള നില വന്നുകൂടി. ഇങ്ങിനെ ഒരു വൎഷം നഷ്ടപ്പെടുമെന്നുള്ളതു് അപ്രതീക്ഷിതമായ ഒരു ദുൎഘടമായിരുന്നു. വക്രമായ ദുൎഘടങ്ങൾ ഏസ്വമായ മാൎഗ്ഗങ്ങളിൽകൂടി കടന്നു കയറുവാനുള്ള കല്പനാവൈഭവംകൊണ്ടു പരമേശ്വരൻപിള്ള അനുഗൃഹീതനാണു്. പരീക്ഷ കടന്നുകൂടുവാൻ കഴിഞ്ഞില്ലെങ്കിൽ, പരീക്ഷ ജയിക്കണമെന്നുള്ള നിയമംതന്നെ നിൎത്തൽചെയ്തു സന്നതെടുക്കണമെന്നായിരുന്നു പരമേശ്വരൻപിള്ള നിശ്ചയിച്ചതു്. ഒരു കാൎയ്യം നിശ്ചയിച്ചുറച്ചാൽ അതു സാധിക്കുന്നതുവരെ നിരന്തരമായി യത്നിക്കുകയെന്നുള്ളതു് അദ്ദേഹത്തിന്റെ നൈസൎഗ്ഗികമായ ഒരു ഗുണവിശേഷമായിരുന്നു. നിയമം ഭേദഗതിചെയ്തു പരീക്ഷ നിൎത്തലാക്കുവാനുള്ള ശ്രമങ്ങൾ അദ്ദേഹം ആരംഭിച്ചു. ഇക്കാൎയ്യത്തിൽ മി: കൃഷ്ണൻപണ്ഡാലയുടെ ആത്മാൎത്ഥമായ സഹകരണവും പരമേശ്വരൻപിള്ളയ്ക്കു ലഭിച്ചു. നിയമം ഭേദഗതിചെയ്തു. പരീക്ഷ നിൎത്തലാക്കി. അങ്ങിനെ സന്നതെടുക്കാനുള്ള ഒരു പ്രതിബന്ധം നീങ്ങി. സന്നതെടുക്കാനാവശ്യമുള്ള പണമുണ്ടാക്കുകയെന്നുള്ളതായിരുന്നു പിന്നീടഭിമുഖീകരിക്കേണ്ടിവന്ന മറ്റൊരു ദുൎഘടം. ഒരു സ്നേഹിതന്റെ രണ്ടു സ്വൎണ്ണമോതിരം കടം വാങ്ങി, സതീൎത്ഥ്യനായിരുന്ന ഒരു പണവ്യാപാരിയെ സമീപിച്ചു, രൂപായ്ക്കു പ്രതിമാസം അരച്ചക്രം പലിശ നിരക്കിനു് അമ്പതു രൂപാ കടം വാങ്ങി രണ്ടാമത്തെ ദുൎഘടവും കടന്നുകൂടി. രൂപായ്ക്കു് അരച്ചക്രം പലിശ വാങ്ങിയ പണവ്യാപാരി തനിക്കു ലഭിച്ച ആദായത്തിൽ എത്രയോ ഇരട്ടി അനന്തരകാലങ്ങളിൽ പരമേശ്വരൻപിള്ളയ്ക്കു വക്കീൽഫീസായി കൊടുക്കേണ്ടിവന്നിട്ടുണ്ടു്.

൧൦൬൭-ാമാണ്ടു തുലാമാസം ൩-ാംതീയ്യതി പരമേശ്വ രൻപിള്ള കൊല്ലം ജില്ലാക്കോടതിയിൽ സന്നതെടുത്തു വ്യവ ഹരിക്കുവാൻ തുടങ്ങി. "നമുക്കു രണ്ടുപേക്കും ഒന്നിച്ചു ജോലി പഠിക്കാം" എന്ന വിനോദസ്വരത്തിൽ പറഞ്ഞുകൊണ്ടാണ് അന്നു കൊല്ലം ഡിസ്ത്രിക്ട്ജഡ്ജിയായിരുന്ന കുഞ്ഞുകൃഷ്ണപ്പണി ക്കർ പരമേശ്വരൻപിള്ളയ്ക്കു സന്നതു നൽകിയതു്. ഒന്നാം ക്ലാസ് മജിസ്ത്രേട്ടുദ്യോഗത്തിൽനിന്നു ഡിസ്ത്രിക്ട്ജഡ്ജിയായു യർത്തപ്പെട്ട പണിക്കൎക്കു സിവിൽനിയമത്തിൽ ഗണ്യമായ യാ തൊരു പരിജ്ഞാനവുമുണ്ടായിരുന്നില്ല. മജിസ്ത്രേട്ടുദ്യോഗത്തിൽ നിന്നു ജഡ്ജിപദത്തിലേയ്ക്കുള്ള ഉദ്യോഗക്കയററം ഒരുപക്ഷേ തിരുവിതാംകൂറിൽ അന്നാദ്യമായിട്ടായിരിക്കണം. അന്നത്തെ ഭരണാധികാരികളുടെ അപ്രീതിയ്ക്കു പാത്രമായിത്തീൎന്ന പണി ക്കൎക്കു ന്യായമായിക്കിട്ടേണ്ട ദിവാൻപേഷ്കാരുദ്യോഗം യഥാ കാലം ലഭിക്കുകയുണ്ടായില്ല. ആ അനീതിയ്ക്കു് ഒരു പരിഹാ രമായിട്ടാണ് അദ്ദേഹത്തിനു ജഡ്ജിയുദ്യോഗം നൽകുവാൻ പിന്നീട് അധികാരികൾ നിശ്ചയിച്ചതു്. തനിയ്ക്കു പരിചയ മില്ലാത്ത സിവിൽനിയമം ഒന്നിച്ചു പഠിക്കാമെന്നാണ് അദ്ദേ ഹം ഫലിതരൂപത്തിൽ പരമേശ്വരൻപിള്ളയോടു പറഞ്ഞ തു്. എന്നാൽ ഈ സഹപാഠം വളരെ പുരോഗമിക്കുന്നതിനു മുൻപുതന്നെ കുഞ്ഞുകൃഷ്ണപ്പണിക്കർ ചരമമടഞ്ഞു.

സൎക്കാരുദ്യോഗമല്ലാതെ മററു മാന്യമായ തൊഴിലുകൾ അത്ര വളരെ സുലഭമല്ലാത്ത ഈ രാജ്യത്തു്, അഭ്യസ്തവിദ്യരായ യുവാക്കന്മാർ അവരുടെ നൈസൎഗ്ഗികമായ വാസനയോ അഭി രുചിയോ ഗണ്യമാക്കാതെ അഭിഭാഷകവൃത്തി ഉപജീവനമാൎഗ്ഗ മായി സ്വീകരിച്ചു് അവരുടെ ജീവിതം വ്യൎത്ഥമാക്കുന്ന കാഴ്ച ഒട്ടുംതന്നെ ദുൎല്ലഭമല്ല. ഇതുകൊണ്ടുതന്നെ നാല്പതുവൎഷ ങ്ങൾക്കുമുൻപും തിരുവിതാംകൂറിലെ ബാറിൽ വലിയ തിക്കും തിരക്കുമായിരുന്നു. ഇന്നും ബാറിൽ ഇവിടെ വലിയ തിര ക്കാണ്. അൻപതു വൎഷം കഴിഞ്ഞാലും ഈ തിരക്കു വർദ്ധിക്കു കയല്ലാതെ കുറയുകയില്ല. സാമ്പത്തികമായ യാതൊരു പിന്തു ണയുമില്ലാതെ, വക്കീൽവൃത്തി ആരംഭിക്കുന്ന ഒരു യുവാവിനു് എത്ര ഉൽക്കണ്ഠാകുലമായ ഒരു ജീവിതഘട്ടത്തിൽക്കൂടിയാണ് ആദ്യം കടന്നുപോകേണ്ടിയിരിക്കുന്നതെന്നുള്ളതു് അനുഭവ

സ്ഥന്മാരല്ലാത്തവർക്ക് സങ്കല്പിക്കുവാൻപോലും കഴിയുന്നതല്ല. പ്രതിഫലമോ, പ്രോത്സാഹനമോ ലഭിക്കാത്ത ഈ ആദിമഘട്ടത്തിലെ പരിശ്രമവും വിജ്ഞാനസമ്പാദനവും അനന്തരകാലങ്ങളിൽ ഉപയോഗപ്രദമായിത്തീരുമെന്നുള്ള വിശ്വാസപ്രമാണമൊന്നുമാത്രമാണ് അവരുടെ ജീവിതാശയെ നിലനിർത്തിക്കൊണ്ടു പോകുന്നത്. പരിശ്രമശീലന്മാരും, ബുദ്ധിസമ്പന്നന്മാരും ഈ ജീവിതമത്സരത്തിനിടയിൽ അവരുടെ സാമർത്ഥ്യം ഒരിക്കൽപോലും പ്രകടമാക്കുവാൻ അവസരം ലഭിക്കാതെ പുറം തള്ളപ്പെട്ടുപോകുന്നതും അപൂർവമല്ല. എന്നാൽ തീവ്രമായ ഈ മത്സരപരീക്ഷയിൽ വിജയിക്കുവാൻ വേണ്ടിമാത്രം ജന്മമെടുത്തിട്ടുള്ള ഒരു സംഘം ജനങ്ങളുണ്ട്. അവരിലൊരാളായിരുന്നു പരമേശ്വരൻപിള്ള. സന്നതെടുത്ത് ഒരു വർഷം തികയുന്നതിനു മുൻപ് അദ്ദേഹത്തിന്റെ പ്രതിമാസവരവ് അന്നൊരു വൻപിച്ച തുകയായിരുന്ന നൂറു രൂപായിൽ കുറയാത്ത സംഖ്യയായിരുന്നു. കൊല്ലത്തു ധാരാളം കേസുകളുള്ള ഒരു വക്കീലായിരുന്ന കായങ്കുളം കേശവപിള്ള അക്കാലത്തു ബി. എൽ. പരീക്ഷയ്ക്കു ചേരുവാൻ മദ്രാസിനു പോയതുകൊണ്ട് അദ്ദേഹത്തിന്റെ കേസുകൾ നടത്തുവാനും കക്ഷികളെ നേരിട്ടു പരിചയപ്പെടുവാനും പരമേശ്വരൻപിള്ളയ്ക്കവസരം ലഭിച്ചു. ആ അവസരം പരമേശ്വരൻപിള്ള പാഴാക്കിയില്ല. കേശവപിള്ള തിരിച്ചുവന്നതിനകം പരമേശ്വരൻപിള്ളയ്ക്ക് അദ്ദേഹത്തിന്റെ സാമർത്ഥ്യവും, സത്യസന്ധതയും, കൃത്യനിഷ്ഠയും, കാര്യശേഷിയും കക്ഷികളെ മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നു.

എന്നാൽ പരമേശ്വരൻപിള്ളയുടെ ഉന്നമനത്തിന് ഇക്കാലത്ത് ഒരു ചെറിയ വിഘ്നം നേരിട്ടു. ഫാൽ-മീനത്തിൽ അദ്ദേഹം സന്നിപാതജ്വരം പിടിപെട്ടു കിടപ്പിലായി. രോഗം ഭേദമായി വീണ്ടും കോടതിയിൽ ഹാജരായപ്പോൾ അദ്ദേഹത്തിനു ഒരു പുതിയ വക്കീലിനെപ്പോലെ ജോലി ആരംഭിക്കേണ്ടതായിട്ടാണ് വന്നുകൂടിയത്. എന്നാൽ പരമേശ്വരൻപിള്ളയുടെ ഭാഗ്യസൂര്യൻ അപ്പോഴും തെളിഞ്ഞുതന്നെയാണു നിന്നിരുന്നത്. കൊല്ലംബാറിലെ നേതാക്കന്മാരിലൊരാളായിരുന്ന പി. രാമൻതമ്പി ഇക്കാലത്തു തിരുവന

ന്തപുരത്തു ലാക്കാളേജിൽ ഒരുദ്യോഗം സ്വീകരിച്ചു് താമസം അങ്ങോട്ടു മാററി. തമ്പിയുടെ കേസുകളിൽ ഗണ്യമായ ഒരു ഭാഗം പരമേശ്വരൻപിള്ളയ്ക്കു ലഭിച്ചു. അതിനുശേഷം ആശ്ച ര്യകരമായ ഒരുയർച്ചയാണു വക്കീൽവൃത്തിയിൽ പരമേശ്വ രൻപിള്ളയ്ക്കുണ്ടായതു്. കേവലം അഞ്ചു വർഷങ്ങൾക്കുള്ളിൽ അദ്ദേഹം കൊല്ലംബാറിലെ ഒന്നാംകിടയിലുള്ള വക്കീലന്മാ രിലൊരാളായിത്തീർന്നു. അനന്തരം ൧൦൮൫-ൽ പരമേശ്വ രൻപിള്ള കൊല്ലത്തുനിന്നു തിരുവനന്തപുരത്തേയ്ക്കു തൻെറ പ്രവർത്തനരംഗം മാററുന്നതുവരെ കൊല്ലംബാറിലെ അനിഷേ ധ്യനേതാവും അദ്ദേഹംതന്നെയായിരുന്നു. ഇക്കാലത്തു് അദ്ദേ ഹത്തിൻെറ പ്രതിമാസമുള്ള വരവു രണ്ടായിരത്തിനും രണ്ടായി രത്തിഅഞ്ഞൂറിനും മദ്ധ്യേയുള്ള ഒരു സംഖ്യയായിരുന്നു.

പരമേശ്വരൻപിള്ള അനുഗൃഹീതനായ ഒരു അഭിഭാഷക നായിരുന്നു. ശാസ്ത്രീയമായ മനോഭാവത്തോടുകൂടിയല്ലാതെ വികാരപരമായി യാതൊന്നിനേയും അദ്ദേഹം വീക്ഷിക്കുന്ന പതിവല്ല. നിയമത്തിൻെറ നിർദ്ദാക്ഷിണ്യത ഒരു വക്കീലെന്ന നിലയിലോ, അനന്തരകാലങ്ങളിൽ ഒരു ന്യായാധിപനെന്ന നിലയിലോ അദ്ദേഹത്തെ അശേഷം അലട്ടിയിട്ടില്ല. തൻെറ കർത്തവ്യം നിരാക്ഷേപമായി നിർവഹിക്കണമെന്നുള്ളതിൽ കവിഞ്ഞു, വാദിക്കുന്ന കേസുകളുടെ പരിണാമത്തെക്കുറിച്ചു് അദ്ദേഹം ഒരിക്കലും ഉൽക്കണ്ഠാകുലനായിട്ടില്ല. ന്യായം നടക്ക ണമെന്നും, തന്റെ കൃത്യവിലോപംകൊണ്ടു് ആർക്കും ഏതും കഷ്ട നഷ്ടങ്ങൾ സംഭവിക്കരുതെന്നുമുള്ളതിൽ കവിഞ്ഞു കക്ഷിക ളോടോ, അവരുടെ താല്പര്യങ്ങളോടോ, അദ്ദേഹം യാതൊരു താദാത്മ്യവും ഭാവിക്കാറില്ല. അസാമാന്യമായ പ്രതിഭാവിലാ സവും അത്യഗാധവും സൂക്ഷ്മവും ആയ നിയമപരിജ്ഞാനവും, വക്കീൽജീവിതത്തിൻെറ പ്രാരംഭദശയിൽത്തന്നെ അദ്ദേഹ ത്തെ വിഖ്യാതനാക്കിത്തീർത്തിരുന്നു. ഹൈക്കോടതിവിധികൾ ഹൃദിസ്ഥമാക്കി ജഡ്ജിമാരേയും ഏതുവക്കീലന്മാരേയും കുഴക്കുന്ന രീതിയിലുള്ള ഒരു നിയമപാണ്ഡിത്യമല്ല അദ്ദേഹം കരസ്ഥമാ ക്കിയിരുന്നതു്. എല്ലായ്പ്പോഴും നിയമത്തിൻെറ മൌലികതത്വ ങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടു് അവയെ പ്രായോഗികമായി വിനിയോഗിക്കുന്നതിലാണു് അദ്ദേഹം പ്രാവീണ്യം സമ്പാദി

ച്ചതു്. കുഴങ്ങിയ കാൎയ്യങ്ങൾപോലും ശാസ്ത്രീയമായപഗ്രഥിച്ചു, താരതമ്യേന അപ്രധാനങ്ങളായ സംഗതികൾ വേർതിരിച്ചു, കാൎയ്യഭാഗം മാത്രം അതിസൂക്ഷ്മമായി തിരഞ്ഞെടുത്തു, ന്യായാധിപന്മാരുടെ തീരുമാനത്തിന് സമൎപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം അന്യാദൃശമായിരുന്നു. പദപ്രയോഗബാഹുല്യംകൊണ്ടു ന്യായാധിപന്മാരെ വിഷമിപ്പിക്കുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ പ്രയോഗിക്കുന്ന പദങ്ങൾ വിശദമായും, സൂക്ഷ്മമായും, സുനിശ്ചിതമായും ആശയങ്ങൾ വെളിവാക്കുവാൻ പൎയ്യാപ്തമായിരിക്കണം എന്നദ്ദേഹത്തിനു നിർബന്ധമുണ്ടു്. വാദമുഖങ്ങളും അവയ്ക്കു പ്രാബല്യം നൽകുന്ന നിയമതത്വങ്ങളും ഒതുക്കി, അവയെ പ്രശാന്തമായും പ്രൌഢമായും ന്യായാധിപസമക്ഷം സമൎപ്പിക്കുന്ന അദ്ദേഹത്തിന്റെ വ്യവഹാര രീതിയിൽ ആർഭാടങ്ങൾക്കോ, അമിതഭാഷണങ്ങൾക്കോ അശേഷം സ്ഥാനമില്ല. ആവേശജനകമായ ഒരൊററ പ്രസംഗംപോലും അദ്ദേഹം തന്റെ ജീവിതത്തിൽ ചെയ്തിട്ടില്ല. എന്നാൽ സുവ്യക്തവും സുലളിതവും ആയ പദങ്ങളും അപ്രസക്തങ്ങളല്ലാത്ത ആശയങ്ങളും ഉപയോഗിച്ചു് എതിരാളിയുടെ വാദമുഖങ്ങളെ ശിഥിലമാക്കുവാനുള്ള അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം ഒന്നു വേറെതന്നെയാണു്. നാം സാധാരണ മനസ്സിലാക്കുന്ന അൎത്ഥത്തിൽ പരമേശ്വരൻപിള്ള ഒരു വാഗ്മിയായിരുന്നില്ല. അയവോ ഏററക്കുറച്ചിലോ ഇല്ലാത്ത അദ്ദേഹത്തിന്റെ ആരുടെയും മനസ്സിൽ പതിയാത്ത സ്വരം തുലോം അനാകർഷകമാണു്. എങ്കിലും കാൎയ്യസമ്പൂൎണ്ണമായ അദ്ദേഹത്തിന്റെ നിയമവാദങ്ങൾ ന്യായാധിപന്മാർ വിലമതിച്ചിരുന്നു. സുദീൎഘമായ പ്രസംഗങ്ങൾകൊണ്ടും, വിതണ്ഡാവാദങ്ങൾകൊണ്ടും, പരമേശ്വരൻപിള്ള ഒരിക്കലും സമയദുൎവ്വിനിയോഗം ചെയ്യുകയില്ലെന്നു നിശ്ചയമുള്ളതുകൊണ്ടു ന്യായാധിപന്മാർ അദ്ദേഹം ഉച്ചരിക്കുന്ന ഓരോ പദവും സാധാരണ ശ്രദ്ധയോടെ ശ്രവിച്ചുകൊണ്ടിരിക്കും. തലമുടിനാരു കീറി വൈവിദ്ധ്യം കല്പിക്കുന്ന വാദങ്ങളോ അനാവശ്യമായ ദീൎഘവിവരണങ്ങളോ അദ്ദേഹം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹത്തിനു സുലഭമായുണ്ടായിരുന്ന സാമാന്യബുദ്ധിയുടെ തെളിച്ചത്തിൽ അവ കേവലം നിഷ്പ്ര

യോജനങ്ങളായിരുന്നു. കക്ഷികളോടു് അദ്ദേഹം സത്യസന്ധതയോടും തുറന്ന ഹൃദയത്തോടുംകൂടിയാണു പെരുമാറിവന്നതു്. തൊഴിൽപരമായ അദ്ദേഹത്തിന്റെ സന്മാർഗ്ഗനിഷ്ഠയെ ശത്രുക്കൾക്കു പോലും അപലപിക്കുവാൻ കഴിയുമായിരുന്നില്ല. മററു വക്കീലന്മാരോടു് അദ്ദേഹം സമഭാവനയോടുകൂടി വർത്തിച്ചുവന്നു. കൃത്രിമനാട്യങ്ങളേക്കാൾ നൈസർഗ്ഗികമായ ഗുണവിശേഷമാണു് അദ്ദേഹത്തെ ഒരു നല്ല അഭിഭാഷകനാക്കിത്തീർത്തതു്.

പരമേശ്വരൻപിള്ള കൊല്ലത്തെ വക്കീലന്മാരുടെ സാമൂഹ്യജീവിതം പരിഷ്കരിക്കുവാൻ ചെയ്തിട്ടുള്ള ശ്രമങ്ങളും ഈ ഘട്ടത്തിൽ സ്മരണീയമാണു്. ഈ വിഷയത്തിൽ പരമേശ്വരൻപിള്ളയുടെ വലംകയ്യായി നിന്നു പ്രവർത്തിച്ചതു് അന്നു കൊല്ലത്തു പ്രാക്ടീസു് ചെയ്തിരുന്ന കെ. ആർ. പത്മനാഭപിള്ളയായിരുന്നു. പത്മനാഭപിള്ളയും, പരമേശ്വരൻപിള്ളയും ആത്മമിത്രങ്ങളായിരുന്നു എന്നുമാത്രമല്ല, പരമേശ്വരൻപിള്ളയുടെ പൊതുക്കാര്യജീവിതത്തിൽ അദ്ദേഹത്തിനു കെ. ആർ. പത്മനാഭപിള്ളയിൽനിന്നു ലഭിച്ചിട്ടുള്ള പ്രേരണയും സഹകരണവും അവർണ്ണനീയവുമാണു്. പരമേശ്വരൻപിള്ള പ്രാക്ടീസാരംഭിക്കുന്ന കാലത്തു കൊല്ലത്തു വക്കീലന്മാർക്കു് ഒരു പ്രത്യേക സംഘടനയോ, ഒന്നിച്ചുകൂടുന്നതിനു് മാന്യമായ ഒരു സ്ഥലമോ, ഉണ്ടായിരുന്നില്ല. വക്കീലന്മാർ വിശ്രമവേളകളിൽ ഇരുന്നു വായിക്കുന്നതിനും, സംഭാഷണം ചെയ്യുന്നതിനും ഉപയോഗിച്ചുവന്ന മുറി "ശാരദ"യിൽ വക്കീലിനെ അന്വേഷിച്ചു പുറപ്പെട്ട താശ്ശൻമേനവൻ ചെന്നു കയറിയ സ്ഥലത്തേക്കാളും കൂടുതൽ ജീർണ്ണിച്ചിരുന്നു. മൂട്ടനിറഞ്ഞ ഒന്നു രണ്ടു കസേരകളും രണ്ടു കാലിനും ഇളക്കം തട്ടിയിട്ടുള്ള ഒരു ബെഞ്ചുമായിരുന്നു അവിടത്തെ വിശ്രമോപകരണങ്ങൾ. മൂട്ടയെ നശിപ്പിക്കുവാനുള്ള ദീർഘശ്രമത്തിൽ കസാലകൾ ഉടലോടെ പൊക്കി നിലത്തിടിച്ചിടിച്ചു് അവയുടെ പലകകൾ പൊളിഞ്ഞും, കാലുകൾ തകർന്നും, ഉപയോഗശൂന്യങ്ങളായിത്തീർന്നിരുന്നു. വക്കീലന്മാർ ഇരുന്നു വായന ആരംഭിക്കുന്നതിനു മുൻപു് കസാലകൾ ഇടയ്ക്കു തകർന്നു നിലം പതിച്ചുപോകാതിരിക്കാൻ വേണ്ടി ഇടത്തുകൈ ജനാലഅഴികളിലോ, ഉറപ്പുള്ള മററു് അഭയസ്ഥാനങ്ങളിലോ ബന്ധിക്കുക

പതിവായിരുന്നു. ഇങ്ങിനെയുള്ള മുൻ കരുതലിന്ന ശേഷവും, ചിലർ ഭൂമിദേവിയെ പരിരംഭണം ചെയ്യേണ്ടിവന്നിട്ടുള്ളതും അപൂർവ്വമല്ല. അക്കാലത്തു കോടതിയിൽ ഫയൽ ചെയ്യുന്ന ഓരോ കേസിനും രണ്ടു ചക്രംവീതം പിരിച്ചെടുത്തു് ആ തുക കൊണ്ടു വക്കീലന്മാർ എല്ലാ വൎഷവും ആനന്ദവല്ലീശ്വരംക്ഷേത്രത്തിൽ അതികെങ്കേമമായ ഒരു ചിറപ്പു നടത്താറുണ്ടായിരുന്നു. ഇരുപ്പുമുറിയിലെ സാമഗ്രികൾ നന്നാക്കുവാനോ, വക്കീലന്മാരുടെ തൊഴിൽപരമായ സൌകൎയ്യങ്ങൾ വർദ്ധിപ്പിക്കുവാനോ ഈ തുകയിലൊരു പൈസയെങ്കിലും ചിലവഴിക്കണമെന്നു നിഷ്കാമകൎമ്മികളായ അന്നത്തെ വക്കീലന്മാർ വിചാരിച്ചില്ല. മൂട്ടയുടേയും മൂഷികന്റേയും സാഹചൎയ്യത്തോടുകൂടി പ്രതിദിനം ആഞ്ചോ ആറോ മണിക്കൂറുകൾ കഴിച്ചുകൂട്ടേണ്ടിവന്നാലും ചിറപ്പിനു കത്തിച്ചുകളയുന്ന കരിമരുന്നിൽ ഒരംശമെങ്കിലും കുറയരുതെന്നു് അവൎക്കു നിർബന്ധമുണ്ടായിരുന്നു. എന്നാൽ മഹിഷാസുരമർദ്ദിനിയായ ആനന്ദവല്ലീശ്വരി മക്കുണസംഹാരത്തിനായി വന്നു ലോകത്തിലവതരിച്ചില്ല. ഏതായാലും പരമേശ്വരൻപിള്ളയുടേയും, യുവാക്കന്മാരായ മററു വക്കീലന്മാരുടേയും ഉത്സാഹത്തിൽ കൊല്ലത്തു് ഒരു വക്കീൽസംഘം സ്ഥാപിച്ചു. ആനന്ദവല്ലീശ്വരംക്ഷേത്രത്തിലെ ചിറപ്പിനു പിരിച്ചുകൊണ്ടിരുന്ന വരിസംഖ്യ വക്കീൽസംഘത്തിന്റെ മൂലധനമായി നീക്കിവയ്ക്കപ്പെട്ടു. വക്കീലന്മാരുടെ മുറി കൂടുതൽ ഉപയോഗയോഗ്യമാക്കിത്തീർത്തു. സംഘത്തിന്റെ മുതൽകൊണ്ടു് ഒരു പ്രത്യേക നിയമഗ്രന്ഥശാല വക്കീലന്മാരുടെ ആവശ്യത്തിനായി ഉണ്ടാക്കി. വി. പി. മാധവറാവുദിവാൻജിയുടെ കാലത്തു കോടതിക്കെട്ടിടം പരിഷ്കരിക്കപ്പെട്ടപ്പോൾ വക്കീലന്മാരുടെ മുറി കൂടുതൽ ആവാസയോഗ്യമാക്കിത്തീർത്തു. കൊല്ലംബാറിലെ അസോസിയേഷനും അവരുടെ ഗ്രന്ഥശാലയ്ക്കും ഇന്നും തിരുവിതാംകൂറിലെ തുല്യനിലയിലുള്ള മററു സ്ഥാപനങ്ങളേ അപേക്ഷിച്ചു തുലോം ഉപരിയായ ഒരു സ്ഥാനമാണുള്ളതു്.

അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചു തൊഴിൽപരമായ ജീവതത്തിൽ തന്റെ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചിരുന്ന ചങ്ങനാശേരിയെ പൊതുകാൎയ്യജീവിതത്തിലേയ്ക്കു് ആകർഷിച്ച ഒരു

ചെറിയ സംഭവം ഇക്കാലത്തു മദ്ധ്യതിരുവിതാംകൂറിൽ നടന്നു. അധർമ്മത്തോടും അനീതിയോടും മല്ലടിക്കുവാനും, അവശരും ദുർബലരുമായ ജനങ്ങളുടെ അവകാശവാദങ്ങൾ ഏറെറടുപിടിക്കുവാനുമുള്ള അദ്ദേഹത്തിന്റെ വാസനാവിശേഷം, ഒരു വിദ്യാർത്ഥിയായിരുന്ന കാലംമുതല്ക്കുതന്നെ പ്രകടമായിരുന്നു. ആ മനോഭാവംതന്നെയാണ് ആജീവനാന്തം അദ്ദേഹത്തെ ഒരു പ്രക്ഷോഭകാരിയാക്കിത്തീർത്തതു്. തിരുവിതാംകൂറിലെ അത്യുന്നതമായ ന്യായാധിപപദം പ്രലോഭനീയമായി അദ്ദേഹം കരുതിയിരുന്നില്ലെന്നു പറയുന്നതു തികച്ചും അവാസ്തവമായിരിക്കും. എന്നാൽ ന്യായാധിപപദത്തിലിരുന്നുകൊണ്ടു പ്രതാപവും അധികാരവും പ്രയോഗിച്ചു നീതി നടത്തുമ്പോഴല്ല, പിന്നേയോ ജനസമ്മിതിയുള്ള ഒരു നായകനെന്ന നിലയിൽ പ്രക്ഷോഭണരംഗത്തു നിന്നുകൊണ്ട് അനുയായികൾക്ക് ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകിക്കൊണ്ടിരിക്കുമ്പോഴാണ് അദ്ദേഹം യഥാർത്ഥമായ ജീവിതസുഖം അനുഭവിച്ചിരുന്നതെന്നു പറയുമ്പോൾ അതിലതിശയോക്തിപരമായി യാതൊന്നും തന്നെയില്ല.

൧൦൮൦-ാംമാണ്ടു് മദ്ധ്യ തിരുവിതാംകൂറിൽ നടന്ന കുപ്രസിദ്ധമായ നായരീഴവലഹളയാണു ചങ്ങനാശേരിയെ ആദ്യമായി പൊതുജനദൃഷ്ടിയിൽ പെടുത്തിയതു്. ഈഴവരെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിച്ചതാണ് ഈ ലഹളയ്ക്കു കാരണമായി പറയപ്പെടുന്നതു്. എങ്കിലും അതു മുഴുവൻ ശരിയായിരിക്കുവാനിടയില്ല. എന്നാൽ യഥാർത്ഥമായ കാരണമെന്തായിരുന്നു എന്ന് ഇന്നുവരെ വ്യക്തമായിട്ടുമില്ല. ധനംകൊണ്ടും, ആഭിജാത്യംകൊണ്ടും, അന്ന് അത്യുന്നതമായ ഒരു നിലയിലിരുന്ന കോയിക്കലേത്തു കുടുംബത്തിലേ അക്രമിയും ദുർവൃത്തനുമായിരുന്ന മാതുപിള്ള എന്നൊരാളും സമീപവാസികളായിരുന്ന ഈഴവരും തമ്മിലാരംഭിച്ച ശണ്ഠയായിരുന്നു ഈ ലഹളയുടെ ഉത്ഭവത്തിനു കാരണമാക്കിയതു്. അങ്ങിനെ ആരംഭിച്ച ലഹള കരുനാഗപ്പള്ളി, മാവേലിക്കര, മുതലായ താലൂക്കുകളിലേയ്ക്കു പടർന്നുപിടിക്കയും, അതിൽനിന്നു പല ക്രിമിനൽകേസുകളും ഉത്ഭവിക്കയും, ചെയ്തു. കൊല്ലംബാറിലെ അഭിഭാഷകന്മാരായിരുന്ന ഇല്ലിക്കളം കേശവപിള്ള, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, കെ. ആർ. പത്മനാഭപിള്ള

എന്നിവർ ഈ ലഹള ശമിപ്പിക്കുന്നതിനും, സമുദായങ്ങൾ തമ്മിലുള്ള സൗഹാർദ്ദം പുനഃസ്ഥാപിക്കുന്നതിനും, വേണ്ട ശ്രമങ്ങൾ ചെയ്യുവാൻ നിശ്ചയിച്ചു. അക്കാലത്തുതന്നെ, ഒരു സുപ്രസിദ്ധ സാഹിത്യകാരനായിത്തീർന്നിരുന്ന മി. സി. വി. കുഞ്ഞുരാമൻ ഈ ശ്രമങ്ങളോടു സഹകരിക്കയും, അങ്ങിനെ രണ്ടു സമുദായങ്ങളിലേയും നേതാക്കന്മാരുടെ സംഘടിതമായ പ്രവർത്തനങ്ങളുടെ ഫലമായി സൌഹാർദ്ദപരമായ ഒരു തീരുമാനത്തിലെത്തിച്ചേരുകയും, ചെയ്തു. കാവാലം നീലകണ്ഠപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ മലയാളിസഭാമന്ദിരത്തിൽവച്ചു കൂടിയ യോഗത്തിൽ രണ്ടു സമുദായങ്ങളിലേയും നേതാക്കന്മാർ പ്രസംഗിക്കയും, ചില പ്രമേയങ്ങൾ അംഗീകരിക്കയും ചെയ്തു. അങ്ങിനെ നായരീഴവസംഘട്ടനം അവസാനിച്ചു.

൧൦൮൫-ൽ ചങ്ങനാശേരി ഒരു പ്രജാസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു എങ്കിലും, അക്കൊല്ലത്തെ സമ്മേളനത്തിൽ പങ്കെടുക്കുവാൻ അദ്ദേഹത്തിനു സാധിക്കാതെ വന്നു. മലയാളഭാഷയിലെ സ്വതന്ത്രപത്രപ്രവർത്തനത്തിന്റെ ജനയിതാവായിരുന്ന കെ. രാമകൃഷ്ണപിള്ള നിശിതമായ തന്റെ തൂലിക യാതൊരു നിയന്ത്രണവും കൂടാതെ പ്രയോഗിച്ചു്, ഉദ്യോഗസ്ഥലോകത്തെ കിടുകിടുപ്പിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അതു്. അന്നു തിരുവിതാംകൂറിലെ ദിവാൻജിയായിരുന്ന പി. രാജഗോപാലാചാരി രാമകൃഷ്ണപിള്ളയുടെ തൂലികാപ്രഹരമേററു്, ഇതികർത്തവ്യതാമൂഢനായിത്തീർന്നു. അചഞ്ചലനും അഭിമാനിയുമായിരുന്ന രാമകൃഷ്ണപിള്ളയേ യാതൊരുവിധമായ പ്രലോഭനങ്ങൾക്കും വശഗനാക്കുകയെന്നുള്ളതു് അസാദ്ധ്യമായിരുന്നു. ഔദ്യോഗികദുഷ്കൃത്യങ്ങളെ അതിനഗ്നമായി വെളിപ്പെടുത്തി, അധികാരികളേ നിർഭയമായും നിർദ്ദയമായും വിമർശിച്ച രാമകൃഷ്ണപിള്ളയുടെ സ്വദേശാഭിമാനി എന്ന പത്രം ഒരു യക്ഷിബാധയെന്നപോലെ അഴിമതിക്കാരെ അലട്ടി. ഈ ഘട്ടത്തിൽ മറെറാരു വൈഷമ്യംകൂടി ഔദ്യോഗികലോകത്തിനഭിമുഖീകരിക്കേണ്ടിവന്നു. ൧൦൮൫-ൽ രാമകൃഷ്ണപിള്ളയേ നെയ്യാററിങ്കരത്താലൂക്കിൽ നിന്നു പ്രജാസഭയിലേക്കു തിരഞ്ഞെടുത്തു. ആ മനുഷ്യക്കരടിയെ ജനപ്രതിനിധിസഭയിൽ നേരിട്ടുകാണുവാനുള്ള ധാർമ്മികമായ ധീരത അന്നത്തെ ദിവാൻജിയായി

രുന്ന രാജഗോപാലാചാരിക്കില്ലാതെ പോയി. അദ്ദേഹം സ്വഹസ്തങ്ങളിൽ വഴിയാംവണ്ണം വഴങ്ങുന്ന നിയമശകടത്തെ ഒന്നു ചലിപ്പിക്കുവാൻതന്നെ നിശ്ചയിച്ചു. പ്രജാസഭാംഗങ്ങളായി തിരഞ്ഞെടുക്കപ്പെടുന്നവർ അവരവരുടെ നിയോജകമണ്ഡലങ്ങളിൽ സ്ഥിരതാമസക്കാരായിരിക്കണമെന്നുള്ള ഒരു പുതിയ നിയമം നിർമ്മിച്ചു് ദിവാൻജി സ്ഥിതിഗതികളെ അഭിമുഖീകരിച്ചു. തിരുവനന്തപുരത്തു സ്ഥിരതാമസക്കാരനായിരുന്ന രാമകൃഷ്ണപിള്ളയ്ക്കു നെയ്യാറ്റിങ്കരത്താലൂക്കിനെ പ്രജാസഭയിൽ പ്രതിനിധീകരിക്കുവാൻ ഈ പുതിയ നിയമംമൂലം സാധിക്കാതെവന്നു. അതുപോലെതന്നെ കൊല്ലത്തു സ്ഥിരതാമസക്കാരനായിരുന്ന പരമേശ്വരൻപിള്ളയെ പ്രജാസഭയിലേയ്ക്കു തിരഞ്ഞെടുത്തതു് ചങ്ങനാശേരി നിയോജകമണ്ഡലമാകയാൽ അദ്ദേഹത്തിനും പ്രജാസഭാസമ്മേളനത്തിൽ സന്നിഹിതനാകുവാൻ കഴിഞ്ഞില്ല.

കെ. രാമകൃഷ്ണപിള്ള ചങ്ങനാശേരിയുടെ ഒരു സതീർത്ഥ്യനായിരുന്നു. ഒരു വിദ്യാർത്ഥി എന്ന നിലയിൽ രാമകൃഷ്ണപിള്ള ഒരു വിപ്ലവകാരിയായിത്തീരുവാനുള്ള യാതൊരു ലക്ഷണങ്ങളും പ്രദർശിപ്പിച്ചിരുന്നില്ല. വിദ്യാർത്ഥിജീവിതം കഴിഞ്ഞു സർവ്വകലാശാലവിട്ടു പുറത്തിറങ്ങിയ അദ്ദേഹത്തെ അന്നത്തെ ബിരുദധാരികൾക്കു സുലഭമായിരുന്ന സർക്കാരുദ്യോഗമോ, ധനസമ്പാദനാർത്ഥമുള്ള മററു ജീവിതവൃത്തികളോ, ആകർഷിച്ചില്ല. ഒരു സഹിത്യവിമർശകനും പത്രപ്രവർത്തകനുമായിട്ടാണു രാമകൃഷ്ണപിള്ള ആദ്യം പൊതുരംഗത്തു പ്രത്യക്ഷപ്പെട്ടതു്. തിരുവിതാംകൂറിലെ പത്രപ്രവർത്തനസ്വാതന്ത്ര്യത്തിനു് അന്നു നിയമപരമായ യാതൊരു പ്രത്യേക നിയന്ത്രണങ്ങളുമുണ്ടായിരുന്നില്ല. സ്വതന്ത്രരാജ്യങ്ങളിൽ മാത്രം കണ്ടുവരുന്നതിനു തുല്യമായിരുന്ന ആ പൌരസ്വാതന്ത്ര്യത്തിൽ കൈകടത്തുവാനും ഗവമ്മെൻറു തുനിഞ്ഞിരുന്നില്ല. ഒരു ലേഖകനെന്ന നിലവിട്ടു പത്രമുടമസ്ഥനും പത്രാധിപരുമായി രാമകൃഷ്ണപിള്ള രംഗപ്രവേശം ചെയ്തു. അദ്ദേഹത്തിന്റെ സ്വദേശാഭിമാനിപത്രം തിരുവിതാംകൂറിലന്നു നിലവിലിരുന്ന പത്രപ്രവർത്തനസ്വാതന്ത്ര്യത്തിനു മതിയായ തെളിവു നൽകുന്നതാണു്. അനീതിയും, അക്രമവും, അസാന്മാർഗ്ഗികതയും രാമകൃഷ്ണപിള്ളയെ രോഷാകുലനാക്കിയിരുന്നു. അഴി

മതികളോടും, അധികാരപ്രമത്തതയോടും, യാതൊരു രാജിയും അദ്ദേഹത്തിനു സാധ്യമായിരുന്നില്ല. വികാരാവേഗത്തോടുകൂടി അദ്ദേഹമെഴുതിയിരുന്ന ലേഖനങ്ങൾ ചിലപ്പോൾ വ്യക്തി വിദ്വേഷപരങ്ങൾകൂടി ആയിരുന്നുവെങ്കിലും, പൊതുക്കാര്യ്യ ജീവിതത്തിൻെറ പരിശുദ്ധിയും ജനക്ഷേമവും മാത്രമാണ് അദ്ദേഹത്തെ നിയന്ത്രിച്ചിരുന്ന പ്രേരകശക്തികളെന്നു നിസ്സംശയം പറയാം. രൂക്ഷവുംനിർദ്ദാക്ഷിണ്യവുമായിരുന്ന അദ്ദേഹത്തിൻെറ വിമർശനങ്ങൾ രാജസേവകന്മാൎക്കും, ഉദ്യോഗസ്ഥദുഷ്പ്രഭുക്കൾക്കും, ഒന്നുപോലെ ഹൃദയശല്യത്തിനു കാരണമായിത്തീൎന്നു. ദിവാൻജിയും ശങ്കരൻതമ്പിയുമദ്ദേഹത്തെ സ്വപ്നത്തിൽപോലും ഭയപ്പെട്ടു. ഉദ്യോഗസ്ഥലോകം അദ്ദേഹത്തെ വെറുത്തു. വൈരനിര്യ്യാതനത്തിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ബുദ്ധിശാലയിൽ അവർ ആരാഞ്ഞു തുടങ്ങി. രാമകൃഷ്ണപിള്ളയ്ക്ക് ഇതറിയാമായിരുന്നു എങ്കിലും, അദ്ദേഹം തൻെറ കൃത്യമാൎഗ്ഗത്തിൽനിന്നണുപോലും വ്യതിചലിച്ചില്ല. അദ്ദേഹത്തിൻെറ വിമർശനങ്ങൾക്കു മൂൎച്ച കൂടി. അപ്രതീക്ഷിതമാംവണ്ണം ഒരു സായാഹ്നത്തിൽ അധികാരികൾ അദ്ദേഹത്തെ അറസ്റ്റുചെയ്തു് ആരുവാമൊഴി കടത്തിവിട്ടു. തിരുവിതാംകൂറിലെ അന്നത്തെ പൊതുജനാഭിപ്രായത്തെ അത്യന്തം പ്രക്ഷുബ്ധമാക്കിയ ഒരു സംഭവമായിരുന്നു ഇതു്. അനീതിയോടും അസാന്മാൎഗ്ഗികതയോടും നിരന്തരം പടവെട്ടിക്കൊണ്ടിരുന്ന രാമകൃഷ്ണപിള്ള ജനങ്ങളുടെ ആരാധനാപാത്രമായിത്തീൎന്നു. യശശ്ശരീരനായ രാമകൃഷ്ണപിള്ള ഇന്നും മലയാളികളുടെ ബഹുമാനാദരങ്ങൾക്കു പാത്രമാണ്. മാതൃഭൂമിയിൽനിന്നും ബഹിഷ്കൃതനായ ആ ദേശാഭിമാനി മലബാറിൽ വച്ചു നിര്യ്യാതനായി. കണ്ണൂർകടപ്പുറത്തു് അദ്ദേഹത്തിൻെറ അന്ത്യാവശിഷ്ടങ്ങൾ അടക്കം ചെയ്തിട്ടുള്ള ഭൂമി സ്വാതന്ത്ര്യത്തിൻേറയും ത്യാഗസന്നദ്ധതയുടേയും പുണ്യക്ഷേത്രമായിക്കരുതി ചില തിരുവിതാംകൂർകാർ ഇന്നും ആ സ്ഥലത്തേയ്ക്കു തീൎത്ഥയാത്ര പോകാറുണ്ട്.

# അദ്ധ്യായം ൩

ചങ്ങനാശേരി പരമേശ്വരൻപിള്ള ഒരു സമുദായവാദിയായിട്ടാണു തന്റെ പൊതുക്കാൎയ്യജീവിതം ആരംഭിച്ചതു്. അദ്ദേഹത്തിന്റെ ഗുരുനാഥനും, ഉപദേഷ്ടാവും അഭ്യുദയകാംക്ഷിയും സഹപ്രവൎത്തകനുമായിരുന്ന സീ. കൃഷ്ണപിള്ളയും ഒരു വൎഗ്ഗീയവാദിതന്നെയായിരുന്നു. ഇന്നത്തെ ദേശീയവീക്ഷണകോടിയിൽ നിന്നു നോക്കിയാൽ, ഒരുപക്ഷേ അവരുടെ പ്രവൎത്തനങ്ങൾ വളരെ ഇടുങ്ങിയതും, രാജ്യത്തിനു ദോഷകരവുമായിരുന്നു എന്നു തോന്നാമെങ്കിലും അന്നത്തെ സാഹചൎയ്യങ്ങളിൽ ഒരു ദേശീയപ്രസ്ഥാനം ഉണ്ടാകുകയെന്നുള്ളതു് അസംഭാവ്യമായിരുന്നു. വിസ്തൃതമായ ഇൻഡ്യാഭൂഖണ്ഡത്തിൽത്തന്നെ അന്നു കാൎയ്യമായ യാതൊരു ദേശീയപ്രവൎത്തനങ്ങളുമുണ്ടായിരുന്നില്ല. ഭാരതമഹാജനസഭ ഉത്ഭവിച്ചുകഴിഞ്ഞിരുന്നു എങ്കിലും, പ്രാരംഭഘട്ടത്തിലെ അതിന്റെ പ്രവൎത്തനരീതി പഠിച്ചിട്ടുള്ള ഒരാൾക്കു്, അന്നു വിപുലമായ തോതിൽ യാതൊരു ദേശീയപരിപാടിയും ആ സ്ഥാപനത്തിനുണ്ടായിരുന്നില്ലെന്നു മനസ്സിലാക്കുവാൻ വിഷമമില്ല. ഭാരതീയജനതയുടെ ദേശീയബോധത്തിനോ, സ്വാതന്ത്ര്യതൃഷ്ണയ്ക്കോ, യാതൊരുണൎവ്വും അന്നു ലഭിച്ചിരുന്നില്ല. ഭാരതസാമ്രാജ്യത്തിലേ ബഹുകോടിജനങ്ങൾ അജ്ഞതയിലും അൎദ്ധനിദ്രയിലും കഴിഞ്ഞുകൂടുന്ന കാലമായിരുന്നു അതു്. ഇന്നത്തെ ദേശീയബോധവും സ്വാതന്ത്ര്യബുദ്ധിയും അടിസ്ഥാനമാക്കിവച്ചുകൊണ്ടു്, ഏകദേശം നാല്പതു വൎഷങ്ങൾക്കു മുൻപുള്ള തിരുവിതാംകൂറിലെ പൊതുക്കാൎയ്യജീവിതത്തെ വിമൎശിക്കുവാൻ തുടങ്ങുന്നതു മൌഢ്യമാണു്. ഏതായാലും ചങ്ങനാശേരിയുടെ പൊതുക്കാൎയ്യജീവിതത്തിനു് എന്നും ദേശീയമായ ഒരു കലൎപ്പുണ്ടായിരുന്നു എന്നുള്ളതു് അദ്ദേഹത്തിന്റെ വിമൎശകന്മാർ കൂടി സമ്മതിക്കുന്ന ഒരു കാൎയ്യമാണു്. പരമേശ്വരൻപിള്ളയുടെ നേതൃത്വത്തിൽ നായന്മാരുടെ വൎഗ്ഗീയസംഘടനകൾ അപഥസഞ്ചാരം ചെയ്തിട്ടില്ലെന്നു പറയുന്നതു സാഹസമായിരിക്കുമെങ്കിലും, വൎഗ്ഗീയവാദം ദേശീയജീവിതത്തോടനുരഞ്ജിപ്പിക്കുവാൻ അദ്ദേഹം അനവരതം യത്നിച്ചുകൊണ്ടിരുന്നു എന്നു പറയുന്നതിൽ തെററില്ല.

ഇതരസമുദായങ്ങളിലെ കടന്ന വർഗ്ഗീയവാദികൾപോലും അവരുടെ സമുദായപ്രവർത്തനങ്ങളെക്കുറിച്ചു പലപ്പോഴും അദ്ദേഹത്തിന്റെ ഉപദേശം ചോദിക്കയും, അതനുസരിച്ചു പ്രവർത്തിക്കയും, ചെയ്തിട്ടുണ്ട്. സമുദായങ്ങളെ പരസ്പരം അടുപ്പിക്കുവാനുതകുന്ന പല പൊതുക്കാര്യപ്രവർത്തനങ്ങളിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. പരമേശ്വരൻപിള്ള പൊതുക്കാര്യജീവിതമാരംഭിക്കുന്ന കാലത്തു് അദ്ദേഹമുൾപ്പെടുന്ന നായർസമുദായത്തിന് ഒരു പരിഷ്കർത്താവിന്റെ നേതൃത്വവും സേവനവും അത്യന്താപേക്ഷിതമായിരുന്നു. സാമുദായികമായി നായന്മാർ അധഃപതിച്ചുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അതു്. സമുദായജീവിതത്തിലെ കളങ്കങ്ങളും ദുരാചാരങ്ങളും നിർമ്മാർജ്ജനം ചെയ്യുവാനും, നായന്മാരുടെ നിലനില്പിനു് ഒഴിച്ചുകൂട്ടുവാൻ വഹിയാത്ത നിയമങ്ങൾ നിർമ്മിക്കുവാൻ ഗവണ്മെൻറിനെ പ്രേരിപ്പിക്കുവാനും, അവരുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കുവാനും ഒരു സാമുദായികസംഘടന ആവശ്യമായിരുന്നു എന്നുള്ളതിനു സംശയമില്ല. നായന്മാരുടെ വിവാഹം, ദായക്രമം മുതലായ കാര്യങ്ങളിൽ നൂതനമായി നിയമങ്ങൾ നിർമ്മിക്കുവാനും, പുരോഗതി വിഘ്നപ്പെടുത്തുവാൻ വേണ്ടി വിലങ്ങടിച്ചു നിന്ന പ്രതിലോമശക്തികളോടു വിജയകരമാംവണ്ണം മല്ലടിക്കുവാനും, സംഘടിതമായ സമുദായശക്തിയ്ക്കു മാത്രമേ കഴിയുമായിരുന്നുള്ളു. നായർസമുദായത്തിന്റെ നിലനില്പിനും, പുരോഗതിക്കുമാവശ്യമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയതിനു ശേഷം, ആ സംഘടനകളോടുള്ള ബന്ധം വേർപെടുത്തുവാനും, പൊതുക്കാര്യജീവിതത്തിൽ അന്നത്തെ ചരിത്രസ്ഥിതികൾക്കനുരൂപമാംവണ്ണം തികച്ചും ദേശീയമായ ഒരു വീക്ഷണകോടി സ്വീകരിക്കുവാനും, അദ്ദേഹത്തിനു വിഷമമുണ്ടായിരുന്നില്ല. സമുദായസ്ഥാപനങ്ങളുടെ ഉപയോഗവും ആവശ്യവും അവസാനിച്ചപ്പോഴും, വ്യക്തിപരമായ സ്വകാര്യലാഭേച്ഛകൊണ്ടും, സ്ഥാനമാനങ്ങൾ നഷ്ടപ്പെടുത്തുവാനുള്ള വൈമനസ്യംകൊണ്ടും, അല്പബുദ്ധികളും ഏസ്വവീക്ഷണമുള്ളവരും ആയ ജനങ്ങൾ അവയോടു കൂടുതൽ പററിച്ചേർന്നുനിന്നു. എന്നാൽ പ്രകൃത്യാ ഒരു ദേശീയവാദിയായിരുന്ന പരമേശ്വരൻപിള്ള തനിക്കു് അന്നുവരെ പ്രസ്തുത സ്ഥാപനങ്ങളോടുണ്ടായിരുന്ന വളരെ

അടുത്ത ബന്ധം എന്നേയ്ക്കുമായി പരിച്ഛേദിച്ചുകളയുവാൻ അശേഷം മടിച്ചില്ല.

ഒരു സമുദായപരിഷ്കർത്താവ്, എന്ന നിലയിൽ നായന്മാരുടെ ദുഷിച്ച ദായക്രമമാണ് ആദ്യമായി ചങ്ങനാശേരിയുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചതു്. മരുമക്കത്തായം ഇന്നു മിക്കവാറും ഒരു ഭൂതകാലസ്മരണ മാത്രമായിത്തീർന്നിട്ടുണ്ട്. കേരളീയരല്ലാത്തവർക്ക് മനസ്സിലാക്കുന്നതിനുപോലും വിഷമമായ ഈ ദായക്രമവും, സമുദായഘടനയും ചങ്ങനാശേരി പൊതുക്കാര്യജീവിതമാരംഭിക്കുന്ന കാലത്തു് അതിന്റെ അസ്ഥിവാരത്തിൽനിന്ന് ഇളകിത്തുടങ്ങിയിരുന്നു. ഒരുകാലത്തു പക്ഷേ മനോഹരവും, സുദൃഢവും, ഉപയോഗപ്രദവുമായിരുന്ന ആ മഹാസൌധം കാലത്തിന്റെ നശീകരണത്തിരുപ്പിൽപെട്ടു പ്രായേണ ദുർബ്ബലവും, അതിൽ ആവാസം ചെയ്തിരുന്ന ജനങ്ങൾക്ക് ആപൽക്കരവും ആയിത്തുടങ്ങിയിരുന്നു. ചില ചെറിയ അററകുററപ്പണികൾകൊണ്ട് അതിനെ പൂർവ്വവൽ പ്രബലവും, വാസയോഗ്യവും ആക്കാമെന്നു സ്വാഭാവികമായി അതിൽ നിവസിച്ചിരുന്ന ചിലർ വിചാരിച്ചു. അററകുററപ്പണികൾ അവർ ഊർജ്ജിതമായും, നിഷ്കർഷയോടുകൂടിയും ആരംഭിച്ചു. എന്നാൽ ആ പുരാതനശില്പവൈദഗ്ദ്ധ്യത്തിന്റെ മനോഹാരിതയിലും സൗഹചര്യങ്ങളിലും മുഴുകി മതിമറന്നുപോയ ചില കടന്ന യാഥാസ്ഥിതികന്മാർ കഠിനമായ പ്രതിഷേധസ്വരങ്ങൾ മുഴക്കി, ഈ നൂതനപരിഷ്കരണശ്രമങ്ങൾക്ക പൂർണ്ണവിരാമമിടുവിച്ചു. അതിനാൽ ആ പ്രാചീനസൌധം കൂടുതൽ പുരാതനവും ആപൽക്കരവും ആയിത്തീർന്നുകഴിഞ്ഞിരുന്നു. പഴക്കം വർദ്ധിച്ചുവന്നതോടുകൂടി കേടുപാടുകൾ നീക്കി, വീണ്ടും ആവാസയോഗ്യമാക്കിത്തീർക്കുവാൻ കഴിവില്ലാത്തവിധം അതു ദ്രവിച്ചുതുടങ്ങി. ഒടുവിൽ ജീർണ്ണിച്ച ആ മന്ദിരം നിലംപതിച്ചു. നൂതനപരിതഃസ്ഥിതികൾക്കനുരൂപമായ വിധത്തിൽ വീണ്ടും അതു പണികഴിക്കയല്ലാതെ ഗത്യന്തരമില്ലെന്നു വന്നുകൂടി. ഈ ഘട്ടത്തിൽ മരുമക്കത്തായദായക്രമം പരിഷ്കരിക്കുവാൻ ചിലർ ചെയ്ത ശ്രമങ്ങളുടെ സമഗ്രമായ ഒരു വിവരണം ഇവിടെ അപ്രസക്തമായിരിക്കയില്ലെന്നു തോന്നുന്നു.

അനേകശതവർഷങ്ങളായി നായർസമുദായം ആചരിച്ചു വന്നിരുന്ന മരുമക്കത്തായദായക്രമവും കൂട്ടുകുടുംബ വ്യവസ്ഥയും സമുദായത്തിൻെറ ഉൽഗതിയ്ക്കു വിഘാതമായിത്തീൎന്നതിനുള്ള കാരണങ്ങൾ വിവിധങ്ങളാണ്. അവയിൽ പ്രധാനമായതു നായർതറവാടുകൾക്ക് അകമേനിന്നുതന്നെ ഉണ്ടായ സമ്പൽക്ഷയമായിരുന്നു. തിരണ്ടുകുളി, താലികെട്ട് ഇത്യാദി നായർസമുദായം ഏൎപ്പെടുത്തിയിരുന്ന അനാചാരങ്ങൾ ഈ അധഃപതനത്തെ അമിതമായി സഹായിക്കാതിരുന്നില്ല. അടിയന്തിരങ്ങൾക്ക് എത്ര ധനം ദുർവ്യയം ചെയ്താലും അതു് ഒരു അപരാധമായിത്തീരുന്നതല്ലെന്നു കാരണവന്മാർ ധരിച്ചു വശായി. ഈ ആവശ്യങ്ങൾക്കായി തറവാട്ടുവസ്തുക്കൾ മുഴുവൻതന്നെ വേണ്ടിവന്നാൽ അന്യാധീനം ചെയ്തു പണമുണ്ടാക്കുവാനും അവൎക്കു വൈമനസ്യമില്ലെന്നും വന്നു. ഇങ്ങിനെ വസ്തുക്കൾ പണയപ്പെടുത്തുന്നതിനും വിലകൊടുക്കുന്നതിനും കാരണവന്മാൎക്കു ലഭിച്ച സൌകൎയ്യം അവർ ക്രമേണ കൂടുതലായി ദുരുപയോഗം ചെയ്യുവാൻ തുടങ്ങി. അടിയന്തിരാവശ്യങ്ങൾക്കെന്ന വ്യാജേന വസ്തുക്കൾ അന്യാധീനം ചെയ്യുന്നതിനും, കിട്ടുന്ന പണത്തിന്റെ സിംഹഭാഗവും സ്വാൎത്ഥലാഭത്തിനും കളത്രപുത്രാദികൾക്കു സമ്പാദ്യം ഉണ്ടാക്കുന്നതിനും, വേണ്ടി വിനിയോഗിക്കുവാനും, അവരിൽ പലരും മടിച്ചില്ല. കാരണവന്മാരുടെ നിരുത്തരവാദപരമായ ഈ ഗൃഹഭരണരീതി മററു് ഉപജീവനമാൎഗ്ഗങ്ങളില്ലാതെ തറവാടിനെ ആശ്രയിച്ചു കഴിയേണ്ടിയിരുന്ന ഇളമുറക്കാരുടെ ഇടയിൽ അതികഠിനമായ അസംതൃപ്തി ഉണ്ടാക്കി. അവർ പ്രതിഷേധശബ്ദം പുറപ്പെടുവിച്ചു. അങ്ങിനെ കുടുംബഛിദ്രങ്ങൾ ഉത്ഭവിച്ചു. കാരണവന്മാരുടെ അധികാരവ്യാപ്തിയ്ക്കു് ഉടവു തട്ടി. നായർതറവാടുകളെ സംബന്ധിച്ചുള്ള സിവിലും ക്രിമിനിലും ആയ വ്യവഹാരങ്ങൾകൊണ്ടു കോടതികൾ നിറഞ്ഞു.

കൂടാതെ പാശ്ചാത്യസംസ്കാരത്തിന്റേയും, വിദ്യാഭ്യാസത്തിന്റേയും ആവിർഭാവം ഭാരതത്തിൻെറ ഇതരഭാഗങ്ങളിലെന്നതുപോലെ കേരളത്തിലും പല പരിവൎത്തനങ്ങളും ഉണ്ടാക്കിക്കഴിഞ്ഞിരുന്നു. തൽഫലമായി കഴിഞ്ഞ നൂററാണ്ടിൻെറ മദ്ധ്യത്തോടുകൂടി മരുമക്കത്തായവും കൂട്ടുകുടുംബവ്യവസ്ഥയും അതി

ശ്രുക്ഷമായ വിമശ്നങ്ങൾക്ക വിഷയമായി. പ്രസ്തുത വ്യവസ്ഥ കൾ സമുദായത്തിന്റെ കാലാനുക്രമമായ പരിണാമത്തിനം, വ്യക്തികളുടെ സ്വാഭാവികമായ പുരോഗതിക്കം, പ്രതിബന്ധമായി നില്ക്കുന്നു എന്ന അഭിപ്രായത്തിനു കൂടുതൽ പ്രാബല്യം സിദ്ധിച്ചു. ഈ പരിവത്തനഘട്ടത്തിൽ രചിക്കപ്പെട്ടിട്ടുള്ള സാമുദായികനോവലുകളാണ് ഒ. ചന്തുമേനവന്റെ സുപ്രസിദ്ധമായ 'ഇന്ദുലേഖയും', 'ശാരദയും'. നായർതറവാട്ടുകളുടെ അന്നത്തെ ക്ഷയോന്മുഖമായ അവസ്ഥയേയും, അതിനിടയാക്കിയ ദുരാചാരങ്ങളേയും, ഒരു കലാകാരനും സമുദായപരിഷ്കത്താവുമായിരുന്ന ആ പ്രതിഭാസമ്പന്നൻ ഹൃദയംഗമമാംവണ്ണം ശാശ്വതചിത്രണം ചെയ്തിട്ടുണ്ട്.

മരുമക്കത്തായദായക്രമം ആചരിക്കുന്നവരുടെ ഇടയിലുള്ള വിവാഹബന്ധത്തിനു നിയമസാധുത്വം നൾകുകയെന്നുള്ളതായിരുന്നു സമുദായപരിഷ്കത്താക്കളെ പ്രഥമവും പ്രധാനവുമായി ആകഷിച്ച ദുഘടപ്രശ്നം, എന്നു പ്രസ്താവിച്ചാൽ നായർസമുദായത്തിന്റെ സദാചാരപരമായ നില എത്ര താഴ്ന്ന പടിയിലുള്ള ഒന്നായിരുന്നു എന്നു വ്യക്തമാകുമല്ലോ. ദായക്രമത്തിന്റേയും സ്വത്തവകാശത്തിന്റേയും പ്രത്യേകത മൂലം മരുമക്കത്തായം ആചാരിക്കുന്നവരുടെ ഇടയിലുള്ള വിവാഹബന്ധങ്ങൾക്ക നിയമസാധുത്വം നൾകുവാൻ നീതിന്യായക്കോടതികൾക്ക് അത്യധികമായ വിഷമങ്ങൾ നേരിട്ടു. നായർസ്ത്രീകളും, നായരേതരന്മാരായ ഉയന്ന വഗ്ഗത്തിൽപെട്ട പുരുഷന്മാരും, തമ്മിൽ സാധാരണയായി നടക്കാറുണ്ടായിരുന്ന വിവാഹബന്ധങ്ങളായിരുന്നു ഈ പ്രശ്നത്തിനു കൂടുതൽ കുഴപ്പമുണ്ടാക്കിയതു്. കൂടാതെ ഇടപ്രഭുക്കന്മാരായ നായന്മാർ അവരുടെ തറവാട്ടുകളിൽ സജാതീയബന്ധം നിഷിദ്ധമായും, ബ്രാഹ്മണസംബന്ധം ഉൽകൃഷ്ടമായും, കരുതിവന്നിരുന്നു എന്നുള്ളതുതന്നെ ഈ വിജാതീയബന്ധത്തിന്റെ സാർവ്വത്രികത്വം വ്യക്തമാക്കുന്നു. മരുമക്കത്തായത്തിന്റെ ഫലങ്ങളിൽ ഒന്നായ ഇത്തരം വിജാതീയബന്ധങ്ങൾ നിയമാനുസരണമായ വിവാഹങ്ങളാണോ എന്നുള്ള പ്രശ്നം സ്വാഭാവികമായി ഉത്ഭവിച്ചു. ഈ പ്രശ്നത്തെ സംബന്ധിച്ച തിരുവിതാംകൂർ ഹൈക്കോടതിയിൽ ൧൦൮൦-ാമാണ്ടു സുപ്രസിദ്ധമായ ഒരു വ്യവഹാരമുണ്ടായി.

മദ്ധ്യതിരുവിതാംകൂറിലെ ഒരു നായർ ഇടപ്രഭുകുടുംബത്തിൽ, സമീപമുള്ള ഒരു പ്രധാന ഇല്ലത്തിലെ ഇളമുറക്കാരനായ ഒരു നമ്പൂതിരിബ്രാഹ്മണൻ വിവാഹം ചെയ്തു. ആ ദാമ്പത്യബന്ധം ആദ്യകാലഘട്ടത്തിൽ നിർബാധമായി പുരോഗമിച്ചു. ഏതാനും വർഷങ്ങൾക്കുള്ളിൽ വധൂവരന്മാർ അഞ്ചു ശിശുക്കളുടെ മാതാപിതാക്കന്മാരായിത്തീർന്നു. എന്നാൽ, ആ ഘട്ടത്തിൽ അവരുടെ ബന്ധത്തിന് ഒരു വലിയ ഉലച്ചിൽ തട്ടി. ഇല്ലത്തിലെ മൂപ്പനും തറവാട്ടിലെ കാരണവനും തമ്മിൽ അതികലശലായ ഒരു രസക്ഷയം ഉത്ഭവിച്ചു. അതിന്റെ ഫലമായി വിവാഹബന്ധം ശിഥിലപ്പെട്ടുപോയി. വ്യവഹാരപ്രിയനായിരുന്ന കാരണവർ നമ്പൂതിരിയെ ഒരു നല്ല പാഠം പഠിപ്പിക്കണമെന്നു തീരുമാനിച്ചു. അശരണരായിത്തീർന്ന ഭാര്യയും, അഞ്ചു സന്താനങ്ങളും, ഭർത്താവായിരുന്ന നമ്പൂതിരിയേയും, ഇല്ലത്തിലെ ഇതര അംഗങ്ങളേയും, പ്രതികളായിച്ചേർത്തു കോടതിയിൽ ചിലവിനു കിട്ടുവാനായി ഒരു വ്യവഹാരം ബോധിപ്പിച്ചു. അക്കാലത്തു പ്രക്ഷോഭജനകമായ ഒരു സംഭവമായിരുന്നു ഇതു്. അന്നു് ആലപ്പുഴ ജില്ലാജഡ്ജിയായിരുന്ന മി. കെ. നാരായണമേനോൻ, കുട്ടികൾക്കു ചിലവിനു കിട്ടുവാനവകാശമുണ്ടെന്നു വിധിയെഴുതി. നമ്പൂതിരി ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. ദിവാൻബഹദൂർ ഏ. ഗോവിന്ദപ്പിള്ള ഉൾപ്പെട്ട ഒരു ഫുൾബെഞ്ചിലാണു ഹൈക്കോടതിയിൽ പ്രസ്തുത കേസ് വാദം കേട്ടതു്. പുടമുറി, നായന്മാരും മലയാളബ്രാഹ്മണരും തമ്മിലുള്ള ന്യായാനുസരണമായ വിവാഹരീതിയാണെന്നും, അതിനാൽ കുട്ടികൾക്കു ചിലവിനു കൊടുക്കുവാൻ നമ്പൂതിരി ബാധ്യസ്ഥനാണെന്നുമായിരുന്നു ഫുൾബെഞ്ചിലെ ഭൂരിപക്ഷം ജഡ്ജിമാർ അഭിപ്രായപ്പെട്ടതു്. എന്നാൽ ഫുൾബെഞ്ചിലെ മറെറാരു ജഡ്ജിയായിരുന്ന ജസ്റ്റീസ് പത്മനാഭയ്യർ ബ്രാഹ്മണർക്കും ശൂദ്രർക്കും തമ്മിൽ ഹിന്ദുനിയമമനുസരിച്ച വിവാഹബന്ധമനുവദിച്ചിട്ടില്ലെന്നും, അതിനാലും, മററു കാരണങ്ങളാലും പ്രസ്തുത ദാമ്പത്യത്തിൽ നിന്നുണ്ടായ ശിശുക്കൾക്കുപോലും ചിലവിനു കിട്ടുവാൻ അവകാശമില്ലെന്നും, ഒരു വിഭിന്നാഭിപ്രായം രേഖപ്പെടുത്തി. ഭൂരിപക്ഷതീരുമാനപ്രകാരംതന്നെ ഹിന്ദു

നിയമമനുസരിച്ചു കുട്ടികൾക്കല്ലാതെ ഭാൎയ്യയ്ക്കു ചിലവിനു കിട്ടുവാനവകാശമില്ലെന്നായിരുന്നു വിധിസാരം.

ഇങ്ങിനെ നായന്മാരുടെ ഇടയ്ക്കുള്ള വിവാഹബന്ധങ്ങളുടെ നിയമസാധുത്വംപോലും നീതിന്യായക്കോടതികളിൽ ചോദ്യവിഷയമാകുന്നതു സമുദായത്തിന്റെ അന്തസ്സിനും അഭിമാനത്തിനും ചേൎന്നതല്ലെന്നുള്ള ഒരു ബോധം ഉൽബുദ്ധരായ സമുദായാംഗങ്ങളുടെ ഇടയ്ക്കു പ്രചരിച്ചപ്പോൾ, അതിനൊരു പരിഹാരമാൎഗ്ഗം നേടുവാനുള്ള പ്രാരംഭശ്രമങ്ങൾ തുടങ്ങി. ഇതരവൎഗ്ഗങ്ങളുടെ ദൃഷ്ടിയിൽ നായർസമുദായത്തെ പരിഹാസപാത്രമാക്കിത്തീൎക്കുന്ന ഈ ദുഷിച്ച ഏൎപ്പാടിനെ നിയമനിൎമ്മാണംകൊണ്ടു പരിഷ്കരിക്കുവാൻ പ്രക്ഷോഭണമാരംഭിച്ചു. ബ്രിട്ടീഷ് മലബാറിൽ ഇതിലേയ്ക്കു് ഒരു പ്രക്ഷോഭണമാരംഭിച്ചുകഴിഞ്ഞിരുന്നു. ഈ പ്രക്ഷോഭണത്തെ ആദരിച്ചു മരുമക്കത്തായ വിവാഹങ്ങളെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യുവാൻ മദ്രാസ്ഗവൎമ്മെന്റ് സർ. ടി. മുത്തുസ്വാമിഅയ്യരുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മറ്റിയെ നിയമിക്കയും, പ്രസ്തുത കമ്മറ്റി വിസ്തൃതമായ അന്വേഷണങ്ങൾ നടത്തി ഒരു റിപ്പോർട്ടു സമർപ്പിക്കയും ചെയ്തിരുന്നു. എല്ലാ മരുമക്കത്തായ വിവാഹങ്ങൾക്കും നിയമസാധുത്വം നൾകേണ്ട ആവശ്യകതയെ പ്രസ്തുത റിപ്പോർട്ടിൽ ഊന്നിപ്പറഞ്ഞിരുന്നു. ഈ റിപ്പോട്ടനുസരിച്ചു മലബാറിൽ ഒരു നൂതനനിയമം നടപ്പിൽ വരുത്തി. മരുമക്കത്തായവിവാഹങ്ങൾക്കു നിയമസാധുത്വം നൾകണമെന്ന തത്വത്തെ അടിസ്ഥാനമാക്കി നിൎമ്മിക്കപ്പെട്ടതായിരുന്നു പ്രസ്തുത നിയമമെങ്കിലും, അപ്രകാരം നിയമസാധുത്വം ലഭിക്കുന്നതിന് ഓരോ വിവാഹവും രജിസ്റ്റർചെയ്യേണ്ടതാണെന്നു് ഒരു വ്യവസ്ഥകൂടി അതിലുൾപ്പെടുത്തിയിരുന്നതു്, ആ നിയമത്തിന്റെ വ്യാപ്തിയേ തുലോം പരിമിതപ്പെടുത്തി. രജിസ്റ്റർ ചെയ്യാത്ത വിവാഹങ്ങളെല്ലാം നിയമദൃഷ്ട്യാ അസാധുവാണെന്നും, തന്മൂലം മരുമക്കത്തായവിവാഹങ്ങൾ പ്രായേണ നിയമസാധുത്വമില്ലാത്തവയാണെന്നും, അപ്രകാരം അസാധുവായ ബന്ധത്തിനു രജിസ്ട്രേഷൻകൊണ്ടു സാധുത്വം നൽകുകയാണെന്നുമായിരുന്നു ഈ നിയമത്തിൽനിന്നും സിദ്ധമായതു്. ഇതു തുലോം അതൃപ്തികരമായ ഒരു വ്യവസ്ഥയായിരുന്നു.

# അദ്ധ്യായം ൭

പുടമുറി, നിയമപ്രകാരമുള്ള വിവാഹമാണെന്നു ദിവാൻബഹദൂർ എ. ഗോവിന്ദപ്പിള്ള വിധി എഴുതുന്നതിന് എട്ടു സംവത്സരങ്ങൾക്കു മുൻപായിരുന്നു മരുമക്കത്തായ വിവാഹങ്ങൾക്കു നിയമസാധുത്വം നൽകണമെന്ന കാൎയ്യം തിരുവിതാംകൂർ നിയമനിൎമ്മാണസഭയുടെ ആലോചനയ്ക്കു വിഷയമായതു്. പരേതനായ പി. താണുപിള്ള ഈ വിഷയത്തെപ്പററി ഒരു ബിൽ ൧൦൬൨-ൽ നിയമസഭയിൽ ഹാജരാക്കി. ശിക്ഷാനിയമബിൽ നിയമസഭയുടെ പൎയ്യാലോചനയ്ക്കു വിഷയമായപ്പോൾ, അതിൽ വിവാഹങ്ങളെ സംബന്ധിക്കുന്ന കുററങ്ങളെക്കുറിച്ചുള്ള വ്യവസ്ഥകളിൽ മരുമക്കത്തായികളായ ഹിന്ദുക്കളുടെ ഇടയിലുള്ള വിവാഹങ്ങൾക്കു നിയമസാധുത്വമുണ്ടോ എന്ന പ്രശ്നമുത്ഭവിക്കയും, അത്തരം വിവാഹങ്ങൾക്ക് സാധുവായ വിവാഹങ്ങളുടെ ലക്ഷണങ്ങൾ തികഞ്ഞിരുന്നു എങ്കിലും, വിവാഹമോചനം സംബന്ധിച്ച ഖണ്ഡിതമായ വ്യവസ്ഥകളൊന്നുമില്ലാതിരുന്നതിൽ ശിക്ഷാനിബന്ധനകൾ നടപ്പിൽ വരുത്തുന്നതിൽ ദുർഘടമുണ്ടാകുമെന്ന അഭിപ്രായം പ്രകടമാകുകയും, ചെയ്കതിനാൽ മരുമക്കത്തായികളുടെ വിവാഹം സാധുവാണെന്നു നിയമത്താൽ വിധിക്കയും, വിവാഹമോചനത്തിനു ലളിതവും വ്യക്തവും ആയ നടപടികൾ ഏൎപ്പെടുത്തുകയും ചെയ്യേണ്ടതു് ആവശ്യമായിത്തീൎന്നതിനാലാണു താൻ പ്രസ്തുത ബിൽ അവതരിപ്പിക്കുന്നതെന്നു് താണുപിള്ള ബില്ലിൻെറ സാധ്യകാരണവിവരണത്തിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുതബില്ലിൽ എല്ലാ മരുമക്കത്തായവിവാഹങ്ങൾക്കും നിയമസാധുത്വം നൽകിയിരുന്നതു കൂടാതെ, വിവാഹമോചനത്തിന് വ്യക്തവും ലളിതവുമായ നടപടികൾ ഏൎപ്പെടുത്തുകയും ചെയ്തിരുന്നു.

പി. താണുപിള്ള അക്കാലത്തു തിരുവിതാംകൂറിൽ ജീവിച്ചിരുന്ന പ്രതിഭാസമ്പന്നന്മാരിൽ അഗ്രേസരനായിരുന്നു.

അതിഗംഭീരവും കാൎയ്യസമ്പൂൎണ്ണവുമായ ഒരു പ്രസംഗത്തോടുകൂടിയാണു് അദ്ദേഹം ബിൽ നിയമസഭയിൽ അവതരിപ്പിച്ചതു്. ബിൽ അന്നുതന്നെ സിലക്ററ്കമ്മററിയെ ഏല്പിക്കയും ചെയ്തു. എന്നാൽ പിന്നീടതൊരിക്കലും സൂൎയ്യപ്രകാശം കാണുകയുണ്ടായിട്ടില്ല. മരുമക്കത്തായ വിവാഹങ്ങൾക്കു തിരുവിതാംകൂറിൽ നിയമസാധുത്വം നൾകുന്നതു് ഒരുകൂട്ടൎക്കു് അന്നു് ഹിതകരമായ കാൎയ്യമായിരുന്നില്ല. അവർ മാന്യമായ നായർതറവാട്ടുകളിലെല്ലാം സംബന്ധംകൂടി, ഉത്തരവാദിത്വവും ധനവ്യയവും കൂടാതെ ഭൎത്തൃപദം പുലൎത്തിവന്ന ചില നമ്പൂതിരിമാരും, ബ്രാഹ്മണരും, ക്ഷത്രിയരുമല്ലാതെ മററാരുമായിരുന്നില്ല. പരപ്പനാട്ടു രാജാവായിരുന്ന കേരളവൎമ്മകോയിത്തമ്പുരാന്റെ നേതൃത്വത്തിൽ ഇക്കൂട്ടർ പ്രസ്തുത ബില്ലിനെ ശക്തിയായി എതിൎത്തു. അന്നവരുടെ സ്വാധീനശക്തി അതിരററ ഒന്നായിരുന്നു. അന്നത്തെ മഹാരാജാവും ഒരു യാഥാസ്ഥിതികനായിരുന്നു. ഒരു സക്കാരുദ്യോഗസ്ഥനായിരുന്ന താണുപിള്ളയ്ക്കു് ഈ ശക്തിയേറിയ പ്രതിബന്ധങ്ങളെ പ്രതിരോധിച്ചു ബിൽ മുന്നോട്ടു കൊണ്ടുപോകുവാൻ സാധ്യമായിരുന്നില്ല. അങ്ങിനെ ആ പ്രാരംഭശ്രമം ഗൎഭത്തിൽത്തന്നെ മൃതിയടഞ്ഞു.

മരുമക്കത്തായവിവാഹങ്ങൾക്കു നിയമസാധുത്വം നൾകേണ്ടതിന്റേയും, തറവാട്ടുകളിൽ ഭാഗതത്വം അംഗീകരിക്കേണ്ടതിന്റേയും, ആവശ്യകതയെ ക്രോഡീകരിച്ചു ൧൦൭൯-ൽ ചങ്ങനാശേരി പരമേശ്വരൻപിള്ള അന്നു ശിവരാജിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന 'മലബാർ ക്വാട്ടർലി റിവ്യൂ'വിൽ ഒരു ലേഖനമെഴുതി. പ്രസ്തുത ലേഖനം പലരുടേയും എതിൎപ്പിനും ഖണ്ഡനവിമൎശ്ശങ്ങൾക്കും വിഷയമായി. ൧൦൮൨-ൽ പരമേശ്വരൻപിള്ള ശ്രീമൂലംപ്രജാസഭയിലെ ഒരു സാമാജികനായി തിരഞ്ഞെടുക്കപ്പെട്ടു. അന്നു പി. രാജഗോപാലാചാരിയായിരുന്നു തിരുവിതാംകൂറിലെ ദിവാൻജി. അധികാരപ്രമത്തനായിരുന്ന അദ്ദേഹം ജനഹിതത്തെ വിഗണിച്ചു് ഏതാനും കാലം കീഴ്നടപ്പനുസരിച്ചു പ്രജാസഭ വിളിച്ചുകൂട്ടുവാൻ വൈമനസ്യം പ്രകടിപ്പിച്ചു. മി. ഈ. ജെ. ജാൺ, കൊച്ചുകൃഷ്ണമാരാർ തുടങ്ങിയ ജനപ്രമാണികളുടെ നേതൃത്വ

ത്തിൽ പൊതുജനങ്ങൾ സംഘടിച്ചു ദിവാൻജിയുടെ പൌരാവകാശലംഘനശ്രമങ്ങളേയും, അധികാരദുർവ്വിനിയോഗങ്ങളേയും അതികഠിനമായി പ്രതിഷേധിച്ചു. അതിന്റെ ഫലമായി ൧൦൯൨-ൽ വീണ്ടും പ്രജാസഭ വിളിച്ചുകൂട്ടുവാൻ ദിവാൻജി നിർബന്ധിതനായി. അങ്ങിനെ വിളിച്ചുകൂട്ടിയ സമ്മേളനത്തിലേക്കാണ പരമേശ്വരൻപിള്ള തിരഞ്ഞെടുക്കപ്പെട്ടിരുന്നതു്. മരുമക്കത്തായപരിഷ്ക്കരണത്തെക്കുറിച്ചു പ്രജാസഭയിൽ സാധാരണയായി പല നിവേദനങ്ങളും സമർപ്പിതങ്ങളാകാറുണ്ടായിരുന്നു. പ്രസ്തുത വർഷം ചങ്ങനാശേരി നിവേദനം ചെയ്യുവാൻ അയച്ചിരുന്ന വിഷയങ്ങളിൽ ഒന്നു മരുമക്കത്തായപരിഷ്ക്കരണം തന്നെയായിരുന്നു. പരമേശ്വരൻപിള്ള പ്രസംഗിക്കുവാൻ സ്വസ്ഥാനത്തെഴുന്നേററുനിന്നപ്പോൾ, അതേവിഷയത്തെപ്പററിത്തന്നെ അദ്ദേഹത്തിൻെറ മുൻഗാമി പറഞ്ഞുകഴിഞ്ഞിരുന്നതുകൊണ്ടു്, ആവർത്തനമാവശ്യമില്ലെന്നുള്ള നിർദ്ദേശത്തോടുകൂടി ദിവാൻജി പ്രസംഗം തടഞ്ഞു. ക്ഷുഭിതനായ പരമേശ്വരൻപിള്ള ദിവാൻജിയുടെ നീതിരഹിതമായ ആജ്ഞയെ പ്രതിഷേധിച്ചു് ഉടൻതന്നെ ഹാൾ വിട്ടിറങ്ങിപ്പോയി. ജനസമ്മിതി വളരെ നഷ്ടപ്പെട്ടിരുന്ന ദിവാൻജിക്കു പരമേശ്വരൻപിള്ളയുടെ പ്രതിഷേധം കൂടുതൽ അസ്വസ്ഥതയ്ക്കു കാരണമാക്കി.

മരുമക്കത്തായപരിഷ്ക്കരണത്തിനു് അനുകൂലമായ പൊതുജനാഭിപ്രായത്തിനു പ്രതിദിനമെന്നവണ്ണം സംഘടിതരൂപം ലഭിച്ചുകൊണ്ടിരുന്നു. യോഗങ്ങളും കാൺഫറൻസുകളും സമ്മേളിച്ചു നായന്മാർ സമുദായപരിഷ്ക്കാരപ്രക്ഷോഭണം ഊർജ്ജിതമായി നടത്തി. സീ. കെ. പി-യുടെ നേതൃത്വത്തിൽ കേരളീയ നായർസമാജം രൂപവൽക്കരിക്കപ്പെട്ടിരുന്നു. പ്രജാസഭയിൽ പ്രസ്തുത വിഷയത്തെക്കുറിച്ചു കൂടുതൽ കൂടുതൽ നിവേദനങ്ങൾ സമർപ്പിക്കപ്പെട്ടു. പരേതനായ പി. രാമൻതമ്പി മരുമക്കത്തായവിവാഹത്തെ സംബന്ധിച്ചു നിയമസഭയിൽ ഒരു ബിൽ ഹാജരാക്കുന്നതിനു് അനുവാദമാവശ്യപ്പെടുകയുണ്ടായി.

ഇങ്ങിനെ വർദ്ധിച്ചുവന്ന ജനകീയപ്രക്ഷോഭണത്തെ ദീർഘകാലം വിഗണിക്കുവാൻ ഗവമ്മെൻറിനു കഴിഞ്ഞില്ല.

൧൦൯൩-ലെ പ്രജാസഭാനിവേദനങ്ങളുടെ ഫലമായി ദിവാൻ രാജഗോപാലാചാരിയുടെ ഗവമെന്റ് മരുമക്കത്തായകുഡുംബങ്ങൾക്കാവശ്യമുള്ള പരിഷ്കാരങ്ങളെ സംബന്ധിച്ച് ഒരു റിപ്പോർട്ടു തയാറാക്കി സമർപ്പിക്കുന്നതിനു ദിവാൻബഹദൂർ എ. ഗോവിന്ദപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ, എം. കൃഷ്ണപിള്ള, മി. കൃഷ്ണൻപണ്ഡാല, എൻ. രാമൻപിള്ള, കെ. പി. പത്മനാഭമേനോൻ എന്നിവർ അംഗങ്ങളായി ഒരു കമ്മററിയേ നിയമിച്ചു. കമ്മിററി വിപുലമായ അന്വേഷണങ്ങൾ നടത്തി, അതു വർഷത്തിൽത്തന്നെ വിശദമായ ഒരു റിപ്പോർട്ടു സമർപ്പിച്ചു. മരുമക്കത്തായവിവാഹങ്ങൾക്കു നിയമസാധുത്വം നൽകേണ്ടതാണെന്നും, അങ്ങിനെ നിയമസാധുത്വം നൾകുന്നതിലേയ്ക്കു മലബാറിലെ നിശ്ചയംപോലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യണമെന്നു വ്യവസ്ഥ ചെയ്യുന്നതു് അനാവശ്യവും, അപ്രായോഗികവുമാണെന്നും, തറവാട്ടിൽനിന്നുള്ള സംരക്ഷണാവകാശത്തിനു വൈകല്യംകൂടാതെതന്നെ, ഭാര്യാപുത്രാദികൾക്കു ഭർത്താവിൽനിന്നു സിവിൽസംരക്ഷണാവകാശം നൽകേണ്ടതാണെന്നും, കമ്മിററി അസന്നിഗ്ദ്ധമായ ഭാഷയിൽ ശുപാശ് ചെയ്തു. മററു വ്യവസ്ഥകളില്ലാത്തിടത്തോളംകാലം ഒരു നായർഭർത്താവിന്റെ സ്വയാർജ്ജിതസ്വത്തിൽ പകുതി അയാളുടെ ഭാര്യയ്ക്കും കുട്ടികൾക്കും മററു പകുതി തറവാട്ടിലേയ്ക്കും ലഭിക്കേണ്ടതാണെന്നും കമ്മിററി അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ നായർസ്ത്രീകളുടെ നായരേതരന്മാരായ ഭർത്താക്കന്മാരെ സംബന്ധിച്ചിടത്തോളം കമ്മിററിക്ക് ഏകകണ്ഠമായ ഒരഭിപ്രായം രൂപവൽക്കരിക്കുവാൻ കഴിഞ്ഞില്ല. നായരേതരന്മാരായ ഭർത്താക്കന്മാർക്കും ഈ ശുപാശ്കൾ ബാധകങ്ങളായിരിക്കണമെന്നു കെ. പി. പത്മനാഭമേനവൻ സിദ്ധാന്തിച്ചു. സംബന്ധങ്ങൾ രണ്ടുതരത്തിലുള്ളതായി പരിഗണിക്കുവാൻ പാടില്ലെന്നും, ഭർത്താവു നായരാകട്ടെ, മററയന്നു ജാതിയിൽപെട്ടയാളായിരിക്കട്ടെ, അയാളുടെ സ്വത്തുക്കൾക്കു ഭാര്യാപുത്രാദികൾക്കവകാശമുണ്ടായിരിക്കണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ കലപ്പില്ലാത്ത വാദഗതി. എന്നാൽ കമ്മിററിയുടെ അന്വേഷണപരിധിയിൽ ഉയന്ന ജാതി

ക്കാരായ ഭർത്താക്കന്മാരുടെ കാര്യം ഉൾപ്പെടുന്നില്ലെന്നും, അതു കൊണ്ടു് ആ വിഷയത്തെക്കുറിച്ചു് എന്തെങ്കിലും അഭിപ്രായ പ്പെടുന്നതു് അപ്രസക്തമായിരിക്കുമെന്നും, പ്രസ്താവിച്ചു കമ്മി റ്റിയിലെ മററംഗങ്ങൾ പത്മനാഭമേനവന്റെ അഭിപ്രായങ്ങ ളോടു വിയോജിക്കുകയാണു ചെയ്തതു്. അതുകൊണ്ടു റിപ്പോർട്ടി നോടു് അനുബന്ധിച്ചിരുന്ന മാതൃകാബില്ലിൽ ഉയന്ന ജാതിക്കാ രായ ഭർത്താക്കന്മാരെപ്പററി യാതൊന്നും പ്രതിപാദിച്ചിരുന്നി ല്ല. കാരണവന്മാരുടെ അധികാരങ്ങൾ കൂടുതൽ നിയന്ത്രി ക്കേണ്ടതാണെന്നും, താവഴിക്രമത്തിനു ഭാഗമനുവദിക്കേണ്ട താണെന്നും കമ്മിററി ശുപാശ് ചെയ്തിരുന്നു. താവഴിഭാഗം ആളോഹരിഭാഗത്തിന്റെ ഒരാദ്യപടിയായിട്ടു മാത്രമാണു കമ്മി ററി ശിപാശ് ചെയ്തിരുന്നതു്. സമുദായത്തിൻെറ ഭൌതികവും സന്മാർഗ്ഗികവുമായ പുരോഗതിയ്ക്കു് ആളോഹരിഭാഗം അത്യാവ ശ്യമാണെന്നു് അവർ രേഖപ്പെടുത്തിയിരുന്നു. റിപ്പോർട്ടിൻെറ അവസാനത്തിൽ അനുബന്ധമായി ചേർത്തിരുന്ന കെ. പി. പത്മനാഭമേനവന്റെ മെമ്മൊറാണ്ഡം അദ്ദേഹത്തിന്റെ അസാ മാന്യമായ പാണ്ഡിത്യത്തിൻേറയും, അഗാധമായ ധിഷണാ ശക്തിയുടേയും ഗവേഷണപരമായ വിജ്ഞാനത്തിന്റേയും ഒരു ത്തമലക്ഷ്യമാണു്. മരുമക്കത്തായക്കമ്മിററിയുടെ റിപ്പോർട്ടു നായർസമുദായചരിത്രത്തിൽ അത്യന്തം പ്രാധാന്യമർഹിക്കുന്ന ഒരു പ്രമാണമാണു്.

കമ്മററിയുടെ ശുപാശ്കളെ അടിസ്ഥാനമാക്കി ൧൦൭൨–ൽ ഗവമ്മെൻറു് ഒരു ബിൽ നിമ്മിച്ചു നിയമനിമ്മാണസഭയുടെ പര്യാലോചനയ്ക്കു സമപ്പിച്ചു. ഈ ബില്ലിൽ മരുമക്കത്തായ വിവാഹങ്ങൾക്കു നിയമസാധുത്വം നൽകിയിരുന്നതുകൂടാതെ, ഭാര്യാപുത്രാദികൾക്കു ചിലവിനു നൾകുവാൻ ഭർത്താക്കന്മാക്കുള്ള ബാധ്യതയെ അനുശാസിക്കുകയും ചെയ്തിരുന്നു. നായന്മാരായ ഭർത്താക്കന്മാരുടെ സ്വയാർജ്ജിതസ്വത്തിൻെറ പകുതിയ്ക്കു പിന്തുടച്ച്വാവകാശം സ്ഥാപിച്ചുകൊണ്ടുള്ള വകുപ്പുകളും ഈ ബില്ലിൽ പെടുത്തിയിരുന്നു. ചില വ്യവസ്ഥകൾക്കു വിധേയ മായി താവഴിക്രമത്തിനു തറവാടുകൾ ഭാഗം ചെയ്യാവുന്നതാ ണെന്നും, അങ്ങിനെ ഭാഗം ചെയ്യുമ്പോൾ ആകെയുള്ള സ്വത്തിൽ

പ്രകൃതി താവഴികളിലെ ആളുകളുടെ എണ്ണമനുസരിച്ചും, മററ പ്പകുതി തുല്യമായും ഭാഗിക്കേണ്ടതാണെന്നും ബില്ലിൽ നിർദ്ദേശിച്ചിരുന്നു. ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ച നാൾ മുതൽ അന്നതിൽ അംഗങ്ങളായിരുന്ന നായർപ്രമാണികൾ അതിനെ എതിർത്തുതുടങ്ങി. കായങ്കുളം കേശവപിള്ള, മാധവൻ തമ്പി, ശ്രീനാരായണൻതമ്പി, ആർ. ഈശ്വരപിള്ള എന്നിവരായിരുന്നു മുഖ്യഎതിർപ്പുകാർ. ഗവമ്മെന്റിനു ഭൂരിപക്ഷമുണ്ടായിരുന്ന നിയമസഭയിൽ ബിൽ പാസാക്കുവാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ലെങ്കിലും, നിയമസഭയിലെ ഭൂരിപക്ഷം നായരംഗങ്ങളുടെ എതിർപ്പിനെ വിഗണിച്ച് അങ്ങിനെ ചെയ്യുവാൻ അധികാരികൾ മുതിന്നില്ല. ബില്ലിലെ ഭാഗവ്യവസ്ഥകളെ സംബന്ധിച്ചായിരുന്നു നായർസാമാജികന്മാർ അവരുടെ പ്രതിഷേധം രേഖപ്പെടുത്തിയതു്. അതിനാൽ ഭാഗവ്യവസ്ഥകൾ അടങ്ങിയ വകുപ്പുകൾ മുഴവൻ ബില്ലിൽനിന്ന് എടുത്തുകളയുവാൻ ഗവമ്മെന്റ് അനുവാദം നൽകി. ദിവാൻ സർ. പി. രാജഗോപാലാചാരി ആ ഘട്ടത്തിൽ നിയമസഭയിൽ ചെയ്ത പ്രസ്താവനയിലെ അവസാനഭാഗം തുലോം ശ്രദ്ധാർഹമാണു്. അദ്ദേഹം ഇങ്ങിനെ പറഞ്ഞു.

"നായർതറവാടുകളിൽ വിദൂരമായി മാത്രം ബന്ധപ്പെട്ട താവഴികൾ തമ്മിൽ ഭാഗം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ കൂടി മരുമക്കത്തായനിയമത്തിൽ വരുത്തുന്നതഭിലഷണീയമായിരിക്കുമെന്നും, ആയതു് അനിയന്ത്രിതമായിത്തീന്നിട്ടുള്ള തറവാടുകളുടെ സുഖസൌകര്യാദികൾക്കു കൂടുതൽ ഉപകരിക്കുമെന്നും, ആണ് എന്റെ വ്യക്തിപരമായ അഭിപ്രായം. എന്റെ ഉദ്യോഗജീവിതത്തിൽ വലിയ ഒരു ഭാഗം ഈ പശ്ചിമതീരത്തിൽ മരുമക്കത്തായം ആചരിക്കുന്ന ജനവിഭാഗത്തിനിടയിലാണ് കഴിച്ചുകൂട്ടിയിട്ടുള്ളതു്. അതുനിമിത്തം എനിക്കു ലഭിച്ചിട്ടുള്ള പരിചയത്തിന്റേയും, ഈ വിഷയത്തിൽ ഞാൻ ചെയ്തിട്ടുള്ള ദീർഘമായ ആലോചനയുടേയും, ഫലമായിട്ടാണു ഞാൻ ഈ അനുമാനത്തിൽ എത്തിച്ചേന്നിട്ടുള്ളതു്. ഇക്കാര്യത്തിൽ എന്റെ വ്യക്തിപരമായ അഭിപ്രായം എന്തായാലും ശരി, ഈ സഭയിലെ ഭൂരിപക്ഷം നായർമെമ്പറന്മാരുടേയും പ്രതിഷേധത്തെ അവഗണിച്ച് അവരുടെ സമുദായത്തെ ബാധിക്കുന്ന

നിയമം പാസാക്കണമെന്നു ഗവമ്മേന്റിനുദ്ദേശമില്ലെന്നു ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു. ഇപ്രകാരമുള്ള സാമുദായികനിയമനിൎമ്മാണങ്ങളിൽ ഗവമ്മേൻറു് എതിരഭിപ്രായത്തെ ആദരിക്കേണ്ടതാണു്. ആദരിക്കുന്നുണ്ടെന്നു് ഉറപ്പു പറയുവാനും, എനിക്കു സാധിക്കും. എന്നാൽ, നായർസമുദായം ഐകകണ്ഠ്യേന ഭാഗവ്യവസ്ഥകൾ ആവശ്യപ്പെടുന്നതായ ഒരവസരം താമസിയാതെതന്നെ ഉണ്ടാവുകയും, അന്നു് ഈ സഭയ്ക്കുതന്നെ ഭാഗപ്രശ്നത്തെ വീണ്ടും ആലോചനയ്ക്കു് എടുക്കേണ്ടിവരികയും, ചെയ്യുമെന്നു് എനിക്കു നല്ല നിശ്ചയമുണ്ടു്." ഈ സൂക്ഷ്മമായ ദീൎഘദൎശനം യഥാകാലം ഫലിക്കുകതന്നെ ചെയ്തു.

# അദ്ധ്യായം ൮

സീ. കൃഷ്ണപിള്ള ഒരു സമുദായഭക്തനും പരിഷ്ക്കർത്താവുമായിരുന്നു. നായർസമുദായത്തിൻെറ അഭ്യുന്നതിക്കു വേണ്ടി നിസ്വാത്ഥപരവും അവിസ്മരണീയവുമായ സേവനം അനുഷ്ഠിച്ചിട്ടുള്ള അപൂർവ്വം ചില നേതാക്കന്മാരിൽ അഗ്രിമസ്ഥാനം വഹിക്കുന്ന ഒരാളാണ് അദ്ദേഹം. സമുദായസേവനമാകുന്ന പരിമിതമായ പരിധിക്കുള്ളിൽനിന്നുകൊണ്ടാണെങ്കിലും, സംഘടനാപരമായും പ്രചരണപരമായും അദ്ദേഹം ചെയ്തിട്ടുള്ള മഹാപ്രയത്നങ്ങൾ പടന്ന് തഴച്ച് പുഷ്പിച്ച് അനന്തരകാലങ്ങളിൽ ഗുണകരമായ പല ഫലങ്ങളും പ്രദാനം ചെയ്തു. ഒരുപക്ഷേ, സീ. കെ. പി. പ്രതീക്ഷിച്ചിരുന്നതല്ലാത്ത ചില ദോഷഫലങ്ങൾക്കുകൂടി, അദ്ദേഹം അസ്ഥിവാരമുറപ്പിച്ച സമുദായഘടനകൾ കാരണമാക്കിയെങ്കിൽ അതിനുള്ള ചുമതലകൾ ആരിലാണു നിക്ഷേപിക്കേണ്ടതെന്നുള്ള കാര്യം ഇവിടെ അപ്രസക്തമാണ്. കൃഷ്ണപിള്ള സാമുദായികസ്ഥാപനങ്ങൾ ഉണ്ടാക്കിയ കാലത്തു നായർസമുദായത്തിൻെറ നിലനില്പിനും, പുരോഗതിയ്ക്കും, സംഘടിതപ്രവർത്തനവും ഉജ്ജ്വലമായ പ്രക്ഷോഭണവും അഭിപ്രായരൂപവൽക്കരണവും എത്രമാത്രം അത്യന്താപേക്ഷിതങ്ങളായിരുന്നു എന്നു മാത്രമേ, ഇവിടെ പരിഗണിക്കേണ്ടതായിട്ടുള്ളു. മരുമക്കത്തായപരിഷ്കരണം സംബന്ധിച്ച പ്രക്ഷോഭണം നടത്തുന്നതിനും, പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിനും, വേണ്ടി ഒരു സമുദായഘടനയില്ലാതിരുന്നതുകൊണ്ട് നിയമസഭാസാമാജികന്മാരായിരുന്ന യാഥാസ്ഥികരായ ഏതാനും വ്യക്തികൾക്കു സമുദായനന്മക്കൊഴിച്ചുകൂട്ടുവാൻ വഹിയാത്ത നിയമനിർമ്മാണസംരംഭങ്ങളെപ്പോലും എങ്ങിനെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞു എന്ന് ഇതിനകം പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിലേയ്ക്കുവേണ്ടിയാണു കൊല്ലം ൧൦൮൨-ാംമാണ്ടിടയ്ക്കു, നിരന്തരമായി നേരിടേണ്ടിവന്ന പല പ്രതിബന്ധങ്ങളേയും തട്ടിനീക്കി, സീ. കൃഷ്ണപിള്ള സുപ്രസിദ്ധമായിത്തീൎന്ന കേരളീയനായർസമാജം

സംഘടിപ്പിച്ചതു്. വൎഗ്ഗീയമായ സംഘടിതപ്രക്ഷോഭണം അ-
തിനുമുൻപും തിരുവിതാംകൂറിൽ അജ്ഞാതമായിരുന്നില്ല. തിരു
വിതാംകൂറിലെ ഉയൎന്ന സൎക്കാരുദ്യോഗങ്ങൾക്കു പരദേശബ്രാഹ്മ
ണരെ അനുസ്യൂതമായി ഇറക്കുമതിചെയ്തുകൊണ്ടിരുന്ന ഗവ
ൺമെൻറുനയത്തെ പ്രതിഷേധിക്കുന്നതിനും, പ്രസ്തുത നയത്തി
നെതിരായി പ്രക്ഷോഭണം നടത്തുന്നതിനും, മലയാളി മഹാജ
നസഭയെന്ന പേരിൽ ഒരു സ്ഥാപനം അതിനല്പകാലം മുൻപു
വരെ പ്രവൎത്തിച്ചുകൊണ്ടിരുന്നു. എന്നാൽ, കേരളീയനായർ
സമാജമാവിർഭവിക്കുമ്പോൾ, കൊല്ലത്തവശേഷിച്ചിരുന്ന മല-
യാളിമന്ദിരമൊഴിച്ചു മഹാസഭയുടെ മററു മിക്കലക്ഷ്യങ്ങളും
പ്രായേണ അന്തരിച്ചുകഴിഞ്ഞിരുന്നു.

കേരളീയനായർസമാജത്തിൻെറ ആലോചനായോഗം
ചേൎത്തലവച്ചാണു നടന്നതു്. ചങ്ങനാശേരി പ്രസ്തുത യോഗ
ത്തിൽ സന്നിഹിതനായിരുന്നില്ല. എങ്കിലും, അക്കാലംമുതൽ
സീ. കെ. പി-യുടെ ചരമംവരെ ചങ്ങനാശേരിതന്നെയാണു്
അദ്ദേഹത്തിൻെറ വലംകയ്യായി നിന്നുകൊണ്ടു സമുദായപ്രവ
ൎത്തനങ്ങൾ നടത്തിവന്നതു്.

എന്നാൽ കേരളീയനായർസമാജത്തിൻെറ പ്രാരംഭപ്ര
വൎത്തനങ്ങളെ നിഷ്പ്രഭവും പ്രസിദ്ധിരഹിതവുമാക്കിത്തീൎക്കു
വാൻ പൎയ്യാപ്തമായ മറെറാരു സംഭവം ഇക്കാലത്തു രാജധാ
നിയിലുണ്ടായി. എഡ്യൂക്കേഷൻസിക്രട്ടറിയായിരുന്ന പി.
അയ്യപ്പൻപിള്ള, സി. വി. രാമൻപിള്ള തുടങ്ങിയവരുടെ നേ
തൃത്വത്തിൽ തുടങ്ങിയ കേരളസമാജത്തിൻെറ രൂപവൽക്കരണ
മായിരുന്നു ഇതു്. സുപ്രസിദ്ധ രാജ്യതന്ത്രജ്ഞനായിരുന്ന
വി. പി. മാധവറാവുവാണു് അന്നു തിരുവിതാംകൂറിലെ ദിവാൻ
പദമലംകരിച്ചിരുന്നതു്. അദ്ദേഹത്തിൻെറ അസാധാരണമായ
കാൎയ്യശേഷിയും, ധിഷണാവൈഭവവും, സ്വതന്ത്രബുദ്ധിയും,
നിഷ്പക്ഷമനോഭാവവും, അസംതൃപ്തന്മാരും എന്നാൽ അതി
രററ സ്വാധീനശക്തിയുള്ളവരുമായ ചിലരുടെ ശത്രുത്വം
അദ്ദേഹത്തിനു നേടിക്കൊടുത്തു. ഇവരുടെ നേതൃത്വം വഹിച്ചി
രുന്നതു രാജസേവകനായിരുന്ന ശങ്കരൻതമ്പിതന്നെയായി

ന്നു. വി. പി. മാധവറാവുവിന്റെ ഭരണത്തെ കളങ്കപ്പെടുത്തുവാനുള്ള പല തീവ്രപരിശ്രമങ്ങളും തിരസ്കരണിക്കുള്ളിൽ നടന്നുകൊണ്ടിരുന്നു. നെല്ലൂരം നിന്നാൽ, പ്രജാസഭാസ്ഥാപനം ഇത്യാദി അദ്ദേഹമേർപ്പെടുത്തിയ പൊതുജനോപകാരപ്രദങ്ങളായ പരിഷ്ക്കാരങ്ങളുടെ ഉദ്ദേശശുദ്ധിയെപ്പോലും ചോദ്യം ചെയ്യുവാൻ ഈ പ്രതികൂലകക്ഷികൾ മടിച്ചില്ല. ബ്രാഹ്മണപക്ഷപാതിത്വം തുടങ്ങിയ പല ആരോപണങ്ങളും അവർ ദിവാൻജിയുടെ തലയിൽ വച്ചുകെട്ടി. ബ്രാഹ്മണർക്കെതിരായുള്ള ഈ പ്രക്ഷോഭണം അല്പം പ്രബലപ്പെട്ടപ്പോൾ ഹൈക്കോടതി ജഡ്ജിയായിരുന്ന പത്മനാഭയ്യരുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഒരു ബ്രാഹ്മണസംഘം രൂപവൽക്കരിക്കപ്പെട്ടു. ഈ ബ്രാഹ്മണസംഘരൂപവൽക്കരണത്തിന്റെ നേരിട്ടുള്ള പ്രത്യാഘാതമെന്ന നിലയിലാണ് അയ്യപ്പൻപിള്ളയുടെ നേതൃത്വത്തിലും മാധവറാവു വൈരികളുടെ പ്രേരണയിലും കേരളസമാജം എന്ന പേരിൽ ഒരു നൂതനസംഘം തിരുവനന്തപുരത്തു സ്ഥാപിതമായത്. നായന്മാരെ മാത്രമല്ല, മലയാളബ്രാഹ്മണരേയും പ്രസ്തുത സംഘടനയിൽ ഉൾപ്പെടുത്തിയിരുന്നു.

തിരുവനന്തപുരം നേററീവ്ഹൈസ്കൂളിൽ കൂടിയ കേരളസമാജത്തിൻെറ പ്രാരംഭയോഗത്തിൽ തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിൽനിന്നും ഒട്ടനേകം നായർപ്രമാണികൾ സന്നിഹിതരായിരുന്നു. ആരെയും അമ്പരപ്പിക്കത്തക്കവണ്ണം അത്ര വിപുലമായ കാര്യപരിപാടിയോടുകൂടിയ ഒരു പ്രവത്തനപദ്ധതി പ്രസ്തുത സമ്മേളനത്തിൽവച്ചു തയാറാക്കി. നായർവിദ്യാർത്ഥികളെ പാശ്ചാത്യരാജ്യങ്ങളിലയച്ചു വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള ഒരു പദ്ധതി യോഗം ഐകകണ്ഠ്യേന സ്വീകരിച്ചു. അതിലേയ്ക്കു് അവിടെവച്ചുതന്നെ ആരംഭിച്ച ഒരു നിധിയിലേക്കു പല പ്രമാണികളും വൻപിച്ച തുകകൾ വാഗ്ദാനം ചെയ്തു. യോഗനിശ്ചയങ്ങൾ നടപ്പിൽ വരുത്തുന്നതിനും മററും ചില കമ്മററികൾ നിയമിച്ചതിനുശേഷം സമ്മേളനം പിരിഞ്ഞുപോയി. ഇതിനുശേഷം, തിരുവിതാംകൂറിലെ പൊതുജനങ്ങൾ കേരളസമാജത്തെക്കുറിച്ചോ അതിന്റെ പരിപാടികളെക്കു

റിച്ചോ യാതൊന്നുംതന്നെ കേട്ടിട്ടില്ല. അതിന്റെ ഉദയവും അസ്തമനവും ഒന്നിച്ചുതന്നെ കഴിഞ്ഞു. ആ സമ്മേളനത്തിൽവച്ചു ചെയ്യപ്പെട്ട വാഗ്ദാനങ്ങൾ ഒന്നുംതന്നെ ആരും നിറവേററുകയുണ്ടായില്ല. സംഭാവന ചെയ്യാമെന്നു പ്രമാണികൾ സമ്മതിച്ചിരുന്ന തുകകളിൽ ഒരു പൈസപോലും പിരിഞ്ഞുകിട്ടിയില്ല. എഴുന്നൂറു രൂപാ വാഗ്ദാനം ചെയ്തിരുന്ന ഒരു ദിവാൻപേഷ്കാർ സമ്മേളനം കഴിഞ്ഞു വീട്ടിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ മാതാവു സംഭാവനയുടെ വിവരം ഗ്രഹിച്ച് പുത്രന്റെ ധാരാളിത്വത്തെപ്പററി ശണ്ഠകൂട്ടുവാൻ തുടങ്ങി. "അതു കൊടുക്കുവാനാണോ അമ്മേ ഞാൻ എഴുതിയതു്?" എന്നു പറഞ്ഞു ദിവാൻപേഷ്കാർ മാതാവിനെ സമാധാനപ്പെടുത്തി. ഇതായിരുന്നു കേരളസമാജത്തിലെ വാഗ്ദാനങ്ങളുടെ അടിസ്ഥാനം.

യാതൊരൊച്ചപ്പാടുകളുമില്ലാതെ ആർഭാടരഹിതമായി ആരംഭിച്ച കേരളീയനായർസമാജം ക്രമേണ പുരോഗമിച്ചുകൊണ്ടിരുന്നു. സമാജത്തിന്റെ ആഭിമുഖ്യത്തിലുള്ള ഒന്നാമത്തെ പ്രധാന സമ്മേളനം ൧൦൭൫-ൽ തിരുവനന്തപുരത്തുവച്ചു മന്നത്തു കൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. രണ്ടാമത്തെ സമ്മേളനം കോഴിക്കോട്ടുവച്ചു നടത്തുവാൻ കൃഷ്ണൻനായർ അങ്ങോട്ടു ക്ഷണിച്ചിരുന്നു എങ്കിലും, അക്കാലത്തു് കോഴിക്കോട്ടു പ്ലേഗ് ബാധിച്ചിരുന്നതുകൊണ്ടു ദിവാൻബഹദൂർ ഗോവിന്ദപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ കൊല്ലത്തുവച്ചാണു് ആ സമ്മേളനം നടത്തിയതു്. താലികെട്ടുകല്യാണം നിർത്തൽചെയ്യുക തുടങ്ങിയ സാമാന്യപ്രശ്നങ്ങളായിരുന്നു ഈ രണ്ടു സമ്മേളനങ്ങളിലേയും ചിന്താവിഷയങ്ങൾ. ൧൦൭൬-ൽ ചങ്ങനാശേരിയുടെ ഗൃഹത്തിൽ ഒരു താലികെട്ടുകല്യാണം നടത്തേണ്ട ആവശ്യമുണ്ടായി. മാമൂൽപ്രിയന്മാരുടേയും, സ്ത്രീകളുടെയും പ്രതിഷേധങ്ങളെ വകവയ്ക്കാതെ നാലു ദിവസത്തെക്കല്യാണം ഒററ ദിവസംകൊണ്ടാഘോഷിച്ചു ചിലവുചുരുക്കി ചങ്ങനാശേരി മററുള്ളവർക്ക് ഒരു മാതൃക കാണിച്ചുകൊടുത്തു.

൧൦൮൪-ലെ സമ്മേളനം കൂടുതൽ പ്രാധാന്യമുള്ള ഒന്നായിരുന്നു. പ്രസ്തുത സമ്മേളനം തിരുവനന്തപുരത്തുവച്ചു സർ, സി. ശങ്കരൻനായരുടെ അദ്ധ്യക്ഷതയിലാണ് ആഘോഷിക്കപ്പെട്ടതു്. സമ്മേളനം കൂടുന്നതിനു മുൻപായിത്തന്നെ മരുമക്കത്തായംകമ്മററിയുടെ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരുന്നു. സർ, സി. ശങ്കരൻനായരെപ്പോലെ ഒരു അതിപ്രശസ്തൻ ആ സമ്മേളനത്തിലദ്ധ്യക്ഷത വഹിക്കാമെന്നു സമ്മതിച്ചപ്പോൾ മരുമക്കത്തായപരിഷ്കാരത്തേയും, തിരുവിതാംകൂർ മരുമക്കത്തായംകമ്മററിയുടെ റിപ്പോർട്ടിനേയുംപററി ശരിയായ അഭിപ്രായങ്ങൾ രൂപവൽക്കരിക്കുന്നതിനുതകുന്ന നേതൃത്വം അദ്ദേഹത്തിൽനിന്നു ലഭിക്കുമെന്ന് എല്ലാവരും പ്രതീക്ഷിച്ചിരുന്നു. എന്നാൽ, തിരുവിതാംകൂറിലേ പുരോഗമനകാംക്ഷികളും ഉല്പതിഷ്ണുക്കളുമായിരുന്ന സമുദായഭക്തന്മാരെ സ്തംഭിപ്പിക്കുകയും, അമ്പരപ്പിക്കയും ചെയ്യുമാറു വിവാഹം നിയമസാധുത്വം ലഭിക്കുവാൻവേണ്ടി രജിസ്റ്റർ ചെയ്യണമെന്നനുശാസിക്കുന്ന മലബാർജില്ലയിലെ വിവാഹനിയമം തിരുവിതാംകൂറിലും ഏർപ്പെടുത്തിയാൽ മതിയെന്നായിരുന്നു, അഗാധനിയമപണ്ഡിതനും, രാജ്യതന്ത്രജ്ഞനുമായിരുന്ന അദ്ദേഹം അഭിപ്രായപ്പെട്ടതു്. തിരുവിതാംകൂർ മരുമക്കത്തായംകമ്മററിയിലെ യാഥാസ്ഥിതികരായ അംഗങ്ങൾ കൂടി മലബാറിനെ അപേക്ഷിച്ചു് ഒരു പടി മുന്നോട്ടു കടക്കയും, മലബാറിലെ വിവാഹരജിസ്ട്രേഷൻവ്യവസ്ഥകൾ അനാവശ്യമാണെന്നു് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. താവഴിഭാഗം വേണമെന്നുള്ള വാദത്തെ സർ, സി. ശങ്കരൻനായരും അനുകൂലിച്ചു. എങ്കിലും, തിരുവിതാംകൂറിലെ നായന്മാർ അദ്ദേഹത്തിൽനിന്നു പ്രതീക്ഷിച്ചിരുന്ന നിശ്ചിതമായ നേതൃത്വം ലഭിക്കാതെ നിരാശപ്പെടുകയാണു ചെയ്തതു്. സമ്മേളനത്തിൽ അവതരിപ്പിച്ച ഭാഗപ്രമേയം യാഥാസ്ഥിതികപക്ഷത്തു നിന്നുള്ള അതികഠിനമായ എതിർപ്പിനെ തരണംചെയ്തു ഭൂരിപക്ഷാഭിപ്രായപ്രകാരം അംഗീകൃതമായി. അതുകൊണ്ടു ൧൦൮൪-ലെ സമ്മേളനം പൊതുവേ വിജയകരമായിട്ടാണു പരിണമിച്ചതു്. കേരളീയനായർസമാജത്തിനും അതിൻെറ നേതാവായിരുന്ന സീ. കെ. പി-യ്ക്കും

ഇതിന്റെ ഫലമായി പൊതുജനദൃഷ്ടിയിൽ അളവററ ബഹുമതി ലഭിച്ചു. കേരളീയനായർസമാജത്തിൽ പിൽക്കാലത്തുണ്ടായ ഭിന്നിപ്പുകൾക്കു ബീജാവാപംചെയ്തതും, പ്രസ്തുത സമ്മേളനത്തിന്റെ അപ്രതീക്ഷിതമായ വിജയവും, അതിന്റെ പ്രവൎത്തകന്മാരുടെ അന്യാദൃശമായ ഉയൎച്ചയുമായിരുന്നു. കേരളീയനായർസമാജത്തിനു പൊതുജനദൃഷ്ടിയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചതോടുകൂടി അതിന്റെ പ്രാബല്യവും വൎദ്ധിച്ചുവന്നു. സീ. കെ. പി-യുടെ വിശാലമായ വീക്ഷണകോടിയും, നാനാമുഖമായ പ്രവൎത്തനങ്ങളും, സമുദായാംഗങ്ങളുടെ ഇടയിൽ നവ്യമായ ഒരുൽബുദ്ധതയുളവാക്കി. അദ്ദേഹത്തിന്റെ ബഹുമുഖമായ സമുദായപ്രവൎത്തനങ്ങളുടെ വിജയം ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടേയും വിജയമായിരുന്നു. കാരണം, സീ. കെ. പി-യുടെ അടുത്ത സഹപ്രവൎത്തകൻ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളതന്നെയായിരുന്നു എന്നുള്ളതാണ്.

൧൦൮൪-ൽ മദ്രാസിൽവച്ചു റാഷ്ബിഹാരിഘോഷിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഭാരതമഹാജനസഭയുടെ സമ്മേളനത്തിൽ ചങ്ങനാശ്ശേരി സന്ധിച്ചിരുന്നു. മി. കൃഷ്ണൻപണ്ടാലയുമൊന്നിച്ചാണ് അദ്ദേഹം കാൺഗ്രസ്സിൽ സന്ധിക്കുവാൻ മദ്രാസിലേയ്ക്കു പോയതു്. അക്കാലത്തു തിരുവിതാംകൂറിൽ ഒരു വക്കീലിനു ലഭിക്കാവുന്ന ഏററവും ഉന്നതമായ സ്ഥാനം പ്രവൎത്തനരംഗത്തു ചങ്ങനാശ്ശേരിക്കു ലഭിച്ചുകഴിഞ്ഞിരുന്നു. ഭാരതമഹാജനസഭയുടെ ആദൎശങ്ങളും, പ്രവൎത്തനരംഗവും, സംഘടനാവ്യാപ്തിയും അദ്ദേഹത്തെ വല്ലാതെ ആകൎഷിച്ചു. തിരുവിതാംകൂറിനെപ്പോലുള്ള ഒരു ചെറിയ രാജ്യവും, അവിടത്തെ സമുദായപ്രവൎത്തനങ്ങളും, തന്റെ പൊതുക്കാൎയ്യജീവിതത്തെ എത്രമാത്രം പരിമിതപ്പെടുത്തുന്നു എന്നുള്ള ബോധം ആദ്യമായി അദ്ദേഹത്തിൽ അങ്കുരിച്ചു. മദ്രാസ്നഗരംപോലെ കൂടുതൽ വിസ്തൃതമായ ഒരു രംഗവും, ഭാരതമഹാജനസഭപോലെ അഖിലഭാരതവ്യാപ്തിയുള്ള ഒരു സംഘടനയും, ഒരുൽക്കൎഷേച്ഛുവായിരുന്ന പരമേശ്വരൻപിള്ളയെ ആകൃഷ്ടനാക്കിയതിൽ ആശ്ചൎയ്യപ്പെടുവാനില്ലല്ലോ! ഏതായാലും മദ്രാസിൽവച്ചു മി. പണ്ടാലയും, പരമേശ്വരൻപിള്ളയും ഈ വിഷയ

തെക്കുറിച്ചു സംഭാഷണം ചെയ്കയും, ഉൽകൃഷ്ടമായ ഏതെങ്കിലും പാശ്ചാത്യബിരുദം സമ്പാദിച്ചതിനുശേഷം പ്രവൎത്തനരംഗം മദ്രാസിലേയ്ക്കു മാററണമെന്നു നിശ്ചയിച്ചുറയ്ക്കുകയും ചെയ്തു.

പരിതഃസ്ഥിതികളുടേയും, മററു സാഹചര്യങ്ങളുടേയും അനുകൂല്യത്താൽ മി. പണ്ടാലയുടെ ആഗ്രഹം സഫലമായിത്തീൎന്നു. ൧൦൮൫-ൽ നടന്ന നിയസഭാതിരഞ്ഞെടുപ്പിൽ മി. പണ്ടാല കായങ്കുളം കേശവപിള്ളയാൽ പരാജിതനാക്കപ്പെട്ടു. ഈ നിരാശ, ഉൽക്കർഷേച്ഛുവായിരുന്ന മി. പണ്ടാലയെ ഇതികൎത്തവ്യതാമൂഢനാക്കിയില്ല. അദ്ദേഹം ഉന്നതവിദ്യാഭ്യാസാൎത്ഥം ഉടനടി ഇംഗ്ലണ്ടിലേയ്ക്കു പോകുകയും, അല്പകാലങ്ങൾക്കുള്ളിൽ അത്യുന്നതമായ നിയമബിരുദങ്ങൾ കരസ്ഥമാക്കി തിരിച്ചുപോരികയും ചെയ്തു. ദിവാൻ രാജഗോപാലാചാരിയുടെ കാലത്തു തിരുവിതാംകൂർ ഹൈക്കോടതിയിൽ നൂതനമായി ഏൎപ്പെടുത്തിയ ബഞ്ചിൽ ഒരു ന്യായാധിപനായി അദ്ദേഹത്തെ ഗവൎമ്മെൻറു നിയമിച്ചു. നിൎഭാഗ്യവശാൽ ദിവാൻ കൃഷ്ണൻനായരുടെ കാലത്തു പ്രസ്തുത ബഞ്ചു് നിൎത്തൽചെയ്തുപോയതുകൊണ്ടു മി. പണ്ടാലയ്ക്കു വീണ്ടും ബാറിലേയ്ക്കു തിരിച്ചുപോരേണ്ടിവന്നു. മി. പണ്ടാല പഴയ നിശ്ചയമനുസരിച്ചു വീണ്ടും പ്രാക്റ്റീസാരംഭിക്കുവാൻ മദ്രാസിലേയ്ക്കാണു പോയതു്. ബുദ്ധിമാനും, സ്ഥിരപരിശ്രമിയും, സാഹസികനും ആയിരുന്ന മി. പണ്ടാല അദ്ദേഹത്തിൻെറ പുതിയ പ്രവൎത്തനരംഗത്തും വിജയശ്രീലാളിതനായിത്തീൎന്നു. ഇന്നുവരെ മൂന്നോ നാലോ മലയാളികൾക്കു മാത്രം എത്തിച്ചേരുവാൻ കഴിഞ്ഞിട്ടുള്ള മദ്രാസ് ഹൈക്കോടതിയിലെ ന്യായാധിപപദത്തിലേയ്ക്കു് അദ്ദേഹത്തിനു് ഉയരുവാൻ നിഷ്പ്രയാസം സാധിച്ചു.

ചങ്ങനാശേരിയുടെ ഉൽക്കർഷചിന്ത ഫലീഭവിച്ചു പ്രവൃത്തിരൂപത്തിലെത്തുവാൻ പിന്നെയും വൎഷങ്ങൾ ചിലതു കഴിയേണ്ടിവന്നു. മി. പണ്ടാലയ്ക്കുന്നപോലെ പരിതഃസ്ഥിതികളുടെ ശക്തിയായ പ്രേരണ ചങ്ങനാശേരിക്കുണ്ടാകാതിരുന്നതുകൊണ്ടോ എന്തോ, അദ്ദേഹത്തിൻെറ ആഗ്രഹം സഫലമാ

കകയുണ്ടായില്ല. എങ്കിലും, ൧൦൮൮-ലെ വെക്കേഷൻകാലത്തു ബാരിസ്റ്റർപരീക്ഷയ്ക്കു ചേരുവാൻ അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കു പോയി. വക്കീൽപ്പണിക്കു തടസ്സമുണ്ടാകാതെ വെക്കേഷൻ കാലങ്ങളിൽ മാത്രം ഇംഗ്ലണ്ടിലേയ്ക്കു പോയി നാലു മാസം അവിടെ താമസിച്ച് ഒരു ടെറം പൂൎത്തിയാക്കി, അങ്ങിനെ നാലു വൎഷംകൊണ്ടു പരീക്ഷയിൽ ജയിക്കുവാനാണ് അദ്ദേഹം നിശ്ചയിച്ചിരുന്നതു്. ൧൦൮൮-ലെ വെക്കേഷനു നാലു മാസം ലണ്ടനിൽ താമസിച്ച് ഒരു ടെറം പൂൎത്തിയാക്കിയതിനുശേഷം, അദ്ദേഹം നാട്ടിലേയ്ക്കു തിരിച്ചുപോന്നു. പരമേശ്വരൻപിള്ള നാട്ടിൽ മടങ്ങിയെത്തിയതിനടുത്ത ദിവസം ൧൦൮൯-ലെ ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. യുദ്ധം നാലു വൎഷം നീണ്ടുനിന്നു. അങ്ങിനെ ബാരിസ്റ്റർപരീക്ഷ ജയിക്കുവാനുള്ള അദ്ദേഹത്തിന്റെ ആശാവല്ലരി ശുഷ്കിച്ചുണങ്ങിപ്പോയി.

ഒരു സഞ്ചാരപ്രിയനായിരുന്ന പരമേശ്വരൻപിള്ള പരീക്ഷാവിജയത്തേക്കാൾ പാശ്ചാത്യസഞ്ചാരം ചെയ്യുവാൻ ലഭിച്ച അവസരത്തെയാണു കൂടുതൽ വിലമതിച്ചിരുന്നതു്. വിദേശസഞ്ചാരവും, ചുരുങ്ങിയ കാലത്തേയ്ക്കെങ്കിലുമുള്ള ഇംഗ്ലണ്ടിലെ താമസവും, അദ്ദേഹത്തിന്റെ വീക്ഷണകോടിയേ വിപുലമാക്കി. ഇംഗ്ലീഷ് ജനതയുടെ ജീവിതചൎയ്യയെക്കുറിച്ചും, അവരുടെ സാമുദായികവും രാഷ്ട്രീയവും ആയ സംഘടനകളേപ്പറ്റിയും പലതും ഗ്രഹിക്കുവാൻ ഈ നാലു മാസകാലം അദ്ദേഹം വിനിയോഗിച്ചു. ഇംഗ്ലീഷുകാരുടെ സമയനിഷ്ഠ, പരമേശ്വരൻപിള്ളയെ ആകൎഷിക്കയും, സ്വന്തജീവിതത്തിൽ പകൎത്തുവാൻ അദ്ദേഹം ശ്രമിക്കയും ചെയ്തിട്ടുള്ള ഒരു ഗുണവിശേഷമാണ്. സമയനിഷ്ഠയില്ലാത്തവരെ അദ്ദേഹം കഠിനമായി പഴിക്കുന്നതു സാധാരണയാണ്. സ്വകാൎയ്യജീവിതത്തിൽപോലും സമയനിഷ്ഠ ഒരിക്കലും അദ്ദേഹം കൈവെടിഞ്ഞിരുന്നില്ല. ഒരിക്കൽ പരമേശ്വരൻപിള്ള ഭാൎയ്യയോടും, കുട്ടികളോടുംകൂടി ചങ്ങനാശേരിയിൽ താമസിക്കുമ്പോൾ ഒരു ദിവസം കാലത്തു് ആറു മണിക്കു കുടുംബസഹിതം തിരുവനന്തപുരത്തേയ്ക്കു പോരു

വാൻ തീൎച്ചപ്പെടുത്തി. വിവരം ഭാൎയ്യയ്ക്കു മുന്നറിവു നല്കി. ആറു മണി അടിച്ചിട്ടും ഭാൎയ്യയും, കുട്ടികളും ഒരുക്കം പൂൎത്തിയാക്കി കാറിൽ വന്നു കയറിയില്ല. പരമേശ്വരൻപിള്ള ആരോടും ഒന്നും പറയാതെ കൃത്യസമയത്തിനു കാറിൽ കയറി തിരുവനന്തപുരത്തേയ്ക്കു തിരിച്ചു. ഭാൎയ്യയും, കുട്ടികളും വസ്ത്രധാരണം ചെയ്തു പുറത്തു വന്നപ്പോൾ കാറും പരമേശ്വരൻപിള്ളയും പോയിക്കഴിഞ്ഞിരുന്നു. തിരുവനന്തപുരത്തു ചെന്നതിനുശേഷം കുടുംബത്തെ കൊണ്ടുവരുന്നതിനു പരമേശ്വരൻപിള്ള രണ്ടാമത്തും ചങ്ങനാശേരിക്കു കാറയച്ചുകൊടുത്തു.

# അദ്ധ്യായം ൻ

കേരളീയനായർസമാജത്തിന്റെ വാർഷികസമ്മേളനങ്ങൾ പ്രതിവർഷം തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും വച്ചു നടത്തിവന്നു. ഉല്പതിഷ്ണുക്കളായ യുവാക്കന്മാരുടെ ആവേശജനകങ്ങളായ പ്രസംഗങ്ങളും, ആദർശപരങ്ങളായ പരിഷ്കാരങ്ങളെ നിർദ്ദേശിക്കുന്ന പ്രമേയങ്ങളും, ഒഴിച്ചാൽ പ്രവൃത്തിരൂപത്തിൽ വളരെക്കുറച്ചു മാത്രമേ ഈ മഹാസമ്മേളനങ്ങൾക്കു നിർവ്വഹിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. തീണ്ടൽ, തൊടീൽ തുടങ്ങിയ സാമുദായികാനാചാരങ്ങളെ ഉച്ചാടനം ചെയ്യണമെന്നും, നായർസമുദായത്തിൽത്തന്നെയുള്ള ഉച്ചനീചത്വങ്ങളെ നശിപ്പിക്കണമെന്നും, കെട്ടുകല്യാണം നിർത്തൽ ചെയ്യണമെന്നും, മററുമുള്ള നീണ്ട പ്രമേയങ്ങൾ ഓരോ മഹാസമ്മേളനത്തിലും പാസാക്കിക്കൊണ്ടിരുന്നു എങ്കിലും, ചില നേതാക്കന്മാർതന്നെയും സ്വകാര്യജീവിതത്തിൽ പ്രസ്തുത നിശ്ചയങ്ങളനുസരിച്ചു പ്രവർത്തിക്കാറുണ്ടായിരുന്നില്ല. പരിഷ്കാരനിർദ്ദേശങ്ങൾ യോഗങ്ങളിലും, പ്രസംഗമണ്ഡപങ്ങളിലും വിട്ടിട്ടു കുടിമൂത്ത യാഥാസ്ഥിതികത്വവും, സാമുദായികാനാചാരങ്ങളും മുറുകെപ്പിടിച്ചിരുന്ന ദുരഭിമാനികളായ പ്രമാണികളുടെ നേതൃത്വത്തിൽ കേരളീയനായർസമാജത്തിനു വളരെ സാവധാനത്തിൽ മാത്രമേ പുരോഗമിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. നയവഞ്ചകത്വംകൊണ്ടു മററുള്ളവരുടെ കണ്ണിൽ മണ്ണിടുവാൻ ശ്രമിച്ചിരുന്ന ആത്മാർത്ഥതാശൂന്യന്മാരായിരുന്ന ചില നായർപ്രമാണികൾക്കു ചിലപ്പോൾ വലിയ ബിമ്മിഷ്ടമുണ്ടാക്കുന്ന ചില സംഭവങ്ങളും ഇടയ്ക്കുണ്ടാകാതിരുന്നിട്ടില്ല. ൧൦൮൮-ാമാണ്ടു കീരിക്കാട്ടുവച്ചു നടന്ന വാർഷികസമ്മേളനത്തിൽ അതിരസകരമായ ഒരു സംഭവമുണ്ടായി. ആത്മാർത്ഥതയില്ലാതെ പാസാക്കുന്ന നിശ്ചയങ്ങളുടെ ചെമ്പു തെളിയിക്കുവാൻ ഉപകരിച്ച ആ സംഭവമിതാണ്.

എം. കൃഷ്ണപിള്ളയായിരുന്നു കീരിക്കാട്ടുസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുമെന്നു സമ്മേളനഭാരവാഹികൾ പ്രതീക്ഷി

ച്ചിരുന്നതു്. അദ്ദേഹം നേരത്തേ ആ സ്ഥാനം സ്വീകരിച്ചു മറുപടി കൊടുത്തിരുന്നു. സ്വാഗതസംഘാദ്ധ്യക്ഷൻ തെക്കേടത്തു് ആർ. ഗോവിന്ദപ്പിള്ളയായിരുന്നു. ഒരു ചെറിയ കളരിയുടെ തൊട്ടു മുന്നിലായിരുന്നു സമ്മേളനപ്പന്തൽ കെട്ടി അലങ്കരിച്ചിരുന്നതു്. പരേതനായ ടി. കെ. മാധവൻ, പ്രസ്തുത സമ്മേളനത്തിൽ സന്ധിച്ചു യോഗനടപടികൾ വീക്ഷിക്കുവാൻ താൻ ആഗ്രഹിക്കുന്നു എന്നും, അതിലേയ്ക്കു യോഗസ്ഥലത്തേയ്ക്കു പ്രവേശനത്തിനുള്ള ഒരു ടിക്കററു കൊടുത്തയക്കണമെന്നും കാണിച്ചു്, കാലേക്കൂട്ടി സ്വാഗതസംഘാദ്ധ്യക്ഷനു് ഒരു കത്തു കൊടുത്തയച്ചു. പന്തൽ കെട്ടി അലങ്കരിച്ചിരിക്കുന്നതു താഴ്ന്ന ജാതിക്കാർക്കു പ്രവേശിക്കുവാൻ പാടില്ലാത്ത ഒരു കളരിയുടെ മുൻഭാഗത്തായതുകൊണ്ടു, മാധവനു ടിക്കററയക്കുവാൻ നിർവ്വാഹമില്ലെന്നു വിവരിച്ചു് അന്നുതന്നെ സ്വാഗതസംഘാദ്ധ്യക്ഷൻ മറുപടിയും നൾകി. ഏതോ അപ്രതീക്ഷിതമായ കാരണങ്ങളാൽ എം. കൃഷ്ണപിള്ളയ്ക്കു സമ്മേളനത്തിൽ സന്ധിക്കുവാൻ സാധ്യമല്ലാതെ പോയതുകൊണ്ടു സീ. കൃഷ്ണപിള്ളയാണു യോഗത്തിലാദ്ധ്യക്ഷം വഹിച്ചതു്. കെ. പരമുപിള്ള, പി. ജി. ഗോവിന്ദപ്പിള്ള, ചങ്ങനാശേരി തുടങ്ങിയ മിക്ക നായർപ്രമാണികളും യോഗത്തിൽ സന്ധിച്ചിരുന്നു. സമ്മേളനദിവസം ടി. കെ. മാധവൻ മറ്റൊരു കത്തെഴുതി അതിൽ സ്വാഗതസംഘാദ്ധ്യക്ഷന്റെ കത്തുള്ളടക്കം ചെയ്തു് അദ്ധ്യക്ഷൻ സീ. കൃഷ്ണപിള്ളയെ ഏല്പിക്കുവാൻ ഒരു നായരുടെ കൈവശം കൊടുത്തയച്ചു.

"തീണ്ടലും തൊടീലും അനുഷ്ഠിക്കരുതെന്നുള്ള സമാജത്തിൻെറ നിശ്ചയവും, സ്വാഗതസംഘാദ്ധ്യക്ഷൻെറ മറുപടിയിലെ താല്പര്യവും, തമ്മിൽ പൂർവ്വാപരവൈരുദ്ധ്യം കൂടാതെ വ്യാഖ്യാനിക്കുവാൻ പ്രയാസമായിരിക്കുന്നതുകൊണ്ടു് ഉള്ളടക്കത്തോടുകൂടി കത്തയക്കുന്നു. സഭാനടപടികൾ കണ്ടറിയുന്നതിനനുവദിച്ചു ടിക്കററു തരണമെന്നുള്ള എന്റെ അപേക്ഷക്കു നിങ്ങളുടെ മറുപടി കാത്തിരിക്കുന്നു."

ഇതായിരുന്നു ടി കെ. മാധവൻെറ കത്തിൻെറ താല്പര്യം. അദ്ധ്യക്ഷസ്ഥാനത്തിരിക്കുന്ന സീ. കൃഷ്ണപിള്ളയുടെ കയ്യിൽ തന്നെ മാധവൻെറ ലിഖിതം ചെന്നുചേൻു. അദ്ദേഹം എഴുത്തു പൊട്ടിച്ചു വായിച്ചു. അദ്ദേഹത്തിൻെറ മുഖം വല്ലാതെ

ച്ചുവന്നു. കൃഷ്ണപിള്ള കത്തു സമീപമിരുന്ന പരമുപിള്ളയുടെ കൈവശം കൊടുത്തു. അല്പസമയത്തിനുള്ളിൽ എഴുത്തു പ്ലാറ്റ്ഫാറത്തിൽ മുഴുവൻ ചുററിസഞ്ചരിച്ചു. പകലേ കാപ്പികുടിക്കുവാൻ യോഗം പിരിഞ്ഞു. സീ. കൃഷ്ണപിള്ള സ്വാഗതസംഘാദ്ധ്യക്ഷനെ വരുത്തി മാധവന്റെ കത്തു കാണിച്ചു. സ്വാഗതസംഘാദ്ധ്യക്ഷൻ അദ്ദേഹത്തിൻെറ പഴയ നിർബന്ധത്തിൽത്തന്നെ ഉറച്ചുനിന്നു. ചങ്ങനാശ്ശേരിയും മററു നായർ പ്രമാണികളും ഇടപെട്ടു മാധവന് ഉടൻ ടിക്കററയക്കണമെന്നു നിർബന്ധപൂർവ്വം ആവശ്യപ്പെട്ടു. കളരിഭക്തനായ സ്വാഗതസംഘാദ്ധ്യക്ഷൻ ഇളകിയില്ല. അദ്ധ്യക്ഷനും മററു നായർ പ്രമാണികളും തുടന്നു യോഗത്തിൽ സന്ധിക്കുവാൻ വൈമനസ്യം പ്രദർശിപ്പിക്കുകയും, ഉടൻതന്നെ സ്ഥലംവിട്ടു പോകുവാൻ യാത്രയൊരുങ്ങുകയും ചെയ്തു. ഈ ഭീഷണി കുറിക്കുകൊണ്ടു. സ്വാഗത സംഘാദ്ധ്യക്ഷൻ കീഴടങ്ങി. ഉടൻതന്നെ മാധവന് ഒരു മറുപടിയോടുകൂടി ടിക്കററയച്ചുകൊടുത്തു.

മറെറാരു സംഭവം അല്പംകൂടി രസകരമാണ്. നായർ സമ്മേളനങ്ങളിലെ 'സാഹോദര്യ'പ്രസംഗങ്ങളും 'സമത്വ' പ്രമേയങ്ങളും കേട്ടു പ്രമാദം പററിയ ഒരു ശുദ്ധഹൃദയനായ മാരാൻ വളരെപ്പണം ചിലവുചെയ്തു ചതുർവിധവിഭവങ്ങളോടുകൂടിയ ഒരു സദ്യയൊരുക്കി, ആഢ്യന്മാരും, മാടമ്പികളും, ഇല്ലക്കാരുമായ സമ്മേളനപ്രതിനിധികളെ വിരുന്നിനു ക്ഷണിച്ചു. ഒരൊററ പ്രതിനിധിയെങ്കിലും മാരാന്റെ ക്ഷണം സ്വീകരിച്ചു വിരുന്നിൽ പങ്കുകൊള്ളുകയുണ്ടായില്ല. രക്തത്തിൽ കലന്നു കട്ടിപിടിച്ചുപോയ ദുരഭിമാനത്തെ പ്രമേയങ്ങൾക്കോ പ്രസംഗങ്ങൾക്കോ എങ്ങിനെ ദ്രവപ്പെടുത്തുവാൻ കഴിയും.

സമ്മേളനത്തിൻെറ സ്വാധീനശക്തിയും, പ്രവത്തനരംഗവും തിരുവിതാംകൂറിൻെറ അതൃത്തി സ്ഥലങ്ങളേ ഭേദിച്ചു മലബാറിലേയ്ക്കും കൊച്ചിയിലേയ്ക്കുംകൂടി വ്യാപിപ്പിക്കണമെന്നൊരാശയം തൽപ്രവത്തകന്മാക്കു നേരത്തേ ഉണ്ടായിരുന്നതാണ്. കൊച്ചിയിൽനിന്നും, മലബാറിൽനിന്നും, ഉന്നതന്മാരായ വ്യക്തികൾ ചില സമ്മേളനങ്ങളിൽ പങ്കെടുത്തുവന്നു എങ്കിലും, പ്രായേണ കേരളീയനായർസമ്മേളനം ഒരു തിരുവി

താംകൂർ നായർസമാജം മാത്രമായിരുന്നു. ഇന്നെന്നപോലെ തന്നെ അന്നും, അപൂർവം ചില അദ്ധ്യക്ഷന്മാരും പ്രാസംഗികന്മാരുമല്ലാതെ, കൊച്ചിയിലേയും മലബാറിലേയും നായർസമുദായത്തിലെ സാമാന്യജനങ്ങൾ അഖിലകേരളീയസംഘടനയായി രൂപാന്തരപ്പെടുത്തുവാൻ തിരുവിതാംകൂറുകാർ ശ്രമം ചെയ്തുകൊണ്ടിരുന്ന കേരളീയനായർസംഘടനയിൽ ഗണ്യമായ യാതൊരു താല്പര്യവും പ്രദർശിപ്പിച്ചിരുന്നില്ല. അതുകൊണ്ടു തിരുവിതാംകൂറിനു പുറത്തുള്ള നായന്മാരെ ആകർഷിക്കുവാൻ വേണ്ടി ൧൦൯൦–ലെ സമ്മേളനം തൽഭാരവാഹികൾ തൃശ്ശൂർ വച്ചു നടത്തുവാൻ നിശ്ചയിച്ചു.

അന്നു സി. വി. രാമൻപിള്ളയായിരുന്നു സമ്മേളനത്തിൻെറ കാര്യദർശി. അദ്ധ്യക്ഷൻ സീ. കെ. പി–തന്നെയായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ! തൃശ്ശൂർ സമ്മേളനത്തിൽ, കാര്യദർശിയായിരുന്ന സി. വി. രാമൻപിള്ള ഹാജരായില്ല. സിക്രട്ടറിയുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ സി. വി., അസിസ്റ്റൻറു സിക്രട്ടറിയായിരുന്ന മി. മള്ളൂർ ഗോവിന്ദപ്പിള്ളയെയാണു നിയോഗിച്ചിരുന്നതു്. തൃശ്ശൂർസമ്മേളനത്തിലാദ്ധ്യക്ഷം വഹിച്ചതു കെ. പി. പത്മനാഭമേനവനും, സ്വാഗതസംഘാദ്ധ്യക്ഷൻ കൊച്ചുകൃഷ്ണമാരാരും ആയിരുന്നു. അദ്ധ്യക്ഷന്റെ പ്രസംഗം കഴിഞ്ഞു റിപ്പോർട്ടു വായിക്കുവാൻ സി. വി–യുടെ അസാന്നിദ്ധ്യത്തിൽ മി. മള്ളൂർ ആജ്ഞാപിതനായി. സ്വാഗതസംഘാദ്ധ്യക്ഷൻെറ പ്രസംഗം റിപ്പോർട്ടായി പരിഗണിക്കപ്പെടണമെന്നും, വേറേ റിപ്പോർട്ടൊന്നും പ്രത്യേകമായി തയാറാക്കിയിട്ടില്ലെന്നും പ്രസ്താവിച്ചു മി. മള്ളൂർ ആസനസ്ഥനായി. മി. മള്ളൂർ ഈ കൃത്യവിലോപം കൊണ്ടു സമ്മേളനത്തെ അനാദരിക്കയാണു ചെയ്തതു് എന്നൊരഭിപ്രായം തിരുവിതാംകൂറിൽനിന്നു തൃശ്ശൂർസന്നിഹിതരായിരുന്ന ചില പ്രതിനിധികളുടെ ഇടയിൽ പ്രകടമായി. കൂടാതെ, തൃശ്ശൂർസമ്മേളനത്തിലെ കാര്യാലോചനായോഗങ്ങളിലും മററും തിരുവിതാംകൂർപ്രതിനിധികൾക്കു വേണ്ടത്ര പ്രാധാന്യം നൾകുകയുണ്ടായില്ലെന്നു മറ്റൊരാക്ഷേപവും പുറപ്പെട്ടു.

സമ്മേളനാനന്തരം ഈ വിഷയത്തെപ്പററി പത്രപങ്ക്തികളിൽ തീവ്രമായ ഒരു വാദസമരം നടന്നു. തന്നെ സംബന്ധിച്ചുള്ള വ്യക്തിപരമായ ആരോപണങ്ങൾക്കു മി. മള്ളൂർ മറുപടി എഴുതി. ഒരു ലേഖനത്തിൽ ‘കേരളീയനായർസമാജം ഒരു രജിസ്റ്റർ ചെയ്ത സംഘമാണെന്നും, അതിൽ അംഗങ്ങളായി ചേന്നിട്ടില്ലാത്തവക്കു സമ്മേളനത്തിൻെറ കാര്യങ്ങളെപ്പററി പ്രതിപാദിക്കുവാൻ അവകാശമില്ലെന്നും മി. മള്ളൂർ പ്രസ്താവിച്ചിരുന്നു. ആഖ്യാനങ്ങളും പ്രത്യാഖ്യാനങ്ങളുമായി ഈ വാദപ്രതിവാദം വളരെക്കാലം നീണ്ടുനിന്നു.

ചങ്ങനാശേരി തൃശ്ശൂർസമ്മേളനത്തിൽ സന്നിഹിതനായിരുന്നില്ല. എങ്കിലും പ്രസ്തുത സമ്മേളനത്തെപ്പറ്റി തുടന്നു നടന്ന വാദപ്രതിവാദങ്ങൾ സമുദായമദ്ധ്യത്തിൽ തീവ്രമായ ക്ഷോഭങ്ങളും കക്ഷിമത്സരങ്ങളും ഉത്ഭവിപ്പിച്ചതു് അദ്ദേഹം അറിയാതിരുന്നില്ല. സമാധാനവും രഞ്ജിപ്പും പുനഃസ്ഥാപിക്കുവാനുള്ള ശ്രമങ്ങൾ നടന്നു എങ്കിലും, അവയൊക്കെ മിക്കവാറും വിഫലങ്ങളായി. സമുദായസ്നേഹികളായിരുന്ന പല പ്രമാണികളും ഒരു കക്ഷിയിൽ അല്ലെങ്കിൽ മറ്റൊരു കക്ഷിയിൽ ചേന്നു നിന്നു് ഈ കലഹത്തിൽ പങ്കെടുക്കുവാൻ നിർബദ്ധരായി. കേരളീയനായർസമാജത്തിനെതിരായി മറെറാരു സംഘടനയുണ്ടാക്കണമെന്നുപോലും ചിലർ വാദിക്കാതിരുന്നില്ല. ഇങ്ങിനെയുള്ള മത്സരങ്ങൾ അതിൻെറ മൂർദ്ധന്യദശയിലെത്തിയപ്പോൾ ചങ്ങനാശേരി, സി. വി. രാമൻപിള്ളയ്ക്കു് ഒരു കത്തെഴുതി. പ്രസ്തുത കത്തിൽ ചങ്ങനാശേരി, മി. മള്ളൂരിന്റെ തൃശ്ശൂർ സമ്മേളനത്തിലെ നടപടികളെ ആക്ഷേപിക്കുകയും, സി. വി. പ്രസ്തുത സമ്മേളനത്തിൽ സന്ധിക്കാതിരുന്നതു പരിതാപകരമായിപ്പോയെന്നു് അഭിപ്രായപ്പെടുകയും ചെയ്തു. ഈ കത്തു സി. വി-യെ പൂർവ്വാധികം ക്ഷോഭിപ്പിച്ചു. ചങ്ങനാശേരിയും, സീ. കെ. പി-യും ഉററ മിത്രങ്ങളായിരുന്നു എന്നു സി. വി-ക്കറിയാമായിരുന്നു. തൃശ്ശൂർസമ്മേളനത്തെക്കുറിച്ചു ചങ്ങനാശേരിയുടെ കത്തിൽ പ്രസ്താവിച്ചിരുന്ന അഭിപ്രായങ്ങൾ സീ. കെ. പി-യുടെ അഭിപ്രായങ്ങൾതന്നെയായിരിക്കണമെന്നും, ചങ്ങനാശേരിയുടെ കത്തു സീ. കെ. പി-യുടെ പ്രേരണാഫലമാ

ണെന്നും, സ്ഥാനത്തിലോ, അസ്ഥാനത്തിലോ അദ്ദേഹം വിശ്വസിച്ചു. സി. വി. ഉടൻതന്നെ കേരളീയനായർസമാജത്തിന്റെ കാര്യദർശിത്വം രാജിവച്ചൊഴിഞ്ഞു.

സി. വി. രാമൻപിള്ള സമകാലീനന്മാരായിരുന്ന സമുദായപ്രമാണികളെ അപേക്ഷിച്ച് അത്യുന്നതനും ഗംഭീരാശയനുമായ ഒരു പ്രതിഭാശാലിയായിരുന്നു. മലയാളസാഹിത്യത്തിലെ ആഖ്യായികാപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ഇതര സാഹിത്യകാരന്മാൎക്ക് അപ്രാപ്യമായ അദ്ദേഹത്തിന്റെ കലാവൈദഗ്ദ്ധ്യത്തിനു ലോകോത്തരമായ പ്രശസ്തി ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. സി. വി. രാമൻപിള്ള ഒരതിമാനുഷനായിരുന്നു. *മാൎത്താണ്ഡവൎമ്മയിലെ അനന്തപത്മനാഭനേയും, *ധൎമ്മരാജായിലെ ഹരിപഞ്ചാനനേയും, കാളിഉടയാൻചന്ത്രക്കാരനേയും സൃഷ്ടിച്ച ഭാവനാശക്തി ഒരതിമാനുഷന്റേതാണെന്നു പറയുന്നതിൽ യാതൊരതിശയോക്തിയുമില്ല. ആകൃതിയിലും, ചിന്തയിലും, പ്രവൃത്തിയിലും ആ കഥാപാത്രങ്ങളിൽ കാണുന്ന ഔന്നത്യം അദ്ദേഹത്തിന്റെ വ്യക്തിപരമായ ഔന്നത്യത്തിന്റെ ഒരു പ്രതിഫലനം മാത്രമാണ്. ഗാംഭീൎയ്യംകൊണ്ടും, മഹത്വംകൊണ്ടും, ധിഷണാവൈഭവംകൊണ്ടും സഹപ്രവൎത്തകന്മാരായിരുന്ന സാമാന്യജനങ്ങളുടെ ഇടയിൽ അദ്ദേഹം ഹിമവാനെപ്പോലെ അത്യുന്നതനായിരുന്നു. സ്വസമുദായത്തിന്റെ മഹത്തായ പാരമ്പൎയ്യസമുച്ചയത്തിൽ അഭിമാനം തുളുമ്പുന്ന ഒരു ഹൃദയമാണദ്ദേഹത്തിനുണ്ടായിരുന്നതു്. അദ്ദേഹത്തിന്റെ രാജി, കേരളീയനായർസമാജത്തിനു തീരാത്ത ഒരു നഷ്ടമായിരുന്നു. സിക്രട്ടറിപദത്തിൽനിന്നുള്ള അദ്ദേഹത്തിന്റെ തിരോധാനം പ്രസ്തുത സമാജത്തിന്റെ ശാശ്വതമായ ഭിന്നിപ്പിനു വഴി തെളിച്ചു.

സി. വി. രാമൻപിള്ള സിക്രട്ടറിപദം രാജിവച്ചതുകൊണ്ടു തൽസ്ഥാനത്തേയ്ക്കു മറ്റൊരാളേ തിരഞ്ഞെടുക്കേണ്ട ആവശ്യം നേരിട്ടു. അതിലേയ്ക്കു പൊതുയോഗം വിളിച്ചുകൂട്ടുവാൻ സമാജഭാരവാഹികൾ നോട്ടീസ്സു പ്രചരിപ്പിച്ചു. പക്ഷേ പല പ്രാവശ്യം നോട്ടീസ്സയച്ചിട്ടും കോറം തികയാതിരുന്നതുകൊണ്ടു ന്യായാനുസരണം തിരഞ്ഞെടുപ്പു നടത്തുവാൻ സാധിക്കാതെ

* സി. വി. രാമൻ പിള്ള എഴുതിയ രണ്ടു സുപ്രസിദ്ധനോവലുകൾ.

പോയി. കക്ഷിമത്സരങ്ങളും വാദപ്രതിവാദങ്ങളും അതിൻെറ മൂർദ്ധന്യദശയിലെത്തിയിരുന്നു. പൊതുയോഗത്തിലും തിരഞ്ഞെടുപ്പുമത്സരത്തിലും ഭൂരിപക്ഷം സമ്പാദിക്കുവാനും അങ്ങിനെ എതൃകക്ഷികളുടെ പ്രാബല്യം കുറയ്ക്കുവാനും രണ്ടുകൂട്ടരും ശ്രമമാരംഭിച്ചു. ഒരു കക്ഷി ചങ്ങനാശേരിയുടെ നേതൃത്വത്തിലും, ഇതരകക്ഷി മള്ളൂരിൻെറ നേതൃത്വത്തിലും സംഘടിച്ചു.

തിരുവിതാംകൂറിലെ പൊതുക്കാര്യജീവിതത്തിൽ ചങ്ങനാശേരി പരമേശ്വരൻപിള്ളയും, മി. മള്ളൂർ ഗോവിന്ദപ്പിള്ളയും തമ്മിൽ അതിതീവ്രമായ ഒരു മത്സരമാരംഭിച്ചതും ഏതാണ്ടു് ഇക്കാലത്തുതന്നെയാണു്. രണ്ടുപേരും സമുദായത്തിലെ താഴ്ന്ന പടികളിൽനിന്ന് സ്ഥിരപരിശ്രമംകൊണ്ടും, അസാമാന്യമായ ബുദ്ധിസാമർത്ഥ്യംകൊണ്ടും, അന്യാദൃശമായ കാര്യശേഷികൊണ്ടും, ഉപരിതലത്തിലേയ്ക്കു് അതിവേഗത്തിൽ ഉയന്നുകൊണ്ടിരുന്നവരായിരുന്നു. രണ്ടുപേരും ഒന്നുപോലെ ഉൽക്കഷേച്ഛുക്കളുംസമുദായനേതൃത്വം കരസ്ഥമാക്കുവാൻ ആത്മാത്ഥമായി അഭിലഷിച്ചുകൊണ്ടിരുന്നവരുമായിരുന്നു. സമുദായത്തിലെ പ്രബലന്മാരും ഉന്നതന്മാരുമായിരുന്ന വ്യക്തികളുടെ പിന്തുണ രണ്ടുപേക്കും ഒന്നുപോലെ സമ്പാദിക്കുവാൻ കഴിഞ്ഞിരുന്നു. എങ്കിലും, ഇവർ രണ്ടുപേരുടേയും സ്വഭാവഗതിക്കും പ്രവത്തനരീതിക്കും ധ്രുവപ്രദേശങ്ങൾപോലുള്ള അന്തരമുണ്ടു്. ചങ്ങനാശേരി ഒരു കടന്ന ഉല്പതിഷ്ണുവും, മി. മള്ളൂർ ഒരു തികഞ്ഞ യാഥാസ്ഥിതികനുമാണു്. രണ്ടുപേരും നയജ്ഞന്മാരും തന്ത്രശീലന്മാരുമാണു. ചങ്ങനാശേരി ഉദ്വേഗരഹിതനും, ഉപായശീലനും ആയിരുന്നുഎങ്കിൽ മി. മള്ളൂർ വികാരാധീനനും സാഹസികനുമാണു്. ബുദ്ധിപ്രധാനമായ ഗഹനചിന്തയും വിദൂരവീക്ഷണവും ചങ്ങനാശേരിയുടെ പ്രവത്തനങ്ങളെ നിയന്ത്രിച്ചിരുന്നതുകൊണ്ടു് കയ്ക്കൊണ്ട നടപടികളെപ്പററി പശ്ചാത്തപിക്കേണ്ടിവന്നിട്ടുള്ള അവസരങ്ങൾ അദ്ദേഹത്തിൻെറ ജീവിതത്തിൽ അപൂർവമാണു്. വികാരപ്രധാനമായ സാഹസികത്വം, ചില ഘട്ടങ്ങളിൽ മി. മള്ളൂരിനെ ദുർഘടമാർഗ്ഗങ്ങളിൽ കൊണ്ടുചെന്നെത്തിച്ചിട്ടുണ്ടു്. ഭാവനാ

സമ്പന്നനായ അദ്ദേഹം അങ്ങിനെയുള്ള വിപത്തുകളിൽ നിന്ന് ആശ്ചര്യകരമായ തന്ത്രശീലത്തോടെ ഒഴിഞ്ഞുമാറിയിട്ടുമുണ്ട്. പ്രതിഭാസമ്പന്നനും, പിൽക്കാലജീവിതത്തിൽ പരാജയമെന്തെന്നറിഞ്ഞിട്ടില്ലാത്ത ഭാഗ്യവാനും ആയ, മി. മള്ളൂരിനു സാമാന്യജനങ്ങളോട് ആത്മാർത്ഥമായ സമ്പർക്കം സ്ഥാപിക്കുവാനോ, കാര്യമായ തോതിൽ പൊതുജനസമ്മിതി നേടുവാനോ കഴിഞ്ഞിട്ടില്ല. ചങ്ങനാശേരി ഏതവസരത്തിലും പൊതുജനാഭിപ്രായത്തെ വിലമതിക്കുകയും, അതിനുവേണ്ടി ജീവിക്കയും, ജനസമ്മിതിക്കു വേണ്ടി, വേണ്ടിവന്നാൽ ചിലപ്പോറം സ്വാഭിപ്രായങ്ങറം ബലികഴിക്കുവാൻ കൂടിയുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിട്ടുള്ള ഒരു നേതാവാണ്. മി. മള്ളൂർ, ജനങ്ങളുടെ സ്തോഭവികാരാദികളെ സ്പർശിക്കുവാൻ ശക്തിയുള്ള ഒരു വാഗ്മിയും, എതിരാളികളെ നിർദ്ദാക്ഷിണ്യമായി ഭത്സിക്കുകയും, വേദനിപ്പിക്കുകയും ചെയ്യുന്ന ഒരു അഭിഭാഷകസിംഹവുമാണ്. ആവേശജനകമായി പ്രഭാഷണം ചെയ്യുവാൻ ചങ്ങനാശേരിക്കു കഴിയുകയില്ല. ആവശ്യമുള്ളിടത്തുപോലും പരുഷമായ ഭാഷയുപയോഗിക്കുവാൻ അദ്ദേഹം തുനിഞ്ഞിട്ടില്ല. ബുദ്ധിപ്രധാനമായ ആത്മനിയന്ത്രണംകൊണ്ടും, കർമ്മകുശലതകൊണ്ടും, മുൻകരുതൽകൊണ്ടും, സഹപ്രവർത്തകന്മാരുടേയും, അനുയായികളുടേയും സ്നേഹാദരങ്ങളെ ആകർഷിക്കുവാനും, നേതൃത്വം കരസ്ഥമാക്കുവാനും ചങ്ങനാശേരിക്കുള്ള കഴിവു സീമാതീതമാണ്. ആരോപണങ്ങളും ഗൂഢാർത്ഥങ്ങളും പൊതിഞ്ഞു പ്രയോഗിച്ചു തുളഞ്ഞുകയറുന്ന ഭാഷയിൽ ശ്രോതാക്കളെ അസുഖപ്പെടുത്തുകയും, ക്ഷോഭിപ്പിക്കുകയും, ചെയ്യുന്ന മി. മള്ളൂരിൻെറ സംഭാഷണരീതി അദ്ദേഹത്തിനു കൂടുതൽ ശത്രുക്കളെയാണു സമ്പാദിച്ചുകൊടുത്തിട്ടുള്ളത്. നിസ്സാരമായ വല്ല പിഴകളും സംഭവിച്ചുപോയാൽ "മുഖത്തു മണ്ണുവാരിയെറിയുന്ന" പൊതുജനങ്ങളുടെ പ്രീതിയും അപ്രീതിയും അദ്ദേഹം ഗണ്യമാക്കിയിട്ടില്ലെന്നു ഭാവിക്കാറുണ്ട്. അസ്ഥിരവും അയുക്തികവുമായ പൊതുജനപ്രീതിക്കു വേണ്ടി ഉൽക്കണ്ഠപ്പെട്ട് അലഞ്ഞു നടക്കുന്നവരെപ്പററി അദ്ദേഹം പുറമേ അവജ്ഞയാണു പ്രദർശിപ്പിക്കാറുള്ളത്. എങ്കിലും, പൊതുജനങ്ങളുടെ ദുരഭിപ്രായവും അസംതൃപ്തിയും അദ്ദേഹത്തെപ്പോലെ ഭയപ്പെടുന്ന

വർ വേറെ ഇല്ല. ബഹുജനദൃഷ്ടിയിൽ സുസമ്മതനും പ്രശം സാഹനമായിത്തീരുവാൻ അദ്ദേഹം അനവരതം പണിപ്പെട്ടിട്ടുണ്ട്. പൊതുജനപ്രസ്ഥാനങ്ങളുടേയും, പ്രക്ഷോഭണങ്ങളുടേയും, അഗ്രിമഭാഗത്തു സ്തോഭരഹിതനായ ചങ്ങനാശേരി പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത അവസരങ്ങൾ അദ്ദേഹത്തിൻെറ സുദീഘമായിരുന്ന ജീവിതത്തിൽ ഒന്നോ രണ്ടോ മാത്രമേ കാണുവാൻ കഴിയുകയുള്ളൂ. എന്നാൽ വികാരാധീനനായ മി. മള്ളൂരിനെ ജനപക്ഷത്തു കാണുവാൻ കഴിഞ്ഞിട്ടുള്ള ഘട്ടങ്ങളും അദ്ദേഹത്തിൻെറ പൊതുക്കാര്യജീവിതത്തിനിടയിൽ ഒന്നോ രണ്ടോ മാത്രമാണ്. മി. മള്ളൂർ കലാകുതുകിയും കവി-ഹൃദയമുള്ള ഒരു സാഹിത്യരസികനുമാണ്. ചങ്ങനാശേരി അരസികനും, കാര്യമാത്രപ്രസക്തനും സാഹിത്യവിരസനുമായിരുന്നു. ഈ ഘട്ടത്തിൽ മനുഷ്യസ്വഭാവത്തെ വേർതിരിക്കുന്ന ഭർത്തൃഹരിയുടെ സുപ്രസിദ്ധമായ പദ്യം സ്മൃതിപഥത്തെ അധിരോഹണം ചെയ്യുന്നു.

ഏതെ സത്പുരുഷാഃ പരാത്ഥഘടകാഃ സ്വാത്ഥം പരിത്യ-
[ജ്യയേ
സാമാന്യാസ്തു പരാത്ഥമുദ്യമഭൃതഃ സ്വാത്ഥാ വിരോധേനയേ
തേ ƒ മീമാനുഷരാക്ഷസാഃ പരഹിതം സ്വാത്ഥായ നിഘ്നന്തി യേ
യേ നിഘ്നന്തി നിരത്ഥകം പരഹിതം തേ കേന ജാനീമഹേ.

മനുഷ്യരെ, പരാത്ഥത്തിനു വേണ്ടി സ്വാത്ഥം പരിത്യജിക്കുന്ന യതികൾ, സ്വാത്ഥത്തിനു വിഘ്നം വരുത്താതെ പരാത്ഥത്തിനു വേണ്ടി പ്രയത്നിക്കുന്ന സാധാരണന്മാർ, അവരവരുടെ നന്മയ്ക്കു വേണ്ടി അന്യരുടെ നന്മയെ ഹനിക്കുന്ന മാനുഷരാക്ഷസന്മാർ വ്യത്ഥമായി തങ്ങൾക്കും അന്യക്കും ഒന്നുപോലെ നാശം വരുത്തുന്ന ഭ്രാന്തന്മാർ, എന്നിങ്ങനെ നാലായി വിഭജിക്കാം. ചങ്ങനാശേരിയും മി. മള്ളൂരും ഇവയിൽ ആദ്യത്തേതിലും അവസാനത്തേതിലും പെടുകയില്ലെന്നു തീച്ചയാണ്. ഭൂരിഭാഗം ജനങ്ങളും ആദ്യത്തേതും ഒടുവിലത്തേതും വിഭാഗങ്ങളിൽ പെടുന്നവരല്ല. മഹാത്മാഗാന്ധി ഒന്നാമത്തേയും, കൊലപാതകികൾ നാലാമത്തേയും വിഭാഗത്തിൽ പെടുന്നതായി വേണമെങ്കിൽ ഉദാഹരിക്കാം. തുല്യപ്രാബല്യമുണ്ടായിരുന്ന ഈ രണ്ടു

ജനപ്രമാണികളുടേയും നിരന്തരവും സുദീർഘവുമായിരുന്ന സംഘട്ടനങ്ങൾ ജനതാമദ്ധ്യത്തിൽ പലപ്പോഴും പ്രക്ഷോഭജനകങ്ങളായിരുന്ന ഒച്ചപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ട്. ചങ്ങനാശേരിയെക്കുറിച്ചുള്ള മതിപ്പും പ്രീതിയും പൊതുജനാഭിപ്രായമാകുന്ന ഉൽകൃഷ്ടസോപാനത്തിൻെറ പരമോന്നതമായ പടിയിൽ എത്തിയിട്ടുള്ള ഘട്ടങ്ങളുണ്ടായിട്ടുണ്ടെങ്കിൽ, മി. മള്ളൂരിൻെറ പ്രശസ്തി അതിൻെറ ഏറ്റവും താഴ്ന്ന പടിയിലെത്തിയിട്ടുള്ള അവസരങ്ങളും അത്ര അസുലഭങ്ങളല്ല.

മുൻപറഞ്ഞ പൊതുയോഗത്തിൽ കോറം തികയ്ക്കുവാൻ സാധ്യമല്ലന്നു വന്നുകൂടിയപ്പോൾ, നൂതനമായി അംഗങ്ങളെ ചേർത്തു കോറം തികയ്ക്കുവാനുള്ള ഒരു ശ്രമമാരംഭിച്ചു. ഇരുകൂട്ടരും അവക്കനുകൂലികളായ അംഗങ്ങളെ തിരഞ്ഞുപിടിച്ചു ചേർത്ത് ഭൂരിപക്ഷം സമ്പാദിക്കുവാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു തുടങ്ങി. അസിസ്റ്റൻറ് സിക്രട്ടറിയെന്ന നിലയിൽ ഔദ്യോഗികമായ അധികാരങ്ങൾ കൈവശമുണ്ടായിരുന്ന മി. മള്ളൂരിന് ഈ വിഷയത്തിൽ ചില പ്രത്യേക സൌകര്യങ്ങളുണ്ടായിരുന്നു. ചങ്ങനാശ്ശേരി പുത്തനായി ചേർക്കുവാനുള്ള അംഗങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി മള്ളൂരിനയച്ചുകൊടുത്തു. സ്വപാർശ്വവർത്തികളായ അംഗങ്ങളെ മാത്രം ചേർത്തു ഭൂരിപക്ഷം സമ്പാദിക്കയെല്ലാതെ ചങ്ങനാശേരിയുടെ ലിസ്റ്റിൽപെട്ട അംഗങ്ങളെ മി. മള്ളൂർ ചേർക്കുകയുണ്ടായില്ലെന്നു പിന്നീടു ചങ്ങനാശേരി പരാതിപ്പെട്ടു.

ഏതായാലും ൧൦൮൧ തുലാമാസത്തിൽ പൊതുയോഗം സി. വി. രാമൻപിള്ളയുടെ ഗൃഹത്തിൽവച്ചു കൂടി. സീ. കെ. പി.യുടെ ആദ്ധ്യക്ഷത്തിൽത്തന്നെയാണു യോഗമാരംഭിച്ചത്. യോഗമാരംഭിച്ചപ്പോൾ ആദ്യം തിരഞ്ഞെടുപ്പു നടത്തണമെന്നു മി. മള്ളൂർ വാദിച്ചു. കാര്യപരിപാടിയിലെ ക്രമമനുസരിച്ചു റിപ്പോർട്ടുവായന, കണക്കു പരിശോധന മുതലായ പ്രാരംഭച്ചടങ്ങുകൾ തീർത്തിട്ട്, അവസാനമായി തിരഞ്ഞെടുപ്പു നടത്താമെന്ന് അദ്ധ്യക്ഷനഭിപ്രായപ്പെട്ടു. മി. മള്ളൂർ അതിനു വിസമ്മതിക്കയും, ആദ്യം തിരഞ്ഞെടുപ്പുതന്നെ നടത്തണമെന്നു നിർബന്ധപൂർവ്വം വാദിക്കയും ചെയ്തു. വോട്ടുസമ്പാദിക്കുവാൻ വേണ്ടി പുത്തനായി സമാജത്തിൽ ചേർത്ത് ഒരുക്കിനിർത്തിയി

ട്ടുള്ളവർ സ്ഥലം വിടുന്നതിനു മുൻപ് തിരഞ്ഞെടുപ്പു നടത്തി ഭൂരിപക്ഷമനുസരിച്ചു സിക്രട്ടറിപദം കരസ്ഥമാക്കുവാനുള്ള ഒരു തന്ത്രവിദ്യയാണിതെന്നു മറുകക്ഷി ആക്ഷേപം പുറപ്പെടുവിച്ചു. അഭിപ്രായങ്ങൾ ദുശ്ശാഠ്യങ്ങളായും, ദുശ്ശാഠ്യങ്ങൾ കക്ഷിമത്സരങ്ങളായും, കക്ഷിമത്സരങ്ങൾ വ്യക്തിപരമായ ആക്ഷേപങ്ങളായും രൂപഭേദപ്പെട്ടു. പ്രതിപക്ഷബഹുമാനംപോലും മറന്ന് ആക്ഷേപങ്ങളും ആരോപണങ്ങളും പരസ്പരം വർഷിച്ചുതുടങ്ങി. യോഗത്തിൽ വലിയ ബഹളങ്ങളും കുഴപ്പങ്ങളുമായി. ഒച്ചപ്പാടുകൾ ആരംഭിക്കുന്ന ലക്ഷണങ്ങൾ കണ്ടുതുടങ്ങിയപ്പോൾത്തന്നെ മി. ടി. കെ. വേലുപ്പിള്ള സ്ഥലം വിട്ടിരുന്നു. കൊച്ചുകൃഷ്ണമാരാർ അദ്ദേഹത്തെ അനുഗമിച്ചു. മററു മാന്യന്മാർ ഒന്നൊന്നായി പിരിഞ്ഞു പോയി. സമാധാനപൂർവ്വം യോഗം നടത്തിക്കൊണ്ടു പോകുന്നതു സാധ്യമല്ലെന്നു നിശ്ചയമായപ്പോൾ സീ. കെ. പി. അദ്ധ്യക്ഷപദം വിട്ടൊഴിഞ്ഞു്, ഉടൻതന്നെ സ്ഥലത്തുനിന്നു പോയി. മററു പലരും അദ്ദേഹത്തെത്തുടന്നു യോഗസ്ഥലം വിട്ടു.

നിറഞ്ഞ കണ്ണുകളോടും, ദുസ്സഹമായ മനോവേദനയോടും കൂടിയാണു സീ. കൃഷ്ണപിള്ള. സി. വി-യുടെ ഗൃഹത്തിൽ നിന്നിറങ്ങിപ്പോയതു്. സീ. കെ. പി. സ്വപ്രയത്നംകൊണ്ടു സംഘടിപ്പിച്ചു്, നിരന്തരമായി പരിലാളിച്ചു പുത്രനിർവ്വിശേഷമായവാത്സല്യത്തോടുകൂടി വളത്തിക്കൊണ്ടുപോന്ന ഒരു സ്ഥാപനമായിരുന്നു കേരളീയനായർസമാജം. സമുദായത്തെ ഉള്ളഴിഞ്ഞു സ്നേഹിക്കയും, അതിൻെറ അഭ്യുന്നതിക്കുവേണ്ടി നിസ്വാത്ഥമായി പ്രയത്നിക്കയും, ആത്മാത്ഥമായ സേവനമനുഷ്ഠിക്കയും ചെയ്തിരുന്ന ഒരു പൊതുജനനേതാവായിരുന്നു അദ്ദേഹം. ഏതൊരു സ്ഥാപനത്തിൻെറ ഐശ്വര്യത്തിനും അഭിവൃദ്ധിയ്ക്കും വേണ്ടി തൻെറ ജീവിതസായാഹ്നത്തിലെ മുഴുവൻ ഭാഗവും വിനിയോഗിച്ചുവോ, ഏതൊരു സ്ഥാപനത്തിൻെറ ശാശ്വതമായ നിലനില്പു തൻെറ ജാഗ്രത്തിലെ ചിന്തയും, നിദ്രയിലെ സ്വപ്നവുമായിരുന്നുവോ, ഏതൊരു സ്ഥാപനത്തിൻെറ പുരോഗതിയ്ക്കു വേണ്ടി താൻ നിരവധിത്യാഗങ്ങളും കഷ്ടനഷ്ടങ്ങളുമനുഭവിച്ചുവോ, ആ സ്ഥാപനത്തിൽനിന്നു നിരുപാധികമായും നിർദ്ദാക്ഷിണ്യമായും ബഹിഷ്കൃതനായി, ജീവിതാശകൾ നശിച്ചു കണ്ണീരും കയ്യുമായി പിരിഞ്ഞുപോകുന്ന ഒരു വൃദ്ധ

പിതാവിൻെറ നിരാശയോടും മനോവേദനയോടും കൂടിയാണു സീ. കെ. പി. ആ കലഹരംഗത്തുനിന്നന്തർദ്ധാനം ചെയ്തതു്. കേരളീയനായർസമാജത്തിന്റേയും, സീ. കെ. പി-യുടെ പൊതുക്കാൎയ്യജീവിതത്തിന്റേയും അവസാനരംഗവും ഏതാണ്ടു് അതുതന്നെ ആയിരുന്നു.

സീ. കെ. പി. സ്ഥലം വിട്ടതിനുശേഷം അവിടെ ശേഷിച്ചവർ സി. വി-യുടെ അദ്ധ്യക്ഷതയിൽ യോഗം തുടൎന്നു കൊണ്ടുപോയി. ഭാരവാഹികളുടെ തിരഞ്ഞെടുപ്പു നടന്നു. മി. മള്ളൂരിനെ സിക്രട്ടറിയായി തിരഞ്ഞെടുത്തു. സീ. കെ. പി. സ്ഥാനത്യാഗം ചെയ്തതുകൊണ്ടു കേരളീയനായർസമാജത്തിൻെറ അദ്ധ്യക്ഷകിരീടം അവർ ആദ്യം സീ. വി-യുടെ നേൎക്കുതന്നെ നീട്ടി. നിർഭാഗ്യകരമായിരുന്ന അന്നത്തെ സംഭവങ്ങൾക്കു ശേഷം ആ അലങ്കാരം വാങ്ങി തലയിൽ ധരിക്കുവാൻ സീ. വി രാമൻപിള്ള ഇഷ്ടപ്പെട്ടില്ല. അദ്ദേഹം അവരുടെ പ്രാൎത്ഥനയെ നന്ദിപൂർവ്വം നിരസിച്ചു. വീണ്ടും യോഗഭാരവാഹികൾ പ്രസ്തുത ഭൂഷണം ദിവാൻബഹദ്ദൂർ ഏ. ഗോവിന്ദപ്പിള്ളയുടെ മുൻപിൽ സമൎപ്പിച്ചു. സ്ഥിതിഗതികൾ നേരിട്ടു പറഞ്ഞു ധരിപ്പിച്ചു്, ദിവാൻബഹദ്ദൂരിനെക്കൊണ്ടു് അദ്ധ്യക്ഷസ്ഥാനം നിരസിപ്പിക്കുവാൻ ചങ്ങനാശേരി ശ്രമംചെയ്തുനോക്കിയെങ്കിലും ആ ഉദ്യമം വിഫലമായി. ഇതിനുശേഷം സീ. വി-യുടെ ഗൃഹത്തിൽ വച്ചു നടന്ന കാൎയ്യാലോചനായോഗത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുവാൻ സീ. കെ. പി. സഹപ്രവൎത്തകന്മാരുടെ ആലോചനയോടുകൂടി മുൻപറഞ്ഞ വിവരങ്ങൾ കാണിച്ചു് ഒരു പ്രസ്താവന പത്രങ്ങൾക്കു നൽകി. ൮൭ വൃശ്ചികം ൩൦-ാംനു- മലയാളമനോരമ ഒരു പ്രത്യേക കുറിപ്പോടുകൂടി പ്രസിദ്ധം ചെയ്തിരുന്ന ആ പ്രസ്താവന താഴെ ചേൎക്കുന്നു.

തിരുവനന്തപുരം,

൧൦൮൭ വൃശ്ചികം ൧.

സർ,

കഴിഞ്ഞ മാസം ൨൭-ാംനു- സി. വി. രാമൻപിള്ള അവർകളുടെ വസതിയിൽ വെച്ചു നടന്ന കേരളീയ നായർസമാജത്തിൻെറ യോഗത്തിൽവെച്ചുണ്ടായ വിശേഷസംഭവങ്ങളെ

പ്പററി നിങ്ങൾ കേട്ടിരിക്കുമെല്ലോ. അദ്ധ്യക്ഷനായ ഞാൻ യോഗം ആരംഭിച്ചപ്പോൾ, ആദ്യമായി ൧൦൯൧-ലേയ്ക്കുള്ള ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുകയാണുവേണ്ടതെന്ന് ആക്ടിങ്ങ്സെക്രട്ടറി മി. മള്ളൂർ ഗോവിന്ദപ്പിള്ള ആവശ്യപ്പെട്ടു. എന്നാൽ വ്വവ്വ-നു ശേഷം മീററിംഗ് ഉണ്ടായിട്ടില്ലാത്തതിനാൽ വ്വവ്വ-മുതൽക്കുള്ള റിപ്പോർട്ടുകളും കണക്കുകളും കേട്ടു പാസാക്കിയതിനുശേഷമേ പുത്തനായി ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുവാൻ പാടുള്ളു എന്നു ചില മെമ്പർമാർ അഭിപ്രായപ്പെട്ടു. ആക്ടിംഗ് സെക്രട്ടറി അതിനു വിപരീതമായി വാദിച്ചു. പിന്നീടു സി. വി. രാമൻപിള്ള അവർകൾ വ്വവ്വ-ലേയും വ്വൻ-ലെയും റിപ്പോർട്ടുകൾ വായിക്കുകയും, പണത്തിൻെറ കണക്കു വായിക്കാതെ തൻേറയും ഖജാൻജിയുടേയും കൈവശം ബാക്കിപണം ഇരിപ്പുണ്ടെന്നു മാത്രം പ്രസ്താവിക്കുകയും ചെയ്തു. അതിനുശേഷം പിന്നെയും പുതിയ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുവാനുള്ള തിടുക്കമായി. ൯൦-ലെ റിപ്പോർട്ടും കണക്കും നോക്കാതെ പഴയ ഉദ്യോഗസ്ഥന്മാരുടെ ചുമതല തീരുന്നതല്ലെന്നു വീണ്ടും ചില മെമ്പറന്മാർ വാദിച്ചു. അതിനെ ആക്ററിംഗ്സെക്രട്ടറി സമ്മതിക്കാതെ അങ്ങിനെയാണോ ചെയ്യേണ്ടതെന്നുള്ള കാര്യത്തെക്കുറിച്ച് വോട്ടെടുക്കണമെന്നു വീണ്ടും നിർബന്ധിച്ചു. ആക്ററിംഗ്സെക്രട്ടറി പറയുന്നതിനെ താങ്ങുന്നതിനു, പുത്തനായി രണ്ടു ദിവസത്തിനു മുമ്പു മെമ്പറന്മാരായി ചേർന്നതായി പറഞ്ഞു പഴയ മെമ്പറന്മാർക്കു മിക്കപേർക്കും അപരിചിതരായ ൫൦-വരെ ആളുകളെക്കൊണ്ടുവന്നിരുന്നു. ഈ ബലംകൊണ്ടാണ് വോട്ടെടുക്കണമെന്നു ആക്ററിംഗ്സെക്രട്ടറി നിർബന്ധിച്ചതു്. എന്നാൽ കണക്കുകളും റിപ്പോർട്ടും വായിക്കണമെന്നുള്ളതു നിയമപ്രകാരം ആവശ്യമായിട്ടുള്ളതാകയാൽ അതിനെ സംബന്ധിച്ചു വോട്ടെടുക്കേണ്ട ആവശ്യമില്ലെന്നും, കണക്കുകളും റിപ്പോർട്ടുകളും വായിക്കേണ്ടതാണെന്നും, അദ്ധ്യക്ഷൻ ആജ്ഞാപിച്ചു. അതിനെ ആക്ററിംഗ്സെക്രട്ടറി അനുസരിക്കായ്കയാൽ യോഗം പിരിഞ്ഞു. ഉടനെ അദ്ധ്യക്ഷനും താഴെ പറയുന്ന മെമ്പറന്മാരും പോയി.

പോയവരുടെ പേരുകൾ.

മെ. സീ. കൃഷ്ണപിള്ള ബി. എ., കെ. പരമുപിള്ള എം. എ., കെ. ആർ. പത്മനാഭപിള്ള ബാർ. അററ്—ലാ. കെ. രാമകുറുപ്പ് ബി. എ. ബി. എൽ., ചങ്ങനാശേരി പരമേശ്വരൻപിള്ള ബി. എ. ബി. എൽ., കെ. പപ്പുപിള്ള ബി. എ., കെ. കൃഷ്ണപിള്ള എൽ. എം. എസ്., ഡാക്ടർ എൻ. കുഞ്ഞൻപിള്ള, കെ.. ജി. പരമേശ്വരമേനോൻ ബി. എ. ബി. എൽ., കെ. കൊച്ചുകൃഷ്ണമാരാർ ബി. എ. ബി. എൽ., എ. ഗോപാലമേനോൻ എം. എ., ഡാക്ടർ വി. എസ്. വല്യത്താൻ, മുഞ്ചിറ നാരായണപിള്ള, കമുകം നാരായണക്കുറുപ്പ്, പി. പത്മനാഭപിള്ള ബി. എ., കോട്ടൂർ നീലകണ്ഠപ്പിള്ള, ഡാക്ടർ എം. എൻ. പിള്ള, മന്ദത്തു പത്മനാഭപിള്ള, എൻ. പത്മനാഭക്കുറുപ്പ്, എസ്. നാരായണപിള്ള.

അതിനു ശേഷം മി. സി. വി. രാമൻപിള്ളയുടെ അദ്ധ്യക്ഷതയിൽ മീററിംഗ് കൂടിയതായും, ചിലരെ ഉദ്യോഗസ്ഥന്മാരായി തിരഞ്ഞെടുത്തതായും പറയുന്നു. ഈ മീറ്റിംഗ് നിയമാനുസരണമായിട്ടുള്ളതല്ല. അതിനുള്ള കാരണങ്ങൾ:—(൧) അദ്ധ്യക്ഷനും മിക്ക മെമ്പറന്മാരും സഭ വിട്ടുപോയതിനു ശേഷം നോട്ടീസുകൂടാതെ വേറെ മീറ്റിംഗ് പാടില്ല. (൨) ടി മീറ്റിംഗിൽ ഉണ്ടായിരുന്നവരിൽ മിക്കപേരും നിയമാനുസരണം മെമ്പർമാരായി ചേർന്നിട്ടുള്ളവരല്ല. (൩) മുന്നാണ്ടുകളിലെ കണക്കുകൾ തീർക്കാതെ ഉദ്യോഗസ്ഥന്മാരെ പുതിയതായി നിയമിക്കാൻ പാടില്ല. (൪) പഴയ കണക്കുകൾ നിയമാനുസരണം കമ്മിററിയിൽ പാസാക്കുകയും മററും ചെയ്തിട്ടില്ല.

ഇത്യാദി കാരണങ്ങളാൽ, ടി മീററിങ്ങും, അതിന്റെ തീർച്ചകളും അസാധുവായിട്ടുള്ളതും, അവയെ ഞങ്ങൾ സ്വീകരിക്കുവാൻ തയാറില്ലാത്തതുമാകുന്നു. നായർസമുദായത്തിൽ ഛിദ്രമുണ്ടായിരിക്കുന്നതായി അന്യന്മാർ ധരിച്ചേക്കുമെന്നുള്ള ഭയത്താൽ മേല്പറഞ്ഞ നടപടികളെ കോട്ടുമൂലം റെദ്ദുചെയ്യിക്കുന്നതിന് ഒരുങ്ങുന്നില്ല. കേരളീയ നായർസമാജത്തിന്റെ രക്ഷയ്ക്കും മേൽനടത്തിപ്പിനും അങ്ങിനെ ചെയ്യേണ്ടതു ആവശ്യമാ

ണെന്നു കണ്ടാൽ അതിനും തയ്യാറാണ്. ഈ അഭിപ്രായത്തിൽ നിങ്ങളും യോജിക്കുന്നപക്ഷം അതനുസരിച്ചു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

തൃശ്ശൂർ വച്ചു് അടുത്ത സമ്മേളനം മലബാറിലേയ്ക്കു ക്ഷണിച്ചിരുന്നു. സി. കെ. പി-യുടെ പ്രസ്താവനയും, അതിനെത്തുടർന്നുള്ള വാദപ്രതിവാദങ്ങളും, സമാജത്തിലെ ഭിന്നിപ്പുംമൂലം ക്ഷണിക്കപ്പെട്ട സമ്മേളനം മലബാറിൽവച്ചു നടത്തുവാൻ സാദ്ധ്യമല്ലെന്നു് അവിടത്തെ പ്രവർത്തകന്മാർ സെക്രട്ടറിക്ക് എഴുതി അയച്ചു. അക്കൊല്ലം അങ്ങിനെ സമ്മേളനം നടക്കാനിടയില്ലെന്നു മിക്കവാറും തീർച്ചയായി. തിരുവിതാംകൂറിലെങ്ങും വച്ചു നടത്തുവാൻ ശ്രമങ്ങൾ ഒന്നുമാരംഭിച്ചില്ല. ഈ ഘട്ടത്തിൽ മി. മള്ളൂർ സിക്രട്ടറിപദം രാജിവച്ചു. പി. കെ. കേശവപിള്ള തൽസ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടു. കേരളീയ നായർസമാജത്തിൻെറ പിന്നീടുള്ള ചരിത്രം ദീർഘമോ ശോഭനമോ ആയിരുന്നില്ല.

ഈ അദ്ധ്യായമവസാനിക്കുന്നതിനു മുൻപ് മററൊരു സംഭവംകൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ൧൦൮൨-ൽ നടന്ന നായരീഴവലഹളപോലെതന്നെ മററൊരനാശാസ്യ സംഭവം ൧൦൮൦-ൽ കൊല്ലം—പെരിനാട്ടു് എന്ന സ്ഥലത്തു നടന്നു. നായർ—പുലയർ ലഹളയെന്ന പേരിലാണു് ഈ സംഭവം അന്നു വരെക്കെ അറിയപ്പെട്ടിരുന്നതു്. ഈ ലഹളയുടെ ഉത്ഭവം തുലോം രസകരമാണു്. പുലയസ്ത്രീകൾ അക്കാലങ്ങളിൽ ചുവന്ന കണ്ണാടിച്ചില്ലുകൾകൊണ്ടുണ്ടാക്കിയ ഒരു തരം മാലകൾ കഴുത്തിൽ ധരിക്കുന്ന പതിവുണ്ടായിരുന്നു. ഓരോ പുലയസ്ത്രീയും അവൾക്കു വഹിക്കാവുന്നിടത്തോളം കല്ലുമാലകൾ കഴുത്തിൽ ചുമന്നുകൊണ്ടു നടന്നിരുന്നു. എന്നാൽ ഇക്കാലത്തു പുലയരുടെ ഇടയിൽ, സമുദായപരിഷ്കർത്താവായിരുന്ന ഗോപാലദാസ് എന്നൊരാൾ ചില പ്രചരണങ്ങളാരംഭിച്ചു. പുലയസ്ത്രീകൾ കണ്ണാടിമാലകൾ ധരിക്കുന്നതിനെതിരായ ഒരു പ്രക്ഷോഭണവുമായിട്ടാണു് അയാൾ സമുദായരംഗത്തു പ്രത്യക്ഷപ്പെട്ടതു്. പുലയമഹായോഗങ്ങൾ വിളിച്ചുകൂട്ടി, പുലയസ്ത്രീകൾ കണ്ണാടിമാലകൾ ധരിക്കുന്നതു തുലോം അപരിഷ്കൃതമാണെന്നും, കാട്ടുജാതിക്കാരുടെ ആചാരങ്ങൾ അവർ ഉപേ

ക്ഷിക്കണമെന്നും, തീവ്രമായി അയാൾ ഉൽബോധിപ്പിച്ചുതുടങ്ങി. പല പുലയസ്ത്രീകളും ഗോപാലദാസിൻെറ ഉപദേശങ്ങൾ സ്വീകരിച്ചു കല്ലുമാലകൾ ത്യജിക്കയും ചെയ്തു. പുലയസ്ത്രീകളുടെ നിർദ്ദോഷകരമായ ഈ ആഭരണപരിത്യാഗം ആഭിജാത്യമുള്ള ചില നായർപ്രമാണികളെ ക്ഷോഭിപ്പിച്ചു. അവർ പുലയസ്ത്രീകളെ വീണ്ടും കല്ലുമാലകൾ അണിയുവാൻ പ്രേരിപ്പിക്കുന്നതിന് ഒരു പ്രതിർപ്രക്ഷോഭണം തുടങ്ങി. അവിവേകിയായ ഒരു നായർ കല്ലുമാലപ്രക്ഷോഭണം നടന്നുകൊണ്ടിരുന്ന ഒരു പുലയമഹായോഗത്തിൽ കടന്നുചെന്ന് അവരുടെ നേതാവിനെ നിർദ്ദയം പ്രഹരിക്കുവാൻകൂടി മടിച്ചില്ല. ഈ സംഭവമാണു പുലയർലഹളയ്ക്കു കാരണമാക്കിയതു്. സാമാന്യപരിതഃസ്ഥിതികളിൽ പശുക്കളെപ്പോലെ ശാന്തന്മാരായ പുലയരെ ഈ സംഭവം വല്ലാതെ പ്രക്ഷുബ്ധരാക്കി. അവർ ലഹളയ്ക്കൊരുങ്ങി. ഒന്നു രണ്ടു നായർ ഗൃഹങ്ങൾ അഗ്നിക്കിരയായി. എന്നാൽ പ്രബലരായ നായന്മാരോടു മത്സരിക്കുവാൻ ശക്തിഹീനരായ പുലയക്കെങ്ങിനെ കഴിയും? ഒന്നു രണ്ടു നായർഗൃഹങ്ങൾ തീവെന്തു നശിച്ചതോടുകൂടി പുലയരുടെ കോപം അല്പമൊന്നു ശമിച്ചു എങ്കിലും, നായരുടെ പ്രതികാരബുദ്ധി അപ്പോൾ ഉണൎന്നിരുന്നതേയുള്ളു.

നായന്മാർ നിർദ്ദയമായ ഒരു പുലയവേട്ട ആരംഭിച്ചു. പുലയർ നാടും വീടും വിട്ടു വനാന്തരങ്ങളിലോടി ഒളിച്ചു. നായന്മാരും,അവരുടെ സഹായികളായ ചില പോലീസുകാരും, പുലയരെ തിരഞ്ഞു പിടിച്ചു മൎദ്ദിച്ചുതുടങ്ങി. സാധുക്കളായ പുലയരുടെ സ്ഥിതി പരുങ്ങലിലായി. ഈ സംഭവം കേട്ടറിഞ്ഞു പുലയരുടെ നേതാവായ അയ്യൻകാളി അതിശീഘ്രതയിൽ കൊല്ലത്തെത്തി. ഗവമ്മെൻറിൻെറ പൂൎണ്ണമായ പിന്തുണയോടുകൂടിയാണു് അയ്യൻകാളി കൊല്ലത്തു ചെന്നതെങ്കിലും അന്നത്തെ പരിതഃസ്ഥിതികളിൽ അദ്ദേഹത്തിന് വളരെയൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല. ഈ ഘട്ടത്തിൽ ചങ്ങനാശേരിയാണു പുലയരുടെ രക്ഷിതാവെന്ന നിലയിൽ മുന്നോട്ടുവന്നു ജനതാമദ്ധ്യത്തിൽ സമാധാനവും നീതിബോധവുമുണ്ടാക്കുവാൻ അല്ലറ ശ്രമങ്ങൾ ചെയ്തതു്.

അയ്യൻകാളിയുടെ ഉത്സാഹത്തിലും, ഉദ്യോഗസ്ഥന്മാരുടെ സഹകരണത്തോടുകൂടിയും, നായന്മാരുടേയും പുലയരുടേയും ഒരു സംയുക്തസമ്മേളനം കൊല്ലം റയിൽവേസ്റ്റേഷന്റെ സമീപമുള്ള മൈതാനത്തുവച്ചു കൂടി. പുലയസ്ത്രീകളും, പുരുഷന്മാരും അവരുടെ അഭയസ്ഥാനങ്ങൾ വിട്ടു പുറത്തുവന്ന് ആ മഹാസമ്മേളനത്തിൽ സന്ധിച്ചിരുന്നു. പുലയസ്ത്രീകൾ അവർ പരിത്യജിച്ചിരുന്ന കല്ലുമാലകൾ വീണ്ടും തേടിപ്പിടിച്ചു കഴുത്തു നിറയെ അണിഞ്ഞുകൊണ്ടാണു യോഗത്തിൽ ഹാജരായത്. അന്നു ഗവമ്മെൻറു ചീഫ്സിക്രട്ടറിയായിരുന്ന വിയറാസായിപ്പും ആ യോഗത്തിൽ സന്നിഹിതനായിരുന്നു. ചങ്ങനാശേരിയാണു യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചത്. കല്ലുമാലകൾ ധരിക്കുന്നതു് അപരിഷ്കൃതമാണെന്നും, അവയുപേക്ഷിക്കുവാൻ പുലയസ്ത്രീകൾക്കവകാശമുണ്ടെന്നും, ഉള്ള മുഖവുരയോടുകൂടിയാണു ചങ്ങനാശേരി പ്രസംഗമാരംഭിച്ചത്. ബഹുസഹസ്രം സവർണ്ണസമുദായക്കാർ സന്നിഹിതരായിരുന്ന ആ യോഗത്തിൽ അവരുടെ മുൻപിൽ വച്ചുതന്നെ കല്ലുമാലകൾ കഴുത്തിൽനിന്നു പറിച്ചെടുത്തു ദൂരെ എറിയുവാൻ ചങ്ങനാശേരി പുലയസ്ത്രീകളെ ആഹ്വാനം ചെയ്തു. അതു തടയുവാൻ ഒരൊററ ആൾക്കും അവകാശമില്ലെന്നു വ്യക്തമാക്കുവാൻ അദ്ദേഹം അവരോടാവശ്യപ്പെട്ടു. ചങ്ങനാശേരിയുടെ ആഹ്വാനം സ്വീകരിച്ചു പുലയസ്ത്രീകൾ ഒന്നൊന്നായി അദ്ദേഹത്തിൻെറ മുൻപിൽ ഹാജരായി കല്ലുമാലകൾ ഉപേക്ഷിച്ചുതുടങ്ങി. അല്പനിമിഷങ്ങൾക്കുള്ളിൽ നാലഞ്ചടി പൊക്കമുള്ള ഒരു കുന്നുപോലെ കല്ലുമാലകൾ അദ്ധ്യക്ഷപീഠത്തിനു സമീപം വന്നു കുമിഞ്ഞു. അങ്ങിനെ കല്ലുമാലപ്രക്ഷോഭണം അവസാനിക്കയും ചെയ്തു.

# അദ്ധ്യായം ൧൦

അന്നു നായർസമുദായം ഒരു പരിവൎത്തനഘട്ടത്തിൽ കൂടി പാഞ്ഞു പൊയ്ക്കൊണ്ടിരിക്കയായിരുന്നു. കേരളീയനായർ സമാജം ദ്രുതഗതിയിൽ ശിഥിലപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, ഇതരസമുദായസ്ഥാപനങ്ങൾ നായന്മാരുടെ ഇടയിൽ അങ്ങിങ്ങായി അനുദിനമെന്നവണ്ണംപൊട്ടിപ്പൊടിച്ച് ഉത്ഭവിക്കയും, നശിക്കയും ചെയ്തുകൊണ്ടിരുന്നു. സമ്മേളനങ്ങളും സംഘടനകളും അതിശീഘ്രതയിൽ ഉദിച്ചുയരുന്നതും, തുല്യവേഗതയിൽ അസ്തമിച്ചു മറയുന്നതും അന്നൊരപൂൎവ്വകാഴ്ചയായിരുന്നില്ല. ഉന്നതാദൎശങ്ങളോ, ഗണ്യമായ പ്രവൎത്തനപരിപാടിയോ കൂടാതെ കേവലം സമ്മേളനഭ്രാന്തന്മാരായിരുന്ന ചിലർ വിളിച്ചുകൂട്ടാറുണ്ടായിരുന്ന ഈദൃശസംഘടനകൾ ആരംഭത്തിൽത്തന്നെ അവസാനിക്കയല്ലാതെ പടൎന്നുതഴക്കുവാനോ ദീൎഘകാലം നിലനില്ക്കുവാനോ മാൎഗ്ഗമില്ലല്ലോ! ൧൦൯൧-ൽ സീ. വി. രാമൻപിള്ളയുടെ ഭവനത്തിൽ കൂടിയ പൊതുയോഗത്തിൽവച്ചു കേരളീയനായർസമാജം, യോഗഭാരവാഹികളുടെ തിരഞ്ഞെടുപ്പാകുന്ന പാറപ്പുറത്തു തട്ടിഉടഞ്ഞു ശിഥിലപ്പെട്ടുപോകുന്നതിന് ഏതാനും മാസങ്ങൾക്കു മുൻപു ചങ്ങനാശേരിത്താലൂക്കിലെ പതിനേഴ മാന്യന്മാർ ചേൎന്ന്, നായർഭൃത്യജനസംഘം, എന്ന പേരിൽ ഒരു സമുദായഘടന രൂപവല്ക്കരിച്ചിരുന്നു. ഇതു് ൧൦൯൦-ലാണു നടന്നതു്. അനന്തരകാലങ്ങളിൽ തിരുവിതാംകൂറിലേ നായന്മാരുടെ പുരോഗതിയ്ക്കു വേണ്ടി നടന്നിട്ടുള്ള അതിവിപുലമായ പൊതുപ്രവൎത്തനങ്ങളിൽ ഗണനീയമായ ഒരു പങ്കു വഹിക്കയും അവശസമുദായോദ്ധാരണം, ക്ഷേത്രപ്രവേശനം തുടങ്ങിയ ദേശീയപ്രവൎത്തനങ്ങളിൽ മുന്നിട്ടുനിന്നു പ്രവൎത്തിക്കയും ചെയ്തു, നായർസൎവ്വീസ്സൊസൈററിയുടെ ഉത്ഭവം ഇങ്ങിനെ ലോകത്തിലെ മററു പല മഹാസ്ഥാപനങ്ങളുടേയുമെന്നപോലെതന്നെ വളരെ ഒതുങ്ങിയ രീതിയിലുള്ളതും തുലോം ആൎഭാടരഹിതവുമായിരുന്നു. ഇന്നു മലബാറിലെ ഒരു മഹാത്യാഗിയും തികഞ്ഞ ദേശീയപ്രവൎത്തകനും ആയി

പ്രശോഭിക്കുന്നമി. കേളപ്പനായിരുന്ന ഭൃത്യജനസംഘത്തിന്റെ ഒന്നാമത്തെ അദ്ധ്യക്ഷൻ. സിക്രട്ടറി ഇന്നെന്നപോലെതന്നെ അന്നും മി. മന്നത്തു പത്മനാഭപിള്ളയായിരുന്നു. അംഗങ്ങളിൽ ഭൂരിഭാഗവും നാട്ടിന്റെ നട്ടെല്ലായ നാട്ടിൻപുറത്തെ കൃഷീവലന്മാരുമായിരുന്നു.

ഭൂജാതംചെയ്തു് ഏറെനാൾ കഴിയുന്നതിനു മുൻപുതന്നെ പ്രസ്തുത സ്ഥാപനം ഭാഗ്യവശാൽ ഒരു തികഞ്ഞ സമുദായാഭിമാനിയും വിദ്യാഭ്യാസചിന്തകനുമായിരുന്ന കെ. പരമുപിള്ള എം. എ-യുടെ ശ്രദ്ധയെ ആകർഷിച്ചു. ഉന്നതമായ സമുദായസേവനാദർശങ്ങളോടുകൂടി ഈ ഭൃത്യജനസംഘത്തെ പുനഃസംഘടിപ്പിക്കുന്നതുകൊണ്ടുണ്ടാകാവുന്ന കഴിവുകൾ അദ്ദേഹത്തിന്റെ ഭാവനയേയും ചിന്താശക്തിയേയുമിളക്കി. പരമുപിള്ള ഭൃത്യജനസംഘത്തിന്റെ പ്രവർത്തകന്മാരെ നേരിട്ടുകണ്ടു സംസാരിക്കയും, പരസ്പരം ആശയങ്ങൾ കൈമാറുകയും ചെയ്തു. ആദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു ചങ്ങനാശേരിയിലെ ഭൃത്യജനസംഘം 'നായർസർവ്വീസ്സൊസൈറ്റി'യായി രൂപാന്തരപ്പെട്ടു.

പരമുപിള്ളയുടെ മാർഗ്ഗദർശനമനുസരിച്ചുതന്നെ പ്രസ്തുത സ്ഥാപനം നൂതനമായി പുനഃസംഘടിപ്പിക്കപ്പെട്ടു. പരമുപിള്ള സൊസൈററിയിൽ ഉടൻതന്നെ ഒരംഗമായി ചേർന്നു. എന്നാൽ, ഒരു സർക്കാരുദ്യോഗസ്ഥനായിരുന്ന അദ്ദേഹത്തിനു സൊസൈററിയുടെ ഭരണത്തേയും നിയന്ത്രണത്തേയും സംബന്ധിച്ചു കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ കഴിഞ്ഞില്ല. അതിലേയ്ക്കു പരമുപിള്ള സൊസൈററിപ്രവർത്തകന്മാർക്കു ചങ്ങനാശേരിയുടെ സഹകരണം നേടിക്കൊടുക്കാമെന്നു പ്രതിജ്ഞചെയ്തു. എന്നുമാത്രമല്ല ചങ്ങനാശേരിയുടെ അനുമതിക്കുപോലും കാത്തിരിക്കാതെ പരമുപിള്ള അദ്ദേഹത്തെ സൊസൈററയിൽ ഒരംഗമായിട്ടു ചേർത്തു. "ഒരു സ്ഥാപനത്തെ ഭരിക്കയും, നിയന്ത്രിക്കയും ചെയ്യുന്നതിനു ചങ്ങനാശേരി പരമേശ്വരൻപിള്ളയെപ്പോലെ സാമർത്ഥ്യമുള്ള ഒരാൾ നായർസമുദായത്തിലില്ല. ഒരു തികഞ്ഞ സമുദായാഭിമാനിയായതിനാൽ അദ്ദേഹം സൊസൈററിയിൽ ചേരുന്നതിനു യാതൊരൊഴുകഴിവും പറയുകയില്ല"

എന്നിങ്ങിനെയാണ് പരമുപിള്ള സൊസൈററിപ്രവൎത്തക ന്മാരോടു പറഞ്ഞത്. നായർസൎവീസ് സൊസൈററിയുടെ ആദ്യത്തെ രെശാബ്ദറിപ്പോർട്ടിൽ ഇങ്ങിനെ കാണുന്നു. "ഇംഗ്ലീഷ്സാഹിത്യത്തിൽ അദ്വിതീയപണ്ഡിതനും ഒരു തികഞ്ഞ സമുദായസ്നേഹിയും ആയിരുന്ന പരേതനായ പ്രൊഫസർ കെ. പരമുപിള്ള അവർകളും, സ്വതന്ത്രധീമാനും സ്വരാജ്യസ്നേഹിയുമായ ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകളും ഈ സംഘടനയിലെ അംഗങ്ങളായി ചേൎന്നു."

നായർസൎവീസ് സൊസൈററിയാണു ചങ്ങനാശേരിയെ സമുദായമദ്ധ്യത്തിലുന്നമിപ്പിച്ചതെന്ന് ഒരഭിപ്രായം ചില കാലങ്ങളിൽ ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ ചങ്ങനാശേരി നായർസൎവീസ് സൊസൈററിയിലെ അംഗമായി ചേരുന്ന കാലത്ത് അദ്ദേഹം തിരുവിതാംകൂറിലേ പൊതുക്കാൎയ്യജീവിതത്തിൽ അത്യുന്നതമായ ഒരു സ്ഥാനത്ത് എത്തിക്കഴിഞ്ഞിരുന്നു. കൊല്ലം ബാറിൽ അദ്വിതീയമായ ഒരു സ്ഥാനം അദ്ദേഹത്തിനു കരസ്ഥമായിരുന്നു. അദ്ദേഹത്തിൻെറ പ്രതിമാസവരവ് ൧൫൦൦-നും ൨൦൦൦-നും മദ്ധ്യേയുള്ള ഒരു തുകയായിരുന്നു. സൊസൈററിയുടെ ഉത്ഭവത്തിനു ഒരു ദശാബ്ദം മുൻപുമുതല്ക്കുതന്നെ അദ്ദേഹം പ്രതിവൎഷം ശ്രീമൂലംപ്രജാസഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടുവന്നു. ശ്രീമൂലംപ്രജാസഭയിൽനിന്നും നിയമസഭയിലേയ്ക്കു് അംഗങ്ങളെ തിരഞ്ഞെടുക്കുകയെന്ന പതിവു നടപ്പിൽ വന്നതിനുശേഷം അദ്ദേഹം തുടൎച്ചയായി നിയമസഭാസാമാജികനായി തിരഞ്ഞെടുക്കപ്പെട്ടുവന്നു. തിരുവിതാംകൂറിലേ സാമുദായികവും രാഷ്ട്രീയവുമായ ഏതൊരു പ്രസ്ഥാനത്തിലും അന്നു മുന്നിട്ടുനിന്നു പ്രവൎത്തിച്ചിരുന്നതും ചങ്ങനാശേരിയല്ലാതെ മററാരുമായിരുന്നില്ല. സീ. കെ. പി. കഴിഞ്ഞാൽ നായർസമുദായത്തിലെ ഏററവും സുസമ്മതനായ നേതാവും ചങ്ങനാശേരിയായിരുന്നു. അതുകൊണ്ടു സൊസൈററിയിലെ ഒരംഗമായി ചങ്ങനാശേരിയെ ലഭിച്ചതു വലിയ ഒരു നേട്ടമായി അവർ കരുതിയതിൽ ആശ്ചൎയ്യപ്പെടുവാനില്ലല്ലോ. അചിരേണ മി. കേളപ്പൻ മലബാറിലേയ്ക്കു തിരിച്ചു പോകുമ്പോൾ സൊസൈററിയുടെ അദ്ധ്യക്ഷസ്ഥാനവും അതിൻെറ സജീവമായ നേതൃത്വവും ചങ്ങനാശേരിയിൽ വന്നു

ലയിച്ചു. ഇതു, സംഭവങ്ങൾ മുൻകൂട്ടി പ്രസ്താവിക്കുകയാണ്. നമുക്കു കേരളീയനായർസമാജത്തിന്റെ അവസാനരംഗങ്ങളിലേയ്ക്കു തിരിച്ചു പോകേണ്ടിയിരിക്കുന്നു.

കേരളീയനായർസമാജത്തിലെ ഭിന്നിപ്പിനെ തുടർന്നുണ്ടായ സംഭവഗതികൾ നായർസർവീസ്‌സൊസൈററി ൧൯൨൦-ൽ പ്രസിദ്ധപ്പെടുത്തിയ ദശവത്സരറിപ്പോർട്ടിൽ ഇങ്ങിനെ സംക്ഷിപ്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

"ഈ അവസരത്തിലാണു കേരളീയനായർസമാജം രണ്ടു കക്ഷിയായി പിരിഞ്ഞതു്. കൈകാര്യകർത്തൃത്വമുണ്ടായിരുന്ന എതിർകക്ഷികൾ പ്രസിഡന്റായിരുന്ന സീ. കൃഷ്ണപിള്ള അവർകളെ സമാജത്തിൽനിന്നു ബഹിഷ്കൃതനാക്കി. തന്നിമിത്തം സമുദായം പ്രക്ഷുബ്ധമാവുകയും, കേരളീയനായർസമാജസമ്മേളനത്തിനായി കോഴിക്കോട്ടേയ്ക്കു ക്ഷണിച്ചിരുന്ന ഭാരവാഹികൾ അതിൽനിന്നു പിന്മാറുകയും, ആണ്ടുതോറും നടന്നുവന്നിരുന്ന സമ്മേളനം അക്കൊല്ലം മുടങ്ങുമെന്നു തീർച്ചപ്പെടുകയും ചെയ്തു. നായന്മാരുടെ ഇടയിൽ സമുദായചിന്ത അല്പാല്പമുണ്ടാവുകയും, സമ്മേളനശക്തി മൂത്തുവരികയും ചെയ്യുന്ന ആ അവസരത്തിൽ അതു മുടങ്ങുന്നതു വലിയ നഷ്ടമെന്നു തോന്നി. പരിഷ്കാരകാംക്ഷികൾക്കു കേരളീയനായർസമാജമന്യാധീനമാവുകയാൽ പുതുതായി ഒരു മഹാസമാജം സ്ഥാപിക്കുകയല്ലാതെ ഗത്യന്തരമില്ലെന്നു വന്നു. ഇതിന്റെ ചുമതല വഹിക്കുവാൻ സർവീസ്‌സൊസൈററിയല്ലാതെ മററാരുമില്ലെന്നു ബോധ്യപ്പെടുകയാൽ ചങ്ങനാശേരിയിൽ വച്ചു, തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ്മലബാർ എന്നീ രാജ്യങ്ങളിൽനിന്നു പല മഹാന്മാരേയും ക്ഷണിച്ചുവരുത്തി, ചങ്ങനാശേരി പരമേശ്വരൻപിള്ള പല സ്ഥലങ്ങളിലും സഞ്ചരിച്ചു സ്ഥാപിച്ചിട്ടുള്ള നായർസമാജങ്ങളുടെ സഹകരണത്തോടുകൂടി, ഏററവും ഭംഗിയായ ഒരു സമ്മേളനം നടത്തി. ആ സമ്മേളനത്തിൽ വച്ചു സമസ്തകേരളനായർസമാജമഹായോഗം സ്ഥാപിച്ചു. ആ മഹായോഗവും സമ്മേളനവുംകൊണ്ടു സമുദായത്തിൽ ഭിന്നത വർദ്ധിച്ചു എന്നു പറയുന്ന ചിലരുണ്ടെങ്കിലും, അതുനിമിത്തം സമുദായത്തിനു പൊതുവിലും വ്യക്തികൾക്കുള്ളിലും ഉണ്ടായ

ഉണർവും ഉൽക്കർഷേച്ഛയും അസാമാന്യമാകുന്നു. ഈ സമ്മേളനം അതിനെക്കാൾ മെച്ചമായി ഒരു കാര്യം സാധിച്ചിട്ടുണ്ട്. ഇതരസമുദായങ്ങളിലെ പ്രവീണന്മാരായ പല എതിരാളികളുടേയും സമുദായശത്രുക്കളുടേയും മദ്ധ്യേ, സക്കാരുദ്യോഗവും വച്ചുകൊണ്ടു, ബ്രാഹ്മണാധിപത്യത്താലും യാഥാസ്ഥിതികത്വത്താലും വളരെക്കാലമായി വളഞ്ഞുപോയ നട്ടെല്ലോടുകൂടിയ സ്വവർഗ്ഗക്കാരെ അവർ ശൂദ്രരല്ല, നായന്മാരാണെന്നുള്ള ബോധമുളവാക്കി, മതാനുഷ്ഠാനത്തിലും, സമുദായജീവിതത്തിലും സ്വാതന്ത്ര്യബുദ്ധി നൽകി, ജീവിതമത്സരത്തിൽ മുന്നണിയിലെത്താൻ പ്രേരിപ്പിച്ച സമുദായോത്തേജകനായ സി. കൃഷ്ണപിള്ള അവർകളെ വാർദ്ധക്യദശയിൽ സമാജബഹിഷ്കൃതനാക്കിയതു നിമിത്തം സന്തപിച്ച അദ്ദേഹത്തേയും, പ്രക്ഷുബ്ധസമുദായത്തേയും, സമാധാനപ്പെടുത്തിയതു് ആ മഹാസമ്മേളനമാകുന്നു. അയ്യായിരത്തിൽപരം നായന്മാർ കൂടിയതും ഏറ്റവും ഭംഗിയിൽ കാര്യങ്ങൾ നടന്നതുമായ ആ സമ്മേളനത്തിൽ വച്ചു് അദ്ദേഹം തൂകിയ സന്തോഷാശ്രുക്കൾ സർവീസ്സൊസൈററിയെ എന്നെന്നും അനുഗ്രഹിക്കുന്നതാണ്."

ഇങ്ങിനെയാണു സമസ്തകേരളനായർസമാജസമ്മേളനത്തിന്റെ ഉത്ഭവം. ചങ്ങനാശേരിയുടെ നേതൃത്വത്തിൽ സർവീസ് സൊസൈറ്റി മുന്നിട്ടുനിന്നു പ്രവത്തിച്ചതിന്റെ ഫലമായിട്ടാണു പ്രസ്തുത സ്ഥാപനം സംജാതമായതു്. കേരളീയനായർസമാജസമ്മേളനം ൧൦൯൧-ൽ നടക്കുവാനിടയില്ലെന്നു ബോധ്യമായതുകൊണ്ടു് ആ വിടവടയ്ക്കുന്നതിനു വേണ്ടിയാണു് ഇങ്ങിനെ ഒരു നൂതനസ്ഥാപനം സൃഷ്ടിച്ചതും, വമ്പിച്ച തോതിൽ ഗംഭീരമായ ഒരു സമ്മേളനം ചങ്ങനാശേരിയിൽവച്ചു നടത്തിയതും. സ്വാഗതസംഘാദ്ധ്യക്ഷനായി തിരഞ്ഞെടുത്തിരുന്നതു കെ. പരമുപിള്ളയെ ആയിരുന്നു എങ്കിലും അദ്ദേഹം രോഗബാധിതനും, ശയ്യാവലംബിയുമായിത്തീന്നതുകൊണ്ടു് ആ ബഹുമതി ചങ്ങനാശേരിയുടെ ചുമലിൽത്തന്നെ വന്നുചേന്നു. നിയമനിർമ്മാണസഭാപ്രക്ഷോഭണം സംബന്ധിച്ചു് അന്നു് ഉത്തരതിരുവിതാംകൂറിൽ സഞ്ചരിച്ചുകൊണ്ടിരുന്ന പരമേശ്വരൻപിള്ള, സമ്മേളനത്തിനു് ഒരാഴ്ചയ്ക്കു മുൻപു ചങ്ങനാശേരിയിൽ

തിരിച്ചെത്തി, സ്വാഗതസംഘാദ്ധ്യക്ഷന്റെ ചുമതലകൾ സസന്തോഷം കയ്യേററു. വി. കെ. ശങ്കരമേനവനാണു സമ്മേളനത്തിലാദ്ധ്യക്ഷ്യം വഹിച്ചതു്.

പരിഷ്കാരേച്ഛുക്കളായിരുന്ന ചില നായന്മാർ ബ്രാഹ്മണ്യം സമ്പാദിക്കുവാൻ വേണ്ടി പതിനാറു ദിവസത്തെ പുലകുളി ആചരണം പത്തു ദിവസമായി കുറയ്ക്കണമെന്ന് അതിതീവ്രമായ ഒരു പ്രക്ഷോഭണം നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അതു്. അമ്പലപ്പാട്ടു മി. ദാമോദരനാശാന്റെ മാതുലൻ ശങ്കരനാശാനായിരുന്നു ഈ പ്രക്ഷോഭണത്തിന്റെ അനിഷേധ്യനേതാവു്. ശൂദ്രജാതികളായ നായന്മാർ ബ്രാഹ്മണരുടെ ഉൽകൃഷ്ടമായ ഈ ആചാരത്തെ ധിക്കാരപൂർവ്വം പകർത്തുവാൻ ശ്രമം ചെയ്യുന്നതു കണ്ടു ക്ഷുഭിതരായിത്തീർന്ന ചില ബ്രാഹ്മണസത്തമന്മാർ പ്രച്ഛന്നമാർഗ്ഗങ്ങളിൽക്കൂടി അധികാരികളെ സമീപിച്ചു സങ്കടമുണർത്തിച്ചു. ബ്രാഹ്മണരുടെ അവകാശവാദത്തേയും, ദുരഭിമാനത്തേയും സംരക്ഷിക്കുവാൻതന്നെ അന്നത്തെ നായർദിവാൻജിയായിരുന്ന മന്ദത്തു കൃഷ്ണൻനായർ നിശ്ചയിച്ചു. പത്തു ദിവസം മാത്രം പുലകുളി ആചരിക്കുന്ന നായന്മാർക്കു ക്ഷേത്രപ്രവേശനം നിഷേധിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ടു് ഒരു ചരമശാസനം ദിവാൻജി ഓരോ താലൂക്കിലേയും തഹശീൽദാരന്മാർക്കയച്ചുകൊടുത്തു. ഇതു പരിഷ്കാരേച്ഛുക്കളായിരുന്ന നായന്മാരെ ശതഗുണം ക്ഷോഭിപ്പിച്ചു.

ചങ്ങനാശേരി തന്റെ സ്വാഗതപ്രസംഗത്തിൽ ദിവാൻ കൃഷ്ണൻനായരുടെ വിചിത്രമായ ശാസനത്തെ നിശിതമായി വിമർശിക്കുകയും, പരിഹസിക്കയും ചെയ്തു. ഇതറിഞ്ഞു ക്രുദ്ധനായ ദിവാൻജി ആ നായർസമ്മേളനത്തിൽ പങ്കുകൊണ്ട നായരുദ്യോഗസ്ഥന്മാരോടു സമാധാനം ചോദിക്കുകയുണ്ടായി.

ചങ്ങനാശേരിയിൽ വച്ചു നടന്ന സമ്മേളനം കഴിഞ്ഞു് അധികകാലം കഴിയുന്നതിനു മുൻപു് സമുദായോത്തേജകനായിരുന്ന സീ. കൃഷ്ണപിള്ള ദിവംഗതനായി. ചങ്ങനാശേരിയിൽനിന്നു കൊല്ലത്തേയ്ക്കു മടങ്ങുന്ന വഴി കായംകുളം കായ

ലിൽ വച്ചുണ്ടായ ഒരു ചെറിയ ബോട്ടപകടത്തിൽ അദ്ദേഹത്തിൻെറ കാലിൽ ഒരു മുറിവു പററുകയും അതു വർദ്ധിച്ചു് അല്പകാലത്തിനുള്ളിൽ തിരുവനന്തപുരത്തുവച്ചദ്ദേഹം മൃതിയടയുകയുമാണു ചെയ്തതു്. നായർസമുദായത്തിൻെറ ശ്രേയസ്സ സ്വന്ത ശ്രേയസ്സായിക്കരുതി, സമസ്യഷ്ടിസേവനത്തിനായി ജീവാർപ്പണം ചെയ്തിരുന്ന, ആ ബഹുമാന്യനായ നേതാവിനെ സഹപ്രവർത്തകന്മാരുടെ കൃതഘ്നതയും, ക്രൂരതയും ഉപജാപകവൃത്തികളും അതികഠിനമായി അലട്ടുകയും നിരാശപ്പെടുത്തുകയും ചെയ്തിരുന്ന എങ്കിലും, അദ്ദേഹത്തിൻെറ അന്ത്യഘട്ടം ശാന്തിയും സംതൃപ്തിയും നിറഞ്ഞ ഒന്നായിരുന്നു. പാണ്ഡവരും കൗരവാദികളും ഒന്നുപോലെ ബഹുമാനിക്കുകയും ആദരിക്കുകയും, ആരാധിക്കുകയുംചെയ്തിരുന്ന ഉഗ്രനും, സൌമ്യനും, ധീരനും പ്രശാന്തനുമായ ഭാരതത്തിലെ ഭീഷ്മദേവർക്കുള്ള സ്ഥാനമാണു നായർസമുദായമദ്ധ്യത്തിൽ സി. കൃഷ്ണപിള്ളയ്ക്കുണ്ടായിരുന്നതു്. ചങ്ങനാശേരിയിൽ നടന്ന സമ്മേളനത്തിലേ ഓരോ ചടങ്ങും ആ വൃദ്ധനായ നേതാവിനോടു സമുദായത്തിനുള്ള കൃതജ്ഞതയേയും ആദരവിനേയും ആത്യന്തം പ്രസ്പഷ്ടമാക്കി. കേരളീയനായർസമാജത്തിൽനിന്നു ബഹിഷ്കൃതനായതിൽ അദ്ദേഹത്തിനുണ്ടായിരുന്ന കുണ്ഠിതവും മനോവേദനയും, വിജയകരമായി നടന്ന ചങ്ങനാശേരിസമ്മേളനംകൊണ്ടു ഏറക്കുറേ തീർന്നുപോയതായി നമുക്കു നിസ്സംശയം അനുമാനിക്കാം.

ചങ്ങനാശേരിയിൽ നടന്ന സമ്മേളനം കഴിഞ്ഞു് ഏതാനും നാളുകൾക്കുള്ളിൽ കേരളീയനായർസമാജത്തിൻെറ ഒരു സമ്മേളനം എതൃകക്ഷിയിൽപെട്ടവരുടെ ഉത്സാഹത്തിൽ ആററിങ്ങൽവച്ചു നടന്നു. ഈ സമ്മേളനം നാമമാത്രമായിരുന്നു എങ്കിലും, ദിവാൻ കൃഷ്ണൻനായർ അദ്ദേഹത്തിൻെറ നേരിട്ടുള്ള സാന്നിദ്ധ്യംകൊണ്ടു് ആ സമ്മേളനത്തിനു പ്രാധാന്യം നൾകുകയുണ്ടായി. ഇതു കേരളീയനായർസമാജത്തിൻെറ അവസാനസമ്മേളനമായിരുന്നു എന്നു വേണമെങ്കിൽ പറയാം. എന്നാൽ സമസ്തകേരളനായർസമാജസമ്മേളനം ൧൯൩൧-ൽ മരുതുംകുഴിയിൽ വച്ചു നടത്തുവാൻ തീർച്ചപ്പെടുത്തിയപ്പോൾ, കേരളീയനായർസമാജം ഒരിക്കൽക്കൂടി അതിൻെറ ചിതാഭസ്മത്തിൽ

നിന്നു പിടഞ്ഞെഴുന്നേൽക്കുകയുണ്ടായി എന്ന കാൎയ്യം ഇവിടെ വിസ്മരിക്കുന്നില്ല. അതു വഴിയേ.

സമസ്തകേരളനായർസമാജസമ്മേളനം ൯൨-ൽ മാന്നാത്തുവച്ചു സുപ്രസിദ്ധചിന്തകനായിരുന്ന ആർ. ഈശ്വരപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി. നായർതറവാട്ടുകളിലെ ഭാഗപ്രശ്നം ഈ സമ്മേളനത്തിൽ വാദവിഷയമാകുകയും, തീവ്രമായ വാദപ്രതിവാദത്തിനുശേഷം തുടൎന്നാലോചിക്കുവാൻ അടുത്ത സമ്മേളനത്തിലേക്കു മാററിവയ്ക്കുകയും ചെയ്തു. പിൽക്കാലത്തു സർവ്വീസ് സൊസൈററിയുടെ മുഖ്യപ്രവൎത്തകന്മാരിലൊരാളായിത്തീൎന്ന പരേതനായ എം. എൻ. നായർ ഈ സമ്മേളനത്തിൽവച്ചാണു ചങ്ങനാശേരിയുടെ ശ്രദ്ധയ്ക്കും താല്പൎയ്യത്തിനും വിഷയമായതു്.

കേരളീയനായർസമാജത്തിന്റെ സിക്രട്ടറിപ്പദം മി. മള്ളൂർ ഗോവിന്ദപ്പിള്ള രാജിവച്ചതിനുശേഷം പ്രസ്തുതസംഘടനയിലെ വിഭിന്നകക്ഷികളേ തമ്മിൽ രഞ്ജിപ്പിക്കുന്ന തിനും അങ്ങിനെ സമുദായത്തിൻെറ ഐക്യം പരിപാലിക്കുന്നതിനുമുള്ള ചില ശ്രമങ്ങളും ആലോചനകളും പൊന്തിത്തുടങ്ങി. കേരളീയനായർസമാജത്തേയും സമസ്തകേരള നായർസമാജസമ്മേളനത്തേയും അങ്ങിനെ പരസ്പരം കൂട്ടിയോജിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ പ്രാരംഭമായി ഈ രണ്ടു സമാജങ്ങളുടേയും സംയുക്തമായ ആഭിമുഖ്യത്തിൽ ഒരു നായർസമ്മേളനം പരേതനായ ചിറ്റേടത്തു ശങ്കുപ്പിള്ളയുടെ ആത്മാൎത്ഥമായ പരിശ്രമഫലമായി അയിരൂർവച്ചു കൂടി. സമ്മേളനത്തിലാദ്ധ്യക്ഷ്യം വഹിച്ചതു ദിവാൻബഹദൂർ എ. ഗോവിന്ദപ്പിള്ളയായിരുന്നു. മാന്നാർ സമ്മേളനത്തിൽ വച്ചു മാററിവയ്ക്കപ്പെട്ട ഭാഗപ്രമേയം അയിരൂർസമ്മേളനത്തിൽ വച്ചു സൎവ്വസമ്മതമായി പാസാക്കപ്പെട്ടു എന്ന കാൎയ്യം ഇവിടെ പ്രത്യേകം സ്മരണീയമാണു്.

അയിരൂർസമ്മേളനത്തിനു ശേഷം കൂടിയ കേരളീയനായർസമാജത്തിൻെറ കാൎയ്യാലോചനായോഗത്തിൽ ഭിന്നകക്ഷികളിലേയും നേതാക്കന്മാർ ഹാജരാകുകയും, ദിവാൻബഹദൂർ ഗോവിന്ദപ്പിള്ളയെത്തന്നെ അദ്ധ്യക്ഷനായും, പി. കെ

കേശവപിള്ളയേയും കെ. ആർ. പത്മനാഭപിള്ളയേയും സിക്രട്ടറിമാരായും തിരഞ്ഞെടുക്കകയും ചെയ്തു. പക്ഷേ ഈ ചേർത്തുകെട്ടിയ ഐക്യം കേവലം ഉപരിപ്ലവമായ ഒന്നായിരുന്നു എന്ന് അനന്തരസംഭവം തെളിയിക്കുന്നതാണ്.

അയിരൂർസമ്മേളനത്തിൽ വച്ചായിരുന്നു മി. കട്ടിയാട്ടു ശിവരാമപ്പണിക്കർ സർവ്വീസ്സൊസൈററിയുടെ ഒരായുഷ്കാല പ്രവർത്തകനായിരുന്നുകൊള്ളാമെന്നു സമ്മതിച്ച് അതു പരസ്യമായി പ്രഖ്യാപനം ചെയ്തതും, സൊസൈററിയിൽ ഒരംഗമായി ച്ചേർന്നതും. ബി. എ. ബിരുദധാരിയായിരുന്ന മി. പണിക്കരെ ഉടൻതന്നെ സർവ്വീസ്സൊസൈററി വക പ്രാക്കുളം ഇംഗ്ലീഷ്സ്കൂളിൽ ഹെഡ്മാസ്റ്ററായി നിയമിച്ചു. എന്നാൽ ഇന്ന് അദ്ദേഹം തിരുവിതാംകൂർ ഗവമ്മെൻറുസർവ്വീസിൽ ഒരദ്ധ്യാപകനാണെന്നുള്ള കാര്യം ഇവിടെ സ്മരണീയമാണ്. സർവ്വീസ്സൊസൈററിസേവനാർഹമല്ലാതായിത്തീന്നതുകൊണ്ടോ, ഗവമ്മെൻറുദ്യോഗം കൂടുതൽ ആകർഷണീയമായിത്തീർന്നതുകൊണ്ടോ, അദ്ദേഹം തന്റെ പ്രതിജ്ഞ പരിപാലിക്കാതിരുന്നതെന്ന കാര്യം ഇവിടെ അപ്രസക്തമാണ്.

അയിരൂർസമ്മേളനത്തിൻെറ പരിപൂർണ്ണവിജയത്തിന് ആത്മാർത്ഥമായി മുന്നിട്ടുനിന്നു പ്രവർത്തിച്ച ചിറേറടത്തു ശങ്കപ്പിള്ളയെക്കുറിച്ചുകൂടി ഒരു വാക്കു പറയാതെ ഈ അദ്ധ്യായം പൂർത്തിയാകുന്നതല്ല. അമ്പലപ്പാട്ടു രായിങ്ങൽ ശങ്കരനാശാന്റെ പുത്രനായിരുന്ന ഈ യുവാവ് ആദ്യകാലങ്ങളിൽ ഒരു കടന്ന വർഗ്ഗീയവാദിയും, അഹങ്കാരിയും, സാഹസികനും ആയിരുന്നു. എന്നാൽ കാലാന്തരത്തിൽ അദ്ദേഹം മഹാത്മാഗാന്ധിയുടെ അക്രമരാഹിത്യസിദ്ധാന്തങ്ങളാലും, നിസ്വാർത്ഥപരമായ ജീവിതരീതിയാലും ആകൃഷ്ടനായിത്തീരുകയും, ഒരു കാൺഗ്രസ്സ് അംഗമെന്ന നിലയിൽ മററു ദേശഭക്തന്മാരോടുകൂടി തിരുവിതാംകൂറിലെ രാഷ്ട്രീയപ്രവർത്തനം ഏറെറടുക്കയും ചെയ്തു. അക്രമരാഹിത്യസിദ്ധാന്തം പ്രചരിപ്പിക്കുവാനും, ദേശീയസംഘടനകൾ രൂപവൽകരിക്കുവാനും, സൃഷ്ടിപരമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുവാനും, അദ്ദേഹം തൻെറ ജീവിത

ശിഷ്ടം വിനിയോഗിച്ചു. രാജ്യത്തിനും രാജ്യശ്രേയസ്സിനും വേണ്ടി
യുള്ള അക്ഷീണപരിശ്രമങ്ങളുടേയും, നിരന്തരമായ കഷ്ടാനുഭവ
ങ്ങളുടേയും, ഫലമായി ത്യാഗസമ്പന്നനും സേവനമൂർത്തിയുമായി
രുന്ന ആ യുവാവ് അകാലത്തിൽത്തന്നെ രോഗബാധിതനായി
ച്ചമഞ്ഞു. ഉത്തമദേശഭക്തനും, നിഷ്കളങ്കനായ പൊതുജന
സേവകനുമായിരുന്ന അദ്ദേഹത്തിന്റെ അകാലചരമം തിരു
വിതാംകൂറിന് ഇടക്കാലത്തു നേരിട്ടിട്ടുള്ള അപരിഹാര്യമായ
മഹാനഷ്ടങ്ങളിൽ ഒന്നാണ്.

# അദ്ധ്യായം ൧൧

തിരുവിതാംകൂറിൽ ആദ്യമായി ഒരു നിയമസഭ ഏർപ്പെടുത്തിയതു് ൧൮൮൮-ൽ ആയിരുന്നു. അക്കാലംവരെ തിരുവിതാംകൂറിലെ ബഹുലക്ഷം ജനങ്ങളുടെ സുഖങ്ങളേയും ഐശ്വര്യങ്ങളേയും ബാധിക്കുന്ന നിയമങ്ങൾ നിർമ്മിക്കുകയെന്നുള്ളതു്, ഹജൂർകച്ചേരിയുടെ പതിവുജോലികളിൽ ഒന്നായിട്ടുമാത്രമാണു നടന്നുവന്നതു്. ഹജൂർഗുമസ്തന്മാരുടെ പുകഞ്ഞ മസ്തിഷ്കങ്ങളിൽ നിന്നുത്ഭവിച്ചു, മേലുദ്യോഗസ്ഥന്മാരുടെ ഇടുങ്ങിയ പരിശോധനദ്വാരം കടന്നു, വലിയകൊട്ടാരത്തിൽ പോയി തിരികെ വരികയാണു നിയമനിർമ്മാണത്തിനു വേണ്ടിയിരുന്ന ചടങ്ങുകൾ. ഈ രീതി ആശാസ്യമല്ലെന്നു് അധികാരികൾക്കു തോന്നിയതിന്റെ ഫലമായി ൧൮൮൮-ലെ ഒന്നാം റഗുലേഷനനുസരിച്ചു തിരുവിതാംകൂറിൽ ഒരു നിയമസഭ സ്ഥാപിച്ചു. നിയമസഭയിൽ എട്ടു് അംഗങ്ങളുണ്ടായിരിക്കണമെന്നും, അവരിൽ രണ്ടുപേർ അനുദ്യോഗസ്ഥന്മാരായിരിക്കണമെന്നും, നിയമത്താൽ വ്യവസ്ഥ ചെയ്തിരുന്നു. എല്ലാ അംഗങ്ങളേയും ഗവൺമെന്റു നേരിട്ടു തന്നെയാണു നിയമിച്ചുവന്നതു്. നിയമനിർമ്മാണം മാത്രമായിരുന്നു ഈ സഭയുടെ ജോലി.

൧൮൯൮-ലെ അഞ്ചാംറഗുലേഷനനുസരിച്ചു പ്രസ്തുത നിയമസഭ പരിഷ്കരിക്കപ്പെട്ടു. ഈ റഗുലേഷൻ ഒരു രാജകീയ വിളംബരമായിട്ടല്ല പുറത്തുവന്നതെന്ന കാര്യം ഇവിടെ പ്രത്യേകശ്രദ്ധേയമാണു്. നിയമസഭയിൽ കൂടി പാസാക്കിയ പ്രസ്തുത നിയമമനുസരിച്ചു, നിയമസഭയിൽ എട്ടു മുതൽ പതിനഞ്ചംഗങ്ങൾവരെയാകാമെന്നും, ആകെയുള്ള അംഗങ്ങളിൽ ചുരുങ്ങിയതു് അഞ്ചിൽ രണ്ടു ഭാഗമെങ്കിലും അനുദ്യോഗസ്ഥന്മാരായിരിക്കണമെന്നും, പ്രത്യേകം നിർദ്ദിഷ്ടമായിരുന്നു. അനുദ്യോഗസ്ഥസാമാജികന്മാരെ ഗവൺമെന്റിൽനിന്നു നേരിട്ടു നിയമിക്കുകയോ, യുക്തമെന്നു തോന്നുന്നപക്ഷം ആവശ്യമുള്ള ചട്ടങ്ങൾ നിർമ്മിച്ചു പൊതുജനങ്ങളുടെ ഇടയിൽനിന്നു തിരഞ്ഞെടുത്തുകൊള്ളുവാൻ അനുവദിക്കുകയോ ചെയ്യാമെന്നു വ്യവസ്ഥ ചെയ്തിരുന്നു. നിയമനിർമ്മാണം മാത്രമേ ഈ നിയമസഭയുടേയും അധികാരപരിധി

യിൽ പെട്ടിരുന്നുള്ളു. പരിഷ്കരിച്ച നിയമസഭയിൽ ൧൫-അംഗങ്ങൾവരെയാകാമെന്ന നിയമം നിർദ്ദേശിച്ചിരുന്നു എങ്കിലും, ൧൦൯-വരെ എട്ടംഗങ്ങളെ മാത്രമാണ് അതിൽ ഉൾപ്പെടുത്തിയിരുന്നത്. അനുദ്യോഗസ്ഥാംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള ചട്ടങ്ങളും ൧൦൯൬-വരെ നിർമ്മിക്കപ്പെട്ടിരുന്നില്ല. ൧൦൯൬-മുതൽ പ്രജാസഭയിൽ നിന്നും ഓരോ റവന്യൂഡിവിഷനേയും പ്രതിനിധീകരിക്കുന്ന ഓരോ പ്രതിനിധിയേവീതം ആകെ നാലംഗങ്ങളെ പ്രജാസഭാംഗങ്ങൾ നിയമനിർമ്മാണസഭയിലേയ്ക്കു തിരഞ്ഞെടുത്തുകൊള്ളുന്നതിനു ഗവമെന്റ് അനുമതി നൽകി. അതനുസരിച്ച ൧൦൯൭-ൽ ചങ്ങനാശേരിയേ കൊല്ലംഡിവിഷനിലെ പ്രജാസഭാപ്രതിനിധികൾ നിയമസഭയിലേയ്ക്കു തിരഞ്ഞെടുക്കുകയുണ്ടായി.

പരിഷ്കരിച്ച നിയമസഭയും പൊതുജനങ്ങളുടെ രാഷ്ട്രീയാഭിലാഷങ്ങളെ സംതൃപ്തിപ്പെടുത്തുന്ന ഒന്നായിരുന്നില്ല. നാട്ടുരാജ്യങ്ങളിൽ തിരുവിതാംകൂറിലാണ ഒന്നാമതായി നിയമസഭ ഏർപ്പെടുത്തിയതെന്ന് അഭിമാനിക്കുവാൻ കഴിയുമെങ്കിലും ബ്രി: ഇൻഡ്യയിൽ ക്രമേണ വളൎന്നുവന്ന പ്രതിനിധിസഭകൾ ചുമതലകളേയും അവകാശങ്ങളേയും സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിനെ പിന്നണിയിലാക്കിത്തുടങ്ങിയിരുന്നു. വിദ്യാഭ്യാസത്തിലും രാഷ്ട്രീയബോധത്തിലും തിരുവിതാംകൂർ ഇൻഡ്യയിലെ ഇതരഭാഗങ്ങളേ അപേക്ഷിച്ചു വളരെ പുരോഗമിച്ചിരുന്നതുകൊണ്ടു തിരുവിതാംകൂറിലേ നിയമസഭയെ കാലോചിതമായി പരിഷ്കരിക്കേണ്ടതാണെന്നുള്ള ഒരു ബോധം പൊതുക്കാൎയ്യപ്രസക്തന്മാരുടെ ഇടയിൽ പ്രബലപ്പെട്ടുവന്നു. ൧൦൯൭-ലെ പ്രജാസഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടിരുന്ന ചങ്ങനാശേരിയുടെ നിവേദനവിഷയങ്ങളിലൊന്നു നിയമസഭാപരിഷ്കാരമായിരുന്നു. അദ്ദേഹം തന്റെ പ്രജാസഭാപ്രസംഗത്തിൽ നിയമസഭ പരിഷ്കരിക്കേണ്ട ആവശ്യകതയെ ശക്തിയുക്തം ഊന്നിപ്പറഞ്ഞതു കൂടാതെ, പ്രായോഗികമായ ഒരു പരിഷ്കാരപദ്ധതി നിർദ്ദേശിക്കുകയും ചെയ്തു. നിയമസഭയിൽ ആകെയുള്ള അംഗങ്ങളുടെ സംഖ്യ ഇരുപത്തൊന്നായി വർദ്ധിപ്പിക്കണമെന്നും, അതിൽ ൧൧-സ്ഥാനങ്ങൾ അനുദ്യോഗസ്ഥന്മാൎക്കായി നീക്കിവയ്ക്കണമെന്നും, ഈ ൧൧-പേരിൽ ൯-പേരേ പൊതുനിയോ

ജകമണ്ഡലങ്ങളിൽനിന്നും, ജന്മിമാർ, തോട്ടക്കാർ മുതലായവരുടെ പ്രത്യേക നിയോജകമണ്ഡലങ്ങളിൽനിന്നും, തിരഞ്ഞെടുക്കണമെന്നും, ബാക്കി രണ്ടു സ്ഥാനങ്ങൾ നാമിനേഷൻകൊണ്ടു പൂരിപ്പിക്കണമെന്നും, നിയമസഭയ്ക്കു ബഡ്ജററ് നിരൂപണം ചെയ്യുവാനും, ചോദ്യങ്ങൾ ചോദിക്കുവാനും, അവകാശം നൽകണമെന്നും സമർത്ഥമായി തയാറാക്കിയിരുന്ന ഒരു പ്രസംഗംമുഖേന അദ്ദേഹം ഗവമ്മെൻറിനെ ഉൽബോധിപ്പിച്ചു. ചങ്ങനാശേരിയുടെ പ്രസംഗമവസാനിച്ചപ്പോൾ വിവിധ സമുദായങ്ങൾക്ക് നിയമസഭയിൽ പ്രാതിനിധ്യം നൽകുവാൻ എന്തു മാർഗ്ഗമാണു പ്രാസംഗികൻ നിർദ്ദേശിക്കുന്നതെന്ന് ഒരു ചോദ്യം അദ്ധ്യക്ഷനായിരുന്ന രാജഗോപാലാചാരി ചങ്ങനാശേരിയോടു ചോദിച്ചു. സമുദായപ്രാതിനിധ്യതത്വം നിയമസഭ ദീക്ഷിക്കേണ്ടതില്ലെന്ന് ഒററ വാചകത്തിൽ ചങ്ങനാശേരി മറുപടി കൊടുത്തു. ചങ്ങനാശേരിയുടെ അക്കൊല്ലത്തെ പ്രജാസഭാപ്രസംഗം പൊതുജനങ്ങളുടെ മാത്രമല്ല അന്നു തിരുവിതാംകൂറിലെ ചീഫ്ജസ്റ്റീസും അനന്തരകാലങ്ങളിൽ ദിവാൻജിയുമായിരുന്ന മന്ദത്തു കൃഷ്ണൻനായരുടെ പ്രശംസയ്ക്കുപോലും പാത്രമായി. എന്നാൽ പ്രസ്തുത പ്രക്ഷോഭണംതന്നെ കൃഷ്ണൻനായർ ദിവാൻജിയുടെ കാലത്താവൎത്തിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പുരോഗമനപരമായിരുന്ന അഭിപ്രായങ്ങൾക്കു ഗണ്യമായ മാററങ്ങൾ സംഭവിച്ചിരുന്നു. ചങ്ങനാശേരിയെ കൂടാതെ പ്രജാസഭയിലംഗങ്ങളായിരുന്ന മെ. സി. രാമൻതമ്പി, എസ്. കൃഷ്ണയ്യർ, പി. പത്മനാഭൻതമ്പി, തുടങ്ങിയ പലരും നിയമസഭാപരിഷ്കാരത്തെ സംബന്ധിച്ചു നിവേദനങ്ങൾ സമൎപ്പിക്കയുണ്ടായി. ഈ പ്രക്ഷോഭണങ്ങളുടെ ഫലമായിട്ടാണു പ്രസ്തുത വർഷംമുതൽ ൧൦൭൦-ലെ പരിഷ്കാരമനുസരിച്ച് അനുവദിച്ചിട്ടുള്ള പതിനഞ്ചംഗങ്ങളേയും നിയമസഭയിലുൾപ്പെടുത്തിക്കൊള്ളുവാൻ ഗവമ്മെൻറനുമതി നൽകിയത്. പക്ഷേ, ഇതുകൊണ്ടും പ്രക്ഷോഭണം ശമിച്ചില്ല. ൧൦൮൯-ലെ പ്രജാസഭയിലും, ചങ്ങനാശേരിയും, മററു പരിഷ്കൃതാശയന്മാരായ അംഗങ്ങളും അവരുടെ പഴയമുറവിളിതന്നെ ആവൎത്തിച്ചു. അക്കൊല്ലം പ്രജാസഭയിലെ ഒരംഗമായിരുന്ന ധീരനും, സ്വാതന്ത്ര്യചിത്തനും, ഉല്പതിഷ്ണുവുമായ മി. തേരൂർ സുബ്രഹ്മണ്യപിള്ള

അതിപരുഷമായ ഭാഷയിൽ രാജഗോപാലാചാരിയുടെ ഗവ ൎമ്മെൻറിനെ ഭത്സിച്ചു. ൧൦൮൯-ലെ പ്രജാസഭ, രാജഗോപാലാചാരിയുടെ ഭരണകാലത്തെ അവസാനസമ്മേളനമായിരുന്നു. ഉദ്യോഗമൊഴിയുന്ന ദിവാൻജിമാൎക്ക് അവരുടെ ഭരണകാലത്തുള്ള പ്രജാസഭയുടെ അവസാന സമ്മേളനദിവസം ഒരു മംഗളപത്രം കൊടുക്കുകയെന്ന പതിവുണ്ടായിരുന്നു. കെ. രാമകൃഷ്ണപിള്ളയേ അന്യായമായി നാടുകടത്തുവാൻ മഹാരാജാതിരുമനസ്സിനെ ഉപദേശിച്ച രാജഗോപാലാചാരിയുടെ ഭരണം പൊതുജനങ്ങളുടെ അവജ്ഞയ്ക്കും അവഹേളനത്തിനും പാത്രമായിരുന്നതുകൊണ്ടു പതിവുപോലുള്ള മംഗളപത്രം നൽകേണ്ടതില്ലെന്നു പ്രജാസഭയിലെ ഭൂരിപക്ഷം സാമാജികന്മാർ തീർച്ച ചെയ്തു. രാജഗോപാലാചാരിയുടെ ഭക്തഗണങ്ങളിൽപെട്ട ചിലർ ഈ നിശ്ചയം ഭേദപ്പെടുത്തുവാൻ, ചങ്ങനാശേരി തന്റെ സ്വാധീനശക്തി പ്രയോഗിക്കണമെന്നപേക്ഷിച്ചു. എന്നാൽ ചങ്ങനാശേരി പ്രസ്തുത ശ്രമങ്ങളിൽ സഹകരിക്കാതെ കൊല്ലത്തേയ്ക്കു പോകുകയും, താമസംവിനാ അവിടെനിന്നും ഉപരിവിദ്യാഭ്യാസാൎത്ഥം ഇംഗ്ലണ്ടിലേക്കു യാത്രതിരിക്കയും ചെയ്തു.

൧൦൮൮-ലെ നിയമസഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടിരുന്ന ചങ്ങനാശേരി, ഇംഗ്ലണ്ടിൽനിന്നും നാലുമാസം കഴിഞ്ഞു തിരിച്ചെത്തിയതിനുശേഷം, നിയമസഭാപരിഷ്കാരം സംബന്ധിച്ചുള്ള പ്രക്ഷോഭണം അതിതീവ്രമായി തുടൎന്നുകൊണ്ടുപോകുവാൻ നിശ്ചയിച്ചു. നിയമസഭയ്ക്കകത്തുതന്നെയാണു പരിഷ്കരണശ്രമങ്ങൾ അദ്ദേഹം ആദ്യമായി ആരംഭിച്ചതു്. ൧൦൬൩-ലെ നിയമസഭാപരിഷ്കരണറഗുലേഷൻ, ൧൦൭൩-ലെ വിളംബരമനുസരിച്ചു സ്ഥാപിച്ചിരുന്ന നിയമസഭയിൽക്കൂടി പാസാക്കിയാണു നിയമസംഹിതയിൽ ചേൎത്തിരുന്നതെന്നുള്ള വിവരം പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. ഇങ്ങനെ, രാജകീയവിളംബരം മൂലമല്ലാതെ നിയമസഭാപരിഷ്കരണനിയമം നിൎമ്മിച്ച ഗവൎമ്മെൻറു പരോക്ഷമായിട്ടെങ്കിലും പരിവൎത്തനപരമായ ഒരു തത്വത്തെ അംഗീകരിക്കയാണു ചെയ്തതു്. നിയമസഭയുടെ ഘടന മാററുന്നതിനുള്ള നിയമനിൎമ്മാണാധികാരവും അവകാശവും നിയമസഭയിൽത്തന്നെ ലയിച്ചിരിക്കുന്നു എന്നുള്ളതായി

രുന്ന ഈ തത്വം. എങ്കിലും ജനകീയശക്തിക്ക പ്രാബല്യം നല്കുന്ന വിപ്ലവപരവും ആപൽക്കരവുമായ ഈ തത്വം അംഗീകരിക്കുന്നതിനും, അങ്ങനെ അധികാരം വിട്ടുപരിയുന്നതിനും, ഗവമ്മെൻറ സന്നദ്ധമായിരുന്നില്ലെന്ന പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചു. ഏതായാലും, ൧൦൭൯-ലെ മുൻനടപ്പും, ദൃഷ്ടാന്തവുമനുസരിച്ചു നിലവിലിരിക്കുന്ന നിയമസഭ പരിഷ്കരിക്കുന്നതിനു പര്യാപ്തമായ ഒരു ബിൽ നിയമസഭയിൽ ഹാജരാക്കുവാൻ ചങ്ങനാശേരി തീരുമാനിച്ചു. ധനവ്യയമുണ്ടാക്കുന്ന സംഗതികൾ ഉൾപ്പെട്ട നിയമനിർമ്മാണത്തിനു മുൻകൂട്ടി ദിവാൻജിയുടെ അനുവാദം വാങ്ങിയിരിക്കണമെന്നുള്ള സാങ്കേതികതടസ്സത്തെ ആധാരമാക്കി പ്രസ്തുത ബിൽ ഹാജരാക്കുവാൻ അനുമതി ആവശ്യപ്പെടുന്ന പ്രമേയമവതരിപ്പിക്കുവാൻ മെമ്പർക്കവകാശമില്ലെന്ന കൌൺസിൽസിക്രട്ടറി ചങ്ങനാശേരിയെ അറിയിച്ചു. താനവതരിപ്പിക്കുവാനുദ്ദേശിക്കുന്ന ബിൽ ധനകാര്യത്തെ ഒരുവിധത്തിലും ബാധിക്കുന്ന ഒന്നല്ലെന്നും, അതു കൊണ്ടു ദിവാൻജിയുടെ അനുവാദം മുൻകൂട്ടി വാങ്ങേണ്ട ആവശ്യമില്ലെന്നും, അനുവാദം വേണമെങ്കിൽത്തന്നെ അതു ബിൽ നിയമസഭയിൽ ഹാജരാക്കുമ്പോൾ മതിയാകുമെന്നും, വിവരിച്ചു ചങ്ങനാശേരി സിക്രട്ടറിക്ക മറുപടി നല്കി. അതിനുശേഷം, നിയമസഭ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയേയും, അതിലേയ്ക്കുള്ള ബിൽ ഹാജരാക്കുവാൻ അനുമതി ആവശ്യപ്പെടുന്ന പ്രമേയത്തിനു മുൻകൂട്ടി ദിവാൻജിയുടെ അനുവാദം വാങ്ങിയിരിക്കണമെന്നുള്ള വാദത്തിൻെറ അൎത്ഥശൂന്യതയേയും, പ്രസ്പഷ്ടമാക്കി ചങ്ങനാശേരി ഒരു ലഘുലേഖ തയാറാക്കി പ്രസിദ്ധം ചെയ്തു. തിരുവിതാംകൂറിലെ പത്രലോകം ഈ ലഘുലേഖയെ മുക്തകണ്ഠം പ്രശംസിച്ചു.

അന്നു മന്നത്തു കൃഷ്ണൻനായർ തിരുവിതാംകൂറിലേ ദിവാൻപദത്തെ അധിരോഹണം ചെയ്തുകഴിഞ്ഞിരുന്നു. ചങ്ങനാശേരി ദിവാൻജിയെ നേരിട്ടു കണ്ടു സംഭാഷണം ചെയ്തു, ഗവമ്മെൻറ സ്വീകരിച്ചിരുന്ന നീതിരഹിതമായ വാദത്തിൻെറ അനൌചിത്യത്തെപ്പററി അദ്ദേഹത്തെ ബോധ്യപ്പെടുത്തി. അതിൻെറ ഫലമായി ബിൽ അവതരിപ്പിക്കുവാൻ അനുമതി

ആവശ്യപ്പെടുന്ന പ്രമേയം ഹാജരാക്കുവാനുള്ള പ്രതിബന്ധങ്ങൾ നീങ്ങി. എന്നാൽ, ചങ്ങനാശേരിയുടെ ലഘുലേഖ ദിവാൻജിയെ വല്ലാതെ ക്ഷോഭിപ്പിച്ചിരുന്നു. പ്രതികൂലവിമർശനങ്ങൾ അസഹിഷ്ണുതയോടെ വീക്ഷിച്ചുകൊണ്ടിരുന്ന അദ്ദേഹം ചങ്ങനാശേരിയുടെ സംരംഭത്തെ മററുവിധത്തിൽ പരാജയപ്പെടുത്തുവാൻ തീർച്ചയാക്കി. ബിൽ അവതരിപ്പിക്കുവാൻ അനുമതി ആവശ്യപ്പെടുന്ന പ്രമേയംതന്നെ പുറത്തെറിയിച്ചു്, നിയമസഭയുടെ ഘടന മാററുവാൻ ആ സ്ഥാപനത്തിനധികാരമില്ലെന്നുള്ള നിശ്ചയം നിയമസഭയെക്കൊണ്ടുതന്നെ രേഖപ്പെടുത്തിക്കുവാനുള്ള ഒരു ശ്രമം തിരശ്ശീലയ്ക്കുള്ളിൽ ആരംഭിച്ചു. ഗവമെൻറുദ്യോഗസ്ഥന്മാർക്കു ഭൂരിപക്ഷമുണ്ടായിരുന്ന നിയസഭയെക്കൊണ്ടേതഭിപ്രായവും രേഖപ്പെടുത്തിക്കുന്നതിനു ഗവമെൻറിനു യാതൊരു വിഷമവുമുണ്ടായിരുന്നില്ല. തിരഞ്ഞെടുക്കപ്പെട്ട ചില അംഗങ്ങൾതന്നെ പ്രമേയത്തെ എതിർക്കുമെന്നു ചങ്ങനാശേരിയെ നേരിട്ടറിയിച്ചിരുന്നു. നിയമസഭാപരിഷ്കരണബിൽ അന്നത്തെ പരിതഃസ്ഥിതികളിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിൽതന്നെയും, നിയമസഭയുടെ ഘടന മാററുവാൻ പ്രസ്തുത സ്ഥാപനത്തിനവകാശമില്ലെന്നുള്ള ഒരഭിപ്രായം രേഖപ്പെടുത്തുവാൻ ആ സഭയ്ക്കുതന്നെ അവസരം നൾകുന്നതു ബുദ്ധിപൂർവമായിരിക്കുമോ എന്നൊരാശങ്ക ചങ്ങനാശേരിയേ വല്ലാതെ അലട്ടി. നിയമസഭയ്ക്കു പുറത്തു് അതിശക്തിയായ പ്രക്ഷോഭണം നടത്തി, പൊതുജനാഭിപ്രായം രൂപവൽക്കരിച്ചു, പുരോഗമനപരമായ ഒരു നയം സ്വീകരിക്കുവാൻ അധികാരികളെ നിർബദ്ധരാക്കയല്ലാതെ അംഗീകൃതമായിട്ടില്ലെങ്കിലും നിയമവ്യാഖ്യാനത്തിൽ പരോക്ഷമായി അന്തർഭവിക്കുന്ന ഒരവകാശത്തെ ഉദ്യോഗസ്ഥഭൂരിപക്ഷമുള്ള നിയമസഭയുടെ പ്രതികൂലമായ തീരുമാനത്തിനു വിധേയമാക്കി നശിപ്പിച്ചുകളയുന്നതു് അപരിഹാര്യമായ ഒരു നഷ്ടമായിരിക്കുമെന്നു് അവഗാഢമായ ആലോചനയുടെ ഫലമായി ചങ്ങനാശേരി തീരുമാനിച്ചു. നിയമസഭയിൽ ബിൽ അവതരിപ്പിക്കുവാൻ അനുവാദമാവശ്യപ്പെടുന്ന പ്രമേയമാലോചനയ്ക്കു വന്നപ്പോൾ അതവതരിപ്പിക്കുവാൻ ചങ്ങനാശേരിയെ ക്ഷണിക്കേണ്ടതിനു പകരം പ്രമേയത്തിനെതിരായുള്ള വാദങ്ങൾ പുറപ്പെടുവിക്കു

വാൻ ലാമെമ്പറായിരുന്ന മി. വി. സുബ്ബയ്യരെയാണ ദിവാൻജി ക്ഷണിച്ചത്. നിയമശാസ്ത്രപടുവായ മി. വി. സുബ്ബയ്യർ നിരൎഗ്ഗളമായി നിൎഗ്ഗളിക്കുന്ന അദ്ദേഹത്തിൻെറ വാചാലതകൊണ്ടു ചങ്ങനാശേരിയുടെ പ്രമേയത്തെ ഗർഭത്തിൽ വച്ചുതന്നെ ഹനിക്കുവാൻ നിയസഭാംഗങ്ങളോടുപദേശിക്കുവാനുള്ള ഒരുക്കങ്ങളോടുകൂടി, സ്വസ്ഥാനത്തെഴുന്നേററു നിന്നു, താനനുഷ്ഠിക്കുവാൻ പോകുന്ന നിശിതകമ്മത്തിൻെറ ദൂരവ്യാപകഫലങ്ങളെപ്പററി ചിന്തിച്ചു് ഒന്നു മന്ദഹസിച്ചു. ആ മന്ദഹാസത്തിലന്തർഭവിക്കുന്ന മാരകമായ ഉദ്ദേശവും, അതിൻെറ വ്യാപ്തിയും ക്രമ്മബുദ്ധിയായ ചങ്ങനാശേരി ഒരു ഞൊടിയിടകൊണ്ടു ഗ്രഹിച്ചു. മി. വി. സുബ്ബയ്യരെപ്പോലും ആശ്ചയ്യംകൊണ്ടു സ്തബ്ധനാക്കുന്ന തന്ത്രബുദ്ധിയോടുകൂടി പൊടുന്നനവേ ചങ്ങനാശേരി സ്വസ്ഥാനത്തെഴുന്നേററുനിന്നു, താൻ പ്രമേയം അവതരിപ്പിക്കുന്നില്ലെന്നു പ്രസ്താവിച്ചു. ഇതു ഗവമ്മെൻറുപക്ഷത്തുനിന്നു പ്രതീക്ഷിച്ചിരുന്നതല്ല. ഭൂരിപക്ഷാഭിപ്രായപ്രകാരം ബിൽ അവതരിപ്പിക്കുന്നതിനുള്ള അനുവാദം നിരസിക്ക മാത്രമല്ല, അനുമതി ചോദിക്കുവാൻപോലും ഒരു മെമ്പക്കവകാശമില്ലെന്നു സ്ഥാപിക്കുവാൻകൂടി ബദ്ധകങ്കണരായിരുന്ന അധികാരിവൎഗ്ഗത്തെ ചങ്ങനാശേരിയുടെ തന്ത്രവ്യൂഹം അനല്പമായി നിരാശപ്പെടുത്തുകതന്നെ ചെയ്തു. നിയമദൃഷ്ടിയിൽക്കൂടി മാത്രമല്ല, പ്രായോഗികമായ രാഷ്ട്രപരിജ്ഞാനത്തെ ആധാരമാക്കി നോക്കിയാലും, ചങ്ങനാശേരി സ്വീകരിച്ച മാൎഗ്ഗം ബുദ്ധിപൂൎവ്വം പ്രശംസാൎഹവുമായിരുന്നു എന്നുള്ളതിനു രണ്ടുപക്ഷമില്ല.

നിയമനിമ്മാണസഭാമാൎഗ്ഗമായി അതിൻെറ ഘടന പരിഷ്കരിക്കുവാനുള്ള ശ്രമം നിഷ്ഫലമായതോടുകൂടി ഈ പ്രശ്നം സംബന്ധിച്ച പ്രക്ഷോഭണം നടത്തി, ശക്തിയേറിയ പൊതുജനാഭിപ്രായം രൂപവൽക്കരിക്കുവാൻ വേണ്ടി ചങ്ങനാശേരി രാജ്യമൊട്ടുക്ക ചുററിസഞ്ചരിച്ചു. തിരുവിതാംകൂറിലെ എല്ലാ പ്രധാന കേന്ദ്രങ്ങളിലും അദ്ദേഹം തൻെറ സഹപ്രവത്തകന്മാരുമായി സഞ്ചരിച്ചു, വമ്പിച്ച പൌരമഹായോഗങ്ങൾ വിളിച്ചുകൂട്ടി, നിയമനിമ്മാണസഭ പരിഷ്കരിക്കണമെന്നാവശ്യപ്പെടുന്ന പ്രമേയങ്ങൾ പാസാക്കി ഗവമ്മെൻറിനയച്ചുകൊടുത്തു. ഈ

പ്രവൎത്തനങ്ങളിൽ ചങ്ങനാശേരിയോടു സഹകരിക്കയും, അദ്ദേഹത്തിൻെറ ശ്രമങ്ങൾ ലഘൂകരിക്കയും, ചെയ്ത ഒരാളുടെ നാമധേയം ഇവിടെ പ്രസ്താവ്യമാണ്. ഇന്നു ലീഗ് ഓഫ് നേഷൻസിന്റെ തൊഴിലാളിശാഖയിൽ ഒരുയൎന്ന ഉദ്യോഗസ്ഥനായി പ്രശോഭിക്കുന്ന ഡാക്ടർ പി. പി. പിള്ളയുടെ നാമധേയമാണ് ഇതു്. പ്രശസ്തമായ സൎവകലാശാലാവിദ്യാഭ്യാസത്തിനുശേഷം അന്നദ്ദേഹം തിരുവനന്തപുരത്തു വക്കീൽപ്പണി ആരംഭിച്ചിരിക്കയായിരുന്നു. അനിയൻ എന്ന പേരിലാണ് ഏവരുടേയും വാത്സല്യഭാജനമായിരുന്ന അദ്ദേഹം പരക്കെ അറിയപ്പെട്ടിരുന്നതു്. അനിയനും, ചങ്ങനാശേരിയും തമ്മിൽ സഹോദരനിൎവിശേഷമായ ഒരു ബന്ധം നിലനിന്നുവന്നു. അനിയന് ഉന്നതമായ പാശ്ചാത്യവിദ്യാഭ്യാസം നേടുവാനാഗ്രഹമുണ്ടായിരുന്നു. ധനതത്വശാസ്ത്രസംബന്ധമായ ഉന്നതപഠനത്തിനു തിരുവിതാംകൂർ ഗവൺമെൻറിൽനിന്നും ഒരാളേ പാശ്ചാത്യവിദ്യാഭ്യാസത്തിനയയ്ക്കുവാൻ തീൎച്ചയാക്കിയപ്പോൾ തൽസ്ഥാനത്തേയ്ക്കു് അനിയനും ഒരപേക്ഷകനായിരുന്നു. എന്നാൽ ഗവൺമെൻറിൻെറ കാരുണ്യത്തിനു പാത്രമാകുവാനുള്ള ഭാഗ്യം മി. ഏ. ഗോപാലമേനവനാണു ലഭിച്ചതു്. ഇതു് അനിയനെ തൽക്കാലത്തേയ്ക്കെങ്കിലും അല്പമൊന്നു നിരാശപ്പെടുത്തി. താമസംവിനാ ചങ്ങനാശേരിയുൾപ്പെടെയുള്ള തന്റെ അഭ്യുദയകാംക്ഷികളുടെ സഹായത്തോടുകൂടി അനിയൻ ഉൽകൃഷ്ടവിദ്യാഭ്യാസാൎത്ഥം ഇംഗ്ലണ്ടിലേയ്ക്കു പോകുകയും, പരീക്ഷാവിജയത്തിനുശേഷം തിരുവിതാംകൂറിൽ അദ്ദേഹത്തിനു ലഭിക്കുവാൻ കഴിയുമായിരുന്നതിൽ തുലോം ഉന്നതമായ ഒരു സ്ഥാനത്തെത്തിച്ചേരുകയും ചെയ്തു.

# അദ്ധ്യായം ൧൨

൧൦൯൬-ലെ നിയമസഭയുടെ കാലാവധി അവസാനിച്ചു കഴിഞ്ഞിരുന്നതുകൊണ്ട് ൧൦൯൭-ൽ വീണ്ടും തിരഞ്ഞെടുപ്പു നടന്നു. ചങ്ങനാശേരി കൊല്ലംഡിവിഷനിൽ നിന്നുതന്നെ ഒരു സ്ഥാനാൎത്ഥിയായി നില്ക്കുകയും, സമ്മതിദായകന്മാർ അദ്ദേഹത്തെ ബഹുഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കയും ചെയ്തു. ചങ്ങനാശേരിയുടെ നിയമസഭാസ്ഥാനാൎത്ഥിത്വത്തെ പരാജയപ്പെടുത്തുവാൻ തിരസ്കരണിയ്ക്കുള്ളിൽ പല തന്ത്രവൃത്തികളും, ഗൂഢശ്രമങ്ങളും, ഉപജാപങ്ങളും നടക്കുകയുണ്ടായി എങ്കിലും, തൽകൎത്താക്കൾക്കു നിരാശയാണു സംഭവിച്ചതു്. ചങ്ങനാശേരി അക്കാലത്തു തിരുവിതാംകൂറിലെ രാഷ്ട്രീയലോകത്തു് ഒരു കടന്ന ഉല്പതിഷ്ണുവെന്ന ബിരുദം സമ്പാദിച്ചുകഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ സാമുദായികവും രാഷ്ട്രീയവുമായ പ്രവൎത്തനങ്ങൾ അധികാരിലോകത്തിന്റെ പ്രത്യേകമായ ശ്രദ്ധക്കു വിഷയമായി. ഒരു വിദ്യാൎത്ഥിയെന്ന നിലയിൽ പ്രിൻസിപ്പാൾ ഡാക്ടർ മിച്ചലിന്റെ അസംതൃപ്തിക്കും സംശയദൃഷ്ടിയ്ക്കും ഇട നല്കിയ പരമേശ്വരൻപിള്ള ഇപ്പോൾ തിരുവിതാംകൂറിലെ ഭരണാധികാരികളുടെ അപ്രീതിക്കും ഗുരുതരമായ ആശങ്കകൾക്കും പാത്രമായിരിക്കയാണ്. എന്നാൽ കാളേജുക്ലാസ്സുകളിൽ പഠിച്ചിരുന്ന ദരിദ്രനും, പിന്തുണയില്ലാത്ത വിപ്ലവകാരിയും ആയിട്ടല്ല, പരമേശ്വരൻപിള്ളയെ ഈ ഘട്ടത്തിൽ ഗവമ്മെൻറും പൊതുജനങ്ങളും ദശിക്കുന്നതു്. അദ്ദേഹം ഭീമമായ ഒരു സംഖ്യ പ്രതിമാസം വരുമാനമുള്ള കൊല്ലത്തെ അഭിഭാഷകനേതാവും പ്രബലനായ ഒരു ജനപ്രമാണിയുമാണ്. തിരുവിതാംകൂറിലെ പൊതുക്കാൎയ്യജീവിതത്തേയും ജനകീയശക്തിയേയും ഇപ്പോൾ നിയന്ത്രിക്കുന്നതും നയിക്കുന്നതും അദ്ദേഹമാണ്. ചങ്ങനാശേരിയുടെ നേതൃത്വത്തിൽ അതിതീക്ഷ്ണമായി പുരോഗമിച്ചിരുന്ന നിയമസഭാപരിഷ്ക്കരണപ്രക്ഷോഭണം തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ ഇടയിൽ അത്യുന്നതവും അദ്വിതീയവും ആയ ഒരു സ്ഥാനം അദ്ദേഹത്തിനു നേടിക്കൊടുത്തിരുന്നു. അധികാരിവൎഗ്ഗത്തിന്റെ സ്വേച്ഛാ

പരമായ പ്രവൎത്തനങ്ങളെ പ്രതിഷേധിക്കുന്ന ഏതു പൊതു സംരംഭത്തിന്റേയും നായകത്വം അദ്ദേഹത്തിനുതന്നെയാണ്. അന്യായങ്ങളോടും അനീതിപരമായ അധികാരദുർവ്വിനിയോഗങ്ങളോടും മല്ലടിക്കുവാനും, ജനകീയതാല്പൎയ്യങ്ങളെ സംരക്ഷിക്കുവാനും, മുന്നിട്ടുനിന്നു പ്രവൎത്തിക്കുന്നതും അദ്ദേഹമല്ലാതെ മറ്റാരുമല്ല. പ്രക്ഷോഭണപ്രിയന്മാരും പ്രബലന്മാരുമായിരുന്ന നായന്മാരുടെ അനിഷേധ്യനേതാവും ചങ്ങനാശേരിതന്നെയാണ്. 'നായർസർവ്വീസ് സൊസൈററിയുടേയും, സമസ്തകേരളീയ നായർസമാജത്തിന്റേയും നേതൃത്വവും കൈകാൎയ്യകൎത്തൃത്വവും അദ്ദേഹത്തിലാണ് ലയിച്ചിരുന്നതു്. എങ്കിലും ചങ്ങനാശേരി കേവലം ഒരു സമുദായപരിഷ്കൎത്താവു മാത്രമായിരുന്നില്ല. അദ്ദേഹത്തിന്റെ ആവനാഴിയിലെ പ്രക്ഷോഭണശരങ്ങൾ ഒന്നിലധികമാണ്. നായർസമുദായത്തിന്റെ അവശതകളെ പരിഹരിക്കുന്നതിനും, പുരോഗതിയെ ത്വരിപ്പിക്കുന്നതിനും വൻപിച്ച ഒരു സമുദായസംഘടനയുടെ പിന്തുണയോടുകൂടി ഒരു വശത്തദ്ദേഹം പ്രക്ഷോഭണംനടത്തുന്നു. മറ്റൊരു വശത്തു രാജ്യത്തിന്റെ വിപുലമായ താല്പൎയ്യങ്ങളെ സംരക്ഷിക്കുന്നതിനും, ജനകീയശക്തി സുദൃഢമാക്കുന്നതിനും വേണ്ടി തിരുവിതാംകൂറിലെ ബഹുജനങ്ങളുടെ പിന്തുണയോടുകൂടി ദേശീയമായ വേറൊരു പ്രക്ഷോഭണം അദ്ദേഹം തുടരുന്നു. ൧൦൮൮-ൽ നിയസഭാപരിഷ്കാരത്തെക്കുറിച്ചു് അദ്ദേഹം പ്രജാസഭയിൽ ചെയ്ത പ്രസംഗത്തെ ഉള്ളഴിഞ്ഞു പ്രശംസിക്കയും അഭിനന്ദിക്കയും ചെയ്ത അന്നത്തെ ചീഫ്ജസ്റ്റിസ് മന്ദത്തു കൃഷ്ണൻനായർ ഇന്നു ദിവാൻജിയെന്ന നിലയിൽ ചങ്ങനാശേരിയുടെ സംരംഭങ്ങളെ ആനുകൂല്യത്തോടുകൂടിയല്ല വീക്ഷിച്ചുവന്നതു്. കൃഷ്ണൻനായൎക്ക് അങ്ങിനെയല്ലാതെ ചെയ്യുവാൻ ഗത്യന്തരമുണ്ടായിരുന്നില്ല. ദിവാൻ കൃഷ്ണൻനായർ ഒരു വ്യക്തിയല്ല; സ്ഥാപനമായിരുന്നു. വ്യക്തികളുടെ അഭിപ്രായങ്ങൾക്കുള്ള അയവും സ്വാതന്ത്ര്യവും ഒരു സ്ഥാപനത്തിന്റെ അഭിപ്രായങ്ങൾക്കുണ്ടാകുമെന്നു പ്രതീക്ഷിക്കാവുന്നതല്ലല്ലോ?

ഇക്കാലത്തു ചങ്ങനാശേരിക്കു വിശ്രമാവസരങ്ങൾപോലും തുലോം അപൂൎവ്വമായി മാത്രമേ ലഭിച്ചിരുന്നുള്ളു. തൊഴിൽപരമായ കൎത്തവ്യങ്ങൾക്ക് ഒഴിച്ചുകൂടുവാൻ വഹിയാത്ത സമയം

നീക്കിയാൽ ബാക്കി മുഴുവൻതന്നെയും അദ്ദേഹം പൊതുകാര്യ്യങ്ങൾക്കായി വിനിയോഗിച്ചുവന്നു. നിയമസഭാപ്രക്ഷോഭണങ്ങളും, സമുദായപരിഷ്ക്കരണസംരംഭങ്ങളും കൂടാതെ, ക്രമാനുഗതമായി വളൎന്നുകൊണ്ടിരുന്ന നായർസർവ്വീസ് സൊസൈറ്റി അദ്ദേഹത്തിൻെറ വിശ്രമവേളകളിൽ ഒരു വലിയ ഭാഗം അപഹരിച്ചിരുന്നു. ൧൧൦൫-ലാണു സർവ്വീസ്സൊസൈറ്റിയുടെ സുപ്രസിദ്ധമായ കറുകച്ചാൽവിദ്യാലയത്തിൻെറ പ്രാരംഭം. പ്രസ്തുത വിദ്യാലയത്തിൻെറ ഉത്ഭവത്തോടനുബന്ധിച്ചു അതിരസകരമായ ചില സംഭവങ്ങൾ നടക്കാതിരുന്നില്ല. വിദ്യാഭ്യാസപരമായ പ്രവൎത്തനങ്ങളിലാണു സൊസൈറ്റി ആദ്യമായി ഏൎപ്പെട്ടതു്. ബുക്കർ ടി വാഷിംങ്ടൻെറ ഒരു ആരാധകനായിരുന്ന കെ. പരമുപിള്ള ടക്സ്കെഗിവിദ്യാലയംപോലെ ഒരു സ്ഥാപനം സർവ്വീസ്സൊസൈററിയുടെ വകയായി ഉണ്ടായിക്കാണുവാൻ ആഗ്രഹിക്കയും, അതിലേയ്ക്കു് അത്യുത്സാഹപൂൎവ്വം വേണ്ട ശ്രമങ്ങളിലേൎപ്പെടുകയും ചെയ്തു. പ്രസ്തുത വിദ്യാലയം സ്ഥാപിക്കുന്നതിലേയ്ക്കു നാട്ടിൻപുറങ്ങളിലെവിടെയെങ്കിലും വിസ്തൃതമായ കുറെ ഭൂമികരസ്ഥമാക്കുവാനുള്ള ശ്രമങ്ങളാണു് അദ്ദേഹം ആദ്യമാരംഭിച്ചതു്. ഒരു സമുദായഭക്തനായിരുന്ന നടമേൽ ഇരവിക്കുറുപ്പിന്റെ കുടുംബക്കാൎക്കും, കുന്നപ്പിള്ളി നാരായണൻനായൎക്കുംകൂടി കൂട്ടവകാശമുണ്ടായിരുന്ന കൊടിഞ്ഞാംകുന്നു് എന്ന വസ്തുവിൽനിന്നും എണ്ണൂറേക്കർ ഭൂമി നായർസർവ്വീസ്സൊസൈററിയ്ക്കു ദാനമായി നൾകുവാൻ പരമുപിള്ള അതിൻെറ ഉടമസ്ഥന്മാരെ പ്രേരിപ്പിച്ചുതുടങ്ങി. ബ്രാഹ്മണദാനം മാത്രമാണു സ്വൎഗ്ഗലോകത്തേയ്ക്കുള്ള സോപാനമെന്നുറച്ചു വിശ്വസിച്ചിരുന്ന വൃദ്ധനായ നാരായണൻനായരെക്കൊണ്ടു് ഇങ്ങിനെ ഒരു ദാനപത്രം എഴുതി ഒപ്പിടുവിക്കാൻ കെ. പരമുപിള്ള പ്രയോഗിക്കേണ്ടിവന്ന അനുനയചാതുൎയ്യത്തിന്റെ ആഴം ഒരു പക്ഷേ അദ്ദേഹമല്ലാതെ ആരും അറിഞ്ഞിരിക്കാനിടയില്ല. ചങ്ങനാശേരിടൌണിൽനിന്നും എട്ടുമൈൽ കിഴക്കു ചങ്ങനാശേരി–പീരുമേടുറോഡരികത്തു വിശാലമായിക്കിടക്കുന്നതും ഇന്നത്തെ സ്ഥിതിയ്ക്കു് ഒരിരുപതിനായിരം രൂപയെങ്കിലും വിലവരുന്നതുമായ ഈ വസ്തു പരമു

പിള്ളയുടെ അപ്രതിരോധ്യമായ പ്രേരണാശക്തിക്കു കീഴ്വ ണങ്ങി, ഉടമസ്ഥന്മാർ സർവ്വീസ്സൊസൈററിക്കു ദാനം നൽകി. ഇതിനുശേഷം, അല്പകാലത്തിനുള്ളിൽ പരമുപിള്ളയേ തിരുവനന്തപുരത്തേയ്ക്കു സ്ഥലം മാററുകയും, അവിടെവച്ച ദ്ദേഹം ചരമമടയുകയും ചെയ്തു. ടൌസ്കൂഗിവിദ്യാലയത്തിൻെറ മാതൃകയിൽ ഒരു പാഠശാല കറുകച്ചാലിൽ സ്ഥാപിക്കണമെ ന്നുള്ള പരമുപിള്ളയുടെ ആശയം അദ്ദേഹത്തിൻെറ നിര്യാണ ത്തോടുകൂടി വിസ്മൃതമായി.

കറുകച്ചാൽവസ്തുവിൽ ഒരു ഇംഗ്ലീഷുവിദ്യാലയം ആരം ഭിക്കുവാനുള്ള ശ്രമങ്ങളായി. സൊസൈററിസിക്രട്ടറി മി. മന്നത്തു പത്മനാഭപിള്ള ൻഫ–വൃശ്ചികം ൨൦–ാനു- ചങ്ങനാശേരി പരമേശ്വരൻപിള്ളയ്ക്കു് ഇങ്ങിനെ ഒരു കത്തെഴുതി.

..............."അവിടുന്നു് ഇവിടെ എന്നെത്തുമെന്നും, എത്ര ദിവസം താമസിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടെന്നും, ഉള്ള വിവരത്തിനു് ഉടനെ മറുപടി അയച്ചുതരണമെന്നപേക്ഷി ക്കുന്നു. നമ്മുടെ പള്ളിക്കൂടത്തിൻെറ അടിസ്ഥാനക്കല്ലു് അവി ടുന്നുതന്നെ ഇടണമെന്നും, അന്നുമുതൽത്തന്നെ പണിയാരംഭി ക്കണമെന്നുമാണു ഞങ്ങളിൽ പലരുടേയും അഭിപ്രായം. ഒരു നല്ല പണിക്കാരനേയും, തല്ക്കാലം പണിയിക്കാനുള്ള കെട്ടിട ങ്ങളുടെ പ്ലാനും കൊണ്ടുപോരുമല്ലോ!......................................
.....................അങ്ങു്, കച്ചേരി തുറക്കുന്ന ദിവസം അങ്ങെ ത്തിയാൽ മതി. ഇവിടെ താമസിച്ചു ഞങ്ങളെക്കൊണ്ടു പണി നടത്തിക്കണം. അവിടുന്നു സമീപത്തുണ്ടെങ്കിൽ ഏതു നല്ല കാ ര്യവും സാധിക്കുമെന്നു ഞങ്ങൾക്കു ധൈര്യം തോന്നുന്നുണ്ടു്."

ഈ കത്തനുസരിച്ചു ൻഫ-ലെ വെക്കേഷൻകാലത്തു ചങ്ങനാശേരി, സ്വദേശത്തെത്തിയപ്പോൾ, സൊസൈററിക്കു ദാനം കിട്ടിയ വസ്തുവിൻെറ ഉടമസ്ഥാവകാശമുള്ള കുടുംബ ത്തിലെ ഇളമുറക്കാരിൽ ചിലർ, പ്രസ്തുത ദാനം അസ്ഥിരപ്പെടു ത്തുവാൻ കൊടുത്തിരുന്ന വ്യവഹാരത്തിൻെറ നോട്ടീസ്സാണു് അദ്ദേഹത്തിനു ആതിഥ്യപൂജ നൽകിയതു്. അനന്തരകര ണീയത്തെപ്പററി ചിന്തിക്കുവാൻ ഉടനടി സൊസൈററിയുടെ

ഒരു യോഗം കൂടി. സ്ഥലത്തു ചെന്നു സ്ഥിതിഗതികൾ അന്വേഷിച്ചറിഞ്ഞു, കേസു രാജിയാക്കിത്തീൎക്കുവാൻ വേണ്ട ശ്രമങ്ങൾ ചെയ്യേണ്ടതാണെന്നുള്ള ചങ്ങനാശേരിയുടെ അഭിപ്രായത്തെ യോഗം ഭൂരിപക്ഷത്തോടെ അംഗീകരിച്ചു. അടുത്ത ദിവസം തന്നെ ചങ്ങനാശേരിയും, മററു ചില സൊസൈററിഅംഗങ്ങളും, കരുകച്ചാലിലേയ്ക്കു പോയി. വ്യവഹാരത്തിനുള്ള കാരണം യഥാൎത്ഥത്തിൽ സൊസൈററിക്കു വസ്തു ദാനംചെയ്തതിൽ ഇളമുറക്കാൎക്കുള്ള പ്രാതികൂല്യമായിരുന്നില്ലെന്നും, നേരേമറിച്ചു കുടുംബകലഹം തീൎത്തു ഭാഗം നടത്തുന്നതിനുള്ള പ്രതിബന്ധങ്ങൾ നീക്കിയാൽ ഇളമുറക്കാർ വ്യവഹാരം പിൻവലിക്കുവാൻ പോലും തയാറാണെന്നും, സ്ഥലത്തുചെന്നന്വേഷിച്ചതിൽ വ്യക്തമായി. ഈ പരിതഃസ്ഥിതികളിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള അഭിപ്രായഭിന്നതകൾ പറഞ്ഞുതീൎത്തു സൎവ്വസമ്മതമായ ഒരു ഭാഗവ്യവസ്ഥ നടപ്പിൽ വരുത്തുവാൻ ചങ്ങനാശേരിയും, സഹപ്രവൎത്തകന്മാരും ഒരുങ്ങി. എണ്ണൂറ് ഏക്കറോളം വിസ്തൃതിയുള്ള തറവാട്ടുവസ്തുക്കൾ അളന്നു തിരിച്ചു കുടുംബാംഗങ്ങൾക്ക് ഏവൎക്കും തൃപ്തികരമായ രീതിയിൽ ഒരു ഭാഗനിശ്ചയം എഴുതിയുണ്ടാക്കുക എന്നുള്ളതു് അത്ര ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. കാരണവർ അനുകൂലിക്കുമ്പോൾ ഇളമുറക്കാർ ഭിന്നിക്കും. ഇളമുറക്കാരുടെ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുമ്പോൾ കാരണവൻ ആ വ്യവസ്ഥ നിഷേധിക്കും. കാരണവരും ഇളമുറക്കാരും യോജിക്കുമ്പോൾ കുടുംബത്തിലെ സ്ത്രീകളുടെ ഭൎത്താക്കന്മാർ നൂതനമായ ഒരു വ്യവസ്ഥയ്ക്കു വേണ്ടി മല്ലടിക്കും. അതു ശരിപ്പെടുമ്പോൾ മൈനർഅംഗങ്ങളുടെ ഓഹരിവ്യവസ്ഥയെപ്പററിയുള്ള അഭിപ്രായവ്യത്യാസങ്ങളാരംഭിക്കും. ഇങ്ങിനെ ഒൻപതു ദിവസം രാപകൽ നീണ്ടുനിന്ന ആലോചനകളുടേയും, സന്ധിസംഭാഷണങ്ങളുടേയും, ഫലമായി, നാലു ഭാഗപ്രമാണങ്ങൾ എഴുതിയുണ്ടാക്കുകയും, നശിപ്പിക്കയും, മാററി എഴുതുകയും ചെയ്തതിനുശേഷം സൎവ്വസമ്മതമായ ഒരു വ്യവസ്ഥയിൽ എത്തിച്ചേൎന്നു. ഒൻപതാം ദിവസം രാത്രി ഭാഗപത്രത്തിന്റെ അസ്സൽ തയാറാക്കി, വെളുപ്പിനു നാലു മണിക്കു കുടുംബാംഗങ്ങൾ അതിൽ ഒപ്പുവച്ചു. ഭാഗപത്രം രജിസ്റ്റർചെയ്തതിനുശേഷം വ്യവഹാരം പിൻവലിക്കുന്നതിനുള്ള

അപേക്ഷ എഴുതിവാങ്ങി. ഈ ഭാഗാലോചന സംബന്ധിച്ചു ന്നപോലെ ഇടവിടാതെ ഇത്രവളരെ ജോലി ചെയ്യേണ്ടിവന്നി ട്ടുള്ള സന്ദർഭങ്ങൾ സ്വജീവിതത്തിൽ മറെറാരിക്കലുമുണ്ടായി ട്ടില്ലെന്ന് ചങ്ങനാശേരി ചിലപ്പോൾ പറയാറുണ്ടായിരുന്നു. പഞ്ചായത്തിന്റെ ഒൻപതാംദിവസം ആക്കംതന്നെ ഭക്ഷണം കഴിക്കുന്നതിനുള്ള സാവകാശംപോലും ലഭിക്കുകയുണ്ടായില്ല. സർവീസ്സൊസൈററിയുടെ ഔദ്യോഗികറിപ്പോർട്ടിൽ ഈ ഭാഗശ്രമങ്ങളെപ്പററി പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണ്:—

“സൊസൈറ്റിക്കു കറുകച്ചാൽവസ്തു ദാനംചെയ്തു നടമേൽകുടുംബത്തിലെ കലഹങ്ങൾതീത്തു ഭാഗപത്രം രജിസ്റ്ററാക്കുന്നതിന് എത്ര അധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു എന്നുള്ളതു് ഇവിടെ വിശദപ്പെടുത്തുവാൻ പ്രയാസമാകുന്നു. ഈ പഞ്ചായത്തിലെ പ്രമാണിയായ ശ്രീമാൻ ചങ്ങനാശേരി പരമേശ്വരൻ പിള്ള അവർകളുടെ ക്ഷമാശക്തിയുടേയും, കമ്മകുശലതയുടേയും, ലക്ഷ്യമായി, ആ സംഭവം നിലനില്ക്കുമെന്നു വിചാരിക്കാവുന്നതാണ്”

ഇപ്രകാരം നിസ്തക്കമായി സൊസൈററിയുടെ ഉടമസ്ഥതയിൽ വന്നുചേന്ന വസ്തുവിൽ ഒരു വിദ്യാലയം പണിയിക്കുന്നതിനുള്ള ശ്രമങ്ങൾ ഉടനടി ആരംഭിച്ചു. കെട്ടിടത്തിന്റെ ശിലാസ്ഥാപനകമ്മം ചങ്ങനാശേരിതന്നെ നിവ്വഹിക്കയും, കെട്ടിടം പണിക്കായി ആയിരം രൂപാ സംഭാവന നൾകുകയും ചെയ്തു. കെട്ടിടംപണി പൂത്തിയാകുന്നതിനു മുൻപുതന്നെ അവിടെയുണ്ടായിരുന്ന ഒരു ചെറിയ കെട്ടിടത്തിൽവച്ചു സ്കൂൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. സ്കൂളിലെ ഹെഡ്മാസ്റ്ററായി നിയമിച്ചിരുന്നതു മി. കേളപ്പനെത്തന്നെയാണ്. എന്നാൽ അല്പകാലത്തിനുള്ളിൽ മി. കേളപ്പൻ, ഇന്നും അജ്ഞാതമായിരിക്കുന്ന ഏതോ കാരണങ്ങളാൽ—ഒരുപക്ഷേ, മി. മന്നത്തു പത്മനാഭപിള്ളയുമായുണ്ടായ അഭിപ്രായവ്യത്യാസങ്ങൾമൂലമായിരിക്കാം—മലബാറിലേയ്ക്കു പൊയ്ക്കളകയാണുണ്ടായതു്. അദ്ദേഹത്തിന്റെ അനന്തരഗാമിയായി നിയമിതനായ മി. ജി. ശങ്കരൻനായരുടെ ഭരണത്തിൻകീഴിൽ പ്രസ്തുത വിദ്യാലയം ഒരു മിഡിൽസ്കൂളായി ഉയരുകയും, ൧൦൮൨ ചിങ്ങമാസത്തിൽ

അതു പുതിയ കെട്ടിടത്തിലേയ്ക്കു മാററി സ്ഥാപിക്കുകയും ചെയ്തു.

൧൦൮൬-ൽ ചങ്ങനാശേരി, ഹൈക്കോടതിയിൽ പ്രാക്ടീസാരംഭിക്കുവാനായി തിരുവനന്തപുരത്തേയ്ക്കു പോകുവാൻ നിശ്ചയിച്ചു. പൊതുക്കാര്യപ്രവൎത്തനങ്ങൾകൊണ്ടും, രാഷ്ട്രീയ പ്രക്ഷോഭണങ്ങളുടെ നേതൃത്വംകൊണ്ടും, വിഖ്യാതനായിത്തീൎന്നിരുന്ന ചങ്ങനാശേരി പരമേശ്വരൻപിള്ളയ്ക്കു രാജധാനി പോലെ കൂടുതൽ വിസ്തൃതമായ ഒരു പ്രവൎത്തനരംഗം അത്യന്താപേക്ഷിതമെന്നു തോന്നിയതിൽ ആശ്ചര്യപ്പെടുവാനൊന്നുമില്ലല്ലോ. എന്നാൽ കൊല്ലത്തുണ്ടായിരുന്ന ഭാരിച്ച ജോലികൾ ഒന്നിച്ചു വിട്ടുപോരുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. അതുകൊണ്ടു് ആഴ്ചയിൽ രണ്ടു ദിവസം കൊല്ലത്തു വ്യവഹരിക്കയും, ബാക്കി സമയം തിരുവനന്തപുരത്തു കഴിച്ചുകൂട്ടുകയും ചെയ്യുവാനായിരുന്നു അദ്ദേഹം തീരുമാനിച്ചതു്. തിരുവനന്തപുരത്തു പ്രാക്ടീസ് ആരംഭിക്കുക മാത്രമായിരുന്നതുകൊണ്ടു മുഴുവൻ സമയവും അവിടെ വ്യയം ചെയ്യുവാനുള്ള ജോലിത്തിരക്കുണ്ടായിരിക്കുമെന്നു് അദ്ദേഹം പ്രതീക്ഷിച്ചതുമില്ല. ആഴ്ചയിൽ രണ്ടു പ്രാവശ്യം പ്രഭാതത്തിൽ നാലു മണിക്കു ചാക്കയിൽ ചെന്നു വണ്ടി കയറി, കൊല്ലത്തു പോയി ജോലിചെയ്തു തിരിച്ചുവരിക യെന്നുള്ള കാൎയ്യം ക്ലേശകരമായ ഒരു ജോലിയായിരുന്നു എങ്കിലും, അതേറ്റെടുക്കുവാൻതന്നെ അദ്ദേഹം നിശ്ചയിച്ചു. ക്ലേശകരമായ പ്രവൎത്തനങ്ങളിൽനിന്നു ജീവിതത്തിൽ ഒരിക്കൽപ്പോലും അദ്ദേഹം പിന്തിരിഞ്ഞിട്ടില്ല.

ഉദ്യോഗസ്ഥന്മാരുടേയും, അവരുടെ സേവകവൃന്ദങ്ങളുടേയും ആവാസരംഗമായിരുന്ന രാജധാനിയിൽ ഒരു പ്രക്ഷോഭകാരിയായ തനിക്കു ലഭിക്കുവാൻ പോകുന്ന സ്വാഗതം ഏതു രീതിയിലുള്ളതായിരിക്കുമെന്ന ചിന്ത അദ്ദേഹത്തെ ആദ്യം അല്പമൊന്നു അസ്വസ്ഥനാക്കാതിരുന്നില്ല. പോരെങ്കിൽ, കേരളീയനായർസമാജം തുടങ്ങിയുള്ള സ്ഥാപനങ്ങളിൽ അദ്ദേഹം നിൎവ്വഹിച്ചിരുന്ന പങ്കു രാജധാനിയിൽ അദ്ദേഹത്തിനു പല ശത്രുക്കളേയും നേടിക്കൊടുത്തിരുന്നു. ചങ്ങനാശേരിയുടെ ആഗ

മനത്തെപ്പററി പല കിംവദന്തികളും തിരുവനന്തപുരത്തെ അന്തരീക്ഷത്തിൽ പ്രചരിക്കുന്നുണ്ടായിരുന്നു. പ്രതികാരേച്ഛുക്കളായ ശത്രുക്കൾ പ്രകാരം വീട്ടുവാൻ അവസരം പാൎത്തു കാത്തിരിക്കുന്നുണ്ടായിരുന്നു എന്നുള്ള അദ്ദേഹത്തിൻെറ ശങ്കയും അസ്ഥാനത്തിലായിരുന്നില്ല. എങ്കിലും, ഭാഗ്യലക്ഷ്മി അദ്ദേഹത്തെ വിട്ടുപിരിഞ്ഞിരുന്നില്ല. അചിരേണ തിരുവനന്തപുരത്തും അദ്ദേഹത്തിൻെറ അഭിഭാഷകവൃത്തി ഉൽഗതിയെ പ്രാപിക്കുകയുണ്ടായി. തിരുവിതാംകൂറിൽ ഭരണസംബന്ധമായി സംഭവിച്ചുകൊണ്ടിരുന്ന മാററങ്ങൾ അദ്ദേഹത്തിൻെറ പ്രതികൂലകക്ഷികളുടെ ശക്തി ക്രമേണ ക്ഷയിപ്പിച്ചുകൊണ്ടിരുന്നു. പ്രാക്ടീസു മാററുവാൻ തീരുമാനിക്കുമ്പോൾ ചങ്ങനാശേരിയുടെ ഹൃദയത്തിൽ അങ്കുരിച്ച ആശങ്കകൾ അസ്ഥാനത്തിലായിരുന്നു എന്നു അനന്തരസംഭവങ്ങൾ തെളിയിച്ചു. തിരുവിതാംകൂറിലെ ഒരഭിഭാഷകനു ന്യായമായി ആശിക്കുവാൻ കഴിവുള്ള അത്യുന്നതമായ ഹൈക്കോടതിയിലേ ന്യായാധിപപദത്തിലേയ്ക്കുയരുന്ന കാലംവരെ അദ്ദേഹം വിജയകരമായിത്തന്നെ തിരുവനന്തപുരത്തും അഭിഭാഷകവൃത്തി തുടൎന്നുകൊണ്ടുപോയി.

# അദ്ധ്യായം ൧൩

വർദ്ധിച്ചുവന്ന നിയമസഭാപരിഷ്ക്കരണപ്രക്ഷോഭണത്തെ ദീർഘകാലം അനാദരിക്കുവാൻ ഗവമ്മെൻറിനു കഴിഞ്ഞില്ല. പൊതുജനാഭിപ്രായത്തെ സംതൃപ്തിപ്പെടുത്തുവാൻ നിസ്സാരമായ ഒരു പരിഷ്ക്കാരമെങ്കിലും ഏർപ്പെടുത്താതെ ഗവമ്മെൻറിനു ഗത്യന്തരമില്ലെന്നു വന്നു. ഇങ്ങനെയുള്ള ഘട്ടങ്ങളിൽ സേ്വച്ഛാധികാരഭരണം നടത്തുന്ന ഗവമ്മെൻറുകൾ അർദ്ധമനസ്സോടെ നടപ്പിൽ വരുത്തുന്ന നാമമാത്രമായ പരിഷ്ക്കാരങ്ങൾ, ജനങ്ങളെ സംതൃപ്തരാക്കുവാനല്ല പിന്നേയോ, കൂടുതൽ പ്രക്ഷുബ്ധരാക്കിത്തീക്കുവാനാണു സാധാരണ പയ്യാപ്തമാകാറുള്ളതു്. ഏതായാലും തിരുവിതാംകൂറിലെ അനുഭവം മറിച്ചായിരുന്നില്ല.

ദിവാൻ കൃഷ്ണൻനായരുടെ ഗവമ്മെൻറു ൯൬-ലെ ഒന്നാംറഗുലേഷൻ എന്ന പേരിൽ ഒരു രാജകീയവിളംബരം പ്രഖ്യാപനം ചെയ്തു് നിലവിലിരുന്ന ൮൨-ലെ നിയമസഭാപരിഷ്ക്കരണനിയമത്തേ പുതുക്കുകയോ പുരോഗമിപ്പിക്കുകയോ ചെയ്തതായി സ്വയമഭിമാനിച്ചു. എന്നാൽ ഇങ്ങനെ പരിഷ്കരിക്കപ്പെട്ട നിയമസഭയ്ക്കു ജനപക്ഷത്തുനിന്നുള്ള പരിഗണനയിൽ യാതൊരു പുതുമയോ പുരോഗതിയോ ഉണ്ടായിരുന്നില്ല. പരിഷ്ക്കരിച്ച നിയമസഭയിൽ ആകെ ൫൦ അംഗങ്ങളുണ്ടായിരിക്കണമെന്നായിരുന്നു വ്യവസ്ഥ. ഇവയിൽ ൧൩ സ്ഥാനങ്ങൾ ഉദ്യോഗസ്ഥന്മാക്കും, മൂന്നു സ്ഥാനങ്ങൾ ഗവമ്മെൻറുതന്നെ നാമിനേററു ചെയ്യുന്ന ന്യൂനപക്ഷസമുദായങ്ങളുടെ പ്രതിനിധികൾക്കുമായി മാററിവച്ചിരുന്നു. ബാക്കി, എട്ടു സ്ഥാനങ്ങളിൽ നാലെണ്ണം സാമാന്യനിയോജകമണ്ഡലങ്ങൾ തിരഞ്ഞെടുക്കുന്ന അംഗങ്ങൾക്കും, ശേഷം നഗരപരിഷ്ക്കരണക്കമ്മററി, ജന്മികൾ, തോട്ടക്കാർ, കച്ചവടക്കാർ എന്നിവരുടെ പ്രതിനിധികൾക്കും, ഭാഗിച്ചുകൊടുത്തിരുന്നു. ഈ വ്യവസ്ഥയനുസരിച്ചു ഗവമ്മെൻറിന് ഉദ്യോഗസ്ഥഭൂരിപക്ഷമുണ്ടായിരുന്നതുകൂടാതെ മൂന്നു നാമിനേറഡ് അംഗങ്ങളുടേയും, ജന്മികൾ, തോട്ടക്കാർ, മുത

ലായ പ്രത്യേകതാല്പര്യക്കാരുടെ പ്രതിനിധികളുടേയും പിന്തുണ സമ്പാദിക്കുവാനും വിഷമമുണ്ടായിരുന്നില്ല. ബഡ്ജററു പൊതുവേ നിരൂപിക്കുവാനും, ചോദ്യങ്ങൾ ചോദിക്കുവാനുമുള്ള അധികാരം നിയമസഭയ്ക്കു നൽകിയിരുന്നു എങ്കിലും, ഉപചോദ്യങ്ങൾ ചോദിക്കുവാനോ പ്രമേയങ്ങൾ അവതരപ്പിക്കുവാനോ ഉള്ള അവകാശം നിയമസഭാംഗങ്ങൾക്കുണ്ടായിരുന്നില്ല.

കൂടാതെ, ഗുരുതരമായ മറെറാരാക്ഷേപവും ഈ നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങൾക്കുണ്ടായിരുന്നു. ൯൫-ലെ നിയമസഭാറഗുലേഷൻ നിർമ്മിച്ചു നടപ്പിൽ വരുത്തുവാൻ ഗവമ്മെൻറു സ്വീകരിച്ച മാർഗ്ഗം തികച്ചും പ്രതിലോമപരമായിരുന്നു എന്നവർ വിചാരിച്ചു. ൧൦൬൪-ലെ നിയമസഭാറഗുലേഷനനുസരിച്ച്, ആറുമാസത്തിലധികം നിലനില്ക്കുന്ന യാതൊരു നിയമവും നിയമസഭയോടാലോചിക്കാതെ നിർമ്മിക്കുവാനുള്ള അധികാരം മഹാരാജവുതിരുമനസ്സു കൊണ്ടു കാരുണ്യപൂർവ്വം പരിത്യജിച്ചിരുന്നതായി വ്യാഖ്യാനിക്കുവാൻ കഴിയുമായിരുന്നു എന്നാണ് ജനപക്ഷത്തുനിന്നു പുറപ്പെട്ട പ്രധാനമായ വാദം. ൧൦൯൨-ലെ നിയമസഭാപരിഷ്ക്കരണറഗുലേഷൻ നിയമസഭയുടെ തലയ്ക്കുമീതെ ഒരു രാജകീയവിളംബരമായി പ്രഖ്യാപനം ചെയ്യാതെ നിയമസഭയിൽ കൂടി പാസാക്കി നിയമമാക്കിയതുകൊണ്ട് ഈ വ്യാഖ്യാനത്തെ ഗവമ്മെൻറുതന്നേയും അംഗീകരിച്ചിരുന്നതായി വിചാരിക്കാമെന്നവർ ചൂണ്ടിക്കാണിച്ചു. എന്നാൽ ൧൦൯൫-ൽ വീണ്ടും ഒരു രാജകീയവിളംബരം പ്രഖ്യാപനം ചെയ്തുകൊണ്ടു തിരുമനസ്സിൽനിന്നും നിയമസഭയ്ക്കു വിട്ടുകൊടുത്ത ഒരധികാരാവകാശത്തെ വീണ്ടും തിരിച്ചെടുക്കുകയാണു ചെയ്തത് എന്നവർ സങ്കടമുണർത്തിച്ചു. എന്നാൽ, ൧൦൬൪-ലെ വിളംബരം നിയമസഭയ്ക്കു നൽകിയിരുന്ന അവകാശത്തെ വീണ്ടും തിരിച്ചെടുക്കണമെങ്കിൽ കൂടി അതിലേയ്ക്ക് ഒരു പ്രത്യേക നിയമം നിയമസഭാമാർഗ്ഗംതന്നെ നിർമ്മിക്കേണ്ടതായിരുന്നു എന്നും വാദിക്കപ്പെട്ടു.

ഉൽബുദ്ധമായ തിരുവിതാംകൂറിലെ പൊതുജനാഭിപ്രായം ൯൫-ലെ വിളംബരത്തെ അതികശ്മനമായ വിമശ്നങ്ങൾക്കു

വിഷയമാക്കി. നാട്ടിലെങ്ങും പ്രതിഷേധശബ്ദങ്ങളുടെ മുഴക്കം മാറൊലിക്കൊണ്ടു. ശ്രീരാമകൃഷ്ണാസ്മാരകമഹായോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചുകൊണ്ടു ചങ്ങനാശേരി പരമേശ്വരൻ പിള്ള പ്രസ്തുത വിളംബരത്തിൻെറ നാനാമുഖമായ വ്യാപ്തിയെ ഒരു നിയമജ്ഞൻെറ സൂക്ഷ്മതയോടുകൂടി കൂലങ്കഷമായി വിമർശിച്ചുകൊണ്ട് അത്ഥഗർഭമായ ഒരു പ്രസംഗം ചെയ്തു. അന്നത്തെ മിക്ക പത്രങ്ങളിലും പ്രത്യക്ഷരം പ്രസിദ്ധം ചെയ്തിരുന്ന ദീർഘമായ ആ പ്രസംഗം ഇവിടെ ഉദ്ധരിക്കണമെന്നു വിചാരിക്കുന്നില്ല.

തിരുവിതാംകൂറിലെ പൊതുജനാഭിപ്രായം പ്രക്ഷുബ്ധമായിച്ചമഞ്ഞു. ൯൫-ലെ ഒന്നാംറഗുലേഷൻ ബഹുജനങ്ങളുടെ സർവതോമുഖമായ പ്രതിഷേധത്തിനു കാരണമാക്കി. ചിരപ്രതീക്ഷിതമായിരുന്ന നിയമസഭാപരിഷ്കരണനിയമം ജനകീയാവകാശങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും പ്രതിലോമപരമായിരുന്നു എന്നൊരു ബോധം നാടെങ്ങും പ്രചരിച്ചു. ജനങ്ങൾ പൌരാവകാശങ്ങളെപ്പററിയും, രാഷ്ട്രീയ പുരോഗതിയെക്കുറിച്ചും ഗാഢമായി ചിന്തിക്കുവാൻ തുടങ്ങി. സംഘടിതമായി പ്രക്ഷോഭണം തുടരേണ്ടതിൻേറയും, പൊതുജനാഭിപ്രായം അസന്നിഗ്ദ്ധമായ രീതിയിൽ പ്രകടമാക്കേണ്ടതിൻേറയും ആവശ്യകത അവക്കു ബോദ്ധ്യമായി. അസംഘടിതമായും, സുവ്യക്തമായ രാഷ്ട്രീയലക്ഷ്യമില്ലാതേയും രാജ്യമൊട്ടുക്കു പരന്നു വ്യാപിച്ചുകിടന്ന ജനകീയശക്തിക്കും അതിൻെറ വ്യവസ്ഥാപിതപ്രവത്തനങ്ങൾക്കും ഒരേകീകരണം നൾകുവാനുള്ള ശ്രമങ്ങൾ ആരംഭിക്കണമെന്നുള്ള നില വന്നുചേൎന്നു.

൧൦൯൫ കന്നി ൨൩-ാനു- ഭാരതകേസരി പത്രാധിപരായിരുന്ന മി. കെ. വേലുപ്പിള്ളയുടെ ക്ഷണമനുസരിച്ച് അദ്ദേഹത്തിൻെറ ആഫീസിൽ വച്ചു തിരുവനന്തപുരത്തെ ചില പൌരപ്രമാണികൾ ൯൫-ലെ ഒന്നാംറഗുലേഷൻമൂലമുണ്ടായിട്ടുള്ള സ്ഥിതിഗതികളെപ്പററി പര്യാലോചിക്കുവാൻ ഒരു യോഗം ചേൎന്നു. ചങ്ങനാശേരി പരമേശ്വരൻപിള്ളയാണു പ്രസ്തുത യോഗത്തിലാദ്ധ്യക്ഷം വഹിച്ചത്. ൯൫-ലെ ഒന്നാം

റഗ്ഗുലേഷനെ പ്രതിഷേധിക്കുന്ന പ്രമേയം മി. വി. അച്യുതമേനവൻ ഹാജരാക്കുകയും, മി. കേ. വേലുപ്പിള്ള പിന്താങ്ങുകയും ചെയ്തതനുസരിച്ചു ബഹുഭൂരിപക്ഷത്തോടെ പാസായി. കൂടുതൽ വിപുലമായ തോതിൽ പൌരാവലിയുടെ ഏകകണ്ഠമായ പ്രതിഷേധം രേഖപ്പെടുത്തുവാനായി മറ്റൊരു പൊതുജനമഹായോഗം ഉടനടി തിരുവനന്തപുരത്തുതന്നെ വിളിച്ചുകൂട്ടണമെന്നു പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയും, അതിലേയ്ക്കു ചങ്ങനാശേരി, എം. വി. ഇട്ടിച്ചെറിയ, കേ. ആർ. പത്മനാഭപിള്ള, മെ. വി. അച്യുതമേനവൻ, കേ. വേലുപ്പിള്ള എന്നിവരടങ്ങിയ സ്വാധീനശക്തിയുള്ള ഒരു കമ്മററിയെ നിയമിക്കയും ചെയ്തിട്ടു യോഗം പിരിഞ്ഞുപോയി.

മുൻപറഞ്ഞ യോഗനിശ്ചയമനുസരിച്ച് ഒരു പൌരമഹായോഗം വിളിച്ചുകൂട്ടുവാനുള്ള പ്രാരംഭശ്രമങ്ങൾ കമ്മിററിക്കാർ അന്നുതന്നെ ആരംഭിച്ചു. 'ഭാരതകേസരി' ആഫീസിൽ വച്ചുതന്നെയാണു രണ്ടാമത്തെ യോഗവും നടന്നത്. ചങ്ങനാശേരിയായിരുന്നു ഈ യോഗത്തിലും ആദ്ധ്യക്ഷം വഹിച്ചത്. പരമേശ്വരൻപിള്ള തന്റെ ദീർഘമായിരുന്ന അദ്ധ്യക്ഷപ്രസംഗത്തിൽ ൻ൭-ലെ ഒന്നാം റഗ്ഗുലേഷന്റെ ന്യൂനതകൾ ഒന്നൊന്നായി വിശകലനം ചെയ്തു നിശിതമായി വിമർശിച്ചു. അനന്തരം രാജഭക്തിപ്രമേയവും, ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ ശ്രേയസ്കരമായ ഭരണത്തിൻകീഴിൽ തിരുവിതാംകൂറിലെ ജനസഞ്ചയത്തിനുണ്ടായിട്ടുള്ള അന്യാദൃശമായ അഭിവൃദ്ധിയിൽ തിരുമനസ്സിനോടുള്ള നിർവ്യാജമായ കൃതജ്ഞതയെ പ്രകടിപ്പിച്ചുകൊണ്ടുള്ള രണ്ടാമത്തെ പ്രമേയവും, അദ്ധ്യക്ഷസ്ഥാനത്തുനിന്നുതന്നെ അവതരിപ്പിക്കയും, യോഗം ഐകകണ്ഠ്യേന അംഗീകരിക്കയും ചെയ്തു. ചോദ്യങ്ങൾ ചോദിക്കുന്നതിനും ബഡ്ജററ് വിമർശിക്കുന്നതിനും നിയമസഭയ്ക്കധികാരം നൾകിയതിൽ കൃതജ്ഞത പ്രകടിപ്പിക്കുന്നതോടുകൂടിത്തന്നെ, നിയമസഭയോടാലോചിക്കാതെ നിയമനിർമ്മാണം ചെയ്തതിൽ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്ന, അടുത്ത പ്രമേയം അവതരിപ്പിച്ചതു, പിൽക്കാലത്തു നിയമസഭയിലെ ലാമെമ്പർ

എന്ന നിലയിൽ തിരുവിതാംകൂർഗവമെന്റിനെ അതി സമത്ഥമായും വിശ്വസ്തമായും സേവിക്കുകയും, അനവധി രാജകീയവിളംബരങ്ങൾ എഴുതിയുണ്ടാക്കുന്ന ജോലി നിവ്വഹിക്കയും ചെയ്ത മി. കയ്യാലം പരമേശ്വരൻപിള്ളയായിരുന്നു. മി. ആററുകാൽ നീലകണ്ഠപ്പിള്ള ആ പ്രമേയത്തെ പിന്താങ്ങി. പ്രമേയത്തിൻെറ അവസാനഭാഗമെടുത്തുകളയണമെന്നു മി. ടി. കെ. വേലുപ്പിള്ളയും, മി. എ. നാരായണപിള്ളയും അഭിപ്രായപ്പെടുകയുണ്ടായി എങ്കിലും, യോഗം അവരുടെ ഭേദഗതി തിരസ്കരിച്ചു വലിയ ഭൂരിപക്ഷത്തോടെ പ്രമേയം അംഗീകരിച്ചു. അനുദ്യോഗസ്ഥഭൂരിപക്ഷം, പ്രമേയങ്ങൾ ഹാജരാക്കുവാനുള്ള അവകാശം എന്നിവയോടുകൂടി നിയമസഭ വീണ്ടും പുതുക്കണമെന്നുള്ള മറ്റൊരു പ്രമേയം അതിതീവ്രമായ വാദപ്രതിവാദത്തിനു കാരണമാക്കി. രാമകൃഷ്ണശാസ്ത്രി ഹാജരാക്കുകയും, മി. വി. അച്യുതമേനവൻ പിന്താങ്ങുകയും ചെയ്ത ഈ പ്രമേയത്തെ മി. ടി. കെ. വേലുപ്പിള്ള ശക്തിപൂവ്വം എതിത്തു. പിൽക്കാലങ്ങളിൽ അനുദ്യോഗസ്ഥഭൂരിപക്ഷത്തിന്റെ പിന്തുണയോടുകൂടി തിരുവിതാംകൂർ നിയമനിമ്മാണസഭയുടെ ഉപാദ്ധ്യക്ഷപദത്തിലേയ്ക്കു ഒന്നാമതായി ഉയന്ന സദസ്യതിലകൻ ടി. കെ. വേലുപ്പിള്ള നിർഭാഗ്യവശാൽ അന്നു അദ്ദേഹത്തിന്റെ വചോവിലാസം നിയമസഭയിൽ ഉദ്യോഗസ്ഥഭൂരിപക്ഷം പരിപാലിക്കേണ്ടതിൻെറ ആവശ്യകതയെ വിശദീകരിക്കുന്ന ന്യായവാദങ്ങൾ എടുത്തു ചൊരിഞ്ഞു് പ്രമേയത്തെ എതിക്കുവാനാണു വിനിയോഗിച്ചതു്. നിയമപണ്ഡിതനും, വാഗ്മിയുമായ മി. ടി. കെ-യുടെ വിചിത്രവാദങ്ങൾ ക്ഷമയോടും ശ്രദ്ധയോടും കൂടി സദസ്യർ ശ്രവിച്ചു. അദ്ദേഹത്തിൻെറ വാചാലത പ്രസംഗപ്രിയന്മാരിൽ കൌതുകം ഉദ്ദീപിപ്പിച്ചു. എന്നാൽ അദ്ദേഹത്തിന്റെ വൃഥാസ്ഥൂലങ്ങളായിരുന്ന ന്യായവാദങ്ങൾ ആരുടേയും ബുദ്ധിശക്തിയെ സ്പശിച്ചില്ല. അദ്ദേഹത്തിൻെറ വാഗ്മിതയ്ക്കു സദസ്യരുടെ സ്വന്തനിശ്ചയങ്ങളെ അണുമാത്രം ചലിപ്പിക്കുവാനും കഴിഞ്ഞില്ല. സാമാന്യബുദ്ധി ധാരാളമുണ്ടായിരുന്ന ജനങ്ങൾ അദ്ദേഹത്തിൻെറ പ്രസംഗധോരണി കേട്ടു മന്ദഹസിച്ചു. ഉപ്പു

തിർണ്ണക്കർ പുരികം ചുളിച്ചു. പ്രമേയം വോട്ടിനിട്ടപ്പോൾ മി. ടി. കെ-യുടെ സാങ്കേതികവാദങ്ങളും എതിർപ്പും സദസ്യർ തിരസ്കരിച്ചു, പ്രമേയം ഭൂരിപക്ഷത്തോടെ പാസാക്കി. നിയമനിർമ്മാണസഭയിലെ അനുദ്യോഗസ്ഥസാമാജികന്മാർ ശ്രീമൂലംതിരുനാൾമഹാരാജാവു തിരുമനസ്സിലേയ്ക്കു സമർപ്പിച്ച മംഗളപത്രമായിരുന്നു പ്രസ്തുത യോഗത്തിൽ അതിതീക്ഷ്ണമായ വാദപ്രതിവാദത്തിനു വിഷയമായ മറ്റൊരു പ്രമേയം. ൧൯൦൯-ലെ റഗ്ഗുലേഷനനുസരിച്ചുള്ള അവസാനകൌൺസിലിലെ അനുദ്യോഗസ്ഥാംഗങ്ങൾ ൻ൭-ലെ ഒന്നാംറഗ്ഗുലേഷൻമൂലം തിരുവിതാംകൂറിലെ പ്രജകൾക്കുണ്ടായിട്ടുള്ള അനുഗ്രഹങ്ങളെ വിവരിച്ചുകൊണ്ടു ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലേക്ക് ഒരു മംഗളപത്രം സമർപ്പിക്കുകയുണ്ടായി. നിയമസഭാംഗങ്ങൾ പ്രസ്തുത മംഗളപത്രത്തിൽ ൻ൭-ലെ ഒന്നാംറഗ്ഗുലേഷൻെറ ദോഷഭാഗങ്ങളെക്കൂടി വിവരിക്കേണ്ടതായിരുന്നു എന്നാണു പ്രമേയത്തിൽ പറഞ്ഞിരുന്നതു്. മെ. കയ്യാലം പരമേശ്വരൻപിള്ള, സി. രാമൻതമ്പി, പരേതനായ കെ. എ. കൃഷ്ണയ്യങ്കാർ എന്നിവർ ഈ മംഗളപത്രസമർപ്പണത്തെ അതേ രീതിയിൽ അനുകൂലിച്ച നിയമസഭാംഗങ്ങളായിരുന്നു. മി. പി. എൻ. മാധവൻപിള്ള പ്രസ്തുതപ്രമേയം അവതരിപ്പിച്ചപ്പോൾ, മി. കയ്യാലം അതിനെ ശക്തിപൂർവ്വം എതിർത്തു. ചില കേഴ്‌വികളും കിംവദന്തികളും അടിസ്ഥാനമാക്കിയുള്ള പല വാദങ്ങളും അദ്ദേഹം പുറപ്പെടുവിച്ചു. എന്നാൽ അന്നത്തെ ആ മഹായോഗത്തിന്റെ പ്രധാനപ്രവർത്തകന്മാരിൽ ഒരാളായിരുന്ന മി. കയ്യാലംകൂടി ഉൾപ്പെട്ട നിയമസഭയിലെ മംഗളപത്രസമർപ്പണക്കാരുടെ പ്രവൃത്തിപോലും നീതികരിക്കുവാനും സാധൂകരിക്കുവാനും ആ വൻപിച്ച സദസ്സു തയാറായില്ല. ആ പ്രമേയവും ബഹുഭൂരിപക്ഷത്തോടെ പാസായി. അനന്തരം, ൻ൭-ലെ ഒന്നാംറഗ്ഗുലേഷൻമൂലമുണ്ടായിട്ടുള്ള സങ്കടങ്ങൾ പരിഹരിക്കുവാൻ മഹാരാജാവു തിരുമനസ്സിനോടു പ്രാർത്ഥിക്കുന്ന മറ്റൊരു പ്രമേയം അദ്ധ്യക്ഷസ്ഥാനത്തുനിന്നു ഹാജരാക്കിയതും പാസായി. യോഗനിശ്ചയങ്ങൾ നടപ്പിൽ വരുത്തുവാനാവശ്യമുള്ള നടപടികൾ നടത്തുന്നതിനു ചങ്ങനാശേരി, എ. വി. ഇട്ടിച്ചെറിയ, കേ. ആർ. പത്മന

പിള്ള, മി. വി. അച്ചുതമേനവൻ തുടങ്ങിയ ഏതാനും അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മററിയെ നിയമിച്ചതിനുശേഷം യോഗം പിരിഞ്ഞുപോയി.

'ഭാരതകേസരി'ആഫീസിൽ കൂടിയ പ്രതിഷേധമഹായോഗം തിരുവിതാംകൂർ രാഷ്ട്രീയചരിത്രത്തിൽ ഒരു പരിവൎത്തനഘട്ടത്തെക്കുറിക്കുന്നു. ഗവമ്മെന്റിന്റെ സ്വേച്ഛാപരമായ ഭരണത്തിനും, ഉദ്യോഗസ്ഥന്മാരുടെ ധിക്കാരപൂൎവ്വമായ പ്രവൎത്തനങ്ങൾക്കും നിസ്സഹായരായി കീഴ്‌വണങ്ങുകയല്ലാതെ അവയെ ചോദ്യം ചെയ്യുവാനോ, സംഘടിച്ചുനിന്നു പ്രതിഷേധിക്കുവാനോ വേണ്ട ദേശീയബോധം സാമാന്യജനങ്ങളുടെ ഇടയിൽ അന്നത്ര സാധാരണമായി പ്രചരിച്ചിരുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ തീരുമാനം എത്ര വളരെ അനീതിപരവും ആക്ഷേപാൎഹവുമാണെന്നിരുന്നാൽക്കൂടിയും, ഭരണകാൎയ്യങ്ങളിൽ അതു് അവസാനവാക്കാണെന്നു സമാധാനപ്പെട്ടു തലകുനിക്കുകയല്ലാതെ അധികാരപൂൎവ്വം അതിനെ ചോദ്യം ചെയ്യുവാനുള്ള അവകാശം ജനകീയശക്തിക്കുണ്ടെന്നുള്ള ഉൽബുദ്ധത പ്രചരിപ്പിക്കുവാനും, സാമാന്യജനങ്ങളെ അതിലേയ്ക്കു സംഘടിപ്പിക്കുവാനും ഉള്ള ശ്രമം അന്നാദ്യമായിട്ടാണു തിരുവിതാംകൂറിലാരംഭിച്ചതു്. ഹർജ്ജികളും അപേക്ഷകളും സമൎപ്പിച്ചു് അധികാരികളുടെ കാരുണ്യമാർജ്ജിച്ചു, ജനകീയാവകാശങ്ങളെ സംബന്ധിച്ചിടത്തോളം ചില വിട്ടുവീഴ്ചകൾ ചെയ്യുകിട്ടുവാനുള്ള ശ്രമങ്ങൾ അതിനു മുൻപും നടന്നിരുന്നു എന്നുള്ള കാൎയ്യം ഇവിടെ വിസ്മരണീയമല്ല. എന്നാൽ വ്യവസ്ഥാപിതരീതിയിലുള്ള പ്രക്ഷോഭണങ്ങൾമൂലം, ജനങ്ങളുടെ രാഷ്ട്രീയാഭിലാഷങ്ങളെ ഗവമ്മെന്റിനെക്കൊണ്ടംഗീകരിപ്പിക്കുവാനുള്ള സംഘടിതശ്രമങ്ങൾക്കു ബീജാവാപം ചെയ്തതു ഭാരതകേസരിയോഗമായിരുന്നു എന്നു് അസന്നിഗ്ദ്ധമായി പ്രസ്താവിക്കാം.

രാഷ്ട്രീയാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാനുള്ള സംഘടിതപ്രക്ഷോഭണങ്ങൾ അന്നാദ്യമായിട്ടാണു തിരുവിതാംകൂർഗവമ്മെൻറിനഭിമുഖീകരിക്കേണ്ടിവന്നതു്. അതിനെ സമൎത്ഥമായി

നേരിട്ടുവാൻ വേണ്ട ഉപകരണങ്ങൾ ഗവൎമ്മെൻറിന്റെ ബുദ്ധിശാലയിലോ, നയോപായങ്ങൾമൂലം ശമിപ്പിക്കുവാൻ വേണ്ട മഹാമനസ്കത അന്നത്തെ ദിവാൻജിയുടെ ഹൃദയത്തിലോ ഉണ്ടായിരുന്നില്ല. 'ഭാരതകേസരി'മഹായോഗം അന്നു തിരുവിതാംകൂറിന്റെ ഭരണസാരഥ്യം വഹിച്ചിരുന്ന കൃഷ്ണൻനായരുടെ സമചിത്തതയെ വല്ലാതെ ഭേദിച്ചു. ജനപക്ഷത്തുനിന്നുള്ള ന്യായമായ വിമൎശനങ്ങളിൽപോലും അദ്ദേഹം അളവററ അസഹിഷ്ണുത പ്രകടിപ്പിച്ചു. പ്രക്ഷോഭകോരികളുടെ നേരേ പ്രയോഗിക്കുവാൻ പററിയ നിശിതശസ്ത്രങ്ങൾ ഒന്നൊന്നായി അദ്ദേഹം തന്റെ ആവനാഴിയിൽ ആരാഞ്ഞുതുടങ്ങി. ഇമ്മാതിരി ഘട്ടങ്ങളിൽ വൎദ്ധിച്ചുവരുന്ന അസംതൃപ്തിയേ ലോകദൃഷ്ടിയിൽനിന്നു മറച്ചുവയ്ക്കുവാൻ ഭാവനാശൂന്യന്മാരായ സ്വേച്ഛാധികാരികൾ സാധാരണയായി പ്രയോഗിക്കാറുള്ള ബാലിശമായ പ്രതിവിധികൾതന്നെയാണു് അദ്ദേഹവും സ്വീകരിച്ചു പ്രയോഗിച്ചതു്. 'ഭാരതകേസരി'യോഗത്തിൽ പ്രകടിതമായ പ്രതിഷേധം പൊതുവെ സംതൃപ്തരും സമാധാനചിത്തരുമായ തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ അഭിപ്രായഗതിയെ പ്രതിഫലിപ്പിക്കുന്നില്ലെന്നും, ൯൭-ലെ ഒന്നാംറഗുലേഷൻ ഒരു വമ്പിച്ച അനുഗ്രഹമായിട്ടാണു ജനങ്ങൾ കരുതിയിരിക്കുന്നതെന്നും, വരുത്തിക്കൂട്ടുവാനുള്ള ശ്രമങ്ങൾ ഉദ്യോഗസ്ഥപക്ഷത്തുനിന്നും ആരംഭിച്ചു. അധികാരസ്ഥാനങ്ങളോടു ചേൎന്നു നിന്നുകൊണ്ടു് ഉദരപൂരണത്തിനും, വ്യക്തിപരമായ ഉൽക്കൎഷത്തിനും, വേണ്ടി പൊതുജനാഭിപ്രായം ഒററുകൊടുക്കുവാനും, മറെറന്തു സാഹസങ്ങൾ പ്രവൎത്തിക്കുവാനും, സന്നദ്ധതയുള്ള സേവകവൃന്ദം തിരുവിതാംകൂറിലെന്നല്ല, ലോകത്തിലെവിടെയും എന്നും ഉണ്ടായിരിക്കും. തിരുവനന്തപുരംപോലെ ഉദ്യോഗാൎത്ഥികളുടേയും പൊതുക്കാൎയ്യപ്രസക്തന്മാരെന്നു നടിച്ചു നടക്കുന്ന സ്വാൎത്ഥതല്പരന്മാരുടേയും, അവസരസേവകന്മാരുടേയും ആവാസരംഗമായ ഒരു നഗരത്തിൽ അധികാരവും പ്രാബല്യവും ഉള്ളവൎക്കു കൃത്രിമമായി ഏതൊരു പൊതുജനാഭിപ്രായവും ഇല്ലെന്നു വരുത്തുവാനും, ഇല്ലാത്ത പൊതുജനാഭിപ്രായമുണ്ടാക്കിത്തീൎക്കുവാനും നിസ്സാരമായിക്കഴിയും. തിരുവിതാംകൂറിൽ അന്നു വ്യക്തികളുടെ അന്തസ്സിനും, ബഹുമാന

ത്തിനും മാനദണ്ഡം കല്പിക്കുന്നതും, ജനപ്രമാണികളെ ഉണ്ടാക്കുന്നതും, ഇല്ലാതാക്കുന്നതും, ഉദ്യോഗസ്ഥലോകമായിരുന്നു. സ്വകാര്യജീവിതത്തിനെന്നപോലെതന്നെ പൊതുക്കാര്യജീവിതത്തിനും നിറംകൊടുക്കുന്നതും, മേന്മയും അഭിമാനവും പ്രദാനം ചെയ്യുന്നതും ഉദ്യോഗസ്ഥന്മാർതന്നെയായിരുന്നു. തിരുവിതാംകൂറിലെ എത്ര ഉന്നതനായ അനുദ്യോഗസ്ഥനും ജീവിതത്തിന്റെ ഒരു ഘട്ടത്തിലല്ലെങ്കിൽ മറ്റൊരു ഘട്ടത്തിലെത്തിച്ചേരുവാൻ ആഗ്രഹിക്കുന്ന ഉന്നതമായ ലക്ഷ്യം ഉദ്യോഗസോപാനമല്ലാതെ മറ്റൊന്നുമല്ല. പൊതുക്കാര്യജീവിതത്തിന് അർഹിക്കുന്ന ബഹുമതി ഇന്നും ഇവിടെ ലഭിച്ചുകഴിഞ്ഞിട്ടില്ല. ഉദ്യോഗസ്ഥനും അനുദ്യോഗസ്ഥനും തമ്മിൽ ജീവിതത്തിന്റെ നാനാമുഖമായ വശങ്ങളിലുള്ള ധ്രുവപ്രദേശങ്ങൾ പോലുള്ള അന്തരം അന്ന് തിരുവിതാംകൂറിൽ മററു രണ്ടു മതങ്ങളോ, ജാതികളോ, വിഭാഗങ്ങളോ തമ്മിലുണ്ടായിരുന്നില്ല. അതുകൊണ്ടു രാജധാനിയിലെ സാമുദായികശ്രേണിയുടെ ഉപരിമണ്ഡലം മുഴുവൻതന്നേയും ഉദ്യോഗസ്ഥലോകത്തിന്റെ സ്വാധീനവലയത്തിനുള്ളിൽപെട്ടു കിടന്നിരുന്നു എങ്കിൽ അതിലാശ്ചര്യപ്പെടുവാനില്ലല്ലോ!

# അദ്ധ്യായം ൧൪

'ഭാരതകേസരി'യോഗം കഴിഞ്ഞു് ഏതാനും ദിവസങ്ങൾക്കുള്ളിൽ പി. കെ. കേശവപിള്ള, മെ. മള്ളൂർ ഗോവിന്ദപ്പിള്ള, മി. ടി. കെ. വേലുപ്പിള്ള തുടങ്ങിയ അറുപത്തിനാലു ജനപ്രമാണികളുടെ പേരുവച്ചു് ഒരു യോഗനോട്ടീസ്സ് തിരുവനന്തപുരം പട്ടണത്തിൽ പ്രചരിപ്പിക്കപ്പെട്ടു. ൯൭-ലെ ഒന്നാം റഗുലേഷനെക്കുറിച്ചു തിരുവനന്തപുരത്തെ പൊതുജനങ്ങൾക്കുള്ള സംതൃപ്തി രേഖപ്പെടുത്തുവാൻ ൯൭ തുലാം ൧൦-ാംനു ഒരു മഹാജനയോഗം തമ്പാന്നൂർഹാളിൽവച്ചു കൂട്ടുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നായിരുന്നു നോട്ടീസ്സിലെ ഉള്ളടക്കം. തിരുവനന്തപുരത്തെ ഉദ്യോഗസ്ഥവൃന്ദവും, അനുദ്യോഗസ്ഥലോകവും ഒന്നുപോലെ അളവററ ഉൽക്കണ്ഠയോടുകൂടി യോഗദിനത്തെ പ്രതീക്ഷിച്ചിരിക്കയായി. യോഗദിനം അടുത്തുതുടങ്ങിയതോടുകൂടി വിനോദകരങ്ങളായ പല കിംവദന്തികളും നഗരത്തിൽ പ്രചരിക്കുവാൻ തുടങ്ങി. ഉദ്യോഗസ്ഥകക്ഷികളും പ്രതിഷേധകക്ഷികളും തമ്മിൽ അത്യുഗ്രമായ ഒരു സംഘട്ടനം തമ്പാന്നൂർയോഗത്തിൽവച്ചു നടക്കുമെന്നാണു പൊതുവേ വിശ്വസിക്കപ്പെട്ടുവന്നതു്. യോഗദിനം പുലന്നതോടുകൂടി തിരുവനന്തപുരത്തെ അന്തരീക്ഷം വല്ലാതെ ചൂടുപിടിച്ചു. പ്രതിഷേധകക്ഷികളെ യോഗഹാളിന്റെ പരിസരങ്ങളിൽക്കൂടി പ്രവേശിപ്പിക്കയില്ലെന്നു് ഒരു കൂട്ടർ പറഞ്ഞു പരത്തി. വിദ്യാർത്ഥികളെ ഗേററിൽവച്ചുതന്നെ പോലീസുകാർ തടയുമെന്നു മറെറാരു കിംവദന്തി പ്രചരിച്ചു. ഉച്ചയ്ക്കുശേഷം ഹജ്ജൂർക്കച്ചേരിക്കും മററും അവധി നല്കുന്നതാണെന്നും, അവിടത്തെ ജീവനക്കാർ യോഗഭാരവാഹികളുടെ പ്രമേയത്തിനനുകൂലമായി കയ്യുയർത്തുവാൻ നേരത്തേ ഹാളിൽ സന്നിഹിതരായിരിക്കണമെന്നു കർശനമായ ഔദ്യോഗികനിർദ്ദേശങ്ങൾ പുറപ്പെട്ടിട്ടുണ്ടെന്നും മറെറാരു കൂട്ടർ പറഞ്ഞുനടന്നു.

യോഗം തുടങ്ങുന്നതിനു വളരെ മുൻപുതന്നെ ഡി. എസ്. പി. തുടങ്ങിയ ഉദ്യോഗസ്ഥന്മാരും, ഒരു സംഘം പോലീസ്

സൈന്യവും തമ്പാന്തർഹാളിൻെറ പരിസരങ്ങളിൽ ഔദ്യോഗികവേഷത്തിൽ ഹാജരായി. ഹാളിലേയ്ക്കുള്ള പ്രവേശം നിയന്ത്രിക്കുവാൻ ഏതാനും പോലീസുകാരെ ഗേററിൽ ഒരുക്കി നിർത്തിയിരുന്നു. തമ്പാന്തർയോഗഭാരവാഹികളും, അവരുടെ അനുക്രലികളും നിർബാധമായി യോഗഹാളിൽ പ്രവേശിച്ചു. മി. കയ്യാലം പരമേശ്വരൻപിള്ള, ചങ്ങനാശേരി, മി. വി. അച്യുതമേനോൻ, മി. പി. പത്മനാഭപിള്ള, കെ. ആർ. പത്മനാഭപിള്ള തുടങ്ങിയ 'ഭാരതകേസരി' പ്രതിഷേധയോഗത്തിലെ കമ്മററിഅംഗങ്ങളും യാതൊരു പ്രതിബന്ധവും കൂടാതെ അകത്തു കടന്നു. എന്നാൽ വിദ്യാൎത്ഥികൾ ഹാളിൽ പ്രവേശിക്കുവാൻ ഗേററിൽ വന്നു കൂടിത്തുടങ്ങിയതോടുകൂടി ദ്വാരപാലകന്മാരായി നിന്നിരുന്ന പോലീസുകാരുടെ ഭാവം പകർന്നു. അവർ ഹാളിൽ പ്രവേശിക്കുവാൻ ചെന്ന ഓരോരുത്തരേയും സൂക്ഷ്മമായ പരിശോധനയ്ക്കു വിഷയമാക്കി, വിദ്യാൎത്ഥിയല്ലെന്നുറപ്പുവരുത്തിയതിനുശേഷം മാത്രമേ അകത്തുകടക്കുവാൻ അനുവദിച്ചിരുന്നുള്ളു. വിദ്യാൎത്ഥികളെ ഹാളിൽ പ്രവേശിപ്പിക്കരുതെന്നു യോഗഭാരവാഹികൾ പോലീസധികൃതരോട് അതികൎശനമായി നിർദ്ദേശിച്ചിരുന്നുവത്രേ!

ഗേററിൽ വന്നുകൂടുന്ന വിദ്യാൎത്ഥികളുടെ സംഖ്യ അനുനിമിഷം വർദ്ധിച്ചുകൊണ്ടിരുന്നു. പോലീസുകാർ ഖണ്ഡിതമായി അവൎക്കു പ്രവേശം നിഷേധിച്ചു. പ്രത്യക്ഷമായ ഈ അനീതിയെപ്പറ്റി വിദ്യാൎത്ഥികളുടെ ഇടയിൽനിന്ന് ആക്ഷേപശബ്ദങ്ങൾ പൊങ്ങി. പോലീസുകാർ അവരുടെ പ്രത്യേക ശൈലിയിൽ ഇതിനു മറുപടി പറഞ്ഞു. വിദ്യാൎത്ഥികൾ പ്രക്ഷുബ്ധരായി. പോലീസുകാരുടെ നിന്ദാസ്വരത്തിനു മൂർച്ച കൂടി. വിദ്യാൎത്ഥികളുടെ ക്ഷോഭം വർദ്ധിച്ചു. പോലീസുകാരും വിദ്യാൎത്ഥികളും തമ്മിൽ അതിതീക്ഷ്ണമായ ഒരു വാഗ്വാദം നടന്നു. ഗേററിലെ ജനക്കൂട്ടം വർദ്ധിച്ചു. നിയന്ത്രണാതീതമായ ജനക്കൂട്ടത്തിനിടയിൽനിന്നു കൂക്കുവിളികളും പ്രതിഷേധശബ്ദങ്ങളും മുഴങ്ങി. പോലീസുകാരുടെ ശൈലിപ്രയോഗങ്ങൾ കൂടുതൽ കൂടുതൽ അസഭ്യതരമായിത്തീർന്നു. ഇത്രയുമായപ്പോ

ഴേയ്ക്കു് ഒരു ഭാഗത്തുനിന്നു ചളിയും, കല്ലും, കട്ടയും കണക്കി ല്ലാതെ വിദ്യാർത്ഥികളുടെ ഇടയിൽ വന്നുവീണുതുടങ്ങി. പോലീസുകാരുടെ നിർദ്ദേശമനുസരിച്ചാണു് അവിടെ കൂടിനിന്നിരുന്ന ചട്ടമ്പിമാർ വിദ്യാർത്ഥികളുടെ നേരെ ഈ കട്ടംകൈ പ്രയോഗിച്ചതെന്നു പറയപ്പെടുന്നു. കല്ലുകളും, കട്ടകളും ചെന്നു വീണു, ചില വിദ്യാർത്ഥികൾക്കു പരുക്കേററു. മററു ചിലരുടെ വസ്ത്രങ്ങൾ ചളിപുരണ്ടു മലിനമായി. ചട്ടമ്പിമാരുടെ അക്രമപ്രവൃത്തി വർദ്ധിച്ചപ്പോൾ വിദ്യാർത്ഥികൾ അവിടെനിന്നു പിരിഞ്ഞു പോയി. അവർ സംഘം ചേർന്നു നേരെ കാളേജുവളപ്പിലേയ്ക്കാണു പോയതു്. കാളേജുവളപ്പിൽവച്ചു വിദ്യാർത്ഥികൾ ഗംഭീരമായ ഒരു യോഗം കൂടി പോലീസുകാരുടെ അപമര്യാദയെ അതികഠിനമായി അപലപിക്കുകയും, പ്രതിഷേധിക്കുകയും ചെയ്തു. തമ്പാന്തുർസംഭവങ്ങൾക്കു കാരണക്കാരായിരുന്ന ജനപ്രമാണികളോടു വിദ്യാർത്ഥികൾ പകരം വീട്ടിയതു് ആ പ്രതീകാരത്തിനു പാത്രീഭവിച്ച ഭാഗ്യഹീനന്മാരിൽ ഇന്നു ജീവിച്ചിരിപ്പുള്ളവർ ഇപ്പോഴും വിസ്മരിച്ചിരിക്കാനിടയില്ല.

ഈ വിദ്യാർത്ഥിപ്രകടനങ്ങളുടെ നേതൃത്വം വഹിച്ചിരുന്നതു് അന്നു തിരുവനന്തപുരത്തു് ഒരു കാളേജുവിദ്യാർത്ഥിയായിരുന്ന മി. സി. കുട്ടൻനായരായിരുന്നു. ധീരനും സ്വതന്ത്രചിത്തനുമായ ഈ യുവാവു് ആത്മാർത്ഥതയോടെ പങ്കെടുത്തിട്ടില്ലാത്ത ഒരൊററ പൊതുക്കാര്യപ്രവർത്തനമെങ്കിലും അക്കാലത്തു തിരുവിതാംകൂറിലുണ്ടായിട്ടില്ല. കാളേജിനകത്തു വിദ്യാലയാധികൃതന്മാരുടെ സ്വേച്ഛാധികാരഭരണത്തെ പ്രതിഷേധിക്കുവാനായാലും ശരി, പുറത്തു ഗവമ്മെൻറിൻെറ ഭരണവൈകല്യങ്ങളെ നിശിതമായി വിമർശിക്കുവാനായാലും ശരി, ആ പ്രക്ഷോഭണങ്ങളുടെയെല്ലാം അഗ്രിമഭാഗത്തു സി. കുട്ടൻനായരെ കാണാതിരുന്നിട്ടുള്ള ഘട്ടങ്ങൾ വളരെ അപൂർവമാണു്. അദ്ദേഹം പ്രകൃത്യാ ഒരു പ്രക്ഷോഭകാരിയാണു്. അനീതികളോടും അക്രമങ്ങളോടും മല്ലടിക്കുകയെന്നുള്ളതു് ഒരു ജീവിതാവശ്യമായി അദ്ദേഹം കരുതി. മി. സി. കുട്ടൻനായരുടെ ആത്മാഭിമാനത്തെ സ്പർശിക്കുവാനൊരുങ്ങിയിട്ടുള്ളവക്കു് അദ്ദേഹം ഒരിക്കലെങ്കിലും മാപ്പു കൊടുത്തിട്ടില്ല. പലപ്പോഴും

പൊതുക്കാര്യപ്രവൎത്തനങ്ങളിൽ അദ്ദേഹം ചങ്ങനാശേരിയുടെ വലംകയ്യായി പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ചങ്ങനാശേരിയുടെ വിമൎശകന്മാരെ അദ്ദേഹം പരസ്യമായി അവഹേളിച്ചിട്ടുണ്ടു്. ഈ പ്രക്ഷോഭണപ്രിയന് അദ്ദേഹത്തിന്റെ കാളേജുവിദ്യാഭ്യാസം പൂൎത്തിയാക്കുവാൻ സാധിച്ചില്ല. സഞ്ചാരസ്വാതന്ത്ര്യത്തിനു വേണ്ടി നടന്ന സത്യഗ്രഹസമരങ്ങളിൽ ഒരു ധീരഭടനെപ്പോലെ അദ്ദേഹം പങ്കെടുക്കുകയും ചിലപ്പോൾ പ്രതികക്ഷികളുടെ ഭയങ്കരമായ മർദ്ദനങ്ങൾക്കു പാത്രമാകുകയും ചെയ്തിട്ടുണ്ടു്. അനന്തരകാലങ്ങളിൽ കുടുംബബന്ധങ്ങൾമൂലം അദ്ദേഹം തന്റെ പ്രവൎത്തനരംഗം അയൽരാജ്യമായ കൊച്ചിയിലേയ്ക്കു മാറുവാൻ നിർബ്ബന്ധനായിത്തീൎന്നു. ഇന്നു് അദ്ദേഹം യുദ്ധപരിരക്ഷണനിയമമനുസരിച്ചു കൊച്ചിയിൽ ഒരു തടങ്കൽ പുള്ളിയായിക്കഴിഞ്ഞുകൂടുന്നു.

പുറത്തു വിദ്യാൎത്ഥികളുടെ ബഹളം നടന്നുകൊണ്ടിരിക്കുമ്പോൾ, ഹാളിനകത്തു യോഗനടപടികളാരംഭിച്ചു. ഒരു പഴയ വക്കീലും, തെക്കൻതിരുവിതാംകൂറിലെ ഒരു ഭൂസ്വത്തുടമസ്ഥനും, കുറേക്കാലം പ്രജാസഭാമെമ്പറുമായിരുന്ന ഒരു മാധവൻതമ്പിയായിരുന്നു യോഗത്തിൽ അദ്ധ്യക്ഷപീഠം അലങ്കരിച്ചതു്. അദ്ധ്യക്ഷസ്ഥാനത്തോടു തൊട്ടടുത്തു യോഗനടപടികൾ നിയന്ത്രിക്കുന്ന കാൎയ്യത്തിൽ തഴക്കം കുറഞ്ഞ അദ്ധ്യക്ഷനെ സഹായിച്ചുകൊണ്ടു മി. മള്ളൂർ ഗോവിന്ദപ്പിള്ള ഇരിക്കുന്നുണ്ടായിരുന്നു. യോഗം വിളിച്ചുകൂട്ടുവാനുള്ള നോട്ടീസ്സിൽ ഒപ്പിട്ടിരുന്ന മററു ചിലർ പ്ലാററുഫാറത്തിലങ്ങുമിങ്ങും കൂടിനിൽക്കുകയോ, ഇരിക്കുകയോ ചെയ്യുന്നുണ്ടു്. ഹാളിനകത്തു ധാരാളം ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. യഥാകാലം യോഗനടപടികൾ ആരംഭിച്ചു. അദ്ധ്യക്ഷൻ മുൻകൂട്ടി എഴുതി തയ്യാറാക്കിക്കൊണ്ടുവന്നിരുന്ന ഒരു പ്രസംഗം സ്വസ്ഥാനത്തെഴുന്നേററുനിന്നു പതിഞ്ഞ സ്വരത്തിൽ വലിയ ചഞ്ചലതയോടെ വായിച്ചുതീൎത്തു. ൯൮-ലെ ഒന്നാംറഗുലേഷനേയും അതു നടപ്പിൽ വരുത്തിയ ഗവൎമ്മെന്റിനേയുംപററിയുള്ള അത്യുച്ചമായ ഒരു സ്തുതിഗീതംമാത്രമായിരുന്നു ആ ഉപന്യാസത്തിലെ ഉള്ളടക്കം. സദസ്യർ മൌനമായിരുന്നു് അദ്ധ്യക്ഷപ്രസംഗം ആദ്യന്തം ക്ഷമ

യോടെ ശ്രവിച്ചു. ഉപക്രമപ്രസംഗാനന്തരം രാജഭക്തിപ്രമേയം സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടു. നിയമസഭാപരിഷ്കരണവിളംബരം പ്രഖ്യാപനം ചെയ്തതിൽ സംതൃപ്തി പ്രകടിപ്പിക്കുന്ന പ്രമേയമാണ് അടുത്തതായി ആലോചനയ്ക്കു വന്നത്. ആ നിമിഷംവരെ പ്രശാന്തമായിരുന്ന സദസ്സ് പ്രസ്തുത പ്രമേയം അവതരിപ്പിക്കപ്പെട്ടപ്പോൾ വല്ലാതെ പ്രക്ഷുബ്ധമായി. ഹാളിൽ ബഹളങ്ങളും കുഴപ്പങ്ങളും ആരംഭിക്കുവാനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങി. പ്രമേയം അവതരിപ്പിക്കുവാൻ മുന്നോട്ടുവന്ന ഹൈക്കോടതിവക്കീൽ എസ്. എൻ. കൃഷ്ണയ്യർ ധൃഷ്ടമായ അദ്ദേഹത്തിന്റെ പ്രസംഗമാരംഭിച്ചു. ഹാളിന്റെ നാനാഭാഗങ്ങളിൽനിന്നും കൂച്ചുവിളികളും, കാക്കകരച്ചിലും മുഴങ്ങി. ബഹളങ്ങളും കുഴപ്പങ്ങളും ക്രമേണ വർദ്ധിച്ചു. പ്രമേയാവതരണപ്രസംഗത്തിൽ രണ്ടു വാചകങ്ങൾ തുടർച്ചയായി സദസ്യർക്കു കേൾക്കാൻ കഴിഞ്ഞില്ല. നാലുവശത്തുനിന്നും ഉയർന്നുപൊങ്ങിയ പ്രതിഷേധപ്രകടനങ്ങളുടേയും, ശബ്ദകോലാഹലങ്ങളുടേയും അവ്യക്തതയിൽ ചേർന്നു ലയിച്ചു പ്രസംഗശബ്ദം അസ്പഷ്ടമായിത്തീർന്നു. സദസ്സിനെ സ്വാന്തനപ്പെടുത്തുവാൻ നടന്ന ശ്രമങ്ങൾ വനരോദനംപോലെ നിഷ്ഫലമായി. പ്രമേയാവതാരകൻ നിർബാധമായി പ്രസംഗം തുടരുവാൻ അവസരം ലഭിക്കാതെപോയതുകൊണ്ടു സ്വന്തമിരിപ്പടത്തെ അഭയം പ്രാപിച്ചു. പ്രമേയം പിൻതാങ്ങുവാൻ പ്രസംഗമണ്ഡപത്തിൽ പ്രത്യക്ഷപ്പെട്ട മററു മാന്യന്മാർക്കും ലഭിച്ച സ്വീകരണം മറിച്ചായിരുന്നില്ല. അവർ ഈരണ്ടു വാക്കിൽ അവരുടെ കർത്തവ്യം നിർവ്വഹിച്ചിട്ടു മററൊരു മൂലയിലൊതുങ്ങി. ഇത്രയുമായപ്പോൾ മി. കയ്യാലം പരമേശ്വരൻപിള്ള സ്വസ്ഥാനത്തുനിന്നു ചാടി എഴുന്നേററ് അവതരിപ്പിക്കപ്പെട്ട പ്രമേയത്തെ എതിർക്കുവാൻ സദസ്സിനെ അഭിമുഖീകരിച്ചു. അദ്ധ്യക്ഷൻ മി. കയ്യാലത്തിന്റെ പ്രസംഗം തടഞ്ഞു. പ്രമേയത്തെ പ്രതികൂലിക്കുവാൻ മുന്നോട്ടുവന്ന കെ. ആർ. പത്മനാഭപിള്ളയേയും അദ്ധ്യക്ഷൻ പ്രസംഗിക്കുവാനനുവദിച്ചില്ല. ഹാളിൽ ബഹളങ്ങളും, കൂക്കുവിളികളും പ്രതിഷേധപ്രകടനങ്ങളും പൂർവ്വാധികം വർദ്ധിച്ചു. യോഗഭാരവാഹികൾ വളർന്നുകൊണ്ടിരുന്ന കുഴപ്പങ്ങൾ നിയന്ത്രിക്കുവാൻ ശക്തരല്ലാതെ അമ്പരന്നു. ഇതിനിടയ്ക്കു പ്രമേയത്തെ എതിർക്കു

മുന്നോട്ടു വന്ന പ്രതികൂലകക്ഷികളേയും, മുഴങ്ങിക്കൊണ്ടിരുന്ന പ്രതിഷേധശബ്ദങ്ങളേയും വിഗണിച്ചു്, അദ്ധ്യക്ഷൻ പ്രമേയം സഭയുടെ അംഗീകരണത്തിനു സമപ്പിച്ചിരിക്കുന്നു എന്നു മന്ത്രിച്ചു. വീണ്ടും ബഹളങ്ങൾ നടന്നു. മറെറാരു ശ്വാസത്തിൽ പ്രമേയം പാസായിരിക്കുന്നു എന്നദ്ധ്യക്ഷൻ വിധി കല്പിച്ചു. അടുത്ത നിമിഷത്തിൽ, സദസ്സിൻെറ നാനാഭാഗങ്ങളിൽനിന്നും അത്യുച്ചത്തിൽ പ്രകമ്പനമായ പ്രകടനങ്ങളും, കോപാകുലമായ പ്രതിഷേധങ്ങളും മുഴങ്ങിക്കൊണ്ടിരിക്കവേ, മി. മള്ളൂർ സ്വസ്ഥാനത്തു് എഴുന്നേററുനിന്നു കൃതജ്ഞതാ പ്രസംഗം പറഞ്ഞുതീർത്തു. അങ്ങിനെ തമ്പാന്നൂർഹാളിലെ 'കുരുപ്പില്ലാക്കളരി'യോഗവും അവസാനിച്ചു. ഉദ്യോഗസ്ഥന്മാരുടേയും, പോലീസ്സൈന്യത്തിൻേറയും പിന്തുണയോടുകൂടി ചിലർ തിരുവിതാംകൂറിലേ പൊതുജനാഭിപ്രായത്തെ വെള്ളയടിക്കുവാൻ വേണ്ടി നടത്തിയ ശ്രമം പരിപൂർണ്ണമായി പരാജയപ്പെട്ടു. ആ യോഗത്തെപ്പററിയും, അതിന്റെ നടത്തിപ്പിനെപ്പറ്റിയും, അതിനു ഹേതുഭൂതമായ മനോഭാവത്തെപ്പറ്റിയും, അത്യന്തം നിശിതമായ നിരൂപണങ്ങളും ഹാസ്യലേഖനങ്ങളുംകൊണ്ടു കുറേക്കാലം തിരുവിതാംകൂറിലേ പത്രപങ്ക്തികൾ നിറഞ്ഞിരുന്നു. ൱൭ തുലാം ൨൨-ാംനു- അന്നത്തെ തിരുവിതാംകൂറിലേ ഒരു പ്രധാന പത്രമായിരുന്ന സമദശി പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗം ചുവടെ ചേർത്തിട്ടുള്ളതിൽനിന്നു് അക്കാലത്തു പ്രസ്തുത യോഗത്തെപ്പററി തിരുവിതാംകൂറിലെ പൊതുജനങ്ങൾക്കുണ്ടായിരുന്ന അവജ്ഞ എത്രമാത്രമായിരുന്നു എന്നു വെളിപ്പെടുന്നതാണു്.

"തമ്പാന്നൂർയോഗം ഇത്രയേറെ പരിഹാസ്യമായി കലാശിച്ചതിൽ ഞങ്ങളേററവും വ്യസനിച്ചുകൊള്ളുന്നു. തിരുവിതാംകൂറിലെ പൌരപ്രമാണികൾ അഞ്ചല്ല, പത്തല്ല, തികച്ചും അറുപത്തിനാലുപേർ, ബിരുദലാംഗൂലംകൊണ്ടു് ഹനുമദാകാരം പൂണ്ട അറുപത്തിനാലു പേർ, പോലീസുസൈന്യത്തെ മുൻനിറുത്തി, സക്കാരുദ്യോഗസ്ഥന്മാരുടെ പിന്തുണയോടുകൂടി, ഗൂഢദുഷ്ടപ്രസ്താവഘോരവഷത്താൽ ദേശാഭിമാനദീപം കെടുത്തിട്ടു പട്ടണവാസികളിൽ വലിയൊരു ഭാഗത്തെ നിബിഡാന്ധകാരത്തിൽ കുടുക്കി, തമ്പാന്നൂർറോഡിൽ ചെന്നുനിന്നു

ബഹുജനശക്തിയെ നിർദ്ദയം മർദ്ദിക്കുവാനായി കയ്യുയർത്തുന്നതു കണ്ടപ്പോൾ ദേശക്ഷേമകാംക്ഷികൾക്ക് അല്പമൊന്നു സംഭ്രമിക്കാതിരിക്കുവാൻ കഴിഞ്ഞില്ല. ബഹുജനാഭിപ്രായബാലിക ഇളംപുഞ്ചിരിക്കൊണ്ടുല്ലാളായി മൃദുസൂക്തികൾ പൊഴിഞ്ഞു നില്ക്കുമ്പോൾ അവളിൽ അനാദൃതമായുള്ള ആ ദുർഗ്ഗാപ്രതാപം ആർക്കാണു കാണാൻ കഴിയുക? ആ പൊതുജനാഭിപ്രായം വെറും കാട്ടുപശുവല്ലെന്നും, അജയ്യപരാക്രമനിധിയായ വസിഷ്ഠധേനുവാണെന്നും ശരിയായി ധരിക്കുന്നതിനു തമ്പാന്മാർ യോഗം ഹേതുഭൂതമായി എന്നു ഈ സന്തോഷത്തിൽ സന്തോഷിക്കുകയും വേണ്ടിയിരിക്കുന്നു. മഹാരാജാവു തിരുമനസ്സിലെ തിരുനാമം ധരിച്ചുകൊണ്ടല്ലായിരുന്നു ഈ കുചേഷ്ടിതങ്ങളെങ്കിൽ അന്നത്തെ അപജയത്തിൽ നമുക്കും പൂർണ്ണമായിത്തന്നെ സന്തോഷിക്കാമായിരുന്നു.”

“തമ്പാന്മാർയോഗത്തിന്റെ ഉദ്ദേശം എന്താണ്? നിയമനിർമ്മാണസഭാപരിഷ്കാരം നിമിത്തം ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ പേരിൽ പ്രജകൾക്കുണ്ടായിരിക്കുന്ന പരമാഹ്ലാദകലിതമായ കൃതജ്ഞതയെ പ്രകടിപ്പിക്കുക എന്നതാണെങ്കിൽ, അതുതന്നെയാണു ‘ഭാരതകേസരി’യോഗത്തിലും ചെയ്തതു്. എന്നാൽ അവിടെ ഈ പരിഷ്കാരം ബഹുജനങ്ങളുടെ ആശയ്ക്കും അവസ്ഥയ്ക്കും അനുകൂലമായിട്ടില്ലെന്നു തിരുമുമ്പാകെ ഭക്തിപൂർവ്വം ബോധിപ്പിക്കുകകൂടിയും ഉണ്ടായിട്ടുണ്ടു്. തിരുമനസ്സിലെ അനുഗ്രഹംകൊണ്ടല്ലാതെ ഭരണപരിഷ്കാരം സിദ്ധിക്കുകയില്ലെന്നു വന്നിരിക്കുകയാൽ അതിലേയ്ക്കു തിരുമുമ്പാകെ ചെന്നു പ്രാർത്ഥിക്കുന്നതിൽ എന്താണു സംശയഗ്രസ്തമായിട്ടുള്ളതു്? സമസൃഷ്ടിസ്നേഹപരമായും രാജ്യഭരണസംബന്ധമായും ഉള്ള അനുഗ്രഹങ്ങൾക്കും, വ്യക്തിപരമായി ഉദരംഭരണസംബന്ധമായ ദാനങ്ങൾക്കും, തമ്മിൽ വ്യത്യാസമൊന്നുമില്ലയോ? ആ അനുഗ്രഹത്താൽ തൃപ്തിയുണ്ടാകുന്നതു മനോവിശാലതകൊണ്ടാണു്. രണ്ടാമതു പറഞ്ഞ ആ ദാനത്തിൽ തൃപ്തിയില്ലാതാവുന്നതുമാകട്ടെ ദുർമ്മോഹംകൊണ്ടുമാണു്. തിരുമനസ്സിലേയ്ക്കു സ്വപ്രജകളുടെ മനോവിശാലത സന്തോഷകരമല്ലാതെ വരുമോ? രാജ്യഭരണാനുഗ്രഹം ഉദരംഭരണസഹായം പോലെയാണെന്നു വിശ്വസിക്കാൻ മാത്രമേ ഇത്രയുംകാലമാ

യിട്ടും സ്വപ്രജകൾക്ക ശക്തിയുണ്ടായിട്ടുള്ളവെന്നറിയുന്നതു് തിരുമനസ്സിലേയ്ക്കു ദുഃഖകരമായല്ലാതെ വരുമോ? ഈ വസ്തുത അതൃപ്തകക്ഷിയുടെ സംരംഭം കണ്ടപ്പോൾത്തന്നെ ഞങ്ങൾ സ്നേഹപൂർവ്വം വിളിച്ചുപറഞ്ഞിട്ടുണ്ടു്. അതൊന്നും ഗണ്യമാക്കാതെ, ഭരണപരിഷ്കാരസംബന്ധമായി അവർ കൂട്ടത്തോടേ വിട്ട ഏമ്പക്കം! കഷ്ടം! ഇനി എത്ര കാലം കഴിഞ്ഞാലാണാവോ അതിൽനിന്നും പുറപ്പെട്ടിരിക്കുന്ന ദുസ്സഹമായ ദുർഗ്ഗന്ധം ശമിക്കുക?

"ഇത്രയൊന്നും ഘോഷംകൂടാതെ, പൊതുയോഗമാണെന്ന പേർ പറയാതെ, ആ സേവാപ്രകാശനംപോലെതന്നെ ഈ കൃഷ്ണവിലാസംനാടകാഭിനയവും ഗൂഢമായിത്തന്നെ നടത്തിയിരുന്നുവെങ്കിൽ അക്രമത്തിനെക്കുറിച്ചൊരാക്ഷേപവുമുണ്ടാകയില്ലായിരുന്നു. പൊതുയോഗപ്പുതപ്പുകൊണ്ടു വേഷം മാറ്റിക്കാണിക്കാൻ ശ്രമിക്കാതെ സംതൃപ്തകക്ഷികൾ, വിദ്യാൎത്ഥികൾക്കെന്നപോലെ അതൃപ്തകക്ഷികൾക്കും പ്രവേശനം വിലക്കിയിരുന്നുവെങ്കിൽ, ഈ അപജയംകൊണ്ടുള്ള അപമതി അവൎക്കു സഹിക്കേണ്ടിവരികയില്ലായിരുന്നു. പൊതുയോഗമെന്നു കേട്ടപ്പോൾ അവിടെ സർവ്വൎക്കും സമാവകാശമുണ്ടെന്നുവച്ചാണു് അതൃപ്തകക്ഷിയും നിർബാധം പ്രവേശിച്ചു സഭയിൽ പങ്കുചേൎന്നതു്. സഭാപ്രവൎത്തകന്മാർ കരുതിയതു തങ്ങളുടെ കൃത്യത്തെ പൊതുശിരസ്സിൽവെച്ചു വിജയഘോഷം മുഴക്കാമെന്നായിരിക്കാം. ഗൂഢമായാലോചിച്ചു് അതൃപ്തകക്ഷിയെ കാൎയ്യമൊന്നും ഗ്രഹിപ്പിക്കാതെ സൎക്കാരുദ്യോഗസ്ഥന്മാരെ മുൻനിൎത്തി ജനങ്ങളെ വശീകരിച്ചു, സ്വശക്തിയെ പോഷിപ്പിച്ചു് അതൃപ്തകക്ഷിയെ അനായാസേന വെന്നുകളയാമെന്നു തൃപ്തകക്ഷി സംഭ്രമിച്ചുപോയി. നിയമവിദ്യാൎത്ഥികളെയെല്ലാം വിലക്കിനിൎത്തുകയും, അതൃപ്തകക്ഷിക്ക സ്വബലത്തെ ദൃഢീകരിക്കാനവസരം കൊടുക്കാതെ ഗൂഢമായി ആൾ കൂട്ടുകയും, അതും പോരാതെ അനേകശതംസൎക്കാരുദ്യോഗസ്ഥന്മാരെ ഹജ്ജൂർകച്ചേരി തുറന്നുവിട്ടു സഭയിൽ തിക്കിനിറക്കയും ചെയ്തു, പോലീസുസൈന്യവ്യൂഹമദ്ധ്യത്തിൽ നിർബാധം കടന്നുനിന്നപ്പോൾ പൊതുജനാഭിപ്രായം ഇനിയെത്രതന്നെ വികൃതപ്പെടുത്തിയാലും ഇടയുവാനും തടയുവാനും ആരുമുണ്ടാവുകയില്ലെന്നു തൃപ്തകക്ഷികൾ വിശ്വ

സിച്ചുപോയി. ഇത്രയുംകൊണ്ടു് അത്യപ്തകക്ഷിയെ മല്ലിട്ടുവെല്ലാമെന്നു് അവർ ധൈര്യപ്പെട്ടു. അതുകൊണ്ടാണു പൊതുയോഗമെന്നു ഘോഷിച്ചതും, അതൃപ്തകക്ഷിക്കു സഭയിൽ സസന്തോഷം പ്രവേശനം നൾകിയതും. മഹാരാജാവു തിരുമനസ്സിലേയ്ക്കു പ്രജാസമുല്ക്കർഷോചിതമായ സൽഭരണംകൊണ്ടു സിദ്ധിച്ചിട്ടുള്ള മഹത്തായ കീർത്തിയുടെ നേക്കു ചെളിയെടുത്തെറിയുവാൻ ശ്രമിക്കുന്നതുകൊണ്ടു് അനന്തപത്മനാഭസ്വാമിക്കുണ്ടായ അനുകമ്പകൊണ്ടുതന്നെയായിരിക്കാം, തൃപ്തകക്ഷിപ്രമാണികൾ സഭയിൽ കടന്നു നോക്കിയപ്പോൾ അവിടെ ബഹുജനാഭിപ്രായം അതിന്റെ പൂർണ്ണരൂപത്തിൽ പ്രത്യക്ഷപ്പെട്ടു ഗൂഢതന്ത്രനിർമ്മിതമായ സ്വേഛാവർഗ്ഗത്തെ അടിച്ചുതകൎക്കുവാൻ ഒരുങ്ങിനില്ക്കുന്നതു കണ്ടു്, വാസ്തവത്തിൽ ഭയപ്പെടുകതന്നെ ചെയ്തു. പൊതുജനാഭിപ്രായക്ഷേത്രത്തിലെ പ്രതിഷ്ഠ വെറും ശിലാപ്രതിമയായിരിക്കുമെന്നു വിശ്വസിച്ചു് അവിടെ കടന്നു ചിലതു നിവേദിച്ചു തങ്ങൾക്കു തന്നെ തിരികേ എടുത്തുകൊണ്ടുപോയി, അതു് ഈശ്വരപ്രസാദമാണെന്നു പറഞ്ഞു പലക്കും പങ്കിട്ടു കൊടുത്തു വിജയം നേടാമെന്നു തൃപ്തകക്ഷികൾ ആഗ്രഹിച്ചിരുന്നു. ആ പൊതുജനാഭിപ്രായം സജീവമാണെന്നും, തങ്ങൾ നിവേദിക്കുവാൻ കൊണ്ടുവന്ന പദാൎത്ഥങ്ങൾ രൂപഭേദപ്പെട്ടു പരസ്യമായിപ്പോകുമെന്നും തൃപ്തകക്ഷിപ്രമാണികൾക്കു ക്ഷേത്രത്തിൽ പ്രവേശിച്ചു നോക്കിയപ്പോഴേ ഗ്രഹിക്കുവാൻ കഴിഞ്ഞുള്ളു. എങ്ങിനെയെങ്കിലും സ്വന്തംപദാൎത്ഥങ്ങളെ കയ്യിൽനിന്നു താഴെ വയ്ക്കാതെ അവയേയുംകൊണ്ടു വെളിക്കു ചാടി രക്ഷപ്പെട്ടാൽ മതിയെന്നായി അവരുടെ ഒടുവിലത്തെ ശ്രമം. അവരുടെ ഈ ശ്രമം ഫലിക്കുകതന്നെ ചെയ്തു. അവരുടെ നിവേദനങ്ങളൊന്നും തന്നെ പൊതുജനാഭിപ്രായത്തിനു വിട്ടുകൊടുക്കാതെ തിരിച്ചു കൊണ്ടുപോകുവാൻ അവർ ചെയ്ത യത്നം മഹാരാജാവു തിരുമനസ്സിലെ തിരുനാമം ഇടവിടാതെ ജപിക്കയാലുണ്ടായ പുണ്യംകൊണ്ടു് അവൎക്കു ഫലപ്പെട്ടു എന്നും സമ്മതിക്കതന്നെ വേണം."

"എന്തിനായിരുന്നു അവർ ഇത്രയെല്ലാം വിഷമിച്ചതു്? 'ഭാരതകേസരി'യോഗത്തിൽ അതൃപ്തകക്ഷിക്കെന്നപോലെ

തൃപ്തകക്ഷിക്കും പ്രവേശനമനുവദിച്ചില്ലയോ? തൃപ്തകക്ഷിയുടെ പ്രാബല്യം ആ സഭയിൽ വെളിപ്പെട്ടതാമായിരുന്നില്ലേ? അതൃപ്തകക്ഷിക്കാണു തൃപ്തകക്ഷിയെക്കാൾ പ്രാബല്യമെങ്കിൽ പൊതുജനാഭിപ്രായത്തിനു കീഴടങ്ങുകയല്ലേ വിഹിതം? പൊതുജനാഭിപ്രായം എങ്ങിനെയിരുന്നാലും അഞ്ചോ പത്തോ പേർക്ക് അവർക്കുള്ള അഭിപ്രായം വേറെതന്നെ കാണിക്കണമെന്നു വാശിയുണ്ടെങ്കിൽ, അവർക്കു മാത്രം ഒരു യോഗം കൂടിയാൽ മതിയാകുമായിരുന്നല്ലോ. പൌരപ്രമാണികളിൽ പലരേയും ലജ്ജിപ്പിക്കയും, വിദ്യാർത്ഥികളെ ക്ഷോഭിപ്പിക്കയും, ഗവർമ്മെന്റിനെ ദുഷ്കീർത്തിപ്പെടുത്തുകയും ചെയ്യുമാറ് ഈ പൊതുശബ്ദത്തെ ഇത്ര സങ്കടപ്പെട്ട് അവർ ഉച്ചരിച്ചതെന്തിന്? നിയമനിർമ്മാണസഭാപരിഷ്കാരത്തിൽ മഹാരാജാവു തിരുമനസ്സിലേയും, ദിവാൻജിയേയും തീർച്ചയായും നാം അഭിനന്ദിക്കേണ്ടതുതന്നെ. പരിഷ്കാരപ്രകടനം ഉചിതമായ മാർഗ്ഗത്തിൽക്കൂടിയാണോ അല്ലയോ എന്ന വാദത്തിൽ ഇരുഭാഗത്തും ചേരാതെ നില്ക്കുന്നതിനാണു തല്ക്കാലസ്ഥിതികൊണ്ടു ഞങ്ങൾ നിർബ്ബന്ധിതരായിരിക്കുന്നത്. തൃപ്തകക്ഷികൾ പൊതുശബ്ദം പ്രയോഗിക്കാതെ അത് അതൃപ്തകക്ഷിയോഗത്തിൽ ഭിന്നമാണെന്നും, ഇതിൽ എതിരഭിപ്രായം അംഗീകാര്യമായിരിക്കയില്ലെന്നും പരസ്യപ്പെടുത്തിയാണു യോഗം കൂടിയതെങ്കിൽ അതിൽവച്ച് അവർ ഇപ്പോൾ ചെയ്തതുപോലെ പാസാക്കിയ നിശ്ചയങ്ങളെക്കുറിച്ചു ഞങ്ങൾക്കെന്നല്ല, ആർക്കുംതന്നെ ആക്ഷേപമുണ്ടാകയില്ലായിരുന്നു. അവരുടെ അഭിപ്രായം ഗൂഢതന്ത്രങ്ങൾകൊണ്ടു പൊതുജനാഭിപ്രായമാക്കുവാൻ ശ്രമിച്ചതിനാലാണ് ആ യോഗം ഒരു ദുര്യോഗമായി കശപിശയായി കലാശിച്ചത്."

"സഭാനന്തരം, ഉത്തരം മുട്ടിയാൽ കൊഞ്ഞനം കാണിക്കയെന്ന ഭാവമാണു ചിലേടങ്ങളിൽ നാം ഇപ്പോൾ കാണുന്നത്. അതൃപ്തകക്ഷികൾ, അവരെ പ്രത്യേകാ ക്ഷണിക്കാതിരുന്നിട്ടും എന്തിനാണു സഭയിൽ കേറിച്ചെന്നതെന്നു ചിലർ ചോദിക്കുന്നു. തൃപ്തികക്ഷി അവർക്കു അർഹമല്ലാത്ത പൊതുശബ്ദത്തെ സഭാസംബന്ധമായി പ്രയോഗിച്ചതു എന്തിനെന്ന ചോദ്യത്തിനാണ് ആദ്യമായി മറുപടി കിട്ടേണ്ടത്. തിരുവനന്തപുരത്തെ പൌര

ന്മാരെ എല്ലാം ക്ഷണിച്ചുകൊണ്ടു നോട്ടീസു പരസ്യപ്പെടുത്തിയതെന്തിനെന്നും തൃപ്തകക്ഷി മറുപടി പറയട്ടെ. വാസ്തവത്തിൽ പരോക്ഷമായും പ്രത്യക്ഷമായും ക്ഷണിക്കകൊണ്ടുതന്നെയാണ് അതൃപ്തകക്ഷികൾ സഭയിൽ സന്നിഹിതരായതു്. പ്രാരംഭയോഗത്തിൽവച്ചു തീരുമാനിച്ച നിശ്ചയങ്ങൾ വാദത്തിനു വക കൊടുക്കാതെ പാസാക്കുവാനാണ് ഈ സഭ കൂടിയിരിക്കുന്നതെന്ന് അദ്ധ്യക്ഷൻ സഭാരംഭത്തിൽതന്നെ പ്രസ്താവിച്ചിരുന്നാവെങ്കിൽ അത്തരം പ്രത്യേകം സഭയിൽ തങ്ങൾക്കു ബന്ധമൊന്നുമില്ലെന്നറിഞ്ഞു്, ആ അറുപത്തിനാലുപേരും കുറെ സർക്കാർ ഉദ്യോഗസ്ഥന്മാരും, ഏതാനും പോലീസുകാരുമൊഴികെ മററുള്ളവരെല്ലാം ഇറങ്ങിപ്പോകുമായിരുന്നു. പൊതുസഭാനിയമങ്ങളെ അതിലംഘിച്ചുകൊണ്ടാണു പ്രസ്തുത സഭാകൃത്യങ്ങളെന്ന് ആർക്കും മുൻകൂട്ടി ഊഹിക്കുവാൻ മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല. ഏതുകക്ഷിയെ പരോക്ഷമായെങ്കിലും ക്ഷണിച്ചുവരുത്തി സ്വകക്ഷിപ്രാബല്യത്താൽ അപമാനിച്ചേക്കാമെന്നു കരുതിയതു്, നേരെമറിച്ചു സംഭവിച്ചതായ ആ വാസ്തവം മറച്ചുവെയ്ക്കുവാൻ എന്തിനാണ് ഇനി മറെറാരു പരിഹാസക്ലേശം തുടരുന്നതു്? സഭയിൽ നാലൊ അഞ്ചൊ പേർ മാത്രമെ പ്രതികൂലാഭിപ്രായം പ്രകടിപ്പിച്ചുള്ളു എന്നു പറഞ്ഞു സമാധാനം കൊള്ളുവാൻ ശ്രമിക്കുന്നതു സ്വന്തം ശിരസ്സങ്ങാനും മറച്ചുവച്ചുംകൊണ്ടു തന്നെ ആരും ഇപ്പോൾ കാണുന്നില്ലെന്നു സമാധാനിക്കുന്ന ഒട്ടകപ്പക്ഷിയുടെ ആ വിഡ്ഢിത്തം പോലെയാണ്. ആ ദുർല്ലഭം ചിലാരാണൊ അഞ്ഞൂറിലധികംപേർ കൂടിയിരുന്ന ഒരു മഹാസഭയിങ്ങിനെ കശക്കി പിഴിഞ്ഞു് എറിഞ്ഞുകളഞ്ഞതു്? എന്നാൽ അവരുടെ ജനസ്വാധീനം ആർക്കും നമസ്കരിക്കത്തക്കവണ്ണം അത്ര മഹത്തരമാണെന്നു സമ്മതിക്കേണ്ടിവരികയില്ലയോ? ഈ രണ്ടുനാലുപേരുടെ വികൃതശബ്ദമൊന്നും വകവയ്ക്കാതെ യോഗം യോഗ്യമായ രീതിയിൽ മംഗലപൂർണ്ണമായി നടന്നുവെന്നൊ പറയുന്നതു്? ഇങ്ങനെ പറയുന്നവരോട് അവർ കള്ളമാണു പറയുന്നതെന്നു അവരുടെ മുഖ[illegible] നോക്കി പ്പറയുവാൻ അവർക്കുള്ള ധൈര്യപ്രമാണിത്വ[illegible]

ഞങ്ങൾ ലജ്ജിക്കുന്നു. അതുകൊണ്ടു വേറെ വിധത്തിൽത്തന്നെ ചോദിക്കാം. സദസ്യരുടെ വാദപ്രതിവാദങ്ങൾകേട്ടു് ഏകമതിയായി നിശ്ചയങ്ങൾ പാസാക്കണമെന്നാണല്ലൊ പൊതുയോഗനിയമം. ഏതുകക്ഷികൾ രണ്ടുനാലുപേർ മാത്രമെ ഉണ്ടായിരുന്നുള്ളുവെങ്കിൽ അവരുടെ വാദപ്രതിവാദത്തെ അംഗീകരിക്കുവാൻ ധൈര്യമില്ലാതെപോയതു് എന്തുകൊണ്ടു്? പ്രസംഗപീഠത്തിൽ കയറി അരയും തലയും മുറുക്കിനിന്ന തൃപ്തകക്ഷിപ്രാസംഗികന്മാർ ഒരക്ഷരംപോലും ഉരിയാടുവാൻ ശക്തിയില്ലാതെ പിൻമറിഞ്ഞു മറഞ്ഞുപോയതു പൊതുജനാഭിപ്രായപ്രവാഹത്തിൻെറ അത്യുഗ്രമായ കല്ലോലപ്രഹരംകൊണ്ടല്ലെങ്കിൽ ആ രണ്ടുനാലുപേരുടെ അഗണ്യോക്തികൾ കൊണ്ടാണോ? ഭൂരിപക്ഷമറിവാൻ എന്തുകൊണ്ടാണു വോട്ടു് എടുക്കാതിരുന്നതു്? വാദപ്രതിവാദത്തിനു സമ്മതിക്കാതെയും, വോട്ടെടുത്തു ഭൂരിപക്ഷം നോക്കാതെയും, പ്രസംഗങ്ങളെല്ലാം വികൃതമായിച്ചിതറിയും, ഒടുവിൽ പ്രതികൂലശക്തിയാൽ യോഗം തകൎന്നുംകൊണ്ടു നടന്ന ഒരു സഭ ഇതുപോലെ ഈ രാജ്യത്തു മുമ്പൊരിക്കലുമുണ്ടായിട്ടില്ലെന്നുള്ള വസ്തുത മാത്രം ഇതിനെ സംബന്ധിച്ചിടത്തോളം ശ്രദ്ധാൎഹമായിട്ടുണ്ടെന്നു സമ്മതിച്ചേക്കാം."

"രാജ്യഭരണകാൎയ്യാലോചനയിൽ അനേകശതം സൎക്കാർ ജോലിക്കാർ ചേൎന്നിരുന്നതും, സ്വതന്ത്രോദ്യോഗത്തിനായി നിയമവിദ്യാഭ്യാസം ചെയ്യുന്ന യുവജനങ്ങളെ വിദ്യാൎത്ഥികളെന്നവണ്ണം വിലക്കി നിൎത്തുക മാത്രമല്ല അവമാനിച്ചതും, കേഡികളെയും ചട്ടമ്പികളെയും സഭാമണ്ഡപദ്വാരത്തിൽ മാനിച്ചു നിറുത്തി കുത്സിതകൎമ്മങ്ങൾക്കായി നിയോഗിച്ചതും, അരി വില്പനയിൽ അനേകായിരം പാവങ്ങളെ പട്ടിണി കിടത്തിയ പോലീസ്സൈന്യം സഭാസംരക്ഷകരായി പ്രവൎത്തിച്ചതുമെല്ലാം ഞങ്ങൾ അടുത്ത ലക്കത്തിൽ പ്രസ്താവിച്ചുകൊള്ളാം. ചിലൎക്കു നിയമനിൎമ്മാണസഭാപരിഷ്കാരം വളരെ തൃപ്തികരമാവുകയാൽ വയർ നിറഞ്ഞ ഒരു വലിയ ഏമ്പക്കം അവൎക്കു പുറത്തു വിടേണ്ടതായിവന്നു. ആ ഏമ്പക്കം പൊതുജനങ്ങളുടെ വകയാണെന്നു് അവർ വിളിച്ചു പറഞ്ഞതു കേട്ടപ്പോൾ ആ പൊതുജനം

അവരുടെ നേരെ ചെന്നു തങ്ങൾക്കതിൽ ബന്ധമൊന്നുമില്ലെന്നു വാദിച്ചു. ആ വാദം ഗണിക്കാതെ അതു പൊതു വകതന്നെയാണെന്നു പിന്നെയും പറഞ്ഞുകൊണ്ട് അവർ ആ എമ്പക്കം പുറത്തു വിടാൻ ഭാവിച്ചു. അരുതരുതെന്നു വിരോധിച്ചുകൊണ്ടു പൊതുജനം അവരുടെ കഴുത്തിലമത്തി പിടികൂടി.......

..........................................................................

ശിവ! ശിവ! അതിന്റെ ദുർഗ്ഗന്ധംകൊണ്ടു രാജഭക്തന്മാരായ പൗരന്മാരും, നിയമാനുസാരികളായ സർക്കാരുദ്യോഗസ്ഥന്മാരും, ഭാവിപൌരന്മാരായ വിദ്യാർത്ഥികളും, എന്തിനേറെ സർവരും കഠിനകഠിനം വിഷമിച്ചുപോയി. അതാണു കഥ."

# അദ്ധ്യായം ൧൮

തമ്പാനൂർയോഗവും അതിൻെറ ദയനീയമായ പരാജയവും ൯൮-ലെ ഒന്നാംറഗുലേഷനെതിരായുള്ള പ്രക്ഷോഭണത്തിൻെറ ശക്തി പൂവ്വാധികം വർദ്ധിപ്പിച്ചു. 'ഭാരതകേസരി' യോഗത്തിൽനിന്നു നിയമിച്ച പ്രക്ഷോഭണക്കമ്മിററി അംഗങ്ങളുടെ ഹസ്തങ്ങൾ കൂടുതൽ ബലിഷ്ഠങ്ങളായി. തമ്പാനൂർ യോഗം വിളിച്ചുകൂട്ടിയ ജനപ്രമാണികളുടെ പിന്നിൽ പൊതുജനാഭിപ്രായത്തിൻെറ കണികപോലും കണികാണ്മാനില്ലെന്നു തെളിഞ്ഞിരുന്നതുകൊണ്ടു, പ്രക്ഷോഭണത്തിൻെറ ധാമ്മികത്വത്തിനു പ്രാബല്യം സിദ്ധിച്ചു. 'ഭാരതകേസരി'യോഗത്തിൻെറ പ്രതിദ്ധ്വനി തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിൽ നിരന്തരമായി മുഴങ്ങിക്കൊണ്ടിരുന്നു. വിദ്യാഭ്യാസമോ, രാഷ്ട്രീയബോധമോ കുറവായിരുന്ന നാട്ടിൻപുറങ്ങളിലും കുഗ്രാമങ്ങളിലുംകൂടി പൊതുജനങ്ങൾ യോഗം ചേന്ന്, ൯൮-ലെ ഒന്നാം റഗുലേഷനെ പ്രതിഷേധിച്ചു പ്രമേയങ്ങൾ പാസാക്കി അധികാരസ്ഥാനങ്ങളിലയച്ചുകൊടുത്തു. ചങ്ങനാശേരിയും പ്രക്ഷോഭണക്കമ്മിററിയും നാടൊട്ടുക്കു ചുററിസ്സഞ്ചരിച്ച് ഉൽബുദ്ധമായ പൊതുജനാഭിപ്രായത്തെ വ്യവസ്ഥാപിതമായ പ്രവത്തനമാർഗ്ഗങ്ങളിലേയ്ക്കു തിരിച്ചുവിട്ടു. ഒന്നാംറഗുലേഷനെപ്പററി കമ്മിററി വിജ്ഞാനപ്രദമായ ഒരു ലഘുലേഖ തയ്യാറാക്കി അച്ചടിച്ച് അതിൻെറ ബഹുസഹസ്രം പ്രതികൾ നാടൊട്ടുക്കു പ്രചരിപ്പിച്ചു. ഇങ്ങിനെ ക്രമാനുഗതമായി വളന്നുവന്ന രാഷ്ട്രീയപ്രക്ഷോഭണത്തിൻെറ മാറെറാലികൾ തിരുവിതാംകൂറിൻെറ ഇടുങ്ങിയ പരിധികളെ ഭേദിച്ചു വിദേശങ്ങളിലേയ്ക്കുകൂടി അല്പാല്പമായി വ്യാപിക്കുവാൻ തുടങ്ങി. എവിടെയൊക്കെ തിരുവിതാംകൂർകാർ സ്ഥിരതാമസമുറപ്പിച്ചിരുന്നുവോ അവിടെയൊക്കെ പ്രക്ഷോഭണത്തിൻെറ അലകൾ ചെന്നലച്ച് ഒരു നവോന്മേഷമുളവാക്കി. മദ്രാസ് നഗരത്തിലേ തിരുവിതാംകൂറുകാർ ൯൮-ലെ ഒന്നാംറഗുലേഷനെ പ്രതിഷേധിക്കുവാൻ അവിടെ ഒരു മഹായോഗം വിളിച്ചുകൂട്ടി. പ്രസ്തുത

യോഗത്തിൽ ചങ്ങനാശേരിയും, മി. പി. പി. പിള്ളയും സന്ധിച്ചിരുന്നു. തിരുവിതാംകൂറിലെ പ്രസിദ്ധനായ ഒരു പഴയ ദിവാൻജിയുടെ പൌത്രനും, അന്നു മദ്രാസിൽ സർ സി. പി. രാമസ്വാമിഅയ്യരുടെ ജൂണിയറായി പ്രാക്റ്റീസു ചെയ്തിരുന്ന അഭിഭാഷകനും, ഇന്നു തിരുവിതാംകൂർ ഹൈക്കോടതിയിലെ ഒരുയന്ന ന്യായാധിപനുമായ മി. ശങ്കരസുബ്ബയ്യർ മദ്രാസിലെ മഹായോഗത്തിൽ ൯൩-ലെ ഒന്നാംറഗുലേഷനെ പ്രതിഷേധിച്ചുകൊണ്ടു് അതിഗംഭീരമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. തിരുവിതാംകൂറിലെ പ്രക്ഷോഭണദ്ധ്വനി ഇൻഡ്യൻ തീരങ്ങൾ വിട്ടു പാശ്ചാത്യരാജ്യങ്ങളിൽപോലും ചെന്നലച്ചു. ഉന്നതവിദ്യാഭ്യാസാർത്ഥം അന്നു് ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന മി. ഏ. കെ. പിള്ളയുടെ നേതൃത്വത്തിൽ ഇംഗ്ലണ്ടിലെ താമസക്കാരായ തിരുവിതാംകൂറുകാർ യോഗം ചേൎന്നു ൯൩-ലെ ഒന്നാംറഗുലേഷനെ പ്രതിഷേധിച്ചു. ഇങ്ങിനെ തിരുവിതാംകൂറിൽ പുറങ്ങിയ തോതിലാരംഭിച്ച രാഷ്ട്രീയപ്രക്ഷോഭണം അധികാരസ്ഥാനങ്ങളെ അസ്വസ്ഥമാക്കുമാറു് അതിവിപുലമായി വിജൃംഭിച്ചു.

പരിഷ്കരിച്ച നിയമസഭാറഗുലേഷനെപ്പററിയുള്ള പ്രതിഷേധസ്വരങ്ങളുടെ രൂക്ഷമായ പ്രതിദ്ധ്വനി തിരുവിതാംകൂറിനകത്തും പുറത്തും നിരന്തരമായി മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ ഭാവനാശൂന്യനായ ദിവാൻജി നൂതനനിയമമനുസരിച്ചു നിയമസഭ പുനഃസംഘടിപ്പിക്കുവാൻ വേണ്ട പ്രാരംഭനടപടികൾ നടത്തിക്കൊണ്ടിരിക്കയായിരുന്നു. ൯൯ കുംഭം ൯-ാംതീയതിയായിരുന്നു, പരിഷ്കരിച്ച നിയമസഭയുടെ ഒന്നാമത്തെ സമ്മേളനം ആരംഭിക്കുവാൻ നിശ്ചയിച്ചിരുന്നതു്. ഈ അവസരത്തിൽ രാജധാനിയിൽ വച്ചു് ഒരു വൻപിച്ച പ്രതിഷേധപ്രകടനം നടത്തി, നിയമസഭാറഗുലേഷനെപ്പററി തിരുവിതാംകൂറിലെ പൊതുജനങ്ങൾക്കുള്ള അതികഠിനമായ എതിൎപ്പിനെ അസന്നിഗ്ദ്ധമായ രീതിയിൽ ഒരിക്കൽക്കൂടി രേഖപ്പെടുത്തണമെന്നുതന്നെ കമ്മിററി തീരുമാനിച്ചു. അതിലേയ്ക്കു നിയമസഭ സമ്മേളിക്കുന്നതിനു രണ്ടു ദിവസം മുൻപു തിരുവനന്തപുരത്തെ പ്രധാന നഗരവീഥികളിൽക്കൂടി ഒരു

ഘോഷയാത്രയും 'ഭാരതകേസരി' ആഫീസിൽവച്ചുതന്നെ ഒരു മഹാജനസമ്മേളനവും നടത്തണമെന്നായിരുന്നു കമ്മററിയുടെ തീരുമാനം. ഈ നിശ്ചയത്തെക്കുറിച്ചറിഞ്ഞു ദിവാൻജി ക്ഷുഭിതചിത്തനായിത്തീൎന്നു. ഭീഷണികൊണ്ടോ, മർദ്ദനം കൊണ്ടോ ഘോഷയാത്ര തുടങ്ങിയ ചടങ്ങുകൾ തടയണമെന്നും അദ്ദേഹം നിശ്ചയിച്ചുറച്ചു.

൯൫ കുംഭം ൨-ാംതീയ്യതി ഉച്ചതിരിഞ്ഞു തിരുവനന്തപുരം പട്ടണത്തിലെ പ്രശാന്തമായ അന്തരീക്ഷത്തിൽ വലിയ ക്ഷോഭവും വിഹ്വലതയും പ്രത്യക്ഷപ്പെട്ടു. എന്തോ ഒരു മഹാവിപ്ലവമുണ്ടാകുവാൻ പോകുന്നതുപോലെ ജനങ്ങൾ ആകാംക്ഷാഭരിതരായി റോഡിൽ അങ്ങുമിങ്ങും കൂട്ടംകൂടി നിന്നു താഴ്ന്നസ്വരത്തിൽ സംഭാഷണം ചെയ്തുകൊണ്ടിരുന്നു. പോലീസുകാർ സംഘം ചേൎന്നു റോഡുമുക്കുകളിലും കവലകളിലും സ്ഥാനമുറപ്പിച്ചു. മാധവറാവുപ്രതിമയ്ക്കു സമീപം സ്ഥിതിചെയ്യുന്ന ഇമ്പീരിയൽബാങ്കു കെട്ടിടത്തിൽ പോലീസ് കമ്മീഷണറും മററുയൎന്ന ഉദ്യോഗസ്ഥന്മാരും നേരത്തെ താവളമുറപ്പിച്ചിരുന്നു. മറെറാരു സംഘം പോലീസ് സൈന്യം റോഡിലങ്ങുമിങ്ങും ചുററി സഞ്ചരിച്ചു. ഇയ്യിടെയായി ഇത്തരം കാഴ്ചകൾക്കുള്ള പുതുമ കുറഞ്ഞിട്ടുണ്ടെങ്കിലും അക്കാലത്തു് അവയൊക്കെ ജനങ്ങളുടെ ഇടയിൽ വലിയ ക്ഷോഭമുണ്ടാക്കുന്ന സംഭവങ്ങളായിരുന്നു. പതിവിനു വിപരീതമായി ശ്രീമൂലംതിരുനാൾമഹാരാജാവു തിരുമനസ്സുകൊണ്ടു് അന്നു തമ്പാന്നൂർറോഡിൽക്കൂടിയാണു സായാഹ്നസവാരി പോയതു്. ഘോഷയാത്ര തടഞ്ഞുകൊണ്ടു ചങ്ങനാശേരി തുടങ്ങിയ ഏഴുപേൎക്കു് ഡി: മജിസ്ട്രേട്ടു നിരോധനയുത്തരവുകൾ നൽകിയിരുന്നു എന്നൊരു കിംവദന്തി ജനതാമദ്ധ്യത്തിൽ പ്രചരിച്ചു. ഘോഷയാത്ര നടക്കുമോ എന്ന പ്രശ്നം ജനങ്ങളുടെ ഇടയിൽ വാദവിഷയമായി. നിരോധനാജ്ഞ ലംഘിക്കുമെന്നും ലംഘിക്കുകയില്ലെന്നും ഉള്ള അനുമാനങ്ങളും അഭിപ്രായപ്രകടനങ്ങളുംകൊണ്ടു വായുമണ്ഡലം മുഖരിതമായി. ഉണ്ടാകുവാൻ പോകുന്ന സംഭവങ്ങൾ ജനങ്ങൾ ഉൽക്കണ്ഠാകുലതയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

വ്യവസ്ഥാപിതപ്രക്ഷോഭണമല്ലാതെ ഒരു നിയമലംഘന പരിപാടി 'ഭാരതകേസരി'യോഗപ്രവത്തകന്മാർ സ്വീകരിച്ചിരുന്നില്ല. ഘോഷയാത്ര തടഞ്ഞുകൊണ്ടു ചങ്ങനാശേരിക്കും മററു ഗാലുകൾക്കും ഡിസ്ത്രിക്ട് മജിസ്ട്രേട്ടു നിരോധനാജ്ഞ നൽകിയിരുന്നു എന്ന കിംവദന്തി പരമാത്ഥമായിരുന്നു. അതുകൊണ്ടു പ്രക്ഷോഭണക്കമ്മിററി ഘോഷയാത്ര ഉപേക്ഷിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ മുൻനിശ്ചയമനുസരിച്ചുള്ള പൊതുജനമഹായോഗം തുലോം വിജയകരമായിത്തന്നെ നടന്നു. ശാന്തമായും ക്ഷോഭരഹിതമായും യോഗം നടത്തിയതിനു ശേഷം ജനക്കൂട്ടം സമാധാനപൂർവ്വം പിരിഞ്ഞുപോയി.

വ്യവസ്ഥാപിതമായ പ്രക്ഷോഭണങ്ങളേയും പൊതുജനാഭിപ്രായത്തേയും മർദ്ദനംകൊണ്ടമച്ച് ചെയ്യുവാനുള്ള സംരംഭം ദിവാൻ കൃഷ്ണൻനായരുടെ ഭരണത്തെ കളങ്കപങ്കിലമാക്കിത്തീർത്തു. ഭരണമാരംഭിച്ചപ്പോൾ അദ്ദേഹത്തിനു രാജ്യത്തുണ്ടായിരുന്ന പൊതുജനസമ്മിതി നഷ്ടമായി. തിരുവിതാംകൂറിലേയും ബ്രിട്ടീഷ് ഇൻഡ്യയിലേയും വത്തമാനപത്രങ്ങൾ അദ്ദേഹത്തിന്റെ ഭരണവൈകല്യങ്ങളെ അപലപിച്ചു. നിശിതമായ വിമർശനങ്ങൾ തുടച്ചയായി പ്രസിദ്ധം ചെയ്തുതുടങ്ങി. ഈ ഖണ്ഡന വിമർശനങ്ങൾക്കു മറുപടി എന്നപോലെ ദിവാൻജിയുടെ ഭരണത്തെ വെള്ളയടിക്കുന്ന പ്രശംസാപരമായ ചില ലേഖനങ്ങൾ മദ്രാസിലെ ഹിന്ദുപത്രത്തിൽ പ്രത്യക്ഷപ്പെടുകയുണ്ടായി എങ്കിലും, ആ ലേഖനങ്ങൾക്കുള്ള ശക്തിയേറിയ പ്രത്യാഖ്യാനങ്ങളും പ്രസ്തുത പത്രംതന്നെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. തിരുവിതാംകൂറിന്റെ ഭരണസാരഥ്യം അഭികാമ്യമല്ലെന്നു കൃഷ്ണൻനായക്കു തോന്നിത്തുടങ്ങി. പ്രതിഷേധങ്ങൾക്കും പ്രതികൂലവിമർശനങ്ങൾക്കും മദ്ധ്യേ ഇവിടെയുള്ള ജീവിതം തന്നെ അദ്ദേഹത്തിന് അസുഖകരമായി തോന്നിയിരിക്കണം. ഏതായാലും ൧൯൧൪-ൽ അദ്ദേഹം തിരുവിതാംകൂറിൽ നിന്നു ഉദ്യോഗമൊഴിഞ്ഞുപോയി. ബ്രിട്ടീഷ് സർവ്വീസിലെ ഒരുദ്യോഗസ്ഥനായിരുന്ന ദിവാൻബഹദൂർ ടി. രാഘവയ്യാ ആയിരുന്നു തൽസ്ഥാനത്തേയ്ക്കു നിയമിതനായത്. യഥാകാലം മി. രാഘവയ്യാ തിരുവിതാംകൂറിലെ ദിവാൻപദം കയ്യേററു.

൧൦൯൬-ലെ ഒന്നാംനിസ്സഹകരണലേഖനത്തിരായുള്ള രാഷ്ട്രീയപ്ര ക്ഷോഭണം അതിൻെറ മൂൎദ്ധന്യദശയിലെത്തിയിരുന്ന ഈ വിഷമഘട്ടത്തിൽ 'ഭാരതകേസരി'പ്രക്ഷോഭണക്കമ്മിററിയ്ക്കു് അപരിഹാൎയ്യമായ ഒരു നഷ്ടം, സംഭവിച്ചു. കമ്മിററിയിലെ ഒരു പ്രമുഖാംഗവും, തിരുവിതാംകൂറിലെ ഒരുത്തമപൊതുകാൎയ്യ പ്രവൎത്തകനും, ചങ്ങനാശേരിയുടെ ഒരു മാന്യമിത്രവുമായിരുന്ന കെ. ആർ. പത്മനാഭപിള്ള ൯൬ കൎക്കടകം ൧൯-ാംതീയതി ഇഹലോകവാസം വെടിഞ്ഞു. പത്മനാഭപിള്ളയുടെ അകാലചരമം നിമിത്തം തിരുവിതാംകൂറിനു ഒരു ധീരനായ ദേശാഭിമാനിയും ചങ്ങനാശേരിയ്ക്കു് ആത്മാൎത്ഥതയുള്ള ഒരു സഹപ്രവൎത്തകനും നഷ്ടപ്പെട്ടു. ചങ്ങനാശേരിയും, കെ. ആർ. പത്മനാഭപിള്ളയും ഏതാണ്ടു് ഒരേകാലത്തുതന്നെയാണു് അവരുടെ പൊതുകാൎയ്യ ജീവിതമാരംഭിച്ചതു്. അന്നു രണ്ടുപേരും കൊല്ലത്തു് അഭിഭാഷകവൃത്തിയിലേൎപ്പെട്ടിരിക്കയായിരുന്നു. ചങ്ങനാശേരി തൻെറ പ്രവൎത്തനരംഗം തിരുവനന്തപുരത്തേയ്ക്കു മാററിയപ്പോൾ കെ. ആർ. പത്മനാഭപിള്ളയും ബാരിസ്റ്റർപരീക്ഷജയിച്ചു പ്രാക്ടീസ് തിരുവനന്തപുരത്താരംഭിച്ചു. സ്വകാൎയ്യ ജീവിതത്തിലും പൊതുകാൎയ്യപ്രവൎത്തനങ്ങളിലും ഇവരുടെ സ്നേഹബന്ധം വളൎന്നു വികസിച്ചു് ഒരിക്കലും ശിഥിലപ്പെട്ടുപോകുവാൻസാധ്യമല്ലാത്തവണ്ണം ദൃഢീകൃതമായിത്തീൎന്നു. പൊതുകാൎയ്യജീവിതത്തിനൊഴിച്ചുകൂട്ടുവാൻവഹിയാത്ത അഭിപ്രായധീരത വ്യക്തിമാഹാത്മ്യം, കൎമ്മകശലത തുടങ്ങിയ മഹനീയഗുണങ്ങൾ കൊണ്ടു കെ. ആർ. അനുഗ്രഹീതനായിരുന്നു. ഏതൊരു ദേശീയ പ്രവൎത്തനങ്ങൾക്കും കെ ആർ-നെപ്പോലുള്ള ഒരു രാജ്യഭക്തന്റെ പിന്തുണയും സഹകരണവും ലഭിക്കുകയെന്നുള്ളതു് അഭികാമ്യമായ ഒരു നേട്ടമാണു്. ഏതാണ്ടിക്കാലത്തുതന്നെയായിരുന്നു ലോകമാന്യതിലകൻെറ ദേഹവിയോഗമാകുന്ന ഹൃദയഭേദകമായ അത്യാഹിതത്തെക്കുറിച്ചു ഭാരതഭൂമി വിലപിച്ചുകൊണ്ടിരുന്നതു്. കെ ആർ-ൻെറ അകാലചരമം തിരുവിതാംകൂറിലെ അന്നത്തെ പൊതുജീവിതത്തിൽ അടയ്ക്കുവാൻ കഴിയാത്ത ഒരു വിടവുണ്ടാക്കിയെന്നു പറഞ്ഞാൽ അതിലൊട്ടുംതന്നെ അതിശയോക്തിയില്ല.

'ഭാരതകേസരി'യോഗത്തിന്റെ പ്രഥമവാർഷികസമ്മേളനം ൻന്റു തുലാമാസത്തിൽ എൽ. എം. എസ്. ഹാളിൽ വച്ചു ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി, വീണ്ടും ഗൗരവമേറിയ ചില തീരുമാനങ്ങൾ ചെയ്തു. ൻ൭-ലെ ഒന്നാം റഗുലേഷന്റെ ഉപദേശകർത്തൃത്വം വഹിച്ചിരുന്ന കൃഷ്ണൻനായർ തിരുവിതാംകൂറിലെ ദിവാൻപദത്തിൽ നിന്നു തിരോധാനം ചെയ്തിരുന്നതുകൊണ്ടു, പുതിയ ദിവാൻജിയേയും, മഹാരാജാ തിരുമനസ്സിനേയും സമീപിച്ചു് അവകാശസ്ഥാപനാർത്ഥം വേണ്ട നിവേദനങ്ങൾ ചെയ്യുവാനാണ് എൽ. എം. എസ്. ഹാളിലെ യോഗത്തിൽ നിശ്ചയിച്ചതു്. ൻ൭-ലെ ഒന്നാം റഗുലേഷൻമൂലമുണ്ടായിട്ടുള്ള ജനങ്ങളുടെ സങ്കടങ്ങളെ പരിഹരിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഒരു ഭീമഹർജി തയാറാക്കി, അതിൽ ബഹുസഹസ്രം ജനങ്ങളുടെ ഒപ്പു ശേഖരിച്ചു മഹാരാജാ തിരുമനസ്സിലേയ്ക്കു സമർപ്പിക്കുന്നതിനും, ദിവാൻജിയെ ഒരു ഡപ്യൂട്ടേഷനായി ചെന്നു കണ്ടു നിവേദനങ്ങൾ ചെയ്യുന്നതിനും ചങ്ങനാശേരി, എം. വി. ഇട്ടിച്ചെറിയ, വി. രാമകൃഷ്ണശാസ്ത്രി, വത്സലംറോസ്, വി. പി. ശിവരാമൻ എന്നിവരടങ്ങിയ ഒരു കമ്മററിയെ ആ യോഗത്തിൽ നിന്നു നിയമിച്ചു. മദ്രാസ്ഗവർണ്ണർക്ക് ഒരു മെമ്മോറിയൽ സമർപ്പിക്കണമെന്നുള്ള പ്രമേയം കെ. സി. ഈപ്പൻ അവതരിപ്പിക്കുകയുണ്ടായി എങ്കിലും, അദ്ധ്യക്ഷന്റെ ഉപദേശാനുസരണം അതു പിൻവലിക്കപ്പെട്ടു. യോഗനിശ്ചയമനുസരിച്ചുള്ള മെമ്മോറിയൽ യഥാകാലം മഹാരാജാ തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിക്കപ്പെട്ടു. അനന്തരം കമ്മററി ഒരു ഡപ്യൂട്ടേഷനായി ദിവാൻജിയെ ചെന്നു കണ്ടു. ദിവാൻ മി. രാഘവയ്യാ ഡപ്യൂട്ടേഷനെ സൌഹാർദ്ദപുരസ്സരം സ്വീകരിക്കയും, നിവേദനങ്ങൾ ശ്രദ്ധാപൂർവ്വം ശ്രവിച്ചതിനുശേഷം താഴെച്ചേർക്കുന്ന മറുപടി നൽകുകയും ചെയ്തു.

"നിങ്ങളുടെ ഡപ്യൂട്ടേഷൻ സ്വീകരിക്കുന്നതിനും, നിങ്ങളുടെ മെമ്മോറിയലിൽ അടങ്ങിയിട്ടുള്ള സംഗതികൾ സംബന്ധിച്ചുള്ള തിരുവുള്ളത്തെ നിങ്ങളെ അറിയിക്കുന്നതിനും, മഹാരാജാ തിരുമനസ്സിലെ കല്പന എനിക്കു ലഭിച്ചിട്ടുണ്ട്. തിരു

മനസ്സിലെ പ്രജകളുടെ ക്ഷേമാഭിവൃദ്ധികളിൽ തിരുമനസ്സിലേയ്ക്കുള്ള നിരന്തരവും അക്ഷീണവുമായ ജാഗ്രൂകതയെ സംബന്ധിച്ചു നിങ്ങൾക്കു ന്യായവും ഭക്തിപുരസ്സരവുമായുള്ള അഭിമാനമുണ്ടെന്നു കാണിച്ചിരിക്കുന്നതിലും, തിരുമനസ്സിലെ പ്രജകളിൽ എല്ലാവരുടേയും ന്യായവും ബുദ്ധിപൂർവ്വവുമായുള്ള പ്രത്യാശകൾ സാധിക്കുന്ന സംഗതിയിൽ തിരുമനസ്സിൽനിന്നും സദാ സന്നദ്ധനാണെന്നു നിങ്ങൾക്കുള്ള ദൃഢമായ വിശ്വാസത്തിനു നിങ്ങളുടെ മെമ്മോറിയലുകൾതന്നെ സാക്ഷ്യം വഹിക്കുന്നതിലും, എനിക്കു വളരെ സന്തോഷമുണ്ടു്."

"നിയമനിർമ്മാണസഭയുടെ ഘടനയെ പരിഷ്കരിക്കണമെന്നുള്ള വിഷയത്തെ, ൧൦൮൦-നവംബർ ൧൧-ാംതീയ്യതിയിലെ സഭായോഗത്തിൽ, അതായതു ഞാൻ ചാർജ്ജെടുത്തു് ആറുമാസം കഴിയുന്നതിനുമുമ്പായി, മിസ്റ്റർ ജാൺനിധീരി എടുത്തുപറഞ്ഞു. അന്നു പുതിയ റഗുലേഷൻ നടപ്പിൽ വന്നിട്ടു കഷ്ടിച്ചു് ഒരു കൊല്ലമേ കഴിഞ്ഞിരുന്നുള്ളു. ൧൦൮൧-സെപ്റ്റംബർമാസത്തിൽ പ്രസ്തുത റഗുലേഷൻ നടപ്പാക്കിയതിലുള്ള സന്തോഷത്തെ പ്രദർശിപ്പിച്ചുകൊണ്ടു നിയമനിർമ്മാണസഭാംഗങ്ങൾ ഒരു മംഗളപത്രം സമർപ്പിക്കയും ചെയ്തിരുന്നു. എന്റെ മുൻഗാമിയായിരുന്ന ദിവാൻ ബഹദൂർ മി. കൃഷ്ണൻനായരുടെ ഭരണദശയുടെ അന്ത്യവത്സരത്തിലാണു റഗുലേഷൻ നടപ്പായതെന്നുള്ളതും ഓർമ്മിക്കേണ്ടതാണു്. അദ്ദേഹത്തിൻെറ ഭരണരീതി ശ്രീമൂലംപ്രജാസഭയുടെ പ്രീതിക്കു പാത്രീഭവിക്കയും, അദ്ദേഹത്തിന്റെ അവസാനസർക്കീട്ടിനിടയിൽ മററു പല സംഗതികളും അദ്ദേഹത്തിന്റെ ജനരഞ്ജനാധിക്യത്തിനു സാക്ഷ്യം വഹിക്കയും ചെയ്തിട്ടുണ്ടു്. ഈ നാട്ടിനേയും, ഇവിടത്തെ സ്ഥിതികളേയും കുറിച്ചുള്ള പരിചയത്തിൻെറ ഫലമായി തത്താദൃശനായ ഒരു മഹാൻ ഏർപ്പെടുത്തീട്ടുള്ളതായ ഒരു പരിഷ്കാരം കുറഞ്ഞുപോയി എന്നു വിചാരിക്കുവാൻ തരമില്ല. ഇത്യാദി കാരണങ്ങളാൽ ഈ സംഗതിയെപ്പററി കൂടുതൽ പരിശോധന നടത്തണമെന്നു ഗവർമ്മെൻറിൽനിന്നു നിശ്ചയിക്കയും, അതിനനുരൂപമായി ആ റഗുലേഷൻെറ നടത്തിപ്പിനെ വേണ്ടതുപോലെ പരീക്ഷിച്ചുനോക്കേണ്ടതത്യാവശ്യമാണെന്നു മി. നിധീരിക്കു മറു

പടി കൊടുക്കുകയും ചെയ്തു. ഈ സംഗതിയെക്കുറിച്ചു ഗവമ്മെൻറിൽനിന്നു ഗൂഢതരമായി പൎയ്യാലോചന നടത്തിക്കഴിഞ്ഞിരിക്കുന്നതും, ആയിരത്തിതൊണ്ണൂററിയഞ്ചിലെ ഒന്നാംറെഗുലേഷൻ നടപ്പിൽ വന്നിട്ടു കുറച്ചുകാലം മാത്രമേ ആയിട്ടുള്ളുവെങ്കിലും, രാജ്യഭരണവിഷയത്തിൽ ജനങ്ങൾക്ക് അതിശീഘ്രമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അഭിരുചി ഹേതുവാൽ കൂടുതൽ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതു വിഹിതമായിരിക്കുമെന്നു ബോദ്ധ്യമായിട്ടുള്ളതുമാകുന്നു. അതിനാൽ, നിയമനിൎമ്മാണസഭയിൽ ഭൂരിപക്ഷാംഗങ്ങൾ അനുദ്യോഗസ്ഥന്മാരായിരിക്കണമെന്നും, സഭാംഗങ്ങൾക്ക് ഉപചോദ്യങ്ങൾ ചോദിക്കുന്നതിനും നിശ്ചയങ്ങൾ പാസ്സാക്കുന്നതിനും ഉള്ള അവകാശങ്ങൾ കിട്ടണമെന്നുമുള്ള നിങ്ങളുടെ അപേക്ഷയെപ്പററി ഗവമ്മെൻറ് ആലോചിച്ചുവരുന്നു.

“റെഗുലേഷൻ ഏഴാംവകുപ്പ് ഏഴാംപിരിവിനെ സംബന്ധിച്ചു നിങ്ങൾക്കുള്ള അപേക്ഷ, അതു് എടുത്തുകളയണമെന്നാണ് എന്നു ഞാൻ വിചാരിക്കുന്നു. ഈ സംഗതിയിൽ നിങ്ങളുടെ പ്രത്യാശകളെ സാധിക്കുവാൻ തരമില്ലെന്നു ഞാൻ വിചാരിക്കുന്നു. നാണയസംബന്ധമായുള്ള കാൎയ്യങ്ങൾ ഭൂലോകത്തിൽ മററു സ്ഥലങ്ങളിലെന്നപോലെ ഈ രാജ്യത്തും രാജാധികാരത്തിൽ പെട്ടിട്ടുള്ളതും, നിയമനിൎമ്മാണസഭയിൽ ആലോചനാവിഷയമായി ഭവിക്കുവാൻ പാടില്ലാത്തതുമാകുന്നു.

“ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന റെഗുലേഷൻ, നിയമനിൎമ്മാണവിഷയത്തിൽ മഹാരാജാ തിരുമനസ്സിലേയ്ക്കുള്ളതായ അധികാരത്തെ എടുത്തു പറഞ്ഞിരിക്കുന്നതിനാലും, രാജാധികാരവിനിയോഗത്തിൻെറ ഫലമായി ഈ നിയമനിൎമ്മാണസഭ ഘടിപ്പിക്കപ്പെട്ടതിലും, നിങ്ങൾക്ക് അതൃപ്തിയുള്ളതായി കാണുന്നു. ഈ റെഗുലേഷൻ സംബന്ധമായുള്ള നിയമവാദങ്ങളെക്കുറിച്ചു വാദം നടത്തേണ്ടയാവശ്യമില്ലെന്നു നിങ്ങളുടെ മെമ്മോറിയലിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ആയതുചിതവുമായിട്ടുണ്ട്. എന്നാൽ, നമ്മുടെ നിയമനിൎമ്മാണസഭപോലെ രാജാധികാരമില്ലാത്ത സഭയിൽനിന്നും നിൎമ്മിച്ച് രാജകീയാനുമതി ലഭിക്കുന്നതായ ഒരു നിയമത്തെ ഭേദപ്പെടുത്തിയോ നിഷേധിച്ചോ നിയമങ്ങൾ നടപ്പാക്കുന്നതിനു മഹാ

രാജാ തിരുമനസ്സിലേയ്ക്കു നിസ്തൎക്കമായും ഏറിയകാലമായു മുള്ള അവകാശത്തെ നിങ്ങളുടെ മെമ്മോറിയലുകളിൽ നിങ്ങൾ പൊതുവായി നിഷേധിച്ചിരിക്കുന്നതായി കാണുന്നതിൽ മേല്പ റഞ്ഞ ഉചിതജ്ഞതയ്ക്കു വളരെ ഹാനി തട്ടിയിരിക്കുന്നു എന്നു ള്ളതു വ്യസനിക്കേണ്ടതായ ഒരു സംഗതിയാകുന്നു. ഈ മാതിരി പ്രസ്താവനകൾ തീരെ സഹിക്കത്തക്കതല്ല. നിങ്ങളുടെ അസന്തു ഷ്ടിക്കു ഹേതുവായ വ്യവസ്ഥകൾ മാത്രമല്ല, പ്രസ്തുത വ്യവസ്ഥ കൾ നടപ്പിൽ വരുത്തുന്ന മാൎഗ്ഗത്തിൽ രാജാധികാരമെന്തെല്ലാ മാണെന്നും, എടുത്തു കാണിക്കേണ്ടതു് അത്യന്താപേക്ഷിതമാകു ന്നു. ബ്രിട്ടീഷുമഹാസാമ്രാജ്യത്തിൽപ്പെട്ട കാളനികൾ മുതലായ പ്രദേശങ്ങളിലെല്ലാം കോയ്മ ചെലുത്തിവരുന്ന ബ്രിട്ടീഷുപാർല മെന്റുസഭയ്ക്കു മേല്പടി കാളനികൾ മുതലായവയിലുള്ള പ്രാ ദേശികനിയമനിൎമ്മാണസഭകളിൽനിന്നു് ഏൎപ്പെടുത്തുന്ന നിയമ ങ്ങളെ ഭേദപ്പെടുത്തുന്നതിനും, റദ്ദുചെയ്യുന്നതിനും, അവിതൎക്കിത വും അനിയന്ത്രിതവുമായ അധികാരമുണ്ടെന്നുള്ളതും, അതിന്റെ കാരണം, മേല്പടി പാർലമെന്റുസഭയ്ക്കു മേല്പടി കാളനികൾ മുത ലായവയെ സംബന്ധിച്ചു രാജാധികാരമുണ്ടെന്നുള്ളതും ആകുന്നു എന്ന സംഗതികളും ഈ സന്ദർഭത്തിൽ ഓൎമ്മിക്കേണ്ടതാണു്. ഈ സംഗതികളെ എല്ലായ്പോഴും ഓൎമ്മയിൽ വെയ്ക്കുന്നില്ലയെ ന്നുള്ളതുകൊണ്ടാണു കാളനി മുതലായവയെ സംബന്ധിച്ചു പാർലമെന്റുസഭയ്ക്കുള്ളതുപോലെ, ഇന്ത്യയിലെ നാട്ടുരാജാക്ക ന്മാൎക്കും തങ്ങളുടെ രാജ്യങ്ങളെ സംബന്ധിച്ചു നിയമനിൎമ്മാണ വിഷയമുൾപ്പെടെ പൂൎണ്ണമായ രാജാധികാരമുണ്ടെന്നു് എടുത്തു പറയേണ്ടിവന്നിരിക്കുന്നതു്. ഈ സംഗതിയിൽ ഞാൻ സ്വന്തമായി ഒരു അഭിപ്രായം പറയുക എന്നുവെച്ചാൽ ഒരു സംഗതി പറയുവാനുണ്ടു്. ഈ രാജ്യത്തു വല്ല ഒരാൾക്കുമുള്ള ഒരവകാശത്തെ, വിശേഷിച്ചും രാജാവിന്റെ അവകാശത്തെ പ്രത്യേകമെടുത്തു പറയുന്നതിനാൽ മററാളുകൾക്കുള്ള അവകാ ശത്തിനു ഒരിക്കലും ഹാനി സംഭവിക്കുന്നതല്ല. വിശേഷിച്ചും തിരുവിതാംകൂറിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് അവിടു ത്തെ പ്രജകളുടെ ന്യായമായും ബുദ്ധിപൂൎവ്വമായുമുള്ള ആശകളെ സാധിക്കുന്നതിനും, പൊതുജനസ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്ന

തിനും വേണ്ടതായ പരിഷ്കാരങ്ങൾ സ്വയമേവ ചെയ്യുവാൻ സന്നദ്ധനായിരിക്കുകയാണ്. ഈ മഹാരാജാവു തിരുമനസ്സിലെ തിരുവായുസ്സിനിടയിൽ രാജാധികാരത്തെ എടുത്തു പറയുന്നതായ ഒരു വ്യവസ്ഥ അഭിവൃദ്ധിക്കു ബാധകമായി ത്തീരുമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. ഈ കാൎയ്യത്തിൽ നിങ്ങൾ ഈ വസ്തുത പ്രത്യേകം ഓൎമ്മിക്കേണ്ടതാണെന്നു ഞാൻ നിങ്ങളെ ഉപദേശിക്കുന്നു."

ദിവാൻജിയുടെ പ്രസ്താവന സങ്കീൎണ്ണവികാരങ്ങളോടുകൂടി യാണു പ്രക്ഷോഭണകൎത്താക്കൾ സ്വീകരിച്ചതു്. നിയമനിൎമ്മാണസഭ പരിഷ്കരിക്കാമെന്നു ഗവൺമെൻറു സമ്മതിച്ചതു ജനപക്ഷത്തിൻെറ അവിതൎക്കിതമായ ഒരു വിജയമായിരുന്നു. എന്നാൽ, നിയമനിൎമ്മാണം ചെയ്യുന്നതിനുള്ള അവകാശം നിയമസഭയിലേയ്ക്കു കൈമാററം ചെയ്തു കിട്ടുവാനുള്ള പ്രക്ഷോഭണങ്ങൾ വിഫലങ്ങളായി. നിയമനിൎമ്മാണാധികാരം നിയമസഭയ്ക്കു സ്ഥാപിച്ചുകിട്ടുകയെന്നുള്ളതു മൌലികമായ ഒരവകാശമായി പ്രക്ഷോഭണക്കാർ കരുതിയിരുന്നു എങ്കിൽ ആ വിഷയത്തിൽ അണുമാത്രമെങ്കിലും കീഴടങ്ങുവാൻ ഗവൺമെൻറു തയ്യാറായിരുന്നില്ല. അതുകൊണ്ടു് ൻ൪-ലെ ഒന്നാം റഗുലേഷനെതിരായി ആരംഭിച്ച പ്രക്ഷോഭണം പകുതി വിജയത്തിലും, പകുതി പരാജയത്തിലുമാണു കലാശിച്ചതു്. നിയമസഭ പരിഷ്കരിക്കാമെന്നുള്ള ദിവാൻജിയുടെ വാഗ്ദാനം ഉദ്ദീപിപ്പിച്ച സന്തോഷവികാരങ്ങളെ നിയമനിൎമ്മാണാവകാശം സ്ഥാപിച്ചുകിട്ടുവാനുള്ള ശ്രമങ്ങളുടെ പരാജയം ഒട്ടൊന്നു മന്ദീഭവിപ്പിക്കതന്നെ ചെയ്തു. ഈ പ്രക്ഷോഭണങ്ങളിൽ സജീവമായി പങ്കുകൊണ്ടിരുന്ന മി. കയ്യാലം പരമേശ്വരൻപിള്ള ൧൦—൬—൯൬-ൽ ചങ്ങനാശേരിക്കയച്ച ചുവടേ ചേൎക്കുന്ന കത്തു് ദിവാൻജിയുടെ പ്രസ്താവനയെപ്പററി അക്കാലത്തുണ്ടായിരുന്ന ഉൽബുദ്ധമായ പൊതുജനാഭിപ്രായത്തെ സവിശേഷം പ്രതിഫലിപ്പിക്കുന്നുണ്ടു്.

“ഞാൻ സെപ്യൂട്ടേഷനേയും, അതിൻെറ ഫലങ്ങളേയും പററിയുള്ള എല്ലാ കാൎയ്യങ്ങളും ‘ഡെയിലിന്യൂസിൽ’ വായിച്ചു. നമ്മുടെ പ്രക്ഷോഭണത്തിന് ഇതുവരെ ലഭിച്ചിട്ടുള്ള വിജയത്തെ സംബന്ധിച്ചിടത്തോളം നമുക്കു സ്വയം അഭിനന്ദിക്കാവുന്നതാണ്. ദിവാൻെറ മറുപടിയിൽ മി. കൃഷ്ണൻനായൎക്കുണ്ടായിരുന്നതായിപ്പറയുന്ന പൊതുജനസമ്മിതിയെപ്പററി പരാമൎശിക്കുന്ന ഭാഗം വളരെ ഭേഷായിട്ടുണ്ട്. അതു നമ്മുടെ പ്രക്ഷോഭണത്തെ എന്നേയ്ക്കും ന്യായീകരിക്കുകയും ചെയ്യും. എന്നാൽ പരമാധികാരത്തെപ്പററിയുള്ള ദിവാൻജിയുടെ അഭിപ്രായങ്ങൾ തൃപ്തികരമല്ല. എന്നാൽ ഈ സംഗതിയിൽ ഇതിൽ കൂടുതൽ അദ്ദേഹത്തിൽനിന്നാരും പ്രതീക്ഷിച്ചിരുന്നില്ല. പ്രതീക്ഷിക്കുവാൻ നിവൃത്തിയുമില്ല. ദിവാൻജിയുടെ ഭരണപരിഷ്കാരം സംബന്ധിച്ചുള്ള വാഗ്ദാനത്തിൽ സന്തോഷം പ്രകടിപ്പിക്കുവാൻ ഒരു വലിയ പ്രകടനം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതായി ഞാൻ “മലയാളിയി”ൽ വായിച്ചു. അതിനു കാലമായിട്ടില്ലെന്നാണ് എൻെറ അഭിപ്രായം. ഈ അവസരത്തിൽ അങ്ങിനെ വല്ലതും ചെയ്യുന്നതു നമ്മുടെ ഉദ്ദേശ്യശുദ്ധിക്കുള്ള പുരോഗതിക്കു ദോഷമുണ്ടാക്കിയേയ്ക്കും. ഞാൻ പരമാധികാരത്തെപ്പററിയല്ല ഇതു പറയുന്നത്. അത് എങ്ങിനെയുമാകട്ടെ. ഏതു തരത്തിലുള്ള അനുദ്യോഗസ്ഥഭൂരിപക്ഷമാണു നമുക്കു കിട്ടാനിരിക്കുന്നതെന്നും, അനുദ്യോഗസ്ഥഭൂരിപക്ഷമുള്ള നിയമസഭ നമുക്കു കിട്ടിയാൽ തന്നെ അതിൻെറ തീരുമാനങ്ങൾക്കു ഗവമ്മെൻറ് എങ്ങിനെയുള്ള സ്വീകരണമാണു നല്കുവാൻ പോകുന്നതെന്നും, നമുക്കിതുവരെ അറിവായിട്ടില്ല. മി. കൃഷ്ണൻനായരുടെ റഗുലേഷനെ കുറച്ചുകാലത്തേയ്ക്കു പ്രയോഗിച്ചുനോക്കുന്നതുവരെ നിയമസഭാപരിഷ്കാരത്തിനു കാത്തിരിക്കേണമോയെന്നു നിയമസഭയിലുണ്ടായ ചോദ്യത്തിന്, ‘അതേ’ എന്നാണ് ഉത്തരം കിട്ടിയിട്ടുള്ളത്. ഇതിൻെറ അൎത്ഥമെന്തെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതിനാൽ ഭരണപരിഷ്കാരം ലഭിക്കുകയും, അത് എങ്ങിനെയുള്ളതാണെന്ന് അറിവാകുകയും ചെയ്യുന്നതുവരെ നമ്മുടെ പ്രക്ഷോഭണപരിപാടി അയയ്ക്കുവാൻ പാടി

ല്ലെന്നാണു ഞാൻ പറയുന്നതു്. പ്രജാസഭയിലും ഈ വാഗ്ദാനത്തെ അധികരിച്ചു് (അതിപ്പോഴും ഒരു വാഗ്ദാനം മാത്രമാണു്) അനർഹമായ പ്രകടനങ്ങൾ ഒന്നും നടക്കാതിരിക്കുന്നതിലും നമ്മൾ ശ്രദ്ധിക്കണം. ഭരണപരിഷ്ക്കാരത്തെപ്പററി നിവേദനം ചെയ്യാൻ നിശ്ചയിച്ചിട്ടുള്ള അംഗങ്ങൾ പരിഷ്ക്കാരം ഏതുവിധത്തിലുള്ളതായിരിക്കുമെന്നറിയുന്നതുവരെ കാത്തിരിക്കാമെന്നു പറയുകയോ, അതിനെക്കാൾ ഏതുതരത്തിലുള്ള അനുദ്യോഗസ്ഥഭൂരിപക്ഷമാണു തങ്ങൾക്കു വേണ്ടതെന്നും, ഏതെല്ലാം അധികാരങ്ങളാണു നിയമസഭയ്ക്കുണ്ടായിരിക്കേണ്ടതെന്നും, ഉള്ള കാര്യങ്ങളെപ്പററി നിർദ്ദേശങ്ങൾ നൽകുകയോ ആണു വേണ്ടതു്."

ബുദ്ധിമാനും സ്വാതന്ത്ര്യശീലനുമായ ഒരു പിതാവിന്റെ ബുദ്ധിമാനും സ്വാതന്ത്ര്യശീലനുമായ പുത്രൻ എന്നു വേണമെങ്കിൽ, മി. കയ്യാലം പരമേശ്വരൻപിള്ളയെക്കുറിച്ചു പറയാം. ചങ്ങനാശ്ശേരിക്കു സന്നതു നൽകിയ മുല്ലയിൽ കുഞ്ഞുകൃഷ്ണപ്പണിക്കർ ജഡ്ജിയുടെ പുത്രനാണു് ഇദ്ദേഹം. തലമുടിനാരു കീറി വൈവിദ്ധ്യം കല്പിക്കുന്ന തീക്ഷ്ണമായ ബുദ്ധിസൂക്ഷ്മതയും, അനിതരസാധാരണമായ നിയമപാണ്ഡിത്യവും, പ്രചണ്ഡമായ വാഗ്വിലാസവുംകൊണ്ടു് അഭിഭാഷകവൃത്തിയിൽ അത്യുന്നതപദത്തിലേയ്ക്കു് അതിശീഘ്രതയിൽ ഉയൎന്ന മി. കയ്യാലം പരമേശ്വരൻപിള്ള ഒരുകാലത്തു് ഒരു കടന്ന ഉല്പതിഷ്ണുവും, രാഷ്ട്രീയപ്രക്ഷോഭകനുമായിരുന്നു എന്ന വിവരം ഈ തലമുറയിൽപെട്ട ഭൂരിപക്ഷം ജനങ്ങളും അറിഞ്ഞിരിക്കാനിടയില്ല. ൯൬-ലെ ഒന്നാംറഗുലേഷൻ ഒരു രാജകീയവിളംബരമായി പ്രഖ്യാപനം ചെയ്തതിനെ പ്രതിഷേധിക്കുകയും, നിയമനിൎമ്മാണാവകാശം ജനപ്രതിനിധികൾക്കു നൽകേണ്ടതാണെന്നു് അതിധീരമായി വാദിക്കയും ചെയ്ത ഇദ്ദേഹം അനന്തരകാലങ്ങളിൽ അനന്യസാധാരണമായ തന്റെ പ്രതിഭാവിലാസവും നിയമപരിജ്ഞാനവും ഗവൎമ്മെന്റിന്റെ സേവനത്തിനു സമൎപ്പിച്ചു് നിയമസഭയിലെ ലാമെമ്പർപദം പ്രശംസാർഹമാംവണ്ണം വഹിച്ചിരുന്ന ഘട്ടത്തിൽ, ഒന്നിലധികം രാജകീയ

വിളംബരങ്ങളെഴുതിയുണ്ടാക്കുന്ന കൎത്തവ്യം ഏറെറടുക്കേണ്ടി വന്നു എന്നുള്ള വസ്തുത ഇവിടെ വിസ്മരണീയമല്ല. സ്വേച്ഛാധികാരഭരണത്തെ പ്രതിഷേധിക്കുവാനും, പൌരാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാനും വേണ്ടി ജനപക്ഷത്തു നിന്നുകൊണ്ടു് അതിധീരമായി പോരാടിയ തിരുവിതാംകൂറിലെ പല രാഷ്ട്രീയ പ്രവൎത്തകന്മാരും, പൊതുക്കാൎയ്യജീവിതം ഉദ്യോഗലബ്ധിക്കുള്ള ഒരു ചവിട്ടുപടിയായി മാത്രമാണു കരുതിയിരുന്നതെന്നുള്ള കാൎയ്യം ഇവിടെ പ്രസ്താവിക്കാതെ നിവൃത്തിയില്ല. ഉദ്യോഗസ്വീകരണത്തെ നിഷേധിക്കുന്ന നിസ്സഹകരണപ്രസ്ഥാനം തിരുവിതാംകൂറിൽ ഒരു ദേശീയപരിപാടിയായി സ്വീകരിച്ചിരുന്നില്ലെന്നും, പ്രജാധിപത്യഭരണരാജ്യങ്ങളിൽ മന്ത്രിപദംപോലെ തിരുവിതാംകൂറിലെ ഒരു രാഷ്ട്രീയപ്രവൎത്തകനു കാംക്ഷിക്കാവുന്ന അത്യുന്നതപദം സൎക്കാർജീവനമാണെന്നും ഉള്ള വാദം ദുൎബ്ബലമല്ല. പക്ഷേ ജനസേവനത്തിനിറങ്ങിയ നേതാക്കന്മാർ വ്യക്തിപരമായ അഭ്യുന്നതിയെ മാത്രം ലാക്കാക്കി ഉദ്യോഗജീവിതത്തിലേയ്ക്കു കയറുന്നതു് അനുഗാമികളുടെ ധാൎമ്മികശക്തി ക്ഷയിപ്പിക്കുവാനും, അങ്ങിനെ പൊതുക്കാൎയ്യജീവിതത്തിൽ സാമാന്യജനങ്ങൾക്കുള്ള വിശ്വാസം കുറയ്ക്കുവാനും കാരണമാക്കുന്നു. തിരുവിതാംകൂർഗവമ്മെൻറിൻെറ ലാമെമ്പറെന്ന നിലയിൽ രാജകീയവിളംബരങ്ങൾ ഒന്നൊന്നായി മി. കയ്യാലം പരമേശ്വരൻപിള്ള എഴുതിയുണ്ടാക്കുമ്പോൾ ൯൭, ൯൮ എന്നീ സംവത്സരങ്ങളിൽ ഒരു പ്രക്ഷോഭകാരി എന്ന നിലയിൽ അദ്ദേഹം ചെയ്ത പ്രചണ്ഡമായ പ്രഭാഷണങ്ങളുടെ സ്മരണകൾ ഒരു ചലനചിത്രത്തിലെന്നപോലെ ഒരു പക്ഷേ അദ്ദേഹത്തിന്റെ ഹൃദയത്തിൽക്കൂടി പാഞ്ഞുപൊയ്ക്കൊണ്ടിരുന്നിരിക്കാം.

൯൭-ലെ ഒന്നാംറഗുലേഷനെതിരായുള്ള പ്രക്ഷോഭണം പകുതി വിജയത്തിലും, പകുതി പരാജയത്തിലുമാണു കലാശിച്ചതെന്ന കാൎയ്യം പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. ഈ പ്രക്ഷോഭണത്തിന്റെ നേതൃത്വം വഹിച്ചു് ആദ്യന്തം അതിനെ നയിച്ചതും, നിയന്ത്രിച്ചതും ചങ്ങനാശേരി പരമേശ്വരൻപിള്ള തന്നെയായിരുന്നു. ഡെപ്യൂട്ടേഷനോടുള്ള ദിവാൻജിയുടെ മറുപ

ടിയെപ്പററി തിരുവനന്തപുരത്തെ ഒരു പ്രധാന പത്രമായിരുന്ന സമദശി പ്രസിദ്ധം ചെയ്ത മുഖപ്രസംഗത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിരുന്നു.

“അനുദ്യോഗസ്ഥന്മാക്കു ഭൂരിപക്ഷം നൽകിയും, അവക്കു തീരുമാനങ്ങൾ കൊണ്ടുവരുവാനനുമതി കൊടുത്തും, ഉചിതമായ ജനാവകാശങ്ങളെ സമ്മതിച്ചുകൊണ്ടും, നിയമസഭാപരിഷ്കാരത്തെ വിശാലപ്പെടുത്തുവാൻ ദിവാൻ രാഘവയ്യാ സമ്മതിച്ചിരിക്കുന്നതു് ഏററവും സന്തോഷകരമായ വാത്തയാകുന്നു. മഹാരാജാവു തിരുമനസ്സിലെ സന്നിധാനത്തിൽ സമപ്പിച്ച മെമ്മോറിയലിൻെറ ഫലമാണു് ഈ ഗുണം. തിരുമനസ്സിലെ യഥോചിതം ഉപദേശിച്ചു് ഇത്രയും ഭരണപരിഷ്കാരങ്ങൾ ഏപ്പെടുത്തുമാറായതിൽ മി. രാഘവയ്യായേയും ഇതിലേയ്ക്കായി നിരന്തരം പ്രവത്തിച്ചുകൊണ്ടിരുന്ന ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകളേയും ഞങ്ങൾ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു.”

൯൬-ലെ രണ്ടാംറഗുലേഷൻമുഖേന മി. രാഘവയ്യാ ഡപ്യൂട്ടേഷനംഗങ്ങൾക്കു നൽകിയ വാഗ്ദാനം നിറവേററപ്പെട്ടു. പരിഷ്കരിച്ച നിയമസഭയിൽ ആകെ ൫൦ അംഗങ്ങളുണ്ടായിരിക്കണമെന്നാണു വ്യവസ്ഥ ചെയ്തിരുന്നതു്. ഇതിൽ ൨൮ സ്ഥാനങ്ങൾ അനുദ്യോഗസ്ഥന്മാക്കു നീക്കിവച്ചിരുന്നു. ബാക്കിയുള്ള ൨൨ സ്ഥാനങ്ങളിൽ ൧൬ എണ്ണം ഉദ്യോഗസ്ഥന്മാക്കും, ൬ എണ്ണം ഗവമ്മെൻറിൽനിന്നും നിർദ്ദേശിക്കുന്ന അനുദ്യോഗസ്ഥന്മാക്കും നൽകിയിരുന്നു. ഇങ്ങിനെ ആദ്യമായി തിരുവിതാംകൂർനിയമസഭയ്ക്കു നിശ്ചിതമായ അനുദ്യോഗസ്ഥഭൂരിപക്ഷം ലഭിച്ചു. നിയമസഭയുടെ അധികാരങ്ങളും കുറെയൊക്കെ വിപുലപ്പെടുത്തിയിരുന്നു. ബഡ്ജററു പൊതുവേ വിമശിക്കുന്നതിനും, ചില പ്രത്യേക ഇനങ്ങളൊഴിച്ചു ബാക്കിയുള്ളവ, വാദപ്രതിവാദം നടത്തി പാസ്സാക്കുന്നതിനും സഭയ്ക്കു് അധികാരം ലഭിച്ചു. കൂടാതെ ചോദ്യങ്ങളും, ഉപചോദ്യങ്ങളും ചോദിക്കുന്നതിനും, പ്രമേയങ്ങൾ കൊണ്ടുവരുന്നതിനും, നിയമസഭാംഗങ്ങൾക്കു പുതിയ റഗുലേഷനനുസരിച്ചു് അധികാരമുണ്ടായിരുന്നു.

ഈ നിയമസഭാപരിഷ്കാരംമൂലം ഗവമ്മെൻറു പ്രകടിപ്പിച്ച ജനഹിതാനുവത്തിതത്തെ അഭിനന്ദിക്കുവാൻ എൽ. എം. എസ്സ്. ഹാളിൽ വച്ചു ചങ്ങനാശേരിയുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. എന്നാൽ, അക്കാലത്തുതന്നെ ഉത്തരവാദഭരണത്തിൽ കുറഞ്ഞ യാതൊരു ഭരണപരിഷ്കാരവുംകൊണ്ടു തൃപ്തിപ്പെടാൻ ഒരുക്കമില്ലാതിരുന്ന തിരുവനന്തപുരത്തെ അഭ്യസ്തവിദ്യരായ യുവാക്കന്മാരുടെ അപ്രതിരോധ്യമായ എതിർപ്പുകൊണ്ട് അഭിനന്ദനപ്രമേയം പാസാക്കുവാൻ സാധിക്കാതെപോയി.

# അദ്ധ്യായം ൧൩

നിയമസഭയിലെ നായർപ്രതിനിധികളുടെ പ്രാതികൂല്യത്തെ പരിഗണിച്ച് ൯൯-ലെ നായർറഗുലേഷനിലെ ഭാഗവ്യവസ്ഥകൾ പിൻവലിച്ചുകൊള്ളുവാൻ ഗവമ്മെൻറ് അനുമതി നൽകിയ വിവരം ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ! അങ്ങിനെ ഭാഗവ്യവസ്ഥകൾ കൂടാതെ നിയമമായിത്തീർന്ന പ്രസ്തുത ബിൽ സമുദായപരിഷ്കൎത്താക്കളേയോ, നായർസമുദായത്തിലെ സാമാന്യജനങ്ങളേയോ, സംതൃപ്തിപ്പെടുത്തിയില്ല. ഭാഗവ്യവസ്ഥകൾ കൂട്ടിച്ചേർത്ത് എൺപത്തിഎട്ടിലെ നായർറഗുലേഷൻ പരിഷ്കരിക്കുവാനുള്ള ശ്രമങ്ങളും, പ്രക്ഷോഭണങ്ങളും പൂർവ്വാധികം ശക്തിപ്പെട്ടുകൊണ്ടിരുന്നു. ഒരു കാലത്തു താവഴിഭാഗംകൊണ്ടു സംതൃപ്തിപ്പെട്ടുമായിരുന്ന സമുദായസേവകന്മാർ, അങ്ങിനെയുള്ള അപൂൎണ്ണമായ ഒരു പരിഷ്കാരംകൊണ്ടു സമുദായത്തിനു നേരിട്ടിരിക്കുന്ന വൈഷമ്യങ്ങൾക്കു പരിഹാരം നേടുക സാദ്ധ്യമല്ലെന്നു ഇപ്പോൾ വാദിച്ചുതുടങ്ങിയിരുന്നു. കൂട്ടുകുടുംബഏൎപ്പാട്, ദായക്രമം മുതലായ കാൎയ്യങ്ങളിൽ സമൂലമായ പരിവൎത്തനം വരുത്തിയാലല്ലാതെ നായർസമുദായത്തിനു നേരിട്ടിരുന്ന അവശതകൾക്കു ഫലപ്രദമായ നിവൃത്തിമാൎഗ്ഗം കാണുവാൻ സാദ്ധ്യമല്ലെന്നുള്ള ഉല്പതിഷ്ണുക്കളുടെ അഭിപ്രായഗതിക്ക് അനുദിനമെന്നവണ്ണം സമുദായമദ്ധ്യത്തിൽ പ്രാബല്യവും പിന്തുണയും വർദ്ധിച്ചുവന്നു.

൯൯-ൽ ഗവമ്മെൻറ് അപൂൎണ്ണമനസ്സോടെയെങ്കിലും ഭാഗവ്യവസ്ഥകൾ നിരാകരിച്ചതിനുശേഷം താവഴിക്രമത്തിനു നായർതറവാടുകളിൽ ഭാഗമനുവദിച്ചുകിട്ടുവാൻ വേണ്ട ചില സംരംഭങ്ങൾ നിയമസഭയിൽ നടന്നുകൊണ്ടിരുന്നു. അങ്ങിനെയൊരു നായർറഗുലേഷൻഭേദഗതിബിൽ നിയമസഭയിലവതരിപ്പിക്കുവാൻ മി. ടി. കെ. വേലുപ്പിള്ളയ്ക്കനുവാദം ലഭിച്ചു. എന്നാൽ മി. വേലുപ്പിള്ളയുടെ ബില്ലിന് ഉദ്യോഗസ്ഥഭൂരിപക്ഷമുണ്ടായിരുന്ന നിയമസഭയുടെ എതിൎപ്പിനെ അതിജീവിക്കുവാൻ കഴിഞ്ഞില്ല. ൯൯-ലെ നായർറഗുലേഷ

നിൽ ഭാഗവ്യവസ്ഥകൾ അടങ്ങിയിരുന്നു എന്നും, എന്നാൽ നായർപ്രതിനിധികൾ പ്രസ്തുത വ്യവസ്ഥകളെ എതിർത്തതുമൂലം അവ പിൻവലിക്കുവാൻ ഗവർമ്മെൻറു നിർബന്ധമായി എന്നും ഉള്ള കാരണങ്ങളെ അടിസ്ഥാനമാക്കി ഗവർമ്മെൻറുതന്നെയും മി. വേലുപ്പിള്ളയുടെ ബില്ലിനെ എതിർക്കുകയാണു ചെയ്തതു്.

ഗവർമ്മെൻറിൻെറ യുക്തിരഹിതമായ എതിർപ്പു ജനപക്ഷത്തുനിന്നുള്ള പ്രക്ഷോഭണത്തിനു മൂർച്ച കൂട്ടി. താവഴിഭാഗത്തിനു വേണ്ടി വാദിച്ചുകൊണ്ടിരുന്ന സമുദായപരിഷ്കർത്താക്കളിൽ ഭൂരിഭാഗവും ആളോഹരിഭാഗത്തിൽ കുറഞ്ഞ യാതൊന്നുകൊണ്ടും തൃപ്തിപ്പെടുകയില്ലെന്നുള്ള ഒരു നില വന്നുകൂടി. നായർതറവാടുകളിൽ ഭാഗം അനുവദിച്ചുകിട്ടണമെന്നുള്ളതിനെപ്പററി സമുദായമദ്ധ്യേ യാതൊരഭിപ്രായാന്തരങ്ങളുമുണ്ടായിരുന്നില്ല. എന്നാൽ താവഴിഭാഗമോ, ആളോഹരിഭാഗമോ ഏതാണു നായർസമുദായം സ്വീകരിക്കേണ്ടതെന്നുള്ളതായിരുന്നു അഭിപ്രായവ്യത്യാസങ്ങൾക്കിടനൽകിയ മുഖ്യമായ പ്രശ്നം. താവഴിഭാഗത്തിനു വേണ്ടി വാദിച്ചിരുന്ന ജനങ്ങൾപോലും ആളോഹരിഭാഗമായിരുന്നു അവരുടെ പരമലക്ഷ്യമായിക്കരുതിയിരുന്നതു്. ആളോഹരിഭാഗത്തിൻെറ ആദ്യപടിയായി താവഴിഭാഗം നായർസമുദായം സ്വീകരിക്കണമെന്നായിരുന്നു അവർ കൊണ്ടുവന്ന വാദം. എന്നാൽ ആളോഹരിഭാഗംകൊണ്ടല്ലാതെ നായർസമുദായത്തിനഭിമുഖീകരിക്കേണ്ടിയിരുന്ന യാതൊരു വിഷമപ്രശ്നങ്ങൾക്കും പരിഹാരം നേടുവാൻ സാദ്ധ്യമല്ലെന്നവർ ശഠിച്ചു. പരേതനായ മുരണിയിൽ ഗോവിന്ദപ്പിള്ളയുടെ നേതൃത്വത്തിൽ സംഘടിച്ചിരുന്ന 'നായർ സോഷ്യൽസർവ്വീസ് ലീഗ്' എന്ന സ്ഥാപനം ഒരു പടികൂടി മുന്നോട്ടു കടന്നു ആളോഹരിയോടുകൂടിത്തന്നെ മക്കത്തായവും നായർസമുദായം അംഗീകരിക്കണമെന്നു് അഭിപ്രായപ്പെട്ടു. ആളോഹരിക്കാർക്കു ഗോവിന്ദപ്പിള്ളയുടെ മക്കത്തായവാദം സ്വീകരിക്കുവാൻ വിഷമമുണ്ടായിരുന്നില്ല. ഇങ്ങിനെ ആളോഹരിയും മക്കത്തായവും സമീപലക്ഷ്യങ്ങളായിക്കരുതുന്ന ഉല്പതിഷ്ണുക്കൾ ഒരുവശത്തും, താവഴിഭാഗമാർഗ്ഗം ആളോഹരിയിലേയ്ക്കു മന്ദഗതിയിൽ പുരോഗമിക്കണമെന്നു വാദിക്കുന്ന യാഥാസ്ഥിതികന്മാർ മറ്റൊരുവശ

ത്തും നിന്നുകൊണ്ടു് ഓരോ കക്ഷിയുടേയും വാദങ്ങൾക്കു സമുദായമദ്ധ്യത്തിൽ കൂടുതൽ പ്രാബല്യമുണ്ടെന്നു കാണിക്കുവാൻ ഭഗീരഥപ്രയത്നങ്ങൾ ചെയ്തുകൊണ്ടിരുന്നു. നാട്ടിന്റെ നാനാഭാഗങ്ങളിലും ഇരുപക്ഷത്തുനിന്നും വൻപിച്ച സമ്മേളനങ്ങളും, ആലോചനകളും,വാദപ്രതിവാദങ്ങളും മുടങ്ങാതെ നടത്തിക്കൊണ്ടിരുന്നു. എന്നാൽ ഗവമ്മെൻറുപക്ഷത്തുനിന്നും, യാഥാസ്ഥിതികരുടെ ഇടയിൽനിന്നും ഭാഗവ്യവസ്ഥകൾക്കു വിരുദ്ധമായ എതിർപ്പുകൾ വർദ്ധിച്ചുതുടങ്ങിയതോടുകൂടി താവഴിഭാഗത്തിനു വേണ്ടി വാദിച്ചിരുന്നവരുടെ ശക്തി ക്ഷയിച്ചുതുടങ്ങുകയും, ആളോഹരിക്കും, മക്കത്തായത്തിനും പ്രാബല്യം വർദ്ധിക്കുകയും ചെയ്തു.

സി. കൃഷ്ണപിള്ളയുടെ ചരമത്തിനുശേഷം നായർസമുദായത്തിലെ പ്രബലമായ ഒരു വിഭാഗത്തിന്റെ നേതൃത്വം സമുദായപരിഷ്കരണശ്രമങ്ങളിൽ അദ്ദേഹത്തിന്റെ വലത്തുകയ്യായിനിന്നു പ്രവൎത്തിച്ചിരുന്ന ചങ്ങനാശേരി പരമേശ്വരൻപിള്ളയിൽത്തന്നെയാണു വന്നു ലയിച്ചതു്. സമുദായപരിഷ്കരണസംബന്ധമായി നടന്നുകൊണ്ടിരുന്ന ആവേശജനകങ്ങളായ പ്രചരണകൾക്കും, പ്രചണ്ഡമായ വാദകോലാഹലങ്ങൾക്കും മദ്ധ്യേ എന്തൊരു നേതൃത്വമാണു സ്വജനങ്ങളുടെ ഭാവിശ്രേയസ്സിനെ കാംക്ഷിക്കുന്ന താൻ, സമുദായത്തിനു നൽകേണ്ടതെന്നുള്ളതിനെപ്പററി പ്രശാന്തമായും അക്ഷോഭ്യമായും അദ്ദേഹം ചിന്തിച്ചുകൊണ്ടിരിക്കയായിരുന്നു. ചങ്ങനാശേരിയുടെ ബാല്യംമുതല്ക്കുള്ള സാഹചൎയ്യങ്ങളും, അനുഭവങ്ങളും, സുദീൎഘമായ ലോകപരിജ്ഞാനവും, അവഗാഢമായ ചിന്തയും, പക്വമായ അഭിപ്രായങ്ങളും, രാഷ്ട്രീയകാൎയ്യങ്ങളിലെന്നപോലെതന്നെ സമുദായപരിഷ്കരണവിഷയത്തിലും അദ്ദേഹത്തെ ഒരുല്പതിഷ്ണുവാക്കിത്തീൎത്തിരുന്നു. ആളോഹരിഭാഗവും, മക്കത്തായദായക്രമവുമല്ലാതെ മറെറാരു മദ്ധ്യമാൎഗ്ഗങ്ങളെക്കൊണ്ടും നായർസമുദായത്തെ ആശാസ്യമാംവണ്ണം പുരോഗമിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹത്തിനു തോന്നി. ഉൽക്കണ്ഠാകുലമായിരുന്ന ആലോചനകളുടെ ഫലമായി ഒരു സുനിശ്ചിതമായ തീരുമാനത്തിലെത്തിച്ചേൎന്നതോടുകൂടി അദ്ദേഹം തന്റെ സൎവ്വസ്വാധീനശക്തികളും ഉല്പതിഷ്ണുക്കളായ സമുദായപരിഷ്കൎത്താക്കളുടെ പക്ഷത്തു

നിന്നുകൊണ്ടു പ്രയോഗിക്കുവാൻ തുടങ്ങി. ചങ്ങനാശേരി യെപ്പോലെ പ്രശസ്തനും പ്രചാരലനുമായ ഒരു സമുദായചിന്ത കന്റെ നേതൃത്വം ഉല്പതിഷ്ണുക്കൾ അമൂല്യമായ ഒരു നേട്ട മായി പരിഗണിച്ചു. അതിനുശേഷം ആളോഹരിയും മക്ക ത്തായവുമനുവദിച്ചു കിട്ടണമെന്നുള്ള വാദം അപ്രതിരോധ്യ മായിത്തീൎന്നു.

ഈ ഘട്ടത്തിലായിരുന്നു ൯൫–ലെ പരിഷ്കരിച്ച നിയമ സഭയിൽ മി. സി. രാമൻതമ്പി ഒരു നായർബിൽ അവതരി പ്പിച്ചതു്. മി. സി. രാമൻതമ്പിയുടെ ബില്ലിൽ ഉൾപ്പെടുത്തി യിരുന്ന ഭാഗവ്യവസ്ഥകൾ ഉല്പതിഷ്ണുക്കളായ സമുദായ ഭക്തന്മാരെ അല്പംപോലും തൃപ്തിപ്പെടുത്തുന്നവയായിരുന്നില്ല. പത്രങ്ങളിലും പ്രസംഗമണ്ഡപങ്ങളിലും മി. രാമൻതമ്പിയുടെ ബില്ലിനെപ്പററിയുള്ള ഖണ്ഡന വിമൎശനങ്ങൾ മുഴങ്ങി. പൊതു ജനഹിതത്തെ ആദരിക്കുവാനെന്നവണ്ണം അദ്ദേഹം പ്രസ്തുത ബിൽ പിൻവലിച്ചു പുതുക്കി വീണ്ടും നിയമസഭയിൽ അവത രിപ്പിച്ചു. എന്നാൽ പരിഷ്കരിച്ച ബില്ലിലും ആളോഹരിതത്വ ങ്ങൾ അംഗീകരിച്ചിരുന്നില്ലാത്തതിനാൽ ആദ്യത്തെ ബില്ലിനു ലഭിച്ച സ്വീകരണംതന്നെയാണു പുതുക്കിയ ബില്ലിനും പൊതു ജനങ്ങൾ നൾകിയതു്. യാഥാസ്ഥിതികരായ നായർനിയമ സഭാംഗങ്ങളുടെ എതിൎപ്പുമൂലം വ്യവ–ൽ വിട്ടുകളയേണ്ടിവന്ന ഭാഗവ്യവസ്ഥകളെ ഏതാനും ചില ഭേദഗതികളോടുകൂടി മാത്രം അംഗീകരിക്കയാണു മി. തമ്പി ചെയ്തിരുന്നതു്. ആളോഹരി ഭാഗം അന്തിമലക്ഷ്യമായി മി. രാമൻതമ്പിയും സ്വീകരിച്ചി രുന്നു എങ്കിലും താല്ക്കാലികമായി താവഴിഭാഗതത്വങ്ങളാണു് അദ്ദേഹം ബില്ലിൽ ഉൾപ്പെടുത്തിയിരുന്നതു്. ഭാൎയ്യക്കും പ്രായ പൂൎത്തി വന്നിട്ടില്ലാത്ത ആൺകുട്ടികൾക്കും, അവിവാഹിതക ളായ പെൺകുട്ടികൾക്കും, ചിലവിനു നൾകുവാനുള്ള കടമ ഭത്താവിനും, പിതാവിനും ഉണ്ടെന്നു് ആ ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ൧൮ വയസ്സു തികഞ്ഞ ആൺകുട്ടികളെ അവർ വിദ്യാഭ്യാസം തുടൎന്നുകൊണ്ടിരിക്കുന്നവരോ, മററുപ ജീവനമാൎഗ്ഗങ്ങളില്ലാത്തവരോ ആയിരുന്നാൽക്കൂടി—മി. തമ്പി യുടെ ബിൽ ത്രിശങ്കുസ്വൎഗ്ഗത്തിൽ വിട്ടേയ്ക്കുകയാണു ചെയ്തതു്.

പിതാവിന്റെ സ്വകാൎയ്യസ്വത്തുക്കളുടെ അവകാശക്രമം സംബന്ധിച്ച ൧൦൯൬-ലെ റഗുലേഷനിലെ തത്വങ്ങൾതന്നെയാണു മി. തമ്പിയും സ്വീകരിച്ചിരുന്നതു്. എന്നാൽ ൧൦൯൬-ലെ ബില്ലിൽ നിന്നു വ്യത്യസ്ഥമായി നായരേതരന്മാരായ ഭർത്താക്കന്മാരെക്കൂടി അദ്ദേഹം ഈ നിയമത്തിന്റെ പരിധിയിൽ പെടുത്തിയിരുന്നു. അതു കൂടാതെ സാരാംശത്തിൽ ൧൦൯൬-ലെ ബില്ലിനും, മി. തമ്പിയുടെ നൂതനബില്ലിനും തമ്മിൽ ഗണ്യമായ വ്യത്യാസങ്ങളൊന്നുമുണ്ടായിരുന്നില്ല.

മി. സി. രാമൻതമ്പിയുടെ ബില്ലിനെപ്പററി സമുദായത്തിനുള്ള സുനിശ്ചിതമായ അഭിപ്രായത്തെ അസന്നിഗ്ദ്ധമായി രേഖപ്പെടുത്തുന്നതിനു സാൎവത്രികമായ പ്രാതിനിധ്യമുള്ള ഒരു നായർമഹാസമ്മേളനം വിളിച്ചുകൂട്ടേണ്ടതു് അത്യന്താപേക്ഷിതമായിത്തീൎന്നു. ഇതിലേയ്ക്കു സമസ്തകേരളനായർസമുദായസമ്മേളനത്തിന്റെ ൧൧൦൩-ലെ വാൎഷികം മരുത്തുംകുഴി നായർസമാജത്തിന്റെ ക്ഷണമനുസരിച്ചു പ്രസ്തുത സംഘടനയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുവച്ചു തുലാമാസം ൨൮-ം, ൨൯-ം തീയതികളിൽ നടത്തുവാൻ ചങ്ങനാശേരിയും സഹപ്രവൎത്തകന്മാരും കൂടിയാലോചന നടത്തി തീരുമാനിച്ചു.

നായർസമുദായത്തിലെ വിഭിന്നതകളും കക്ഷിമത്സരങ്ങളും പരിഹരിച്ചു, കേരളീയനായർസമാജവും, സമസ്തകേരളീയനായർസമുദായസമ്മേളനവും പരസ്പരം രഞ്ജിപ്പിക്കുവാനുള്ള ശ്രമങ്ങൾ പരേതനായ ചിറേറടത്തു ശങ്കുപ്പിള്ളയുടെ നിരന്തരമായ ശ്രമങ്ങളുടെ ഫലമായി അയിരൂർസമ്മേളനത്തിൽവച്ചു നടന്നതും, അതിനുശേഷം ഇരുകക്ഷികളിലേയും നേതാക്കന്മാർ സന്നിഹിതരായിരുന്ന ഒരു കാൎയ്യാലോചനായോഗത്തിൽ വച്ചു് ദിവാൻബഹദൂർ എ. ഗോവിന്ദപ്പിള്ള അദ്ധ്യക്ഷനായും, പി. കെ. കേശവപിള്ള, കെ. ആർ. പത്മനാഭപിള്ള എന്നിവർ സിക്രട്ടറിമാരായും ഒരു സംയുക്തനിൎവാഹകക്കമ്മിറ്റി രൂപവല്ക്കരിച്ചതും, ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ കേരളീയനായർസമാജത്തിന്റേയും സമസ്തകേരളനായർസമുദായസമ്മേളനത്തിന്റേയും ഘടനകൾക്ക തമ്മിൽ വലിയ

ഭിന്നതകളുണ്ടായിരുന്നതിനാൽ അവ രണ്ടിനേയും ഒന്നിച്ചു ചേർത്തോ, അല്ലെങ്കിൽ ഒന്നിനെ ഉപേക്ഷിച്ചു മറെറാന്നിനെ സ്വീകരിച്ചോ, ഏതുവിധത്തിലാണു ഭാവിയിൽ വാർഷികസമ്മേളനങ്ങൾ നടത്തേണ്ടതെന്നുള്ള പ്രശ്നം ഉത്ഭവിച്ചു. ഈ ദുർഘട പ്രശ്നത്തിനു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുവാൻ ൧൦൯൭ മേടത്തിൽ കൊല്ലത്തുവച്ച് ഒരു വാർഷികസമ്മേളനം കൂടണമെന്നു നിശ്ച യിച്ചിരുന്നു എങ്കിലും അതു നടന്നില്ല. അങ്ങിനെ മുടങ്ങിയ സമ്മേളനം തിരുവനന്തപുരത്തെങ്കിലുംവച്ചു നടത്തേണ്ടതാണെന്നു ചങ്ങനാശേരി, കേരളീയനായർസമാജത്തിൻെറ നിർവ്വാഹകക്കമ്മിററിക്കെഴുതിയയച്ചു. ൧൦൯൭ ചിങ്ങം ൨൨-ാം തീയതിക്കകം തെക്കൻതിരുവിതാംകൂറിലേതെങ്കിലും സ്ഥലത്തു വച്ച് സമ്മേളനം നടത്തുവാൻ സാധിച്ചില്ലെങ്കിൽ കന്നി ൨൨-ാംനു അതു തിരുവനന്തപുരത്തു കൂടുവാൻ വേണ്ട നട പടികൾ നടത്തേണ്ടതാണെന്നു കേരളീയനായർസമാജത്തിന്റെ നിർവ്വാഹകക്കമ്മിററി തീരുമാനിച്ചിരിക്കുന്നതായി അവർ ചങ്ങനാശേരിക്കു മറുപടി കൊടുത്തു. എന്നാൽ ഈ മറുപടി യിലെ ഉള്ളടക്കമനുസരിച്ചു തെക്കൻതിരുവിതാംകൂറിൽവച്ചോ, തിരുവനന്തപുരത്തുവച്ചോ, സമാജഭാരവാഹികൾ സമ്മേളനം നടത്തിയില്ല. ചങ്ങനാശേരി, കേരളീയനായർസമാജപ്രവർത്തക ന്മാർ, സമ്മേളനം വിളിച്ചുകൂട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒന്നിലധികം കത്തുകൾ വീണ്ടും തുടർച്ചയായി അയച്ചുകൊ ണ്ടിരുന്നു എങ്കിലും, അവയ്ക്കൊന്നുംതന്നെ അവർ മറുപടി അയയ്ക്കുകയുണ്ടായില്ല. വീണ്ടും ൧൦൯൭-ൽ സമ്മേ ളനം വിളിച്ചുകൂട്ടേണ്ടതിൻെറ ആവശ്യകതയെ വ്യക്തമാക്കി ക്കൊണ്ടും, അങ്ങിനെ വിളിച്ചുകൂട്ടിയില്ലെങ്കിൽ സ്വതന്ത്രമായി മറെറാരു സമ്മേളനം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ താൻ നിർബന്ധനായിത്തീരുമെന്നു മുന്നറിവു നൽകിക്കൊണ്ടും, ചങ്ങനാശേരി, കേരളീയനായർസമാജം സെക്രട്ടറിക്കു മറെറാരു കത്തയച്ചു. എന്നാൽ എട്ടു മാസം കാത്തിരുന്നിട്ടും ആ കത്തിനും ഒരു മറുപടിയും ലഭിച്ചതില്ല.

മരുത്തുംകുഴി നായർസമ്മേളനത്തിൻെറ ആഭിമുഖ്യത്തിൽ സമസ്തകേരളനായർസമുദായസമ്മേളനം തിരുവനന്തപുരത്തു

വച്ചു കൂട്ടുവാൻ തീരുമാനിച്ചതിനുശേഷം മുൻപറഞ്ഞ വസ്തുതകളെ വിശദീകരിച്ചുകൊണ്ടു ചങ്ങനാശേരി ദീൎഘമായ ഒരു പത്രപ്രസ്താവന പുറപ്പെടുവിച്ചു. ആണ്ടുതോറും നടത്താറുള്ള സമ്മേളനങ്ങൾ രണ്ടു കൊല്ലമായി മുടങ്ങിക്കിടക്കുന്നതിനാൽ സമുദായാഭിവൃദ്ധിക്കു കാൎയ്യമായ പല തടസ്സങ്ങളും നേരിട്ടിരിക്കുന്നതുകൊണ്ടും, സമുദായത്തിൻെറ ഉന്നമനത്തെ പൊതുവേ ബാധിക്കുന്ന പല അടിയന്തിരമായ പ്രശ്നങ്ങളെപ്പററി ഗാഢമായാലോചിച്ചു ഗുരുതരമായ തീരുമാനങ്ങൾ ചെയ്യുവാനുള്ള ഘട്ടം ആസന്നമായിരിക്കുന്നതുകൊണ്ടും, മരുത്തുംകുഴി നായർസമാജത്തിൻെറ ക്ഷണമനുസരിച്ചു സമസ്തകേരളനായർസമുദായസമ്മേളനം തിരുവനന്തപുരത്തുവച്ചു നടത്തുവാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നു എന്നു് ഈ പ്രസ്താവനയിൽ പ്രത്യേകം എടുത്തു പറഞ്ഞിരുന്നു.

സമസ്തകേരളനായർസമുദായസമ്മേളനം തിരുവനന്തപുരത്തുവച്ചു നടക്കുമെന്നു ബോദ്ധ്യമായപ്പോൾ കേരളീയനായർസമാജം അതിൻെറ ദീൎഘമായ സുഷുപ്തിയിൽ നിന്നുണൎന്നു. മരുത്തുംകുഴിസമ്മേളനഭാരവാഹികൾ ആളോഹരിക്കും മക്കത്തായത്തിനും വേണ്ടി അചഞ്ചലമായി നിലകൊള്ളുന്ന ഉല്പതിഷ്ണുക്കളായിരുന്നു. കേരളീയനായർസമാജത്തിൻെറ നേതൃത്വം വഹിച്ചിരുന്ന പി. കെ. കേശവപിള്ളയും, മി. മള്ളൂർ ഗോവിന്ദപ്പിള്ളയും താവഴിഭാഗത്തെയാണു ശക്തിയായനുകൂലിച്ചിരുന്നതു്. ഉല്പതിഷ്ണുക്കളുടെ അപ്രതിഷേദ്ധ്യനേതാവും, മക്കത്തായവാദത്തിൻെറ ശക്തനായ അനുകൂലിയും, ആയിരുന്ന ചങ്ങനാശേരി പരമേശ്വരൻപിള്ളയെത്തന്നെയാണു തിരുവനന്തപുരം യോഗത്തിൻെറ അദ്ധ്യക്ഷസ്ഥാനത്തേയ്ക്കു മരുത്തുംകുഴി സമാജഭാരവാഹികൾ തിരഞ്ഞെടുത്തിരുന്നതു്. ഇതും യാഥാസ്ഥിതികപക്ഷത്തുനിന്നുള്ള അതികഠിനമായ എതിൎപ്പിനു കാരണമാക്കി. മരുത്തുംകുഴിസമ്മേളനത്തിൽ മക്കത്തായവാദത്തിനു പ്രാബല്യവും പിന്തുണയും ലഭിക്കുമെന്നുള്ളതു പ്രായേണ തൎക്കമററ ഒരു സംഗതിയായിരുന്നു. കേരളീയനായർസമാജപ്രവൎത്തകന്മാർ അതിദ്ധൃതിയിൽ ആലോചനകൾ നടത്തി, മരുത്തുംകുഴി സമ്മേളനത്തിനു മുമ്പായിത്തന്നെ തുലാമാസം ൨൭-ാംതീയ്യതി

ജൂബിലിടൌൺഹാളിൽവച്ചു് ഒരു നായർ മഹാജനസമ്മേളനം വിളിച്ചുകൂട്ടുവാൻ നിശ്ചയിച്ചു.

അല്പകാലത്തേയ്ക്കു ശമിച്ചിരുന്ന മത്സരങ്ങളും, കക്ഷിവഴക്കുകളും, വ്യക്തിവൈരാഗ്യങ്ങളും വീണ്ടും ഫണമുയത്തി വിഷം വമിക്കുവാൻ തുടങ്ങി. സമുദായത്തിലെ ഭിന്നകക്ഷികൾ തമ്മിൽ പുനരാവത്തിച്ച ഈ മത്സരങ്ങളേയും കലാപങ്ങളേയുംകുറിച്ചു വത്തമാനപ്പത്രങ്ങളിൽ സുദീഘങ്ങളായ വാദപ്രതിവാദങ്ങൾ നടന്നു. സരസ്വതീവിലാസമന്ദിരസംബന്ധിച്ചു് ഇരുകക്ഷികളും പരസ്പരം ആക്ഷേപങ്ങളും അവഹേളനങ്ങളും ചൊരിഞ്ഞു. നേതാക്കന്മാർ ഐകമത്യമായി സമുദായശ്രേയസ്സിനും അഭ്യുന്നതിക്കും വേണ്ടി ആത്മാത്ഥമായി പ്രവത്തിക്കേണ്ട അവസരത്തിൽ വ്യക്തിപരമായ വൈരാഗ്യങ്ങളെ അടിസ്ഥാനമാക്കി പരസ്പരം കലഹിക്കുന്നതും, തൊഴുത്തിൽ കുത്തുന്നതും, നിഷ്പക്ഷബുദ്ധികളായ സമുദായഭക്തന്മാരെ വല്ലാതെ ഖേദിപ്പിക്കുകയും അലട്ടുകയും ചെയ്തു. ചില രാജിയാലോചനകളെപ്പററിയുള്ള കിംവദന്തികൾ അന്തരീക്ഷത്തിൽ ഉയന്നുപൊങ്ങി. തിരുവനന്തപുരത്തു നൂതനമായി സ്ഥാപിക്കപ്പെട്ടിരുന്ന നായർയുവജനസംഘവും, ദിവാൻബഹദ്ദൂർ എ. ഗോവിന്ദപ്പിള്ള തുടങ്ങിയ പ്രമാണികളും ഒരു രാജിയുണ്ടാക്കുന്നതിനുള്ള ശ്രമങ്ങളുമായി മുന്നോട്ടുവന്നു. രാജിശ്രമങ്ങളോടു സഹകരിക്കുവാൻ ചങ്ങനാശേരി എല്ലായ്പോഴും സന്നദ്ധനായിരുന്നു. അദ്ദേഹത്തിൻെറ ഉപദേശമനുസരിച്ചു മത്തുംകുഴി നായർസമാജക്കാർ കേരളീയനായർസമാജത്തിനു ഇപ്രകാരമൊരു കത്തയച്ചു.

“ഞങ്ങളുടെ യോഗത്തിൽനിന്നും നായർസമാജമഹായോഗത്തേയും, അതിൻെറ ആഭിമുഖ്യത്തിൽ നടത്താറുള്ള സമസ്തകേരളനായർസാമുദായികസമ്മേളനത്തേയും, ക്ഷണിക്കയും, അതിനെ അവർ സ്വീകരിക്കയും, സമ്മേളനദിവസങ്ങൾ ഈ മാസം ൨൪-ം, ൨൫-ം തീയ്യതികളിൽ നിശ്ചയിക്കുകയും ചെയ്തതിനുശേഷം കേരളീയനായർസമാജത്തിൻെറ ഡയറക്ടരന്മാരുടെ ഒരു യോഗംകൂട്ടുകയും, അതിൽവച്ചു് അതിൻെറ വാഷികസമ്മേളനം ഈ മാസം ൧൫-ാം തീയ്യതി കൂടണമെന്നു തീച്ചപ്പെടുത്തുകയും ചെയ്തതായറിയുന്നു. ഈ രണ്ടു സമാജങ്ങ

ളുടേയും ആഭിമുഖ്യത്തിൽ നായന്മാരുടെ ഒരു പൊതുസമ്മേളനം കൂട്ടുന്നതാണ് ഇപ്പോൾ ആവശ്യമായിട്ടുള്ളതെന്നു പല മാന്യന്മാൎക്കും അഭിപ്രായമുണ്ടായിരിക്കുന്നതായും, ഞങ്ങൾ അറിയുന്നു. സമുദായമദ്ധ്യത്തിൽ ഭിന്നിപ്പുണ്ടെന്നുള്ള തെറ്റിദ്ധാരണ നീങ്ങുന്നതിനായി രണ്ടു സമ്മേളനങ്ങളും ഒന്നായി നടത്തണമെന്നും, ആയതിലേയ്ക്കു കേരളീയനായർസമാജത്തെക്കൂടി ക്ഷണിക്കണമെന്നും, പല സമുദായബന്ധുക്കളും, വിശേഷിച്ചു ഞങ്ങൾ അഗ്രാസനരായി വരിച്ചിട്ടുള്ള ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകളും, അഭിപ്രായപ്പെട്ടിരിക്കുന്നതുകൊണ്ടു നിങ്ങൾ ഇപ്പോൾ നടത്തുവാനുദ്ദേശിക്കുന്ന വാൎഷികസമ്മേളനവും കൂടി സമസ്തകേരളനായർസമുദായസമ്മേളനത്തോടുകൂടി യോജിപ്പിച്ച് അതിലേയ്ക്കു നിശ്ചയിച്ചിരിക്കുന്ന തിയ്യതികളിൽ ഞങ്ങളുടെ സ്ഥലത്തുവച്ചു നടത്തുന്നതിനു സന്തോഷപൂൎവം ക്ഷണിച്ചുകൊള്ളുന്നു."

ഈ സൌഹാൎദ്ദപ്രകടനത്തിനു അപ്രതീക്ഷിതമായ രീതിയിലുള്ള ഒരു സ്വീകരണമാണു കേരളീയനായർസമാജ ഭാരവാഹികൾ നൽകിയതു്. മരുത്തൂൎകുളങ്ങരസമാജത്തിന്റെ ക്ഷണത്തെ ചില ഉപാധികളോടുകൂടി സ്വീകരിക്കുവാൻ തയാറാണെന്ന് അവർ മറുപടി നൽകി. എന്നാൽ ചങ്ങനാശേരി പരമേശ്വരൻപിള്ള അദ്ധ്യക്ഷസ്ഥാനമൊഴിയണമെന്നും, തൽസ്ഥാനത്തേയ്ക്ക് ഇരുകക്ഷിയിലുംപെടാത്ത ഒരു മാന്യനെ ക്ഷണിക്കണമെന്നുമായിരുന്നു കേരളീയനായർസമാജത്തിന്റെ പ്രഥമവും പ്രധാനവുമായ നിൎദ്ദേശം. സമുദായത്തിലെ ഭിന്നതകൾ പരിഹരിക്കുവാൻ വേണ്ടി അദ്ധ്യക്ഷസ്ഥാനമൊഴിയുവാൻ താൻ സന്നദ്ധനാണെന്നു ചങ്ങനാശേരി മദ്ധ്യസ്ഥന്മാരേയും മരുത്തൂൎകുളങ്ങര നായർസമാജക്കാരേയുമറിയിച്ചു. എന്നാൽ, കേവലം വ്യക്തിവിദ്വേഷപരവും തത്വരഹിതവുമായ ഈ നിൎദ്ദേശം സ്വീകരിക്കുവാൻ മരുത്തൂൎകുളങ്ങര നായർസമാജക്കാർ വിസമ്മതിച്ചു. ചങ്ങനാശേരി അദ്ധ്യക്ഷപദം നിരാകരിക്കുകയാണെങ്കിൽ സമ്മേളനംതന്നെ വേണ്ടെന്നു വയ്ക്കുകയോ, സ്വാഗതസംഘാദ്ധ്യക്ഷന്റെ അഗ്രാസനാധിപത്യത്തിൻകീഴിൽ യോഗം നടത്തുകയോ ചെയ്യുമെന്നവർ ഭീഷണിപ്പെടുത്തി.

ള്ളതിനിടയ്ക്കു മററു ചിലർ മരുത്തുംകുഴിസമ്മേളനത്തിൻെറ ആദ്ധ്യക്ഷം സ്വീകരിക്കണമെന്നപേക്ഷിച്ചുകൊണ്ടു് എൻ. രാമൻപിള്ളയെ സമീപിക്കയുണ്ടായി എങ്കിലും അദ്ദേഹം ആ ബഹുമതിയെ നന്ദിപൂർവ്വം ഉപേക്ഷിക്കയാണുണ്ടായതു്. അദ്ധ്യക്ഷപദമൊഴിഞ്ഞുകൊള്ളാമെന്നു ചങ്ങനാശേരിയിൽ നിന്നു സുനിശ്ചിതമായ ഉറപ്പു ലഭിച്ചെങ്കിലും, കേരളീയനായർസമാജത്തിൻെറ ഉപാധികൾ മരുത്തുംകുഴിസമാജഭാരവാഹികളെക്കൊണ്ടംഗീകരിപ്പിക്കുക സാധ്യമല്ലെന്നു ബോധ്യമുണ്ടായിരുന്ന സന്ധിസംഭാഷണക്കാരിൽ പ്രമുഖനായ ദിവാൻബഹദൂർ എ. ഗോവിന്ദപ്പിള്ള രാജിയാലോചനകൾ തുടൎന്നുകൊണ്ടു പോകുവാൻ വിസമ്മതിച്ചു രംഗത്തുനിന്നു പിന്മാറി. ഈ പരിതഃസ്ഥിതികളിൽ അദ്ധ്യക്ഷപദമൊഴിയുന്നതുകൊണ്ടു മരുത്തുംകുഴിസമാജക്കാരെ നിരാശപ്പെടുത്താമെന്നുള്ളതിൽ കവിഞ്ഞു യാതൊരു പ്രയോജനവുമുണ്ടാകുവാനില്ലെന്നു ബോധ്യപ്പെട്ടതുകൊണ്ടു് ചങ്ങനാശേരി ആ സാഹസത്തിനൊരുങ്ങിയതുമില്ല. കേരളീയനായർസമാജസമ്മേളനവും, സമസ്തകേരളീയനായർസമുദായസമ്മേളനവും അവയ്ക്കു നിശ്ചയിച്ചിരുന്ന രണ്ടു തീയതികളിലായി പ്രത്യേകം പ്രത്യേകം നടന്നു. അങ്ങിനെതന്നെയായിരുന്നു അവ നടക്കേണ്ടിയിരുന്നതെന്നു് അനന്തരസംഭവങ്ങൾ തെളിയിച്ചു. എന്തുകൊണ്ടെന്നാൽ നേതാക്കന്മാരുടെ വ്യക്തിവിദ്വേഷങ്ങൾ ഏതു രീതിയിലായിരുന്നാലും സമുദായപരിഷ്കരണാദർശങ്ങളെ സംബന്ധിച്ചിടത്തോളം സാമാന്യജനങ്ങൾക്കുണ്ടായിരുന്ന ഏകരൂപമായ അഭിപ്രായങ്ങളെ രണ്ടു സമ്മേളനങ്ങളും രേഖപ്പെടുത്തി.

# അദ്ധ്യായം ൧൭

കേരളീയനായർസമാജത്തിന്റെ ആഭിമുഖ്യത്തിലുള്ള സമ്മേളനം മുൻനിശ്ചയമനുസരിച്ചു ൯൩-തുലാമാസം ൧൫-ാം തീയതി പകൽ പതിനൊന്നു മണിക്കു വിക്ടോറിയാജൂബിലി ടൌൺഹാളിൽവച്ചു കൂടി. അതിനെപ്പററി അക്കാലത്തു 'കേരളകൌമുദി'പത്രത്തിൽ ചേർത്തിരുന്ന സജീവമായ വിവരണത്തെക്കാൾ കൂടുതൽ ഭാഗിയായ ഒരു ചിത്രം രചിക്കുക സാദ്ധ്യമല്ല.

"പതിനൊന്നു മണിക്കു യോഗം ആരംഭിച്ചു. ഈശ്വരപ്രാർത്ഥനയോടുകൂടിയാണു യോഗം ആരംഭിച്ചതു്..........അനന്തരം മി. പി. കെ. കേശവപിള്ളയുടെ ഉപക്രമപ്രസംഗം ആരംഭിച്ചു. അതു് അന്യത്ര ചേർത്തിട്ടുള്ളതുകൊണ്ടു് അതിനെപ്പററി യാതൊന്നും പറയുന്നില്ല............അഞ്ചു പ്രധാന വിഷയങ്ങളെപ്പററിയാണു് അദ്ദേഹം പ്രസംഗിച്ചതു്. അതിൽ അഞ്ചാമത്തേതു് ഇതരസമുദായങ്ങളുമായുള്ള മൈത്രിയായിരുന്നു. ഈയിടെ ഹിന്ദുസ്ഥാനമൊട്ടുക്കും, കേരളത്തിലും ഇതു പ്രസംഗവിഷയമായിത്തീർന്നിരുന്നതുകൊണ്ടും, കാലവിശേഷത്താൽ അങ്ങുമിങ്ങും ചില സാമുദായികകലഹങ്ങൾ ഉണ്ടായിക്കാണുന്നതുകൊണ്ടും, പൌരസമത്വവാദം, ഈഴവരുടെ ക്ഷേത്രപ്രവേശനവാദം മുതലായി പല പുതിയ വാദങ്ങളും കേരളീയജനസമുദായമദ്ധ്യത്തിൽ ആവിർഭവിച്ചിരിക്കുന്നതുകൊണ്ടും, ഈയിടെ "ദേശാഭിമാനി" നേരിട്ടു് അദ്ധ്യക്ഷനോടു് ഈ വിഷയത്തെപ്പററി അഭിപ്രായം ചോദിച്ചിരിക്കുന്നതായി കണ്ടതുകൊണ്ടും, പ്രസംഗത്തിന്റെ ഈ ഭാഗം ഞാൻ കൂടുതൽ ഉൽക്കണ്ഠയോടുകൂടി ശ്രദ്ധിച്ചിരുന്നു. മിതഭാഷിയായ അദ്ദേഹം അതിനെക്കുറിച്ചു് എല്ലാവർക്കും അറിയാവുന്ന പൊതുപ്രമാണങ്ങൾ മാത്രം പറഞ്ഞു് ഈ അഞ്ചാമത്തെ സംഗതിയെ അഞ്ചു ചെറുവാചകങ്ങളിൽ വളരെ എളുപ്പം അവസാനിപ്പിച്ചു. വിഷയവിഭാഗം അനുസരിച്ചു് ഒന്നാമതായി പറയേണ്ടിയിരുന്ന "ഭാഗനിയമം" എന്ന വിഷയത്തെക്കുറിച്ചു് അദ്ദേഹം ഒടുവിലാണു പ്രസംഗിച്ചതു്. തൽക്കാലം താവഴിഭാഗം മതിയെന്നും, വിവാ

ഹത്തിനു സ്വസ്ഥിരത വന്നതിനുശേഷം ആൾവീതം ഭാഗവും, മക്കത്തായവും ആഗ്രഹിക്കാമെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗസാരം. ഈ അഭിപ്രായത്തിന് അനുകൂലമായിട്ടായിരുന്നു സമാജനിശ്ചയങ്ങളെ ക്രമപ്പെടുത്തിയിരുന്നതു്. എന്നാൽ സമാജഭാരവാഹികളുടെ ആഗ്രഹംപോലെയല്ല സംഗതികൾ അവസാനിച്ചതു്."

"അദ്ധ്യക്ഷപ്രസംഗത്തിനുശേഷം സെക്രട്ടറിയുടെ റിപ്പോൎട്ട് വായനയായിരുന്നു. റിപ്പോർട്ട് അല്പം വായിച്ചുകഴിഞ്ഞപ്പോൾ മി. ജി. രാമൻമേനോൻ എം. എ. മുതലായവരാൽ അനുഗതനായിട്ടു ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള അവർകൾ ബി. എ. ബി. എൽ. സഭയിൽ സന്നിഹിതനായി. അതുവരെ ഏതാണ്ടു നിരുത്സാഹികളെപ്പോലെ ഇരുന്നിരുന്ന സദസ്യരുടെ ഇടയിൽ പെട്ടെന്നൊരു പുതിയ ചൈതന്യം ഉണ്ടായതുപോലെ കാണപ്പെട്ടു. ഏകദേശം രണ്ടു മിനിട്ടുനേരത്തേയ്ക്കു തുടൎച്ചയായി ഹസ്തതാഡനം നടന്നുകൊണ്ടിരുന്നപ്പോൾ മാർക്വിസ് അഫ് വെല്ലസ്‌ലിയെക്കുറിച്ചു ചരിത്രകാരന്മാർ പറയുമ്പോലെ, മി. പരമേശ്വരൻപിള്ളയെക്കുറിച്ചും "പ്രതിഥനായ കൊച്ചുമനുഷ്യൻ" എന്നു പറയുന്നതിൽ വളരെ അബദ്ധമില്ലെന്നെനിക്കു തോന്നി. സ്വതന്ത്രവും, ധീരവും, അവക്രവുമായ ഒരു മനസ്സാക്ഷി, സേവയ്ക്കോ, സ്വകാൎയ്യലാഭത്തിനോ ലഘുമൂല്യങ്ങളായ ശ്ലാഘാവചനങ്ങൾക്കോ, വൈരനിൎയ്യാതനത്തിനോ വേണ്ടി മനസ്സാക്ഷിയെ ബലികഴിക്കാത്ത സ്വഭാവദാർഢ്യം, ഇത്യാദി വീരപുരുഷോചിതങ്ങളായി ഒരു നായകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ ഇത്രയും തികച്ചു് ഈ "പ്രതിഥനായ കൊച്ചുമനുഷ്യ"നിൽ കാണുന്നതിനെക്കുറിച്ചു് എനിക്കു ലേശം അത്ഭുതം തോന്നുന്നില്ല. തിരുവിതാംകൂറിലെ സമുദായനേതാക്കന്മാരായിരുന്നു് യശോമാത്രശരീരശേഷന്മാരായിത്തീൎന്നിട്ടുള്ള കാവാലം നീലകണ്ഠപ്പിള്ള, നായർസമുദായജനയിതാവു സി. കൃഷ്ണപിള്ള മുതലായ വന്ദ്യഗുരുഭൂതന്മാരുടെ അനുഗൃഹീതശിഷ്യനായ ഇദ്ദേഹം ഒരു പൊതുകാൎയ്യപ്രസക്തന്റെ നിലയിൽ പ്രവൃത്തിരംഗത്തിലിറങ്ങിയിട്ടു് ഇപ്പോൾ പതിനാറു കൊല്ലം തികഞ്ഞിട്ടുണ്ടെന്നാണെന്റെ

ാമ്മ. ൧൦൮൦-ാമാണ്ടത്തെ പ്രസിദ്ധമായ നായരീഴവലഹളയെ സമാധാനപ്പെടുത്തുന്നതിനു ചെയ്തതായ വിജയകരമായ ശ്രമമാണു് ഇദ്ദേഹത്തിന്റെ പൊതുകാര്യരംഗത്തിലേയ്ക്കുള്ള അരങ്ങേററമെന്നു തോന്നുന്നു. ആറേഴു കൊല്ലം മുമ്പേ പെരിനാട്ടു നായന്മാരിൽ ചിലർ നടത്തിയ അക്രമങ്ങളാൽ അവശരായ പുലയന്മാരുടെ കല്ലുമാലക്കലാപം ശമിപ്പിക്കാൻ കൊല്ലത്തു നടത്തിയ യോഗത്തിനു്, ൧൦൮൦-ാമാണ്ടത്തെ യോഗത്തിൽ കൂട്ടിത്തരക്കാരനായിരുന്ന ഇദ്ദേഹം, ആദ്ധ്യവസായക്കാരനായി അഗ്രാസനം വഹിച്ചുകണ്ടപ്പോൾ, മി. പരമേശ്വരൻപിള്ള എത്ര നാൾ കൂടി കഴിഞ്ഞാലാണു് ഇനി തിരുവിതാംകൂറിലെ പൊതുജനസമുദായനേതൃത്വം വഹിക്കുവാൻ ജനങ്ങളാൽ പ്രതിഷ്ഠിതനായിത്തീരുന്നതെന്നു ഞാൻ ആലോചിച്ചു. ഏതായാലും അതിനനുകൂലമായ കാലത്തിന്റെ അരുണോദയമായിത്തുടങ്ങിയിട്ടുണ്ടെന്നു് എനിക്കു തോന്നുന്നു. കഴിഞ്ഞ ഏതാനും കൊല്ലങ്ങളിൽ സംഭവിച്ച ഭൂലോകകലാപത്താൽ പ്രബുദ്ധമായ ഒരു വലിയ യുവജനസൈന്യം അദ്ദേഹത്തിന്റെ കൊടിക്കീഴിൽ വേല ചെയ്വാൻ തയ്യാറായി നിൽക്കുന്നുണ്ടു്. യുവാക്കന്മാർ മാത്രമല്ല, മി. മുരണിയിൽ ഗോവിന്ദപ്പിള്ള മുതലായി യുവഹൃദയമുള്ള വൃദ്ധന്മാരും അദ്ദേഹത്തിന്റെ നേതൃത്വത്തെ കാംക്ഷിക്കുന്നുണ്ടെന്നു തോന്നുന്നു. മി. പരമേശ്വരൻപിള്ള പ്രസിഡൻറായിരിക്കുന്ന നായർസേവാസംഘം തിരുവിതാംകൂറിലെ ആദ്യത്തെ സേവാസംഘമാകുന്നു. ഈ സംഘത്തിന്റെ ശ്രമഫലങ്ങളുടെ മൂർത്തീഭൂതദൃഷ്ടാന്തങ്ങൾ മററു ചില സംഘങ്ങളുടെ അമൂർത്തഫലപ്രസംഗത്തെക്കാൾ ജനങ്ങൾക്കു വിശ്വാസജനകങ്ങളായിത്തീർന്നിട്ടുണ്ടെന്നു സംശയം കൂടാതെ പറയാവുന്നതാണു്. ഇത്യാദി കാരണങ്ങളാൽത്തന്നെയായിരിക്കണം ഈ പ്രതിഭനായ കൊച്ചുമനുഷ്യന്റെ ആഗമനത്തെ സഭ്യർ ഹസ്തതാഡനാഘോഷണംകൊണ്ടു സൽക്കരിച്ചതു്..........."

"സെക്രട്ടറിയുടെ റിപ്പോർട്ടിൽ സമാജത്തിൽനിന്നും അയച്ചിരുന്ന ചോദ്യപത്രത്തിനുത്തരമയച്ചവരിൽ ൬൦൦ പേർ ആളോഹരിഭാഗത്തേയും, ൪൦൦ പേർ തായവഴിഭാഗത്തേയും അനുകൂലിച്ചു മറുപടി അയച്ചിട്ടുണ്ടായിരുന്നു എന്നു കാണുന്നുണ്ടു്...............ആളോഹരിഭാഗം അഭിലഷിച്ച സാക്ഷി

കളിൽ ചിലർ മുരണിയിൽ ഗോവിന്ദപ്പിള്ള അവർകളുടെ പ്രേരണയുടെ വശംവദരായി അങ്ങിനെ ചെയ്തതാണെന്നു സൂചിപ്പിച്ച് ആ വാദത്തിന്റെ ശക്തിയെ കുറയ്ക്കുവാൻ നായർ സമാജറിപ്പോർട്ടുകാരൻ ശ്രമിച്ചിട്ടുണ്ട്."

"റിപ്പോർട്ടുവായന കഴിഞ്ഞതിനുശേഷം നിശ്ചയങ്ങൾ ഓരോന്നായി പാസ്സാക്കിത്തുടങ്ങി..............ഒൻപതാമത്തെ നിശ്ചയം ഭാഗം അനുവദിക്കണമെന്നും, പത്താമത്തെ സർവ്വ പ്രധാനമായ നിശ്ചയം തൽക്കാലം താവഴിഭാഗം മതിയെന്നും, ഉള്ളതായിരുന്നു. നായർറഗുലേഷൻ പരിഷ്കരിക്കുവാനുള്ള ബില്ലിന്റെ പ്രയോക്താവായിരിക്കുന്ന പ്രസിദ്ധനായ മി. സി. രാമൻതമ്പി ബി. എ. ബി. എൽ. ആയിരുന്നു ഈ നിശ്ചയം ഹാജരാക്കിയത്. മി. എ. എം. കുമാരപിള്ള അതിനെ പിൻതാങ്ങി. ഉത്തരോത്തരം രസകരങ്ങളും ഉജ്വലങ്ങളുമായിത്തീർന്നിരുന്ന സമാജനടപടികളിൽ സദസ്യർ ഗാഢോൽക്കണ്ഠയോടു ശ്രദ്ധിച്ചുതുടങ്ങി. വാൾവെച്ചശേഷം സി. മാധവൻപിള്ള അവർകൾ ഈ നിശ്ചയത്തെ ശക്തിയോടും യുക്തിയോടുംകൂടി എതിർത്തു..............ആളോഹരിഭാഗത്തിനും മക്കത്തായത്തിനും അനുകൂലമായി ഓരോ ന്യായങ്ങൾ തുടരെത്തുടരെ പറഞ്ഞുതുടങ്ങിയപ്പോൾ സദസ്യർ ഉത്സാഹപൂർവ്വം ഹസ്തതാഡനം ചെയ്തുകൊണ്ടിരുന്നു. മരുമക്കത്തായമഹാമരത്തിന്റെ നാരായവേരിൽ വാൾവെച്ചശേഷം മാധവൻപിള്ള അവർകൾ വാൾവെച്ചു എന്നുതന്നെ പറയാം. എന്നാൽ ആ മരത്തെ തള്ളി മറിച്ചിട്ടു നാരുനാരായി കീറുന്നതിനു ബലിഷ്ഠനും കുശലനും പ്രസംഗചതുരനുമായ ഒരു യുവാവു പ്ലാറ്റ്ഫാറത്തിൽ കയറി സിംഹനാദം മുഴക്കിത്തുടങ്ങിയപ്പോൾ സദസ്സിലുണ്ടായ ഹസ്തതാഡനകോലാഹലം അവർണ്ണനീയമായിരുന്നു. ഈ യുവാവിനെ തലേദിവസം രാത്രിയിൽ റെയിൽവണ്ടിയിൽ വെച്ചു കണ്ടിരുന്നു എങ്കിലും, ആരാണെന്നു തിരിച്ചറിയുവാൻ കഴിഞ്ഞില്ലായിരുന്നു. പ്രസംഗമദ്ധ്യേ മി. ജി. രാമൻമേനോനിൽ നിന്നാണ് ഈ യുവാവു മി. എം. എൻ. നായർ ബി. എ-യാണെന്ന് എനിക്കു മനസ്സിലായത്. അദ്ദേഹത്തെപ്പോലുള്ള പ്രസംഗചാതുര്യമുള്ള അര ഡസൻ ആളുകൾ തിരുവിതാംകൂറിലുണ്ടായാൽ തിരുവിതാംകൂറിലെ ഉദ്. പത്രങ്ങൾകൂടിയുണ്ടാ

ക്കുന്നതിനെക്കാൾ ശക്തിമത്തായ ജനാഭിപ്രായപ്രകടനം സുസാദ്ധ്യമായിത്തീരുമായിരുന്നു എന്നെനിക്കു തോന്നി. മി. എം. എൻ. നായരുടെ വാദപ്രഹരം മേൽക്കുമേൽ ശക്തിയോടുകൂടി ഏററുതുടങ്ങിയപ്പോൾ താവഴിഭാഗകക്ഷിക്കാരുടെ സകല നാഡികളും തളർന്നു എന്നുതന്നെ പറയാം. അര മണിക്കൂറിനെ അഞ്ചു നിമിഷമാക്കി തോന്നിപ്പിച്ചുകൊണ്ടു ഈ യുവാവു വിജയിയായി പ്ലാററുഫാറത്തിൽ നിന്നിറങ്ങിയപ്പോൾ മി. ജി. രാമൻമേനോൻ എം. എ. പ്ലാററുഫാറത്തിൽ കയറി. കൊടുങ്കാററിന്റെ പിന്നാലെയുള്ള ശാന്തത അദ്ദേഹത്തിന്റെ പ്രസംഗത്തിനുണ്ടായിരുന്നു എങ്കിലും, മക്കത്തായത്തിനനുകൂലമായ അദ്ദേഹത്തിന്റെ സൂക്ഷ്മബുദ്ധിയോടുകൂടിയ വാദങ്ങൾ യുക്തിയുക്തങ്ങളും പ്രതിയോഗികളാലും ആദരണീയങ്ങളുമായിരുന്നു. കൽക്കുളം കുമാരപിള്ള മുതലായ സുസമ്മതന്മാരായ യോഗ്യന്മാർകൂടിയും താവഴിഭാഗംകൊണ്ടു തൽക്കാലം തൃപ്തിപ്പെട്ടാൽ മതിയായിരുന്നു എന്നുള്ള അഭിപ്രായക്കാരായിരുന്നു എന്നുവരികിലും, വലിയ ഭൂരിപക്ഷം ആളോഹരിഭാഗത്തിന് അനുകൂലമായിരുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.........
......ഈ യോഗത്തിൽ താവഴിഭാഗത്തിന് അനുകൂലമായ നിശ്ചയങ്ങൾ പാസാക്കണമെന്നുള്ള പ്രത്യേക ഉദ്ദേശം യോഗപ്രവത്തകന്മാക്കുണ്ടായിരുന്നു എങ്കിലും, പ്രവത്തകന്മാരിൽ പ്രമാണിയായിരുന്ന മി. പി. കെ. കേശവപിള്ള ഉദ്ദേശ്യവിപരീതമായ വഴിക്കു സംഗതികൾ ഉരുണ്ടുപോകുന്നു എന്നുകണ്ടിട്ടും, അക്ഷോഭ്യനും നിഷ്പക്ഷപാതിയുമായിരുന്ന് അദ്ധ്യക്ഷകൃത്യങ്ങൾ നിർവ്വഹിക്കുന്നതിൽ കാണിച്ച മനസ്സാന്നിദ്ധ്യം അദ്ദേഹത്തിന്റെ ശത്രുക്കളാൽപ്പോലും മുക്തകണ്ഠം ശ്ലാഘനീയമായിരുന്നു എന്നു സംശയംകൂടാതെ പറയാവുന്നതാണ്............
ഏതായാലും ഒരു സംഗതി തീച്ചതന്നെ. മരുമക്കത്തായത്തിന്റെ മരണശാസനം എഴുതിക്കഴിഞ്ഞു."

കേരളീയനായർസമാജത്തിന്റെ ചരമശാസനവും ഈ സമ്മേളനത്തിൽവച്ചുതന്നെ ലിഖിതപ്പെടുത്തി. അതിനുശേഷം പിന്നീടൊരിക്കലും കേരളീയനായർസമാജത്തിന്റെ നാമധേയം പുറത്തു കേട്ടിട്ടില്ല.

നായർസമുദായപരിഷ്കരണശ്രമങ്ങളുടെ സുദീർഘമായ ചരിത്രത്തിൽ അതിപ്രാധാന്യമർഹിക്കുന്ന മരുത്തുംകുഴിസമ്മേളനം തുലാം ൨൪-ം ൨൫-ം തീയ്യതികളിൽ മരുത്തുംകുഴി നായർസമാജത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുവച്ചു കൂടി. തുലോം വിപുലമായ തോതിൽ സമ്മേളനം വിജയകരമായി നടത്തുന്നതിനു വേണ്ട എല്ലാ ഒരുക്കങ്ങളും യോഗഭാരവാഹികൾ കാലേകൂട്ടി ചെയ്തുതീർത്തിരുന്നു. തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽനിന്നും രണ്ടായിരത്തോളം പ്രതിനിധികൾ യഥാകാലം സമ്മേളനത്തിൽ സന്ധിക്കുന്നതിനായി തിരുവനന്തപുരത്തെത്തിച്ചേർന്നു. മലബാറിൽ നിന്നുപോലും അപൂർവ്വം ചില പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കുകൊണ്ടു. തിരുവനന്തപുരത്തിനു പുറത്തുനിന്നും വന്നുചേർന്നിരുന്ന പ്രതിനിധികൾക്കു ഭക്ഷണത്തിനും താമസത്തിനും മററുമുള്ള സൌകര്യങ്ങൾ ചെയ്തുകൊടുക്കുവാൻ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. നായർസമുദായത്തിന്റെ അന്നുവരെയുള്ള സകല ഉൽക്കർഷത്തിനും ഉൽബുദ്ധതയ്ക്കും കാരണക്കാരനായി, മരണപര്യന്തം സമുദായഭക്തന്മാർക്കാവേശജനകമായ നേതൃത്വം നല്കി പ്രശോഭിച്ചിരുന്ന, സീ. കൃഷ്ണപിള്ളയുടെ ഭൌതികാവശിഷ്ടങ്ങൾ അന്ത്യവിശ്രമംകൊണ്ടിരുന്ന പുണ്യഭൂമിയിൽനിന്നും ഏതാനും വാരകൾമാത്രം അകലെ സ്ഥിതിചെയ്യുന്ന കുന്നിൻചരുവിലായിരുന്നു, സമ്മേളനം നടത്തുന്നതിനുള്ള ഗംഭീരമായ പന്തൽ അതിമനോഹരമായി കെട്ടി അലങ്കരിച്ചിരുന്നത്. മൂവ്വായിരത്തിൽപരം ജനങ്ങൾക്കു സൌകര്യമായിരുന്നു യോഗനടപടികൾ വീക്ഷിക്കുവാൻ വേണ്ടത്ര വിസ്തൃതിയോടുകൂടിയാണ് ആ പന്തൽ നിർമ്മിച്ചിരുന്നത്. തിരുവനന്തപുരത്തെ പേരും പെരുമയുമുള്ള മിക്ക നായർകുടുംബങ്ങളിലേയും മാന്യമഹതികൾ ഉൾപ്പെടെ ഒട്ടനേകം സ്ത്രീകൾ സമ്മേളനത്തിൽ സന്ധിച്ചിരുന്നു. സമ്മേളനം ആരംഭിക്കുവാനുള്ള സമയമടുത്തുകഴിഞ്ഞപ്പോൾ മനുഷ്യശിരസ്സുകളുടെ ഒരു മഹാസമുദ്രമല്ലാതെ യോഗസ്ഥലത്തു മറ്റൊന്നും കാണുവാൻ കഴിയുമായിരുന്നില്ല. സമ്മേളനത്തിന്റെ പ്രാതിനിധ്യസ്വഭാവവും, അതിന്റെ നടത്തിപ്പിനായി ഭാരവാഹികൾ ഏർപ്പാടുചെയ്തിരുന്ന സജ്ജീകരണങ്ങളുടെ വൈപുല്യവും, അവിടെവച്ചു ചെയ്ത തീരുമാനങ്ങളുടെ ദൂരവ്യാപകങ്ങളായ ഫലങ്ങളും, ഒന്നിച്ചുചേർത്തു പരിഗണിച്ചാൽ ഈ സമ്മേ

ളനം തിരുവിതാംകൂറിൽ നടത്തിയിട്ടുള്ള മറേറതൊരു നായർ മഹാസമ്മേളനത്തേയും അപേക്ഷിച്ചു കൂടുതൽ പ്രാധാന്യം വഹിക്കുന്ന ഒന്നായിരുന്നു എന്നു നിരാക്ഷേപമായി പ്രസ്താവിക്കാം.

നായർസമുദായം ഒരു ദുഘടപ്രതിസന്ധിയിൽക്കൂടി മന്ദമന്ദം പ്രയാണംചെയ്തുകൊണ്ടിരുന്ന കാലമായിരുന്നു അതു്. ശ്രേഷ്ഠമായ ഒരു പുരാതനചരിത്രവും, ഉൽകൃഷ്ടമായ പാരമ്പയ്യങ്ങളും, ഉറച്ച സാമ്പത്തികനിലയുമുള്ള നായർസമുദായത്തെ ആ ഘട്ടത്തിൽ, മദ്ധ്യേമാഗ്ഗം മാംസചക്ഷുസ്സുകൾക്കഗോചരമായി ജലപ്രവാഹത്തിനിടയിൽ ഒളിഞ്ഞുകിടന്ന പാറക്കെട്ടുകളിൽ ചെന്നടിച്ചു ശിഥിലപ്പെട്ടുപോകാതെ, അചഞ്ചലമായ ധീരതയോടും, അന്യൂനമായ സമചിത്തതയോടും അസാധാരണമായ കമ്മപാടവത്തോടും കൂടി നയിച്ചുകൊണ്ടുപോകുവാൻ സുസമ്മതനായ ഒരു കമ്മസചിവന്റെ നേതൃത്വം അത്യന്താപേക്ഷിതമായിത്തീന്നിരുന്നു. ആ നേതൃത്വത്തിനുള്ള അനിഷേധ്യമായ യോഗ്യതകൾ നായർസമുദായത്തിലെ ഭൂരിപക്ഷം ജനങ്ങളും അന്നു ചങ്ങാശേരിയിലാണു ദശിച്ചതു്. ആ ഭാരം അവർ അദ്ദേഹത്തിൽ സമർപ്പിക്കുകയും ചെയ്തു. തന്നിൽ നിക്ഷിപ്തമായിരുന്ന ക്ലേശകരമായ കത്തവ്യങ്ങളുടേയും, ഗുരുതരമായ ഉത്തരവാദിത്വത്തിൻേറയും, ശ്രമകരമായ ഭാരം വഹിക്കുവാനുള്ള പ്രാപ്തിയെപ്പററി ഹൃദയത്തിലലതല്ലുന്ന ഉൽക്കണ്ഠാകുലമായ വികാരസമ്മദ്ദങ്ങളുടെ ഇടയ്ക്കു്, നമ്രശിരസ്കനായി നിന്നുകൊണ്ടാണു ചങ്ങനാശേരി ആ മഹാസമ്മേളനത്തെ അഭിമുഖീകരിച്ചതു്. സമ്മേളനത്തിൻെറ അദ്ധ്യക്ഷസ്ഥാനത്തു നിന്നുകൊണ്ടു് അദ്ദേഹം സ്വസമുദായത്തിനാവശ്യമായിരുന്ന ധീരവും ബുദ്ധിപൂവകവുമായ നേതൃത്വം നൽകി. ചങ്ങനാശേരി ആ സമ്മേളനത്തിൽ ചെയ്ത ദീഘവും കായ്യസമ്പൂണ്ണവുമായിരുന്ന പ്രസംഗം മരുമക്കത്തായദായക്രമത്തിൽനിന്നും കൂട്ടുകുഡുംബഏപ്പാടിൽ നിന്നും ആളോഹരിയിലേക്കും മക്കത്തായത്തിലേയ്ക്കും പരിവത്തനം ചെയ്തുകൊണ്ടിരുന്ന നായർസമുദായം അവരുടെ വിശ്വാസപ്രമാണമായി അംഗീകരിച്ചു. സമുദായത്തിൻെറ ഉല്ക്കഷത്തിനും പുരോഗതിക്കും, ആളോഹരിയും മക്കത്തായവും

അല്ലാതെ മററു യാതൊരു മദ്ധ്യമാർഗ്ഗങ്ങളും പ്രയോജനപ്പെടുകയില്ലെന്നു ദീർഘകാലത്തെ അനുഭവങ്ങൾകൊണ്ടും ആലോചനകൾകൊണ്ടും അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു. ആളോഹരിക്കു പ്രതികൂലമായി യാഥാസ്ഥിതികന്മാർ സാധാരണ കൊണ്ടുവരാറുണ്ടായിരുന്ന ന്യായങ്ങളെ അദ്ദേഹം യുക്തിയുക്തമായി നിരൂപണംചെയ്തു ഖണ്ഡിച്ചു. ആളോഹരികൊണ്ടു സമുദായം എങ്ങിനെ ഉന്നമിക്കുമെന്ന് അദ്ദേഹം കണക്കുകളും ഉദാഹരണങ്ങളുംകൊണ്ടു വിശദമാക്കി. അദ്ധ്യക്ഷപ്രസംഗം മിക്ക ജനങ്ങളുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു വിഷയമായി.

ആ സമ്മേളനത്തിലവതരിപ്പിക്കുവാനുള്ള പ്രമേയങ്ങളെഴുതിയുണ്ടാക്കുവാൻ സാർവ്വത്രികമായ പ്രാതിനിധ്യമുള്ള ഒരു വിഷയനിർണ്ണയക്കമ്മററി ആദ്യദിവസംതന്നെ രൂപവല്ക്കരിക്കപ്പെട്ടിരുന്നു. ദീർഘമായ ആലോചനകൾക്കും, തീഷ്ണമായ വാദപ്രതിവാദങ്ങൾക്കും ശേഷം പ്രസ്തുത കമ്മിററി അംഗീകരിച്ച പ്രമേയങ്ങൾപോലും അതിസൂക്ഷ്മമായ വിമർശനങ്ങൾക്കും ഉദ്വേഗജനകമായ വാഗ്സമരങ്ങൾക്കും ശേഷം മാത്രമാണു പൊതുസമ്മേളനമംഗീകരിച്ചതു്. ഏകഭാര്യാവ്രതത്തെ സംബന്ധിച്ച പ്രമേയമാലോചനയ്ക്കു വന്നപ്പോൾ മി. കയ്യാലം അതിനെ ശക്തിയുക്തം എതിർക്കുകയും, അതിനെത്തുടൎന്നു വാശിപൂർവ്വം നടന്ന ദീർഘമായ വാദകോലാഹലങ്ങൾക്കു ശേഷം വോട്ടെടുത്തപ്പോൾ മുന്നൂററിഇരുപത്തൊന്നു വോട്ടിനെതിരായി മുന്നൂറ്റിഇരുപത്തിരണ്ടു വോട്ടുകൾ പ്രമേയത്തിനനുകൂലമായി ലഭിച്ചതുകൊണ്ടു് ഒരൊററ വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി മാത്രം അതു പാസാകുകയും ചെയ്തു എന്നു പറഞ്ഞാൽ സമ്മേളനത്തിലെ നടപടികൾ കേവലം ഔപചാരികം മാത്രമായിരുന്നില്ലെന്നു വ്യക്തമാകുമല്ലോ! ആളോഹരിയേയും മക്കത്തായത്തേയും സംബന്ധിച്ച സമ്മേളനത്തിലെ അതിപ്രധാനമായ പ്രമേയവും സുദീർഘമായ വാദപ്രതിവാദങ്ങൾക്കു വിഷയമായി. പ്രസ്തുത പ്രമേയത്തെ സംബന്ധിച്ചു് ഇരുപക്ഷത്തേയ്ക്കുമുള്ള വാദങ്ങൾ അവ പ്രകടിപ്പിക്കുവാൻവേണ്ട ശേഷിയും കാര്യബോധവുമുള്ള മാന്യന്മാർ സമ്മേളനസമക്ഷം സമൎപ്പിക്കുകയുണ്ടായി. താവഴിഭാഗതത്വം നായർസമുദായം അംഗീകരിക്കു

ന്നതുകൊണ്ടുണ്ടാകാവുന്ന ഗുണങ്ങളെപ്പററിയുള്ള ഗംഭീരവാദങ്ങൾ ആ കക്ഷികൾ സഭയുടെ മുൻപാകെ ഹാജരാക്കി. വാദപ്രതിവാദങ്ങൾക്കുശേഷം ബഹുഭൂരിപക്ഷത്തോടെ ആളോഹരിയുടേയും മക്കത്തായത്തിൻേറയും തത്വങ്ങൾ സമ്മേളനമംഗീകരിച്ചു. ഈ തത്വങ്ങളെ ആസ്പദമാക്കി ഒരു ബിൽ എഴുതിയുണ്ടാക്കി, നിയമസഭയിൽ അവതരിപ്പിക്കുവാൻ ചങ്ങനാശേരി, മി. കെ. ശങ്കരപ്പിള്ള, മി. കയ്യാലം പരമേശ്വരൻപിള്ള, പി. കെ. നാരായണപിള്ള, മി. സി. രാമൻതമ്പി, മി. ജീ. രാമൻമേനോൻ, മുരണിയിൽ ഗോവിന്ദപ്പിള്ള, ആർ. ഈശ്വരപിള്ള, മി. എ. ജി. മേനോൻ, എം. സി. ശങ്കരപ്പിള്ള എവരടങ്ങിയ ഒരു കമ്മററിയെ കൂട്ടുതൻ അംഗങ്ങളെ ചേക്കുന്നതിനുള്ള അധികാരത്തോട്ടുകൂടി നിയമിച്ചതിനുശേഷം സമ്മേളനം പിരിഞ്ഞു. അങ്ങിനെ ഒരുകാലത്തു നായർസമുദായത്തിൻെറ സർവ്വതോമുഖമായ അഭിവൃദ്ധിക്കും ഔന്നത്യത്തിനും നിദാനമായിരുന്നതും, എന്നാൽ കാലഗതിയുടെ പരിണാമഫലംകൊണ്ടു സമുദായത്തിന്റെ പുരോഗതിക്കും വ്യക്തികളുടെ വികാസത്തിനും പ്രതിബന്ധകാരണമായിത്തീൎന്നുകഴിഞ്ഞിരുന്നതുമായ, മരുമക്കത്തായദായക്രമത്തിൻേറയും കൂട്ടുകുടുംബവ്യവസ്ഥകളുടേയും ഭരതവാക്യം ചൊല്ലിയതു മരുതുംകുഴി നായർസമാജത്തിന്റെ ആഭിമുഖ്യത്തിൽ കൂടിയ സമസ്തകേരളനായർസാമുദായസമ്മേളനത്തിൽവച്ചായിരുന്നു.

# അദ്ധ്യായം ൨൭

അപാരബുദ്ധിമാനും എന്നാൽ അധികാരപ്രമത്തനുമായിരുന്ന സർ. പി. രാജഗോപാലാചാരി ഗവമ്മെൻറിന്റെ ഭരണവൈകല്യങ്ങളെ അതിപരുഷമായ ഭാഷയിൽ വിമശിച്ച സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽനിന്നു നാടുകടത്തി തൻെറ ഭരണത്തെ എന്നേയ്ക്കുമായി കളങ്കപ്പെടുത്തി. അദ്ദേഹത്തിന്റെ അനുഗാമിയായിരുന്ന മന്നത്തു കൃഷ്ണൻനായർ ൯൫-ലെ ഒന്നാംറെഗുലേഷൻ പ്രഖ്യാപനം ചെയ്യുവാൻ മഹാരാജാവുതിരുമനസ്സിനെ ഉപദേശിച്ചു മററുവിധത്തിൽ സംഭവശൂന്യമായിരുന്ന തന്റെ ഭരണകാലത്തെ അപ്രശസ്തവും അനാദരണീയവുമാക്കിത്തീർത്തു. മന്നത്തു കൃഷ്ണൻനായക്കുശേഷം തിരുവിതാംകൂർ ദിവാൻപദത്തെ അധിരോഹണം ചെയ്ത മി. ടി. രാഘവയ്യാ തിരുവനന്തപുരത്തെ വിദ്യാത്ഥികളെ നിദ്ദാക്ഷിണ്യമായും അക്രമമായും കാളേജുവളപ്പിലിട്ടു മർദ്ദിച്ചു പൊതുജനാനുകൂല്യത്തോടുകൂടി ആരംഭിച്ച തൻെറ ഉദ്യോഗജീവിതത്തെ മലിനപ്പെടുത്തി.

മി. രാഘവയ്യാ രാജ്യത്തെ നികുതി വർദ്ധിപ്പിക്കുവാനോ എന്നു തോന്നുമാറു ൯൬-ാമാണ്ടാദ്യം ഒരു പ്രഭാതത്തിൽ, പ്രസ്തുത വഷം തുടങ്ങി വിദ്യാലയങ്ങളിലെ ഫീസു വദ്ധിപ്പിച്ചിരിക്കുന്നതായി ഒരുത്തരവു പുറപ്പെടുവിച്ചു. വിദ്യാലയവഷമാരംഭിച്ച് ഏതാനും മാസങ്ങൾക്കുശേഷം അവിഹിതമായും സ്വേച്ഛാനുസാരമായും പുറപ്പെടുവിച്ച ഈ ഉത്തരവിനെപ്പററി രാജ്യമൊട്ടുക്കു വിദ്യാത്ഥികളുടേയും രക്ഷകത്താക്കന്മാരുടേയും ഇടയ്ക്ക് അമിതമായ അസംതൃപ്തിയും എതിപ്പും പ്രകടമായി. ഗവമ്മെന്റിന്റെ നീതിരഹിതമായ ഈ നടപടിയെ പ്രതിഷേധിച്ചു രാജ്യമൊട്ടുക്കു സംഘടിതമായ ഒരു വിദ്യാലയത്യാഗപ്രസ്ഥാനമാരംഭിക്കുവാൻ തിരുവനന്തപുരത്തെ വിദ്യാത്ഥികൾ നേതൃത്വം നൽകി. തിരുവനന്തപുരത്തെ പ്രധാന വിദ്യാലയങ്ങളിലൊന്നായ വഞ്ചിയൂർഹൈസ്കൂളിലാണ് ഈ പ്രതിഷേധപ്രകടനം

ആരംഭിച്ചതു്. ഒരു പ്രഭാതത്തിൽ പതിവനുസരിച്ചു പ്രസ്തുത വിദ്യാലയത്തിൽ ഹാജരായ ബാലന്മാർ പത്തു മണിക്കു് അവരുടെ ക്ലാസുകൾ വിട്ടിറങ്ങി പൊതുനിരത്തുകളിൽക്കൂടി ഗംഭീരമായ ഒരു ഘോഷയാത്ര നടത്തി. ഒരു വിദ്യാൎത്ഥിയായിരുന്ന കാലംമുതല്ക്കുതന്നെ തിരുവനന്തപുരത്തെ പൊതുക്കാൎയ്യജീവിതത്തിൽ ഗണ്യമായ ഒരു പങ്കു വഹിച്ചിരുന്ന മി. സി. കുട്ടൻനായരുടെ കനിഷ്ഠസഹോദരനും, അന്നു വഞ്ചിയൂർസ്കൂളിലെ ഒരു വിദ്യാൎത്ഥിയുമായിരുന്ന മി. സി. കൃഷ്ണൻനായരാണു പരസ്യമായി ഈ പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിച്ചതു്. വഞ്ചിയൂർസ്കൂളിൽ ആരംഭിച്ച പ്രകടനകൾ ഏതാനും മണിക്കൂറിനുള്ളിൽ കാട്ടുതീപോലെ തിരുവനന്തപുരത്തുള്ള മററു വിദ്യാലയങ്ങളിലേയ്ക്കും പടൎന്നുപിടിച്ചു. വിദ്യാൎത്ഥികൾ കൂട്ടത്തോടെ അദ്ധ്യയനശാലകൾ വിട്ടിറങ്ങി വഞ്ചിയൂർസ്കൂളിൽനിന്നു പുറപ്പെട്ടിരുന്ന ഘോഷയാത്രയിൽ സന്ധിച്ചു നഗരവീഥികളിൽക്കൂടി മാർച്ചു ചെയ്തു. മദ്ധ്യാഹ്നമാകുന്നതിനു മുൻപുതന്നെ തിരുവനന്തപുരത്തെ വിദ്യാലയങ്ങൾ മിക്കതും അടച്ചുപൂട്ടുവാൻ അധികാരികൾ നിൎബ്ബന്ധരായി. തിരുവനന്തപുരം നഗരം പ്രക്ഷുബ്ധമായിച്ചമഞ്ഞു. ഉദ്യോഗസ്ഥലോകവും പൊതുജനനേതാക്കന്മാരും എന്തുചെയ്യണമെന്നറിയാതെ അമ്പരന്നു. വിദ്യാൎത്ഥികളെ നിയന്ത്രിക്കുവാനോ, ഉപദേശിക്കുവാനോ, നയോപായങ്ങൾകൊണ്ടു സാന്ത്വനപ്പെടുത്തുവാനോ വേണ്ട വിപദിധൈൎയ്യം പോലും ആൎക്കുമുണ്ടായില്ല. സായാഹ്നമായപ്പോഴേയ്ക്കു് ഒരു വൻപിച്ച ഘോഷയാത്രയും പ്രകടനവും നടത്തിയതിനുശേഷം വിദ്യാൎത്ഥികൾ പുത്തൻകച്ചേരിമൈതാനത്തു വന്നുചേൎന്നു. അനന്തരം ഒരു മഹായോഗം കൂട്ടുവാനുള്ള ആലോചനകളായി. ആരെയാണു് അദ്ധ്യക്ഷസ്ഥാനത്തേയ്ക്കു ക്ഷണിക്കേണ്ടതെന്നുള്ള പ്രശ്നം വിദ്യാൎത്ഥികളുടെ ഇടയിൽ ദീൎഘമായ ആലോചനകൾക്കോ അഭിപ്രായാന്തരങ്ങൾക്കോ ഇട നൽകിയില്ല. പ്രചണ്ഡമായ രാഷ്ട്രീയപ്രക്ഷോഭണങ്ങൾക്കാവേശജനകമായ നേതൃത്വം നൽകുവാനായാലുംശരി, ഉൽഘടകരങ്ങളായ സമുദായപരിഷ്കരണശ്രമങ്ങളെ ബുദ്ധിപൂൎവ്വം നയിച്ചുകൊണ്ടുപോകുവാനായാലുംശരി, വിദ്യാൎത്ഥികളുടെ യുവസഹജമായ അസംതൃപ്തിപ്രകടനങ്ങളെ ഉപദേശരൂപേണ സാന്ത്വനപ്പെടുത്തു

വാനായാല്പംശരി, ചങ്ങനാശേരിയെപ്പോലെ സുസമ്മതനും, പ്രശസ്തനും, ഉന്നതനുമായ മററൊരു പൊതുക്കാര്യപ്രസക്തനെ ലഭിക്കുകയെന്നുള്ളത് അന്നത്ര വളരെ എളുപ്പമായിരുന്നില്ല.

അദ്ധ്യക്ഷപദം സ്വീകരിക്കണമെന്നപേക്ഷിച്ചുകൊണ്ടു തന്നെ സമീപിച്ച വിദ്യാൎത്ഥികളുടെ അഭ്യൎത്ഥനയെ ചങ്ങനാശേരി സ്വീകരിച്ചത് അവരുടെ പരാതികളെപ്പററി നിഷ്പക്ഷമായി ആലോചന നടത്തിയതിനു ശേഷമോ, ആ പ്രസ്ഥാനത്തെ നയിക്കുവാനുള്ള സന്നദ്ധതയോടുകൂടിയോ ആയിരുന്നില്ല. വിദ്യാൎത്ഥികളുടെ യുവസഹജമായ വികാരവിക്ഷോഭങ്ങളെ നിയന്ത്രണാധീനമാക്കുന്നതിനും, അവിവേകമായി യാതൊന്നും പ്രവൎത്തിക്കരുതെന്നവരെ ഉപദേശിക്കുന്നതിനും, വേണ്ടി മാത്രമായിരുന്നു അദ്ദേഹം ആ മഹായോഗത്തിൻെറ അദ്ധ്യക്ഷപദം സ്വീകരിക്കാമെന്നു സമ്മതിച്ചത്. സംക്ഷിപ്തമായിരുന്ന തൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ ശാന്തത കൈവെടിയരുതെന്നും, ആലോചനാരഹിതമായ യാതൊരു സാഹസങ്ങൾക്കുമൊരുമ്പെടരുതെന്നും, അദ്ദേഹം വിദ്യാൎത്ഥികളെ ഗുണദോഷിച്ചു. ഫീസു പഴയ രീതിയിൽ കുറവുചെയ്തു കിട്ടുന്നതുവരെ വിദ്യാൎത്ഥികൾ ശാന്തമായി അവരുടെ പണിമുടക്കം തുടൎന്നുകൊണ്ടു പോകണമെന്നും, ഗവൺമെൻറുമായി ആലോചിച്ചു, വിദ്യാൎത്ഥികളുടെ സങ്കടങ്ങൾ പരിഹരിക്കുവാൻ വേണ്ട നടപടി നടത്തുന്നതിന് അദ്ധ്യക്ഷനെ അധികാരപ്പെടുത്തുന്നു എന്നും, രണ്ടു പ്രമേയങ്ങൾ യോഗത്തിൽ പാസാക്കി.

തിരുവനന്തപുരത്താരംഭിച്ച വിദ്യാലയത്യാഗപ്രസ്ഥാനം അല്പദിവസങ്ങൾക്കുള്ളിൽ കന്യാകുമാരിമുതൽ പറവൂർവരെ പടൎന്നുപിടിച്ചു. ഓരോ സ്ഥലങ്ങളിലും വിദ്യാൎത്ഥികൾ കൂട്ടത്തോടെ പാഠശാലകൾ വിട്ടിറങ്ങി, വൻപ്രകടനങ്ങളും മഹായോഗങ്ങളും നടത്തി. പ്രതിഷേധപ്രമേയങ്ങളും മററു നിവേദനങ്ങളുംകൊണ്ട് അധികാരസ്ഥാനങ്ങളിലെ അലമാരികൾ നിറഞ്ഞു. രാജ്യത്തിൻെറ ഒരററംമുതൽ മറെറാരററംവരെയുള്ള വിദ്യാലയങ്ങൾ ഒന്നൊന്നായി അടച്ചുപൂട്ടുവാൻ അധികൃതന്മാർ നിർബദ്ധരായി. അല്പകാലത്തേയ്ക്കു പള്ളിക്കൂടങ്ങൾക്കു

പൊതുവേ അവധി നൽകി ഗവമ്മെൻറു താല്ക്കാലികമായി ഈ ദുർഘടപ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കുവാൻ ശ്രമിച്ചു.

വിദ്യാൎത്ഥികളുടെ മഹായോഗത്തിലെ നിശ്ചയമനുസരിച്ചു ചങ്ങനാശേരി ദിവാൻജിയുമായി ഒരു കൂടിക്കാഴ്ച നടത്തി. വിദ്യാൎത്ഥികളുടെ യുവസഹജമായ പ്രകടനങ്ങളെ ശാന്തബുദ്ധിയോടും സമചിത്തതയോടുംകൂടി വീക്ഷിക്കേണ്ടതാണെന്നും, ഫീസു വർദ്ധിപ്പിക്കുവാനുള്ള ഉത്തരവു താല്ക്കാലികമായിട്ടെങ്കിലും പിൻവലിക്കേണ്ടതാണെന്നും, അദ്ദേഹം ദിവാൻജിയെ ഉൽബോധിപ്പിച്ചു. അനന്തരം ദിവാൻജി അനുദ്യോഗസ്ഥപ്രമാണികളായിരുന്ന പി. കേ. കേശവപിള്ള, മി. വി. എസ്. സുബ്രഹ്മണ്യയ്യർ, ചങ്ങനാശേരി എന്നിവരെ ഔപചാരികമായ ഒരു കൂടിയാലോചനയ്ക്കു ക്ഷണിച്ചു. കൂടിയാലോചന നടക്കുന്നതിനു മുൻപ് ഇവർ മൂന്നുപേരും ഒന്നിച്ചുചേന്നു ദിവാൻജിയോടാവശ്യപ്പെടേണ്ട കാൎയ്യങ്ങളെക്കുറിച്ചു ചില തീരുമാനങ്ങൾ ചെയ്തു. ഫീസു വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവിനെ റദ്ദുചെയ്യണമെന്നു ഗവമ്മെൻറിനോടപേക്ഷിക്കുവാൻ രക്ഷകൎത്താക്കന്മാർ തിരുവനന്തപുരത്ത് ഒരു യോഗം കൂട്ടുവാൻ നിശ്ചയിച്ചിരുന്നു. അതുകൊണ്ടു രക്ഷകൎത്താക്കന്മാരുടെ സമ്മേളനം കൂടി അവരുടെ യോഗനിശ്ചയം നിവേദനരൂപത്തിൽ ഗവമ്മെൻറിനയച്ചുകൊടുക്കുന്നതുവരെ ഫീസു വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവു നടപ്പിൽ വരുത്താതിരിക്കണമെന്നും, ശിക്ഷണനടപടികളൊന്നും കൂടാതെതന്നെ വിദ്യാൎത്ഥികളെ വീണ്ടും പള്ളിക്കൂടങ്ങളിൽ പ്രവേശിപ്പിക്കണമെന്നും, ദിവാൻജിയോടപേക്ഷിക്കുവാനാണ് അനുദ്യോഗസ്ഥപ്രമാണികൾ അവരുടെ ആലോചനായോഗത്തിൽ നിശ്ചയിച്ചതു്. യഥാകാലം ദിവാൻജിയുമായി കൂടിക്കാഴ്ച നടന്നപ്പോൾ അനുദ്യോഗസ്ഥപ്രമാണികൾ മൂന്നുപേരും മുൻനിശ്ചയമനുസരിച്ചുള്ള നിവേദനങ്ങൾ ദിവാൻജിസമക്ഷം സമൎപ്പിക്കയും ചെയ്തു. എന്നാൽ വിദ്യാൎത്ഥികളുടെ പ്രതിനിധിയെന്ന നിലയിൽ ചങ്ങനാശേരി, ഫീസു വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവു പിൻവലിക്കണമെന്നു ദിവാൻജിയോടാവശ്യപ്പെടുകയുണ്ടായില്ലെന്നൊരാക്ഷേപം ഇതിനുശേഷം ജനതാമദ്ധ്യത്തിൽനിന്നു പൊങ്ങി.

ഈ വിഷയത്തെക്കുറിച്ചു പല പത്രപ്രസ്താവനകളും മററു പ്രസിദ്ധീകരണങ്ങളുമുണ്ടായി. എന്നാൽ ൻ൭ ചിങ്ങം ൧൨-ാം തീയ്യതി തമ്പാന്നൂർ വച്ചു കൂടിയ രക്ഷകർത്താക്കളുടെ യോഗത്തിൽ, ഫീസു കൂട്ടിയുള്ള ഉത്തരവു റദ്ദു ചെയ്യണമെന്ന പ്രമേയം പാസാക്കിയതിനുശേഷം താൻ ദിവാൻജിയെക്കണ്ടു ഫീസു കുറവു ചെയ്യേണ്ട ആവശ്യത്തെപ്പററി പ്രത്യേകം നിവേദനം ചെയ്യുകയുണ്ടായിയെന്ന വസ്തുതയെ വെളിപ്പെടുത്തി, ഒരു പത്രപ്രസ്താവന പുറപ്പെടുവിച്ചു, ചങ്ങനാശേരി അസംതൃപ്തരും സംശയാലുക്കളുമായ വിമൎശകന്മാരെ നിരായുധരാക്കിത്തീൎത്തു.

ഗൌരവാവഹമായ പരിതഃസ്ഥിതികളേയും പൊതുജനാഭിപ്രായത്തേയും സമാദരിച്ചു ഗവൎമ്മെൻറ് ആ വഷത്തിൽ ഫീസു വൎദ്ധിപ്പിക്കുകയുണ്ടായില്ല. പുതിയ ഉത്തരവു താൽക്കാലികമായിട്ടെങ്കിലും പിൻവലിക്കുവാൻ ഗവൎമ്മെൻറ് നിൎബന്ധമായി. പക്ഷേ പററിയ തെററു സമ്മതിക്കുവാനും, അതിനെ ന്യായമായി പ്രതിഷേധിച്ച വിദ്യാൎത്ഥികളോട് ഉദാരമായും രമ്യമായും പെരുമാറുവാനും വേണ്ട മഹാമനസ്കതയോ, ഔചിത്യബോധമോ അന്നത്തെ ദിവാൻജിക്കുണ്ടായിരുന്നില്ല. ദിവാൻജിയായിരുന്ന മി. രാഘവയ്യാ മററെല്ലാ സ്വേച്ഛാധികാരികളേയുംപോലെ അദ്ദേഹത്തിൻെറ വഴിപിഴച്ച അന്തസ്സും, ദുരഭിമാനവും കാത്തുരക്ഷിക്കുവാൻതന്നെ നിശ്ചയിച്ചു. മി. സി. കൃഷ്ണൻ നായരുംമററും പ്രക്ഷോഭണത്തിന്റെ നേതൃത്വം വഹിച്ച വിദ്യാൎത്ഥികളുടെ പേരിൽ അധികാരികൾ ശിക്ഷണനടപടികൾ നടത്തി. സംഘടിതമായ വിദ്യാലയബഹിഷ്കരണത്തിന്റെ താല്ക്കാലികവിജയംകൊണ്ടു മതിമറന്നുപോയ വിദ്യാൎത്ഥികളാകട്ടെ, നേതാക്കന്മാരുടെ ശിക്ഷയസ്ഥിരപ്പെടുത്തിയാലല്ലാതെ വിദ്യാലയങ്ങളിൽ വീണ്ടും പ്രവേശിക്കുന്നതല്ലെന്നു ശഠിച്ചു. അധികാരികൾ വിദ്യാൎത്ഥികളുടെ ന്യായമായ ഈ വാദങ്ങൾക്കു വഴങ്ങിയില്ല. സ്ഥിതിഗതികൾ വീണ്ടും പൂൎവ്വാധികം വിഷമകരമായ ഒരു സ്തംഭനാവസ്ഥയിലെത്തിച്ചേൎന്നു. അവധി കഴിഞ്ഞു വിദ്യാലയങ്ങൾ തുറന്നു. വിദ്യാൎത്ഥികൾ അവരുടെ ബഹിഷ്കരണപ്രസ്ഥാനം തുടൎന്നുകൊണ്ടുപോയി. തിരുവനന്തപുരത്തെ മിക്ക വിദ്യാലയങ്ങളും വിജനങ്ങളായിത്തന്നെ കിടന്നു.

പരിതഃസ്ഥിതികൾ വീണ്ടും ഗൌരവാവഹമായ ഒരവസ്ഥയിലേയ്ക്കു ദ്രുതതരമായി പ്രയാണം ചെയ്തുകൊണ്ടിരുന്നതിനാൽ, ചങ്ങനാശേരി, എൻ. രാമൻപിള്ള, മി. മുത്തുനായകംപിള്ള മുതലായ ചില പൊതുജനപ്രമാണികൾ ദിവാൻബഹദൂർ എ. ഗോവിന്ദപ്പിള്ളയുടെ വസതിയിൽ സമ്മേളിച്ചു, കാര്യങ്ങൾ രമ്യമായും സമാധാനപരമായും പര്യവസാനിപ്പിക്കുന്നതിനു വേണ്ട ആലോചനകൾ വീണ്ടും തുടൎന്നുകൊണ്ടുപോയി. തൽക്കാലം റദ്ദുചെയ്യപ്പെട്ട ഫീസു വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവിനെ പുനരുജ്ജീവിപ്പിക്കാതിരിക്കുന്നതിനും, വിദ്യാൎത്ഥികളുടെ പേരിൽ നടത്തിയിട്ടുള്ള ശിക്ഷണനടപടികളെ പിൻവലിക്കുന്നതിനും, ദിവാൻജിയോടപേക്ഷിക്കുവാൻ ആ യോഗത്തിൽവച്ചവർ നിശ്ചയം ചെയ്തു. ഈ ഘട്ടത്തിൽത്തന്നെ പി. കെ. കേശവപിള്ള, മി. ടി. കെ. വേലുപ്പിള്ള, മി. മള്ളൂർ ഗോവിന്ദപ്പിള്ള തുടങ്ങിയുള്ളവർ മറെറാരു യോഗം ചേൎന്നു, ഗവമ്മെൻറു സ്വീകരിച്ചിരുന്ന നിലയെ നിരുപാധികമായി പിൻതാങ്ങിയത്രേ! ദിവാൻബഹദൂർ ഗോവിന്ദപ്പിള്ളയുടെ വസതിയിൽ സമ്മേളിച്ച യോഗം, ദിവാൻജിയെ സമീപിച്ചു വേണ്ട നിവേദനങ്ങൾ സമൎപ്പിക്കുവാൻ ഒരു ഡെപ്യൂട്ടേഷനെ നിയമിക്കണമെന്നു നിശ്ചയിച്ചിരുന്നു എങ്കിലും, ആ വിഷയത്തെപ്പററിയുള്ള കൂടുതൽ വിശദമായ ആലോചനകൾ മറെറാരവസരത്തിലേയ്ക്കു മാററിവയ്ക്കുകയാണുണ്ടായതു്. ഇതിനിടയ്ക്കു തിരസ്കരണിയ്ക്കുള്ളിൽ പല രഹസ്യസംരംഭങ്ങളും, ഗൂഢാലോചനകളും നടന്നു. പെൻഷ്യൻകാരായ ഉദ്യോഗസ്ഥന്മാരെ അവരുടെ ശ്രമങ്ങളിൽനിന്നു പിൻതിരിപ്പിക്കുവാൻ പല ഭീഷണികളും പ്രയോഗിക്കപ്പെട്ടു. ഭീതിജനകങ്ങളായ പല കിംവദന്തികളും അന്തരീക്ഷത്തിൽ പ്രചരിച്ചു. ഡെപ്യൂട്ടേഷനെപ്പററി ആലോചിക്കുവാൻ എൻ. രാമൻപിള്ളയുടെ ഭവനത്തിൽ കൂടിയ യോഗത്തിൽവച്ചു വിദ്യാൎത്ഥികളുടെ സങ്കടങ്ങൾ പരിഹരിക്കണമെന്നപേക്ഷിക്കുന്നതോടുകൂടിത്തന്നെ അവരുടെ ക്രമരഹിതമായ പ്രവൃത്തികളെ നിരുപാധികമായി അപലപിക്കുകകൂടി ചെയ്യേണ്ടതാണെന്നു മി. മുത്തുനായകംപിള്ള അഭിപ്രായപ്പെട്ടു. ഇതു പൊതുവേ അംഗീകരിക്കപ്പെടാത്തതുകൊണ്ടു

മി. മുത്തുനായകംപിള്ള ഡപ്യൂട്ടേഷനിൽ അംഗമായി ചേരുവാൻ വിസമ്മതിച്ചു. ദിവാൻജിയെ സമീപിക്കുവാൻ ഒരു ഡപ്യൂട്ടേഷനെ നിയമിക്കുകയെന്നുള്ള കാര്യം തികച്ചും അപ്രായോഗികമാണെന്ന് ആ യോഗത്തിലെ ആലോചനകൾ വെളിപ്പെടുത്തി. അതുകൊണ്ടു ഫീസു വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവു സ്ഥിരമായി റദ്ദു ചെയ്യുന്നതിലും, വിദ്യാർത്ഥികളുടെ ശിക്ഷകൾ അസ്ഥിരപ്പെടുത്തുന്നതിലും, കുറച്ചുകൂടി മഹാമനസ്കതയും, ദാക്ഷിണ്യബുദ്ധിയും, പ്രദർശിപ്പിക്കണമെന്നും, അങ്ങിനെ വിദ്യാർത്ഥികളുടെ സങ്കടപരിഹാരം വരുത്തി രമ്യമായി കുഴപ്പങ്ങൾ പര്യവസാനിപ്പിക്കണമെന്നും, വിവരിച്ചുകൊണ്ടു ചങ്ങനാശേരിയും, എൻ. രാമൻപിള്ളയും ചേന്നു, ദിവാൻജിക്കൊരു കത്തെഴുതി.

ഇതിനിടയ്ക്കു വിദ്യാർത്ഥികളുടെ ഇടയ്ക്കു സംഭവങ്ങൾ അതിശീഘ്രതയിൽ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കയായിരുന്നു. ൧൦൮൯ കന്നി ൭–ാംനു- കാലത്തു തിരുവനന്തപുരത്തെ ബഹുശതം വിദ്യാർത്ഥികൾ രാജകീയകാളേജുവളപ്പിൽ കൂട്ടംകൂടി നിന്നിരുന്നു. അതൊരദ്ധ്യയനദിനമായിരുന്നു എങ്കിലും വിദ്യാർത്ഥികളിലാരുംതന്നെ അവരുടെ ക്ലാസുകളിലോ, വിദ്യാലയത്തിനകത്തോ കയറുകയുണ്ടായില്ല. അനിയന്ത്രിതമായ വികാരങ്ങളും, വിക്ഷോഭങ്ങളും വിദ്യാർത്ഥികളുടെ ഇടയ്ക്കു പ്രകടമായി. കാളേജുപരിസരങ്ങളിൽ പോലീസുകാരുടെ സാന്നിദ്ധ്യമുണ്ടായിരുന്നതു് അവരുടെ ക്ഷോഭം വർദ്ധിപ്പിച്ചു. അവിവേകികളായ ചിലർ ഈ അവസരത്തെ ദുർവ്വിനിയോഗം ചെയ്യുവാനും മടിച്ചില്ല. കല്ലേറും മററനിഷ്ടസംഭവങ്ങളും നടന്നു. സ്ഥലത്തു, സ്ഥിതിഗതികൾ സൂക്ഷിച്ചുകൊണ്ടുനിന്നിരുന്ന പോലീസ് കമ്മീഷണരുടെ താടിയിൽ ഒരു കല്ലു ചെന്നുകൊണ്ടു മുറിവുണ്ടാക്കി. അദ്ദേഹത്തിന്റെ സമചിത്തതയ്ക്കു വല്ലാത്ത ഇളക്കം തട്ടി. തിരുവനന്തപുരം ഡി: മജിസ്ത്രേട്ടു മി. നാരായണൻ പണ്ടാലയുടെ നിർദ്ദേശമനുസരിച്ചു വിദ്യാർത്ഥികൾ അവിടെ നിന്നിരുന്ന വൃക്ഷച്ചുവട്ടിലിരുന്നു അദ്ദേഹത്തിൻെറ ഉപദേശരൂപത്തിലുള്ള സംഭാഷണങ്ങൾ ശ്രവിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു വലിയ സംഘം പോലീസും, പട്ടാളവും,

തുരുപ്പുകാരും കാളേജുവളപ്പിൽ പ്രവേശിച്ചു നിരായുധരും നിസ്സഹായരുമായി അവിടെ കൂടിയിരുന്ന വിദ്യാൎത്ഥികളുടെ നേരെ പാഞ്ഞുചെന്നു. അവർ ബാററൻതടികളും കൈവശമുള്ള മററായുധങ്ങളും പ്രയോഗിച്ചു വിദ്യാൎത്ഥികളെ നിർദ്ദയമായും ക്രൂരമായും പ്രഹരിക്കുവാൻ തുടങ്ങി. ആശ്ചൎയ്യപരതന്ത്രരായ വിദ്യാൎത്ഥികൾ ഇരുന്നിടത്തു നിന്നെഴുന്നേററു ജീവരക്ഷാൎത്ഥം നാലുപാടും ഓടി. പോലീസും, പട്ടാളവും പ്രാണഭയത്തോടെ നിരാശ്രയരായി കുതിച്ചു മണ്ടുന്ന വിദ്യാൎത്ഥികളെ അനുധാവനംചെയ്തു മർദ്ദിച്ചു. അശ്വാരൂഢരായ പട്ടാളക്കാർ അവരുടെ കുതിരകളെ നാലുപാടും പായിച്ചു, ഭയന്നു മണ്ടുന്ന ബാലന്മാരെ വല്ലാതെ ഭീതിപ്പെടുത്തി. മദ്ധ്യേമാൎഗ്ഗം തളൎന്നു വീണുപോയ വിദ്യാൎത്ഥികൾക്കു ചിലപ്പോൾ ഭടന്മാരുടേയും, കുതിരകളുടേയും ചവുട്ടേല്ക്കേണ്ടിവന്നു. ശരീരശക്തിയുള്ളവർ മതിൽ ചാടി പുറത്തു കടന്നു പാഞ്ഞുപോയി. മററു ചിലർ ആ, ശ്രമത്തിൽ പിടിവിട്ടു നിലത്തു വീണു. പോലീസും, പട്ടാളവും കാളേജുകെട്ടിടത്തിനകത്തു കടന്നു ചെന്നു ക്ലാസുമുറികളിലും മററഭയസ്ഥാനങ്ങളിലും രക്ഷ പ്രാപിച്ചിരുന്ന സാധുബാലന്മാരെ അടിക്കയുണ്ടായി. ഈ കുഴപ്പങ്ങൾക്കിടയിൽ ചില വിദ്യാൎത്ഥികളുടെ അവയവങ്ങൾ ക്ഷതപ്പെട്ടു. മററു ചിലരുടെ ശരീരങ്ങൾ മുറിഞ്ഞു. വിദ്യാൎത്ഥികളിൽ ഭൂരിഭാഗവും കാളേജുവളപ്പിൽനിന്ന് ഒഴിഞ്ഞുപോയതിനുശേഷം പോലീസുകാർ അവരുടെ ജോലി മതിയാക്കി തിരിച്ചുപോയി.

൧൦൮൫ കന്നി ൯-ാംനു-യിലെ മലയാളിയിൽ മെ. എം. ആർ. മാധവവാൎയ്യരും, ജീ. പി. നീലകണ്ഠപ്പിള്ള ബി. എ. ബി. എൽ-ം കൂടി വിദ്യാൎത്ഥിമർദ്ദനത്തെപ്പററി തിരുവനന്തപുരത്തുപോയന്വേഷിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്ന റിപ്പോൎട്ടിൽനിന്ന് ഏതാനും ഭാഗം താഴെ ചേൎക്കുന്നു.............. .................."വിശ്വസ്തനായ ഒരു വിദ്യാൎത്ഥി ഞങ്ങളോടു പറഞ്ഞതിങ്ങിനെയാണ്.........'മി. പിററും അഞ്ചു തുരുപ്പുകാരും കൂടി കിഴക്കേമൈതാനത്തിൻെറ കിഴക്കേ അററത്തുകൂടി വടക്കോട്ടു കുതിരയെ നയിച്ചു. മി. പിററ് കുറെ വടക്കോട്ടു പോയി പെട്ടെന്നു തിരിഞ്ഞു ഗേറ്റിൽ ചെന്നു "ചാർജ്ജ്"എന്നു വിളിച്ചുപറഞ്ഞു. കുന്തം കയ്യിലേന്തി തുരുപ്പുകാരും ബാററൻ

തടി ചുഴററി പോലീസുകാരു ംഅകത്തേയ്ക്കു കുതിച്ചു. അവർ എലിവാണംപോലെ അങ്ങുമിങ്ങുമോടി......................
കുട്ടികൾ ഇരുന്നിടത്തു നിന്നു് എഴുന്നേററു് ഓടുവാൻ തുടങ്ങി. ചിലർ മതിൽ ചാടി അപ്പുറത്തു കടന്നു. പോലീസുകാർ കിളിത്തട്ടു കളിക്കുന്നതുപോലെ ചാടി കയ്യിൽ കിട്ടിയവരെയെല്ലാം തലയ്ക്കും, പുറത്തും, നെഞ്ചത്തും അടിച്ചു. കുതിരകൾ ചെറുപൈതങ്ങളുടെ പുറത്തുകൂടിപ്പാഞ്ഞു. കുന്തംകൊണ്ടു തുരുപ്പുകാർ കുത്തിത്തുടങ്ങി. അപ്പോഴവിടെയുണ്ടായ പിരളിയും നിലവിളിയും അവർണ്ണനീയമാണു്. മൂന്നു നാലു പേർ അടികൊണ്ടു മോഹാലസ്യപ്പെടുന്നതു ഞാൻ കണ്ടു. എന്നെ അടിക്കുവാൻ ഒരാൾ ഓടിവന്നു. ഞാൻ തെക്കേമതിലു ചാടി രക്ഷപ്പെട്ടു. എൻെറ പുറകെ വന്നവരെ തുരുപ്പുകാർ ഓടിച്ചിട്ടു കുത്തുന്നതു ഞാൻ കണ്ടു'.....................പോലീസുകാർ ഉപാദ്ധ്യായന്മാരോടു പെരുമാറിയ രീതിയെപ്പററി ഞങ്ങൾ അന്വേഷണം നടത്തി. മി. ഗോപാലമേനവൻെറ മുറിയിൽ അഞ്ചെട്ടു് ഉപാദ്ധ്യായന്മാർ ഇരുന്നു വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു. ചില പോലീസുകാർ ബാററൺതടിയുമായി അവിടെ പ്രവേശിച്ചപ്പോൾ നിങ്ങൾ ഇവിടെ കയററരുതു്. ഞങ്ങൾ വാദ്ധ്യാന്മാരാണെന്നവർ പറഞ്ഞു. പോലീസുകാർ ശകാരിച്ചുകൊണ്ടകത്തു കയറി ചിലരെയെല്ലാം മർദ്ദിച്ചു..............................
.....................അന്നു വൈകുന്നേരം പോലീസുകാർ കൂട്ടംകൂടി നിന്നു വഴിയേ പോയ അനവധി ആളുകളെ അടിച്ചു. ഉടുപ്പിട്ടവർക്കെല്ലാം അടികൊണ്ടിട്ടുണ്ടു്. ഹജൂരിലെ ചില ക്ലാക്കന്മാക്കും ഷേമം പററിയതായി ഒരു സംസാരമുണ്ടു്. ഞങ്ങൾ അവരെക്കണ്ടില്ല".

ഹിൻെറ കന്നി വ്യ-ാനു-യിലെ സമദർശിറിപ്പോർട്ടു താഴെച്ചേക്കുന്നു.....................“തുരുപ്പുകാർ കുട്ടികളുടെ നേരെ കുതിരയെ ഓടിക്കയും കുന്തംകൊണ്ടു കുത്തുകയും ചെയ്തുതുടങ്ങി. പോലീസുകാർ കയ്യിൽ കിട്ടിയവരെയെല്ലാം കഠിനമായി പ്രഹരിച്ചു. ചില കൊച്ചുകുട്ടികളെ അവർ നിർദ്ദയം തൂക്കിയെടുത്തു് എറിയുകപോലും ചെയ്തു. വിദ്യാർത്ഥികളിൽ പലക്കും കുത്തും അടിയും കണക്കിനു കിട്ടി. അദ്ധ്യാപകന്മാക്കുള്ള ലഘുഭക്ഷണ

മുറിയിലേയ്ക്കു പോലീസുകാർ കടന്നു. അവിടെ ഏതാനും ടൂട്ടറന്മാർ വിശ്രമിച്ചുകൊണ്ടിരുന്നു. അവരെ ബലമായി പിടിച്ചു തള്ളാനും കയ്യേററം ചെയ്യുവാനും ഇവർ മുതിർന്നു. പ്രായാധിക്യവും വേഷവുംകൊണ്ടുതന്നെ അവർ വിദ്യാൎത്ഥികളല്ലെന്നു പോലീസുകാൎക്കറിയാം. ഇതിനുംപുറമെ തങ്ങളുടെ പരമാൎത്ഥം അവർ പറയുകയും ചെയ്തു. അതിനെ വകവയ്ക്കാതെയാണ് ഈ അക്രമങ്ങൾ നടത്തിയത്. മെല്ലിൻെറയും മാർസിന്റെയും ഷാപ്പുകളിൽ നിന്നു സാധുക്കളായ കാഴ്ചക്കാരെപ്പോലും പോലീസുകാർ കഠിനമായി പ്രഹരിച്ചു. പോലീസുകാൎക്കാകട്ടെ നമ്പരുണ്ടായിരുന്നില്ല."

ഫ്രൻെറ കന്നി ൭-ാംതീയതി നടന്ന സംഭവങ്ങളെപ്പററിയുള്ള വിവരങ്ങൾ വായിച്ചറിഞ്ഞശേഷം ഇപ്പോൾ ഉത്തരേന്ത്യയിലെ പ്രധാന നാട്ടുരാജ്യങ്ങളിലൊന്നിൽ ഉയന്ന ഉദ്യോഗസ്ഥനായിരിക്കുന്ന സർദാർ, കെ. എം. പണിക്കർ കന്നി ൧൭-ാംതീയതിയിലെ സമദശിയിൽ താഴേ ചേൎക്കുന്ന ലേഖനം എഴുതിയിരുന്നു......................................
"തിരുവനന്തപുരത്തു കഴിഞ്ഞ ആഴ്ചയിൽ നടന്നതായ സംഭവങ്ങൾ ഓരോ തിരുവിതാംകൂറുകാരന്റേയും ഹൃദയത്തെ രോഷവും ലജ്ജയും കൊണ്ടു നിറയ്ക്കേണ്ടതാണ്. തിരുവിതാംകൂറിലെ തലസ്ഥാനനഗരത്തിൽ പ്രകടിപ്പിക്കപ്പെട്ട അവൎണ്ണനീയമായ ക്രൂരതയെപ്പററിയുള്ള രോഷവും, അതിനുശേഷവും കുഞ്ഞുങ്ങളുടെ രക്തത്തിൽ ആറാടിയ കൈകളോടു കൂടിയ ഒരു ദിവാൻജിയുടെ ഭരണത്തെ നിമിഷനേരത്തേയ്ക്കെങ്കിലും തുടന്നുകൊണ്ടുപോകുവാൻ നാം അനുവദിക്കുന്നതോൎത്തുള്ള ലജ്ജയും. ഇതിനകം പരസ്യമായിത്തീൎന്നിട്ടുള്ള അനിഷേദ്ധ്യങ്ങളായ തെളിവുകളിൽനിന്നു വെളിവാകുന്നതു കഴിഞ്ഞ ൭-ാംതീയതി തിരുവനന്തപുരത്തു നടന്നതായ സംഭവങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സകല ക്രൂരതകളേയും പിന്നിലാക്കിയിരിക്കുന്നു എന്നാണ്. ഉദ്യോഗസ്ഥവൎഗ്ഗത്തിൻെറ വെറും പ്രതീകാരതൃഷ്ണമാത്രമാണു തലസ്ഥാനനഗരത്തെ, രക്തപാനത്തിലേയ്ക്കായി ഭ്രാന്തെടുത്ത പോലീസു കാരുടെ ക്രൂരതാണ്ഡവത്തിലേയ്ക്കായി വിട്ടുകൊടുക്കുവാൻ പ്രേരിപ്പിച്ചിട്ടുള്ളതെന്ന് ഇതിനകം ധാരാളം വെളിപ്പെട്ടിട്ടുണ്ട്. ഇതിലേയ്ക്ക് അവരെ പ്രേരിപ്പിക്കത്തക്ക

വണ്ണം യാതൊരു കോപഹേതുവുമുണ്ടായിട്ടില്ലതാനം. അന്ത സ്സിനെ മാത്രം സംബന്ധിക്കുന്ന ഒരു സംഗതിയായിരുന്നു അത്ര്. പിഞ്ചുപൈതങ്ങളെ കൂട്ടംകൂട്ടമായി മർദ്ദിച്ചെങ്കിൽ മാത്രമേ തൻെറ അന്തസ്സു പരിപാലിക്കുവാൻ സാധിക്കുകയുള്ളൂ എന്നു വിചാരിച്ചുപോയ മി. രാഘവയ്യാ ഈ ആസുരമായ അധമ്മ ത്തിൻെറ ഫലം അനുഭവിക്കുകതന്നെ ചെയ്യും. ജനറൽ ഒഡ യർ ജാലിയൻ വാലായിൽ അനേകസഹസ്രം ആളുകളെ ഒരു സ്ഥലത്തടച്ചിട്ടു വെടിവെച്ചു തൻെറ പരാക്രമം വെളിപ്പെ ടുത്തി. ഈജിപ്തിൽ ഡെൻഷാനായിൽ വച്ച് അവിടത്തെ നിർദ്ദോഷികളായ ഗ്രാമീണർ ഇരുമ്പുകൊണ്ടുള്ള ഇടിക്കട്ടക ളുടെ ഘനം നല്ലവണ്ണം താങ്ങി. ഈ കഥയിലെ വീരന്മാരുടെ എല്ലാം ശൌയ്യപരാക്രമങ്ങൾ പ്രായമുള്ള ആളുകളോടായി രുന്നു എന്നൊരു സമാധാനത്തിനു വഴിയുണ്ട്. എന്നാൽ ചരി ത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ക്രൂരപ്രവൃത്തികൾക്കു മകുടം ചാത്തുവാനുള്ള ഭാഗ്യം മി. രാഘവയ്യായ്ക്കും അദ്ദേഹത്തിൻെറ പോലീസുകമ്മീഷണൎക്കുമാണു കിട്ടിയത്ര്. ബ്രിട്ടീഷ് ഇൻഡ്യ യിലെ സിവിൾസർവ്വീസിൽ നിന്നു നാട്ടുരാജ്യങ്ങളിലെ ഉന്ന തമായ ചുമതലകൾ വഹിക്കുന്നതിന്നായി ഇറക്കുമതി ചെയ്യ പ്പെടുന്ന ആളുകൾ വിചാരിച്ചാൽത്തന്നെയും, മാനവസമുദാ യത്തെ ആകമാനം ബാധിക്കുന്ന നീതിയേയും കരുണയേയും സംബന്ധിച്ച നിയമങ്ങൾ അഴിച്ചെഴുതുവാൻ സാധിക്കയി ല്ലെന്നു കാലം തെളിയിച്ചുകൊള്ളും".

൯൭ കന്നി ൭-ാംതീയതിയിലെ സംഭവങ്ങൾ പുറത്തു വന്നതോടുകൂടി, തിരുവിതാംകൂറിലേ ജനങ്ങൾ ക്ഷോഭംകൊ ണ്ടും, ആശ്ചയ്യംകൊണ്ടും സ്തബ്ധചിത്തരായിത്തീൎന്നു. ജനപ്രമാ ണികൾപോലും ഭീതികൊണ്ടമ്പരന്നുപോയി. ഇതികത്തവ്യതാ മൂഢരായിത്തീൎന്ന പൊതുക്കായ്യപ്രസക്തന്മാൎക്ക്, ആശങ്കാഭരിത രായ സാമാന്യജനങ്ങൾക്കോ, വിദ്യാൎത്ഥികൾക്കോ, കായ്യമായ യാതൊരു നേതൃത്വവും നൾകുവാൻ കഴിഞ്ഞില്ല. അല്പദിവസ ങ്ങളിലേയ്ക്കു് ഉൽബുദ്ധമായ രാജധാനിയിലെ രാഷ്ട്രീയാന്തരീ ക്ഷത്തിൽപോലും യാതൊരു ചലനവുമുണ്ടായില്ല. സവ്വത്ര

ഒരു പ്രശാന്തത വ്യാപിച്ചു. എന്നാൽ ഈ നിശ്ചലതയിൽ നിന്നു പൊതുജനങ്ങൾ പെട്ടെന്നുണന്നു. പ്രതിഷേധപ്രകടനങ്ങൾ രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും കേട്ടുതുടങ്ങി. പത്രങ്ങൾ ഈ വിദ്യാൎത്ഥിവേട്ടയെപ്പറ്റി നിശിതമായ വിമശനങ്ങൾ പ്രസിദ്ധംചെയ്തു. ആവേശജനകങ്ങളായ പ്രസംഗങ്ങളും, ആക്ഷേപകോലാഹലങ്ങളും, പ്രസംഗപീഠങ്ങളിൽനിന്നു പൊങ്ങി. കന്നി 8-ാംതീയ്യതിയിലെ സംഭവങ്ങളെക്കുറിച്ചു നിഷ്പക്ഷമായ ഒരന്വേഷണം നടത്തണമെന്നുള്ള മുറവിളികൊണ്ടു തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷം മുഖരിതമായി. എന്നാൽ ഇതുകൊണ്ടൊന്നും യാതൊരു പ്രയോജനവുമുണ്ടായില്ല. കന്നി 8-ാംതീയ്യതിയിലെ അക്രമങ്ങളെക്കുറിച്ച് ഇന്നുവരെ നിഷ്പക്ഷമായ ഒരന്വേഷണം നടത്തുകയോ, അക്രമകൎത്താക്കളെ കണ്ടുപിടിച്ചു ശിക്ഷിക്കയോ ചെയ്തിട്ടില്ല. നിദ്ദോഷികളും, നിരായുധരും, നിസ്സഹായരുമായിരുന്ന വിദ്യാൎത്ഥികളുടെ നേരേ പ്രയോഗിച്ച ദണ്ഡനശിക്ഷകളെപ്പററിയുള്ള സങ്കടങ്ങൾ ഇന്നും പരിഹരിക്കപ്പെടാതെതന്നെ നിലകൊള്ളുന്നു. വിദ്യാൎത്ഥികളുടെ നായകന്മാരുടെ പേരിൽ നടത്തിയിരുന്ന ശിക്ഷണനടപടികൾ പിൻവലിച്ചതുമില്ല. താൽക്കാലികമായി റദ്ദുചെയ്ത ഫീസു വൎദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് അടുത്ത വിദ്യാലയവഷംമുതൽ നടപ്പിൽ വരുത്തുകയും ചെയ്തു. അങ്ങിനെ വിദ്യാൎത്ഥിബഹളമവസാനിച്ചു.

വിദ്യാൎത്ഥികളുടെ സംഘടിതമായ പ്രക്ഷോഭണത്തിൻെറ നേതാവായിരുന്ന മി. സി. കൃഷ്ണൻനായർ മൂന്നു മാസത്തെ ജയിൽവാസമനുഭവിച്ചതിനുശേഷം തിരുവിതാംകൂർ വിട്ടുപോകുകയും, ഡൽഹിയിൽ 'ജാമിയ മിലിയ ഇസ്ലാമിയ'സൎവ്വകലാശാലയിൽ ചേന്ന് ബി. ഏ. ബിരുദം സമ്പാദിച്ചതിനുശേഷം കുറച്ചുനാൾ അവിടെത്തന്നെ ഒരദ്ധ്യാപകനായി കഴിഞ്ഞുകൂടുകയും ചെയ്തു. ഇക്കാലത്തു മഹാത്മാഗാന്ധിയുടെ ജീവിതാദശങ്ങളും, രാഷ്ട്രീയപ്രവൎത്തനങ്ങളും അദ്ദേഹത്തെ ആകഷിക്കയും, അതിൻെറ ഫലമായി അദ്ദേഹം സബർമതിയാശ്രമം സന്ദശിക്കയും ചെയ്തു. അസാമാന്യമായ ആത്മാൎത്ഥതയും, അചഞ്ചലമായ സത്യസന്ധതയും, അക്ഷീണമായ സേവനസന്നദ്ധതയും

കൊണ്ടു ഗാന്ധിജിയുടെ വത്സലശിഷ്യന്മാരിൽ ഒരാളായി ത്തീൎന്ന ഇദ്ദേഹം അനന്തരകാലങ്ങളിൽ ഗാന്ധിജി നടത്തിയ ചരിത്രപ്രസിദ്ധമായ ദണ്ഡിയാത്രയിൽ പങ്കുകൊള്ളുകയും, പല പ്രാവശ്യം ജയിൽവാസമനുഭവിക്കയും ചെയ്തു. ഗാന്ധിജിയുടെ ദണ്ഡിയാത്രയിൽ പങ്കെടുക്കുവാൻ ഭാഗ്യം ലഭിച്ച രണ്ടു മലയാളികളിൽ ഒരാൾ ഇദ്ദേഹമായിരുന്നു.

വിദ്യാൎത്ഥിബഹളം സംബന്ധിച്ച് ഒന്നു രണ്ടു നാമധേയങ്ങൾകൂടി സ്മരണീയങ്ങളായിട്ടുണ്ട്. അതിലാദ്യത്തേതു കണ്ടനാട്ടു മി. നാരായണമേനവന്റെ പുത്രൻ മി. കുഞ്ചുരാമൻനായരുടേതാണ്. അന്നദ്ദേഹം ഒരു കാളേജുവിദ്യാൎത്ഥിയായിരുന്നു. സയൻസുകാളേജുവളപ്പിൽവച്ചു പോലീസും, പട്ടാളവും വിദ്യാൎത്ഥികളെ മൎദ്ദിക്കുമ്പോൾ അതുകണ്ട് ആൎദ്രചിത്തനും, പ്രക്ഷുബ്ധനുമായിച്ചമഞ്ഞ ഈ യുവാവു നേരേഹജ്ജൂർക്കച്ചേരിയിലേയ്ക്കു പാഞ്ഞുപോയി, ദിവാൻ മി. രാഘവയ്യായുടെ സന്നിധിയിൽ കടന്നുചെന്നു കാളേജുവളപ്പിലെ ക്രൂരമായ വിദ്യാൎത്ഥിവേട്ടയെ സധീരം പ്രതിഷേധിച്ചുവത്രേ. ആ സംഭവത്തിനുശേഷം മി. നായൎക്കു തിരുവിതാംകൂറിൽ വിദ്യാഭ്യാസം തുടൎന്നുകൊണ്ടുപോകുവാൻ സാധിച്ചില്ല. അദ്ദേഹം ഉന്നതവിദ്യാഭ്യാസാൎത്ഥം ഇംഗ്ലണ്ടിലേയ്ക്കു പോയി ബാരിസ്റ്റർബിരുദം കരസ്ഥമാക്കി തിരിച്ചുപോന്നു.

മറെറാരു നാമധേയം ജി. പി. നായരുടേതാണ്. അദ്ദേഹം മി. ജി. ശങ്കരൻനായരുടെ സഹോദരനായിരുന്നു. വിദ്യാൎത്ഥിബഹളത്തിന്റെ നേതാക്കന്മാരിലൊരാളായിരുന്ന ഇദ്ദേഹം അതിനുശേഷം തിരുവിതാംകൂർവിട്ടു പോകുകയും, ഇൻഡ്യയിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ചു പത്രപ്രവൎത്തനം തുടങ്ങിയ പല ജോലികളിലും ഏൎപ്പെട്ടുകയും ചെയ്തു. ഒടുവിൽ അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കു പോകുകയും, അവിടെവച്ചു വ്യോമയാനപരിശീലനം നേടി ലണ്ടനിൽനിന്ന് ഇൻഡ്യയിലേയ്ക്ക് ആകാശമാൎഗ്ഗം പറക്കുവാനുള്ള സാഹസസംരംഭത്തിൽ യാദൃച്ഛികമായി ചരമമടയുകയും ചെയ്തു.

ൻ൦-നുശേഷം, ഏതാനും വൎഷത്തേയ്ക്കു തിരുവിതാംകൂറിലെ ജനങ്ങൾ, കന്നി ൧-ാംതീയതി ഒരു ദുഃഖദിനമായി

ആചരിച്ചുപോന്നു. കറുത്ത കൊടികളോടുകൂടിയ നിശ്ശബ്ദ ഘോഷയാത്രയും, സമുദ്രസ്നാനവും, ചിലപ്പോൾ ഹർത്താലും ഈ ദുഃഖാചരണത്തിന്റെ പ്രത്യേക ചടങ്ങുകളായിത്തീന്നു. എന്നാൽ ഏതൊരു മഹാദുഃഖത്തിന്റേയും അതിരററ ശക്തി കുറയ്ക്കുന്നതിനും ഇല്ലാതാക്കുന്നതിനും കാലഗതിക്കുള്ള മാന്ത്രികശക്തി അത്ഭുതകരമാണല്ലോ. അതുകൊണ്ടു കന്നി ൧൦-ാംതീയതിയിലെ പ്രകടനങ്ങളും, ആചരണച്ചടങ്ങുകളും ക്രമേണ കുറഞ്ഞു കുറഞ്ഞു് ഇന്നവ കേവലം ശോകകരമായ സ്മരണകൾ മാത്രമായിത്തീന്നിട്ടുണ്ടു്. കന്നി ൧൦-ാംതീയതിയെ പിന്നിലാക്കുന്ന അനവധി സംഭവങ്ങൾ ഭാരതഭൂമിയിലുണ്ടായിയിട്ടുണ്ടെങ്കിലും, ഇന്നും ആ വിദ്യാത്ഥിമർദ്ദനത്തെപ്പററി ചിന്തിക്കുമ്പോൾ തിരുവിതാംകൂറിലെ ജനങ്ങൾ നടുങ്ങിപ്പോകാറുണ്ടു്.

# അദ്ധ്യായം ൧൯

൧൦൯൭-ൽ, പുതിയ നിയമസഭാപരിഷ്കരണവിളംബരം പ്രഖ്യാപനം ചെയ്തതിനുശേഷം ഗവമ്മെൻറു ൯൭-ലെ നിയമസഭ പിരിച്ചുവിട്ടു. നിരന്തരമായ പ്രക്ഷോഭണങ്ങൾക്കും, നിശിതമായ വിമശ്നങ്ങൾക്കും, മദ്ധ്യേ കഷ്ടിച്ചു രണ്ടു സംവത്സരകാലത്തെ അപ്രശസ്തവും അനാകഷ്കവുമായിരുന്ന ഹ്രസ്വജീവിതം അവസാനിപ്പിച്ചിട്ടു നിർഭാഗ്യവാന്മാരായ ആ നിയമസഭാംഗങ്ങൾ നിശ്ശബ്ദരായി പിരിഞ്ഞുപോയി. ൯൭-ലെ വിളംബരമനുസരിച്ചു നിയമസഭ നൂതനമായി ഘടിപ്പിക്കുവാനുള്ള പ്രാരംഭനടപടികൾ തുടങ്ങിക്കഴിഞ്ഞിരുന്നു. ഇദംപ്രഥമമായി ലഭിച്ച അനുദ്യോഗസ്ഥഭൂരിപക്ഷവും, തീരെ അഗണ്യമല്ലാത്ത മററധികാരാവകാശങ്ങളും, പുതിയ നിയമസഭയെപ്പറ്റി പല പ്രത്യാശകളും പൊതുജനങ്ങളിൽ ഉദ്ദീപിപ്പിക്കുകയുണ്ടായി. അഭിഭാഷകപ്രമാണികളും, പൊതുക്കാര്യപ്രസക്തന്മാരും, ധനാഢ്യന്മാരും പുതിയ നിയമസഭയിൽ പ്രവേശിക്കുവാൻ അത്യധികം ആശിച്ചു. ൯൭-ലെ വിളംബരംകൊണ്ടു സംതൃപ്തിപ്പെടുവാൻ സന്നദ്ധരായിരുന്ന സ്തുതിപാഠകന്മാരും, അതിനെ പ്രതിഷേധിച്ചു രാജ്യമൊട്ടുക്കു പ്രകടനം നടത്തിയ പ്രക്ഷോഭണക്കാരും, പുതിയ നിയമസഭയിലേയ്ക്കു സ്ഥാനാത്ഥികളായിനിന്നു. തിരുവനന്തപുരംബാറിലെ അദ്വിതീയനായ ഒരഭിഭാഷകനും, തിരുവിതാംകൂറിലെ പ്രതിലോമപരമായ സകല രാഷ്ട്രീയപ്രസ്ഥാനങ്ങളുടേയും അനിഷേധ്യനേതാവും, ആയിരുന്ന പി. കെ. കേശവപിള്ള അഭ്യസ്തവിദ്യരും, രാഷ്ട്രീയപ്രബുദ്ധതയുള്ളവരുമായ സമ്മതിദായകന്മാരെക്കൊണ്ടു നിറഞ്ഞ തിരുവനന്തപുരം നിയോജകമണ്ഡലത്തിലാണു് അദ്ദേഹത്തിന്റെ സ്ഥാനാത്ഥിപത്രിക സമപ്പിച്ചതു്. ക്രിമിനൽനിയമലോകത്തു് ഇന്നുവരെ തിരുവിതാംകൂറിൽ മറ്റൊരഭിഭാഷകനുമെത്തിച്ചേരുവാൻ കഴിഞ്ഞിട്ടില്ലാത്ത അത്യുന്നതമായ പദത്തിൽ എതിരാളിയില്ലാതെ ഏകാധിപത്യം വഹിക്കുന്ന യാഥാസ്ഥിതികനും ധനാഢ്യനുമായ മി. മള്ളൂർ ഗോവിന്ദപ്പിള്ള നായന്മാക്കു ബഹുഭൂരിപ

ക്ഷമുള്ള ചേർത്തലത്താലൂക്കിൽ ഒരു സ്ഥാനാർത്ഥിയായി നിന്നു. എന്നാൽ ൻ൭-ലെ ഒന്നാംറഗുലേഷനെ സംബന്ധിച്ചും, വിദ്യാർത്ഥിമർദ്ദനത്തെക്കുറിച്ചും ഈ ജനപ്രമാണികൾ സ്വീകരിച്ച നിലയും, തമ്പാന്തൂർയോഗവും, അതിനെത്തുടൎന്നുണ്ടായ നിർഭാഗ്യകരമായ സംഭവങ്ങളും, തിരുവിതാംകൂറിലെ പൊതുജനങ്ങൾ വിസ്മരിച്ചിരുന്നില്ല. തിരുവനന്തപുരം നിയോജകമണ്ഡലം പ്രബലനും പ്രതാപശാലിയുമായിരുന്ന പി. കെ. കേശവപിള്ളയെ തിരസ്കരിച്ച് ജനസമ്മതനും ആഭാടരഹിതനുമായ ഡാക്ടർ എം. എൻ. പിള്ളയെ ഭൂരിപക്ഷത്തോടെ തിരഞ്ഞെടുത്തു. ചേർത്തല നിയോജകമണ്ഡലത്തിൽ മി. ജോസഫ് പഞ്ഞിക്കാരൻ, മി. മള്ളൂർ ഗോവിന്ദപ്പിള്ളയെ പരാജിതനാക്കി. ഈ തിരഞ്ഞെടുപ്പു കഴിഞ്ഞ് അല്പകാലത്തിനുള്ളിൽ പി. കെ. കേശവപിള്ള അകാലചരമം പ്രാപിച്ചു. തിരുവിതാംകൂറിലെ അഭിഭാഷകലോകത്തിന് അദ്ദേഹത്തിന്റെ അപ്രതീക്ഷിതമായ ചരമം ഒരു തീരാത്ത നഷ്ടമായിരുന്നു.

ചങ്ങനാശേരി പരമേശ്വരൻപിള്ള ൻ൭-ലെ ഒന്നാംറഗുലേഷനനുസരിച്ച് സംഘടിപ്പിക്കപ്പെട്ട നിയമസഭയിൽ ഒരംഗമായിരുന്നില്ല. ആ നിയമസഭ നിർത്തൽചെയ്യുവാനും, അതിനടിസ്ഥാനമായ വിളംബരം പിൻവലിപ്പിക്കുവാനുമുള്ള തീവ്രശ്രമങ്ങളിൽ അദ്ദേഹം ഏർപ്പെട്ടിരിക്കയായിരുന്നു. പ്രക്ഷോഭണഫലമായി പരിഷ്കരിക്കപ്പെട്ട, പുതിയ നിയമസഭയിൽ പ്രവേശിക്കുവാൻതന്നെ അദ്ദേഹം നിശ്ചയിച്ചു. കൂടുതൽ വിപുലമായ അവകാശങ്ങളോടും അധികാരങ്ങളോടുംകൂടി പുനഃസംഘടിപ്പിക്കപ്പെട്ട ആ നിയമസഭയുടെ ആവിർഭാവത്തിനു ഹേതുഭൂതമായ പ്രക്ഷോഭണത്തിന്റെ നേതാവായിരുന്ന അദ്ദേഹത്തിന് അന്നത്തെ പരിതഃസ്ഥിതികളിൽ ഏതൊരു നിയോജകമണ്ഡലത്തിൽ നിന്നെങ്കിലും അനായാസേന നിയമസഭയിൽ പ്രവേശിക്കുവാൻ കഴിയുമായിരുന്നു. എങ്കിലും, സ്ഥാനാർത്ഥിമത്സരത്തിനായുള്ള അദ്ദേഹത്തിന്റെ നിയോജകമണ്ഡല തിരഞ്ഞെടുപ്പ് തികച്ചും നിർഭാഗ്യകരമായിരുന്നു. ആ തിരഞ്ഞെടുപ്പുമത്സരം ജനക്ഷേമകരമായിരുന്ന അദ്ദേഹത്തിന്റെ പൊതുക്കാര്യപ്രവർത്തനങ്ങളിൽനിന്നും, രാഷ്ട്രീയാദർശങ്ങളിൽ

നിന്നും ഉള്ള അനാശാസ്യമായ ഒരു വ്യതിയാനമായിരുന്നു. രാഷ്ട്രീയജീവിതത്തിൽ അന്നുവരെ അദ്ദേഹം സ്വീകരിച്ചിരുന്ന ആദർശങ്ങളുടേയും തത്വങ്ങളുടേയും ഒരു ലംഘനംകൂടിയായിരുന്നു അതു്.

തിരുവല്ലാത്താലൂക്കിലെ ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളായിരുന്നു. ധാരാളം പ്രാബല്യവും ധനശക്തിയുമുള്ള പല പുരാതനനായർകുടുംബങ്ങളും അവിടെ ഒരുകാലത്തുണ്ടായിരുന്നു. നാട്ടിൻപുറങ്ങളിൽ ചിന്നിച്ചിതറി ഐക്യമോ സാമൂഹ്യജീവിതമോ കൂടാതെ കഴിഞ്ഞുകൂടിയ ഇവക്കു കാര്യമായ യാതൊരു സംഘടിതശക്തിയും ഉണ്ടായിരുന്നില്ല. തിരുവല്ലാപ്പട്ടണത്തിലും പരിസരങ്ങളിലും പ്രായേണ കൃസ്ത്യാനികൾക്കാണു ഭൂരിപക്ഷമുണ്ടായിരുന്നതു്. ഉൽക്കർഷേച്ഛുക്കളും പരിശ്രമശീലന്മാരുമായ കൃസ്ത്യാനികൾ വാണിജ്യവ്യവസായാദികളിൽ ഏപ്പെട്ടു് അനുദിനമെന്നവണ്ണം അവരുടെ സാമ്പത്തികവും സംഘടനാപരവുമായ ശക്തി വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. താരതമ്യേന അലസന്മാരും സ്വസ്ഥിതിയിൽ സംതൃപ്തരുമായിരുന്ന നായന്മാർക്കു സാമ്പത്തികമായുണ്ടായിരുന്ന അഭിവൃദ്ധി കാലക്രമേണ ക്ഷയിച്ചുതുടങ്ങിയതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ? തിരുവല്ലാടൌണിലെ മുൻസിപ്പൽപ്രസിഡൻറുസ്ഥാനവും, പ്രജാസഭാമെമ്പർസ്ഥാനവും തുടർച്ചയായി സംഘടനാബലവും സമ്പത്തുമുള്ള കൃസ്ത്യാനികൾ കരസ്ഥമാക്കിവന്നു. ഇതു പ്രബലന്മാരായ ചില നായർപ്രമാണികളുടെ മത്സരബുദ്ധിയെ വളർത്തി. നഗരസഭാദ്ധ്യക്ഷസ്ഥാനവും പ്രജാസഭാസമാജികത്വവും കൃസ്ത്യാനികളിൽനിന്നു വീണ്ടെടുക്കുവാൻ അവർ ആത്മാർത്ഥമായ ഒരു ശ്രമം ചെയ്തുനോക്കി. പക്ഷേ അതു ഫലപ്പെട്ടില്ല. സമുദായസംഘടനകളുടെ ആവിർഭാവം വർഗ്ഗീയമത്സരങ്ങൾക്കും വിദ്വേഷങ്ങൾക്കും അടിസ്ഥാനം പാകിക്കഴിഞ്ഞിരുന്നു. സാമൂഹ്യജീവിതത്തിൽ നായന്മാർക്കു നേരിട്ടിരുന്ന അധഃപതനത്തെപ്പററി സമുദായപരിഷ്കർത്താക്കൾ ചെയ്യാറുണ്ടായിരുന്ന പ്രസംഗങ്ങൾ സ്വദൌർബ്ബല്യത്തെക്കുറിച്ചും മററൊരു സമുദായത്തിൻെറ താരതമ്യേനയുള്ള ഉൽഗതിയേപ്പററിയും ഉള്ള ചിന്തകൾ നായർസമുദായാംഗങ്ങളിൽ

തട്ടിയുണർത്തി. ഇക്കാലത്തു തിരുവല്ലായിൽ ഹിന്ദുക്കളുടെ വക യായി ഒരു വിദ്യാലയം സ്ഥാപിക്കുവാനുള്ള ചില ശ്രമങ്ങൾ നടന്നു. എന്നാൽ ക്രസ്ത്യാനികളുടെ എതിർപ്പുമൂലം പ്രസ്തുത ശ്രമങ്ങൾ നിഷ്ഫലങ്ങളായി. ൻ൦-ലെ തിരഞ്ഞെടുപ്പിനു മുൻപു സമ്മേളിച്ച പ്രജാസഭായോഗത്തിൽവച്ചു മി. കെ. സി. മാമ്മൻ മാപ്പിള, ഗവൺമെന്റനുമതിയോടുകൂടി നടത്തപ്പെടുന്ന വിദ്യാ ലയങ്ങൾക്കു സമീപം മറെറാരു സ്കൂൾ ആരംഭിക്കുവാൻ അനു വാദം നൽകുന്നതനാശാസ്യമാണെന്ന് അദ്ദേഹത്തിന്റെ നിവേ ദനമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി. തിരുവല്ലായിൽ സ്കൂൾ ആരംഭിക്കുവാൻ ഹിന്ദുക്കൾ ചെയ്ത ശ്രമത്തെപ്പററിയാണു മി. മാമൻമാപ്പിള സൂചിപ്പിച്ചതെന്നു പ്രജാസഭയിലെ നായർസാ ജികന്മാർ ധരിച്ചു. അന്ന് ആ സഭയിൽത്തന്നെ ഒരംഗമായി രുന്ന മി. മന്നത്തു പത്മനാഭപിള്ള ഈ പ്രസ്താവനയെ പരാ മർശിച്ചുകൊണ്ടു, തിരുവല്ലാത്താലൂക്ക് ഒരു ക്രസ്തീയകേന്ദ്രമാണെ ന്നുള്ള തെററായ ധാരണയിന്മേൽ ഗവൺമെൻറ പ്രസ്തുത താലൂ ക്കിനെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ക്രസ്തീയപക്ഷഭേദം പ്രദർശിപ്പിക്കുന്നുണ്ടെന്നു പ്രസ്താവിക്കയും, ആ നയത്തെ പ്രതി ഷേധിക്കയും ചെയ്തു. ഈ പ്രതിഷേധംകൊണ്ടു തൃപ്തിപ്പെടാതെ മി. മന്നം ഒരടികൂടി മുന്നോട്ടു കടന്ന് അടുത്ത നിയമസഭാതിര ഞ്ഞെടുപ്പിൽ തിരുവല്ലാത്താലൂക്ക് ഒരു ഹൈന്ദവകേന്ദ്രമാ ണെന്നു താൻ തെളിയിച്ചുകൊള്ളാമെന്നു വൻപു പറഞ്ഞു.

തിരഞ്ഞെടുപ്പിനുള്ള സമയം സമാഗതമായപ്പോൾ മി. മന്നത്തിൻെറ വീരവാദം പരിപാലിക്കുവാൻ തിരുവല്ലായിലെ ഹൈന്ദവപ്രമാണികൾ സുസമ്മതനായ ഒരു സ്ഥാനാർത്ഥിയെ ആരാഞ്ഞുതുടങ്ങി. അവർ ചങ്ങനാശേരി പരമേശ്വരൻ പിള്ളയെയാണ് ഐകകണ്ഠ്യേന തിരഞ്ഞെടുത്തതു്. അവ രുടെ വരണമാല്യം ചങ്ങനാശേരി സ്വീകരിക്കയും ചെയ്തു. അ ക്കാലത്തു മി. മന്നത്തു പത്മനാഭപിള്ള ചങ്ങനാശേരിക്കയച്ച ഒരു കത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിരുന്നു.

"എൻെറ രണ്ടെഴുത്തുകളും കിട്ടിയിരിക്കുമെന്നു വിശ്വ സിക്കുന്നു. മറുപടി അയക്കാതിരുന്നതു് എന്തുകൊണ്ടോ? തിരു വല്ലായിലെ വോട്ടേർസ് ലിസ്റ്റ് ഇതുസഹിതം അയയ്ക്കുന്നു.

അതിൻപ്രകാരം നാൺക്രസ്റ്റ്യൻവോട്ടറന്മാർ കൂടുതലായി ക്കാണുന്നതുകൊണ്ടു നമുക്കവിടെനിന്നും ശ്രമിച്ചാൽ ജയിക്കാൻ മാർഗ്ഗമുണ്ട്. ഞാൻ ആവശ്യപ്പെട്ടിരുന്നതുപോലെ അറയ്ക്കൽ പരമേശ്വരൻപിള്ള അവർകൾ മുതൽപേർക്ക് എഴുതിയോ എന്നും അറിഞ്ഞില്ല. അങ്ങോട്ട് എഴുതിയിട്ടുവേണം എനിക്കു മാന്നാനത്തിനു പോകാൻ. അതുകൊണ്ടു വിവരത്തിനു എഴുത്തു കിട്ടുന്ന അന്നുതന്നെ എനിക്കു മറുപടി അയച്ചുതരണമെന്ന പേക്ഷിക്കുന്നു. അവക്കും എഴുതിയിട്ടില്ലെങ്കിൽ ഉടനേ എഴുത ണം. 'നില്ക്കണമെന്നുതന്നെയാണു് എൻെറ ബലമായ അഭി പ്രായം. നമ്മുടെ ആളുകളുടെ എണ്ണം ലിസ്റ്റിൽ വളരെ വിട്ടിട്ടു ണ്ടെന്നറിയുകയാൽ അവരെക്കൊണ്ടെല്ലാം അപേക്ഷ കൊടുപ്പി ക്കുവാൻ ഏർപ്പാടു ചെയ്തു. എല്ലാ പകുതികളിലും ചില പ്രമാ ണികൾക്കെല്ലാം അവിടുന്നു് എഴുതണം. ഞാനും എഴുതാം. കോടതി അടയ്ക്കുമ്പോൾ ഒരു മാസം ഇവിടെ വന്നു താമസി ച്ചാൽ നമുക്കൊന്നിച്ചു് എല്ലാ പ്രദേശങ്ങളിലും ചുററിസഞ്ചരി ക്കാം. അതിനോടുകൂടി എല്ലാം ശരിയാകും. തിരുവല്ലായിലെ മാമൻ കൂട്ടർ രണ്ടു ദിവസിക്കുമുൻപ്് ഒരു മീറ്റിംഗ്കൂടിയെന്നും, മി. ജാണിനു വോട്ടുപിടിക്കാനായി ഉടനെ മുന്നൂറു രൂപാ പിരി ച്ചെടുത്തെന്നും കേട്ടു. നമുക്കും അവിടെത്തന്നെയാണു ശ്രമിക്കേ ണ്ടതു്. മി. ജാൺ ആണല്ലോ എതിരാളി. വിശേഷിച്ചും, തിരു വല്ലായുമാണെല്ലോ. മത്സരത്തിനു രസമുണ്ട്. നില്ക്കാൻ നിശ്ച യിച്ചെങ്കിൽ ചില പ്രമാണികളുടേയുംകൂടി മറുപടി വരുത്തി ക്കൊണ്ടു അങ്ങു് നിൽക്കുന്നു എന്നു പരസ്യം ചെയ്യണം. ഇനി താമസിച്ചുകൂടാ"

ചങ്ങനാശേരി തൻെറ സ്ഥാനാർത്ഥിത്വം പ്രഖ്യാപനം ചെയ്തു. തിരുവല്ലാനിയോജകമണ്ഡലത്തിൽ ചങ്ങനാ ശേരിയെ എതിർത്തതു തിരുവനന്തപുരംബാറിലെ അനിഷേധ്യനേതാവാ യിരുന്ന മി. ഈ. ജെ. ജാൺ ആയിരുന്നു. തൊഴിൽപരമായ ജീവിതത്തിൽ തൻെറ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചിരുന്ന സുപ്രസിദ്ധനായ ഒരഭിഭാഷകനായിരുന്നു അദ്ദേഹം. മി. ജാൺ പ്രകൃത്യാ ഒരു പ്രക്ഷോഭകാരിയല്ല. അദ്ദേഹത്തിൻെറ രാഷ്ട്രീ യമായ പ്രവർത്തനങ്ങൾ തുലോം പരിമിതമാണു്. വ്യക്തിപര

മായ ഉൽക്കർഷത്തെ ലാക്കാക്കിയുള്ള സേവാവൃത്തികളിലോ, മത്സരം നിറഞ്ഞ കക്ഷിവഴക്കുകളിലോ അദ്ദേഹം അന്നുവരെ ഉൾപ്പെട്ടിരുന്നില്ല. അഗാധമായ നിയമപാണ്ഡിത്യവും, ജനസമ്മിതിയും, സമുദായത്തിലുണ്ടായിരുന്ന ഔന്നത്യവും, നിയമസഭാസാമാജികത്വത്തിനദ്ദേഹത്തിനുണ്ടായിരുന്ന വിശേഷയോഗ്യതകളായിരുന്നു. തിരുവിതാംകൂർനിയമസഭയ്ക്കദ്ദേഹം ഒരു നേട്ടവും അലങ്കാരവുമായിരുന്നേനേ. തിരുവല്ലാനിയോജകമണ്ഡലം എതിർപ്പുകൂടാതെ മി. ജാണിനെ തിരഞ്ഞെടുത്തിരുന്നു എങ്കിൽത്തന്നെ അതുകൊണ്ടു തിരുവിതാംകൂറിലെ നായർ സമുദായത്തിനു യാതൊരു കോട്ടവും സംഭവിക്കുന്നതുമല്ലായിരുന്നു.

ഇരുകക്ഷികളും അത്യുഗ്രമായ മത്സരബുദ്ധിയോടെ തിരഞ്ഞെടുപ്പുപ്രചരണജോലികളാരംഭിച്ചു. നായരും ക്രിസ്ത്യാനിയും തമ്മിൽ, അതിനുമുൻപൊരിക്കലുമുണ്ടായിട്ടില്ലാത്ത രീതിയിലുള്ള വർഗ്ഗീയവൈരാഗ്യം വളർത്തിക്കൊണ്ടാണ്, ഇരുകക്ഷികളും തങ്ങളുടെ പ്രചരണങ്ങൾ തുടർന്നുകൊണ്ടുപോയത്. മി. മന്നം, എം. എൻ. നായർ, മുരണിയിൽ ഗോവിന്ദപ്പിള്ള മുതലായ ചങ്ങനാശേരിയുടെ സഹപ്രവർത്തകന്മാർ തിരുവല്ലാനിയോജകമണ്ഡലം മുഴുവൻ സഞ്ചരിച്ചു തിരഞ്ഞെടുപ്പുപ്രചരണങ്ങളാരംഭിച്ചു. എതിരാളികളും, തുല്യശക്തിയോടും സഹകരണത്തോടുംകൂടി മത്സരത്തിനിറങ്ങി. തിരഞ്ഞെടുപ്പുബഹളംകൊണ്ടു തിരുവല്ലാത്താലൂക്ക് ഇളകിമറിഞ്ഞു. തിരുവിതാംകൂറിന്റെ സർവ്വശ്രദ്ധയും ആ നിയോജകമണ്ഡലത്തിൽ കേന്ദ്രീകൃതമായി. വ്യക്തിവിദ്വേഷപരങ്ങളും, വർഗ്ഗീയവൈരാഗ്യം വമിക്കുന്നതുമായ പ്രസ്താവനകളും, പ്രസിദ്ധീകരണങ്ങളുംകൊണ്ടു സമുദായാന്തരീക്ഷം മലിനപ്പെട്ടു. ഈ ഘട്ടത്തിൽ മെ. വി. എസ്. സുബ്രഹ്മണ്യയ്യർ, സി. ശങ്കരമേനവൻ, യു. പത്മനാഭക്കുക്കിലിയാ, മള്ളൂർ ഗോവിന്ദപ്പിള്ള, സി. രാമൻതമ്പി എന്നിവർ ചേർന്നു മി. ജാണിനെ തിരുവല്ലായിൽനിന്നു തിരഞ്ഞെടുക്കണമെന്നു കാണിച്ച് ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. പക്ഷേ അതുകൊണ്ടു ഫലമൊന്നുമുണ്ടായില്ല. തിരഞ്ഞെടുപ്പുദിനം സമാഗതമായി. വാശിയും മത്സരവും വർഗ്ഗീയവിദ്വേഷവും പൂർവ്വാധികം വർദ്ധിച്ചു. സമാധാനലംഘനമുണ്ടാ

കുമെന്ന ഭയന്ന് അധികാരികൾ വേണ്ട മുൻകരുതലുകൾ ചെയ്തിരുന്നു എങ്കിലും, ഒന്നിലധികം സ്ഥലങ്ങളിൽ സ്ഥിതിഗതികൾ നിയന്ത്രണാധീനമല്ലാതായിത്തീൎന്നു. ചില സ്ഥലങ്ങളിൽ ചട്ടമ്പിമാരും മദ്യപാനികളും ലഹളക്കൊരുങ്ങുകയും, ബാലട്ട് പെട്ടികൾ ബലംപ്രയോഗിച്ചു കരസ്ഥമാക്കി പോളിങ്ങുസ്ഥലത്തു നിന്നന്തർദ്ധാനംചെയ്യുകയും ചെയ്തു. അങ്ങിനെയുള്ള സ്ഥലങ്ങളിൽ വീണ്ടും തിരഞ്ഞെടുപ്പു നടത്തേണ്ടതായിത്തന്നെ വന്നുകൂടി. എന്നാൽ കഴിഞ്ഞുപോയ കലാപങ്ങൾ ആവൎത്തിക്കപ്പെടുന്നതിനുമുൻപായി, മി. ജാൺ ആ ദൂഷിച്ച മത്സരത്തിൽ നിന്ന് അദ്ദേഹത്തിന്റെ സ്ഥാനാൎത്ഥിത്വം പിൻവലിച്ചു. ചങ്ങനാശേരി പരമേശ്വരൻപിള്ള വിജയിയായി. മി. മന്നത്തു പത്മനാഭപിള്ളയുടെ പ്രതിജ്ഞ നിൎവ്വിഘ്നം പരിപാലിക്കപ്പെട്ടു. പക്ഷേ, അതിലേയ്ക്കു തിരുവിതാംകൂറിലെ പൊതുജനങ്ങൾ നൾകേണ്ടിവന്ന വൻപിച്ച പിഴശിക്ഷ അവൎക്കു താങ്ങുവാൻ കഴിയാത്തവണ്ണം അത്ര വളരെ ഭാരിച്ചതായിരുന്നു.

തിരഞ്ഞെടുപ്പുമത്സരത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ശ്രമങ്ങൾ വിജയകരമായി പൎയ്യവസാനിച്ചതിൽ ചങ്ങനാശേരി അഭിനന്ദനാൎഹനാണെങ്കിലും, കൂടുതൽ വിപുലമായ ദേശീയതാല്പൎയ്യങ്ങളെ അടിസ്ഥാനമാക്കി വീക്ഷിച്ചാൽ പ്രസ്തുത മത്സരം അദ്ദേഹത്തിന്റെ പൊതുക്കാൎയ്യജീവിതത്തിലെ ശോഭ കുറഞ്ഞ ഒരു സംഭവമായി പരിഗണിക്കുവാനേ മാൎഗ്ഗമുള്ളൂ. നായരും ക്രിസ്ത്യാനിയും തമ്മിലെന്നു മാത്രമല്ല, ഹിന്ദുവും ക്രിസ്ത്യാനിയും തമ്മിലുള്ള ഒരു മഹാമത്സരമായിട്ടുകൂടി മാത്രമേ നിൎമ്മത്സരബുദ്ധികൾക്ക് ഈ തിരഞ്ഞെടുപ്പിനെ വീക്ഷിക്കുവാൻ കഴിയുകയുള്ളൂ. ടി. കെ. മാധവന്റെ നേതൃത്വത്തിൽ ഈഴവസമുദായവും അന്നു നായർപക്ഷത്തോടു ചേൎന്നുനിന്നിരുന്നതുകൊണ്ടാണ് ഇതൊരു ഹിന്ദുക്രിസ്ത്യാനിമത്സരമായിരുന്നു എന്നു പ്രസ്താവിക്കേണ്ടിവരുന്നത്. തിരുവല്ലാത്തിരഞ്ഞെടുപ്പാണു തിരുവിതാംകൂറിലെ വൎഗ്ഗീയവഴക്കിന്റെ വിത്തു വിതച്ചതെന്നു പറഞ്ഞാൽ അതു മുഴുവൻ ശരിയായിരിക്കയില്ലെങ്കിലും, തിരുവല്ലാത്തിരഞ്ഞെടുപ്പാണ് അനന്തരകാലങ്ങളിലെ തിരുവിതാംകൂറിലെ അതിഭയങ്കരമായ വൎഗ്ഗീയകലഹങ്ങൾക്കു വഴി തെളിച്ചതെന്നു പ്രസ്താവിക്കുന്നതു നിരാക്ഷേ

പമായിരിക്കും. താൻ ഏൎപ്പെടുവാൻ പോകുന്ന തിരഞ്ഞെടുപ്പുമത്സരം ഒരു തികഞ്ഞ വൎഗ്ഗീയകലഹമായിട്ടേ പൎയ്യവസാനിക്കുകയുള്ളു എന്ന് ചങ്ങനാശേരിയ്ക്കു മുൻകൂട്ടി അറിയാമായിരുന്നു എന്നുള്ളതിനു സംശയമില്ല. രാഷ്ട്രീയമായ യാതൊരു തത്വത്തേയും അടിസ്ഥാനമാക്കി ആ മത്സരം നടത്തുവാൻ സാദ്ധ്യമല്ലെന്നും അദ്ദേഹത്തിനറിയാമായിരുന്നിരിക്കണം. ഇങ്ങിനെ നഗ്നവും കലൎപ്പില്ലാത്തതുമായ ഒരു വൎഗ്ഗീയമത്സരത്തിലേൎപ്പെടുന്നതുകൊണ്ടു രാജ്യക്ഷേമത്തേയോ, സമുദായതാല്പൎയ്യങ്ങളേയോ താൻ പുരോഗമിപ്പിക്കുന്നില്ലെന്നും, നേരേമറിച്ചു തിരുവിതാംകൂറിലെ രണ്ടു പ്രബലസമുദായങ്ങളെ എന്നേയ്ക്കുമായി ഭിന്നിപ്പിക്കുവാനേ പ്രസ്തുത സംഭവം പൎയ്യാപ്തമാകുകയുള്ളു എന്നും മനസ്സിലാക്കുവാനുള്ള വിശാലവീക്ഷണവും രാഷ്ട്രീയ പ്രബുദ്ധതയുമുള്ള ഒരു പൊതുക്കാൎയ്യപ്രസക്തനായിരുന്നു അദ്ദേഹം. ചങ്ങനാശേരിയേപ്പോലെ വിശദമായി ചിന്തിക്കുവാനും, തന്റെ പ്രവൎത്തികളുടെ ദൂരവ്യാപകങ്ങളായ ഫലങ്ങളെ മുൻകൂട്ടിക്കാണുവാനും കഴിവുള്ള ഒരാൾ അത്രതന്നെ ലോകപരിജ്ഞാനമോ ദീൎഘവീക്ഷണമോ ഇല്ലാത്ത സഹപ്രവൎത്തകന്മാരുടെ പ്രേരണയ്ക്കു വശംവദനായി, ഇങ്ങിനെ ഒരു മഹാസാഹസത്തിനൊരുമ്പെട്ടതായി വിചാരിക്കുവാനും വിഷമമായിരിക്കുന്നു. ഏതായാലും തിരുവല്ലായിലെ ഹൈന്ദവ പതാക വീണ്ടും പറത്തുവാനുള്ള ജോലി അതിനു പററിയ മററാരെയെങ്കിലും ഏല്പിച്ചിട്ടു തിരഞ്ഞെടുപ്പുമത്സരത്തിനു മറ്റേതെങ്കിലും ഒരു നിയോജകമണ്ഡലം അദ്ദേഹം കണ്ടുപിടിച്ചിരുന്നു എങ്കിൽ അതു കൂടുതൽ അഭിനന്ദനീയമായിരുന്നേനെ!

തിരുവിതാംകൂറിലെ പൊതുക്കാൎയ്യജീവിതത്തിന്റെ നാനാമുഖമായ പ്രവൎത്തനരംഗങ്ങളിൽ വിഖ്യാതരായിത്തീൎന്നിരുന്ന മിക്ക മഹാരഥന്മാരും ൯൮-ലെ പരിഷ്കരിച്ച നിയമസഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ചങ്ങനാശേരി, മി. കെ. സി. മാമൻമാപ്പിള, കെ. പി. രാമൻപിള്ള, പി. കെ. നാരായണപിള്ള, മി. ടി. കെ. വേലുപ്പിള്ള, മെ. കൽക്കുളം കുമാരപിള്ള, വൎഗ്ഗീസ്

രാമകൃഷ്ണപിള്ള എന്നിങ്ങനെയുള്ള പേരുകൾ അവരിലേതാനും ചിലരുടേതു മാത്രമാണ്. ജനക്ഷേമകരങ്ങളായ ഒന്നിലധികം നിയമങ്ങൾ ഈ നിയമസഭ പാസാക്കിയിട്ടുണ്ട്. പൌരാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാൻ പ്രമേയങ്ങളും പ്രസംഗങ്ങളും മുഖേന ഊർജ്ജിതമായ പല ശ്രമങ്ങളും ഇതിനകത്തു നടന്നിട്ടുണ്ട്. പ്രക്ഷോഭജനകങ്ങളായ പല രംഗങ്ങളും പ്രേക്ഷകന്മാർ ഇതിൽ ദർശിച്ചിട്ടുണ്ട്. പാർലിമെൻററിഭരണസമ്പ്രദായം തിരുവിതാംകൂറിൽ പ്രായോഗികമാക്കുവാൻ വിഷമമില്ലെന്ന് ഏതാണ്ടു രണ്ടു ദശാബ്ദങ്ങൾക്കു മുൻപുതന്നെ ഈ നിയമസഭ വെളിപ്പെടുത്തി.

# അദ്ധ്യായം ൨൦

൧൮൯൨-ൽ തിരുവല്ലായിലെ തിരഞ്ഞെടുപ്പു സംബന്ധിച്ച ഊർജ്ജിതമായ പ്രചരണങ്ങൾ അതിതിടുക്കത്തിൽ നടന്നുകൊണ്ടിരിക്കുമ്പോൾ, ചങ്ങനാശേരി പരമേശ്വരൻപിള്ള തൻെറ ഭാവിജീവിതത്തിലെ സകലവിധമായ ഗാർഹികസുഖങ്ങൾക്കും പൂർണ്ണനിദാനമായിത്തീർന്ന ഒരു നൂതനദാമ്പത്യബന്ധത്തിലേർപ്പെടുവാൻ വേണ്ട ഒരുക്കങ്ങൾ കൂട്ടുകയായിരുന്നു. ചങ്ങനാശേരിയുടെ കുടുംബജീവിതത്തെപ്പററി ജീവചരിത്രകാരൻ ഇതുവരെ യാതൊന്നും പ്രസ്താവിക്കാതിരുന്നതെന്തുകൊണ്ടാണെന്നു വായനക്കാർ ആശ്ചര്യപ്പെടുന്നുണ്ടാകാം. അതിനു ഗ്രന്ഥകാരനു പറയുവാനുള്ള മറുപടി ചങ്ങനാശേരി സംതൃപ്തികരമായ കുടുംബജീവിതമാരംഭിച്ചതു് ഈ ഘട്ടത്തിലായിരുന്നു എന്നു മാത്രമാണു്. ഇതുകൊണ്ടു ൧൮൯൨-നു മുൻപു ചങ്ങനാശേരി മറെറാരു വിവാഹബന്ധത്തിലും ഏർപ്പെട്ടിരുന്നില്ലെന്നു് ആരും തെററിദ്ധരിക്കേണ്ടതില്ല. അദ്ദേഹം രണ്ടു പ്രാവശ്യം ദാമ്പത്യബന്ധത്തിലേർപ്പെട്ടു. പക്ഷെ അതു രണ്ടും വിജയത്തിലല്ല കലാശിച്ചതു്. പ്രസന്നവും പ്രശാന്തവുമായ കുടുംബജീവിതത്തിലെ നിത്യസുന്ദരമായ സുഖാനുഭോഗങ്ങൾ അനുഭവിക്കുവാൻ സാധ്യമായിരിക്കുമെന്നു് ഓരോ വിവാഹവേളയിലും അദ്ദേഹം പ്രത്യാശിക്കാതിരുന്നില്ല. പക്ഷെ ഫലം മറിച്ചായിരുന്നു.

പരമേശ്വരൻപിള്ളയ്ക്കു് അന്നു നാല്പത്തഞ്ചു വയസ്സു പ്രായമുണ്ടായിരുന്നു. മദ്ധ്യജീവിതം കടന്നു് ഏതാണ്ടു വാർദ്ധക്യത്തിലേയ്ക്കു് അദ്ദേഹം കാലൂന്നിക്കഴിഞ്ഞിരുന്നു. ഏകദേശം ൩൫ വഷങ്ങൾക്കു മുൻപാണു തൻെറ മാതാപിതാക്കന്മാരുമൊന്നിച്ചു പരമേശ്വരൻപിള്ള ആദ്യമായി തിരുവനന്തപുരത്തു വന്നുചേർന്നതു്. തിരുവനന്തപുരത്തുവച്ചു് ആ ഘട്ടത്തിൽത്തന്നെയാണു് അദ്ദേഹം തന്റെ ജീവിതാശകൾ ഒന്നൊന്നായി പടുത്തുകെട്ടിയതും. സ്വപരിശ്രമംകൊണ്ടു സമുദായത്തിൻെറ ഉപരിതലത്തിലേയ്ക്കു് ഉന്നമിക്കണമെന്നും, ജീവിതവൃത്തിക്കു

വേണ്ടി ഏപ്പെടുന്ന പ്രവൎത്തനരംഗമേതായിരുന്നാലും അതിൽ അഭിതീയമായ വിജയം കരസ്ഥമാക്കണമെന്നും, പ്രശസ്തിയും ജനസമ്മിതിയുമാർജ്ജിക്കണമെന്നും, ജീവിതാവശ്യങ്ങൾ സുലഭമായി നിൎവ്വഹിക്കുവാൻ വേണ്ട ധനം സമ്പാദിക്കണമെന്നും, അദ്ദേഹം അന്നുതന്നെ നിശ്ചയിച്ചുറച്ചിരുന്നു. ൩൦ വൎഷത്തെ അക്ഷീണമായ പരിശ്രമത്തിൻേറയും, അചഞ്ചലമായ സ്ഥിരോത്സാഹത്തിൻേറയും ഫലമായി ഇവയിലോരോ സുഖസ്വപ്നങ്ങളും അദ്ദേഹം യാഥാൎത്ഥ്യങ്ങളായി രൂപാന്തരപ്പെടുത്തി. ഭക്ഷണത്തിനും, വിശ്രമസൌകൎയ്യങ്ങൾക്കും വേണ്ടി ഉദാരന്മാരായ ധനാഢ്യന്മാരുടെ സന്മനോഭാവത്തെ അദ്ദേഹത്തിനാശ്രയിക്കേണ്ടിവന്നിട്ടുണ്ട്. വിദ്യാഭ്യാസത്തിനാവശ്യമുള്ള പണമുണ്ടാക്കുവാൻ തിരുവിതാംകൂറിന്റെ ഒരററംമുതൽ മറേറ അററംവരെ ഒരു യാചകനെപ്പോലെ അദ്ദേഹം അലഞ്ഞു തിരിഞ്ഞിട്ടുണ്ട്. മാന്യമായും, വെടിപ്പായും, വസ്ത്രധാരണം ചെയ്യുവാൻപോലും നിവൃത്തിയില്ലാതിരുന്നതുകൊണ്ട് അദ്ധ്യാപകന്മാരുടേയും, സഹപാഠികളുടേയും അവജ്ഞയ്ക്കദ്ദേഹം പാത്രമാകേണ്ടിവന്നിട്ടുണ്ട്. വിദ്യാൎത്ഥികളെ അവരുടെ വീടുകളിൽ ചെന്നു പഠിപ്പിച്ച് ഉപജീവനമാർഗ്ഗമുണ്ടാക്കുവാൻ വേണ്ടി തിരുവനന്തപുരത്തദ്ദേഹം ഓരോ വീടുകൾതോറും കയറി ഇറങ്ങിയിട്ടുണ്ട്. മാതാപിതാക്കന്മാരുടെ അകാലനിൎയ്യാണത്തിനുശേഷം നിരാധാരനായി നിസ്സഹായനായി ലോകത്തിൽ പരിത്യജിക്കപ്പെട്ട ഈ ബാലൻ, ബുദ്ധിസാമൎത്ഥ്യം കൊണ്ടും, സ്ഥിരപരിശ്രമംകൊണ്ടും ക്രമേണ ഉയൎന്നുയൎന്ന് ഈ ഘട്ടത്തിൽ തിരുവിതാംകൂറിലെ അത്യുന്നതനായ ഒരു ജനകീയനേതാവായിത്തീൎന്നിരുന്നു. വിദ്യാഭ്യാസം പൂൎത്തിയാകുന്നതിനു മുൻപുതന്നെ അഭ്യുദയകാംക്ഷികളുടെ കാരുണ്യംകൊണ്ടു തുഛമായ പതിനഞ്ചു രൂപാ ശമ്പളത്തിൽ അദ്ധ്യാപകവൃത്തിയിലേപ്പെട്ട പരമേശ്വരൻപിള്ളയുടെ വക്കീലെന്ന നിലയിലുള്ള ആദ്യമാസങ്ങളിലെ വരുമാനം നൂറു രൂപായിൽ കുറയാത്ത ഒരു തുകയായിരുന്നു. അല്പകാലത്തിനുള്ളിൽ തൊഴിൽപരമായി അദ്ദേഹത്തിനുണ്ടായിരുന്ന പ്രതിവൎഷാദായം നാലക്കങ്ങളുള്ള ഒരു ഭാരിച്ച സംഖ്യയായി വൎദ്ധിച്ചു. വള്ളക്കൂലി കൊടുക്കുവാൻ ചെമ്പുതുട്ടുകൾപോലുമില്ലാതെ തിരുവിതാംകൂർ

മുഴുവൻ കാൽനടയായി സഞ്ചരിച്ചിട്ടുള്ള പരമേശ്വരൻപിള്ള അനന്തരകാലങ്ങളിൽ സർവ്വവിധമായ സുഖസൌകര്യങ്ങളോടും കൂടി ഭാരതമൊട്ടുക്ക മാത്രമല്ല, പാശ്ചാത്യരാജ്യങ്ങളിൽപ്പോലും പര്യടനം ചെയ്തു. തിരുവിതാംകൂറിലെ പൊതുക്കാര്യജീവിതത്തിന്റെ സർവ്വതോമുഖമായ നേതൃത്വം അദ്ദേഹത്തിൽ സ്വയം വന്നു ലയിച്ചു. സാമുദായികവും രാഷ്ട്രീയവുമായ ഏതൊരു സംരംഭങ്ങളുടെയും നിയന്ത്രണവിഷയത്തിൽ അവസാനവാക്ക പറയുവാനുള്ള സ്വാധീനശക്തിയും ജനസമ്മിതിയും ഇന്ന് അദ്ദേഹത്തിനുതന്നെയായിരുന്നു. പൊതുജനങ്ങൾ അദ്ദേഹത്തെ ബഹുമാനിച്ചു. ഗവമ്മെൻറ് അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ആദരിച്ചു. ഒരുപക്ഷേ അത്യുന്നതമായ ഒരു സക്കാർജീവനമല്ലാതെ മറ്റൊന്നുംതന്നെ അദ്ദേഹത്തിന് അന്നു തന്റെ ജീവിതത്തിൽ വ്യക്തിപരമായ ഉൽക്കഷ്ഠത്തെ സംബന്ധിടത്തോളം അഭികാമ്യമായുണ്ടായിരുന്നില്ല. എങ്കിലും, ചങ്ങനാശേരിയുടെ ജീവിതസുഖം തികച്ചും അപൂണ്ണമായിരുന്നു. അനുഭവയോഗ്യമായ മിക്ക സുഖസൌകര്യങ്ങളും ആഗ്രഹിക്കാതെതന്നെ അദ്ദേഹത്തിനു ലഭിച്ചിരുന്നു. എങ്കിലും ഒഴിച്ചുകൂടാത്ത ആവശ്യങ്ങൾ ആയാസപ്പെട്ടു തേടിപ്പിടിക്കുന്ന സുഖം, താനേ വന്നുചേന്ന വിഭവങ്ങൾക്ക നൽകുവാൻ കഴിഞ്ഞില്ല. ഈ വിഭവസമൃദ്ധിയിൽ തുല്യാവകാശത്തോടെ പങ്കുകൊള്ളുവാൻ സ്നേഹഭാജനമായ ഒരു കുടുംബമുണ്ടായിരുന്നില്ലെന്നുള്ളതാണ് അദ്ദേഹത്തിന്റെ ഹൃദയവ്യഥയ്ക്കു മുഖ്യനിദാനമായിരുന്നതു്. രണ്ടു ദാമ്പത്യബന്ധങ്ങൾക്കുശേഷം അന്നദ്ദേഹം ഒരവിവാഹിതനെപ്പോലെ കഴിഞ്ഞുകൂടുകയായിരുന്നു. സംഭവബഹുലമായിരുന്ന പൊതുക്കാര്യജീവിതം ഏകാന്തമായിരുന്ന കുടുംബജീവിതത്തിൻെറ വിജനതയെ കൂടുതൽ അസഹനീയമാക്കിത്തീത്തു.

സ്ത്രീകളോടുള്ള ചങ്ങനാശേരിയുടെ ബന്ധം ആദർശപരമായ മാനദണ്ഡങ്ങൾ വച്ചളക്കുവാൻ പററിയ ഒന്നായിരുന്നില്ല. പ്രണയജീവിതത്തെ അടിസ്ഥാനമാക്കി മനുഷ്യസമുദായത്തെ രണ്ടായി വിഭജിക്കാം. ഒരു കൂട്ടർ പ്രേമചേഷ്ടകളിലേപ്പെട്ടിരിക്കുമ്പോൾ അവരുടെ ശാരീരികവും വികാരപരവുമായ ജീവിതം മുഴുവൻതന്നെ അതിൽ ലയിപ്പിച്ചു സംതൃപ്തിയടയുന്നു. മറെറാരു കൂട്ടർക്ക് ഇതു കേവലം ശാരീരികമായ ഒരാ

വശ്യം മാത്രമാണ്. ചങ്ങനാശേരി ഇവയിൽ രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടുമെന്നു തോന്നുന്നു. പ്രേമജീവിതത്തിലദ്ദേഹം ഒരു വിരക്തനോ, വൈരാഗിയോ ആയിരുന്നില്ല. ശാരീരികമായ പ്രലോഭനങ്ങൾക്കദ്ദേഹം കീഴടങ്ങിയിട്ടുണ്ട്. സാമുദായികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളുടെ നേതൃത്വമേറെറടുത്തു, പേരും പെരുമയും ആർജ്ജിക്കുവാൻവേണ്ടി അഹോരാത്രം ക്ലേശിക്കയും, പ്രയത്നിക്കയും ചെയ്തിരുന്ന ചങ്ങനാശേരിയെപ്പോലുള്ള ഒരാൾക്ക കൃത്യബഹുലമായ ജീവിതത്തിലെ നിരന്തരമായ വിക്ഷോഭങ്ങളിൽനിന്ന് ഒരു വിമോചനം ജീവസന്ധാരണത്തിനുതന്നേയും ആവശ്യമായിത്തീരാറുണ്ട്. അങ്ങിനെയൊരയവു ലഭിച്ചില്ലെങ്കിൽ ജീവിതംതന്നെ അവക്കശിഥിലപ്പെട്ടുപോയേയ്ക്കും. "വില മതിക്കത്തക്ക യാതൊരു പ്രവൃത്തനങ്ങൾക്കും സഹജമായ ഐകരൂപ്യത്തെക്കാൾ വലിയ ശത്രുവില്ല. ദുഷ്കൃത്യങ്ങൾപോലും അങ്ങിനെയുള്ള ഘട്ടങ്ങളിൽ അമൂല്യങ്ങളാണ്. ആത്മാവിൻെറ മാരകശത്രു പഴക്കവും തേമാനവുമാണ്" എന്നു റൊമയിൻറോളൻഡ് പ്രസ്താവിച്ചിട്ടുണ്ട്. വികാരപരമായ പ്രണയതീക്ഷ്ണതയല്ലാ ദൈനംദിന ജീവിതത്തിലെ സംതൃപ്തിയാണ് അദ്ദേഹത്തിന്റെ ജീവിതത്തെ നിയന്ത്രിച്ചിരുന്നതു്. "പ്രേമം ശാശ്വതമായ ഒരു വിശ്വാസപ്രമാണമാണ്. ഈശ്വരൻ ഉണ്ടോ ഇല്ലയോ എന്നുള്ളതു നിസ്സാരമായ ഒരു പ്രശ്നമാണ്. നാം വിശ്വസിക്കുന്നതുകൊണ്ടു വിശ്വസിക്കുന്നു. സ്നേഹിക്കുന്നതുകൊണ്ടു സ്നേഹിക്കുന്നു. ഇതിലേയ്ക്കു കാരണങ്ങളന്വേഷിക്കേണ്ടതില്ല" എന്നു റൊമയിൻ റോളൻഡ് അദ്ദേഹത്തിൻെറ സുപ്രസിദ്ധമായ "ജീൻ ക്രിസ്റ്റോഫർ" എന്ന ഗ്രന്ഥത്തിൽ പറയുന്നു. വികാരരഹിതമായ ഒരു ജീവിതത്തിൻെറ ഉടമസ്ഥനായിരുന്ന ചങ്ങനാശേരി റൊമയിൻറോളൻഡ് പ്രതിപാദിച്ചിട്ടുള്ള രീതിയിൽ ഈശ്വരനിൽ വിശ്വസിക്കുകയോ, സ്ത്രീകളെ സ്നേഹിക്കുകയോ ചെയ്തിരുന്നു എന്നു പറയുവാൻ വിഷമമാണ്. വികാരപരമായ ചാപല്യങ്ങളെക്കാൾ ബുദ്ധിപ്രധാനമായ ആലോചനാശീലവും പ്രായോഗികചിന്തയുമാണ് അദ്ദേഹത്തിൻെറ ദാമ്പത്യജീവിതത്തെ നിയന്ത്രിച്ചിരുന്നതു്. അതുകൊണ്ടുതന്നെ കളത്രഭാവേന സ്നേഹിക്കുവാനും, ആദരിക്കുവാനും, ആജീവനാന്തംകൂടിക്കഴിയുവാനും പററിയ ഒരു സഹധർമ്മചാരിണിയെ കണ്ടെത്തുവാനന്നു

വരെ അദ്ദേഹത്തിന കഴിഞ്ഞിരുന്നില്ല. ഉജ്ജ്വലമായ വ്യക്തിപ്രഭാവവും, ഉദ്ധതമായ ആത്മവിശ്വാസവും, അതിരററ സ്വാശ്രയശീലവുംകൊണ്ടു മാത്രമാണ ചങ്ങനാശേരി സമുദായത്തിൻെറ ആഴമേറിയ അടിത്തട്ടിൽനിന്ന് അതിൻെറ ഉപരിതലത്തിലേയ്ക്കുയന്നതു്. മററാരുടെ സ്വാധീനശക്തിക്കും, നിസ്വാത്ഥമായ പിന്തുണയ്ക്കും അദ്ദേഹം കടപ്പെട്ടിരുന്നില്ല. പരാജയപൂണ്ണവും, നിരാശാപരവും ആയ ശോകചരിത്രങ്ങൾ കൊണ്ടു നിറഞ്ഞ ജീവിതമത്സരത്തിലെ അത്ഭുതകരമായ വിജയം ഒരു പക്ഷേ അദ്ദേഹത്തെ ഉദ്ധതനും, അഹംബുദ്ധിയുമാക്കിത്തീത്തിരിക്കാം. അങ്ങിനെയുള്ളവർ, അടുത്തു ദീർഘകാലം മററുള്ളവക്കു കൂടിക്കഴിയുവാൻ പററിയ മൃദുലബുദ്ധികളായിരിക്കയില്ലെന്നു മനഃശാസ്ത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

മദ്ധ്യപ്രായം തരണംചെയ്തുകൊണ്ടിരുന്ന ചങ്ങനാശേരി, ഈ ഘട്ടത്തിൽ ഒരു ഗ്രാമീണബാലികയെ കണ്ടെത്തി. യുവത്വത്തിന്റെ ക്ഷണികവും സാഹസികവുമായ ചാപല്യങ്ങൾക്കിന്നദ്ദേഹം വശംവദനല്ല. ക്രമരഹിതവും അനിശ്ചിതവുമായ ബന്ധങ്ങൾകൊണ്ടിന്നദ്ദേഹം സംതൃപ്തനുമല്ല. സുന്ദരവും പ്രശാന്തവുമായ കുടുംബജീവിതത്തിന വേണ്ടി പകവും, സ്നേഹപൂണ്ണവുമായ അദ്ദേഹത്തിൻെറ ഹൃദയം വ്യാകുലപ്പെട്ടുകൊണ്ടിരിക്കയായിരുന്നു. ഈ ബാലികയുടെ അകൃത്രിമരൂപലാവണ്യം അദ്ദേഹത്തിൽ അനല്പമായ കൌതുകം വളത്തി. ബാല്യപ്രായം കടന്നു യൌവ്വനത്തിലേയ്ക്കു കാലൂന്നിക്കഴിഞ്ഞിരുന്ന ആ കന്യകയുടെ നിർദ്ദോഷകരമായ പെരുമാററങ്ങൾ അദ്ദേഹത്തിന്റെ ജിജ്ഞാസയെ ഉണത്തിവിട്ടു. അദ്ദേഹത്തിൻെറ ഹൃദയത്തിൽ തണുത്തുറഞ്ഞുതുടങ്ങിയിരുന്ന നിമ്മലമായ സ്നേഹസരിത്തു ദ്രവപ്പെട്ടു പ്രവഹിക്കുവാൻ തുടങ്ങി.

ശ്രീമതി അമ്മുക്കുട്ടിയമ്മ അന്നു കേവലം പതിനഞ്ചു വയസ്സു മാത്രം പ്രായമുള്ള ഒരു ബാലികയായിരുന്നു. പുഴവാതിൽ എന്ന സ്ഥലത്തു പരമേശ്വരൻപിള്ളയുടെ മൂലകുടുംബമായ മണക്കാട്ടുവീട്ടിനുതൊട്ടടുത്തുതന്നെയാണ് അമ്മുക്കുട്ടിയമ്മയുടെ ഗൃഹമായ തയ്യറമ്പിൽവീടും സ്ഥിതിചെയ്തിരുന്നതു്. ഈ രണ്ടു കുടുംബങ്ങളും പൂവ്വകാലംമുതല്ക്കുതന്നെ പരസ്പരബന്ധത്തിലും, വേഴ്ചയിലും കഴിഞ്ഞുകൂടിയിരുന്നു. രണ്ടു കുടുംബ

ങ്ങളും ഒന്നുപോലെ പുരാതനങ്ങളായിരുന്നു എങ്കിലും, ധന സ്ഥിതിയിലും, പ്രാബല്യത്തിലും താഴ്ന്ന നില മാത്രമാണ് അവയ്ക്കുണ്ടായിരുന്നത്. അമ്മുക്കുട്ടിയമ്മ തയ്യാറമ്പിൽ പാർവ്വതി യമ്മയുടേയും, ചേർത്തല മാരാരിക്കുളത്ത് ഇട്ടമ്പറമ്പത്തു വേലു ക്കുറുപ്പിന്റേയും പുത്രിയായി ൧൦൭൩ കന്നിയിൽ ഭൂജാത യായി. തയ്യാറമ്പുവീട്ടിൽത്തന്നെയാണു ശ്രീമതി അമ്മുക്കുട്ടി യമ്മ തന്റെ ബാല്യദശ കഴിച്ചുകൂട്ടിയത്. ഒരു ജ്യേഷ്ഠസഹോ ദരന്റെ സാഹചര്യം മാത്രമാണു പ്രായേണ സംഭവരഹിതമാ യിരുന്ന ആ ബാലികയുടെ കുടുംബജീവിതത്തെ ഉല്ലാസപ്രദ മാക്കിത്തീർത്തത്. അമ്മുക്കുട്ടിയമ്മയ്ക്കു മററു സഹോദരന്മാരോ സഹോദരികളോ ഇല്ല. ഗൃഹത്തിനു സമീപമുള്ള ഒരിംഗ്ലീഷു വിദ്യാലയത്തിൽ രണ്ടു മൂന്നു വഷങ്ങൾ കഴിച്ചുകൂട്ടിയതല്ലാതെ കാര്യമായ നിലയിൽ വിദ്യാഭ്യാസം ചെയ്യുവാനോ മററു പരി ശീലനങ്ങൾ നേടുവാനോ അവൾക്കു കഴിഞ്ഞിരുന്നതുമില്ല.

ചങ്ങനാശേരിയുടെ വിവാഹാലോചന അമ്മുക്കുട്ടിയമ്മ യുടെ ജീവിതത്തിൽ ഒരു യാദൃച്ഛികസംഭവമായിരുന്നു. വിവാഹ ജീവിതത്തിന്റെ നാനാമുഖമായ വശങ്ങളെപ്പററി ചിന്തിക്കു വാൻ വേണ്ട മാനസികമായ വളർച്ച അന്ന് ആ ബാലികയ്ക്കു ണ്ടായിരുന്നില്ല. ബാല്യസഹജമായ ഒരു ജിജ്ഞാസയല്ലാതെ ദാമ്പത്യജീവിതത്തിലെ ദുഷ്ഘടകരമായ പ്രശ്നങ്ങളെപ്പററിയുള്ള ചിന്തകൾ അവരെ അലട്ടിയതുമില്ല. മാതാവു വിവാഹനി ശ്ചയം ചെയ്യുകയും, അചിരേണ അതു നടക്കുകയും ചെയ്തു. അമ്മുക്കുട്ടിയമ്മ ഒരു ഭാര്യയായിത്തീന്നു. അനുചിതമായ ആഡം ബരങ്ങളോ, ആർഭാടങ്ങളോ ആ മംഗളകമ്മത്തെ വികൃതമാ ക്കിയില്ല. സമുദായപരിഷ്കത്താവായ ചങ്ങനാശേരിയുടെ വിവാ ഹത്തിന് അമിതമായ ധനദുർവ്യയം അനുവദനീയമല്ലല്ലോ. കഷ്ടിച്ചു നൂറു മാന്യന്മാർ മാത്രമാണ് ആ മംഗളകമ്മത്തിൽ പങ്കുകൊണ്ടത്.

പ്രേമാരാധനയ്ക്കു വേണ്ടി രാജസിംഹാസനംതന്നെ പരി ത്യജിച്ച എഡ്വേർഡ് എട്ടാമന്റെ പത്നീപദം അലങ്കരിക്കുന്ന ആ അമേരിക്കൻവനിതയെക്കണ്ടിട്ടു സുപ്രസിദ്ധ ഹാസസാഹി ത്യകാരനായ ബർണാഡ്ഷാ ഒരിക്കൽ ഇങ്ങിനെ പ്രസ്താവിക്കു

യുണ്ടായി: "ഈ സ്ത്രീ ഒരു സാമ്രാജ്യാധിപൻെറ ഭാഗധേയ
ങ്ങളെ ശിഥിലപ്പെടുത്തിയതെങ്ങിനെയെന്ന് എനിക്കറിയാം.
അസ്വാസ്ഥവും വിശ്രമരഹിതവുമായ ജീവിതംകൊണ്ട് അയ
വററ മുറുകിനില്ക്കുന്ന സിരാപടലങ്ങളെ തണുപ്പിക്കുവാനും
ആശ്വസിപ്പിക്കുവാനുമുള്ള അനുഗ്രഹശക്തി അവരിൽ ഞാൻ
കാണുന്നു."

ചങ്ങനാശ്ശേരിയുടെ വിവാഹത്തിലും അന്തർഭവിക്കുന്ന
അടിസ്ഥാനതത്വം ഇതുതന്നെയാണ്. ശ്രമകരവും ആകാം
ക്ഷാഭരിതവുമായിരുന്ന പൊതുക്കാൎയ്യജീവിതത്തിലെ ക്ലേശകര
മായ അനുഭവങ്ങൾകൊണ്ടു തളൎന്നുവിജൃംഭിച്ച സിരകളെ
സാന്ത്വനപ്പെടുത്തുവാൻ അനുഗ്രഹശക്തിയുള്ള ഒരു സഹകാരി
ണിയെയാണ് അദ്ദേഹം അന്വേഷിച്ചുനടന്നത്. നാഗരികജീ
വിതത്തിന്റെ കൃത്രിമമോടികളോ, അഭ്യസ്തവിദ്യരായ തരുണിക
ളുടെ ബുദ്ധിപരമായ സംസൎഗ്ഗമോ അദ്ദേഹമഭിലഷിച്ചില്ല.
ആർഭാടരഹിതമായ ഗ്രാമജീവിതത്തിലെ അനാഡംബരത
യുടെ മാധുൎയ്യമാണ് അദ്ദേഹത്തെ ആകൎഷിച്ചത്. അതിൻെറ
പ്രതിഛായയായിരിക്കണം അമ്മുക്കുട്ടിയമ്മയിലദ്ദേഹം ദശി
ച്ചത്. അതദ്ദേഹത്തെ സംതൃപ്തനാക്കുകയും ചെയ്തു. ഗൌരവ
ചിത്തനും, കാൎയ്യമാത്രപ്രസക്തനുമായ അദ്ദേഹത്തിൻെറ
ജീവിതം പൊതുക്കാൎയ്യപ്രവൎത്തനങ്ങളുടെ ബാഹുല്യംകൊണ്ട്
അസ്വാസ്ഥവും, ഉൽക്കണ്ഠാകുലവുമായിരുന്നു. സ്ത്രീസഹജമായ
ഉള്ളഴിഞ്ഞ സ്നേഹവും, വാത്സല്യപൂൎവ്വമായ പരിചരണങ്ങളും,
വഴിഞ്ഞൊഴുകുന്ന ആനന്ദവുമാണു വിശ്രമാവസരങ്ങളിൽ
അദ്ദേഹം പ്രതീക്ഷിച്ചത്. അതിലേയ്ക്കൊരഭയസ്ഥാനമാണ്
അദ്ദേഹം അക്ഷമയോടെ കാത്തിരുന്നത്. അതുകൊണ്ടുതന്നെ
യാണ് ബഹുമുഖമായ തൻെറ വിപുലപ്രവൎത്തനങ്ങളെ വിമ
ൎശകദൃഷ്ടിയോടെ വീക്ഷിച്ചുപദേശിക്കുവാൻ പ്രാപ്തിയുള്ള വിദ്യാ
സമ്പന്നയായ ഒരു പ്രൌഢവനിതയുടെ സാഹചൎയ്യം അദ്ദേഹ
മഭിലഷിക്കാതിരുന്നത്. നിസൎഗ്ഗമധുരമായ ഗാൎഹസ്ത്യജീവിത
ത്തിലെ പ്രശാന്തമായ ആനന്ദവും, സംതൃപ്തിയും അനല്പമായ
ആത്മാൎത്ഥതയോടെ നല്കുവാൻ മടിക്കാത്ത സ്നേഹരൂപിണി
യായ ഒരു സ്ത്രീരത്നത്തെയാണ് അദ്ദേഹത്തിനാവശ്യമുണ്ടായി
രുന്നത്. ശ്രീമതി അമ്മുക്കുട്ടിയമ്മ ചങ്ങനാശേരിയുടെ പ്രതീ

ക്ഷകളെ അത്ഭുതകരമാംവണ്ണം സംതൃപ്തിപ്പെടുത്തിയെന്നു ള്ളതു രണ്ടു ദശാബ്ദകാലം നീണ്ടുനിന്ന സുഖസമൃദ്ധമായ അവ രുടെ ദാമ്പത്യചരിത്രം വെളിപ്പെടുത്തുന്നുണ്ട്.

ഇന്നു മിസസ്സ് ചങ്ങനാശേരി പരമേശ്വരൻപിള്ളയെ കാണുന്ന ഒരാൾക്ക് ഈ ഗൃഹനായിക ഏൻ വർഷങ്ങൾക്കു മുൻപു നാഗരികസംസ്കാരമോ ഗണ്യമായ വിദ്യാഭ്യാസമോ അവകാശപ്പെടാതെ ഗ്രാമീണജീവിതത്തിലെ ഏകാന്തതയിൽ കഴിഞ്ഞുകൂടിയ ഒരു ബാലികയായിരുന്നു എന്നൂഹിക്കുവാൻ പോലും കഴിയുന്നതല്ല. ആകാരസുഷമയല്ലാതെ ബാഹ്യമായി ഭർത്തൃസന്നിധിയിൽ പ്രദർശിപ്പിക്കുവാൻ മററു യാതൊരു നൈപു ണ്യവും അവൾക്കുണ്ടായിരുന്നില്ല. എങ്കിലും, ആശ്ചര്യകരമായ സാമാന്യബുദ്ധിയും ഗ്രഹണപാടവവും ആ ബാല്യപ്രായത്തിൽ ത്തന്നെ തൻെറ പത്നിയിലദ്ദേഹം ദർശിച്ചിരിക്കണം. നിർദ്ദോഷ കരമായ ആ ഹൃദയത്തിനു സാഹചര്യംകൊണ്ട് ഏതു രൂപഭേ ദവും നൽകുവാൻ കഴിയുമെന്നും ആ മനഃശാസ്ത്രജ്ഞൻ അറി ഞ്ഞിരിക്കണം.

ചങ്ങനാശേരിയുടെ വിദഗ്ദ്ധഹസ്തങ്ങളിലാണു ശ്രീമതി അമ്മുക്കുട്ടിയമ്മ തൻെറ ഗാർഹികവും സംസ്കാരപരവുമായ പരി ശീലനങ്ങൾ ആരംഭിച്ചതു്. വിവാഹവേദിയിൽനിന്നു പുറത്തി റങ്ങി, ആ രാത്രിതന്നെ ഭർത്തൃഗൃഹത്തിലേയ്ക്കു യാത്രപുറപ്പെട്ട ഈ നവവധുവിനെ ഏകാന്തമായ തൻെറ ഭവനത്തിൻെറ സർവ്വാധിപത്യം ഏല്പിക്കുകയാണു ആദ്യാതന്നെ ചങ്ങനാ ശേരി ചെയ്തതു്. കാർ, ഗൃഹത്തിൻെറ പടിക്കലെത്തിയപ്പോൾ വാഹനത്തിൽനിന്നു പുറത്തിറങ്ങുവാൻ ബദ്ധപ്പെട്ട അദ്ദേഹ ത്തിൻെറ കൈ, കാറിലൊരു മൂലയിൽ ഇട്ടിരുന്ന താക്കോൽക്കൂ ട്ടത്തിൽച്ചെന്നു തടഞ്ഞു. കാറിൽനിന്നിറങ്ങുന്നതിനു മുൻപുത ന്നെ താക്കോൽക്കൂട്ടം വലിച്ചെടുത്തു് "ഇതാ കെട്ടുപൂട്ടുകളൊ ക്കെ അങ്ങോട്ടേല്പിച്ചിരിക്കുന്നു" എന്നു വാത്സല്യപൂർവ്വം പറ ഞ്ഞുകൊണ്ടു് അദ്ദേഹം അതു ഭാര്യയെ ഏല്പിച്ചു. അനന്തര കാലങ്ങളിൽ ഒരിക്കൽപ്പോലും ഈ താക്കോലുകൾ അദ്ദേഹം കൈകൾകൊണ്ടു സ്പർശിച്ചിട്ടില്ല. മാർഗ്ഗമദ്ധ്യത്തിൽവച്ചുതന്നെ ഗൃഹനായികയായി അവരോധിക്കപ്പെട്ട ശ്രീമതി അമ്മുക്കുട്ടിയ മ്മയുടെ അഭാവത്തിൽ ചങ്ങനാശേരിവീട്ടിലെ മേശകളും അലമാരികളും തുറക്കപ്പെടാതെ കിടന്നുപോയേക്കും.

പ്രാചീനമായ ഗാർഹികാദർശങ്ങളും സദാചാരനിഷ്ഠയും സന്മാർഗ്ഗബോധവുമാണു നാഗരികജീവിതത്തിലേയ്ക്കു പ്രവേശിച്ച അമ്മുക്കുട്ടിയമ്മ സ്ത്രീധനമായി ഭർത്തൃഗൃഹത്തിലേയ്ക്കു കൊണ്ടുപോന്നിരുന്നതു്. ചങ്ങനാശേരി പ്രായോഗികജീവിതത്തിലെ ദുർഘടകരങ്ങളായ അനുഭവങ്ങളെ സമചിത്തതയോടു കൂടി നേരിടുവാൻ വേണ്ട പരിശീലനങ്ങൾ നൽകി ഈ വിശിഷ്ടഗുണങ്ങൾക്കു മാററു കൂട്ടി. ഗ്രാമീണജീവിതത്തിന്റെ പരുപരുത്ത വശങ്ങളെ വിദ്യാഭ്യാസംകൊണ്ടദ്ദേഹം മിനുസപ്പെടുത്തി. ഇന്നു് ഏതൊരു സാമൂഹ്യജീവിതത്തിലും ലൌകിക രംഗങ്ങളിലും സ്വാഭാവികമായി പങ്കെടുക്കുവാൻ മിസ്സസ്സ് ചങ്ങനാശേരിക്കു കഴിയും. സമയനിഷ്ഠയും, പരിശ്രമശീലവും, പ്രായോഗികബുദ്ധിയും അദ്ദേഹം തൻെറ പത്നിക്കുപദേശിച്ചു. വികാരപരമായ മനോഭാവമല്ല, തത്വദീക്ഷയിലടിയുറച്ച വിശ്വാസമാണു് അദ്ദേഹത്തിൻെറ ജീവിതത്തെ നിയന്ത്രിച്ചിരുന്നതു്. ചങ്ങനാശേരി വീടു ഭരിക്കുകയെന്നുള്ളതു് അത്ര നിസ്സാരമായ ഒരു കാര്യമല്ല. സമയനിഷ്ഠയും കൃത്യബോധവുമാണു് ആ ഗൃഹത്തിലെ ബഹുമുഖമായ ജീവിതത്തെ ക്രമപ്പെടുത്തിയിരുന്നതു്. ചിലപ്പോൾ ഒരു ന്യായാധിപന്റെ പത്നിയെന്ന നിലയിൽ സാമൂഹ്യജീവിതത്തിൽ പങ്കെടുക്കുവാനായിരിക്കും അമ്മുക്കുട്ടിയമ്മ നിയുക്തയാകുന്നതു്. മററു ചിലപ്പോൾ ഒരു പൊതുക്കാര്യപ്രസക്തന്റെ സഹധർമ്മചാരിണിയെന്ന നിലയിൽ ഡൽഹിയിലും സിംലായിലുമുള്ള ഔന്നത്യങ്ങളെ അവർ അധിരോഹണം ചെയ്യുകയായിരിക്കും. മററു ചിലപ്പോൾ ഭർത്തൃഹിതമനുസരിച്ചു യാന്ത്രികനിഷ്ഠയോടുകൂടി വിപുലമായ ഒരു കുടുംബത്തിന്റെ ഭാരമേറിയ ചക്രങ്ങൾ തിരിക്കുകയായിരിക്കും അവർ ചെയ്യുന്നതു്. മററവസരങ്ങളിൽ ശിശുക്കളുടെ രോഗവും, രോദനവും മററു കുഴപ്പങ്ങളും ആ ഗൃഹനായികയെ അലട്ടുന്നുണ്ടാവാം. പക്ഷെ ഇവയൊന്നുംതന്നെ ചങ്ങനാശേരിയുടെ ഗൃഹത്തിൻെറ പ്രശാന്തതയെ ഭഞ്ജിക്കാറില്ല. മിസ്സസ്സ് പരമേശ്വരൻപിള്ളയുടെ സമചിത്തതയെ ഭേദിക്കുവാനും നാനാമുഖമായ ഈ കൃത്യാന്തരങ്ങൾക്കു കഴിഞ്ഞിട്ടില്ല. എത്ര ശ്രമകരങ്ങളായ കൃത്യബാഹുല്യങ്ങളേയും അഭിമുഖീകരിക്കുവാൻ വേണ്ട ആരോഗ്യവും ശരീരപുഷ്ടിയും അമ്മുക്കുട്ടിയമ്മയ്ക്കു ഭാഗ്യവശാൽ പ്രകൃതിദത്തമായിട്ടുണ്ടു്. എത്ര കഠിനമായ ജോലിത്തിരക്കുകൾക്കിടയിലും അസ

ഷ്യതകൊണ്ടോ കോപഭാവംകൊണ്ടോ ആ മുഖം വൈരൂപ്യ മടയാറില്ല. ആ മന്ദഹാസം ഒരിക്കലും മുഖത്തുനിന്നു മങ്ങിമറ യാറുമില്ല.

ചങ്ങനാശേരിവീട്ടിലെ സന്ദർശകമുറിയിൽ മിസ്സസ്സ് ചങ്ങനാശേരിയുടെ ഒരു ഛായാപടം നിറം കലർത്തിയ മഷി യിൽ വരച്ചുവച്ചിട്ടുണ്ട്. വാത്സല്യപൂർണ്ണവും, പരിപക്വവുമായ മാതൃത്വത്തിൻെറ പ്രതിഛായയാണത്. ഒരു വെറും കാററു പോലെ സമുദായമദ്ധ്യത്തിൽക്കൂടി വീശിമറയുകയും, ഒരു ചിത്രശലഭംപോലെ ഉല്ലസിച്ചാനന്ദിക്കയും, നിറപ്പകിട്ടുള്ള ആകാശംപോലെ അന്തസ്സാരവിഹീനമായിക്കഴിഞ്ഞുകൂടുകയും ചെയ്യുന്ന ഒരു 'പരിഷ്കൃത'യുവതിയുടെ സ്മരണയല്ല ഈ ചിത്രം പ്രേക്ഷകന്മാരിലുദ്ദീപിപ്പിക്കുന്നത്. മിസ്സസ്സ പരമേശ്വരൻ പിള്ള ഇന്നു നാലു് ആൺകുട്ടികളും, നാലു് പെൺകുട്ടികളു മുൾപ്പെടെ എട്ടു സന്താനങ്ങളുടെ മാതാവാണ്. ഈ കുട്ടികളെ വളർത്തിക്കൊണ്ടുപോരുവാനും, അവരുടെ സുഖസൌഖ്യങ്ങൾ ദീക്ഷിക്കുവാനും എത്ര സമ്പൽസമൃദ്ധമായ പരിതഃസ്ഥിതി കളുടെ സാന്നിദ്ധ്യത്തിലും ഒരായയുടെ സഹായം അവക്കിന്നു വരെ വേണ്ടിവന്നിട്ടില്ല. ഭർത്തൃസുഖത്തേയും, ശിശുക്കളുടെ ഗുണത്തേയും കാംക്ഷിച്ച് ഒരടിമയെപ്പോലെ ക്ലേശിക്കുവാനും മുഷിഞ്ഞും ജോലി ചെയ്യുവാനും അവക്കു മടിയില്ല. ഗൃഹ ഭരണത്തിൻെറ കുഴങ്ങിയ സ്വഭാവം ഒരിക്കലും ചങ്ങനാ ശേരി അറിഞ്ഞിട്ടില്ല. എങ്കിലും, ഭർത്താവിനും, കുട്ടികൾക്കും വേണ്ടിയാണു തൻെറ ഗൃഹനായിക ജീവിക്കുന്നതെന്നു് അദ്ദേഹത്തിനറിയാം. ഗൌരവചിത്തനും ചിന്താശീലനുമാ യിരുന്ന അദ്ദേഹത്തിൻെറ സ്വഭാവഗതിയെ ത്യാഗസമ്പ ന്നയായ ഈ ഗൃഹനായികയുടെ നിസ്വാത്ഥപരമായ ജീവിത രീതി ഗാഢമായി സ്പശിച്ചിരിക്കണം. ചങ്ങനാശേരിയുടെ നിർദ്ദാക്ഷിണ്യശീലവും വികാരശൂന്യമായ ഹൃദയവും മദ്ധ്യ ജീവിതത്തിലെ ഈ ദാമ്പത്യബന്ധത്തിനുശേഷം, കൂടുതൽ സ്വാഭാവികവും, മൃദുലവും, കാരുണ്യപൂർണ്ണവുമായിത്തീന്നിട്ടുണ്ടെ ന്നു് അദ്ദേഹത്തിൻെറ മിത്രങ്ങൾ പറയാറുണ്ട്. സ്നേഹഭാജന മായ പത്നിക്കു് അദ്ദേഹത്തിൽ പ്രയോഗിക്കുവാൻ കഴിഞ്ഞ സ്വാധീനശക്തിയാണു് ഈ സ്വഭാവപരിവത്തനത്തിനുള്ള പരിപൂർണ്ണമായ നിദാനം.



മിസിസ്സ് ചങ്ങനാശേരി.

ശ്രീമതി അമ്മുക്കുട്ടിയമ്മയുമായുള്ള ചങ്ങനാശേരിയുടെ ദാമ്പത്യജീവിതം തികച്ചും വിജയകരമായിരുന്നു. ബാഹ്യമായ ജീവിതവ്യാപാരങ്ങളിലേപ്പെട്ടിരിക്കുമ്പോൾ ഒരിക്കലെങ്കിലും മന്ദഹസിക്കപോലും ചെയ്തിട്ടില്ലാത്ത ഈ ഗംഭീരാശയൻ കളത്രപുത്രാദികളുടെ മദ്ധ്യത്തിലിരുന്നു ശിശുക്കളെപ്പോലെ പൊട്ടിച്ചിരിച്ചാനന്ദിക്കുന്നതും ആഹ്ലാദിക്കുന്നതും കണ്ടു പ്രേക്ഷകന്മാർ ആശ്ചര്യപ്പെട്ടിട്ടുണ്ടു്. ഇന്നു് ഉന്നതമായ ഒരു സ്ഥാനത്തിരിക്കുന്ന അഭ്യസ്തവിദ്യയായ ഒരു യുവതി "ചങ്ങനാശേരി ചിരിക്കുമോ? അരസികനായ അദ്ദേഹത്തോടുകൂടി എങ്ങിനെയാണു നിങ്ങൾ കഴിഞ്ഞുകൂടുന്നതു്." എന്നു മിസ്സസ്സ് ചങ്ങനാശേരിയോടു് ഒരിക്കൽ വിനോദസ്വരത്തിൽ ചോദിക്കുകയുണ്ടായി. "ഞങ്ങളെക്കാൾ കൂടുതൽ ആനന്ദമായിക്കഴിയുന്ന മറ്റൊരു കുടുംബത്തെ കാണുവാൻ കഴിയുകയില്ലെന്നാണു" മിസ്സസ്സ് ചങ്ങനാശേരി ജിജ്ഞാസാഭരിതയായ ഈ ബിരുദധാരിണിക്കു നല്കിയ മറുപടി.

ദീർഘസമയം പടങ്ങൾ വച്ചാരാധിച്ചു് ഈശ്വരഭജനത്തിൽ കഴിഞ്ഞുകൂടിയിരുന്ന ഒരു യുവതി പൂജാവേളയിൽ യാദൃച്ഛികമായി ഗൃഹസന്ദർശനത്തിനു ചെന്നുചേർന്നു മിസ്സസ്സ് പരമേശ്വരൻപിള്ളയോടു ചങ്ങനാശേരിവീട്ടിൽ പൂജാകർമ്മങ്ങൾ പതിവില്ലേ എന്നു ചോദിച്ചതിനു "ഞങ്ങൾക്കു് ഒരു പൂജയേ ഉള്ളു. ഞങ്ങൾ രണ്ടുപേരും അങ്ങോട്ടും ഇങ്ങോട്ടും പൂജിക്കും." എന്നാണു് അവർ നിസ്സംശയം നല്കിയ മറുപടി.

"ഞങ്ങൾ ഒരിക്കൽ മാത്രമല്ലാതെ പരസ്പരം കലഹിച്ചിട്ടുള്ളതായി എനിക്കോർമ്മയില്ല." എന്നാണു് ഒരു സംഭാഷണത്തിൽ മിസിസ്സ് ചങ്ങനാശേരി പറഞ്ഞതു്. അവർ ഇങ്ങനെ തുടന്നു. "അതു സ്റ്റേറ്റുകാൺഗ്രസ്സുപ്രക്ഷോഭണം നടക്കുന്ന കാലത്തായിരുന്നു. അദ്ദേഹം ആവശ്യമുള്ളപക്ഷം ജയിലിൽ പോകുവാൻ വട്ടംകൂട്ടുന്നതു കണ്ടു ഞാൻ വല്ലാതെ അന്ധാളിച്ചു. ജയിലിലോടിക്കയറുവാനദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ലെന്നു എനിക്കറിയാമായിരുന്നു. എന്നാൽ അറസ്റ്റും ജയിൽവാസവും അദ്ദേഹം ഭയപ്പെട്ടിരുന്നില്ല. ശരിയെന്നു തോന്നുന്നകാര്യങ്ങൾ പ്രവർത്തിക്കുവാൻ മടിച്ചിരുന്നതുമില്ല. ജയിൽവാസംകൊണ്ടുദ്ദേ

ഹത്തെപ്പററിയുള്ള മതിപ്പും ബഹുമാനവും വർദ്ധിക്കുമെന്നെനിക്കറിയാമായിരുന്നു. എങ്കിലുമതോൽത്തപ്പോൾ ഞാൻ നടുങ്ങി. എത്ര പണം കൊടുത്തും, ഉപദേശങ്ങൾ നല്കിയും പുറത്തുനിന്നു സ്റ്റേററ്കോൺഗ്രസ്സിനെ സഹായിച്ചുകൊള്ളുവാൻ ഞാനദ്ദേഹത്തോടു പറഞ്ഞു. ജയിൽജീവിതം അദ്ദേഹത്തിൻെറ മരണത്തിനിടയാക്കുമെന്ന് എനിക്കറിയാമായിരുന്നു. ഏറ്റവും നിഷ്കൃഷ്ടാപൂർവമുള്ള ദിനചരികൊണ്ടു മാത്രമാണ് അദ്ദേഹം തൻെറ ആരോഗ്യം പരിപാലിച്ചുപോന്നത്. ജയിലിൽനിന്നു ജീവനോടുകൂടി പുറത്തുവരുവാൻ സാധിക്കുകയില്ലെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു. പക്ഷേ ഇതൊക്കെ ആരു കേൾക്കുവാനാണ്? ഈ വിഷയത്തെക്കുറിച്ചു സംസാരിക്കുമ്പോഴൊക്കെ ഒരു രാജിക്കും അദ്ദേഹം തയാറില്ലായിരുന്നു. ഞാൻ എൻെറ ദുഃഖഭാരവും ചുമന്നുകൊണ്ടു നടക്കേണ്ടിവന്നു.”

മിസസ്സ് ചങ്ങനാശേരിയുടെ പ്രവത്തനരംഗം അടുക്കളയും പ്രസവമുറിയും മാത്രമാണെന്നു ആരും തെററിദ്ധരിക്കേണ്ടതില്ല. അവർ പൊതുക്കാര്യജീവിതത്തിൽ എപ്പോഴും ഭർത്താവിനു പിൻതുണ നിന്നിട്ടുള്ളതുകൂടാതെ പ്രത്യേകരംഗങ്ങളിൽ സ്വതന്ത്രമായി പങ്കെടുത്തിട്ടുമുണ്ട്. മിസസ്സ് ചങ്ങനാശേരി ആദ്ധ്യക്ഷം വഹിച്ചിട്ടുള്ള മഹിളാസമ്മേളനങ്ങളേക്കുറിച്ച് ഇവിടെ യാതൊന്നും പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. അവ വളരെയുണ്ട്. തിരുവിതാംകൂറിനെപ്പോലുള്ള ഒരു രാജ്യത്ത് ഉദ്യോഗസ്ഥന്മാരുടെ ഭാര്യമാക്ക് അവരുടെ ഭർത്താക്കന്മാരുടെ ശമ്പളക്രമമനുസരിച്ച് എത്ര യോഗങ്ങളിൽ വേണമെങ്കിലും ആദ്ധ്യക്ഷം വഹിക്കുവാനും, പ്രസംഗിക്കുവാനും കഴിയും. അതിലേയ്ക്കു വ്യക്തിപരമായ യാതൊരു നിപുണതയും ആവശ്യമില്ല. എന്നാൽ തിരുവിതാംകൂറിലെ ഏററവും മികച്ച ഒരു ധമ്മസ്ഥാപനമായ മഹിളാമന്ദിരത്തിൻെറ ഭരണസമിതിയുടെ അദ്ധ്യക്ഷയാണ മിസസ്സ് ചങ്ങനാശേരിയെന്നുള്ളത് ഇവിടെ പ്രസ്താവയോഗ്യമാണ്.

സ്റ്റേററ്കോൺഗ്രസ്സ് പ്രക്ഷോഭണങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ തിരുവിതാംകൂറൊട്ടുക്ക് അടിയും വെടിയുമേററ് അവശത സംഭവിച്ച അനവധി ജനങ്ങളെ സഹായിക്കുവാൻവേണ്ടി ൧൧൦൦൦-ൽ ചില പാനം രൂപാ പൊതുജനങ്ങളിൽനിന്നു പിരി

ച്ചെട്ടത്തു രാജ്യമൊട്ടുക്കു സഹായാർത്ഥികൾക്കു വിതരണം ചെയ്ത ദുരിതനിവാരണക്കമ്മററിയുടെ അദ്ധ്യക്ഷയെന്ന നിലയിൽ മിസസ്സ് ചങ്ങനാശേരി അനുഷ്ഠിച്ചിട്ടുള്ള സേവനം അവിസ്മരണീയമാണ്. പൊതുജനങ്ങളറിഞ്ഞിട്ടില്ലാത്ത മറ്റൊരു സംഗതികൂടി ഇവിടെ വെളിപ്പെടുത്തിക്കൊള്ളട്ടെ. നിരോധനാജ്ഞ ലംഘിച്ചു സുപ്രസിദ്ധമായ വട്ടിയൂർക്കാവുസമ്മേളനം നടത്തുവാൻ സ്റ്റേറ്റ് കാൺഗ്രസ്സ് വർക്കിംഗ് കമ്മററി തീരുമാനിച്ചതും, അതു തടയുവാൻ ഗവൺമെൻറു നടപടികൾ കയ്ക്കൊണ്ടതും, ആരും വിസ്മരിച്ചിരിക്കാനിടയില്ല. സമ്മേളനദിവസം യോഗസ്ഥലത്തിനു ചുററും ഗവൺമെൻറു പട്ടാളങ്ങളെ അണിനിരത്തിയിരുന്നു. അന്നു ലാത്തിപ്രഹരവും വെടിവയ്പുമുണ്ടാകുമെന്നു ജനങ്ങൾ പ്രതീക്ഷിച്ചു. അടിയും വെടിയുമേററ് അവശരായിത്തീരുവാനിടയുണ്ടായിരുന്ന വാളൻറിയറന്മാർക്കു പ്രഥമശുശ്രൂഷകൾ നൽകുവാനും, അവരെ പരിചരിക്കുവാനും വേണ്ടി റിലീഫ് കമ്മററിയുടെ നേതൃത്വത്തിൽ മിസസ്സ് ചങ്ങനാശേരി ഉൾപ്പെടെ ഒരു വനിതാസംഘം സന്നദ്ധമായിരുന്നു എന്ന കാര്യം അന്ന് അത്യാഹിതങ്ങളൊന്നുംതന്നെ സംഭവിക്കാതിരുന്നതുകൊണ്ടു പൊതുജനങ്ങളറിഞ്ഞിരിക്കാനിടയില്ല. അവശരായ ധർമ്മഭടന്മാരെ യോഗരംഗത്തുനിന്നു വഹിച്ചുകൊണ്ടുപോരുവാൻ മൂന്നു കാറുകളും, കിടത്തി ശുശ്രൂഷിക്കുവാൻ ഒരു ഗൃഹവും, ചികിത്സിക്കുവാൻ ഒരു ഡാക്ടരും, ഇവരുടെ നിർദ്ദേശമനുസരിച്ചു തയാറുണ്ടായിരുന്നു. ശുശ്രൂഷകൾ ചെയ്യുവാനുള്ള ജോലി ത്യാഗശീലകളായ ഈ വനിതകൾ സ്വയം നിർവ്വഹിച്ചുകൊള്ളാമെന്ന് ഏററിരുന്നു. ഈ സംരംഭത്തിലും, ദുരിതനിവാരണക്കമ്മററിയിലും മുന്നിട്ടുനിന്നു പ്രവർത്തിച്ച മററു മാന്യവനിതകളിൽ മിസസ്സ് കെ. പി. ഏബ്രഹാം, മിസ്സ് അലക്സാൻഡ്രാ ചെറിയാൻ എന്നീ നാമധേയങ്ങൾകൂടി ഇവിടെ സ്മരണീയങ്ങളാണ്.

ഭാവിജീവിതത്തിലും പൊതുജനസേവനത്തിനുള്ള മാർഗ്ഗങ്ങൾ പലതും പുരോഭാഗത്തു തെളിഞ്ഞുകിടക്കുന്നുണ്ടെന്നുള്ള വസ്തുത മിസസ്സ് ചങ്ങനാശേരി വിസ്മരിക്കയില്ലെന്നു പ്രതീക്ഷിക്കാം.

# അദ്ധ്യായം ൨൧

വിജയകരമായി നടന്ന മരുത്തുംകുഴി നായർമഹാസമ്മേളനത്തിനുശേഷം സമുദായാന്തരീക്ഷം വീണ്ടും ശാന്തതയെ അവലംബിച്ചു. കക്ഷിമത്സരങ്ങളും, വിഭിന്നതകളും, വിദ്വേഷങ്ങളും താൽക്കാലികമായിട്ടെങ്കിലും അല്പമൊന്നു നിലച്ചു. പ്രകടനങ്ങളും, എതിർപ്രകടനങ്ങളും, സമ്മേളനങ്ങളും, പ്രതിഷേധങ്ങളുംകൊണ്ടു സമുദായത്തെ പുരോഗമിപ്പിക്കുവാൻ കഴിയുകയില്ലെന്നു ജനപ്രമാണികൾ ധരിച്ചുതുടങ്ങി. സമുദായത്തിലെ ഭിന്നിപ്പും, കക്ഷിമത്സരവുംകൊണ്ടു നായന്മാർ മററുള്ളവരുടെ ദൃഷ്ടിയിൽ പരിഹാസപാത്രങ്ങളായിത്തീർന്നിരുന്നു. സാമാന്യജനങ്ങൾക്ക് ഈ മത്സരങ്ങളിൽ യാതൊരു പങ്കുമുണ്ടായിരുന്നില്ല. നേരേമറിച്ച് ഈ സ്ഥിതിഗതികൾ അവസാനിച്ചുകാണുവാൻ അവർ ആത്മാർത്ഥമായി ആഗ്രഹിച്ചു. ഇതിൻെറ ഫലമായി കേരളീയനായർസമാജത്തേയും, സമസ്തകേരളനായർസാമുദായികമഹാസമ്മേളനത്തേയും പരസ്പരം കൂട്ടിയോജിപ്പിക്കുവാൻ മറെറാരു ശ്രമം നടന്നു. പ്രസ്തുത ശ്രമങ്ങളുടെ നേതൃത്വം വഹിച്ചതു തിരുവനന്തപുരത്തെ യുവജനനായർസമാജം എന്ന ഒരു പുതിയ സ്ഥാപനത്തിൻെറ പ്രവൎത്തകന്മാരായിരുന്നു. ആദർശവാദികളും സേവനതല്പരന്മാരുമായിരുന്ന ഏതാനും യുവാക്കന്മാരുടെ പരിശ്രമഫലമായി സംഘടിപ്പിക്കപ്പെട്ട ഒരു സ്ഥാപനമായിരുന്നു ഇതു്. സമുദായത്തിലെ മത്സരങ്ങൾ ദൂരീകരിച്ച് ഐക്യവും സമാധാനവും സ്ഥാപിക്കുവാൻ വേണ്ടിയുള്ള കൂടിയാലോചനകൾ നടത്തുന്നതിനു യുവജനനായർസമാജത്തിൻെറ ആഭിമുഖ്യത്തിൽ അതിൻെറ പ്രവൎത്തകന്മാർ ൧൦൯൨ വൃശ്ചികം ൧൨-ാം-നു- തിരുവനന്തപുരത്തുവച്ച് ഇരുകക്ഷികളിലേയും നേതാക്കന്മാരുടെ സാന്നിധ്യത്തോടുകൂടി ഒരു മഹാസമ്മേളനം വിളിച്ചുകൂട്ടി. പ്രസ്തുത സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചതു മി. കണ്ടനാട്ടു നാരായണമേനവനായിരുന്നു. ഈ സമ്മേളനത്തിൽ വച്ചു കേരളീയനായർസമാജത്തേയും, സമസ്തകേരളീയനായർ

സമുദായസമ്മേളനത്തേയും കൂട്ടി യോജിപ്പിച്ചു നായർയൂണിയൻ എന്ന പേരിൽ ഒരു നൂതനസ്ഥാപനം സൃഷ്ടിച്ചു. ഇരു കക്ഷികളിലേയും നേതാക്കന്മാരെ ഉൾപ്പെടുത്തി ഒരു യൂണിയൻകമ്മിററി സംഘടിപ്പിച്ചു. കമ്മിററിഅംഗങ്ങളുടെ പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള പ്രമേയം ചങ്ങനാശേരി അവതരിപ്പിച്ചു. കമ്മിററിയിലെ ഒരംഗമായി മി. മള്ളൂർ ഗോവിന്ദപ്പിള്ളയേയും ഉൾപ്പെടുത്തിയിരുന്നു. ചങ്ങനാശേരി പ്രമേയം അവതരിപ്പിച്ചുകൊണ്ടു കമ്മിററിഅംഗങ്ങളുടെ ലിസ്റ്റിൽ മി. മള്ളൂർ ഗോവിന്ദപ്പിള്ളയുടെ പേരു വായിച്ചപ്പോൾ സദസ്സിന്റെ നാനാഭാഗങ്ങളിൽനിന്നും പ്രതിഷേധശബ്ദങ്ങൾ മുഴങ്ങി. യോഗഹാളിൽ വലിയ ബഹളവും കുഴപ്പവും ആരംഭിച്ചു. കേരളീയനായർസമാജത്തിലെ ഭിന്നിപ്പുകൾക്കും, തമ്പാന്നൂർ യോഗത്തിലെ അനിഷ്ടസംഭവങ്ങൾക്കും, മി. മള്ളൂരിനെയാണു പൊതുജനങ്ങളും വിദ്യാൎത്ഥികളും ബാദ്ധ്യസ്ഥനാക്കിയിരുന്നതു്. എന്നാൽ തികച്ചും അനാശാസ്യങ്ങളും നിർഭാഗ്യകരങ്ങളും ആയിരുന്ന ആ സംഭവങ്ങളുടെ ചുമതലകൾ മുഴുവൻ മി. മള്ളൂരിൽ അപ്പിക്കുന്നതു നീതിരഹിതമാണു്. സാമുദായികവും രാഷ്ട്രീയവുമായ കാൎയ്യങ്ങളിൽ സ്വാഭിപ്രായവും വിശ്വാസവുമനുസരിച്ചു് പ്രതിലോമപരമായ ഒരു നയം സ്വീകരിച്ചു പ്രവൎത്തിച്ചുകൊണ്ടിരുന്ന നിരവധി ജനപ്രമാണികളിൽ ഒരാൾ മാത്രമായിരുന്നു അദ്ദേഹം. കൂടാതെ, സൌഹാർദ്ദവും സന്മനസ്സുമുണ്ടാകുവാൻ വേണ്ടി വിളിച്ചുകൂട്ടിയ ഒരു ഐക്യസമ്മേളനത്തിൽവച്ചു് ഏതൊരു പരിഗണനയിലും സമുദായത്തിൽ അത്യുന്നതമായ ഒരു സ്ഥാനം വഹിക്കുന്ന മി. മള്ളൂരിനെപ്പോലുള്ള ഒരു നേതാവിനെ അവഹേളിക്കുവാൻ തുടങ്ങുന്നതു തികച്ചും ആക്ഷേപകരമാണു്.

യോഗത്തിലെ ബഹളങ്ങൾ അവസാനിക്കുന്ന ലക്ഷണമില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ അദ്ധ്യക്ഷനായിരുന്ന മി. നാരായണമേനവൻ സമ്മേളനത്തെ അഭിമുഖീകരിച്ചുകൊണ്ടു് ഐക്യത്തിൻെറയും സഹിഷ്ണുതയുടേയും പേരിൽ ആവേശജനകമായ ഒരു പ്രസംഗം ചെയ്തു. സ്വതസിദ്ധമായ ഗാംഭീൎയ്യത്തോടുകൂടി പ്രതിഷേധങ്ങൾ അവസാനിപ്പിക്കുവാൻ അദ്ദേഹം

അസംതൃപ്തരോടാജ്ഞാപിച്ചു. മി. മള്ളൂരിനെ കമ്മിററിയിലുൾപ്പെടുത്തേണ്ടതു് ഒഴിച്ചുകൂടുവാൻ വഹിയാത്ത ഒരാവശ്യമാണെന്നദ്ദേഹം അസന്നിദ്ധമായ രീതിയിൽ അഭിപ്രായപ്പെട്ടു. അതുകൊണ്ടെന്തെങ്കിലും അനിഷ്ടഫലങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിനുള്ള സകല ചുമതലകളും താൻ വഹിച്ചുകൊള്ളാമെന്നദ്ദേഹം ഉറപ്പു നൽകി. ഇതിനുശേഷം സദസ്സു ശാന്തമായി. പ്രമേയം അംഗീകരിക്കപ്പെട്ടു. ഇങ്ങിനെ നായർസമുദായത്തിലെ ഭിന്നിപ്പുകൾ അവസാനിപ്പിക്കുവാനുള്ള ശ്രമം ഒടുവിൽ സഫലമായി.

നായർയൂണിയൻവകയായി ഒരു വിദ്യാർത്ഥിമന്ദിരം സ്ഥാപിക്കുന്നതിനു മി. നാരായണമേനവൻ അദ്ദേഹത്തിന്റെ വക കുന്നുകുഴിയിലുള്ള ഒരു ബംഗ്ലാവും, പുരയിടവും ചില വ്യവസ്ഥകളിന്മേൽ നായർയൂണിയനു വിട്ടുകൊടുത്തു. അക്കാലത്തെ സ്ഥിതിക്കു് ഏകദേശം ൧൫൦൦൦ രൂപാ വില വരുന്ന ആ വസ്തു ൧൦൦൦ രൂപായ്ക്കു യൂണിയനു കൊടുത്തിരിക്കുന്നു എന്നായിരുന്നു ആ ദാനപത്രത്തിലെ മുഖ്യവ്യവസ്ഥ. മി. നാരായണമേനവനു കൊടുക്കുവാനുള്ള സംഖ്യ സംഭാവനയായി പിരിച്ചെടുക്കുവാൻ നിശ്ചയിച്ചു. ചങ്ങനാശേരി അതിലേയ്ക്കു് ൧൦൦൦ രൂപാ നൽകുകയുണ്ടായി. മററുപല പ്രമാണികളും വൻപിച്ച തുകകൾ കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു. പ്രസ്തുത വാഗ്ദത്തങ്ങൾ നിറവേററിയിട്ടുള്ളവർ എത്രപേരുണ്ടെന്നു് ആരായുന്നതു് ഒരു പക്ഷേ രസാവഹമായിരുന്നേയ്ക്കാം.

൯൭-ലെ സമസ്തകേരളനായർസമുദായമഹാസമ്മേളനം അമ്പലപ്പുഴവച്ചു കൂടി. പ്രസ്തുത യോഗത്തിലും ആദ്ധ്യക്ഷം വഹിച്ചതു ചങ്ങനാശേരിതന്നെയായിരുന്നു. ഈ സമ്മേളനത്തിനു മുൻപു് അന്നു തിരുനൽവേലി എൻജിനീയറായിരുന്ന വി. എൻ. പരമേശ്വരൻപിള്ള നായർതറവാടുകളുടെ ഭാഗം സംബന്ധിച്ചു സ്വീകരിക്കേണ്ട വ്യവസ്ഥകളെക്കുറിച്ചു് ഒരു ലേഖനപരമ്പര പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ആളോഹരിക്കും താവഴിഭാഗത്തിനും മദ്ധ്യേ ഒരു രാജിവ്യവസ്ഥ കണ്ടുപിടിച്ചു, രണ്ടിന്റേയും ദോഷഭാഗങ്ങളെ പരിത്യജിച്ചു, ഗുണഭാഗങ്ങൾ സംഗ്രഹിച്ചു, സമുദായത്തിലെ വിഭിന്ന

കക്ഷികൾക്കു സ്വീകാര്യമായ ഒരു നൂതനപദ്ധതി കണ്ടുപിടിക്കുവാനായിരുന്നു ഈ ലേഖനങ്ങൾവഴി അദ്ദേഹം ശ്രമിച്ചതു്. മി. മന്നം തുടങ്ങിയ ചില സമുദായപ്രവൎത്തകന്മാർ പരമേശ്വരൻപിള്ളയെ അനുകൂലിക്കാതേയുമിരുന്നില്ല. അമ്പലപ്പുഴസമ്മേളനത്തിൽ പരമേശ്വരൻപിള്ളയും സന്നിഹിതനായിരുന്നു. ആളോഹരിഭാഗത്തെ അനുകൂലിച്ചുകൊണ്ടു പ്രസ്തുത സമ്മേളനത്തിൽ ഹാജരാക്കിയ പ്രമേയത്തിനു് അദ്ദേഹം താഴെച്ചേർക്കുന്ന ഭേദഗതി അവതരിപ്പിച്ചു "തറവാട്ടു സ്വത്തുക്കൾ ഭാഗിക്കുമ്പോൾ അമ്മയ്ക്കും സന്താനങ്ങൾക്കുമുള്ള വസ്തു ഒന്നിച്ചു് അവൎക്കു കൂട്ടുകുടുംബസ്വത്തായും മററുള്ളവൎക്കു് ഓരോരുത്തൎക്കും ആളോഹരിയായും കൊടുക്കേണ്ടതും, സന്താനങ്ങളിൽ ഓരോരുത്തൎക്കും ൨൫ വയസ്സാകുമ്പോൾ മാത്രം ഭാഗംചെയ്തു വാങ്ങുവാൻ അവകാശമുണ്ടായിരിക്കുന്നതുമാകുന്നു. ൨൫ വയസ്സു തികഞ്ഞ സന്താനങ്ങൾക്കു പൊതുകുടുംബത്തിൽ നിന്നുമുള്ള ഭാഗത്തിന്റെ കാലത്തുതന്നെ അവരുടെ മനസ്സുപോലെ പ്രത്യേകം ഭാഗം പററുന്നതിനോ അമ്മയോടു ചേൎന്നു കൂട്ടുകുടുംബമായിരിക്കുന്നതിനോ അവകാശമുള്ളതാകുന്നു. ഭാഗം പററിയ സന്താനങ്ങൾക്കു മാതാപിതാക്കന്മാരുടെ മരണശേഷം അവിഭക്തരായ സന്തതികളുള്ളപ്പോൾ പിന്തുടൎച്ചാവകാശമില്ലാത്തതുമാകുന്നു".

ഈ ഭേദഗതി മി. മന്നം, എം. എൻ. നായർ മുതലായവർ പിന്താങ്ങി. സമ്മേളനത്തിന്റെ സ്വീകരണസംഘാദ്ധ്യക്ഷനും ഒരുറച്ച ആളോഹരിവാദിയുമായിരുന്ന പി. കെ. നാരായണപിള്ള, പറവൂർ മി. ഏ. ജി. മേനവൻ മുതലായവർ ഭേദഗതിയെ ശക്തിയുക്തം എതിൎത്തു എങ്കിലും അതു ഭൂരിപക്ഷത്തോടെ പാസായി. ഇങ്ങിനെ മരുത്തുംകുഴി സമ്മേളനത്തിൽവച്ചാദ്യം സ്വീകരിച്ച പ്രമേയത്തിനു ൻവ്വ-ലെ സമ്മേളനം ഒരു ഭേദഗതി നിൎദ്ദേശിക്കുകയുണ്ടായി.

നായർതറവാടുകളിൽ സ്വീകരിക്കേണ്ട ഭാഗവ്യവസ്ഥകൾ ഉൾപ്പെടുത്തി മി. സി. രാമൻതമ്പി ൻ൭-ലെ നിയമസഭയിൽ സമുദായത്തിലെ ഭൂരിപക്ഷം ജനങ്ങളുടേയും അതികഠിനമായ പ്രതിഷേധത്തിനു പാത്രമായ ഒരു നായർബിൽ അവത

രിപ്പിക്കകയുണ്ടായി എന്ന വസ്തുത ഇതിനുമുൻപു പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. ൻ൭൬–ൽ ആരംഭിച്ച നിയമസഭ് തുലോം ഹ്ര സ്വമായിരുന്ന രണ്ടു വഷത്തെ ജീവിതത്തിനുശേഷം പിരിഞ്ഞു പോകേണ്ടിവന്ന സംഭവഗതികളും വിവരിച്ചുകഴിഞ്ഞിട്ടുണ്ട്. ൻ൭൬–ലെ നിയമസഭ പിരിച്ചു വിട്ടതോടുകൂടി മി. സി. രാമൻ തമ്പിയുടെ നായർബില്ലും ആലോചന പൂൎത്തിയാകാതെ അന്ത രിച്ചുപോയി. മരുത്തുംകുഴിസമ്മേളനവും അതിനെത്തുടൎന്നുണ്ടായ സംഭവവികാസങ്ങളും ആളോഹരി തത്വമാകുന്ന അടിസ്ഥാന ത്തിന്മേൽ സൎവ്വവ്യാപകമായ ഒരു നായർബിൽ ഉണ്ടാകേണ്ട തിന്റെ ആവശ്യകതയെ കൂടുതൽ കൂടുതൽ വ്യക്തമാക്കി. ൻ൭൮–ലെ തിരഞ്ഞെടുപ്പിനുശേഷം നിയമസഭയിലെ ഒരംഗ മെന്ന നിലയിൽ ചങ്ങനാശേരിയുടെ സൎവ്വശ്രദ്ധയും കേന്ദ്രീകൃത മായതു് ആക്ഷേപരഹിതമായ ഒരു നായർബിൽ എഴുതിയു ണ്ടാക്കുന്ന വിഷയത്തിലായിരുന്നു. മരുത്തുംകുഴിസമ്മേളനം അധികാരപ്പെടുത്തിയിരുന്നതനുസരിച്ചു ചങ്ങനാശേരി സഹ പ്രവൎത്തകന്മാരുമായാലോചിച്ചു് ഒരു ബിൽ തയ്യാറാക്കി, പരി ഷ്കരിച്ച നിയമനിൎമ്മാണസഭയുടെ ആലോചനയ്ക്കു ഹാജ രാക്കി. എന്നാൽ ആളോഹരിതത്വങ്ങളെത്തന്നെ ആസ്പദ മാക്കി, പരേതനായ കെ. പി. രാമൻപിള്ളയും മറെറാരു നായർബിൽ തയ്യാറാക്കി, നിയമസഭയുടെ അംഗീകാരത്തിനു സമൎപ്പിച്ചിരുന്നു. ഏകവിഷയത്തെക്കുറിച്ചുള്ള രണ്ടു ബില്ലു കളും ഒരേ ദിവസംതന്നെ നിയമസഭയിൽ ആലോചനയ്ക്കു വച്ചു. ഇവയിൽ ഏതൊരു ബില്ലിനെയാണു സ്വീകരിക്കേണ്ട തെന്നുള്ള കാൎയ്യം നിയമസഭയിലെ നായർസാമാജികന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയമായി. ഈ വിഷയത്തെപ്പററി ആലോചിക്കുവാൻ കെ. പി. രാമൻപിള്ള ഉൾപ്പെടെയുള്ള നായർസാമാജികന്മാരുടെ ഒരു യോഗം ചങ്ങനാശേരി പരമേ ശ്വരൻപിള്ളയുടെ ആഫീസിൽവച്ചു കൂടി. ചങ്ങനാശേരിയുടെ ബിൽ മുന്നോട്ടു പോകുവാൻ അനുവദിക്കണമെന്നും, കെ. പി.- യുടെ ബിൽ അവതരിപ്പിക്കേണ്ടതില്ലെന്നുമാണ് .ഈ യോഗ ത്തിൽവച്ചു തീരുമാനിച്ചതു്. എന്നാൽ കെ. പി. രാമൻ പിള്ള ഈ നിശ്ചയമനുസരിച്ചു പ്രവൎത്തിക്കുവാൻ സന്നദ്ധനാ യിരുന്നില്ല. നിയമസഭായോഗത്തിന്റെ കാൎയ്യപരിപാടിയിൽ

കെ. പി-യുടെ ബില്ലാണ് ആദ്യമായി ചേർത്തിരുന്നത്. അതനുസരിച്ച് നിയമസഭാദ്ധ്യക്ഷൻ ബിൽ അവതരിപ്പിക്കുവാൻ ആദ്യമായി കെ. പി. രാമൻപിള്ളയെ ക്ഷണിക്കയും, അദ്ദേഹം സമുചിതമായ ഒരു പ്രസംഗത്തോടുകൂടി ആ കർത്തവ്യം ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു. മൌലികമായ കാര്യങ്ങളിൽ കെ. പി-യുടെ ബിൽ ചങ്ങനാശേരിയുടെ ബില്ലിൽനിന്നു വിഭിന്നമായിരുന്നില്ല. ബിൽ അവതരിപ്പിക്കുന്നതിനും, അതു നിയമസഭയിൽക്കൂടി നയിച്ചുകൊണ്ടുപോകുന്നതിനുമുള്ള ബഹുമതി ആർക്കുതന്നെ ലഭിച്ചിരുന്നാലും, അതു നിയമമാകണമെന്നുള്ളതിൽ കവിഞ്ഞു മറെറാരു പ്രതീക്ഷകളുമുണ്ടായിരുന്നില്ലാത്തതുകൊണ്ടു ചങ്ങനാശേരി അദ്ദേഹത്തിന്റെ ബിൽ അവതരിപ്പിക്കുകയുണ്ടായില്ല. എന്നാൽ ചങ്ങനാശേരിതന്നെ നായർ ബിൽ നിയമസഭയിൽക്കൂടി നയിച്ചുകൊണ്ടുപോകണമെന്നായിരുന്നു നിയതിയുടെ നിശ്ചയം എന്ന് അനന്തരസംഭവങ്ങൾ വെളിപ്പെടുത്തി.

കെ. പി. രാമൻപിള്ളയുടെ ബിൽ നിയമസഭാനടപടികളനുസരിച്ചു സിലക്റ്റ്കമ്മിററിയുടെ ആലോചനയ്ക്കയച്ചു. അതിനുശേഷം അല്പകാലങ്ങൾക്കുള്ളിൽ അപ്രതീക്ഷിതമായി കെ. പി. രാമൻപിള്ള ചരമമടഞ്ഞു. ചങ്ങനാശേരിയെപ്പോലെതന്നെ സമുദായത്തിന്റെ താഴ്ന്ന പടികളിൽനിന്നു സ്ഥിരപരിശ്രമംകൊണ്ടും, ബുദ്ധിസാമർത്ഥ്യംകൊണ്ടും ഉന്നമിച്ച ഒരാളായിരുന്നു കെ. പി. രാമൻപിള്ള. ചങ്ങനാശേരിയെപ്പോലെതന്നെ അദ്ദേഹവും കൊല്ലത്താണു വക്കീൽവൃത്തിയാരംഭിച്ചത്. അല്പകാലംകൊണ്ട് അവിടെ ധാരാളം വരുമാനമുള്ള ഒരഭിഭാഷകനായിത്തീരുവാനദ്ദേഹത്തിനു കഴിഞ്ഞു. ഒരു പൊതുക്കാര്യപ്രസക്തനും സമുദായപരിഷ്കർത്താവുമായിരുന്ന രാമൻപിള്ള പലപ്പോഴും ജനപക്ഷത്തുനിന്നുകൊണ്ട് അധികാരസ്ഥാനങ്ങളോടു മല്ലടിച്ചിട്ടുണ്ട്. എങ്കിലും രാഷ്ട്രീയകാര്യങ്ങളിൽ ഖണ്ഡിതമായ ഒരുറച്ച നയം അദ്ദേഹം എല്ലായ്പോഴും സ്വീകരിച്ചിരുന്നു എന്നു പറയുവാൻ വിഷമമാണ്. നിയമസഭയിലെ വാദപ്രതിവാദങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുള്ളപ്പോഴെല്ലാം പ്രകടിപ്പിച്ചിട്ടുള്ള ബുദ്ധിക്രൂരതയും, യുക്തിബോ

ധവും വാഗ്മിതയും മററുള്ളവരുടെ പ്രശംസയ്ക്കു പാത്രമായിട്ടുണ്ട്. രാമൻപിള്ളയുടെ വാക്പ്രഹരങ്ങളേററു പ്രതിയോഗികൾ അസ്തപ്രജ്ഞരായിട്ടുണ്ട്. ധീരനും സാഹസികനുമായിരുന്ന അദ്ദേഹത്തിൻെറ കോപത്തിന് ഒരിക്കലെങ്കിലും പാത്രമായിട്ടുള്ളവർ പിന്നീടൊരിക്കലും അദ്ദേഹത്തെ മറന്നു എന്നു വരികയില്ല. മി. രാമൻപിള്ളയുടെ അകാലചരമം സമുദായത്തിന് ഒരു വലിയ നഷ്ടമായിരുന്നു.

കെ. പി. രാമൻപിള്ളയുടെ ഖേദകരമായ അകാലചരമം ഹേതുവാൽ നായർബില്ലിനെ സിലക്റ്റ്കമ്മിറ്റിയിലും, നിയമസഭയിലുംകൂടി മുന്നോട്ടു നയിക്കുവാനുള്ള ഭാരം ചങ്ങനാശേരിതന്നെ വഹിക്കേണ്ടതായി വന്നുകൂടി.

നായർബില്ലിൻെറ പുരോഗതി അന്നത്തെ പരിതഃസ്ഥിതികളിൽ അത്ര വളരെ സുഗമമായ ഒന്നായിരുന്നില്ല. ഓരോ ഘട്ടത്തിലും പ്രസ്തുത ബില്ലിനു സിലക്ററ്കമ്മിററിയിലും, നിയമസഭയിലും നേരിടേണ്ടിവന്ന എതിർപ്പുകൾ സാമാന്യജനങ്ങളെ അമ്പരപ്പിക്കത്തക്ക രീതിയിലുള്ളവയായിരുന്നു. യാഥാസ്ഥിതികരും, ഉല്പതിഷ്ണുക്കളും തമ്മിൽ പ്രത്യക്ഷമായും, പരോക്ഷമായും നടന്നിട്ടുള്ള പോരാട്ടങ്ങൾക്കു കയ്യും കണക്കുമില്ല. സിലക്ററ്കമ്മിററിയിലാലോചനയ്ക്കെടുക്കുന്നതിനു മുൻപുതന്നെ ആ നിയമശിശുവിനെ ശ്വാസംമുട്ടിച്ചു കൊല്ലുവാൻ യാഥാസ്ഥിതികപക്ഷത്തുനിന്നും പ്രച്ഛന്നമായ പല ശ്രമങ്ങളും നടത്തി. അതിന്റെ ഫലമായി ദീർഘകാലത്തേയ്ക്കു കമ്മിററി കൂടുവാൻതന്നെ സാധിച്ചില്ല. ഈ വിഷയത്തെപ്പറ്റി ചങ്ങനാശേരിയും, അന്നു ലാമെമ്പറായിരുന്ന മി. വി. സുബ്ബയ്യരും തമ്മിൽ ദീർഘമായ എഴുത്തുകുത്തുകൾ നടന്നു. ഒടുവിൽ സിലക്റ്റ്കമ്മിറ്റി കൂടുവാൻ നിശ്ചയിച്ചു. സുദീർഘമായ വാദപ്രതിവാദങ്ങൾക്കുശേഷം സിലക്റ്റ്കമ്മിറ്റിറിപ്പോർട്ടു പൂർത്തിയായി. അനന്തരം ബിൽ രണ്ടാംവായനയ്ക്കായി വീണ്ടും നിയമസഭയിൽ അവതരിപ്പിക്കുവാനുള്ള ദിവസം നിശ്ചയിച്ചു.

അന്നേദിവസം കോടതിസംബന്ധമായ ആഫീസ്ജോലികൾ നിർവ്വഹിച്ചതിനുശേഷം കൃത്യം ൧൧ മണിക്കു നിയമസഭയിൽ ഹാജരാകത്തക്കവണ്ണം ചങ്ങനാശേരി, ഗൃഹത്തിൽനിന്നും

കാറിൽ ജൂബിലിഹാളിലേയ്ക്കു തിരിച്ചു. കാർ വീടിൻെറ ഗേററു കടന്നു വെളിയിലായ ഉടൻ ഒരു ടയറിനു കേടു സംഭവിച്ചു. സമത്ഥനായ ഡ്രൈവർ അതിദ്ധടുതിയിൽ ടയറിനുള്ള കേടുപാടുകൾ നീക്കി വണ്ടി മുന്നോട്ടു പായിച്ചു. പകുതി വഴി ചെന്നപ്പോൾ മുൻഭാഗത്തുള്ള റോഡ് അററകുററപ്പണികൾക്കായി അടച്ചു ബന്ധിച്ചിരിക്കുന്നതാണു കണ്ടതു്. വണ്ടി തിരിച്ചുവിട്ടു, മറെറാരു വളഞ്ഞ മാർഗ്ഗത്തിൽക്കൂടി സകല വാഹനനിയമങ്ങളും ലംഘിച്ചു വായുവേഗത്തിൽ ഓടിച്ചു പോയി, അദ്ദേഹം നിയമസഭാമന്ദിരത്തിൽ പ്രവേശിക്കുമ്പോൾ ചോദ്യോത്തരസമയം കഴിഞ്ഞു, ദിവാനദ്ധ്യക്ഷൻ ബിൽ രണ്ടാം വായനയ്ക്കവതരിപ്പിക്കുവാൻ ചങ്ങനാശേരിയേ ക്ഷണിക്കുകയായിരുന്നു. "സർ, ഞാൻ ബിൽ രണ്ടാംവായനയ്ക്കവതരിപ്പിച്ചുകൊള്ളുന്നു" എന്നു പറഞ്ഞുകൊണ്ടാണു് അദ്ദേഹം തന്റെ ഇരിപ്പിടത്തിലേയ്ക്കു നടന്നുപോയതു്.

രണ്ടാംവായന നടന്നുകൊണ്ടിരിക്കുമ്പോൾ പ്രസ്തുത ബില്ലിനു നിയമസഭയിൽ അഭിമുഖീകരിക്കേണ്ടിവന്ന എതിർപ്പുകളുടേയും പ്രതിബന്ധങ്ങളുടേയും ഒരു ഏകദേശപരിജ്ഞാനമെങ്കിലും ലഭിക്കണമെങ്കിൽ, അന്നത്തെ നിയമസഭാനടപടികളുടെ റിപ്പോർട്ടുകൾ ഒരാവത്തി വായിച്ചേ മതിയാവൂ. നിയമസഭയിൽ നിരന്തരമായി നടന്നുകൊണ്ടിരുന്ന വാദപ്രതിവാദങ്ങളുടെ പിന്നിൽ സംഘടിതശക്തിയോടെ പ്രവത്തിച്ചുകൊണ്ടിരുന്ന പ്രേരണകളുടേയും, ഉപജാപങ്ങളുടേയും, അടിയൊഴുക്കുകളുടേയും ഒരു പരിപൂണ്ണവിവരണം ഇവിടെ നൽകുക സാദ്ധ്യമല്ല. ഒന്നിലധികം സ്ഥാനങ്ങളിൽനിന്നാണു് ഈ എതിർപ്പുകൾ പുറപ്പെട്ടുകൊണ്ടിരുന്നതു്. നായർസമുദായത്തിൽത്തന്നെ ആളോഹരിഭാഗത്തെ അനുകൂലിക്കാത്ത പ്രബലമായ ഒരു ന്യൂനപക്ഷം ഉണ്ടായിരുന്നു. കൂടാതെ നായർ സ്ത്രീകളുമായി വിവാഹബന്ധത്തിൽ ഏപ്പെട്ടിരുന്ന ബ്രാഹ്മണാദി സമുദായങ്ങളിലെ ഭത്താക്കന്മാരെ ബാധിക്കുന്ന ചില വ്യവസ്ഥകൾ ബില്ലിലുൾപ്പെടുത്തിയിരുന്നതിനാൽ ആ സമുദായങ്ങളിലെ ശക്തരായ ചില വ്യക്തികൾ ബില്ലിനെ പ്രതികൂലിച്ചു. ഇവരുടെ എതിർപ്പുകൾ ഓരോ ഘട്ടത്തിലും ബില്ലിനെ

നശിപ്പിക്കുവാൻ വേണ്ടത്ര ശക്തിയുള്ളതായിരുന്നു. നായർസ്ത്രീകളുടെ നായരേതരന്മാരായ ഭർത്താക്കന്മാരുടെ സ്വത്തിൻെറ അവകാശത്തെപ്പറ്റിയുള്ള വ്യവസ്ഥകളാണ് ഏററവും വലിയ കീറാമുട്ടിയായി പരിണമിച്ചത്. മെ. ത്രിവിക്രമര് വാസുദേവര്, കെ. എ. കൃഷ്ണയ്യങ്കാർ, എം. രാജരാജവമ്മ, വി. സുബ്ബയ്യർ തുടങ്ങിയ നിയമസഭാംഗങ്ങരം ബില്ലിൻെറ പുരോഗതിയെ തടഞ്ഞുകൊണ്ട് എതിർശബ്ദം പുറപ്പെടുവിച്ചു. ഇവരിൽ ചിലർ നായർസ്ത്രീകളുടെ ഭർത്തൃപദം അലങ്കരിക്കുന്ന ഉൽകൃഷ്ടവംശജന്മാരായിരുന്നു എന്നുള്ളതാണ് ഇതിൽ ഏററവും വിചിത്രമായിരുന്നത്. ഈ പ്രശ്നത്തെ സംബന്ധിച്ച് ഒടുവിൽ ഇരുകൂട്ടക്കും തൃപ്തികരമായ ഒരു മദ്ധ്യസ്ഥതീരുമാനം സ്വീകരിക്കുകയുണ്ടായി. പ്രസ്തുത രാജിവ്യവസ്ഥകരം നിർദ്ദേശിക്കുന്ന കാര്യത്തിൽ വയ്ക്കംസത്യാഗ്രഹം സംബന്ധിച്ച് അന്നു തിരുവനന്തപുരത്തെത്തി ചങ്ങനാശേരിയുടെ അതിഥിയായി താമസിച്ചിരുന്ന ശ്രീ. സി. രാജഗോപാലാചാരിയുടെ സഹകരണം തുലോം അനഘമായിരുന്നു.

ബില്ലിൻെറ രണ്ടാംവായന നടന്നുകൊണ്ടിരിക്കുമ്പോരം മി. എ. ജി. മേനവൻ ഏകപത്നീവ്രതം അനുശാസിക്കുന്ന ഒരു ഭേദഗതി ഹാജരാക്കി. ഇതു കൂടുതൽ വിഷമതകരംക്കു കാരണമായിത്തീന്നു. ഒരു കത്തോലിക്കനും പെൻഷ്യൻഡ് ഉദ്യോഗസ്ഥനുമായിരുന്ന മി. ഹ്യൂഗർഫ് ഉത്തേജകമായ ഒരു പ്രസംഗത്തോടുകൂടി ഈ ഭേദഗതിയെ ഹാർദ്ദമായി പിൻതാങ്ങി. ഭേദഗതി ഭൂരിപക്ഷത്തോടെ പാസായി. അപ്രതീക്ഷിതമായിരുന്ന ഈ ഭേദഗതിമൂലം ബില്ലിലെ പല വകുപ്പുകളും ഭേദപ്പെടുത്തേണ്ടിവന്നു എന്നുള്ളതുകൊണ്ടാണ് അതു കൂടുതൽ വിഷമതകളുണ്ടാക്കി എന്നു മുൻപു പ്രസ്താവിച്ചത്. വിവാഹമോചനം സംബന്ധിച്ച ഭേദഗതികളായിരുന്നു വാദപ്രതിവാദങ്ങരംക്കിടകൊടുത്ത മറെറാരു വിഷയം. വ്വ–ലെ റഗുലേഷനിലുണ്ടായിരുന്ന വ്യവസ്ഥകരംക്കു തുല്യമായ വകുപ്പുകരം മാത്രമേ വിവാഹമോചനം സംബന്ധിച്ചു കേ. പി. രാമൻപിള്ളയുടെ ബില്ലിൽ ചേത്തിരുന്നുള്ളു. എന്നാൽ ഏകഭാര്യാവ്രതമനുശാസിക്കുന്ന ഭേദഗതി നിയമസഭ അംഗീകരിച്ചതോടുകൂടി അതിനനുരൂപമായ മാറ്റങ്ങരം വരുത്തി, ചങ്ങനാശേരിയും, മി. വയ്ക്കം

രാമകൃഷ്ണപിള്ളയും കൂടിയാലോചിച്ച് ലളിതവും സുഗ്രഹവുമായ ഒരു ഭേദഗതി വിവാഹമോചനത്തെ സംബന്ധിച്ചെഴുതിയുണ്ടാക്കി. എന്നാൽ ഇൻഡ്യയിലെ പല വിവാഹമോചന നിയമങ്ങളിലേയും വ്യവസ്ഥകൾ സംഗ്രഹിച്ച് കൂട്ടതൽ സങ്കീർണ്ണമായ മറെറാരു ഭേദഗതി പി. കെ. നാരായണപിള്ളയും അയച്ചിരുന്നു. ചങ്ങനാശേരിയും പി. കേ—യും അവരവരുടെ ഭേദഗതിക്കു വേണ്ടി മക്കടമുഷ്ടി പിടിക്കുമെന്നും, അങ്ങിനെ നിയമസഭയുടെ കാലാവധി അവസാനിക്കുന്നതുവരെ ബില്ലിന്റെ പര്യാലോചന ദീർഘിപ്പിക്കാമെന്നും, ഈ ഘട്ടത്തിൽ യാഥാസ്ഥിതികന്മാർ ആശിക്കാതിരുന്നില്ല. എന്നാൽ പി. കേ—യുടെഭേദഗതിയുമായി ചങ്ങനാശേരിക്കു യാതൊരാനുകൂല്യവുമുണ്ടായിരുന്നില്ലെങ്കിലും, ബില്ലിൻെറ പുരോഗതി ത്വരിപ്പിക്കുന്നതിനും, കാലവിളംബമെന്യേ അതു് നിയമമാക്കുന്നതിനും, വേണ്ടി അദ്ദേഹം പി. കേ—യുടെ ഭേദഗതികൾ മനസ്സില്ലെങ്കിലും സ്വീകരിച്ചു. അങ്ങിനെ പി. കേ—യുടെ ഭേദഗതി നിയമസഭ അംഗീകരിച്ചു.

ബില്ലിൻെറ രണ്ടാംവായനയ്ക്കുശേഷം നിയമസഭയുടെ കാലാവധി അവസാനിക്കുന്നതിനുമുൻപ് വീണ്ടും ഒരു സമ്മേളനം കൂടി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ സമ്മേളനത്തിൽ ബില്ലിൻെറ മൂന്നാംവായനകൂടി പൂർത്തിയാക്കിയില്ലെങ്കിൽ ൻ൭—ലെ നിയമസഭയിൽ മി. സി. രാമൻതമ്പിയുടെ ബില്ലിനു സംഭവിച്ച ഗതിതന്നെ ചങ്ങനാശേരിയുടെ ബില്ലിനും വന്നു സംഭവിക്കുമായിരുന്നു. അന്നുവരെ ചെയ്ത ഭഗീരഥപ്രയത്നങ്ങൾ വിഫലങ്ങളുമാകുമായിരുന്നു. രണ്ടാംവായനയിൽ അംഗീകരിച്ച ബില്ലിന്റെ രൂപത്തിന് അധീശഗവമ്മെന്റിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ അതു മൂന്നാംവായനയ്ക്കു് എടുക്കുവാൻ നിയമസഭക്കധികാരമുണ്ടായിരുന്നുള്ളൂ. മി. വയ്യും രാമകൃഷ്ണപിള്ളയുടെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി ബില്ലിന്റെ അവസാനരൂപത്തിലുള്ള ശരിപ്പകപ്പുകൾ തയ്യാറാക്കി കാലവിളംബമെന്യേ പൊളിററിക്കൽ ഏജന്റായിരുന്ന മി. കാട്ടനു് അയച്ചുകൊടുത്തു. അനന്തരം ചങ്ങനാശേരി പൊളിററിക്കൽ ഏജൻറിനെ നേരിട്ടു കണ്ടു ബില്ലിൻെറ പ്രാധാന്യത്തെപ്പ

ററിയും, അതടുത്ത സമ്മേളനത്തിൽ പാസാക്കേണ്ടതിൻെറ ആവശ്യകതയെപ്പററിയും അദ്ദേഹത്തെ പറഞ്ഞു ധരിപ്പിച്ചു. മി. കാട്ടൺ അദ്ദേഹത്തിന്റെ സർവ്വസഹകരണങ്ങളും വാഗ്ദാനം ചെയ്തു. ക്രിസ്തുമസ്സ് അവധി കഴിഞ്ഞ ഉടൻതന്നെ മി. കാട്ടൺ അദ്ദേഹത്തിൻെറ വാഗ്ദത്തമനുസരിച്ചു ബില്ലിനെപ്പററിയുള്ള റിപ്പോർട്ട് അധീശഗവമ്മെൻറിലേയ്ക്കയച്ചുകൊടുത്തു. ഡൽഹിയിൽനിന്നനുമതി ലഭിക്കുവാൻ താമസം നേരിടുകയാണെങ്കിൽ അനുവാദം പ്രതീക്ഷിച്ചു ബില്ലിൻെറ മൂന്നാംവായന നടത്തിക്കൊള്ളുവാൻ താൻ അനുമതി നൽകുമെന്നു മി. കാട്ടൺ അദ്ദേഹത്തിൻെറ റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു. നിയമസഭാസമ്മേളനം സമീപിച്ചതോടുകൂടി അദ്ദേഹം വീണ്ടും ഡൽഹിയിലേയ്ക്കു കമ്പികൊടുത്തു. കമ്പിമാർഗ്ഗംതന്നെ ബില്ലിന്റെ മൂന്നാംവായന നടത്തിക്കൊള്ളുവാൻ അധീശഗവമ്മെൻറിന്റെ അനുമതി ലഭിച്ചു. മി. കാട്ടൺ ഈ സന്തോഷവാർത്ത ചങ്ങനാശേരിയെ നേരിട്ടെഴുതി അറിയിക്കയുണ്ടായി. പൊളിററിക്കൽ ഏജൻറിന്റെ അനുഭാവപൂർണ്ണമായ സഹകരണം ലഭിച്ചിരുന്നില്ലെങ്കിൽ നായർബിൽ യഥാകാലം നിയമമാകുമായിരുന്നില്ല. അചിരേണ മൂന്നാംവായന കഴിഞ്ഞു ബിൽ മഹാറാണിറീജന്റു തിരുമനസ്സിലെ തൃക്കൈവിളയാട്ടത്തോടുകൂടി തിരുവിതാംകൂറിലെ നിയമസംഹിതയിൽ സ്ഥാനം പിടിച്ചു.

പ്രസ്തുത റഗുലേഷൻ നായർസമുദായത്തിൽ വിപ്ലവകരങ്ങളായ പരിവർത്തനങ്ങളാണുണ്ടാക്കിയതു്. ആളോഹരിഭാഗത്തിനുള്ള വ്യവസ്ഥകൾ കൂടാതെ പ്രസ്തുത നിയമത്തിന് ഒട്ടും അപ്രധാനമല്ലാത്ത മററു പല വശങ്ങളുമുണ്ടു്. മരുമക്കത്തായത്തിൽനിന്നു മക്കത്തായത്തിലേയ്ക്കുള്ള മാററമാണ് ഇവയിൽ പ്രധാനമായതു്. ഈ നിയമമനുസരിച്ചാണു നായന്മാരുടെ ഇടയിലുള്ള വിവാഹത്തിന് ഇന്നുള്ള ദൃഢത ലഭിച്ചിട്ടുള്ളതു്. നായർസ്ത്രീകളുടെ വിജാതീയഭർത്താക്കന്മാൎക്ക് അന്നുവരെ ലോകനീതിയും പ്രകൃതിനിയമവുമനുസരിച്ചുള്ള യാതൊരു ചുമതലകളുമുണ്ടായിരുന്നില്ല. പുതിയ നായർറഗുലേഷനനുസരിച്ചു നായരേതരന്മാരായ ഭർത്താക്കന്മാൎക്കും പിതാക്കന്മാൎക്കുംപോലും വ്യത്യസ്തമായ പരിഗണന ലഭിക്കയില്ലെന്നു വന്നതോടുകൂടി

ഭർത്താക്കന്മാരുടേയും പിതാക്കളുടേയും ചുമതലകൾ വർദ്ധിക്കുകയും, നായർസ്ത്രീകളുടേയും ശിശുക്കളുടേയും അരക്ഷിതാവസ്ഥയ്ക്കു മാററം സംഭവിക്കയും ചെയ്തു. നായർസ്ത്രീകളുടെ നായരേതരന്മാരായ ഭർത്താക്കന്മാരായിരുന്ന ചില നിയമസഭാംഗങ്ങൾ ഈ ചുമതലയെ നിഷേധിക്കുവാൻ ശ്രമം ചെയ്തിരുന്നു എങ്കിലും നിയമാ ആ കർത്തവ്യങ്ങൾ അവരെ പിടിച്ചേല്പിക്കുകതന്നെ ചെയ്തു. നായർസർവ്വീസുസൊസൈററിയുടെ ആദ്യത്തെ ദശവത്സരറിപ്പോർട്ടിൽ ഈ നിയമനിർമ്മാണത്തെപ്പററി ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

"വ്വ-ലെ നായർറഗുലേഷന്റെ വിചാരണക്കാലത്തുതന്നെ ഭാഗമത്യാവശ്യമെന്ന വിശ്വാസത്തോടുകൂടി പല പരിശ്രമങ്ങളും ചെയ്ത മാന്യനാകുന്ന ചങ്ങനാശേരി പരമേശ്വരൻ പിള്ള അവർകൾ. സ്ഥിരചിത്തനായ അദ്ദേഹത്തിന്റെ അഭിപ്രായത്തിനു നാൾക്കുനാൾ ഉറപ്പു കൂടിവന്നതെയുള്ളൂ. അദ്ദേഹം ആ കാര്യസാദ്ധ്യത്തിനു നിരന്തരപരിശ്രമം ചെയ്തുകൊണ്ടുതന്നെയിരുന്നു. ......................സമുദായത്തിന്റെ വലിയ ഭൂരിപക്ഷാനുകൂല്യത്തോടുകൂടി നായർറഗുലേഷൻഭേദഗതിബിൽ സർവ്വീസുസൊസൈററിപ്രസിഡൻറായ ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകൾ നിയമനിർമ്മാണസഭയിൽ ഹാജരാക്കി. അദ്ദേഹത്തിന്റെ കൂർമ്മബുദ്ധിയും, ക്ഷമാശീലവും കൃത്യനിഷ്ഠയും കൊണ്ടാണു പല പ്രതിബന്ധങ്ങളേയും തരണം ചെയ്തു നായർറഗുലേഷൻ നാളെമുതൽ നടപ്പിലാക്കത്തക്കവണ്ണം ഇത്ര വേഗം പാസാക്കുവാൻ ഇടയായതെന്ന് എല്ലാവരും സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്."

മി. വയ്ക്കം രാമകൃഷ്ണപിള്ളയെക്കുറിച്ചുകൂടി ഒരു വാക്കു പറയാതെ ഈ അദ്ധ്യായം പൂർത്തിയാകുന്നതല്ല. നായർബിൽ അതിന്റെ ഇന്നത്തെ രൂപത്തിൽ നിയമസംഹിതയിലുൾപ്പെടുത്തുവാനും ശക്തിയേറിയ എതിർപ്പുകൾക്കും പ്രതിബന്ധങ്ങൾക്കും മദ്ധ്യേ അതിനെ നിയമസഭയിൽക്കൂടി നയിച്ചുകൊണ്ടുപോകുവാനും ചങ്ങനാശേരി പരമേശ്വരൻപിള്ള ചെയ്തിട്ടുള്ള കഠിനപരിശ്രമങ്ങളെക്കുറിച്ചുമാത്രമെ തിരുവിതാംകൂറിലെ ജനങ്ങൾക്ക് അറിയുവാൻ കഴിഞ്ഞിട്ടുള്ളൂ. നിസ്തുലമായ

പ്രശംസയും ആത്മാൎത്ഥമായ അഭിനന്ദനങ്ങളും അദ്ദേഹത്തിന് അതിലേയ്ക്കു പ്രതിഫലങ്ങളായി ലഭിക്കാതേയുമിരുന്നില്ല. അദ്ദേഹം അവ അൎഹിക്കുന്നുമുണ്ട്. എന്നാൽ ഇതിന്റെ എല്ലാം പുറകിൽ പൊതുജനദൃഷ്ടികൾക്കു ഗോചരമല്ലാതെ നിശ്ശബ്ദമായും ആർഭാടരഹിതമായും മറ്റൊരു ബലിഷ്ഠഹസ്തം അഹോരാത്രം ജോലിചെയ്തുകൊണ്ടിരുന്ന എന്ന കാൎയ്യം അധികമാളുകൾ അറിഞ്ഞിരിക്കയില്ല. മി. വൎമ്മം രാമകൃഷ്ണപിള്ളയുടെ നിരന്തരമായ സഹകരണവും തളൎച്ചയില്ലാത്ത അദ്ധ്വാനശീലവുംകൊണ്ടു മാത്രമാണു വിവിധ ഘട്ടങ്ങളിൽക്കൂടി പ്രസ്തുത ബിൽ ഇത്ര ശീഘ്രമായി കടത്തിക്കൊണ്ടുപോകുവാൻ ചങ്ങനാശേരിക്കു സാദ്ധ്യമായതു്. മിതഭാഷിയും ശാന്തശീലനുമായ മി. രാമകൃഷ്ണപിള്ള തന്റെ തത്വപരമായ നിയമപരിജ്ഞാനവും ബുദ്ധിസൂക്ഷ്മതയും സിലക്ററ്കമ്മിററിയിലും നിയമസഭയിലും പ്രസ്തുത ബിൽ ആലോചനയ്ക്കു വന്നിട്ടുള്ള ഓരോ ഘട്ടത്തിലും തെളിയിച്ചിട്ടുണ്ടു്. വെള്ളാളബിൽ, ഈഴവാബിൽ തുടങ്ങിയ പല നിയമങ്ങളുടേയും നിൎമ്മാണകൎത്തൃത്വത്തിലദ്ദേഹത്തിനു പങ്കുണ്ടു്. അദ്ദേഹത്തെ ഒന്നിലധികം തവണ തിരുവിതാംകൂർനിയമസഭയിലെയ്ക്കു തിരഞ്ഞെടുത്തിട്ടുണ്ടു്. ഇപ്പോഴും അദ്ദേഹം ഒരു നിയമസഭാംഗമാണ്. കാൎയ്യശേഷിയിലും കൎമ്മപാടവത്തിലും അദ്ദേഹത്തേക്കാൾ തുലോം താഴ്ന്ന പടിയിലുള്ള പലരും വ്യക്തിപരമായ അഭ്യുന്നതിയിൽ അദ്ദേഹത്തെ പിന്നിലാക്കിയിട്ടുണ്ടെന്നുള്ളതു പരിതാപകരമായ ഒരു പരമാൎത്ഥമാണ്. അദ്ദേഹത്തിന്റെ നൎമ്മശീലവും ഫലിതോക്തിചാതുൎയ്യവും അടുത്തു പരിചയിച്ചിട്ടുള്ളവൎക്കു മാത്രമേ ആസ്വദിക്കുവാൻ കഴിഞ്ഞിരിക്കയുള്ളു. പ്രസരിപ്പില്ലാത്ത പ്രകൃതവും ആർഭാടരാഹിത്യവുമായിരിക്കണം ഇന്നുള്ളതിൽ കവിഞ്ഞ ഔന്നത്യത്തിന് അദ്ദേഹത്തെ അനൎഹനാക്കിയിട്ടുള്ളതു്.

# അദ്ധ്യായം ൨൨

നായർറഗുലേഷൻ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളും, തീവ്രമത്സരങ്ങളും ഉപജാപങ്ങളും നിയമസഭയ്ക്കകത്തു നടക്കുമ്പോൾ, പ്രക്ഷോഭജനകമായ മറെറാരു സംഭവം തിരുവിതാംകൂറിനെ അടിമുതൽ മുടിവരെ ഉലച്ചുകൊണ്ടിരുന്നു. തിരുവിതാംകൂറിൻെറ ഇടുങ്ങിയ പരിധികൾ അതിലംഘിച്ച് ഈ സംഭവത്തിൻെറ ശബ്ദപൂർണ്ണമായ മാറെറാലികൾ വിസ്തൃതമായ ഭാരതഭൂമിയിലേയ്ക്കുകൂടി വ്യാപിച്ചു. തിരുവിതാംകൂറിൻെറ ഉത്തരഭാഗത്തു പ്രായേണ അഗണ്യതയിലും അപ്രശസ്തതയിലും കഴിഞ്ഞുകൂടിയിരുന്ന വയ്ക്കംതാലൂക്ക് അത്യുജ്ജ്വലമായ പ്രകാശത്തോടുകൂടി മുന്നോട്ടു കുതിച്ചു. നോക്കെത്താത്ത പ്രാചീനതയുടെ അത്യഗാധമായ വിസ്മൃതിയിൽ ആണ്ടുപോയിരുന്ന വയ്ക്കം മഹാക്ഷേത്രത്തിൽ ഒരു ഞൊടിയിടകൊണ്ടു ലോകത്തിൻെറ സവ്ശ്രദ്ധയും കേന്ദ്രീകൃതമായി. കേരളത്തിന്റെ തീരാക്കളങ്കമായി സ്ഥിതിചെയ്തിരുന്ന തീണ്ടൽ, തൊടീൽ തുടങ്ങിയ സാമുദായികദുരാചാരങ്ങളുടെ മലിനമായ ദുർഗ്ഗന്ധം അന്തരീക്ഷത്തിലേയ്ക്കുയന്നു. മനുഷ്യഹൃദയത്തിലന്തർലീനമായി സ്ഥിതിചെയ്യുന്ന ജീവികാരുണ്യം, ഭൂതദയ, സമസൃഷ്ടിസ്നേഹം ഇത്യാദി മഹനീയഗുണങ്ങളെ തട്ടിയുണർത്തി സത്യവും, നീതിയും, സാഹോദര്യവും പുനഃസ്ഥാപിക്കുവാനുള്ള ഒരാത്മീയസമരം തിരുവിതാംകൂറിലാരംഭിച്ചു. ഇതായിരുന്നു സുപ്രസിദ്ധമായ വയ്ക്കംസത്യാഗ്രഹം.

വയ്ക്കം സത്യാഗ്രഹസമരത്തെക്കുറിച്ചു എന്തെങ്കിലും പ്രതിപാദിക്കുന്നതിനു മുൻപായി അതിലേയ്ക്കു ക്രമാനുഗതമായി വഴി തെളിച്ച വിവിധ സംഭവങ്ങളുടെ ഒരു സംക്ഷിപ്തവിവരണം ഇവിടെച്ചേർക്കുന്നതു് അനുചിതമായിരിക്കയില്ലല്ലോ. ഭാരതീയരെ ലോകദൃഷ്ടിയിൽ അപഹാസ്യരാക്കിത്തീർത്തിട്ടുള്ള ഒരു ദുഷിച്ച അനാചാരമാകുന്നു അയിത്തം. ഭാരതത്തിലെ ഹിന്ദുമതാനുയായികളിൽ ഒരു വലിയ ഭാഗം ഇന്നും അയിത്തമാചരിക്കുന്നുണ്ടു്. എന്നാൽ കേരളത്തിലെ ഹിന്ദുക്കൾ അവരുടെ ജന്മസഹജമായ വാസനാവൈഭവത്തോടുകൂടി ഈ ദുരാചാരത്തെ

ശാസ്ത്രീയരീതിയിൽത്തന്നെ ഒരു പടികൂടി മുന്നോട്ടുകൊണ്ടുപോയി. ശ്രീശങ്കരാചാര്യരുടെ ജന്മദേശമായ കേരളത്തിൽ സ്പർശനം മാത്രമല്ല, പിന്നേയോ സാമീപ്യവും ദർശനവുംകൂടി നിഷിദ്ധമായിട്ടാണു പരിഗണിക്കപ്പെട്ടുവന്നത്.

തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ— ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ— ഒട്ടല്ലഹോ ജാതിക്കോമരങ്ങൾ
വൈദികമാനികൾ മർത്ത്യരിൽ ഭേദവും— ഭേദത്തിൽ ഭേദവും കല്പിക്കുന്നു.

എന്ന കുമാരനാശാന്റെ ദുരവസ്ഥയിലെ വിവരണം കേരളത്തിൽ ആചരിച്ചുപോന്ന അയിത്തത്തിന്റെ സമഷ്ടിയായ ഒരു വിവരണമാണ്.

ജാതിയും അയിത്തവുംകൊണ്ടുള്ള അവശതകൾ സമുദായത്തിൽനിന്നു പാടെ നിർമ്മാർജ്ജനം ചെയ്യുവാനുള്ള അക്ഷീണപരിശ്രമങ്ങൾ തുലോം സ്വാഭാവികമായി ഈഴവസമുദായത്തിൽ തന്നെയാണ് ആദ്യം ആരംഭിച്ചത്. ഈഴവർ ഹിന്ദുമതത്തിലെ തീണ്ടൽ, തൊടീൽ തുടങ്ങിയ ദുരാചാരങ്ങളുടെ ദൂഷിച്ച ഫലങ്ങൾ ദീർഘകാലമായി അനുഭവിച്ചുവന്ന ഒരു സമുദായമായിരുന്നു. എങ്കിലും മററവർണ്ണവിഭാഗങ്ങളിൽനിന്നു തുലോം വിഭിന്നമായ ഒരു നിലയാണ് അവർക്കു കേരളത്തിലുണ്ടായിരുന്നത്. സാമ്പത്തികമായും സംസ്കാരപരമായും സമുന്നതമായ ഒരു സ്ഥാനം അവർക്കു ആദ്യം മുതൽക്കു തന്നെയുണ്ടായിരുന്നു. ജനസംഖ്യയിൽ, തിരുവിതാംകൂറിലെ മികച്ച സവർണ്ണസമുദായമായ നായന്മാരോട് അവർ കിടനില്ക്കുമായിരുന്നു. ആധുനികവിദ്യാഭ്യാസത്തിന്റെ ഫലമായി നൂതനമായ ആശയങ്ങളും ആദർശങ്ങളും സമുദായമദ്ധ്യത്തിൽ പ്രചരിക്കുവാൻ തുടങ്ങിയതോടുകൂടി ഉൽബുദ്ധരായ ഈഴവപ്രമാണികൾ അവരുടെ ദീർഘനിദ്രയിൽ നിന്നു ഞെട്ടിയുണർന്നു ചുററുപാടും നോക്കി. ഈഴവസമുദായം അനുഭവിച്ചുപോന്ന അസമത്വങ്ങളും അവശതകളും അവരുടെ ആത്മാഭിമാനത്തെ വല്ലാതെ ക്ഷതപ്പെടുത്തി. നീതിരഹിതവും നികൃഷ്ടവുമായ അനാചാരങ്ങളുടെ ക്രൂരമർദ്ദനമേററ് അനുദിനമെന്നവണ്ണം അധഃപതിച്ചുകൊണ്ടിരുന്ന തങ്ങളുടെ സമുദായത്തെ ഉദ്ധരിക്കണമെന്നും, മനുഷ്യതുല്യമായ അവകാശങ്ങൾ വകവച്ചുതരുവാൻ ഒരുക്കമില്ലാത്ത ഉൽകൃഷ്ടസമുദായങ്ങളോടു വേണ്ടിവന്നാൽ ജീവാവസാനംവരെ മല്ലടിച്ച് അവകാശങ്ങൾ

പിടിച്ചുപററണമെന്നും, അവർ നിശ്ചയിച്ചു. പൌരാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാനും, അന്യായമായ വിഭിന്നപരിഗണനകൾ എന്നേയ്ക്കുമായി അവസാനിപ്പിക്കുവാനും, അവർ ശ്രമം തുടങ്ങി.

ഈഴവസമുദായത്തിന്റെ അവശതകൾ പരിഹരിക്കുവാൻ വേണ്ട പ്രാഥമികപരിശ്രമങ്ങൾ ആരംഭിച്ചതു സുപ്രസിദ്ധനായ ഡാക്ടർ പല്പു ആയിരുന്നു. ഈഴവക്ക് വിദ്യാലയങ്ങളിലും, സക്കാർസർവ്വീസിലും പ്രവേശനമുണ്ടായിരുന്നില്ലെന്നുള്ള അതിഭയങ്കരമായ അനീതിയോടാണ് അദ്ദേഹം സമരമാരംഭിച്ചതു്. മറെറല്ലാ പ്രക്ഷോഭണങ്ങളേയും എന്നപോലെ പല്പുവിന്റെ അവശതാപരിഹാരപ്രക്ഷോഭണത്തേയും ആദ്യഘട്ടങ്ങളിൽ അധികാരികൾ വിഗണിക്കയാണു ചെയ്തതു്. പക്ഷേ പല്പു നിരാശനായില്ല. ഹർജികളും പരാതികളുംകൊണ്ടു തിരുവിതാംകൂർഗവർമ്മെന്റിന്റെ ആഫീസുമുറികൾ നിറയ്ക്കുന്നതുകൊണ്ടു കാര്യമായ യാതൊരു ഫലവും സിദ്ധിക്കുവാനില്ലെന്നു ബോധ്യമായതോടുകൂടി അദ്ദേഹം അധീശഗവമ്മെന്റിനെ അഭയം പ്രാപിച്ചു.

ആ സ്വാധീനശക്തിസമ്പന്നൻ തിരുവിതാംകൂറിനു പുറത്തു് ഇൻഡ്യയിലും, ഇംഗ്ലണ്ടിലും മിത്രങ്ങളെ സമ്പാദിച്ചു. ഈഴവസമുദായത്തിന്റെ അവശതകളെക്കുറിച്ചും, പൌരാവകാശത്തെപ്പറ്റിയും പാർലിമെന്റിൽപോലും ചോദ്യങ്ങളുണ്ടായി. തിരുവിതാംകൂർ ഗവമ്മെന്റ് ഇത്രയുമായപ്പോൾ അല്പമൊന്നു ചലിച്ചു. ഈഴവക്ക് വിദ്യാലയങ്ങളിലും, സക്കാർസവ്വീസിലും പ്രവേശിക്കുവാനുള്ള പ്രതിബന്ധങ്ങൾ ക്രമേണ നീങ്ങി. പല്പുവിനു സ്വസമുദായത്തിന്റേയോ, ഇതരസമുദായങ്ങളുടേയോ സംഘടിതമായ പിന്തുണയുണ്ടായിരുന്നില്ലെങ്കിലും, അദ്ദേഹം ഈഴവസമുദായത്തിന്റെ അഭ്യുന്നതിക്കു വേണ്ടി ആത്മാത്ഥമായി ശ്രമം ചെയ്തുകൊണ്ടിരുന്നു. ധീരദേശാഭിമാനിയും, സ്വതന്ത്രചിന്തനുമായിരുന്ന ബാരിസ്റ്റർ ജി. പി. പിള്ളയുടെ സഹകരണം പല്പുവിനു ലഭിച്ചിരുന്നു.

ഡാക്ടർ പല്പു ആരംഭിച്ച ഈ പ്രസ്ഥാനത്തെ അദ്ദേഹത്തിന്റെ പിൻഗാമികളായ മി. എം. ഗോവിന്ദൻ, മഹാകവി കുമാരനാശാൻ എന്നിവർ പൂവ്വാധികം ശക്തിയോടു

കൂടി മുന്നോട്ടു നയിച്ചു. മി. ഗോവിന്ദൻ സക്കാർജീവനത്തിൽ പ്രവേശിക്കുകയുണ്ടായി എങ്കിലും, സമുദായപരിഷ്കരണസംരംഭങ്ങളിൽ അദ്ദേഹം അത്രം താല്പയ്യം പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഇതരസാഹിത്യകാരന്മാക്ക് അപ്രാപ്യമായ കവനകലാവൈദഗ്ദ്ധ്യംകൊണ്ടും, അനന്യസാധാരണമായ ഭാവനാവിലാസംകൊണ്ടും, വിശേഷാത്തരങ്ങളായ കാവ്യതല്ലജങ്ങൾ സൃഷ്ടിച്ചു് അയിത്താചാരത്തിൻെറ അനാശാസ്യവും, ഗഹണീയവുമായ വശങ്ങളെ നഗ്നമായി വെളിപ്പെടുത്തി, കേരളീയരുടെ ഹൃദയം ദ്രവിപ്പിച്ചതു മഹാകവി കുമാരനാശാനായിരുന്നു. അയിത്താചാരത്തിന്റെ നികൃഷ്ടവും ദയനീയവുമായ ഫലങ്ങളെ, ഒരു കവിക്കു മാത്രം കഴിവുള്ള രീതിയിൽ അത്യുജ്ജ്വലമായ ഭാഷയിൽ അദ്ദേഹം ചിത്രീകരിച്ചു. അയിത്താചാരത്തിൽ പ്രകടമാകുന്ന അനീതിയുടെ പാരമ്യത്തെക്കുറിച്ചു ചിന്തിച്ചു് അദ്ദേഹം കരയുകയും, മററുള്ളവരെ കരയിക്കുകയും ചെയ്തു. മനുഷ്യഹൃദയങ്ങളിൽ ലീനമായിക്കിടക്കുന്ന നീതിബോധത്തേയും, ജീവകാരുണ്യത്തേയും അദ്ദേഹം തട്ടിയുണത്തി. ബഹുശതാബ്ദങ്ങളിലെ സംഘടിതപ്രവത്തനങ്ങൾക്കുപോലും സാദ്ധ്യമല്ലാത്ത മാനസികപരിവത്തനം അവണ്ണരിലും, സവണ്ണരിലുമുണ്ടാക്കുവാൻ അദ്ദേഹത്തിൻെറ വിശിഷ്ടകാവ്യങ്ങൾക്കു കഴിഞ്ഞിട്ടുണ്ടു്.

ഈ ഘട്ടത്തിൽത്തന്നെ, മുൻപറഞ്ഞ സമുദായപരിഷ്കത്താക്കൾക്കാന്തരമായ പ്രചോദനം നൾകുവാനെന്നപോലെ അശക്തരുടേയും, അശരണരുടേയും ബന്ധുവായി, ദീനരുടേയും ദുഃഖിതരുടേയും രക്ഷിതാവായി, മറെറാരു വിശിഷ്ടപുരുഷൻ മഹത്തായ ഒരു സന്ദേശവുമായി കേരളത്തിലാവിർഭവിച്ചു. ശ്രീശങ്കരാചായ്യക്കുശേഷം ദിവ്യനായ ഒരു സമുദായപരിഷ്കത്താവെന്ന നിലയിൽ, ദക്ഷിണഭാരതത്തിൽ അതിവിപുലവും, അദൃശ്യവുമായ ഒരു മഹാസാമ്രാജ്യം സൃഷ്ടിച്ചു് അതിൻെറ അനഭിഷിക്തചക്രവത്തിയായി, ആരാധകന്മാരുടെ ഹൃദയസിംഹാസനങ്ങളിൽ അധിരോഹണംചെയ്ത ഏക ആചായ്യനാണു് ഇദ്ദേഹം. തിരുവനന്തപുരത്തിനു സമീപം ചെമ്പഴന്തി എന്ന ഗ്രാമത്തിൽ ജനിച്ച ഇദ്ദേഹം ചെറുപ്പത്തിൽത്തന്നെ നാടും, വീടും വിട്ടിറങ്ങി പ്രപഞ്ചത്തേയും, ജീവിതത്തേയും സംബ

ന്ധിച്ചുള്ള ശാശ്വതപ്രശ്നങ്ങൾക്ക സമാധാനം ആരായുവാൻ വേണ്ടി, പുണ്യസ്ഥലങ്ങളേയും, പുണ്യാത്മാക്കളേയും സന്ദ ർശിച്ചുകൊണ്ടു ഭാരതഭൂമി മുഴുവൻ ചുററിസ്സഞ്ചരിച്ചു. ദീർഘമായ സഞ്ചാരത്തിനുശേഷം അദ്ദേഹം മടങ്ങിയെത്തി, നെയ്യാറിന്റെ തീരത്തുള്ള അരുവിപ്പുറം എന്ന വിജനസ്ഥലത്തു് ഒരു പർണ്ണ ശാലയിൽ താമസിച്ചുകൊണ്ടു് അന്തർമുഖമായ സത്യത്തെ ആരായുവാനുള്ള ശ്രമം തുടങ്ങി. ആദ്യകാലത്തു കൃത്യാന്തരങ്ങ ളിൽ വ്യാപരിച്ചിരുന്ന ലോകം ഇതൊന്നും അറിഞ്ഞതേയില്ല. എന്നാൽ അരുവിപ്പുറത്തെ തപോവാടവും, അവിടത്തെ യോഗീശ്വരനായ നാണുഗുരുവും അല്പാല്പമായി പൊതുജനങ്ങ ളുടെ ശ്രദ്ധയെ ആകർഷിച്ചുതുടങ്ങി. അരുവിപ്പുറം കാലാന്തര ത്തിൽ ഒരു തീർത്ഥാടനസ്ഥലമായിത്തീൎന്നു. വിജ്ഞാനത്തി ൻേറയും, ആത്മീയസംസ്കാരത്തിൻേറയും പ്രസന്നരശ്മികൾ ആ സന്യാസാശ്രമത്തിന്റെ വിജനതയിൽനിന്നു നാലുപാടും പരന്നു. വിദ്യാക്ഷേത്രങ്ങളും, ഈശ്വരാരാധനസ്ഥലങ്ങളും അദ്ദേഹം അവിടെ നിർമ്മിച്ചു. ദേവാലയത്തിലെ ഈശ്വരപ്രതിഷ്ഠയ്ക്കു ബ്രാഹ്മണസത്തമന്മാരെ എങ്ങുനിന്നും അദ്ദേഹം ക്ഷണിച്ചു വരുത്തിയില്ല. ആ വിപ്ലവകാരി സകല മാമൂലുകളും ലംഘിച്ചു സ്വയം പ്രതിഷ്ഠ നടത്തി. അരുവിപ്പുറത്തുവച്ചുതന്നെയാണു് ആ പുണ്യശ്ലോകന്റെ സ്മരണയെ നിലനിത്തുന്ന ശ്രീനാരായണ ധർമ്മപരിപാലനയോഗവും ആരംഭിച്ചതു്.

ശ്രീനാരായണഗുരുസ്വാമിയുടെ സന്ദേശങ്ങൾ കേരളത്തി ലെങ്ങും അതിശീഘ്രതയിൽ പ്രചരിച്ചു. തീണ്ടൽ, തൊടീൽ തുടങ്ങിയ സാമുദായികദുരാചാരങ്ങളുടെ ദുഷിച്ച ഫലങ്ങൾ അനുഭവിക്കുന്ന ഈഴവസമുദായത്തിലെ അംഗമായി ജനിച്ച ഇദ്ദേഹം ജീവിതപരിശുദ്ധികൊണ്ടും, ആത്മവിശ്വാസം കൊണ്ടും സമകാലീനന്മാരായ ഉൽകൃഷ്ടവംശജന്മാക്കു് എത്തി നോക്കുവാൻപോലും കഴിഞ്ഞിട്ടില്ലാത്ത ആത്മീയലോകത്തി ലേയ്ക്കു് ഉന്നമിച്ചിരിക്കുന്നു എന്ന കാര്യത്തിൽ ഈഴവസമു ദായം അഭിമാനംകൊണ്ടു. ആ ശ്രേഷ്ഠസമുദായം ഏകമനെന്ന പോലെ അദ്ദേഹത്തെ അനുഗമിച്ചു. ആത്മീയമായ ഒരു നവ ചൈതന്യം ശ്രീനാരായണഗുരുസ്വാമി ഈഴവസമുദായത്തിനു

നൾകി. ഒരു തികഞ്ഞ സമുദായപരിഷ്കത്താവിന്റേയും, യുക്തിവാദിയുടേയും വീക്ഷണഗതിയോടുകൂടിയാണു് അദ്ദേഹം ഈഴവസമുദായത്തിന്റെ അവശതകൾക്കു പരിഹാരമാഗ്ഗം നിർദ്ദേശിച്ചതു്. ഡാക്ടർ പല്പു സ്വസമുദായത്തിന്റെ അവശതകൾ പരിഹരിക്കുന്നതിനു വേണ്ടി ബാഹ്യശക്തികളുമായുള്ള പോരാട്ടമാണു് ആദ്യം ആരംഭിച്ചതെങ്കിൽ, ഗുരുസ്വാമി സാമുദായികവും, ആത്മീയവുമായ ഉൽക്കഷത്തിനുവേണ്ടി സമുദായത്തിനകമേ നിന്നുകൊണ്ടുള്ള ശുദ്ധീകരണശ്രമങ്ങളാണു തുടങ്ങിയതു്. അദ്ദേഹം ഈഴവരെ ആത്മവിശ്വാസമുള്ള ഒരു മഹാസമുദായമായി സംഘടിപ്പിച്ചു. സമുദായമദ്ധ്യത്തിലുണ്ടായിരുന്ന അനാചാരങ്ങളേയും, അന്ധവിശ്വാസങ്ങളേയും അദ്ദേഹം ഉച്ചാടനം ചെയ്തു. പരിശുദ്ധമായ ജിവിതം നയിക്കുവാൻ അദ്ദേഹം അവരെ പഠിപ്പിച്ചു. വിദ്യാഭ്യാസം പ്രചരിപ്പിച്ചു. കേരളത്തിലും, ദക്ഷിണഇൻഡ്യയിലെ മററു ഭാഗങ്ങളിലും, ഈഴവർ ധാരാളമായി കുടിയേറിപ്പാക്കുന്ന സിലോണിലും, ഒട്ടധികം സാമുദായികസ്ഥാപനങ്ങളും, വിദ്യാലയങ്ങളും, ആരാധനസ്ഥലങ്ങളും അദ്ദേഹം നിമ്മിച്ചു. സവ്വോപരി ഏകജാതി, ഏകമതം, ഏകദൈവം എന്ന മഹനീയസിദ്ധാന്തം അദ്ദേഹം ലോകത്തിനു നൾകി. ഇങ്ങിനെ നൂതനമായ ഏതാശയങ്ങളും, പരിഷ്കാരങ്ങളും സ്വീകരിക്കുവാനും, അനീതികളോടു മല്ലടിക്കുവാനും ഉള്ള ആഭ്യന്തരമായ ഉണർവ്വും, സംസ്കാരവും, വിദ്യാഭ്യാസവും, സംഘടിതശക്തിയും ഈഴവസമുദായത്തിനു ലഭിച്ചുകഴിഞ്ഞതോടുകൂടി, തിരുവിതാംകൂറിലെ അയിത്താചാരപ്രശ്നത്തിന്റെ ആയുഷ്കാലദിനങ്ങൾ കേവലം അംഗുലിപരിമിതങ്ങളായിത്തീന്നു.

നാനാമുഖമായ പരിഷ്കരണസംരംഭങ്ങൾ വികസിക്കയും, ഫലസമ്പൂണ്ണമാകുകയും ചെയ്തതോടുകൂടി, ഈഴവസമുദായത്തിന്റെ ആഭ്യന്തരശക്തി സംഘടിതമായി. അനീതികളോടും, അക്രമങ്ങളോടും ധീരമായി മല്ലടിക്കുവാനുള്ള രംഗം പട്ടുത്തുകഴിഞ്ഞു. ഈ ഘട്ടത്തിൽ ശ്രീനാരായണഗുരുസ്വാമിയുടെ ആശയങ്ങളും ആദശങ്ങളും അവയുടെ യുക്തിപൂവ്വകമായ പരമസമാപ്തിയിലേയ്ക്കു നയിച്ചുകൊണ്ടുപോകുവാൻ പ്രാപ്തനായ ഒരു നിഷ്കാമകമ്മി സമുദായമദ്ധ്യത്തിലുദയം ചെയ്തു. ഇദ്ദേഹം യശശ്ശരീര

നായ ടി. കെ. മാധവനല്ലാതെ മററാരുമായിരുന്നില്ല. ശ്രീ
സ്വാമി കഴിഞ്ഞാൽ ഈഴവസമുദായം ഇന്നതിനുള്ള സംഘട
നാബലത്തിനും സ്വാശ്രയശക്തിയ്ക്കും മററു ബഹുവിധമായ
ശ്രേയസ്സിനും സർവ്വോപരി കടപ്പെട്ടിരിക്കുന്നതു പരേതനായ
ആ സമുദായസേവകനോടാണെന്നുള്ള കാര്യം തുലോം നിസ്തക്ക
മാണ്. സ്വാത്ഥരഹിതനും, സമുദായാഭിമാനിയും, ത്യാഗശീല
നുമായ മാധവൻ ഈഴവസമുദായത്തിനു വേണ്ടി ചെയ്തിട്ടുള്ള
മഹത്തായ സേവനങ്ങളുടെ ഒരു വിവരണം ഈ ഗ്രന്ഥത്തിൽ
അപ്രസക്തമാണല്ലോ. അദ്ദേഹം ഒരു സമുദായവാദിയായിരുന്നു
എന്നു ചിലർ പറയാറുണ്ട്. എന്നാൽ അജ്ഞതയിലും, അനാ
ചാരങ്ങളിലും, അന്ധവിശ്വാസങ്ങളിലും ആണ്ടുകിടന്ന സ്വ
സമുദായത്തെ തട്ടിയുണർത്തി അവക്കു് വിദ്യാഭ്യാസവും സംഘട
നാശക്തിയും സാമ്പത്തികക്ഷേമവും നൾകി, ഇതരസമുദായ
ങ്ങളുടെ നിരയിലേയ്ക്കു ഉന്നമിപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ
മഹത്തായ ശ്രമങ്ങൾ കേവലം സമുദായവാദമെന്ന പേരിൽ
അപലപിക്കുവാനാക്കും അവകാശമുള്ളതല്ല. അദ്ദേഹം ഒരു
സമുദായസേവകനായിരുന്നു. അക്കാലങ്ങളിൽ ഈഴവക്കു് ഒരു
സമുദായസംഘടന അത്യന്താപേക്ഷിതവുമായിരുന്നു. മററു
സമുദായാംഗങ്ങൾക്കോ, രാഷ്ട്രത്തിനുതന്നേയോ ചെയ്യുവാൻ
കഴിവില്ലാത്ത അപാരമായ സേവനങ്ങളാണു് ഈഴവരുടെ സമു
ദായഘടന ഈഴവസമുദായത്തിനുവേണ്ടി അന്നനുഷ്ഠിച്ചുകൊ
ണ്ടിരുന്നതു്. എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ പി
ല്ക്കാലചരിത്രമെന്തുതന്നെയായിരുന്നാലും, അതിന്റെ ഇന്നത്തെ
പ്രവത്തനങ്ങൾ ഏതുതരം അഭിപ്രായാന്തരങ്ങൾക്കിടകൊടുക്കു
ന്നതാണെങ്കിലും, ടി. കെ. മാധവന്റെ നേതൃത്വത്തിൽ അങ്ങി
നെ ഒരു സംഘടന അന്നു പ്രയത്നിച്ചിരുന്നില്ലെങ്കിൽ അനന്തര
കാലങ്ങളിലെ സാമുദായികവും രാഷ്ട്രീയവുമായ ചരിത്രത്തിൽ
മററു സമുദായങ്ങളോടൊപ്പം പ്രശംസാർഹമായ ഒരു സ്ഥാനം
നേടുവാൻ ഈഴവസമുദായത്തിനു കഴിയുമായിരുന്നില്ല. ഏതെ
ങ്കിലും ഒരു ഘട്ടത്തിൽ ഒരു സമുദായത്തിനു പ്രത്യേകമായി ദീർഘ
കാലം നിലനിന്നുപോരുന്ന അവശതകൾക്കു പരിഹാരമാർഗ്ഗം
കണ്ടുപിടിക്കുവാൻ സമുദായസംഘടനകൾ ആവശ്യമാണെന്നു

വന്നേയ്ക്കാം. എന്നാൽ അങ്ങിനെയുള്ള ഘട്ടങ്ങളെ അതിജീവിച്ചു സമുദായഘടനകൾ മററു പ്രവർത്തനരംഗങ്ങൾ നഷ്ടമാകുമ്പോൾ രാഷ്ട്രീയകാര്യങ്ങളിലേയ്ക്കു കൈകടത്തുന്നതാണു തികച്ചും ആക്ഷേപാർഹമായിട്ടുള്ളതു്.

ടി. കെ. മാധവൻെറ ജീവചരിത്രഗ്രന്ഥത്തിൽ അദ്ദേഹത്തെക്കുറിച്ചു ചങ്ങനാശേരി എഴുതിച്ചേർത്തിട്ടുള്ള സ്മരണകളിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം. ടി. കെ. മാധവൻ ചങ്ങനാശേരിയുടെ ശിഷ്യഗണങ്ങളിൽ ഒരാളായിരുന്നു.

"അന്നു ശ്രീമാൻ മാധവനെക്കുറിച്ചു വിശേഷവിധിയായി ഒന്നും എൻെറ ദൃഷ്ടിയിൽപെട്ടിരുന്നില്ല. ഒരു സാധാരണ വിദ്യാർത്ഥിയായി മാത്രമാണു ഞാൻ മാധവനെ അറിഞ്ഞിരുന്നതു്. അധർമ്മത്തോടും അനീതിയോടുമുള്ള നിരന്തരമായ ധാർമ്മികയുദ്ധത്തിൽ സേനാനിത്വം വഹിക്കുവാൻ കെല്പുള്ള ഒരു ധീരാത്മാവാണ് ആ ശരീരത്തിലാവാസം ചെയ്തിരുന്നതെന്നു ഞാൻ അറിഞ്ഞിരുന്നില്ല. പിൽക്കാലത്തു് അദ്ദേഹത്തിൽ തെളിഞ്ഞിരുന്ന ആവക വിശിഷ്ടഗുണങ്ങൾ വികസിതങ്ങളാകാത്തതിനാൽ അവ സാധാരണ ദൃഷ്ടിക്ക് അഗോചരമായിരുന്നിരിക്കണം. ഗുരുശിഷ്യന്മാരായ ഞങ്ങളിരുവരും നന്നേ ചെറുപ്പമായിരുന്നു"..............അദ്ദേഹം തുടരുന്നു: "പള്ളിക്കൂടത്തിൽ വച്ചു വിശേഷസംഭവങ്ങളൊന്നും കൂടാതെ കഴിഞ്ഞ ഞങ്ങളുടെ ഗുരുശിഷ്യബന്ധം അവിടെവച്ചവസാനിക്കുകയുണ്ടായില്ല. അദ്ധ്യാപകവൃത്തിയുപേക്ഷിച്ചു വക്കീൽജീവിതത്തിൽ പ്രവേശിച്ചതോടുകൂടി തിരുവിതാംകൂറിലെ പൊതുക്കാര്യങ്ങളിലുള്ള എൻെറ എളിയ പങ്കു നിർവ്വഹിക്കുന്നതിനുള്ള അവസരം എനിക്കു കിട്ടി. പൊതുക്കാര്യപ്രവർത്തനരംഗത്തിൽ ഞാൻ എൻെറ പഴയ ശിഷ്യനെ വീണ്ടും കണ്ടെത്തി. അതിനുശേഷം ദീർഘകാലം ഞങ്ങൾ സഹപ്രവർത്തകന്മാരായിരുന്നു. അക്കാലങ്ങളിലൊരിക്കലെങ്കിലും ഞങ്ങൾക്കു തമ്മിൽ ഒരു കാര്യത്തിൽപോലും അഭിപ്രായവ്യത്യാസമുണ്ടായിട്ടില്ലെന്നുള്ളതു ചാരിതാർത്ഥ്യജനകമാണ്."................പ്രസ്തുത സ്മരണകൾ അവസാനിക്കുന്നതിങ്ങനെയാണ് "൧൧൦൫ മേടമാസത്തിൽ ചങ്ങനാശേരിയിൽവച്ചു നടന്ന നായർസമ്മേളന

ത്തോടു് അനുബന്ധിച്ചുള്ള ആരോഗ്യസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ടിരുന്ന അവസരത്തിലാണു ഹൃദയഭേദകമായ അദ്ദേഹത്തിൻെറ മരണവാൎത്ത എൻെറ ചെവിയിലെത്തിയതു്. അതു ശ്രവിച്ച മാത്രയിൽ ഞാൻ കണ്ണീർ പൊഴിക്കതന്നെ ചെയ്തു. എൻെറ ഒരു സഹോദരൻ എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടു എന്നു ഞാൻ ദുഃഖിച്ചു. ടി. കെ. മാധവൻ യഥാൎത്ഥത്തിൽ ഒരു മഹാത്മാവുതന്നെയായിരുന്നു. അദ്ദേഹത്തോടെനിക്കു സഹോദരനിൎവിശേഷമായ സ്നേഹമാണുണ്ടായിരുന്നതു്. താഴ്ത്തപ്പെട്ടവരുടേയും അമൎത്തപ്പെട്ടവരുടേയും ദയനീയമായ അവസ്ഥയെപ്പററി അകം നൊന്തു ചിന്തിക്കയും, അവരുടെ ഉന്നമനത്തിനായി എല്ലാവിധ ത്യാഗങ്ങളും അനുഭവിക്കയും ചെയ്ത ആ വന്ദ്യപുരുഷൻെറ സ്മരണ അദ്ദേഹത്തിൻെറ കാലടികളെത്തുടൎന്നു് അധഃകൃതോദ്ധാരണപ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടിരിക്കുന്നവൎക്കു് എന്നും മാൎഗ്ഗദീപമായി പരിലസിക്കുന്നതാണു്."

മതപരവും സാമുദായികവുമായ സകല അനാചാരങ്ങളുടേയും, കുടിമൂത്ത യാഥാസ്ഥിതികത്വത്തിൻെറയും, ഏററവും വലിയ അഭയസങ്കേതം ദേവാലയങ്ങളാണെന്നുള്ള പരമാൎത്ഥം സൂക്ഷ്മബുദ്ധിയായ മാധവൻ ഒററനോട്ടത്തിൽ കണ്ടറിഞ്ഞു. അദ്ദേഹം ആദ്യമായി ക്ഷേത്രങ്ങളെത്തന്നെ പ്രതിരോധിക്കുവാൻ നിശ്ചയിച്ചുറച്ചു. പൌരസമത്വവാദത്തിൻെറ നേതാവു്, ദേശാഭിമാനി പത്രാധിപർ എന്നീ നിലകളിൽ മാധവൻ വിഖ്യാതനായിത്തീൎന്നിരുന്നു. അയിത്താചാരത്തെ അകററുവാനുള്ള ഒററ മൂലി ക്ഷേത്രപ്രവേശനമാണെന്നു ബോദ്ധ്യമായതോടുകൂടി പ്രക്ഷോഭജനകമായ ക്ഷേത്രപ്രവേശനവാദം അദ്ദേഹം സമുദായമദ്ധ്യത്തിലേയ്ക്കു നയിച്ചു. മാധവൻെറ ദേശാഭിമാനി പത്രം ക്ഷേത്രപ്രവേശനമനുവദിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി ഗംഭീരമായ ഒരു മുഖപ്രസംഗം പ്രസിദ്ധം ചെയ്തു. മാധവൻെറ വാദഗതി ഈഴവസമുദായാംഗങ്ങളെപ്പോലും അമ്പരപ്പിച്ചു. യാഥാസ്ഥിതികരായ സവൎണ്ണസമുദായക്കാർ മാധവൻെറ അപ്രായോഗികമായ അഭിപ്രായംകേട്ടു മന്ദഹസിച്ചതേയുള്ളു. പക്ഷേ ഇതുകൊണ്ടു നിരാശയടയുവാനുള്ള ദുർബലചിത്തമല്ല മാധവൻെറ രോഗഗ്രസ്തമെങ്കിലും പരിശുദ്ധജീവിതംകൊണ്ടു സുദൃഢമായിരുന്ന ശരീരത്തിൽ സ്ഥിതിചെയ്തിരുന്നതു്. ക്ഷേത്ര

പ്രവേശനവാദം ഒരു ജീവൽപ്രശ്നമാക്കിത്തീൎക്കുന്നതിനും, അതിലേയ്ക്കു പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിനും, ഊൎജ്ജിതമായ പ്രവൎത്തനപരിപാടികൾ നിൎമ്മിച്ചുകൊണ്ടു് അദ്ദേഹം പ്രതികൂലകക്ഷികളെ നിൎഭയം അഭിമുഖീകരിച്ചു. ൯൮-ലാണു മാധവന്റെ ആദ്യത്തെ മുഖപ്രസംഗം വെളിയിൽ വന്നതു്. ആ വൎഷത്തിലെ എസ്. എൻ. ഡി. പി. യോഗം ക്ഷേത്രപ്രവേശനമനുവദിക്കണമെന്നുള്ള മാധവന്റെ പ്രമേയത്തെ ഐകകണ്ഠ്യേന അംഗീകരിച്ചു. ൯൯-ലെ പ്രജാസഭായോഗത്തിൽ മാധവനെ ഗവൺമെന്റു് ഒരു പ്രതിനിധിയായി നിയമിച്ചിരുന്നു. തന്റെ നിവേദനങ്ങളിൽ ക്ഷേത്രപ്രവേശനമനുവദിക്കണമെന്നും, അയിത്താചാരം ഒരു രാജകീയവിളംബരം മുഖേന നിൎത്തൽചെയ്യണമെന്നും, മാധവൻ ശക്തിയുക്തം ഗവൺമെന്റിനെ ഉൽബോധിപ്പിച്ചു. ൧൦൦-ലും പ്രജാസഭയിലേയ്ക്കു നിയമിക്കപ്പെട്ട മാധവൻ ഈ വിഷയത്തെപ്പററിത്തന്നെ നിവേദനങ്ങൾ ആവൎത്തിച്ചു. രാജ്യമെങ്ങും പ്രചരണം ആരംഭിക്കുന്നതിലും അദ്ദേഹം വിമുഖനായിരുന്നില്ല. ൧൦൧-ലും ഈ വിഷയംതന്നെ നിവേദനത്തിനായി മാധവൻ പ്രജാസഭയ്ക്കയച്ചിരുന്നു. എന്നാൽ ദിവാൻബഹദൂർ രാഘവയ്യാ പ്രജാസഭാനടപടിനിയമത്തിന്റെ ൫൯-ാംവകുപ്പനുസരിച്ചു പ്രസ്തുത വിഷയത്തെപ്പററിയുള്ള മാധവന്റെ പ്രസംഗസ്വാതന്ത്ര്യം തടയുകയാണു ചെയ്തതു്. മി. രാഘവയ്യായുടെ ഈ നിരോധനം രാജ്യമെങ്ങും വലുതായ ക്ഷോഭത്തിനിടയാക്കി. തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും യോഗങ്ങൾ കൂടി മി. രാഘവയ്യായുടെ സ്വേച്ഛാപരമായ അധികാരപ്രയോഗത്തെ പ്രതിഷേധിച്ചു. ൧൦൧-കുംഭത്തിൽ തിരുവനന്തപുരത്തു് എൽ. എം. എസ്സ്. ഹാളിൽവച്ചു് മി. എൻ. കുമാരന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മെ. സി. രാമൻതമ്പി, ടി. കെ. വേലുപ്പിള്ള, പി. കെ. കേശവപിള്ള, ചങ്ങാശേരി മുതലായ നായർപ്രമാണികൾ പങ്കെടുക്കുകയും, ക്ഷേത്രപ്രവേശനവാദത്തിലവൎക്കുള്ള ആനുകൂല്യത്തേയും ദിവാൻജിയുടെ തീരുമാനത്തിലുള്ള എതിൎപ്പിനേയും രേഖപ്പെടുത്തുകയും ചെയ്തു. ഈ യോഗത്തിന്റെ സംയോജകന്മാരിലൊരാൾ ടി. കെ. മാധവനായിരുന്നു. ൧൦൧-ൽത്തന്നെ മറെറാരു

മഹായോഗം വൎക്കലവച്ചു മി. എൻ. കുമാരന്റെ അദ്ധ്യക്ഷത യിൽ കൂടി ഈഴവർ ക്ഷേത്രങ്ങൾ ത്യജിക്കണമെന്ന് ഒരു പ്രമേയമംഗീകരിച്ചു. ഈ പ്രമേയത്തിന്റെ മാറെറാലികൾ രാജ്യത്തിന്റെ നാനാ ഭാഗങ്ങളിലേയ്ക്കും വ്യാപിച്ചു. ഇങ്ങിനെ അഗണ്യവും അപഹാസകരവുമായിരുന്ന ഒരു നിലയിൽനിന്നു ക്ഷേത്രപ്രവേശനവാദം ഒരു ജീവൽപ്രശ്നമായി രൂപാന്തര പ്പെട്ടു.

ക്ഷേത്രപ്രവേശനവാദത്തെ ആദ്യകാലം മുതല്ക്കുതന്നെ ഹാൎദ്ദമായി അനുകൂലിച്ച നായർനേതാക്കന്മാരിൽ ഒരാൾ ചങ്ങനാശേരിയായിരുന്നു. അയിത്താചാരത്തോട് അദ്ദേഹത്തി നുണ്ടായിരുന്ന പ്രതിഷേധം ഒരു വിദ്യാൎത്ഥിയായിരുന്ന കാലം മുതല്ക്കുതന്നെ പ്രത്യക്ഷമാക്കിയിട്ടുണ്ടല്ലോ! ചങ്ങനാശേരിയുടെ നേതൃത്വത്തിൽ ൻവ–ൽ മാന്നാത്തുവച്ചു കൂടിയ നായർസമ്മേ ളനം നായന്മാർ അയിത്തമാചരിക്കുവാൻ പാടില്ലെന്ന് ഒരു പ്രമേയംതന്നെ പാസാക്കുകയുണ്ടായി. ഗാന്ധിജിയുടെ അയി ത്തോച്ചാടനപ്രസ്ഥാനം അന്നത്ര വളരെ പുരോഗമിച്ചിരുന്നി ല്ല. ൻവ്വ–ാമാണ്ട് അമ്പലപ്പുഴവച്ചു ചങ്ങനാശേരിയുടെ അദ്ധ്യ ക്ഷതയിൽ കൂടിയ സമ്മേളനത്തിൽവച്ചായിരുന്നു ക്ഷേത്രപ്രവേ ശനമനുവദിക്കണമെന്നുള്ള പ്രമേയം ആദ്യമായി അംഗീകരിക്ക പ്പെട്ടതു്. പരേതനായ പി. കെ. നാരായണപിള്ള അവതരി പ്പിച്ച പ്രസ്തുത പ്രമേയം യാതൊരെതിർപ്പും കൂടാതെയാണു് ആ സമ്മേളനത്തിൽ പാസായതു്. ജാതിഭേദം വകവയ്ക്കാതെ എല്ലാ ഹിന്ദുക്കൾക്കും പൂജാകൎമ്മങ്ങൾ ക്ഷേത്രങ്ങളിൽ നടത്തു വാൻ അവകാശം നൽകണമെന്നുകൂടി ആ പ്രമേയത്തിൽ പ്രസ്താവിച്ചിരുന്നു.

# അദ്ധ്യായം ൨൩

കേരളത്തിലെ അയിത്തോച്ചാടനപ്രസ്ഥാനത്തിനും ക്ഷേത്ര പ്രവേശനവാദത്തിനും ടി. കെ. മാധവൻ നേടിയ മഹത്തായ അനുഗ്രഹം ഇൻഡ്യൻനാഷനൽകാൺഗ്രസ്സിൻേറയും, മഹാത്മാഗാന്ധിയുടേയും സഹായസഹകരണങ്ങളായിരുന്നു. ഈ വിഷയത്തിൽ മാധവൻ പ്രദർശിപ്പിച്ച ദീർഘവീക്ഷണവും ധീരതയും ഏറ്റവും പ്രശംസനീയമാണു്. രാഷ്ട്രീയമായ സ്വാതന്ത്ര്യത്തിനു വേണ്ടി ഇൻഡ്യൻനാഷനൽകാൺഗ്രസ്സ് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഒരു ദേശീയസമരം ആരംഭിച്ചുകഴിഞ്ഞിരുന്നു. ഉൽകൃഷ്ടജാതിക്കാരുടെ മർദ്ദനങ്ങളിൽനിന്നു് അധഃകൃതസമുദായങ്ങളെ രക്ഷിക്കുന്നതിനെന്നപോലെ ബ്രി. ഗവമ്മെൻറു് ആ സമുദായങ്ങൾക്കു ചില പ്രത്യേക സൌജന്യങ്ങൾ നൾകുകയെന്നൊരു നയം വളരെ പുരാതനമായിത്തന്നെ സ്വീകരിച്ചിട്ടുള്ള ഒന്നാണു്. ഇതുകൊണ്ടു സ്വാർത്ഥലോലുപന്മാരും ഉദ്യോഗാർത്ഥികളുമായ അവർണ്ണസമുദായങ്ങളിലെ ചില അഭ്യസ്ഥവിദ്യർ ബ്രിട്ടീഷു്ഗവമ്മെൻറിനെ ആശ്രയിച്ചു നിന്നുകൊണ്ടു ദേശീയമായ പ്രസ്ഥാനങ്ങളെ അപലപിക്കുവാൻപോലും മടിച്ചിരുന്നില്ല. കേരളത്തിലെ ഈഴവരുടെ ഇടയിലും ചില നേതാക്കന്മാർ മഹാത്മാഗാന്ധിയുടെ ദേശീയ പ്രസ്ഥാനത്തിലും കാൺഗ്രസ്സിൻെറ സമരപ്രവൎത്തനങ്ങളിലും വിശ്വാസമുള്ളവരായിരുന്നില്ല. എന്നാൽ ഇരുന്നൂറുവഷത്തെ ഭരണത്തിനുശേഷവും, പ്രത്യക്ഷമായ സാമുദായികാനീതികളവസാനിപ്പിക്കുവാൻ വേണ്ടി നിസ്തുലപ്രാഭവമുള്ള ഈ മഹാസാമ്രാജ്യം ഒരു ചെറുവിരൽപോലും ഉയൎത്തുകയുണ്ടായിട്ടില്ലെന്നുള്ള പരമാർത്ഥം ഈ വിമർശകന്മാക്കു ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നില്ല. അവണ്ണസമുദായങ്ങളോടു ബ്രിട്ടീഷുഗവമ്മെൻറു പ്രദർശിപ്പിച്ചുവരുന്ന പ്രത്യേക കാരുണ്യവും അനുഭാവവും നിർവ്യാജമായിരിക്കുവാനിടയില്ലെന്നും, ഭിന്നിച്ചുഭരിക്കുകയെന്ന സാമ്രാജ്യനയത്തിന്റെ ഒരു രൂപഭേദം മാത്രമാണിതെന്നും, സ്വസമുദായത്തിൻെറ

ശാശ്വതമായ നന്മയ്ക്കു് ഇൻഡ്യയിലെ ഇതരസമുദായങ്ങളുടേയും, അവയേ പ്രതിനിധീകരിക്കുന്ന കാൺഗ്രസ്സിന്റേയും, ഭാരതഭൂമിയുടെ ആത്മചൈതന്യത്തിന്റെ മൂർത്തിമദ്ഭാവമായ മഹാത്മാഗാന്ധിയുടേയും സമ്മനോഭാവമാർജ്ജിക്കുകയാണു് അത്യന്താപേക്ഷിതമായിട്ടുള്ളതെന്നും, മനസ്സിലാക്കുവാനുള്ള ദീർഘദൃഷ്ടിയും എതിരഭിപ്രായങ്ങളെ വിഗണിച്ചു മുന്നോട്ടു പോകുവാനുള്ള ധീരതയും മാധവനുണ്ടായിരുന്നു.

മഹാത്മാഗാന്ധി ദക്ഷിണഭാരതപര്യടനം നടത്തിക്കൊണ്ടിരിക്കുമ്പോൾ ടി. കെ. മാധവൻ അദ്ദേഹത്തെ തിരുനൽവേലിയിൽ ചെന്നു കണ്ടു. ഇതു ൯൬ കന്നിമാസത്തിലായിരുന്നു. കേരളത്തിലെ ബീഭത്സമായ സാമുദായികാനാചാരങ്ങളെക്കുറിച്ചും, തിരുവിതാംകൂറിലാരംഭിച്ചിരുന്ന ക്ഷേത്രപ്രവേശനപ്രക്ഷോഭണത്തെക്കുറിച്ചും മാധവൻ ഗാന്ധിജിക്കു പരിപൂർണ്ണമായ അറിവു നൽകി. സംഭാഷണാനന്തരം താഴെ പകർത്തുന്ന സന്ദേശം ഗാന്ധിജി മാധവനെ ഏല്പിക്കുകയുണ്ടായി.

"മററു് അബ്രാഹ്മണഹിന്ദുക്കളെപ്പോലെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനും, അവർക്കു ക്ഷേത്രങ്ങളിൽ എത്രമാത്രം സ്വാതന്ത്ര്യമുണ്ടോ അത്രയും സ്വാതന്ത്ര്യത്തോടുകൂടി ആരാധന നടത്തുന്നതിനും, ഈഴവർക്കും പൂർണ്ണമായ അവകാശമുണ്ടു്. മതസംബന്ധമായ കാരണങ്ങളെ അടിസ്ഥാനപ്പെടുത്തി അവരുടെ ക്ഷേത്രപ്രവേശനത്തെ തടയണമെന്നുള്ള അഭിപ്രായത്തോടു ഞാൻ വിയോജിക്കുന്നു. പള്ളിക്കൂടങ്ങളിൽ ഈ വർഗ്ഗക്കാർക്കു പ്രവേശനമുണ്ടു് എന്നാണു ഞാൻ അറിയുന്നതു്. അതിനാൽ ഈ സമുദായക്കാർക്കു പൂർണ്ണമായ ആത്മനിയന്ത്രണത്തോടുകൂടി പ്രവർത്തിക്കുവാൻകഴിയുമെങ്കിൽ, നിയമം അവരുടെ അവകാശത്തിനു വിപരീതമായി പ്രവർത്തിക്കുമ്പോൾ, ക്ഷേത്രങ്ങളിൽ പ്രവേശിച്ചു തടവിൽ പോകുവാൻ അവർ സന്നദ്ധരാകണം. സംഘം ചേർന്നു ക്ഷേത്രങ്ങളിൽ പ്രവേശിക്കരുതു്. ഓരോരുത്തരായി മാത്രമേ പ്രവേശിക്കാവൂ. അവകാശലാഭത്തിനായി കഷ്ടതയനുഭവിക്കാനുള്ള സന്നദ്ധതയിലാണു് ഈ പ്രവൃത്തിയുടെ ധർമ്മം അന്തർഭവിച്ചിരിക്കുന്നതു്. ഈഴവരുടേയും മററും അവകാശം സംബ

ന്ധിച്ച കാൎയ്യങ്ങളിൽ സഹായിക്കേണ്ടതു സ്ഥലംകാൺഗ്രസ്സ് കമ്മിററിക്കാരുടെ ധൎമ്മമാണെന്നാണ് എന്റെ ശക്തിയായ അഭിപ്രായം."

മഹാത്മാഗാന്ധിയുടെ സന്ദേശം കേരളത്തിലെ ക്ഷേത്രപ്രവേശനപ്രസ്ഥാനത്തിൻെറ ശക്തിയെ നൂറിരട്ടി വൎദ്ധിപ്പിച്ചു. എന്നാൽ ഉടനടി സത്യാഗ്രഹമാരംഭിക്കുവാനുള്ള പരിതഃസ്ഥിതികൾ അന്നു തിരുവിതാംകൂറിലുണ്ടായിരുന്നില്ല. കുറച്ചു കാലത്തേയ്ക്കുകൂടി വ്യവസ്ഥാപിതപ്രക്ഷോഭണം തുടൎന്നുകൊണ്ടു പോയതേയുള്ളു.

൧൦൯൯-ൽ കോകനദത്തിൽവച്ചു മൌലാനാ മഹമ്മദാലിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച ഭാരതമഹാജനസഭയിൽ മെ. കെ. എം. പണിക്കർ, കേ. പി. കേശവമേനവനെന്നിവരോടുകൂടി ടി. കെ. മാധവനും പങ്കുകൊണ്ടിരുന്നു. അവിടെവച്ചു ഭാരതീയനേതാക്കന്മാരെ നേരിട്ടുകണ്ടു സംഭാഷണം ചെയ്യുന്നതിനും, കേരളത്തിലെ സ്ഥിതിഗതികളെപ്പറ്റി അവരെ ധരിപ്പിക്കുന്നതിനും, അദ്ദേഹത്തിനു കഴിഞ്ഞു. അയിത്തോച്ചാടനം സംബന്ധിച്ച് ഊൎജ്ജിതമായ പ്രവൎത്തനങ്ങൾ നടത്തുന്നതിനു വേണ്ട വിശദമായ കാൎയ്യപരിപാടി രൂപവൽക്കരിച്ചു പ്രവൎത്തകസമിതിയ്ക്കയയ്ക്കുവാൻ പ്രാദേശികകമ്മിറ്റികളെ അധികാരപ്പെടുത്തുന്ന ഒരു പ്രമേയം കാൺഗ്രസ്സ്സമ്മേളനം അംഗീകരിച്ചു. ഇതു ടി. കെ. മാധവൻെറ ഒരു മഹാവിജയമായിരുന്നു. ഈ നിശ്ചയമനുസരിച്ചുള്ള പ്രവൎത്തനങ്ങളാണു സുപ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിൽ കലാശിച്ചതു്.

൯൯ മകരത്തിൽ കേരളാപ്രാദേശികകമ്മിറ്റികൂടി, കോകനദംകാൺഗ്രസ്സിലെ നിശ്ചയം നടപ്പിൽ വരുത്തുന്നതിലേയ്ക്കു മെ. ടി. കെ. മാധവൻ, കുറൂർ നമ്പൂതിരിപ്പാട്, ടി. ആർ. കൃഷ്ണസ്വാമിഅയ്യർ, കണ്ണംതോടത്തു വേലായുധമേനവൻ, കേളപ്പൻ (കൺവീനർ) എന്നിവരടങ്ങിയ ഒരയിത്തോച്ചാടനക്കമ്മിററിയെ നിയമിച്ചു. പ്രസ്തുത കമ്മിറ്റിയിൽനിന്നും കേരളമൊട്ടുക്കു സഞ്ചരിച്ച് അയിത്തോച്ചാടനസംബന്ധമായ പ്രചരണജോലികൾ ചെയ്യുവാൻ ഒരു ഡെപ്യൂട്ടേഷനെ നിശ്ചയിച്ചു. ടി. കെ. മാധവൻ ഈ ഡെപ്യൂട്ടേഷനിലും ഒരംഗ

മായിരുന്നു. ചില സമുദായപരിഷ്കൎത്താക്കളുടെ ക്ഷണം, സ്വീകരിച്ചു ഡപ്യൂട്ടേഷൻ ൯൯ കുംഭം ൧൬-ാംതീയതി വൈക്കം സന്ദൎശിച്ചു. ദക്ഷിണകാശി, എന്ന പേരിൽ വിഖ്യാതമായ വൈക്കംക്ഷേത്രം അഖിലഭാരതപ്രശസ്തിയുള്ള ഒരു ദേവാലയമാണ്. ഈ മഹാക്ഷേത്രത്തിനു തൊട്ടു ചുററുമുള്ള റോഡുകളിലും, നാലുപുറത്തുമുള്ള ഗോപുരങ്ങൾക്കു മുൻഭാഗത്തുള്ള റോഡുകളിൽ ക്ഷേത്രത്തിൽനിന്ന് ഏതാനും വാര അകലെവരെയും, അയിത്തജാതിക്കാരനെന്നറിയപ്പെടുന്ന അവൎണ്ണൎക്കു പ്രവേശനം നിഷേധിച്ചിരുന്നു. ഈ റോഡുകളിൽ അയിത്തജാതിക്കാൎക്കു സഞ്ചാരതടസ്ഥം ആരംഭിക്കുന്ന സ്ഥലങ്ങളിൽ തീണ്ടൽ പലകകൾ നാട്ടിയിരുന്നു. ഈ പലകകളെപ്പററി മഹാകവി കുമാരനാശാൻ നിയമനിൎമ്മാണസഭയിൽ ചോദിച്ച ചോദ്യങ്ങൾക്കു തൃപ്തികരമായ മറുപടി നൽകുവാൻപോലും ഗവൎമ്മെൻറിനു കഴിഞ്ഞിരുന്നില്ല.

അയിത്തോച്ചാടനഡപ്യൂട്ടേഷൻെറ സന്ദൎശനവേളയിൽ വൈക്കത്തുവച്ച് ഒരു പ്രചരണമഹായോഗം കൂടി. യോഗത്തിൽ വിവിധജാതിമതസ്ഥരായ ബഹുസഹസ്രം ജനങ്ങൾ സമ്മേളിച്ചിരുന്നു. ഡപ്യൂട്ടേഷനിലെ ഒരംഗമായിരുന്ന മി. കെ. പി. കേശവമേനവൻ പ്രസ്തുത സമ്മേളനത്തിൽവച്ച് ആവേശജനകമായ ഒരു പ്രസംഗം ചെയ്തു. നിലവിലിരുന്ന ജാതിവ്യത്യാസങ്ങളേയും തീണ്ടൽ, തൊടീൽ തുടങ്ങിയ ദുരാചാരങ്ങളേയും അതിപരുഷമായ ഭാഷയിൽ അദ്ദേഹം നിന്ദിച്ചു. തീണ്ടൽപ്പലകകളെ ചൂണ്ടിക്കാണിച്ച് ആരുടേയും ഹൃദയം ദ്രവിപ്പിക്കുന്ന രീതിയിൽ അദ്ദേഹം വിലപിച്ചു. തീണ്ടലാചാരങ്ങൾ ഹിന്ദുമതം അനുവദിക്കുന്നു എന്നു തെളിയിക്കുവാൻ അദ്ദേഹം സനാതനികളെ വെല്ലുവിളിച്ചു. സവൎണ്ണഹിന്ദുക്കളുടെ സഹകരണം അദ്ദേഹം ഉള്ളഴിഞ്ഞു് അഭ്യൎത്ഥിച്ചു. അനന്തരം അവിടെ കൂടിയിരുന്ന ബഹുസഹസ്രം ജനങ്ങളെ അമ്പരപ്പിക്കുമാറ് അദ്ദേഹം പ്രക്ഷോഭജനകമായ ഒരു പ്രസ്താവന ചെയ്തു. അടുത്ത പ്രഭാതത്തിൽ സൂൎയ്യോദയത്തിനു മുൻപ്, അയിത്തജാതിക്കാരും സവൎണ്ണഹിന്ദുക്കളും ചേൎന്നു, നിരോധിക്കപ്പെട്ട റോഡുകളിൽക്കൂടി ഗംഭീരമായ ഒരു ഘോഷയാത്ര നടത്തുവാൻ നിശ്ചയിച്ചിരി

ക്കുന്നു എന്നുള്ളതായിരുന്നു ഈ പ്രസ്താവനയുടെ ചുരുക്കം. ആ സമ്മേളനം നിശ്ചലമായി. അവിടെ കൂടിയിരുന്ന ജനങ്ങൾ മുഖത്തോടുമുഖം തിരിച്ചു പരസ്പരം നോക്കിനിന്നതല്ലാതെ ഒന്നും ഉരിയാടുവാൻ ശക്തരായില്ല. സന്തോഷവും സന്താപവും ഇടകലന്ന് ഒരു സമ്മിശ്രവികാരമാണ് അവരുടെ ഹൃദയങ്ങളെ മർദ്ദിച്ചുകൊണ്ടിരുന്നത്. അതിഭയങ്കരമായ ഒരു സാമുദായികാനീതിയോടു പടവെട്ടുവാനുള്ള മി. മേനവൻെറ സംരംഭത്തെ ബഹുജനങ്ങൾ സർവാത്മനാ അഭിനന്ദിച്ചു. എന്നാൽ ആ ധീരദേശാഭിമാനികൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന ആപത്തുകളെപ്പററിയുള്ള ചിന്ത അവരെ സന്താപാകുലരാക്കുകതന്നെ ചെയ്തു. അടുത്ത പ്രഭാതത്തിലാരംഭിക്കുവാൻ പോകുന്ന തീവ്രസമരത്തെക്കുറിച്ചു താഴ്ന്ന ശബ്ദത്തിൽ മന്ത്രിച്ചുകൊണ്ടു പൊതുജനങ്ങൾ യോഗസ്ഥലത്തുനിന്നു പിരിഞ്ഞുപോയി.

അന്നു രാത്രി വയ്ക്കത്തെ സവർണ്ണപ്രമാണികളും ഉദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു ചെറിയ ഡപ്യൂട്ടേഷൻ, നേതാക്കന്മാരുടെ വിശ്രമസ്ഥലത്തു ചെന്ന് അടുത്ത പ്രഭാതത്തിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ഘോഷയാത്ര പത്തു ദിവസത്തേയ്ക്കു മാററിവയ്ക്കണമെന്നപേക്ഷിച്ചു. അതിനിടയ്ക്കു ന്യായമായ ഒരു തീരുമാനമുണ്ടാക്കുവാൻ കഴിവുള്ള ശ്രമങ്ങൾ ചെയ്തുകൊള്ളാമെന്ന് അവർ വാഗ്ദാനംചെയ്തു. അഭിമാനപൂർവ്വമായ ഏതൊരു രാജിവ്യവസ്ഥകൾക്കും സന്നദ്ധരായിരുന്ന നേതാക്കന്മാർ കാര്യങ്ങൾ മംഗളമായി അവസാനിപ്പിക്കുവാൻ വേണ്ട ശ്രമങ്ങൾ ചെയ്യുന്നതിലേയ്ക്ക് സവർണ്ണപ്രമാണികളുടേയും ഉദ്യോഗസ്ഥന്മാരുടേയും അപേക്ഷ അനുസരിച്ച് ഒരു മാസത്തെ അവധിതന്നെ നൾകാമെന്നു സമ്മതിച്ചു.

എന്നാൽ ഈ സന്ധിയാലോചനകൾ സമയദൈർഘ്യം ലഭിക്കുവാനുള്ള ഒരു നയോപായം മാത്രമാണെന്നു മുൻകൂട്ടി അറിഞ്ഞിരുന്ന കമ്മററിക്കാർ അവക്കു ലഭിച്ച സമയം പാഴാക്കിയില്ല. കേരളത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ച് അവർ പ്രചരണജോലികൾ നടത്തി. പല സവർണ്ണനേതാക്കന്മാരേയും സന്ദർശിച്ച് അവരുടെ അനുഭാവവും സഹകരണവും നേടി. മീനം ൧൬-ാംനു-യായിരുന്നു വീണ്ടും ഘോഷയാത്ര നട

ത്തുവാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തിരുന്നു. മീനം ൧൬-ാംനു ഘോഷയാത്ര നടത്തുകതന്നെ ചെയ്യുമെന്നും, യാതൊരു കാരണവശാലും വീണ്ടും അവധി മാററുന്നതല്ലെന്നും, അവർ പരസ്യമായി പ്രഖ്യാപനം ചെയ്തു.

മീനം ൧൬-ാംതീയതി നേരം പ്രഭാതമായി. തലേദിനം മുതല്ക്കുതന്നെ തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽനിന്നും ബഹുശതം ജനങ്ങൾ വൈക്കത്തേയ്ക്കു പ്രവഹിച്ചുകൊണ്ടിരുന്നു. സത്യാഗ്രഹസമരത്തിൽ ഗവമ്മെൻറ് ഏതൊരു നിലയാണു സ്വീകരിക്കുവാൻ പോകുന്നതെന്നുള്ളതായിരുന്നു വൈക്കത്തു കൂടിയിരുന്ന ജനങ്ങളുടെ ഉൽകണ്ഠാകുലമായ ചിന്താവിഷയം. കേരളത്തിലും പുറമേയും ഉള്ള വത്തമാനപ്പത്രങ്ങൾ ഗവമ്മെന്റു നിഷ്പക്ഷനില സ്വീകരിക്കണമെന്നു നദ്ദേശിച്ചുകൊണ്ടു മുഖപ്രസംഗങ്ങളും ലേഖനങ്ങളും പ്രസിദ്ധം ചെയ്തിരുന്നു. ഘോഷയാത്ര നടത്തുവാൻ വേണ്ട സകല സജ്ജീകരണങ്ങളും ടി. കെ. മാധവന്റെ നേതൃത്വത്തിൽ വളരെ നേരത്തെ ഏപ്പാടു ചെയ്യുകയുണ്ടായി. എന്നാൽ മീനം ൧൬-ാംതീയതിക്കു മൂന്നു നാലു ദിവസം മുൻപു രണ്ടുമാസത്തേയ്ക്കു വൈക്കംറോഡുകളിൽ കൂടി ഘോഷയാത്രകൾ നിരോധിച്ചുകൊണ്ടു കോട്ടയം ഡിസ്ത്രിക്ട്മജിസ്ത്രേട്ട് ഒരു ഉത്തരവു പുറപ്പെടുവിച്ചു. നിരോധനാജ്ഞയുടെ പകർപ്പുകൾ മി. കെ. പി. കേശവമേനവൻ മുതലായ നേതാക്കന്മാർക്കു നേരത്തേ നൾകുകയും ചെയ്തിരുന്നു. സത്യാഗ്രഹക്കമ്മിററി നിരോധനാജ്ഞ ലംഘിക്കുമോ എന്നുള്ളതായിരുന്നു ഏവരുടേയും ആലോചനാവിഷയം. സത്യാഗ്രഹസമരത്തിനു സകല വിജയങ്ങളുമാശംസിച്ചുകൊണ്ടും, അക്രമരാഹിത്യം അനുഷ്ഠിക്കേണ്ടതിന്റെ ആവശ്യകതയെ അനുസ്മരിപ്പിച്ചുകൊണ്ടും ഗാന്ധിജി, മാളവ്യ തുടങ്ങിയ ഭാരതീയനേതാക്കന്മാരുടെ സന്ദേശങ്ങൾ നേതാക്കന്മാർക്കു ലഭിച്ചു.

നേരം പുലന്നതോടുകൂടി ഘോഷയാത്ര വേണ്ടെന്നുവച്ചിരിക്കുന്നതായുള്ള വാത്ത പട്ടണത്തിലെങ്ങും പരന്നു. കമ്മിററി സ്വീകരിക്കുവാൻ പോകുന്ന അനന്തരനടപടികളെന്തായിരിക്കുമെന്നു ജനങ്ങളാകാംക്ഷയോടെ പ്രതീക്ഷിക്കയായി. ക്ഷേത്രറോഡുകളിൽ ജനങ്ങൾ കൂട്ടംകൂട്ടമായി തിങ്ങിക്കൂടിയിരുന്നു.

മണി ഒൻപതടിച്ചതോടുകൂടി ഒരു പുലയനും, ഒരീഴവനും, ഒരു നായരുംഉൾപ്പെട്ട ഒരു ധമ്മഭടസംഘം സത്യാഗ്രഹക്യാംപിൽ നിന്നു പുറപ്പെട്ടു. അവർ ക്ഷേത്രത്തിനഭിമുഖമായുള്ള റോഡിൽ കൂടി മുന്നോട്ടു നീങ്ങി. സന്ദശ്കരായി അവിടെ കൂടിയിരുന്ന മാനവസമുദ്രത്തിന്റെ മദ്ധ്യത്തിൽനിന്നു ജയജയാരവങ്ങൾ അന്തരീക്ഷത്തിലേയ്ക്കുയന്നു. മനുഷ്യൻെറ ജന്മാവകാശമായ സ്വാതന്ത്ര്യങ്ങളേയും ആത്മാഭിമാനത്തേയും സംരക്ഷിക്കുവാൻവേണ്ടി ആത്മബലി അപ്പിച്ചുകൊണ്ടു സധീരം മുന്നോട്ടു നീങ്ങിയ ആ ത്യാഗസമ്പന്നന്മാക്കു നിർബാധമായി സഞ്ചരിക്കുവാൻ മാഗ്ഗം നൾകിക്കൊണ്ടു റോഡിൽ തിങ്ങിക്കൂടിനിന്നിരുന്ന ബഹുസഹസ്രം ജനങ്ങൾ താനേ രണ്ടായിപ്പിരിഞ്ഞു് ഇരുവശങ്ങളിലേയ്ക്കും അകന്നുനിന്നു. അവരുടെ കണ്ഠനാളങ്ങളിൽനിന്നു പൊങ്ങിയ ആശിർവാദവചസ്സുകൾ ആകാശദേശത്തെ ഭേദിച്ചു. ധമ്മഭടസംഘം സാവധാനം നടന്നു തീണ്ടൽപലകകൾ നാട്ടിയിരുന്ന സ്ഥലത്തെത്തി. ഒരു സംഘം പോലീസുകാർ റോഡിലണിനിരന്നു വളണ്ടിയർസംഘത്തെ അവിടെ തടഞ്ഞുനിത്തി. ധമ്മഭടസംഘം യാതൊരു ക്ഷോഭവും പ്രദശിപ്പിക്കാതെ റോഡിൽ നിരന്നിരിപ്പായി. പോലീസണി മുറിച്ചു സത്യാഗ്രഹികൾ മുന്നോട്ടു നീങ്ങുവാൻ ഭാവമില്ലെന്നു കണ്ടതോടുകൂടി ഉദ്യോഗസ്ഥന്മാരുടെ പരിഭ്രമം വർദ്ധിച്ചു. അവർ കൂടിയാലോചിച്ചു. ദീഘമായ ആലോചനയ്ക്കുശേഷം പോലീസധികാരികൾ സത്യാഗ്രഹികളെ അറസ്ററുചെയ്യുവാൻ നിശ്ചയിച്ചു. ആദ്യദിവസത്തെ മൂന്നു ധീരഭടന്മാർ ജയിൽമുറിക്കകത്തായി. അടുത്ത ദിവസം ഈ നടപടികൾതന്നെ ആവത്തിച്ചു. അന്നും മൂന്നു സത്യാഗ്രഹികൾ അറസ്ററു വരിച്ചു. ഇതിനുശേഷം ചില സവണ്ണഹിന്ദുപ്രമാണികളുടെ നിർദ്ദേശമനുസരിച്ചു രണ്ടു ദിവസത്തേയ്ക്കു സത്യാഗ്രഹം നിത്തിവച്ചു. സത്യാഗ്രഹം വീണ്ടുമാരംഭിക്കുവാൻ നിശ്ചയിച്ചിരുന്ന ദിവസത്തിനു തലേന്നാൾ ഡിസ്ത്രിക്ട് മജിസ്ത്രേട്ടിൻെറ സന്നിധാനത്തിൽ അടുത്ത ദിവസം പതിനൊന്നു മണിക്കു ഹാജരായിക്കൊള്ളണമെന്നു് ആജ്ഞാപിക്കുന്ന ഓരോ നോട്ടീസുകൾ മെ. ടി. കെ. മാധവൻ, എ. കെ. പിള്ള, കെ. പി. കേശവമേനവൻ, കേളപ്പൻ

എന്നിവക്ക് ലഭിച്ചു. എന്നാൽ ഈ ആജ്ഞ ലംഘിക്കുവാൻതന്നെ കമ്മിറ്റി നിശ്ചയിച്ചു. അടുത്ത പ്രഭാതത്തിൽ മി. കെ. പി. കേശവമേനവനും ടി. കെ. മാധവനുമാണു സത്യാഗ്രഹഭടന്മാരായി ക്ഷേത്രറോഡുകളിലേയ്ക്കു മാർച്ചുചെയ്തതു്. പോലീസുകാർ അവരെ അറസ്ററുചെയ്തു കോടതിയിൽ ഹാജരാക്കി. ആറുമാസം വീതം വെറും തടവുശിക്ഷയാണു കോടതി അവക്കു നൽകിയതു്. ഇതിനെത്തുടൎന്നു മെ. എ. കെ. പിള്ള, കേളപ്പൻ, വേലായുധമേനവൻ, എന്നിവരും അറസ്ററു വരിച്ചു ജയിൽവാസം സ്വീകരിച്ചു. അതിനുശേഷം അറസ്ററു വരിക്കുവാൻ സന്നദ്ധരായി അനവധി സത്യാഗ്രഹികൾ മുന്നോട്ടുവന്നു. അറസ്ററുകൾ തുടൎന്നു. ഈ നയം അവസാനിപ്പിക്കാത്തപക്ഷം ജയിലുകൾ സത്യാഗ്രഹികളെക്കൊണ്ടു നിറയുമെന്നു ഗവൺമെൻറിനു ബോധ്യമായി. അധികാരികൾ ഒരു നയഭേദം സ്വീകരിച്ചു. സത്യാഗ്രഹികളെ തീണ്ടൽപലകയ്ക്കു സമീപം വച്ചു തടഞ്ഞുനിൎത്തുകയും അറസ്ററ് അവസാനിപ്പിക്കയും ചെയ്തു.

നിരുത്തരവാദപരമായ സ്വേച്ഛാധികാരഭരണത്തിൻകീഴിൽ പ്രക്ഷോഭകാരികൾക്കു നേരിടേണ്ടിവരുന്ന മറെറാരുതരം മർദ്ദനനടപടികളും വയ്ക്കത്തു പ്രത്യക്ഷപ്പെടുകയുണ്ടായി. യാഥാസ്ഥിതികരായ സനാതനികൾ പോലീസുസൈന്യത്തിൻെറ അറിവോടുകൂടി സത്യാഗ്രഹികളെ മർദ്ദിക്കുവാൻ മദ്യപാനികളേയും ചട്ടമ്പിമാരേയും നിയോഗിച്ചയച്ചു. നിരായുധരും, നിസ്സഹായരും ആയ പല ധൎമ്മഭടന്മാരും അതിഭയങ്കരമായ ശരീരദണ്ഡനം അനുഭവിക്കേണ്ടിവന്നു. പോലീസുകാരുടെ മൂക്കിനു മുൻപിൽവച്ചു നടന്ന ക്രൂരവും, ഭീകരവും ആയ ഈ നടപടികളെ അവർ തടയുകപോലും ചെയ്തില്ല. ഗവൺമെന്റിന്റെ നിർദ്ദാക്ഷിണ്യമായ നടപടികൾ ഒരുഭാഗത്തും, സനാതനികളുടെ ഭീകരപ്രവൎത്തനങ്ങൾ മറെറാരു ഭാഗത്തും മാറിമാറി, സത്യാഗ്രഹികളെ അക്രമമായി മർദ്ദിച്ചുതുടങ്ങിയതോടുകൂടി വയ്ക്കംക്ഷേത്രസത്യാഗ്രഹം ഒരഖിലഭാരതപ്രശ്നമായി രൂപാന്തരപ്പെടുവാൻ തുടങ്ങി. ഭാരതീയനേതാക്കന്മാരുടെ സവിശേഷമായ ശ്രദ്ധ തിരുവിതാംകൂറിലേയ്ക്കു

തിരിഞ്ഞു. ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടുള്ള സന്ദേശങ്ങൾ വയ്ക്കത്തു സത്യാഗ്രഹികൾക്കു ലഭിച്ചു. ആളും, പണവും വയ്ക്കത്തേയ്ക്കു പ്രവഹിച്ചുതുടങ്ങി. പഞ്ചാബിൽനിന്ന് ഒരു സംഘം 'അക്കാലികൾ' വയ്ക്കത്തെത്തി, സത്യാഗ്രഹികൾക്കായി ഒരു സൌജന്യഭക്ഷണശാല തുറന്നു. ദേശീയനേതാക്കന്മാർ സ്ഥിതിഗതികൾ നേരിട്ടു കണ്ടു മനസ്സിലാക്കുവാൻ തിരുവിതാംകൂറിലേയ്ക്കു പുറപ്പെട്ടു. വയ്ക്കംസത്യാഗ്രഹത്തിന് അഖില ഭാരതപ്രശസ്തി ലഭിച്ചു. അന്തിമഘട്ടംവരെ പിന്തിരിയാതെ നിന്നു പൊരുതുവാൻ വേണ്ട സകല സജ്ജീകരണങ്ങളോടും കൂടി അതിവിപുലമായ തോതിൽ ഒരു സത്യാഗ്രഹാശ്രമം വയ്ക്കത്തു സംഘടിപ്പിക്കപ്പെട്ടു.

# അദ്ധ്യായം ൨൪

കേരളപ്രാദേശികകാൺഗ്രസ്സുകമ്മററിയുടെ ആഭിമുഖ്യത്തിലാണല്ലോ വയ്ക്കം സത്യാഗ്രഹമാരംഭിച്ചതു്. അതുകൊണ്ടു സത്യാഗ്രഹമാരംഭിക്കുന്നതിനു മുൻപുള്ള പ്രവർത്തനങ്ങളിൽ ചങ്ങനാശേരിക്കു ഗണ്യമായ യാതൊരു പങ്കും വഹിക്കുവാനുണ്ടായിരുന്നില്ല. സത്യാഗ്രഹം ആരംഭിക്കുന്നതിനു മുൻപ് അതിൻെറ പ്രവർത്തകന്മാർ ചങ്ങനാശേരിയോടാലോചിക്കയുമുണ്ടായില്ല. എന്നാൽ രാജ്യത്തിൻെറ പൊതുതാല്പര്യങ്ങളെ സ്പർശിക്കുന്ന പുരോഗമനപരമായ യാതൊരു പ്രസ്ഥാനത്തിനും ദീർഘകാലം അദ്ദേഹത്തിൽനിന്നകന്നുനില്ക്കുവാൻ കഴിഞ്ഞിരുന്നില്ല. ഏതാദൃശമായ പ്രവർത്തനങ്ങൾക്ക് ആരുടേയും പ്രത്യേകമായ ക്ഷണങ്ങളും അദ്ദേഹം പ്രതീക്ഷിക്കാറില്ല. പോരെങ്കിൽ അയിത്തോച്ചാടനവും, അധഃകൃതോദ്ധാരണവും അദ്ദേഹത്തിൻെറ രക്തത്തിലും മജ്ജയിലുംകൂടി വ്യാപിച്ചു, ജീവസന്ധാരണത്തിനുതന്നെ അത്യന്താപേക്ഷിതമായിത്തീർന്നിരുന്ന മഹനീയമായ രണ്ടു് ആദർശങ്ങളായിരുന്നു. സമരകാഹളം മുഴങ്ങുന്നതു കേട്ടപ്പോൾ അദ്ദേഹത്തിന്റെ ചിന്താശക്തി പെട്ടെന്നുണർന്നു. ഗാഢമായ ആലോചനകളുടെ ഫലമായി അദ്ദേഹം ചില തീരുമാനങ്ങൾ ചെയ്തു. സ്ഥിതിഗതികൾ നേരിട്ടു ധരിച്ചതിനുശേഷം തൻെറ സർവ്വസ്വാധീനശക്തിയും ആ സമരത്തെ വിജയത്തിലേയ്ക്കടുപ്പിക്കുവാൻ വേണ്ടി വിനിയോഗിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു.

അന്നു് അദ്ദേഹം ചങ്ങനാശേരിയിൽ കുടുംബസഹിതം താമസിക്കുകയായിരുന്നു. സീമന്തശിശുവിൻെറ അന്നപ്രാശനകർമ്മം നടത്തുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുമ്പോഴാണു വയ്ക്കത്തെ സംഭവവികാസങ്ങൾ ഒന്നൊന്നായി കേട്ടറിഞ്ഞതു്. ചോറൂണടിയന്തിരം തൽക്കാലം മാററിവച്ചിട്ടു ചങ്ങനാശേരി അതിഝടുതിയിൽ വയ്ക്കത്തെത്തി. പ്രഥമസന്താനത്തിൻെറ ചോറൂണുകർമ്മം നടത്തുവാൻ ഭർത്താവിന്റെ ആഗമനം ആകാംക്ഷയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന

ഭായ്യയ്ക്കു് ഉടൻ കൊല്ലത്തേയ്ക്കു പൊയ്ക്കൊള്ളണമെന്നും, വയ്ക്കത്തേയ്ക്കു പുറപ്പെട്ടിരുന്ന എസ്. ശ്രീനിവാസയ്യങ്കാരെ സ്വീകരിക്കുവാൻ അടുത്ത ദിവസം വൈകുന്നേരം റയിൽവേ സ്റ്റേഷനിൽ കാറയയ്ക്കണമെന്നും ഉള്ള കമ്പിനിർദ്ദേശമാണു ചങ്ങനാശേരിയിൽനിന്നു ലഭിച്ചതു്.

അന്നു ചങ്ങനാശേരിക്കു തിരുവിതാംകൂറിലുണ്ടായിരുന്ന സ്വാധീനശക്തി ആക്കുംതന്നെ വിഗണിക്കുവാൻ കഴിവുള്ള ഒന്നായിരുന്നില്ല. തിരുവിതാംകൂറിലെ ഏററവും ശക്തിയേറിയ സവണ്ണസമുദായത്തിൻെറ ഏക പ്രബലസംഘടനയായിരുന്ന നായർസവ്വീസ്സൊസൈററിയുടെ അദ്ധ്യക്ഷനായിരുന്നു അദ്ദേഹം. സവണ്ണപക്ഷത്തുനിന്നു് അയിത്തോച്ചാടനശ്രമങ്ങൾക്കഭിമുഖീകരിക്കേണ്ടിവന്ന ഗാഭീരമായ എതിർപ്പുകളുടെ അാഘിവാരംതന്നെ തോണ്ടുവാൻ ഏതൊരു സമുദായത്തിനെങ്കിലും അന്നു കഴിയുമായിരുന്നെങ്കിൽ അതു നായന്മാക്കായിരുന്നു. നായർസവ്വീസ്സൊസൈററി അഭിപ്രായാന്തരങ്ങൾക്കിടകൊടുക്കുന്നതോ, ദേശീയവിമുഖമോ ആയ, പ്രവത്തനങ്ങളിൽ അന്നു് ഏപ്പെട്ടിരുന്നില്ലാത്തതുകൊണ്ടു് ഉല്പതിഷ്ണുക്കളായ യുവാക്കന്മാർ കൂടി ആ സംഘടനയെ അഭിമാനപൂവ്വം വീക്ഷിക്കുകയും, അതിൻെറ പ്രവത്തനങ്ങളിൽ സഹകരിക്കയും ചെയ്തുകൊണ്ടിരുന്നു. പ്രജാധിപത്യതത്വങ്ങളനുസരിച്ചു സവ്വീസ് സൊസൈററി നായർസമുദായത്തെ പ്രതിനിധീകരിച്ചിരുന്നു എന്നു പറയുക സാധ്യമല്ലെങ്കിലും, വയ്ക്കംക്ഷേത്രസത്യാഗ്രഹം സംബന്ധിച്ചു ചങ്ങനാശേരിയുടെ ഉപദേശാനുസരണം സർവ്വീസ്സൊസൈററി നൽകിയ നേതൃത്വത്തിനു നായർസമുദായത്തിൽ ഗണ്യമായ ഒരു വിഭാഗത്തിൻെറ പിന്തുണയുണ്ടായിരുന്നു എന്നുള്ളതിനു രണ്ടുപക്ഷമില്ല. യാഥാസ്ഥിതികരായ നായർപ്രമാണികളിൽനിന്നു് ഇടയ്ക്കിടയ്ക്കു ചില അപസ്വരങ്ങൾ പുറപ്പെട്ടുകൊണ്ടിരുന്നു എന്നുള്ള കായ്യം ഇവിടെ വിസ്മരിക്കുന്നില്ല.

൯൯-ലെ നായർസമ്മേളനവും, ഈഴവസമ്മേളനവും വയ്ക്കത്തുവച്ചു നടത്തുവാനാണു രണ്ടു സമുദായങ്ങളിലേയും നേതാക്കന്മാർ നിശ്ചയിച്ചിരുന്നതു്. നായർസമ്മേളനത്തിൽ

മി. കെ. നാരായണമേനവൻ ആദ്ധ്യക്ഷം വഹിക്കാമെന്നു സമ്മതിച്ചിരുന്നു. എന്നാൽ സത്യാഗ്രഹസമരംകൊണ്ടു വയ്ക്കത്തെ സമുദായാന്തരീക്ഷം ഇളകിമറിയുന്നതിനു മുൻപുള്ള ഒരു സമ്മതമായിരുന്നു ഇതു്. സത്യാഗ്രഹത്തെ സംബന്ധിച്ചു സമുദായത്തിന്റെ മനോഭാവം എന്തെന്നു രേഖപ്പെടുത്തുവാനുള്ള ഭാരം അക്കൊല്ലത്തെ സമ്മേളനത്തിനുണ്ടായിരുന്നു. സത്യാഗ്രഹത്തെ ഗവമ്മെൻറു പ്രത്യക്ഷമായി എതിക്കുമ്പോൾ ഒരു പെൻഷ്യൻ ഉദ്യോഗസ്ഥനായ മി. നാരായണമേനവനു സ്വാഭിപ്രായം രേഖപ്പെടുത്തുവാൻ വിഷമമായിരുന്നു. കൂടാതെ യാഥാസ്ഥിതികരായ ചില നായർപ്രമാണികളുടെ ഇടയിൽ സമ്മേളനം നടത്തുന്നതിനെപ്പററി ചില എതിർപ്പുകളും പ്രത്യക്ഷപ്പെടാതിരുന്നില്ല. എന്നാൽ മി. വയ്ക്കം രാമകൃഷ്ണപിള്ള തുടങ്ങിയവരുടെ ധീരമായ നേതൃത്വത്തിൽ നായർസമ്മേളനം ഭംഗിയായി കഴിഞ്ഞുകൂടി. സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചതു സുപ്രസിദ്ധദേശാഭിമാനിയും, ത്യാഗസമ്പന്നനുമായിരുന്ന കോഴിക്കോട്ടു കെ. മാധവൻനായരായിരുന്നു എന്നു പറഞ്ഞാൽ അന്നു നായർസമ്മേളനങ്ങളിൽ പ്രകടമായിരുന്ന ദേശീയത്വത്തിനു കൂടുതൽ തെളിവുവേണ്ടിവരികയില്ലല്ലോ. വയ്ക്കംസത്യാഗ്രഹത്തേയും ക്ഷേത്രപ്രവേശനത്തേയും അനുകൂലിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു. കൂടാതെ എസ്. എൻ. ഡി. പി. യോഗവും, ഇതരസമുദായസംഘടനകളുമായി യോജിച്ചു്, ഒരു സംയുക്തസമ്മേളനം ആണ്ടുതോറും നടത്തി, സമുദായസൌഹാർദ്ദം വദ്ധിപ്പിക്കണമെന്നു മറെറാരു പ്രമേയവും ആ സമ്മേളനത്തിൽ പാസാക്കി. ഈ പ്രമേയമനുസരിച്ചു് അടുത്തുതന്നെ വയ്ക്കത്തുവച്ചു കൂടുവാൻ നിശ്ചയിച്ച നായരീഴവസമ്മേളനത്തിൽ പങ്കുകൊള്ളുവാൻ നൂറു പ്രതിനിധികളെ തിരഞ്ഞെടുക്കുകകൂടി ചെയ്തതിനുശേഷം, സമ്മേളനം പിരിഞ്ഞു. അന്നു നായർസമുദായവും, ഈഴവസമുദായവും എത്ര വലിയ രഞ്ജനയിലാണു വത്തിച്ചിരുന്നതെന്നും, ഈഴവരുടെ അവകാശവാദങ്ങൾ അനുവദിച്ചുകൊടുക്കുവാനും, വേണ്ടിവന്നാൽ അതിനുവേണ്ടി ആരോടും മല്ലടിക്കുവാനും, നായർസമുദായത്തിൻെറ സന്നദ്ധത എത്രമാത്രമായിരുന്നു എന്നും, ഈ നിശ്ചയം തെളി

പ്പെട്ടതുമല്ലോ. അനന്തരകാലങ്ങളിൽ ഈ രണ്ടു സമുദായങ്ങൾ പരസ്പരം അകന്നുപോയതും, മത്സരങ്ങളും കലഹങ്ങളുംകൊണ്ടു തിരുവിതാംകൂറിലെ പൊതുക്കാര്യജീവിതം മലിനപ്പെട്ടതും ഭാവിചരിത്രമാണു്.

നായരീഴവസംയുക്തസമ്മേളനം ൻൻ മേടം വന്ന-ാംന്ന- വർക്കലവച്ചു സമ്മേളിച്ചു. ഈ സമ്മേളനത്തിലാദ്ധ്യക്ഷം വഹിക്കുവാൻ രണ്ടു സമുദായങ്ങളുടേയും ഹാർദ്ദമായ വിശ്വാസത്തിനു പാത്രമായി, വർഗ്ഗീയത തൊട്ടുതെറിച്ചിട്ടില്ലാത്ത പരിശുദ്ധമായ പൊതുക്കാര്യജീവിതത്തിന്റെ പ്രതിബിംബമായി, അഖിലതിരുവിതാംകൂർപ്രശസ്തിയുള്ള ഒരൊററ ആൾ മാത്രമേ അന്നു തിരുവിതാംകൂറിലുണ്ടായിരുന്നുള്ളു. അതു ചങ്ങനാശേരി പരമേശ്വരൻപിള്ളയല്ലാതെ മറ്റാരുമായിരുന്നില്ല. അത്ര ഗംഭീരമായ ഒരു സദസ്സ് അതിനു മുൻപും, പിൻപും തുലോം അപൂർവ്വമായി മാത്രമേ തിരുവിതാംകൂറിൽ സമ്മേളിച്ചിട്ടുള്ളു. ചങ്ങനാശേരിയുടെ അദ്ധ്യക്ഷപ്രസംഗം സംക്ഷിപ്തവും കാര്യസമ്പൂർണ്ണവുമായിരുന്നു. അതിലൊരു ഭാഗം ഇവിടെ ചേക്കുന്നതു് അസംഗതമായിരിക്കയില്ലെന്നു തോന്നുന്നു.

"ഇന്നത്തെ മഹായോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുവാൻ എന്നെ നിയോഗിച്ചതിനു നിങ്ങളോടുള്ള നന്ദിയെ ഞാൻ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. ഇന്ന് എന്നോടു പ്രവർത്തിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള സംഗതിയെക്കാൾ എനിക്കു സന്തോഷകരമായിട്ടുള്ള ഒരു സംഗതി ഇതിനു മുമ്പ് എന്റെ ആയുസ്സിൽ ഉണ്ടായിട്ടില്ലെന്നു ഞാൻ ധൈര്യമായി നിങ്ങളോട് ഉറപ്പു പറഞ്ഞുകൊള്ളുന്നു. ഇപ്രകാരമുള്ള ഒരു സമ്മേളനത്തിൽ ഹാജരാകുന്നതിനുള്ള ഭാഗ്യം ഉണ്ടാകണമെന്നു ഞാൻ വളരെക്കാലമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. പത്തിരുപതു വർഷമായിട്ടു സാമുദായികമായ പല സമ്മേളനങ്ങളിലും ഞാൻ പങ്കുകൊള്ളുകയും, എന്നാൽ കഴിയുന്ന പ്രവൃത്തി ചെയ്കയും ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ അതു് ഓരോ സമുദായങ്ങളുടേയും പ്രത്യേകാവകാശത്തിനായി സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്ന സഭകൾ ആയിരുന്നു. ഈ രാജ്യത്തുള്ള എല്ലാ

സമുദായങ്ങൾക്കും പൊതുവേ ആവശ്യമുള്ളതായ സംഗതികളെ പ്പററി ആലോചിച്ച് അവ പ്രവൃത്തിയിൽ വരുത്തുന്നതിനായി എല്ലാ സമുദായങ്ങളുടേയും യോജിച്ചുള്ള ഒരു സമ്മേളനം ഉണ്ടാകണമെന്നും, അങ്ങിനെ ആണ്ടുതോറും സമ്മേളനങ്ങൾ നടത്തണമെന്നും, ഉള്ള ആഗ്രഹം എനിക്കു വളരെക്കാലമായിട്ടുണ്ട്. അങ്ങിനെ ഇരിക്കുമ്പോഴാണ് എസ്. എൻ. ഡി. പി. യോഗവും നായർസമാജവും കൂടി ഒരു സ്ഥലത്തു കൂടണമെന്നുള്ള അഭിപ്രായം കേരളകൌമുദിയിൽ കണ്ടതു്. അന്നുമുതൽ അതിനെ ഏതുപ്രകാരത്തിൽ നടപ്പിൽ വരുത്താമെന്നു ഞാൻ ആലോചിച്ചുകൊണ്ടിരുന്നു. രണ്ടു സമുദായങ്ങളുടേയും ഒന്നിച്ചുള്ള ഒരു സമ്മേളനം നടത്തണമെന്നും എനിക്കാഗ്രഹമുണ്ടായിരുന്നു. അതു സാധിച്ചതിൽവച്ചാണ് എനിക്കു വലുതായ ചാരിതാർത്ഥ്യമുള്ളതു്. അങ്ങിനെയുള്ള ഒരു സമ്മേളനത്തിൽ ഇത്ര ഭാരമേറിയ ഒരു സ്ഥാനം വഹിക്കുന്നതിനിടയായതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. അതിലേയ്ക്കു് ഇതിന്റെ ഭാരവാഹികളോട്ട് എനിക്കുള്ള പ്രത്യേകമായ നന്ദിയെ പ്രദർശിപ്പിച്ചുകൊള്ളുന്നു.

.........................................................................................

ഇന്നു നമുക്കിവിടെ ഒരു പ്രധാന കാര്യം ആലോചിക്കേണ്ടതുണ്ടു്. അതു ക്ഷേത്രപ്രവേശനവാദമാണ്. ഇപ്പോൾ നടക്കുന്ന ഈ സമരത്തിൽ നിന്നും ക്ഷേത്രപ്രവേശനം എത്രത്തോളം പ്രയാസമേറിയ സംഗതിയാണെന്നു നിങ്ങൾക്കെല്ലാപേക്കും അറിയാമല്ലോ. ക്ഷേത്രത്തിന്റെ മതിൽക്കു ചുററുമുള്ള റോഡിൽക്കൂടി സഞ്ചരിക്കുന്നതിനു നിങ്ങളെ അനുവദിക്കുവാൻ ഗവമ്മെന്റിനു സമ്മതമില്ല. അതിലേയ്ക്കുവേണ്ടി സഹനസമരം നടത്തിത്തുടങ്ങിയിട്ടു് ഒരു മാസമായിട്ടും ഇതുവരെ നടപ്പിൽ വന്നിട്ടില്ല. ചെറുപ്പക്കാരായ നമ്മുടെ കുട്ടികൾ പല ദിവസവും ഇതിനുവേണ്ടി പട്ടിണി കിടന്നിട്ടും സാധിച്ചില്ല. ഇന്നും ആ സമരം നടന്നുകൊണ്ടുതന്നെയിരിക്കുന്നു. ഇനി എത്ര കാലം നടത്തിയാൽ ഈ സംഗതി സാധിക്കുമെന്നു് എനിക്കു പറയാനും പ്രയാസം. മഹമ്മദീയരും, ക്രിസ്ത്യാനികളും, നായന്മാരും, സവർണ്ണഹിന്ദുക്കളും നടന്നുപോകുന്ന റോഡിൽക്കൂടി നടക്കുന്നതിന് അനുവാദം സിദ്ധിക്കുവാൻ പ്രയാസമുണ്ടെങ്കിൽ ക്ഷേത്രത്തിനകത്തു പ്രവേശിക്കുവാൻ ഉള്ള പ്രയാസം എത്രയാണെന്നു

നിങ്ങൾ ആലോചിക്കുവിൻ. ഇപ്പോൾ ആ റോഡുകളിൽ കൂടി നടക്കുവാൻ ആക്ഷേപം പുറപ്പെടുവിക്കുന്നതു സവർണ്ണഹിന്ദുക്കളാണെന്നാണു ഗവമ്മെൻറു പറയുന്നതു്. റോഡിൽകൂടി നടക്കുവാൻ സമ്മതിച്ചില്ലെങ്കിൽ പിന്നെ ക്ഷേത്രത്തിനുള്ളിൽ കടക്കുന്നതിനു് എത്രത്തോളം തടസ്സം ചെയ്യുമെന്നു നിങ്ങൾ ഊഹിക്കുവിൻ. ആ ക്ഷേത്രംകൊണ്ടു് അവൎക്കു് എത്രത്തോളം ഉപയോഗമുണ്ടെന്നു നിങ്ങൾ ആലോചിക്കുന്നുണ്ടോ? സവർണ്ണഹിന്ദുക്കൾ എന്ന കൂട്ടത്തിൽ ഞാൻ ബ്രാഹ്മണരെ മാത്രമേ ഉൾപ്പെടുത്തുന്നുള്ളു. നായന്മാരും സവർണ്ണഹിന്ദുക്കളാണെന്നു ഞാൻ സമ്മതിക്കുന്നില്ല. അങ്ങിനെ പറയുന്ന നായരെപ്പററി എനിക്കു ലജ്ജ മാത്രമേ തോന്നുന്നുള്ളു. ഇപ്പോൾ ഇവിടങ്ങളിലെ ക്ഷേത്രങ്ങളിൽ സർക്കാരിൽനിന്നു മാത്രം ആണ്ടുതോറും ൨൦ ലക്ഷം രൂപാ ചിലവു ചെയ്യുന്നു. ജനങ്ങളുടെ വക എത്രത്തോളം രൂപാ ചിലവുചെയ്യുവരുന്നുണ്ടെന്നു ശരിയായ കണക്കു കിട്ടാൻ പ്രയാസമാണു്. ഉദ്ദേശം ഒരു അഞ്ചു ലക്ഷം രൂപാ വരുമെന്നു വയ്ക്കാം. അപ്പോൾ ആകെ ൨൫-ലക്ഷം രൂപാ ചിലവാകുന്നുണ്ടു്. ഈ ഇരുപത്തഞ്ചു ലക്ഷം രൂപായുടെ ആദായം ഇന്നത്തെ സവർണ്ണഹിന്ദുക്കൾക്കാണു്. സവർണ്ണഹിന്ദുക്കൾ ൫൦,000 മാത്രമേയുള്ളു. അപ്പോൾ അവരിൽ ഒരാൾക്കു് ആണ്ടൊന്നിനു ൫൦ രൂപാ വീതം കിട്ടുന്നുണ്ടു്. ഇൻഡ്യയിൽ സാധാരണ ഒരാളിൻെറ വരവു് ഇരുപത്തഞ്ചു രൂപാ എന്നാണു സെൻസസ്സ് റിപ്പോർട്ടിൽ പറയുന്നതു്. സാധാരണ ഒരാളിൻെറ വരവിൽ ഇരട്ടി ആദായം ഇപ്പോൾ ഒരു സവർണ്ണഹിന്ദുവിനു കിട്ടുന്നുണ്ടു്. നിങ്ങൾ ഇപ്പോൾ വിചാരിക്കുന്ന പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുകയാണെങ്കിൽ ഈ അൻപതു രൂപായും ഓരോ സവർണ്ണഹിന്ദുവിനും നഷ്ടം വരും. ഇത്ര വലുതായ നഷ്ടം സഹിക്കുന്നതിനു് അവർ എളുപ്പത്തിൽ തയാറാകുമോ? മതവിശ്വാസവും ആചാരവിശ്വാസവും എത്രതന്നെയായിരുന്നാലും, അതിനെയൊക്കെ നീക്കം ചെയ്യാമെങ്കിലും, പണത്തോടടുക്കുമ്പോൾ അത്ര വേഗത്തിൽ വഴി കൊടുക്കുകയില്ലെന്നു അറിഞ്ഞുകൂടേ? അതുകൊണ്ടു് ഇക്കാൎയ്യം വളരെ സമാധാനമായി സാധിക്കേണ്ട ഒന്നാണു്. അതിലേയ്ക്കു് ആവശ്യപ്പെടുന്നപക്ഷം ഹിന്ദുക്കൾ

അനവധി ത്യാഗങ്ങൾ സഹിക്കുന്നതിനും, വേണ്ടിവന്നാൽ മരിക്കുന്നതിനുംകൂടി തയാറായിരിക്കണം. അക്കാലത്തല്ലാതെ നിങ്ങൾക്ക ക്ഷേത്രപ്രവേശനം കിട്ടുകയില്ല. അതുകൊണ്ടു് അതിലേയ്ക്കായിട്ടു് ഒരുങ്ങിക്കൊള്ളണം. വളരെ ആളുകൾ തയാറാകണം. വളരെ പണം ആവശ്യമുണ്ടു്. അതുകളൊക്കെയും ഭരിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ഉണ്ടാകണം. അക്കാര്യത്തെപ്പററിയാണു് ഇന്നിവിടെ ആലോചിക്കേണ്ടതു്. അതിനെപ്പററി എല്ലാം നിങ്ങൾ ഗാഢമായി ആലോചിക്കയും ശ്രമിക്കയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ ശരിയായ തീരുമാനം ചെയ്തു് അതിനെ പ്രവൃത്തിയിൽ വരുത്തുന്ന പക്ഷം ഇക്കാര്യമല്ല, ഏതു കാര്യവും സാധിക്കുവാൻ പ്രയാസമില്ല. അതുകൊണ്ടു് അതിലേയ്ക്കുള്ള ശ്രമങ്ങൾ വേണ്ടപോലെ ആരംഭിക്കണമെന്നു ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നു. ഇതിൽക്കൂടുതലായി ഈ അവസരത്തിൽ ഒന്നുംതന്നെ പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.''

അദ്ധ്യക്ഷപ്രസംഗത്തിനുശേഷം വയ്ക്കംസത്യാഗ്രഹത്തോടു് അനുഭാവം പ്രദർശിപ്പിച്ചുകൊണ്ടും, അതിൽ ജയിൽവാസം വരിച്ചവരെ അനുമോദിച്ചുകൊണ്ടും, പ്രമേയങ്ങൾ പാസാക്കി. ധർമ്മഭോജനശാല നടത്തിയിരുന്ന 'അക്കാലി'കളോടു സമ്മേളനം കൃതജ്ഞത പ്രകടിപ്പിച്ചു. വയ്ക്കംറോഡുകളിലും, പ്രവേശനം നിരോധിച്ചിട്ടുള്ള മററു റോഡുകളിലും അവർക്കു സഞ്ചാരസ്വാതന്ത്ര്യം നൽകണമെന്നും, അതിലേയ്ക്കു് അധികാരസ്ഥാനങ്ങളിൽ നിവേദനങ്ങൾ സമർപ്പിക്കണമെന്നും, നിശ്ചയങ്ങൾ പാസാക്കി. അതിലേയ്ക്കു് ഒരു ഡപ്യൂട്ടേഷൻ ഈ സമ്മേളനത്തിൽവച്ചുതന്നെ തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ക്ഷേത്രപ്രവേശനമനുവദിക്കുവാൻ ഗവൺമെന്റിനോടപേക്ഷിക്കണമെന്നു മറെറാരു പ്രമേയവും പാസാക്കി. പ്രചരണജോലികൾ നടത്തുവാൻ ധനശേഖരം ചെയ്യുന്നതിലേയ്ക്കു് ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്തു. കമ്മിററിയുടേയും ഡപ്യൂട്ടേഷൻേറയും അദ്ധ്യക്ഷൻ ചങ്ങനാശേരിതന്നെയായിരുന്നു. ഗവൺമെൻറിനോടഭ്യ

ത്ഥിക്കുന്നുവെന്നുള്ള പ്രമേയത്രൂപം, സമരാധീരന്മാക്ക് അഭിമാന രഹിതമാണെന്നുള്ള കാരണംകൊണ്ടു് അതു ഭേദഗതി ചെയ്യണമെന്നു്, അന്നു് ഒരമിതവാദിയായിരുന്ന എങ്കിലും, ഇന്നു ഗവമ്മെൻറപ്ലീഡറായിരിക്കുന്ന മി. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, ശക്തിയായി വാദിച്ചു. പക്ഷേ പ്രമേയം ഭൂരിപക്ഷമനുസരിച്ചു പാസായി.

ഈ സമ്മേളനത്തിൽവച്ചുതന്നെ അവിസ്മരണീയമായ മററൊരു സംഭവമുണ്ടായി. ആര്യസമാജത്തിൻെറ നേതാവും, ഇൻഡ്യയിലെ ധീരദേശാഭിമാനികളിൽ എന്തുകൊണ്ടും അദ്വിതീയനും, ആയിരുന്ന സ്വാമി ശ്രദ്ധാനന്ദൻ സമ്മേളനനടപടികളുടെ അവസാനത്തിൽ അവിടെ ഹാജരായി. മുണ്ഡനശിരസ്കനും, ആഢ്യതേജസ്വിയും, ഉന്നതഗാത്രനും ആയ ആ വൃദ്ധതാപസൻ 'കാവിവസ്ത്രത്താൽ സമാഛാദിതശരീരനായി',യോഗമണ്ഡപമെന്തി സമ്മേളനപ്പന്തലിൽ പ്രവേശിച്ചപ്പോൾ അവിടെ സന്നിഹിതരായിരുന്ന ബഹുസഹസ്രം ജനങ്ങൾ അവരുടെ ഇരിപ്പിടങ്ങളിൽനിന്നു തനിയേ എഴുനേററു കൈക്രൂപ്പി നിന്നു് ആ മഹാനു സ്വാഗതമരുളി. അദ്ധ്യക്ഷൻ അദ്ദേഹത്തെ സ്വീകരിച്ചു, പ്രസംഗവേദിയിൽ ഉപവിഷ്ടനാക്കി. അനന്തരം സ്വാമി സമ്മേളനത്തെ അഭിമുഖീകരിച്ചു ഗംഭീരമായ ഒരു പ്രസംഗം ചെയ്തു. സത്യാഗ്രഹനിധിയിലേയ്ക്കു് അദ്ദേഹം ൧000 രൂപാ സംഭാവന ചെയ്തു.

ഈ നായരീഴവസമ്മേളനത്തേയും, അതിനുശേഷം നടന്ന സവർണ്ണജാഥായേയുംപററി ടി. കെ. മാധവനെപ്പററിയുള്ള സ്മരണകളിൽ ചങ്ങനാശേരി പ്രസ്താവിച്ചിരിക്കുന്നതിങ്ങനെയാണു്:—

"നായർസമ്മേളനത്തിലേയും, ഈഴവസമ്മേളനത്തിലേയും, പ്രതിനിധികൾ യോജിച്ചു വയ്ക്കത്തുവച്ചു നടത്തിയ നായരീഴവസംയുക്തസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുവാനുള്ള മഹാഭാഗ്യം ലഭിച്ചതു് എനിക്കായിരുന്നു. നായന്മാരും ഈഴവരും തമ്മിൽ അകന്നു പരസ്പരം അധിക്ഷേപിക്കുവാൻ ഒരുങ്ങിയിരിക്കുന്ന ഈ അവസരത്തിൽ സമസ്തകേരളനായർ

സമാജസമ്മേളനത്തിന്റേയും, എസ്. എൻ. ഡി. പി. സമ്മേളനത്തിൻേറയും യോജിച്ചുള്ള സമ്മേളനനടപടികളേയും, അതിനു ഹേതുഭൂതമായിരുന്ന ടി. കെ. മാധവൻെറ നേതൃത്വത്തേയും, വികാരസ്പർശം കൂടാതെ എങ്ങിനെ സ്മരിക്കുവാൻ സാധിക്കും. അഭൂതപൂർവ്വമാംവണ്ണം നാടിൻെറ ഒരററംമുതൽ മറേറ അററംവരെ ഒരു നവചൈതന്യവും ഉത്സാഹപ്രസരവും ചേർത്ത ആ സവർണ്ണജാഥാപ്രസ്ഥാനത്തിനു പ്രേരകമായിരുന്ന, സമുദായങ്ങൾ തമ്മിലുള്ള സന്മനോഭാവം സൃഷ്ടിക്കുന്നതിൽ ടി. കെ. മാധവന്റെ അനുനയചാതുരവും ധീരവുമായ നേതൃത്വം വളരെ സഹായിച്ചു."

# അദ്ധ്യായം ൨൭

അറസ്റ്റുകളും, ശിക്ഷകളും, ചട്ടമ്പിമാരുടെ മർദ്ദനങ്ങളും അതിജീവിച്ച് വൈക്കത്തെ ക്ഷേത്രസത്യാഗ്രഹം മുന്നോട്ട് പോകുകതന്നെ ചെയ്തു. ഇക്കാലത്ത് ചില പ്രശസ്ത ഭാരതീയനേതാക്കന്മാർ തിരുവിതാംകൂർ സന്ദർശിച്ചു. മദ്രാസിലെ ഒരു സുപ്രസിദ്ധ അഭിഭാഷകനും, അഖിലഭാരതപ്രശസ്തനുമായിരുന്ന എസ്. ശ്രീനിവാസയ്യങ്കാർ തിരുവനന്തപുരത്തെത്തി മഹാരാജാതിരുമനസ്സിനെ നേരിട്ടുകണ്ട്, വൈക്കത്തെ ദുർഘടപ്രശ്നങ്ങൾക്ക പരിഹാരമുണ്ടാക്കണമെന്നഭ്യർത്ഥിച്ചു. അദ്ദേഹം മററധികാരസ്ഥാനങ്ങളേയും, സവർണ്ണഹിന്ദുക്കളേയും കണ്ട് സംഭാഷണം നടത്തി. പക്ഷേ അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ പരാജയപ്പെടുകയാണു ചെയ്തത്. ശ്രീനിവാസയ്യങ്കാർ വൈക്കംസത്യാഗ്രഹികളുടെ ദുരിതസമ്പൂർണ്ണമായ അനുഭവങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കി. അനന്തരം സ്ഥിതിഗതികളെ വിവരിച്ചുകൊണ്ട്, അദ്ദേഹം ദീർഘമായ ഒരു പ്രസ്താവന പുറപ്പെടുവിക്കുകയും, സത്യാഗ്രഹനിധിയിലേയ്ക്ക് ൧൦൦൦ രൂപാ സംഭാവന ചെയ്യുകയുമുണ്ടായി. വൈക്കത്തെ മററു വിഖ്യാതരായ രണ്ടു സന്ദർശകന്മാർ ശ്രീ. സി. രാജഗോപാലാചാരി, സി. എഫ്. ആൻഡ്രൂസ് എന്നിവരായിരുന്നു. സ്വാമി ശ്രദ്ധാനന്ദന്റെ സന്ദർശനത്തെക്കുറിച്ച് ഇതിനു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

൯൯ കർക്കടകം വൈക്കംസത്യാഗ്രഹികൾക്ക മാത്രമല്ല, തിരുവിതാംകൂറിലെ പൊതുജനങ്ങൾക്കും തുലോം ക്ലേശകരമായ ഒരു കാലഘട്ടമായിരുന്നു. ഉത്തരതിരുവിതാംകൂറിൽ അതിനു മുൻപ് ഒരിക്കലും ഉണ്ടായിട്ടില്ലാത്തവണ്ണം അതിഭയങ്കരമായി വെള്ളം പൊങ്ങുകയും, ബഹുശതം ജനങ്ങൾ ഗൃഹങ്ങളും, വസ്തുവകകളും നഷ്ടപ്പെട്ട് അനാഥരായിത്തീരുകയും ചെയ്തു. "ദേഹം പകുതിയും വെള്ളത്തിൽ മുഴുകിയും, ശരീരത്തിലിഴഞ്ഞു കയറുന്ന ജന്തുക്കളുടെ ദംശനചുംബനങ്ങൾ സഹിച്ചും, കിഴക്കൻമലകളിൽനിന്നൊഴുക്കിൽപെട്ടുവരുന്ന അഴുക്കുകളെല്ലാം

ദേഹംകൊണ്ടു തടഞ്ഞും, അതിവഷം മൂദ്ധാവുകൊണ്ടു തട്ടിയും, മററനേകം കഷ്ടതകളനുഭവിച്ചും സത്യാഗ്രഹികൾ ക്ഷേത്രനടയിൽനിന്നു കഠിനതപസ്സു ചെയ്തു." ദീനബന്ധു സി. എഫ്. ആൻഡ്രൂസ് വയ്ക്കത്തുവെച്ചദ്ദേഹം കണ്ട സത്യാഗ്രഹികളുടെ ക്ലേശങ്ങളെപ്പററി അതിമനോഹരമായ ഒരു തൂലികാചിത്രം രചിച്ചിട്ടുള്ളതിൽ ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു.

"ഞാൻ ഓരോ വേലികളും ഒന്നൊന്നായി നോക്കിക്കണ്ടു. ഒരു ധമ്മഭടൻ റോഡരികിലിരുന്നു് ഒരു ചക്കായിൽ നൂൽ നൂററുകൊണ്ടിരിക്കുന്നു. മററു രണ്ടുപേർ റോഡിലേയ്ക്കു പ്രവേശിക്കുന്നിടത്തു ശാന്തമായി നിലകൊള്ളുന്നു. തിരുവിതാംകൂറിലെ പോലീസ് സൈന്യം അവരുടെ പ്രവേശനം തടഞ്ഞുകൊണ്ടെതിർഭാഗത്തു നില്ക്കുന്നു. ഇങ്ങിനെ ആറു മണിക്കൂറിലൊരിക്കൽ മാറിക്കൊണ്ടിരുന്ന ചെറുസംഘങ്ങളായിപ്പിരിഞ്ഞു് അവർ പരസ്പരം അഭിമുഖരായി നിന്നുകൊണ്ടിരുന്നു.......... ........തെരുവുകളിൽക്കൂടി ഗ്രഹങ്ങളിലേയ്ക്കു തിരിച്ചുപൊയ്ക്കൊണ്ടിരിക്കുമ്പോൾ ചക്കായുടെ മാഹാത്മ്യങ്ങളെക്കുറിച്ചും, തൊടീലാചാരമില്ലായ്മ ചെയ്യുന്നതിനെക്കുറിച്ചും, അവർ പാട്ടുകൾ പാടിക്കൊണ്ടിരുന്നു. ജനങ്ങൾ അവരെക്കാണാനായി പുറത്തോടിയിറങ്ങുന്നു. ഇവരുടെ കഷ്ടാനുഭവങ്ങൾ എത്ര വലുതായിരുന്നു എന്നു് ആ സ്ഥലത്തു ചെന്നപ്പോൾ എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. ഈ ധമ്മഭടന്മാർ മഴക്കാലത്തു് അനവധി മണിക്കൂറുകൾ വെള്ളത്തിൽ നിന്നുകൊണ്ടു സത്യാഗ്രഹമനുഷ്ഠിച്ചു. ഒരിക്കൽ വെള്ളം അവരുടെ കഴുത്തുവരെ ഉയന്നു എങ്കിലും അവർ പിന്മാറിയില്ല. സമീപഗൃഹങ്ങളിൽനിന്നു പോലീസുകാക്കു വള്ളങ്ങൾ കൊടുക്കുകയുണ്ടായി. എന്നാൽ സത്യാഗ്രഹികൾ വെള്ളത്തിൽത്തന്നെ നിന്നുകൊണ്ടു കഷ്ടതകളനുഭവിച്ചു. അതെന്നോടു പോലീസുകാർതന്നെ പറഞ്ഞ വാർത്തകളാണു്. അവർ സത്യാഗ്രഹികളുടെ നിശ്ചയദാർഢ്യം കണ്ടാശ്ചയ്യപ്പെട്ടുപോയി."

൯൯ കക്കടകത്തിൽ ശ്രീമൂലംതിരുനാൾ മഹാരാജാവു നാടുനീങ്ങി. വയ്ക്കംസത്യാഗ്രഹം സംബന്ധിച്ചു, മതപരമായ കാര്യങ്ങളിൽ ഒരു കടന്ന യാഥാസ്ഥിതികനായിരുന്ന തിരുമ

നസ്സുകൊണ്ടു സ്വീകരിച്ച നയം എന്തായിരുന്നാലും,മൂന്നു വ്യാഴവട്ടത്തിലധികം തിരുവിതാംകൂറിലെ രാജസിംഹാസനം അലങ്കരിച്ചു്, ആ സംസ്ഥാനത്തെ ഒരു മാതൃകാരാജ്യമായി ഉന്നമിപ്പിച്ച ശ്രീമൂലംതിരുനാൾരാജർഷിവൎയ്യന്റെ നിൎയ്യാണത്തിൽ ദുഃഖിക്കാത്തവരായി തിരുവിതാംകൂറിലാരുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഭരണകാലത്തു തിരുവിതാംകൂറിനുണ്ടായിട്ടുള്ള നാനാമുഖമായ പുരോഗതിയും, ശ്രേയസ്സും ഏതൊരു ഭരണാധികാരിയേയും അഭിമാനം കൊള്ളിക്കുവാൻ പൎയ്യാപ്തമെന്നവണ്ണം അത്ര വളരെ മഹത്തരങ്ങളായിരുന്നു. ഭരണസംബന്ധമായ കാൎയ്യങ്ങളിൽ പ്രജകളുടെ ക്ഷേമമെന്നുള്ളതിൽ കവിഞ്ഞു മറെറാരു ചിന്തയും തിരുമനസ്സിലേയ്ക്കുണ്ടായിരുന്നില്ല. ആശ്രിതവത്സലനായിരുന്ന തിരുമനസ്സിലെ കാരുണ്യത്തിനു പാത്രമായ ഒന്നു രണ്ടു സേവകന്മാരുടെ വിക്രിയകൾ മററു വിധത്തിൽ പ്രശോഭനമായിരുന്ന അദ്ദേഹത്തിന്റെ ഭരണത്തെ അല്പാല്പമായി കളങ്കപ്പെടുത്തിയിരുന്നു എന്ന കാൎയ്യം ഇവിടെ വിസ്മരണീയമല്ല. പക്ഷേ തിരുമനസ്സിലെ ഭരണംകൊണ്ടു നാട്ടിനുണ്ടായിട്ടുള്ള അനശ്വരമായ അഭിവൃദ്ധിയുടെ തെളിച്ചത്തിൽ മാഞ്ഞുപോകുവാനുള്ള നീലിമ മാത്രമേ ആ രാജസേവകന്മാരുടെ ചപലവൃത്തികൾക്കു ചേൎക്കുവാൻ കഴിഞ്ഞിരുന്നുള്ളു. രാജ്യത്തിന്റെ മൌലികമായ താല്പൎയ്യങ്ങളെ ബാധിക്കുന്ന ഒരു വിഷയത്തിലും സ്വാധീനശക്തി പ്രയോഗിക്കുവാൻ അദ്ദേഹം സേവകന്മാരെ അനുവദിച്ചിരുന്നില്ല. തിരുമനസ്സിലെ ഭരണകാലത്തു് അത്യുഗ്രമായ രാഷ്ട്രീയപ്രക്ഷോഭണങ്ങളും, സാമുദായികപ്രക്ഷോഭണങ്ങളും തിരുവിതാംകൂറിലെ അന്തരീക്ഷത്തെ ഇളക്കിമറിച്ചിട്ടുണ്ടു്. എന്നാൽ അത്യധികമായ സഹിഷ്ണുതയോടും, സമചിത്തതയോടുംകൂടി മാത്രമാണു് അദ്ദേഹം അവയെ അഭിമുഖീകരിച്ചിട്ടുള്ളതു്. എത്ര കോപഹേതുകമായ പരിതഃസ്ഥിതികളിലും പൌരസ്വാതന്ത്ൎയ്യത്തിന്റെ വ്യാപ്തിയിൽ കൈകടത്തുവാൻ തിരുമനസ്സുകൊണ്ടു് ഉദ്യുക്തനായിട്ടില്ല. അതിനൊരുമ്പെടുന്ന ഉദ്യോഗസ്ഥവൃന്ദത്തെ അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നതുമില്ല. അദ്ദേഹത്തിന്റെ നിൎയ്യാണം തിരുവിതാംകൂറിലെ ആബാലവൃദ്ധം ജനങ്ങളെ ദുഃഖനിമഗ്നരാക്കിയതിൽ ആശ്ചൎയ്യപ്പെടുവാനില്ലല്ലോ.

ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു സിംഹാസനാരോഹണം ചെയ്തു. എന്നാൽ തിരുമനസ്സിലേയ്ക്കു പ്രായപൂർത്തി വന്നിരുന്നില്ലാത്തതുകൊണ്ടു സീനിയർ മഹാറാണി സേതുലക്ഷ്മീഭായി തിരുമനസ്സുകൊണ്ടു റീജൻറ് എന്ന നിലയിൽ ഭരണാധികാരം കയ്യേററു. മഹാറാണി തിരുമനസ്സിലെ സ്ഥാനാരോഹണവേളയിൽ അറസ്ററുചെയ്തു ശിക്ഷിച്ചു തടവിലടച്ചിരുന്ന എല്ലാ സത്യാഗ്രഹികളേയും നിരുപാധികമായി മോചിപ്പിക്കുകയുണ്ടായി.

അയിത്തോച്ചാടനക്കമ്മിററി, മഹാത്മാഗാന്ധിയെ സന്ദശിച്ചു വയ്ക്കംസത്യാഗ്രഹത്തിൻെറ ഭാവിനടത്തിപ്പിനെപ്പററി ആലോചിക്കുവാൻ ചങ്ങനാശേരിയേയും, മി. എൻ. കുമാരനേയും നിയോഗിച്ചിരുന്നു. എന്നാൽ അവക്കു തിരുവിതാംകൂർ വിട്ടു പോകുവാൻ തരമാകായ്കയാൽ കെ. മാധവൻനായരും, മി. കുറൂർ നമ്പൂതിരിപ്പാട്ടും ബാംബേയിൽ ചെന്നു ഗാന്ധിജിയെക്കണ്ടു വയ്ക്കംസത്യാഗ്രഹത്തെ സംബന്ധിച്ചു ദീഘമായ ആലോചനകൾ നടത്തി. തുടന്നുപോകുന്ന രീതിയിൽനിന്നു സത്യാഗ്രഹത്തിനു യാതൊരു വ്യതിയാനവും വരുത്തേണ്ടതില്ലെന്നു ഗാന്ധിജി ഉപദേശിച്ചു. കൂടാതെ അഞ്ഞൂറു സവണ്ണഹിന്ദുക്കളിൽ കുറയാത്ത ഒരു ജാഥ വയ്ക്കത്തുനിന്നും പുറപ്പെട്ടു കാൽനടയായി സഞ്ചരിച്ചു തിരുവനന്തപുരത്തെത്തി, ഒരു ലക്ഷം സവണ്ണഹിന്ദുക്കളുടെ ഒപ്പോടുകൂടിയ ഒരു ഭീമഹർജി രാജസ്ഥാനത്തിൽ സമപ്പിക്കണമെന്നു ഗാന്ധിജി ഉപദേശിച്ചു. ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ചുള്ള ജാഥ സംഘടിപ്പിക്കുവാൻ അല്പം കാലതാമസം നേരിട്ടു. ൧൧൦൦ കന്നി ൩൰-ാം തീയതി വയ്ക്കത്തുവച്ചു കൂടിയ അയിത്തോച്ചാടനക്കമ്മിറ്റിയിൽ ഗാന്ധിജിയുടെ നിദ്ദേശങ്ങൾ ആലോചനാവിഷയമായി. അതിനു മുൻപുതന്നെ ഒപ്പു ശേഖരിക്കുവാനും ജാഥ സംഘടിപ്പിക്കുവാനും ഉള്ള പ്രചരണജോലികൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. തുലാമാസം ൧൰-ാംനു- ജാഥ വയ്ക്കത്തുനിന്നു പുറപ്പെടണമെന്നു കമ്മററി നിശ്ചയം ചെയ്തു. പ്രചരണജോലികൾ പൂർത്തിയാക്കുവാനുള്ള ശ്രമങ്ങൾ തിടുക്കത്തിൽ മുന്നോട്ടു നീങ്ങി. ജയിൽവിമുക്തരായ മെ. ഏ. കെ. പിള്ള, ടി. കേ. മാധവൻ

തുടങ്ങിയ നേതാക്കന്മാർ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു വേണ്ട സജ്ജീകരണങ്ങൾ ചെയ്തു.

മുൻ നിശ്ചയമനുസരിച്ചു തുലാമാസം ൧൬-ാംതീയതി രാവിലെ ൬-മണിക്കു ക്ഷേത്രപ്രവേശനജാഥ നായർസർവ്വീസ് സൊസൈറ്റിയുടെ ജനറൽസിക്രട്ടറിയായ മന്നത്തു പത്മനാഭപിള്ളയുടെ സർവ്വസൈന്യാധിപത്യത്തിൻകീഴിൽ വയ്ക്കംക്ഷേത്രസന്നിധിയിൽനിന്നു കാൽനടയായി രാജധാനിയിലേയ്ക്കു യാത്ര പുറപ്പെട്ടു. വയ്ക്കത്തുനിന്നു പുറപ്പെട്ടപ്പോൾ കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി ൧൦൦ അംഗങ്ങളാണു ജാഥായിലുൾപ്പെട്ടിരുന്നതു്. മെ. കേളപ്പൻ, എടമനാട്ടു പത്മനാഭമേനവൻ, എം. എൻ. നായർ, പ്രാക്കുളം പരമേശ്വരൻപിള്ള, കെ. പി. കേശവമേനവൻ, കൃഷ്ണസ്വാമിഅയ്യർ, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, കണ്ണംതോട്ടത്തു വേലായുധമേനവൻ മുതലായവരെ മന്നത്തു പത്മനാഭപിള്ളയുടെ സർവ്വാധിപത്യത്തിൻകീഴിൽ ഉപനായകന്മാരായി നിയമിച്ചിരുന്നു. ദേശീയപതാകകളും കൊടിതോരണങ്ങളും ഉചിതമായ മുദ്രവാക്യങ്ങളെഴുതിയിട്ടുള്ള പ്ലക്കാർഡുകളും വഹിച്ചുകൊണ്ടു ജാഥാംഗങ്ങൾ സാവധാനം അണിനിരന്നു. സൂര്യോദയത്തിനു മുൻപുതന്നെ ക്ഷേത്രപരിസരങ്ങളിൽ വന്നുകൂടിയിരുന്ന ബഹുസഹസ്രം ജനങ്ങൾ ഈ തീർത്ഥാടകന്മാർക്കു യാത്രാനുമതി നൽകി. ജാഥയുടെ സർവ്വസൈന്യാധിപൻ സൈനികരീതിയിൽ ചില സംജ്ഞകൾ നൽകി. ഉപനായകന്മാർ അണികൾ ശരിപ്പെടുത്തി. ജാഥാംഗങ്ങൾ മന്ദമന്ദം മുന്നോട്ടു നീങ്ങിത്തുടങ്ങി. ആ വൻപിച്ച പുരുഷാരം അവരെ അനുഗമിച്ചു. ആ ഘോഷയാത്രയുടെ മുൻഭാഗത്തു ജയജയാരവതരംഗിതനായി, ആ മാനവപാരാവാരത്തിന്റെ അഗ്രിമനേതാവായി, ഉൽകൃഷ്ടമായ പാരമ്പര്യങ്ങളുടേയും, വീരോചിതമായ ചരിത്രസംഭവങ്ങളുടേയും അവകാശികളായ നായർസമുദായത്തിന്റെ അഭിമാനപാത്രമായി, സഞ്ചരിച്ചിരുന്നതു മി. മന്നത്തു പത്മനാഭപിള്ളയായിരുന്നു. സി. കൃഷ്ണപിള്ളയും, ചങ്ങനാശേരി പരമേശ്വരൻപിള്ളയും കഴിഞ്ഞാൽ നായർസമുദായത്തിന്റെ ശ്രേയസ്സിനെ ലാക്കാക്കി

അനസ്യൂതമായും ഫലപ്രദമായും പ്രവർത്തിച്ചിട്ടുള്ള അപൂർവ്വം ചില സേവനതല്പരന്മാരിൽ അദ്വിതീയനാണദ്ദേഹം. ഒരു ക്രിമിനൽവക്കീലെന്ന നിലയിൽ ജീവിതമാരംഭിച്ച ഈ സ്വാതന്ത്ര്യചിന്തകൻ അധികാരപ്രമത്തനും സ്വേച്ഛാധികാരിയുമായിരുന്ന ഒരു ന്യായാധിപനെ പരസ്യമായി അവഹേളിച്ചതിനു ശേഷം, നിയമജീവിതത്തിൽനിന്നു വിരമിച്ചു സമുദായസേവനം ജീവിതവൃത്തിയായി അംഗീകരിക്കയാണു ചെയ്തത്. നായർസമുദായാംഗങ്ങൾക്കു കണ്ണുകൾകൊണ്ടു കാണുവാനും, കൈകൾകൊണ്ടു സ്പർശിക്കുവാനും, ഹൃദയംകൊണ്ട് അഭിനന്ദിക്കുവാനും പര്യാപ്തങ്ങളായ വിലപിടിച്ച പല പൊതുസ്ഥാപനങ്ങളും നിർമ്മിച്ചതിനെപ്പററി മി. മന്ദത്തിനും, അദ്ദേഹം ജനറൽസിക്രട്ടറിയായിരിക്കുന്ന സർവ്വീസുസൊസൈററിക്കും സ്വയം അഭിമാനിക്കുവാൻ ധാരാളം വകയുണ്ട്. മി. മന്ദത്തിന്റെ കാര്യശേഷിയും, സംഘടനാചാതുര്യവും, വാഗ്വിലാസവും അനന്യസാധാരണമാണ്. ഒരു ക്രിമിനൽവക്കീലെന്ന നിലയിലല്ല, സർവ്വീസുസൊസൈററിയുടെ ജനറൽസിക്രട്ടറിയെന്ന നിലയിലാണ് അദ്ദേഹം ഇന്നു പരക്കെ അറിയപ്പെടുന്നത്. ഒരുകാലത്തു തിരുവിതാംകൂറിൽ മി. മന്ദത്തിനു പങ്കില്ലാത്ത പുരോഗമനപരമായ യാതൊരു പ്രസ്ഥാനവുമുണ്ടായിരുന്നില്ല. ശ്രോതാക്കളെ ഇളക്കി മറിക്കുന്ന അദ്ദേഹത്തിൻെറ ആവേശജനകമായ പ്രസംഗങ്ങൾ കേട്ട് ആനന്ദിച്ചിട്ടില്ലാത്തവർ തിരുവിതാംകൂറിലപൂർവ്വമാണ്. ജാഥായുടെ സർവ്വസൈന്യാധിപനെന്ന നിലയിൽ തിരുവിതാംകൂറിലെ മിക്ക സമുദായങ്ങളുടേയും വിശ്വാസപാത്രമായി, ദീനരുടെ സങ്കടപരിഹാരങ്ങൾക്കു ആത്മബലി അർപ്പിക്കുവാൻ സന്നദ്ധതയുള്ള ത്യാഗസമ്പന്നനായി, അവശവർഗ്ഗങ്ങളുടെ ആരാധനാപാത്രമായി, രാജ്യമെങ്ങും യശസ്സാർജ്ജിച്ച ഇദ്ദേഹത്തിൻെറ കീർത്തിധവളിമ അതിൻെറ പാരമ്യത്തിലെത്തിയിരുന്നതു് ഈ ഘട്ടത്തിലായിരുന്നു. മി. മന്ദത്തിൻെറ അനന്തരകാലങ്ങളിലെ പ്രവർത്തനചരിത്രത്തിലേയ്ക്കു് അതികഠിനമായ നിരാശയോടും ഹൃദയവേദനയോടുംകൂടി മാത്രമേ നിഷ്പക്ഷബുദ്ധികൾക്കു നോക്കുവാൻ കഴിയുകയുള്ളു. അതു വർഗ്ഗവിദ്വേഷത്തിൻേറയും, ഹ്രസ്വവീക്ഷണത്തിൻേറയും, ദേശാഭിമാനവിഹീനതയുടേയും ഒരു വിഷാദാത്മകചരിത്രം മാത്രമാണ്. അതവിടെ നില്ക്കട്ടെ!

സവൎണ്ണജാഥാ തെക്കോട്ടുള്ള സഞ്ചാരമാരംഭിച്ചു. ജാഥാംഗങ്ങൾ സഞ്ചരിച്ചിരുന്ന റോഡുകളിൽ ഇരുഭാഗങ്ങളിലും ജനങ്ങൾ തിങ്ങിക്കൂടിനിന്ന് അവൎക്ക് മംഗളമാശംസിച്ചു. ജനങ്ങൾ അവരെ പുഷ്പമാല്യങ്ങൾകൊണ്ടു മൂടി. കുഗ്രാമങ്ങളിൽപ്പോലും നിറപറയും താലപ്പൊലിയുമായി സ്ത്രീപുരുഷന്മാർ ജാഥാംഗങ്ങളെ സ്വീകരിച്ചു. ജാഥായുടെ സഞ്ചാരമാൎഗ്ഗങ്ങൾ കുരുത്തോലകൊണ്ടും, കൊടിതോരണങ്ങൾകൊണ്ടും ആഹ്ലാദഭരിതരായ ജനങ്ങൾ സവിശേഷം അലങ്കരിച്ചു. ഓരോ വിശ്രമഘട്ടങ്ങളിലും വിഭവസമൃദ്ധമായ സദ്യകളും സൎവാണിയും നടത്തി പൌരജനങ്ങൾ സവൎണ്ണജാഥായെ ബഹുമാനിച്ചു. ജാതിമതഭേദമെന്യേ ബഹുജനങ്ങളവൎക്ക് സല്ക്കാരങ്ങളും സ്വീകരണങ്ങളും ഏൎപ്പാടുചെയ്തു. ഓരോ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ബഹുസഹസ്രം ജനങ്ങൾ യോഗം ചേൎന്നു ജാഥായെ മാനിച്ചു. ജാഥാംഗങ്ങൾ പ്രചരണപരമായ പ്രസംഗങ്ങളും പ്രകടനങ്ങളുംകൊണ്ടു പൊതുജനാഭിപ്രായത്തെ ഉൽബുദ്ധമാക്കി. തിരുവിതാംകൂറിൽ അതിനു മുൻപും പിൻപും ഇങ്ങിനെയൊരു ജൈത്രയാത്ര നടന്നിട്ടില്ല. രാജ്യമൊട്ടുക്ക് ഈ സംഭവം നവമായ ചൈതന്യവും ഉത്സാഹപ്രസരവും ചേൎത്തു. ജാഥാംഗങ്ങൾ കാൽനടയായി വൎക്കലയിലെ പുണ്യഭൂമിയിലെത്തിച്ചേൎന്നു. ഇവിടെവച്ചു ജാഥാംഗങ്ങൾ വെള്ളവസ്ത്രങ്ങളുപേക്ഷിച്ചു പീതവൎണ്ണത്തിലുള്ള വസ്ത്രങ്ങൾ ധരിച്ചു. മദ്ധ്യേമാൎഗ്ഗം അനവധി സവൎണ്ണനേതാക്കന്മാർ ജാഥായിൽ സന്ധിച്ചിരുന്നു. വൎക്കലവച്ചു ചങ്ങനാശേരി പരമേശ്വരൻപിള്ളയും, മി. വയ്ക്കം രാമകൃഷ്ണപിള്ളയും മഞ്ഞവസ്ത്രങ്ങൾ ധരിച്ചു ജാഥായിൽ ചേരുകയും, അവിടെനിന്നു തിരുവനന്തപുരംവരെ കാൽനടയായി സഞ്ചരിക്കയും ചെയ്തു. പത്തു ദിവസം തുടൎച്ചയായി സഞ്ചരിച്ചതിനു ശേഷമാണു സവൎണ്ണജാഥ തിരുവനന്തപുരത്തെത്തിയതു്.

ഈ ഘട്ടത്തിൽത്തന്നെ തെക്കൻതിരുവിതാംകൂറിൽ നാഗർകോവിലിൽ നിന്നു ഡാക്ടർ എം. ഈ. നായിഡുവിന്റേയും മി. ശിവതാണുപിള്ളയുടേയും നേതൃത്വത്തിൽ മറ്റൊരു ജാഥാ തുലാമാസം ഇരുപത്തിമൂന്നാംതീയതി വടക്കോട്ടു തിരിച്ചിരുന്നു. ഈ തെക്കൻജാഥായ്ക്കും മദ്ധ്യേമാൎഗ്ഗം അതിഗംഭീരങ്ങളായ സ്വീകരണങ്ങൾ ലഭിക്കുകയുണ്ടായി.

രണ്ടു ജാഥാകളും തുലാമാസം ഇരുപത്താറാംതീയതി ഏതാണ്ട് ഒരേ സമയംതന്നെ തെക്കും വടക്കുമുള്ള തിരുവനന്തപുരത്തിൻെറ അതൃത്തിസ്ഥലങ്ങളിൽ പ്രവേശിച്ചു. അഭൂതപൂർവ്വമാംവണ്ണം അത്ര വൻപിച്ച ഒരു ജനക്കൂട്ടമാണു അന്നു തിരുവനന്തപുരംനഗരത്തിൽ സമ്മേളിച്ചിരുന്നതു്. തിരുവനന്തപുരത്തെ നഗരവീഥികൾ അതികമനീയമാംവണ്ണമലങ്കരിച്ചിരുന്നു. പീതവസ്ത്രധാരികളായ അഞ്ഞൂറിൽപ്പരം തീർത്ഥയാത്രക്കാർ ബഹുസഹസ്രം ജനങ്ങളാലും, തിരുവനന്തപുരത്തെ പൌരമുഖ്യന്മാരാലും അനുഗതരായി വടക്കുനിന്നു നഗരമദ്ധ്യത്തിലേയ്ക്കു നീങ്ങിയപ്പോൾ, ൧൦,൦൦൦–ൽപ്പരം ജനങ്ങളുടെ അകമ്പടിയോടുകൂടി തെക്കൻജാഥായും പട്ടണത്തിനകത്തു കടന്നു തെരുവുവീഥികളിൽക്കൂടി മാർച്ചുചെയ്തു. രണ്ടു ജാഥാകളും ഒരേ സമയത്തുതന്നെ പുത്തൻകച്ചേരിമൈതാനത്തു് എത്തിച്ചേർന്നു പരസ്പരം സമ്മേളിച്ചു. ൨൫൦൦൦–ൽപ്പരം ജനങ്ങളാണു് ഈ ഗംഭീരമായ കാഴ്ച കാണുവാൻ അവിടെ കൂടിയിരുന്നതു്. ശ്രീചിത്തിരതിരുനാൾമഹാരാജാവു തിരുമനസ്സുകൊണ്ടു് ഈ അവസരത്തിൽ അതുവഴി എഴുന്നള്ളുകയും, അനിയന്ത്രിതമായി അലതല്ലിക്കൊണ്ടിരുന്ന ഉത്സാഹത്തിൻേറയും ഉന്മേഷത്തിൻേറയും വിദ്യുൽപ്രവാഹം തൃക്കൺപാർക്കുകയും ചെയ്തു. അനന്തരം ജാഥാംഗങ്ങളും ഈ മനുഷ്യമഹാസമുദ്രവും ശംഖുമുഖം കടൽപ്പുറത്തേയ്ക്കു തിരിച്ചു. കടൽപ്പുറത്തുവച്ചു മി. വി. അച്ചുതമേനവൻെറ അദ്ധ്യക്ഷതയിൽ കൂടിയ ഒരു മഹാസദസ്സു ജാഥാംഗങ്ങൾക്കു സ്വാഗതമരുളി. അത്ര വൻപിച്ച ഒരു സമ്മേളനം അതിനുമുൻപൊരിക്കലും തിരുവനന്തപുരത്തു കൂടിയിരുന്നില്ല. സ്വാഗതാശംസയ്ക്കുശേഷം സഞ്ചാരസ്വാതന്ത്ര്യപ്രമേയം സമ്മേളനം അംഗീകരിച്ചു.

മി. അച്ചുതമേനവനെപ്പറ്റി ഇവിടെ ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. അയൽരാജ്യമായ കൊച്ചിയിലാണു ജനനമെങ്കിലും തിരുവിതാംകൂർ മാതൃരാജ്യമായി വരിച്ചു് ഇവിടെത്തന്നെ കുടുംബബന്ധങ്ങളിലേർപ്പെട്ടു, തിരുവനന്തപുരം തൊഴിൽരംഗമായി തിരഞ്ഞെടുത്ത മി. അച്ചുതമേനവൻെറ പൊതുക്കാര്യജീവിതചരിത്രം കഴിഞ്ഞ കാൽ ശതാബ്ദത്തിലെ തിരുവിതാംകൂറിന്റെ ദേശീയചരിത്രമാണു്. അല്പകാലങ്ങൾക്കു മുൻപുവരെ ഇദ്ദേഹം

സജീവമായി പങ്കെടുത്തിട്ടില്ലാത്ത ഒരൊററ രാഷ്ട്രീയപ്രവ ത്തനമെങ്കിലും തിരുവിതാംകൂറിലുണ്ടായിട്ടില്ല. ൻ൫-ലെ ഒന്നാം റഗുലേഷൻ, വിദ്യാത്ഥിമദ്ദനം, വയ്ക്കംസത്യാഗ്രഹം തുടങ്ങിയ സംഭവങ്ങളോടനുബന്ധിച്ചു നടത്തിയിട്ടുള്ള പ്രക്ഷോ ഭണങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഗണ്യമായ പങ്ക് ഇതി നകം വിവരിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ഭാരതമഹാജന സഭയുടെ ദേശീയവും സൃഷ്ടിപരവുമായ പരിപാടികൾ തിരുവി താംകൂറിൽ നടപ്പിൽ വരുത്തുവാൻ അനവരതം യത്നിച്ചിട്ടുള്ള ഒരു പ്രക്ഷോഭകാരിയെന്ന നിലയിലാണു മി. മേനവനെ തിരു വിതാംകൂറിലെ ജനങ്ങൾ കൂടുതലായറിയുന്നതു്. അതിലേയ്ക്കു വേണ്ടി കായ്യമായ പല ത്യാഗങ്ങളും അദ്ദേഹമനുഷ്ഠിച്ചി ട്ടുണ്ട്. ഇതരപ്രവത്തനങ്ങളിൽ ബുദ്ധി വ്യാപരിപ്പിച്ചു തന്റെ കായ്യശേഷി ഛിന്നഭിന്നമാക്കാതെ ജീവിതവൃത്തിയായംഗീക രിച്ച വക്കീൽജോലിയിൽ ഏകാഗ്രമായി ശ്രദ്ധ കേന്ദ്രീകരിച്ചി രുന്നു എങ്കിൽ ബുദ്ധിസമ്പന്നനായ അദ്ദേഹം ഇന്നു ധാരാളം വരുമാനമുള്ള ഒരഭിഭാഷകനേതാവായി പ്രശോഭിക്കുമായിരു ന്നേനെ! എന്നാൽ അസ്വാസ്ഥ്യചിന്തനം ജനസേവനതല്പര നമായിരുന്ന അദ്ദേഹത്തിനതു സാധ്യമായിരുന്നില്ല. തിരുവി താംകൂറിലെ മററു രാഷ്ട്രീയപ്രവത്തകന്മാരെ അപേക്ഷിച്ചു ജീവിതത്തിലൊരു ഘട്ടത്തിലെങ്കിലും അദ്ദേഹം ഒരു വർഗ്ഗീയ വാദിയായി പ്രത്യക്ഷപ്പെടുകയോ ഇടുങ്ങിയ ജാതിമത്സരങ്ങ ളിൽ പങ്കെടുക്കുകയോ ചെയ്തിട്ടില്ല. ദേശീയചിന്തകളും സ്വാത ന്ത്ര്യതൃഷ്ണയും ഇത്രതന്നെ ഉണന്നുകഴിഞ്ഞിട്ടില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ആത്മാഭിമാനവും പൌരബോധവും പൊതു ജനങ്ങളിൽ ഉദ്ദീപിപ്പിക്കുവാൻ വേണ്ടി അദ്ദേഹം നടത്തി യിട്ടുള്ള തീവ്രശ്രമങ്ങളും ധീരപ്രവത്തനങ്ങളും ഇന്ന് ഏതാണ്ട് വിസ്മൃതങ്ങളായിത്തുടങ്ങിയിട്ടുണ്ട്. അതിലേയ്ക്കു വേണ്ടി അദ്ദേഹം മുൻനിന്നു വിളിച്ചുകൂട്ടിയിട്ടുള്ള മഹാസമ്മേളനങ്ങ ളുടേയും കാൺഫറൻസുകളുടേയും സ്മരണകളും ഇന്നു ജനഹൃ ദയങ്ങളിൽ മങ്ങിത്തുടങ്ങിയിട്ടുണ്ട്. പൊതുസമ്മേളനസ്ഥല ങ്ങളിൽ നിരന്തരമായി മുഴങ്ങിക്കൊണ്ടിരുന്ന സ്തോഭം നിറഞ്ഞ ആ ഗർജ്ജനങ്ങൾ ഇന്നു നിലച്ചുപോയിട്ടുണ്ട്. ഇന്നു തിരുവി താംകൂർ ദേശീയബോധത്തിലും രാഷ്ട്രീയപ്രവത്തനങ്ങളിലും

വളരെയൊക്കെ പുരോഗമിച്ചിട്ടുണ്ടെന്നുള്ളതു നിസ്തക്കമാണ്. ഒരു കാലത്തു മി. മേനവനെ അനുഗമിക്കുവാൻ വേണ്ട ഉൽബുദ്ധത പൊതുജനങ്ങൾക്കുണ്ടായിരുന്നില്ലെങ്കിൽ, ഇന്നു രാഷ്ട്രീയ പ്രബുദ്ധതയുള്ള ബഹുജനങ്ങളെ അനുഗമിക്കുവാൻ അദ്ദേഹത്തിനു സാധ്യമല്ലാതായിത്തീന്നിട്ടുണ്ട്. ഇന്നു രാഷ്ട്രീയരംഗത്തു മി. മേനവനെ കാണുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ ശാരീരികമായ കഴിവില്ലായ്മയും പരിതഃസ്ഥിതികളുടെ പ്രാതികൂല്യവുമാണെന്നേ ധമ്മബുദ്ധിയുള്ളവക്ക് വിചാരിക്കുവാൻ കഴിയുകയുള്ളൂ.

അടുത്ത ദിവസം രാവിലെ എട്ടു മണിക്കു ചങ്ങനാശേരിയുടെ നേതൃത്വത്തിൽ ജാഥാംഗങ്ങളുടെ പ്രതിനിധികളടങ്ങിയ ഒരു ഡപ്യൂട്ടേഷൻ മഹാറാണി റീജൻറു തിരുമനസ്സിനെ മുഖം കാണിച്ച് ൨൦,൦൦൦-ൽപ്പരം ജനങ്ങളുടെ ഒപ്പോടുകൂടിയ ഒരു സഞ്ചാരസ്വാതന്ത്ര്യമെമ്മോറിയൽ അവിടുത്തേയ്ക്കു സമപ്പിച്ചു. ഈ വിഷയത്തിൽ പെട്ടെന്ന് ഒരു മറുപടി പറയുവാൻ സാധ്യമല്ലെന്നും, സഞ്ചാരസ്വാതന്ത്ര്യം സംബന്ധിച്ചു നിയമസഭയിൽ ഒരു പ്രമേയം ആലോചനയ്ക്കു വരുന്നുണ്ടെന്നും, അതിന്മേൽ അവസാനമായി തീരുമാനം ചെയ്യുമ്പോൾ മെമ്മോറിയലിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളെക്കൂടി പ്രത്യേകപരിഗണനയ്ക്കു വിഷയമാക്കിക്കൊള്ളാമെന്നും ആയിരുന്നു കല്പിച്ചു മറുപടി നൾകിയത്. അനന്തരം ഡപ്യൂട്ടേഷൻ ദിവാൻജിയേയും സന്ദശിച്ചു നിവേദനങ്ങൾ ചെയ്യുകയുണ്ടായി.

അന്നു വൈകുന്നേരം മി. എ. കെ. പിള്ളയുടെ അദ്ധ്യക്ഷതയിൽ പുത്തൻകച്ചേരിമൈതാനത്തുവച്ച് ഒരു മഹായോഗം കൂടി. അവിടെവച്ചു തിരുമനസ്സിലെ മറുപടി ജാഥാംഗങ്ങളെ അറിയിക്കയും സവ്സൈന്യാധിപൻ ഔപചാരികമായി ജാഥ പിരിച്ചുവിട്ടിരിക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ തിരുമനസ്സിലെ മറുപടി ജാഥാംഗങ്ങളെ സംതൃപ്തരാക്കിയിരുന്നില്ല. അസ്വാസ്ഥതയുടെയും, കഠിനമായ അസംതൃപ്തിയുടേയും ലക്ഷണങ്ങൾ അങ്ങുമിങ്ങും പ്രകടമായി. ജാഥാംഗങ്ങളിൽ ചിലർ പിരിഞ്ഞുപോകുവാൻ വിസമ്മതിച്ചു. ഇത്ര വളരെ അനിശ്ചിതമായ ഒരു മറുപടി കേട്ടുകൊണ്ടു തിരിച്ചു

പോകുവാനാണോ തിരുവനന്തപുരംവരെ കാൽനടയായി സഞ്ചരിച്ചു് ഒട്ടനവധി ക്ലേശങ്ങളനുഭവിച്ചതു് എന്നു ചില സാഹസശീലന്മാർ ചോദ്യം ചെയ്തു. പല ദിവസങ്ങളിലെ തുടൎച്ചയായ യാത്രയുടേയും മററു ക്ലേശകരമായ ശ്രമങ്ങളുടേയും ഫലമായി ക്ഷീണഗാത്രനായിത്തീൎന്നിരുന്ന മി. മന്നം, ഈ ഘട്ടത്തിൽ ആജ്ഞ അനുസരിക്കുവാൻ തന്റെ അനുയായികളോടാവശ്യപ്പെട്ടുകൊണ്ടു വികാരോത്തേജകമായ ഒരു പ്രസംഗം ചെയ്തു. അതിനുശേഷം ക്ഷീണചിത്തരെങ്കിലും നിരാശാധീനരാകാതെ ജാഥാംഗങ്ങൾ ഒന്നൊന്നായി പിരിഞ്ഞുപോയി. അങ്ങിനെ ആ പ്രകടനമവസാനിച്ചു.

സവൎണ്ണജാഥാ അടിയന്തിരമായ യാതൊരു ഫലസിദ്ധിയുമുണ്ടാക്കിയില്ലെന്നുള്ളതു ശരിതന്നെ. പക്ഷേ, അതുകൊണ്ടു സാധിച്ച പ്രചരണവും പൊതുജനാഭിപ്രായരൂപവല്ക്കരണവും ആണു് അനന്തരകാലങ്ങളിൽ സഞ്ചാരസ്വാതന്ത്ര്യാവകാശസ്ഥാപനത്തിനും വിശ്വവിശ്രുതമായ ക്ഷേത്രപ്രവേശനവിളംബരത്തിനും വഴി തെളിച്ചതു്.

# അദ്ധ്യായം ൨൩

അക്കാലത്ത് എസ്സ്. എൻ. ഡി. പി. യോഗം ജനറൽ സിക്രട്ടറിയും, നിയമസഭയിലെ ഒരംഗവും, അനന്തരകാലങ്ങളിൽ തിരുവിതാംകൂർ ഹൈക്കോടതിയിലെ ന്യായാധിപപദത്തിലേയ്ക്കുയൎന്ന ഏക ഈഴവസമുദായാംഗവുമായ മി. എൻ. കുമാരൻ വൈക്കംക്ഷേത്രത്തിനു ചുററുമുള്ള എല്ലാ റോഡുകളിലും ജാതിമതഭേദമെന്യേ മഹാരാജാതിരുമനസ്സിലെ എല്ലാ പ്രജകൾക്കും സഞ്ചാരസ്വാതന്ത്ര്യമനുവദിക്കണമെന്നൊരു പ്രമേയം നിയമസഭയുടെ ആലോചനയ്ക്ക് അയച്ചിരുന്നു. മഹാറാണിറീജൻറു തിരുമനസ്സുകൊണ്ടു ജാഥാംഗങ്ങളുടെ പ്രതിനിധികളോടു കല്പിച്ച മറുപടിയിൽ സൂചിതമായ പ്രമേയം ഇതാണ്. വൈക്കംസത്യാഗ്രഹം സംബന്ധിച്ച പല പ്രശ്നങ്ങളും നിയമസഭയുടെ ചിന്താവിഷയമായിക്കൊണ്ടിരുന്നു. സത്യാഗ്രഹികളോടു പോലീസുകാർ അനുവൎത്തിച്ചുവന്ന പെരുമാററങ്ങളെപ്പററിയും, ചട്ടമ്പിമാരുടെ അക്രമങ്ങളെ സംബന്ധിച്ചും, പോലീസ്സുകാർ പ്രദൎശിപ്പിച്ചുവന്ന അക്ഷന്തവ്യമായ അനാസ്ഥയെക്കുറിച്ചും, പല ചോദ്യങ്ങളും വിമൎശനങ്ങളും നിയമസഭയിലുണ്ടായിട്ടുണ്ട്. എന്നാൽ സുനിശ്ചിതമായ ഒരവകാശവാദമെന്ന നിലയിൽ ഈ വിഷയം പ്രമേയരൂപത്തിൽ നിയമസഭയിലവതരിപ്പിച്ചതും, വാദപ്രതിവാദം നടത്തിയതും അന്നു മാത്രമാണ്. റിജൻറു തിരുമനസ്സിലെ മറുപടിക്കുശേഷം പ്രസ്തുത പ്രമേയത്തിന് അത്യധികമായ പ്രാധാന്യം ലഭിച്ചിരുന്നു. തിരുവിതാംകൂറിലെ ജനങ്ങൾ പ്രമേയാവതരണദിനം ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചു. ൧൯൨൪ അക്ടോബർ ൨-ാം തീയതിയാണു പ്രമേയം നിയമസഭയുടെ ആലോചനയ്ക്കു വന്നത്. അന്നു സന്ദൎശകഗ്യാലറികൾ ജനബാഹുല്യംകൊണ്ടു നിബിഡമായിരുന്നു. ഇരുപ്പടങ്ങളില്ലാതെ ജനങ്ങൾ ജൂബിലിടൌൺഹാളിലെ വരാന്തകളിലും ബാൾക്കണിയിലും സന്ദൎശകന്മാൎക്കായി വേർതിരിച്ചിട്ടുള്ള മററു സ്ഥാനങ്ങളിലും കൂട്ടംകൂട്ടമായി വന്നു നിറഞ്ഞിരുന്നു.

മഹാറാണി റീജൻറിൻെറ മറുപടിക്കുശേഷം പ്രസ്തുത പ്രമേയം നിയമസഭയിലാലോചനയ്ക്കു വരുമ്പോൾ ഗവമ്മെൻറു മെമ്പറന്മാർ നിഷ്പക്ഷനില അവലംബിക്കുമെന്നോ, അല്ലെങ്കിൽ ഹിതാനുസരണം പ്രമേയത്തെ അനുകൂലിക്കയോ പ്രതികൂലിക്കയോ ചെയ്യുവാൻ അവക്കു വ്യക്തിസ്വാതന്ത്ര്യമനുവദിക്കപ്പെടുമെന്നോ ആയിരുന്നു പൊതുജനങ്ങൾ പ്രതീക്ഷിച്ചിരുന്നതു്. അങ്ങനെ ചെയ്യേണ്ടതായിരുന്നു ഗവമ്മെൻറിൻെറ ഒഴിച്ചുകൂടുവാൻ വഹിയാത്ത ധമ്മം. എന്നാൽ ഗമ്മെൻറുമെമ്പറന്മാർ സംഘടിതമായി പ്രമേയത്തെ എതിക്കുകയാണുണ്ടായതു്. എന്നു മാത്രമല്ല, സ്വാധീനശക്തി പ്രയോഗിച്ചു നാമിനേറററഡ് അംഗങ്ങളെക്കൊണ്ടുപോലും ഗവമ്മെൻറു പ്രമേയത്തിനു പ്രതികൂലമായി വോട്ടു ചെയ്യിക്കുകയുമുണ്ടായി.

അതിസമത്ഥവും യുക്തിയുക്തവുമായ ഒരു ചെറുപ്രസംഗത്തോടുകൂടി മി. കുമാരൻ തന്റെ പ്രമേയം അവതരിപ്പിച്ചു. ഒരു ക്രസ്തീയപുരോഹിതനായ റവറൻഡ് ഫാദർ കുര്യാക്കോസ് വെട്ടിക്കാപ്പിള്ളി അതിനെ പിൻതാങ്ങി. ഗവമ്മെൻറുപക്ഷത്തുനിന്നും ലാമെമ്പറായിരുന്ന മി. വി. സുബ്ബയ്യരായിരുന്നു ആദ്യമായി പ്രമേയത്തെ എതിത്തു പ്രസംഗിച്ചതു്. വയ്ക്കംസത്യാഗ്രഹത്തിന്റെ യഥാത്ഥമായ ഉദ്ദേശം കേവലം സഞ്ചാരസ്വാതന്ത്ര്യം സമ്പാദിക്കുകയെന്നുള്ളതു മാത്രമല്ലെന്നും, ക്ഷേത്രപ്രവേശനമെന്ന പരമലക്ഷ്യത്തിന്റെ പ്രാഥമികമായ ഒരു പ്രകടനമാണിതെന്നും, ഉള്ള മുഖവുരയോടുകൂടിയാണു് അദ്ദേഹം തന്റെ സുദീഘമായിരുന്ന പ്രസംഗം ആരംഭിച്ചതു്. ആരോപണങ്ങളും, പരോക്ഷമായ സൂചനകളും, ദുരുദ്ദേശപരമായ പ്രസ്താവനകളും, കൊണ്ടു നിറഞ്ഞ ഒരു പ്രഭാഷണമായിരുന്നു അതു്. വയ്ക്കം റോഡുകൾ എല്ലാ ജനങ്ങൾക്കും പ്രവേശിക്കുവാനവകാശമുള്ള പൊതുനിരത്തുകളല്ലെന്നു സ്ഥാപിക്കുവാൻ അദ്ദേഹം നിയമസംഹിതകൾ പരിശോധിക്കുകയും കോടതിവിധികൾ ഉദ്ധരിക്കയും ചെയ്തു. സംഗതങ്ങളും അസംഗതങ്ങളുമായ യുക്തിവാദങ്ങൾകൊണ്ടു് അദ്ദേഹം വിവാദപ്രശ്നങ്ങളെ കുഴക്കിമറിച്ചു. എന്നാൽ ലാമെമ്പറുടെ നിരർഗ്ഗളമായ വാഗ്വിലാസം നിയമലോകത്തു് അദ്ദേഹത്തോളംതന്നെ പ്രാവീണ്യം സമ്പാദിച്ചി

ട്ടുള്ള അഭിഭാഷകസിംഹങ്ങളെക്കൊണ്ടു നിറഞ്ഞിരുന്ന ആ നിയമസഭയിൽ ആക്കും യാതൊരു മാനസാന്തരവുമുണ്ടാക്കിയില്ല. നിർബാധമായി പ്രസംഗം തുടർന്നുകൊണ്ടുപോകുവാനും അദ്ദേഹത്തിനു വിഷമം നേരിട്ടു. ഹാളിന്റെ നാനാഭാഗങ്ങളിൽ നിന്നും നിരന്തരമായി ചോദ്യശരങ്ങൾ അദ്ദേഹത്തിന്റെ നേരേ പാഞ്ഞുകൊണ്ടിരുന്നു. അതിസൂക്ഷ്മങ്ങളും മറുപടി പറയുവാൻ വിഷമമേറിയവയുമായ പ്രസ്തുത ചോദ്യങ്ങൾ, അദ്ദേഹം പടുത്തുകെട്ടിയ അസ്ഥിവാരത്തെ പൊടിച്ചുതകർത്തു. അദ്ദേഹത്തിന്റെ വാദമുഖങ്ങളെ ഛിന്നഭിന്നമാക്കി.

ലാമെമ്പർ പ്രസംഗമവസാനിപ്പിച്ചപ്പോൾ ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ ലോഹനാദംപോലുള്ള സുദൃഢമായ സ്വരം ഹാളിലെങ്ങും വ്യാപിച്ചു. മി. സുബ്ബയ്യരുടെ പ്രസംഗത്തിലെ ഓരോ വാദമുഖങ്ങളേയും ഖണ്ഡിച്ചുകൊണ്ടു ചങ്ങനാശേരി ചെയ്ത പ്രൌഢഗംഭീരമായ പ്രസംഗം അദ്ദേഹം നിയമസഭയിൽ ചെയ്തിട്ടുള്ള മറേറതൊരു പ്രസംഗത്തെക്കാളും കൂടുതൽ മെച്ചമായ ഒന്നായിരുന്നു. ലാമെമ്പറുടെ യുക്തിവാദങ്ങളെ ഒരു താക്കികൻെറ ബുദ്ധിയോടുകൂടി നിരീക്ഷിച്ച് അദ്ദേഹം അവയുടെ ഹേത്വാഭാസങ്ങളെ വ്യക്തമാക്കി. വയ്ക്കംസത്യാഗ്രഹത്തിന്റെ ആന്തരമായ ഉദ്ദേശം ക്ഷേത്രപ്രവേശനമാണെന്നുള്ള പ്രസ്താവനയുടെ യുക്തിശൂന്യതയേയും ദുരുദ്ദേശത്തേയും അദ്ദേഹം നഗ്നമായി വെളിപ്പെടുത്തി. വയ്ക്കം റോഡുകൾ പൊതുനിരത്തുകളല്ലെന്നു കാണിക്കുവാൻ ലാമെമ്പർ ഉദ്ധരിച്ച കോടതിവിധികളുടെ അനധികൃതമായ സ്വഭാവത്തെ ഒരു സമർത്ഥനായ നിയമജ്ഞന്റെ വിദഗ്ദ്ധമായ വിവേചനാശക്തിയോടെ അദ്ദേഹം പ്രത്യക്ഷമാക്കി. അവർണ്ണജാതിക്കാരുടെ ജന്മസിദ്ധമായ പൌരാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാനുള്ള അനിഷേധ്യമായ വാദമുഖങ്ങളെ ഒരു ന്യായാധിപന്റെ വികാരരഹിതമായ നിഷ്പക്ഷബുദ്ധിയോടുകൂടി അദ്ദേഹം നിരൂപണം ചെയ്തു സമർത്ഥിച്ചു. സഞ്ചാരസ്വാതന്ത്ര്യപ്രമേയത്തെപ്പററിയുള്ള ചങ്ങനാശേരിയുടെ നിയമസഭാപ്രസംഗം അദ്ദേഹത്തിൻെറ സ്വാഭാവികമായപ്രസംഗരീതിക്ക് ഒരുത്തമമാതൃകയാണ്. ഒരു സാഹിത്യകാരൻെറ ഭാവനാവിലാസമോ പദസൌന്ദര്യമോ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ

ഒരിടത്തും കാണുവാനുണ്ടായിരുന്നില്ല. അനിയന്ത്രിതമായ വികാരപ്രകടനത്തിനും ഹാസ്യസ്ഫുരണത്തിനും ഇടനൽകുന്ന ക്ഷോഭജനകമായ ഒരു വിഷയത്തെക്കുറിച്ചാണ് അദ്ദേഹം പ്രസംഗിച്ചതെങ്കിലും അദ്ദേഹത്തിൻെറ ഹൃദയം ഒരു ഘട്ടത്തിൽപോലും ആവേശംകൊണ്ടു വിക്ഷുബ്ധമായിരുന്നില്ല. ശ്രോതാക്കളുടെ വികാരങ്ങളെ ഇളക്കി മറിക്കുന്നതോ, അവരുടെ ഹൃദയത്തിലെ മൃദുലതന്ത്രികളെ സ്പർശിക്കുന്നതോ ആയ ഒരൊററ പ്രസ്താവനപോലും അദ്ദേഹം ചെയ്തില്ല. പ്രസംഗമദ്ധ്യേ ചില ആശയങ്ങൾ വ്യക്തമാക്കുവാൻ വേണ്ടി അദ്ദേഹം പ്രയോഗിച്ച ഒന്നുരണ്ടുപമകൾ കേവലം ശുഷ്കങ്ങളും, ചമല്കാരത്തിന്റെ പരിപൂർണ്ണമായ അഭാവംകൊണ്ട് ഒരലങ്കാരശാസ്ത്രത്തിലും പെടുത്തുവാൻ കൊള്ളരുതാത്തവയും ആയിരുന്നു. ഒരു ഗണിതശാസ്ത്രജ്ഞന്റെ സസൂക്ഷ്മമായ ചിന്താഗതിയോടുകൂടിയാണ് അദ്ദേഹം പ്രസംഗവിഷയത്തെ സമീപിച്ചത്. അത്യഗാധമായ ചിന്താശീലവും, പ്രതിപാദ്യവിഷയത്തിൻെറ നാനാമുഖങ്ങളെപ്പററിയുള്ള വിശദമായ പരിജ്ഞാനവും, അപ്രതിരോധ്യമാംവണ്ണം വാദമുഖങ്ങളെ കൂട്ടിയിണക്കി ന്യായമായ അനുമാനങ്ങളിലേയ്ക്കു നയിക്കുവാനുള്ള സാമത്ഥ്യവും, കൊണ്ടു, പ്രശസ്തനായ ഒരു വാഗ്മി എന്ന നിലയിലല്ല, പിന്നെയോ അസാമാന്യനായ ഒരു താക്കികനെന്ന നിലയിലാണ് അദ്ദേഹം ആരുടേയും അഭിനന്ദനത്തിനു പാത്രമായിരുന്നത്. ചങ്ങനാശേരി സ്വസ്ഥാനത്തിരിക്കുമ്പോൾ സഞ്ചാരസ്വാതന്ത്ര്യപ്രമേയത്തിനെതിരായി മി. സുബ്ബയ്യർ വലിച്ചിഴച്ചുകൊണ്ടുവന്ന വാദമുഖങ്ങളൊന്നുംതന്നെ ശ്രോതാക്കളുടെ ഹൃദയങ്ങളിൽ അവശേഷിക്കുന്നുണ്ടായിരുന്നില്ല.

ചങ്ങനാശേരിയെത്തുടന്നു പ്രമേയത്തെ അനുകൂലിച്ചു പ്രസംഗിച്ചത് ഒരു പെൻഷ്യൻഡ് ഉദ്യോഗസ്ഥനായിരുന്ന ഹ്യൂഗാർഫായിരുന്നു. അധികാരസ്ഥാനങ്ങളുടെ ആജ്ഞാശക്തിക്കോ, ഇതരപ്രലോഭനങ്ങൾക്കോ ഒരു നാമിനേററഡ് അംഗമായിരുന്ന ഹ്യൂഗാർഫിനെ അദ്ദേഹത്തിൻെറ മഹത്തായ കത്തവ്യത്തിൽനിന്നു വ്യതിചലിപ്പിക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ പ്രസംഗം ചങ്ങനാശേരിയുടെ പ്രസംഗത്തിൽനിന്നു തുലോം വിഭിന്നമായ രീതിയിലായിരുന്നു.

സഞ്ചാരസ്വാതന്ത്ര്യത്തിനെതിരായുള്ള വാദമുഖങ്ങളെ ഖണ്ഡിക്കുന്നതിന്ന ചങ്ങനാശേരിയും, പി. കെ. നാരായണപിള്ളയും കൊണ്ടുവന്ന പ്രത്യുക്തികളെ ആവത്തിക്കമാത്രമാണദ്ദേഹം ചെയ്തതെങ്കിലും, അദ്ദേഹത്തിന്റെ പ്രസംഗം ആദ്യന്തം വികാരതരളിതമായിരുന്നു. മാട്ടിറച്ചി ഭക്ഷിക്കുന്ന ക്രിസ്ത്യാനിക്കും, മഹമ്മദീയനുമെന്നുവേണ്ട കുഷ്ഠരോഗികൾക്കുകൂടി പ്രവേശിക്കുവാൻ സ്വാതന്ത്ര്യമുള്ള പൊതുനിരത്തിൽ, ഒരീഴവന്റെ പട്ടിക്കും, പന്നിക്കും സ്വച്ഛന്ദം സഞ്ചരിക്കാവുന്ന രാജവീഥിയിൽ, മനുഷ്യവൎഗ്ഗത്തിൽ അധഃകൃതരെന്നു മുദ്രയടിച്ച് ഒരു വിഭാഗം ജനങ്ങളെ പ്രവേശിപ്പിക്കാതിരിക്കുന്ന ദുരാചാരത്തിന്റെ ഹൃദയഭേദകമായ ദോഷഫലങ്ങളെ മമ്മസ്പൃക്കാകുംവണ്ണം അദ്ദേഹം വിവരിച്ചു. 'അഹം ബ്രഹ്മാസ്മി' എന്ന മഹനീയ വേദാന്തസന്ദേശം ലോകത്തിന്ന നൽകിയ ശ്രീശങ്കരന്റെ ജന്മഭൂമിയിൽ പരബ്രഹ്മത്തിന്റെ രൂപഭേദങ്ങളായ മനുഷ്യരെ പരസ്പരം അകററിനിൎത്തുന്ന ഗൎഹണീയമായ നടപടികളെ അദ്ദേഹം ഭത്സിച്ചു. ഭാരതം മുഴുവനുമെന്നു മാത്രമല്ല, വിസ്തൃതമായ ലോകംതന്നെയും തങ്ങളുടെ നിശ്ചയമെന്തായിരിക്കുമെന്ന് ഉൽക്കണ്ഠയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണെന്നും, അതിനാൽ ലോകത്തിന്റേയും, ഭാവിതലമുറകളുടേയും മുൻപിൽ അപഹാസ്യരായിത്തീരുവാൻ ഇടവരാതിരിക്കത്തക്കവണ്ണം പ്രവൎത്തിക്കേണ്ടതു് അവരിലോരോരുത്തരുടേയും കടമയാണെന്നും, അദ്ദേഹം നിയമസഭാംഗങ്ങളെ പ്രത്യേകം ഉൽബോധിപ്പിച്ചു. ഹുഗർഫിന്റെ ഹൃദയാവർജ്ജകമായ പ്രസംഗം അവിടെ സന്നിഹിതരായിരുന്ന പൌരസ്വാതന്ത്ര്യവിദ്വേഷികളുടെ ഹൃദയങ്ങൾപോലും അല്പമൊന്നു ചലിപ്പിക്കാതിരുന്നില്ല.

മി. ടി. കെ. വേലുപ്പിള്ളയാണു പിന്നീടു പ്രസംഗിച്ചതു്. അദ്ദേഹം സത്യാഗ്രഹസംരംഭങ്ങളേയും, അതിനു മുതിൎന്ന ത്യാഗസമ്പന്നന്മാരേയും അതിപരുഷമായ ഭാഷയിൽ അപലപിച്ചു. ഭാരതമഹാജനസഭയുടെ വഴിപിഴച്ച നയത്തെ അദ്ദേഹം അധിക്ഷേപിച്ചു. സത്യാഗ്രഹികളെ അതികഠിനമായ ശിക്ഷകൾക്കു പാത്രമാക്കണമെന്നു് അദ്ദേഹം ഗവമ്മെന്റിനോടാവശ്യപ്പെട്ടു. സഞ്ചാരസ്വാതന്ത്ര്യപ്രമേയത്തെ പതിവുപോലെ

ഒരു ശ്വാസത്തിലനുകൂലിച്ചും മറെറാരു ശ്വാസത്തിൽ പ്രതികൂലിച്ചും പ്രസംഗിച്ചു. അരമണിക്കൂർനേരം ആ വാക്ക്ധാരി നിരർഗ്ഗളമായി പ്രവഹിച്ചുകൊണ്ടിരുന്നിട്ടും മി. വേലുപ്പിള്ള പ്രമേയത്തെ അനുകൂലിക്കയോ, എതിർക്കയോ ചെയ്യുന്നതെന്നു ശ്രോതാക്കൾക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട മെമ്പർ പ്രമേയത്തെ അനുകൂലിക്കയോ, പ്രതികൂലിക്കയോ ചെയ്യുന്നതെന്നൊരു ചോദ്യശസ്ത്രം അന്നൊരു പൊതുകാര്യപ്രസക്തനും, ജനാവകാശസംരകനുമായിരുന്ന ഇന്നത്തെ ഗവർമ്മെൻറു ചീഫ്സിക്രട്ടറി മി. ജി. പരമേശ്വരൻപിള്ള പ്രസംഗകനെ ലാക്കാക്കി തൊടുത്തു. വോട്ടെടുക്കുമ്പോൾ ആ സംഗതി മനസ്സിലാക്കിക്കൊള്ളണമെന്നു മി. വേലുപ്പിള്ള ചോദ്യകർത്താവിനു മറുപടി കൊടുത്തു. ഹാളിലെങ്ങും അത്യുച്ചത്തിൽ ചിരി മുഴങ്ങി.

മൂന്നു നാലു ദിവസം നീണ്ടുനിന്ന വാശിയോടുകൂടിയ വാദപ്രതിവാദങ്ങൾക്കുശേഷം ഫെബ്രുവരി ൨൦-ാംതീയതി പ്രമേയം വോട്ടിനിട്ടു. എന്നാൽ ഒററ വോട്ടിൻെറ വ്യത്യാസത്തോടുകൂടി ആ പ്രമേയം തിരസ്കൃതമായി. തിരുവിതാംകൂറിലെ ബഹുസഹസ്രം സമുദായപരിഷ്കർത്താക്കൾ ലജ്ജകൊണ്ടു തലകുനിച്ചു. നിയമസഭയിലെ ഉല്പതിഷ്ണുക്കളായ സാമാജികന്മാർ നിരാശാഭരിതരായിച്ചമഞ്ഞു. വയ്ക്കത്തു ചുടുവെയിലിലും മഴവെള്ളത്തിലും നിന്നു, ഘോരതപം അനുഷ്ഠിച്ചുകൊണ്ടിരുന്ന സത്യാഗ്രഹികൾ നിയമസഭയുടെ തീരുമാനം ശ്രവിച്ചു നിശ്ശബ്ദരായി. തിരുവിതാംകൂർ ലോകദൃഷ്ടിയിൽ അവഹേളനാർഹമായിത്തീന്നു.

മെ. പാൾ ഡാനിയൽ, എ. ജി. മേനവൻ, ഹുഗാർഫ്, സി. പി. കൊച്ചുകുഞ്ഞുപിള്ള, എൻ. കുമാരൻ, ടി. കുമാരപിള്ള, തയ്യത്തു കുഞ്ഞിത്തൊമ്മൻ, വി. കുഞ്ഞുകൃഷ്ണപിള്ള, ഫാദർ വെട്ടിക്കാപ്പിള്ളി, എം. ആർ. മാധവവാര്യർ, കെ. സി. മാമ്മൻമാപ്പിള, പി. കെ. നാരായണപിള്ള, ചങ്ങനാശേരി, ജി. പരമേശ്വരൻപിള്ള, വയ്ക്കം രാമകൃഷ്ണപിള്ള, ജാൺ നിധിയിരി, ഡാക്ടർ എം. എൻ. പിള്ള, എൻ. പത്മനാഭപിള്ള, സുബ്രഹ്മണ്യക്കരയാളർ, ഡൊമിനിക്ക് തൊമ്മൻ, ടി. കെ. വേലുപ്പിള്ള ഇത്രയും ആളുകൾ പ്രമേയത്തെ അനുകൂലിച്ചു. പതിനഞ്ചുദ്യോഗസ്ഥന്മാരും, മെ. എസ്. കൃഷ്ണയ്യർ,

ജോസഫ് പഞ്ഞിക്കാരൻ, പി. ററി. തോമസ്സ്, ത്രിവിക്രമൻ വാസുദേവർ എന്നീ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും, ഖാൻ സാഹിബ്ബ് എം. കെ. കാദർപിള്ള, പി. പരമേശ്വരൻ, റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ എന്നീ നാമിനേററഡ് മെംബറന്മാരും പ്രമേയത്തിനെതിരായി വോട്ടുചെയ്തു. മെ. ആദംസേട്ട്, ടി. എം. ചിദംബരതാണുപിള്ള, ടി. ലക്ഷ്മണൻ പിള്ള, ജാൺ മാക്കി, എൽ. ആർ. രാജരാജവൎമ്മകോയിത്തമ്പുരാൻ, സി. രാമൻകുഞ്ഞു്, സി. ശങ്കരമേനവൻ എന്നിവർ അന്നു നിയമസഭയിൽ ഹാജരായതേയില്ല. പ്രമേയത്തെ അനുകൂലിച്ച മി. എൻ. കുമാരനും, ഹുഗ്വർഹും നാമിനേററഡ് അംഗങ്ങളായിരുന്നു.

ആകെ അന്നു നിയമസഭയിൽ ഹാജരുണ്ടായിരുന്ന ൨൯ അനുദ്യോഗസ്ഥാംഗങ്ങളിൽ ൨൧-പേർ പ്രമേയത്തെ അനുകൂലിക്കയുണ്ടായി. പ്രതികൂലിച്ച അനുദ്യോഗസ്ഥാംഗങ്ങളിൽ മൂന്നു പേർ നാമിനേററഡ് അംഗങ്ങളും, ഒരാൾ മാറാശ്ലേരി പോററിയുമായിരുന്നു. സഭയിൽ ഹാജരുണ്ടായിരുന്ന ൧൧ നായർ അനുദ്യോഗസ്ഥാംഗങ്ങളും പ്രമേയത്തിനു വേണ്ടി വോട്ടു ചെയ്തു. ൯-അനുദ്യോഗസ്ഥക്രസ്ത്യാനികളിൽ ൨-പേർ മാത്രം പ്രമേയത്തിനെതിരായി വോട്ടു ചെയ്തു. പ്രമേയത്തെ അനുകൂലിച്ച മററു ൭-പേരിൽ ൨-പേർ സവൎണ്ണഹിന്ദുക്കളും, ഒരാൾ ഈഴവനുമായിരുന്നു. തിരഞ്ഞെടുക്കപ്പെട്ടവരും, നിയമിതരുമായുണ്ടായിരുന്ന ൭ ബ്രാഹ്മണ അനുദ്യോഗസ്ഥാംഗങ്ങളും പ്രമേയത്തെ എതിൎക്കയാണു ചെയ്തതു്. എങ്കിലും, ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു വിഖ്യാതമായ ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപനം ചെയ്തതിനു ശേഷം ൨൪-മണിക്കൂറിനുള്ളിൽ കൂടിയ ആദ്യത്തെ അഭിനന്ദനസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചതു് ഒരു ബ്രാഹ്മണനായിരുന്നു എന്ന കാൎയ്യം ഇവിടെ വിസ്മരണീയമല്ല. സാഹോദൎയ്യവും സമത്വവും പഠിപ്പിക്കുന്ന ക്രസ്തുവിൻേറയും, നബിയുടേയും അനുയായികളിൽപ്പെട്ട മൂന്നു മാന്യന്മാർ പ്രമേയത്തെ പ്രതികൂലിക്കയാണു ചെയ്തതെന്നുള്ളതിൽ പരിതപിക്കയ

ല്ലാതെ എന്തു ചെയ്യട്ടെ. അന്നത്തെ സംഭവങ്ങളുടെ ശോക കരമായ പര്യവസാനത്തിന മകുടം വച്ചതു സഞ്ചാരസ്വാതന്ത്ര്യത്തിനം, സമത്വത്തിനം, സാഹോദര്യത്തിനം വേണ്ടി മുറവിളി കൂട്ടിക്കൊണ്ടിരുന്ന ഈഴവസമുദായത്തെ പ്രതിനിധീകരിക്കുവാൻ നിയമസഭയിൽ നാമിനേററ്, ചെയ്യപ്പെട്ടിരുന്ന പി. പരമേശ്വരൻ ആ പ്രമേയത്തിനെതിരായി വോട്ടു ചെയ്യുകയുണ്ടായി എന്നുള്ളതാണു്. ഇദ്ദേഹം ഡാക്ടർ പല്പുവിൻെറ ഒരു സഹോദരനംകൂടിയാണത്രേ! ഈ ഒരാൾകൂടി മാത്രം പ്രമേയത്തെ അനുകൂലിച്ചിരുന്നു എങ്കിൽ, തിരുവിതാംകൂറിന് അന്നു ലോകത്തിൻെറ മുൻപിൽ തല കുനിക്കേണ്ടി വരുമായിരുന്നില്ല. പരമേശ്വരന്റെ വോട്ടോടുകൂടി ആ പ്രമേയം അന്നു നിയമസഭ അംഗീകരിക്കയാണു ചെയ്തതെങ്കിൽ ഒരു പക്ഷേ, തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശനപ്രക്ഷോഭണ ചരിത്രം മാററി എഴുതേണ്ടിവന്നേനേ. അന്നത്തെ സംഭവങ്ങൾക്കുശേഷം പരമേശ്വരൻ എന്ന നാമധേയം സ്വജന ദ്രോഹി എന്ന പദത്തിൻെറ പര്യായമായിത്തീൎന്നിട്ടില്ലെങ്കിൽ അതു് അതേപേരുള്ള ഇതരന്മാരുടെ ഭാഗ്യമെന്നേ പറയുവാനുള്ളു.

സഞ്ചാരസ്വാതന്ത്ര്യപ്രമേയത്തിന സാങ്കേതികമായി പരാജയമാണു സംഭവിച്ചതെങ്കിലും ധാൎമ്മികദൃഷ്ട്യാ അതു മഹത്തായ ഒരു വിജയമായിരുന്നു എന്നു വേണം പറയുവാൻ. നിയമസഭയിൽ ആകെയുണ്ടായിരുന്ന ൨൯-അനുദ്യോഗസ്ഥന്മാരിൽ ൨൧-പേരും പ്രമേയത്തെ അനുകൂലിക്കയാണു ചെയ്തതു്. അതുപോലെ ആകെയുണ്ടായിരുന്ന ൧൬-സവൎണ്ണഹിന്ദു അനുദ്യോഗസ്ഥാംഗങ്ങളിൽ ൧൨ പേരും പ്രമേയത്തിന വേണ്ടി വോട്ടുചെയ്തു. അസ്വതന്ത്രരായ ഉദ്യോഗസ്ഥന്മാരുടേയും അവരുടെ സ്വാധീനശക്തിക്കു കീഴടങ്ങിയ നാമിനേററഡ് അംഗങ്ങളുടേയും സംഖ്യ ഒന്നായി മാത്രമേ പരിഗണിക്കുവാൻ പാടുള്ളു. അങ്ങിനെ വരുമ്പോൾ ബഹുഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസ്സായതായി മാത്രമേ വിചാരിക്കുവാൻ കഴിവുള്ളു.

# അദ്ധ്യായം ൨൭

൧൧൦൦ ധനുമാസം ൧൦-ാംതീയ്യതി ബൽഗാമിൽവച്ചു ഭാരതമഹാജസനസഭ സമ്മേളിച്ചു. തിരുവിതാംകൂറിൽനിന്നു ടി. കെ. മാധവനും, മററു സത്യാഗ്രഹനേതാക്കന്മാരും ആ സമ്മേളനത്തിൽ സന്ധിച്ചിരുന്നു. വയ്ക്കത്തു് അഭിമാനകരമാംവണ്ണം അക്രമരഹിതമായി സത്യാഗ്രഹം തുടൎന്നുകൊണ്ടുപോയ ത്യാഗശീലന്മാരെ അഭിനന്ദിച്ചുകൊണ്ടും, സത്യാഗ്രഹികളുടെ അനിഷേധ്യമായ അവകാശവാദങ്ങളെ അംഗീകരിക്കണമെന്നു ഗവൎമ്മെൻറിനോടഭ്യൎത്ഥിച്ചുകൊണ്ടും, ഒരു പ്രമേയം ആ സമ്മേളനത്തിൽവച്ചു ഭാരതമഹാജനസഭ അംഗീകരിച്ചു. സമ്മേളനാനന്തരം ടി. കെ. മാധവൻ മഹാത്മാഗാന്ധിയെ തിരുവിതാംകൂറിലേയ്ക്കു ക്ഷണിക്കയും, ഗാന്ധിജി സദയം ആ ക്ഷണം സ്വീകരിക്കയും ചെയ്തു. മഹാത്മാഗാന്ധിയുടെ തിരുവിതാംകൂർ സന്ദൎശനത്തേയും, അതിനേ തുടൎന്നുണ്ടായ ഗാന്ധി—പിററു് സന്ധിവ്യവസ്ഥകളേയുംപററി ടി. കെ. മാധവൻെറ ജീവചരിത്രത്തിൽ വിവരിച്ചിരിക്കുന്ന ഭാഗം ഇവിടെ ഉദ്ധരിക്കാം.

മഹാത്മജിയുടെ ആഗമനവിവരം മുൻകൂട്ടി അറിഞ്ഞു കേരളനിവാസികളായ ആബാലവൃദ്ധം ജനങ്ങൾ അത്യന്തം കുതൂഹലചിത്തരായി മഹാത്മജിയുടെ വരവിനെ ഉൽക്കണ്ഠയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ൧൧൦൦ കുംഭം ൨൬-ാം തീയ്യതി വൈകുന്നേരം ആറു മണിയോടുകൂടിയാണു ലോകൈകവന്ദ്യനായ അദ്ദേഹം വയ്ക്കത്തെത്തിയതു്. മഹാത്മജിയെ ഒരു നോക്കു കാണുവാനായി അദ്ദേഹം സഞ്ചരിച്ച സ്ഥലങ്ങളിൽ തിങ്ങിക്കൂടിയ ജനങ്ങളുടെ സംഖ്യ സീമാതീതമായിരുന്നു. ഷൊർണ്ണൂർ സ്റ്റേഷനിൽവച്ചു സത്യാഗ്രഹാശ്രമപ്രതിനിധിയായ ടി. കെ. മാധവൻ മഹാത്മജിയേ സ്വീകരിച്ചു് അദ്ദേഹത്തിനു വയ്ക്കത്തേയ്ക്കു സ്വാഗതമരുളി. പിറ്റേദിവസം രാവിലെ മഹാത്മജി കൊച്ചിയിൽനിന്നും ബോട്ടുവഴി വയ്ക്കത്തേയ്ക്കു യാത്രതിരിച്ചപ്പോൾ വഴിമദ്ധ്യേ അരൂക്കുററിയിൽവച്ചു ടി. കെ. മാധവൻ അമ്പലപ്പുഴക്കാരുടെ രണ്ടു ചുണ്ടൻവള്ളങ്ങളിൽ വഞ്ചിപ്പാട്ടുകളോടും വാദ്യഘോഷങ്ങളോടുംകൂടി അദ്ദേഹത്തെ

എതിരേൽക്കുകയും, ഏററവും സന്തുഷ്ടചിത്തനായ മഹാത്മജിയുടെ അനുമതിയോടുകൂടി വളരെ ദൂരം ബോട്ടിനെ അനുഗമിക്കയും ചെയ്തു. മഹാത്മജിയുടെ തിരുവിതാംകൂർയാത്രാപരിപാടി ശ്രീ. സി. രാജഗോപാലാചാരിയുടെ അനുമതിയോടുകൂടി മാധവനായിരുന്നു തയ്യാർ ചെയ്തതു്. മഹാത്മജിയുമൊന്നിച്ചു് അദ്ദേഹത്തിൻെറ നിഴൽപോലെ അനുധാവനം ചെയ്തിരുന്ന മാധവൻ പ്രസ്തുത യാത്രാപരിപാടി വിജയകരമാംവണ്ണം നിർവ്വഹിക്കുന്നതിനു സകല ഏർപ്പാടുകളും ചെയ്കയും, വയ്ക്കം, വർക്കല മുതലായ പ്രധാന സ്ഥലങ്ങളിൽവച്ചു മഹാത്മജിയെ സ്വാഗതപൂർവ്വം സ്വീകരിച്ചാനയിക്കുകയും ചെയ്തു. ൧൨-ാംതീയ്യതി രാത്രി മഹാത്മജി വർക്കല ശിവഗിരിയിൽ ശ്രീനാരായണഗുരു സ്വാമികളുടെ അതിഥിയായി വിശ്രമിച്ചു. ആർക്കുകളാലും തോരണങ്ങളാലും വളരെ കമനീയമായി അലങ്കരിച്ചിരുന്ന ശിവഗിരിയിലേയ്ക്കു മഹാത്മജിയെ സ്വീകരിക്കുന്നതിനും, അവിടെ അദ്ദേഹത്തിനു വിശ്രമിക്കുന്നതിനും ആവശ്യമായ എല്ലാ കാര്യങ്ങളും മാധവൻ അത്യന്തം ശ്രദ്ധയോടും നിഷ്കർഷയോടും കൂടി നിർവ്വഹിച്ചിരുന്നു. മഹാത്മജി തിരുവിതാംകൂറിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ചെയ്ത പ്രസംഗങ്ങളിലെല്ലാം സഞ്ചാരസ്വാതന്ത്ര്യം, ക്ഷേത്രപ്രവേശനം മുതലായ അധഃസ്ഥിതരുടെ അവകാശങ്ങൾക്കായി ശക്തിയായി വാദിക്കയും, മഹാറാണി റീജൻറ് തിരുമേനിയേയും, ദിവാൻജിയേയും, സത്യാഗ്രഹവിരോധികളായ ഇണ്ടൻതുരുത്തിപ്രഭൃതികളേയും അഭിമുഖമായി കണ്ടു സംഭാഷണം നടത്തുകയും ചെയ്തു. മഹാത്മജി തിരുവിതാംകൂർ വിടുന്നതിനു മുൻപു് അദ്ദേഹവും, തിരുവിതാംകൂർ പോലീസ്കമ്മീഷണർ മി. പിററുമായി വയ്ക്കംസത്യാഗ്രഹത്തെ സംബന്ധിച്ചു താഴെ ചേർക്കുന്ന കത്തുകൾമൂലം ഒരു സന്ധിയുണ്ടാക്കി.

മാർച്ചു് ൧൮-ാംതീയ്യതി ആലുവായിൽനിന്നും മഹാത്മജി പോലീസ്കമ്മീഷണർക്കയച്ച കത്തിൻെറ പകർപ്പാണു താഴെ ചേർക്കുന്നതു്.

പ്രിയപ്പെട്ട മി. പിററ്,

വയ്ക്കത്തു ക്ഷേത്രറോഡുകളിലേയ്ക്കുള്ള അതൃത്തിയിൽ വാളൻറിയറന്മാർ കടക്കാതിരിക്കുവാൻ വച്ചിട്ടുള്ള നിരോധന

ങ്ങളും വേലികളും മാററുന്നതിന്റെ സാധ്യതയേയും ആശാസ്യതയേയുംപററി നാം തമ്മിൽ നടന്ന സംഭാഷണത്തെ സംബന്ധിച്ച് ഇപ്പോഴത്തെ നില ഞാൻ മനസ്സിലാക്കിയിടത്തോളം ഇതാണ്. ക്ഷേത്രത്തിനു ചുററുമുള്ള റോഡുകൾ ഉപയോഗിപ്പാൻ അയിത്തജാതിക്കാർ എന്നു പറയുന്നവൎക്ക് അസ്വാതന്ത്ര്യം മാററുക എന്ന സംഗതിയിൽ ഗവൎമ്മെൻറിൻേറയും, പരിഷ്കാരേച്ഛുക്കളുടേയും അഭിപ്രായം ഒന്നുതന്നെ. നിങ്ങളുടെ അഭിപ്രായം വേലിയും പോലീസും ഇല്ലെങ്കിൽതന്നേയും അവസാനതീരുമാനം പ്രതീക്ഷിച്ചുകൊണ്ടു സത്യാഗ്രഹികൾ നിരോധനാതൃത്തി കടക്കാതിരിക്കാൻ ഞാൻ അവരെ ഉപദേശിക്കയാണെങ്കിൽ എൻെറ ഉപദേശം എളുപ്പത്തിൽ വിജയത്തിൽ കലാശിക്കുമെന്നാകുന്നു. വേലിയും പോലീസുകാരും ഉള്ളതുകൊണ്ടു യാഥാസ്ഥിതികരുടെ അഭിപ്രായത്തിനു ശക്തി വർദ്ധിക്കുന്നു. എന്തുകൊണ്ടെന്നാൽ വേലി കെട്ടിയിരിക്കുന്നതിൻേറയും, കാവൽ ഇട്ടിരിക്കുന്നതിൻേറയും ഉദ്ദേശം അവരെ സഹായിക്കാനും അവരുടെ നില സംരക്ഷിക്കാനുമാണെന്നു യാഥാസ്ഥിതികരായ ജനങ്ങൾ വിശ്വസിക്കുന്നു എന്നു നിങ്ങൾ പറയുന്നു. നമ്മുടെ സംഭാഷണങ്ങളിൽനിന്നു ഞാൻ മനസ്സിലാക്കിയിട്ടുള്ളതു, നിങ്ങൾ പറഞ്ഞിട്ടുള്ള വിധത്തിൽ അതൃത്തിയേ ബഹുമാനിക്കാമെന്നു ഞാൻ ഏല്ക്കുകയാണെങ്കിൽ നിങ്ങൾ ഇപ്പോഴത്തെ ഏതൊരു നിരോധനാജ്ഞപ്രകാരമാണോ അവിടെ പ്രവൃത്തി നടത്തുന്നതു് അതിനെ പിൻവലിക്കുവാൻ നിങ്ങൾക്കു സാധ്യമായേയ്ക്കുമെന്നാണ്.

നിങ്ങൾ പറയുംപ്രകാരം സത്യാഗ്രഹികൾ പ്രവൎത്തിച്ചാൽ അതു യാഥാസ്ഥിതികന്മാരുടെ ഹൃദയത്തെ മാർദ്ദവപ്പെടുത്തുമെന്നും, അവരുടെ ഇപ്പോഴത്തെ നിലയെ ദുർബലപ്പെടുത്തുമെന്നും, വിശ്വസിക്കുവാൻ എനിക്കു സംശയമുണ്ടെങ്കിലും നിങ്ങളുടെ ഉദ്ദേശശുദ്ധിയെ ഞാൻ പൂർണ്ണമായി അഭിനന്ദിക്കുന്നു. അതുകൊണ്ടു നിങ്ങൾ പറയുന്നതുപോലെ പരീക്ഷണാൎത്ഥം ചെയ്തുനോക്കുവാൻ ഉപദേശിക്കുന്നതിനു ഞാൻ തയാറാണ്. സത്യാഗ്രഹികൾ ആവശ്യപ്പെടുന്നതുതന്നേയും അവരുടെ ഭാഗത്തേയ്ക്കു് ഊർജ്ജിതവും പ്രബലവുമായ പൊതുജനാഭിപ്രായമുണ്ടാകണമെന്നു മാത്രമാകുന്നു. അവരുടെ ഉദ്ദേശം

യാഥാസ്ഥിതികന്മാരെ ക്ഷോഭിപ്പിക്കണമെന്നല്ല, നേരേമറിച്ച് അവരേയും കൂടി തങ്ങളുടെ വശത്തേയ്ക്കു സ്വാധീനപ്പെടുത്തി കൊണ്ടുവരണമെന്നാകുന്നു. ഈ സമരം നടത്തി ഗവൺമെൻറിനെ കുഴപ്പത്തിലാക്കണമെന്നും അവർ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ ഗവൺമെൻറിന്റെ അനുഭാവവും സഹായവും കഴിയുന്നിടത്തോളം സമ്പാദിക്കണമെന്ന ഉദ്ദേശമാണ് അവർക്കുള്ളത്. ഇതിൽ പറയുന്ന നിരോധനഉത്തരവു പിൻവലിച്ചിരിക്കുന്നു എന്നു നിങ്ങളിൽനിന്നറിയുന്ന ഉടൻതന്നെ നിങ്ങളുടെ അഭിപ്രായ പ്രകാരം പ്രവർത്തിക്കുവാൻ ഞാൻ സന്നദ്ധനാണ്. ഇതിൻെറ ഫലം ഇപ്പോഴത്തേതിൽ അധികമാകാത്ത ഒരു സംഘം, നിരോധനാതൃത്തിവരെ അവരുടെ അവകാശസ്ഥാപനത്തിനായി പോകുകയും, ഇപ്പോഴത്തേപ്പോലെ അതിനുമുൻപിൽ നിൽക്കുകയും ചെയ്യുമെന്നുള്ളതായിരിക്കും. ഈ കരാർ നിലനില്ക്കുന്നിടത്തോളംകാലം അവർ ഒരു കാരണവശാലും അതിനപ്പുറം കടക്കുകയില്ല. ക്ഷേത്രത്തിനു ചുററുമുള്ള റോഡുകളിൽക്കൂടി നടക്കാൻ അയിത്തജാതിക്കാരെന്നു പറയപ്പെടുന്നവരെ അനുവദിക്കാത്ത ആചാരമോ അവകാശമോ, നീതിന്യായക്കോടതി മുൻപാകെ വിചാരണയ്ക്കു വരുമ്പോൾ തിരുവിതാംകൂറിൽ നടപ്പിലിരിക്കുന്ന ക്രിമിനൽനിയമപ്രകാരമായിരിക്കും പ്രാസിക്യൂഷൻ നടത്തുന്നതെന്നു ഞാൻ പ്രതീക്ഷിക്കുന്നു. എന്നാൽ എല്ലാ ജാതിക്കാർക്കും പബ്ളിക്കോ, പകുതി പബ്ളിക്കോ ആയ റോഡുകൾ ഉപയോഗിക്കുന്നതിനുള്ള പൊതുവായ അവകാശം തിരുവിതാംകൂർഗവൺമെൻറിൻെറ സഹായത്തോടുകൂടി അപ്രതിഹതമാക്കാൻ—അതും നീതിന്യായക്കോടതിയിൽ ഇരുഭാഗക്കാരും കയറാതെ—പൊതുജനാഭിപ്രായം രൂപീകരിക്കണമെന്നാണു ഞാൻ ആശിക്കുന്നത്. പ്രത്യേകസ്ഥലങ്ങളിലെ സവർണ്ണഹിന്ദുക്കളുടെ വോട്ടെടുപ്പു, ഹിതപരിശോധന, മാദ്ധ്യസ്ഥം, ചില ക്ഷേത്രങ്ങൾക്കു ചുററുമുള്ള റോഡുകൾ ഉപയോഗിക്കുന്നതിനേ സംബന്ധിച്ച പ്രമാണങ്ങൾ അടങ്ങിയിട്ടുണ്ടെന്നും യാഥാസ്ഥിതികന്മാരുടെ കൈവശമിരിപ്പുണ്ടെന്നും പറയപ്പെടുന്ന ശാസ്ത്രഗ്രന്ഥങ്ങളുടെ വ്യാഖ്യാനവും പരിശോധനയും, എന്റെ ഈ മൂന്നു നിർദ്ദേശങ്ങളെപ്പററിയും ഞാൻ നിങ്ങളുമായി സംഭാഷണം ചെയ്തിട്ടുണ്ടല്ലോ. ഈ നിർദ്ദേശങ്ങളിൽ

ഒന്നോ എല്ലാം തന്നേയൊ സ്വീകരിക്കുവാൻ വളരെ എളുപ്പമാണു്. എൻെറ തിരുവിതാംകൂർയാത്രയിൽ നിങ്ങൾ ചെയ്തിരുന്ന തൃപ്തികരമായ ഏപ്പാടുകൾക്കു് എൻെറ ഹൃദയംഗമമായ വന്ദനങ്ങൾ ഈ കത്തിൻെറ അവസാനത്തിൽ രേഖപ്പെടുത്തിക്കൊള്ളട്ടെ.

എന്നു്

എം. കെ. ഗാന്ധി.

കമ്മീഷണർ പിററു് ഈ കത്തിനു നൽകിയ കമ്പിമറുപടിയുടെ ശരിപ്പകർപ്പു് താഴെച്ചേർക്കുന്നു:—

"൧൮-ാംതീയതിയിലെ നിങ്ങളുടെ കത്തു കിട്ടി. നിങ്ങൾ സമ്മതം കമ്പിമൂലമറിയിക്കാമെങ്കിൽ ഏപ്രിൽ ൭-ാംതീയതി ചൊവ്വാഴ്ച നിരോധനാജ്ഞ പിൻവലിക്കുന്നതാണു്. സന്ധിയനുസരിച്ചു പ്രവൎത്തിക്കുവാൻ വൈക്കംസത്യാഗ്രഹികളെ ദയവുചെയ്തു് ഉപദേശിക്കുക."

W. H. പിററു്.

ഇതിനു മഹാത്മജിയുടെ മറുപടി ഇതായിരുന്നു:—

"കമ്പിക്കു വന്ദനം. എൻെറ ൧൮-ാംതീയതിയിലെ എഴുത്തനുസരിച്ചു പ്രവൎത്തിക്കാൻ വൈക്കത്തേയ്ക്കു കമ്പി കൊടുത്തിട്ടുണ്ടു്. നിരോധനഉത്തരവു പിൻവലിക്കുന്നതിനെത്തുടൎന്നു് എൻെറ എഴുത്തിലെ നിർദ്ദേശപ്രകാരം പ്രവൎത്തിക്കുമെന്നു വിശ്വസിക്കുന്നു.

ഗാന്ധി.

൧൧൦൦ മീനം ൧൭-ാംനു . വൈക്കംസത്യാഗ്രഹത്തിൻെറ പ്രഥമവാൎഷികദിനമായിരുന്നു. ടി. കെ. മാധവൻ, കെ. പി. കേശവമേനവൻ എന്നിവരെ അറസ്ററുചെയ്തു് ഒരു വൎഷം തികഞ്ഞ ൧൧൦൦ മീനം ൨൪-ാംതീയതി മുൻപറഞ്ഞ കരാറനുസരിച്ചു ഗവൎമ്മെൻറിൻെറ എതിൎപ്പുകളുടെ സൂചനയെ പിൻവലിക്കുന്ന പ്രാരംഭചടങ്ങുകൾ നിർവഹിക്കപ്പെട്ടു. സത്യാഗ്രഹികളുടെ പുരോഗതി പ്രതിബന്ധിച്ചുകൊണ്ടു നിന്നി

രുന്ന വേലികൾ അധികൃതന്മാർ പൊളിച്ചുമാററി. പോലീസുകാക്ക് മഴയിൽ നിന്നും വെയിലിൽ നിന്നും അഭയസ്ഥാനം നൾകിയിരുന്ന പുരകളും അപ്രത്യക്ഷമായി. ക്ഷേത്രറോഡുകളിൽ കടക്കുവാൻ പാടില്ലെന്നുള്ള നിരോധനാജ്ഞ ഗവമ്മെൻറു പിൻവലിച്ചു. മാർഗ്ഗതടസ്ഥം ചെയ്തു നിന്നിരുന്ന പോലീസുകാർ അവരുടെ വഴിക്കു പോയി. എങ്കിലും കരാറിലെ വ്യവസ്ഥയനുസരിച്ചു സത്യാഗ്രഹികൾക്കു മുന്നോട്ടു നീങ്ങുവാൻ അവകാശമുണ്ടായിരുന്നില്ല. സഞ്ചാരസ്വാതന്ത്ര്യമനുവദിക്കുന്നതിനനുകൂലമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനു സത്യാഗ്രഹവിരോധികളായ യാഥാസ്ഥിതികരെ സമത്വപരമായ നവീനാദശങ്ങൾകൊണ്ടു ഉൽബുദ്ധരാക്കുവാൻ ഉദ്യോഗസ്ഥന്മാർ കൂടി ശ്രമിച്ചുകൊണ്ടിരുന്നു."

സന്ധിവ്യവസ്ഥകൾ രൂപവൽക്കരിക്കുന്നതിനേക്കാൾ ഇരുകക്ഷികളും പ്രസ്തുത നിബന്ധനകൾ അക്ഷരംപ്രതി അനുസരിക്കുകയെന്നുള്ളതാണു കൂടുതൽ വിഷമകരമായിട്ടുള്ളതു്. സത്യാഗ്രഹികളുടെ പക്ഷത്തുനിന്നും സന്ധിവ്യവസ്ഥകൾ അണുമാത്രമെങ്കിലും വ്യതിചലിക്കാതെ അനുഷ്ഠിക്കപ്പെടുമെന്നുള്ളതിലേയ്ക്കു ഗവമ്മെൻറിനോടുത്തരവാദം ചെയ്യുവാനുള്ള കർത്തവ്യം ചങ്ങനാശേരിയിലാണു വന്നുചേർന്നതു്. സന്ധിനിർദ്ദേശങ്ങൾക്കു വിപരീതമായി സത്യാഗ്രഹികൾ എന്തെങ്കിലും പ്രവത്തിക്കുവാനിടയുണ്ടെന്നു് അല്പമായ സംശയംപോലും ഗവമ്മെന്റിനുണ്ടായിട്ടുള്ളപ്പോഴെല്ലാം പോലീസുകമ്മീഷണർ മി. പിററു് ചങ്ങനാശേരിയെ സമീപിച്ചു വിവരം ഗ്രഹിപ്പിക്കുകയും, ചങ്ങനാശേരി ഉടൻ ഇടപെട്ടു കാര്യങ്ങൾ സമാധാനമായി കൂടിയാലോചിച്ചു് ഇരുകക്ഷികൾക്കും തൃപ്തികരമായ വിധത്തിൽ വ്യവസ്ഥയുണ്ടാക്കുകയും ചെയ്യുകയെന്നുള്ള ഒരു പതിവു വന്നുചേന്നു.

ഈ ഘട്ടത്തിൽ ദിവാൻ ബഹദൂർ രാഘവയ്യാ തിരുവിതാംകൂർ മന്ത്രിപദമൊഴിഞ്ഞുപോയി. ആർ. കൃഷ്ണപിള്ള തൽസ്ഥാനത്തു അഫീഷിയേറ്റിംഗ് ദിവാനായി നിയമിക്കപ്പെട്ടു. ഗവമ്മെൻറും മഹാത്മാഗാന്ധിയും തമ്മിൽ നടന്ന എഴുത്തുകുത്തുകളുടെ ഫലമായി വയ്ക്കത്തു കിഴക്കേനടയിലൊഴിച്ചു ശേഷം റോഡുകൾ അവണ്ണക്കായി തുറന്നുകൊടുത്തു. അപ്പോഴും

സത്യാഗ്രഹം സംബന്ധിച്ചു ഗാന്ധി—പിററ് ഉടമ്പടി പ്രത്യക്ഷരം ആദരിച്ചുവരികയായിരുന്നു. എന്നാൽ ഈ അവസരത്തിൽ ഒരു ചെറിയ കുഴപ്പമുണ്ടായി. സത്യാഗ്രഹാശ്രമത്തിന്റെ നായകത്വം വഹിച്ചിരുന്ന മി. കേളപ്പൻ സത്യാഗ്രഹികളെ ഉടമ്പടിയിൽ നിർദ്ദേശിച്ചിരുന്ന സ്ഥാനത്തുനിന്നു പോലീസുകാർ പ്രവേശനം നിരോധിക്കുന്ന സ്ഥലംവരെ മുന്നോട്ടു കൊണ്ടുപോകുവാൻ തീർച്ചയാക്കി. ഈ നിശ്ചയം മി. പിററിനെ പരിഭ്രമിപ്പിക്കയും ക്ഷോഭാകുലനാക്കുകയും ചെയ്തു. അദ്ദേഹം ഉടൻതന്നെ ചങ്ങനാശേരിയെ നേരിട്ടുകണ്ടു കേളപ്പന്റെ സംരംഭത്തെ തടയണമെന്നപേക്ഷിച്ചു. അതിനെത്തുടൎന്നു മി. പിറ്റ് ചങ്ങനാശേരിക്കു താഴെച്ചേൎക്കുന്ന കത്തെഴുതി.

തിരുവനന്തപുരം,

൨൧ ജൂൺ ൧൯൨൫.

പ്രിയപ്പെട്ട മി. പരമേശ്വരൻപിള്ളേ.

ഇന്നലത്തെ നമ്മുടെ സംഭാഷണത്തെത്തുടൎന്ന് ഈ ഒരെഴുത്തുകൂടി എഴുതേണ്ടതു് ആവശ്യമാണെന്ന് എനിക്കു തോന്നുന്നു.

അവസരം കിട്ടിയാൽ സത്യാഗ്രഹികളെ പോലീസുകാർ തടഞ്ഞുനിൎത്തുന്നതുവരെ മുന്നോട്ടു കൊണ്ടുപോകുന്നതാണെന്നു മി. കേളപ്പൻനായർ വ്യക്തമായി പ്രസ്താവിച്ചു എന്നു ഞാൻ അറിയുന്നു.

അദ്ദേഹം ഇപ്രകാരം ചെയ്യുകയാണെങ്കിൽ അതൊരു വിശ്വാസലംഘനവും കൃതഘ്നത നിറഞ്ഞ പ്രവൃത്തിയുമായിരിക്കും.

ചില നിയന്ത്രണങ്ങൾ തൽക്കാലത്തേയ്ക്കു നടപ്പിലാക്കണമെന്നും, അവയെ മാററുന്നതിനുള്ള കാലം വരുന്നതുവരെ അവ നിശ്ചയമായും അനുസരിക്കപ്പെടുമെന്നും, ഞാൻ കൊടുത്തിട്ടുള്ള ഉറപ്പിന്മേലാണു വയ്ക്കത്തു ചെയ്തിട്ടുള്ളതായ ഏൎപ്പാടുകൾ നടപ്പിലാക്കീട്ടുള്ളതു്. ഈ നിയന്ത്രണങ്ങൾ ശരിയായി പരിപാലിക്കപ്പെട്ടില്ലെങ്കിൽ പഴയപോലുള്ള ബന്തോസ്തുകൾ വരുത്തുന്നതിനും ഞാൻ ബാദ്ധ്യസ്ഥനാണു്. അവയ്ക്കരെ സംബന്ധിച്ചിടത്തോളം ഈ നിയന്ത്രണങ്ങൾ പരിപാലിക്കപ്പെട്ട

മെന്നു ജസ്റ്റി മി. എം. ഗോവിന്ദൻ നൽകിയ ഉറപ്പിനെയാണു ഞാൻ ആശ്രയിച്ചിരിക്കുന്നതു്. ഞാൻ താങ്കളോട് ഈ കാൎയ്യത്തെപ്പററി നേരിട്ടാലോചിച്ചിട്ടില്ലെങ്കിലും സത്യാഗ്രഹികളുടെ സമ്മതം താങ്കൾക്കു ലഭിച്ചിട്ടുണ്ടെന്നാണു ഞാൻ ധരിച്ചിട്ടുള്ളതു്. ഇതുകൂടാതെ ഫെബ്രവരി-മാർച്ചു വരെ-ഗാന്ധിയുമായുള്ള ഉടമ്പടിക്കു വിപരീതമായി എന്തെങ്കിലും ചെയ്യുന്നതു്, ഓരോ കക്ഷിക്കും മററെ കക്ഷി നോട്ടീസു കൊടുത്തിട്ടുവേണമെന്നു മി. ഗാന്ധിയും ഞാനുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കീട്ടുണ്ടു്. മി. ഗാന്ധി എനിക്കിതേവരെ യാതൊരറിവും തന്നിട്ടില്ല. ആലോചനാശൂന്യവും വിദ്വേഷജനകവുമായ ഇത്തരം ഒരു പ്രവൃത്തിയെ അദ്ദേഹമനുവദിക്കുമെന്നു എനിക്കു് വിശ്വാസമില്ല.

താങ്കളെ കണ്ടതിനുശേഷം ഞാൻ ഇന്നലെ ദിവാൻജിയെ സന്ദർശിച്ചു. താങ്കൾ കേളപ്പൻനായൎക്കയച്ച കമ്പിയെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം മുന്നോട്ടു കടക്കയില്ലെന്നു ഞാനുറപ്പു പറഞ്ഞു. എനിക്കു താങ്കളിൽ പരിപൂൎണ്ണമായ വിശ്വാസമുണ്ടു്. ഞാനതു തെളിയിച്ചിട്ടുമുണ്ടു്. സത്യാഗ്രഹികൾ അവരറിയാതെതന്നെ എനിക്കു വരുത്തുന്ന വൈഷമ്യത്തെപ്പറ്റി നിങ്ങളെ വ്യക്തമായി മനസ്സിലാക്കുന്നതിനും, വീണ്ടും റോഡുകൾ വേലി കെട്ടി അടയ്ക്കേണ്ട ആവശ്യം വരുത്താതിരിക്കുവാൻ വേണ്ട ഏൎപ്പാടുകൾ ചെയ്യുന്നതിനുമാണു ഞാൻ ഇതു് എഴുതുന്നതു്.

വയ്ക്കത്തു ഇപ്പോൾ രേഖാമൂലമല്ലാതെ ഏൎപ്പെടുത്തീട്ടുള്ള നിയന്ത്രണങ്ങൾ ശാശ്വതങ്ങളായിരിക്കുമെന്നു ബുദ്ധിയുള്ളവരാരും വിചാരിക്കുമെന്നു തോന്നുന്നില്ല. ഗവമ്മെൻറിനു്, ഇക്കാൎയ്യത്തിൽ യാതൊരു വൈഷമ്യവുമുണ്ടാക്കണമെന്നു ഉദ്ദേശമില്ല. ക്രമേണ മുന്നോട്ടു പോകുവാൻ അവൎണ്ണർ അവരുടെ സൽബുദ്ധി ഉപയോഗിക്കണമെന്നാണു ഗവമ്മെൻറു് അഭിലഷിക്കുന്നതു്. കേളപ്പൻനായരുടെ ഉദ്ദേശം, ഈ നിയന്ത്രണങ്ങളെ വെളിച്ചത്താക്കുകയും അതു ഗവമ്മെൻറിനെക്കൊണ്ടു സമ്മതി

പ്പിക്കയും ആണെന്നു തോന്നുന്നു. എനിക്കദ്ദേഹത്തിൻെറ നില യെന്താണെന്നു മനസ്സിലാകുന്നില്ല. അദ്ദേഹത്തിനു് അവൎണ്ണരുടെ താല്പൎയ്യങ്ങളെപ്പററിയുള്ള വിചാരമാണോ ഉള്ളതു്, അതോ അധികാരികളെ വിഷമിപ്പിക്കുവാൻ അവരെ ഒരായുധമാക്കി പ്രയോഗിക്കയാണോ അദ്ദേഹത്തിൻെറ ഉദ്ദേശം. ഒരു പക്ഷേ കാൎയ്യങ്ങളുടെ യാഥാൎത്ഥ്യം അദ്ദേഹം ധരിക്കാതിരിക്കയാണെന്നും വരാം. സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാരോടു് ഇക്കാൎയ്യത്തെപ്പററി അദ്ദേഹത്തിനു സംസാരിക്കേണ്ട യാതൊരാവശ്യവുമുണ്ടായിരുന്നില്ല. ഗവമ്മെൻറിൻെറ നയത്തെപ്പററി പരിപൂൎണ്ണമായ അറിവു് അവൎക്കില്ലാത്തതിനാൽ അവർ അദ്ദേഹത്തെ തെററിദ്ധരിപ്പിച്ചിരിക്കുമെന്നുള്ളതിനു സംശയമില്ല.

വൈക്കംറോഡുകളെ അവൎണ്ണൎക്കായി തുറന്നു വയ്ക്കേണ്ടതു് ഇനി നിങ്ങളുടെ ചുമതലയാണു്. എനിക്കിനി കൂടുതൽ ഒന്നും ചെയ്യുവാനില്ല. സത്യാഗ്രഹികൾ എന്നോടു വിശ്വാസരഹിതമായി പെരുമാറിയാൽ തീണ്ടൽപലകകളും പോലീസുബന്തോസ്തുകളും എനിക്കു പുനഃസ്ഥാപിക്കേണ്ടിവരും. പൊതുജനങ്ങൾ അവരെ അതിനപ്പുറത്താക്കിക്കൊള്ളുകയും ചെയ്യും. എനിക്കു മറെറാന്നും ചെയ്യുവാൻ നിവൃത്തിയില്ല. ഈ വിഷയത്തിനു ദയവുചെയ്തു് ഒരു പോംവഴിയുണ്ടാക്കുക.

W. H. പിററു്.

ചങ്ങനാശേരി ഉടൻതന്നെ ഇക്കാൎയ്യത്തിൽ ഏപ്പെട്ടു വേണ്ടതു പ്രവൎത്തിക്കയാൽ കൂടുതലസ്വാസ്ഥതകൾക്കിടയായില്ല. ഇങ്ങിനെ ഓരോ വൈഷമ്യങ്ങളുണ്ടാകുമ്പോഴും മി. പിററു് ചങ്ങനാശേരിക്കെഴുതുകയും, അദ്ദേഹത്തിൻെറ സഹായത്തോടു കൂടി കുഴപ്പങ്ങൾ പരിഹരിക്കയും ചെയ്യുക പതിവായിരുന്നു. വയ്ക്കത്തു കിഴക്കേനടയൊഴിച്ചു, ബാക്കി റോഡുകളിൽ അവൎണ്ണൎക്കു പ്രവേശനമനുവദിച്ചിരുന്നതുകൊണ്ടു് അവസാനഘട്ടത്തിൽ കിഴക്കേനടയിൽ മാത്രമേ സത്യാഗ്രഹം നടക്കുന്നുണ്ടായിരുന്നുള്ളു. ഒടുവിൽ മഹാത്മജിയുടെ നിർദ്ദേശമനുസരിച്ചു് ൧൧൦൧ വൃശ്ചികം ൮-ാംതീയതി അയിത്തോച്ചാടനക്കമ്മിററി സത്യാഗ്രഹികളേ ശേഷിച്ച കിഴക്കേനടയിൽനിന്നുകൂടി പിൻവലിച്ചു. വയ്ക്കംക്ഷേത്രത്തിൻെറ തെക്കുകിഴക്കുവശമുള്ള

സമൂഹം പറമ്പിന്റെ ഏതാനും ഭാഗവും, വടക്കുകിഴക്കുള്ള കുറച്ചു സ്ഥലവും, ദേവസ്വമാവശ്യത്തിലേയ്ക്കു ഗവമ്മെൻറിൽ നിന്നും പൊന്നുംവില കൊടുത്തെടുക്കുകയും ആ സ്ഥലങ്ങൾക്കു പുറത്തുകൂടി രണ്ടു പുതിയ റോഡുകൾ വെട്ടി ക്ഷേത്രത്തിനു തെക്കും വടക്കുമുള്ള റോഡുകളെ കിഴക്കേഗോപുരറോഡുമായി ബന്ധിക്കയും ചെയ്തു. ഇങ്ങിനെ പുതുതായി വെട്ടിയ റോഡുകളിൽ ഗവമ്മെന്റ് എല്ലാ ജാതിക്കാൎക്കും പ്രവേശനമനുവദിച്ചു. ക്ഷേത്രത്തിനു ചുററുമുണ്ടായിരുന്ന പഴയ റോഡുകൾ അടഞ്ഞു തന്നെ കിടന്നെങ്കിലും, ഇരുഭാഗത്തുനിന്നും വിട്ടുവീഴ്ചകൾ ചെയ്യുവാൻ തയ്യാറായിരുന്നതുകൊണ്ടു വൈക്കം സത്യാഗ്രഹം ഏറെക്കുറെ വിജയത്തിലാണു കലാശിച്ചതെന്നു വേണമെങ്കിൽ പറയാം. എന്നാൽ പൂൎണ്ണമായ സഞ്ചാരസ്വാതന്ത്ര്യം സ്ഥാപിച്ചുകിട്ടുവാനും, യഥാൎത്ഥമായ വിജയം കരസ്ഥമാക്കുവാനും, തിരുവിതാംകൂറിലെ അവൎണ്ണസമുദായക്കാർ പിന്നേയും ദീൎഘകാലം കാത്തിരിക്കേണ്ടിവന്നു.

വൈക്കംസത്യാഗ്രഹത്തിന്റെ നാമമാത്രമായ വിജയം കൊണ്ടു തിരുവിതാംകൂറിലെ സഞ്ചാരസ്വാതന്ത്ര്യപ്രശ്നത്തിനു പരിപൂൎണ്ണമായ പരിഹാരമാൎഗ്ഗങ്ങൾ നിർദ്ദിഷ്ടങ്ങളായില്ല. വൈക്കത്തെന്നതുപോലെ അവൎണ്ണൎക്കു പ്രവേശനം നിരോധിച്ചിരുന്ന അനവധി ക്ഷേത്രറോഡുകൾ തിരുവിതാംകൂറിലുണ്ടായിരുന്നു. സുപ്രസിദ്ധമായ അമ്പലപ്പുഴക്ഷേത്രത്തിനു ചുററുമുള്ള റോഡുകൾ ഇതിലേയ്ക്കുദാഹരണങ്ങളായിരുന്നു. വൈക്കംക്ഷേത്രസത്യാഗ്രഹം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ അമ്പലപ്പുഴക്ഷേത്രറോഡുകളിൽ പ്രവേശിച്ചു സഞ്ചാരസ്വാതന്ത്ര്യം സ്ഥാപിക്കുവാനുള്ള ഒരു ശ്രമം ചിലർ തുടങ്ങാതിരുന്നില്ല. എന്നാൽ ഗാന്ധി—പിററു ഉടമ്പടിക്കുശേഷം വൈക്കത്തെ സഞ്ചാരസ്വാതന്ത്ര്യപ്രശ്നം അധികൃതന്മാരുടെ അടിയന്തിരമായ ആലോചനയ്ക്കു വിഷയമായിരുന്നതുകൊണ്ടു കൂടുതൽ ദുൎഘടങ്ങൾ ഉടനടി ഉണ്ടാക്കുന്നതു് അനുചിതമായിരിക്കുമെന്നു പലൎക്കുമഭിപ്രായമുണ്ടായിരുന്നു. പോലീസ്കമ്മീഷണർ മി. പിററ് ഈ ത്തരസംരംഭങ്ങളുടെ അനാശാസ്യതയെപ്പററി ചങ്ങനാശേരി

ക്കെഴുതി അയച്ചു. ചങ്ങനാശേരിയുടേയും ടി. കെ. മാധവന്റേയും ശ്രമഫലമായി അമ്പലപ്പുഴയിലെ ഒരുക്കങ്ങൾ തല്ക്കാലത്തേയ്ക്കു നിർത്തിവച്ചു. എന്നാൽ ൧൦൧ ചിങ്ങത്തിൽ അവർണ്ണർ അധികൃതരുടെ സഹായത്തോടുകൂടി അമ്പലപ്പുഴക്ഷേത്രറോഡുകളിൽ പ്രവേശിച്ച് ഒരു ഘോഷയാത്ര നടത്തി. ക്ഷേത്രത്തിനു പടിഞ്ഞാറും തെക്കുമുള്ള റോഡുകളിൽ അവർണ്ണർക്കു നിർബാധമായി പ്രവേശനം ലഭിച്ചു. വടക്കും കിഴക്കുമുള്ള റോഡുകളെ സംബന്ധിച്ചു ചില സവർണ്ണയാഥാസ്ഥിതികന്മാർ കോടതിയിൽ സിവിൽക്കേസു ഫയൽ ചെയ്തു് ഒരു താല്ക്കാലികനിരോധനയുത്തരവിന് അപേക്ഷിച്ചു. എന്നാൽ ആലപ്പുഴ ജഡ്ജിയായിരുന്ന മി. ഭാസ്കരമേനവൻ പ്രസ്തുത അപേക്ഷ നിർവ്വിശങ്കം നിരസിക്കയാണു ചെയ്തതു്.

സഞ്ചാരസ്വാതന്ത്ര്യം സ്ഥാപിച്ചുകിട്ടുവാൻ വേണ്ടി നടത്തിയ മറെറാരു സംരംഭം പറവൂർ കണ്ണൻകുളങ്ങര അഗ്രഹാരപ്രവേശനമായിരുന്നു. വളരെ പുരാതനമായ കണ്ണൻകുളങ്ങരക്ഷേത്രത്തിൽനിന്നു കിഴക്കോട്ടു പോകുന്നതും, ഇരുവശങ്ങളിൽ ബ്രാഹ്മണർ ഇടതിങ്ങിപ്പാർക്കുന്നതുമായ പൊതുനിരത്തിൽ അവർണ്ണർക്കു പ്രവേശം തടഞ്ഞിരുന്നു. ൧൧൦൦ ചിങ്ങത്തിൽ ടി. കെ. മാധവൻെറ നേതൃത്വത്തിലാണ് ഈ അഗ്രഹാരറോഡിൽ അവർ പ്രവേശിച്ചതു്. അവർണ്ണർ റോഡിൽ പ്രവേശിച്ചതോടുകൂടി ഇരുവശങ്ങളിലും താമസക്കാരായ ബ്രാഹ്മണർ ഒരു വടം കുറുകെ കെട്ടി ഘോഷയാത്ര തടയുവാനുദ്യമിച്ചുവെങ്കിലും, അന്നവിടെ ഡി. എസ്. പി–യായിരുന്ന ബി. നാണുപിള്ളയുടെ നിയോഗമനുസരിച്ചു പോലീസുകാർ ഇടപെട്ടു മാർഗ്ഗതടസ്സം നീക്കം ചെയ്തു. അവർണ്ണരുടെ ഘോഷയാത്ര നിർബാധമായി അഗ്രഹാരനിരത്തിൽക്കൂടി മുന്നോട്ടു സഞ്ചരിച്ചു. ബ്രാഹ്മണർ കുപിതരായി സിവിൽക്കോടതിയെ അഭയം പ്രാപിച്ചു. കോടതി ആദ്യം നിരോധനാജ്ഞയ്ക്കുള്ള അപേക്ഷയനുവദിച്ചു. ചങ്ങനാശേരി അവർണ്ണർക്കു വേണ്ടി കോടതിയിൽ ഹാജരായി നിരോധനാജ്ഞ നൽകിയുള്ള ഉത്തരവു പുനർവിചാരണ ചെയ്യണമെന്നപേക്ഷിച്ചു. അതിൻെറ ഫലമായി ഒരിക്കൽ നിരോധനാജ്ഞ അനുവദിച്ച കോടതിതന്നെ

പ്രസ്തുത ഉത്തരവസ്ഥിരപ്പെടുത്തി സവർണ്ണരുടെ അപേക്ഷ തള്ളി വിധിച്ചു. ബ്രാഹ്മണർ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. ഹൈക്കോടതി കീഴ്ക്കോടതിയുടെ രണ്ടാമത്തെ ഉത്തരവു ഭേദഗതി ചെയ്തു് ഒരു താൽക്കാലികനിരോധനാജ്ഞ അനുവദിച്ചു. എന്നാൽ ഹൈക്കോടതിയിലെ നിരോധനയുത്തരവിന്റെ വ്യാപ്തിയിൽ ഈഴവരല്ലാത്ത മററു് അവർണ്ണഹിന്ദുക്കളെ ഉൾപ്പെടുത്തിയിരുന്നില്ലാത്തതിനാൽ പുലയർ, പറയർ, കുറവർ മുതലായ അയിത്തജാതിക്കാർക്കു വിവാദറോഡുകളിൽക്കൂടി സഞ്ചരിക്കുവാൻ യാതൊരു തടസ്സവുമുണ്ടായിരുന്നില്ല.

വയ്ക്കംസത്യാഗ്രഹത്തിനുശേഷം നടന്ന സഞ്ചാരസ്വാതന്ത്ര്യസമരങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതു ശുചീന്ദ്രം സത്യാഗ്രഹമാണു്. ൧൧൦൫ മേടത്തിൽ ഡാക്ടർ എം. ഇ. നായിഡുവിന്റെ നേതൃത്വത്തിൽ അവർണ്ണർ നിരോധിക്കപ്പെട്ടിരുന്ന ശുചീന്ദ്രം ക്ഷേത്രറോഡുകളിൽക്കൂടി സഞ്ചരിക്കുവാൻ നിശ്ചയിച്ചു. മേടം ൨൩-ാംനു- സത്യാഗ്രഹികൾ ക്ഷേത്രറോഡുകളിൽ പ്രവേശിച്ചപ്പോൾ സവർണ്ണഹിന്ദുക്കൾ കൂട്ടംകൂടി റോഡിലിരുന്നു് എതിർസത്യാഗ്രഹം നടത്തി അവർണ്ണരെ തടഞ്ഞു. തന്മൂലം സത്യാഗ്രഹികൾക്കു മുന്നോട്ടു നീങ്ങുവാൻ കഴിഞ്ഞില്ല. പോലീസുകാർ പറവൂർ അംഗീകരിച്ച അനുഭാവപൂർവ്വമായ നയം ശുചീന്ദ്രത്തു തുടരുവാൻ വൈമുഖ്യം പ്രദർശിപ്പിച്ചു. ഇതു ഗവമ്മെൻറുപക്ഷത്തുനിന്നുള്ള ഒരു വലിയ കൃത്യവിലോപമായിരുന്നു. ഗവമ്മെൻറിന്റേയും, സവർണ്ണയാഥാസ്ഥിതികരുടേയും നീതിരഹിതമായ നില പ്രതിഷേധിക്കുവാൻ ഒരു സത്യാഗ്രഹസമരം അത്യന്താപേക്ഷിതമായിത്തീൎന്നു.

ഈ ഘട്ടത്തിൽ ഡാക്ടർ നായിഡുവും, ടി. കെ. മാധവനും ചങ്ങനാശേരിയെ നേരിട്ടു കണ്ടു ശുചീന്ദ്രത്തെ വിഷമപ്രശ്നത്തിനു ഗവമ്മെൻറുമായി ഇടപെട്ടു് അഭിമാനകരമായ ഒരു തീരുമാനമുണ്ടാക്കണമെന്നപേക്ഷിച്ചു. ചങ്ങനാശേരി ഉടൻ മി. പിററുമായി ഒരു അഭിമുഖസംഭാഷണം നടത്തി. വീണ്ടും സത്യാഗ്രഹമാരംഭിച്ചതിൽ മി. പിററു് അസംതൃപ്തി പ്രകടിപ്പിച്ചു എങ്കിലും, പൊതുവേ അനുഭാവപൂർവ്വമായ ഒരു മറുപടിയാണദ്ദേഹം നൽകിയതു്. അനന്തരം ചങ്ങനാശേരി അന്നു

ദിവാൻജിയായിരുന്ന വാട്സിനെ കണ്ടു സത്യാഗ്രഹി കളുടെ അവകാശവാദങ്ങൾ സമർപ്പിച്ചു. ദിവാൻജി അവരുടെ സഞ്ചാരസ്വാതന്ത്ര്യത്തിനുള്ള അവകാശവാദത്തെ പൂർണ്ണമായി അനുകൂലിക്കയും അതിലേയ്ക്കു വേണ്ടതു പ്രവർത്തിച്ചുകൊള്ളാമെന്നുറപ്പുനൽകുകയും ചെയ്തു.

ഈ ഘട്ടത്തിൽ മി. പിററിസ് അവധിയെടുത്തു് ഇംഗ്ലണ്ടിലേയ്ക്കു പോകേണ്ട ആവശ്യം നേരിട്ടു. മി. ആർ. കെ. കൃഷ്ണപിള്ളയാണു് അദ്ദേഹത്തിൻെറ അനന്തരഗാമിയായി ചാർജ്ജു വഹിച്ചതു്. പിററിൻെറ നിർദ്ദേശമനുസരിച്ചു മി. ആർ. കെ. കൃഷ്ണപിള്ളയും, ശുചീന്ദ്രം സത്യാഗ്രഹത്തെക്കുറിച്ചു ന്യായമായ ഒരു തീരുമാനമാനമുണ്ടാക്കുന്ന വിഷയത്തിൽ ഔത്സുക്യം പ്രദർശിപ്പിച്ചു. അദ്ദേഹം ദേവസ്വമധികാരികളുമായി പല എഴുത്തുകുത്തുകളും നടത്തി. ചങ്ങനാശേരി ദിവാൻജിയേയും, ദേവസ്വംകമ്മീഷണരേയും അടിക്കടി കണ്ടു് അവസാനതീരുമാനത്തിനുള്ള ശ്രമങ്ങൾ ത്വരിപ്പിച്ചുകൊണ്ടിരുന്നു. അപൂർവം ചില നിയന്ത്രണങ്ങളോടുകൂടി റോഡുകൾ തുറന്നുകൊടുക്കുവാനുള്ള ആലോചനകൾ മിക്കവാറും പൂർത്തിയായി. എങ്കിലും, ഈ ശ്രമങ്ങളൊന്നുംതന്നെ ഫലപ്രദമായില്ല. ശുചീന്ദ്രംക്ഷേത്രറോഡുകൾ അവർക്കു നിരോധിതങ്ങളായിത്തന്നെ തുടന്നു. എഴുത്തുകുത്തുകൾ മുറയ്ക്കു നടന്നുകൊണ്ടിരുന്നു എന്നുള്ളതു ശരിതന്നെ. അവ ഫലപ്രദങ്ങളാകാതിരുന്നതിനുള്ള കാരണങ്ങൾ ഇപ്പോഴും അജ്ഞാതങ്ങളാണു്. ഈ ഘട്ടത്തിൽത്തന്നെ ചങ്ങനാശേരി ഉദ്യോഗം സ്വീകരിച്ചതുകൊണ്ടു തുടന്നു മറ്റൊന്നും പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞതുമില്ല......................................................................................

.......................................................................................................

സംഭവബഹുലമായിരുന്ന നാലു വർഷങ്ങൾ പിന്നെയും കഴിഞ്ഞു. ൧൧൦൫-ൽ ശുചീന്ദ്രത്തു സഞ്ചാരസ്വാതന്ത്ര്യത്തിനു വേണ്ടി വീണ്ടും ഒരു സത്യാഗ്രഹസമരം നടന്നു. അന്നും ഗവമ്മെൻറു നിഷ്പക്ഷനിലയവലംബിക്കുവാൻ ഒരുങ്ങിയില്ല. സമാധാനലംഘനത്തിന്റെ പേരിൽ സത്യാഗ്രഹികളെ ഒന്നൊന്നായി അറസ്ററുചെയ്തു ജയിലിലടച്ചു. സത്യാഗ്രഹികളുടെ പേരിൽ പോലീസുകാർ ഫയൽ ചെയ്ത കേസിൽ ചങ്ങനാശേ

രിയെ ഒരു സാക്ഷിയായി വിസ്തരിച്ചു. അന്ന് ഒരു ഹൈക്കോടതിജഡ്ജിയായിരുന്ന അദ്ദേഹം ൧൧൦൧-ൽ നടന്ന ശുചീന്ദ്രംസത്യാഗ്രഹത്തിൽ താൻ വഹിച്ച പങ്കിനെപ്പററി വിശദമായി മൊഴി കൊടുത്തു. കോടതിയിൽനിന്നും പ്രതികളെ വെറുതെ വിട്ടു വിധി പ്രസ്താവിച്ചു. പക്ഷേ അതുകൊണ്ടും സഞ്ചാരസ്വാതന്ത്ര്യപ്രശ്നത്തിനു യാതൊരു പുരോഗതിയുമുണ്ടായില്ല. വിവാദറോഡുകളുടെ അതൃത്തിയിൽ തീണ്ടൽപലകകൾ നൂതനമായി സ്ഥാപിക്കുവാനാണ് അധികാരികളൊരുങ്ങിയതു്. അനന്തരം ൧൧൦൧-ൽ മഹാത്മാഗാന്ധി തിരുവിതാംകൂർ സന്ദർശിച്ച വേളയിലാണു ജാതിമതഭേദമെന്യേ സകല പൌരന്മാൎക്കും പ്രവേശനമില്ലാത്ത യാതൊരു സ്ഥാപനങ്ങളേയും സംരക്ഷിക്കുന്നതിനു പൊതുമുതൽ ചിലവാക്കുകയില്ലന്നു തിരുവിതാംകൂർ ഗവമ്മെന്റ് ഒരു വിളംബരം പ്രഖ്യാപനം ചെയ്തതു്. പ്രസ്തുത ഉത്തരവ് ഊൎജ്ജിതപ്പെടുത്തുവാനായി വീണ്ടും ൧൧൦൧ മേമാസത്തിൽ അഹിന്ദുക്കൾക്കു പ്രവേശനമുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം നൽകിക്കൊണ്ടു മറെറാരുത്തരവു പുറപ്പെട്ടു. അന്നുവരെ മുൻപറഞ്ഞ തീണ്ടൽ പലകകൾ അവൎണ്ണൎക്കു പ്രവേശനം വിലക്കിക്കൊണ്ടു ശുചീന്ദ്രംക്ഷേത്രറോഡുകളിൽ ഉയൎന്നു നിൽക്കുന്നുണ്ടായിരുന്നു.

വൈക്കംസത്യാഗ്രഹത്തിനുശേഷം ടി. കെ. മാധവൻ തന്റെ ഉത്തരേന്ത്യൻപര്യടനത്തിനിടക്ക് സബർമതിആശ്രമത്തിൽ അല്പകാലം താമസിക്കുകയുണ്ടായി. അന്ന് ക്ഷേത്രപ്രവേശനത്തെപ്പററി ഗാന്ധിജിയുമായി അദ്ദേഹം ആലോചനകൾ നടത്തി. ആലോചനാനന്തരം ഗാന്ധിജി രണ്ടു സന്ദേശങ്ങൾ മാധവനെ ഏല്പിക്കുകയുണ്ടായി. അവയിലൊന്നു തിരുവിതാംകൂർഗവമ്മെന്റിനും പ്രജാസഭയ്ക്കും, മറെറാന്നു പൊതുജനങ്ങൾക്കുമായിട്ടാണു ഗാന്ധിജി ഉദ്ദേശിച്ചിരുന്നതു്. ഗവമ്മെൻറിനേയും പ്രജാസഭയേയും ഉദ്ദേശിച്ച് അദ്ദേഹം നൽകിയിരുന്ന സന്ദേശം താഴെ ചേക്കുന്നു.

"ക്ഷേത്രങ്ങൾക്കു ചുററുമുള്ള റോഡുകൾ അസ്പൃശ്യരെന്നു വിളിക്കപ്പെട്ടുവരുന്നതായ ആളുകൾ ഉപയോഗിക്കുന്നതിനെപ്പററി അനുവൎത്തിക്കപ്പെട്ടതായ നടപടികളിൽ തിരുവിതാംകൂർ ഗവമ്മെൻറ് അനുമോദനാഹർതന്നെ. എന്നാൽ ഇതവൎക്ക

ചെയ്യുവാൻ കഴിയുന്നതിൻെറ പരമാവധിയല്ല. ആ നയത്തെ യുക്തിക്കനുസരണമായ വിധത്തിൽ തുടന്നു ക്ഷേത്രങ്ങളുംപ്പെടെയുള്ള സകല പൊതുസ്ഥാപനങ്ങളിലും അയിത്തജാതിക്കാക്കും മററുള്ളവക്കും തുല്യമായ അവകാശങ്ങളോടുകൂടി പ്രവേശിക്കുവാൻ സാധ്യമാക്കിത്തീക്കുന്നതിനു തിരുവിതാംകൂർ ഗവമ്മെൻറിനും പ്രജാസഭയ്ക്കും ധൈയ്യമുണ്ടാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു."

അക്കൊല്ലത്തെ പ്രജാസഭയിൽ ടി. കെ. മാധവനും ഒരംഗമായിരുന്നു. ക്ഷേത്രപ്രവേശനത്തെപ്പററി പ്രജാസഭയിൽ നിവേദനം ചെയ്യണമെന്നും, ആയവസരത്തിൽ ഗാന്ധിജിയുടെ സന്ദേശത്തെ ഗവമ്മെൻറിനെ ഏല്പിക്കാമെന്നും, ആണ് അദ്ദേഹം നിശ്ചയിച്ചിരുന്നതു്. എന്നാൽ ക്ഷേത്രപ്രവേശനത്തെപ്പററി നിവേദനം ചെയ്യുവാൻ ഗവമ്മെൻറദ്ദേഹത്തിനനുമതി നിഷേധിച്ചു. നീതിരഹിതമായ ഈ നിർദ്ദേശത്തെ പ്രതിഷേധിച്ചു പ്രജാസഭയിലെ സാമാജികസ്ഥാനമദ്ദേഹം രാജിവച്ചു. ഗാന്ധിജിയുടെ സന്ദേശം അഞ്ചൽമാഗ്ഗം ദിവാൻജിക്കയച്ചുകൊട്ടുത്തു. എന്നാൽ ഗാന്ധിജി പൊതുജനങ്ങൾക്കായി നൾകിയ സന്ദേശത്തെ അദ്ദേഹം വഴിയാംവണ്ണം ഉപയോഗിച്ചു. ചുഴലിക്കാററുപോലെ രാജ്യത്തെ ആകമാനം കുലുക്കുന്ന പ്രചണ്ഡമായ ഒരു പ്രക്ഷോഭണപരിപാടിയുടെ നാന്ദിയായി ഈ സന്ദേശത്തെ പൊതുജനസമക്ഷം സമപ്പിക്കണമെന്നാണ് അദ്ദേഹം നിശ്ചയിച്ചുറച്ചതു്. ഗാന്ധിജിയുടെ സന്ദേശമിതായിരുന്നു.

"തിരുവിതാംകൂറിലെ സമുദായപരിഷ്കാരപ്രവത്തകന്മാർ അയിത്തത്തെ സംബന്ധിച്ച് അഭിനന്ദനീയമാംവണ്ണം പ്രവത്തിച്ചിട്ടുണ്ട്. മതപരമായി കൂടുതൽ ചിന്തിക്കുംതോറും അയിത്തം ഹിന്ദുമതത്തിലെ ഏററവും വലിയ ഒരു കളങ്കമാണെന്നുള്ള ബോധ്യം എനിക്കു വർദ്ധിച്ചുവരുന്നു. എന്നാൽ ഓരോ പൊതുവിദ്യാലയവും ഓരോ ക്ഷേത്രവും അയിത്തക്കാരെന്നു വിളിച്ചുവരുന്നവക്കു മററു ഹിന്ദുക്കൾക്കുള്ളതിനോടു തുല്യമായ അവകാശങ്ങളോടുകൂടി തുറന്നുകൊടുക്കപ്പെടുന്നതുവരെ സമുദായപരിഷ്കത്താക്കൾ വിശ്രമിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു"

സബർമതി.
21—1—26.

എം. കെ. ഗാന്ധി.

അധിരാജപദത്തിൽനിന്നു വരുന്ന സന്ദേശങ്ങൾ രാജകീയാഡംബരങ്ങളോടുകൂടി നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികൾ സ്വീകരിക്കുകയെന്നു് ഒരു ചടങ്ങുണ്ടു്. ലോകൈകവന്ദ്യനായ ഗാന്ധിജി തിരുവിതാംകൂറിലെ ജനങ്ങൾക്കു നൽകിയ സന്ദേശം തത്തുല്യമായ ആഡംബരങ്ങളോടുകൂടിത്തന്നെ സ്വീകരിക്കുവാനാണു പൊതുജനങ്ങൾ തീർച്ചയാക്കിയതു്. ൧൱൧ കുംഭം ൧൯-ാം തീയതി തിരുവനന്തപുരത്തുവച്ചു് ഒരു ക്ഷേത്രപ്രവേശനഡർബാർ നടത്തി ഗംഭീരമായ ആഡംബരങ്ങളോടുകൂടി ബഹുജനങ്ങൾ ഗാന്ധിജിയുടെ സന്ദേശത്തെ സ്വീകരിച്ചു. മി. ടി. കെ. വേലുപ്പിള്ളയാണു് ആ സമ്മേളനത്തിലാദ്ധ്യക്ഷം വഹിച്ചതു്. ക്ഷേത്രപ്രവേശനസംബന്ധിച്ചാവശ്യമായ പ്രചരണജോലികൾ നടത്തുവാൻ ചങ്ങനാശേരി അദ്ധ്യക്ഷനായും, ടി. കെ. മാധവൻ സിക്രട്ടറിയായും ഒരു കമ്മിറ്റി ആ സമ്മേളനത്തിൽവച്ചു രൂപവല്ക്കരിച്ചു. സർബാറിനുശേഷം കമ്മററി വിപുലമായ ഒരു പ്രവർത്തനപരിപാടി നിർമ്മിച്ചു പ്രക്ഷോഭണമാരംഭിച്ചു. എന്നാൽ ഈ ഘട്ടത്തിൽ ചങ്ങനാശേരി ഗവൺമെൻറുദ്യോഗം സ്വീകരിച്ചതുകൊണ്ടു പ്രക്ഷോഭണങ്ങൾ തുടർന്നുകൊണ്ടുപോകുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ സംഘടനാപരമായ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നതുകൊണ്ടു, മുഴുവൻസമയവും ക്ഷേത്രപ്രവേശനപ്രക്ഷോഭണത്തിനു വിനിയോഗിക്കുവാൻ മാധവനും ഇക്കാലത്തു കഴിഞ്ഞില്ല. എങ്കിലും പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുതന്നെ ഇരുന്നു. ൧൧൦൫-ൽ മാധവൻെറ അകാലനിര്യാണത്തിനുശേഷം ക്ഷേത്രപ്രവേശന സംരംഭങ്ങൾ മന്ദീഭവിച്ചുപോയി.

# അദ്ധ്യായം ൨൮

പ്രജാവത്സലനായിരുന്ന ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ൧൯൨൪-ൽ നാടുനീങ്ങിയതും, അന്നു് ഒരു ബാലനായിരുന്ന ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു സ്ഥാനാരോഹണം ചെയ്തതും ഇതിനു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തിരുമനസ്സിലേയ്ക്കു പ്രായപൂർത്തി വന്നിട്ടില്ലാതിരുന്നതിനാൽ സീനിയർമഹാറാണി തിരുമനസ്സുകൊണ്ടു റീജൻറു് എന്ന നിലയിൽ ഭരണഭാരം കയ്യേററു. ഇതിനുശേഷം അല്പകാലത്തിനുള്ളിൽ മി. ടി. രാഘവയ്യാ തിരുവിതാംകൂറിലെ ദിവാൻപദത്തിൽനിന്നു വിരമിച്ചു. മി. രാഘവയ്യാ ദിവാൻപദമൊഴിയുന്നതിനു മുൻപുതന്നെ ചങ്ങനാശേരി പരമേശ്വരൻപിള്ളയെ ഉദ്യോഗമൊഴിയുന്ന മി. സുബ്ബയ്യുക്കു പകരം ലാമെമ്പറായി നിയമിക്കുവാൻ വേണ്ട നടപടികൾ ആരംഭിച്ചിരുന്നു. മി. രാഘവയ്യായുടെ ഭരണകാലത്തു ചങ്ങനാശേരി, ഗവമ്മെൻറിൻെറ അനീതിപരങ്ങളായ ഭരണക്രമങ്ങളേയും, സ്വേച്ഛാപരമായ നയങ്ങളേയും നിർഭയമായും പരുഷമായും വിമർശിച്ചുകൊണ്ടിരുന്നു എങ്കിലും, അദ്ദേഹം ഒന്നിലധികം രാഷ്ട്രീയപ്രക്ഷോഭണങ്ങളുടെ നേതൃത്വംതന്നെ വഹിച്ചിരുന്നു എങ്കിലും, അതുകൊണ്ടൊന്നും രാജ്യതന്ത്രജ്ഞനായ മി. രാഘവയ്യായ്ക്കു വ്യക്തിപരമായ യാതൊരു വിദ്വേഷവും ചങ്ങനാശേരിയോടുണ്ടായിരുന്നില്ല. നേരെ മറിച്ചു ചങ്ങനാശേരിയേപ്പോലെ സ്വതന്ത്രചിത്തനും പൊതുക്കാര്യതല്പരനും, ബുദ്ധിമാനുമായ ഒരാളിൻെറ സേവനം എപ്പോഴും ഏതൊരു ഗവമ്മെൻറിനും ഒരു വലിയ പിൻബലമായിരിക്കുമെന്നു മനസ്സിലാക്കുവാൻ വേണ്ട വിശാലവീക്ഷണവും അദ്ദേഹത്തിനുണ്ടായിരുന്നു. രാഷ്ട്രീയലോകത്തു വ്യക്തിപരമായ ചിന്തകൾക്കു സ്ഥാനമില്ലാതിരുന്നതുകൊണ്ടു, തിരുവിതാംകൂറിലെ പൊതുക്കാര്യജീവിതം മലിനപ്പെട്ടിരുന്നില്ല. ചങ്ങനാശേരിയുടെ രാഷ്ട്രീയപ്രക്ഷോഭണങ്ങൾ ശ്രീമൂലംതിരുനാൾ തിരുമനസ്സിലേയ്ക്കു കൂടി പലപ്പോഴും മനസ്സിനു വലിയ ശല്യമുണ്ടാക്കിയിരിക്കാമെങ്കിലും, സമുദ്രവിസ്തൃതിയുള്ള ഒരു

വിശാലഹൃദയത്തിന്റെ ഉടമസ്ഥനായിരുന്ന തിരുമനസ്സിലേയ്ക്കു ചങ്ങനാശ്ശേരിയോടുണ്ടായിരുന്ന സന്മനോഭാവത്തിന് ഒരിയ്ക്കലും ഒരു കുറവും സംഭവിച്ചിരുന്നില്ല. അത്ര വളരെ ഉദാരമായ ഒരു ചിത്തമാണു തിരുമനസ്സിലേയ്ക്കുണ്ടായിരുന്നത്. ചങ്ങനാശ്ശേരി പലപ്പോഴം തിരുമനസ്സിനെ മുഖം കാണിച്ചിട്ടുണ്ട്. ൧൦൮൭-വരെ തിരുമനസ്സുകൊണ്ടു ചങ്ങനാശ്ശേരിയ്ക്കു കല്പിച്ചോണപ്പുടകൾ നൽകുക പതിവായിരുന്നു. തൊണ്ണൂററിഎട്ടിൽ എന്തോ കാരണവശാൽ അതു നൽകുകയുണ്ടായില്ല. ചങ്ങനാശ്ശേരി ഒരു തികഞ്ഞ രാജഭക്തനായിരുന്നു. ഒരു ഇംഗ്ലീഷുകാരനു രാജസ്ഥാനത്തോടുള്ള മനോഭാവമാണു തനിക്കുമുള്ളതെന്ന് അദ്ദേഹം പലപ്പോഴം പറയാറുണ്ട്.

ദിവാൻ മി. രാഘവയ്യാ ഉദ്യോഗമൊഴിഞ്ഞുപോകുമ്പോൾ ചങ്ങനാശ്ശേരിയെ ലാമെമ്പറായി നിയമിക്കുവാനുള്ള നടപടികൾ പൂർത്തിയായിരുന്നില്ല. മി. രാഘവയ്യായുടെ അനന്തരഗാമിയായി ആർ കൃഷ്ണപിള്ള അഫിഷിയേററിംഗ് ദിവാനായി നിയമിക്കപ്പെട്ടു. ചങ്ങനാശ്ശേരിയുടെ നിയമനം സംബന്ധിച്ചു മേൽനടപടികളൊന്നുംതന്നെ ആർ. കൃഷ്ണപിള്ള തുടരുകയുണ്ടായില്ല. അതുകൊണ്ടു അങ്ങിനെയൊരു നിയമനവും നടപ്പിൽ വന്നില്ല.

ആർ. കൃഷ്ണപിള്ള ചാർജ്ജെടുത്ത് അധികനാൾ കഴിയുന്നതിനു മുൻപു തിരുവിതാംകൂർ ദിവാനായി വാട്ട്സ് എന്നൊരു ധ...ര ശീമയിൽനിന്നു തിരിച്ചിരിക്കുന്നു എന്നോ, തിരിക്കുവാൻ പോകുന്നു എന്നോ ഉള്ള കിംവദന്തികൾ രാജ്യമെങ്ങും പ്രചരിച്ചു. ഇദ്ദേഹം, അന്നു വിമൻസ് കാളേജ് പ്രിൻസിപ്പാളായിരുന്ന മിസ്സ് വാട്ട്സിന്റെ ഒരു അടുത്ത ബന്ധുവാണെന്നും തിരുവിതാംകൂറിലാണ് അദ്ദേഹം ജനിച്ചുവളന്നതെന്നും, ബ്രിട്ടീഷ് ഇൻഡ്യയിൽ ഒരുയന്ന ഉദ്യോഗം ഭരിച്ച് അതിൽനിന്നു വിരമിച്ചതിനുശേഷം അക്കാലത്തു ഇംഗ്ലണ്ടിൽ വിശ്രമമനുഭവിക്കയായിരുന്നു എന്നും, മററുമുള്ള പല ശ്രുതികളും പരന്നു. ദിനംപ്രതിയെന്നപോലെ ഈ കിംവദന്തികൾക്കു പ്രാബല്യം വധിച്ചുവന്നു. അംഗീകാരവും പ്രതിഷേധവും ഇട

കലൎന്ന സമ്മിശ്രമായ ഒരു സ്വീകരണമാണു ജനപക്ഷത്തു നിന്നും ഉണ്ടായ ഈ നിയമനോത്തരവിന്നു ലഭിച്ചുകൊണ്ടിരുന്നതു്. ക്രിസ്ത്യാനികൾ ഈ വാൎത്ത സഹൎഷം സ്വാഗതം ചെയ്തു. എന്നാൽ സവൎണ്ണഹിന്ദുക്കളിൽ ഒരു വലിയ വിഭാഗം ഈ നിയമനത്തെ ശക്തിയുക്തം പ്രതിഷേധിച്ചു. തിരുവിതാംകൂർ ഒരു ഹിന്ദുരാജ്യമാണെന്നും, രാജ്യഭരണത്തിനുപുറമേ, ദൈവദേവസ്വങ്ങളുടേയും ഇതരധൎമ്മസ്ഥാപനങ്ങളുടേയും മേൽനോട്ടം കൂടി വഹിക്കേണ്ടുന്ന ദിവാൻജി എപ്പോഴും ഒരു സവൎണ്ണഹിന്ദുവായിരിക്കണമെന്നും, ഇക്കൂട്ടർ മുറവിളി കൂട്ടി. ദൈനദിനപത്രങ്ങളും ക്രിസ്തീയപത്രങ്ങളും ഇരുവശങ്ങളിലും അണിനിരന്നു നിന്നു പ്രചണ്ഡമായ ഒരു തൂലികാസമരംതന്നെ നടത്തി. തിരുവനന്തപുരത്തെ ചില പൌരപ്രമാണികൾ ഒരു യോഗം വിളിച്ചുകൂട്ടി ഈ നിയമനത്തെ പ്രതിഷേധിക്കയും ചെയ്തു.

വാട്ട്സ് ആരാണെന്നും, അദ്ദേഹത്തിനു തിരുവിതാംകൂർ ദിവാൻപദം വഹിക്കുവാനുള്ള യോഗ്യതകൾ എന്താണെന്നും, അറിയുന്നതിനു മുൻപു് ആ നിയമനത്തെക്കുറിച്ചു സ്വതന്ത്രമായ ഒരു നിലയാണു ചങ്ങനാശേരി സ്വീകരിച്ചതു്. വാട്ട്സിനെ ദിവാൻജിയായി നിയമിച്ചിരിക്കുന്നു എന്ന ശ്രുതിയ്ക്കു പ്രാബല്യം സിദ്ധിച്ചതോടുകൂടി, ഒരു പത്രാധിപരും ഈഴവസമുദായത്തിലെ ഒരു നേതാവും ആയ ഒരു മാന്യൻ ചങ്ങനാശേരിയെ സമീപിച്ചു് ഈ നിയമനത്തെപ്പററി അദ്ദേഹത്തിനുള്ള അഭിപ്രായമെന്തെന്നറിയണമെന്നാവശ്യപ്പെട്ടു. ചങ്ങനാശേരിതന്നെ ഈ വിഷയത്തെപ്പററി ആ ഘട്ടത്തിൽ സ്വയം ഒരു തീരുമാനത്തിലെത്തിച്ചേൎന്നിരുന്നില്ലാത്തതുകൊണ്ടു പരസ്യമായി എന്തെങ്കിലും പറയുവാൻ അദ്ദേഹം വിസമ്മതം പ്രകടിപ്പിച്ചു. ഈഴവനേതാവു വിട്ടില്ല. ഈഴവസമുദായം ഈ നിയമനത്തെപ്പററി എന്തൊരു നിലയാണു സ്വീകരിക്കേണ്ടതെന്നായി അദ്ദേഹത്തിന്റെ അടുത്ത ചോദ്യം. 'അതു കേട്ടു് അല്പനിമിഷങ്ങൾ ആലോചനാനിമഗ്നനായി കഴിച്ചുകൂട്ടിയതിനുശേഷം ചങ്ങനാശേരി ഇങ്ങിനെ മറുപടി പറഞ്ഞു. "നിങ്ങൾ ഏതായാലും ഈ കാൎയ്യത്തിൽ ക്രിസ്ത്യാനികളുടെ പക്ഷത്തുചേരുകയാണു വേണ്ടതു്. സവൎണ്ണഹിന്ദുക്കൾക്കേ തിരുവിതാം

ക്രൂറിൽ ദിവാനുദ്യോഗം വഹിക്കാവൂ എന്നു പറയുന്നതു നിശ്ചയമായും ഈഴവരുടെ താല്പര്യങ്ങൾക്കു ദോഷകരമാണ്. ഇന്നല്ലെങ്കിൽ നാളെ ഈഴവസമുദായത്തിൽനിന്നും തിരുവിതാംക്രൂർദിവാൻജിയുദ്യോഗത്തിനർഹതയുള്ള ഒരാൾ ഉണ്ടാകുമ്പോൾ ഈ മാമൂൽ അയാൾക്കു തടസ്ഥമായിത്തീരും. അതിനാൽ ഈ മാമൂൽ എത്രയും വേഗത്തിൽ ഇല്ലാതാക്കുവാൻ സാധിക്കുമോ അത്രയും നിങ്ങൾക്കു നല്ലതാണ്." ഈ ഉപദേശം ആ ഈഴവനേതാവിനെ അല്പമൊന്നമ്പരപ്പിച്ചു. ഇത്ര നിഷ്പക്ഷമായും നിസ്വാർത്ഥമായും ഉള്ള ഉപദേശം നൽകുവാൻ സന്നദ്ധതയും ധൈര്യവുമുള്ള ഒരു സവർണ്ണനേതാവുണ്ടായിരിക്കുമെന്നു വിശ്വസിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. എങ്കിലും സവർണ്ണഹിന്ദുക്കളുടെ ഇടുങ്ങിയ പ്രത്യേക താല്പര്യങ്ങൾക്കു വിരുദ്ധമായി, രാജ്യത്തിൻെറ വിപുലമായ താല്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരുപദേശമാണു ചങ്ങനാശേരി നൽകിയതു്. അദ്ദേഹത്തിന് അങ്ങനെ ഒരുപദേശമല്ലാതെ നൽകുവാൻ സാധ്യമായിരുന്നില്ല. ചങ്ങനാശേരി ഒരു സമുദായസേവകനായിരുന്നു. പക്ഷേ അദ്ദേഹം ഒരു സമുദായവാദിയായിരുന്നില്ല. സമുദായസേവനതല്പരത രാഷ്ട്രീയമായ അദ്ദേഹത്തിന്റെ വീക്ഷണകോടിയെ മറച്ചിരുന്നുമില്ല. രാഷ്ട്രത്തിന്റെ വിപുലമായ താല്പര്യങ്ങളെ അദ്ദേഹം വിസ്മരിച്ചതുമില്ല. ഈഴവസമുദായം അദ്ദേഹത്തിൻെറ ഉപദേശം സ്വീകരിച്ചു പ്രവർത്തിച്ചു.

ദീർഘമായ ആലോചനയ്ക്കുശേഷം, തിരുവനന്തപുരത്തെ സവർണ്ണനേതാക്കന്മാർ വാട്ട്സിൻെറ നിയമനത്തെ സംബന്ധിച്ചു സ്വീകരിച്ചിരുന്ന ദേശീയവിരുദ്ധമായ നിലയെ, എതിർക്കുവാൻതന്നെ ചങ്ങനാശേരി തീരുമാനിച്ചു. പ്രസ്തുത നിയമനം സംബന്ധിച്ചു തനിക്കുള്ള അഭിപ്രായങ്ങളെ വിശദമാക്കിക്കൊണ്ടു് അദ്ദേഹം മദ്രാസിലെ ഹിന്ദുപത്രത്തിൽ ഒരു ലേഖനമെഴുതി. തിരുവിതാംക്രൂർദിവാൻജിയാകുന്നതിനുള്ള മറ്റെല്ലാ യോഗ്യതകളും വാട്ട്സിനുണ്ടെങ്കിൽ അദ്ദേഹം ഒരു സവർണ്ണഹിന്ദുവല്ലെന്നുള്ളതു, പ്രസ്തുത സ്ഥാനലബ്ധിക്കു തടസ്ഥമായി നിന്നുകൂടെന്നായിരുന്നു ചങ്ങനാശേരി ആ ലേഖനത്തിൽ സ്വീകരിച്ച വാദഗതി.

വാട്ട്സ് യഥാകാലം തിരുവിതാംകൂറിലെത്തി ദിവാൻ പദം കയ്യേററു. പ്രതിഷേധസ്വരങ്ങൾ താനേ നിലച്ചു. തൽസ്ഥാനത്തു മംഗളപത്രങ്ങളും സ്വീകരണങ്ങളും പ്രത്യക്ഷപ്പെട്ടു. തിരുവനന്തപുരത്തു ചങ്ങനാശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ചായിരുന്നു ചാർജെടുത്തതിനു ശേഷം ആദ്യത്തെ സ്വാഗതപത്രം വാട്ട്സിനു സമപ്പിച്ചതു്.

വാട്ട്സിൻെറ ഭരണകാലത്താണു കുപ്രസിദ്ധമായ വത്തമാനപ്പത്രറഗുലേഷൻ നടപ്പിലാക്കിയതു്. വിദ്യാത്ഥിവേട്ടമി. രാഘവയ്യായുടെ ഭരണത്തെയെന്നപോലെ വാട്ട്സിൻെറ ഭരണത്തെ എന്നേയ്ക്കുമായി കളങ്കപ്പെടുത്തിയതു് ഈ നിയമനിമ്മാണമായിരുന്നു. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയെ നാടുകടത്തിയതൊഴിച്ചാൽ, വാട്ട്സിൻെറ പത്രറഗുലേഷൻ നടപ്പിൽ വരുന്നതുവരെ, തിരുവിതാംകൂറിൽ മറ്റേതൊരു സ്വതന്ത്രരാജ്യത്തിലുമെന്നപോലെ പത്രം നടത്തുവാനുള്ള പൌരാവകാശം അനിയന്ത്രിതമായിത്തന്നെ നിലനിന്നു വന്നു. രാമകൃഷ്ണപിള്ളയെ നാടുകടത്തുന്ന വിഷയത്തിൽ ഗവമെൻറു സ്വീകരിച്ച നയം എത്ര വളരെ ആക്ഷേപാഹമായിരുന്നു എങ്കിലും ഒരു വ്യക്തിയെയല്ലാതെ ഒരു രാജ്യത്തെ ആകമാനം ശിക്ഷിക്കുന്ന ഫലം ആ നടപടിയിലന്തർഭവിച്ചിരുന്നില്ലെന്നൊരു മെച്ചം അതിനുണ്ടായിരുന്നു. നിലവിലിരുന്ന ശിക്ഷാനിയമങ്ങളനുസരിച്ചു പരസ്യമായി കോടതിയിൽ വിസ്തരിച്ചു ശിക്ഷ കല്പിക്കയല്ലാതെ നൂതനമായ ഒരു വിളംബരം തന്നെ പ്രഖ്യാപനം ചെയ്തു യാതൊരു വിചാരണയും കൂടാതെ രാമകൃഷ്ണപിള്ളയെ നാടുകടത്തിയതാണു പ്രതിഷേധത്തിനു കാരണമാക്കിയതു്. എന്നാൽ ഒരു നിയമം പ്രഖ്യാപനം ചെയ്തു രാജ്യത്തെ പൌരസ്വാതന്ത്ര്യത്തെ ആകമാനം ശ്വാസം മുട്ടിക്കാതിരുന്നതു് അഭിനന്ദനാർഹമായിരുന്നു. വാട്ട്സിന്റെ പത്രമാരണനിയമം തിരുവിതാംകൂറിലെ പത്രപ്രവത്തനസ്വാതന്ത്ര്യത്തിൻെറ ചുവട്ടിൽ കത്തിവയ്ക്കുകയാണു ചെയ്തതു്. അതു തുലോം അനീതിപരമായ ഒരു പൌരാവകാശധ്വംസനമായിരുന്നു. ഗവമെൻറിനു ഒരു പത്രപ്രവത്ത

കന്നോട്ട് അഞ്ഞൂറു രൂപായിൽ കവിയാത്ത ഒരു തുക കെട്ടിവച്ചു ലൈസൻസ് എടുക്കണമെന്നാവശ്യപ്പെടുന്നതിനും, ഏതവസരത്തിലും കോടതിമുഖേനയുള്ള യാതൊരു വിചാരണയും കൂടാതെ എക്സിക്യൂട്ടീവിന്റെ സ്വേച്ഛാധികാരം ഉപയോഗിച്ച് ആ തുക കണ്ടുകെട്ടുന്നതിനുമുള്ള അധികാരം ഈ നൂതന നിയമംകൊണ്ടു സിദ്ധിച്ചു. വഴിപിഴച്ച പത്രപ്രവർത്തനം അന്നു തിരുവിതാംകൂറിലുണ്ടായിരുന്നില്ലെന്നു പറയുന്നതു പരമാർത്ഥമായിരിക്കയില്ലെങ്കിലും, ഇങ്ങിനെ ഒരു നൂതനനിയമം സൃഷ്ടിച്ചു പൌരസ്വാതന്ത്ര്യത്തെ ഹനിക്കുവാനുള്ള ആവശ്യം ഒരിക്കലുമുണ്ടായിരുന്നില്ല. കുറ്റവാളികളായ പത്രപ്രവർത്തകന്മാരെ ശിക്ഷിക്കുവാൻ ഗവമ്മെന്റിനധികാരം നൽകുന്ന വകുപ്പുകൾ സുലഭമായി ശിക്ഷാനിയമത്തിലുണ്ട്. വാട്ട്സിന്റെ പത്രറഗുലേഷൻ തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ പൌരാവകാശങ്ങളിലുള്ള ആദ്യത്തെ കൈകടത്തലായിരുന്നു എന്നു വേണമെങ്കിൽ പറയാം. ഇതു ജനങ്ങളുടെ ഇടയിൽ വലിയ ക്ഷോഭമുണ്ടാക്കി. തിരുവിതാംകൂറിലെങ്ങും പത്രമാരണനിയമത്തിനെതിരായുള്ള പ്രക്ഷോഭണങ്ങളാരംഭിച്ചു. തിരുവനന്തപുരത്തു ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ അദ്ധ്യക്ഷതയിൽ ഗംഭീരമായ ഒരു പൊതുയോഗം കൂടി ഈ നിയമനിർമ്മാണത്തെ പ്രതിഷേധിച്ചു. വാട്ട്സിന്റെ ആദ്യത്തെ സ്വീകരണയോഗത്തിലാദ്ധ്യക്ഷം വഹിച്ച ചങ്ങനാശേരിതന്നെയാണ് ഈ പ്രതിഷേധയോഗത്തിലും ആദ്ധ്യക്ഷം വഹിച്ചതു്. വാട്ട്സിന്റെ നിയമനത്തെ പ്രതിഷേധിക്കുവാനദ്ദേഹം ഉദ്യുക്തനായില്ലെന്നുമാത്രമല്ല, ആ നിയമനത്തെ നീതീകരിക്കുവാനും വാട്ട്സിനു ഹാർദ്ദമായ സ്വാഗതമരുളുവാനും അദ്ദേഹം മടിച്ചില്ല. എന്നാൽ വാട്ട്സിന്റെ ഭരണം പൌരസ്വാതന്ത്ര്യത്തിനു ഹാനികരമായിത്തീരുമെന്നു ബോദ്ധ്യപ്പെട്ടപ്പോൾ അതിനെ പ്രതിഷേധിക്കുവാൻ പൊതുജനങ്ങളുടെ മുന്നണിയിലദ്ദേഹം പ്രത്യക്ഷപ്പെട്ടു. വർത്തമാനപ്പത്രറഗുലേഷൻ റദ്ദുചെയ്യണമെന്നു മഹാറാണി റീജൻറു തിരുമനസ്സിനോടപേക്ഷിച്ചുകൊണ്ടും, ഗവമ്മെൻറിൽനിന്ന് ഈ അഭ്യർത്ഥനയ്ക്കനുകൂലമായ ഒരു മറുപടി ലഭിക്കാതിരുന്നാൽ നിയമസാഭാസമാജികത്വമുപേക്ഷിക്കുകയെന്നതുൾപ്പെടെയുള്ള എല്ലാ വ്യവസ്ഥാപിതമാർഗ്ഗങ്ങളും അവലംബിച്ചു പൌരാവകാശം പുനഃസ്ഥാപിച്ചു കിട്ടു

വാൻ വേണ്ടതു ചെയ്യുന്നതിലേയ്ക്കു നിയമസഭാസാമാജികന്മാർ സന്നദ്ധരായിരിക്കണമെന്നുൽബോധിപ്പിച്ചുകൊണ്ടും, പ്രസ്തുത യോഗത്തിൽ, പ്രമേയങ്ങൾ പാസ്സാക്കി. ഈ വിഷയത്തെ സംബന്ധിച്ച് ശക്തിയായ പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിനും, ആവശ്യമായ നടപടികൾ തുടരുന്നതിനും, പി. കെ. നാരായണപിള്ള അദ്ധ്യക്ഷനായും, മെ. എം. കെ. പിള്ള, എ. നാരായണപിള്ള, എ. ബാലകൃഷ്ണപിള്ള തുടങ്ങിയുള്ളവർ അംഗങ്ങളായും ഒരു കമ്മററിയെ നിയമിക്കയും ചെയ്തു.

വ്യക്തിപരമായ അഭിപ്രായഭിന്നതകൾ വിസ്മരിച്ചു തിരുവനന്തപുരത്തെ മഹാരഥന്മാർ ഒന്നിച്ചുചേന്ന് ഏകകണ്ഠമായി ഒരു ഗവമ്മെൻറുനടപടിയിൽ പ്രതിഷേധം രേഖപ്പെടുത്തിയ ഒരപൂർവ്വാവസരമായിരുന്നു ഇതു്. ചങ്ങനാശേരി, മി. മള്ളൂർ, പി. കെ., മി. ടി. കെ. തുടങ്ങിയ പ്രബലന്മാരായ പൊതുജനപ്രമാണികൾ എല്ലാംതന്നെ ഈ സമ്മേളനത്തിൽ പങ്കുകൊണ്ടിരുന്നു. മി. എ. ബാലകൃഷ്ണപിള്ളയ്ക്കു തിരുവനന്തപുരത്തെ പൊതുക്കാര്യജീവിതത്തിൽ പ്രയോഗിക്കുവാൻ കഴിഞ്ഞിരുന്ന ധാർമ്മികശക്തിയുടെ ഒരു മഹാവിജയമായിരുന്നു ഇതു്. ഈ സമ്മേളനത്തെ അഭിമുഖീകരിച്ചുകൊണ്ടു മി. മള്ളൂർ ചെയ്ത ഗംഭീരമായ പ്രസംഗം വികാരവിക്ഷുബ്ധമായ ഹൃദയങ്ങളോടുകൂടി മാത്രമേ ശ്രോതാക്കൾക്കു ശ്രവിക്കുവാൻ കഴിഞ്ഞുള്ളു. മി. മള്ളൂരിനെപ്പോലുള്ള ഒരു വാഗ്വിലാസസമ്പന്നൻെറ ആത്മാർത്ഥമായ സഹകരണം തിരുവിതാംകൂറിലെ പൊതുക്കാര്യജീവിതത്തിന് എത്ര വൻപിച്ച ഒരു നേട്ടമായിരുന്നേനേ എന്നു തമ്പാന്നൂർഹാളിലെ പത്രമർദ്ദനപ്രതിഷേധയോഗം വെളിപ്പെടുത്തി. മി. മള്ളൂരിന്റെ പ്രക്ഷോഭജനകമായ പ്രസംഗത്തിന്റെ ഉത്തുംഗമായ അലകൾ ഔദ്യോഗികമണ്ഡലങ്ങളിൽ അത്യന്തശക്തിയോടെ ചെന്നലച്ച് അസാധാരണമായ ചില പ്രത്യാഘാതങ്ങളുണ്ടാക്കി. മി. മള്ളൂർ അന്നു ലാക്കാളേജിലെ ഒരു ലക്ചററായിരുന്നു. ലാക്കാളേജ്‌ലക്ചറന്മാർ ഗവമ്മെന്റിൽനിന്നു വേതനം പററുന്നതുകൊണ്ടു പൊതുക്കാര്യപ്രസക്തന്മാരേപ്പോലെ രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ പങ്കെടുക്കുവാൻ പാടില്ലെന്ന് ഒരു നിരോധനാജ്ഞ പുറപ്പെടുവിച്ചു ഗവമ്മെന്റു മി. മള്ളൂരിനെ നിശ്ശബ്ദനാക്കി.

സമ്മേളനാനന്തരം ചങ്ങനാശേരി വാട്ട്സിനെ നേരിട്ടു കണ്ടു പത്രറഗുലേഷൻ റദ്ദുചെയ്യേണ്ടതിൻെറ ആവശ്യകതയെപ്പററി അദ്ദേഹത്തോടു സംഭാഷണംചെയ്തു. വാട്ട്സ് അനുഭാവപൂർവ്വം ചങ്ങനാശേരിയുടെ വാദങ്ങൾ ശ്രവിക്കയും, വിദൂരമല്ലാത്ത ഭാവിയിൽ പത്രറഗുലേഷൻ റദ്ദുചെയ്തുകൊള്ളാമെന്നു വാഗ്ദാനം നൾകുകയും ചെയ്തു. ഇക്കാര്യത്തിൽ വാട്ട്സിൻെറ ഹസ്തങ്ങൾ സ്വതന്ത്രങ്ങളായിരുന്നു എങ്കിൽ കുപ്രസിദ്ധമായ പത്രറഗുലേഷൻ ദീർഘകാലം അതിൻെറ സാന്നിദ്ധ്യംകൊണ്ടു തിരുവിതാംകൂറിലെ നിയമസംഹിതയെ കളങ്കപ്പെടുത്തുകയില്ലായിരുന്നു എന്നാണു ചങ്ങനാശേരി അനന്തരകാലങ്ങളിൽ പറയാറുണ്ടായിരുന്നതു്.

നിയമനിർമ്മാണസഭയിലും പത്രനിയമത്തോടുള്ള പ്രതിഷേധം രേഖപ്പെടുത്തുവാനുള്ള ചില ശ്രമങ്ങൾ നടക്കാതിരുന്നില്ല. ആ വിഷയത്തെക്കുറിച്ചു പ്രതിപാദിക്കുവാൻ ഹാജരാക്കപ്പെട്ട അടിയന്തിരപ്രമേയം ദിവാനദ്ധ്യക്ഷൻ തള്ളിക്കളഞ്ഞു. നിയമസഭയിലെ എല്ലാ അംഗങ്ങളും ബഡ്ജററ് പൊതുവിമർശം നടക്കുമ്പോൾ പ്രസ്സ്റഗുലേഷനെ പ്രതിഷേധിച്ചു പ്രസംഗിക്കണമെന്നും, പ്രസംഗാനുവാദം നിഷേധിക്കപ്പെടുകയാണെങ്കിൽ എല്ലാവരും മൌനമവലംബിക്കണമെന്നുമുള്ള ചങ്ങനാശേരിയുടെ നിർദ്ദേശത്തെ ഭൂരിപക്ഷം അനുദ്യോഗസ്ഥാംഗങ്ങളും സ്വീകരിച്ചു. എന്നാൽ ഇതു പൂർണ്ണവിജയത്തിൽ കലാശിച്ചില്ല. ഭൂരിപക്ഷം മൌനം ദീക്ഷിക്കുകയുണ്ടായി എങ്കിലും ഏതാനും അംഗങ്ങൾ പ്രസംഗിക്കുകതന്നെ ചെയ്തു. അതിനുശേഷം ധനാഭ്യർത്ഥനകൾ ആലോചനയ്ക്കെടുത്തപ്പോൾ പത്രനിയമത്തെപ്പററിയുള്ള പ്രതിഷേധം ഒരുപക്ഷേപരൂപത്തിൽ അവതരിപ്പിക്കപ്പെട്ടു. പക്ഷേ ഏതാനും അനുദ്യോഗസ്ഥന്മാർ ഉദ്യോഗസ്ഥാംഗങ്ങളോടു ചേർന്നു വോട്ടുചെയ്യുകയും, അങ്ങിനെ ഉപക്ഷേപം പരാജയപ്പെടുകയും ചെയ്തു. നിയമസഭയിലെ കൃസ്തീയാംഗങ്ങളും, തിരുവിതാംകൂറിലെ മിക്ക കൃസ്തീയപത്രങ്ങളും പത്രറഗുലേഷനെ അനുകൂലിക്കയാണു ചെയ്തതു്. നിയതിയുടെ ഗതിവിശേഷംകൊണ്ടു് ഈ നിയമഖഡ്ഗം മലയാളമനോരമയുൾപ്പെടെയുള്ള കൃസ്ത്യാനികളുടെ പത്രങ്ങളുടെ നേരെയാണു

കൂടുതൽ പ്രയോഗിക്കപ്പെട്ടിട്ടുള്ളതെന്നും, ഇവിടെ വിസ്മരണീയമല്ല. വാട്ട്സിൻെറ പത്രമാരണനിയമം അതിനെ കൂടുതൽ ആപല്ക്കരമാക്കിത്തീർത്തിട്ടുള്ള പല ഭേദഗതികളോടുംകൂടി തിരുവിതാംകൂറിലെ സ്വാതന്ത്ര്യപത്രപ്രവർത്തനത്തിന്റെ തലയ്ക്കു മുകളിൽ തലമുടിനാരിൽ തൂങ്ങുന്ന ഒരു നിശിതഖഡ്ഗമെന്നപോലെ ഇന്നും തൂങ്ങിനില്ക്കുന്നുണ്ട്.

അക്കാലത്തു മി. ഏ. ബാലകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ നടന്നുവന്നതും, തിരുവിതാംകൂറിലെ ഉദ്യോഗസ്ഥലോകത്തേയും, പൊതുക്കാര്യപ്രസക്തന്മാരേയും ഒന്നുപോലെ വിറപ്പിച്ചുകൊണ്ടിരുന്നതുമായ സമദർശിപത്രമാണു വാട്ട്സിൻെറ പ്രസ്സ്നിയമത്തിനു വഴിതെളിച്ചതെന്നു പറയുന്നതിൽ തെററില്ല. ൻ൬-ൽ പരിഷ്കരിച്ച നിയമസഭയുടെ സമ്മേളനകാലങ്ങളിൽ വയ്ക്കംസത്യാഗ്രഹം, സഞ്ചാരസ്വാതന്ത്ര്യപ്രമേയാവതരണം, നായർബില്ലിൻെറ വാദപ്രതിവാദം തുടങ്ങിയ പ്രക്ഷോഭജനകമായ സംഭവങ്ങൾ തിരുവിതാംകൂറിൽ നടന്നുകൊണ്ടിരിക്കുമ്പോൾ ഇവിടത്തെ പൊതുക്കാര്യജീവിതത്തെ പരിശുദ്ധമായി വച്ചുകൊണ്ടിരിക്കുവാൻ സമദർശിപത്രം അനുഷ്ഠിച്ചിട്ടുള്ള നിസ്സീമമായ സേവനങ്ങൾ ഒരുകാലത്തും വിസ്മരിക്കപ്പെടുന്നതല്ല. പത്രപ്രവർത്തനസ്വാതന്ത്ര്യത്തിൻെറ രക്തസാക്ഷിയായിരുന്ന കെ. രാമകൃഷ്ണപിള്ളയുടെ തിരോധാനത്തിനുശേഷം യാതൊരു പ്രലോഭനങ്ങൾക്കും വശഗനാകാതെ, വ്യക്തിപരമായ പരിഗണനകൾക്കതീതനായി നിന്നുകൊണ്ടു, മഹത്തായ ആദർശങ്ങളെ മാത്രം ലക്ഷ്യമാക്കി ശക്തിയേറിയ ഭാഷയിൽ ഭരണാധികാരികളേയും, പൊതുക്കാര്യപ്രസക്തന്മാരേയും വിമർശിച്ചിട്ടുള്ള മറ്റൊരു പത്രാധിപർ തിരുവിതാംകൂറിലുണ്ടായിട്ടുണ്ടെങ്കിൽ അതു മി. ബാലകൃഷ്ണപിള്ള മാത്രമാണു്. പൗരബോധവും, ദേശീയചിന്തകളും ഇത്ര വിപുലമായി പ്രചരിച്ചുതുടങ്ങിയിരുന്നില്ലാത്ത ഒരു കാലഘട്ടത്തിൽ സ്വതന്ത്രരാജ്യങ്ങളിൽ മാത്രം കേട്ടറിഞ്ഞിട്ടുള്ള പത്രപ്രവർത്തനാദർശങ്ങളെ ലക്ഷ്യമാക്കി വച്ചുകൊണ്ടു സ്വേച്ഛാധികാരഭരണത്തേയും, ഉദ്യോഗസ്ഥന്മാരുടെ ഭരണവൈകല്യങ്ങളേയും കെ. രാമകൃഷ്ണപിള്ള അതിപരുഷമായ ഭാഷയിൽ വിമർശിച്ചുകൊണ്ടിരുന്ന

എന്നാൽ രാജ്യമീമാംസാതത്വങ്ങളേയും ജനാധിപത്യപരമായ ആദർശങ്ങളേയും മുറുകെപ്പിടിച്ചുകൊണ്ടു ബുദ്ധിമാനായ ഒരു പണ്ഡിതന്റേയും മഹാനായ ഒരു ചിന്തകന്റേയും ദീർഘവീക്ഷണത്തോടുകൂടി മി. എ. ബാലകൃഷ്ണപിള്ള മലയാളപത്രപ്രവർത്തനത്തെ തുലോം ശ്രേഷ്ഠമായ ഒരുപരിതലത്തിലേയ്ക്കുന്നമിപ്പിക്കയാണു ചെയ്തതു്. രണ്ടുപേരും സ്വാർത്ഥരഹിതരും ത്യാഗസമ്പന്നന്മാരുമായിരുന്നതുകൊണ്ടു രാജ്യക്ഷേമമാകുന്ന ഏകലക്ഷ്യത്തെ മാത്രം മുൻനിർത്തിയാണു പരിപാവനമായ അവരുടെ കർത്തവ്യം നിർവഹിച്ചതു്. തത്വപരമായ അടിസ്ഥാനത്തിന്മേലാണു രണ്ടുപേരും പൊതുക്കാര്യങ്ങളെ വിമർശിച്ചിരുന്നതെങ്കിലും വ്യക്തികളുടെ കഠിനമായ വിദ്വേഷങ്ങൾക്കവർ പാത്രങ്ങളാകാതിരുന്നില്ല. ജനസേവനത്തിനു പ്രതിഫലമായി രാമകൃഷ്ണപിള്ളയ്ക്കു ലഭിച്ച ഭീകരമായ ശിക്ഷ മി. ബാലകൃഷ്ണപിള്ളയ്ക്കും ലഭിച്ചില്ലെങ്കിൽ ഉൽബുദ്ധമായ പൊതുജനാഭിപ്രായവും അതു വിഗണിക്കുവാനുള്ള ഗവമ്മെന്റിന്റെ വൈമനസ്യവും ആയിരിക്കണം അതിലേയ്ക്കുള്ള കാരണങ്ങൾ. എങ്കിലും നിയമശകടത്തിന്റെ ഭാരമേറിയ ചക്രങ്ങളുടെ തിരിച്ചിലിൽപെട്ടു് ഒന്നിലധികം തവണ മി. ബാലകൃഷ്ണപിള്ള തകന്നുപോയിട്ടുണ്ടു്.

അന്നു തിരുവിതാംകൂറിലെ പൊതുക്കാര്യജീവിതത്തിൽ സമദർശിപത്രത്തിനത്യുന്നതമായ ഒരു സ്ഥാനമാണുണ്ടായിരുന്നതു്. ജനകീയതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി മി. ബാലകൃഷ്ണപിള്ളയുടെ തൂലിക വിശ്രമംകൂടാതെയും നിർദ്ദാക്ഷിണ്യമായും ചലിച്ചുകൊണ്ടിരുന്ന കാലമാണു് അതു്. നിയമസഭായോഗങ്ങളിലും പൊതുജനസമ്മേളനങ്ങളിലും പൊതുതാല്പര്യങ്ങളുടെ ഒരു രുദ്രനായ കാവൽഭടൻ എന്ന നിലയിൽ സന്നിഹിതനാകാറുള്ള മി. ബാലകൃഷ്ണപിള്ളയുടെ പുരികം ചുളിയുന്നതു കണ്ടു പൊതുക്കാര്യപ്രസക്തന്മാർ ഞെട്ടിത്തെറിച്ചിട്ടുണ്ടു്. ധിക്കാരികളും അഴിമതിക്കാരുമായ ഉദ്യോഗസ്ഥന്മാർ വിറയ്ക്കുന്ന കൈകളോടുകൂടിയായിരുന്നു സമദർശിപത്രം എടുക്കാറുള്ളതു്. മി. ബാലകൃഷ്ണപിള്ളയുടെ പത്രം പുറപ്പെടാറുള്ള ദിനങ്ങൾ അത്യധികമായ ഉൽക്കണ്ഠയോടുകൂടിയാണു ജനങ്ങൾ കാത്തിരുന്നതു്. അദ്ദേഹത്തിന്റെ മുഖപ്രസംഗങ്ങൾ അത്യഗാധമായ രാഷ്ട്രവി

ജ്ഞാനത്തിന്റേയും നിഷ്പക്ഷമായ വിമർശനങ്ങളുടേയും ഉത്തമ മാതൃകകളായിരുന്നു.

ചടച്ചു മുന്നോട്ടുവളഞ്ഞ ശരീരവും, നീണ്ടു നരച്ച താടിമീശയും, പ്രകാശിക്കുന്ന കണ്ണുകളിലെ ഗൃദ്ധ്രനോട്ടവും, വിസ്തൃതമായ നെററിയും, പൊറുക്കാത്ത രോഗംകൊണ്ടു ക്ഷീണിച്ചൊട്ടിയ ആ മുഖവും, ഒരു പ്രാവശ്യം കണ്ടിട്ടുള്ള ഒരാൾക്കു മി. ഏ. ബാലകൃഷ്ണപിള്ളയെ പിന്നീടൊരിക്കലും വിസ്മരിക്കുവാൻ കഴിയുന്നതല്ല. കേവലമൊരസ്ഥിക്കൂട്ടം മാത്രം വഹിച്ചുകൊണ്ടു സഞ്ചരിക്കുന്ന ഈ ആത്മാവിൽ നിന്നാണു സമദർശിയുടെ മുഖപ്രസംഗങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള വീര്യവും ശക്തിയും പ്രവഹിക്കാറുള്ളതെന്നു സാമാന്യജനങ്ങൾക്കു സങ്കല്പിക്കുവാൻ കൂടി കഴിയുന്നതല്ല. അതിപ്രശസ്തമായിരുന്ന വിദ്യാഭ്യാസജീവിതത്തിനുശേഷം സർക്കാർസർവീസിൽ പ്രവേശിച്ച മി. ബാലകൃഷ്ണപിള്ള ആ ജോലിതന്നെ തുടർന്നുകൊണ്ടുപോയെങ്കിൽ ഒരു പക്ഷേ ഇന്നദ്ദേഹം ഒരു ഭാരിച്ച സംഖ്യ പ്രതിമാസം ശമ്പളമായി വാങ്ങുന്ന ഉന്നതനായ ഒരുദ്യോഗസ്ഥനായിരുന്നേനേ. ഉദ്യോഗജീവിതത്തിനുശേഷം പ്രവേശിച്ച അഭിഭാഷകവൃത്തിയിലായിരുന്നു എങ്കിലും ആ ജീവിതപന്ഥാവിലും സാമാന്യം വരുമാനമുള്ള ഒരു വക്കീലായി ഇന്നദ്ദേഹത്തിനു കഴിഞ്ഞുകൂടാമായിരുന്നു. പത്രാധിപവൃത്തിയിൽത്തന്നേയും നട്ടെല്ലല്പമൊന്നു വളച്ചു തന്റെ രൂക്ഷമായ വിമർശനങ്ങൾ സന്ദർഭോചിതമല്പമൊന്നു മയപ്പെടുത്തുവാനദ്ദേഹം സന്നദ്ധനായിരുന്നു എങ്കിൽ ഒരു ടെക്സ്റ്റ്ബുക്കുചക്രവർത്തി എന്ന നിലയിലോ മറേറാ ഇന്നദ്ദേഹം ഒരു ധനസമ്പന്നനായി പ്രകാശിച്ചേനേ! പക്ഷേ ഈ പ്രലോഭനങ്ങൾക്കൊന്നും അദ്ദേഹത്തെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടില്ല. ഒഴിയാത്ത ദാരിദ്ര്യവും ഒടുങ്ങാത്ത കഷ്ടതകളും പൊറുക്കാത്ത രോഗവുമാണു ജീവിതസമ്പാദ്യങ്ങളായി അദ്ദേഹം നേടിവച്ചതു്. അക്രമങ്ങളോടും അനീതികളോടും ആജീവനാന്തം പടവെട്ടുവാനാണു് അദ്ദേഹം നിശ്ചയിച്ചുറച്ചതു്. അവഗാഢമായ പര്യാലോചനകൾക്കുശേഷം നിർവിശങ്കം തിരഞ്ഞെടുത്ത ഈ ജീവിതസരണിയിൽ ഗവർമ്മെന്റദ്ദേഹത്തെ രണ്ടു പ്രാവശ്യം ചിറകുകൾ ഛേദിച്ചു് അവശനാക്കി. ഒരു പക്ഷിരാജന്റെ മന്ത്രശക്തിയോടുകൂടി മൂന്നാമത്തും ആയുധധാരിയായി

അദ്ദേഹം പടക്കളത്തിൽ ഇറങ്ങി. ഗവമ്മെൻറുപത്രനിയമം വീണ്ടും പുതുക്കി അദ്ദേഹത്തെ നിശ്ശബ്ദനാക്കി.

പൊതുക്കാര്യജീവിതത്തിൽനിന്നു വിരമിച്ച് ഇന്ന് അദ്ദേഹം ഏകാന്തജീവിതത്തിലെ വിജനത അനുഭവിക്കയാണ്. നിത്യദാരിദ്ര്യവും, വിജ്ഞാനപ്രദമായ ഗ്രന്ഥങ്ങളും, സ്നേഹസഹചാരിണിയായ ഒരു ഭാൎയ്യയും മാത്രമാണ് ഇന്നദ്ദേഹത്തിനു സഹകാരികളായി അവശേഷിച്ചിട്ടുള്ളത്. എങ്കിലും നിസ്സീമമായ ചാരിതാൎത്ഥ്യമല്ലാതെ നിരാശയുടെ നിഴലാട്ടംപോലും അദ്ദേഹത്തെ അലട്ടുന്നില്ല. കഴിഞ്ഞ ജീവിതം ഒരിക്കൽക്കൂടി ആവൎത്തിച്ചുകൊള്ളുവാൻ നിയതി അദ്ദേഹത്തെ അനുവദിക്കുമെങ്കിൽ കഴിഞ്ഞ പ്രവൎത്തനങ്ങളും അതേ രീതിയിൽത്തന്നെ ആവൎത്തിക്കുവാനും അദ്ദേഹം മടിക്കുകയില്ല. ആശ്ലേഷയമായ ഒരു സംതൃപ്തി മാത്രമാണ് അദ്ദേഹത്തിൻെറ ജീവിതചൎയ്യകളിലോരോന്നിലും . പ്രതിഫലിക്കുന്നത്. വിജ്ഞാനത്തിൻെറ എല്ലാ ശാഖകളിലും നവീനവും വിപ്ലവപരവുമായ ഒരു ചിന്താഗതിയാണ് അദ്ദേഹത്തിൻെറ അമൂല്യമായ നേട്ടം. വിവിധ വിഷയങ്ങളെപ്പററി അദ്ദേഹത്തിനുള്ള അഗാധമായ പാണ്ഡിത്യവും വിജ്ഞാനവും ലേഖനദ്വാരാ ഇപ്പോഴും പുറത്തു വന്നുകൊണ്ടിരിക്കുന്നു. മി. ബാലകൃഷ്ണപിള്ള പാണ്ഡിത്യത്തെ ആദരിക്കയും അഭിനന്ദിക്കയും ചെയ്യുന്ന പാശ്ചാത്യരാജ്യങ്ങളിലാണു ജനിച്ചിരുന്നതെങ്കിൽ ഒരു വെൽസിനേയോ റസലിനേയോപോലെ ഒരു ചിന്തകനെന്ന നിലയിൽ സർവ്വരാജ്യപ്രശസ്തനായിത്തീരുമായിരുന്നു. എന്നാൽ വിജ്ഞാനവിദ്വേഷികൾക്കും. അവസരസേവകന്മാൎക്കും ആത്മാഭിമാനമില്ലാത്ത സ്തുതിപാഠകന്മാൎക്കും മാത്രം ഉയൎച്ച ലഭിക്കുന്ന ഒരു രാജ്യത്തു മി. എ. ബാലകൃഷ്ണപിള്ളയെപ്പോലുള്ള ഒരു ശ്രേഷ്ഠപണ്ഡിതൻ അജ്ഞാതനായി ജീവിതാവശ്യങ്ങൾ കൂടി നിൎവ്വഹിക്കുവാൻ ക്ലേശിച്ചു കഴിഞ്ഞുകൂടേണ്ടിവന്നതിൽ ആശ്ചൎയ്യപ്പെടുവാനെന്തുള്ളു?

സാമാന്യലോകതത്വങ്ങൾ വച്ചളന്നാൽ ബാലകൃഷ്ണപിള്ളയുടെ ജീവിതം ഒരു പരാജയമാണ്. പക്ഷേ അതൊരു ഭാസുരമായ പരാജയമാണെന്നു ദോഷൈകദൃക്കുകൾകൂടി സമ്മതിച്ചേ മതിയാവൂ. ആ പരാജയം അദ്ദേഹം സ്വയം വരിച്ചതു

മാണു്. ഇന്നത്തെ നിലയിലുള്ള ഭൌതികവിജയങ്ങൾ ആൎജ്ജിക്കുവാനുള്ള പരിസരങ്ങൾ വിട്ടു് ഒളിച്ചോടുകയാണു് അദ്ദേഹം ചെയ്തതു്. ആ വിജയം അദ്ദേഹം കാംക്ഷിച്ചിരുന്നില്ല. എന്നാൽ ലോഹനാണയങ്ങൾകൊണ്ടു വില മതിക്കുവാൻ കഴിയാത്ത ധാൎമ്മികവും ശ്രേഷ്ഠവും ആയ ആദൎശങ്ങളെ ആദരിക്കുന്ന ഒരു ലോകത്തിൽ മി. ബാലകൃഷ്ണപിള്ളയുടെ ജീവിതം തികച്ചും വിജയകരമായി മാത്രമേ പരിഗണിക്കപ്പെടുകയുള്ളു. നഗ്നമായ കണ്ണുകൾകൊണ്ടു കാണുവാനോ, മാംസളമായ കൈകൾകൊണ്ടു സ്പൎശിക്കുവാനോ കഴിയാത്ത ഒരു വിജയമാണദ്ദേഹത്തിന്റേതെന്നൊരു വ്യത്യാസം മാത്രമതിനുണ്ടു്.

ചങ്ങനാശേരി തിരുവിതാംകൂറിലെ പൊതുക്കാൎയ്യജീവിതത്തിലെന്നപോലെ മി. ഏ. ബാലകൃഷ്ണപിള്ള മലയാളപത്രപ്രവൎത്തനലോകത്തും അവിസ്മരണീയനാണു്. ചങ്ങനാശേരിയും മി. ബാലകൃഷ്ണപിള്ളയും പരസ്പരമഭിപ്രായഐക്യമുള്ള കാൎയ്യങ്ങളിൽ ഇണങ്ങിയും അല്ലാത്തുള്ളിടങ്ങളിൽ പിണങ്ങിയും പ്രവൎത്തിച്ചിട്ടുണ്ടു്. ഒരു വിപ്ലവകാരിയായ മി. ബാലകൃഷ്ണപിള്ളയുടെ രാഷ്ട്രീയവും സാമുദായികവും ആയ അഭിപ്രായങ്ങൾ അപ്പാടെ സ്വീകരിക്കുവാൻ പലപ്പോഴും ചങ്ങനാശേരിക്കു കഴിയാതെ വന്നിട്ടുണ്ടു്. ആ ഘട്ടങ്ങളിൽ മി. ബാലകൃഷ്ണപിള്ളയുടെ തൂലിക ശക്തിയായി ചലിച്ചുകൊണ്ടിരുന്നിട്ടുമുണ്ടു്. എന്നാൽ ചങ്ങനാശേരിയുടെ പൌരുഷത്തേയും ആത്മാഭിമാനത്തേയും ഉദ്ദീപിപ്പിക്കുവാനല്ലാതെ അദ്ദേഹത്തെ പൊതുജനദൃഷ്ടിയിൽ ഇടിക്കുവാൻ പൎയ്യാപ്തമായ ഒരൊറ്റ വിമൎശനം പോലും മി. ബാലകൃഷ്ണപിള്ള എഴുതിയിട്ടില്ല. ജനകീയതാല്പൎയ്യങ്ങളെ വിലകൊടുക്കുവാൻ സന്നദ്ധരായിരുന്ന സ്വാൎത്ഥതല്പരന്മാരേയും ഉദ്യോഗാൎത്ഥികളേയും കൊണ്ടു നിറഞ്ഞ തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷത്തിലെ ആശാവഹമായ ഏകജ്യോതിസ്സു ചങ്ങനാശേരിയായിരുന്നു എന്നു മി. ബാലകൃഷ്ണപിള്ളയെപ്പോലെ ധരിച്ചിരുന്നവർ തുലോം അപൂൎവ്വമായിരുന്നു.

# അദ്ധ്യായം ൨൯

വൎത്തമാനപ്പത്രറഗുലേഷൻ തിരുവിതാംകൂറിലെ പൊതുജനാഭിപ്രായത്തെ എത്രമാത്രം പ്രക്ഷുബ്ധമാക്കിയെങ്കിലും, അതു് വാട്ട്സിൻെറ നാമധേയത്തെ എത്രമാത്രം കളങ്കപ്പെടുത്തിയെങ്കിലും, അദ്ദേഹത്തിൻെറ ചുരുങ്ങിയ കാലത്തെ ഭരണം തുലോം പുരോഗമനപരമായിരുന്നു എന്നുള്ളതു കാലഗതി വെളിപ്പെടുത്തി. ഒരു രാജാകേശവദാസനോ വി. പി. മാധവറാവുവോ കഴിഞ്ഞാൽ, വാട്ട്സല്ലാതെ തിരുവിതാംകൂറിൻെറ സാമ്പത്തികവും, വ്യാവസായികവും, വാണിജ്യപരവും ആയ അഭിവൃദ്ധിയെപ്പററി ഗാഢമായി ചിന്തിക്കയും അതിലേയ്ക്കു വേണ്ടി സാഹസികമായ ധീരതയോടുകൂടി പ്രവൃത്തിക്കയും ചെയ്തിട്ടുള്ള മററൊരു ഭരണമേധാവി അന്നുവരെ തിരുവിതാംകൂറിലുണ്ടായിട്ടില്ല. രാജ്യാഭിമാനമുള്ള ഒരു പൌരനെന്ന നിലയിൽ തിരുവിതാംകൂറിന്റെ യശസ്സിനെ പരിപാലിക്കുവാനും, ഒരു നാട്ടുരാജ്യമെന്ന നിലയിൽ ഭാരതരാഷ്ട്രീയസംഘടനയിൽ അതിന്നു് അത്യുന്നതമായ ഒരു സ്ഥാനം നേടിക്കൊടുക്കുവാനും അദ്ദേഹം വളരെയൊക്കെ പണിപ്പെട്ടിട്ടുണ്ടു്. തിരുവിതാംകൂറിനെ നിസ്വാൎത്ഥമായി സ്നേഹിക്കുവാനും, ആ രാജ്യത്തിന്റെ ശ്രേയസ്സു തൻെറ ശ്രേയസ്സായി എണ്ണുവാനും, അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. പത്രമൎദ്ദനനിയമംതന്നെ അദ്ദേഹത്തിന്റെ ഹസ്തങ്ങൾ സ്വാതന്ത്ര്യങ്ങളായിരുന്നു എങ്കിൽ നിയമസംഹിതയിൽനിന്നു പ്രത്യക്ഷമാകുമായിരുന്നു എന്നുള്ളതിലേയ്ക്കു ചങ്ങനാശേരി സാക്ഷ്യം വഹിക്കുന്നു. വാട്ട്സിന്റെ ഭരണത്തെ പത്രനിയമത്തിലൊഴിച്ചു മററെല്ലാ കാൎയ്യങ്ങളിലും ചങ്ങനാശേരി പ്രായേണ അനുകൂലിക്കുകയാണു ചെയ്തിരുന്നതു്. ആ സഹകരണം അസ്ഥാനത്തിലായിരുന്നില്ലെന്നുള്ളതു് അനന്തരസംഭവഗതികൾ തെളിയിച്ചു.

വാട്ട്സ് ഒരാർഭാടരഹിതനായിരുന്നു. അദ്ദേഹം സ്വീകരിച്ചു നടപ്പിൽ വരുത്തിയ പദ്ധതികൾക്കു പ്രസിദ്ധിയോ, പ്രചരണമോ നൽകുവാൻ അദ്ദേഹം ഒരിക്കലും ആയാസപ്പെട്ടിരുന്നില്ല. എങ്കിലും, ഇന്നു തിരുവനന്തപുരം നഗരത്തിൽ

കാഴ്ച കാണ്മവാൻ ചുററിസ്സഞ്ചരിക്കുന്ന ഒരാൾക്ക് അയാൾ ദർശിക്കുന്ന മിക്ക വസ്തുക്കളിലും വാട്ട്സിനെ അനുസ്മരിക്കാതിരിക്കുവാൻ കഴിയുകയില്ല. അദ്ദേഹം യാതൊരു കൂസലുംകൂടാതെ തൂലികയുടെ ഒരു ചലനംകൊണ്ടു് അംഗീകരിച്ചു നടപ്പിൽ വരുത്തിയ വൻപിച്ച പദ്ധതികളുടെ ഗുണഫലങ്ങൾ ഇന്നു തിരുവിതാംകൂറിലെ ജനങ്ങൾ കൃതജ്ഞതയോടുകൂടി അനുഭവിച്ചുതുടങ്ങിയിട്ടുള്ളതേയുള്ളു. തിരുവനന്തപുരം നഗരം ആവാസയോഗ്യമാക്കിത്തീർത്തതു വാട്ട്സാണു്.

തിരുവിതാംകൂറിലെ ഗമനാഗമനസൌകര്യങ്ങളാണു് ആദ്യമായി അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പതിഞ്ഞതു്. അഞ്ചുലക്ഷം രൂപാ ചിലവുചെയ്തു പണി പൂർത്തിയാക്കിയതും, തിരുവിതാംകൂറിലെ ഗതാഗതസൌകര്യങ്ങളെ സംബന്ധിച്ചിടത്തോളം വിപ്ലവപരമായ പരിവർത്തനങ്ങളുണ്ടാക്കിയതും, ആയ നീണ്ടകരപ്പാലം പണി ആരംഭിച്ചതു് ഭാവനാസമ്പന്നനായ വാട്ട്സിന്റെ കാലത്തായിരുന്നു. അതിന്റെ ഉൽഘാടനവേളയിൽ ആ പാലം പണിയുവാൻ ഹേതുഭൂതനായിരുന്ന ദിവാൻജിയുടെ നാമധേയം അവിടെ കൂടിയിരുന്നവരിലാരുംതന്നെ ഉച്ചരിക്കുകപോലും ചെയ്തില്ലെങ്കിലും,അഷ്ടമുടിക്കായലും അറേബ്യൻകടലും നികന്നുപോകാതിരിക്കുന്നിടത്തോളം കാലം തിരുവിതാംകൂറിലെ ജനങ്ങൾ മി. വാട്സിനെ കൃതജ്ഞതാപൂർവ്വം സ്മരിക്കുകതന്നെ ചെയ്യും. ഉത്തരതിരുവിതാംകൂറിലെ ഗതാഗതസൌകര്യത്തേയും വാണിജ്യവ്യവസായാദികളേയും ത്വരിപ്പിക്കുവാൻ കാരണമാക്കിയ ആലപ്പുഴ—അരൂർറോഡ് വെട്ടിച്ചതും വാട്ട്സ്തന്നെയായിരുന്നു. ഈ റോഡു് വെട്ടുന്ന കാര്യം ദിവാൻ രാജഗോപാലാചാരിയുടെ കാലംമുതൽക്കുതന്നെ തിരുവിതാംകൂർഗവമെന്റിന്റെ ആലോചനയിൽ പെട്ടിരുന്ന ഒരു സംഗതിയായിരുന്നു. അതിനുശേഷം പല ദിവാൻജിമാരുടേയും എൻജിനീയറന്മാരുടേയും മസ്തിഷ്കങ്ങളെ ഈ വിഷയം ചൂടുപിടിപ്പിച്ചിട്ടുണ്ടെങ്കിലും, ആ ഉദ്യമത്തിൽ പ്രവേശിക്കുവാനുള്ള ധീരത അവരിലാർക്കുംതന്നെയുണ്ടായിരുന്നില്ല. ദിവാൻ കൃഷ്ണൻനായർ ചേർത്തല മണലാരണ്യത്തിൽകൂടി ഇങ്ങിനെ ഒരു റോഡു് വെട്ടുന്ന കാര്യം അസാദ്ധ്യമെന്നു

കണ്ടു നിരാശപ്പെട്ടു് ആ ഗതാഗതപ്രശ്നത്തിനു പോംവഴിയായിട്ടു് ആലപ്പുഴ മുതൽ ചേൎത്തലവരെ ഒരു തോടു വെട്ടിയാൽ മതിയെന്നു തീൎച്ചയാക്കി, സംതൃപ്തനായി. ഏകദേശം ഒരു ലക്ഷം രൂപാ ചിലവുചെയ്തു് അദ്ദേഹം ഒരു മൈൽ ദൂരം വരെ തോടു വെട്ടിച്ചതിനുശേഷം അതും അപ്രായോഗികമെന്നു കണ്ടു് ആ ഉദ്യമത്തിൽനിന്നു പിന്തിരിഞ്ഞു. ആലപ്പുഴയ്ക്കും ചേൎത്തലയ്ക്കും മദ്ധ്യേ ഗതാഗതമാൎഗ്ഗങ്ങളൊന്നും കൂടാതെതന്നെ പിന്നേയും വളരെനാൾ കഴിഞ്ഞു. മുട്ടോളം പൂതയുന്ന മണലിൽക്കൂടി കാൽനടയായി സഞ്ചരിച്ചു നെറികെട്ട ജനങ്ങൾ പൂൎവ്വാധികം ഉച്ചത്തിൽ മുറവിളി കൂട്ടുവാൻ തുടങ്ങി. തന്റെ മുൻഗാമികളുടെ പരാജയം വാട്ട്സിനെ അധീരനാക്കിയില്ല. ചേൎത്തല മണലാരണ്യത്തിൽക്കൂടി സുസ്ഥിരമായ ഒരു രാജപാതയുണ്ടാകട്ടെ എന്നദ്ദേഹം ആജ്ഞാപിച്ചു. ഒരു മാന്ത്രികന്റെ മായാശക്തിയിൽനിന്നെന്നവണ്ണം അല്പകാലത്തിനുള്ളിൽ ആലപ്പുഴയ്ക്കും അരൂരിനും മദ്ധ്യേ വിസ്തൃതമായ ഒരു റോഡ് തെളിഞ്ഞുകണ്ടു. സുപ്രസിദ്ധമായ പള്ളിവാസൽ വൈദ്യുതപദ്ധതിയുടെ ജനയിതാവും വാട്ട്സ് തന്നെയായിരുന്നു. തിരുവിതാംകൂറിന്റെ വ്യാവസായികജീവിതത്തെ കീഴ്മേൽ മറിക്കുവാൻ വേണ്ട ശക്തി സംഭരിച്ചുവച്ചിട്ടുള്ള ഈ പദ്ധതി വ്യവസായപ്രിയനും പുരോഗമനകാംക്ഷിയുമായിരുന്ന വാട്ട്സിന്റെ ഭാവനാസമ്പത്തിൽനിന്നു ജന്മമെടുക്കുമ്പോൾത്തന്നെ അതുകൊണ്ടുള്ള കഴിവുകൾ അദ്ദേഹം ദീൎഘദൎശനം ചെയ്തിരുന്നു. നേരിയമംഗലം—പള്ളിവാസൽ റോഡാരംഭിച്ചതും വാട്ട്സായിരുന്നു. തിരുവനന്തപുരത്തെ വിദ്യുച്ഛക്തിമന്ദിരത്തിന്റെ പണിയും വാട്ട്സ് തന്നെ ആരംഭിച്ചു. സൎവ്വോപരി തിരുവനന്തപുരം പട്ടണത്തെ സുഖവാസയോഗ്യമാക്കിത്തീൎത്ത ജലവിതരണപദ്ധതിയും ഈ ഐന്ദ്രജാലികന്റെ മായാവിദ്യയിൽനിന്നുതന്നെയാണു് ഉത്ഭവിച്ചതു്. വെല്ലിംഗ്ടൺ വാട്ടർ വൎക്സ് എന്നാണല്ലോ ഇതിനു നാമകരണം ചെയ്തിട്ടുള്ളതു്. എന്നാൽ തിരുവനന്തപുരത്തു് ഓരോ നിരത്തുകളിലും അമൃതംപോലുള്ള ശുദ്ധജലവും വഹിച്ചുകൊണ്ടു തുല്യദൂരത്തിൽ ബഹുജനങ്ങളുടെ പൈദാഹാദികൾ

ശമിപ്പിക്കുവാൻ സന്നദ്ധമായി നില്ക്കുന്ന ഈ കഴലുകൾ കാണു മ്പോൾ, ഏതാനും ദിവസത്തെ സുഖസഞ്ചാരത്തിനും മൃഗയാ വിനോദത്തിനുമായി തിരുവിതാംകൂറിലെത്തിയ വേളയിൽ അവയെ തുറന്നുവിട്ട വെല്ലിംഗ്ടൺപ്രഭുവിനേയല്ലാ പിന്നേ യോ അവയുടെ നിർമ്മാതാവായ വാട്ട്സിനെയാണ് ഏതൊ രാളും സ്മരിക്കുന്നതു്.

ശംഖുംമുഖം കടൽപ്പുറം മുതൽ വേളിവരെയുള്ള സമുദ്ര തീരത്തെ സ്ഥിരതാമസക്കാരായ മുക്കവസ്ത്രീകളും പുരുഷന്മാരും മത്സ്യച്ചുമടുകളും വഹിച്ചുകൊണ്ടു് എരിപൊരിക്കൊള്ളുന്ന വെയിലത്തു മുട്ടോളം പുതയുന്ന മണലിൽക്കൂടി നടന്നു റോഡി ലെത്തുവാൻ വിഷമിക്കുന്നതു് ഒരിക്കൽ വാട്ട്സ് യാദൃ ച്ഛികമായി കാണുവാനിടയായി. ദയനീയമായ ഈ കാഴ്ച ആർദ്രചിത്തനായിരുന്ന അദ്ദേഹത്തിന്റെ ഹൃദയത്തെ വല്ലാതെ ചലിപ്പിച്ചു. തിരിച്ചു ഭക്തിവിലാസത്തെത്തിയ ദിവാൻജി ആദ്യം ചെയ്തതു് ശംഖുംമുഖംമുതൽ വേളിവരെ കടലോരത്തുക്കൂടി ഒരു റോഡു് വെട്ടുവാൻ ആജ്ഞാപിക്കുകയായിരുന്നു. ഈ റോഡു് പൂർത്തിയായപ്പോൾ തിരുവനന്തപുരത്തെ പല ധനാ ഢ്യന്മാരും അതിൻെറ ഇരുവശങ്ങളിലും മണിമന്ദിരങ്ങൾ പണി ചെയ്തു് സുഖവാസമാരംഭിച്ചു. ആ റോഡിൽക്കൂടി അർദ്ധനഗ്നരായി സദാ സഞ്ചരിച്ചുകൊണ്ടിരുന്ന മുക്കവന്മാരു ടേയും മുക്കവസ്ത്രീകളുടേയും മത്സ്യച്ചുമടുകളിൽനിന്നു പുറപ്പെട്ട അസുഖകരമായ ഗന്ധം മണിമന്ദിരവാസികളുടെ ലോലതര മായ ഘ്രാണേന്ദ്രിയങ്ങൾക്കു വിഷമത ചേർക്കുകയാൽ ആ ദുർഗ്ഗ ന്ധവാഹകന്മാരെ രാജപാതയിൽനിന്നകററിനിർത്തുവാൻ ഒരു ശ്രമം ഉത്ഭവിച്ചത്രേ! മനുഷ്യഹൃദയത്തിൻെറ കാഠിന്യമളക്കു വാൻ ആർക്കാണു കഴിയുക!

വാട്ട്സിൻെറ ഭരണകാലത്തുതന്നെയാണു സൈമൺ കമ്മീഷനും അതിനോടനുബന്ധിച്ച ബട്ലർകമ്മററിയും ഇൻഡ്യ സന്ദർശിച്ചു് അവരുടെ അന്വേഷണങ്ങൾ നടത്തി യതു്. നാട്ടുരാജ്യങ്ങളെപ്പററി അന്വേഷണം നടത്തി ഒരു റിപ്പോർട്ടു സമർപ്പിക്കുവാനാണു ബട്ലർകമ്മററി നിയുക്തമാ യിരുന്നതു്. തിരുവിതാംകൂറിനേ സംബന്ധിച്ച കാര്യങ്ങളെ

പ്പററി ഒരു മെമ്മൊറാണ്ഡം തയ്യാറാക്കി കമ്മറ്റിക്കു സമപ്പിക്കു വാൻ ഗവമ്മെൻറു തീരുമാനിക്കയും, അതിലേയ്ക്കു് മി. ഉള്ളൂർ എസ്. പരമേശ്വരയ്യരെ സ്പെഷ്യൽഡ്യൂട്ടിയിൽ നിയമിക്കയും ചെയ്തു. രേണുകയുടെ പാതിവ്രത്യഭ്രംശം, ജമദഗ്നിയുടെ കോപം, എന്നു തുടങ്ങി, പരശുരാമൻെറ വെണ്മഴ ഗോകണ്ണത്തുനിന്നു പാറന്നു കന്യാകുമാരിയിൽ വീണു് അതുവരെയുള്ള സമുദ്രം മാറി കേരളഭൂമി ഉത്ഭവിച്ചതുവരെ, കേരളോല്പത്തി സംബന്ധിച്ച പുരാണകഥയിലും മാമാങ്കം, പെരുമാൾവാഴ്ച മുതലായ പ്രാചീനചരിത്രരേകലങ്ങളിലും കവിസഹജമായ ഭാവനാശക്തിയോടുകൂടി സ്വച്ഛന്ദവിഹാരം ചെയ്തു പഴകിയിട്ടുള്ള മി. ഉള്ളൂരിനു രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങളെ പരാമശിച്ചു് ആധുനികരീതിയിൽ സജീവവും കാര്യമാത്രപ്രസക്തവുമായ ഒരു മെമ്മൊറാണ്ഡം തയ്യാറാക്കുവാൻ സാധ്യമല്ലാതെ പോയതിനാലായിരിക്കാം അവസാനനിമിഷത്തിൽ വാട്ട്സ് തന്നെ ആ കത്തവ്യം നിവ്വഹിക്കേണ്ടിവന്നു എന്നു പരക്കെ പറയപ്പെടുന്നതു്. ഏതായാലും ബട്ലർകമ്മറ്റിക്കു സമപ്പിച്ച മെമ്മൊറാണ്ഡം ആ രാജ്യതന്ത്രജ്ഞൻെറ അഭിപ്രായധീരതയുടേയും, വിദൂരദൃഷ്ടിയുടേയും, കമ്മകുശലതയുടേയും സവോപരി ദേശാഭിമാനത്തിൻേറയും മകുടോദാഹരണമായി തിരുവിതാംകൂറിലെ ഔദ്യോഗികരേഖകളുടെ കൂട്ടത്തിൽ ഇന്നും പരിലസിക്കുന്നുണ്ടാകാം. വാട്ട്സിൻ്റെ ഭരണകാലത്തു നടന്ന ബ്രൂക്ക്ബാണ്ഡു് പ്രക്ഷോഭണത്തെപ്പററി അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കേണ്ടതായിട്ടുണ്ടു്.

ഉന്മേഷകരമായ പരിതഃസ്ഥിതികളിലല്ല വാട്ട്സ് തിരുവിതാംകൂറിനോടു യാത്ര പറഞ്ഞു പിരിഞ്ഞതു്. അദ്ദേഹം തിരുവിതാംകൂറിൽ കാലുകുത്തുന്നതിനു മുൻപുതന്നെ പ്രതിഷേധശബ്ദം മുഴക്കിയവരും, ഭരണഭാരം കയ്യേററതിനുശേഷം അദ്ദേഹത്തെ അപലപിച്ചവരും, ആ യാത്രാവേളയിൽ അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. തിരുവിതാംകൂറിലെ ഒരറ്റംമുതൽ മറ്റേ അറ്റംവരെയുള്ള ജനങ്ങൾ അദ്ദേഹത്തെ ബഹുമാനപുരഃസ്സരം യാത്രയയയ്ക്കുന്നതിന് 'അഹമഹമികയാ' മുന്നോട്ടുവന്നു. തിരുവിതാംകൂർ ഭരിച്ചിട്ടുള്ള ദിവാൻജിമാരിൽ, എല്ലാ വിഭാഗം ജനങ്ങളുടേയും ആത്മാത്ഥമായ ആശിസ്സുകളും

അനുഗ്രഹങ്ങളും സ്വീകരിച്ചുകൊണ്ടു തിരുവിതാംകൂറിൽനിന്നു പിരിഞ്ഞുപോകുവാൻ ഭാഗ്യമുണ്ടായ അപൂർവം ചില ദിവാൻജിമാരിലൊരാൾ വാട്ട്സാണെന്നു പറയുന്നതിൽ വലിയ തെറ്റില്ല. ഉദ്യോഗമൊഴിഞ്ഞുപോയതിനുശേഷം ഒരിക്കൽക്കൂടി അദ്ദേഹം തിരുവിതാംകൂർ സന്ദർശിക്കയുണ്ടായി. തിരുവിതാംകൂറിലേ ജനങ്ങൾ അന്നും അദ്ദേഹത്തെ കൃതജ്ഞതാപൂർവം സ്വീകരിച്ചു സല്ക്കരിക്കയുണ്ടായി.

ചങ്ങനാശേരിക്കും, വാട്ട്സിനും തമ്മിൽ തുലോം സൌഹാർദ്ദപരമായ ഒരു ബന്ധമാണുണ്ടായിരുന്നതു്. വാട്ട്സിന്റെ ഭരണകാലമവസാനിക്കാറായ ഘട്ടത്തിലായിരുന്നു ചങ്ങനാശേരിയെ ഹൈക്കോടതിയിലെ ന്യായാധിപപദത്തിലേയ്ക്കുയർത്തിയതു്. വാട്ട്സ് തിരുവിതാംകൂർവിട്ടു പോയതിനുശേഷവും, അവർ തമ്മിലുള്ള മൈത്രി അഭംഗുരമായിത്തന്നെ നിലനിന്നിരുന്നു. സ്നേഹമസൃണങ്ങളും തിരുവിതാംകൂറിനെപ്പററിയുള്ള സ്മരണകൾകൊണ്ടു നിറഞ്ഞവയുമായ പല എഴുത്തുകളും വാട്ട്സ് ചങ്ങനാശേരിക്കയച്ചിട്ടുണ്ടു്. തുലോം കൌതുകകരമായ ആ കത്തുകൾ ചങ്ങനാശേരി അമൂല്യനിധികൾപോലെ സൂക്ഷിച്ചുവച്ചിട്ടുണ്ടു്. വാട്ട്സ് രണ്ടാമതും തിരുവിതാംകൂർ സന്ദർശിക്കുമ്പോൾ ചങ്ങനാശേരി ഉദ്യോഗത്തിൽനിന്നു വിരമിച്ചിരുന്നു. അന്നു് അദ്ദേഹം വാട്ട്സിനു കെങ്കേമമായ ഒരു സല്ക്കാരം നൾകി. തിരുവിതാംകൂർസന്ദർശനം കഴിഞ്ഞു മടങ്ങിപ്പോയ വാട്ട്സ് പിന്നീടു ദീർഘകാലം ജീവിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ചരമവാർത്ത ഒരശനിപാതംപോലെയാണു തിരുവിതാംകൂറിലെ ജനങ്ങൾക്കനുഭവപ്പെട്ടതു്. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തിയെ പ്രാർത്ഥിക്കുകയല്ലാതെ തിരുവിതാംകൂറിലെ ജനങ്ങൾക്കു മററൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല. തിരുവിതാംകൂർദിവാൻജിയെന്ന നിലയിൽ നാലായിരം രൂപാ ശമ്പളം വാങ്ങിക്കൊണ്ടിരുന്ന അദ്ദേഹം ഒരു ദരിദ്രനെന്ന നിലയിലാണു തന്റെ ജീവിതത്തിന്റെ അവസാനഘട്ടം കഴിച്ചുകൂട്ടിയതു്. അക്കാലത്തു പത്രപ്രവർത്തനമായിരുന്നു അദ്ദേഹം തൊഴി

ലായി സ്വീകരിച്ചിരുന്നതു്. ധനം സമ്പാദിക്കണമെന്ന ആഗ്രഹം ഒരിക്കലും അദ്ദേഹത്തെ ആകൃഷ്ടനാക്കിയിരുന്നില്ല. ദിവാൻജിയെന്ന നിലയിൽ ലഭിച്ചിരുന്ന ശമ്പളത്തിൽ ഒരു നല്ല ഭാഗം അദ്ദേഹം ധർമ്മച്ചിലവുകൾക്കു നീക്കിവച്ചിരുന്നു.

ഇംഗ്ലണ്ഡിൽ താമസിക്കുന്ന കാലത്തു് അദ്ദേഹം തിരുവിതാംകൂറിലെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്ഥിതിഗതികളെക്കുറിച്ചു ചില നല്ല ലേഖനങ്ങൾ എഴുതി പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

# അദ്ധ്യായം ൩൦

൧൯൩൮-ലാണ് മഹാറാണി റീജൻറു തിരുമനസ്സുകൊണ്ടു ചങ്ങനാശേരി പരമേശ്വരൻപിള്ളയെ തിരുവിതാംകൂർ ഹൈക്കോടതിയിലെ ഒരു ന്യായാധിപനായി നിയമിച്ചതു്.

അന്നു ചങ്ങനാശേരിക്കു തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ ഇടയിലുണ്ടായിരുന്ന സ്ഥാനം തുലോം ഉന്നതമായ ഒന്നായിരുന്നു. നാനാജാതിമതസ്ഥരായ തിരുവിതാംകൂറിലെ ബഹുലക്ഷം ജനങ്ങളുടെ വിശ്വാസാദരങ്ങൾക്കു പാത്രീഭൂതനായിരുന്ന ഏകമനേതാവു വാസ്തവത്തിൽ അന്നു ചങ്ങനാശേരി മാത്രമായിരുന്നു. തിരുവിതാംകൂറിലെ പൊതുക്കാര്യപ്രവർത്തനങ്ങൾക്കു് അദ്ദേഹത്തിൻെറ നേതൃത്വം ഒഴിച്ചുകൂടുവാൻ വഹിയാത്ത ഒരു കാലഘട്ടമായിരുന്നു അതു്. അദ്ദേഹത്തിന്റെ നേതൃത്വത്തിലാരംഭിച്ചു വിജയകരമായി അവസാനിച്ചിരുന്ന നിയമസഭാപരിഷ്കാരപ്രക്ഷോഭണം അടുത്ത പടിയായ ഉത്തരവാദഭരണപ്രസ്ഥാനമായി വളരുവാൻ ആരംഭിച്ചുകഴിഞ്ഞിരുന്നു. അങ്ങിനെയൊരു ബഹുജനപ്രസ്ഥാനത്തെ ആത്മാർത്ഥതയോടും ഊർജ്ജസ്വലതയോടും നയിച്ചുകൊണ്ടുപോകുവാൻ പ്രാപ്തനായ ഒരു നേതാവായി അന്നു ചങ്ങനാശേരി മാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിനുള്ള പിന്തുണയും, പ്രാബല്യവും, കർമ്മകുശലതയും മറെറാരു ജനപ്രമാണിക്കുമന്നുണ്ടായിരുന്നില്ല. വയ്ക്കംക്ഷേത്രസത്യാഗ്രഹത്തിൽനിന്നും പൊട്ടി വളർന്നു തഴച്ചു വികസിച്ച ക്ഷേത്രപ്രവേശനപ്രക്ഷോഭണം ഊർജ്ജിതമായി ആരംഭിച്ചുകഴിഞ്ഞിരുന്നു. ചങ്ങനാശേരിയുടെ നേതൃത്വം ലഭിക്കുമെന്നുള്ള പരിപൂർണ്ണവിശ്വാസത്തോടുകൂടിയാണു ടി. കെ. മാധവനും, മററു് അയിത്തോച്ചാടനപ്രവർത്തകന്മാരും അവരുടെ പരിപാടികൾ രൂപവൽക്കരിച്ചിരുന്നതു്.

ഈ ഘട്ടത്തിലാണു് അദ്ദേഹം ന്യായാധിപപദം സ്വീകരിക്കുവാൻ തീർച്ചയാക്കിയതു്. ചങ്ങനാശേരി സർക്കാരുദ്യോഗം സ്വീകരിച്ചതിനെപ്പററി അഭിപ്രായാന്തരങ്ങൾ അന്തരീക്ഷത്തിൽ മുഴങ്ങുവാൻ തുടങ്ങി. ഹൈക്കോടതിയിലെ ന്യായാ

ധിപപദത്തിൽ അഭികാമ്യമായി യാതൊന്നുംതന്നെ അദ്ദേഹത്തിനു തോന്നുവാനുണ്ടായിരുന്നില്ലെന്നാണു സ്നേഹരൂപത്തിൽ അദ്ദേഹത്തെ വിമൎശിച്ചവർ അഭിപ്രായപ്പെട്ടതു്. ഒരു ഹൈക്കോടതിജഡ്ജിക്കും ലഭിച്ചിട്ടില്ലാത്ത ഒരു സ്ഥാനമാണു് അന്നദ്ദേഹത്തിനു പൊതുജനങ്ങളുടെ ഇടയിലുണ്ടായിരുന്നതു് എന്നവർ വാദിച്ചു. പൊതുജനങ്ങൾ അദ്ദേഹത്തിലൎപ്പിച്ചിരുന്ന സ്നേഹവിശ്വാസങ്ങളെ നിസ്സാരമായി ചവുട്ടിനീക്കിയിട്ടു ഗവൎമ്മെൻറിൻെറ കീഴിൽ ഒരു ഉദ്യോഗം സ്വീകരിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച മനോഭാവം ആക്ഷേപാൎഹമാണെന്നും അവർ അഭിപ്രായപ്പെടുകയുണ്ടായി. തിരുവിതാംകൂറിൽ ഉത്തരവാദഭരണം കൈവരുത്തുന്നതിനു വേണ്ടി വാദിച്ചിരുന്ന ചങ്ങനാശേരി, അദ്ദേഹത്തിൻെറ വിശ്വാസങ്ങളേയും ലക്ഷ്യങ്ങളേയും ബലികഴിച്ചു സ്വേച്ഛാധികാരഭരണത്തിൻകീഴിൽ ഒരുദ്യോഗം സ്വീകരിച്ചതു് ആദൎശങ്ങളെ താഴ്ത്തുന്നതിനു തുല്യമാണെന്നു് ഒരു കൂട്ടർ വാദിച്ചു. ഉത്തരവാദഭരണത്തിൻകീഴിൽ ഹൈക്കോടതിജഡ്ജിപദത്തെക്കാൾ എത്രയോ ഉയൎന്നതുമായ ഒരു സ്ഥാനം വഹിക്കുവാൻ പ്രാപ്തനും അൎഹനുമായ അദ്ദേഹം ജനപക്ഷത്തുനിന്നും വേർപെട്ടു താൽക്കാലികമായ ഔന്നത്യത്തെ മാത്രം ലാക്കാക്കി പ്രവൎത്തിച്ചതു പൊതുജനങ്ങളോടു ചെയ്ത വഞ്ചനയാണെന്നു മററു ചിലരഭിപ്രായപ്പെട്ടു. തിരുവിതാംകൂറിൽ ഉത്തരവാദഭരണമാണു നിലവിലിരുന്നതെങ്കിൽ പ്രധാന മന്ത്രിപദത്തിലേയ്ക്കു ബഹുഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെടുമായിരുന്ന ചങ്ങനാശേരി പരമേശ്വരൻപിള്ള പൊതുജനങ്ങളുടെ സ്നേഹാദരങ്ങളേയും അന്യൂനമായ വിശ്വാസത്തേയും പുറംകാലുകൾകൊണ്ടു തട്ടിമാററിയിട്ടു ഗവൎമ്മെന്റിന്റെ കീഴിൽ ഒരുദ്യോഗം സ്വീകരിക്കാമെന്നു വിചാരിച്ചതു തുലോം പരിതാപകരമായിപ്പോയിയെന്നാണു് ഈ ഗ്രന്ഥകൎത്താവു് അക്കാലത്തു് ഒരു ലേഖനമദ്ധ്യേ പ്രസ്താവിച്ചതു്. ചങ്ങനാശേരിയുടെ ഉദ്യോഗസ്വീകരണത്തെക്കുറിച്ചു പ്രതികൂലമായ പല വിമൎശങ്ങളും അക്കാലത്തു പത്രപംക്തികളിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. ഒരു പൊതുക്കാൎയ്യപ്രസക്തനെന്ന നിലയിൽ ബഹുജനങ്ങൾ അദ്ദേഹത്തിൽ നിക്ഷേപിച്ചിരുന്ന വിശ്വാസാദരങ്ങളെ മാത്രമാണു് ഈ വിമൎശനങ്ങൾ വെളിപ്പെ



ചങ്ങനാശേരി പരമേശ്വരൻപിള്ള.

ടുത്തുന്നതു്. പക്ഷേ അന്നത്തെ പരിതഃസ്ഥിതികളിൽ ഒരു ജനകീയനേതാവു സക്കാർജീവനത്തിൽ പ്രവേശിക്കുന്നതാക്ഷേപാഹമായി പരിഗണിക്കപ്പെടാവുന്നതാണോ എന്നുള്ളതാണു് ഇവിടെ ഉത്ഭവിക്കുന്ന പ്രശ്നം. മഹാത്മാഗാന്ധിയുടെ നിസ്സഹകരണപരിപാടിയും നിയമലംഘനപ്രസ്ഥാനവും അന്നു നാട്ടുരാജ്യങ്ങളിൽ സ്വീകരിച്ചിരുന്നില്ല. അവ നാട്ടുരാജ്യങ്ങളിലേയ്ക്കു പകത്തുന്ന വിഷയത്തിൽ ഭാരതമഹാജനസഭതന്നെ ആനുകൂല്യം പ്രദശിപ്പിച്ചിരുന്നില്ല. ഇവിടത്തെ ജനങ്ങൾ അതിനു സന്നദ്ധരുമായിരുന്നില്ല. ബ്രിട്ടീഷിൻഡ്യയിൽ ഉദ്യോഗസ്ഥലോകവും പൊതുജനസംഘടനകളും തമ്മിൽ നിലവിലുണ്ടായിരുന്ന ബന്ധമല്ല നാട്ടുരാജ്യങ്ങളിലുണ്ടായിരുന്നതു്. നാട്ടുരാജ്യപ്രജകൾ അവരുടെ മഹാരാജാക്കന്മാരുടെ ഭരണത്തെ, അതെത്ര തന്നെ വിദേശീയമേധാവിത്വത്തിനു വിധേയമായിരുന്നു എന്നുവരികിലും ആഭ്യന്തരകാര്യങ്ങളിൽ നിസ്സീമമായ ഭക്തിയോടുകൂടിയാണു വീക്ഷിച്ചിരുന്നതു്. നാട്ടുരാജ്യത്തിലെ ഒരു പൌരനു ലഭിക്കാവുന്ന ഏററവും അത്യുന്നതമായ ഒരു സ്ഥാനമാണു ഹൈക്കോടതിയിലെ ന്യായാധിപപദം. എന്നാൽ വ്യക്തിപരമായ ഉൽക്കഷത്തിനും അഭ്യുന്നതിക്കും വേണ്ടി ഒരു പൊതുക്കാര്യപ്രസക്തൻ ജനകീയതാല്പയ്യങ്ങളെ ഒരു ചവിട്ടുപടിയായി ഉപയോഗിച്ചുകൊണ്ടാണോ മേല്പോട്ടുയന്നതെന്നുള്ള പ്രശ്നം ഇവിടെ ആലോചനയ്ക്കു വിഷയമാകേണ്ടതാണു്. പൊതുജനതാല്പയ്യങ്ങളെ ഒററുകൊടുക്കയും, അങ്ങിനെ ആത്മാഭിമാനത്തേയും, താൻ ജീവിതകാലം മുഴുവൻ മുറുകെപ്പിടിച്ചിരുന്ന ആദർശങ്ങളേയും, വിററഴിക്കയും, ചെയ്യുന്ന ഒരു നയം ഉദ്യോഗലബ്ധിക്കു വേണ്ടി ഒരു ജനപ്രമാണി സ്വീകരിക്കുകയാണെങ്കിൽ അതു നിതികെട്ടും ആക്ഷേപാഹമാണെന്നുള്ളതിനു രണ്ടു പക്ഷമില്ല. ചങ്ങനാശേരിയുടെ ഉദ്യോഗസ്വീകരണത്തെപ്പററി അങ്ങിനെ ഒരപവാദം പറയുക ഏതൊരു വിധത്തിലും സാദ്ധ്യമാണോ? ഉദ്യോഗസ്വീകരണത്തിനല്പദിവസങ്ങൾക്കു മുൻപുവരെ ഏതൊരു പൊതുജനപ്രസ്ഥാനത്തേയും നയിക്കുന്നതിനും, ഗവമ്മെൻറിൻെറ അനീതികരങ്ങളായ പ്രവത്തനങ്ങളെ നിർഭയം വിമശിക്കുന്നതിനും, ചങ്ങനാശേരി എപ്പോഴും സന്നദ്ധനായിരുന്നു എന്നുള്ളതിനു് അന്നത്തെ പൊതുക്കാര്യപ്രവത്തനങ്ങളുടെ ചരിത്രം സാക്ഷ്യം വഹിക്കു

ന്നുണ്ടു്. ജനങ്ങളുടെ അതികഠിനമായ പ്രതിഷേധത്തിനു വിഷയമായ വാട്ട്സിൻെറ ബ്രൂക്ക്ബ്രാൺഡ്പദ്ധതിയെ ചങ്ങനാശേരി പരസ്യമായി പ്രതികൂലിക്കുകയുണ്ടായില്ലെന്നാണു് അദ്ദേഹത്തെ നിശിതമായി വിമർശിക്കുന്ന പ്രതികൂലകക്ഷികൾ കൊണ്ടുവരാറുള്ള പ്രധാനമായ ആക്ഷേപം. വ്യക്തിപരമായ ധനലാഭത്തെ ഇച്ഛിച്ചാണു കിഴക്കൻമലകളിലൊരു വലിയ വിഭാഗം ഒരു വിദേശക്കമ്പനിക്കു തേയിലക്കൃഷിക്കു വേണ്ടി പതിച്ചുകൊടുക്കുവാൻ വാട്ട്സ് ഒരുങ്ങിയതെന്നുള്ള ആരോപണം അനന്തരകാലങ്ങളിൽ പാടെ പൊളിഞ്ഞുപോയിട്ടുണ്ടു്. രാജ്യക്ഷേമത്തിനും സാമ്പത്തികമായ പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിനും, തൻെറ പദ്ധതി പ്രയോജകീഭവിക്കുമെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടിയാണു വാട്ട്സ് ബ്രൂക്ക്ബാൺഡ്പദ്ധതിക്കടിസ്ഥാനമിട്ടതു്. വാട്ട്സിൻെറ ഉത്തമവിശ്വാസത്തിലും, നിഷ്കപടമായ രാജ്യസ്നേഹത്തിലും സംശയലേശമില്ലാതിരുന്ന ചങ്ങനാശേരി ആ പദ്ധതിയെ അനുകൂലിക്കതന്നെയാണു ചെയ്തിരുന്നതെങ്കിൽകൂടി അതുദ്യോഗലബ്ധിക്കു വേണ്ടിയായിരുന്നു എന്നു് നിഷ്പക്ഷബുദ്ധികൾക്കു പറയുവാൻ സാദ്ധ്യമല്ല. വാട്ട്സിൻ്റെ രാജ്യക്ഷേമകരങ്ങളായിരുന്ന മിക്ക പദ്ധതികളേയും ചങ്ങനാശേരി പ്രശംസിക്കയും അനുകൂലിക്കയുമാണു ചെയ്തിട്ടുള്ളതു്. "ഒരു ഗവമ്മെൻറുണ്ടെങ്കിൽ ഞാൻ എപ്പോഴുമതിനെതിരായിരിക്കും" എന്നുള്ള ഒരു നയമല്ല ചങ്ങനാശേരി അദ്ദേഹത്തിൻെറ വിശ്വാസപ്രമാണമായി സ്വീകരിച്ചിരുന്നതു്. കിഴക്കൻമലകൾ തെളിച്ചു തേയിലക്കൃഷിക്കുപയോഗിക്കുന്നതായിരുന്നാൽ അതുകൊണ്ടു തിരുവിതാംകൂറിലെ കാലവർഷങ്ങൾ നിലച്ചുപോകുമെന്നുള്ള, ജനപക്ഷത്തിൻെറ എതിർപ്പിനു മുഖ്യനിദാനമായ, അഭിപ്രായത്തെപ്പററി ഭൂമിശാസ്ത്രവിദഗ്ദ്ധന്മാർക്കു പറയുവാനുള്ളതെന്താണെന്നു് ഇന്നുവരെയും ആരും അന്വേഷിച്ചിട്ടില്ല. സ്വദേശിമൂലധനം സുലഭമല്ലാതിരിക്കുന്നിടത്തോളം കാലം, വിപുലമായ തോതിൽ കാർഷികപരീക്ഷണങ്ങളും, വ്യവസായസംരംഭങ്ങളും തുടങ്ങുവാൻ വിദേശക്കമ്പനികൾക്കു ഭൂമി പതിച്ചുകൊടുക്കുന്നതു് അനാശാസ്യമാണെന്നുള്ള അഭിപ്രായം സാമ്പത്തികദൃഷ്ട്യാ നീതീകരിക്കുവാൻ വിഷമമാണു്. ഒരു

രാജ്യത്തിന്റെ സാമ്പത്തികമായ അഭിവൃദ്ധിക്ക് എന്നേയ്ക്കും ഹാനിയുണ്ടാക്കുന്ന ചില ഉപയോഗങ്ങൾക്കു സ്വദേശിമൂലധനത്തിന്റെ താല്ക്കാലികമായ അഭാവത്തിലും ഭൂമി അല്പകാലത്തേയ്ക്കെങ്കിലും അന്യാധീനപ്പെടുത്തുന്നതു് ആപല്ക്കരമാണു്. അങ്ങിനെയുള്ള ഒരുപയോഗമാണു ലോഹഖനനം. ഖനികളിൽനിന്നു ലോഹങ്ങൾ നിരന്തരമായി കഴിച്ചെടുക്കുന്നതുകൊണ്ടു കാലാന്തരത്തിൽ അവ നിർവ്വാണമായിത്തീരുന്നു. മൂലധനം മുടക്കിയിട്ടുള്ള വിദേശികളുടെ പള്ള വീർപ്പിക്കുവാനല്ലാതെ പ്രസ്തുത വ്യവസായംകൊണ്ടു രാജ്യത്തിനു കാര്യമായ യാതൊരു സാമ്പത്തികശ്രേയസ്സുമുണ്ടാകുന്നില്ല. എന്നാൽ കാർഷികമായ ഉപയോഗങ്ങൾക്കു നിശ്ചിതകാലത്തേയ്ക്കു വിദേശികൾക്കുപോലും ഭൂമി പതിച്ചുകൊടുക്കുന്നതുകൊണ്ടു ചില സാമ്പത്തികമായ പ്രശ്നങ്ങൾക്കു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുവാൻ കഴിഞ്ഞു എന്നു വരുന്നേയ്ക്കാം. കൂടാതെ അലസമായി കിടക്കുന്ന ഭൂമി ഫലഭൂയിഷ്ഠമായിത്തീരുവാനും ഇതു സഹായിക്കുന്നുണ്ടു്

ഏതായാലും പൊതുജനാഭിപ്രായത്തെ ആദരിച്ചു ബ്രൂക്ക്ബാൺഡ് പദ്ധതി ഉപേക്ഷിക്കുവാനുള്ള സന്മനസ്സു വാട്ട്സിനുണ്ടായതുകൊണ്ടു് അദ്ദേഹത്തിന്റെ പദ്ധതിയുടെ നന്മതിന്മകൾ കണ്ടറിയുന്നതിനു് ഇന്നാട്ടിലെ ജനങ്ങൾക്കവസരം ലഭിച്ചില്ല. വർദ്ധിച്ചുവന്ന പൊതുജനാഭിപ്രായത്തെ ആദരിച്ചു തന്റെ സാമ്പത്തികപദ്ധതി ഉപേക്ഷിക്കുവാൻ വാട്ട്സ് സന്നദ്ധനായി. അതൊന്നുകൊണ്ടുമാത്രംതന്നെ ഒരു വ്യവസ്ഥാപിതഭരണാധികാരിയെന്ന നിലയിൽ അദ്ദേഹം തിരുവിതാംകൂറിലെ ജനങ്ങളുടെ കൃതജ്ഞതയെ അർഹിക്കുന്നുണ്ടു്. ഈ പദ്ധതിയെപ്പററി ചങ്ങനാശേരിക്കുണ്ടായിരുന്ന അഭിപ്രായങ്ങൾ അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. വാട്ട്സിന്റെ ഭരണത്തിനു പൊതുവേ ചങ്ങനാശേരി നൽകിയിരുന്ന ആനുകൂല്യം നീതീകരിക്കത്തക്കതായിരുന്നു എന്നു് ആ കാലഘട്ടത്തിൽ നിന്നകന്നു ജീവിക്കുന്ന ഇന്നത്തെ തിരുവിതാംകൂറിലേ പൌരസഞ്ചയം അഭിപ്രായപ്പെട്ടേക്കുമെന്നുള്ളതു നിസ്തർക്കമാണു്. ബ്രൂക്ക്ബാൺഡ് പദ്ധതിയെ പ്രതികൂലിക്കാതിരുന്നതുകൊണ്ടാണു വാട്ട്സ് ചങ്ങനാശേരിയ്ക്കു ന്യായാധിപപദം നൾകുവാൻ മഹാറാണി റീജന്റു തിരുമനസ്സിനെ ഉപദേശിച്ചതെന്നുള്ള വാദം

കഴമ്പില്ലാത്ത ഒന്നാണ്. വാട്ട്സിൻെറ വൎത്തമാനപ്പത്രറഗു ലേഷൻ തുടങ്ങിയ പൌരാവകാശദ്ധ്വംസനപരമായ നിയമങ്ങളെ മുന്നിട്ടു നിന്നെതൃക്കയും, അവയ്ക്കെതിരായി തീവ്രമായ പ്രക്ഷോഭണം നടത്തുകയും, ചെയ്ത ചങ്ങനാശേരി ഉദ്യോഗലബ്ധിക്കുവേണ്ടി ബ്രൂക്ക്ബാൺഡ് പദ്ധതിയെ അനുകൂലിച്ചെന്നോ പ്രതികൂലിച്ചില്ലെന്നോ പറയുന്നതു് ബാലിശവും നിരൎത്ഥകവുമായ ഒരു വാദമാണ്.

ഹൈക്കോടതിയിലെ ന്യായാധിപപദം അലംകരിക്കുവാൻ വേണ്ട കാൎയ്യശേഷിയോ നിയമപരിജ്ഞാനമോ ചങ്ങനാശേരിക്കുണ്ടായിരുന്നില്ലെന്നും, ഒരു ദിവാൻജിയുടെ ആനുകൂല്യം കൊണ്ടുമാത്രമാണതദ്ദേഹം സമ്പാദിച്ചതെന്നും പറയുവാൻ ദോഷൈകദൃക്കുകൾപോലും ഇന്നുവരെ ധൈൎയ്യപ്പെട്ടിട്ടില്ല. ഹൈക്കോടതിയിലെ ജഡ്ജിപദം ചങ്ങനാശേരിക്കൊരിക്കലും അനൎഹമായ ഒരാഡംബരമായിരുന്നില്ല. ന്യായാധിപപദമല്ല തിരുവിതാംകൂറിലേ സചിവപദംതന്നേ പ്രശംസനീയമാംവണ്ണം താങ്ങുവാനുള്ള ശേഷി അദ്ദേഹത്തിൻെറ ചുമലുകൾക്കുണ്ടായിരുന്നു എന്ന കാൎയ്യവും നിൎവ്വിവാദമാണ്. നിൎഭയമായ പൊതുജനസേവനത്തിനും നിസ്സീമമായ നിയമപരിജ്ഞാനത്തിനും അസാമാന്യമായ പ്രതിഭാവിലാസത്തിനും ഒരു പ്രതിഫലമെന്നപോലെ, അദ്ദേഹത്തിൻെറ അന്യാദൃശമായ കാൎയ്യശേഷിയെ വേണ്ടവണ്ണം ധരിച്ച ഗവൎമ്മെൻറ് ഔചിത്യബുദ്ധിയോടുകൂടി ചങ്ങനാശേരിക്കു നൽകിയ അനുരൂപമായ ഒരു പാരിതോഷികമായിരുന്നു ന്യായാധിപപദമെന്നു നിസ്സംശയം പറയാം. ചങ്ങനാശേരി ശ്രേഷ്ഠതയിൽ ജനിച്ചുവളൎന്ന ദേഹമല്ല. ശ്രേഷ്ഠത ആരും അദ്ദേഹത്തെ പിടിച്ചേല്പിക്കുകയുമുണ്ടായില്ല. അക്ഷീണമായ പരിശ്രമംകൊണ്ടും അന്യൂനമായ സേവനംകൊണ്ടുമാണ് അദ്ദേഹം ആ മഹനീയപദത്തിലെത്തിച്ചേൎന്നതു്. ഉദ്യോഗജീവിതത്തിലെ ഔന്നത്യവും ധാൎഷ്ട്യവും അനുഭവിച്ചു രസിക്കുവാനും അങ്ങിനെ ജീവിതശിഷ്ടം അഹങ്കാരിയും അധൃഷ്യനുമായിക്കഴിഞ്ഞുകൂട്ടുവാനുമല്ല ചങ്ങനാശേരി ഉദ്യോഗസോപാനത്തിൽ കയറിയിറങ്ങിയതു്. ഉദ്യോഗജീവിതംകൊണ്ടു പൊതുക്കാൎയ്യപ്രവൎത്തനങ്ങളുടെ മാന്യതയേ അദ്ദേഹം വൎദ്ധിപ്പി

ക്കുകയാണു ചെയ്തിട്ടുള്ളത്. ന്യായാധിപപദത്തിൽ കഴിച്ചുകൂട്ടിയ അഞ്ചാറു വർഷങ്ങൾ ഔദ്യോഗികജീവിതവും പൊതുജനസേവനവും രണ്ടും രണ്ടല്ലെന്നു വ്യക്തമാക്കുവാനാണ് അദ്ദേഹം വിനിയോഗിച്ചത്. അനന്തരകാലങ്ങളിലെ പൊതുപ്രവർത്തനത്തിനുള്ള ശക്തി സംഭരിക്കുക മാത്രമാണ് അന്നദ്ദേഹം ചെയ്തുകൊണ്ടിരുന്നത്. പെൻഷ്യൻ പററിയ ഒരു ന്യായാധിപൻ മനുഷ്യേതരമായ ലോകത്തിൽ ജീവിക്കുന്ന ദേവാംശജനോ, ഗന്ധർവനോ അല്ലെന്നും, രാജ്യത്തിലെ സാമാന്യജനങ്ങളോടു തോളോടുതോളുരുമ്മിക്കഴിഞ്ഞുകൂടേണ്ട ഒരു സേവകൻ മാത്രമാണെന്നും, ജനകീയതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി, വേണ്ടിവന്നാൽ മുന്നോട്ടിറങ്ങി പ്രവർത്തിക്കുവാനുള്ള കർത്തവ്യം മററുള്ളവരെപ്പോലെതന്നെ ഓരോ പെൻഷ്യൻ പററിയ ഉദ്യോഗസ്ഥനുമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

എങ്കിലും, ഒരു സംഗതികൂടി ഇവിടെ പ്രസ്താവിക്കാതെ ഗത്യന്തരമില്ല. ജനകീയനേതാക്കന്മാരുടെ പ്രവർത്തനങ്ങളെ നിർദ്ദാക്ഷിണ്യമായ വിമർശനബുദ്ധിയോടുകൂടി സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരുന്ന തിരുവിതാംകൂറിലേ പൊതുജനങ്ങളിൽ ഒരു വലിയ വിഭാഗം ചങ്ങനാശേരിയുടെ ഉദ്യോഗസ്വീകരണം അക്ഷന്തവ്യമായ ഒരപരാധമായിട്ടാണു പരിഗണിച്ചത്. അദ്ദേഹം അന്നുവരെ ചെയ്തുപോന്ന ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങളെ വിസ്മരിക്കുവാനും, ദുരുദ്ദേശങ്ങൾ അദ്ദേഹത്തിൽ ആരോപിക്കുവാനും അവരിൽ ഒരു ന്യൂനപക്ഷമെങ്കിലും തുനിയാതിരുന്നില്ല. ഉദ്യോഗജീവിതത്തിൽനിന്നു വിരമിച്ചു പൂർവ്വാധികം ഊർജ്ജസ്വലതയോടെ പൊതുക്കാര്യജീവിതത്തിലേയ്ക്കു തിരിച്ചുവന്ന ചങ്ങനാശേരിയുടെ അനന്തരസംരംഭങ്ങളെ സംശയദൃഷ്ടിയോടെയാണ് ഇവർ വീക്ഷിച്ചുകൊണ്ടിരുന്നത്. പഴയജനസമ്മിതി അതേപടി ആർജ്ജിക്കുവാൻ അദ്ദേഹത്തിന് അനല്പമായി ആയാസപ്പെടേണ്ടിവന്നു എന്നുള്ളതു കേവലം ഒരു പരമാർത്ഥം മാത്രമാണ്. വ്യക്തിപരമായ ഔന്നത്യത്തിനും നേതൃത്വത്തിനും വേണ്ടിയുള്ള ഒരാളുടെ ശ്രമങ്ങളായിട്ടാണ് ഏററവും ജനക്ഷേമകരങ്ങളായിരുന്ന അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളെ പ്പോലും ചിലർ വ്യാഖ്യാനിച്ചത്.

ഉദ്യോഗസ്വീകരണമൊന്നു മാത്രമായിരിക്കണം പ്രതികൂലമായ ഈ വിമർശനങ്ങൾക്കിടനൾകിയതു്. ആ വിധത്തിൽ ചങ്ങനാശേരിയുടെ ഉദ്യോഗസ്വീകരണം തിരുവിതാംകൂറിലെ പൊതുക്കാര്യജീവിതത്തെ കുറഞ്ഞൊന്നു ദൂഷിപ്പിക്കുവാനും, ബഹുജനങ്ങൾക്കു ജനകീയനേതാക്കന്മാരിലുള്ള വിശ്വാസം അല്പമൊന്നു കുറയ്ക്കുവാനും പര്യാപ്തമായിട്ടുണ്ടെന്നുള്ള പരമാർത്ഥം ഇവിടെ മറച്ചുവയ്ക്കുന്നില്ല. ബ്രിട്ടീഷിൻഡ്യയിലെപ്പോലെ ഉദ്യോഗം തുടങ്ങിയ പ്രലോഭനങ്ങളിൽനിന്നകന്നു നിന്നു, ത്യാഗമോഹനവും ശോകസങ്കലിതവും ആയ ഒരു എളിയജീവിതം മാത്രം നയിച്ചുകൊണ്ടു് സേവനമനുഷ്ഠിക്കുവാൻ തിരുവിതാംകൂറിലേ അത്യുന്നതന്മാരായ പൊതുക്കാര്യപ്രസക്തന്മാൎക്കുപോലും ഒരു കാലത്തു കഴിഞ്ഞിരുന്നില്ലെന്നുള്ളതു് ഒരു വലിയ ദൗർഭാഗ്യം തന്നെയായിരുന്നു. എങ്കിലും അന്നു് ഉദ്യോഗസ്വീകരണംകൊണ്ടു പൊതുക്കാര്യജീവിതത്തിന്റെ മാന്യത വർദ്ധിപ്പിക്കുവാനൊരുങ്ങിയ നേതാക്കന്മാരുടെ പ്രവൃത്തിയെ അപലപിക്കുവാൻ ഇവിടത്തെ പരിതഃസ്ഥിതികളിൽ അത്ര മതിയായ കാരണമാകുമെന്നു തോന്നുന്നില്ല.

ചങ്ങനാശേരി ജനസമ്മതിയുള്ള ഒരു ന്യായാധിപനായിരുന്നു. അദ്ദേഹത്തിന്റെ നിഷ്പക്ഷതയും, നീതിബോധവും ചോദ്യം ചെയ്യുവാൻ ശത്രുക്കൾപോലും ധൈര്യപ്പെട്ടിട്ടില്ല. തിരുവിതാംകൂറിലേ അത്യുന്നതമായ നീതിന്യായാസനത്തിന്റെ പ്രൌഢിയും, അന്തസ്സും അദ്ദേഹത്തിന്റെ ഹസ്തങ്ങളിൽ തുലോം സുരക്ഷിതങ്ങളായിരുന്നു. ബാഹ്യപ്രേരണകൾ ഒരിക്കൽപോലും അദ്ദേഹത്തെ നിയമത്തിന്റെ നിർദ്ദാക്ഷിണ്യമായ ഗതിപഥത്തിൽനിന്നു വ്യതിചലിപ്പിച്ചിട്ടില്ല. ന്യായാസനത്തിലിരിക്കുന്ന ചങ്ങനാശേരി അക്ഷോഭ്യനും, അചഞ്ചലനുമാണു്. പ്രസന്നവും എന്നാൽ ഗൌരവപൂർണ്ണവുമായ അദ്ദേഹത്തിന്റെ വ്യക്തിത്വം അഭിഭാഷകലോകത്തിന്റെ ബഹുമാനാദരങ്ങൾക്കു പാത്രമായിരുന്നു. വക്കീലന്മാരുടെ വാദഗതികൾ പ്രശാന്തമായും ക്ഷമാപൂർണ്ണമായും ശ്രദ്ധിച്ചു പഠിക്കുവാൻ അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു. അഭിഭാഷകന്മാരുടെ ഗളനാളങ്ങളിൽ ചാടിവീണു് അവരുടെ വാദഗതിയെ അനുനിമിഷം പ്രതിബന്ധപ്പെടുത്തുന്ന ഉദ്ധതനായ ഒരഭിഭാഷക

ചോദ്യകർത്താവിൻെറ സ്ഥാനമല്ല, ന്യായാധിപനെന്ന നിലയി ലദ്ദേഹം വഹിച്ചിരുന്നതു്. അദ്ദേഹം വക്കീലന്മാരോടു ചില പ്പോൾ ചോദ്യങ്ങൾ ചോദിക്കാറുണ്ട്. വാദഗതിയും വസ്തുത കളും മനസ്സിലാക്കുവാൻ വേണ്ടിയാണു് അദ്ദേഹം ചോദ്യങ്ങൾ ചോദിക്കാറുള്ളതു്. തൃപ്തികരമായ മറുപടി ലഭിച്ചുകഴിഞ്ഞാൽ സ്തോഭരഹിതനായി അദ്ദേഹം വീണ്ടും മൌനമവലംബിക്കുന്നു. വാദങ്ങളുടെ യുക്തിശൂന്യത വക്കീലന്മാരെ ഗ്രഹിപ്പിക്കുവാൻ വേണ്ടി എതിർവാദങ്ങൾ പുറപ്പെടുവിച്ചു, കോടതിയുടെ വിലയേറിയ സമയം ദുർവ്യയം ചെയ്യുന്ന പതിവു് അദ്ദേഹത്തി നില്ല. അബദ്ധജടിലമായ വാദങ്ങൾ അഭിഭാഷകന്മാരെ ക്കൊണ്ടു വിഴുങ്ങിച്ചു് അദ്ദേഹം തൃപ്തിയടയാറുമില്ല. ബാറിലെ അനിഷേധ്യനായകനും, അന്നു സന്നതെടുത്ത തഴക്കമില്ലാത്ത അഭിഭാഷകനും അദ്ദേഹത്തിൻെറ നിയമദൃഷ്ടിയിൽ തുല്യന്മാ രാണു്. വാദഗതികളുടെ പ്രാബല്യമല്ലാതെ വ്യക്തികളുടെ ഉയച്ചുതാഴ്ചകൾ അദ്ദേഹത്തിൻെറ അന്ത്യതീരുമാനങ്ങളെ അശേഷം ബാധിക്കാറില്ല. ഒടുങ്ങാത്ത ക്ഷമാശീലം ഒന്നു പോലെ ഏവക്കും അദ്ദേഹത്തിൽനിന്നു പ്രതീക്ഷിക്കാം. പൂവ് വിധികളുദ്ധരിച്ചു് അദ്ദേഹത്തെക്കുഴക്കുവാൻ ശ്രമിക്കുന്ന ഒരാൾ ആ ഉദ്യമത്തിൽനിന്നു മിക്കപ്പോഴും വിജയിയായിട്ടല്ല പുറത്തു വരുന്നതു്. വിധിനിയമങ്ങളുടെ കുഴങ്ങിയ സ്വഭാവത്തേക്കാൾ മൌലികമായ നിയമതത്വങ്ങളുടെ ലഘുത്വമാണു് അദ്ദേഹം കൂടുതലിഷ്ടപ്പെട്ടിരുന്നതു്. നീതിബോധവും സാമാന്യബുദ്ധി യുമാണു് ഒരു ന്യായാധിപനെന്ന നിലയിൽ അദ്ദേഹ ത്തിൻെറ നിശ്ചയങ്ങളെ എല്ലായ്പോഴും നിയന്ത്രിച്ചിരുന്നതു്. എത്ര കുഴഞ്ഞ നിയമപ്രശ്നങ്ങളും, വിതണ്ഡാവാദങ്ങളും അദ്ദേ ഹത്തിന്റെ ക്രമബുദ്ധിയേ മന്ദീഭവിപ്പിക്കാറില്ല. വാദമുഖങ്ങളെ കുഴക്കുന്ന അഭിഭാഷകന്മാരെ മൌലികമായ പ്രശ്നത്തെപ്പററി യുള്ള ഏകചോദ്യംകൊണ്ടു ബന്ധിച്ചുനിർത്തി നിശ്ചലരാക്കി അദ്ദേഹം വിഷമിപ്പിക്കുന്നതു ചിലപ്പോൾ വിനോദകരമായ ഒരു കാഴ്ചയായിരുന്നു. ഒരു അഭിഭാഷകനെന്ന നിലയിൽ സുദീർഘ മായ വാദപ്രതിവാദങ്ങൾകൊണ്ടു കോടതിയെ മുഷിപ്പിക്കുന്ന പതിവു് അദ്ദേഹത്തിനുണ്ടായിരുന്നില്ലെങ്കിലും, ഒരു ന്യായാധി

പനെന്ന നിലയിൽ വക്കീലന്മാരുടെ നീണ്ടുപോകുന്ന വാദ ഗതിയെ അദ്ദേഹം നിരുത്സാഹപ്പെടുത്തിയിട്ടില്ല. തന്റെ വാദ മുഖങ്ങൾ മുഴുവൻ കോടതിസമക്ഷം സമപ്പിക്കുവാൻ അവ സരം ലഭിച്ചില്ലെന്നുള്ള പരാതി ചങ്ങനാശേരിയുടെ മുൻപിൽ വ്യവഹരിച്ചിട്ടുള്ള ഒരഭിഭാഷകനും പറയുവാൻ കഴിയുന്നതല്ല. അപ്രധാനങ്ങളായ വിശദീകരണങ്ങളെ വേർതിരിച്ചു, ജീവ സ്പർശിയായ മൌലികവിഷയങ്ങളിലേയ്ക്കു ചുഴിഞ്ഞുകയറുവാനുള്ള പ്രതിഭാവിലാസം അദ്ദേഹത്തിന്റെ നൈസർഗ്ഗികമായ ഗുണവിശേഷങ്ങളിലൊന്നായിരുന്നു. എത്ര കോപഹേതുകമായ സംഭവങ്ങളുണ്ടായാലും അദ്ദേഹം ഒരിക്കലും സമചിത്തത വെടിയാറില്ല. വക്കീലന്മാരുമായി കലഹിക്കുകയോ, ഉദ്വേഗ ജനകങ്ങളായ രംഗങ്ങൾക്കിടകൊടുക്കയോ ചെയ്തിട്ടുള്ള ഒരൊറ്റ അവസരംപോലും ഏതാണ്ടു ദീഘമായിരുന്ന അദ്ദേഹത്തിന്റെ ഔദ്യോഗികജീവിതത്തിൽ ചൂണ്ടിക്കാണിക്കുവാൻ ആക്കും കഴിയുകയില്ല. ബാറിൽനിന്നു ന്യായാധിപപദത്തിലേയ്ക്കുയന്ന ചങ്ങനാശേരി അഭിഭാഷകന്മാരോടു സമഭാവനയോടുകൂടിയാണു വത്തിച്ചിരുന്നതു്. അഭിഭാഷകലോകത്തിന്റെ അഭിമാനവും, അന്തസ്സും സംരക്ഷിക്കുവാനും, ആദരിക്കുവാനും അദ്ദേഹം കൂടുതൽ താല്പര്യം പ്രകടിപ്പിച്ചിരുന്നു. നീതി നടത്തുന്നതിൽ വികാരപരമായ മനോഭാവം അദ്ദേഹത്തെ വഴിതെററിച്ചിട്ടില്ല. നിയമത്തിന്റെ അപ്രതിഹതമായ പുരോഗതിയെ തടഞ്ഞുനിത്തുവാൻ ദാക്ഷിണ്യമനോഭാവത്തെ അദ്ദേഹം ഒരിക്കലും അനുവദിച്ചിട്ടുമില്ല. വധദണ്ഡാഹനായ ഒരുവനെ മുഖത്തെ ഒരു മാംസപേശിയെങ്കിലും ചലിപ്പിക്കാതെ കഴുകിലേററുവാൻ വിധിച്ചിട്ടു് വികാരജനകമായി യാതൊന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ മറെറാരു കേസ്സിലേയ്ക്കു തിരിഞ്ഞു് അദ്ദേഹം ജോലി തുടൎന്നുകൊണ്ടുപോകുന്നതു കണ്ടു പലപ്പോഴും പ്രേക്ഷകന്മാർ ആശ്ചയ്യപ്പെട്ടിട്ടുണ്ടു്. കുററം തെളിഞ്ഞാൽ, നിയമമനുവദിക്കുന്ന കഠിനശിക്ഷ നൾകുവാൻ യാതൊരു വൈമനസ്യവും അദ്ദേഹം പ്രകടിപ്പിക്കുക പതിവില്ല. അദ്ദേഹത്തിന്റെ കൃത്യനിഷ്ഠ സഹന്യായാധിപന്മാരുടെ പ്രശംസയ്ക്കു പാത്രമായിട്ടുണ്ടു്. ചങ്ങനാശേരിയുടെ ഡയറിയിൽ

ഇങ്ങിനെ ഒരു കുറിപ്പു കാണുന്നു:—"നാമിങ്ങിനെ കഠിനമായി ജോലി ചെയ്യുന്നതു മനസ്സിലാക്കുവാനും അതിനെ അഭിനന്ദിക്കുവാനും ആരാണുള്ളതു് എന്ന്—(ഒരു സഹന്യായാധിപൻ) ഇന്നെന്നോടു ചോദിക്കുകയുണ്ടായി. എനിക്ക് എൻെറ മനസ്സാക്ഷിയെയല്ലാതെ മററാരേയും തൃപ്തിപ്പെടുത്തേണ്ടതായിട്ടില്ലെന്നു ഞാൻ മറുപടി പറഞ്ഞു." ഔദ്യോഗികജീവിതത്തിൽ ചങ്ങനാശേരി പ്രദർശിപ്പിക്കാറുണ്ടായിരുന്ന കൃത്യബോധം അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളെപ്പോലും ആശ്ചര്യപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിൻെറ മൂത്ത പുത്രൻ ജ്വരബാധിതനായി സന്നിശ്ധാവസ്ഥയിൽ ശയ്യയിൽ കഴിച്ചുകൂട്ടുന്ന ഘട്ടത്തിൽ കൂടിയും കൃത്യസമയത്തു കോടതിയിൽ ഹാജരായി ദിവസാവസാനംവരെ ജോലിചെയ്യുവാൻ അദ്ദേഹം മടിച്ചിട്ടില്ല. കോടതി പിരിഞ്ഞു് അടുത്ത നിമിഷത്തിൽ ഗൃഹത്തിലെത്തി വസ്ത്രങ്ങൾ മാററുവാൻപോലും സമയം വ്യയം ചെയ്യാതെ പുത്രസന്നിധിയിലേയ്ക്കോടിയണഞ്ഞു ദീർഘനേരം രോഗശയ്യയ്ക്കു സമീപം കഴിച്ചുകൂട്ടുന്ന ഉൽക്കണ്ഠാകുലനും വാത്സല്യനിധിയുമായ ആ പിതാവു തന്റെ ഭാര്യയോടു പറയാറുള്ളതു "പററുന്ന ശമ്പളത്തിനു മുഴുവൻ സമയവും ജോലി ചെയ്യുവാനുള്ള കർത്തവ്യത്തിൽനിന്നു പിന്തിരിയുവാൻ പുത്രൻെറ രോഗംപോലും മതിയായ കാരണമായിരിക്കയില്ല" എന്നാണ്.

# അദ്ധ്യായം ൰൧

ചങ്ങനാശേരി ന്യായാധിപനായിരുന്ന കാലത്തു ഹൈക്കോടതിയിൽ നടന്നിട്ടുള്ള പ്രക്ഷോഭജനകമായ ഒരു കേസ്സിനെക്കുറിച്ചുകൂടി ഇവിടെ ചിലതു പ്രസ്താവിക്കുന്നതു് അപ്രസക്തമായിരിക്കയില്ലല്ലോ. 'വട്ടിപ്പണക്കേസ്സ്' എന്ന പേരിൽ സുപ്രസിദ്ധമായിത്തീൎന്നിട്ടുള്ള ഈ വ്യവഹാരം തിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടെ ഇടയിൽ അത്യധികമായ ക്ഷോഭത്തിനും മത്സരത്തിനും ഇടകൊടുത്തിട്ടുള്ള ഒന്നാണ്. ഇന്നും ആ കേസ്സിന്റെ പ്രതിധ്വനികൾ തിരുവിതാംകൂറിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ആ വ്യവഹാരത്തിന്റെ നടത്തിപ്പിനായി ഇരുകക്ഷികളും ചിലവഴിച്ചിട്ടുള്ള പണത്തിന്റെ തുകയുടെ വലിപ്പമൊന്നുമാത്രംകൊണ്ടു് അതു സമുദായമദ്ധ്യത്തിൽ ഉത്ഭവിപ്പിച്ച വാശിയുടേയും, കക്ഷിമത്സരത്തിന്റേയും ഒരേകദേശപരിജ്ഞാനം ലഭിക്കുന്നതാണ്. അസ്സൽ കേസ്സും, അപ്പീലും, വിചാരണയും, പുനർവിചാരണയുമായി അനവധി വൎഷങ്ങൾ കഴിഞ്ഞുകൂടിയെങ്കിലും, ഇന്നും അതു വീണ്ടും കോടതിസമക്ഷം മറെറാരു രൂപത്തിൽ വിസ്താരത്തിലിരിക്കുന്നതേയുള്ളൂ. ചങ്ങനാശേരി ന്യായാധിപനായിരിക്കുന്ന കാലത്തു പ്രസ്തുത കേസ്സു ഹൈക്കോടതിൽ ഒരു ഫുൾബെഞ്ചിൽ വാദം കേട്ടു. ജസ്റ്റിസ് വീരരാഘവയ്യങ്കാർ എഴുതിയ ആദ്യവിധിയിന്മേൽ ഉള്ള ഒരു പുനർവിചാരണയുടെ രൂപത്തിലാണ് അന്ന് ആ കേസ്സു ഫുൾബെഞ്ചിലാലോചനയ്ക്കു വന്നതു്. ഫുൾബെഞ്ചിലെ ന്യായാധിപന്മാരിലൊരാൾ ചങ്ങനാശേരി പരമേശ്വരൻപിള്ളയായിരുന്നു. മദ്രാസിലെ സുപ്രസിദ്ധ അഭിഭാഷകന്മാരായ സർ സി. പി. രാമസ്വാമിഅയ്യരും, മി. ന്യൂജീൻ ഗ്രാന്റുമാണ് ഇരുഭാഗങ്ങളിലും കേസ്സു വാദിക്കുവാൻ ഹാജരായതു്. വട്ടിപ്പണക്കേസ്സിന്റെ വിസ്താരമദ്ധ്യേ ചങ്ങനാശേരി പ്രദർശിപ്പിച്ച ബുദ്ധികൂൎമ്മതയേയും സൂക്ഷ്മാവലോകനശക്തിയേയുംപറ്റി പല പ്രശംസാപത്രങ്ങളും അക്കാലത്തുതന്നെ അദ്ദേഹത്തിനു ലഭിക്കാതിരുന്നില്ല. കേസ്സിന്റെ അവസാനത്തീൎപ്പിൽ ചങ്ങനാശേരിക്കുണ്ടാ

യിരുന്ന പ്രശസ്തമായ പങ്കിനെപ്പറ്റി തിരുവിതാംകൂറിലെ പത്രങ്ങൾ ഉജ്ജ്വലമായ മുഖപ്രസംഗങ്ങൾ പ്രസിദ്ധം ചെയ്തു.

ഇന്റർ നാഷനൽ ലേബർ ആഫീസിന്റെ ഇൻഡ്യൻശാഖയിലെ ഒരുദ്യോഗസ്ഥനായിരിക്കുന്ന ഡാക്ടർ പി. പി. പിള്ള ഇംഗ്ലണ്ടിൽനിന്നു മടങ്ങുംവഴി ചങ്ങനാശേരിക്കയച്ചിരുന്ന ഒരു കത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിരുന്നു.

"ഞാൻ അങ്ങയെപ്പററി എന്റെ സഹയാത്രക്കാരിൽ ഒരാൾ പറഞ്ഞതായ ഒരഭിപ്രായം അവിടെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സഹയാത്രക്കാരൻ മദ്രാസിലെ ഏററവും പ്രധാന അഭിഭാഷകനായ മി. ന്യൂ ജീൻഗ്രാന്റല്ലാതെ മററാരുമല്ല. അങ്ങയുടെ പാണ്ഡിത്യത്തേയും, സാമത്ഥ്യത്തേയും, നിരീക്ഷണപാടവത്തേയും, സൂക്ഷ്മമായ ഗ്രഹണശക്തിയേയും അദ്ദേഹം അത്യന്തം പ്രശംസിക്കുകയും, അദ്ദേഹം അങ്ങയുടെ ബെഞ്ചിൽ വട്ടിപ്പണക്കേസ്സു വാദിച്ചുകൊണ്ടിരുന്ന അവസരത്തിൽ പലതരെക്കാര്യങ്ങൾ നൂതനമായി ഗ്രഹിച്ചു എന്നു പ്രസ്താവിക്കുകയും ചെയ്തു."

വട്ടിപ്പണക്കേസ്സിന്റെ തീരുമാനത്തെക്കുറിച്ചു മലയാളമനോരമ പ്രസിദ്ധം ചെയ്തിരുന്ന ഒരു മുഖപ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞിരുന്നു.

"ജസ്റ്റിസ് ചങ്ങനാശേരി പരമേശ്വരൻപിള്ള വിസ്താരമദ്ധ്യേ കേസ്സിന്റെ സാരഭാഗം മനസ്സിലാക്കുന്നതിൽ പ്രദർശിപ്പിച്ച ബുദ്ധിശക്തിയും, നിയമവിദഗ്ദ്ധതയും, മദ്രാസിലെ പ്രസിദ്ധ വക്കീലായ മി. ഗ്രാൻറിന്റെ അത്ഭുതബഹുമാനങ്ങൾക്കു പാത്രീഭവിച്ചിരുന്നെന്നുള്ളതു വിസ്താരസമയംതന്നെ അദ്ദേഹം രഹസ്യമായിപ്പറഞ്ഞുകൊണ്ടിരുന്നു. സർ സി. പി. രാമസ്വാമിഅയ്യരവർകൾക്കും ഈ അഭിപ്രായംതന്നെയാണുണ്ടായിരുന്നതെന്ന് വിശ്വസിക്കത്തക്കവിധത്തിൽ അറിവു കിട്ടിയിട്ടുണ്ട്."

൧൦൯൬ മിഥുനം ൨൩-ാംനു- മനോരമപ്പത്രത്തിൽത്തന്നെ സി. പി. തരകൻ ഈ വിഷയത്തെക്കുറിച്ചെഴുതിയിരുന്ന ഒരു ലേഖനത്തിലെ ചില ഭാഗങ്ങൾ ഇങ്ങിനെയാണ്.

“ലിസ്റ്റിൽ അവസാനത്തേതെങ്കിലും ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള അവർകൾക്കുള്ള സ്ഥാനം നിശ്ചയമായും അവസാനത്തേതല്ല. വിധിയുടെ ഇപ്പോഴത്തെ രൂപത്തിനു പ്രധാന ഹേതുഭൂതൻ ജസ്റ്റിസ് പരമേശ്വരൻപിള്ള അവർകളാണെന്നാണു ബഹുജനവിശ്വാസം. അതു തെറ്റോ ശരിയോ എന്നെനിക്കു നിശ്ചയമില്ല. എങ്കിലും, ഞാനും അങ്ങിനെ വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽപെട്ടയാളാണ്. ഹിയറിംഗ് സമയത്ത് അദ്ദേഹത്തിൽനിന്നും പുറപ്പെട്ട ആശയങ്ങൾ ഈ വിശ്വാസത്തെ ദൃഢപ്പെടുത്തിയിരിക്കുന്നു. പരമതാസഹിഷ്ണുത എന്നുള്ള ദോഷം അദ്ദേഹത്തെ തീണ്ടുകപോലും ചെയ്തിട്ടില്ല. ഒരു സമുദായത്തെ ചവുട്ടിത്തേച്ചിട്ടല്ല മറ്റൊരു സമുദായമുയരേണ്ടതെന്ന തത്വം അദ്ദേഹത്തെപ്പോലെ ധരിച്ചിട്ടുള്ളവരായി തിരുവിതാംകൂറിൽ വേറെ അധികം ആളുകളുണ്ടെന്നു തോന്നുന്നില്ല. ഒരു പൊതുജനപ്രതിനിധി എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ ജീവിതം കളങ്കരഹിതമായിരുന്നു. ആവശ്യമുള്ളപ്പോഴെല്ലാം ഗവൺമെന്റിനെ കുറ്റം പറകയും, എന്നാൽ ഗവൺമെന്റിനെ ദുഷിക്കമാത്രം ചെയ്യണമെന്നുള്ളവരോടു കൂട്ടുകൂടാതിരിക്കയും ചെയ്യുന്നതിൽ അദ്ദേഹം എത്രമാത്രം സൂക്ഷ്മബുദ്ധിയോടു കൂടിയാണു പ്രവൎത്തിച്ചിട്ടുള്ളതെന്നുള്ളതു പലരും വേണ്ടപോലെ ധരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. സമഭാവനയും നിഷ്പക്ഷബുദ്ധിയുംകൊണ്ടുയൎന്നിട്ടുള്ളവരിൽ ഒരാളാണു മി. പരമേശ്വരൻപിള്ള. അദ്ദേഹത്തിന്റെ ഉദ്യോഗജീവിതവും ഇതുവരെ കണ്ടിടത്തോളം നിഷ്കന്മഷമാണ്. മേലിലും ഈ നല്ല പേരിനെ നിലനിൎത്തിക്കൊണ്ടുപോകുവാൻ അദ്ദേഹത്തിനു സാധിക്കാതിരിക്കയില്ലെന്നാണ് എന്റെ വിശ്വാസം. തിരുവിതാംകൂർ രാഷ്ട്രീയനഭോമണ്ഡലത്തിൽ മങ്ങാതെ ശോഭിക്കുന്ന ഈ ജ്യോതിസ്സ് ഇനിയും കൂടുതൽ ദീപ്തിയോടുകൂടി പ്രകാശിക്കുവാൻ സൎവ്വശക്തൻ സഹായിക്കട്ടെ!”

ഔദ്യോഗികജീവിതത്തിലും പൊതുക്കാൎയ്യപ്രവൎത്തനങ്ങൾ തുടൎന്നുകൊണ്ടുപോകുകയും, തന്റെ വ്യക്തിസ്വാതന്ത്ര്യത്തെ പരാധീനപ്പെടുത്തുവാൻ വിസമ്മതിക്കയും, ചെയ്തിട്ടുള്ള തിരുവിതാംകൂറിലെ ഏക ഉദ്യോഗസ്ഥൻ ചങ്ങനാശ്ശേരി പരമേ

ശേഖരൻപിള്ളയായിരുന്നു എന്നു വേണമെങ്കിൽ പറയാം. ബ്രിട്ടീഷ് ഗവൺമെൻറും ഭാരതമഹാജനസഭയും തമ്മിലുണ്ടായ ചരിത്രപ്രസിദ്ധമായ നിയമലംഘനസമരത്തിൻെറ കാലം, കേരളം അന്തരീക്ഷത്തിൽ വ്യാപിച്ചുതുടങ്ങിയിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ആ സംഘട്ടനത്തിൻെറ സർവ്വാധിപതിയായിരുന്ന മഹാത്മാഗാന്ധിയുടെ ഷഷ്ടിപൂർത്തിമഹോത്സവം ആഘോഷപൂർവ്വം കൊണ്ടാടുവാൻ തിരുവനന്തപുരത്തെ വിദ്യാർത്ഥികൾ തീരുമാനിച്ചു. ആഘോഷങ്ങളോടനുബന്ധിച്ചു നടത്തുവാൻ നിശ്ചയിച്ചിരുന്ന പൊതുജനമഹായോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുവാൻ വിദ്യാർത്ഥികൾ ഒരു ദേശാഭിമാനിയായിരുന്ന ചങ്ങനാശേരിയെ ക്ഷണിച്ചു. ഔദ്യോഗികജീവിതത്തിലെ പാരതന്ത്ര്യങ്ങളെ നിശ്ശേഷം വിസ്മരിച്ചു, ചങ്ങനാശേരി നിശ്ശങ്കം ആ ക്ഷണം സ്വീകരിച്ചു. അന്നത്തെ മഹായോഗം ഏററവും വിജയകരമായി പര്യവസാനിച്ചു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

അന്നു തിരുവിതാംകൂർ ദിവാൻപദം വഹിച്ചിരുന്നതു മി. വി. എസ്സ്. സുബ്രഹ്മണ്യയ്യരായിരുന്നു. അദ്ദേഹത്തിന്റെ ഭരണം ജനപക്ഷത്തുനിന്നുള്ള അതികഠിനമായ വിമർശനങ്ങൾക്കു കാരണമാക്കി. പത്രങ്ങളിലും പ്രസംഗപീഠങ്ങളിലും മി. സുബ്രഹ്മണ്യയ്യരുടെ ഭരണത്തെപ്പററിയുള്ള പ്രതികൂലവിമർശനങ്ങൾ മാറെറാലിക്കൊണ്ടു. നായർസർവ്വീസ്‌സൊസൈററിയുടെ ആഭിമുഖ്യത്തിൽ നടത്തിയിരുന്ന സർവ്വീസ്‌പത്രം മി. വി. എസ്സിൻെറ ഭരണത്തെ ശക്തിപൂർവ്വം എതിർത്തുകൊണ്ടിരുന്നു. സർവ്വീസ്‌സൊസൈററിയുടേയും, അവരുടെ ജിഹ്വയായ സർവീസ്‌പത്രത്തിൻേറയും പ്രാതികൂല്യത്തിൻെറ പുറകിൽ ചങ്ങനാശേരിയുടെ പ്രേരണയുണ്ടായിരിക്കുമെന്നു മി. വി. എസ്സ്. സുബ്രഹ്മണ്യയ്യർ അകാരണമായോ സകാരണമായോ ധരിച്ചുവശായി. മി. വി. എസ്സിന്റെ ഭരണത്തെപ്പററി പൊതുജനങ്ങൾക്കുണ്ടായിരുന്ന പ്രതിഷേധത്തെ ആന്തരമായി ചങ്ങനാശേരി അനുകൂലിക്കയാണു ചെയ്തിരുന്നതെങ്കിലും ഒരുദ്യോഗസ്ഥനായിരുന്ന അദ്ദേഹം പരസ്യമായി അഭിപ്രായങ്ങൾ പ്രകടനം ചെയ്യുകയോ പ്രക്ഷോഭകാരികളെ പ്രോത്സാഹിപ്പി

ക്കയോ ഉണ്ടായില്ല. എന്നാൽ അനുദിനമെന്നവണ്ണം ശക്തിപ്പെട്ടുവന്ന പ്രക്ഷോഭണത്തെ തന്റെ സ്വാധീനശക്തി പ്രയോഗിച്ചു ശാന്തമാക്കുന്നതിനും അദ്ദേഹം തുനിഞ്ഞില്ല. അസൂയാലുക്കളും കണ്ണേജപന്മാരും ഈ അവസരത്തെ പാഴാക്കിയില്ല. തൽഫലമായി മി. വി. എസ്സിനു ചങ്ങനാശേരിയോടുള്ള ക്ഷാത്രം വർദ്ധിച്ചുകൊണ്ടിരുന്നു.

ഈ ഘട്ടത്തിലാണ് കൊച്ചിനായർസമ്മേളനത്തിലാദ്ധ്യക്ഷം വഹിക്കുവാനുള്ള ക്ഷണം ചങ്ങനാശേരി സ്വീകരിച്ചതു്. കൊച്ചിനായർസമ്മേളനത്തിലും അതിനെത്തുടൎന്ന് കിളിമാന്തർവച്ചു നടന്ന മറെറാരു സമ്മേളനത്തിലും ചങ്ങനാശേരി ചെയ്ത അദ്ധ്യക്ഷപ്രസംഗങ്ങൾ മി. വി. എസ്സ്. സുബ്രഹ്മണ്യയ്യരുടെ ശ്രദ്ധയിൽപെട്ടു. ആ രണ്ടു പ്രസംഗങ്ങളിലും ചങ്ങനാശേരി ചെയ്ത ചില പ്രസ്താവനകൾ തികച്ചും അനാശാസ്യങ്ങളാണെന്നു ദിവാൻജിക്കഭിപ്രായമുണ്ടായി. അല്പദിവസങ്ങൾക്കുള്ളിൽ ചങ്ങനാശേരിക്കു ദിവാൻജിയുടെ പക്കൽനിന്നും ഔദ്യോഗികമായ ഒരു കത്തു കിട്ടി. പത്രങ്ങളിൽ പ്രസിദ്ധംചെയ്തിരുന്ന പ്രസംഗങ്ങൾ ഉള്ളടക്കംചെയ്തു്, അവയെപ്പററി ചങ്ങനാശേരിക്കു പറയുവാനുള്ള സമാധാനം ആവശ്യപ്പെടുകയാണ് ദിവാൻജി ചെയ്തിരുന്നതു്. കവറിലുള്ളടക്കം ചെയ്തിരുന്ന പത്രശകലങ്ങളിലെ പ്രസംഗങ്ങൾ താൻ ചെയ്തിട്ടുള്ളവതന്നെയാണെന്നും, ഒരു ഗവമ്മെൻറുദ്യോഗസ്ഥനു യോജിക്കാത്ത പ്രസ്താവനകളൊന്നും തന്നെ അവയിലടങ്ങിയിട്ടില്ലെന്നും കാണിച്ചു ചങ്ങനാശേരി നിർഭയം മറുപടി കൊടുത്തു. ദിവാൻജി ഇതുകൊണ്ടു സംതൃപ്തനായില്ല. അതിന്റെ ഫലമായി പൊതുയോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനും പ്രസംഗിക്കുന്നതിനും ചങ്ങനാശേരിക്കുള്ള വ്യക്തിപരമായ സ്വാതന്ത്ര്യത്തെ തടഞ്ഞുകൊണ്ടു ദിവാൻജി ഉത്തരവു പാസാക്കി. ഉദ്യോഗജീവിതമവസാനിക്കുന്നതിനു മുൻപുതന്നെ ഒന്നിലധികം പ്രാവശ്യം ചങ്ങനാശേരി ഈ നിരോധനാജ്ഞയെ ലംഘിച്ചിട്ടുണ്ടു്. ചങ്ങനാശേരിയും ദിവാൻജിയും തമ്മിലുള്ള മത്സരം മി. വി. എസ്സ്. ഉദ്യോഗത്തിൽനിന്നു വിരമിക്കുന്നതുവരെ നീണ്ടുനിന്നു. ഇതിനെപ്പററി രസകരങ്ങളായ പല കുറിപ്പുകളും ചങ്ങനാശേരി അദ്ദേഹ

ത്തിന്റെ ഡയറിയിൽ എഴുതിച്ചേർത്തിട്ടുണ്ട്. സ്വദേശികളും അത്യുന്നതന്മാരുമായിരുന്ന ഈ രണ്ടു മഹാരഥന്മാരുടെ ഔദ്യോഗികമത്സരം തികച്ചും നിർഭാഗ്യകരമായിരുന്നു എന്നല്ലാതെ എന്തു പറയട്ടെ!

ചങ്ങനാശേരിയുടെ സ്വതന്ത്രമനോഭാവത്തിൽ തെളിച്ചം തട്ടിക്കുന്ന മറ്റൊരു കുറിപ്പുകൂടി ഡയറിയിൽനിന്നിവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. "ഇന്നത്തെ ഉത്സവത്തിനു മഹാരാജാ തിരുമനസ്സിനെ ബോധ്യപ്പെടുത്തുവാനായി ഉദ്യോഗസ്ഥന്മാർ കാണിക്കപ്പെട്ടിയുടെ അടുക്കൽ തിക്കിത്തിരക്കി കയറിക്കൊണ്ടിരുന്നു. ഞാൻ പിൻവാങ്ങി നില്ക്കുകയും, കാണിക്കപ്പെട്ടി എന്റെ സമീപം കൊണ്ടുവരാത്തതുകൊണ്ട് അതിലേയ്ക്കായി മാററിവെച്ചിരുന്ന നാലണത്തുട്ട് കൂറേക്കൂടി ധർമ്മപരമായ മറേറതെങ്കിലും കാര്യത്തിലേയ്ക്കു ചിലവാക്കുന്നതിനുവേണ്ടി കയ്യിൽ തന്നെ സൂക്ഷിക്കുകയും ചെയ്തു." അവശസമുദായങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാൻവേണ്ടി ഒരു പൊതുകാര്യപ്രസക്തനെന്ന നിലയിൽ നിരന്തരമായി മല്ലടിച്ചുകൊണ്ടിരുന്ന ചങ്ങനാശേരി ഉദ്യോഗജീവിതത്തിൽ പ്രവേശിച്ചതിനുശേഷവും തന്റെ ജീവിതാദർശങ്ങളെ കൈവെടിയുകയുണ്ടായില്ല. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും മറേറതൊരു സമുദായത്തോടും കിടപിടിക്കുവാൻ വേണ്ട യോഗ്യതകളുള്ള ഈഴവസമുദായത്തിനു നീതിന്യായവകുപ്പിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിരുന്നില്ലെന്നുള്ള കാര്യം ഉൽക്കണ്ഠാകുലമായ അദ്ദേഹത്തിന്റെ പരിഗണനയ്ക്ക് എപ്പോഴും വിഷയമായിരുന്നു. ബിരുദധാരികളായ പല ഹൈക്കോടതിവക്കീലന്മാരും ഈഴവരുടെ ഇടയിലുണ്ടായിരുന്നു എങ്കിലും മുൻസിഫന്മാരുടെ നിയമനരീതിയിൽ അധികാരികൾ സ്വീകരിച്ചിരുന്ന 'റൊട്ടേഷൻ' സമ്പ്രദായം ബ്രാഹ്മണർ, ക്രിസ്ത്യൻ, നായർ, പലവക എന്നിങ്ങനെയായിരുന്നു. പലവക വിഭാഗത്തിൽപ്പെട്ട ഒന്നിലധികം സമുദായങ്ങൾക്കു ക്രമമനുസരിച്ചു ദീർഘകാലം കൂടുമ്പോൾ ലഭിക്കുന്ന ഒരവസരമല്ലാതെ ബ്രാഹ്മണർക്കും, ക്രിസ്ത്യാനിക്കും, നായർക്കുമെന്നപോലെ ഈഴവർക്കു മാത്രമായി ഉദ്യോഗവിതരണവിഷയത്തിൽ പ്രത്യേക പരിഗണന നൽകിയിരുന്നില്ല. പ്രത്യക്ഷമായ ഈ അനീതി അവസാനിപ്പിക്കുവാൻ ചങ്ങനാശേരി മുൻ

ന്നിന്നു പ്രവൎത്തിക്കുകയും അതിന്റെ ഫലമായി നായർ, കൃസ്ത്യൻ, ഈഴവൻ, ഫലവക എന്നിങ്ങനെയുള്ള റൊട്ടേഷൻ സമ്പ്രദായം ഹൈക്കോടതി സ്വീകരിക്കയും ചെയ്തു.

ഹൈക്കോടതി ജഡ്ജിപദംവരെ ഉയരുവാൻ ഭാഗ്യം ലഭിച്ച തിരുവിതാംകൂറിലെ ഏകഈഴവസമുദായാംഗമായ മി. എൻ. കുമാരനെ ഒരു രണ്ടാംജഡ്ജിയെന്ന നിലയിൽ ആദ്യം ഉദ്യോഗത്തിൽ നിയമിച്ചതും ചങ്ങനാശേരിയുടെ ശ്രമം കൊണ്ടുതന്നെയായിരുന്നു. ചങ്ങനാശേരി തന്റെ സകല സ്വാധീനശക്തിയും ന്യായവാദങ്ങളും പ്രയോഗിച്ചു മററു ന്യായാധിപന്മാരുടെ പിന്തുണ മി. കുമാരന്റെ പക്ഷത്തേയ്ക്കു് ആകൎഷിക്കുവാൻ അനവരതം യത്നിച്ചു. രണ്ടു സ്ഥാനാൎത്ഥികൾ തമ്മിൽ തുല്യശക്തിയോടുകൂടി നടന്ന ഒരു മത്സരമായിരുന്നു അതു്. ഇരുകക്ഷികൾക്കും സമനിലയിലുള്ള പിൻബലവുമുണ്ടായിരുന്നു. ഒടുവിൽ ചീഫ്ജസ്റ്റിസ്സിന്റെ കാസ്റ്റിംഗ്‌വോട്ടോടുകൂടി മാത്രമാണു മി. കുമാരൻ വിജയം പ്രാപിച്ചതു് എന്നു പറഞ്ഞാൽ ആ മത്സരത്തെപ്പററി ഒരേകദേശപരിജ്ഞാനം വായനക്കാൎക്കു ലഭിക്കുമെന്നു വിശ്വസിക്കുന്നു. "മി. കുമാരനെ ഒരു രണ്ടാംജഡ്ജിയായി നിയമിക്കുന്ന കാൎയ്യത്തിൽ ജസ്റ്റിസ് ചങ്ങനാശേരി ചെയ്ത നിസ്വാൎത്ഥമായ സഹകരണത്തിന് ഈഴവസമുദായം അദ്ദേഹത്തോടു് എത്രമാത്രം കൃതജ്ഞത പ്രകടിപ്പിച്ചാലും മതിയാകുന്നതല്ല" എന്നാണു് ഈ നിയമനത്തെപ്പററി ററി. കെ. മാധവൻ മി. വെയ്ക്കം രാമകൃഷ്ണപിള്ളയ്ക്കു് എഴുതി അയച്ചതു്.

ഉദ്യോഗത്തിലിരിക്കുമ്പോൾ വിശ്രമാവസരങ്ങളിൽ എഴുതി സ്വദേശാഭിമാനിപത്രത്തിൽ പ്രസിദ്ധം ചെയ്ത ചില ഉപന്യാസങ്ങൾ ഒന്നിച്ചുചേൎത്തു പുസ്തകരൂപത്തിൽ അച്ചടിച്ചതാണു് "ആരോഗ്യത്തിനു ഹാനികരമായ നമ്മുടെ ശീലങ്ങൾ" എന്ന ചങ്ങനാശേരിയുടെ ലഘുഗ്രന്ഥം. പ്രസംഗങ്ങളായും, ഉപന്യാസങ്ങളായും, വിമൎശങ്ങളായും പത്രലോകത്തിൽ ചിന്നിച്ചിതറിക്കിടപ്പുള്ള "ചങ്ങനാശേരി സാഹിത്യത്തിൽ" പുസ്തകരൂപം അവലംബിച്ചിട്ടുള്ളതു് ഇവ മാത്രമാണു്. ചങ്ങനാശേരിയുടെ ശാസ്ത്രീയമനോഭാവത്തെപ്പററി എന്തെങ്കിലും മനസ്സിലാക്കു

ണമെന്നുള്ളവർ ഈ ഗ്രന്ഥം ഒരാവൎത്തി വായിച്ചുനോക്കേണ്ടതാണ്. അതിസൂക്ഷ്മമായ ചിന്തയും, അനന്യസുലഭമായ നിരീക്ഷണപാടവവും, ജീവിതയാഥാൎത്ഥ്യങ്ങളെ സ്പൎശിക്കുന്ന പ്രായോഗികചിന്താഗതിയും ഈ പുസ്തകത്തിൽ എവിടേയും തെളിഞ്ഞു കാണാം. അതിൽ പ്രതിപാദിച്ചിട്ടുള്ള ആരോഗ്യതത്വങ്ങൾ സ്വന്തജീവിതത്തിൽ പ്രായോഗികമായി പരിശീലിച്ചുപോന്ന ഒരാളാണദ്ദേഹം. അച്ചടിയിൽ മാത്രം ആദൎശങ്ങളെടുത്തു കാണിച്ച് ആത്മവഞ്ചന ചെയ്യുന്ന ഒരു നയം അദ്ദേഹം അനുകരിച്ചിട്ടില്ല. ശുചിത്വം അദ്ദേഹത്തിൻെറ വിശ്വാസപ്രമാണങ്ങളിലൊന്നായിരുന്നു. 'വൃത്തിഹീനനായ ബാലൻ' എന്നൊരദ്ധ്യാപകൻ അദ്ദേഹത്തെ ബാല്യദശയിൽ ഒരിക്കൽ അഭിസംബോധനം ചെയ്തിട്ടുണ്ടെങ്കിലും, ആരോഗ്യത്തിനു ഹാനികരമായ നമ്മുടെ ശീലങ്ങളുടെ കൎത്താവായ ചങ്ങനാശേരി നിത്യജീവിതത്തിലെ ദിനചരികളിൽ അനുഷ്ഠിച്ചുപോന്ന ശുചിത്വം ഒരുപക്ഷേ വൈദ്യശാസ്ത്രജ്ഞന്മാരെപ്പോലും ആശ്ചൎയ്യപ്പെടുത്തിയെന്നു വരാം. വീട്ടിൽ തിളപ്പിച്ചു കുപ്പിയിലടച്ചു ഫാക്ടറിയിൽ കൊണ്ടുപോയി ഗ്യാസു കയററിയ സോഡ മാത്രമാണ് അദ്ദേഹം നിത്യവും ഉപയോഗിച്ചുവന്നിരുന്നതെന്ന കാൎയ്യം അധികമാളുകൾക്കറിഞ്ഞുകൂടാ. അതിമനോഹരങ്ങളായ പദ്യകാവ്യങ്ങളും വിജ്ഞാനപ്രദമായ ഗദ്യഗ്രന്ഥങ്ങളും, രസകരങ്ങളായ ആഖ്യായികകളും, വിററഴിക്കുവാൻ വിഷമമേറിയ കേരളക്കരയിൽ, ചങ്ങനാശേരിയുടെ ആരോഗ്യരക്ഷാഗ്രന്ഥത്തിൻെറ ആദ്യപതിപ്പിലെ ൧൦൦൦ പുസ്തകങ്ങളും ചിലവുവന്നു എന്നു മാത്രമല്ല, മറെറാരു പതിപ്പുകൂടി ആവശ്യമായിത്തീരുകയും ചെയ്തു എന്നു പറഞ്ഞാൽ അതു ഗ്രന്ഥവില്പനയിലേൎപ്പെട്ടിരിക്കുന്ന വ്യവസായശീലന്മാൎക്ക് കൌതുകകരമായി തോന്നിയെന്നു വരാം.

ഹൈക്കോടതിയിലെ ഉദ്യോഗകാലാവധി അവസാനിക്കുന്നതിനു മുൻപുതന്നെ ൧൦൭ വൃശ്ചികത്തിൽ ഗവൎമ്മെൻറിൽനിന്നും ഏൎപ്പെടുത്തിയ ക്ഷേത്രപ്രവേശനാന്വേഷണക്കമ്മിററിയിലെ ഒരംഗമായി ചങ്ങനാശേരി പരമേശ്വരൻപിള്ള നിയമിതനായി. കമ്മിററിയുടെ ജോലികൾ പൎയ്യവസാനിക്കുന്ന

തിനു മുൻപുതന്നെ അദ്ദേഹം ഉദ്യോഗത്തിൽനിന്നു പെൻഷ്യൻ പററി പിരിയുകയും ചെയ്തു. ഉദ്യോഗത്തിൽനിന്നു വിരമിച്ച സഹന്യായാധിപന്മാരോടും അഭിഭാഷകന്മാരോടും അവസാനയാത്ര പറഞ്ഞു പിരിയുന്ന ഘട്ടത്തിൽ ചങ്ങനാശേരി ചെയ്ത വികാരഭരിതമായ പ്രസംഗം ശ്രോതാക്കളുടെ ഹൃദയങ്ങളെ ഗാഢമായി സ്പർശിക്കുകയുണ്ടായി. ചങ്ങനാശേരി വികാരാധീനനാകുകയെന്നുള്ളതു് അത്ര സാധാരണമായ ഒരു സംഭവമായിരുന്നില്ല. ആവേശജനകമായ ഒരൊററ പ്രസംഗം പോലും അതിനു മുൻപും പിൻപും അദ്ദേഹം ചെയ്തിട്ടില്ല. എങ്കിലും അന്നത്തെ വിരഹവേളയിൽ ഗൽഗദത്തോടുകൂടിയല്ലാതെ അദ്ദേഹത്തിനു സംസാരിക്കുവാൻ കഴിഞ്ഞില്ല. എത്ര ക്ഷോഭജനകമായ ചുററുപാടുകളുണ്ടായിരുന്നാലും പ്രശാന്തതയും ചിത്തദാർഢ്യവും കൈവെടിഞ്ഞിട്ടില്ലാത്ത ഇദ്ദേഹം ഒരു ശിശുവിനെപ്പോലെ ഗൽഗദപ്പെട്ടു സംസാരിക്കുന്നതു കണ്ടപ്പോഴാണു കക്കശവും സ്തോഭരഹിതവുമായ ആ ബാഹ്യാവരണത്തിനുള്ളിൽ പരിമൃദുലവും വികാരാധീനവുമായ ഒരു ഹൃദയം ഒളിഞ്ഞിരിക്കുന്നുണ്ടെന്നു പ്രേക്ഷകന്മാർ മനസ്സിലാക്കിയതു്. അദ്ദേഹത്തിൻെറ പ്രസംഗസംക്ഷേപം താഴെച്ചേക്കുന്നു.

മാന്യരേ,

"നാല്പത്തിഅഞ്ചു സംവത്സരങ്ങൾക്കു മുമ്പു ഞാൻ പ്രിപ്പാറട്ടറിക്ലാസ്സിലെ ഒരു വിദ്യാർത്ഥിയായി തിരുവനന്തപുരത്തു വന്നുചേന്നു. എന്റെ പിതാവു് അന്നു ഹജ്ജൂർക്കച്ചേരിയിലെ മരാമത്തുവകപ്പിൽ ഹെഡ്അക്കൌണ്ടൻറായിരുന്നു. ഇന്നു് ബാർഅസോസിയേഷൻ സ്ഥിതിചെയ്യുന്ന സ്ഥലത്തായിരുന്നു അദ്ദേഹത്തിന്റെ ആഫീസു്. ആ മുറിയുടെ ഒരു കോണിൽ ഒരു പായിൽ ചാവട്ടയും ചാരി ഇരുന്നിരുന്ന അദ്ദേഹത്തിൻെറ ചിത്രം ഇപ്പോഴും എനിക്കു വിഭാവനം ചെയ്യുവാൻ സാധിക്കും. അക്കാലങ്ങളിൽ ഉദ്യോഗസ്ഥന്മാക്കു കസേരയും മേശയും ഒന്നും നല്കിവന്നിരുന്നില്ല. നാലു സംവത്സരം കഴിഞ്ഞപ്പോൾ അദ്ദേഹം ഇഹലോകവാസം വെടിയുകയും, ഏതാനും മാസങ്ങൾക്കുശേഷം എൻെറ മാതാവു് അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു. അ

ങ്ങിനെ പതിന്നാലാമത്തെ വയസ്സിൽ ഞാൻ അച്ഛനും അമ്മ
യുമില്ലാത്ത ഒരു അഗതിയായിത്തീൎന്നു. എന്റെ പിതാവിന്റെ
ഉദാരമനസ്കനായ ഒരു സ്നേഹിതനിൽനിന്നും ഗണ്യമായ സഹാ
യങ്ങൾ എനിക്കു ലഭിക്കുകയുണ്ടായെങ്കിലും പല കാൎയ്യങ്ങൾക്കും
എനിക്ക് എന്റെ കഴിവുകളെത്തന്നെ ആശ്രയിക്കേണ്ടതായി
വന്നു. എന്റെ പ്രായത്തിലുള്ള ഒരു ബാലന്നു ശാരീരികമായും
മാനസികമായും ഉള്ള കഴിവുകളൊഴിച്ചാൽ എനിക്കുള്ളതായി
മറ്റൊന്നുംതന്നെ ഉണ്ടായിരുന്നില്ല. അന്ധകാരമയമായ ആ
കാലങ്ങളിൽ ഞാൻ വിദ്യാൎത്ഥികളെ അവരുടെ ഗൃഹങ്ങളിൽ
ചെന്നു പഠിപ്പിച്ച് എനിക്കു ഫീസിന്നും പുസ്തകങ്ങൾക്കുംവേ
ണ്ടിവന്ന ധനം സമ്പാദിച്ചിരുന്നു. പുസ്തകങ്ങളുടെ കാൎയ്യം പറ
യുകയാണെങ്കിൽ എനിക്കു വളരെ കുറച്ചു പുസ്തകങ്ങൾ മാത്രമേ
വിലയ്ക്കു വാങ്ങിക്കുവാൻ സാധിച്ചിരുന്നുള്ളു. ആ സുഖഭോഗസാ
ധനങ്ങൾ മേടിക്കുവാൻ എനിക്കുള്ള കഴിവു വളരെ പരിമിത
മായിരുന്നു. എന്നെക്കാൾ കൂടുതൽ ഭാഗ്യവാന്മാരായ സഹപാഠി
കളുടെ പുസ്തകങ്ങൾ കടം വാങ്ങിയാണു ഞാൻ കഴിച്ചുകൂട്ടി
യതു്. മററു ബാലന്മാർ വ്യായാമവിനോദങ്ങളിൽ ഏൎപ്പെട്ടി
രുന്ന അവസരങ്ങളിൽ ഞാൻ എന്റെ ശിഷ്യന്മാൎക്കു പാഠം
ചൊല്ലിക്കൊടുത്തുകൊണ്ടു് അവരുടെ ഡസ്ക്കുകൾക്കു മുമ്പിലിരി
ക്കുകയായിരുന്നു പതിവു്. വിഷമങ്ങളും ദുൎഘടങ്ങളും നിറഞ്ഞ
ആ കാലത്തായിരുന്നു ഞാൻ നീതിന്യായക്കോടതികളുമായി
ആദ്യപരിചയം സമ്പാദിച്ചതു്. ഒരു അഭ്യുദയകാംക്ഷി എന്നെ
ഒരു ദയാലുവായ മുൻസിഫിനെ പരിചയപ്പെടുത്തുകയും അദ്ദേ
ഹം സത്യം നടത്തുന്നതിനു താൽക്കാലിക കമ്മീഷണരായി
ചിലപ്പോൾ എന്നെ നിയമിച്ചുവരികയും ചെയ്തു. ഒരു വെ
ക്കേഷൻകാലത്തു് അദ്ദേഹം എനിക്കു് ആലപ്പുഴ, പറവൂർ,
കോട്ടയം എന്നീ സ്ഥലങ്ങളിലെ മുൻസിഫന്മാൎക്കു് ഓരോ
ശുപാൎശക്കത്തു തരികയുണ്ടായി. വള്ളക്കൂലി കൊടുക്കുവാനുള്ള
ചക്രം കൈവശമില്ലാതിരുന്നതിനാൽ ഞാൻ ചങ്ങനാശേരി
യിൽനിന്നും പറവൂർവരെ നടക്കുകതന്നെ ചെയ്തു. എന്നാൽ
എഴുത്തിന്റെ മേൽവിലാസക്കാരായ മാന്യന്മാൎക്കു് എനിക്കു
യാതൊരു സഹായവും ചെയ്വാൻ കഴിഞ്ഞില്ല. അതിനാൽ കഠി
നമായ നിരാശയോടുകൂടി പോയ വഴി മുഴുവൻ പിന്നിടേണ്ടതാ

യിവന്നു. നൊന്തു വീങ്ങിയ കാലുകൾ മാത്രമായിരുന്നു എനിക്കു ലഭിച്ച സമ്മാനം. ഞാൻ കൊട്ടാരക്കര വെട്ടിക്കവല ക്ഷേത്രത്തിലും, പാളയം പള്ളിയിലും, വിഴിഞ്ഞം മുസ്ലീംദേവാലയത്തിലുംവച്ച് സത്യഉത്തരവുകൾ നടത്തിയിട്ടുണ്ട്. വെട്ടിക്കവല ക്ഷേത്രത്തിൽ വച്ചു, സത്യം ചെയ്യുവാനുള്ള ആൾ വരാത്തതിനാൽ ഉത്തരവു നടത്തുന്നതിനു സാധിച്ചില്ലെന്നു കാണിച്ചു കള്ളറിപ്പോർട്ടെഴുതിയാൽ, പത്തു രൂപാ കയ്ക്കൂലി തരാമെന്ന് എതൃകക്ഷി എന്നോടു പറയുകയുണ്ടായി. ഭാഗ്യവശാൽ സത്യം ചെയ്യുവാനുള്ള കക്ഷി ഹാജരായി സത്യം ചെയ്യാൻ ഒരുക്കമാണെന്ന് എന്നെ വിളിച്ചു പറഞ്ഞിരുന്നില്ലെങ്കിൽ എൻെറ അന്നത്തെ സ്ഥിതിക്ക് ഏററവും ആകർഷകമായ ആ പ്രലോഭനത്തിനു ഞാൻ വശപ്പെട്ടുപോകുമായിരുന്നില്ലയോ എന്നുള്ളതിനെപ്പററി ഇന്നും തീർത്തു പറയുവാൻ എനിക്കു നിർവ്വാഹമില്ല. വിഴിഞ്ഞത്താകട്ടെ ഉത്തരവു നടത്തുന്നതിൽ താല്പര്യമില്ലാത്ത കക്ഷി കുറേക്കൂടി ആപൽക്കരമായ വിദ്യയാണു അയാളുടെ ഉദ്ദേശസിദ്ധിക്കു കണ്ടുപിടിച്ചതു്. അയാൾ കുറെ ആൾ ശേഖരിച്ചു കമ്മീഷണരെ തല്ലി ഓടിക്കുവാൻതന്നെ തീർച്ചയാക്കി. ഈ കുടിലമായ ഉപായത്തിൽ നിന്നും പിൻതിരിയുവാൻ അവരെ പ്രേരിപ്പിച്ചതു നിസ്സഹായനായ കമ്മീഷണരുടെ ബാല്യവും അയാളുടെ നിഷ്കപടമായ ഭാവവുമായിരുന്നെന്നു പിന്നീടു ഞാൻ മനസ്സിലാക്കി. സമുദ്രത്തിലേക്ക് ഉന്തിനിൽക്കുന്ന ഒരു പാറമേൽ കെട്ടിയിട്ടുള്ള പള്ളിയേയും, ഒന്നോ രണ്ടോ മുഷ്കരന്മാർ വിചാരിച്ചാൽ ഇങ്ങിനി വരാത്തവണ്ണം കടലിലേക്കു എറിയപ്പെടുവാൻ സാധിക്കുമായിരുന്ന എൻെറ നിസ്സഹായാവസ്ഥയേയുംപററി ഓക്കുമ്പോൾ ഇന്നും ഞാൻ നടുങ്ങുന്നു. ഇങ്ങനെ ഒരു വിധത്തിൽ ഞാനെൻെറ സർവ്വകലാശാലാവിദ്യാഭ്യാസവും നിയമപഠനവും ൧൯൦൮-ാമാണ്ടോടുകൂടി പൂർത്തിയാക്കി. എനിക്കു അഭിഭാഷകവൃത്തിയിൽ പ്രവേശിക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നെങ്കിലും, ജില്ലാക്കോർട്ടുസന്നതിന് ആവശ്യമായ ൫൦ രൂപായുടെ പത്രം മേടിക്കുന്നതിന് എൻ്റെ കൈവശം പണമുണ്ടായിരുന്നില്ല. ആറു മാസം എനിക്ക് അതിലേയ്ക്കു കാത്തിരിക്കേണ്ടതായി വന്നു. അവസാനം ഒരു

സുഹൃത്തിൻെറ പക്കൽനിന്നും കുറേ ആഭരണങ്ങൾ കടം മേടിച്ചു രൂപായ്ക്കു് എട്ടു കാശുവീതം പലിശനിരക്കിനു പണം കടം കൊടുത്തുവന്നിരുന്ന ധർമ്മോഹിയായ ഒരു പണക്കച്ചവടക്കാരന്റെ വശം ആയതു് ൪൦ രൂപായ്ക്കു പണയംവച്ചായിരുന്നു ഞാൻ പ്രസ്തുത ആവശ്യം നിർവഹിച്ചതു്. ആ പണക്കച്ചവടക്കാരൻ എൻെറ ഒരു പഴയ സതീർത്ഥ്യനായിരുന്നു എങ്കിലും എനിക്കു് അയാൾ യാതൊരു സൌജന്യവും ചെയ്തുതന്നില്ല. എന്നാൽ അതിൻെറ ഫലം അയാൾ അനുഭവിക്കാതിരുന്നില്ല. അയാളുടെ സഹോദരന്മാരുമായി ഉണ്ടായ മത്സരത്തിൽ നിന്നും ഉളവായ ഒരു കുഡുംബവ്യവഹാരത്തിൽ അയാൾ എന്നെ അയാളുടെ വക്കീലായി ഏൎപ്പെടുത്തുകയും, തന്മൂലം അയാൾ ക്രമരഹിതമായ പലിശയ്ക്കു് എനിക്കു കടംതന്നതായ തുകയുടെ അനേകം മടങ്ങു വരുന്ന ഒരു സംഖ്യ എനിക്കു വക്കീൽഫീസ്സായി തരേണ്ടിവരികയും ചെയ്തു. എന്റെ ജീവിതത്തിലെ അസുഖകരമായ ഈ സംഭവങ്ങളെ ഞാൻ ഇവിടെ ആവൎത്തിച്ചതു് ആത്മപ്രശംസ ചെയ്യുന്നതിനു വേണ്ടിയല്ല, പിന്നെയോ, എൻെറ മുമ്പിൽ ധാരാളം കാണുന്ന ഉൽക്കർഷേച്ഛുക്കളായ ചെറുതരം വക്കീലന്മാൎക്കു് ആയതു സമാധാനത്തിനും പ്രോത്സാഹനത്തിനും വക നൽകിയെങ്കിലോ എന്നു കരുതി മാത്രമാണു്.

അഭിഭാഷകവൃത്തിയിൽ ആൾ അധികപ്പെട്ടുപോയെങ്കിലും ഉയൎന്നതരം അഭിഭാഷകന്മാരുടെ സംഖ്യ തുലോം കുറവാണെന്നു് ആ തൊഴിലിൽ ആദ്യമായി പ്രവേശിക്കുന്നവരുടെ ആശ്വാസത്തിനായി പ്രായേണ ചിലർപറയാറുണ്ടു്. എന്നാൽ ഞാൻ വക്കീൽപ്പണിയിൽ പ്രവേശിച്ചപ്പോഴുള്ള അവസ്ഥ നേരേ വിപരീതമായിരുന്നു. കൊല്ലം ബാറിൽ അന്നു് ആവശ്യത്തിലധികം വക്കീലന്മാർ ഉണ്ടായിരുന്നില്ലെങ്കിലും, ഒന്നാംകിടയിലുള്ള വക്കീലന്മാർ കുറവൊന്നുമുണ്ടായിരുന്നില്ല. ഈ പ്രതികൂലമായ പരിതഃസ്ഥിതികളിൽ എനിക്കു് എന്തെങ്കിലും വിജയം നേടുവാൻ കഴിഞ്ഞുവെങ്കിൽ ആയതു് എനിക്കുള്ള

എന്തെങ്കിലും പ്രത്യേക ഗുണങ്ങളുടെ ഫലമായിട്ടല്ല, പിന്നെയോ എനിക്കു വക്കീൽപ്പണിയിൽ താണപടിയിൽ അധികകാലം കഴിച്ചുകൂട്ടുന്നതിനു നിവൃത്തിയില്ലാതിരുന്നതിനാൽ മാത്രമാണ്. ഇരുപത്തിനാലു സംവത്സരക്കാലത്തെ അഭിഭാഷകവൃത്തിക്കുശേഷം എന്നെ ബഹുമാനപ്പെട്ട ഈ കോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കുന്നതിനു മഹാറാണി റീജൻറു തിരുമനസ്സിലേയ്ക്കു തിരുവുള്ളമുണ്ടായി. ഞാൻ ഇന്ന് അതിൽനിന്നും വിരമിക്കുന്നു.

മാന്യരെ, ഒരു ജഡ്ജി ഉദ്യോഗത്തിൽനിന്നും വിരമിക്കുമ്പോൾ അയാൾക്ക് അഭിഭാഷകസംഘത്തിൻെറ അഭിനന്ദനങ്ങൾ ലഭിക്കുക എന്നത്തു് ഒട്ടും ലഘുവായ ഒരു സംഗതിയല്ല. എന്തെന്നാൽ ഒരു ജഡ്ജിയുടെ പ്രശസ്തിയെ ഉണ്ടാക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്നതു് അഭിഭാഷകന്മാരല്ലാതെ മറ്റാരുമല്ലെന്നു് എൻെറ അനുഭവത്തിൽനിന്നും എനിക്കറിവുള്ളതാണ്. എന്നെ ഈ ഉദ്യോഗത്തിൽ നിയമിച്ചതായ സമയത്തു് അനുമോദിക്കുവാൻ വന്ന ഒരു യൂറോപ്യൻസ്നേഹിതൻ എന്നോടിപ്രകാരം പറഞ്ഞു. "മിസ്റ്റർ പിള്ളേ, എനിക്കു നിങ്ങളുടെ പാണ്ഡിത്യത്തേയോ നിയമശാസ്ത്രത്തിലുള്ള വൈദഗ്ദ്ധ്യത്തേയോപററി ഒന്നുംതന്നെ അറിവാൻ പാടില്ല. എന്നാൽ നിങ്ങൾക്കു സാമാന്യബുദ്ധി ധാരാളമുണ്ടു്. അതുതന്നെയാണു വേണ്ടതും." അമേരിക്കയിൽ ഒരു കൌണ്ടിജഡ്ജി നിര്യാതനായപ്പോൾ അവിടത്തെ ആളുകൾ അദ്ദേഹത്തിൻ്റെ വിധവയെ ആ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുത്തതായി ഞാൻ എവിടെയോ വായിച്ചിട്ടുണ്ടു്. നിയമമൊന്നും തനിക്കറിവാൻ പാടില്ലെന്നു നിയോജകന്മാരോടവർ മറുത്തുപറഞ്ഞെങ്കിലും അവൾക്കു സാമാന്യബുദ്ധി ധാരാളമായുണ്ടെന്നും, അതു ധാരാളം മതിയെന്നും ഉള്ള കാരണങ്ങളിന്മേൽ ആ സ്ഥാനം സ്വീകരിക്കുവാൻ ആ മഹതിയെ അവർ നിർബന്ധിക്കുകയാണുണ്ടായതു്. കാലാന്തരത്തിൽ അവർ ഒരു നല്ല ജഡ്ജിയായിത്തീരുകയും അങ്ങിനെ ആ നിയോജകന്മാരുടെ പ്രവൃത്തി നീതീകരിക്കപ്പെടുകയും ചെയ്തു. ഇതിൽ അതിശയിക്കാനൊന്നുമില്ല; എന്തെന്നാൽ നിയമം

വെറും സാമാന്യബുദ്ധിയെ അടിസ്ഥാനമാക്കിയുള്ളതു മാത്രമാണു്. അതിനാൽ എന്റെ കൃത്യനിൎവ്വഹണത്തിൽ സാമാന്യബുദ്ധി ധാരാളം പ്രദൎശിപ്പിച്ചിട്ടുണ്ടെന്നു നിങ്ങൾ പറഞ്ഞതിൽ എനിക്കു് അമിതമായ ചാരിതാൎത്ഥ്യമുണ്ടു്. നിങ്ങൾ വളരെ ശ്ലാഘിച്ചു പറഞ്ഞതായ അക്ഷോഭ്യമായ മനഃസ്ഥിതി ഞാൻ വല്ലതെങ്കിലും പ്രദൎശിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനു രഹസ്യമായ ഒരു കാരണവുമുണ്ടു്. ഞാൻ കോടതിയിൽ വരുന്നതു എന്റെ കേസ്സുകൾ പഠിക്കാതെയും തന്മൂലം തുറന്ന മനസ്സോടുകൂടിയുമായിരുന്നു. കേസ്സുകളിലെ കാൎയ്യഭാഗങ്ങളും നിയമപരമായ വശങ്ങളും വക്കീലന്മാരിൽനിന്നു പഠിക്കുക എന്നുള്ളതായിരുന്നു എന്റെ നയം. ആ നിലയിലുള്ള ഒരാളിനു് അധികം ക്ഷമകേടു കാണിക്കുവാൻ സാധിക്കുകയില്ലെന്നുള്ളതു വ്യക്തമാണല്ലോ. അതിനാൽ ഒരു ജഡ്ജി എന്നുള്ള നിലയിൽ എനിക്കേതെങ്കിലും വിജയം നേടുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ, അതു നിങ്ങൾ എനിക്കു തുടരെ നൽകിയിട്ടുള്ള സഹായവും സഹകരണവും മാത്രംകൊണ്ടാണെന്നു് ആവൎത്തിച്ചു പറയുവാൻ ഞാൻ മടിക്കുന്നില്ല.

അഭിഭാഷകസംഘം ഒരുവക ഉപദ്രവവും ജോലിചെയ്തു തീൎക്കുന്നതിനു് വിഘാതവുമാണെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. നേരേമറിച്ചു് ഒരു ജഡ്ജി എത്ര വലിയ പണ്ഡിതനും സമൎത്ഥനും ആയിരുന്നാലും, കാൎയ്യക്ഷമതയുള്ള അഭിഭാഷകന്മാരുടെ സഹായം കൂടാതെ സ്വകൃത്യം നിൎവ്വഹിക്കുന്നതിനു് അയാൾക്കു കഴിവുണ്ടാവുകയില്ലെന്നുള്ള അഭിപ്രായമാണെനിക്കുള്ളതു്. ഒരു കേസ്സിനെപ്പററി വിശദമായ വാദമാണെനിക്കിഷ്ടം. വാദം കുറഞ്ഞുപോയി എന്നല്ലാതെ കൂടിപ്പോയതായി പരാതിപ്പെടേണ്ട അവസരം എനിക്കു് ഇതുവരെയുണ്ടായിട്ടില്ല. അതിനാൽ നിങ്ങൾ എന്നോടു പ്രകടിപ്പിച്ചതായ സൌഹാൎദ്ദം എനിക്കു് അതിയായ സന്തോഷത്തെ പ്രദാനം ചെയ്യുന്നു. എനിക്കുള്ള കുറവുകളെപ്പററി ഏററവും കൂടുതൽ അറിവുള്ളതു എനിക്കുതന്നെയാണു്. അതിനാൽ നിങ്ങൾ ഔദാൎയ്യപൂൎവ്വം എന്നെപ്പററി ചെയ്തതായ സ്തുതിവചനങ്ങൾക്കൊന്നിനുംതന്നെ എനിക്കൎഹതയില്ലെന്നു ബോദ്ധ്യമുണ്ടു്.

നിങ്ങൾക്ക് എന്നോടുള്ള സ്നേഹാദരങ്ങളെയാണ് അതു വ്യക്തമാക്കുന്നത്. അവയെ ഞാൻ ജീവാവസാനംവരെ ഓർമ്മിക്കുകയും ചെയ്യും. എന്റെ സ്നേഹിതന്മാരായ ഇതരജഡ്ജിമാരോട് എനിക്കുണ്ടായിരുന്ന ബന്ധവും സൌഹാർദ്ദപൂർണ്ണമായിരുന്നു എന്നു പറയുവാനും എനിക്കതീവ സന്തോഷമുണ്ട്. എന്റെ ബഹുമാന്യസ്നേഹിതനായ ചീഫ്ജസ്റ്റിസ് വയസ്സിൽ എന്നെക്കാൾ ചെറുപ്പമാണെങ്കിലും ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ സ്നേഹാദരങ്ങളോടുകൂടി എന്നോടു പെരുമാറിയിരുന്നു.

മാന്യരെ, എനിക്കു പറയുവാനുള്ളതു് പറഞ്ഞുകഴിഞ്ഞു. നിങ്ങൾ ഇത്രയധികംപേർ ഇവിടെക്കൂടി എന്നോടുള്ള സൌഹാർദ്ദം പ്രകടിപ്പിച്ചതിനു ഞാൻ ഒന്നുകൂടി നന്ദിപറഞ്ഞുകൊള്ളുന്നു. നിങ്ങൾക്കെല്ലാം ഞാൻ വിജയവും ഐശ്വര്യവും ആശംസിക്കുന്നു. ഞാൻ ഇന്നൊഴിയുന്നതോ, അതിൽ ഉപരിയായോ ഉള്ള സ്ഥാനങ്ങൾക്കു നിങ്ങൾ ഒരോരുത്തരും യഥാകാലം അർഹരായിത്തീരട്ടെ. നിങ്ങളോട് എനിക്കുള്ള ഉപദേശം ഒരു കവി പറഞ്ഞതുപോലെ 'നിങ്ങൾ നിങ്ങളോടുതന്നെ സത്യമുള്ളവരായിരിക്കുക. എന്നാൽ ആരോടും അസത്യം കാണിക്കേണ്ടതായി വരികയില്ല' എന്നു മാത്രമാണ്."

അന്നത്തെ ഡയറിയിൽ അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു:—

"വക്കീലന്മാരുടെ ഒരു വലിയ സംഘം ഇന്നത്തെ റഫറൻസിനു ഹൈക്കോടതിയിൽ തിങ്ങിക്കൂടിയിരുന്നു. എന്റെ എഴുതിയ പ്രസംഗം ശരിയായി വായിച്ചുതീർക്കുവാനെനിക്കു കഴിഞ്ഞില്ല. വികാരാവേഗംകൊണ്ടു പരാധീനനായിത്തീർന്ന ഞാൻ വളരെ വിഷമപ്പെട്ടാണ് അതു വായിച്ചുതീർത്തതു്. എന്റെ അത്ഭുതപൂർവമായ ഈ സ്തോഭപ്രകടനം അവിടെ കൂടിയിരുന്നവരെ ആശ്ചര്യപ്പെടുത്തിയിരിക്കണം".

# അദ്ധ്യായം ൩൨

നായർ സർവ്വീസ് സൊസൈററിയുടെ വിദ്യാഭ്യാസപരമായ പ്രവൎത്തനങ്ങളിലാദ്യത്തേതായ കറുകച്ചാൽ വിദ്യാലയസ്ഥാപനത്തെപ്പററിയും, അതിലേയ്ക്കു ചങ്ങനാശേരി നൽകിയ ആത്മാൎത്ഥമായ സഹകരണത്തെക്കുറിച്ചും ഇതിനുമുൻപൊരവസരത്തിൽ സവിസ്തരം പ്രതിപാദിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. ഇതുവരെ ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിട്ടുള്ള കാലാനുക്രമണമായ രചനാരീതി വിട്ടിട്ട്, നായർസർവീസ് സൊസൈററിയും ചങ്ങനാശേരി പരമേശ്വരൻപിള്ളയും തമ്മിൽ ദീൎഘകാലം നിലനിന്നിരുന്ന അഭേദ്യമായ സൌഹാർദ്ദബന്ധത്തെക്കുറിച്ച് ഏതാനും അദ്ധ്യായങ്ങളിൽ തുടച്ചയായി പ്രതിപാദിക്കുന്നതുകൊണ്ട് അനന്തരകാലങ്ങളിൽ അസുഖകരങ്ങളായ പല വാദപ്രതിവാദങ്ങൾക്കും വ്യക്തിവിദ്വേഷപരമായ പ്രസ്താവനകൾക്കും ഇട നൽകിയ ചില സംഭവങ്ങളെക്കുറിച്ചു കൂടുതൽ വിശദമായ ഒരു പരിജ്ഞാനം വായനക്കാൎക്കു നൽകുവാൻ സൂകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. നായർസവ്വീസ് സൊസൈററിയുടെ ഉത്ഭവഘട്ടം മുതൽ, വ്യക്തിപരവും തത്വപരവുമായ കാരണങ്ങളാൽ ആ സ്ഥാപനത്തോടുള്ള ബന്ധം ചങ്ങനാശേരി പരിപൂൎണ്ണമായി പരിച്ഛേദിച്ചുകളയുന്ന കാലം വരെയുള്ള അതിന്റെ ചരിത്രത്തിലേയ്ക്കു് ഒന്നു തിരിഞ്ഞു കണ്ണോടിക്കുന്നതായിരുന്നാൽ ആ സ്ഥാപനത്തിൻെറ വളൎച്ചയ്ക്കും ശ്രേയസ്കരമായ പുരോഗതിക്കും വേണ്ടി അദ്ദേഹമനുഷ്ഠിച്ചിട്ടുള്ള മഹത്തായ സേവനങ്ങളുടെ ഒരു രൂപം വായനക്കാൎക്കു വ്യക്തമായി സങ്കല്പിക്കുവാൻ കഴിയുന്നതായിരിക്കും.

൧൦൯൨-ലാണു കറുകച്ചാൽവിദ്യാലയം ഒരു മിഡിൽസ്കൂളായി ഉയൎത്തി നൂതനമായി പണികഴിച്ച കെട്ടിടത്തിലേയ്ക്കു മാററി സ്ഥാപിച്ചതെന്നുള്ള വിവരം ഇതിനുമുൻപു പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. ൧൧൦൨-ൽ മാത്രമാണ് പ്രസ്തുത വിദ്യാലയം ഒരു ഹൈസ്കൂളായി ഉയൎത്തുന്നതിനുള്ള പ്രാരംഭശ്രമ

ങ്ങൾ തുടങ്ങിയതു്. സർവ്വീസ് സൊസൈററിയുടെ ജനറൽ സിക്രട്ടറിയായ മി. മന്നത്തു പത്മനാഭപിള്ളയും വിദ്യാലയത്തിൻെറ സ്ഥലത്തുള്ള മാനേജരായിരുന്ന നടമേൽ മി. ഇരവിക്കുരുപ്പും തമ്മിലുണ്ടായ സഹകരണമില്ലായ്മകൊണ്ടാണു പത്തുവഷക്കാലത്തേയ്ക്കു കറുകച്ചാൽ ഒരു മിഡിൽസ്കൂളായിത്തന്നെ കിടക്കേണ്ടിവന്നതു്. ഊർജ്ജസ്വലനായ മി. കൈനിക്കര പത്മനാഭപിള്ളയെ ഇക്കാലത്തു പ്രസ്തുത വിദ്യാലയത്തിലെ ഹെഡ്മാസ്റ്ററായി നിയമിച്ചു. പ്രകൃത്യാ ഉത്സാഹശീലനായ അദ്ദേഹത്തിന്റെ ആഗമനത്തോടുകൂടി സ്ഥിതിഗതികൾക്കു ആശാസ്യമായ ഒരു മാററം സംഭവിച്ചു. കറുകച്ചാൽവിദ്യാലയത്തെ ഒരു ഹൈസ്കൂളായി ഉയർത്തുവാനുള്ള അദ്ദേഹത്തിൻെറ നിരന്തരമായ പരിശ്രമങ്ങളും ഉത്സാഹശീലവും മാനേജരായിരുന്ന മി. ഇരവിക്കുരുപ്പിലേയ്ക്കുകൂടിസംക്രമിച്ചു. ഇവരുടെ സംഘടിതശ്രമം കാലക്രമേണ സഫലമായിത്തീൎന്നു. ഹൈസ്കൂൾകെട്ടിടത്തിൻെറ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുന്നതിന്നു് ഇവർ ചങ്ങനാശേരിയെത്തന്നെ ക്ഷണിച്ചു. ഇതു സംബന്ധിച്ചു മാനേജർ മി. ഇരവിക്കുരുപ്പു ചങ്ങനാശേരിക്കയച്ച കത്തിൻെറ പകർപ്പു താഴെച്ചേൎക്കുന്നു.

"നായർ സർവ്വീസ് സൊസൈററിയുടെ മൂലഗൃഹമായ ഈ സ്ഥലത്തു നാം ആരംഭിച്ചതായ സമുദായസേവനങ്ങൾ പൊതുവേ അപൂർണ്ണതയിൽ അവസാനിച്ചിട്ടു് അനേകവഷങ്ങളായിട്ടുണ്ടു്. ഏററവും വിസ്തീർണ്ണമായ ഒരു ഭൂസത്തു കണ്ടവരുടെ കന്നുകാലികൾക്കു് മേച്ചിൽസ്ഥലമായും, ഇവിടത്തെ വിദ്യാലയം ഈ നാട്ടിലുള്ള കുഞ്ഞുങ്ങളെ ജീവിതയാത്രയിൽ അസ്ഥാനത്തു പരിത്യജിക്കുന്നതിന്നു മാത്രം പൎയ്യാപ്തമായും, കഴിഞ്ഞുപോരുന്നു. ഇതിൻെറ കാരണങ്ങൾ എന്തെല്ലാം എവിടെയെല്ലാമായിരുന്നാലും ഈ പരിതാപകരമായ നില നായർസമുദായത്തിന്നു പൊതുവേയും നായർസർവ്വീസ്സൊസൈററിക്കു പ്രത്യേകമായും ലജ്ജാവഹവും നമുക്കേവെക്കും മർമ്മഭേദകവുമാണെന്നുള്ളതു നിസ്തൎക്കമാകുന്നു.

ഈ നാട്ടിൻെറ ആവശ്യത്തിന്നും നമ്മുടെ ഉദ്ദേശത്തിന്റെ പൂർണ്ണമായ ഫലപ്രാപ്തിക്കും ഇവിടത്തെ വിദ്യാലയം ഒരു

ഹൈസ്കൂളാക്കേണ്ടതു് അത്യാവശ്യമാണെന്നുള്ളതു നാം അതിന്റെ സംസ്ഥാപനകാലത്തുതന്നെ അറിഞ്ഞിരുന്നു. ഒരു ഹൈസ്കൂൾ ഇവിടെ എത്ര വിജയകരമായിരിക്കുമോ അതിലധികം അപജയമായിരിക്കും ഒരു മിഡിൽസ്കൂൾ എന്നു് ഈ വിദ്യാലയത്തിൻെറ ജീവിതം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ടു്.

എന്നാൽ ഈ നാട്ടുകാരിൽനിന്നുണ്ടായ ആനുകൂല്യത്തിൻെറ അപൂർണ്ണതയും സർവ്വീസ് സൊസൈററിയുടെ പ്രവൃത്തിവൃത്തത്തിൽ പ്രതിക്ഷണം വർദ്ധിച്ചുകൊണ്ടിരുന്ന വൈകല്യവും ഉദ്ദേശനിർവ്വഹണത്തിനു് എത്രത്തോളം തടസ്സം വരുത്തി.

ഇപ്പോൾ ഈ വിദ്യാലയത്തിലും അതിനു പുറത്തും നവമായ ഒരുണർവ്വും ഉൽബുദ്ധതയുമുണ്ടായിട്ടുണ്ടു്. ആ ഉണർവ്വ് സോചിതം ഉപയോഗപ്പെട്ടുത്തേണ്ടതു് അത്യന്താപേക്ഷിതമാണു്. ഈ മാസം ൨൯-ാനു- ബുധനാഴ്ച പതിനഞ്ചു നാഴികയ്ക്കുമേൽ പതിനെട്ടു നാഴികയ്ക്കകമുള്ള ശുഭമുഹൂർത്തത്തിൽ കെട്ടിടത്തിൻെറ ശിലാസ്ഥാപനകർമ്മം നടത്തണമെന്നും, ആ മംഗളകർമ്മം അങ്ങു ചെയ്യണമെന്നുമാണു ഞങ്ങൾ ആഗ്രഹിക്കുന്നതു്. അതിനു രണ്ടിനും അങ്ങയുടെ അനുകമ്പാപൂർവ്വമായ അനുമതിയുണ്ടാകണമെന്നപേക്ഷിക്കുന്നു. ......................
...........................................”

ഈ അഭ്യർത്ഥനയെ പിന്താങ്ങി മി. മന്നത്തു പത്മനാഭപിള്ളയും ചങ്ങനാശേരിക്കു് ഒരു കത്തയച്ചു. അന്നു പരമേശ്വരൻപിള്ള ഹൈക്കോടതിയിലെ ഒരു ന്യായാധിപനായി നിയമിക്കപ്പെട്ടുകഴിഞ്ഞിരുന്നു എങ്കിലും സർവ്വീസ് സൊസൈററിയുടെ അദ്ധ്യക്ഷപദം അദ്ദേഹം ഒഴിഞ്ഞിരുന്നില്ല. ശിലാസ്ഥാപനകർമ്മം യഥാകാലം ചങ്ങനാശേരിതന്നെ നിർവ്വഹിച്ചു. കെട്ടിടം പണി പൂർത്തിയായതിനു ശേഷവും ഏതാനും കാലം കഴിഞ്ഞു മാത്രമേ അധികാരികൾ വിദ്യാലയത്തെ ഒരു ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള അനുമതി നൽകിയുള്ളു.

പെരുന്നയിലെ ഹൈസ്കൂളും വിദ്യാർത്ഥിമന്ദിരവും ആണു സർവീസ് സൊസൈററിയുടെ തുല്യപ്രാധാന്യമുള്ള മറെറാരു

വിദ്യാഭ്യാസസ്ഥാപനം. ചങ്ങനാശേരിത്താലൂക്ക നായർസമാജം ഒരു സ്ഥലവും, കെട്ടിടംപണിക്ക് ആയിരം രൂപായും, സംഭാവന ചെയ്തതുപയോഗിച്ചാണ് ഈ സ്ഥാപനത്തിൻെറ പണി ആരംഭിച്ചത്. ചങ്ങനാശേരി മറെറാരായിരം രൂപാ കെട്ടിടംപണി പൂർത്തിയാക്കുന്നതിലേയ്ക്കു സംഭാവനയായി നൾകി. തൊണ്ണൂററിഅഞ്ചിലാണ കെട്ടിടംപണി ആരംഭിച്ചത്. ഗവമ്മെൻറിൽനിന്ന കാൎയ്യമായ പല ആനക്കൂല്യങ്ങളും ഈ വിദ്യാലയസ്ഥാപനം സംബന്ധിച്ചു ലഭിയ്ക്കുമെന്ന സൊസൈററിപ്രവൎത്തകന്മാർ പ്രതീക്ഷിക്കുകയുണ്ടായി. അതിലേയ്ക്കു സൊസൈററി അന്ന ദിവാൻജിയായിരുന്ന മി. രാഘവയ്യായേ സമീപിച്ചപ്പോൾ സൊസൈററി രജിസ്റ്റർ ചെയ്തതാണോ എന്ന ദുഘടകരമായ ഒരു ചോദ്യം അദ്ദേഹം അതിൻെറ പ്രവൎത്തകന്മാരോടു ചോദിച്ചു. ഗവമ്മെൻറിൻെറ ആനുകൂല്യം നഷ്ടമാകരുതെന്നുദ്ദേശിച്ച് ഉടൻതന്നെ സൊസൈററി രജിസ്റ്റർ ചെയ്യുവാൻ വേണ്ട നടപടികൾ ആരംഭിച്ചു. ഈ വിഷയം സംബന്ധിച്ചു ചങ്ങനാശേരി മി. മന്ദത്തിനയച്ച ഒരു എഴുത്തിന മറുപടിയായി മി. മന്ദം താഴെച്ചേൎക്കുന്ന കത്തയച്ചു.

"എഴുത്തു കിട്ടി. ഗവമ്മെൻറിനാവശ്യമില്ലെങ്കിൽത്തന്നെ സൊസൈററി രജിസ്റ്റർ ചെയ്യേണ്ടതത്യാവശ്യമാണ്. അതിനിവിടെ തയ്യാറാക്കിയിട്ടുള്ള നക്കൽറൂളുകൾ ഓണം കഴിഞ്ഞാലുടൻ അയയ്ക്കാം. പരിശോധിച്ചു വേണ്ടവണ്ണമാക്കി ഫീസു കൂടാതെ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയും അവിടുന്നുതന്നെ കൊടുക്കണം. രണ്ടു മാസംകൂടി കഴിയാതെ എനിക്ക സ്ഥലം വിടുവാൻ നിവൃത്തിയില്ല. ദിവാൻ ഒന്നും നമുക്ക തരാതിരിക്കുവാനാണ ഭാവമെങ്കിൽ അതു കഷ്ടമാണ്. ഏതായാലും ജനവരിക്ക മുൻപു സ്കൂളിൻെറ സകല കുറവുകളും തീൎത്ത് അദ്ദേഹത്തെ വിളിച്ചു തുറപ്പിക്കാം. പിന്നീടാകട്ടെ ചോദ്യങ്ങളെല്ലാം. അതിന മുൻപു സൊസൈററി രജിസ്റ്റർ ചെയ്യണം. പൂജ എടുപ്പിന ഇങ്ങോട്ടു വരുവാൻ സൌകൎയ്യമുണ്ടെങ്കിൽ ഒരു മീററിംഗ് കൂടി ഇതുവരെയുള്ള നടപടികളെല്ലാം ശരിപ്പെടുത്തുകയും രജിസ്റ്റർ ചെയ്യുന്നതിന വ്യവസ്ഥ ചെയ്യുകയും ചെയ്യാമായിരുന്നു.................പള്ളിക്കൂടം

പണി മുടങ്ങാതെ നടക്കുന്നു. രണ്ടായിരം രൂപായ്ക്കുമേൽ കട മുണ്ട്. എങ്ങിനെയായാലും രണ്ടു മാസത്തിനകമെല്ലാം പൂർത്തി യാക്കാമെന്നാണാശ. മി. പ്രൈഡും അസിസ്റ്റൻറും വന്നു കെട്ടി ടവും സ്കൂളും പരിശോധിച്ചു. അനുവാദം കൂടാതെ ഫിഫ്ത്തു ഫാറം തുടങ്ങിയതിനെപ്പററി അദ്ദേഹമാവശ്യപ്പെട്ടമാതിരി ഒരു സമാധാനം എഴുതിക്കൊടുക്കുകയും ചെയ്തു. സായ്പ് നല്ലവണ്ണം തൃപ്തിപ്പെട്ടു പോയി എന്നാണെൻെറ വിശ്വാസം. ഡയറക്ററ രാഫീസിൽനിന്നും അതിനൊരാഴ്ച്ചവട്ടം മുൻപ് എഴുതിയ ഒരു ത്തരവ് അന്നു കിട്ടി. അടുത്ത സ്കൂൾവർഷത്തിലേയ്ക്കു ഫിഫ്ത്തു ഫാറം അനുവദിച്ചിരിക്കുന്നു എന്നാണ് ഓർഡർ. ഇക്കൊല്ലം തന്നെ അനുവാദം വേണമെന്നു വീണ്ടും എഴുതിയിട്ടുണ്ട്. മി പ്രൈഡ് നമുക്കനുകൂലമായി എഴുതുമെന്നാണ് എൻെറ വിശ്വാസം. അദ്ദേഹത്തെ ഒന്നു കാണുന്നതു നല്ലതാണെന്നു തോന്നുന്നു. അവിടുന്നു പറഞ്ഞതുപോലെ മി. പ്രൈഡ് ആക പ്പാടെ നല്ലയാളാണെന്നാണ് എൻേറയും അഭിപ്രായം"

ശരിയായ രീതിയിലുള്ള കെട്ടിടമൊന്നും കൂടാതെയാണു പെരുന്നയിൽ സ്കൂൾ ആരംഭിച്ചതെന്നും, അധികൃതന്മാ രുടെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് ഓരോ വർഷവും മുറയ്ക്കു ക്ലാസ്സുകൾ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു എന്നും, ഈ എഴുത്തിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. കെട്ടിടമില്ലെന്നുള്ള കാരണത്താൽ ഡിപ്പാർട്ടുമെൻറിൽനിന്നു ക്ലാസുകൾക്ക് അംഗീ കാരം നൾകുവാൻ വൈമനസ്യം പ്രകടിപ്പിച്ചിട്ടുള്ള ഓരോ ഘട്ടത്തിലും ചങ്ങനാശേരി അധികൃതന്മാരെ നേരിട്ടു കണ്ടു, കെട്ടിടംപണി ഉടനടി പൂർത്തിയാക്കാമെന്നുള്ള വ്യക്തിപര മായ ഉറപ്പിന്മേൽ കാര്യങ്ങൾ ശരിപ്പെടുത്തുകയാണു ചെയ്തിട്ടു ള്ളതു്. ഒടുവിൽ കെട്ടിടംപണി പൂർത്തിയായി. അതിൻെറ ഉൽഘാടനകർമ്മം നടത്തുവാൻ ചങ്ങനാശേരി ദിവാൻജിയെ ത്തന്നെ ക്ഷണിച്ചു. അത്യാഡംബരപൂർവ്വമായ ഒരു സ്വീകരണ മാണു സൊസൈററി ദിവാൻജിക്കു നൾകിയതു്. ഉൽഘാ ടനകർമ്മം നിർവ്വഹിച്ചിട്ടു ദിവാൻജി സംതൃപ്തനായി മടങ്ങി പ്പോയി.

സ്കൂളിൻെറ ഉൽഘാടനകമ്മം കഴിഞ്ഞതിനശേഷം മന്നത്തു പത്മനാഭപിള്ള വീണ്ടും ചങ്ങനാശേരിക്ക് ഇങ്ങിനെ യെഴുതി.

"അങ്ങയുടെ സ്വാഗതപ്രസംഗം പത്രങ്ങൾക്കയച്ചുകൊടുത്തിട്ടില്ലെങ്കിൽ ഇങ്ങോട്ടയച്ചുതരണം. നമ്മുടെ കെട്ടിടത്തിനു ൩൮൦൦൦ രൂപാ ചിലവായെന്നാണ് അതിൽ പറഞ്ഞിരിക്കുന്നതെന്നാരോ പറഞ്ഞു. അതു മുപ്പതിനായിരം രൂപായെന്നാക്കണം. എൻെറ റിപ്പോർട്ടിലങ്ങിനെയാണ്. അത്യാവശ്യവുമാണല്ലോ! സത്രംപുരയിടവും മററുമുള്ള പ്ലാൻ ഉടനെ അങ്ങോട്ടയക്കാം. ആ വസ്തുവും കെട്ടിടവും, ൨൦൦൦൦ രൂപാ ബിൽഡിംഗ് ഗ്രാൻറും തരുന്നതിനും, ഇടയ്ക്കു കിടക്കുന്ന കുടിവക പുരയിടം ഒഴിച്ചുതരുന്നതിനും, അപേക്ഷ കൊടുക്കണം. പെട്ടെന്നുതന്നെ കായ്യം നടക്കാൻതക്ക നടപടിക്ക് അദ്ദേഹത്തെ(ദിവാൻജിയെ) കണ്ടുപറകയും വേണം. പേഷ്കാരുടെ അഭിപ്രായമോ മറേറാ നമുക്കാവശ്യമുണ്ടെങ്കിൽ ഇപ്പോൾ അതനുകൂലമുള്ള കാലവുമാണ്. അതിനാൽ ആവക കായ്യങ്ങളെല്ലാം ഉടനടൻ ചെയ്യണമെന്നപേക്ഷിക്കുന്നു."

ബിൽഡിംഗ്ഗ്രാൻറു സംബന്ധിച്ചും സക്കാർവക പുരയിടവും കെട്ടിടവും സൊസൈററിക്കു വിട്ടുകിട്ടുന്നതിനെപ്പററിയും ചങ്ങനാശേരി തൻെറ സവ്വസ്വാധീനശക്തിയും പ്രയോഗിച്ചു ശ്രമങ്ങളാരംഭിച്ചു. ബിൽഡിംഗിനു ഗ്രാൻറു ലഭിക്കണമെങ്കിൽ ഗവമ്മെൻറു മുൻകൂട്ടി അനുവദിച്ചിട്ടുള്ള പ്ലാൻ അനുസരിച്ചു കെട്ടിടം പണി കഴിച്ചിരിക്കണമെന്നു നിർബന്ധമുണ്ട്. പെരുന്നയിലെ സ്കൂൾകെട്ടിടത്തിന്റെ പ്ലാൻ മുൻകൂട്ടി അനുവദിക്കപ്പെട്ടിരുന്നതല്ല. അതുകൊണ്ടു ബിൽഡിംഗ് ഗ്രാൻറു ശുപാശ് ചെയ്യുന്നതിനു ദിവാൻജി വിദ്യാഭ്യാസഡയറക്ററരോടാവശ്യപ്പെട്ടപ്പോൾ അംഗീകൃതമായ പ്ലാനനുസരിച്ചല്ല കെട്ടിടം കെട്ടിയിട്ടുള്ളതെന്നായിരുന്നു ഡയറക്ററുടെ മറുപടി. ഗ്രാന്റനുവദിക്കണമോ വേണ്ടയോ എന്നഭിപ്രായപ്പെടുവാനല്ല, ഗ്രാൻറുതുകയെന്തായിരിക്കണമെന്നു ശുപാശ് ചെയ്യുവാനാണു ഡയറക്ററരോടു നിർദ്ദേശിച്ചിട്ടുള്ളതെന്നു വീണ്ടും അദ്ദേഹത്തിനു ഗവമ്മെൻറിൽനിന്നു മറുപടി ലഭിച്ചു.

അല്പദിവസങ്ങൾക്കുള്ളിൽ ആറായിരം രൂപാ ബിൽഡിംഗ് ഗ്രാൻറ് അനുവദിക്കപ്പെട്ടു. ഈ വിഷയത്തെപ്പററി സൊസൈററിയുടെ ഔദ്യോഗികറിപ്പോർട്ടിൽ പ്രസ്താവിച്ചുകാണുന്നതിങ്ങിനെയാണ്.

"പ്രസിഡൻറവർകളുടെ മനഃപൂർവ്വമായ ശ്രമംകൊണ്ടു ഗവമെൻറിൽനിന്നും ആറായിരത്തിൽ ചില്വാനം രൂപാ ബിൽഡിംഗ്ഗ്രാൻറനുവദിച്ചു വാങ്ങാനിടയായി............... ഇതിനോടു (പെരുന്നസ്കൂളിനോടു) തൊട്ടുകിടക്കുന്ന സക്കാർ സത്രപ്പുരയിടവും സത്രവും സൊസൈററിക്കു വിട്ടുതരുന്നതിനു ഗവമെൻറിനോട് അപേക്ഷിച്ചു. കെട്ടിടവിലയായ മൂവ്വായിരത്തിൽപരം രൂപാ കൊടുത്താൽ രണ്ടര ഏക്കറോളം വരുന്ന സ്ഥലം വെറുതെ തരുന്നതാണെന്നു ഗവമെൻറു തീരുമാനിച്ചു. വിലകൂടാതെതന്നെ സത്രവും വിട്ടുതരേണ്ടതാണെന്നു പ്രസിഡൻറവർകൾ വീണ്ടും അപേക്ഷ കൊടുത്തു നടപടി നടത്തിവരികയാണ്."

റിപ്പോർട്ടിൽ സൂചിപ്പിച്ചുകാണുന്ന "എഴുത്തുകുത്തുകളുടേയും നടപടികളുടേയും" ഫലമായി കെട്ടിടവും വിലകൂടാതെ തന്നെ സൊസൈററിക്കു ലഭിക്കുകയുണ്ടായി എന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാണ്. ആറായിരം രൂപാ ബിൽഡിംഗ്ഗ്രാൻറും രണ്ടര ഏക്കർ സ്ഥലവും, അതിലുള്ള സത്രവും, ഗവമെൻറിൽനിന്നു ലഭിക്കുവാനിടയായതു ചങ്ങനാശേരിയുടെ സ്വാധീനശക്തി ഒന്നുകൊണ്ടു മാത്രമായിരുന്നു എന്നുള്ളതു് ഇക്കാലത്തും മി. മന്നത്തു പത്മനാഭപിള്ള നിഷേധിക്കുമെന്നു തോന്നുന്നില്ല.

സൊസൈററിയുടെ ശ്രമഫലമായി ഉയർന്നുവന്ന മറ്റൊരു സ്ഥാപനം പ്രാക്കുളംവിദ്യാലയമാണ്. മി. പ്രാക്കുളം പരമേശ്വരൻപിള്ളയുടെ നിരന്തരമായ പരിശ്രമഫലംകൊണ്ടു, സമുദായഭേദംകൂടാതെ ആ സ്ഥലത്തുള്ള സകല ജനങ്ങളുടേയും സഹായസഹകരണങ്ങളോടുകൂടി സ്ഥാപിക്കപ്പെട്ട ഒരു വിദ്യാലയമാണിതു്. ൻനു-ൽ ആരംഭിച്ച ഈ സ്ഥാപനം ൻനൂ-ൽ ഒരു പൂർണ്ണമിഡിൽസ്കൂളായിത്തീൎന്നു. എന്നാൽ പ്രസ്തുത മിഡിൽസ്കൂൾ ഒരു ഹൈസ്കൂൾ ആക്കി ഉയർത്തുന്നതിനു ഗവ

മ്മെൻറിൻെറ പൂർണ്ണമായ സഹകരണം പ്രതീക്ഷാനുസരണം ലഭിക്കുകയുണ്ടായില്ല. ഗവമ്മെൻറിൻെറ വിസമ്മതം വിഗണിച്ചു വിദ്യാലയപ്രവത്തകന്മാർ അനുവാദം പ്രതീക്ഷിച്ചുകൊണ്ടു ഹൈസ്ക്കൂൾക്ലാസുകൾ ആരംഭിച്ചു. അധികാരികൾ അവയ്ക്കംഗീകാരം നൾകുകയുണ്ടായില്ല. ഇതു പ്രാക്കളം മി. പരമേശ്വരൻപിള്ളയ്ക്കു വല്ലാത്ത ഇച്ഛാഭംഗത്തിനിടയാക്കി. നിരാശനായ അദ്ദേഹം ഹൈസ്ക്കൂൾക്ലാസുകൾക്കംഗീകാരം ലഭിക്കുന്നതുവരെ ഒരു വ്രതം ദീക്ഷിക്കുവാൻ നിശ്ചയിച്ചു. ഈ വിഷമാവസ്ഥയ്ക്കൊരു പരിഹാരമുണ്ടാക്കുവാൻ വേണ്ടി ചങ്ങനാശേരി ദിവാൻ മി. രാഘവയ്യായെ നേരിട്ടുകണ്ടു ഹൈസ്ക്കൂൾക്ലാസുകൾക്ക് അനുവാദം നൾകണമെന്നു നിർബന്ധപൂർവ്വം അപേക്ഷിച്ചു. ചങ്ങനാശേരിയുടെ അഭ്യത്ഥനയെ നിരസിക്കുവാൻ മടിച്ചുമാത്രം ദിവാൻജി ആവശ്യമുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ വേണ്ട നിദ്ദേശങ്ങൾ നൾകി. അങ്ങിനെ പ്രാക്കളം മി. പരമേശ്വരൻപിള്ളയുടെ ദീക്ഷയുമവസാനിച്ചു.

സൊസൈററിയുടെ മറെറാരു സ്ഥാപനമായ കരുവാററാവിദ്യാലയമാരംഭിക്കുന്നതിനും സൊസൈററിപ്രവത്തകന്മാക്കു പല പ്രതിബന്ധങ്ങളും നേരിടേണ്ടതായി വന്നുകൂടി. സൊസൈറ്റിവക സ്ക്കൂൾ ആരംഭിക്കുവാൻ തിരഞ്ഞെടുത്ത സ്ഥലത്തിനു സമീപം മറെറാരു വിദ്യാലയം നടന്നുവന്നിരുന്നതുകൊണ്ട് ആ സ്ഥാപനത്തിന്റെ പ്രവത്തകൻ നൂതനമായി ഒരു സ്ക്കൂൾ സ്ഥാപിക്കുവാനുള്ള ശ്രമങ്ങളെ ശക്തിപൂവം ചെറുത്തു. എന്നാൽചങ്ങനാശേരിയുടെ സ്വാധീനശക്തിയേ പരാജയപ്പെടുത്തുവാൻ ആ നിർഭാഗ്യവാനു കഴിഞ്ഞില്ല. കരുവാറ്റായിൽ ഒരു ഹൈസ്ക്കൂൾ നടത്തിക്കൊള്ളുവാൻ സൊസൈറ്റിക്കനുമതി ലഭിച്ചു. സമുദായത്തിൽ കേശവക്കുറുപ്പിൻെറ അനന്യസാധാരണമായ ഔദാര്യബുദ്ധികൊണ്ടും, നാട്ടുകാരുടെ നിസ്സീമമായ സഹകരണംകൊണ്ടും, കരുവാറ്റാവിദ്യാലയം ഉയൎന്നുയൎന്ന് അതു സൊസൈററിസ്ഥാപനങ്ങളിൽ പ്രഥമഗണനീയമായിത്തീൎന്നു. ഇപ്പോൾ പ്രസ്തുത ഹൈസ്ക്കൂൾ സ്ഥാപിച്ചിരിക്കുന്ന കെട്ടിടം നിശ്ചിതമുഹൂത്തത്തിൽ ഉൽഘാടനം ചെയ്തതു ചങ്ങനാശേരി

തന്നെയായിരുന്നു. എന്നാൽ ആ വിദ്യാലയത്തിൻെറ ഔപചാരികമായ ഉൽഘാടനകർമ്മം നടത്തിയതു് അന്ന തിരുവിതാംകൂർ ദിവാൻജിയായിരുന്ന വാട്ട്സായിരുന്നു. കരുവാററാസ്ക്കൂളിനോടു തൊട്ടുകിടന്നിരുന്ന നാലിൽചില്വാനം ഏക്കർ പുതുവൽ ഭൂമി സൊസൈററിക്കു പതിച്ചുകിട്ടുവാൻ വേണ്ടിയുള്ള ചങ്ങനാശേരിയുടെ ശ്രമങ്ങൾ പല പ്രതിബന്ധങ്ങൾക്കു ശേഷമാണെങ്കിലും ഒടുവിൽ സഫലമായിത്തീൎന്നു. പുതുവൽ പതിച്ചുകിട്ടുവാൻ നേരിടേണ്ടിവന്ന ദുർഘടങ്ങളെക്കുറിച്ചു മി. മന്നം ചങ്ങനാശേരിക്കയച്ച ഒരു കത്തിൽ ഇങ്ങിനെ പറഞ്ഞുകാണുന്നു

"ഞാൻ ഇന്നലെ കാലത്തു് ഇവിടെ എത്തി വീണ്ടും പണി തുടങ്ങാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിരിക്കുകയാണു്. പുതുവൽക്കാര്യം എന്തായെന്നറിയുന്നില്ല. എതൃകക്ഷി ഇവിടെ വന്നു റവന്യൂകമ്മീഷണർ നമുക്കനുകൂലമായി എഴുതിയിരിക്കുന്നു എന്നറിഞ്ഞു മടങ്ങിപ്പോയി. ഇവിടെനിന്നു കുറേ പണവുംകൊണ്ടു് തിരുവനന്തപുരത്തേയ്ക്കു മടങ്ങിപ്പോയതായി അറിയാം. വക്കാലത്തു കൊടുത്തു വാദിപ്പിക്കാനോ എന്നറിഞ്ഞില്ല. എത്ര പണം ചെലവുചെയ്താലും അവക്കു ജയം കിട്ടിയാൽ മതിയെന്നു വിചാരിച്ചു ശ്രമം ചെയ്യാതിരിക്കയില്ല. മി. രാമസുബ്ബയ്യരേയും ദിവാൻജിയേയും കണ്ടു പറഞ്ഞു വേണ്ട ഉത്തരവു ഇടുവിപ്പിക്കണമെന്നപേക്ഷിക്കുന്നു. മറിച്ചുത്തരവുണ്ടായാൽ പിന്നൊരാശയ്ക്കും വകയില്ലാതെ വരുമെന്നുള്ളതു അവിടെ ഓക്കുമെന്നു വിശ്വസിക്കുന്നു."

സൊസൈററിക്കു പുതുവൽക്കാര്യത്തിൽ ചങ്ങനാശേരിയാകുന്ന മഹാമാന്ത്രികൻെറ പിന്തുണകൊണ്ടു യാതൊരു നിരാശയ്ക്കും ഇടവന്നില്ല.

ചാലയിൽ പണിക്കരുടെ സ്വദേശമായ കാവാലത്തു് അദ്ദേഹത്തിന്റെ പ്രത്യേക ഉത്സാഹത്തിലും സൊസൈററിയുടെ ആഭിമുഖ്യത്തിലും ഒരു ഇംഗ്ലീഷുസ്കൂൾ ആരംഭിക്കുന്നതിനുള്ള ഉദ്യമങ്ങൾക്കു് അപ്രതിരോദ്ധ്യമായ ചില പ്രാതികൂല്യങ്ങളെ നേരിടേണ്ടതായി വന്നുകൂടി. ആ സ്ഥലത്തുതന്നെ മറെറാരു വിദ്യാലയം ആരംഭിക്കുവാൻ അളവററ ശ്രമം ചെയ്തുകൊണ്ടിരുന്ന ക്രിസ്ത്യൻമിഷ്യനറിമാരിൽ നിന്നുമായിരുന്നു തടസ്സങ്ങൾ ഉത്ഭ

വിച്ചു്. സെസൈററിയും മിഷ്യനറിമാരും തമ്മിൽ ശക്തിയേറിയ ഒരു മത്സരം നടന്നു. സ്കൂൾഇൻസ്പെക്ടർ സൊസൈററിക്കനുകൂലമായി റിപ്പോർട്ടയച്ചു. ഈ അവസരത്തിൽ മി. മന്ദം ചങ്ങനാശേരിക്കയച്ച കത്തു കാണുക.

"കാവാലംസ്കൂൾ നമുക്കുതന്നെ തരുന്നതിനു് ഇൻസ്പെക്ടർ ശക്തിയായി എഴുതിട്ടുണ്ടു്. അതു ഡയറക്ടരുടെ മേശമേൽ ചെന്നിട്ടു പതിനഞ്ചു ദിവസമായി. ഒപ്പിട്ടയയ്ക്കാത്തതിൽ ചില സംശയങ്ങളുണ്ടാകുന്നു. കാവാലത്തു നായർക്കാണു ശക്തിയെങ്കിലും അവിടെയും മാപ്പിളയ്ക്കുവേണം പള്ളിക്കൂടമെന്നു പറഞ്ഞു ചൂളപ്പറമ്പിൽ മെത്രാൻ വളരെ ശ്രമിക്കുന്നതായി അറിയാം. ചാലയിൽ പണിക്കർ ആ സ്കൂളിനു പ്രത്യേക താല്പര്യക്കാരനായിക്കാണുന്നതുകൊണ്ടു നമുക്കു ഒരു ബുദ്ധിമുട്ടുംകൂടാതെ സ്കൂൾ നടത്താൻ കഴിയും. ആ മിഡിൽസ്കൂൾ ചങ്ങനാശേരി ഹൈസ്കൂളിനു സഹായവുമായിരിക്കും. അതുകൊണ്ടു ഡയറക്ടരെക്കണ്ടു് അനുവാദം വാങ്ങിച്ചയയ്ക്കണമെന്നപേക്ഷിക്കുന്നു. കെട്ടിടം കെട്ടാൻ സമയമതിക്രമിച്ചതുകൊണ്ടു് അനുവാദം കിട്ടാൻ ധൃതിയുണ്ടെന്നു പറയുന്നതു ന്യായവും നേരുമായിരിക്കും." -

മി. മന്ദത്തു പത്മനാഭപിള്ള അനന്തരകാലങ്ങളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും, ഇത്തരം വിഷമഘട്ടങ്ങളിൽ ചങ്ങനാശേരിയുടെ ആലംബം നായർസർവീസ്സൊസൈറ്റിക്ക് എത്രമാത്രം അപരിത്യാജ്യമായിരുന്നു എന്നുള്ള കാര്യം ഈ കത്തുകൾ വെളിപ്പെടുത്തുന്നുണ്ടല്ലോ! ചങ്ങനാശേരിയുടെ ശ്രമംകൊണ്ടു സാദ്ധ്യമല്ലാത്ത കാര്യം ഉണ്ടായിരുന്നില്ലെന്നാണു് അന്നു നായർസർവീസ്സൊസൈററിയുടെ ജനറൽസിക്രട്ടറി വിശ്വസിച്ചിരുന്നതു്. അനുഭവവും ഏതാണ്ടപ്രകാരംതന്നെയായിരുന്നു. എന്നാൽ കാവാലംസ്കൂളിന്റെ കാര്യത്തിൽ പ്രതിയോഗിയായിരുന്ന ചൂളപ്പറമ്പിൽ മെത്രാൻ തുല്യശക്തനായിരുന്നതുകൊണ്ടു പ്രതീക്ഷിച്ചിരുന്നതുപോലെ ഗവമ്മെൻറനുവാദം അത്ര സുകരമായി ലഭിക്കുകയുണ്ടായില്ല. സ്ഥലം കണ്ടു തീരുമാനിക്കുന്നതാണെന്നു ഡയറക്ടർ ഉത്തരവു പാസ്സാക്കി. അതുകൊണ്ടു സൊസൈററിക്കനുകൂലമായ പൊതുജനാഭിപ്രായം

രൂപവൽക്കരിക്കുവാനുള്ള ഭാരം മി. മന്നത്തിന്റെ ചുമലിൽ വന്നുചേൎന്നു. ചങ്ങനാശ്ശേരിക്കു വീണ്ടും മി. മന്നമിങ്ങനെ എഴുതി അയച്ചു.

“കാവാലംസ്കൂൾസ്ഥലം നോക്കാൻ ഡയറക്ടർ ൬-ാംനു-അവിടെ എത്തുമെന്നറിയാമായിരുന്നതുകൊണ്ടു ഞാൻ ഇന്നലെക്കാലത്തേ ആലപ്പുഴെ എത്തി. മെ. എം. എൻ. നായർ, ശിവരാമപ്പണിക്കർ, ഡാക്ടർ പണിക്കർ എന്നിവരോടുകൂടി കാവാലത്തെത്തി. അവിടെ ആളുകൾ കൂടാനും മറ്റും വേണ്ട ഏൎപ്പാടുകൾ നേരത്തേ ചെയ്തിരുന്നു. രാമകൃഷ്ണപ്പണിക്കർ അവർകൾ മുതൽപേർ വേണ്ട ഉത്സാഹത്തോടുകൂടി ഹാജരുണ്ടായിരുന്നു. എതിർവശത്തു കത്തനാരും കൂട്ടരുമുണ്ടായിരുന്നു. രണ്ടു സ്ഥലവും നോക്കി ഡയറക്ടർ മടങ്ങി. അഭിപ്രായമെന്തെന്നറിഞ്ഞുകൂടാ. അങ്ങയുടെ എഴുത്തു ഡയറക്ടൎക്കു കിട്ടിയതായി അറിഞ്ഞു. നമുക്കു ഫണ്ടില്ലെന്നു് ആരോ സായ്പിനെ ധരിപ്പിച്ചിട്ടുണ്ടു്. എന്നാൽ കാവാലംസ്കൂളിനെപ്പറ്റി നമുക്കു യാതൊരു പരിഭ്രമത്തിനും ആവശ്യമില്ല. കെട്ടിടം കെട്ടിച്ചുതരാനും മറ്റെല്ലാ ചുമതലകളും വഹിക്കുവാനും രാമകൃഷ്ണപ്പണിക്കരവർകൾ തയ്യാറുണ്ടു്. അദ്ദേഹത്തിനും ക്രിസ്ത്യാനികളുടെ അധികപ്രസംഗത്തിനോടു കുറേ വെറുപ്പു തോന്നുകയും തന്മൂലം നല്ല വാശിവരികയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഒരു ലോവർഗ്രേഡ്സ്കൂളിനു വേണ്ട മൂലധനം രണ്ടായിരം രൂപായാണ്. അതു ബാങ്കിലിട്ടു രസീതു കാണിച്ചാൽ മതി. അതിപ്പോൾത്തന്നെ കാണിക്കുവാൻ തയാറാണെന്നദ്ദേഹം പറഞ്ഞു. ന്യായവും കാൎയ്യം നടത്താനുള്ള ആളുകളും നമുക്കുണ്ടു്. കുട്ടനാടൻപ്രദേശത്തുള്ള സകല സ്കൂളുകളും ക്രിസ്ത്യാനികളുടെ വകയാണ്. ഈ ഒരു സ്ഥലത്തേ സ്കൂൾ നമുക്കു കെട്ടുവാൻ സാധിക്കുകയുള്ളു. അവിടെയും അവൎക്കു വാശി. നാം സ്കൂൾകെട്ടാമെന്നു പറയുന്നതു കാവാലംകരയിലാണ്. ക്രിസ്ത്യാനികൾ കെട്ടാമെന്നു പറയുന്ന കാവാലംസ്കൂൾ കുന്നമ്മക്കരയിലാണ്. അവിടെ അൻപതു വീട്ടുകാരേയുള്ളു. കാവാലത്തുള്ള അഞ്ഞൂറു വീടുകളിലെ കുട്ടികൾ ആറു കടന്നു കുന്നമ്മേൽ ചെന്നു പഠിക്കണമെന്നാണ് അവർ പറയുന്നതു്. ഈ ന്യായങ്ങളെല്ലാം കാണിച്ചു നാട്ടുകാരുടെ

ഒരു മെമ്മോറിയലും കൊടുത്തിട്ടുണ്ട്. ഈ ബുധനാഴ്ച ഡയറക്ടർ തിരുവനന്തപുരത്തെത്തുമെന്നറിയുന്നു. അന്നോ അടുത്ത ദിവസമോ ഡയറക്ടരെക്കണ്ടു് അനുവാദം ഉടനെ വാങ്ങണമെന്നപേക്ഷിക്കുന്നു. ഒന്നിനും പുറപ്പെടാത്ത രാമകൃഷ്ണപ്പണിക്കരവർകൾ പുറപ്പെട്ട കാര്യത്തിൽ തോൽവിപററിയാൽ അദ്ദേഹത്തിനു വലിയ അപമാനമാകും...................................
വേണ്ടതെല്ലാം ചെയ്യുമെന്നു വിശ്വസിക്കുന്നു."

ചങ്ങനാശേരി "വേണ്ടതെല്ലാം ചെയ്യുകയും" അതിൻെറ ഫലമായി സ്കൂൾ നടത്തുവാനുള്ള അനുവാദം സൊസൈറ്റിക്കു തന്നെ ലഭിക്കുകയുംചെയ്തു.

നായർസർവീസ്സൊസൈററിയുടെ അതിപ്രധാനങ്ങളായ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഒരു സംക്ഷിപ്തചരിത്രമാണു് മുകളിൽ ചേർത്തിട്ടുള്ളതു്. സൊസൈററിയുടെ ഏറ്റവും വിലപിടിച്ചവയും, നിർവ്വിഘ്നമായി നടന്നുപോരുന്നവയുമായ സ്ഥാപനങ്ങളും ഈ വിദ്യാലയങ്ങൾതന്നെയാണെന്നു തീർത്തു പറയാം. ചങ്ങനാശേരിയുടെ സജീവമായ നേതൃത്വത്തിൻകീഴിലാണു് ഇവയൊക്കെ ഉത്ഭവിച്ചു വളൎന്നുവികസിച്ചതെന്നുള്ളതിലേയ്ക്കു മതിയായ തെളിവുകൾ മുന്നുദ്ധരിച്ചകത്തുകളിൽനിന്നു ലഭിക്കുന്നുണ്ടല്ലോ! സർവ്വീസ്സൊസൈററി അതിന്റെ സാമ്പത്തികവും സംഘടനാപരവുമായ ഔന്നത്യത്തിന്റെ പരമകാഷ്ഠയിലെത്തിയതിനുശേഷം മാത്രമാണു് ചങ്ങനാശേരി നേതൃത്വമൊഴിഞ്ഞതു്. അതിനുശേഷം സൊസൈററിസ്ഥാപനങ്ങളുടെ എണ്ണം പെരുകിയിട്ടുണ്ടെങ്കിലും മുൻ വിവരിച്ച വിദ്യാലയങ്ങളുടെ ഉറപ്പും മേന്മയുമുള്ള സ്ഥാപനങ്ങൾ അധികം ഉണ്ടായിട്ടില്ലെന്നുള്ളതു് സൊസൈറ്റിയുടെ അനന്തരചരിത്രം വെളിപ്പെടുത്തുന്നതാണു്.

# അദ്ധ്യായം ൩൩

വശ്യവചസ്സായ ഒരു തൂലികാചിത്രകാരൻ മി. മന്ദത്തു പത്മനാഭപിള്ളയെ സർവ്വീസ് സൊസൈററിചരിത്രമാകുന്ന മഹാഭാരതകഥയിലെ സവ്യസാചിയായിക്കരുതാമെങ്കിൽ ചങ്ങനാശേരി പരമേശ്വരൻപിള്ളയെ പാർത്ഥസാരഥിയായ സാക്ഷാൽ ശ്രീകൃഷ്ണഭഗവാനായി കരുതേണ്ടതാണെന്നു കുറച്ചു കാലം മുൻപ് എഴുതുകയുണ്ടായി. അമിതപരാക്രമശാലിയും, ആയോധനചതുരനും, വികാരാധീനനും, സാഹസികനുമായിരുന്ന കിരീടി നേതൃത്വത്തിനും, പ്രോത്സാഹനത്തിനും, പ്രചോദനത്തിനും ശ്രീകൃഷ്ണനെ ആശ്രയിച്ചിരുന്നതുപോലെ ഓരോ വിഷമസന്ധിയിലും മി. മന്ദത്തു പത്മനാഭപിള്ള പിന്തുണയ്ക്കും സഹകരണത്തിനും സാന്ത്വനോപദേശങ്ങൾക്കും ചങ്ങനാശേരിയെ ആണു് ആലംബമായിക്കരുതിയിരുന്നതു്.

ചങ്ങനാശേരിയും മി. മന്ദവും തമ്മിലുള്ള ആദ്യത്തെ കൂടിക്കാഴ്ച തുലോം രസകരമായ ഒന്നാണു്. ചങ്ങനാശേരി അന്നു് അഭിഭാഷകവൃത്തിയിൽ അനുദിനമെന്നവണ്ണം ഔന്നത്യം പ്രാപിച്ചുവരികയായിരുന്നു. ൧൦൭൮-ൽ ആണെന്നു തോന്നുന്നു, ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ സ്വദേശമായ ഗ്രാമത്തിലേ ഒരു പ്രാഥമികവിദ്യാലയത്തിന്റെ വാർഷികസമ്മേളനത്തിലാദ്ധ്യക്ഷം വഹിക്കുവാൻ തൽപ്രവർത്തകന്മാർ അദ്ദേഹത്തെ ക്ഷണിച്ചുകൊണ്ടുപോയി. അന്നത്തെ യോഗത്തിൽ മി. മന്ദത്തു പത്മനാഭപിള്ളയും സന്നിഹിതനായിരുന്നു. അദ്ദേഹം അന്നു് ഒരു ക്രിമിനൽവക്കീലായി പ്രാക്ടീസു ചെയ്യുന്ന കാലമാണു്. യോഗത്തിലെ ചടങ്ങുകൾ മിക്കവാറും അവസാനിക്കാറായ ഘട്ടത്തിൽ ഒരു ചെറിയ പ്രസംഗം ചെയ്യുവാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ടു് മി. മന്ദം അദ്ധ്യക്ഷനായിരുന്ന ചങ്ങനാശേരിക്കു് ഒരു ചെറിയ കുറിപ്പു കൊടുത്തയച്ചു. ചങ്ങനാശേരിക്കു് അന്നു മി. മന്ദത്തിനെ യാതൊരു പരി

ചയവുമുണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹം ആ പ്രസംഗത്തിന്നു് അനുമതി നിഷേധിച്ചില്ല. അനന്തരന്നെ മി. മന്ദം ഒരു വാഗ്മിയെന്ന നിലയിൽ പ്രശസ്തനായിരുന്നു. അന്നു പ്രസംഗിക്കുവാൻ ലഭിച്ച അവസരത്തെ അദ്ദേഹം ഭംഗിയായും ഫലപ്രദമായും വിനിയോഗിച്ചു. ചങ്ങനാശ്ശേരിയുടെ ശ്രേഷ്ഠഗുണങ്ങളേയും പൊതുകാര്യപ്രസക്തിയേയും അത്യുജ്ജ്വലമായി പ്രകീർത്തിച്ചുകൊണ്ടുള്ള ഒരു പ്രഭാഷണമായിരുന്നു അതു്. ഒരു യുവാവും ഉൽക്കർഷേച്ഛുവും ആയിരുന്ന ചങ്ങനാശ്ശേരിയെ മി. മന്ദത്തിൻെറ വാഗ്വിലാസം അന്നുതന്നെ ഒട്ടുവളരെ ആകർഷിച്ചിരിക്കണം. ദീർഘകാലം അഭംഗുരമായും പൊതുജനോപകാരപ്രദമായും നീണ്ടുനിന്ന ആ മൈത്രീബന്ധം ഇങ്ങിനെയാണാരംഭിച്ചതു്. പിരിഞ്ഞുപോകുന്ന അവസരത്തിൽ ചങ്ങനാശ്ശേരി മി. മന്ദത്തെ കൊല്ലത്തേയ്ക്കു ക്ഷണിക്കയും ചെയ്തിരുന്നു.

പിന്നെയും വർഷം ഒന്നു കഴിഞ്ഞു. ഒരു പ്രഭാതത്തിൽ മി. മന്ദം ഏതാനും ചില സ്നേഹിതന്മാരുമൊന്നിച്ചു ചങ്ങനാശ്ശേരിയെ കൊല്ലത്തുള്ള അദ്ദേഹത്തിൻെറ ഗൃഹത്തിൽ ചെന്നു സന്ദർശിച്ചു. ചങ്ങനാശ്ശേരി ദിനകൃത്യങ്ങൾ കഴിഞ്ഞു ഗൃഹത്തിനു തൊട്ടു മുൻപിലുള്ള ആഫീസിൽ ചെന്നിരുന്നു കേസു നോക്കുകയായിരുന്നു. കക്ഷികളെയല്ലാതെ സന്ദർശകന്മാരെ അദ്ദേഹം ഈ അവസരത്തിൽ സ്വീകരിക്കുക പതിവില്ല. മി. മന്ദത്തിൻേറയും സ്നേഹിതന്മാരുടേയും ആഗമനം അപ്രതീക്ഷിതമായിരുന്നതുകൊണ്ടു് ഏതാനും നിമിഷങ്ങൾ കുശലപ്രശ്നം ചെയ്തതിനുശേഷം വീട്ടിൽ പുറത്തു വരാന്തയിലിട്ടിരുന്ന ഇരുപ്പിടങ്ങളിൽ പോയിരുന്നു വിശ്രമിക്കുവാൻ അദ്ദേഹം അവരോടപേക്ഷിച്ചു. ചങ്ങനാശ്ശേരിയുടെ സമയനിഷ്ഠയെപ്പറ്റി മി. മന്ദത്തിനന്നു് അറിവുണ്ടായിരുന്നില്ല. ഏതാനും സമയം നിർദ്ദിഷ്ടമായ ഇരുപ്പിടങ്ങളിൽ കാത്തിരുന്നതിനുശേഷവും ചങ്ങനാശ്ശേരി സംഭാഷണത്തിനു വന്നുചേരുന്ന ലക്ഷണങ്ങളൊന്നും കണ്ടില്ല. സ്വതന്ത്രചിത്തനായ മി. മന്ദം ഇതു് ഒരു അനാദരവോ അപമര്യാദയോ ആയി കരുതിയിരിക്കണം. ഏതാ

യാലും മി. മന്ദവും സ്നേഹിതന്മാരും ഉടൻതന്നെ അവിടെ നിന്നിറങ്ങിപ്പോയി. ഇതിനിടയ്ക്കു ചങ്ങനാശേരി ഭൃത്യനെ വിളിച്ച് അവരുടെ സുഖസൌകര്യങ്ങൾ ദീക്ഷിക്കുന്നതിനും, എല്ലാവക്കും ഭക്ഷണം തയ്യാറാക്കുന്നതിനും ഏപ്പാടു ചെയ്തിരുന്നു. ഇതൊന്നും മി. മന്ദം അറിഞ്ഞിരുന്നില്ല. മി. മന്ദവും സ്നേഹിതന്മാരും തിരിച്ചുവരുമെന്നു പ്രതീക്ഷിച്ചിരുന്ന ചങ്ങനാശേരിക്ക് ഇച്ഛാഭംഗമാണു നേരിട്ടതു്. ഇങ്ങിനെ വാഷികസമ്മേളനത്തിൽ വച്ചാരംഭിച്ച സൌഹാർദ്ദം ഇടക്കാലത്തു് അല്പമൊന്നു മന്ദീഭവിക്കയുണ്ടായിയെങ്കിലും സർവ്വീസ്സൊസൈററി വീണ്ടും അതു പുനർജീവിപ്പിച്ചു.

സർവ്വീസ്സൊസൈററിമൂലം ചങ്ങനാശേരി ഉന്നമിച്ചിട്ടുള്ളതല്ലാതെ ചങ്ങനാശേരിയെക്കൊണ്ടു സർവ്വീസ്സൊസൈററിക്കു കാര്യമായ യാതൊരു ശ്രേയസ്സുമുണ്ടായിട്ടില്ലെന്ന് ഒരുപക്ഷേ ഇന്നു ചിലർ പറഞ്ഞേയ്ക്കാമെങ്കിലും ചങ്ങനാശേരി ആ സ്ഥാപനത്തിൻെറ അദ്ധ്യക്ഷപദത്തിൽ നിന്നൊഴിയുന്നതുവരെ ജനറൽസിക്രട്ടറി മി. മന്ദത്തിൻെറ അഭിപ്രായം മറിച്ചായിരുന്നു എന്നു കാണിക്കുവാൻ മതിയായ രേഖകളുണ്ട്. ൧൧൦൨-ലെ സൊസൈററിബഡ്ജററ് യോഗത്തിന്റെ അവസാനത്തിൽ അംഗങ്ങളിൽ നിന്നു ലഭിച്ച അഭിനന്ദനങ്ങൾക്കു മറുപടിയായി മി. മന്ദം പറയുകയായിരുന്നു:—

"സർവ്വീസ്സൊസൈററി അല്പാല്പം അഭിവൃദ്ധിയെ പ്രാപിക്കുന്നതിൽ നിങ്ങളെപ്പോലെ ഞാനും സന്തോഷിക്കുന്നുണ്ട്...............സൊസൈററിയുടെ പ്രവൃത്തികൾ ഈ വിധം മുന്നോട്ടു പോകുവാനുള്ള പ്രധാന കാരണം നമ്മുടെ പ്രസിഡൻറായ ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകളുടെ നാമധേയത്തിനുള്ള വിലയും അദ്ദേഹത്തിന്റെ ശാന്തവും ആലോചനാപരവുമായ ഉപദേശത്തിൻേറയും സഹായത്തിൻേറയും ഫലവും ആകുന്നു."

അടുത്ത കൊല്ലത്തെ ബഡ്ജററു പ്രസംഗത്തിൽ മി. മന്ദം വീണ്ടും പറയുകയാണ്:—

"നായർസർവീസ്സൊസൈററിയിലെ എല്ലാ അംഗങ്ങളുടേയും വിശ്വാസബഹുമാനങ്ങൾക്കു പാത്രീഭൂതനായ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള അവർകൾ ബി. ഏ. ബി. എൽ— നെത്തന്നെ സർവ്വീസ്സൊസൈററി പ്രസിഡണ്ടായി ഇക്കഴിഞ്ഞ പത്തു കൊല്ലവും ഏകാഭിപ്രായത്തോടുകൂടി തിരഞ്ഞെടുക്കുകയും, അദ്ദേഹത്തിന്റെ ആജ്ഞാനുസരണം പ്രവത്തിക്കയും ചെയ്തതു നിമിത്തമാണു സർവ്വീസ്സൊസൈററി ഈ നിലയെ പ്രാപിച്ചതു്. സർവീസ്സൊസൈററിയെ നേർവഴി നയിക്കുവാൻ അസാധാരണ ശേഷിയുള്ള കുശാഗ്രബുദ്ധിമാനായ അദ്ദേഹം നിസ്വാത്ഥപരമായ സമുദായസ്നേഹത്തോടുകൂടി സൊസൈററിപ്രസിഡൻറായിരിക്കുന്ന കാലത്തോളം നമുക്കു യാതൊരാശങ്കയ്ക്കും ഭയത്തിനും കാരണമില്ലെന്നറിയാം."

ചങ്ങനാശ്ശേരി ഉദ്യോഗത്തിൽ പ്രവേശിച്ചു് ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു സൊസൈററിയുടെ അദ്ധ്യക്ഷപദം ഒഴിയേണ്ടതായി വന്നു. അദ്ദേഹത്തിൻെറ ഉന്നമനത്തിൽ മി. മന്നം ഉൾപ്പെടെയുള്ള സൊസൈററിയംഗങ്ങൾ സന്തോഷിക്കുകയുണ്ടായി എങ്കിലും സങ്കീർണ്ണവികാരങ്ങളോടുകൂടിയാണു് അവർ ആ നിയമനവാത്തയെ സ്വാഗതം ചെയ്തതു്. ചങ്ങനാശ്ശേരിയുടെ സജീവമായ നേതൃത്വം തല്ക്കാലത്തേയ്ക്കെങ്കിലും നഷ്ടപ്പെട്ടുപോകുമെന്നുള്ള ബോധം സൊസൈററിയംഗങ്ങളെ അമിതമായി സന്തപിപ്പിച്ചു. ചങ്ങനാശ്ശേരി അദ്ധ്യക്ഷപദം ഒഴിഞ്ഞതിനു ശേഷം സൊസൈററിയുടെ പൊതുയോഗത്തിൽ താഴെച്ചേക്കുന്ന പ്രമേയങ്ങൾ പാസാക്കി.

൧. സവീസ്സൊസൈററിമെമ്പറന്മാരുടെ നിഷ്കളങ്കബഹുമാനത്തിനു പാത്രീഭൂതനും, അവരുടെ വിശ്വാസങ്ങൾക്കു ലക്ഷ്യമായി ഇക്കഴിഞ്ഞ പത്തു കൊല്ലക്കാലവും സൊസൈറ്റിയുടെ അദ്ധ്യക്ഷസ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ബഹുമാന്യനും, ഉത്തമ സമുദായസ്നേഹിയുടേയും രാജ്യഭക്ത

ന്റെയും നിലയിൽ സൊസൈററിപ്രസിഡൻറു സ്ഥാനത്തിരുന്നു സ്മരണീയമായ പല വിശിഷ്ടകൃത്യങ്ങളും ചെയ്തു സമുദായത്തിന്റെയും രാജ്യത്തിന്റെയും അഭിമാനസ്തംഭമായി ശോഭിക്കുന്ന വിശാലാശയനും, ആയ ചങ്ങനാശേരി പരമേശ്വരൻ പിള്ള അവർകൾ തന്റെ കുശാഗ്രബുദ്ധിയും ഭരണചാതുരിയുംകൊണ്ടു സർവീസ്സൊസൈററിയെ ഇതുപര്യന്തം ഭരിച്ചതുനിമിത്തമുണ്ടായിട്ടുള്ള സൊസൈററിയുടെ സർവ്വൈശ്വര്യങ്ങളേയും ഹൃദയപൂർവ്വം സ്മരിക്കയും അദ്ദേഹത്തോടുള്ള കൃതജ്ഞതയെ രേഖപ്പെടുത്തുകയും ചെയ്യുന്നു.

൨. ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകൾ പ്രസിഡൻറന്ന നിലയിൽ സൊസൈററിക്കുണ്ടാക്കിയിട്ടുള്ള വിജയങ്ങൾക്കനുസരണമായി അദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്തത്തക്കവണ്ണം ഉടനെ വേണ്ടതു പ്രവർത്തിക്കുവാൻ സർവീസ്സൊസൈററിക്കു ധനശക്തിയില്ലാതെ വന്നതിൽ വ്യസനിക്കയും, തൽക്കാലം സൊസൈററിസ്ഥാപനങ്ങളിലെല്ലാം അദ്ദേഹത്തിന്റെ എൻലാർജ് ചെയ്ത ഫോട്ടോ വയ്ക്കുകയും, ഇതുവരെ നടന്നുവന്നതുപോലെ മേലും അദ്ദേഹത്തിന്റെ ജന്മനക്ഷത്രദിവസം സൊസൈററിസ്ഥാപനങ്ങൾക്കു് ഒഴിവു കൊടുക്കയും, അദ്ദേഹത്തിനു മംഗളാശംസ ചെയ്യുകയും ചെയ്യേണ്ടതാണെന്നു തീരുമാനിക്കയും ചെയ്യുന്നു.

ഇതിലുപരിയായ ഒരു വീരാരാധനയ്ക്കുന്നു സർവീസ് സൊസൈററി മുതിന്നില്ലെങ്കിൽ അതു ചങ്ങനാശേരി പ്രതിബന്ധമായി നിന്നതുകൊണ്ടായിരിക്കുവാനേ വഴിയുള്ളു.

ഉദ്യോഗം സ്വീകരിച്ചു് ഏതാനും വർഷങ്ങൾ കഴിഞ്ഞതിനുശേഷം മി. മന്നം ചങ്ങനാശേരിക്കയച്ച മറെറാരു കത്തും ഇവിടെ ഉദ്ധാരണാർഹമാണു്.

"അങ്ങുദ്യോഗത്തിൽ പ്രവേശിച്ചതുകൊണ്ടു ചില ഗുണങ്ങളുണ്ടായിട്ടുണ്ടെങ്കിലും അതുനിമിത്തം വിശ്വസ്തനായ ഒരു പൊതുജനനേതാവു് എന്നുള്ള പേരിനും, സർവീസ്സൊസൈററിയുടെ സ്വാധീനത്തിനും, മതിപ്പിനും കുറേ കുറവു വന്നിട്ടു

ണ്ടെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. അങ്ങയെപ്പോലെ ശേഷി യും ശക്തിയുമുള്ള ഒരു നേതാവിന്റെ അഭാവത്തിൽ സംഭവി ക്കാവുന്നിടത്തോളം താഴ്ച സൊസൈററിക്കു വന്നിട്ടില്ലെങ്കിലും, അതു പല കാര്യത്തിലും നിന്നിടത്തു നിൽക്കുകയും, പുറകോട്ടു പോകുകയും, ചെയ്തിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണ്. അതു കൊണ്ടു് അങ്ങയുടെ ഉദ്യോഗപ്രവേശനംനിമിത്തം ഒരു വശ ത്തുകൂടി സന്തോഷിക്കുവാൻ മാർഗ്ഗമുണ്ടായിയെങ്കിലും അതു സർവ്വീസ്സൊസൈററിയെ സംബന്ധിച്ചിടത്തോളം പൊതു വിൽ നഷ്ടമായിട്ടാണു കലാശിച്ചതു്. ഈ കാലഘട്ടത്തിലാണു നമ്മേപ്പററി തെറ്റിദ്ധാരണകൾക്കും മത്സരത്തിനും എതൃപ്പിനും ഇടയായിട്ടുള്ളതും......................."

നായർസർവീസ്സൊസൈററി ഒരു സാമുദായിക സംഘ ടനയായിരുന്നു എങ്കിലും, ഇതരസമുദായങ്ങൾക്കു ചങ്ങനാശേരി യുടെ നേതൃത്വം നിലവിലിരുന്ന കാലത്തു് ആ സ്ഥാപനത്തെ ക്കുറിച്ചുണ്ടായിരുന്ന മതിപ്പും സംതൃപ്തിയും എത്രമാത്രമായി രുന്നു എന്നുകൂടി ഇവിടെ രേഖപ്പെടുത്തുന്നതു് അപ്രസക്തമായി രിക്കയില്ലല്ലോ. സൊസൈററിയുടെ നയത്തിനോ, പ്രവർത്ത നങ്ങൾക്കോ എതിരായി മററു സമുദായങ്ങൾക്കു കാര്യമായ യാതൊരു ആക്ഷേപവും പുറപ്പെടുവിക്കാനുണ്ടായിരുന്നില്ല. ൧൧൦൧-ലെ പ്രാക്കുളംസ്സ്മാരക ദിനാഘോഷത്തിൽ ഒരു പ്രാസം ഗികനായിരുന്ന മി. കെ. സി. മാമ്മൻമാപ്പിള സർവീസ്സൊ സൈററിയെക്കുറിച്ചു പ്രസ്താവിച്ചതിങ്ങനെയായിരുന്നു:—

"നായർസർവീസ്സൊസൈറ്റി ആരംഭിച്ചപ്പോൾ എന്നെ പ്പോലുള്ള മററു പലരേയുംപോലെ ഞാനും, ഈ സംഘം തിരുവിതാംകൂറിലുള്ള മററു പല വർഗ്ഗീയസംഘങ്ങളുടേയും പതിവുപോലെ, സ്വസമുദായത്തിന്റെ ക്ഷേമാഭിവൃദ്ധിക്കുള്ള ശ്രമത്തിൽ അന്യസമുദായങ്ങളുമായി മല്ലടിച്ചു, നാട്ടിൽ വർഗ്ഗീയമത്സരവും വഴക്കും വർദ്ധിപ്പിക്കുന്നതിനു് ഉണ്ടായിട്ടുള്ള ഒരു സ്ഥാപനമായിട്ടാണു ധരിച്ചിരുന്നതു്. എന്റെ വീക്ഷണഗ തിയെ മിക്കവാറും കലുഷമാക്കിയിരിക്കാവുന്ന ഈ തെററിദ്ധാ

രണയോടുകൂടി ഈ സൊസൈററിയുടെ വളർച്ചയെ അകന്നു നിന്നും, അനുഭാവമില്ലാതെയും സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്ന എനിക്ക്, ഈ സൊസൈററി ഞാൻ ഊഹിച്ചിരുന്നതിനു നേരേ വിപരീതമായ ഒരു ഉദ്ദേശത്തിൽ ഒരു വിപുലാശയനാൽ രൂപവൽകൃതവും, സ്വരാജ്യക്ഷേമം പരമാദർശമായി കരുതിയിട്ടുള്ള സകലക്കും സ്വീകാര്യമായ അത്യുന്നതമായ ആദർശങ്ങളാൽ അനുസ്യൂതമായി നിയന്ത്രിതവും, ആയ ഒരു സ്ഥാപനമാണെന്നു സാവധാനത്തിലും മടിച്ചു മടിച്ചും, നിർബന്ധിതമായും, അവസാനത്തിൽ നിശ്ചിതമായും ബോദ്ധ്യപ്പെട്ടു. സ്വസമുദായസേവനം അത്യുന്നതമായ ഒരു ആദർശവും പ്രവൃത്തിക്കുവാൻ ഏതെങ്കിലും ശക്തിയുള്ളവരുടെ എല്ലാം നിരന്തരമായ പരിശ്രമത്തിനു ലക്ഷ്യമായിരിക്കേണ്ടതുമാകുന്നു. എന്നാൽ മതത്തിൻെറ നാമധേയത്തിൽ പുരാതനകാലംമുതൽക്കു നിരവധി മതവിരുദ്ധമായ കർമ്മങ്ങൾ ചെയ്തിട്ടുള്ളതുപോലെ തന്നെ സ്വസമുദായസേവനം എന്ന നാട്യത്തിൽ വളരെ വഞ്ചകന്മാരും കലഹകാരികളും അസാന്മാർഗ്ഗികന്മാരും മനുഷ്യവിദ്വേഷികളും എല്ലാക്കാലത്തും, രാജ്യത്തിലും, സമുദായത്തിലും, സ്വരാജ്യാഭിമാനികളും സമുദായസ്നേഹികളും ആയി പല ഉപദ്രവങ്ങളുമുണ്ടാക്കിയിട്ടുണ്ട്. പരമാത്ഥമായ സമുദായസേവനമെന്നുള്ളതു് ഇതൊന്നുമല്ല. അതിനു് അനേകവഷത്തെ, അനേക പരമ്പരകളുടെ ശാന്തവും ക്ഷമാപൂർവ്വവും ആഡംബരശൂന്യവും ആയ സംഘടനാജോലി, വളരെ ത്യാഗങ്ങൾ അനുഷ്ഠിച്ചും സങ്കടങ്ങൾ സഹിച്ചും, ആക്കുവേണ്ടി നാം വേല ചെയ്യുന്നുവോ അവരിൽനിന്നുമുണ്ടാകുന്ന പ്രതിബന്ധങ്ങളേയും അപഖ്യാതികളേയും അധിക്ഷേപങ്ങളേയും വിഗണിച്ചും, ചെയ്യേണ്ടതായാണിരിക്കുന്നതു്. പലപ്പോഴും അത്തരം നിസ്വാത്ഥസമുദായസേവകന്മാക്ക് അവരുടെ പ്രവൃത്തിയുടെ ഫലം കാണ്മാനുള്ള ഭാഗ്യം ഉണ്ടായില്ലെന്നും വന്നേയ്ക്കും. എങ്കിലും അപ്രകാരമുള്ള പ്രവൃത്തികൾ മാത്രമേ സമുദായസേവനമാകയുള്ളൂ. ഈ വിധമുള്ള ആദർശങ്ങളെ മുൻനിത്തിയാണു് നായർ സവ്വീസ് സൊസൈറ്റി പ്രവൃത്തിക്കുന്നതെന്നു് എനിക്കു പൂണ്ണവിശ്വാസം വന്നിട്ടുണ്ട്. ഒന്നാമതു് ഈ സൊസൈറ്റി അവ്യ

വസ്ഥിതമായ ഒരു ഒരു ജനസമൂഹമല്ല. ഒരു ശരിയായ നിയമത്തിൻെറ കൎശനമായ വ്യവസ്ഥകളാൽ നിയന്ത്രിതമായ ഒരു സംഘടിതമായ സംഘമാകുന്നു. രണ്ടാമത്തു വിദ്യാലയങ്ങൾ തുടങ്ങിയ ധൎമ്മസ്ഥാപനസൃഷ്ടിമൂലം സൃഷ്ടിപരമായ പ്രവൃത്തികളിലാണു സൊസൈററി അതിൻെറ ശ്രദ്ധയെ കേന്ദ്രീകരിച്ചിട്ടുള്ളതു്. ഇപ്പോൾ ഈ സൊസൈററിയുടെ കീഴിൽ നടത്തുന്ന മൂന്നു ഇംഗ്ലീഷ് ഹൈസ്ക്കൂളുകളും, രണ്ടു മിഡിൽ സ്ക്കൂളുകളും ഉണ്ടു്. ഇവയും ത്വരിതമായിത്തന്നെ വളൎന്നുവരുന്നു. വേറെ പലേടത്തും വിദ്യാലയനിൎമ്മിതിക്കായി സൊസൈററി ശ്രമിക്കുന്നുമുണ്ടു്. ഇതൊരു മഹത്തായ സമുദായസേവനവും രാജ്യസേവനവുമാകുന്നു. മൂന്നാമത്തു് ഈ സൊസൈററിക്കു് ഈ നാട്ടിൽ മഹത്തരവും പ്രയോജനകരവുമായ സ്വാധീനം ചെലുത്തുവാൻ ശക്തിയും ശേമുഷിയുമുള്ള ഒരു പ്രവൎത്തകസമിതിയുടെ സൌഹാർദ്ദപരവും സുദൃഢവുമായ സഹകരണഭാഗ്യം സിദ്ധിച്ചിട്ടുണ്ടു്. ഈ സൊസൈററിയുടെ പ്രസിഡൻറു് ഈ സംസ്ഥാനത്തെ പൌരന്മാരിൽ പ്രഥമഗണനീയനായ ഒരാളാകുന്നു. കഴിഞ്ഞ നാലു വൎഷങ്ങളായി നിയമസഭയിൽവച്ചുണ്ടായ അടുത്ത പരിചയത്തിനും, അകന്നുനിന്നുകൊണ്ടു് അദ്ദേഹത്തിന്റെ മററു പൊതുക്കാൎയ്യപ്രവൎത്തനങ്ങളെ ഇത്രനാളും സൂക്ഷിച്ചതിനും, ശേഷം തിരുവിതാംകൂറിലുള്ള പൌരപ്രമാണികളിൽ തൻെറ രാജ്യത്തിനും സമുദായത്തിനും വേണ്ടി ജയഭേരി അടിക്കാതെ ചെയ്തിട്ടുള്ള ഫലപ്രദമായ സേവനത്തിലും,മററുള്ളവരുടെ ആദരാധിക്ഷേപങ്ങളെ വകവയ്ക്കാതെ തൻെറ വിശ്വാസത്തിനനുസരണമായി പറയുന്നതിനും പ്രവൎത്തിക്കുന്നതിനുമുള്ള മനോധൈൎയ്യത്തിലും അദ്ദേഹം പ്രഥമഗണനീയനെന്നാണു ഞാൻ വിചാരിക്കുന്നതു്. മി. പരമേശ്വരൻപിള്ള നായർസമുദായത്തിനുമാത്രം നേതാവല്ല, മററു പല സമുദായക്കാരും അദ്ദേഹത്തെ അവരുടെ നേതാവായിത്തന്നെ വരിക്കുന്നുമുണ്ടു്. അപ്രകാരമുള്ള ഒരു യഥാൎത്ഥ രാജ്യാഭിമാനിയുടെ നിയന്ത്രണം ഏതൊരു സ്ഥാപനത്തിനും ശോഭനമാണെന്നാണെൻെറ വിശ്വാസം.”

ആ യോഗത്തിലാദ്ധ്യക്ഷം വഹിച്ച ദിവാനായിരുന്ന വാട്ട്സ് ഉപസംഹാരപ്രസംഗമദ്ധ്യേ ഇങ്ങിനെ പ്രസ്താവിക്കയുണ്ടായി.

"മി. മാമ്മൻമാപ്പിളയെപ്പോലുള്ള സൂക്ഷ്മദൃക്കായിരിക്കുന്ന ഒരാൾ സർവ്വീസ്സൊസൈററി അത്യുന്നതമായ ആദർശത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണെന്നു ഫഫ-സംവത്സരത്തെ സൂക്ഷ്മപരിശോധനയ്ക്കുശേഷം അഭിപ്രായപ്പെട്ടിരിക്കുന്നതു് ഒട്ടും അസ്ഥാനത്തിലാകാൻ ഇടയില്ല. കഴിഞ്ഞ പത്തു വർഷക്കാലം ഈ സൊസൈററി അതിൻെറ ഉന്നതാദർശത്തിൽനിന്നും അശേഷം വ്യതിചലിക്കാതെ പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതു നിശ്ചയമാകുന്നു. എൻെറ എത്രയും ബഹുമാനപ്പെട്ട സ്നേഹിതനായ മി. ചങ്ങനാശേരി പരമേശ്വരൻപിള്ള ഈ സൊസൈററിയുടെ പ്രസിഡൻറായിരിക്കുന്നിടത്തോളം കാലം ഈ സൊസൈററി അതിൻെറ ഉന്നതാദർശങ്ങളിൽ നിന്നു് ഒരിക്കലും വ്യതിചലിക്കുന്നതല്ലെന്നു നമുക്കു ധൈര്യപ്പെടാവുന്നതാണു്."

ആ സമ്മേളനത്തിൽതന്നെ മറെറാരു പ്രാസംഗികനായിരുന്ന മി. എൻ. കുമാരൻ സർവ്വീസ്സൊസൈററി നായർസമുദായത്തിനെന്നപോലെതന്നെ ഇതരസമുദായങ്ങൾക്കും പൊതുവേ രാജ്യക്ഷേമത്തിനും വേണ്ടി അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളെ വാഴ്ത്തുകയുണ്ടായി.

നായർസർവ്വീസ്സൊസൈററിയുടെ പ്രവർത്തനങ്ങളെ അനുഭാവപൂർവ്വം വീക്ഷിക്കുമെന്നു ന്യായമായി പ്രതീക്ഷിക്കുവാൻ കഴിയാത്ത കേന്ദ്രങ്ങളിൽനിന്നുപോലും മുക്തകണ്ഠമായ പ്രശംസയാണു് ആ സ്ഥാപനത്തിനക്കാലത്തു ലഭിച്ചുകൊണ്ടിരുന്നതെന്നു മേലുദ്ധരിച്ച പ്രസംഗങ്ങൾ വ്യക്തമാക്കുന്നുണ്ടല്ലോ. ഇടുങ്ങിയ വർഗ്ഗീയചിന്തകളിൽനിന്നും, മത്സരങ്ങളിൽനിന്നും, ആവുംവിധം അകന്നു നില്ക്കുവാനും ഇതരസമുദായങ്ങളോടു സൌഹാർദ്ദപരമായ ബന്ധം കൈവളർത്തുവാനും സൊസൈറ്റി അക്കാലത്തു് ഉദ്യമിച്ചിരുന്നു. സൊസൈററിയുടെ ആഭിമുഖ്യത്തിൽ ഓരോ വർഷത്തിലും സമ്മേളിച്ചിരുന്ന നായർമഹാസമ്മേളനങ്ങളിലെ പ്രസംഗങ്ങളെക്കുറിച്ചോ പ്രമേയങ്ങളെക്കു

റിച്ചോ പരാതി പറയുവാനും ആക്ഷേപം പുറപ്പെടുവിക്കുവാനും തിരുവിതാംകൂറിലെ മററു മികച്ച സമുദായങ്ങൾക്കു കാരണമൊന്നുമുണ്ടായിരുന്നില്ല. ഈഴവസമുദായം നായർസമുദായത്തോടു ചേർന്നുനിന്നു പ്രവർത്തിക്കുകയും, സൊസൈററിസ്ഥാപനങ്ങൾക്ക് ഈഴവർ മുക്തഹസ്തം ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഈഴവരുടെ സഞ്ചാരസ്വാതന്ത്ര്യപ്രശ്നം നായരുടെ പ്രശ്നമായിട്ടാണ് അന്നു സൊസൈറ്റി കരുതിയിരുന്നത്. വയ്ക്കത്തുവച്ചു ചങ്ങനാശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ നായരീഴവസംയുക്തസമ്മേളനം ഇതിനു മതിയായ തെളിവാണ്. ഉദ്യോഗസ്വീകരണംവരെ സൊസൈററിയുടെ അദ്ധ്യക്ഷനെന്ന നിലയിലും അതിനുശേഷം ഒരു ഉപദേഷ്ടാവ് എന്ന നിലയിലും തന്റെ ധാർമ്മികബലവും സ്വാധീനശക്തിയും പ്രയോഗിച്ചു ചങ്ങനാശേരി ആ സ്ഥാപനത്തിന്റെ അഭിവൃദ്ധിക്കും ഉൽക്കർഷത്തിനും വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങളുടെ ഒരു ചരിത്രവും, അക്കാലത്തു തിരുവിതാംകൂറിലെ മററു സമുദായങ്ങൾക്ക് സൊസൈററിയെക്കുറിച്ചുണ്ടായിരുന്ന മതിപ്പും, നാം കണ്ടുകഴിഞ്ഞു. തിരുവിതാംകൂറിലെ പൊതുക്കാര്യരംഗത്തിൽ സർവ്വീസ് സൊസൈറ്റിക്കുണ്ടായിരുന്ന ഉന്നതമായ നിലയും സാമാജികമായ പ്രാബല്യവും എത്രമാത്രമായിരുന്നു എന്നും ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. "സൊസൈററിയുടെ പ്രഥമമായ ഉദ്ദേശം സമുദായപരിശ്രമമാണെങ്കിലും അതു് എല്ലാ നല്ല ജനങ്ങളും പ്രവർത്തിക്കുന്നതുപോലെ രാജ്യത്തിന്റെ 'ആകമാനമുള്ള നന്മയ്ക്കും പുരോഗതിക്കും വേണ്ടി പ്രയത്നിക്കുന്നുണ്ടെന്നാണ് എന്റെ നിരീക്ഷണത്തിൽനിന്നും ഞാൻ വിശ്വാസപൂർവ്വം ധരിച്ചിരിക്കുന്നതു്" എന്നു വാട്ട്സ് അഭിപ്രായപ്പെട്ടപ്പോൾ അദ്ദേഹം തിരുവിതാംകൂറിലേ നാനാജാതിമതസ്ഥരായ സാമാന്യജനങ്ങൾക്ക് അക്കാലത്തു സൊസൈററിയെപ്പററിയുണ്ടായിരുന്ന ആത്മാർത്ഥമായ അഭിപ്രായത്തെ പ്രതിദ്ധ്വനിപ്പിക്കമാത്രമാണു ചെയ്തിട്ടുള്ളതു്. എന്നാൽ ചങ്ങനാശേരി നായർസർവ്വീസ് സൊസൈറ്റിയുടെ നേതൃത്വം വിട്ടൊഴിഞ്ഞതിനുശേഷമുള്ള ആ സ്ഥാപനത്തിന്റെ പ്രവർത്തനചരിത്രവും സംക്ഷിപ്തമായി ഈ ഗ്രന്ഥത്തിൽ വിവരിക്കാതെ നിവൃത്തിയില്ല. താൻ ശിശ്രൂഷിച്ചി

ശേഷമായ വാത്സല്യത്തോടുകൂടി പരിലാളിച്ചു വളർത്തിക്കൊണ്ടു പോന്ന ആ സ്ഥാപനം അപഥസഞ്ചാരംചെയ്യുവാൻ തുടങ്ങിയ കാഴ്ച ചങ്ങനാശേരിയുടെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചു കൊണ്ടിരുന്നു. സാമുദായികസ്ഥാപനങ്ങൾ ഒരു നിശ്ചലജലാശയംപോലെ വർഗ്ഗീയപ്രവർത്തനങ്ങളാകുന്ന ഇടുങ്ങിയ കൂപത്തിൽ കെട്ടിക്കിടന്നു ദുഷിക്കണമെന്നുള്ളതല്ലായിരുന്നു ആ സംഘടനകളേപ്പററിയുള്ള അദ്ദേഹത്തിൻെറ പരമലക്ഷ്യം. ചില സമുദായങ്ങൾക്കു പ്രത്യേകമായുള്ള അവശതകൾ പരിഹരിക്കുവാൻ ഒരു കാലത്തു വർഗ്ഗീയസംഘടനകൾ എത്രതന്നെ അപരിത്യാജ്യമായിരുന്നാലും കാലഗതിയനുസരിച്ചു് അവ വളർന്നു വളർന്നു് വിപുലവും സാർവ്വത്രികവുമായ ഒരു ദേശീയലക്ഷ്യത്തിൽ ലയിക്കുവാൻ സന്നദ്ധമായില്ലെങ്കിൽ അതൊരു രാജ്യത്തിനു നേരിടാവുന്ന ഏററവും വലിയ അത്യാഹിതമായിട്ടാണു് അദ്ദേഹം പരിഗണിച്ചിരുന്നതു്. അദ്ദേഹത്തിൻെറ ഡയറിയിൽ ഇങ്ങനെ കാണുന്നു:—

"വർഗ്ഗീയസമ്മേളനങ്ങളെപ്പററിയുള്ള എൻെറ പരമലക്ഷ്യം—അവ നായരുടേതായാലുംശരി ക്രിസ്ത്യാനിയുടേതായാലുംശരി ഈഴവരുടേതായാലുംശരി—അവയെല്ലാം ഒരു പന്തലിൽതന്നെ സമ്മേളിക്കുകയും, ഓരോ സമുദായത്തിലേയും ഉന്നതന്മാരായ നേതാക്കന്മാർ എല്ലാ സമ്മേളനങ്ങളിലും സൌഹാർദ്ദപൂർവ്വം പങ്കെടുക്കയും, ചെയ്യണമെന്നുള്ളതാണു്. അവസാനദിവസം ഒരു സംയുക്തസമ്മേളനം നടത്തുകയും, രാഷ്ട്രീയവും സാമ്പത്തികവും ആരോഗ്യപരവുമായ പൊതുപ്രശ്നങ്ങളെപ്പററി പ്രസ്തുത സമ്മേളനത്തിലാലോചന നടത്തി തീരുമാനങ്ങൾ ചെയ്യുകയും വേണ്ടതാണു്. ഇതു വർഗ്ഗീയമായ വീക്ഷണകോടിയെ നിശ്ശേഷം ഉന്മൂലനം ചെയ്യുകയും സൌഹാർദ്ദപരമായ ദേശീയപ്രവർത്തനത്തിനു വഴി തെളിക്കയും ചെയ്യും. ഈ വിഷയം അടുത്ത ഭാവിയിൽ പ്രവർത്തനരൂപത്തിൽ കൊണ്ടു വരുവാൻ ഞാൻ ശ്രമിക്കുന്നതാണു്".

ചങ്ങനാശേരി പരമേശ്വരൻപിള്ള സർവ്വോപരി ഒരു ദേശീയവാദിയായിരുന്നു. അതുകൊണ്ടുതന്നെയാണു് അദ്ദേഹ

ത്തിൻെറ മാർഗ്ഗദർശനത്തിൻകീഴിൽ സർവീസ്സൊസൈറ്റി അപഥസഞ്ചാരം ചെയ്യാതിരുന്നിട്ടുള്ളതു്. എന്നാൻ അതിനു ശേഷമുള്ള മറെറാരു ചിത്രവും ഇവിടെ രചിക്കേണ്ടതായി ട്ടുണ്ടു്. ഈ ചിത്രവും ആ ചിത്രവും തമ്മിലുള്ള അന്തരം ഹൃദയവേദനയോടുകൂടിയല്ലാതെ സമുദായാഭിമാനികൾക്കു ദർശിക്കുവാൻ കഴിയുന്നതല്ല. അതിനുമുൻപു ചങ്ങനാശേരിയും സർവ്വീസ്സൊസൈററിയുടെ ജനറൽസിക്രട്ടറി മി. മന്നത്തു പത്മനാഭപിള്ളയും തമ്മിലുണ്ടായ അഭിപ്രായാന്തരങ്ങളെപ്പററിയും, ചങ്ങനാശേരി സൊസൈററിയുടെ നേതൃത്വത്തിൽനിന്നു പിൻവാങ്ങുവാനുണ്ടായ കാരണങ്ങളേപ്പററിയും, ചുരുക്കമായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

# അദ്ധ്യായം നാല്

കഴിഞ്ഞ അദ്ധ്യായത്തിലുദ്ധരിച്ചിട്ടുള്ള മി. മന്നത്തു പത്മ നാഭപിള്ളയുടെ ഒരു പ്രസ്താവനയിൽ "നായർസർവ്വീസ്‌സൊ സൈററിയിലെ എല്ലാ അംഗങ്ങളുടേയും സ്നേഹബഹുമാന ങ്ങൾക്കു പാത്രീഭൂതനായ ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകൾ" എന്നദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു തുലോം അത്ഥ ഗർഭമാണ്. മി. മന്നത്തു പത്മനാഭപിള്ള നിരന്തരമായ പരിശ്ര മംകൊണ്ടും ആത്മാത്ഥമായ സേവനംകൊണ്ടും സർവീസ്‌സൊ സൈററിയുടെ അഭ്യുന്നതിയെ ലാക്കാക്കി പ്രവത്തിച്ചുകൊണ്ടി രുന്ന കാലത്തുപോലും ആ സ്ഥാപനത്തിലെ എല്ലാ അംഗ ങ്ങളുടേയും വിശ്വാസവും സ്നേഹബഹുമാനങ്ങളും ആർജ്ജിക്കു വാനദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. സൊസൈററിഅംഗ ങ്ങളും ജനറൽസിക്രട്ടറിയും തമ്മിൽ പലപ്പോഴും അതികഠിന മായ നീരസങ്ങളും സ്വരച്ചേച്ചയില്ലായ്മയും ഉണ്ടായിക്കൊണ്ടി രുന്നു. ഇവ വദ്ധിച്ചുവന്നതല്ലാതെ കുറയുന്ന ലക്ഷണങ്ങളും കാണുവാനുണ്ടായിരുന്നില്ല. മി. മന്നത്തിൻെറ വികാരപര മായ മനോഭാവവും സ്വേച്ഛാപ്രഭുത്വവുമാണ് ഈ മത്സരങ്ങൾ ക്കിടകൊടുത്തതു്. ഇങ്ങിനെ ആഭ്യന്തരമായി നീറിപ്പുകഞ്ഞു കൊണ്ടിരുന്ന അസുഖങ്ങളും കുഴപ്പങ്ങളും ബഹിർഭാഗത്തേയ്ക്കു പൊട്ടി പ്രവഹിക്കുവാനുള്ള ലക്ഷണങ്ങൾ കണ്ടിട്ടുള്ള അവ സരങ്ങളിലെല്ലാം സർവ്വസമ്മതനായ ചങ്ങനാശേരി പരമേ ശ്വരൻപിള്ള ഇടപെട്ടു കലഹപ്രിയന്മാരെ സാന്ത്വനപ്പെ ടുത്തി ജനറൽസിക്രട്ടറിയുടെ പദവിയും പ്രാബല്യവും ഉന്ന മിപ്പിക്കുന്നതിനും ദൃഢപ്പെടുത്തുന്നതിനും തൻെറ സ്വാധീന ശക്തി മുഴുവൻ പ്രയോഗിച്ചിട്ടുണ്ടു്. സൊസൈററിയിലെ പ്രധാന അംഗങ്ങളിലൊരാളായ മി. പൊന്നുവാടത്തു പത്മനാ ഭപിള്ള മി. മന്നത്തിനെ സെക്രട്ടറിപദത്തിൽനിന്നു നീക്കം ചെയ്യുന്നതിന് ഒരിക്കൽ തീവ്രമായ പരിശ്രമം ചെയ്യുകയു ണ്ടായി. മി. മന്നത്തിൻെറ ക്രമരഹിതമായ നടപടികളെ അപ ലപിച്ചുകൊണ്ടു് ഒരു ലഘുലേഖ പ്രസിദ്ധം ചെയ്യുവാൻ പോലും അദ്ദേഹം ഉദ്യമിക്കാതിരുന്നില്ല. ഇങ്ങിനെയുള്ള

ഘട്ടങ്ങളിൽ മി. മന്ദം വികാരാവേഗത്തോടുകൂടി പ്രതിയോഗികളെ സൊസൈററിയിൽനിന്നു ബഹിഷ്കരിക്കുവാനുള്ള ശ്രമങ്ങളുമായി പുറപ്പെടുകയാണു പതിവു്. ഇത്യാദി അവിവേകങ്ങൾക്കു വഴിപ്പെടാതേയും, എന്നാൽ അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീൎത്തും, ഭിന്നിപ്പുകൂടാതെ സൊസൈറ്റിപ്രവൎത്തനങ്ങളെ പുരോഗമിപ്പിക്കുന്നതിനു ചങ്ങനാശേരിയുടെ നയോപായങ്ങളും സ്വാധീനബലവും വളരെ സഹായകമായിരുന്നിട്ടുണ്ടു്. പ്രതിയോഗികളുടെ ശല്യം അസഹ്യമായിത്തീരുമ്പോൾ മി. മന്ദത്തിന്റെ അഭയസ്ഥാനം എപ്പോഴും ചങ്ങനാശേരിതന്നെയായിരുന്നു. ഒരിക്കൽ മി. മന്ദം ചങ്ങനാശേരിക്കിങ്ങനെ എഴുതി അയച്ചു.

"പൊതുവാദം ഒട്ടും ശാന്തമായിട്ടില്ല. അദ്ദേഹത്തിന്റെ ഒരു രജിസ്റ്റർചെയ്ത നോട്ടീസ് ഇന്നലെ കിട്ടി. ഉടൻ സൊസൈററി യോഗം വിളിച്ചുകൂട്ടിക്കൊള്ളണമെന്നാണു കാൎയ്യം. എന്റെ പേരിലും മററുമായി പന്ത്രണ്ടു ചാൎജ്ജുകൾ ചുമത്തുകയും അതിനെപ്പററി ആലോചിക്കുവാൻ യോഗം കൂടണമെന്നാവശ്യപ്പെടുകയുമാണു ചെയ്തിട്ടുള്ളതു്. ദാരിദ്ര്യവും കഷ്ടപ്പാടും ജോലിത്തിരക്കും ഈ ഘോരസമരവും—എല്ലാംകൂടി താങ്ങാൻ ഞാനാളല്ല. എന്റെ ശത്രുക്കളും ബന്ധുക്കളും കണ്ണിൽ ചോരയില്ലാതെയാണു് എന്നോടു പെരുമാറുന്നതു്. ഒരു സെക്കൻഡു് ഞാൻ അടങ്ങിയിരിക്കുന്നില്ലെന്നു കാണാം. അതിന്റെ ഫലം മുറയ്ക്കു കിട്ടുന്നുമുണ്ടു്. ഇതിലധികം അപമാനം കൂടാതെയും സൊസൈററിക്കാപത്തു പററാതേയും എന്നെ വിട്ടയയ്ക്കാൻ ദയവുണ്ടാകണം. എനിക്കങ്ങയോടല്ലാതെ മററാരോടും ഒരപേക്ഷയുമില്ല".

എത്ര ദയനീയമായ രോദനം.

൧൦൯൦-ലാണു് ഈ കത്തു് എഴുതിയിട്ടുള്ളതെന്നു പ്രത്യേകം ഓൎമ്മിക്കേണ്ടതാണു്. അക്കാലത്തുതന്നെ മി. മന്ദത്തിനു സൊസൈററിയിൽ തീവ്രമായ എതിൎപ്പും പ്രാതികൂല്യവും അഭിമുഖീകരിക്കേണ്ടിവന്നിരുന്നു. എന്നാൽ ചങ്ങനാ

ശേരിയുടെ കർമ്മപ്രഭാവവും പിന്തുണയും മി. മന്നത്തിൻെറ ഹസ്തങ്ങൾക്ക പ്രാബല്യം നൽകി. മി. മന്നത്തിനെ വിട്ടു യയ്ക്കുകയുണ്ടായില്ല. അദ്ദേഹത്തിനു യാതൊരവമതിയും സംഭവിച്ചതുമില്ല. കണ്ണിൽ ചോരയില്ലാത്ത ബന്ധുക്കളേയും ശത്രുക്കളേയും ചങ്ങനാശേരി സാന്ത്വനപ്പെടുത്തി. ദാരിദ്ര്യത്തിനും, കഷ്ടപ്പാടിനും, ജോലിത്തിരക്കിനും, ഘോരസമരത്തിനും, പ്രതിവിധിയുണ്ടാക്കി. മി. മന്നം സൊസൈററിയുടെ സവ്യസാചിയായി തുടൎന്നുപോരികയും ചെയ്തു.

കാലങ്ങൾ പിന്നെയും കഴിഞ്ഞു. ൧൧൦൭-ൽ സൊസൈററിവക പെരുന്ന ഇംഗ്ലീഷ്ഹൈസ്കൂളിൻെറ സ്ഥലത്തെ ഭരണം സംബന്ധിച്ചു ചില കുഴപ്പങ്ങളുണ്ടായി. സ്കൂളിൻെറ സ്ഥലത്തെ മാനേജരായിരുന്ന മി. ടി. എസ്സ്. മാധവൻപിള്ളയും മി. മന്നവും തമ്മിൽ ഭരണസംബന്ധമായ വിഷയങ്ങളെപ്പററിയും മററും അതികഠിനമായ അഭിപ്രായവ്യത്യാസങ്ങളുത്ഭവിച്ചു. ലോക്കൽമാനേജർ മി. മാധവൻപിള്ളയെ മി. മന്നത്തിൻെറ നിർദ്ദേശമനുസരിച്ചു തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്തു് മി. കൊണ്ടൂർ കൃഷ്ണപിള്ളയെ നിയമിച്ചു. മി. മാധവൻപിള്ളയുടെ ഭരണകാലത്തു സ്കൂളിലെ കണക്കുകൾ സൂക്ഷിക്കുകയും പണമിടപാടുകൾ നടത്തുകയും ചെയ്തിരുന്നതു മി. മന്നത്തിൻെറ ജാമാതാവായ ഒരു മി. നാരായണക്കുറുപ്പായിരുന്നു. പ്രസ്തുത സ്കൂളിലെ അദ്ധ്യാപകനായിരുന്ന ഒരു മി. വാസുദേവൻപിള്ളയും ഈ കുഴപ്പങ്ങൾക്ക കാരണക്കാരനായി പറയപ്പെട്ടിരുന്നു. മി. മാധവൻപിള്ള ചാർജ്ജൊഴിയേണ്ട ഘട്ടമായപ്പോൾ കണക്കുകളനുസരിച്ചു കുറേ പണം ബാക്കി കാണുവാനുണ്ടെന്നു ബോദ്ധ്യപ്പെട്ടു. പ്രസ്തുത സംഖ്യ മി. മാധവൻപിള്ള അപഹരിച്ചതാണെന്നു മി. മന്നത്തിന്റെ ജാമാതാവും നേരേമറിച്ചാണെന്നു മി. മാധവൻപിള്ളയും വാദിച്ചു. പണത്തിന്റെ കാര്യം തീരുമാനിക്കാതെ ചാർജ്ജു കൊടുക്കുന്നതല്ലെന്നു മി. മാധവൻപിള്ള ശഠിച്ചു. മി. മാധവൻപിള്ളയുടെ വിസമ്മതത്തെ വിഗണിച്ചു മി. മന്നം ചാർജ്ജ് മറ്റൊരാളെ ഏല്പിച്ചു. ഇതു് ആഭ്യന്തരമായ വലിയ കലഹങ്ങൾക്കിടകൊടുക്കുമെന്നും വ്യവഹാരങ്ങൾക്ക കാരണമാകുമെന്നും

ഉള്ള ദിക്കായി. മി. മാധവൻപിള്ള ഈ വിഷയത്തെപ്പററി ചങ്ങനാശേരിക്ക് ഒരു കത്തയച്ചു. അനന്തരം സർവ്വീസ്സൊസൈററിപ്രസിഡൻററായിരുന്ന മി. ദാമോദരനാശാൻ അദ്ദേഹം താഴെച്ചേർക്കുന്ന കത്തെഴുതി.

വാഴപ്പള്ളി,
൧൧൦൭—൧—൧൦൨.

നായർസർവ്വീസ്സൊസൈററി
പ്രസിഡൻററവർകൾക്ക്.

സർ,

പുതിയ ലോക്കൽമാനേജരെ ചാർജേല്പിക്കുന്നതിന്, എൻെറ ഭരണകാലത്തു പണച്ചുമതല വഹിച്ച മി. നാരായണക്കുറുപ്പിനോടു കണക്കുതീർത്തു ചുമതലകൾ തിട്ടപ്പെടുത്തി ഏല്പിക്കുന്നതിനു ആർഡർ കൊടുത്തു. ഏകദേശം ൧൦൦൦-ത്തിനുമേൽ സംഖ്യ അയാൾ ബോദ്ധ്യപ്പെടുത്തേണ്ടിവരുമെന്നാണു തോന്നുന്നതു്. സൊസൈററിയിൽ ഹാജരാക്കി പാസാക്കീട്ടുള്ളതും ജനറൽമാനേജരുടെ ആഫീസിൽ അതാതു കാലം അയച്ചിട്ടുള്ളതായ കണക്കിൽ പെടാത്തതായ സംഖ്യകളാണു് അതു്. ആ സംഗതി അത്ര രസമില്ലാതായ ജനറൽസിക്രട്ടറിയും ജനറൽമാനേജരുംകൂടി ആലോചിച്ചു് അധികാരത്തെക്കവിഞ്ഞും ന്യായരഹിതമായും ലോക്കൽഭരണം ലോക്കൽമാനേജർ കൈവശപ്പെടുത്തിയിരിക്കുന്നതായി ഇന്നലെ ഒരു പ്രഖ്യാപനം ചെയ്തിരിക്കുന്നു. ചാർജ്ജ് ഞാൻ കൊടുക്കുന്നതിൽ യാതൊരു വൈമനസ്യവും കാണിക്കുകയോ വല്ല പ്രവൃത്തിയും ഇതേവരെ ചെയ്കയോ ചെയ്തിട്ടില്ല.

ജനറൽമാനേജരുടെ പ്രവൃത്തി എന്നെ കൂടുതൽ അപമാനിച്ചിരിക്കുന്നു. അതിനാൽ അവിടുന്നു് ഇക്കാര്യത്തിൽ നേരിട്ടു പ്രവേശിച്ചു സ്കൂൾകണക്കുകൾ തീർപ്പിച്ചു നിയമപ്രകാരം എന്നിൽനിന്നും ചാർജ്ജ് കൊടുപ്പിക്കണമെന്നപേക്ഷ. അല്ലെങ്കിൽ എന്റെ അഭിമാനത്തെ രക്ഷിക്കുന്നതിന് ഇതരനിവൃത്തികളിലേയ്ക്കു് എന്നെ അനുവദിപ്പാറാകണമെന്നപേക്ഷിച്ചുകൊള്ളുന്നു.

എന്നു്, വിധേയൻ
ടി. എസ്സ്. മാധവൻപിള്ള. (ഒപ്പ്)

ഈ വിഷയത്തെപ്പററി വിശദവും പൂർണ്ണവുമായ ഒരന്വേഷണം നടത്തണമെന്ന പല അപേക്ഷകളും ചങ്ങനാശേരിക്ക കിട്ടി. അതുകൊണ്ട് ഇക്കാര്യത്തിലിടപെടാതെ അദ്ദേഹത്തിന്ന നിവൃത്തിയില്ലെന്നായി. സ്ഥലത്തുചെന്ന വേണ്ട പരിശോധനകളും അന്വേഷണങ്ങളും നടത്തി ആവശ്യമുള്ള നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കു് അദ്ദേഹം ഉടൻതന്നെ ചങ്ങനാശേരിക്ക പുറപ്പെട്ടു. പിന്നീടുള്ള സംഭവങ്ങൾ ചങ്ങനാശേരിയുടെ ഡയറിതന്നെ പറയട്ടെ.

൧൦൭൪ കന്നി ൧൪ വ്യാഴാഴ്ച:—കാലത്തു് ഏഴു മണിക്കു് ചങ്ങനാശേരിക്ക തിരിച്ചു. വഴിക്കു് അട്ടൂർ ഇറങ്ങി............ ......വൈകുന്നേരം മൂന്ന മണിക്ക ചങ്ങനാശേരിയിലെത്തി. കാരക്കാട്ടു പരമേശ്വരൻപിള്ളയെക്കണ്ടു. സ്കൂൾസംബന്ധമായ കണക്കുകളെപ്പററി അദ്ദേഹത്തിൻെറ വിവരണം മുഴുവൻ കേട്ടു..................ഞാൻ വന്നിട്ടുണ്ടെന്ന മി. മന്ദത്തിനറിയാമായിരുന്ന എങ്കിലും അദ്ദേഹം പത്രത്തിൻെറ വരിസംഖ്യ പിരിക്കുവാൻ പൊൻകുന്നത്തേയ്ക്കു പൊയ്ക്കളഞ്ഞു. ..............അദ്ദേഹം മി. ടി. എസ്സിനോടു പെരുമാറിയ രീതി അനാശാസ്യമായിരുന്നു.

കന്നി ൧൫ വെള്ളി:—മി. ടി. എസ്സ്. എന്നെ കാണുവാൻ വന്നു. അദ്ദേഹത്തിന്ന പറയുവാനുള്ളതു മുഴുവൻ കേട്ടു. മി. ശിവരാമപ്പണിക്കർ വന്നു. സ്ഥലത്തെ മാനേജുമെൻറു സംബന്ധിച്ച കണക്കുകൾ എല്ലാം ഇന്ന വൈകുന്നേരം എന്റെ പക്കൽ അയയ്ക്കുവാൻ ഞാൻ അദ്ദേഹത്തോടാവശ്യപ്പെട്ടു. നാളെക്കാലത്തു കണക്ക പരിശോധിക്കുവാൻ സഹായത്തിന്ന മി. കുറുപ്പിനെ എന്റെ അടുക്കൽ അയയ്ക്കണമെന്നും പറഞ്ഞു. അതു രണ്ടും ചെയ്യാമെന്നു് ഏററുകൊണ്ടു് അദ്ദേഹം പോയി. ..............സ്കൂൾമാനേജുമെൻറു് ഏറെറടുക്കുമ്പോൾ മി. മന്ദത്തിൻെറ പക്കൽനിന്നും ൧൦൦൦-ത്രുപാ പററിയതായി മി. ടി. എസ്സ്. എഴുതിക്കൊടുത്തിട്ടുള്ള രസീതു ശിവരാമൻനായർ എന്നെക്കാണിച്ചു. ഈ പണം രൊക്കമായി കൊടുത്തതാണെന്ന മി. മന്ദം പറയുന്നു. മി. മന്ദത്തിന്റെ അപേക്ഷപ്രകാരം

ഒപ്പിട്ടുകൊടുത്തതല്ലാതെ പണം പററിയിട്ടില്ലെന്നു മി. ടി. എസ്സ്. പറയുന്നു. മി. മന്ദം അദ്ദേഹത്തിൻെറ വാദം മുറുകെപ്പിടിക്കയാണെങ്കിൽ രേഖാമൂലമായ തെളിവുള്ളതുകൊണ്ടു ഞാനതു സ്വീകരിക്കാമെന്നു മി. ശിവരാമപ്പണിക്കരോടു പറഞ്ഞു. മാസാന്ത്യത്തിലയയ്ക്കുന്ന കണക്കുകളല്ലാതെ വേറെ കണക്കുകളൊന്നുമില്ലെന്നും ആ കണക്കുകൾ മഠത്തിന്റെ ആഫീസിൽ ഒരു പുസ്തകത്തിൽ പകർത്തിവച്ചിട്ടുണ്ടെന്നും മി. പണിക്കർ പറഞ്ഞു. "ഉള്ള കണക്കുകളയയ്ക്കുക. അവ എനിക്കു കാണണം." എന്നു ഞാൻ മി. പണിക്കരോടു പറഞ്ഞു. മി. മന്ദമില്ലാത്തതുകൊണ്ടുകണക്കുകളയയ്ക്കുവാൻ പണിക്കർ മടിക്കയാണെന്നും മി. മന്ദം അടുത്ത ദിവസം വരുന്നതുവരെ ഞാൻ താമസിക്കണമെന്ന് മി. പണിക്കരാവശ്യപ്പെടുന്നു, എന്നും, പപ്പുക്കുറുപ്പ് രാത്രി എന്നോടു പറഞ്ഞു. സമയമുണ്ടെങ്കിൽ അങ്ങിനെ ചെയ്യാമായിരുന്നു. നിർഭാഗ്യവശാൽ സമയമില്ലാത്തതുകൊണ്ടു നാളെക്കാലത്ത് ആഫീസിൽ പോയി കണക്കു പരിശോധിക്കുവാൻ ഞാൻ തീർച്ചയാക്കി.........................

<u>കന്നി ൧൩ ശനി</u>:—കാലത്ത് ൮-മണിക്കു മി. മന്ദത്തിൻെറ ആഫീസ് സന്ദർശിച്ചു. ൧൧-മണിവരെ മി. ടി. എസ്സിൻെറ ലോക്കൽമാനേജ്മെൻറു കണക്കുകൾ പരിശോധിച്ചു. അനന്തരം ഭക്ഷണം കഴിഞ്ഞു വിശ്രമിച്ചു. വൈകുന്നേരം വീണ്ടും ആഫീസിൽ പോയി കണക്കു പരിശോധിച്ചു. പിന്നീടു സായാഹ്നസവാരിക്കു പോയി. മി. മന്ദം തിരിച്ചെത്തി..........................................

<u>കന്നി ൧൪ ഞായർ</u>:—.......................

<u>കന്നി ൧൫ തിങ്കൾ</u>:—കാലത്ത് എട്ടു മണിക്കു വീണ്ടും ആഫീസ് സന്ദർശിച്ചു കണക്കുകൾ തിട്ടപ്പെടുത്തി. ലാഗ്ബുക്കു പരിശോധിച്ചു. മി. വാസുദേവൻപിള്ള എന്നൊരദ്ധ്യാപകനാണു സ്കൂളിലെ കുഴപ്പങ്ങൾക്ക് അടിസ്ഥാനമെന്നു ബോദ്ധ്യമായി. മി. ടി. എസ്സിനെ മാററുവാൻ അദ്ദേഹം തന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കയായിരുന്നു ........................ ........ഈ വഴക്കുകളിൽ ഒരു നിഷ്പക്ഷനില സ്വീകരിക്കേണ്ടു

മി. മന്ദം അദ്ദേഹത്തിന്റെ ഭാഗം പിടിച്ചു. കാരണം അദ്ദേഹം മി. മന്ദത്തിന്റെ ഒരു ബന്ധുവാണ്. കൂടാതെ മി. കുറുപ്പിനെ (മന്ദത്തിന്റെ ജാമാതാവ്) മി. ടി. എസ്. ഭരണച്ചുമതലകളിൽ നിന്നു മാററുകയും ചെയ്തു. മി. കുറുപ്പിന്റെ പണക്കുഴപ്പങ്ങളെപ്പററി മുഴുവനുമില്ലെങ്കിലും കുറെയൊക്കെ മി. മന്ദത്തിനറിയാമായിരുന്നു എന്നുള്ളതിനു സംശയമില്ല. . ഭക്ഷണം കഴിഞ്ഞു വിശ്രമിച്ചു. വീണ്ടും ആഫീസിൽ പോയി കണക്കു പരിശോധിച്ചു.

കന്നി ൧൧ ചൊവ്വാഴ്ച:—സൊസൈററിയുടെ ഭാവിഭരണത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി............ മി. ടി. എസ്. പൂർത്തിയായ കണക്കുകൾ കൊണ്ടുവന്നു. അതനുസരിച്ചു ലോക്കൽമാനേജുമെന്റിൽനിന്ന് (അതായതു മി. കുറുപ്പിൽനിന്നു) സൊസൈററിയിലേയ്ക്കു് ൫൦൦ രൂപാ വരേണ്ടതായിട്ടുണ്ട്. മി. കുറുപ്പു് ഹാജരാക്കിയ കണക്കുകൾ......... ഇപ്പോൾ എഴുതിയുണ്ടാക്കിയവയുമാണ്. ഈ നിലയെപ്പററി എനിക്കു വലിയ ഖേദം തോന്നുന്നു. മി. കൊണ്ടൂർ കൃഷ്ണപിള്ള വന്നിരുന്നു. അദ്ദേഹത്തോടു ലോക്കൽമാനേജർസ്ഥാനം രാജി വയ്ക്കണമെന്നു ഞാൻ പറഞ്ഞു. അങ്ങനെ ചെയ്യാമെന്ന് അദ്ദഹം സമ്മതിച്ചു.........................

കന്നി ൧൨ ബുധൻ:—കാപ്പി കഴിഞ്ഞു വീണ്ടും കണക്കു പരിശോധിക്കുവാൻ പെരുന്നയിൽ പോയി. മി. കുറുപ്പു് ഹാജരാക്കിയ കണക്കുകളിൽ ഗുരുതരമായ പല പൂർവാപരവൈരുദ്ധ്യങ്ങൾ കാണുന്നു. മി. കുറുപ്പിന്റെ സമാധാനം ആവശ്യപ്പെടണമെന്നു തോന്നി. കാലത്തു് അദ്ദേഹം ചേർത്തലയ്ക്കു പൊയ്ക്കഴിഞ്ഞിരുന്നതുകൊണ്ടു കാണാൻ പററിയില്ല............... ......എന്തോ അത്യാവശ്യകാര്യമായിപ്പോയതാണെന്നും, നാളെത്തിരിച്ചുവരുമെന്നും കുറുപ്പു് ഒരു കത്തു കൊടുത്തയച്ചിട്ടുണ്ട്. അതുകൊണ്ടു ഞാൻ മന്ദത്തിനാളയച്ചു. അദ്ദേഹം വലിയ ക്ഷോഭം പ്രദർശിപ്പിക്കുന്ന മുഖഭാവത്തോടുകൂടിയാണു വന്നതു്. ഞാൻ ചില ചോദ്യങ്ങൾ ചോദിച്ചപ്പോൾ നിന്ദാസ്വരത്തിലാണു മറുപടി പറഞ്ഞതു്. ഞാൻ കണക്കു പരിശോധ

ച്ചതു പുറത്തു വലിയ തെററിദ്ധാരണകൾക്കും കിംവദന്തികൾക്കുമിടകൊടുത്തിട്ടുണ്ടെന്നദ്ദേഹം പരാതി പറഞ്ഞു. കണക്കുകൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുള്ളപ്പോൾ പരിശോധിക്കേണ്ടതായിരുന്നു എന്നും, അദ്ദേഹത്തിന്റെ അഭാവത്തിൽ അവ പരിശോധിച്ചതു ശരിയായില്ലെന്നും, ഞാൻ കൊണ്ടൂർ കൃഷ്ണപിള്ളയോടു സംസാരിച്ച രീതിയിൽ സംസാരിക്കുവാൻ പാടില്ലായിരുന്നു എന്നും, കാൎയ്യങ്ങളെല്ലാം മി. മന്ദം മുഖാന്തിരം നടത്തുകയെന്നുള്ള പഴയ നടപടിക്കു വിരുദ്ധമാണെന്നും മി. മന്ദം പറഞ്ഞു. കൂടാതെ അദ്ദേഹത്തിന്റെ എതൃകക്ഷികൾ എന്നെ വളഞ്ഞിരിക്കയാണെന്നും, അതുകൊണ്ട് എന്നോടദ്ദേഹത്തിന് ഒന്നും പറയുവാൻ നിവൃത്തിയില്ലാതെയായിരിക്കുന്നു എന്നും മി. മന്ദം പറഞ്ഞു. ഞാൻ നേരത്തേ ശിവരാമപ്പണിക്കരെ അറിയിച്ചിരുന്ന നിശ്ചയമനുസരിച്ചാണു കണക്കുകൾ പരിശോധിച്ചതെന്നും, അങ്ങിനെ ചെയ്തതിൽ തെറ്റൊന്നുമില്ലെന്നും, ലോക്കൽമാനേജരുടേയും, അദ്ദേഹത്തിന്റെ ഏജന്റിന്റേയും കണക്കുകൾ പരിശോധിച്ചതിനുശേഷം എന്തെങ്കിലും മി. മന്ദത്തിനോട് ആലോചിക്കുവാനുണ്ടെങ്കിൽ അങ്ങിനെ ചെയ്യുകയെന്നുള്ളതായിരുന്നു എന്റെ നിശ്ചയമെന്നും ഞാൻ മന്ദത്തിനോടു പറഞ്ഞു.........................
പിന്നീടു ഞങ്ങൾ രണ്ടുപേരുംകൂടി കണക്കു പരിശോധിച്ചു. കണക്കിൽ വീഴ്ചകൾ ഉണ്ടെന്നു മി. മന്ദം സമ്മതിക്കേണ്ടിവന്നു. ഈ വീഴ്ചകൾക്കു സമാധാനം പറയുവാൻ മി. കുറപ്പിനേ കഴിയുമായിരുന്നുള്ളു. അതുകൊണ്ടു് അടുത്ത പ്രഭാതത്തിൽ മി. കുറപ്പിന്റെ ആഗമനം പ്രതീക്ഷിച്ചു ബാക്കി ജോലി പിറേറദിവസം ഒരു മണിക്കാകട്ടെ എന്നു നിശ്ചയിച്ചു...............
..................................കാലത്തു കയ്മൾ വന്നു ഞാൻ ബാങ്കുകാൎയ്യത്തിൽകൂടി ഇടപെടണമെന്നപേക്ഷിച്ചു.

<u>കന്നി ൨൧ വ്യാഴാഴ്ച</u>:—കാലത്ത് ൯-മണിക്കു ബാങ്കിൽ പോയി കണക്കു പരിശോധിച്ചു. എല്ലാം വലിയ കുഴപ്പം തന്നെ..............................

കന്നി ൨൨:—മുൻ നിശ്ചയമനുസരിച്ചു കാലത്തു് എട്ടു മണിക്കു മെ. നാരായണക്കുറുപ്പും ശിവരാമപ്പണിക്കരും വന്നു ചേൎന്നു. മി. കുറുപ്പു് ഹാജരാക്കിയിരുന്ന കണക്കിലെ അവസാന നീക്കിയിരിപ്പു തുക തെറ്റാണെന്നും, ശരിയായ തുക ൫൦൦ ഉറുപ്പികയാണെന്നും അദ്ദേഹം സമ്മതിച്ചു. അതിനുശേഷം അദ്ദേഹത്തോടു പൊയ്ക്കൊള്ളുവാൻ പറഞ്ഞു. പിന്നീടു മി. ശിവരാമപ്പണിക്കരോടു് എന്റെ നിൎദ്ദേശങ്ങൾ എഴുതുവാൻ ഞാൻ ആവശ്യപ്പെട്ടു. തലക്കെട്ടു പകുതി എഴുതിക്കഴിഞ്ഞപ്പോൾ അദ്ദേഹം എഴുത്തു നിൎത്തി എന്തോ ചിലതു പറയുവാൻ അനുമതി വേണമെന്നാവശ്യപ്പെട്ടു. ഞാൻ അനുവദിച്ചു. ഞാൻ എന്റെ നിൎദ്ദേശങ്ങൾ രേഖപ്പെടുത്തിയാൽ അതവസാനതീരുമാനമായിരിക്കുമെന്നും, അതു മി. മന്ദത്തിന്റെ നില വലിയ ദുൎഘടത്തിലാക്കുമെന്നും.........................................................

മററും അദ്ദേഹം പറഞ്ഞു............മി. മന്ദത്തിന്റെ അപ്പോഴത്തെ മനഃസ്ഥിതി അനുവദിക്കുമെങ്കിൽ ഈ വിഷയത്തെക്കുറിച്ചു് അദ്ദേഹവുമായി ഒരു ദീൎഘസംഭാഷണം നടത്തണമെന്നു ഞാനാഗ്രഹിച്ചു..............മി. പണിക്കർ കൂടിക്കാഴ്ചയ്ക്കു വേണ്ട ഏൎപ്പാടുകൾ ചെയ്യാമെന്നേററു....................

.........ഞാനും മി. മന്ദവും ഹൃദയം തുറന്നു് ഒരു സംഭാഷണം നടത്തി. മി. മന്ദത്തിന്റെ ജാമാതാവിനോടു ഞാൻ അനുഭാവപൂൎവം പെരുമാറിയില്ലെന്നുള്ളതാണു മി. മന്ദത്തിന്റെ വലിയ പരാതി. ആദ്യം ഞാൻ അദ്ദേഹത്തോടു ദയാപൂൎവ്വമാണു പെരുമാറിയതെന്നും, എന്നാൽ ഞാൻ നിഷ്പക്ഷമായിട്ടല്ല പെരുമാറുന്നതെന്നും ഒരു പരസ്യമായ അന്വേഷണം ആവശ്യമാണെന്നും മി. മന്ദം സൂചിപ്പിച്ചതിനുശേഷം ആരോടും അനുഭാവം കാണിക്കുവാൻ എനിക്കു കടപ്പാടുണ്ടായിരുന്നില്ലെന്നും ഞാൻ മി. മന്ദത്തിനോടു പറഞ്ഞു. ഹൃദയം തുറന്നു സംസാരിക്കുകയും അതിനിടയ്ക്കു ഞങ്ങൾ രണ്ടുപേരും കണ്ണീരൊഴുക്കുകയും ചെയ്തതിനുശേഷം കാൎയ്യങ്ങൾ പറഞ്ഞുതീൎത്തു.......

അനന്തരം മി. ടി. എസ്സും മി. മന്ദവും ലോക്യമായും സമാധാനമായും കഴിയണമെന്നു് എനിക്കാഗ്രഹമുണ്ടായിരുന്നതുകൊണ്ടു്

അതിലേയ്ക്കു ഞാൻ മി. ടി. എസ്സിനാളയച്ചുവരുത്തി. മി. ടി. എസ്. വീണ്ടും വളരെ മുറുക്കമായിട്ടുതന്നെയാണു പെരുമാറിയതു്. അതുകൊണ്ടു തൽക്കാലം ഞാൻ ആ ശ്രമം നിത്തിവച്ചു. അടുത്തദിവസം കാലത്തു ശരിപ്പെടുത്താമെന്നു് എനിക്കു നിശ്ചയമുണ്ടായിരുന്നു. . . . . . . . . . . . . . (പിന്നീടു ഡയറിയിൽ ചങ്ങനാശേരി അന്വേഷണങ്ങളുടെ ഫലമായി കണ്ടെത്തിയ വിവരങ്ങൾ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു. അതു് ഇവിടെ ചേക്കുന്നില്ല.)

എൻ. എസ്സ്. എസ്സ്. ബാങ്കിന്റെ നിലയും തുലോം അനഭിലഷണീയമായിരുന്നു. സൊസൈററിയിൽ പുതുതായി അംഗങ്ങളെ ചേൎത്തുകൊണ്ടു് അവരുടെ ഫീസുവകയിൽ ഈടാകുവാനുള്ള പണത്തിനു് അവരെക്കൊണ്ടു ബാങ്കിലേയ്ക്കു പ്രോനോട്ടു് എഴുതിക്കൊടുപ്പിച്ചു് ആ തുക ബാങ്കിൽനിന്നു ജനറൽ സിക്രട്ടറി സൊസൈററിക്കു വേണ്ടി രൊക്കം പററുന്ന ഒരു ദുഷിച്ച സമ്പ്രദായം പൊതുവേ അംഗീകരിച്ചുവന്നിരുന്നു.

ക്രമരഹിതമായ ഈ നടപടികളവസാനിപ്പിച്ചു, സൊസൈററിയുടെ ഭരണം സംശയാതീതമായ നിലയിൽ ഉന്നമിപ്പിച്ചു സുദൃഢമാക്കേണ്ട ആവശ്യം ചങ്ങനാശേരിക്കു പൂൎവ്വാധികം ബോധ്യപ്പെട്ടു. തന്റെ പരിശോധനയുടെ ഫലം ഒരു റിപ്പോർട്ടായി സൊസൈററികൌൺസിലിൽ സമൎപ്പിക്കുവാനാണു് അദ്ദേഹം ആദ്യം നിശ്ചയിച്ചതു്. ഈ നിശ്ചയത്തെ ചങ്ങനാശേരി മി. കട്ടിയാട്ടു ശിവരാമപ്പണിക്കരെ അറിയിച്ചു. വിവരങ്ങൾ മി. മന്ദത്തു പത്മനാഭപിള്ളയും അറിഞ്ഞിരുന്നു. മി. മന്ദം പരിഭ്രാന്തചിത്തനായി. ചങ്ങനാശേരിയുടെ നിഷ്പക്ഷവും നിൎദ്ദാക്ഷിണ്യവുമായ റിപ്പോൎട്ടു മി. മന്ദത്തിന്റെ ശത്രുക്കൾ അദ്ദേഹത്തിനെതിരായി ശക്തിയേറിയ ഒരായുധമായി പ്രയോഗിക്കുമെന്നുള്ളതു തീൎച്ചയാണു്. ദീൎഘകാലത്തെ സമുദായസേവനത്തിനും കഷ്ടപ്പാടുകൾക്കും തന്റെ ക്രമരഹിതമായ നടപടികൾമൂലം ലഭിക്കുവാൻ പോകുന്ന പ്രതിഫലമോൎത്തു് അദ്ദേഹം നടുങ്ങി. പൊതുജനദൃഷ്ടിയിൽ തന്നെ ആക്ഷേപപാത്രനാക്കിത്തീക്കുന്ന ഈ അന്വേഷണഫലം അദ്ദേഹത്തെ നിരാശാകുല

നാക്കി. ചങ്ങനാശേരിയുടെ അന്വേഷണഫലം സൊസൈറ്റിയുടെ കൌൺസിലിൽ സമപ്പിച്ചു പരസ്യമാക്കുന്നതു് ആ സ്ഥാപനത്തിൻെറ ബഹുമതിക്കും അന്തസ്സിനുമെന്നു വേണ്ട നിലനില്പിനുതന്നെ ഹാനികരമായിരിക്കുമെന്നും, മി. മന്ദം കഴിഞ്ഞുപോയ കാൎയ്യങ്ങളെക്കുറിച്ചു് ഉള്ളഴിഞ്ഞു പശ്ചാത്തപിക്കുന്നുണ്ടെന്നും, ശ്രദ്ധക്കുറവുകൊണ്ടു വന്ന ക്രമക്കേടുകൾ പ്രസിദ്ധം ചെയ്തു് അദ്ദേഹത്തെ അപമാനിക്കുന്നതു ജനറൽസിക്രട്ടറിക്കു തീരാത്ത ദുഃഖകാരണമായിത്തീരുമെന്നും, മി. ശിവരാമപ്പണിക്കർ ചങ്ങനാശേരിയെ അറിയിച്ചു. ചങ്ങനാശേരിയുടെ നിർദ്ദേശാനുസരണം ഭാവിയിൽ ഭരണകാൎയ്യങ്ങൾ നിൎവ്വഹിച്ചുകൊള്ളാമെന്നു മി. മന്ദം സമ്മതിച്ചിട്ടുള്ളതായും മി. ശിവരാമപ്പണിക്കർ ചങ്ങനാശേരിക്കറിവു നൾകി. മി. പണിക്കരുടെ അഭിപ്രായത്തെ ആദരിച്ചും, അന്നു വൈകുന്നേരം മി. മന്ദം നേരിട്ടു ചെയ്ത പശ്ചാത്താപപ്രകടനത്തെ വിശ്വസിച്ചും, ഒരു പഴയ സഹപ്രവൎത്തകനോടുള്ള മൈത്രീബന്ധത്തെ പരിഗണിച്ചും, ചങ്ങനാശേരി റിപ്പോർട്ടു കൌൺസിലിനു സമപ്പിക്കയുണ്ടായില്ല. എന്നാൽ സൊസൈററിയുടെ ഭാവിനടത്തിപ്പിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം താഴെച്ചേൎക്കുന്ന നിർദ്ദേശങ്ങൾ മി. മന്ദത്തിനു രേഖാമൂലം നൾകുകയും, അവ അക്ഷരംപ്രതി അനുഷ്ഠിച്ചുകൊള്ളാമെന്നു മി. മന്ദം ഉറപ്പു പറയുകയും ചെയ്തു.

## നിർദ്ദേശങ്ങൾ.

൧. പെരുന്നസ്കൂളിലെ കുഴപ്പത്തിനെല്ലാം ഹേതുഭൂതനായ മി. വാസുദേവൻപിള്ളയെ താക്കീതു നൾകി അവിടെനിന്നും കരുവാററായ്ക്കു സ്ഥലം മാററണം.

൨. പെരുന്നസ്വദേശികളായ യുവാക്കന്മാരെ അവിടത്തെ സ്കൂളിൽ നിയമിക്കുമ്പോഴെല്ലാം അദ്ധ്യാപകന്മാരുടെ ഇടയിൽ കക്ഷിപ്പിണക്കവും വഴക്കുമുണ്ടായിട്ടുള്ളതുകൊണ്ടു മേലിൽ പെരുന്നദേശികളായ യുവാക്കന്മാരെ അവിടെ നിയമിക്കരുതു്. അവരെ മററു സ്ഥലങ്ങളിൽ നിയമിക്കുന്നതിനു യാതൊരു വിരോധവുമില്ല.

൩. മി. മന്ദത്തിന്റെ ജാമാതാവായ മി. നാരായണക്കുറുപ്പിനെ പണമിടപെട്ട ചുമതലയുള്ള യാതൊരു ജോലിയിലും നിയമിക്കരുതു്. മേലാൽ മര്യാദയായി നടന്നുകൊള്ളാമെന്നു സമ്മതിക്കുന്നപക്ഷം അയാളെ പെരുന്നയിൽത്തന്നെ തുടരുവാൻ അനുവദിക്കുന്നതിൽ വിരോധമില്ല.

൪. ഇയ്യിടയ്ക്കു പെരുന്നസ്കൂളിലേയ്ക്കു സ്ഥലം മാറ്റപ്പെട്ടയാളും, അവിടത്തെ വഴക്കിനുള്ള കാരണക്കാരിൽ ഒരുവനും, ഹെഡ്മാസ്റ്ററെ പരസ്യമായി അപമാനിച്ചതിലേയ്ക്കുത്തരവാദിയും ആയ മി. ഉണ്ണിത്താനെ മൂന്നു മാസത്തേയ്ക്കു സസ്പെൻറു ചെയ്യുകയും, അയാൾ ഉടൻതന്നെ ഹെഡ്മാസ്റ്ററോടു നിരുപാധികമായി ക്ഷമായാചനം ചെയ്കയും വേണം.

൫. പെരുന്നസ്കൂളിൽ അനാവശ്യമായി പ്രവേശിക്കയും ഹെഡ്മാസ്റ്ററെ അപമാനിക്കയും ചെയ്ത മി. പൊതുവാടത്തു പത്മനാഭപിള്ള മുതൽപേർ മേലാൽ ഹെഡ്മാസ്റ്ററുടെ അനുമതികൂടാതെ സ്കൂൾവളപ്പിൽ പ്രവേശിക്കുവാൻ പാടില്ലെന്നു വിരോധിക്കണം.

൬. (ജനറൽമാനേജർ) മി. ശിവരാമപ്പണിക്കരുടെ ആഫീസ് ചങ്ങനാശേരിയിൽത്തന്നെ തുടരുകയാണെങ്കിൽ അദ്ദേഹത്തിനു് ഈ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ സാദ്ധ്യമല്ലെന്നു് എനിക്കു ബോദ്ധ്യമായതിനാൽ തല്ക്കാലത്തേയ്ക്കു് അദ്ദേഹത്തിൻെറ ആഫീസ് പ്രാക്കുളത്തേയ്ക്കു മാററണം.

൭. ചങ്ങനാശേരിയോടാലോചിക്കാതെ ബാങ്ക്മാനേജരേയൊ, ഹെഡ്മാസ്റ്ററേയൊ ശിക്ഷിക്കുകയോ അവരെ പിരിച്ചുവിടുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

൮. മി. മന്ദത്തിൻെറ ആഫീസും കറുകച്ചാലിലേയ്ക്കു മാററുന്നതു നന്നായിരിക്കും. എന്നാൽ അക്കാര്യത്തിൽ നിർബന്ധമില്ല.

൯. ഇക്കൊല്ലത്തിൽ ചങ്ങനാശേരിയിൽ ഇനി ലോക്കൽ മാനേജരാവശ്യമില്ല. മി. കൊണ്ടൂർ കൃഷ്ണപിള്ളയോടു ലോക്കൽ മാനേജർസ്ഥാനം രാജി കൊടുക്കുവാൻ ആവശ്യപ്പെടുകയും

അദ്ദേഹം അതു സമ്മതിക്കയും ചെയ്തിട്ടുണ്ടു്. പകരം ആരേയും നിയമിക്കേണ്ട ആവശ്യമില്ല.

൧൦. ഹെഡ്മാസ്റ്റർതന്നെ ജനറൽമാനേജരുടെ കീഴിൽ സ്കൂൾ മാനേജ്മെൻറ നടത്തിയാൽ മതി.

൧൧. ഫീസുപിരിവും മററിനങ്ങളിലുള്ള വരവുകളും അന്നോടന്നു ബാങ്കിൽ നിക്ഷേപിക്കേണ്ടതും, അപ്രകാരമല്ലാതെ ഹെഡ്മാസ്റ്ററോ ലോക്കൽമാനേജരോ ആ വക പണങ്ങൾ ൨൪ മണിക്കൂറിൽ കൂടുതൽ കൈവശംവച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അതപഹരണമായി ഗണിച്ചു മുറയ്ക്കു നടപടി നടത്തേണ്ടതുമാണു്.

൧൨. എല്ലാ ചിലവുകളും ബാങ്കുമുഖാന്തിരം ചെക്കുകളായും ഡ്രാഫ്ററുകളായും ചെയ്യേണ്ടതാകുന്നു. ഏതെങ്കിലുമദ്ധ്യാപകനു ചെറിയ അഡ്വാൻസ് ആവശ്യമുണ്ടെങ്കിൽ അതിലേയ്ക്കായി അയാൾ ബാങ്കിൽ ഒരു അക്കൌണ്ടു വയ്ക്കേണ്ടതും അയാളുടെ ശമ്പളബില്ലിൻെറ ജാമ്യത്തിന്മേൽ അപ്രകാരം അഡ്വാൻസുകൾ നൾകാവുന്നതുമാകുന്നു. അപ്രകാരം അഡ്വാൻസ് ചെയ്യുന്ന തുക അയാളുടെ ശമ്പളത്തിന്റെ പകുതിയിൽ ഒരിക്കലും കവിയാൻ പാടില്ലാത്തതാകുന്നു.

൧൩. ലോക്കൽമാനേജ്മെൻറ് നാൾവഴി ഉൾപ്പെടെ ശരിയായ കണക്കുകൾ സൂക്ഷിക്കേണ്ടതാകുന്നു.

൧൪. ബാങ്കിൽനിന്നും സ്വർണ്ണം പണയത്തിന്മേലല്ലാതെ ആക്കും പണം കടം കൊടുക്കുവാൻ പാടില്ല.

൧൫. മി. മന്ദം മെമ്പറന്മാരെ ചേർത്ത വകയിൽ അവരുടെ പ്രോനോട്ടുംപടി ൭൦൦൦ രൂപാ ബാങ്കിൽനിന്നു പററിയതായിക്കാണുന്നു. ഇതു് ഒട്ടും ശരിയല്ല. ഈ പണം നടപടി കൂടാതെ ഈടാക്കാൻ സാധിക്കുകയില്ല. മെമ്പറന്മാരുടെ മേൽ നിർബന്ധനടപടി നടത്തുന്നതുകൊണ്ടു വലിയ കുഴപ്പങ്ങൾക്കിടയാകും. അതുകൊണ്ടു് ഈ പതിവു നിശ്ശേഷം നിർത്തുകയും മേലാൽ ഫീസുവകയിലുള്ള പണം ഒരൊക്കം വന്നാലല്ലാതെ അംഗങ്ങളെ ചേർക്കാൻ പാടില്ലാത്തതുമാകുന്നു.

൧൭. മേൽ പ്രസ്താവിച്ച തരത്തിൽ പ്രോനോട്ട് എഴുതി കൊടുത്തിട്ടുള്ള അംഗങ്ങൾക്കെല്ലാം മൂന്നു മാസത്തിനകം പണ മടച്ചുതീർക്കേണ്ടതാണെന്നു നോട്ടീസയക്കുകയും അപ്രകാരം അവർ ചെയ്യാത്തപക്ഷം കേസുകൾ ഫയലാക്കുകയും മി. മന്നം അവരുടെ പക്കൽനിന്നു പണമീടാക്കുവാൻ പ്രത്യേക യത്നം ചെയ്യുകയും വേണം.

൧൮. ബാങ്കുകെട്ടിടത്തിൽ വേണ്ടത്ര സ്ഥലമില്ല. ബാങ്കിൽ കൌണ്ടർ ഉണ്ടായിരുന്നു എങ്കിൽ ഇയ്യിടെ ഉണ്ടായതുപോലെ ക്ലാക്കിനെ ആരും അടികലശൽ ചെയ്യുവാൻ ഇടയാവുകയില്ലായിരുന്നു. അതിനാൽ ബാങ്ക് ഇപ്പോഴുള്ള കെട്ടിടത്തിൽനിന്നു കവലയ്ക്കലുള്ള ഏതെങ്കിലും കെട്ടിടത്തിലേയ്ക്കു് ഉടൻ മാററുകയും കൌണ്ടർ ഉണ്ടാക്കുകയും വേണം.

സദുദ്ദേശത്തോടുകൂടിയും സൊസൈററിയുടെ ഉന്നതിയെ ലാക്കാക്കിയുമാണു ചങ്ങനാശേരി ഈ നിർദ്ദേശങ്ങൾ നൽകിയതു്. സൊസൈററിക്കു വേണ്ടി ജീവിതമുഴിഞ്ഞുവച്ചു് അതിൻെറ നിലനില്പിനുവേണ്ടി പല നല്ല കാര്യങ്ങളും പ്രവർത്തിക്കുകയും, അക്ഷീണമായി പരിശ്രമിക്കയും, ചെയ്തിരുന്ന മി. മന്നത്തു പത്മനാഭപിള്ളക്കാക്ഷേപകരമായി എന്തെങ്കിലും ചെയ്യണമെന്നു ചങ്ങനാശേരി സ്വപ്നത്തിൽപോലും വിചാരിച്ചില്ല. സൊസൈററിയുടെ താല്പര്യങ്ങൾ സംരക്ഷിക്കണമെന്നുള്ളതിൽ കവിഞ്ഞു വ്യക്തിപരമായ യാതൊരു വിദ്വേഷബുദ്ധിക്കും ഈ നിർദ്ദേശങ്ങൾ നൽകുമ്പോൾ അദ്ദേഹത്തിൻെറ ഹൃദയത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. സൊസൈററിയോടു ബന്ധപ്പെട്ട നാൾ മുതൽ തൻെറ വലംകയ്യായി നിന്നു പ്രവർത്തിക്കയും, ഒരു സഹപ്രവർത്തകനുണ്ടായിരിക്കേണ്ട പല മഹനീയഗുണങ്ങളും ഓരോ ഘട്ടങ്ങളിൽ പ്രത്യക്ഷമാക്കുകയും ചെയ്തിട്ടുള്ള മി. മന്നത്തിനോടു ചങ്ങനാശേരിക്കു 'സഹോദരനിർവ്വിശേഷമായ സ്നേഹമാണുണ്ടായിരുന്നതു്. ചങ്ങനാശേരിയുടെ നിർദ്ദേശങ്ങൾ ഒട്ടുമുക്കാലും അക്കാലത്തുതന്നെ നടപ്പിൽ വരുത്തുകയുംചെയ്തു. മി. ടി. എസ്. മാധവൻപിള്ള അക്കാലത്തു് എഴുതിയ മറ്റൊരു കത്തു് ഇതിലേയ്ക്കു പൂർണ്ണമായ തെളിവു നൽകുന്നുണ്ടു്.

വാഴപ്പള്ളി,
൧൦—൩—൧൦൮.

"വലിയ കൊടുങ്കാററും ഇടിയുമുണ്ടാകാൻ ഭാവിച്ചു. എ ങ്കിലും എങ്ങിനേയോ കാററു മാറിക്കാണുന്നു. അവിടത്തെ നിർദ്ദേശാനുസരണം നടക്കയും ഭാവിക്കയും ചെയ്യുവരുന്നു."

ടി. എസ് മാധവൻപിള്ള (ഒപ്പ്)

അന്വേഷണംകഴിഞ്ഞു നിർദ്ദേശങ്ങൾ നൽകിയതിനു ശേഷം ഏററവും സൌഹാർദ്ദതയോടുകൂടിയാണു ചങ്ങനാശേരിയും മി. മന്ദവും തമ്മിൽ പിരിഞ്ഞത്. എങ്കിലും ആ സൌഹാർദ്ദതയുടെ ദാർഢ്യം കഴിഞ്ഞ സംഭവങ്ങൾ ശിഥിലപ്പെടുത്തിയിരുന്നു. ചങ്ങനാശേരിയുടെ നിർദ്ദേശങ്ങളേയും, പൊതുക്കാര്യങ്ങളെ സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ നിർദ്ദാക്ഷിണ്യമായ പെരുമാററങ്ങളേയും, മി. മന്ദം തെററിദ്ധരിക്കയാണു ചെയ്തത്. ഇവർ രണ്ടുപേരും തമ്മിലുള്ള മാനസികമായ അകൽച്ച അനുദിനമെന്നവണ്ണം വർദ്ധിച്ചുവന്നു. വ്യക്തിപരമായ ബന്ധങ്ങൾമറന്നുള്ള ചങ്ങനാശേരിയുടെ ദാക്ഷിണ്യരഹിതമായ നീതിനിഷ്ഠ അക്ഷന്തവ്യമായ ഒരപരാധമായിട്ടാണു മി. മന്ദം കരുതിയത്. മി. മന്ദത്തിൻെറ തെറ്റിദ്ധാരണകളെപ്പററി ചങ്ങനാശേരി കുണ്ഠിതപ്പെടാതിരുന്നില്ല. എങ്കിലും കർത്തവ്യനിഷ്ഠയിൽ നിന്നു വ്യതിചലിക്കുവാൻ നൈസർഗ്ഗികമായ നീതിബോധം അദ്ദേഹത്തെ അനുവദിച്ചതുമില്ല. തെററിദ്ധാരണകളും അസുഖങ്ങളും വർദ്ധിച്ചു വർദ്ധിച്ചു ചങ്ങനാശേരിക്കും മി. മന്ദത്തിനും ഒരേ സമയത്ത് ഒരുസ്ഥാപനത്തിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുവാൻ സാധ്യമല്ലെന്നുള്ള നില വന്നുകൂടി. ചങ്ങനാശേരിയുടെ വീക്ഷണഗതിയിൽ വിപ്ലവപരമായ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരുന്ന ഒരു കാലമായിരുന്നു ഇത്. സഹ്യാദ്രിക്കപ്പുറത്ത് അടിക്കടിനടന്നുകൊണ്ടിരുന്ന സംഭവങ്ങൾ അദ്ദേഹത്തിന്റെ ദേശീയബോധത്തെ അഭൂതപൂർവമാംവണ്ണം തട്ടിയുണർത്തിയിരുന്നു. ഒരു സാമുദായികസ്ഥാപനത്തിൻെറ അദ്ധ്യക്ഷനെന്നനിലയിൽ ഉദ്യോഗം സ്വീകരിച്ച ചങ്ങനാശേരി

വർഗ്ഗീയസ്ഥാപനങ്ങളുടെ പരിമിതികളേയും അനാശാസ്യസ്വഭാ വത്തേയുംപററി ചിന്തിച്ചു ചിന്തിച്ച് ഒരു തികഞ്ഞ ദേശീയ വാദിയായിട്ടാണു സക്കാർജീവനത്തിൽനിന്നും പിരിഞ്ഞു പൊ തുക്കാര്യങ്ങളിലേയ്ക്കു വീണ്ടും തിരിച്ചുവന്നത്. ഇത് അനന്തര സംഭവങ്ങൾ തെളിയിക്കുന്നതാണ്. ഏതായാലും തന്റെ നിർദ്ദേ ശങ്ങളനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ സൊസൈറ്റി യുടെ ഭരണം സംബന്ധിച്ചു വൻപിച്ച കുഴപ്പങ്ങളൊന്നും അടു ത്ത ഭാവിയിൽ സംഭവിക്കുന്നതല്ലെന്നു ബോദ്ധ്യമുണ്ടായിരുന്നതു കൊണ്ടും മി മന്നത്തിനോടു മത്സരിക്കുവാൻ താല്പര്യമില്ലാതിരു ന്നതുകൊണ്ടും, ചങ്ങനാശേരി ആ സ്ഥാപനത്തിൻെറ സജീവ മായ നേതൃത്വത്തിൽനിന്നു പിൻവാങ്ങുവാൻ നിശ്ചയിച്ചു. സൊസൈററിയേപ്പോലുള്ള ഒരു പ്രവർത്തനരംഗം മി. മന്നത്തി നേപ്പോലുള്ള ഒരു സമുദായപ്രവർത്തകന് എത്ര വളരെ മേന്മ ചേക്കുന്ന ഒന്നാണെങ്കിലും വിദ്യാസമ്പന്നനും ദേശീയചിന്ത കനും രാജ്യാഭിമാനിയുമായ തനിക്ക് അതുയോജിച്ചതല്ലെന്ന് അദ്ദേഹത്തിനു തോന്നി. സൊസൈററിയുടെ പ്രവർത്തനങ്ങൾ നിർബാധമായി തുടൻുപൊയ്ക്കൊള്ളുവാൻ മി. മന്നത്തിനെ അനുവദിച്ചിട്ടു ചങ്ങനാശേരി പിന്നണിയിലേയ്ക്കു വലിഞ്ഞു. അടുത്ത പ്രാവശ്യം സൊസൈററിയുടെ അദ്ധ്യക്ഷ സ്ഥാന ത്തേയ്ക്കു സ്ഥാനാത്ഥിയായി നില്ക്കണമെന്നു ചിലർ അദ്ദേഹ ത്തോടപേക്ഷിച്ചപ്പോൾ ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെ ടുമെങ്കിലല്ലാതെ ആ സ്ഥാനം സ്വീകരിക്കുവാൻ താൻ അഭില ഷിക്കുന്നില്ലെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. മി. മന്ന വും അനുയായികളും എതിരുള്ളപ്പോൾ ഐകകണ്ഠ്യേനയുള്ള തിരഞ്ഞെടുപ്പ് അസാദ്ധ്യമായിരിക്കുമെന്നദ്ദേഹത്തിനറിയാമാ യിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ സർവ്വീസ് സൊസൈറ്റി യുടെ അദ്ധ്യക്ഷപദം കാമ്യമായിത്തോന്നിയിരുന്ന കാലഘട്ടവും കഴിഞ്ഞുപോയിരുന്നു. നായർസർവ്വീസ്സൊസൈററിയുടെ പ്രവർത്തനങ്ങളിൽ നിന്നു പിന്മാറിയതോടുകൂടി ചങ്ങനാശേരി വർഗ്ഗീയരംഗത്തുനിന്ന് എന്നേയ്ക്കുമായി അന്തർദ്ധാനം ചെയ്തു. എന്നാൽ ചങ്ങനാശേരി മറെറാരു നായർസമ്മേളനത്തിന്റെ അദ്ധ്യക്ഷപീഠത്തിൽ ഒരിക്കൽക്കൂടി പ്രത്യക്ഷപ്പെടുകയുണ്ടായി

എന്ന കാൎയ്യം ഇവിടെ വിസ്മരിച്ചിട്ടില്ല. അന്നുവരെ സൎവ്വീസ് സൊസൈററിയുടെ ശീഘ്രമായ വളൎച്ചയ്ക്കും പുരോഗതിക്കും മറേറതൊരാളെക്കാളും ആത്മാൎത്ഥമായി പരിശ്രമിക്കയും ക്ലേശിക്കയും ചെയ്തുകൊണ്ടിരുന്ന ചങ്ങനാശേരി ദേശീയത്വമാകുന്ന വിപുലവും ശ്രേഷ്ഠവുമായ ഒരുപരിതലത്തിലേയ്ക്കുയൎന്നുകൊണ്ടിരിക്കുമ്പോൾ, നിരവധി വൎഷങ്ങളിലെ പ്രയത്നഫലമായി ആൎജ്ജിച്ചുകൂട്ടിയ സ്ഥാപിതസമ്പത്തുകളേയും വ്യക്തിപരവുമല്ലാത്തവയുമായ താല്പൎയ്യങ്ങളേയും സംരക്ഷിക്കുവാൻ വേണ്ടി ആ സ്ഥാപനം ആയാസപ്പെട്ടുകൊണ്ടിരിക്കയായിരുന്നു. പഴയ പരിസരങ്ങൾ വിട്ടു മുന്നോട്ടു നീങ്ങുവാനതിനു സാദ്ധ്യമായിരുന്നില്ല.

# അദ്ധ്യായം ൩൨

ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ഭരണഭാരം കയ്യേററ വേളയിൽ തിരുവിതാംകൂറിലെ ബഹു ജനങ്ങളോടായി ചെയ്ത പ്രസംഗമദ്ധ്യേ അതിപ്രധാനങ്ങളായ രണ്ടു സംഗതികളെപ്പററി പ്രത്യേകിച്ചു സൂചിപ്പിക്കുകയു ണ്ടായി. ഇവയിലൊന്നു ശ്രീമൂലംപ്രജാസഭയെ നിയമപരമായ അധിഷ്ഠാനത്തിൽ ഉറപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നു ള്ള വാഗ്ദാനവും, രണ്ടാമത്തേതു സർ. സി. പി. രാമസ്വാമി അയ്യരെ തിരുമനസ്സിലെ നിയമോപദേഷ്ടാവായി നിയമി ച്ചിരിക്കുന്നു എന്നുള്ള പ്രഖ്യാപനവുമായിരുന്നു. അസംബ്ളി പരിഷ്കാരം സംബന്ധിച്ചുള്ള തിരുമനസ്സിലെ വാഗ്ദാനത്തെ പ്പററി പല പ്രത്യാശകളും ജനതാമദ്ധ്യത്തിലങ്കുരിച്ചു. ജന കീയാവകാശങ്ങൾ വിപുലപ്പെടുത്തുവാനുള്ള തിരുമനസ്സിലെ സംരംഭത്തെ പ്രജാലക്ഷങ്ങൾ ഹാർദ്ദമായി അഭിനന്ദിച്ചു. ഭരണപരിഷ്കാരത്തെപ്പററി പല ഊഹാപോഹങ്ങളും നാട്ടി ലെങ്ങും പ്രചരിച്ചു. ഗവമ്മെൻറു ഈ വിഷയത്തെപ്പററി പൊ തുജനങ്ങളുടെ പ്രതിനിധികളോടാലോചിക്കുകയുണ്ടായില്ലെന്നു ള്ളതു ജനപക്ഷത്തുനിന്നുള്ള പ്രതീക്ഷകളെ അല്പമൊന്നു മന്ദീ ഭവിപ്പിക്കാതിരുന്നില്ല. എങ്കിലും യുവാവായ മഹാരാജാവു തിരുമനസ്സിലെ ജനക്ഷേമകരമായ നിശ്ചയത്തെ അത്യുജ്ജ്വല മായ ആശാദീപ്തിയോടും ശുഭപ്രതീക്ഷകളോടും കൂടിയാണു പൌരസഞ്ചയം വീക്ഷിച്ചുകൊണ്ടിരുന്നതു്.

ഭരണപരിഷ്കാരരൂപവൽക്കരണത്തിനുള്ള ചുമതലകൾ സ്വാഭാവികമായി സർ സി. പി. രാമസ്വാമി അയ്യരിൽ ത്തന്നെയാണു വന്നുചേന്നതു്. പരിഷ്കൃതാശയനും ജനസ്വാത ന്ത്ര്യതല്പരനുമായ അദ്ദേഹത്തിൽനിന്നു് ഉത്തരവാദഭരണത്തോ ടടുത്ത വിദൂരവ്യാപകമായ വ്യവസ്ഥകൾ ഉൾപ്പെടുന്ന ഒരു പരിഷ്കാരം ബഹുജനങ്ങൾ പ്രതീക്ഷിക്കാതിരുന്നതുമില്ല. അന്നു ചങ്ങനാശേരി പരമേശ്വരൻപിള്ള ന്യായാധിപപദത്തിൽ നിന്നു വിരമിച്ചിരുന്നില്ല. എങ്കിലും തിരുവിതാംകൂറിലെ

പൊതുജനാഭിപ്രായത്തിന്റെ നാഡിചലനത്തെ അപ്പോഴും സ്പർശിച്ചുകൊണ്ടിരുന്ന ചങ്ങനാശേരിയുമായി സർ സി. പി. ഭരണപരിഷ്കാരം സംബന്ധിച്ചുള്ള പ്രശ്നങ്ങളെപ്പററി സംഭാഷണം ചെയ്തിട്ടുണ്ട്. ഈ വിഷയത്തെപ്പററി ചങ്ങനാശേരി സർ സി. പി-ക്കയച്ച ഒരു കത്തിൽ പുത്തനായി രൂപവൽക്കരിക്കപ്പെടുന്ന നിയമസഭയ്ക്കു കരം ചുമത്തുന്നതിനുള്ള അധികാരങ്ങൾ നൾകേണ്ടതാണെന്നും, നിയമസഭയുടെ ആലോചനാപരിധിയിൽ ഉൾപ്പെടാത്ത വിഷയങ്ങളുടെ എണ്ണം നിവൃത്തിയുള്ളിടത്തോളം കുറവുചെയ്യണമെന്നും, പൊതുജനങ്ങളുടെ ഭാവനയെ സ്പർശിക്കത്തക്ക എന്തെങ്കിലും ചില പുതുമകൾ ഭരണപരിഷ്കാരത്തിലുൾപ്പെടുത്തേണ്ടതാണെന്നും പ്രത്യേകം എടുത്തു പറഞ്ഞിരുന്നു.

൧൧൦൮ തുലാമാസത്തിൽ ഭരണപരിഷ്കാരം സംബന്ധിച്ചുള്ള ഗവമ്മെൻറുകമ്മ്യൂണിക്കും റഗുലേഷനും പ്രസിദ്ധീകൃതമായി. ഒരു ദ്വിമണ്ഡലനിയമസഭയാണു നൂതനമായ ഈ പരിഷ്കാരംകൊണ്ടു തിരുവിതാംകൂറിനു ലഭിച്ചതു്. ഇവയ്ക്കു ശ്രീമൂലംഅസംബ്ളിയെന്നും, ശ്രീചിത്തിരാസ്റ്റേററ്കൌൺസിലെന്നും പ്രത്യേകം നാമകരണം ചെയ്തിരുന്നു. പത്തുദ്യോഗസ്ഥാംഗങ്ങളുൾപ്പെടെ അസംബ്ളിയിൽ എഴുപത്തിരണ്ടു് അംഗങ്ങളുണ്ടായിരിക്കണമെന്നാണു നിയമം നിർദ്ദേശിച്ചിരുന്നതു്. ഈ സഭയ്ക്കു തൊണ്ണൂററിഏഴിലെ നിയമസഭയെ അപേക്ഷിച്ചു് അഗണ്യമായ ചില അധികാരങ്ങൾ കൂടുതലായി നൾകിയിരുന്നു. ഒരു ഡെപ്യൂട്ടിപ്രസിഡന്റിനെ തിരഞ്ഞെടുക്കുവാനും ഏതെങ്കിലും ഒരു അംഗത്തിന്റെ ചോദ്യങ്ങളെ അടിസ്ഥാനമാക്കി മറേറതൊരംഗത്തിനും ഉപചോദ്യങ്ങൾ ചോദിക്കുവാനും ഉള്ള അവകാശങ്ങളായിരുന്നു ഇവയിൽ പ്രധാനമായവ. കൌൺസിലിലുള്ള അംഗങ്ങളുടെ ആകെ എണ്ണം ൩൭-ആയിരുന്നു. അതിൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കു് ഒരു ചെറിയ ഭൂരിപക്ഷം മാത്രമാണുണ്ടായിരുന്നതു്. ബഡ്ജററു പൊതുവേ വിമർശിച്ചു പാസാക്കുവാനല്ലാതെ ഖണ്ഡനോപക്ഷേപങ്ങൾ ഹാജരാക്കുവാനുള്ള അവകാശം കൌൺസിലിനു

നൾകിയിരുന്നില്ല. കൌൺസിലിൻേറയും അസംബ്ളിയുടേയും സ്ഥിരാദ്ധ്യക്ഷ്യൻ ദിവാൻജിതന്നെയാണ്. ൯൦—ലെ നിയമസഭാപരിഷ്ക്കാരത്തെ അപേക്ഷിച്ച കാൎയ്യമായ യാതൊരു പുരോഗതിയും ഈ നൂതനനിബന്ധനകളിൽ ഉൾപ്പെട്ടിരുന്നില്ല. തിരുവിതാംകൂറിൻേറ നിലയ്ക്കു തികച്ചും അനാവശ്യവും അസംബ്ളിയുടെ അധികാരത്തെ പരിമിതിപ്പെടുത്തുന്നതുമായ ഒരുപരിമണ്ഡലവ്യവസ്ഥകൂടി ഈ നൂതനപരിഷ്ക്കാരത്തിൽ കൂട്ടിച്ചേൎത്തിരുന്നു എന്നുള്ളതല്ലാതെ ജനാഭിലാഷങ്ങളെ സംതൃപ്തിപ്പെടുത്തുന്നതോ രാജ്യാഭിമാനികളുടെ ഭാവനാശക്തിയെ സ്പൎശിക്കുന്നതോ ആയ യാതൊരധികാരവും ഈ ഭരണപരിഷ്ക്കാരത്തിലുൾപ്പെടുത്തിയിരുന്നില്ല. ഉത്തരവാദഭരണത്തിനു വേണ്ടി ഒരു വ്യാഴവട്ടത്തിനു മുൻപുതന്നെ പ്രക്ഷോഭണമാരംഭിച്ചിരുന്ന തിരുവിതാംകൂറിലെ ജനങ്ങളെ ഈ ഭരണപരിഷ്ക്കാരം പരിപൂൎണ്ണമായി നിരാശപ്പെടുത്തുകയാണു ചെയ്തതു്. എങ്കിലും യുവാവായ മഹാരാജാവു തിരുമനസ്സിലെ സദുദ്ദേശപരമായ ഈ സംരംഭത്തിനു തിരുവിതാംകൂറിലെ ജനങ്ങൾ ഹാൎദ്ദമായും കൃതജ്ഞതയോടുകൂടിയും ആദ്യഘട്ടത്തിൽ സ്വാഗതമരുളുകയാണുണ്ടായതു്. മി. എ. ബാലകൃഷ്ണപിള്ളയുടെ 'കേസരി' ഒഴിച്ചു മററു മിക്ക വൎത്തമാനപ്പത്രങ്ങളും ഈ ഭരണപരിഷ്ക്കാരത്തെ മുക്തകണ്ഠം പ്രശംസിച്ചു.

എന്നാൽ നൂതനനിയമത്തിൻേറ നാനാമുഖമായ വ്യാപ്തിയെക്കുറിച്ചു പൂൎണ്ണമായ പരിജ്ഞാനം ലഭിക്കുന്നതിനു മുൻപു തിരുവിതാംകൂറിലെ നാനാജാതിമതസ്ഥരായ ജനങ്ങൾ കേവലം ഔപചാരികമായി മാത്രം നൾകിയ പ്രശംസയും സ്വാഗതവുമായിരുന്നു അതെന്നു് അനന്തരസംഭവങ്ങൾ വെളിപ്പെടുത്തി. വിവിധജാതിമതസ്ഥന്മാർ ഭരണപരിഷ്ക്കാരത്തെ വൎഗ്ഗീയമായ വീക്ഷണകോടിയിൽ നിന്നുകൊണ്ടു ശസ്ത്രക്രിയ ചെയ്തു പരിശോധിച്ചു. സുസ്ഥിരമായ ഒരു ദേശീയസംഘടനയുടെ അഭാവത്തിൽ പൊതുജനങ്ങൾക്കങ്ങിനെയല്ലാതെ രാഷ്ട്രീയമായ ഒരു പരിഷ്ക്കാരത്തേയും വീക്ഷിക്കുവാൻ സാദ്ധ്യമല്ലാതിരുന്നതിലാശ്ചൎയ്യപ്പെടുവാനില്ലല്ലോ! നിലവിലിരുന്ന സമ്മതിദാനാവകാശവും നിയോജകമണ്ഡലവ്യവസ്ഥകളുമനുസരിച്ചു

ക്രിസ്ത്യാനികൾ, ഈഴവർ, മുസ്ലിം എന്നീ വിവിധസമുദായങ്ങൾക്കു ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം കരസ്ഥമാക്കുവാൻ സാധ്യമല്ലെന്നും, നായർസമുദായത്തിനു മാത്രം അനർഹമായ പ്രാതിനിധ്യം ലഭിക്കുമെന്നും ഉള്ള ഒരു വിശ്വാസം ക്രമേണ പ്രചരിച്ചു. ഭരണപരിഷ്കാരത്തെപ്പറ്റി പരാതിയുള്ള ഈ മൂന്നു സമുദായങ്ങളും സ്വാഭാവികമായി സംഘടിച്ച് അവരുടെ അവകാശവാദങ്ങൾ പുറപ്പെടുവിക്കയും, തിരഞ്ഞെടുപ്പു വ്യവസ്ഥകൾക്കെതിരായി ശക്തിയേറിയ പ്രക്ഷോഭണം ആരംഭിക്കയും ചെയ്തു. വർഗ്ഗീയമായ അവകാശങ്ങൾ കരസ്ഥമാക്കുവാൻ വർഗ്ഗീയമായ അടിസ്ഥാനത്തിന്മേൽ ആരംഭിച്ച ഈ വർഗ്ഗീയസംഘടനയ്ക്കു് അതിന്റെ പ്രവർത്തകന്മാർ സംയുക്തരാഷ്ട്രീയസഭയെന്നാണു നാമകരണം ചെയ്തിരുന്നതെങ്കിലും ആ സ്ഥാപനം സംയുക്തമോ, രാഷ്ട്രീയമോ ആയിരുന്നില്ല. നിയമസഭയിലെ സ്ഥാനങ്ങളും സർക്കാർസർവീസിലെ ഉദ്യോഗങ്ങളും ആളെണ്ണമനുസരിച്ചു വീതിച്ചുകിട്ടുവാൻ താല്ക്കാലികമായി പ്രക്ഷോഭണം നടത്തുന്നതിനുള്ള വർഗ്ഗീയമായ ഒരു കൂട്ടുകെട്ടായിരുന്നു അതു്. കാളയേയും പോത്തിനേയും ഒന്നിച്ചു ബന്ധിച്ചു യാത്രോദ്യുക്തമായ ഒരു വാഹനത്തിന്റെ അനിശ്ചിതത്വമല്ലാതെ ഒരു ദേശീയസംഘടനയുടെ സുദൃഢവും സുസ്ഥിരവുമായ ഗതി ആ സ്ഥാപനത്തിനുണ്ടാകുമെന്നാരും പ്രതീക്ഷിച്ചതുമില്ല. എങ്കിലും സംയുക്തരാഷ്ട്രീയസഭയുടെ അവകാശവാദങ്ങൾ അനിഷേധ്യങ്ങളായിരുന്നു. തിരുവിതാംകൂറിലെ വിവിധ സമുദായങ്ങൾക്കു ന്യായമായി ലഭിക്കുവാനുള്ള അവകാശങ്ങളെ പ്രതിബന്ധപ്പെടുത്തുവാൻ കൂടുതൽ ആനുകൂല്യങ്ങൾ കൈവശം വച്ചുകൊണ്ടിരുന്ന പ്രത്യേക വർഗ്ഗങ്ങളോ ഗവമ്മെന്റുതന്നെയോ ശ്രമിക്കുന്നതായിരുന്നാൽ അതു നീതീകരിക്കുവാൻ സാധ്യമല്ലല്ലോ. സംയുക്തരാഷ്ട്രീയസഭയുടെ പ്രക്ഷോഭണം ശക്തിപ്പെട്ടതോടുകൂടി ആ സംഘടനയോടു ബന്ധപ്പെട്ടുനിന്ന സമുദായങ്ങളുടെ അവകാശവാദങ്ങൾ ന്യായയുക്തമെന്നു ഗവമ്മെന്റിനു ബോദ്ധ്യപ്പെടുകയും അതിന്റെ ഫലമായി, വിവിധ സമുദായങ്ങൾക്കു ന്യായമായ പ്രാതിനിധ്യം ലഭിക്കത്തക്കവണ്ണം നിയോജകമണ്ഡലങ്ങൾ പുനഃസംഘടിപ്പിക്കാമെന്നും, അതുപര്യാപ്ത

മെന്ന് അനുഭവംകൊണ്ടു ബോധ്യമാകുന്നപക്ഷം മററു പരിഹാരമാർഗ്ഗങ്ങളാലോചിക്കാമെന്നും, ഗവമ്മെൻറു വാഗ്ദാനം നല്കുകയുണ്ടായി. ഈ പ്രതിജ്ഞ അനുസരിച്ചു നിയോജകമണ്ഡലങ്ങൾ താമസംവിനാ പുനഃസംഘടിപ്പിക്കപ്പെടുകയും ചെയ്തു.

എന്നാൽ സംയുക്തരാഷ്ട്രീയസഭ ഗവമ്മെൻറിൻെറ പ്രതിജ്ഞകൊണ്ടു സംതൃപ്തരായില്ല. ജനസംഖ്യാനുപാതികമായ അടിസ്ഥാനത്തിന്മേൽ വിവിധ സമുദായങ്ങൾക്കു നിയമസഭയിൽ സ്ഥാനങ്ങൾ ഒഴിച്ചിടണമെന്ന് അവർ ശഠിച്ചു. സക്കാർ സർവ്വീസിലെ ഉദ്യോഗങ്ങൾ ആളെണ്ണി വീതിക്കണമെന്നു മറ്റൊരു വാദവും അവർ കൊണ്ടുവന്നു. പരിഷ്കരിച്ച നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന്റെ ഘട്ടം സമാഗതമായപ്പോൾ സംയുക്തസമുദായക്കാർ നിയമസഭയുമായി നിസ്സഹകരണമനുഷ്ഠിക്കുവാൻ തീച്ച്യയാക്കി. ഈ പ്രസ്ഥാനത്തെ അവർ 'നിവത്തന'മെന്നാണു നാമകരണം ചെയ്തതു്. സംയുക്തരാഷ്ട്രീയസഭയുടെ ആഭിമുഖ്യത്തിലാരംഭിച്ച നിവത്തനപ്രക്ഷോഭണം കാട്ടുതീപോലെ രാജ്യമെങ്ങും പടന്നുപിടിച്ചു.

ക്രൈസ്തവ ഈഴവ മുസ്ലിം സമുദായങ്ങളിൽനിന്ന് ആരും തന്നെ നിയമസഭാതിരഞ്ഞെടുപ്പിൽ സ്ഥാനാത്ഥികളായി നിൽക്കരുതെന്നായിരുന്നു സംയുക്തരാഷ്ട്രീയസഭയുടെ നിദ്ദേശം. എന്നാൽ ഈ നിർദ്ദേശം നടപ്പിൽ വരുത്തുകയെന്നുള്ളതു തിരുവിതാംകൂറിലെന്നല്ല ലോകത്തിൽ മറ്റൊരിടത്തുംതന്നെ സാദ്ധ്യമല്ല. നിയമസഭാസാമാജികത്വത്തിൻെറ പദവിയും ബഹുമാനവും ആദായവും എവിടേയും പ്രലോഭനീയങ്ങൾതന്നെയാണു്. സ്വാത്ഥലാഭത്തിനുവേണ്ടി സമുദായതാല്പയ്യങ്ങളെയെന്നുവേണ്ട രാജ്യക്ഷേമത്തെത്തന്നെ ബലികൊടുക്കുവാൻ സന്നദ്ധതയുള്ള "കരിങ്കാലന്മാർ" ഏതു രാജ്യത്തും ഏതു സമുദായത്തിലും സുലഭമായി കാണാവുന്നതാണു്. പോരെങ്കിൽ നിവത്തനകക്ഷിയേ പരാജയപ്പെടുത്തുന്നതിന് പ്രബലന്മാരായ പ്രതികക്ഷികൾ അതിതീവ്രമായ ശ്രമങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഈഴവരും ക്രിസ്ത്യാനികളും മുസൽമാന്മാരും ഓരോ നിയോജകമണ്ഡലങ്ങളിൽ സ്ഥാനാത്ഥിത്വം

വരിച്ചു. എന്നാൽ ഇതുകൊണ്ടു് നിവർത്തനകക്ഷികൾ നിരാശരായിത്തീർന്നില്ല. അവർ സമരതന്ത്രം ഒന്നു മാററി. ഓരോ നിയോജകമണ്ഡലങ്ങളിലുമുള്ള സംയുക്തസമുദായവോട്ടറന്മാരുടെ സംഖ്യാബലമുപയോഗിച്ചു നിവർത്തനസമുദായങ്ങളിലെ സ്ഥാനാർത്ഥികളെ പരാജയപ്പെടുത്തുവാനും, ഇതരസമുദായാംഗങ്ങളെ വിജയികളാക്കുവാനും, അവർ നിശ്ചയിച്ചു. നിവർത്തനപ്രതികക്ഷികളെ വല്ലാതെ അമ്പരപ്പിച്ച ഒരു സമരതന്ത്രമായിരുന്നു ഇതു്. സംയുക്തകക്ഷിയുടെ ശ്രമം സഫലമാകുമെന്നും തീർച്ചയായിരുന്നു. നിവർത്തനവൈരികൾ നൂതനതന്ത്രമാർഗ്ഗങ്ങൾ അവരുടെ ബുദ്ധിശാലയിൽ ആരാഞ്ഞുതുടങ്ങി. നിവർത്തനസമുദായങ്ങളിൽപെട്ട സ്ഥാനാർത്ഥികളോടു മത്സരിക്കുന്ന ഇതരസമുദായാംഗങ്ങളെ വിവിധ പ്രലോഭനങ്ങൾക്കു വഴിപ്പെടുത്തി പിൻമാററുവാനവർ ശ്രമങ്ങളാരംഭിച്ചു. രാജ്യമൊട്ടുക്കു പ്രവർത്തനകക്ഷിയും നിവർത്തനകക്ഷിയും തമ്മിൽ അതിഭയങ്കരമായ ഒരു വടംവലി നടന്നു. തിരഞ്ഞെടുപ്പവസാനിച്ചപ്പോൾ നിവർത്തനസമുദായങ്ങളിലെ 'കരിങ്കാലന്മാരിൽ' ചിലർക്കു പരാജയം പററിയെങ്കിലും ഏതാനും ക്രിസ്ത്യാനികളും ഈഴവരും മുസ്ലീമിങ്ങളും നിയമസഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടിരുന്നു. പരിഷ്കരിക്കപ്പെട്ട നിയമസഭയിൽ സാർവ്വത്രികമായ പ്രാതിനിധ്യമുണ്ടെന്നു നിവർത്തനവിരോധികളും ഗവമ്മെൻറും ഉൽഘോഷിച്ചു. നിവർത്തനസമുദായങ്ങളെ വഴിയാംവണ്ണം പ്രതിനിധീകരിക്കുന്ന ഒററ അംഗംപോലും നിയമസഭകളിലില്ലെന്നും, അതുകൊണ്ടു നിയമസഭ പിരിച്ചുവിട്ടു പ്രാതിനിധ്യം ശരിപ്പെടുത്തുവാൻ നൂതനവ്യവസ്ഥകൾ നിർമ്മിച്ചു വീണ്ടും തിരഞ്ഞെടുപ്പു നടത്തണമെന്നും സംയുക്തരാഷ്ട്രീയസഭ മുറവിളികൂട്ടി.

നിവർത്തനപ്രക്ഷോഭണം രാജ്യമൊട്ടുക്കു പടർന്നുപിടിക്കുമ്പോൾ ചങ്ങനാശേരി ഗവമ്മെൻറുദ്യോഗത്തിലായിരുന്നു. ൧൧൦൭ മീനത്തിൽ അദ്ദേഹം സർവ്വീസിൽ നിന്നു പെൻഷ്യൻ പററി പിരിഞ്ഞു. ഒരു രാഷ്ട്രീയഘടനയെന്ന നിലയിലുള്ള സംയുക്തസഭയുടെ പ്രവർത്തനങ്ങളോടു ചങ്ങനാശേരിക്കു് അനുഭാവമുണ്ടായിരുന്നില്ലെങ്കിലും നിവർത്തനസമുദായങ്ങളുടെ ന്യായമായ അവകാശവാദങ്ങളെ അനുകൂലിക്കുവാൻ അദ്ദേഹത്തിനു വൈമ

നസ്യമുണ്ടായിരുന്നില്ല. ഒരു പ്രത്യേക സമുദായത്തിന പൌരാണികമായും സ്ഥിതിഗതികളുടെ സാഹചര്യംകൊണ്ടും ലഭിച്ചിട്ടുള്ള അവകാശങ്ങളെ ഒരു കുത്തകപോലെ സംരക്ഷിക്കുവാൻ അദ്ദേഹമാഗ്രഹിച്ചിരുന്നില്ല. ജാതിമതചിന്തകൾ രാഷ്ട്രീയാവകാശങ്ങളെ ബാധിക്കുവാനനുവദിക്കുന്നതു് അനീതികരമാണെന്നു് അദ്ദേഹം ഉറപ്പായി വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെയാണു നിവർത്തനകക്ഷിയുടെ ന്യായമായ അവകാശവാദങ്ങളോടു് അനുഭാവം പ്രകടിപ്പിക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നതു്. വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടി അവകാശസ്ഥാപനത്തിനുവേണ്ടി പ്രചരണം നടത്തുവാൻ ഏവർക്കും അവകാശമുണ്ടെന്നു പ്രകൃത്യാ ഒരു പ്രക്ഷോഭകാരിയായ അദ്ദേഹം വിശ്വസിച്ചതിൽ ആശ്ചര്യപ്പെടുവാനൊന്നുമില്ലല്ലോ. നിവർത്തനസമുദായങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാൻ തിരുവിതാംകൂർ ഗവമ്മെൻറിനോടും വേണ്ടിവന്നാൽ ബ്രിട്ടീഷ്ഗവമ്മെൻറിനോടും പരാതിപറയുവാനും നിയമസഭയോടു നിസ്സഹകരണമനുഷ്ഠിക്കുവാനും അവർക്കു സ്വാതന്ത്ര്യമുണ്ടെന്നും അദ്ദേഹം സമ്മതിക്കുവാൻ മടിച്ചില്ല. എന്നാൽ ഗവമ്മെൻറു് അവരുടെ വാദങ്ങൾ അംഗീകരിക്കയും അതനുസരിച്ചു നിയോജകമണ്ഡലങ്ങൾ പുനഃസ്സംഘടിപ്പിക്കയും അവശതകൾ അതുകൊണ്ടും പരിഹരിക്കപ്പെടുകയില്ലെന്നു കണ്ടാൽ ഇതരമാർഗ്ഗങ്ങൾ സ്വീകരിക്കാമെന്നു പ്രതിജ്ഞ നൽകുകയും, ചെയ്തതിനുശേഷവും, വീണ്ടും പ്രക്ഷോഭണമാരംഭിക്കുവാനുള്ള അവകാശത്തെ കൈവെടിയാതെതന്നെ പരീക്ഷാർത്ഥമെങ്കിലും, നൂതനപദ്ധതികൾ അവർ ആത്മാർത്ഥതയോടെ സ്വീകരിച്ചു പ്രയോഗിച്ചുനോക്കാതിരുന്നതു് അക്ഷന്തവ്യമായിപ്പോയി എന്നദ്ദേഹത്തിനു തോന്നി. നിസ്സഹകരണപരിപാടികൾതന്നെയും ന്യായവും സത്യവുമായ മാർഗ്ഗങ്ങളിൽക്കൂടി നടപ്പിൽ വരുത്തുന്നതിൽ അദ്ദേഹത്തിനാക്ഷേപമുണ്ടായിരുന്നില്ല. നിയമസഭകളേയും തിരഞ്ഞെടുപ്പുശാലകളേയും പരസ്യമായി അഭ്യവകർഷണം ചെയ്യുകയല്ലാതെ ഗൂഢമായും വക്രമായും ഇതരസമുദായാംഗങ്ങളെ പ്രേരിപ്പിച്ചു സ്ഥാനാർത്ഥികളായി നിർത്തി അവരെ വിജയികളാക്കി സ്വന്തവാദമുഖങ്ങൾ സ്ഥാപിക്കുവാനുള്ള സത്യരഹിതമായ

മാറ്റങ്ങൾ തികച്ചും അസാന്മാർഗ്ഗികങ്ങളായിട്ടാണ് അദ്ദേഹം കരുതിയതു്. അതുകൊണ്ടു സംയുക്തകക്ഷിയുടെ കളിപ്പാട്ടങ്ങളായി സ്ഥാനാർത്ഥിമത്സരത്തിനു കോപ്പുകൂട്ടിയ ചില നിവർത്തനേതരസമുദായാംഗങ്ങളെ അവരുടെ ഉദ്യമത്തിൽ നിന്നു പിൻതിരിപ്പിക്കുവാൻ ചങ്ങനാശേരി ഊർജ്ജിതമായി ചിലതൊക്കെ പ്രവർത്തിച്ചിട്ടുണ്ടു്. നിവർത്തനക്കാരുടെ അവകാശവാദങ്ങളോടുള്ള അനുഭാവരാഹിത്യംകൊണ്ടല്ല, സുദൃഢമായ നീതിബോധംകൊണ്ടാണ് അദ്ദേഹം അതിനൊരുങ്ങിയതു്. മെ. എം. എൻ. നായർ, കൈനിക്കര പത്മനാഭപിള്ള, കുമരകം എം. എൻ. നാരായണമേനവൻ, വരകപ്പിള്ളി കേശവപിള്ള മുതലായ നായർപ്രമാണികൾ നിവർത്തനസമുദായാംഗങ്ങളുടെ പിന്തുണയോടുകൂടി വടക്കൻതിരുവിതാംകൂറിലെ ചില നിയോജകമണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളായി പ്രത്യക്ഷപ്പെട്ടു. അവരെ സ്ഥാനാർത്ഥിത്വത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ ചങ്ങനാശേരി തീവ്രമായ ശ്രമങ്ങൾ ചെയ്യുകയുണ്ടായി. നായർതാല്പര്യങ്ങളുടെ 'ഇരുമ്പുസോഫ'യായ സർവീസ്സൊസൈററിയുടെ ഭാരവാഹികളിൽ ഒരാളായ മി. കൈനിക്കര പത്മനാഭപിള്ള, മി. മന്നത്തു പത്മനാഭപിള്ളയുടെ ആനുകൂല്യത്തോടുകൂടി നിവർത്തനക്കാരുടെ സ്ഥാനാർത്ഥിയായി ചങ്ങനാശേരിയിൽ നിൽക്കുകയും, പരമേശ്വരൻപിള്ളയുടെ ഉപദേശം സ്വീകരിച്ചു സ്ഥാനാർത്ഥിത്വത്തിൽനിന്നു പിൻവലിഞ്ഞുകൊള്ളാമെന്നു സമ്മതിച്ചതിനുശേഷവും വീണ്ടും തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തു.

ന്യായാസനത്തിൽനിന്നു പുറത്തു വന്ന ചങ്ങനാശേരി പെൻഷ്യൻജീവിതത്തിൻെറ ഏകാന്തതയിൽ അന്തർദ്ധാനം ചെയ്യുവാൻ ഒരുങ്ങിയില്ല. ചങ്ങനാശേരിയുടെ പൊതുക്കാര്യജീവിതമവസാനിച്ചിരിക്കുന്നു എന്നും, അദ്ദേഹത്തിനുണ്ടായിരുന്ന ജനസമ്മിതി നാമാവശേഷമായിപ്പോയെന്നും, ഉദ്യോഗസ്വീകരണവേളയിൽ മുറവിളികൂട്ടിയ വിമർശകന്മാർക്കും ശത്രുസംഘങ്ങൾക്കും പരിഭ്രമജനകമായ മറെറാരു വിസ്മയം അദ്ദേഹം കരുതിവച്ചിരുന്നു. ൧൧൦൮ മീനം ൧൭-ാംനു- ചങ്ങനാശേരി ഉദ്യോഗത്തിൽനിന്നു വിരമിക്കുന്നതു സംബന്ധിച്ചുള്ള

'റഫറൻസ്'' ഹൈക്കോടതിയിൽ നടന്നു. മീനം ൧൬-ാംനു- വീണ്ടും അദ്ദേഹം ഒരു സ്വതന്ത്രപൌരനായിത്തീൎന്നു. അതു കഴിഞ്ഞു കൃത്യം രണ്ടു മാസം തികയുന്ന ഇടവം ൧൬-ാംനു- പുതിയ നിയമസഭയിലേയ്ക്കു് ഒരു സ്ഥാനാൎത്ഥിയായി അദ്ദേഹം കുന്നത്തൂർ നിയോജകമണ്ഡലത്തിൽ സ്ഥാനാൎത്ഥിപത്രിക സമൎപ്പിച്ചു. പ്രസ്തുത നിയോജകമണ്ഡലത്തിൽ അദ്ദേഹത്തെ എതിൎക്കുവാൻ മററാരുംതന്നെ സ്ഥാനാൎത്ഥിയായി നിന്നില്ല. ആറു വൎഷത്തെ ഉദ്യോഗജീവിതത്തിനുശേഷം അതിൽനിന്നു വിരമിച്ചു്, അറുപതു ദിവസങ്ങൾ കഴിയുന്നതിനുമുൻപുതന്നെ പ്രാദേശികമായ യാതൊരു വ്യക്തിബന്ധങ്ങളുമില്ലാത്ത ഒരു നിയോജകമണ്ഡലം അദ്ദേഹത്തെ വീണ്ടും നിയമസഭാംഗമായി ഐകകണ്ഠ്യേന തിരഞ്ഞെടുത്തു. ചങ്ങനാശേരിയുടെ ശേഷിച്ച പൌരജീവിതത്തെപ്പററി മുൻകൂട്ടി വിധി എഴുതിയ പ്രവാചകന്മാൎക്കു് ഒരിക്കൽക്കൂടി നൈരാശ്യംതന്നെ വന്നു സംഭവിച്ചു.

ചങ്ങനാശേരിയുടെ രാഷ്ട്രീയാഭിലാഷങ്ങൾ ഇവിടെയും അവസാനിച്ചില്ല. പുതിയ നിയമസഭയ്ക്കു് ഒരു ഡപ്യൂട്ടിപ്രസിഡൻറിനെ തിരഞ്ഞെടുക്കുവാനുള്ള അവകാശമുണ്ടായിരുന്നു. ആ തിരഞ്ഞെടുപ്പിലും ചങ്ങനാശേരി മത്സരിക്കുവാൻതന്നെ നിശ്ചയിച്ചു. നിയമസഭാംഗങ്ങളുടെ ആനുകൂല്യം സമ്പാദിക്കുവാൻ അതിവിപുലമായ തോതിൽ അദ്ദേഹം പ്രചരണങ്ങൾ നടത്തി. ചങ്ങനാശേരിയെക്കൂടാതെ മെ: ടി. കെ. വേലുപ്പിള്ള, പി. കെ. നാരായണപിള്ള, പട്ടം താണുപിള്ള എന്നിവരും സ്ഥാനാൎത്ഥിമത്സരത്തിനു നിൽക്കുന്നുണ്ടായിരുന്നു. കൎക്കടകം ൧൭-ാംനു- തിരഞ്ഞെടുപ്പു നടന്നു. ആദ്യത്തെ തിരഞ്ഞെടുപ്പിനു മി. ടി. കെ. വേലുപ്പിള്ളയ്ക്കു് ൨൬-ം, ചങ്ങനാശേരിക്കു ൧൬-ം, പി. കെ-യ്ക്കു ൧൦-ം, മി. പട്ടം താണുപിള്ളയ്ക്കു് ൨-ം വോട്ടുകൾ വീതം ലഭിച്ചു. ഗവൎമ്മെൻറുദ്യോഗസ്ഥന്മാർ അത്തവണ വോട്ടു ചെയ്യാതെ നിഷ്പക്ഷനില സ്വീകരിച്ചു. രണ്ടാമത്തെ തിരഞ്ഞെടുപ്പിൽ ഗവൎമ്മെൻറുപക്ഷം ഒന്നായി മി. ടി. കെ-യ്ക്കു വോട്ടു ചെയ്തു. ബഹുഭൂരിപക്ഷത്തോടെ മി. ടി. കെ. വിജയിയായി. ചങ്ങനാശേരിക്കു് അദ്ദേഹത്തിൻെറ പ്രതീക്ഷകൾക്കു

വിപരീതമായി തോൽവി സംഭവിച്ചു. ഇതു ചങ്ങനാശേരിയുടെ പൊതുക്കാര്യജീവിതത്തിലെ ആദ്യത്തെ നിരാശയായിരുന്നു എന്നു വേണമെങ്കിൽ പറയാം. ഈ പരാജയത്തിന്റെ പശ്ചാത്തലത്തിൽ ചങ്ങനാശേരിയുടെ ഉദ്യോഗസ്വീകരണമാകുന്ന കളങ്കം ദർശിക്കുന്ന പ്രേക്ഷകന്മാരുണ്ടാകുമെങ്കിൽ അതിനവരെ കുററപ്പെടുത്തുവാൻ നിവൃത്തിയില്ല. പൊതുക്കാര്യജീവിതം ഔദ്യോഗികജീവിതത്തിലെ ഔന്നത്യത്തിലേയ്ക്കുള്ള ഒരു സോപാനമായിട്ടാണു ജനപ്രമാണികൾ കരുതിവരുന്നതെന്നുള്ള ഒരു ധാരണ ജനതാമദ്ധ്യത്തിൽ വ്യാപിച്ചിരുന്നു. ചങ്ങനാശേരിയുടെ ഉദ്യോഗലബ്ധിക്കുശേഷം ബിരുദധാരികളായ ഉദ്യോഗാർത്ഥികൾ പൊതുജനനേതൃത്വം ലഭിക്കുന്നതിന് പരസ്യമായും നിഗൂഢമായും ആയാസപ്പെട്ടുകൊണ്ടിരുന്നതു ഹാസ്യജനകമായ ഒരു കാഴ്ചയായിരുന്നു. സമുദായത്തിന്റേയോ മററു സംഘടനകളുടേയോ പിൻബലമെടുത്തു കാട്ടി ഉദ്ദേശസിദ്ധിക്കു വേണ്ടി ഗവമ്മെൻറിനെ അലട്ടുകയും ഭീഷണിപ്പെടുത്തുകയും ചെയ്യാമെന്ന് ഇക്കൂട്ടർ തെററിദ്ധരിച്ചു. അനന്തരകാലങ്ങളിൽ പൊതുക്കാര്യപ്രസക്തിയോ, നിസ്സ്വാർത്ഥതയോ, സത്യസന്ധതയോ ഇല്ലാത്ത ഇത്തരം വ്യാജവേഷധാരികളുടെ ഒഴിയാത്ത ബാധ രാജ്യത്തിനുതന്നെ ഒരു തീരാശ്ശാപമായിത്തീർന്നിട്ടുണ്ടെങ്കിൽ അതിലേയ്ക്കുള്ള ഉത്തരവാദിത്വത്തിലൊരു ചെറിയ പങ്ക് ചങ്ങനാശേരിക്കുടി വഹിക്കേണ്ടതായിട്ടുണ്ട്.

നിവർത്തനപ്രക്ഷോഭണം തിരുവിതാംകൂറിലെ സമുദായാന്തരീക്ഷത്തെ ഇളക്കിമറിച്ചു. വർഗ്ഗീയമത്സരങ്ങളും വിദ്വേഷജനകമായ പ്രചരണങ്ങളും രാജ്യമൊട്ടുക്കു നടമാടി. പ്രസംഗമണ്ഡപങ്ങളിലും പത്രപങ്ക്തികളിലുംനിന്നു വർഗ്ഗീയവിഷം പ്രവഹിച്ചു. സമുദായസൌഹാർദ്ദംസ്ഥാപിക്കുവാനുള്ള സകല മാർഗ്ഗങ്ങളും അടഞ്ഞു. നായർസമുദായം, അതിനനർഹമായ രാഷ്ട്രീയാവകാശങ്ങൾ കൈവശം വച്ചുകൊണ്ടിരുന്നു എന്ന കാരണം കൊണ്ട് അതികഠിനമായ അവഹേളനത്തിനു പാത്രമായി. സംയുക്തകക്ഷി നായർസമുദായത്തെ കുത്തകസമുദായമെന്നു നാമകരണം ചെയ്തു. ആക്ഷേപസാഹിത്യത്തിൽ നായർസമുദായത്തിനുള്ള പ്രാവീണ്യം അമിതമായ രീതിയിൽ അവരും

വെളിപ്പെടുത്താതിരുന്നില്ല. ഭരണപരിഷ്കാരം നിർമ്മിച്ചതു നായർസമുദായമല്ലെന്നും, നിയമസഭയിൽ കൂടുതൽ സ്ഥാനങ്ങൾ നായന്മാർക്കു ലഭിക്കുവാനിടയായതു് അവരുടെ അപേക്ഷാനുസാരമോ ഗൂഢാലോചനയുടെ ഫലമായോ അല്ലെന്നും വാശിയോടുകൂടി അവർ മറുപടി പറഞ്ഞു. ഈ തക്കം നോക്കി ദീർഘവീക്ഷണമോ രാജ്യത്തിൻെറ ശാശ്വതമായ പുരോഗതിയെപ്പററി ചിന്തയോ ഇല്ലാത്ത സ്വാർത്ഥതല്പരന്മാരായ ചില അവസരസേവകന്മാർ നായർക്കു കൂടുതൽ സ്ഥാനങ്ങൾ ലഭിക്കുവാൻ പാരമ്പര്യവഴിക്കവകാശമുണ്ടെന്നും, അതിനെ എതിർക്കുന്നവരോടു പകവീട്ടണമെന്നുംകൂടി പ്രസംഗിച്ചുകൊണ്ടു നടക്കുകയുണ്ടായി. തിരുവിതാംകൂറിലെവിടെ നോക്കിയാലും വർഗ്ഗീയ വഴക്കുകളല്ലാതെ മററൊന്നും കാണുവാനുണ്ടായിരുന്നില്ല. സ്ഥിതിഗതികൾ കൂടുതൽ ആശങ്കാജനകമായിത്തീർന്നു. രാജ്യത്തിൻെറ ഭാവി ഭയജനകവും അന്ധകാരാവൃതവുമായി ത്തോന്നി.

# അദ്ധ്യായം ൯൩

തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷം വൎഗ്ഗീയവിഷം കലൎന്നു മലിനപ്പെടുകയും, ദുഷിച്ച പ്രചരണങ്ങളും ആപല്ക്കരമായ പ്രവൎത്തനങ്ങളുംകൊണ്ടു സമുദായസൌഹാർദ്ദം ശിഥിലപ്പെടുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, അന്നുവരെ ദേശീയവീക്ഷണമുള്ളവൎക്കുകൂടി അഭിമാനഹാനികൂടാതെ അവകാശപ്പെടുവാൻ കഴിയുമായിരുന്ന നായന്മാരുടെ ഏകസംഘടനയായ സൎവ്വീസ് സൊസൈറ്റി അതിനെ നിയന്ത്രിച്ചിരുന്ന അത്യുന്നതങ്ങളായ ദേശീയാദൎശങ്ങളിൽനിന്നും നിസ്വാൎത്ഥപരമായ സേവനശീലത്തിൽനിന്നും, അനുദിനമെന്നവണ്ണം അധഃപതിച്ചുകൊണ്ടിരിക്കയായിരുന്നു. അവശസമുദായങ്ങളുടെ അവകാശസ്ഥാപനത്തിനും അധഃകൃതവൎഗ്ഗങ്ങളുടെ ഉന്നമനത്തിനും വേണ്ടി അനുസ്യൂതമായി പ്രവൎത്തിച്ചുകൊണ്ടിരുന്ന ആ സ്ഥാപനം ദീൎഘവീക്ഷണമോ, ത്യാഗസന്നദ്ധതയോ ഇല്ലാത്ത ഒരു സങ്കുചിതമായ വൎഗ്ഗീയസംഘടനയെന്നപോലെ രാജ്യത്തിനും രാജ്യവാസികൾക്കും ഹാനികരമായ സംരംഭങ്ങളിലേപ്പെട്ടുതുടങ്ങി. പുരോഗമനപരമായ ഏതൊരു പ്രസ്ഥാനങ്ങളിലും മുന്നിട്ടുനിന്നു പ്രവൎത്തിച്ചും, സമുദായസൌഹാർദ്ദം കൈവളൎത്തുവാനുള്ള മാൎഗ്ഗങ്ങളിൽനിന്നു വ്യതിചലിക്കാതേയും, ഇതരമതസ്ഥന്മാരുടെ ബഹുമാനാദരങ്ങൾക്കു പാത്രമായിക്കഴിഞ്ഞുകൂടിയ ആ സേവനസംഘം വിദ്വേഷഹസ്തങ്ങളിലെ കേവലമൊരുപകരണം മാത്രമായി രൂപാന്തരപ്പെട്ടു. അസമത്വങ്ങളോടും അനീതികളോടും നിർഭയം മല്ലടിക്കുവാൻ മടിച്ചിട്ടില്ലാത്ത സൊസൈറ്റി അനൎഹമായി ലഭിച്ച രാഷ്ട്രീയാനുകൂല്യങ്ങളും അവകാശങ്ങളും വച്ചു സൂക്ഷിക്കുവാൻ ബദ്ധപ്പെട്ടു. ൧൧൦൮-ലെ ഭരണപരിഷ്ക്കാരംമൂലമുണ്ടായ സ്ഥിതിഗതികൾ ഈഴവസമുദായത്തെ സംബന്ധിച്ചിടത്തോളമെങ്കിലും പ്രത്യക്ഷമായ ഒരവകാശലംഘനമായിരുന്നു എന്നു കാണുവാൻ അസാമാന്യമായ രാഷ്ട്രീയപരിജ്ഞാനമോ, നിരീക്ഷണപാടവമോ ആവശ്യമായിരുന്നില്ല. അധഃകൃതസമുദായങ്ങൾക്കു സഞ്ചാരസ്വാതന്ത്ര്യവും

ക്ഷേത്രപ്രവേശനവും അനുവദിച്ചുകിട്ടുവാൻ ഒരു ജാഥായും നയിച്ചുകൊണ്ടു വയ്ക്കത്തുനിന്നു തിരുവനന്തപുരംവരെ കാൽനടയായി മാൎച്ചുചെയ്യുകയും, മാൎഗ്ഗമദ്ധ്യേ പ്രക്ഷോഭജനകമായ പ്രസംഗങ്ങൾകൊണ്ടു പൊതുജനാഭിപ്രായം സൃഷ്ടിക്കയും ചെയ്തു, മി. മന്ദത്തു പത്മനാഭപിള്ള ഏതോ ഒരജ്ഞാതശക്തിയുടെ പ്രേരണകൊണ്ടെന്നപോലെ പ്രസംഗമണ്ഡപങ്ങളിൽനിന്നുകൊണ്ട് അക്കാലത്തു വൎഗ്ഗീയവിഷം വമിച്ചുകൊണ്ടിരുന്ന കാഴ്ച തുലോം പരിതാപകരമായ ഒന്നായിരുന്നു. അനൎഹമായി ലഭിച്ച ആനുകൂല്യങ്ങളെ കൈവശംവച്ചുകൊണ്ടിരിക്കുവാൻ ബദ്ധപ്പെടുകയല്ല, ഇതരസമുദായങ്ങളുടെ ന്യായമായ അവകാശവാദങ്ങളെ അനുവദിച്ചുകൊടുക്കുവാനും, അതിനുവേണ്ടി പ്രക്ഷോഭണം നടത്തുവാനും, സന്നദ്ധത പ്രകടിപ്പിക്കുകയാണ് അന്നു സൎവ്വീസ്‌സൊസൈററി ചെയ്യേണ്ടിയിരുന്നത്. നിവൎത്തനസമുദായങ്ങൾ നായന്മാരുടെ മേൽ ചൊരിഞ്ഞ ആക്ഷേപവൎഷങ്ങളും അപലപനങ്ങളും നീതീകരിക്കത്തക്കതല്ലായിരുന്നു എന്നുള്ളതിനു രണ്ടുപക്ഷമില്ല. എന്നാൽ ദീൎഘവീക്ഷണവും രാഷ്ട്രീയപരിജ്ഞാനവും പ്രാചീനപാരമ്പൎയ്യങ്ങളുമുള്ള ഒരു സമുദായം തുല്യനിലയിൽ അസഭ്യസാഹിത്യം പ്രയോഗിച്ചല്ല യാഥാൎത്ഥ്യങ്ങളെ നേരിടേണ്ടിയിരുന്നത്. താൽക്കാലികമായി ലഭിച്ച അവകാശങ്ങൾ വക്രമാൎഗ്ഗങ്ങളിലൂടെ അല്പകാലം കൈവശം വച്ചുകൊണ്ടിരിക്കുവാൻ കഴിഞ്ഞു എന്നുതന്നെ വരാം. എന്നാൽ കാലഗതിയുടെ ഭ്രമണത്തിൽ നീതിയും ന്യായവുമല്ലാതെ വിജയിക്കയില്ലെന്നുള്ളതു നിൎവ്വിവാദമാണ്. തിരുവിതാംകൂറിലും സംഗതികളുടെ പൎയ്യവസാനം അങ്ങിനെതന്നെയായിരുന്നു. നായർസമുദായത്തിന്റെ അനൎഹമായ അവകാശങ്ങൾ ഒന്നൊന്നായി അവൎക്കു കൈവെടിയേണ്ടതായി വന്നുകൂടി. അതിനെതിരായി നടത്തിയ പ്രക്ഷോഭണങ്ങൾ മുഴുവൻ വിഫലമായി. ഇതരസമുദായങ്ങളുടെ സൌഹാൎദ്ദവും സന്മനസ്സും നഷ്ടപ്പെട്ടതല്ലാതെ നിവൎത്തനസമുദായങ്ങളോടു മത്സരിച്ചതുകൊണ്ടു കാൎയ്യമായ യാതൊരു ലാഭവും നായർസമുദായത്തിനുണ്ടായില്ല. ത്യാഗസന്നദ്ധതയും സേവനൌത്സുക്യവുംകൊണ്ടുമാത്രമേ സാമുദായികമായ ഔന്നത്യം വച്ചുകൊ

ണ്ടിരിക്കുവാനും രാഷ്ട്രീയശക്തിയും പാരമ്പര്യങ്ങളും സൃഷ്ടി ക്കുവാനും കഴികയുള്ളു എന്നു തിരുവിതാംകൂർചരിത്രം ഒരിക്കൽക്കൂടി വെളിപ്പെടുത്തി. സർവ്വീസ്സൊസൈററിയുടെ സംരംഭങ്ങൾ ഒന്നൊന്നായി പരാജയപ്പെട്ടു. ചങ്ങനാശേരി യുടെ തന്ത്രകുശലമായ നേതൃത്വവും, യാഥാർത്ഥ്യങ്ങളെ അഭിമു ഖീകരിക്കുവാനുള്ള സന്നദ്ധതയും, സൊസൈററിയുടെ അക്കാ ലത്തുള്ള പ്രവർത്തനങ്ങളിൽ ദർശിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണം അദ്ദേഹം ആ സ്ഥാപനത്തോടുള്ള ബന്ധ ത്തിൽനിന്ന് അകന്നുകഴിഞ്ഞിരുന്നു എന്നുള്ളതാണ്.

നിവർത്തനപ്രക്ഷോഭണം അതിൻെറ പാരമ്യത്തിലേയ്ക്കു കുതിച്ചുകൊണ്ടിരുന്ന വേളയിലാണ്, തിരുവനന്തപുരത്തുവച്ച് ഒരു നായർസംയുക്തസമ്മേളനം നടന്നത്. ൧൧൦൮-ൽ മാവേ ലിക്കരവച്ചു നായർസർവ്വീസ്സൊസൈററിയുടെ ആഭിമുഖ്യ ത്തിൽ നടന്ന നായർസമ്മേളനത്തെ മെ. സി. കെ. നാഗം പിള്ള, ആർ. കൃഷ്ണപിള്ള എന്നിവർ തിരുവനന്തപുരത്തേയ്ക്കു ക്ഷണിക്കുകയുണ്ടായി. ൧൧൦൯-മീനത്തിലാണ് ഈ സമ്മേളനം നടക്കേണ്ടിയിരുന്നത്. എന്നാൽ ഈ ഘട്ടത്തിൽ നിവർത്തന പ്രസ്ഥാനത്തിനെതിരായി നായന്മാരുടെ സാർവ്വത്രികമായ പ്രാതിനിധ്യമുള്ള ഒരു മഹാസമ്മേളനം വിളിച്ചുകൂട്ടുവാനുള്ള ചില നിർദ്ദേശങ്ങൾ ഏതോ ചില കേന്ദ്രങ്ങളിൽനിന്നു പുറ പ്പെട്ടു. ചില നായർനേതാക്കന്മാർ ഈ അവസരത്തെ പരി പൂർണ്ണമായി വിനിയോഗിക്കുവാനും നിശ്ചയിച്ചു. അതുകൊണ്ടു നായർസർവ്വീസ്സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള സമ്മേ ളനമല്ല, പിന്നേയോ സംയുക്തനായർസമ്മേളനമെന്ന പേരിൽ ഒരു മഹായോഗമാണ് തിരുവനന്തപുരത്തു നടന്നത്. നായർ സർവ്വീസ്സൊസൈററി, നായർമഹാജനസഭ, ദക്ഷിണതിരു വിതാംകൂർ നായർസമാജം ഇങ്ങിനെ നിലവിലുള്ളതും ഇല്ലാ ത്തതുമായ ചില സംഘടനകളുടെ സംയുക്തമായ ആഭിമുഖ്യ ത്തിലാണ് ഈ സമ്മേളനം വിളിച്ചുകൂട്ടുവാൻ നിശ്ചയി ച്ചത്. ഈ സമ്മേളനത്തോടു സഹകരിക്കുവാനുള്ള അഭ്യ ർത്ഥന ചങ്ങനാശേരിക്കും ലഭിച്ചു. എന്നാൽ നായർമഹാ ജനസഭ, ദക്ഷിണതിരുവിതാംകൂർ നായർസമാജം ഇത്യാദി സാങ്കല്പികമായ സംഘടനകൾക്ക് അനർഹമായ പ്രാതിനിധ്യം നൽകുവാൻ ചങ്ങനാശേരി വിസമ്മതിച്ചു. അതുകൊണ്ടു നായർ

യൂണിയന്റെ ആഭിമുഖ്യത്തിൽ ഇതരനായർസംഘടനകളുടെ സഹകരണത്തോടുകൂടി സമ്മേളനം നടത്തിയാൽ മതിയാകുമെന്ന് ഒടുവിൽ തീച്ച്യാക്കി. എന്നാൽ സമ്മേളനദിനം അടുത്തു തുടങ്ങിയതോടുകൂടി, നിവത്തനപ്രക്ഷോഭണത്തെ എത്രത്തോ മലിനപ്പെടുത്തിക്കൊണ്ടിരുന്ന വർഗ്ഗീയാന്തരീക്ഷത്തെ കൂടുതൽ വിഷമയമാക്കുവാനാണ് ഈ സമ്മേളനംകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്ന കാര്യം കൂടുതൽ കൂടുതൽ തെളിഞ്ഞുവന്നു. അതിനുശേഷം സമ്മേളനത്തോടുള്ള സഹകരണത്തെ ചങ്ങനാശേരി നിശ്ശേഷം പിൻവലിച്ചു. സമ്മേളനത്തോടു നിസ്സഹകരിക്കുവാനുള്ള ചങ്ങനാശേരിയുടെ നിശ്ചയം ആ യോഗത്തിലെ നടപടികൾ സാധൂകരിക്കയുണ്ടായി.

റിട്ടയാർഡ് ദിവാൻപേഷ്കാർ മി. നാരായണമേനവനായിരുന്ന ൧൧൦൯-കന്നിമാസത്തിൽ നടന്ന ആ സംയുക്തസമ്മേളനത്തിലാദ്ധ്യക്ഷം വഹിച്ചത്. സ്വാഗതസംഘാദ്ധ്യക്ഷൻ ഡാക്ടർ കെ. മാധവൻപിള്ളയും, യുവജനസമ്മേളനാദ്ധ്യക്ഷൻ മി. മള്ളൂർ ഗോവിന്ദപ്പിള്ളയും ആയിരുന്നു. ഇതരസമുദായങ്ങളെ അപേക്ഷിച്ചു നായർസമുദായത്തിനു കൂടുതൽ രാഷ്ട്രീയാവകാശങ്ങൾ പാരമ്പര്യമനുസരിച്ചു ലഭിക്കേണ്ടതാണെന്നു കാണിക്കുവാൻ ജസ്റ്റീസ്പാട്ടിനേതാവായിരുന്ന ബോബിലിരാജാവിന്റെ പ്രസംഗഖണ്ഡങ്ങൾ ഉദ്ധരിക്കയായിരുന്നു മി. നാരായണമേനവൻ ചെയ്തത്. നായർസമുദായം ഉത്തരവാദഭരണം വേണമെന്നു വാദിച്ചിട്ടില്ലെന്നും വാദിക്കയില്ലെന്നും കൂടി അദ്ദേഹം അദ്ധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി എന്നു പറഞ്ഞാൽ ഉൽബുദ്ധമായ ആ സമുദായത്തെ പ്രസ്തുത സമ്മേളനം എത്രമാത്രം അധഃപതിപ്പിക്കുകയുണ്ടായി എന്നു വ്യക്തമാകുമല്ലോ. ആ സമ്മേളനത്തിൽ നടന്ന മററു പ്രസംഗങ്ങൾ അത്യുൽക്കടമായ വർഗ്ഗീയവിദ്വേഷം വമിക്കുന്നവയായിരുന്നു. നിവത്തനസമുദായങ്ങളുടെ അസഭ്യസാഹിത്യത്തെ അസഭ്യസാഹിത്യംകൊണ്ടുതന്നെ നേരിടുവാനുള്ള ഒരു വഴിപിഴച്ച നയമാണു സമ്മേളനഭാരവാഹികൾ അംഗീകരിച്ചത്. നിവത്തനപ്രസ്ഥാനക്കാർ നായന്മാരെ അധിക്ഷേപിച്ചുവരുന്നതു കേട്ട് ഇനിയും നായക്കടങ്ങിയിരിക്കുവാൻ കഴിയുന്നതല്ലെന്നും, ആക്ഷേപങ്ങൾ

അവർ തുടരുന്നപക്ഷം ഉണ്ടാകാവുന്ന ഗൌരവാവഹമായ ആപൽഘട്ടത്തിലേയ്ക്കു ഗവമ്മെൻറിൻെറ ശ്രദ്ധയെ ക്ഷണിക്കുന്നു എന്നും, ആയിരുന്നു പ്രധാനമായ പ്രമേയം. നായക്കു സർവ്വീസിൽ കൂടുതൽ പ്രാതിനിധ്യം വേണമെന്നും, നായർപട്ടാളം തുടൎന്നുകൊണ്ടുപോകണമെന്നും, മററുമായിരുന്നു വേറെയുള്ള പ്രമേയങ്ങൾ. നായർസമുദായചരിത്രത്തിലെ തുലോം അപഹാസ്യകരവും പ്രതിലോമപരവും ആയ ഒരു ഘട്ടത്തെ തിരുവനന്തപുരത്തേ സംയുക്തസമ്മേളനം കുറിക്കുന്നു. ഉല്പതിഷ്ണുതത്തിൻേറയും വിശാലാശയങ്ങളുടേയും ഔദാൎയ്യബുദ്ധിയുടേയും നടനരംഗമായിരുന്ന നായർസമുദായസമ്മേളനപ്പന്തൽ യാഥാസ്ഥിതികത്വത്തിൻേറയും ആത്മാഭിമാനരാഹിത്യത്തിൻേറയും സ്വാൎത്ഥതല്പരതയുടേയും സങ്കേതമായി രൂപാന്തരപ്പെട്ടു. നിവൎത്തനപ്രസ്ഥാനത്തെ ബലം പ്രയോഗിച്ചമൎത്തുവാൻ ഗവമ്മെന്റിനവസരമുണ്ടാക്കിക്കൊടുക്കയാണ് സംയുക്തസമ്മേളനം ചെയ്തതു്.

യുവജനസമ്മേളനത്തിലാദ്ധ്യക്ഷം വഹിച്ചതു് മി. മള്ളൂർ ഗോവിന്ദപ്പിള്ളയാണെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രസ്തുത സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ തിരുവട്ടാററു മി. എൻ. താണുപിള്ള സബ്ജക്ററ്കമ്മിററിയോഗത്തിൽ നിരസിക്കപ്പെട്ട അദ്ദേഹത്തിൻെറ ഒരു പ്രമേയം പൊതുസമ്മേളനത്തിൽ ഹാജരാക്കുവാൻ അനുമതിവേണമെന്നദ്ധ്യക്ഷനോടാവശ്യപ്പെട്ടു. വൎഗ്ഗീയസംഘടനകൾ അവയുടെ ഉപയോഗത്തെ അതിജീവിച്ചു സമുദായമദ്ധ്യത്തിൽ കലക്കമുണ്ടാക്കുന്നതനാശാസ്യമായതുകൊണ്ടു് അവ, അവസാനിപ്പിക്കണമെന്നായിരുന്നു പ്രമേയത്തിന്റെ സംക്ഷിപ്തം. ആ പ്രമേയത്തിൻെറ ഉള്ളടക്കം വായിച്ചപ്പോൾത്തന്നെ അദ്ധ്യക്ഷൻ സമചിത്തത വെടിഞ്ഞു ക്ഷോഭാകുലനായിത്തീൎന്നു. അദ്ദേഹം ആ സമ്മേളനത്തിൽവച്ചുതന്നെ മി. താണുപിള്ളയെ ഹാസ്യരൂപത്തിൽ പരുഷമായി ഭത്സിക്കുകയും പ്രമേയമവതരിപ്പിക്കാനനുമതി നിഷേധിക്കുകയുംചെയ്തു. മി. താണുപിള്ളയുടെ പ്രമേയം, ബഹുസഹസ്രം രൂപാ ചിലവഴിച്ചു കണ്ണാടിച്ചില്ലിൽ പടുത്തുകെട്ടിയിട്ടുള്ള ആ സമ്മേളനസൌധത്തെ തകൎത്തുകളഞ്ഞെങ്കിലോ, എന്നൊരു ഭയം അദ്ധ്യക്ഷനെ ബാധിച്ചിരുന്നതുപോലെയാണു പ്രേക്ഷകന്മാൎക്കു

തോന്നിയത്. തിരുവനന്തപുരത്തുവച്ച് ൧൦൬൯-ൽ ആരംഭിച്ച അനാശാസ്യവും ആപല്ക്കരവുംആയ ഈ അധഃപ്രസംഞ്ചാരം അടുത്ത വഷം കോട്ടയത്തുകൂടിയ സമ്മേളനത്തിൽവച്ചു പൂർത്തിയായി. തിരുവിതാംകൂറിൽ പ്രായപൂർത്തിവോട്ടവകാശം നടപ്പിലാക്കുവാൻ പാടില്ലെന്നുള്ള ജനദ്രോഹപരമായ പ്രമേയം ഈ സമ്മേളനത്തിൽവച്ചാണ് അംഗീകൃതമായത്. എന്തൊരു ദയനീയമായ അധഃപതനത്തെയാണ് ഈ സമ്മേളനം കുറിക്കുന്നതെന്നു വായനക്കാർ സങ്കല്പിച്ചുകൊള്ളട്ടെ.

നിവത്തനപ്രസ്ഥാനത്തിൻെറ ആവിർഭാവത്തിനുശേഷം തിരുവിതാംകൂറിലേ രാഷ്ട്രീയാന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന വിപൽക്കരമായ പരിവത്തനങ്ങളെ ചങ്ങനാശേരി സമഗ്രമായി നിരീക്ഷണം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം കഴിഞ്ഞുപോയ തൻെറ വിപുലമായ പൊതുക്കാര്യപ്രവത്തനങ്ങളിലേയ്ക്കൊന്നു തിരിഞ്ഞു കണ്ണോടിച്ചു. സാമുദായികസംഘടനകളോടു തനിക്കുണ്ടായിരുന്ന ബന്ധങ്ങളെപ്പററിയുള്ള സ്മരണകൾ ഒരു ചലനചിത്രത്തിലെന്നപോലെ അദ്ദേഹത്തിന്റെ ഹൃദയത്തിൽക്കൂടി ഒന്നൊന്നായി കടന്നുപോയി. സാമുദായികസംഘടനകളേയും അവയുടെ ഇടുങ്ങിയ പ്രവത്തനപരിധിയേയുംപററി ചിന്തിക്കുവാൻ ഈ സ്മരണകൾ അദ്ദേഹത്തെ പ്രേരിപ്പിച്ചു. സർവ്വീസ്സൊസൈററിയുടെ അദ്ധ്യക്ഷനം, നായർസമുദായത്തിൻെറ അനിഷേധ്യനേതാവുമെന്ന നിലയിൽ താൻ അനുഷ്ഠിച്ചിട്ടുള്ള വർഗ്ഗീയസേവനങ്ങളെ അദ്ദേഹം നിഷ്പക്ഷബുദ്ധിയോടെ വിമർശിക്കുവാൻ മടിച്ചില്ല. സാമുദായികസ്ഥാപനങ്ങൾ ദേശീയമായ ഐക്യത്തിനു വിഘാതമായിത്തീരുകയില്ലെന്നുള്ള അടിയുറച്ച വിശ്വാസത്തെ ആസ്പദമാക്കിയാണ് അന്നദ്ദേഹം തൻെറ പ്രവത്തനങ്ങൾ നിയന്ത്രിച്ചിരുന്നത്. വിവിധസമുദായസംഘടനകൾ സംയോജിപ്പിച്ച് ഒരു കേന്ദ്രസമിതി രൂപവല്ക്കരിച്ച് രാജ്യക്ഷേമത്തിനു വേണ്ടി പ്രയത്നിക്കുവാൻ കഴിയുമെന്നും അദ്ദേഹം പ്രത്യാശിക്കാതിരുന്നില്ല. വയ്ക്കത്തു നടന്ന നായരീഴവസമ്മേളനം ഈ ആശയത്തിന്റെ പ്രായോഗികമായ ഒരാദ്യപടിയായിട്ടാണ് അദ്ദേഹം കരുതിയിരുന്നത്. എന്നാൽ നിവത്തന

പ്രക്ഷോഭണവും അതിനെത്തുടർന്നുണ്ടായ സംഭവഗതികളും
അദ്ദേഹത്തിന്റെ വിശ്വാസങ്ങളെ ഗാഢമായി ചലിപ്പിച്ചു.
തന്റെ സാമുദായികാദർശങ്ങൾ പുരോഭാഗത്തു് ഒന്നൊന്നായി
തകർന്നുവീഴുന്നതു് അദ്ദേഹം കണ്ടു. സർവ്വസമുദായമൈത്രിയും
ദേശീയബോധവും കൈവരുത്തുന്നതിനു സാമുദായികസ്ഥാപ
നങ്ങൾ എന്നും പ്രതിബന്ധമായിത്തീരുകയേ ഉള്ളു എന്ന
ബോധം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ദൃഢമൂലമായി. വർഗ്ഗീയ
മനോഭാവവും ദേശീയബോധവും രണ്ടും രണ്ടാണെന്നും, വിവിധ
വർഗ്ഗങ്ങളുടെ വിഭിന്ന താല്പര്യങ്ങൾ പരസ്പരസംഘട്ടനങ്ങളി
ലല്ലാതെ ശാശ്വതമായ ഐക്യത്തിലും സമഭാവനയിലുമെത്തി
ച്ചേരുകയില്ലെന്നും, അദ്ദേഹത്തിനു ബോദ്ധ്യമായി. നിവർത്തനപ്ര
സ്ഥാനത്തിന്റേയും സർവ്വീസ് സൊസൈററിയുടേയും പ്രചര
ണങ്ങളും പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ നൂതനമായ ഈ
അഭിപ്രായങ്ങൾക്കു പ്രാബല്യം നൽകി. സാമുദായികസ്ഥാപന
ങ്ങളുമായുള്ള തന്റെ ചിരകാലബന്ധം നിശ്ശേഷം പരിത്യജി
ക്കുവാനുള്ള ഘട്ടം സമാഗതമായിരിക്കുന്നു എന്നദ്ദേഹത്തിനു
തോന്നി. സംയുക്തസമ്മേളനത്തോടു നിസ്സഹകരണമനുഷ്ഠിക്കു
വാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച മനോഭാവം ഇതുതന്നെയാ
യിരുന്നു.

ഔദ്യോഗികജീവിതം ഒരു വിശ്രമകാലഘട്ടമായി മാത്ര
മാണു് ചങ്ങനാശേരി കരുതിയിരുന്നതു്. തിരുവിതാംകൂറിലും
പുറത്തുമുള്ള പൊതുക്കാര്യജീവിതത്തിൽ അനുദിനമെന്നവണ്ണം
സംഭവിച്ചുകൊണ്ടിരുന്ന പരിവർത്തനങ്ങളെ സൂക്ഷിച്ചു പഠി
ക്കുവാൻ ഉദ്യോഗജീവിതത്തിലും അദ്ദേഹം വൈമുഖ്യം പ്രദർശി
പ്പിച്ചിരുന്നില്ല. തിരുവിതാംകൂറിൽ വളർന്നുവന്ന വർഗ്ഗീയമത്സര
ങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചി
രുന്നു. ഏതൊരു പ്രവർത്തനമാർഗ്ഗമാണു താൻ സ്വീകരിക്കേണ്ട
തെന്നതിനെക്കുറിച്ചുള്ള ഉൽക്കണ്ഠാകുലമായ ചിന്തകളിൽ
അദ്ദേഹം അഹോരാത്രങ്ങൾ കഴിച്ചുകൂട്ടി. പ്രവൃത്തിശൂന്യമായ
അലസജീവിതം അദ്ദേഹത്തെ അസ്വസ്ഥനാക്കി. വിശ്രമരഹി
തമായ പൊതുക്കാര്യജീവിതത്തിൽ പൂർവ്വാധികം ഊർജ്ജസ്വ
ലതയോടുകൂടി ഇറങ്ങുവാൻ ഹൃദയമദ്ദേഹത്തെ അനുശാ
സിച്ചു. ചങ്ങനാശേരി സൂക്ഷ്മദൃഷ്ടിയോടുകൂടി പുറപ്പാട്ടം

നടന്നുകൊണ്ടിരുന്ന സംഭവങ്ങൾ സൂക്ഷിച്ചു വീക്ഷിച്ചു. തിരുവിതാംകൂറിലേ സമുദായാന്തരീക്ഷത്തെ അന്നു ദുർഗ്ഗന്ധമലിനമാക്കിക്കൊണ്ടിരുന്ന വർഗ്ഗീയമത്സരങ്ങളും അവയെ പുരോഗമിപ്പിക്കുന്ന അസഭ്യസാഹിത്യവുമാണ് അദ്ദേഹത്തിൻെറ ദൃഷ്ടികൾ നോക്കുന്നിടത്തെല്ലാം ദർശിച്ചതു്. ഈ വർഗ്ഗീയകലഹങ്ങൾക്ക് ഒരുപശാന്തിയുണ്ടാക്കുവാൻ യഥാശക്തി പ്രവർത്തിക്കുകയെന്നുള്ളതാണു തൻെറ കർത്തവ്യമെന്ന് അദ്ദേഹം മനസ്സിലാക്കി.

"ഇന്റർനാഷനൽഫെല്ലോഷിപ്പി"ൻെറ സിക്രട്ടറിയായ മി. എ. ഏ. പാൾ തിരുവനന്തപുരത്തു വന്നപ്പോൾ അദ്ദേഹത്തെ സ്വീകരിക്കുവാൻ ഒരു ചായസൽക്കാരം ചിലർകൂടി നടത്തുകയുണ്ടായി. അന്നു വിവിധസമുദായങ്ങളിലെ നേതാക്കന്മാർ ആ സല്ക്കാരത്തിൽ പങ്കുകൊണ്ടിരുന്നു. ആ സമ്മേളനത്തിൽവച്ചു സമുദായവഴക്കുകൾക്കു പരിഹാരമുണ്ടാക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററി ചില ആലോചനകൾ നടന്നതിൽ ചങ്ങനാശേരിയും പങ്കുകൊണ്ടു. പക്ഷേ മത്സരങ്ങൾ അവസാനിപ്പിക്കുവാനുള്ള സമയം സമാഗതമായിയെന്നു വിഭിന്നകക്ഷികൾക്ക് അപ്പോഴും ബോദ്ധ്യപ്പെട്ടുകഴിഞ്ഞിരുന്നില്ലാത്തതുകൊണ്ടു് ആലോചനകൾ വിഫലമായി. ൧൧൦൧-തുലാമാസത്തിൽ ആലുവായിൽവച്ചു് ഈ വിഷയത്തെപ്പററിത്തന്നെ ആലോചിക്കുവാൻ മി. ഏ. എം. വക്കിയുടെ അദ്ധ്യക്ഷതയിൽ മറെറാരു യോഗംകൂടി. അതിലും ചങ്ങനാശേരി സന്ധിച്ചിരുന്നു. നിയമസഭയിൽ എല്ലാ വർഗ്ഗങ്ങൾക്കും ശരിയായ പ്രാതിനിദ്ധ്യം ലഭിക്കുന്നതിനുള്ള ഒരു പദ്ധതി നിർദ്ദേശിക്കുന്നതിനു് ഒരു ഫ്രാഞ്ചൈസ് കമ്മീഷണരെ നിയമിക്കുവാൻ ഗവമ്മെൻറിനോടപേക്ഷിക്കണമെന്നായിരുന്നു ആ യോഗം നിശ്ചയിച്ചതു്. ആ യോഗനടപടികൾ ചില കാരണങ്ങളാൽ രഹസ്യമായി സൂക്ഷിക്കുകയാണു ചെയ്തതെങ്കിലും, ചങ്ങനാശേരി സമ്മേളനനിശ്ചയത്തെ യഥാകാലം ഗവമ്മെൻറിനെ അറിയിക്കയുണ്ടായി.

ഇതിനുശേഷം ൧൧൦൧-അവസാനത്തിൽ ചങ്ങനാശേരി നിവർത്തനപ്രക്ഷോഭണത്തോടും വർഗ്ഗീയപ്രശ്നങ്ങളോടും തനിക്കുള്ള മനോഭാവം വെളിപ്പെടുത്തിക്കൊണ്ടു വിശദമായ

ഒരു പ്രസ്താവന പുറപ്പെടുവിച്ചു. നിവൎത്തനകക്ഷിയുടെ അവകാശവാദങ്ങളോടു തനിക്കുള്ള അനുഭാവം ചങ്ങനാശേരി ഈ പ്രസ്താവനയിൽ പ്രകടമാക്കി എങ്കിലും, അവരുടെ പ്രക്ഷോഭണപരിപാടിയുടെ വിവിധ ഘട്ടങ്ങളെ അദ്ദേഹം അപലപിച്ചു. നിയമസഭകളോടു നിസ്സഹകരണമനുഷ്ഠിക്കുന്നതിൽ അവ്യവസ്ഥാപിതമായി യാതൊന്നുംതന്നെയില്ലെങ്കിലും, അതിലേയ്ക്കുള്ള കാരണങ്ങൾ ഉണ്ടായിട്ടില്ലെന്ന് അദ്ദേഹം സമൎത്ഥിച്ചു. നിവൎത്തനകക്ഷി അവരുടെ നിയോജകമണ്ഡലങ്ങളിൽനിന്ന് ഇതരസമുദായാംഗങ്ങളെ തിരഞ്ഞെടുക്കുവാൻ സ്വീകരിച്ച നടപടികളേയും അധീശഗവൎമ്മേൻറിനു മെമ്മോറിയൽ അയച്ചതിൽ പ്രദൎശിപ്പിച്ച അനൌചിത്യത്തേയും അദ്ദേഹം അധിക്ഷേപിച്ചു. അതോടുകൂടിത്തന്നെ തിരുവനന്തപുരത്തെ സംയുക്തനായർസമ്മേളനത്തിൻെറ നടപടികളേയും അദ്ദേഹം രൂക്ഷമായി വിമൎശിക്കാതിരുന്നില്ല. നിവൎത്തനകക്ഷി നായർസമുദായത്തെ ഭത്സിക്കുന്നതിനേയും, നായർസമുദായം സഹായകരമല്ലാത്ത ഒരു നില സ്വീകരിച്ചിരുന്നതിനേയും, അദ്ദേഹം കുറ്റപ്പെടുത്തി. ഗവൎമ്മെൻറിൻെറ നിലയേയും അദ്ദേഹം നിരൂപിക്കാതിരുന്നില്ല. നിവൎത്തനകക്ഷി അവ്യവസ്ഥാപിതമായ മാൎഗ്ഗങ്ങളൊന്നുംതന്നെ സ്വീകരിച്ചിരുന്നില്ലാത്തതിനാൽ, പൌരസഞ്ചയത്തിന്റെ പ്രാഥമികപൌരാവകാശങ്ങളിൽ കൈവയ്ക്കുവാൻ ഗവൎമ്മെൻറ് ഒരുമ്പെട്ടതിനെ അദ്ദേഹം പ്രതികൂലിച്ചു. ഈ വിഷമപ്രശ്നങ്ങൾക്കു പരിഹാരമാൎഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ വിപുലമായ ഒരന്വേഷണം നടത്തേണ്ടതിൻെറ ആവശ്യകതയെപ്പററി അദ്ദേഹം പ്രതിപാദിച്ചു. അവസാനമായി വൎഗ്ഗീയാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാൻ വേണ്ടി ചിലവഴിക്കുന്ന പ്രയത്നത്തിലൊരംശം ഭരണഘടന നവീകരിക്കുവാൻ വേണ്ടിയുള്ള പ്രക്ഷോഭണത്തിനു ചിലവഴിച്ചിരുന്നു എങ്കിൽ അത് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാൎഗ്ഗമായിരുന്നേനേ എന്നദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്തു.

ഈ പ്രസ്താവന ഇരുപക്ഷത്തുനിന്നുമുള്ള ശക്തിയായ പ്രതിഷേധങ്ങൾക്കും ആക്ഷേപങ്ങൾക്കും കാരണമാക്കിയെന്നുള്ളതുതന്നെ അതിലന്തൎഭവിക്കുന്ന നീതിബോധത്തെ വെളിപ്പെടുത്തുന്നുണ്ട്.

# അദ്ധ്യായം ൩൧

നിവർത്തനപ്രസ്ഥാനത്തിനും തിരുവിതാംകൂറിലെ നിശിതമായ സമുദായവഴക്കിനും കാരണമാക്കിയ ൧൧൦൮-ലെ ഭരണപരിഷ്കാരപ്രശ്നത്തിനു സർ മഹമ്മദ് ഹബീബുള്ള അദ്ദേഹത്തിന്റെ ഭരണകാലത്തു് ഒരുവിധം ന്യായമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. പ്രാതിനിധ്യം പബ്ളിക്‌സർവ്വീസിലില്ലാത്ത സമുദായങ്ങൾക്കു പ്രത്യേക സൌജന്യങ്ങൾ ഏർപ്പെടുത്തിയും, കാര്യക്ഷമതയ്ക്കു ഭംഗം നേരിടാതിരിക്കാൻ പബ്ളിക് പരീക്ഷകൾ നടത്തിയും, ഗവൺമെൻറുദ്യോഗങ്ങളിലേയ്ക്കു പ്രവേശനം നിയന്ത്രിക്കുവാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കി. ഈ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ ഒരു പബ്ളിക്‌സർവ്വീസ് കമ്മീഷണരെ നിയമിച്ചു. അതുപോലെതന്നെ ഈഴവർ, മുസൽമാന്മാർ, ലത്തീൻകത്തോലിക്കർ മുതലായ അവശസമുദായങ്ങൾക്കു ജനസംഖ്യാനുപാതികമായി ലഭിക്കുവാനർഹതയുള്ളിടത്തോളം സ്ഥാനങ്ങൾ സംവരണംചെയ്തു. നിവർത്തനകക്ഷിയുടെ ന്യായമായ അവകാശവാദങ്ങൾ എല്ലാംതന്നെ അവർക്കു സ്ഥാപിച്ചുകിട്ടി. ആ നിലയിൽ സംയുക്തരാഷ്ട്രീയസഭയുടെ പ്രക്ഷോഭണം വിജയകരമായിട്ടാണു പര്യവസാനിച്ചതു്. വർഗ്ഗീയ സമത്വം സ്ഥാപിക്കുവാനും അവശതകൾ പരിഹരിക്കുവാനുമുള്ള സർ മഹമ്മദ് ഹബീബുള്ളായുടെ ആത്മാർത്ഥമായ ശ്രമങ്ങളെപ്പറ്റി ചില നായർസങ്കേതങ്ങളിൽനിന്നു് ആക്ഷേപശബ്ദങ്ങൾ പൊങ്ങിയെങ്കിലും നിഷ്പക്ഷബുദ്ധികൾ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്തു.

നിവർത്തനകക്ഷിയുടെ അവകാശവാദങ്ങൾ അംഗീകരിച്ചു്, അവശസമുദായങ്ങൾക്കു നിയമസഭകളിൽ സംവരണം അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനം സർ മഹമ്മദ് ഹബീബുള്ള പ്രസിദ്ധപ്പെടുത്തിയതിനുശേഷം ൧൧൧-ലെ ക്രിസ്തുമസ്സ് കാലത്തു കോന്നിയിൽവച്ചു മി. മള്ളൂർ ഗോവിന്ദപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ നായർമഹാസമ്മേളനം നടന്നു. പ്രസ്തുത സമ്മേളനത്തിൽവച്ചു മി. മള്ളൂർ നായരീഴവമൈത്രിയേ പുരസ്കരിച്ചു് ഹൃദയസ്പൃക്കായ ഒരഭ്യർത്ഥന ചെയ്തു. നായർ

സമുദായവും സർവ്വീസ്സൊസൈററിയും അവശസമുദായങ്ങളുടെ ഉന്നമനത്തിനു വേണ്ടി ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെ ഒന്നൊന്നായി ചൂണ്ടിക്കാണിച്ച്, അല്പകാലം മുൻപുവരെ ദൃഢതരമായിരുന്ന നായരീഴവമൈത്രിയെപ്പററി വികാരസ്പൃക്കമാംവണ്ണം അനുസ്മരിക്കുകയും, അതിനു ഹേതുഭൂതനായിരുന്ന ടി. കെ. മാധവൻെറ നേതൃത്വത്തെ പുകഴ്ത്തുകയും, അദ്ദേഹത്തിന്റെ അകാലചരമത്തിൽ ഉള്ളഴിഞ്ഞു ഖേദിക്കയും, ചെയ്തുകൊണ്ടുള്ള മി. മള്ളൂരിന്റെ പ്രസംഗം "ടി. കെ. മാധവൻ ഇന്നുണ്ടായിരുന്നു എങ്കിൽ, ഉണ്ടായിരുന്നു എങ്കിൽ, ഉണ്ടായിരുന്നു എങ്കിൽ" എന്നുള്ള ഗൽഗദപൂർണ്ണമായ വിലാപത്തോടുകൂടിയാണത്രേ അവസാനിച്ചതു്. ഈഴവസമുദായത്തിൻെറ അവകാശസ്ഥാപനത്തിനുവേണ്ടി സധീരം പോരാടി കാരാഗൃഹവാസം വരിച്ച മി. സി. കേശവന്റെ കേസിൽ മി. മള്ളൂരായിരുന്നു സക്കാർഭാഗം കേസു വാദിച്ചതു്. മി. സി. കേശവന്റെ ശിക്ഷ വർദ്ധിപ്പിക്കുവാൻ മി. മള്ളൂർ ഹൈക്കോടതിയിൽ ചെയ്ത ഉദ്വേഗജനകമായ പ്രസംഗത്തിന്റെ മാറ്റൊലികൾ അന്തരീക്ഷത്തിൽ വിലയം പ്രാപിക്കുന്നതിനുമുൻപു് അദ്ദേഹം ചെയ്ത ഈ ആഹ്വാനം മി. സി. കേശവന്റെ ശത്രുരനായ മി. സി. വി. കുഞ്ഞുരാമനെ വല്ലാതെ ക്ഷോഭിപ്പിച്ചതിൽ അസ്വാഭാവികമായി യാതൊന്നും തന്നെ ഇല്ലല്ലോ! അടുത്തു നടന്ന ഈഴവ-ക്രൈസ്തവ-മുസ്ലിം സമുദായങ്ങളുടെ സംയുക്തസമ്മേളനത്തിന്റെ അദ്ധ്യക്ഷപീഠത്തിൽനിന്നുകൊണ്ടു മി. സി. വി. കുഞ്ഞിരാമൻ മി. മള്ളൂരിനു നൽകിയ മറുപടിയിൽ ഏതാനും ഭാഗം താഴെ ചേക്കുന്നു:—

"കോന്നി നായർസമ്മേളനത്തിലെ അദ്ധ്യക്ഷന്റെ പ്രസംഗത്തിൽ കണ്ട ചില പ്രസ്താവനകളെക്കുറിച്ചുകൂടി ഒന്നു രണ്ടു വാക്കുകൾ പറഞ്ഞു് എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. 'ഇതരവർഗ്ഗക്കാരുടെ സാമുദായികോൽക്കർഷത്തിനുള്ള ശ്രമങ്ങളിൽ പങ്കുകൊള്ളുകയും, അവരുമായുള്ള മൈത്രിയെ പാലിക്കുകയും, വർദ്ധിപ്പിക്കുകയും, അധഃകൃതവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്ക' എന്നതു് നായർസർവ്വീസ്സൊസൈറ്റിയുടെ ഉദ്ദേശമാണെന്നു് അതിന്റെ നിബന്ധനകളിൽ ഉള്ളതു ശരിതന്നെ. ൧൧൦൯-മേടം ൨൩-ാം

തീയ്യതി വയ്ക്കത്തു് ഒരു നായരീഴവസമ്മേളനം സൌഹാർദ്ദപൂർവ്വം നടന്നു എന്നുള്ളതും ശരിതന്നെ. വയ്ക്കംസത്യാഗ്രഹത്തിൽ നായന്മാർ പങ്കെടുക്കുകയും അതിനെ നയിക്കുകയും ചെയ്തു എന്നുള്ളതും പരമാർത്ഥംതന്നെ.............ഈ വിശേഷങ്ങളൊക്കെ നടന്ന കാലത്തു മി. മള്ളൂർ ഗോവിന്ദപ്പിള്ള തിരുവിതാംകൂറിൽത്തന്നെ ഉണ്ടായിരുന്നു. ഇതിലേതെങ്കിലും ഒന്നിൽ അദ്ദേഹം വല്ല പങ്കുമെടുത്തോ? ഈ ഉദ്യമങ്ങളിലേതിനെങ്കിലും പ്രതികൂലമായിട്ടല്ലാതെ നിന്നിട്ടുണ്ടെന്നു മനഃസാക്ഷിയെ വഞ്ചിക്കാതെ പറയുവാൻ അദ്ദേഹത്തിനു കഴിയുമോ? നായർസർവ്വീസ്സൊസൈററിയുടെ മേൽ പ്രസ്താവിച്ച ഉദ്ദേശങ്ങൾ ആ സൊസൈറ്റി നിർവ്വഹിച്ചുവന്നതു് വിശാലഹൃദയനും യഥാർത്ഥമായ സമുദായമൈത്രിക്കും, തന്മൂലം രാജ്യശ്രേയസ്സിനും വേണ്ടി അനുസ്യൂതം പ്രവർത്തിച്ചുകൊണ്ടിരുന്ന ആളും ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്ന ആളും ആയ മി. ചങ്ങനാശേരി പരമേശ്വരൻപിള്ള ആ സൊസൈററിയുടെ നേതൃത്വം വഹിച്ചിരുന്ന കാലത്താണു്. അദ്ദേഹം നേതാവായിരുന്ന കാലത്തു് സർവ്വീസ്സൊസൈററിയിൽ ധൂമകേതുക്കളുടെ ഉദയം ഉണ്ടാകുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. അദ്ദേഹം നേതൃത്വത്തിൽനിന്നു പിന്മാറുകയും ചില ധൂമകേതുക്കൾകൂടി അതിൽ കടന്നുകൂടുകയും ചെയ്തശേഷമുള്ള അതിന്റെ അപദാനങ്ങളാണു് ഇക്കൊല്ലം കോന്നിയിലും, കഴിഞ്ഞ കൊല്ലം കോട്ടയത്തും, മുൻകൊല്ലം തിരുവനന്തപുരത്തും, പ്രത്യക്ഷമായി, ഈ അടുത്തകാലത്തു കഴിഞ്ഞ അനാവശ്യങ്ങൾക്കൊക്കെ സംഗതി വരുത്തിയതു്. നായർസമുദായം ഈഴവർക്കു ചെയ്ത ഉപകാരങ്ങളുടെ പട്ടിക മി. മള്ളൂർ ഗോവിന്ദപ്പിള്ള എഴുതിയല്ലോ! ഈ പട്ടികയുടെ മറുപുറത്തു് ഈഴവർക്കു നായന്മാർ ചെയ്ത ഉപദ്രവങ്ങളുടെ പട്ടികകൂടി പറഞ്ഞിരുന്നെങ്കിൽ അദ്ദേഹം കഴിഞ്ഞകാലത്തെ ശരിയായ ഒരു വിവരണം നൽകി എന്നെങ്കിലും വിചാരിക്കാമായിരുന്നു...................രാഷ്ട്രീയബുദ്ധി കേരളീയരിൽ നായന്മാർക്കാണു കൂടുതലെന്നു് അഭിമാനിക്കുന്ന മി. മള്ളൂർ ൧൧൦൮-ലെ വിലക്ഷണമായ നിയമസഭാപരിഷ്കാരത്തെ ഭേദപ്പെടുത്തിക്കിട്ടുവാൻ മി. ചങ്ങനാശേരി പരമേശ്വ

രൻപിള്ളയുടെ നേതൃത്വത്തിൽ നടത്തിയ പ്രക്ഷോഭണത്തെ എതിർക്കുവാൻ കാണിച്ച പരാക്രമങ്ങൾ അദ്ദേഹത്തിനു രാഷ്ട്രീയബുദ്ധിയുടെ കണികപോലും ഉണ്ടെന്നോ ഇല്ലെന്നോ പ്രഖ്യാപനംചെയ്യുന്നത്?.................മി. മള്ളൂർ സമർത്ഥനായ ഒരു നടനാണെന്നു ഞാൻ കേട്ടിട്ടുണ്ട്. ആ സാമർത്ഥ്യം നാടകവേദിയിലെപ്പോലെ പ്രസംഗവേദിയിലും പ്രകടിപ്പിക്കാറുള്ളതിന് ഒരു നല്ല ദൃഷ്ടാന്തം അദ്ദേഹത്തിന്റെ പ്രസംഗത്തിലും കാണ്മാനുണ്ട്. പരേതനായ ടി. കെ. മാധവൻ ക്ഷേത്രപ്രവേശനത്തിനും മററും പ്രക്ഷോഭണം നടത്തിയ കാലത്ത് അദ്ദേഹത്തിന്റെ പ്രസ്ഥാനങ്ങൾക്ക വിരോധികളായിരുന്നവരിൽ അഗ്രഗണ്യൻ മി. മള്ളൂരായിരുന്നു. മാധവന്റെ ദേഹവിയോഗം കഴിഞ്ഞു് ഇപ്പോൾ സംവത്സരങ്ങളും പലതു കഴിഞ്ഞു. ആ അത്യാഹിതത്തെക്കുറിച്ച് 'ആ യശഃശ്ശരീരൻ ഇന്നുണ്ടായിരുന്നുവെങ്കിൽ—ഉണ്ടായിരുന്നു എങ്കിൽ—ഉണ്ടായിരുന്നു എങ്കിൽ' എന്നിങ്ങനെ മി. മള്ളൂർ ഗൽഗദപൂർണ്ണനായി ഇപ്പോൾ വിലപിക്കുന്നതു കേട്ടാൽ.................. ........................................നാണം തോന്നുന്നതാണ്. നാട്യമേതു, നേരേതെന്നു ക്ഷീരനീരങ്ങളെ തിരിച്ചെടുക്കുവാൻ കഴിയാത്ത അദ്ദേഹത്തിന്റെ പ്രസംഗത്തെക്കുറിച്ച് ഇതിലധികമൊന്നും ഇവിടെ പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല."

സർ മഹമ്മദ്ഹബീബുള്ളായുടെ നിയോജകമണ്ഡലപരിഷ്കാരത്തിനുശേഷം സംയുക്തസമുദായങ്ങൾക്കും സവീസ് സൊസൈററിയുടെ നേതൃത്വത്തിൽ നായർസമുദായത്തിനും തമ്മിൽ പരസ്യമായ ഒരു ബലപരീക്ഷണത്തിനു വക നൽകിയ നിയമസഭാതിരഞ്ഞെടുപ്പിന്റെ കാലം സമാഗതമായി. നിവർത്തനകക്ഷിയിൽപെട്ട സംയുക്തസമുദായങ്ങൾക്കും സർവീസ് സൊസൈററിക്കും ഇങ്ങിനെയൊരു മത്സരംകൂടാതെ കഴിച്ചാൽ കൊള്ളാമെന്നാഗ്രഹമുണ്ടായിരുന്നു. ഈ മോഹം ഇന്റർനാഷനൽ ഫെല്ലോഷിപ്പ് സിക്രട്ടറിയായ മി. എ. എ. പാളിന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തുവച്ച് ഒരാലോചനാ

യോഗം കൂട്ടുവാൻ കാരണമാക്കി. വിവിധ കക്ഷികളിലെ നേതാക്കന്മാർസന്നിഹിതരായിരുന്ന ഈ യോഗത്തിൽ ചങ്ങനാശേരിയും പങ്കുകൊണ്ടിരുന്നു. അവിടെവച്ചു സംവരണംചെയ്തു് നീക്കിവച്ചിട്ടുള്ള സീററുകൾ ഒഴിച്ചു ബാക്കി സ്ഥാനങ്ങൾ നായന്മാരും ക്രസ്ത്യാനികളും തമ്മിൽ വീതിച്ചെടുക്കുവാൻ ഒരാലോചന നടന്നു. തിരഞ്ഞെടുപ്പുമത്സരങ്ങളും ധനദുർവ്യയവും കൂടാതെ നിയമസഭകളിൽപ്രവേശിച്ചു കൃതകൃത്യരാകാമെന്നാണു് ഇരുകക്ഷികളും പ്രതീക്ഷിച്ചതു്. വിശേഷിച്ചും സർവീസുസൊസൈററിയുടെ പ്രതിനിധികളായി അവിടെ സന്നിഹിതരായിരുന്ന നേതാക്കന്മാക്കു സംയുക്തകക്ഷിയുടെ എതിർപ്പുകൂടാതെ നിയമസഭാസ്ഥാനങ്ങൾ കരസ്ഥമാക്കണമെന്നു കലശലായ ആഗ്രഹമുണ്ടായിരുന്നു. തലേന്നാൾവരെ സംയുക്തസമുദായങ്ങളെ അമിതമായ ഭാഷയിൽ അപലപിച്ചും, ഒരു ബലപരീക്ഷയ്ക്കു നിവൎത്തനനേതാക്കന്മാരെ വെല്ലുവിളിച്ചും, ഹിന്ദുരാജ്യമെന്നവരവകാശപ്പെട്ട തിരുവിതാംകൂറിലെ ഹൈന്ദവതാല്പൎയ്യങ്ങളെ സംരക്ഷിക്കുവാൻ സാഹസപ്പെട്ടും, പല പ്രചരണങ്ങളുടേയും പ്രക്ഷോഭണങ്ങളുടേയും കൎത്താക്കന്മാരായി സമുദായമദ്ധ്യത്തിൽ പരിലസിച്ചിരുന്ന സർവ്വീസ് സൊസൈററിപ്രവൎത്തകന്മാർ, അവരുടെ അവജ്ഞയ്ക്കും അവഹേളനങ്ങൾക്കും പാത്രമായിരുന്ന സമുദായങ്ങളുടെ കാരുണ്യപൂൎവ്വമായ പിന്തുണ അഭ്യർത്ഥിച്ചുകൊണ്ടു, നിയമസഭയിൽ പ്രവേശിക്കുവാൻ ബദ്ധപ്പെടുന്ന കാഴ്ച തികച്ചും ആശ്ചൎയ്യജനകമായിരുന്നു. നായരും ക്രസ്ത്യാനിയും തമ്മിൽ തിരുവിതാംകൂറിലെ ജനറൽസീററുകൾ വിഭജിക്കുന്ന കാൎയ്യം അവർ പറഞ്ഞൊതുക്കാൻ ശ്രമിച്ചതു് എങ്ങിനെയെന്നു് ഇപ്പോഴും അജ്ഞാതമായിട്ടുതന്നെയാണു് ഇരിക്കുന്നതു്. നേതൃത്വം അവകാശപ്പെടുന്നവർ നൽകുന്ന പ്രതിജ്ഞ നിയോജകമണ്ഡലങ്ങൾ പരിപാലിക്കുമെന്നുള്ളതിലേയ്ക്കു് എന്തൊരുറപ്പാണു് അവർക്കു നൽകുവാൻ കഴിയുമായിരുന്നതെന്നുള്ളതും അവ്യക്തമായിത്തന്നെ ഇരിക്കുന്നു. ഒരു തിരഞ്ഞെടുപ്പിനു പ്രസ്തുത ആലോചനായോഗത്തിൽവച്ചുചെയ്യുന്ന തീരുമാനം പൊതുവെ അംഗീകരിക്കപ്പെടുന്നതായാൽത്തന്നെ പിന്നീടുള്ള തിരഞ്ഞെടുപ്പുമത്സരങ്ങളിൽ ആ ഉടമ്പടി 'പരിപാലിക്കപ്പെടുമെന്നു്

ആക്കെങ്ങിനെ പറയുവാൻ കഴിയുമെന്നുള്ള കാൎയ്യവും അന്നാലോചനാവിഷയമായില്ല. എതുപ്പുകൂടാതെ അന്നത്തെ നിയമസഭയിൽ കടന്നുകൂടണമെന്നുള്ളതിൽ കവിഞ്ഞു യാതൊരു ചിന്തകളും ആ നേതാക്കന്മാരെ അലട്ടിയിരിക്കാനിടയില്ല. സർ മഹമ്മദ് ഹബീബുള്ളായുടെ നിയോജകമണ്ഡലപരിഷ്ക്കാരത്തെ എതിൎത്തതും, നായർതാല്പൎയ്യങ്ങളെ സംരക്ഷിക്കുവാൻവേണ്ടി പുതിയ നിർദ്ദേശങ്ങളെ പ്രതിഷേധിക്കുവാനും പ്രക്ഷോഭണം നടത്തുവാനും നിശ്ചയിച്ചതും, നിവൎത്തനസമുദായങ്ങളോട് ഉടമ്പടിയുണ്ടാക്കുവാനുദ്യമിച്ച സൎവ്വീസ് സൊസൈറ്റി തല്ക്കാലത്തേയ്ക്കു വിസ്മരിച്ചു എന്നുള്ളതും വിചിത്രമായിരിക്കുന്നു. 'ചുരു'വിൽ നിയമസഭയിൽ പ്രവേശിക്കുകയെന്നുള്ളതു മാത്രമായിരുന്നു അന്നവരെ അഭിമുഖീകരിച്ചിരുന്ന സജീവപ്രശ്നം.

എന്നാൽ ഉടമ്പടിയിലെ നിബന്ധനകളനുസരിച്ചു നിയോജകമണ്ഡലങ്ങൾ പ്രവൎത്തിക്കുമെന്നതിലേയ്ക്കു ഉത്തരവാദിത്വം നായർസമുദായത്തിൻെറ പേരിൽ ഏല്ക്കുവാൻ വേണ്ട ധീരതയും ആത്മവിശ്വാസവും അന്നു സർവ്വീസ് സൊസൈററിക്കുണ്ടായിരുന്നില്ല. സർവ്വീസ് സെസൈറ്റിക്കുള്ള സ്വാധീനശക്തിയുടെ പരിമിതി ആ നേതാക്കന്മാരറിഞ്ഞിരുന്നതുപോലെ മററാരുംതന്നെ അന്നറിഞ്ഞിരുന്നതുമില്ല. എങ്കിലും സൊസൈററിപ്രവൎത്തകന്മാർ അവരുടെ ശ്രമം തുടരുകതന്നെ ചെയ്തു. അവർ കൊല്ലത്തുവച്ചു വിപുലമായ തോതിൽ നായർ നേതാക്കന്മാരുടെ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടി. എന്നാൽ ആ സമ്മേളനത്തിൽ സന്ധിച്ചിരുന്ന നായർപ്രമാണികൾക്കു സൊസൈററിപ്രവൎത്തകന്മാരുടെ ആന്തരമായ ഉദ്ദേശത്തെപ്പററി മുന്നറിവുണ്ടായിരുന്നതുകൊണ്ടു് അവരുടെ നിർദ്ദേശങ്ങളെ ആ യോഗം ബഹുഭൂരിപക്ഷത്തോടെ നിരാകരിക്കയാണു ചെയ്തതു്. അങ്ങിനെ ആ ആകാശക്കോട്ട തകൎന്നുവീണു ശിഥിലമായിപ്പോയി.

യഥാകാലം രാജ്യമൊട്ടുക്കു തിരഞ്ഞെടുപ്പു നടന്നു. ആ അവസരത്തിൽ നായർസർവ്വീസ് സൊസൈറ്റിക്കു സൎവ്വത്ര പരാജയമാണു സംഭവിച്ചതു്. സംയുക്തകക്ഷിയും സൊസൈററിയും

തമ്മിൽ വാശിയോടും വികാരാവേശത്തോടുംകൂടി മത്സരിച്ചതു പത്തനംതിട്ട താലൂക്കിലായിരുന്നു. അന്നത്തെ തിരഞ്ഞെടുപ്പു വരെ ഒരു ദേശീയവാദിയായും കാൺഗ്രസ്സ്പ്രണയിയായും അറിയപ്പെട്ടിരുന്ന ശ്രീയുത് കെ. കുമാർ സൊസൈററിയുടെ ഭൗതികവും സാന്മാർഗ്ഗികവുമായ പിന്തുണയോടുകൂടി സമരാങ്കണത്തിൽ പ്രത്യക്ഷപ്പെട്ടു. സംയുക്തസമുദായങ്ങളുടെ അനിഷേധ്യനേതാവും പ്രബലനുമായിരുന്ന മി. ടി. എം. വർഗ്ഗീസിനോടാണ് അന്നുവരെ ഒരു തീവ്രദേശീയവാദിയായിരുന്ന മി. കുമാറിന് ഏററുമുട്ടേണ്ടിവന്നതു്. ദുഷ്പ്രചരണങ്ങളും ആഭാസസാഹിത്യവുംകൊണ്ടു പത്തനംതിട്ട നിയോജകമണ്ഡലത്തിലെ അന്തരീക്ഷം മലിനവും ദുർഗ്ഗന്ധപൂർണ്ണവുമായിത്തീർന്നു. ഇരുകക്ഷികളും വിദ്വേഷബുദ്ധിയോടുകൂടി പരസ്പരം ഭർത്സിച്ചു. തിരുവിതാംകൂറിലെ വർഗ്ഗീയമത്സരം അതിന്റെ പാരമ്യത്തിലെത്തി. ഒട്ടുവളരെ ധനം ദുർവ്വ്യയം ചെയ്യപ്പെട്ടു. അവസാനത്തിൽ സ്ഥിരബുദ്ധിയുള്ളവർ പ്രതീക്ഷിച്ചിരുന്നതുപോലെതന്നെ മി. ടി. എം. വർഗ്ഗീസ് വിജയിയായി. ൯൦–ൽ ചങ്ങനാശേരി സ്ഥാനാർത്ഥിയായി നിന്നു മത്സരിച്ച തിരുവല്ലാതിരഞ്ഞെടുപ്പിനെ അനുസ്മരിപ്പിക്കുന്ന പല രംഗങ്ങളും പത്തനംതിട്ടയിലും ആവർത്തിക്കപ്പെട്ടു. പക്ഷേ വർഗ്ഗീയമത്സരത്തിലും സർവ്വീസ് സൊസൈററിയുടെ ജനസമ്മിതിയല്ല, ചങ്ങനാശേരിയുടെ വ്യക്തിപരമായ പ്രാബല്യമാണു തിരുവല്ലായിൽ വിജയത്തിനു വഴി തെളിച്ചതെന്നു പത്തനംതിട്ടയിലെ തിരഞ്ഞെടുപ്പു വെളിപ്പെടുത്തി.

അന്നുവരെ, തിരുവിതാംകൂറിൽ ദുഷിച്ച വർഗ്ഗീയമത്സരങ്ങൾ നടമാടുന്ന രംഗങ്ങളിൽ ഒരു രാഷ്ട്രീയപ്രവർത്തകനായിരുന്ന മി. കുമാറിനെ ആരും ഒരിക്കൽപോലും കണ്ടിട്ടില്ല. ഒരു തികഞ്ഞ ദേശീയപ്രവർത്തകനും, രാജ്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി തിരുവിതാംകൂറിനകത്തും പുറത്തും ജയിൽവാസം വരിച്ചിട്ടുള്ള ഒരു ധീരദേശാഭിമാനിയുമായിട്ടാണ് അദ്ദേഹത്തെ തിരുവിതാംകൂറിലേ ജനങ്ങൾ അറിഞ്ഞിരുന്നതു്. മററു രാഷ്ട്രീയപരിതഃസ്ഥിതികളിൽ ത്യാഗമോഹനമായിരുന്ന മി.

മി. കുമാറിൻെറ ദേശീയസേവനങ്ങളേ പരിഗണിച്ച പൌര ബോധമുള്ള ഒരു നിയോജകമണ്ഡലം സംയുക്തകക്ഷിയുടെ നേതാവായ മി. ടി. എം. വർഗ്ഗീസിനെ തിരസ്കരിച്ച് അന്നു വരെവർഗ്ഗീയമായ പടേണിക്കളത്തിൽ ഇളകിയാടിയിട്ടില്ലാത്ത രാഷ്ട്രീയപ്രവർത്തകനായ മി. കുമാറിനെ നിശ്ശങ്കം തിരഞ്ഞെടുക്കുമായിരുന്നു. നിർഭാഗ്യവശാൽ അന്നു മി. കുമാർ രംഗപ്രവേശം ചെയ്തതു വർഗ്ഗീയവാദികളായ ഏതാനും നായന്മാരുടെ ഉദ്ദേശസാദ്ധ്യത്തിനുള്ള ഒരുപകരണമെന്ന നിലയിലായിരുന്നു. അതുകൊണ്ടു തിരുവിതാംകൂറിലേ രാഷ്ട്രീയാന്തരീക്ഷം വർഗ്ഗീയവിദ്വേഷംകൊണ്ട് എത്ര വളരെ കലുഷപ്പെട്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതെങ്കിലും, മി. കുമാറിൻെറ പരാജയം ദേശീയത്വത്തിന്റെ പരാജയമായിരുന്നു എന്നു പ്രസ്താവിക്കുന്നതു സത്യവിരുദ്ധമായിരിക്കും. നിവർത്തനകക്ഷിയുടെ വർഗ്ഗീയത്വം നായരുടെ വർഗ്ഗീയത്വത്തെ പരാജയപ്പെടുത്തിയ ദയനീയമായ കാഴ്ചയാണു പത്തനംതിട്ട നിയോജകമണ്ഡലത്തിൽ നിഷ്പക്ഷബുദ്ധിയുള്ള പ്രേക്ഷകന്മാർ ദർശിച്ചതു്. അന്നു വർത്തമാനപ്പത്രങ്ങളിലും പ്രസംഗമണ്ഡപങ്ങളിലും മുഴങ്ങിക്കൊണ്ടിരുന്ന വിഷസങ്കലിതമായ വർഗ്ഗീയപ്രചരണങ്ങളെ വിഗണിച്ച്, സമുദായവാദികളുടെ മാലിന്യം ചേർന്ന മുഷ്ടികളിൽനിന്നു വിമോചിച്ച്, ഒരു ദേശാഭിമാനിയുടെ വ്യക്തിസ്വാതന്ത്ര്യത്തോടുകൂടിയാണു മി. കുമാർ തിരഞ്ഞെടുപ്പിൽ മത്സരിച്ചിരുന്നതെങ്കിൽ അദ്ദേഹത്തിനു പരാജയംതന്നെ സംഭവിച്ചിരുന്നാലും അതൊരു ശോഭനമായ പരാജയമായിരുന്നേനേ. അന്നത്തെ പരിതഃസ്ഥിതികളിൽ വിജയവും, പരാജയവും ഒന്നുപോലെ നികൃഷ്ടവും നിഷ്പ്രയോജനവുമായിരുന്നു.

നായർസർവ്വീസ്സൊസൈറ്റിയുടെ അന്നത്തെ നിലയെപ്പററി യശഃശ്ശരീരനായ ഈ. വി. കൃഷ്ണപിള്ള ചെയ്ത രസകരമായ ഒരു പ്രസംഗത്തിൽ ഇങ്ങിനെ പ്രതിപാദിച്ചിട്ടുണ്ട്:—

"നായർസർവ്വീസ്സൊസൈററി സംയുക്തത്തിനെതിരാണെന്നു ഞാൻ സമ്മതിക്കാം. ഒരുകാലത്തങ്ങിനെയല്ലായിരുന്നു അതിന്റെ നില...............സ്വാതന്ത്ര്യകാംക്ഷയുള്ള

നായർസമുദായം സർവ്വീസ്സൊസൈറ്റിവഴിയായി അതിന്റെ ഉൽകൃഷ്ടാശയങ്ങൾ വിശദീകരിച്ചുകൊണ്ടിരുന്നു. അതു് അന്നത്തെ അതിന്റെ അദ്ധ്യക്ഷനായിരുന്ന മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ പൌരുഷംകൊണ്ടായിരുന്നു. അദ്ദേഹത്തിൻെറ ദീർഘദൃഷ്ടിയായിരുന്നു സർവ്വീസ്സൊസൈറ്റി അന്നു പരിപാലിച്ച വിശാലനയത്തിനു കാരണം. അദ്ദേഹം അതിൽനിന്നു മാറിയതിനുശേഷം സൊസൈററി ചില ഉദ്യോഗസ്ഥന്മാരുടേയും, ഉദ്യോഗാൎത്ഥികളുടേയും, ഉദ്യോഗംപോലെ സക്കാർആനുകൂല്യങ്ങളായ കൺട്രാക്ററു്, പാഠ്യപുസ്തകക്കുത്തക മുതലായ ലാഭങ്ങൾ ആശിക്കുന്നവരുടേയും, കയ്യിൽ അകപ്പെട്ടു. മി. ചങ്ങനാശേരിയുടെ അഭാവത്തിൽ അപ്രകാരം ഒരു താങ്ങൽ ഇല്ലാതെ സൊസൈററിയെ നിലനിൎത്തുന്നതിനു തൽപ്രവത്തകന്മാക്കു കഴിവില്ലാതെ വന്നു.....................
............ഈ ആനുകൂല്യങ്ങൾ പ്രതീക്ഷിച്ചുതന്നെയായിരിക്കണം ചിലർ പത്തനംതിട്ടയിൽ മി. ടി. എം. വൎഗ്ഗീസിനെ എതിൎക്കുവാൻ പോയതു്.............മി. കുമാറിനു് ഒററ വോട്ടെങ്കിലും കൂടുതൽ കിട്ടുമെന്നു് ഇവർ തീരെ ആശിച്ചിരിക്കുകയില്ല. പോലീസുകാർ ബീററുബുക്കു് ഒപ്പിടുവിക്കുന്ന മാതിരി ഇവർ ആരേയൊ ബോദ്ധ്യപ്പെടുത്തുന്നതിനു പത്തനംതിട്ട യുദ്ധത്തിൽ ഭാഗഭാക്കുകളായി.”

# അദ്ധ്യായം നവ്വ

മുന്നദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ സർവ്വീസ് സൊസൈററിയിലെ അധികൃതകേന്ദ്രങ്ങളെ അപ്രതീക്ഷിതമായി അമ്പരപ്പിക്കുമാറു ചങ്ങനാശേരി പരമേശ്വരൻപിള്ള സമുദായമദ്ധ്യത്തിൽ സംഭ്രമജനകമായ ഒരാശയത്തിനു ബീജാവാപം ചെയ്തു. ആ ജ്വലനവസ്തു അതിഭയങ്കരമാംവണ്ണം പൊട്ടിത്തെറിച്ചു നാലുപാടും ചിന്നിച്ചിതറി. നായർസമുദായതാല്പര്യങ്ങളുടെ സംരക്ഷകന്മാർ എന്ന് സ്വയം അവകാശപ്പെടുന്ന ചില നേതാക്കന്മാർ വല്ലാതെ നടുങ്ങി. വലിയ പിടപ്പും ഒച്ചപ്പാടുകളും സമുദായമദ്ധ്യത്തിൽ കേട്ടുതുടങ്ങി. ചങ്ങനാശേരിയുടെ പ്രക്ഷോഭജനകമായ പുഴവാതുപ്രസംഗമാണ് ഈ പരിഭ്രമങ്ങൾക്കും അസ്വസ്ഥതകൾക്കും കാരണമാക്കിയതു്.

തിരുവനന്തപുരത്തുവച്ചു നടന്ന സംയുക്തസമ്മേളനത്തോടുകൂടി ചങ്ങനാശേരി സാമുദായികസ്ഥാപനങ്ങളോടുള്ള ബന്ധം വേർപെടുത്തിയതും, അതിലേയ്ക്കു പ്രേരകമായിരുന്ന കാരണങ്ങളും, ഇതിനകം പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. നായർസർവ്വീസ് സൊസൈററിയിലെ സാമാജികത്വം രാജിവച്ചുകൊണ്ട് ഔദ്യോഗികമായ ഒരു കത്തു് അദ്ദേഹം ആ സ്ഥാപനത്തിൻെറ ഭരണസമിതിക്കയച്ചുകൊടുത്തു. എന്നാൽ അന്ന് ആ സ്ഥാപനത്തിൻെറ അദ്ധ്യക്ഷനായിരുന്ന മി. ദാമോദരനാശാൻേറയും, എം. എൻ. നായരുടേയും സ്നേഹപൂർവ്വമായ നിർബന്ധങ്ങളെ പരിഗണിച്ച് അദ്ദേഹം രാജി പിൻവലിക്കയുണ്ടായി. ഈ ഘട്ടത്തിലാണു ചങ്ങനാശേരിത്താലൂക്കു നായർസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുവാൻ തൽഭാരവാഹികൾ അദ്ദേഹത്തെ ക്ഷണിച്ചതു്. സാമുദായികരംഗങ്ങളിൽനിന്നദ്ദേഹം പിൻവാങ്ങിയിട്ടു കാലം പലതു കഴിഞ്ഞിരുന്നു എങ്കിലും, സ്വന്തം നാട്ടുകാർ നടത്തുന്ന ഈ സമ്മേളനത്തിൽനിന്നുമുള്ള ക്ഷണം സ്വീകരിക്കുവാൻതന്നെ അദ്ദേഹം

നിശ്ചയിച്ചു. തിരുവിതാംകൂറിലേ സാമുദായികജീവിതത്തിലും രാഷ്ട്രീയരംഗങ്ങളിലും നായർസമുദായത്തിൻെറ പേരിൽ ചില പത്രങ്ങളും സ്ഥാപനങ്ങളും ഉത്തരവാദബോധമില്ലാതെ അനുവർത്തിച്ചിരുന്ന അനാശാസ്യമായ നയത്തെപ്പററി, ദീർഘവും സൂക്ഷ്മവുമായ ചിന്തകളുടെ ഫലമായി തൻെറ ഹൃദയത്തിൽ അങ്കുരിച്ചിട്ടുള്ള അഭിപ്രായങ്ങളെ പരസ്യമായി പ്രകടിപ്പിക്കുവാൻ അദ്ദേഹം ഒരവസരം കാത്തിരിക്കയായിരുന്നു. സ്വജീവിതത്തിലെ ഒരു വലിയ ഭാഗം സമുദായസേവനത്തിനായി അർപ്പിച്ചിരുന്ന ഒരു വ്യക്തിയെന്ന നിലയിൽ തൻെറ ആശയങ്ങൾ നിർഭയമായും കൃത്യബോധത്തോടുകൂടിയും പ്രകാശിപ്പിക്കുവാൻ പററിയ രംഗം ഒരു നായർസമ്മേളനംതന്നെയാണെന്നും അദ്ദേഹം തീർച്ചയാക്കി.

കൂടാതെ തിരുവിതാംകൂറിലെ യുവാക്കന്മാരുടെ വീക്ഷണകോടിയിൽ സംഭവിച്ചുകൊണ്ടിരുന്ന മാററങ്ങളും ആശങ്കകളോടുകൂടിയാണു ചങ്ങനാശേരി വീക്ഷിച്ചുകൊണ്ടിരുന്നതു്. ഭാരതഭൂമിയിലെന്നുവേണ്ട ലോകമൊട്ടുക്കുതന്നെ ഉണ്ടായിക്കൊണ്ടിരുന്ന പരിവർത്തനങ്ങൾ യുവലോകത്തു പല പ്രത്യാഘാതങ്ങൾക്കും കാരണമാകുന്നതു് അദ്ദേഹം സൂക്ഷിച്ചു വീക്ഷിച്ചു. വർഗ്ഗീയതയുടെ അന്ത്യനിമിഷങ്ങൾ അടുത്തു വരികയായിരുന്നു. ജാതിമതവർഗ്ഗഭേദങ്ങളിൽ നിന്നു ജന്മമെടുത്ത വിഭിന്നതകളെ അടിച്ചുതകക്കുവാൻ യുവാക്കന്മാർ കോപ്പുകൂട്ടുകയായിരുന്നു. ഈ ഘട്ടത്തിലാണു ഡാക്ടർ രാജൻെറ അദ്ധ്യക്ഷതയിൽ അഖിലതിരുവിതാംകൂർ യുവജനസമ്മേളനം തിരുവനന്തപുരത്തു വച്ചു നടത്തിയതു്. തിരുവിതാംകൂറിലെ വർഗ്ഗീയസംഘടനകൾ അവയുടെ ഉപയോഗത്തെ അതിജീവിക്കയയാണെന്നും സാമ്പത്തികവും രാഷ്ട്രീയവുമായ പരിപാടിയോടുകൂടിയ ഒരു അഖിലതിരുവിതാംകൂർസംഘടനയിൽ അവ ലയിക്കേണ്ടതാണെന്നും ഒരു പ്രമേയം ഈ സമ്മേളനം അംഗീകരിച്ചു. ആ പ്രമേയമവതരിപ്പിച്ചതു്, അക്കാലങ്ങൾക്കുശേഷം മുഷിഞ്ഞ വസ്ത്രങ്ങൾപോലെ അഭിപ്രായങ്ങൾ മാററിക്കൊണ്ടിരുന്ന മി. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള

യാണെന്നു പറയുന്നതു് പൂർവ്വാപരവൈരുദ്ധ്യം നിറഞ്ഞ ഒരു നാടകത്തിലെ, പ്രത്യക്ഷപ്പെട്ടുമറഞ്ഞുകൊണ്ടിരിക്കുന്ന വിവിധ രംഗങ്ങൾ എന്നപോലെ ഒരു പക്ഷേ ഇന്നു വായനക്കാർക്കു കൌതുകകരമായി തോന്നിയേക്കാം മി. സി. ഐ. പരമേശ്വരൻപിള്ള പ്രസ്തുത പ്രമേയത്തെ എതിർത്തു പ്രസംഗിച്ചു. അതിനെത്തുടർന്നു പ്രസംഗിച്ച മി. ജി. രാമചന്ദ്രൻ പ്രതികൂല കക്ഷികളുടെ വാദമുഖങ്ങളെ ഛിന്നഭിന്നമാക്കി. 'പ്രമേയം ബഹുഭൂരിപക്ഷത്തോടെ അംഗീകൃതമായി. ചങ്ങനാശേരി ആ യോഗത്തിൽ സന്നിഹിതനായിരുന്നു. ആ സമ്മേളനത്തിൽ നടന്ന വാദപ്രതിവാദങ്ങളിൽ അദ്ദേഹം അതീവതാല്പര്യം പ്രകടിപ്പിച്ചു. 'വർഗ്ഗീയസംഘടനകളെപ്പററിയുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞാൻ ഒരു നായർസമ്മേളനത്തിൽ പ്രകടിപ്പിക്കുവാൻ പോകുന്നതു കേൾക്കണമെങ്കിൽ എൻെറ കൂടെ പുഴവാതൽ എന്ന സ്ഥലത്തു വരിക' എന്നു പറഞ്ഞുകൊണ്ടാണു മി. രാമചന്ദ്രൻെറ പ്രസംഗത്തെ യോഗാനന്തരം ചങ്ങനാശേരി അഭിനന്ദിച്ചതു്. ചങ്ങനാശേരിയുടെ ക്ഷണം സ്വീകരിച്ചു പുഴവാതുസമ്മേളനത്തിൽ മി. രാമചന്ദ്രൻ സന്നിഹിതനായിരുന്നു.

൧൧൧-കന്നി ൨൨-ാംനു- ചങ്ങനാശേരിയിൽ പുഴവാതുക്ഷേത്രവളപ്പിൽ വച്ചായിരുന്നു ആ സമ്മേളനം നടന്നതു്. നിവർത്തനപ്രക്ഷോഭണമാരംഭിച്ചതിനുശേഷം നടന്നിരുന്ന നായർസമ്മേളനങ്ങളുടെ മാതൃകയിൽത്തന്നെയാണു പുഴവാതുസമ്മേളനവും നടത്തുവാൻ അതിൻെറ പ്രവർത്തകന്മാർ തീർച്ചയാക്കിയിരുന്നതു്. സമാജത്തിൻെറ പ്രവർത്തനറിപ്പോർട്ടു കാര്യപരിപാടിയിലെ ഒരു വിഷയമായിരുന്നു എങ്കിലും, യാതൊരു റിപ്പോർട്ടും അവിടെ വായിക്കയുണ്ടായില്ല. രണ്ടു തീപ്പൊരിപ്രസംഗക്കാർ നായർസമുദായത്തിനു് ഇതരസമുദായങ്ങളുടെ മത്സരംകൊണ്ടു നേരിട്ടിരിക്കുന്ന ആപത്തുകളേയും, അവയെ നേരിടുവാൻ ഏവരും സംഘടിച്ചു് അരയും തലയും മുറുക്കി സമരരംഗത്തിലിറങ്ങേണ്ട ആവശ്യകതയേയുംപററി ആവേശജനകമാംവണ്ണം പ്രസംഗിച്ചു. പുഴവാതുസമ്മേളനത്തിൽ നടന്ന ഓരോ നടപടിയും സാമുദായികവിഷയങ്ങളെക്കുറിച്ചു ചങ്ങനാശേരിക്കുണ്ടായിരുന്ന നൂതനമായ അഭിപ്രായ

ങ്ങളെ പ്രബലപ്പെടുത്തുകയാണ ചെയ്തത്. അദ്ദേഹം സാമു ദായികസംഘടനകളുടെ അപഥസഞ്ചാരത്തെപ്പററി തനിക്കു ണ്ടായിരുന്ന ആശയങ്ങളുടെ ഒരംശം ആ സമ്മേളനത്തിൽവച്ചു പ്രകടിപ്പിക്കുവാൻതന്നെ നിശ്ചയിച്ചു.

നായർസമുദായസ്ഥാപനങ്ങൾ നായർയുവാക്കന്മാരെ പ്പോലെതന്നെ തൊഴിലില്ലായ്മകൊണ്ടു വലഞ്ഞുതുടങ്ങിയിട്ടു ണ്ടെന്നും, അതിനാൽ ശരിയായ പ്രവൎത്തനപരിപാടികൾ നൽ കി, അവയെ പരിഷ്കരിക്കയോ അല്ലെങ്കിൽ പരിപൂൎണ്ണമായി അവസാനിപ്പിക്കയോ ചെയ്യേണ്ട കാലഘട്ടം അത്യാസന്ന മായിരിക്കുന്നുഎന്നുമുള്ള മുഖവുരയോടുകൂടിയാണ ചങ്ങനാശേരി തൻെറ പ്രസംഗമാരംഭിച്ചത്. സാമുദായികസ്ഥാപനങ്ങൾ രാഷ്ട്രീയകാൎയ്യങ്ങളിൽ ഇടപെട്ടു കുഴപ്പങ്ങളുണ്ടാക്കുന്നതിനെ അ ദ്ദേഹം ശക്തിയായി ആക്ഷേപിച്ചു. അനന്തരം അദ്ദേഹം ഇങ്ങ നെ തുടൎന്നു.

"സർവ്വസമുദായമൈത്രി വിദൂരമായ ഒരു ഭാവിയിൽ അ ല്ലാതെ സാധിക്കുന്നതല്ലെന്ന് ഇന്നൊരു പ്രാസംഗികൻ പറയു കയുണ്ടായി. എന്നാൽ അതുടനെ സാധിക്കേണ്ട കാൎയ്യമാണെ ന്നാണ് എൻെറ അഭിപ്രായം. ഈഴവരുടെ അവശതകളെ തീൎക്കുന്നതിനു നാം വേണ്ട പരിശ്രമങ്ങൾ ചെയ്തിട്ടും അവരും നമ്മോടു പിരിഞ്ഞു പ്രവൎത്തിക്കുന്നതുതന്നെ സമുദായമൈത്രി സാദ്ധ്യമല്ലെന്നുള്ളതിനു ദൃഷ്ടാന്തമായി ചിലർ പറയുന്നു. എ ന്നാൽ ഈഴവരുടെ അവശതകൾ നീക്കുന്നതിനു നായർസമു ദായം കഴിയുന്നതു മുഴുവൻ ചെയ്തുകഴിഞ്ഞു എന്നു പറവാൻ ഞാൻ തയാറില്ല. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ അവൎക്കിന്നു യാതൊരവശതയും ബാക്കി കാണ്മാൻ കാൎയ്യമില്ലായിരുന്നു. വ യ്ക്കംസത്യാഗ്രഹത്തിലും ഗുരുവായൂർസത്യാഗ്രഹത്തിലും നായ ന്മാരാണ മുന്നിട്ടുനിന്നു പ്രവൎത്തിച്ചിട്ടുള്ളത് എന്നതു ഞാൻ വിസ്മരിക്കുന്നില്ല. അതുപോലെ ക്ഷേത്രപ്രവേശനാന്വേഷണ കമ്മററിയുടെ മുൻപാകെ മൊഴികൊടുത്ത നായന്മാരിൽ നൂററിനു തൊണ്ണൂററിരണ്ടുപേരും ക്ഷേത്രപ്രവേശനത്തിനനുകൂലികളാ യിരുന്നു എന്നുള്ളതും ഞാൻ ഓൎമ്മിക്കാതിരിക്കുന്നില്ല. ഇതൊ ക്കെയായിട്ടും ക്ഷേത്രപ്രവേശനം സാധിക്കാത്തതെന്തുകൊ

ണ്ടാണ്? സക്കാരിൻെറ പ്രതിബന്ധമാണെന്നുത്തരം പറയുമായിരിക്കാം. എന്നാൽ സക്കാരിൻെറ അധീനതയിലുള്ളതുപോലെ നിരവധി ക്ഷേത്രങ്ങൾ നായന്മാരുടെ കീഴിലുണ്ട്. ഇവയിലൊന്നുംതന്നെ പ്രവേശനം ഇതുവരെ കൊടുക്കാത്തതിൻെറ അത്ഥമെന്തു്? നായന്മാർ ആത്മാത്ഥമായി ക്ഷേത്രപ്രവേശനത്തിനനുകൂലികളാണെങ്കിൽ ഇതിൻെറ അത്ഥമെന്താണ്? അതുപോലെതന്നെ പല ഈഴവരും നിയമസമിതികളിൽ പ്രവേശിക്കുന്നതിനാഗ്രഹിച്ചിരുന്നെങ്കിലും അവരെ ആരെയെങ്കിലും തിരഞ്ഞെടുക്കുന്നതിനു നായന്മാർ ഒരിക്കലെങ്കിലും സഹായിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ സംയുക്തരാഷ്ട്രീയസഭയിൽ ചേന്നു പ്രക്ഷോഭണം നടത്തി അവരുടെ അവകാശസ്ഥാപനം ചെയ്യുന്നതു തെററാണെന്നെങ്ങിനെ പറയാം.

മററു സമുദായക്കാർ നായന്മാരെ കലശലായി ശകാരിക്കുന്നുണ്ടെന്നു മറെറാരു പരാതിയുണ്ട്. ഞാൻ ഇയ്യിടെ നമ്മുടെ പത്രങ്ങൾ എല്ലാം വായിക്കാത്തതുകൊണ്ടു് ആരാണു കൂടുതൽ കുററക്കാർ എന്നു തീച്ചപ്പെടുത്തുവാൻ നിവൃത്തിയില്ലെങ്കിലും അറിവിൽപെട്ടിടത്തോളം ഇരുകക്ഷികളും ഇതിൽ നിരപരാധികളല്ല എന്നാണു തോന്നിയിട്ടുള്ളതു്. ഇരുകൈകളും കൂട്ടിയടിച്ചാലേ ശബ്ദമുണ്ടാവുകയുള്ളൂ. എന്നതുപോലെ അന്യോന്യ ശകാരംകൊണ്ടു മാത്രമേ വിദ്വേഷമുണ്ടാകയുള്ളൂ. രാഷ്ട്രീയകായ്യങ്ങളിൽ കൂടുതൽ പ്രാബല്യമുണ്ടെന്നു സംശയിക്കപ്പെടുന്ന സമുദായങ്ങളെപ്പററി മററു സമുദായങ്ങൾക്കു് അസൂയയും തെററിദ്ധാരണകളുമുണ്ടാകുന്നതും, അതാലോചനക്കുറവുകൊണ്ടു ശകാരമാകുന്നതും സാധാരണമാണ്. മലയാളിസഭക്കാർ തിരുവിതാംകൂറിലും, ജസ്റ്റിസ്കക്ഷി മദ്രാസിലും, ഈ തെററു പ്രവത്തിച്ചിട്ടുള്ളതും പ്രവത്തിച്ചുവരുന്നതുമായി നമുക്കറിയാം. അതൊരു വലിയ കായ്യമായിക്കരുതി എതിരു പ്രവത്തിക്കയല്ല ചെയ്യേണ്ടതെന്നുള്ളതു് ബ്രാഹ്മണരിൽനിന്നും പഠിക്കേണ്ടതാണ്. ഇതു വ്യക്തിപരമായും ശരിയായ ഒരു തത്വമാണ്."

സാമുദായികരംഗങ്ങളിൽനിന്നു കുറച്ചുകാലമായി പിൻവാങ്ങിനിന്നിരുന്ന ചങ്ങനാശേരിയുടെ അദ്ധ്യക്ഷപ്രസംഗം,

കേൾക്കുവാനുള്ള ജിജ്ഞാസയോടുകൂടി അനേകം നായന്മാർ പുഴവാതുക്ഷേത്രവളപ്പിൽ തിങ്ങിക്കൂടി നില്ക്കുന്നുണ്ടായിരുന്നു. അദ്ധ്യക്ഷപീഠത്തിനഭിമുഖമായി മുൻഭാഗത്തു നിരത്തിയിട്ടിരുന്ന കസാലകളിൽ മി. മന്നത്തു പത്മനാഭപിള്ളയും അദ്ദേഹത്തിൻെറ സഹപ്രവർത്തകന്മാരും ഇരുന്നിരുന്നു. പ്രസംഗിക്കുവാൻ ചങ്ങനാശേരി സ്വസ്ഥാനത്തെഴുന്നേററുനിന്നപ്പോൾ അദ്ദേഹത്തിൻെറ മുഖത്തു പ്രത്യക്ഷപ്പെട്ട നിശ്ചയദാർഢ്യവും ഉറപ്പും വളരെ അത്ഥഗർഭമായിരുന്നു. ഒരു കാലത്തു തന്റെ സഹപ്രവത്തകന്മാരും ആത്മമിത്രങ്ങളുമായിരുന്ന വർഗ്ഗീയനേതാക്കന്മാരുടെ മുഖത്തു നിന്നിമേഷനായി നോക്കിക്കൊണ്ട് അദ്ദേഹം തന്റെ പ്രസംഗമാരംഭിച്ചു. പടിപടിയായി അദ്ദേഹം തൻെറ ആശയങ്ങൾ അടുക്കി അപ്രതിരോധ്യമായ വാദമുഖങ്ങൾ ഒന്നൊന്നായി വിശദീകരിച്ചുതുടങ്ങിയതോടുകൂടി ആ സമ്മേളനപ്പന്തലിലെങ്ങും ജിജ്ഞാസയും ഉൽക്കണ്ഠയും നിറഞ്ഞ ഒരു നിശ്ചലത വ്യാപിച്ചു. ശ്രോതാക്കളുടെ മുഖം ഗാഢമായ ആലോചനകൊണ്ടു ഗൌരവപൂർണ്ണമായിത്തീരുന്നതദ്ദേഹം കണ്ടു. സർവീസ്സൊസൈററിയുടെ ജനറൽസിക്രട്ടറിയുടെ മുഖത്ത് അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന ഇരുളടഞ്ഞ ഭാവഭേദങ്ങൾ അദ്ദേഹം ദശിച്ചു. ചങ്ങനാശേരി പ്രസംഗമവസാനിപ്പിച്ചു സ്വസ്ഥാനത്തിരിക്കുന്നതുവരെ ഒരു മൊട്ടുസൂചി നിലംപതിക്കുന്ന ശബ്ദംപോലും വ്യക്തമായിക്കേൾക്കുവാൻ കഴിയത്തക്കവണ്ണം ആ പന്തലിലെ രംഗം അത്ര വളരെ നിശ്ശബ്ദമായിരുന്നു.

നിവത്തനപ്രക്ഷോഭണവും എതിർപ്രക്ഷോഭണവും ഏതൽജന്യങ്ങളായ അഭിപ്രായവൈരുദ്ധ്യങ്ങളും അനാരോഗ്യകരങ്ങളായ വാദപ്രതിവാദങ്ങളുംകൊണ്ടു നിറഞ്ഞിരുന്ന അന്നത്തെ അന്തരീക്ഷത്തിൽ ചങ്ങനാശേരിയുടെ ധീരവും സ്വതന്ത്രവുമായ അഭിപ്രായപ്രകടനം അപരാധബോധമുള്ള കേന്ദ്രങ്ങളിൽ അതികഠിനമായ ഹൃദയവേദനയ്ക്കും വൈരാഗ്യബുദ്ധിക്കും ഇടനൽകിയതിൽ ആശ്ചയ്യപ്പെടുവാനൊന്നുമില്ലല്ലോ. ആത്മാത്ഥമായ ഒരു ഹൃദയപരിശോധന നടത്തി ചങ്ങനാശേരിയുടെ ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണോ എന്നു ചച്ചചെയ്യേണ്ടതിനു പകരം ,അദ്ദേഹത്തെ സമുദായ

ദ്രോഹിയെന്ന മുദ്രയടിക്കുവാനും,പുഴവാതുപ്രസംഗത്തിൽ അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായങ്ങളെ പ്രതിഷേധിക്കുവാനുമാണു ചില നായർപ്രമാണികൾ ഒരുങ്ങിയിറങ്ങിയതു്. ചങ്ങനാശേരിയേ ചീത്തപ്പെടുത്തുവാൻ അവസരംപാത്തു കഴിഞ്ഞുകൂടിയിരുന്ന അദ്ദേഹത്തിൻെറ ചില പഴയ ശത്രുക്കൾ ഈ അവസരം പാഴാക്കരുതെന്നും നിശ്ചയിച്ചു. എന്നാൽ ഒരു കാലത്തു ചങ്ങനാശേരിയുടെ ആരാധകന്മാരിലദ്വിതീയനും, ഇടക്കാലത്തു വ്യക്തിപരമായ ചില കാരണങ്ങൾകൊണ്ടു് അദ്ദേഹത്തോടു ശത്രുഭാവത്തിൽ വത്തിച്ചിരുന്ന ദേഹവും ആയ നായർസർവ്വീസ് സൊസൈററിയുടെ ജനറൽസിക്രട്ടറി മി. മന്നത്തു പത്മനാഭപിള്ളയാണു് ആദ്യമായി ചന്ദ്രഹാസമെടുത്തുകൊണ്ടു ചങ്ങനാശേരീസംഹാരത്തിനായി മുന്നോട്ടു കുതിച്ചതെന്നുള്ളതു വിധിയുടെ ഒരു വിനോദമെന്നല്ലാതെ എന്തു പറയട്ടെ. സൊസൈറ്റിയുടെ നിയന്ത്രണത്തിൻകീഴിൽ നടന്നുവന്ന സർവ്വീസ്പത്രം ചങ്ങനാശേരിയുടെ പ്രസംഗത്തെപ്പററി അതിശയോക്തിപരവും സത്യരഹിതവുമായ ഒരു റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തി. മററു ചില നായർപത്രങ്ങൾ അദ്ദേഹത്തിൻെറ പ്രസംഗത്തെ പ്രതികൂലമായി വിമർശിച്ചുകൊണ്ടു മുഖപ്രസംഗങ്ങൾ പ്രസിദ്ധം ചെയ്തു.

പക്ഷെ ഇതുകൊണ്ടുമാത്രം മി. മന്നം സംതൃപ്തനായില്ല. അദ്ദേഹം തുക്കുപെട്ടിയും ശയ്യോപകരണങ്ങളുമായി തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ടു. ചങ്ങനാശേരീസംഹാരത്തിനു പറ്റിയ സ്ഥലം തിരുവനന്തപുരമാണെന്നാണു് അദ്ദേഹം നിശ്ചയിച്ചതു്. പരമേശ്വരൻപിള്ളയുടെ ശത്രുക്കൾ തുറന്ന കൈകളുമായി അദ്ദേഹത്തെ സ്വീകരിക്കുവാനും സൽക്കരിക്കുവാനും തയ്യാറായിരുന്നു. തിരുവനന്തപുരത്തു നായർയൂണിയൻഹോസ്റ്റലിൽവച്ചു ചങ്ങനാശേരിയുടെ പുഴവാതുപ്രസംഗത്തെ പ്രതിഷേധിക്കുവാൻ ഒരു യോഗം കൂടുമെന്നു വിവരിച്ചുകൊണ്ടു നോട്ടീസ്സുകൾ പുറപ്പെട്ടു. ൻ൭-ലെ തമ്പാന്നൂർയോഗത്തെ അനുസ്മരിപ്പിക്കുന്ന നായർയൂണിയൻഹോസ്റ്റലിലെ പ്രതിഷേധയോഗത്തിൻെറ ഒരു ചിത്രം ശ്രീയുത് ജി. രാമചന്ദ്രൻ രസകരമായ അദ്ദേഹത്തിൻെറ ശൈലിയിൽ എഴുതിയിരുന്നതു് ഇവിടെ ഉദ്ധരിക്കാം.

"ആ യോഗത്തിൻെറ പ്രവൎത്തനത്തിലും നടപടികളിലും തൽഭാരവാഹികൾ പ്രകടിപ്പിച്ച അനാശാസ്യതയേയും ഭീരുത്വത്തേയുംപററിയുള്ള എൻെറ പ്രതിഷേധം മററു സ്നേഹിതന്മാരോടൊപ്പം രേഖപ്പെടുത്തേണ്ടതു് എൻെറ ചുമതലയാണെന്നു കരുതിയാണു ഞാനല്പം താമസിച്ചെങ്കിലും ഈ കത്തു് എഴുതാനുദ്യമിക്കുന്നതു്.

മി. ചങ്ങനാശേരി നായർസമുദായത്തെ അവഹേളിച്ചു ചെയ്തതായി പറയപ്പെടുന്ന പ്രസ്താവനകൾ യാതൊന്നുംതന്നെ ആ പ്രതിഷേധയോഗനടപടികളോളം നായർസമുദായത്തെ അപരന്മാരുടെ പരിഹാസത്തിനും അവജ്ഞയ്ക്കും പാത്രമാക്കാൻ പൎയ്യാപ്തമായിട്ടില്ലെന്നാണു്, എൻെറ അഭിപ്രായം. അതു് ഒരു പൊതുയോഗമായിരുന്നത്രേ. വാസ്തവത്തിൽ ചില പ്രത്യേകതാല്പൎയ്യക്കാരുടെ യോഗം മാത്രമായിരുന്നു അതു്. പാവനമായ ഒരു വിദ്യാൎത്ഥിമന്ദിരത്തെ പ്രസ്തുത യോഗസങ്കേതമാക്കിയതു് ഒരു മഹാപരാധംതന്നെയായിരുന്നു. കുറേക്കൂടി പൊതുവായ ഒരു സ്ഥലത്തുവച്ചു യോഗം കൂടിയാൽ വലിയ എതിൎപ്പുണ്ടാകുമെന്നുള്ള ഭയമാണു് ഈ യോഗം നടത്തുന്നതിനു വിദ്യാൎത്ഥിമന്ദിരത്തെ തിരഞ്ഞെടുക്കുവാൻ പ്രേരകമായിരുന്നതെന്നു പറയപ്പെടുന്നതു പരമാൎത്ഥമായിരിക്കണം. അങ്ങിനെയാണെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഗൎഹണീയത വൎദ്ധിക്കുന്നതേയുള്ളു. യോഗഭാരവാഹികളുടെ ഉദ്ദേശത്തെ എന്തു ചെയ്തും നിറവേററുന്നതിനു വളരെ സൂക്ഷ്മമായും വിപുലമായും ഉള്ള ഏൎപ്പാടുകൾ നേരത്തേതന്നെ ചെയ്തിരുന്നു എന്നുള്ളതു യോഗത്തിൻെറ നടത്തിപ്പിൽനിന്നും സ്പഷ്ടമായിരുന്നു. അവിവേകപ്രകടനങ്ങൾക്കായി കരുതിക്കൂട്ടി നേരത്തേ സ്ഥലം പിടിച്ചിരുന്ന ഒരു കൂട്ടം അപക്വബുദ്ധികൾ അവിടെ ഹാജരാക്കപ്പെട്ട പ്രമേയങ്ങളെ ഭേദപ്പെടുത്തുന്നതിനും പ്രതികൂലിക്കുന്നതിനും ആരംഭിച്ചവരെ ആഭാസമായി ശകാരിക്കയും, ഭീഷണിപ്പെടുത്തുകയും, കൂക്കുവിളിക്കയും ചെയ്യുകയുണ്ടായി..........മി. പട്ടം താണുപിള്ളയുടെ പ്രസംഗത്തിനിടയിൽ നിൎദ്ദോഷമായ ഒന്നു രണ്ടു ചോദ്യങ്ങൾ ചോദിച്ചതിലേയ്ക്കായി രണ്ടു നായർയുവാക്കന്മാരെ മേൽ പ്രസ്താവിച്ച അവിവേകിസംഘം വളയുകയും

അവരെ അടികലശൽ ചെയ്യുമെന്ന ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതു ഞാൻ കണ്ടു.................യോഗഭാരവാഹികളായ നായർതലവന്മാരുടെ ദുർമ്മന്ത്രണഫലമായി ഒരുകൂട്ടം ചെറുപ്പക്കാർ അവിവേകം പ്രവർത്തിച്ചതാണെന്ന നമുക്ക വേണമെങ്കിൽ സമാധാനിക്കാം. എന്നാൽ അടുത്ത തലമുറക്കാരായ ചെറുപ്പക്കാരെ ഇപ്രകാരം വഴിപിഴപ്പിക്കയും ആക്ഷേപാർഹമായ ഇത്തരം സംരംഭങ്ങളിൽ അവരെ ആയുധമാക്കുകയും,ചെയ്യുന്ന പ്രമാണികളെപ്പററി ഞാനെന്തു പറയട്ടെ................ യോഗാദ്ധ്യക്ഷനായിരുന്ന ഡാക്ടർ മാധവൻപിള്ള ഭിന്നാഭിപ്രായമുള്ളവരെ ആഭാസന്മാരിൽനിന്ന രക്ഷിക്കുന്നതിന് ഒരക്ഷരം ഉരിയാടുകയോ ഒരു ചെറുവിരൽപോലും അനക്കുകയോ ചെയ്തില്ല............ചങ്ങനാശേരീസാഹോദര്യത്തിന് അരയും തലയും മുറുക്കി അവിടെക്കൂടിയിരുന്ന അദ്ധ്യക്ഷനൾപ്പെടെയുള്ള മഹാരഥന്മാർ ഭിന്നാഭിപ്രായക്കാർക്ക പറയുവാനുള്ളതു പറയുവാൻ അവസരം നൾകുന്നതിന തയാറില്ലായിരുന്ന എന്ന മാത്രമല്ല, യോഗനടപടികൾ അവരുടെ ഇച്ഛയ്ക്കൊത്ത വണ്ണം തുടർന്ന നടത്തുന്നതിന മേൽ പ്രസ്താവിച്ച തരത്തിലുള്ള ആഭാസപ്രകടനങ്ങളുടെ തണലിനെ ആശ്രയിക്കയും കൂടിയാണ ചെയ്തതു്. ഭേദഗതികളേയും ഭിന്നാഭിപ്രായങ്ങളേയും നിരോധിക്കുന്നതിലേയ്ക്കു ഭാരവാഹികൾ ചെയ്ത ഭഗീരഥപ്രയത്നം അവരുടെ ഉള്ളിൽ ഏതോ ഒരു വലുതായ ഭയം കുടികൊണ്ടിരുന്ന എന്ന തെളിയിച്ചു. പ്രസ്തുത യോഗം ഒരു ഭീരുതാപ്രകടനമായിരുന്ന എന്ന മി. ഇ. വി. കൃഷ്ണപിള്ള ഇയ്യിടെ എഴുതിയ ഒരു 'ലേഖനത്തിൽ പ്രസ്താവിച്ചുകണ്ടതാണ് ഈ യോഗത്തെപ്പററി ഇതുപര്യന്തമുണ്ടായിട്ടുള്ള ഏററവും ശരിയായ അഭിപ്രായം...............യോഗം നടത്തിപ്പുകാരുടെ പാശ്ചാത്തികളെക്കൊണ്ടു പെരുപ്പിച്ചിരുന്ന ഒരു സദസ്സായിരുന്ന അതു്. അതിനാൽ അവർക്കിഷ്ടമുള്ള ഏതു പ്രമേയവും അവിടെ പാസ്സാക്കുവാൻ വിഷമമുണ്ടായിരുന്നില്ല. ഇതെല്ലാമാണെങ്കിലും സംഘടിതമായ ആഭാസപ്രകടനങ്ങളുടെ രക്ഷയിൻകീഴിൽ യോഗനടപടികൾ നടത്തത്തക്കവണ്ണം എന്തോ ഒരവാച്യമായ ഭീതി അദ്ധ്യക്ഷനൾപ്പെടെയുള്ള യോഗഭാരവാഹികളെ ഗ്രസിച്ചിരുന്നു."

ചങ്ങനാശേരി പരമേശ്വരൻപിള്ള പുഴവാതുസമ്മേളനത്തിൽ ധിക്കാരപൂർവ്വം ചെയ്തിട്ടുള്ള കൃത്രിമവും അടിസ്ഥാനരഹിതവുമായ അധിക്ഷേപപ്രസ്താവനകളോടുള്ള വെറുപ്പിനെ പ്രഖ്യാപനം ചെയ്യും, നായർസമുദായതാല്പര്യങ്ങളെ ഹനിക്കുന്നതിനു നിരന്തരം പ്രവർത്തിക്കുന്ന വിപരീതശക്തികളോടു ചങ്ങനാശേരി ചേർന്നിരിക്കുന്നു എന്നു പല കാരണങ്ങളാലും അനുമാനിക്കേണ്ടിയിരിക്കുന്നതിനാൽ, 'നായർസമുദായത്തെ സ്പർശിക്കുന്ന കാര്യങ്ങളിൽ അദ്ദേഹത്തിന്റെ പ്രസ്താവനകൾ നായർസമുദായത്തിലെ ഒരു വ്യക്തിയുടെ അഭിപ്രായങ്ങളായിപ്പോലും ഗണിക്കാൻ പാടില്ലെന്ന് അഭിപ്രായപ്പെട്ടുംകൊണ്ടുള്ള ഒരു പ്രമേയമാണ് അന്ന് പ്രധാനമായി ആ സമ്മേളനത്തിൽ പാസാക്കിയതു്. ഈ പ്രമേയം അവതരിപ്പിച്ചതു ശ്രീ. പട്ടം താണുപിള്ളയായിരുന്നു. ശ്രീ. പട്ടം താണുപിള്ളയുടെ പ്രസംഗത്തെപ്പററി ശ്രീ. ജി. രാമചന്ദ്രന്റെ പ്രസ്താവനയിങ്ങിനെ തുടരുന്നു:—

"എനിക്കദ്ദേഹത്തോടു (പട്ടം താണുപിള്ളയോടു) വളരെ ബഹുമാനമുണ്ടു് അതുകൊണ്ടുതന്നെയാണു് അദ്ദേഹം ഹാജരാക്കിയതുപോലുള്ള ഒരു പ്രമേയത്തിന്റെ പ്രയോക്താവാകുവാൻ അദ്ദേഹം സമ്മതിച്ചതിൽ എനിക്കളവററ ഖേദമുള്ളതു്. യോഗ്യന്മാരായ പൊതുക്കാര്യ പ്രസക്തന്മാരുൾപ്പെട്ട യാതൊരു യോഗത്തിലും പാസാക്കാൻ കൊള്ളരുതാത്ത രീതിയിലായിരുന്നു അന്നത്തെ പ്രമേയത്തിന്റെ ഭാഷ. ആ പ്രമേയം അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗത്തിൽ പട്ടം അസാമാന്യമായ സാമർത്ഥ്യം പ്രദർശിപ്പിച്ചു എന്നു ഞാനും സമ്മതിക്കാം. തുറന്ന മനസ്സോടുകൂടിയ നിഷ്കളങ്കനായ ഒരു പൊതുജനസേവകനായിട്ടാണു മി. പട്ടത്തിനെ ഞാൻ അറിഞ്ഞിട്ടുള്ളതു്. പക്ഷേ അദ്ദേഹം ഒരസാധാരണ നയകോവിദനുംകൂടിയാണെന്ന് ആ യോഗത്തിൽവച്ചേ ഞാൻ മനസ്സിലാക്കിയുള്ളു. ഓരോ വാക്കും അദ്ദേഹം സൂക്ഷിച്ചുതന്നെയാണു പ്രയോഗിച്ചതു്. വാക്കും ആശയവും അദ്ദേഹത്തിന്റെ ഉദ്ദേശത്തിനും സദസ്സിൽ ഭൂരിപക്ഷത്തിന്റേയും അഭിലാഷത്തിനനുസരണമായി കൂട്ടിയിണക്കി എത്രയും സമർത്ഥമായി അദ്ദേഹം പ്രസം

ഗിച്ചു. അദ്ദേഹത്തിൻെറ കഴിവിനും ഒരതിരുണ്ട്. അദ്ദേഹ ത്തിന്റെ മനസ്സിലും ക്ഷോഭം നിറഞ്ഞിരുന്നെന്നു വ്യക്തമായി ക്കാണാമായിരുന്നു. അമർത്തപ്പെട്ട വർഗ്ഗീയമനസ്ഥിതിയുടെ മുന്നോട്ടുള്ള തള്ളൽ അദ്ദേഹത്തിൻെറ വാക്കുകളിൽ അവിട വിടെ വെളിപ്പെട്ടുകൊണ്ടിരുന്നു. മി. ചങ്ങനാശേരിയോടു വ്യ ക്തിപരമായ യാതൊരു വിദ്വേഷവുമില്ലെന്ന് അദ്ദേഹം ആരം ഭത്തിൽത്തന്നെ പ്രസ്താവിച്ചു. പ്രസംഗം മുഴുവനും സശ്രദ്ധം കേട്ടതിനുശേഷം അദ്ദേഹത്തിന്റെ ആ പ്രസ്താവനയെ വിശ്വസി ക്കുന്നതിനെനിക്കു സാദ്ധ്യമല്ലാതായി. ആ വിദ്വേഷമടക്കുന്നതി ന് അദ്ദേഹത്തിന്റെ ഭഗീരഥപ്രയത്നത്തിനും സാധിച്ചില്ല. ചങ്ങ നാശേരിയെ അന്നു രാവിലെ രാജപാതയിൽ താൻ നേരിട്ടു കണ്ടുവെന്നും, നായന്മാർ ക്രൂരന്മാരായിരുന്നു എങ്കിൽ ചങ്ങനാ ശേരിയിലെ പ്രസംഗാനന്തരം അപ്രകാരം നിർബാധം തിരു വനന്തപുരത്തെ തെരുവുകളിൽക്കൂടി സഞ്ചരിക്കയില്ലായിരുന്നു എന്നും മി. പട്ടം പ്രസ്താവിച്ചപ്പോൾ ആത്മനിയന്ത്രണത്തിന്റെ അവസാനകണികപോലും അദ്ദേഹത്തെ ഉപേക്ഷിച്ചതായി എനിക്കു തോന്നി. തൻെറ ചുററും നടന്നിരുന്ന അവിവേക പ്രകടനങ്ങളുടെ പ്രതിദ്ധ്വനി അദ്ദേഹത്തിൻെറ വിചാര വീചികളേയും സ്വാധീനമാക്കി എന്നു തോന്നിപ്പോയി. ചങ്ങ നാശേരി ഇനി സൂക്ഷിച്ചുവേണം നടക്കുവാൻ എന്നുകൂടി മി. പട്ടം സൂചിപ്പിച്ചില്ലയോ എന്നുവിചാരിക്കുവാൻ ഇടകൊടുക്ക ത്തക്ക ഒരു പ്രസ്താവനയായിരുന്നു അതു്. ആ യോഗത്തിന് ഹേതുഭൂതമായിത്തീർന്ന സംഭവഗതികളിൽനിന്ന് ഒട്ടകന്നുനിന്ന് അവയെപ്പററി പ്രശാന്തമായി ചിന്തിക്കുന്നതിന്ന് അദ്ദേഹ ത്തിനു സംഗതി വരുമ്പോൾ ഈ പ്രസ്താവനയെപ്പറ്റി അദ്ദേഹം പശ്ചാത്തപിക്കാതിരിക്കയില്ലെന്നു എനിക്കു നിശ്ചയമുണ്ട്."

ഈ പ്രവചനം അല്പകാലത്തിനുള്ളിൽ ഫലിക്കാതിരു ന്നില്ല. അന്നു ശത്രുപക്ഷീയരായി പരിഗണിക്കപ്പെട്ട ഈഴവ ക്രൈസ്തവമുസ്ലിംസമുദായങ്ങൾകൂടി ഉൾപ്പെട്ട സ്റ്റേററുകാൺഗ്ര സ്സിന്റെ നേതൃത്വം മി. പട്ടം സ്വീകരിക്കുകയും, അങ്ങിനെ ചങ്ങനാശേരിയുടെ സാമുദായികാദർശങ്ങളെ അദ്ദേഹം അംഗീക രിക്കയും, കുന്നുകുഴിയോഗത്തിലെ സഹപ്രവർത്തകന്മാർ അദ്ദേ

ഹത്തെ ക്രൈസ്തവനേതാവായ മി. ടി. എം. വർഗ്ഗീസിൻെറ ചൂണ്ടയിൽപെട്ട ഒരു തടിച്ച മത്സ്യമായി ചിത്രീകരിക്കയും ചെയ്ത കാലത്തു് അദ്ദേഹത്തിൻെറ ത്യാഗമോഹനമായ പൊതുക്കാര്യജീവിതത്തിലെ തീരാക്കളങ്കമായ കുന്നുകുഴിസമ്മേളനത്തിലെ ക്ഷോഭപ്രകടനത്തെക്കുറിച്ചു് അദ്ദേഹം ഹൃദയപൂർവ്വം പശ്ചാത്തപിച്ചിരിക്കണം.

കുന്നുകുഴിയോഗത്തിനുശേഷവും മി. മന്നത്തു പത്മനാഭപിള്ളയുടെ വൈരാഗ്യബുദ്ധി ശമിച്ചില്ല. ചങ്ങനാശേരിയെ തവിടുപൊടിയാക്കുവാൻ നൂതനമാർഗ്ഗങ്ങൾ അദ്ദേഹം ആരാഞ്ഞുനടക്കയായി. നായർസർവ്വീസ്സൊസൈറ്റിയേയും അതിൻെറ കീഴിലുള്ള കരയോഗങ്ങളേയും തന്റെ വൈരനിര്യാതനത്തിനുള്ള ആയുധങ്ങളായി വിനിയോഗിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. സർവ്വീസ്സൊസൈററിയുടെ ദുർബലപ്പെട്ടുപോയ കൌൺസിലിൻെറ ഒരു യോഗം ഒരബലയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടി, ചിരകാലം ആ സ്ഥാപനത്തിന്റെ പ്രസിഡൻറും, അതിൻെറ സർവ്വതോമുഖമായ പുരോഗതിക്കും സ്വാധീനബലത്തിനും ശ്രേയസ്സിനും ഹേതുഭൂതനും ആയിരുന്ന ചങ്ങനാശേരി, സ്വാഭിപ്രായപ്രകടനമാകുന്ന മഹാപരാധത്തിനു ശിക്ഷയെന്നവണ്ണം ൧൫-ദിവസത്തിനകം ക്ഷമായാചനം ചെയ്യാത്തപക്ഷം സൊസൈററിയിൽനിന്നു് അദ്ദേഹത്തെ ബഹിഷ്കരിക്കുവാൻ വേണ്ട നടപടികൾ നടത്തേണ്ടതാണെന്നു് ഒരു പ്രമേയം പാസാക്കി. എന്നാൽ ആ നിശ്ചയത്തെപ്പററിയോ, അതു നടപ്പിൽ വരുത്തുവാനുള്ള പ്രായോഗികവൈഷമ്യങ്ങളെപ്പറ്റിയോ, ആവേശബാധിതനും സംഘടനാനിയമങ്ങളുടെ കുഴഞ്ഞ സ്വഭാവത്തെപ്പററി പരിജ്ഞാനമില്ലാത്തയാളും ആയ ആ ക്ഷുഭിതചിത്തൻ അന്നു് ചിന്തിച്ചിരിക്കാനിടയില്ല. ൧൫-ദിവസങ്ങളല്ല മാസങ്ങൾതന്നെ പലതു കഴിഞ്ഞിട്ടും ചങ്ങനാശേരി പശ്ചാത്തപിക്കയോ ക്ഷമായാചനം ചെയ്യുകയോ ഉണ്ടായില്ല. കൌൺസിൽ നിശ്ചയത്തിൻെറ പകർപ്പു് ചങ്ങനാശേരിവീട്ടിലെ ചവററുകൂട്ടയിൽ അപ്രത്യക്ഷമാകുകയുംചെയ്തു. പ്രമേയം നടപ്പിൽ വരുത്തുവാൻ സൊസൈറ്റി അംഗങ്ങളുടെ പിന്തുണ സമ്പാദിക്കുവാൻപോലും മി. മന്നത്തിനു

കഴിഞ്ഞില്ല. മി. മന്നത്തിന്റെ പ്രതികാരേച്ഛ വീണ്ടും വദ്ധിച്ചുകൊണ്ടിരുന്നതേയുള്ളു. പുഴവാതുപ്രസംഗത്തെ പ്രതിഷേധിച്ചു നിശ്ചയങ്ങൾ പാസാക്കുവാൻ മി. മന്നം സൊസൈറ്റിയുടെ കീഴിലുള്ള കരയോഗങ്ങൾക്കു വാറോലകളയച്ചു. സൊസൈററിയുടെ ആധിപത്യത്തിലുള്ളതായി പറയപ്പെടുന്ന ൯൦൦-കരയോഗങ്ങളിൽ കഷ്ടിച്ചു മുപ്പതെണ്ണം മാത്രം ഈ ശാസനമനുസരിച്ചു പ്രമേയങ്ങൾ പാസാക്കി. ഏകദേശം അത്രയുംതന്നെ കരയോഗങ്ങൾ മി. മന്നത്തിന്റെ ദുഷ്പ്രചരണങ്ങളേയും ദുഷിച്ച നയത്തേയും പ്രതിഷേധിച്ചും പ്രമേയങ്ങൾ പാസാക്കി.

പൊതുക്കാൎയ്യജീവിതത്തിൽ ഏകഭാവത്തോടുകൂടി പ്രവൎത്തിച്ചുകൊണ്ടിരുന്ന രണ്ടു വ്യക്തികൾക്കു് ഒരു ഘട്ടത്തിലല്ലെങ്കിൽ മറെറാരു ഘട്ടത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകുകയെന്നുള്ളതു കേവലം സ്വാഭാവികമാണു്. തന്മൂലം അവരുടെ പ്രവൎത്തനപന്ഥാക്കൾ വഴി തിരിഞ്ഞുപോയി എന്നും വരാം. പക്ഷേ ഉന്നതാശയന്മാരും മഹാമനസ്കരുമായ ജനങ്ങൾ അതുകൊണ്ടു വ്യക്തിവിദ്വേഷമാകുന്ന തീപ്പൊരി ഹൃദയമൂശയിൽവച്ചൂതിജ്വലിപ്പിക്കാറില്ല. അതുപോലെതന്നെ നാം ആരാധിക്കുന്ന ഒരു വിഗ്രഹം കാലാന്തരത്തിൽ നമുക്കു ആകൎഷകമോ, പൂജാർഹമോ അല്ലന്നുതോന്നാം. അങ്ങിനെയുള്ള ഘട്ടങ്ങളിൽ സംസ്കാരമുള്ള ഹൃദയം ഒരിക്കലും വിദ്വേഷത്തിന്റേയോ പ്രതികാരബുദ്ധിയുടേയോ ഇരുപ്പിടമായി രൂപാന്തരപ്പെടാറില്ല. ഒരു കാലത്തു ചങ്ങനാശേരിയുടെ ജന്മനാൾ തിരുവിതാംകൂറിലെ ഓരോ നായർഗൃഹങ്ങളിലുമാഘോഷിക്കണമെന്നു് പ്രസംഗിക്കയും പ്രചാരംനടത്തുകയുംചെയ്ത മി. മന്നത്തു പത്മനാഭപിള്ള അനതിദൂരമല്ലാത്ത ഭാവിയിൽ ആ ചങ്ങനാശേരിയെത്തന്നെ സമുദായമദ്ധ്യത്തിൽനിന്നു ബഹിഷ്കരിക്കുവാനുള്ള ഒരു പ്രക്ഷോഭണവുമായി പൊതുജനരംഗത്തു പ്രത്യക്ഷപ്പെടുമെന്നു് അല്പകാലങ്ങൾക്കുമുൻപു് ആരെങ്കിലും ദീൎഘദൎശനം ചെയ്തിരുന്നു എങ്കിൽ അതൊരു ഉന്മാദലക്ഷണമായി മററുള്ളവർ കരുതുമായിരുന്നു. എങ്കിലും അതു സംഭവിക്കുകതന്നെചെയ്തു. നായർ സർവ്വീസ്സൊസൈററിയുടേയും തദ്വാരാ നായർസമുദായത്തിന്റേയും സൎവ്വതോമുഖമായ ശ്രേയസ്സിനും അഭിവൃദ്ധിക്കും

പരിപൂർണ്ണമായ നിദാനം ചങ്ങനാശേരിയുടെ നിരന്തരവും ആത്മാത്ഥവുമായ ശ്രമങ്ങളാണെന്നും, സൊസൈററിയുടെ അദ്ധ്യക്ഷപീഠത്തിൽനിന്ന് അല്പകാലത്തേയ്ക്കു ന്യായാധിപ പദത്തിലേയ്ക്കുദ്ദേഹം തിരോധാനംചെയ്തപ്പോൾ ആ സ്ഥാപനം പുരോഗതി മുട്ടി നിശ്ചലമായിപ്പോയെന്നും, ആവത്തിച്ചെഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുള്ള മി. മന്നം തന്റെ പൂവ്വനേതാവിനെ മറെറാരു ശ്വാസത്തിൽ സമുദായദ്രോഹിയെന്നു മുദ്രയടിച്ചുകൊണ്ടു രാജ്യമൊട്ടുക്കു നടത്തിയ പ്രചരണം എത്ര അപഹാസ്യവും അനാശാസ്യവുമായിരുന്നു എന്നുള്ളതു് ഒരു പക്ഷേ ഇപ്പോഴും അദ്ദേഹം അറിഞ്ഞിരിക്കാനിടയില്ല. ക്ഷോഭകരവും ഉദ്വേഗജനകവുമായിരുന്ന അന്നത്തേ സാമുദായിക കലാപങ്ങൾക്കും വിദ്വേഷപ്രകടനങ്ങൾക്കും മദ്ധ്യേ സമചിത്തതയോടും നിഷ്പക്ഷബുദ്ധിയോടുംകൂടി ചുററുപാടും നടന്നുകൊണ്ടിരുന്ന സംഭവങ്ങളെ സൂക്ഷിച്ചു വീക്ഷിക്കുവാനദ്ദേഹത്തിനു കഴിഞ്ഞിരിക്കയില്ല. ചങ്ങനാശേരി പരമേശ്വരൻപിള്ളയെ സമുദായത്തിലുന്നതനും പ്രബലനുമാക്കിത്തീത്തതു സവ്വീസ് സൊസൈറ്റിയും അതിന്റെ ജനറൽസിക്രട്ടറിയുമല്ല. നേരേമറിച്ചു സർവ്വീസ്സൊസൈറ്റിക്കും അതിന്റെ ജനറൽസിക്രട്ടറിക്കും ചങ്ങനാശേരിയോടുള്ള കടപ്പാടുകൾ നിസ്സീമമാണെന്നു സൊസൈറ്റിരേഖകളും മി. മന്നവും സമ്മതിച്ചിട്ടുണ്ടു്. ആ സാഹചര്യങ്ങളിൽ ചങ്ങനാശേരിയുടെ പ്രശസ്തിയിൽ മാലിന്യം തേയ്ക്കുവാനുള്ള മി. മന്നത്തിന്റെ ശ്രമങ്ങൾ പരാജയപ്പെടുകയല്ലാതെ ഗത്യന്തരമില്ലായിരുന്നു. വിദ്വേഷബുദ്ധിയോടുകൂടിയ നിരന്തരമായ ദുഷ്പ്രചരണം ഗുരുതരമായ അപരാധബോധത്തിന്റെ ലക്ഷണമാണെന്നു പറയപ്പെടുന്നു. ഇവിടെ അപരാധമെന്തായിരുന്നു എന്നുള്ളതു് ഇപ്പോഴും അജ്ഞാതമായിട്ടുതന്നെയിരിക്കുന്നു. എങ്കിലും ഇന്നല്ലെങ്കിൽ നാളെയെങ്കിലും അതു പരസ്യമാകാതെ നിവത്തിയില്ല.

അടിച്ചു താഴ്ത്തുവാൻ ശ്രമിക്കുന്ന ഒരു റബ്ബർപന്തു പൂവ്വാധികം ശക്തിയോടുകൂടി മുകളിലേയ്ക്കു കുതിക്കുന്നതുപോലെ മി. മന്നത്തിൻെറ പ്രചരണങ്ങൾ ചങ്ങനാശേരിയെ പൊതു

ക്കാർയ്യജീവിതത്തിൻെറ ഉപരിതലത്തിലേയ്ക്കുയർത്തുകയാണു ചെയ്തതു്. മരണംവരെ ആ പ്രശസ്തി അദ്ദേഹം വച്ചുസൂക്ഷിക്കുകയും ചെയ്തു. എന്നാൽ തലേന്നാൾവരെ ചങ്ങനാശേരിയുടെ ഒരു സ്തുതിപാഠകനും, അദ്ദേഹത്തിൻെറ സാമുദായിക പ്രവർത്തനങ്ങളുടെ സർവ്വവിധമായ ഗുണഫലങ്ങളും ഉപഭോഗിക്കുന്ന സ്ഥാപനത്തിൻെറ ജനറൽസിക്രട്ടറിയുമായ മി. മന്നമായിരുന്നു ചങ്ങനാശേരിയെ ഏററവും നിശിതമായ രീതിയിൽ വിമർശിച്ചുകൊണ്ടിരുന്നതെന്നാലോചിക്കുമ്പോൾ "കൃതഘ്നതേ! നിൻെറ പേരെന്താണു്!" എന്നു ഘോഷിക്കുവാൻ വല്ലവരും പ്രേരിതരായിത്തീരുമെങ്കിൽ അതിലാശ്ചര്യപ്പെടുവാനില്ല.

നിരൂപണങ്ങളും, പ്രതിഷേധങ്ങളും, പ്രകടനങ്ങളും ഒട്ടൊന്നു നിലച്ചു് അന്തരീക്ഷം ശാന്തമായപ്പോൾ ചങ്ങനാശേരി തൻെറ പേരിൽ ആരോപിതങ്ങളായിരുന്ന അപരാധങ്ങളെപ്പററി പരസ്യമായ ഒരു പ്രസ്താവന പുറപ്പെടുവിക്കുവാൻ നിശ്ചയിച്ചു. അതിദീർഘവും, ശ്രദ്ധേയവും, അത്യന്തം രസകരവുമായ ഒരു പ്രമാണമായിരുന്നു അതു്. പ്രതിഷേധങ്ങളെപ്പററി അദ്ദേഹം ആ പ്രസ്താവനയിൽ പറഞ്ഞിരുന്നതിങ്ങിനെയാണു്. "നായർസമുദായത്തിൻെറ ഒരു വിനീതസേവകനെന്നല്ലാതെ ഒരു നായകനാണെന്നുള്ള അഭിമാനം എനിക്കൊരിക്കലുമുണ്ടായിട്ടില്ല. സേവകൻെറ നിലയിൽ നിന്നുതന്നേയും ഞാൻ ഒഴിഞ്ഞുകഴിഞ്ഞിട്ടു് ഇപ്പോൾ മൂന്നു വർഷത്തിനു മേലായി. എന്നിട്ടും എൻെറ അഭിപ്രായങ്ങളേയും നേതൃത്വത്തേയും പരസ്യമായി പ്രതിഷേധിക്കേണ്ട ആവശ്യം ശത്രുക്കൾക്കു തോന്നിയതുകൊണ്ടുതന്നെ എനിക്കു് എന്തോ അനിഷേധ്യമായ പ്രാബല്യം സമുദായത്തിലുണ്ടായിരുന്നതായും, ഞാൻ പിന്മാറിയതിനു ശേഷവും അതെന്നെ വിട്ടുപിരിയാതെ പിന്തുടരുന്നതായും, അവർ സമ്മതിക്കുന്നതായിക്കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. അങ്ങിനെ വല്ല സ്ഥാനവും പരമാർത്ഥത്തിലെനിക്കിന്നുണ്ടെങ്കിൽ അതു് ഇന്നത്തെ ഏതുപക്ഷക്കാരാരും നൾകിയിട്ടുള്ളതല്ലെന്നും, അവരുടെ സകല ക്ഷുദ്രപ്രയോഗങ്ങളേയും അതിലംഘിച്ചു ഞാൻ ചെയ്ത അനവധി വർഷത്തെ സമുദായസേവനത്തിൻെറ ഫലമായി അപേക്ഷകൂടാതെ

വന്നുചേൎന്നതാണെന്നും, അതിനെ എടുത്തുകളയുവാൻ അവർ വിചാരിച്ചാൽ സാധ്യമല്ലെന്നും ധരിച്ചിരുന്നാൽ കൊള്ളാം".

ഇതിനുശേഷം പുഴവാതുപ്രസംഗത്തിനിടയാക്കിയ സംഭവങ്ങളേയും, അന്നത്തെ യോഗനടപടികളേയും, അവിടെ നടന്ന പ്രസംഗങ്ങളേയും അദ്ദേഹം പ്രസ്താവനയിൽ പരാമൎശിക്കയും, ആ പശ്ചാത്തലത്തിൽ തന്റെ പ്രസംഗം തുലോം അത്യന്താപേക്ഷിതമായിരുന്നു എന്നു സ്ഥാപിക്കുകയും ചെയ്യുന്നു. നായന്മാർ ക്രൂരന്മാരാണെന്നും, ആത്മാൎത്ഥതയില്ലാത്തവരാണെന്നും താൻ പ്രസ്താവിച്ചു എന്നു 'സൎവ്വീസ്'പത്രവും അതിനെത്തുടൎന്നു 'മലയാളരാജ്യ'വും പ്രസിദ്ധപ്പെടുത്തിയതു പൊളിയാണെന്ന് അദ്ദേഹം വിശദമാക്കി. അനന്തരം നായർസമാജങ്ങളേ സംബന്ധിച്ചും അവശസമുദായങ്ങളോടു നായർസമാജങ്ങളും സമുദായവും അനുവൎത്തിക്കുന്ന നയത്തേ സംബന്ധിച്ചും താൻ പ്രകടിപ്പിച്ച അഭിപ്രായങ്ങളെ വിശദീകരിച്ച് അദ്ദേഹം സാധൂകരിച്ചു. കുന്നുകുഴിയോഗത്തെപ്പററി അദ്ദേഹം പ്രസ്താവിക്കുന്നതിങ്ങിനെയാണ്.

"എന്റെ പ്രസംഗം പ്രതിഷേധിക്കുന്നതിനു നായർ യൂണിയൻഹോസ്റ്റലിൽവച്ച് ഒരു യോഗം കൂടിയതായി പത്രങ്ങളിൽ വായിക്കുകയുണ്ടായി. അതിനെപ്പററി ഔദ്യോഗികമായി അറിവു കിട്ടുന്നതുവരെ പത്രങ്ങളിൽ കണ്ടമാതിരിയുള്ള ഒരു പ്രമേയം ആ സഭയിൽ പാസാക്കിയതായി വിചാരിക്കുവാൻ എനിക്കു നിവൃത്തിയില്ലായിരുന്നു. ഇത്ര ബുദ്ധിഹീനമായും സഭ്യമല്ലാത്ത ഭാഷ ഉപയോഗിച്ചുമുള്ള ഒരു പ്രമേയം യോഗ്യന്മാർ ചേൎന്നു പാസാക്കുമെന്ന് എനിക്കു വിശ്വസിക്കുവാൻ നിവൃത്തിയില്ല. നായർയൂണിയൻഹോസ്റ്റലുണ്ടാകുന്നതിന് എന്റെ പരിശ്രമവും ആയിരം രൂപായും ഉപകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ നായർയൂണിയന്റെ ഉടമസ്ഥരായി ഭാവിക്കുന്ന ആളുകൾ ഓരോരുത്തരും അതിനു കൊടുക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുള്ള തുകകളിൽ എത്രമാത്രം കൊടുത്തിട്ടുണ്ടെന്ന് അതിന്റെ റിപ്പോൎട്ടു പ്രസിദ്ധപ്പെടുത്തിയാൽ പൊതുജനങ്ങൾക്കു മനസ്സിലാകുന്നതാണ്. സദുദ്ദേശത്തോടുകൂടി

മാന്യന്മാർ ധനവ്യയം ചെയ്തുണ്ടാക്കിയ സ്ഥാപനം ഇങ്ങിനെ ദുരുപയോഗപ്പെടുത്തുകയും, അതിൽ താമസിക്കുന്ന ബാലന്മാരെ വഴിപിഴയ്ക്കുന്നതിനിടയാക്കുകയും ചെയ്യുന്നതിൽ മനസ്താപമുണ്ട്."

വ്യക്തിവിദ്വേഷരഹിതവും കാര്യമാത്രപ്രസക്തവുമായിരുന്ന.ഈ പ്രസ്താവനയ്ക്ക് ആദരപൂർവ്വമായ ഒരു സ്വീകരണമാണു പൊതുജനമദ്ധ്യത്തിൽ ലഭിച്ചത്. മി. മന്ദം ചങ്ങനാശേരിയുടെ പ്രസ്താവനയിലടങ്ങിയിരുന്ന ചില യാഥാർത്ഥ്യങ്ങളെ ചോദ്യം ചെയ്യുവാൻ ഒരുമ്പെട്ടു എന്നുള്ളതു ശരിതന്നെ. എങ്കിലും, ചങ്ങനാശേരിയുടെ സത്യസന്ധതയുടേയും, സാന്മാർഗ്ഗികമായ ഔന്നത്യത്തിൻേറയും മുൻപിൽ മി. മന്ദത്തിൻെറ ആരോപണങ്ങൾ നിഷ്പ്രഭങ്ങളായിരുന്നു. ചങ്ങനാശേരിയുടെ പ്രസ്താവനയെ അഭിനന്ദിച്ചുകൊണ്ടു പല കത്തുകളും അദ്ദേഹത്തിനു ലഭിച്ചു. അവയിലൊരെണ്ണം മാത്രം താഴെച്ചേർക്കുന്നു. സുപ്രസിദ്ധചിന്തകനും സ്വതന്ത്രചിത്തനുമായിരുന്ന എം. രാമവർമ്മത്തമ്പാൻ ഈ ഘട്ടത്തിൽ ചങ്ങനാശേരിക്കയച്ച ഒരു കത്താണത്.

പറവൂർ,

**11—12—30.**

പ്രിയസുഹൃത്തേ!

തീണ്ടൽ, തൊടീൽ മുതലായവയെ നിർത്തലാക്കുന്നതിനു നിയമസഭയിൽ ഒരു ബിൽ അവതരിപ്പിക്കുവാൻ താങ്കൾ ദിവാൻജിയുടെ അനുമതിക്ക് അപേക്ഷിച്ചിട്ടുള്ളതായി ഞാൻ പത്രങ്ങളിൽ വായിച്ചു. അതിലേയ്ക്കു താങ്കൾക്കനുമതി കിട്ടിക്കഴിഞ്ഞോ എന്നും, ഇല്ലെങ്കിൽ കിട്ടുവാനിടയുണ്ടോ എന്നും അറിവാൻ ആഗ്രഹിക്കുന്നു. ഈഴവർക്കും, നായന്മാർക്കും തമ്മിൽ ദിവസേന വർദ്ധിച്ചുകൊണ്ടിരിക്കുന്ന അകൽച്ചയെപ്പററി താങ്കൾക്കുള്ളതുപോലെ ഹൃദയവേദന തിരുവിതാംകൂറിലെന്നല്ല, കേരളക്കരയിൽത്തന്നെ ആർക്കും ഉണ്ടാകയില്ലെന്ന് എനിക്കറിയാം.....................ചുററുമുണ്ടായിക്കൊണ്ടിരിക്കുന്ന ഇടിയും മിന്നലുമൊന്നും ഒട്ടും വകവയ്ക്കാതെ താങ്കൾക്കു സഹജമായ പ്രശാന്തമായ ധീരതയോടുകൂടി അനവഹമായി

അധഃകരിക്കപ്പെട്ടിരിക്കുന്ന സഹോദരങ്ങളുടെ ഉന്നമനത്തെ ലക്ഷ്യമാക്കിയുള്ള മഹോദ്യമങ്ങളിൽ താങ്കൾ മുന്നോട്ടു പോവുകതന്നെ ചെയ്യുമെന്ന് എനിക്കു വിശ്വാസമുണ്ട്. ഏസ്വച്ഛദൃഷ്ടികളായ ചിലരുടെ പ്രലപനങ്ങൾക്കൊന്നും മനുഷ്യസ്നേഹപരമായ പ്രവൎത്തനങ്ങളിൽനിന്നു താങ്കളെ പിന്തിരിപ്പിക്കുവാൻ കഴിയുകയില്ലെന്ന് എനിക്കു നിശ്ചയമുണ്ട്.

എന്ന്

എം. രാമവൎമ്മത്തമ്പാൻ (ഒപ്പ്).

നായർസർവ്വീസ്സൊസൈററിയുടെ അനന്തരചരിത്രത്തെപ്പററി സംക്ഷിപ്തമായി അല്പം ചിലതുകൂടി പ്രസ്താവിച്ചിട്ടു ചങ്ങനാശേരിയുടെ ജീവിതത്തിലെ അതിപ്രധാനമായ ഒരു ഘട്ടം ഇവിടെ അവസാനിപ്പിച്ചുകൊള്ളാം.

പ്രായപൂൎത്തിവോട്ടവകാശത്തെ പ്രതികൂലിച്ചു പ്രമേയം പാസാക്കിയ കോട്ടയം നായർസമ്മേളനത്തിനുശേഷം കോന്നിയിലും, കൊല്ലത്തും യഥാക്രമം ൧൧൧൧-ലും, ൧൧൧൨-ലും ഓരോ മഹാസമ്മേളനങ്ങൾ നടന്നു. കൊല്ലത്തുവച്ച് അടുത്ത സമ്മേളനം ചേൎത്തലയ്ക്കു ക്ഷണിക്കപ്പെട്ടു. എന്നാൽ ഈ സമ്മേളനം നടക്കുന്നതിനു മുൻപു തിരുവിതാംകൂറിലെ പൊതുജീവിതത്തിൽ പല പരിവൎത്തനങ്ങളും സംഭവിച്ചുകഴിഞ്ഞിരുന്നു. സമുദായങ്ങൾ തമ്മിലുള്ള വിദ്വേഷപരമായ മത്സരങ്ങളും കലഹങ്ങളുംമൂലം രാജ്യത്തിന് അഭിമുഖീകരിക്കേണ്ടിവന്ന ഭയങ്കരമായ വിപത്തുകൾ ചിന്താശീലരായ രാജ്യക്ഷേമകാംക്ഷികളെ വ്യാകുലപ്പെടുത്തി. തിരഞ്ഞെടുപ്പു സംബന്ധിച്ചുള്ള നൂതനമായ വ്യവസ്ഥകളും, ഉദ്യോഗനിയമനചട്ടങ്ങളും, ക്ഷേത്രപ്രവേശനവിളംബരവും, സമുദായമത്സരത്തിനുള്ള മിക്ക കാരണങ്ങളേയും നീക്കംചെയ്തുകഴിഞ്ഞിരുന്നു. സമുദായമത്സരം വളൎത്തി ഉപജീവനമാൎഗ്ഗം തേടുന്ന ഭിക്ഷാംദേഹികൾക്കല്ലാതെ വൎഗ്ഗീയമായ വിദ്വേഷം പ്രചരിപ്പിക്കുന്നതുകൊണ്ടു കാൎയ്യമായ യാതൊരു ഗുണവും ലഭിക്കുവാനില്ലെന്നുള്ള വിശ്വാസം ദിനംപ്രതി വളൎന്നുവന്നു. വൎഗ്ഗീയമത്സരം, രാഷ്ട്രീയവും സാമ്പത്തികവുമായ മൌലികപ്രശ്നങ്ങളേ പൊതുജനദൃഷ്ടിയിൽ

നിന്നു മറച്ചുവയ്ക്കുന്നതുകൊണ്ടു പൊതുജനതാല്പര്യങ്ങൾക്കു ഹാനിസംഭവിക്കുന്നതല്ലാതെ ആർക്കും യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ലെന്നുള്ള കാര്യവും നേതാക്കന്മാർക്കു ബോദ്ധ്യമായി. തിരുവനന്തപുരം സംയുക്തനായർസമ്മേളനത്തിലെ കാര്യദർശിമാരിൽ ഒരാളായിരുന്ന മി. ഏ. നാരായണപിള്ള ഈ വീക്ഷണകോടിയിൽ നിന്നുകൊണ്ടു പൊതുക്കാര്യങ്ങൾ വിമർശിച്ചു പ്രസിദ്ധം ചെയ്ത ഒരു ലേഖനം അദ്ദേഹത്തിന്റെ അറസ്റ്റിനും, ശിക്ഷയ്ക്കും കാരണമാക്കി. സംഭവങ്ങളുടെ ഈ നൂതനഗതി ഒരു രാഷ്ട്രീയസംഘടനയ്ക്കു വഴിതെളിച്ചു. കുടിപ്പകകളും, മത്സരങ്ങളും തൽക്കാലത്തേയ്ക്കു വിസ്മരിച്ചു, വിവിധസമുദായനേതാക്കന്മാർ കൂടിയാലോചിച്ച് ഉത്തരവാദഭരണം സ്ഥാപിച്ചുകിട്ടുവാൻ പ്രക്ഷോഭണം നടത്തുന്നതിലേയ്ക്കു സ്റ്റേറ്റ്കാൺഗ്രസ്സ് എന്ന പേരിൽ ഒരു രാഷ്ട്രീയസംഘടന രൂപവൽക്കരിച്ചു. ഗവമ്മെന്റ് ഈ സംഘടനയെ അനുഭാവപൂർവ്വമല്ല വീക്ഷിച്ചതു്. നേരേ മറിച്ച് ഉത്ഭവകാലംമുതൽക്കുതന്നെ സ്റ്റേറ്റ്കാൺഗ്രസ്സിനു ഗവമ്മെന്റിനോട് ഏററുമുട്ടേണ്ടതായി വന്നു. ഈ കാലഘട്ടത്തിൽ സ്റ്റേററ്കാൺഗ്രസ്സിനെന്നല്ല, ദേശീയവും ജനക്ഷേമകരവുമായ സകല ആദർശങ്ങൾക്കും വിരുദ്ധമായി നിന്നുകൊണ്ടു പുരോഗമനപരമായ പ്രവർത്തനങ്ങളെ എതിർക്കുവാൻ അരയും തലയും മുറുക്കി മുന്നോട്ടു വന്ന തിരുവിതാംകൂറിലെ ഏകസംഘടന സർവ്വീസ്സൊസൈറ്റിയായിരുന്നു. ഈ പരിതഃസ്ഥിതികൾ ചേർത്തലവച്ചു നടത്തുവാൻ നിശ്ചയിച്ചിരുന്ന സമ്മേളനത്തിനു ചില പ്രതിബന്ധങ്ങളുണ്ടാക്കി. തിരുവിതാംകൂർ ഗവമ്മെന്റിന്റെ രാഷ്ട്രീയനയത്തേയും ജനങ്ങളുടെ ദേശീയാഭിലാഷങ്ങളേയുംപററി പരാമർശിക്കാതെ നായർസമ്മേളനം നടത്തുന്ന വിഷയത്തിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായി. സ്ഥാപിതതാല്പര്യങ്ങളുള്ള സർവ്വീസ്സൊസൈററിക്കു് അഭിപ്രായം പ്രകടിപ്പിക്കുവാൻ വേണ്ട ധീരതയും സന്നദ്ധതയുമില്ലെങ്കിൽ സമ്മേളനത്തോടനുബന്ധിച്ച് ഒരു രാഷ്ട്രീയയോഗം കൂട്ടുവാൻ അനുവാദം ലഭിക്കണമെന്നു ചേർത്തലയിലെ സ്വാഗതസംഘം ശഠിച്ചു. മി. മന്നത്തിന്റെ പ്രലോഭനങ്ങൾക്കും നയോപായങ്ങൾക്കും ചേർത്തലനായന്മാരുടെ ദൃഢനിശ്ചയത്തെ ഇളക്കുവാൻ കഴിഞ്ഞില്ല. രാഷ്ട്രീയ

സമ്മേളനം നടത്തുവാനുള്ള സ്വീകരണസംഘത്തിൻെറ നിശ്ച. യത്തെ സൊസൈററി പ്രതികൂലിക്കയാണെങ്കിൽ ചേർത്തല വച്ചു നായർസമ്മേളനംതന്നെ നടത്തുവാൻ സാധ്യമല്ലെന്ന് അവർ ഭീഷണിപ്പെടുത്തി. ഭീഷണി ഒടുവിൽ കാര്യമായി കലാശിച്ചു. ചേർത്തലവച്ചു സമ്മേളനം നടത്തുവാൻ സാധ്യമല്ലെന്ന സ്വീകരണസംഘം നിശ്ചയിച്ചു. ൧൧൨൨-ൽ സമ്മേളനം നടക്കുകയില്ലെന്നുള്ള പരിതഃസ്ഥിതികൾ വന്നുചേർന്നപ്പോൾ മി. മന്നത്തിൻെറ പൌരുഷം ഒന്നുണർന്നു. നായർക്കു പ്രാബല്യമില്ലാത്ത മീനച്ചിൽതാലൂക്കിൽ കിടങ്ങൂർ എന്ന കുഗ്രാമത്തിൽനിന്നും ഒരു ക്ഷണം വരുത്തി മി. മന്നം ആട്ടപ്പെട്ടികളുമായി അങ്ങോട്ടു തിരിച്ചു. അങ്ങിനെ ൧൧൨൨-ൽ ചേർത്തലനിന്നു ബഹിഷ്കരിക്കപ്പെട്ടതിനുശേഷം സൊസൈററി കിടങ്ങൂർവച്ചു സമ്മേളനം നടത്തി. മി. കൽക്കുളം കുമാരപിള്ളയായിരുന്നു യോഗാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടിരുന്നതു്.

ആ സമ്മേളനം പോലീസ്സൈന്യത്തിന്റെ സംരക്ഷണയിലും, ഉദ്യോഗസ്ഥന്മാരുടെ സഹകരണത്തിലുമാണു കഴിഞ്ഞുകൂടിയതു്. അവിടെ നടന്ന ഓരോ പ്രസംഗങ്ങളും നായർസമുദായത്തിൻെറ രാഷ്ട്രീയപ്രബുദ്ധതയേയും, വിശാലവീക്ഷണത്തേയും വിറൊക്കൊള്ളിക്കുന്നവയായിരുന്നു. ഉത്തരവാദഭരണം, പൌരാവകാശം തുടങ്ങിയ രാഷ്ട്രീയവിഷയങ്ങളെപ്പററി വേണ്ട പരിജ്ഞാനമില്ലാതിരുന്ന സമ്മേളനാദ്ധ്യക്ഷൻെറ പ്രസംഗം നായർസമുദായത്തെ ഇതരമതസ്ഥന്മാരുടെ ദൃഷ്ടിയിൽ പരിഹാസപാത്രമാക്കി. തിരുവിതാംകൂറിലെ ഏകരാഷ്ട്രീയസ്ഥാപനമായ സ്റ്റേററ്കാൺഗ്രസ്സ്സംഘടനയെ അവഹേളിക്കുവാൻ 'അഹമഹമികയാ' മുന്നോട്ടു വന്ന അവസരസേവകന്മാരും ഉദ്യോഗാർത്ഥികളുമായ ചില നായന്മാരുടെ ഒരു മത്സരരംഗമായിട്ടാണു് ആ സമ്മേളനത്തെ നിഷ്പക്ഷബുദ്ധികൾ വീക്ഷിച്ചതു്. എതിരഭിപ്രായക്കാരായി അവിടെക്കൂടിയിരുന്ന അല്പപക്ഷത്തെ അപമാനിക്കുവാൻ ചട്ടമ്പിമാർ പന്തലിൽ ഹാജരുണ്ടായിരുന്നു. അന്നു സ്റ്റേററ്കാൺഗ്രസ്സ് വർക്കിംഗ്കമ്മററിയിലെ ഒരംഗവും, നായർസമ്മേളനത്തിലെ ഒരു പ്രതിനിധിയുമായിരുന്ന മി. നാരായണക്കുറുപ്പു്, സമ്മേളനാരംഭത്തിൽ

സ്റ്റേററ് കാൺഗ്രസ്സിനെപ്പററി സ്വാഗതപ്രസംഗകൻ ചെയ്ത ചില പ്രസ്താവനകളെ പ്രതിഷേധിക്കുവാൻ സ്വസ്ഥാനത്തെഴുന്നേററുനിന്നപ്പോൾ ഹാളിൻെറ നാനാഭാഗങ്ങളിലായി കൃത്യാന്തരങ്ങളിൽ വ്യാപൃതരായിരുന്ന വാളൻറിയർസംഘം ഒരു ഞൊടിയിടകൊണ്ട് അദ്ദേഹത്തിൻെറ നേരേ പാഞ്ഞുചെന്നു. ആ ഘട്ടത്തിൽത്തന്നെ ഹാളിൽ ഏററവും പുറകിലുള്ള ഒരു ബെഞ്ചിൽ മൌനമായിരുന്നു സഭാനടപടികൾ വീക്ഷിച്ചുകൊണ്ടിരുന്ന മി. കെ. കെ. കുഞ്ചുപിള്ള ചട്ടമ്പിമാരുടെ അസഭ്യവർഷം അസഹനീയമായിത്തീർന്നതുകൊണ്ട് അതു യോഗഭാരവാഹികളുടെ ശ്രദ്ധയിൽപെടുത്തുവാൻ അദ്ധ്യക്ഷനെ അഭിസംബോധനം ചെയ്തപ്പോൾ വാളൻറിയർസംഘം അദ്ദേഹത്തിന്റെ നേരേ ഓടിയടുത്തു. മി. കുറുപ്പ് വീണ്ടും പ്രതിഷേധസ്വരം മുഴക്കി. വാളൻറിയർസംഘം ഉടനെ തിരിച്ചു അങ്ങോട്ടോടുകയായി. മി. കുഞ്ചുപിള്ള വീണ്ടും പരാതിപ്പെട്ടു. വാളൻറിയർസംഘം വീണ്ടും ഇങ്ങോട്ടോടിയടുത്തു. ഇങ്ങിനെ വാളന്റിയർമാരുടെ അങ്ങോട്ടുമിങ്ങോട്ടുമുള്ള പാച്ചിലും, പ്രതിഷേധശബ്ദങ്ങളും, അസഭ്യപ്രലപനങ്ങളും മാറിമാറി നടന്നുകൊണ്ടിരിക്കുമ്പോൾ മി. കുറുപ്പിനോടു നിശ്ശബ്ദനായി സ്വസ്ഥാനത്തിരിക്കുവാൻ അദ്ധ്യക്ഷൻ ആജ്ഞാപിച്ചു. മി. കുറുപ്പ് ഒരു പ്രതിനിധി എന്ന നിലയിലുള്ള തൻെറ അവകാശങ്ങളെ അദ്ധ്യക്ഷനെ അനുസ്മരിപ്പിച്ചു. ക്ഷുഭിതചിത്തനായ അദ്ധ്യക്ഷൻ തൻെറ അധികാരം പ്രയോഗിച്ചു മി. കുറുപ്പിനെ ആസനസ്ഥനാക്കുമെന്നു ഭീഷണിപ്പെടുത്തി. ഇതിനിടയ്ക്ക് എതിരഭിപ്രായക്കാരായി അവിടെക്കൂടിയിരുന്ന നായർയുവാക്കന്മാരെ സമീപിച്ചു ചില പോലീസുകാർ മററു ഭീഷണികൾ പ്രയോഗിച്ചു. ഈ ബഹളങ്ങളും കുഴപ്പങ്ങളും അവസാനിപ്പിക്കുവാൻ ഏതാണ്ടു കാൽമണിക്കൂർനേരത്തേയ്ക്കു സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതായി വന്നു. തിരുവിതാംകൂറിലേ രാഷ്ട്രീയമണ്ഡലങ്ങളിലുള്ള സകല കുഴപ്പങ്ങളുമവസാനിച്ച് ഉത്തരവാദഭരണംതന്നെ സ്ഥാപിച്ച് അനേകതലമുറകൾ കഴിഞ്ഞാലും തേച്ചുകളയുവാൻ കഴിയാത്ത മാലിന്യമാണു സമുദായഗാത്രത്തിൽ ആ സമ്മേളനം ചേർത്തതു്. തിരുവനന്തപുരത്തേ സംയുക്തസമ്മേളനംമുതൽ

ചങ്ങനാശ്ശേരിയുടെ നിയന്ത്രണത്തിൽനിന്ന വേർപെട്ടതിനു ശേഷമുള്ള ആ സ്ഥാപനത്തിന്റെ ചരിത്രം തികച്ചും ആധുനികമായതുകൊണ്ട് ഇതിലധികം ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. ഉത്ഭവകാലത്തുള്ള ഉന്നതാദർശങ്ങളിൽനിന്നും രാജ്യക്ഷേമകരങ്ങളായ പ്രവർത്തനങ്ങളിൽനിന്നും വ്യതിചലിച്ച് ആ സ്ഥാപനം പ്രാചീനമഹിമകളുടെ മങ്ങിയ ഒരു നിഴലെന്നപോലെ ഇന്നും ഉപജീവിക്കുന്നുണ്ട്. അതിന്റെ വാർഷിക സമ്മേളനങ്ങൾ യഥാകാലം ഇന്നും നടന്നുവരുന്നുണ്ട്. എങ്കിലും, സഞ്ചാരസ്വാതന്ത്ര്യപ്രക്ഷോഭണം, ക്ഷേത്രപ്രവേശനവാദം തുടങ്ങിയ മഹനീയസംരംഭങ്ങളിൽ പങ്കെടുത്തു നാട്ടിനും നാട്ടാർക്കും അഭിമാനകരമായ പല പ്രവർത്തനങ്ങളും നടത്തിയിട്ടുള്ള അന്നത്തെ നായർസർവ്വീസ്സൊസൈററിയുടെ സ്മരണകളല്ല, ഇന്ന് ആ സ്ഥാപനം ഉദാരമതികളായ നായർസമുദായാംഗങ്ങളിൽ ഉല്പാദിപ്പിക്കുന്നത്.

# അദ്ധ്യായം മൂന്ന്

ഇൻഡ്യൻഭരണപരിഷ്കാരത്തെപ്പററി പര്യാലോചിക്കുവാൻ ചരിത്രപ്രസിദ്ധമായ രണ്ടാമത്തെ വട്ടമേശസമ്മേളനം ലണ്ടൻനഗരത്തിൽ സമ്മേളിച്ചിരുന്ന ഘട്ടത്തിൽ, ഭാരതീയ ദേശീയതത്വത്തെ പരാജയപ്പെടുത്തുവാൻ വേണ്ടി, ന്യൂനപക്ഷ താല്പര്യങ്ങളെ സംരക്ഷിക്കുവാനെന്ന വ്യാജേന ഭാരതീയദേശീയതത്വത്തിൻെറപൂർവ്വശത്രുക്കളായിരുന്ന സർ ജാർജ് ലയഡ്, ലാർഡ് സിഡൻഹാം, മൈക്കൽ ഒഡയർ തുടങ്ങിയുള്ളവർ ഡാക്ടർ അംബഡ്കറെ ഒരായുധമായുപയോഗിച്ച 'മൈനാറിററിപാക്ററ്' എന്ന പേരിൽ ഒരു സംഘം ചേർന്ന്, ന്യൂനപക്ഷങ്ങളുടെ അവകാശവാദങ്ങളെ വിവരിച്ചുകൊണ്ട് ഒരു പ്രമാണം തയ്യാറാക്കി, ആ സമ്മേളനത്തിൽ സന്നിഹിതനായിരുന്ന മഹാത്മാഗാന്ധിക്കു നൽകിയിരുന്നു. പ്രസ്തുത പ്രമാണം സൂക്ഷ്മമായി പരിശോധിച്ചു പഠിച്ച് അഭിപ്രായം പ്രകടിപ്പിക്കണമെന്നും അവർ അദ്ദേഹത്തോടാവശ്യപ്പെടുകയുണ്ടായി. ഭാരതീയദേശീയതത്വത്തിൻെറ മൃതശരീരമാണ് ആ ദൂഷിച്ച പ്രമാണമെന്നും, അതു ശസ്ത്രക്രിയ ചെയ്തു തുറന്നു പരിശോധിക്കുവാൻ താൻ വിസമ്മതിക്കുന്നു എന്നും ആണ് മഹാത്മാഗാന്ധി അവിസ്മരണീയമായ തൻെറ വട്ടമേശസമ്മേളനത്തിലെ പ്രസംഗത്തിൽ വികാരഭരിതനായി പ്രസ്താവിച്ചത്. എന്നാൽ ഇൻഡ്യയിലെ ഹിന്ദുസമുദായത്തെ വർഗ്ഗീയമായി വിഭജിക്കുവാനുള്ള ഏതൊരു ശ്രമത്തേയും താനേകനാണെങ്കിൽക്കൂടിയും ജീവിതംതന്നെ ബലികൊടുത്തു പ്രതിരോധിക്കുമെന്നും ഗാന്ധിജി തുടർന്നു പറഞ്ഞു.

വട്ടമേശസമ്മേളനം കഴിഞ്ഞു് ഇൻഡ്യയിൽ തിരിച്ചെത്തിയ ഗാന്ധിജിക്ക് യർവാദാജയിലിൻെറ തുറന്ന കവാടങ്ങൾ സ്വാഗതമരുളിയതും, അതിനെത്തുടർന്നുണ്ടായ രണ്ടാമത്തെ സഹനസമരവും, അന്നു വൈസ്രോയിയായിരുന്ന വെല്ലിംഗ്ടൺ പ്രഭു അതിഭയങ്കരമായ മർദ്ദനംകൊണ്ടു നിയമലംഘനപ്രസ്ഥാനത്തെ അമർച്ച ചെയ്തതും, ആരും വിസ്മരിച്ചിരിക്കാനിടയില്ല.

വട്ടമേശസമ്മേളനത്തിൽവച്ചു് സാമുദായികപ്രശ്നങ്ങൾക്ക് ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുവാൻ ഇൻഡ്യൻപ്രതിനിധികൾക്കു സാധിക്കാതെ വന്നതും, അന്നു് ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന റാംസെ മാക്ക്ഡൊനാൾഡ്ു് ആ വിഷമമേറിയ ചുമതല കയ്യേറ്റതും, അധഃകൃതർക്കു പ്രത്യേക നിയോജകമണ്ഡലങ്ങൾ അനുവദിച്ചുകൊണ്ടു് അദ്ദേഹം അവസാന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതും, ചരിത്രപ്രസിദ്ധമായ സംഭവങ്ങളാണു്. അധഃകൃതസമുദായങ്ങളെ ഹിന്ദുമതത്തിൽനിന്നു കററിനിത്തുവാനുള്ള ഗർഹണീയമായ ശ്രമങ്ങളെ തൻെറ കഠോരമായ പ്രതിജ്ഞയനുസരിച്ചു പ്രതിരോധിക്കുവാൻ ഗാന്ധിജി ജീവാവസാനംവരെ ഉപവസിക്കുന്നതിനു നിശ്ചയിച്ചു. ഗാന്ധിജിയുടെ അചഞ്ചലമായ നിശ്ചയം ഭാരതഭൂമിയെ സ്തംഭിപ്പിച്ചു. അതിൻെറ മാറെറാലികൾ മഹാസമുദ്രങ്ങൾ കടന്നു് ഇംഗ്ലണ്ടിലേയ്ക്കും, അമേരിക്കയിലേയ്ക്കും വ്യാപിച്ചു. ആശ്ചര്യഭരിതരായിത്തീർന്ന ജനങ്ങൾ അസാധാരണമായ ഈ വെല്ലുവിളിയുടെ ആന്തരമായ അത്ഥമെന്തെന്നറിയാതെ അമ്പരന്നു. 'ആത്മഹത്യാ'പരമായ ഈ നിശ്ചയത്തെപ്പററി ചില അവിശ്വാസികൾ പുച്ഛിക്കാതെയുമിരുന്നില്ല. എങ്കിലും ഉപവാസം ആരംഭിച്ചു് ഒരു വാരം തികയുന്നതിനു മുൻപുതന്നെ ആ മഹാത്മാവിൻെറ ആയുരാരോഗ്യങ്ങൾക്കു വേണ്ടി ലോകമൊട്ടുക്കുള്ള ദേവാലയങ്ങളിലെങ്ങും പ്രാത്ഥനകളും ഗീതങ്ങളും മുഴങ്ങി. ക്ഷേത്രകവാടങ്ങൾ താനേ തുറന്നു.

ഹിമാലയംമുതൽ കന്യാകുമാരിവരെയുള്ള ജനങ്ങൾ ഉല്ക്കണ്ഠാഭരിതരായിത്തീർന്നു. ഭാരതത്തിന്റെയെന്നല്ല ലോകത്തിന്റെ തന്നെ മുഴുവൻ ശ്രദ്ധയും യർവാദാജയിലിൽ കേന്ദ്രീകൃതമായി. ഉണ്ടാകുവാനിടയുള്ള അത്യാഹിതത്തെക്കുറിച്ചു ചിന്തിച്ചപ്പോൾ ഭാരതീയർ നടുങ്ങി. പക്ഷെ ഇതൊന്നുംതന്നെ ഗാന്ധിജിയുടെ കാരാഗൃഹത്തിൻെറ പ്രശാന്തതയെ ഭഞ്ജിച്ചില്ല. ഉപവാസമാരംഭിച്ച ദിവസങ്ങൾ ഒന്നൊന്നായിക്കഴിഞ്ഞുകൊണ്ടിരുന്നു. യർവാദാജയിൽ ഒരു തപോവാടമായി മാറി. ആ ആഷഭൂമിയിൽനിന്നു് ഒരു നവചൈതന്യം പുറപ്പെട്ടു ഭാരതമൊട്ടുക്കു

വ്യാപിച്ചു. കടിമൂത്ത യാഥാസ്ഥിതികത്വവും അനാചാരങ്ങളും ആ ദിവ്യതേജസ്സിൻെറ മുൻപിൽ സൂര്യപ്രകാശത്തിലന്ധകാര മെന്നപോലെ മറഞ്ഞുപോയി. ഹൈന്ദവനേതാക്കന്മാർ ഉൽക്കണ്ഠാകുലരായി അങ്ങുമിങ്ങും ഉഴറി. യോഗങ്ങളും കാൺഫറൻസുകളും ആരംഭിച്ചു. ഹൈന്ദവനേതാക്കന്മാർ പൂനായിൽ സമ്മേളിച്ചാലോചനകൾ നടത്തി. ബ്രിട്ടീഷ് പ്രധാന മന്ത്രിയുടെ തീരുമാനമനുസരിച്ചു ലഭിക്കുന്നതിലിരട്ടിസ്ഥാനങ്ങൾ അധഃകൃതക്ക് നൾകുവാൻ ഹിന്ദുക്കൾ തയ്യാറായി. പ്രത്യേക നിയോജകമണ്ഡലങ്ങൾ തിരസ്കരിച്ചുകൊണ്ടുള്ള ഒരുടമ്പടി എഴുതിയുണ്ടാക്കി. ഡാക്ടർ അംബെഡ്ക്കർ പൂനാ സമ്മേളനത്തിലെ നിർദ്ദേശങ്ങൾ സ്വീകരിച്ചു. പ്രസ്തുത ഉടമ്പടി ഗാന്ധിജിയുടെ അംഗീകാരത്തിനു സമപ്പിക്കപ്പെട്ടു. ഗാന്ധിജിയുടെ അനുമതിക്കുശേഷം ബ്രിട്ടീഷ്ഗവമ്മെൻറും ഈ വ്യവസ്ഥകൾ സ്വീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചു. ഗാന്ധിജി ഉപവാസമവസാനിപ്പിച്ചു. ബഹുസഹസ്രാബ്ദങ്ങളായി നിലനിന്നുപോന്ന ജാതിദുർഗ്ഗം പൊടിഞ്ഞു തകന്നു തുടങ്ങി.

എന്നാൽ യർവാദാജയിലിലെ കഠിനതപസ്സ് ഇൻഡ്യയൊട്ടുക്ക് ഇളക്കിവിട്ട ഉണർവും ചൈതന്യവും ഇവിടെയവസാനിച്ചില്ല. ആ കാരാഗൃഹത്തിൻെറ കവാടങ്ങൾ താനേ തുറന്നു. ഗാന്ധിജി ബന്ധനവിമുക്തനായിത്തീന്നു. ഒരു കൊടുങ്കാററുപോലെ അദ്ദേഹം ഭാരതഭൂമിയെ ഇളക്കിമറിച്ചു. അദ്ദേഹം ഇൻഡ്യയൊട്ടുക്കു പര്യടനം ചെയ്തു ൮ ലക്ഷം രൂപാ പിരിച്ചെടുത്തു സുപ്രസിദ്ധമായ അദ്ദേഹത്തിൻെറ ഹരിജനപ്രസ്ഥാനമാരംഭിച്ചു. ഹരിജനോദ്ധാരണത്തിനു വേണ്ടി ഭാരതത്തിലെ ബർളമാരും ബജാജ്ജമാരും അവരുടെ ഭാരിച്ച ഭണ്ഡാരങ്ങൾ ഗാന്ധിജിയുടെ അധീനതയിൽ വിട്ടുകൊടുത്തു. ഇൻഡ്യൻജനതയുടെ ഹൃദയങ്ങൾ ദേശീയമായ ചിന്തകളുടേയും വികാരങ്ങളുടേയും ആവേശംകൊണ്ടു തുള്ളിക്കളിച്ചു.

ഭാരതമൊട്ടുക്കു വ്യാപിച്ച നൂതനമായ ഈ ഉണർവും ചൈതന്യവും കേരളത്തിലേയ്ക്കും വ്യാപിക്കാതിരുന്നില്ല. തിരുവിതാംകൂറിലെ അയിത്തോച്ചാടനസംരംഭങ്ങളും ക്ഷേത്രപ്രവേശനവാദവും ഹരിജനപ്രസ്ഥാനത്തെക്കാൾ പഴക്കമുള്ളവയാ

ണെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എങ്കിലും, ഓരോ ഘട്ടങ്ങളിലും തിരുവിതാംകൂറിലെ പ്രവത്തനങ്ങൾക്കു ഗാന്ധിജിയുടെ ഉപദേശങ്ങളും ആദർശങ്ങളുമാണു മാർഗ്ഗദർശകങ്ങളായി നിന്നിട്ടുള്ളതു്. ഗാന്ധിജിയുടെ ഉപവാസത്തിനുശേഷം സംഘടിതമായ പ്രക്ഷോഭണങ്ങൾ തിരുവിതാംകൂറിലാരംഭിക്കുന്നതിനു മുൻപു മലബാറിൽ മറെറാരു സംഭവം നടന്നു. മലബാറിലെ കാൺഗ്രസ്സ്നേതാക്കന്മാരിൽ അഗ്രഗണ്യനായ മി. കേളപ്പൻെറ നേതൃത്വത്തിൽ ഗുരുവായൂർ ആരംഭിച്ച ക്ഷേത്രപ്രവേശനസത്യാഗ്രഹമായിരുന്നു ഇതു്. സത്യാഗ്രഹത്തിൻെറ അവസാനരംഗമായി മി. കേളപ്പൻ ഗുരുവായൂർക്ഷേത്രനടയിലെ സുപ്രസിദ്ധമായ അദ്ദേഹത്തിൻെറ ഉപവാസം ആരംഭിച്ചു. ക്ഷേത്രവാതിലുകൾ ഹരിജനങ്ങൾക്കു തുറന്നുകൊടുക്കുന്നതുവരെ ഉപവാസം തുടൎന്നുകൊണ്ടുപോകുവാനാണു മി. കേളപ്പൻ നിശ്ചയിച്ചിരുന്നതു്. ഭാരതത്തിൻെറ ശ്രദ്ധ മുഴുവൻ ഒരിക്കൽകൂടി ഗുരുവായൂരിലേയ്ക്കു പതിഞ്ഞു. ഇൻഡ്യയിലെ പ്രശസ്തരായ ഹൈന്ദവനേതാക്കന്മാർ ക്ഷേത്രവാതിലുകൾ ഹരിജനങ്ങൾക്കു തുറന്നുകൊടുക്കണമെന്നു ക്ഷേത്രമുടമസ്ഥനായ സാമൂതിരിയോടഭ്യൎത്ഥിച്ചു. പക്ഷേ യാഥാസ്ഥിതികനായ സാമൂതിരി ഇളകിയില്ല. ഉപവാസം കേളപ്പൻ തുടൎന്നുകൊണ്ടുപോയി. കേരളമൊട്ടുക്കു വൻപിച്ച പ്രകടനങ്ങളും പ്രതിഷേധങ്ങളും നടന്നു. പക്ഷേ സാമൂതിരിയുടെ ഹൃദയമലിയുന്ന മട്ടു കണ്ടില്ല. മി. കേളപ്പന്റെ ശരീരസ്ഥിതി അനുദിനമെന്നവണ്ണം വർദ്ധിച്ചുവന്ന ഉൽക്കണ്ഠയ്ക്കു കാരണമാക്കി. എങ്കിലും, ക്ഷേത്രഗോപുരവാതിലുകൾ അടഞ്ഞുതന്നെ കിടന്നു. ഒടുവിൽ മഹാത്മാഗാന്ധിയുടെ കർശനമായ ആജ്ഞയനുസരിച്ചു് ഉപവാസം അവസാനിപ്പിക്കുവാൻ മി. കേളപ്പൻ നിർബന്ധിതനായി.

ഗുരുവായൂർക്ഷേത്രത്തിൽ അയിത്തജാതിക്കാരെന്നു പറയപ്പെടുന്ന ജനങ്ങൾക്കു പ്രവേശനമനുവദിക്കണമെന്നഭ്യൎത്ഥിച്ചുകൊണ്ടുള്ള ഭാരതീയനേതാക്കന്മാരുടെസന്ദേശങ്ങൾക്ക്, അയൽരാജ്യങ്ങളായ തിരുവിതാംകൂറിലേയും കൊച്ചിയിലേയും ക്ഷേത്രങ്ങൾ അവൎണ്ണൎക്കു ദുഷ്പ്രാപ്യങ്ങളായിരിക്കുന്നിടത്തോളംകാലം ആ വിഷയത്തിൽ തനിക്കു യാതൊന്നുംചെയ്യുവാൻ സാദ്ധ്യമല്ലെന്നായിരുന്നു സാമൂതിരി മറുപടി പറയാറുണ്ടായിരുന്നതു്.

ഗുരുവായൂർസത്യാഗ്രഹം അത്യുഗ്രമായിത്തീർന്നപ്പോൾ മഹാ
ത്മാഗാന്ധി, സർ ചിമൻലാൻ സെതൽവാഡ്, പണ്ഡിററ്
മാളവ്യ തുടങ്ങിയ നേതാക്കന്മാർ തിരുവിതാംകൂറിലേ ക്ഷേത്ര
ങ്ങൾ അവർണ്ണർക്കായി തുറന്നുകൊടുക്കണമെന്നു മഹാരാജാ തിരു
മനസ്സിനോടപേക്ഷിക്കുകയുണ്ടായി. ക്ഷേത്രപ്രവേശനപ്രക്ഷോ
ഭണത്തിൻെറ മാറെറാലികൾ തിരുവിതാംകൂറിൽ അപ്പോഴും
മുഴങ്ങിക്കൊണ്ടിരുന്നു. ഗുരുവായൂർസത്യാഗ്രഹത്തോടനുബന്ധി
ച്ചു യോഗങ്ങളും പ്രകടനങ്ങളും തിരുവിതാംകൂറിലും ആരംഭി
ച്ചിരുന്നു. തിരുവിതാംകൂറിനകത്തും പുറത്തുമുള്ള ശക്തിയേറിയ
പൊതുജനാഭിപ്രായത്തെ അനാദരിക്കുവാൻ ഗവമ്മെൻറിനു
കഴിഞ്ഞില്ല. അതുകൊണ്ടു ക്ഷേത്രപ്രവേശനപ്രശ്നത്തിൻെറ വി
വിധ വശങ്ങളെപ്പററി കൂലങ്കഷമായ ഒരന്വേഷണം നടത്തി,
ആവശ്യമായ ശുപാശ്കൾ ചെയ്യുവാൻ ഗവമ്മെൻറ് ഒരു കമ്മ
റ്റിയെ നിയമിച്ചു. ദിവാൻബഹദൂർ വി. എസ്സ്. സുബ്രഹ്മണ്യയ്യ
രായിരുന്നു കമ്മററിയുടെ അദ്ധ്യക്ഷൻ. ൧൧൦൮ വൃശ്ചികത്തി
ലാണു ഗവമ്മെൻറ് ക്ഷേത്രപ്രവേശനക്കമ്മെററിയെ നിയമിച്ചു
കൊണ്ടുള്ള ഉത്തരവു പുറപ്പെടുവിച്ചതു്. അക്കാലത്തു ഹൈ
ക്കോടതിജഡ്ജിയായിരുന്ന ചങ്ങനാശേരിയേയും പ്രസ്തുത കമ്മി
ററിയിലെ ഒരംഗമായി നിയമിച്ചു. മെ. എസ്സ്. കെ. മഹാ
ദേവയ്യർ, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, പുന്നശ്ശേരി നീല
കണ്ഠശർമ്മ, എം. ഗോവിന്ദൻ, ടി. ടി. കേശവശ്ശാസ്ത്രി, ടി. കെ.
വേലുപ്പിള്ള മുതലായവരും കമ്മിററിയിലെ അംഗങ്ങളായി
രുന്നു. പ്രത്യക്ഷത്തിൽതന്നെ യാഥാസ്ഥിതികന്മാൎക്കു ഭൂരിപ
ക്ഷമുണ്ടായിരുന്ന ഈ കമ്മിററിയിൽനിന്നും പുരോഗമനപര
മായ യാതൊരു നിർദ്ദേശവും ഉണ്ടാകുവാനിടയില്ലെന്നു് അന്നു
പലരും അഭിപ്രായപ്പെടുകയുണ്ടായി.

ക്ഷേത്രപ്രവേശനക്കമ്മെററിയുടെ പ്രവത്തനങ്ങളിൽ ചങ്ങ
നാശേരി ഉത്സാഹപൂർവ്വം പങ്കെടുത്തു. ഹൈന്ദവശാസ്ത്രങ്ങളും,
സ്മൃതികളും, പുരാണങ്ങളും അക്കാലത്തു കൂലങ്കഷമായി അദ്ദേ
ഹം പരിശോധിച്ചു പഠിച്ചു. യാഥാസ്ഥികത്വത്തിൽനിന്നു
വ്യതിചലിക്കുവാൻ വൈമനസ്യമുള്ള ചിലർ കമ്മററിയുടെ
മുൻപാകെ വിസ്തരിക്കപ്പെട്ടപ്പോൾ ചങ്ങനാശേരിയുടെ സൂക്ഷ്മ

മായ ചോദ്യങ്ങൾ പലപ്പോഴും അവരെ വിഷമിപ്പിച്ചിട്ടുണ്ട്. സ്മൃതിശാസ്ത്രാദികൾ അവർണ്ണർക്ക് ക്ഷേത്രപ്രവേശനം നിരോധിക്കുന്നതായി വാദിച്ച ബ്രാഹ്മണരെക്കൊണ്ട് അതേ ശാസ്ത്രങ്ങളനുസരിച്ചുള്ള ബ്രാഹ്മണ്യം തങ്ങൾക്കില്ലെന്നും അദ്ദേഹം സമ്മതിപ്പിക്കുകയുണ്ടായി.

ഫെബ്രുവരി ഏപ്രിൽമാസത്തിൽ കമ്മറ്റി അതിവിപുലമായ അന്വേഷണങ്ങൾക്കുശേഷം ഒരു റിപ്പോർട്ടു തയാറാക്കി ഗവമ്മെൻറിലേയ്ക്കു സമപ്പിച്ചു. ചില ക്ഷേത്രങ്ങളിൽ അവർണ്ണർക്ക് പ്രവേശനം അനുവദിക്കയോ, അല്ലങ്കിൽ എല്ലാ ക്ഷേത്രങ്ങളിലും ബലിവട്ടംവരെ മാത്രം അവരെ പ്രവേശിപ്പിക്കുകയോ ചെയ്യാമെന്നും, ആ പരിഷ്കാരംതന്നെ വൈദികന്മാരുടെ ഒരു പരിഷത്തിൻെറ അനുമതിയോടുകൂടി മാത്രമേ നടപ്പിൽ വരുത്തുവാൻ പാടുള്ളു എന്നും ആയിരുന്നു കമ്മററി സമപ്പിച്ച ഭൂരിപക്ഷറിപ്പോർട്ടിലെ ശുപാൾകളുടെ സംക്ഷിപ്തം. യുക്തിബോധത്തിനും മൂഢമായ യാഥാസ്ഥിതികത്വത്തിനും ഇടയിൽപെട്ടു ക്ലേശിച്ചു, യാഥാത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാൻ വിസമ്മതിച്ചു, തങ്ങളിൽ നിക്ഷിപ്തമായിരുന്ന ഗൌരവമേറിയ ചുമതലകൾ തിരിച്ചു മഹാരാജാ തിരുമനസ്സിനേയും വൈദികപരിഷത്തിനേയുമേല്പിക്കുകയാണു ഭൂരിപക്ഷറിപ്പോർട്ടു ചെയ്തതു്. നൂററുകണക്കിനോളം വരുന്ന ആ പ്രമാണം ഏററവും ശുഷ്കവും യാതൊരു പ്രചോദനവും നൾകാത്തതും, ഇച്ഛാഭംഗഹേതുകവും, അതിൻെറ കത്താക്കൾക്കുള്ളതായി പറയപ്പെടുന്ന പാണ്ഡിത്യത്തിൻെറ യാതൊരു ലക്ഷണങ്ങളും പ്രകടമാക്കാത്തതും, അനുകമ്പയുടേയോ ഹൃദയവിശാലതയുടേയോ കണികപോലും തൊട്ടുതെറിച്ചിട്ടില്ലാത്തതുമായ ഒന്നാണെന്നു് ആ റിപ്പോർട്ടിനെ നിരൂപണം ചെയ്തുകൊണ്ടു മി. രാമചന്ദ്രൻ പ്രസ്താവിക്കുകയുണ്ടായി. കമ്മററി നിർദ്ദേശിച്ചിട്ടുള്ള പരിഷത്തിൽനിന്നു് "ദൈവം നമ്മെ രക്ഷിക്കട്ടെ." എന്നു പ്രസ്താവിച്ചുകൊണ്ടാണു് അദ്ദേഹം ആ നിരൂപണം ഉപസംഹരിച്ചിട്ടുള്ളതു്.

എന്നാൽ അവശതകളനുഭവിക്കുന്ന സമുദായങ്ങൾക്കു് ആശാദീപമായി ഒരു ന്യൂനപക്ഷറിപ്പോർട്ടും ഇതോടൊന്നിച്ചു

സമപ്പിച്ചിരുന്നു. ചങ്ങനാശേരിയും മി. എം. ഗോവിന്ദനു മായിരുന്നു ഈ റിപ്പോർട്ടിന്റെ കത്താക്കൾ. ന്യൂനപക്ഷ റിപ്പോർട്ടിൽ ഭൂരിപക്ഷറിപ്പോർട്ടിലെ പരിഷത്തിനെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നതിങ്ങിനെയാണു്. "വൈദികന്മാരും വാദ്ധ്യാന്മാരും, തന്ത്രികളും ആഴ്വാഞ്ചേരി തമ്പ്രാക്കളുമടങ്ങിയ പരിഷത്തിന്റെ ഉപദേശവും അനുകൂലാഭിപ്രായവും അനുസരിച്ചു മാത്രമേ ക്ഷേത്രപ്രവേശനകായ്യത്തിൽ മാറ്റം വരുത്താവൂ എന്നു കമ്മറ്റി പറയുന്നു. ഇതു മഹാരാജാവു തിരുമനസ്സിലെ അധികാരത്തിനു പരിമിതി കല്പിക്കയാണു്. മഹാരാജാവു സംസ്ഥാനത്തിലെ രാഷ്ട്രീയമേധാവി മാത്രമല്ല ആത്മീയകായ്യങ്ങളിലും മേധാവിയായതിനാൽ ഇതു തികച്ചും നീതീകരിക്കത്തക്കതല്ലെന്നാകുന്നു ഞങ്ങളുടെ അഭിപ്രായം".

ഇന്നത്തെ അവണ്ണവഗ്ഗങ്ങളും ശാസ്ത്രത്തിൽ പ്രസ്താവിച്ചിട്ടുള്ള ചണ്ഡാലരും ഒന്നല്ലെന്നു ന്യൂനപക്ഷറിപ്പോർട്ടു കായ്യ കാരണസഹിതം തെളിയിച്ചിട്ടുണ്ടു്. ഉപനിഷത്തുകളിൽനിന്നു ചില ഭാഗങ്ങൾ ഉദ്ധരിച്ചതിനുശേഷം റിപ്പോട്ടു് ഇങ്ങിനെ തുടരുന്നു. "ജാതി എന്നതു് ജനനത്തെയല്ല ഗുണത്തെയാണു് ആസ്പദമാക്കിയിരിക്കുന്നതു്. അതിനാൽ ജാതികൾക്കു തമ്മിൽ ഉച്ചനീചത്വം സാദ്ധ്യമല്ല. ജാതി എന്നതു് തൊലിയേയോ രക്തത്തേയോ, മാംസത്തേയോ, എല്ലിനേയോ, ആത്മാവിനേയോ ആശ്രയിച്ചിരിക്കുന്നതല്ല. അതു് ഒരു നടപടി മാത്രമാകുന്നു." നിരുപാധികമായി ക്ഷേത്രപ്രവേശനമനുവദിക്കേണ്ടതാണെന്നായിരുന്നു ന്യൂനപക്ഷറിപ്പോർട്ടിന്റെ ചുരുക്കം.

ഭൂരിപക്ഷറിപ്പോർട്ടും ന്യൂനപക്ഷറിപ്പോർട്ടും കൂടാതെ ഭൂരിപക്ഷറിപ്പോർട്ടിൽ ഒപ്പുവച്ചിട്ടുള്ള അംഗങ്ങൾ അതുകൊണ്ടു തൃപ്തരാകാതെ പ്രത്യേകമായ ഓരോ നോട്ടുകളുംകൂടി എഴുതിച്ചേത്തിരുന്നു. ഇവയിൽ പലതിനും ഭൂരിപക്ഷറിപ്പോർട്ടുമായി യാതൊരു സാമ്യവുമില്ല. മെ. എസ്സ്. കെ. മഹാദേവയ്യർ, പുന്നശ്ശേരി നീലകണ്ഠശമ്മ എന്നിവർ അവണ്ണരെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കുന്നതിനെ എതിത്തുകൊണ്ടു ഹൃദയശൂന്യവും അനുകമ്പാരഹിതവുമായ പ്രത്യേക റിപ്പോർട്ടുകൾ എഴുതിയിരിക്കുന്നു. മി. ഉള്ളൂർ എസ്സ്. പരമേശ്വരയ്യരുടെ നോട്ട്

നീതിയുടേയും കരുണയുടേയും പ്രചോദനമനുസരിച്ച് എഴുതപ്പെട്ടിട്ടുള്ള ഒന്നാണെങ്കിലും, അദ്ദേഹം നിഷ്കൃഷ്ടമായ യാതൊരു ശുപാശ്കളും ചെയ്തിട്ടില്ല. മി. ടി. കെ. വേലുപ്പിള്ളയുടെ പ്രത്യേക നോട്ട് 'ഭാസുരമായ ഒരു കുഴപ്പ'മാണെന്നാണ് അതിനെ വിമശിച്ച മി. രാമചന്ദ്രൻ അഭിപ്രായപ്പെട്ടത്.

ഇങ്ങിനെ ഏകദേശം അംഗങ്ങളോളംതന്നെ വീക്ഷണകോടികളേയും പ്രതിഫലിപ്പിക്കുന്ന ഒരു റിപ്പോർട്ടു സമപ്പിച്ചിട്ടു രണ്ടു വഷം കഴിഞ്ഞതിനുശേഷവും ഗവെമ്മൻറിനു ക്ഷേത്രപ്രവേശനകായ്യത്തിൽ പുരോഗമനപരമായ യാതൊരു നടപടിയും സ്വീകരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അതിലാശ്ചയ്യപ്പെടാനൊന്നുമില്ലല്ലോ.

# അദ്ധ്യായം ൪൦

മഹാത്മാഗാന്ധിയുടെ ഉപവാസവും, അതിനെത്തുടൎന്നു ഹരിജനോദ്ധാരണവിഷയത്തിൽ ഭാരതമൊട്ടുക്കുണ്ടായ ഉണർവും, ഉൽബുദ്ധതയും കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ! ഈ പ്രബുദ്ധതയുടെ സൃഷ്ടിപരമായ ഫലമെന്നവണ്ണമാണു ഹരിജനസേവാസംഘമുത്ഭവിച്ചതു്. ഇൻഡ്യയിലെ ഏറ്റവും വലിയ കോടീശ്വരന്മാരിൽ ഒരാളും ഉദാരമതിയും, ഉത്തമദേശാഭിമാനിയും, സംസ്കാരസമ്പന്നനും ആയ മി. ജി. ഡി. ബർളയാണു് ഈ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ. ഭാരതസേവാസംഘത്തിലെ പ്രമുഖാംഗങ്ങളിലൊരാളായ ശ്രീ.ഏ. വി. താക്കർ ഈ സംഘടനയുടെ സിക്രട്ടറിപദം സ്വീകരിച്ചു. ഒരഖിലഭാരതസംഘടനയെന്ന നിലയിൽ അതിവിപുലമായ ഒരു കാൎയ്യപരിപാടിയോടുകൂടിയാണു് ഈ സ്ഥാപനം അതിന്റെ വിശേഷാത്തരമായ പ്രവൎത്തനങ്ങളാരംഭിച്ചതു്. മഹാത്മാഗാന്ധി ജയിൽവിമുക്തനായതിനുശേഷം, അദ്ദേഹത്തിന്റെ മുഴുവൻസമയവും ഹരിജനോദ്ധാരണം സംബന്ധിച്ച പ്രവൎത്തനങ്ങൾക്കായി നീക്കിവച്ചു. അദ്ദേഹത്തിന്റെ അഭ്യൎത്ഥനയനുസരിച്ചു് ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും ഭാരിച്ച സംഖ്യകൾ സംഭാവനയായി നൾകപ്പെട്ടു. ഒരു ഐന്ദ്രജാലികന്റെ അജ്ഞാതശക്തിയോടുകൂടി മഹാത്മാഗാന്ധി തന്റെ മന്ത്രദണ്ഡൊന്നു ചുഴററിയപ്പോൾ സംഖ്യയില്ലാത്ത മൂലധനത്തോടുകൂടി ഒരു മഹാസ്ഥാപനമുത്ഭവിച്ചു, ശാഖോപശാഖകളായി വളൎന്നു, വിസ്തൃതമായ ഭാരതഭൂമിയൊട്ടുക്കു വ്യാപിച്ചു, മർദ്ദിതരും അശരണരുമായ ബഹുലക്ഷം ജനങ്ങൾക്കു് അഭയസ്ഥാനം നൾകി ആശ്വസിപ്പിച്ചു.

ചങ്ങനാശേരി ഉദ്യോഗത്തിൽനിന്നു വിരമിക്കുന്നതിനു മുൻപുതന്നെ ഹരിജനസേവാസംഘത്തിന്റെ കൊച്ചി—തിരുവിതാംകൂർ ശാഖ സംഘടിപ്പിച്ചുകഴിഞ്ഞിരുന്നു. മി. ഈ. സുബ്രഹ്മണ്യയ്യരായിരുന്നു ഈ ശാഖയുടെ ഒന്നാമത്തെ അദ്ധ്യ

ക്ഷൻ. ഒരു കാൺഗ്രസ്സ് പ്രവത്തകനായിരുന്ന മി. നീലകണ്ഠയ്യരെ സിക്രട്ടറിയായി തിരഞ്ഞെടുത്തു. മി. ഈ. സുബ്രഹ്മണ്യയ്യർ സ്ഥാനമൊഴിഞ്ഞതിനുശേഷം ചങ്ങനാശേരി ഹരിജനസേവാസംഘത്തിൻെറ കൊച്ചി—തിരുവിതാംകൂർ ശാഖയുടെ ആദ്ധ്യക്ഷം കയ്യേററു. ഈ ഘട്ടത്തിൽ മഹാത്മാ ഗാന്ധി ഹരിജനോദ്ധാരണം സംബന്ധിച്ച അദ്ദേഹത്തിൻെറ അഖിലഭാരതപര്യടനം ആരംഭിച്ചുകഴിഞ്ഞിരുന്നു. അചിരേണ അദ്ദേഹം തിരുവിതാംകൂറും സന്ദശിച്ചു. അതിനു മുൻപു രണ്ടു പ്രാവശ്യം ഗാന്ധിജി തിരുവിതാംകൂർ സന്ദശിച്ചിട്ടുണ്ട്. അന്നൊക്കെ അദ്ദേഹം ഈ രാജ്യത്തു് ഒരു ഗവമ്മെൻററതിഥിയായിട്ടാണു സ്വീകരിച്ചു സൽക്കരിക്കപ്പെട്ടതു്. എന്നാൽ അല്പകാലം മുൻപു നടന്ന സ്വാതന്ത്ര്യസമരത്തിൻേറയും നിയമലംഘനപ്രസ്ഥാനത്തിൻേറയും നായകനായിരുന്ന ഈ വിപ്ലവകാരിയെ അന്നൊരതിഥിയായി സ്വീകരിക്കുവാൻ തിരുവിതാംകൂർ ഗവമ്മെൻറു് ആഗ്രഹിച്ചില്ല. എന്നു മാത്രമല്ല, ഗാന്ധിജിയെ സ്വീകരിച്ചു സല്ക്കരിക്കുവാൻ പൊതുജനങ്ങൾ ഏപ്പാടു ചെയ്തിരുന്ന ചടങ്ങുകളിൽ പരസ്യമായി സന്ധിക്കുവാൻപോലും സക്കാരുദ്യോഗസ്ഥന്മാർ ധൈര്യപ്പെട്ടില്ല. പക്ഷേ ലോകോത്തരനായ ആ അതിമാനുഷൻെറ സല്ക്കാരത്തിനും സ്വീകരണത്തിനും വേണ്ടിയുള്ള ഒരുക്കങ്ങൾ യാതൊരു ലോപവുംകൂടാതെ പൊതുജനങ്ങൾ ചെയ്തിരുന്നു. ജീവാവസാനംവരെ ഉപവസിക്കുവാൻ നിശ്ചയിച്ചതിനുശേഷം ഭാരതഭൂമിയുടെ ഒടുങ്ങാത്ത ഭാഗധേയംകൊണ്ടു പുനജ്ജീവിച്ച ആ പുണ്യശ്ലോകനെ ഒരിക്കൽകൂടി കാണുവാനും അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേൾക്കുവാനും, അദ്ദേഹം സഞ്ചരിച്ച വഴികളിലും, വിശ്രമിച്ച സ്ഥലങ്ങളിലും തിങ്ങിക്കൂടിയ ജനങ്ങൾക്കു കയ്യും കണക്കുമുണ്ടായിരുന്നില്ല. ഗവമ്മെൻറിൻെറ പ്രാതികൂല്യം ബഹുജനങ്ങളുടെ ഉത്സാഹപ്രസരത്തെ ശതഗുണം വർദ്ധിപ്പിക്കുകയാണു ചെയ്തതു്.

ചങ്ങനാശേരി ഗാന്ധിജിയെ ഷോർണ്ണൂരിൽ ചെന്നു സ്വീകരിച്ചു തിരുവിതാംകൂറിലേയ്ക്കദ്ദേഹത്തിനു സ്വാഗതമരുളി. കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള അദ്ദേഹത്തിൻ്റെ സഞ്ചാരം സംബന്ധിച്ചു് എല്ലാ ഏപ്പാടുകളും ചങ്ങനാശേരിയുടെ

മേൽനോട്ടത്തിലാണു നിർവ്വഹിക്കപ്പെട്ടിരുന്നതു്. ഗാന്ധിജി പര്യടനമവസാനിപ്പിച്ചു, തിരുവിതാംകൂർ അതൃത്തി വിട്ടുന്നതു വരെ ചങ്ങനാശേരി അദ്ദേഹത്തോടൊന്നിച്ചു സഞ്ചരിക്കയും ചെയ്തു. തിരുവിതാംകൂറിലെ ജനങ്ങൾ യഥാശക്തി ഗണ്യമായ തുകകൾ സംഭാവന നൽകുകയുമുണ്ടായി. ആ സഞ്ചാരത്തിൽ ആകസ്മികമായുണ്ടായ ഒരു ചെറിയ സംഭവത്തിന്റെ സ്മരണ മരണപര്യന്തം ചങ്ങനാശേരിയെ വിട്ടുപിരിഞ്ഞിരുന്നില്ല. ചങ്ങനാശേരി ഗാന്ധിജിയുമൊന്നിച്ചു് ഒരു കാറിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ യാദൃച്ഛികമായി അദ്ദേഹത്തിന്റെ ഒരു വിരൽ കാറിന്റെ അടയ്ക്കപ്പെട്ട വാതിലിനിടയിൽപെട്ടു മുറിഞ്ഞു. അതു കണ്ടുകൊണ്ടിരുന്ന ഗാന്ധിജി ഉടൻതന്നെ അദ്ദേഹത്തിന്റെ സഞ്ചി തുറന്നു് അപകടങ്ങളുണ്ടായാൽ പ്രഥമശുശ്രൂഷ നൽകുവാൻ അതിലെപ്പോഴും കൊണ്ടുനടക്കാറുള്ള ഉപകരണങ്ങളിൽനിന്നു പഞ്ഞിയും ശീലയുമെടുത്തു സ്വന്ത കൈകൾകൊണ്ടുതന്നെ വിദഗ്ദ്ധനായ ഒരു ഭിഷഗ്വരന്റെ സാധകത്തോടുകൂടി ആ മുറിവു വച്ചുകെട്ടി രക്തഗതി നിലപ്പിക്കുകയുണ്ടായി. ഗാന്ധിജിയുടെ സംഘത്തോടൊന്നിച്ചു സഞ്ചരിച്ചിരുന്ന സമർത്ഥനായ ഒരു പത്രലേഖകൻ ആ രംഗം തന്റെ ക്യാമറയിൽ പ്രതിബിംബിപ്പിച്ചു. ആ പ്രതിച്ഛായയുടെ ഒരു പകർപ്പു ചങ്ങനാശേരി വീട്ടിലെ സന്ദർശകമുറിയിൽ അതിപ്രധാനമായ ഒരു സ്ഥലത്തു് ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ടു്.

മഹാത്മാഗാന്ധിയെ അതിഥിയായി സ്വീകരിക്കുവാൻ വേണ്ട ഔദാര്യവും സന്മനസ്സും തിരുവിതാംകൂർ ഗവമ്മെന്റിനുണ്ടായില്ലെങ്കിലും അദ്ദേഹം തിരുവിതാംകൂറിന്റെ അതൃത്തിയിൽ പ്രവേശിച്ച ദിവസം, പൊതുമുതൽകൊണ്ടു സംരക്ഷിക്കപ്പെട്ടുവരുന്ന സത്രങ്ങൾ, കുളങ്ങൾ മുതലായ പൊതുസ്ഥാപനങ്ങളിൽ എല്ലാ ജാതിമതസ്ഥന്മാൎക്കും പ്രവേശനമനുവദിക്കുവാൻ ഉദ്ദേശിക്കുന്നതായി ഗവമ്മെന്റു് ഒരു കമ്യൂണിക്കു പ്രസിദ്ധപ്പെടുത്തി.

മഹാത്മാഗാന്ധി ദക്ഷിണഭാരതപര്യടനം കഴിഞ്ഞു മടങ്ങിയതിനുശേഷം ഹരിജനസേവാസംഘത്തിന്റെ കൊച്ചി—തിരുവിതാംകൂർ ശാഖയുടെ സിക്രട്ടറിയായി മി. ജി. രാമച

ന്ദ്രനെ നിയമിച്ചു. മി. ജി. രാമചന്ദ്രന്റെ നിരന്തരമായ ശ്രമഫലമായി മലബാർകൂടി കൊച്ചി-തിരുവിതാംകൂർ ശാഖയോടു ബന്ധിക്കയും അങ്ങിനെ കേരളഹരിജനസേവാസംഘം എന്ന പേരിൽ ഒരു പ്രാദേശികസംഘടന ഉത്ഭവിക്കയും ചെയ്തു. അദ്ധ്യക്ഷനും സിക്രട്ടറിയുമെന്ന നിലയിൽ ചങ്ങനാശേരിയും മി. രാമചന്ദ്രനും ചെയ്ത അക്ഷീണമായ സേവനങ്ങളുടെ ഫലമായി ഹരിജനസേവാസംഘത്തിൻെറ കേരളശാഖ അഭിവൃദ്ധിപ്പെടുകയും അധഃകൃതോദ്ധാരണം സംബന്ധിച്ച് അതിവിപുലമായ പ്രവത്തനങ്ങൾ കേരളമൊട്ടുക്കാരംഭിക്കുകയും ചെയ്തു. വ്യവ. പ്രവത്തനകേന്ദ്രങ്ങൾ കേരളത്തിൻെറ നാനാഭാഗങ്ങളിലായി സ്ഥാപിക്കപ്പെട്ടു. അയിത്തോച്ചാടനപരമായും സഞ്ചാരസ്വാതന്ത്ര്യസ്ഥാപനാത്ഥവും അതിതീവ്രമായ ശ്രമങ്ങൾ നടന്നിട്ടുള്ള തിരുവിതാംകൂറിൽ ഹരിജനോദ്ധാരണസംരംഭങ്ങൾക്കു തികച്ചും അനുകൂലമായ ഒരു പശ്ചാത്തലമാണുണ്ടായിരുന്നതു്. മലബാറിലും തിരുവിതാംകൂറിലും കൊച്ചിയിലും സവണ്ണഹിന്ദുക്കൾ അനേക തലമുറകളായി തങ്ങളേക്കാൾ ഭാഗ്യഹീനരായ സഹോദരങ്ങളോടനുവത്തിച്ചു വന്നിരുന്ന നിഷ്ഠുരമായ നയത്തെ സംബന്ധിച്ച് അവരെ ബോദ്ധ്യപ്പെടുത്തി മാനസാന്തരപ്പെടുത്തുന്നതിനുള്ള പ്രചരണജോലികൾ ഹരിജനസേവാസംഘം ഊർജ്ജിതമായി ആരംഭിച്ചു. അതോടുകൂടിത്തന്നെ ഹരിജനങ്ങളിൽ ആത്മാഭിമാനവും, സ്വാശ്രയശീലവും ഉല്പാദിപ്പിക്കുന്നതിനും, അവരുടെ ജീവിതരീതി ഉയർത്തുന്നതിനും വേണ്ട പ്രയത്നങ്ങളും നിരന്തരമായിത്തുടന്നുകൊണ്ടിരുന്നു. ഹരിജനങ്ങളുടെ വിദ്യാഭ്യാസപരമായ അഭ്യുന്നതിക്കു വേണ്ടിയാണു ഹരിജനസേവാസംഘം അവരുടെ കഴിവും ശക്തിയും ഏറിയകൂറും വിനിയോഗിച്ചതു്. ഹരിജനബാലന്മാക്കും, ബാലികമാക്കും അക്ഷരാഭ്യാസം ചെയ്യുന്നതിൽ അഭിരുചി വർദ്ധിക്കുന്നതിനായി അനേകം പാഠശാലകൾ രാജ്യമൊട്ടുക്കു സ്ഥാപിച്ചു. തിരുവനന്തപുരം, എറണാകുളം, ഗുരുവായൂർ, പാലക്കാട്ട് തുടങ്ങിയ സ്ഥലങ്ങളിൽ കാളേജുകളിലും ഹൈസ്കൂളുകളിലും വിദ്യാഭ്യാസം ചെയ്യുന്ന ഹരിജനബാലന്മാരുടെ സുഖസൌകര്യങ്ങൾക്കു വേണ്ടി സംഘത്തിന്റെ

ആഭിമുഖ്യത്തിൽ സൌജന്യമായി വിദ്യാൎത്ഥിമന്ദിരങ്ങൾ സ്ഥാപിച്ചു. മലബാറിൽ ഒററപ്പാലത്തു ഹരിജനബാലികമാൎക്കു വേണ്ടി ഒരു ബാലികാസദനമേൎപ്പെടുത്തി. ഹരിജനവൎഗ്ഗങ്ങളിൽ ഏററവും പിന്നോക്കം നില്ക്കുന്ന കാണിക്കാരെ ഉദ്ധരിക്കുവാൻ വേണ്ടി ദക്ഷിണതിരുവിതാംകൂറിൽ നെടുമങ്ങാട്ടു വിതുര എന്ന ഗ്രാമത്തിൽ സംഘത്തിൻെറ ശ്രമഫലമായി ഒരാശ്രമം സ്ഥാപിച്ചു. അതിലേയ്ക്കാവശ്യമുള്ള കെട്ടിടങ്ങളും ഫലഭൂയിഷ്ഠമായ പത്തേക്കർ ഭൂമിയും ചങ്ങനാശേരി സ്വന്തം സ്ഥലത്തുനിന്നു വിട്ടുകൊടുത്തതിനുപുറമേ അതിൻെറ ദൈനംദിനമുള്ള നടത്തിപ്പിലേക്കാവശ്യമുള്ള ചിലവിൽ മൂന്നിൽഒന്നു വഹിച്ചുവരികയും ചെയ്തു. മിസ്സസ്സ് ചങ്ങനാശേരി പരമേശ്വരൻപിള്ളയാണു് ഇപ്പോഴും പ്രസ്തുത ചിലവുകൾ നിൎവഹിച്ചു വരുന്നതു്. ആശ്രമത്തോടനുബന്ധിച്ചു് ഒരു നെയ്ത്തുശാലയും പ്രാഥമിക വിദ്യാലയവും നടത്തിവരുന്നുണ്ടു്. നാഗരീകത്വത്തിൻെറ ഇളംരശ്മികൾപോലും ഇപ്പോഴും എത്തിനോക്കിയിട്ടില്ലാത്ത നിബിഡമായ വനാന്തരങ്ങളിൽ കഴിഞ്ഞുകൂടിയിരുന്ന കാണിക്കാരായ എട്ടു പത്തു ബാലന്മാർ ആശ്രമത്തിൽ സ്ഥിരമായിത്താമസിച്ചുവരുന്നു. മനുഷ്യവാസമില്ലാത്ത മലകളിലും വനാന്തരങ്ങളിലും കാട്ടുമൃഗങ്ങളെപ്പോലെ കഴിഞ്ഞുകൂടിയിരുന്ന ബാലന്മാരെ ചങ്ങനാശേരിതന്നെ ആ സ്ഥലങ്ങളിൽ കാൽനടയായി സഞ്ചരിച്ചു കൂട്ടിക്കൊണ്ടുപോരുകയാണത്രേ ചെയ്തതു്. ആശ്രമത്തിൻെറ ഉൽഘാടനത്തിനുശേഷം മഹാത്മാഗാന്ധി ആ സ്ഥാപനത്തെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടു് ഹരിജൻപത്രത്തിൽ ഒരു ലേഖനം പ്രസിദ്ധം ചെയ്യുകയുണ്ടായി.

ചങ്ങനാശേരി ശൈശവം മുതല്ക്കുതന്നെ അവശസമുദായങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കയും മല്ലടിക്കയും ചെയ്തുകൊണ്ടിരുന്ന ദേഹമാണു്. ഒരു വിദ്യാൎത്ഥിയെന്ന നിലയിൽ സഹപാഠികളുടേയും അദ്ധ്യാപകന്മാരുടേയും യാഥാസ്ഥിതികത്വത്തെ പ്രതിഷേധിച്ചു് ഒരു വിപ്ലവകാരിയെന്നുള്ള പേർ അദ്ദേഹം സമ്പാദിച്ചു സാധവാനാം കണ്ടുകഴിഞ്ഞു. [illegible]-ൽ നടന്ന ചാന്നാർലഹളയിലാണു് ഒരു പൊതു

കാര്യപ്രസക്തനായി അദ്ദേഹം ആദ്യമായി രംഗപ്രവേശം ചെയ്തു. ൧൯൩൦-ൽ നടന്ന പുലയരുടെ ലഹളയിൽ അദ്ദേഹം വഹിച്ച പ്രശംസനീയമായ പങ്ക് ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആദിമമഹാജനസഭയുടെ സ്ഥാപകനും അദ്ധ്യക്ഷനുമെന്ന നിലയിൽ അവശസമുദായങ്ങൾക്കുവേണ്ടി അദ്ദേഹം പലതും പ്രവർത്തിച്ചിട്ടുണ്ട്. വക്കലയിലെ കുറവർ കാളനിയുടെ സ്ഥാപകനുമദ്ദേഹംതന്നെയാണ്. ടി. കെ. മാധവൻെറ സഞ്ചാരസ്വാതന്ത്ര്യപ്രക്ഷോഭണത്തിലും വയ്ക്കംസത്യാഗ്രഹത്തിലും അദ്ദേഹത്തിൻെറ നിസ്തുലമായ സേവനങ്ങൾ പരക്കെ അറിയപ്പെട്ടിട്ടുണ്ട്. ഉദ്യോഗത്തിൽനിന്നും വിരമിച്ച് വീണ്ടും വക്കീൽപണിയിലേയ്ക്കു തിരിച്ചുപോകുകയോ കുടുംബജീവിതത്തിൻെറ ഏകാന്ത മാധുര്യത്തിൽ ലയിച്ചു പൊതുരംഗങ്ങളിൽനിന്നപ്രത്യക്ഷനാകുകയോ ചെയ്യാതെ പൂർവാധികം ഊർജ്ജസ്വലതയോടുകൂടി വീണ്ടും ഹരിജനോദ്ധാരണപ്രവർത്തനങ്ങളിലേയ്ക്കാണു് അദ്ദേഹം തിരിച്ചുവന്നതു്. തിരുവിതാംകൂറിലെ ഏററവും ഉന്നതനും, സുസ്ഥിരചിത്തനും, അക്ഷീണപരിശ്രമിയും ആയ ഹരിജനസേവകൻ അദ്ദേഹംതന്നെയായിരുന്നു എന്നു നിസ്സംശയം പറയാം.

സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങൾ കൊണ്ടു മാത്രം ഹരിജനോദ്ധാരണം പരിപൂർണ്ണമായി നിർവ്വഹിക്കപ്പെടുവാൻ സാധ്യമല്ലെന്നുള്ള കാര്യം മററു ഹിന്ദുമതപരിഷ്കർത്താക്കൾക്കെന്നപോലെതന്നെ ഹരിജനസേവാസംഘപ്രവർത്തകന്മാർക്കും വ്യക്തമായി അറിയാമായിരുന്നു. ഹിന്ദുമതത്തിൽ സാമുദായികസമത്വം സ്ഥാപിക്കുവാനും, അനാചാരങ്ങളെ ആട്ടിപ്പായിക്കുവാനും ഉള്ള ഏകവും അത്യന്താപേക്ഷിതവുമായ മാർഗ്ഗം ക്ഷേത്രപ്രവേശനാവകാശം സ്ഥാപിക്കുകയെന്നുള്ളതാണെന്നു് അവർക്ക് ബോധ്യമായിരുന്നു. മി. കേളപ്പൻെറ ഉപവാസത്തിനുശേഷം ക്ഷേത്രപ്രവേശനത്തിനുള്ള പ്രതിബന്ധങ്ങളെ നീക്കം ചെയ്യുവാനുള്ള ചില നിയമനിർമ്മാണശ്രമങ്ങൾ ബ്രിട്ടീഷിൻഡ്യയിൽ നടന്നുകൊണ്ടിരുന്നു. എങ്കിലും, അവയൊക്കെ നിഷ്ഫലങ്ങളായതേയുള്ളു. തിരുവിതാംകൂറിൽ അയിത്താചാരത്തെ അവസാനിപ്പിക്കുവാനുള്ള ഒരു ബിൽ നിയമസഭയിൽ ഹാജരാക്കുവാൻ ചങ്ങനാശേരി ഗവണ്മെൻറിനോടു്

അനുമതി ആവശ്യപ്പെട്ടു. പ്രസ്തുത ബില്ലിന്റെ വ്യാപ്തിയിൽനിന്നു ക്ഷേത്രങ്ങളെ ഒഴിവാക്കാമെന്നു സമ്മതിക്കാമെങ്കിൽ അനുവാദം നൽകുന്നതാണെന്നു വളരെക്കാലം കഴിഞ്ഞതിനുശേഷം ചങ്ങനാശേരിക്കു മറുപടി കിട്ടി. ഇങ്ങിനെ പ്രയോജനശൂന്യമായ ഒരു സംരംഭത്തിനു ചങ്ങനാശേരി മുതിരുകയുണ്ടായില്ല. ക്ഷേത്രപ്രവേശനപ്രശ്നം പൊതുജനദൃഷ്ടിയിൽനിന്നു മറഞ്ഞുപോകാതിരിക്കുവാൻ വേണ്ട സകല പ്രചരണങ്ങളും ഹരിജനസേവാസംഘം ചെയ്തുകൊണ്ടിരുന്നു.

൧൧൧-ൽ ഹരിജനസേവാസംഘത്തിന്റെ കേന്ദ്രസമിതിയിൽ സന്ധിക്കുവാൻ ചങ്ങനാശേരി ഡൽഹിക്കു പോയി. കേരളത്തിൽ ക്ഷേത്രപ്രവേശനസംബന്ധമായ പ്രവൎത്തനങ്ങൾ ഉടനടി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെ നിർദ്ദേശിച്ചുകൊണ്ടു് ഒരു പ്രമേയം മി. ജി. രാമചന്ദ്രൻ കേന്ദ്രസമിതിയുടെ ആലോചനയ്ക്കുവച്ചിരുന്നു. ചങ്ങനാശേരി മെ. രാമചന്ദ്രൻ എം.ഗോവിന്ദൻ എന്നിവരാണു കേരളത്തെ പ്രതിനിധീകരിക്കുവാൻ കേന്ദ്രസമിതിയിൽ സന്നിഹിതരായിരുന്നതു്. കേരളത്തിലെ പ്രതിനിധികളുടെ നിർബന്ധപൂർവ്വമായ അപേക്ഷയെ ആദരിച്ചു് മി. രാമചന്ദ്രന്റെ പ്രമേയം ചില ഭേദഗതികളോടുകൂടി കേന്ദ്രസമിതി അംഗീകരിച്ചു. അതിനുശേഷം പ്രസ്തുത പ്രമേയം ഗാന്ധിജിയുടെ അനുമതിക്കു സമൎപ്പിക്കുവാൻ മി. രാമചന്ദ്രൻ നിയുക്തനായി. ഗാന്ധിജി കേരളത്തിലെ പ്രവൎത്തനങ്ങളെ അനുവദിക്കയും അനുഗ്രഹിക്കയും ചെയ്തു.

ഡൽഹിയിൽനിന്നും മടങ്ങുന്നവഴി ചങ്ങനാശേരി ഇൻഡ്യയിലെ പ്രധാനപ്പെട്ട നാട്ടുരാജ്യങ്ങളിലൊന്നായ ബറോഡാ സന്ദൎശിച്ചു. പരിഷ്കൃതാശയനും , ഹരിജനോദ്ധാരണതല്പരനും ആയിരുന്ന പരേതനായ ഗേക്ക്‌വാർ മഹാരാജാവു ഗാന്ധിജിയുടെ ഉപവാസവേളയിൽ ബറോഡായിലുള്ള സൎക്കാർക്ഷേത്രങ്ങളെല്ലാം ഹരിജനങ്ങൾക്കു തുറന്നുകൊടുക്കുകയുണ്ടായി. അവിടത്തെ സ്ഥിതിഗതികൾ നേരിട്ടുകണ്ടു മനസ്സിലാക്കുവാനാണു ചങ്ങനാശേരി ബറോഡാ സന്ദൎശിച്ചതു്. ബറോഡാഗവൺമെന്റു ചങ്ങനാശേരിയെ സംസ്ഥാനാതിഥിയായി സ്വീകരിച്ചു ബഹുമാനിച്ചു. ഗേക്ക്‌വാറിന്റെ ഗവൺമെന്റു വിദ്യാഭ്യാസപരമായും മററും ഹരിജനങ്ങൾക്കു നൽകിയിട്ടുള്ള സൌകൎയ്യങ്ങളേയും

സഹകരണങ്ങളേയും ചങ്ങനാശേരി നേരിട്ടു കണ്ടു മനസ്സിലാക്കി. തിരുമനസ്സിലെ പരിഷ്കൃതാശയങ്ങൾക്കും ഉല്പതിഷ്ണുത്വത്തിനും അനുരൂപമായി ബറോഡായിലെ സവർണ്ണരും അവർണ്ണരും പുരോഗമിച്ചിരുന്നില്ലെന്നാണു ചങ്ങനാശേരിക്കു തോന്നിയതു്. മഹാരാജാവു സ്വന്തം പരിചാരകന്മാരുടെ കൂട്ടത്തിൽ പോലും ഹരിജനങ്ങളെ നിയമിച്ചിരുന്നു എങ്കിലും ബറോഡായിലെ ജനങ്ങൾക്കു് അവരുടെ സന്താനങ്ങളെ ഹരിജനബാലന്മാരോടൊപ്പം സഹവിദ്യാഭ്യാസം ചെയ്യിക്കുവാൻപോലും സമ്മതമുണ്ടായിരുന്നില്ല. അവിടത്തെ സർക്കാർക്ഷേത്രങ്ങളിലെല്ലാം ഹരിജനങ്ങൾക്കു പ്രവേശനമനുവദിച്ചിരുന്നു എങ്കിലും ഹരിജനങ്ങൾ ക്ഷേത്രങ്ങളിൽ പ്രവേശിച്ചു സാധാരണയായി ആരാധനാകർമ്മങ്ങൾ നടത്താറുണ്ടായിരുന്നില്ല. ബറോഡായിൽനിന്നും മസൂരിരോഗബാധിതനായിട്ടാണു് ചങ്ങനാശേരി തിരുവനന്തപുരത്തു മടങ്ങിയെത്തിയതു്. അതുകൊണ്ടു ദീർഘകാലം അദ്ദേഹത്തിനു വിശ്രമം തേടേണ്ടിവന്നു.

കേന്ദ്രസമിതി അംഗീകരിച്ച പ്രമേയമനുസരിച്ചു ൧൧൧ മീനത്തിൽ ഹരിജനസേവാസംഘത്തിന്റെ കേരളശാഖ തിരുവനന്തപുരത്തു സമ്മേളിച്ചു ക്ഷേത്രപ്രവേശനപ്രക്ഷോഭണം ഊർജ്ജിതമായാരംഭിക്കുവാൻ, ചങ്ങനാശേരി അദ്ധ്യക്ഷനായും മെ. ജി. രാമചന്ദ്രൻ കെ. ജി. കുഞ്ഞുകൃഷ്ണപിള്ള എന്നിവർ സിക്രട്ടറിമാരായും ഒരു പ്രത്യേക കമ്മിററി സംഘടിപ്പിച്ചു. വിശദമായ ഒരു കാര്യപരിപാടി നിർമ്മിച്ചു പ്രസ്തുത കമ്മിററി ഊർജ്ജിതമായ പ്രവർത്തനങ്ങളാരംഭിച്ചു. മീനം ൨൩–൩൦നു കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും ക്ഷേത്രപ്രവേശനം സംബന്ധിച്ചു പ്രചാരണം നടത്തുവാൻ ഓരോ പ്രാരംഭയോഗംകൂടണമെന്നും ഓരോ ഡിസ്ട്രിക്ടിലും ജാഥാകൾ സംഘടിപ്പിക്കണമെന്നും, ആയിരുന്നു കാര്യപരിപാടിയിലെ നിശ്ചയം. ഹരിജനസേവാസംഘത്തിന്റെ ആഹ്വാനത്തിനു പ്രോത്സാഹജനകമായ ഒരു സ്വീകരണമാണു പൊതുജനമദ്ധ്യത്തിൽനിന്നു ലഭിച്ചതു്. കേരളമൊട്ടുക്കു യോഗങ്ങൾ നടന്നു. കൊച്ചിയിലും മലബാറിലും ജാഥാകൾ നിർബാധം സഞ്ചരിച്ചു പ്രചരണം നടത്തി. എന്നാൽ തിരുവിതാംകൂർഗവമെന്റു മാത്രം

ജാഥാകൾ സംഘടിപ്പിച്ചു പ്രവത്തനം നടത്തുവാനുള്ള ശ്രമങ്ങളെ തടയുകയാണു ചെയ്തതു്. ജനപക്ഷത്തുനിന്നു് ഈ നിരോധനത്തെപ്പററി കഠിനമായ പ്രതിഷേധശബ്ദങ്ങൾ പുറപ്പെട്ടു. ഒടുവിൽ സമരമാത്രമായ ചില വ്യവസ്ഥകളിന്മേൽ ഗവമ്മെൻറ നിരോധനാജ്ഞ പിൻവലിച്ചു. കമ്മിററിഅംഗങ്ങൾ അടങ്ങിയ ഒരു പ്രതിനിധിസംഘം കേരളമൊട്ടുക്ക ചുറ്റി സഞ്ചരിച്ചു് അനേകം മഹായോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗിക്കയും പ്രചരണങ്ങൾ നടത്തുകയും ചെയ്തു. ഓരോ യോഗത്തിലും ക്ഷേത്രപ്രവേശനപ്രമേയം ഐകകണ്ഠ്യേന പാസാക്കി. ഹരിജനസേവാസംഘപ്രവത്തകന്മാർ കുഗ്രാമങ്ങൾതോറും സഞ്ചരിച്ചു ക്ഷേത്രപ്രവേശന സമ്മതപത്രങ്ങളിൽ സവണ്ണരുടെ ഒപ്പുകൾ ശേഖരിച്ചു. ഇങ്ങിനെ ശേഖരിക്കപ്പെട്ട ഒപ്പുകളുടെ സംഖ്യ അരലക്ഷമായിരുന്നു എന്നു പറഞ്ഞാൽ കമ്മിററിയുടെ പ്രവത്തനവൈപുല്യം ഏറെക്കുറെ വിശദമാകുമല്ലോ!

ഇതിനുശേഷം ൧൧൧൧ മേടം ൨൬-ാം ൨൭-ം തീയ്യതികളിൽ തിരുവനന്തപുരത്തുവച്ചു് ഒരഖിലകേരള ക്ഷേത്രപ്രവേശനസമ്മേളനം വിജയകരമായി നടത്തി. ബ്രിട്ടീഷ്സവ്വീസിലെ അത്യുന്നതനായ ഒരുദ്യോഗസ്ഥൻെറ പത്നിയും, ഭാരതസ്ത്രീകളുടെ ഭാവശുദ്ധിയുടെ പ്രതിബിംബവും, ഗാന്ധിജിയുടെ ഒരു വത്സലശിഷ്യയുമായ ശ്രീമതി രാമേശ്വരിനെഹ്റുവാണു് ആ സമ്മേളനത്തിലാദ്ധ്യക്ഷം വഹിച്ചതു്. മെ. കേളപ്പൻ, ഉള്ളൂർ പരമേശ്വരയ്യർ, എണ്ണക്കാട്ടു വലിയരാജാ, മള്ളൂർ ഗോവിന്ദപ്പിള്ള തുടങ്ങിയ അനേകം ജനപ്രമാണികൾ ഈ സമ്മേളനത്തിൽ പങ്കുകൊണ്ടു. ക്ഷേത്രപ്രവേശനം അനുവദിക്കണമെന്നു കൊച്ചിയിലേയും തിരുവിതാംകൂറിലേയും മഹാരാജാക്കന്മാരോടും ഇതര ക്ഷേത്രാധികാരികളോടും അപേക്ഷിക്കുന്ന പ്രമേയത്തിനു പുറമേ, ഈ വിഷയം സംബന്ധിച്ചു തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ നിവേദനങ്ങൾ സമപ്പിക്കുവാൻ ചങ്ങനാശേരി, മെ. മള്ളൂർ, അനന്തറാവു, എം. ഗോവിന്ദൻ, എണ്ണക്കാട്ടു വലിയരാജാ, രാമചന്ദ്രൻ ശ്രീമതി ദേവകിഅന്തർജ്ജനം, എന്നിവരടങ്ങിയ ഒരു ഡപ്യൂട്ടേഷനെ നിയമിച്ചുകൊണ്ടുള്ള നിശ്ചയവും ഈ സമ്മേളനത്തിൽ പാസാക്കി. അനന്തരം ശ്രീമതി രാമേശ്വരിനെഹ്റു

തിരുവിതാംകൂറൊട്ടുക്ക സഞ്ചരിച്ചു വൻപിച്ച മഹായോഗങ്ങളിൽ പ്രസംഗിക്കയും ക്ഷേത്രപ്രവേശനം ഉടനടി അനുവദിക്കേണ്ടതിൻെറ ആവശ്യകതയെ വിശദമാമാക്കുകയും ചെയ്തു.

൧൯൩൬ മേമാസം ൨൨-ാംനു- തിരുവിതാംകൂർ ഗവമ്മെൻറു സവർണ്ണഹിന്ദുക്കൾ ഉപയോഗിച്ചുവരുന്ന റോഡുകൾ, കിണറുകൾ, സത്രങ്ങൾ മുതലായവ എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുത്തുകൊണ്ടു ഒരുത്തരവു പുറപ്പെടുവിച്ചു. വയ്ക്കംസത്യാഗ്രഹം ഇദംപ്രഥമമായി മുന്നോട്ടു കൊണ്ടുവന്ന അവകാശവാദം ഈ ഉത്തരവിനുശേഷം മാത്രമാണു പരിപൂർണ്ണമായി സ്ഥാപിച്ചുകിട്ടിയതു്. ഗാന്ധിജിയുടെ ആഗമനവേളയിൽ പുറപ്പെടുവിച്ച കമ്മ്യൂണിക്കിലെ ഉദ്ദേശം നടപ്പിൽ വന്നതും ഈ അവസരത്തിൽ മാത്രമാണു്. അയിത്തോച്ചാടനപരമായ പരിശ്രമങ്ങളിൽ ഗവമ്മെൻറിനുള്ള അനുഭാവത്തിൻെറ പ്രകടനമായിട്ടാണു് ഈ ഉത്തരവിനെ പൊതുജനങ്ങൾ കരുതിയതു്. പക്ഷേ ഇതൊന്നും ക്ഷേത്രപ്രവേശനപ്രക്ഷോഭണത്തെ സാന്ത്വനപ്പെടുത്തുവാൻ പയ്യാപ്തമായിരുന്നില്ല.

ഈ അവസരത്തിലായിരുന്നു ഹരിജനസേവാസംഘത്തിൻെറ കേന്ദ്രസമിതിയുടെ അദ്ധ്യക്ഷനും സുപ്രസിദ്ധ ധനാഢ്യനുമായ മി. ജി. ഡി. ബർള്ളാ തിരുവിതാംകൂർ സന്ദർശിച്ചതു്. തിരുവിതാംകൂർഗവമ്മെൻറു് അദ്ദേഹത്തെ ഉപചാരപൂർവ്വം സ്വീകരിച്ചു സല്ക്കരിച്ചു. ഹരിജനങ്ങൾക്കു തിരുവിതാംകൂറിലെ സക്കാർക്ഷേത്രങ്ങളിൽ പ്രവേശനമനുവദിക്കണമെന്നു് മഹാരാജാവു തിരുമനസ്സിനെ നേരിട്ടു കണ്ടു വിനയപൂൎവ്വം അഭ്യൎത്ഥിക്കുവാൻ വേണ്ടിയാണു് അഖിലഭാരത ഹരിജനസേവാസംഘത്തിൻെറ അദ്ധ്യക്ഷനായ അദ്ദേഹം ആ ഘട്ടത്തിൽ തിരുവിതാംകൂറിലെത്തിയതു്. മി. ബർള്ള അദ്ദേഹത്തിൻെറ അപേക്ഷ തിരുമനസ്സിലെ സന്നിധിയിൽ സമൎപ്പിക്കയുംചെയ്തു. അത്യന്തം ആശാഭരിതനായിട്ടാണു് അദ്ദേഹം തിരുമനസ്സിലെ സന്നിധിയിൽനിന്നു മടങ്ങിയതു്. അനന്തരം ഹരിജനസേവകന്മാരുടെ ഒരു യോഗത്തിലദ്ദേഹം സന്ധിച്ചു.

അന്നു വൈകുന്നേരം (൧൧൧൧ മിഥുനം ൭-ാംതീയതി) ചങ്ങനാശ്ശേരിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തു

ജൂബിലിഹാളിൽ കൂടിയ പൊതുയോഗത്തിൽ മി. ബർള ഒരു പ്രസംഗം ചെയ്യുകയുണ്ടായി. "നിങ്ങളുടെ മഹാരാജാവുമായി ഇക്കാര്യത്തെ സംബന്ധിച്ച് ഇന്നലെയും ഇന്നുമായി രണ്ട് അഭിമുഖസംഭാഷണങ്ങൾ നടത്തിയെന്നുള്ള വസ്തുത പ്രസ്താവിക്കാതിരിക്കുവാൻ എനിക്കു നിവൃത്തിയില്ല. തിരുമനസ്സുകൊണ്ട് ഇക്കാര്യത്തിലുള്ള ശക്തിയേറിയ പൊതുജനാഭിപ്രായം നല്ലവണ്ണമറിഞ്ഞിട്ടുണ്ടെന്നു മാത്രമല്ല തിരുമനസ്സിലേയ്ക്കു ഈ പ്രസ്ഥാനത്തോട് പരിപൂർണ്ണമായ അനുഭാവവുമുണ്ട്. ഇക്കാര്യത്തിൽ ഞാൻ നിങ്ങളെ അനുമോദിച്ചുകൊള്ളുന്നു. അധഃകൃതരെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കാതിരിക്കുന്നത് നാം അവരോടു ചെയ്യുന്ന ഏററവും വലിയ അപരാധമാണെന്നു തിരുമനസ്സുകൊണ്ടു നല്ലവണ്ണമറിയുന്നുണ്ട്. അദ്ദേഹം ഈ വിഷയത്തിൽ എന്താണ് പ്രവൎത്തിക്കുവാനുദ്ദേശിക്കുന്നതെന്നും, അതെപ്പോഴായിരിക്കുമെന്നും എനിക്കു നിശ്ചയമില്ല. എങ്കിലും നിങ്ങളുടെ മഹാരാജാവിനെപ്പററി നിങ്ങൾക്കു ഹൃദയംകുളുക്കെ അഭിമാനിക്കുവാൻ അവസരം നൽകുന്ന ആ ശുഭദിനം അത്ര വിദൂരമല്ലെന്ന് ഞാൻ വിശ്വസിക്കുന്നു." ഇങ്ങിനെയാണു ജൂബിലിഹാളിലെ പ്രസംഗമദ്ധ്യേ മി. ബർളാ പ്രസ്താവിച്ചത്. ജൂബിലിഹാളിലെ യോഗത്തിനു മുൻപു നടന്ന ഹരിജനസേവകന്മാരുടെ സമ്മേളനത്തിൽ വച്ചു ചില പ്രവൎത്തകന്മാർ "മഹാരാജാവു തിരുമനസ്സിലെ ആട്ടത്തിരുനാൾദിവസം ക്ഷേത്രകവാടങ്ങൾ തുറക്കപ്പെട്ടുമോ" എന്ന് മി. ബർളായോടു ചോദിച്ച ചോദ്യത്തിന് 'അതുവരെ ക്ഷമിച്ചിരിക്കുക' എന്ന അൎത്ഥഗർഭമായ മറുപടിയാണ് അദ്ദേഹം നൽകിയത്.

തികച്ചും ആശാഭരിതനായിട്ടാണ് മി. ബർള തിരുവിവിതാംകൂറിൽനിന്നു മടങ്ങിപ്പോയത്. അദ്ദേഹത്തിൻെറ പ്രതീക്ഷാപരമായ പ്രത്യാശകൾ തിരുവിതാംകൂറിലേ ജനങ്ങളിലും ഏറെക്കുറെ സാംക്രമിക്കാതിരുന്നില്ല. ആട്ടത്തിരുനാൾ ദിനം ക്ഷേത്രകവാടങ്ങൾ തുറക്കപ്പെട്ടേയ്ക്കുമെന്നു താഴ്ന്ന സ്വരത്തിൽ ജനങ്ങൾ അവിടവിടെ മന്ത്രിക്കാതെയുമിരുന്നില്ല. ശുഭപ്രതീക്ഷകളോടുകൂടി നാലു മാസം ക്ഷമിച്ചിരിക്കുവാൻ അവർ തീൎച്ചയാക്കി.

ഈ അദ്ധ്യായമവസാനിക്കുന്നതിനു മുൻപു തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശനവാദത്തിനു പ്രാബല്യം നൽകിയ മറെറാരു പശ്ചാത്തലത്തെക്കുറിച്ചുകൂടി രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. നിവത്തനപ്രസ്ഥാനം ശക്തിപ്പെട്ടതോടുകൂടി നായരീഴവമൈത്രിക്കു പൂർണ്ണമായ ശൈഥില്യം സംഭവിക്കയും, തൽസ്ഥാനത്തു് ഈഴവരും ക്രിസ്ത്യാനികളും തമ്മിലുള്ള മൈത്രിക്കു പ്രാബല്യം സിദ്ധിക്കുകയും ചെയ്തു. മി. സി. കേശവൻെറ ബന്ധനവും, നിവത്തനപ്രക്ഷോഭണത്തിനെതിരായി നായർസമുദായം സ്വീകരിച്ച നിലയും, സംയുക്തസമുദായങ്ങളുടെ പ്രക്ഷോഭണത്തിനു ലഭിച്ച അന്തിമമായ വിജയവും, ഈ ബന്ധം ദൃഢതരമാക്കി. ഈ ഘട്ടത്തിലാണു ഡാക്ടർ അംബെഡ്കർ അദ്ദേഹത്തിൻെറ മതപരിവത്തനബാംബു് ഹിന്ദുസമുദായമദ്ധ്യത്തിൽ വലിച്ചെറിഞ്ഞതു്. മി. സി. കേശവൻെറ ശ്വശുരനും, ഈഴവസമുദായത്തിലെ ഒരു നേതാവും ആയ മി. സി. വി. കുഞ്ഞുരാമനു ഡാക്ടർ അംബെഡ്കറുടെ നിർദ്ദേശം അനന്തമായ സാദ്ധ്യതകളുള്ള ഒരു തന്ത്രോപായമാണെന്നു ബോദ്ധ്യമായി. അല്പദിവസങ്ങൾക്കുള്ളിൽ മി. സി. വി. കുഞ്ഞുരാമൻ തിരുവിതാംകൂറിലെ ഡാക്ടർ അംബെഡ്കറായി പ്രത്യക്ഷപ്പെട്ടു. തൻെറ നിശിതമായ തൂലിക അദ്ദേഹം മതപരിവത്തനപ്രചരണത്തിനു വേണ്ടി അതിവിദഗ്ദ്ധമായി പ്രയോഗിക്കുവാൻ തുടങ്ങി. ഈഴവരാകമാനം ഒററയാളെന്നപോലെ ഹിന്ദുമതം വെടിഞ്ഞു ക്രിസ്തുമതം സ്വീകരിച്ചു, രാഷ്ട്രീയാവകാശങ്ങൾ സമ്പാദിക്കണമെന്നു് അദ്ദേഹം എഴുതുവാനും പ്രസംഗിക്കുവാനും തുടങ്ങി. ഹിന്ദുസമുദായത്തിൻെറ ഹൃദയശൂന്യമായ നടപടികളും അക്ഷന്തവ്യമായ അനാസ്ഥയും ഈഴവസമുദായത്തിൽ ഉൽബുദ്ധരായ യുവാക്കന്മാരെ അത്യധികം പ്രക്ഷുബ്ധരാക്കിയിരുന്നതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ. മതപരിവത്തനപ്രചരണവും പ്രക്ഷോഭണവും കാട്ടുതീപോലെ രാജ്യമൊട്ടുക്കു പടന്നുപിടിച്ചു. ക്രിസ്തുമതമല്ല മഹമ്മദുമതമാണു പരിവത്തനത്തിനു പററിയതെന്നു് ഒരു കൂട്ടരും, അതല്ല സിക്കുമതമാണെന്നു മറെറാരു കൂട്ടരും വാദിച്ചു. ഈഴവയുവാക്കന്മാരിൽ ചിലർ അമൃതസരസ്സ

വരെ സഞ്ചരിച്ചു താടിമീശയും കൃപാണവുമായി തിരിച്ചുവന്നു. തിരുവിതാംകൂറിലെ എട്ടു ലക്ഷം ഈഴവരെ ഒരടിക്കു കൃസ്തുമതാനുയായികളായി മാനസാന്തരപ്പെടുത്താമെന്നു കരുതി കൃസ്തുമതപുരോഹിതന്മാർ തിരുവിതാംകൂറിൽ വന്നു പാളയമടിച്ചു. എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ മതസമ്മേളനം ഈഴവർ ഹിന്ദുമതം വിട്ടുപോകേണ്ടതാണെന്ന് ഒരു പ്രമേയംതന്നെ അംഗീകരിച്ചു. 'മലയാളമനോരമ' ഈഴവർ ഹിന്ദുമതമുപേക്ഷിച്ചതായി വെണ്ടയ്ക്കാഅക്ഷരങ്ങളിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തു. ഈഴവനേതാക്കന്മാർ കൃസ്തുമതദേവാലയങ്ങളും പരിസരങ്ങളും സന്ദർശിച്ചുതുടങ്ങി. ഈ ഘട്ടത്തിലാണ് ൧൧൧൦ കന്നിയിൽ സർ. മഹമ്മദ് ഹബീബുള്ള തിരുവിതാംകൂറിലെ ദിവാൻപദമൊഴിഞ്ഞുപോയതും, സർ സി. പി. രാമസ്വാമിഅയ്യർ ആ സ്ഥാനം സ്വീകരിച്ചതും. അഖിലകേരളക്ഷേത്രപ്രവേശനസമ്മേളനത്തിൽനിന്നു നിയമിച്ച ഡാപ്യൂട്ടേഷൻ സർ സി. പി-യെ സമീപിച്ച് അൻപതിനായിരത്തിൽപരം ഒപ്പുകളടങ്ങിയ മഹാരാജാവു തിരുമനസ്സിലേയ്ക്കുള്ള മെമ്മോറിയൽ അദ്ദേഹത്തെ ഏല്പിക്കുകയും അദ്ദേഹമതു സ്വീകരിച്ച് ആശാവഹമായ മറുപടി നല്കുകയും ചെയ്തു.

# അദ്ധ്യായം ൪൫

൧൧൨-ാമാണ്ട് തുലാമാസം ൨൭-ാംനു- നേരം പ്രഭാതമായി. ശ്രീചിത്തിരതിരുനാൾമഹാരാജാവു തിരുമനസ്സിലെ തിരുനാൾദിനമായിരുന്നു അന്ന്. പ്രജാവത്സലനായ തിരുമനസ്സിലെ ജന്മദിനം കന്യാകുമാരിമുതൽ പറവൂർവരെയുള്ള തിരുവിതാംകൂറിലെ വിവിധജാതിമതസ്ഥരും ഉറച്ച രാജഭക്തന്മാരുമായ പ്രജാലക്ഷങ്ങൾ ആഘോഷപുരസ്സരം കൊണ്ടാടി. തിരുവനന്തപുരംനഗരം അതിമനോഹരമായി അലങ്കരിച്ചിരുന്നു. തിരുനാൾദിനത്തിലെ ഘോഷയാത്രയിൽ സന്ധിച്ചു തിരുമനസ്സിലെ ഒരു നോക്കു കാണുവാനും തിരുവനന്തപുരത്തെ കെങ്കേമമായ ആഘോഷങ്ങളിൽ പങ്കെടുക്കുവാനും തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽനിന്നും ഒരു വൻപിച്ച പുരുഷാരം രാജധാനിയിൽ തടിച്ചുകൂടിയിരുന്നു. ജനക്ഷേമകരമായ പല പരിഷ്കാരങ്ങളും തിരുമനസ്സിലെ തിരുനാളിനോടനുബന്ധിച്ചു പ്രഖ്യാപനം ചെയ്യുന്ന ഒരു കീഴ്‌നടപ്പു പ്രചാരത്തിൽ വന്നു കഴിഞ്ഞിരുന്നതുകൊണ്ടു ജിജ്ഞാസാഭരിതരായ ജനങ്ങൾ ൧൧൨-ലെ പരിഷ്കാരമെന്തായിരിക്കുമെന്നുള്ളതിനെപ്പററി പല ഊഹാപോഹങ്ങളും നടത്താതിരുന്നില്ല. മി. ബർളായുടെ തിരുവിതാംകൂർ സന്ദർശനത്തിനുശേഷം ൧൧൨-ലെ പരിഷ്കാരം ക്ഷേത്രപ്രവേശനമായിരിക്കുമെന്ന് ഒരു കിംവദന്തി അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. തിരുനാൾദിനം സംബന്ധിച്ചു ചടങ്ങുകൾ ഒന്നൊന്നായി നടന്നു. പ്രദർശനങ്ങളും, യോഗങ്ങളും, ഘോഷയാത്രകളും, ദീപക്കാഴ്ചകളും പൊടിപൂരമായി നടന്നു.

ചടങ്ങനുസരിച്ചുള്ള വിവിധമോടികളോടുകൂടി തലേനാൾതന്നെ രാജകീയഡർബാർ നടന്നുകഴിഞ്ഞിരുന്നു. നേരം സന്ധ്യയായതോടുകൂടി രാജധാനി വൈദ്യുതദീപങ്ങളാൽ ജാജ്ജ്വല്യമാനമായി. മനോഹരമായ കെട്ടിടങ്ങളും നഗരവീഥികളിലെ അലങ്കാരങ്ങളും ദീപക്കാഴ്ചകളുടെ ഉജ്ജ്വലമായ പ്രകാശത്താൽ പ്രശോഭിതമായി. കുലവാഴകളാലും കൊടിതോരണങ്ങളാലും മെയിൻറോഡിലിരുവശങ്ങളിലുമുള്ള

കെട്ടിട്ടങ്ങൾ അലംകൃതങ്ങളായിരുന്നു. ഡർബാർഹാളിലേയ്ക്കുള്ള എഴുന്നള്ളത്തു കാണുവാൻ ബഹുസഹസ്രം ജനങ്ങൾ റോഡിൽ തിങ്ങിക്കൂടി നിന്നിരുന്നു. ഒൻപതു മണിക്ക് ഡർബാർഹാളിലേയ്ക്കുള്ള എഴുന്നള്ളത്താരംഭിച്ചു. ജനങ്ങൾ ഇരുവശങ്ങളിലുമൊതുങ്ങിനിന്നു തിരുമനസ്സിനെ അഭിവാദനം ചെയ്തു.

അകത്തു രാജസമായ സകല മോടികളോടുംകൂടി ഡർബാർ നടന്നുകൊണ്ടിരിക്കുമ്പോഴും പുറത്തു തിങ്ങിക്കൂടിയിരുന്ന ജനങ്ങൾ പിരിഞ്ഞുപോയിരുന്നില്ല. ഏതോ പ്രക്ഷോഭജനകമായ ഒരു വാൎത്തയെ പ്രതീക്ഷിച്ചുകൊണ്ടെന്നപോലെ ഉൽക്കണ്ഠാഭരിതരായി ജനങ്ങൾ റോഡിൽത്തന്നെ കാത്തുനിന്നു. ഡർബാർ കഴിഞ്ഞു തിരുമേനിമാർ സ്ഥലംവിട്ടു. ഹാളിൽനിന്നു പുറത്തു വന്ന ഉദ്യോഗസ്ഥന്മാരേയും, അനുദ്യോഗസ്ഥന്മാരേയും, വളഞ്ഞു നിൎത്തി തിരുമനസ്സിലെ പ്രഖ്യാപനമെന്തെന്നു ജനങ്ങൾ ശ്വാസമടക്കിക്കൊണ്ടു ചോദിച്ചു. ഡർബാറിൽവച്ചു ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപനം ചെയ്യപ്പെട്ടില്ല. താങ്ങുവാൻ വഹിയാത്ത ഹൃദയഭാരത്തോടും അടക്കുവാൻ വഹിയാത്ത നിരാശയോടുംകൂടിയാണു പലരും ആ രാത്രി അവരുടെ ഗൃഹങ്ങളിലേയ്ക്കു തിരിച്ചുപോയതു്.

തിരുവിതാംകൂറിലേ സൎക്കാർക്ഷേത്രങ്ങളെല്ലാം ജാതിമതഭേദമന്യേ സകല ഹിന്ദുക്കൾക്കും നിരുപാധികമായി തുറന്നുകൊടുത്തിരിക്കുന്നു എന്ന പ്രക്ഷോഭജനകമായ വാൎത്തയും ശ്രവിച്ചുകൊണ്ടാണു തിരുവനന്തപുരംനിവാസികൾ ൧൨-ാംനു- പ്രഭാതത്തിൽ നിദ്രയിൽനിന്നുണൎന്നതു്. ഹിന്ദുമതചരിത്രത്തിൽ സുവൎണ്ണലിപികളിൽ രേഖപ്പെടുത്തേണ്ട പ്രസ്തുത വിളംബരം തിരുവിതാംകൂറിലെന്നു മാത്രമല്ല വിസ്തൃതമായ ഭാരതഭൂമിയൊട്ടുക്കുതന്നേയും ഉല്ലാസിപ്പിച്ചു ആഹ്ലാദപ്രകടനങ്ങളേയും നിൎവ്യാജമായ ചാരിതാൎത്ഥ്യത്തേയും പ്രബുദ്ധതയേയും ഇവിടെ വൎണ്ണിക്കുക സാദ്ധ്യമല്ല. ഭാരതത്തിൻെറ തെക്കരുകിൽ ഉന്നതമായ പൎവ്വതനിരകൾക്കും അറേബ്യൻസമുദ്രത്തിനും മദ്ധ്യേ അജ്ഞാതമായി ഒളിഞ്ഞുകിടക്കുന്ന ഈ ചെറിയ രാജ്യം

ഹിമവൽസേതുപര്യന്തമെന്നല്ല ലോകമൊട്ടുക്കുള്ള സകല ജനങ്ങളുടേയും അത്യന്തമായ ശ്രദ്ധയ്ക്കു വിഷയമായി. തിരുവിതാംകൂറിൻേറയും ഉൽപ്പത്തിഷ്ണുവായ അവിടത്തെ ഭരണാധികാരിയുടേയും വിശിഷ്ട നാമധേയങ്ങൾ ഹൈന്ദവലോകം മുഴുവൻതന്നേയും അത്ഭുതസമ്മിളിതമായ ബഹുമാനാദരങ്ങളോടുകൂടി മാത്രമാണ് ഉച്ചരിച്ചത്. അനേക ശതാബ്ദങ്ങളായി അനാചാരകാളസർപ്പം അനുനിമിഷം ഗ്രസിച്ചു നാമാവശേഷമാക്കിക്കൊണ്ടിരുന്ന ഹൈന്ദവധർമ്മത്തെ തൂലികാഗ്രത്തിൻെറ ലഘുവായ ഒരു ചലനംകൊണ്ടു മൃത്യുവക്ത്രത്തിൽനിന്നു വിമുക്തയാക്കിയ പുണ്യശ്ലോകനായ മഹാരാജാവിൻെറ ധീരതയേയും മനുഷ്യസ്നേഹത്തേയും ഭൂതദയയേയുംപററിയുള്ള മുക്തകണ്ഠമായ പ്രശംസ ലോകത്തിൻെറ ഒരറ്റം മുതൽ മറ്റേ അററംവരെ വ്യാപിച്ചു. മിതഭാഷികളിൽ അഗ്രഗണ്യനായ ശ്രീ. സി. രാജഗോപാലാചാരി ഈ വിളംബരത്തെ രാമാനുജൻേറയും അശോകചക്രവർത്തിയുടേയും സമുദായപരിഷ്ക്കാരോദ്യമങ്ങളോടാണു താരതമ്യപ്പെടുത്തിയത്. ഹൈന്ദവസമുദായത്തേയും സംസ്കാരത്തേയുമെന്നുവേണ്ട സമത്വത്തേയും, സ്വാതന്ത്ര്യത്തേയും, സാഹോദര്യത്തേയും, ആദരിക്കയും കാംക്ഷിക്കയും ചെയ്യുന്ന ഓരോരുത്തരും പ്രത്യേകം പ്രത്യേകം മഹാരാജാ തിരുമനസ്സിലെ പരിപാവനമായ ഈ ഉദ്യമത്തെ അതഹിക്കുന്ന രീതിയിലുള്ള പ്രശംസാവചനങ്ങൾകൊണ്ടു സ്വാഗതംചെയ്തു. വശ്യവചസ്സായ ഒരു കവിശ്രേഷ്ഠൻേറയും മഹാനായ ഒരു തത്വചിന്തകൻേറയും ദീർഘദർശിയായ ഒരു സമുദായപരിഷ്ക്കർത്താവിൻേറയും പ്രതിഭാസമ്പത്തിനെ പ്രകടമാക്കുന്ന ചരിത്രസ്രഷ്ടകമായ ക്ഷേത്രപ്രവേശനവിളംബരം "തിരുവിതാംകൂറിനെപ്പററിയുള്ള മററു സർവ്വസ്വവും വിസ്മരിക്കപ്പെട്ടുപോയാലും മനുഷ്യരാശിയുടെ ഹൃദയത്തിൽനിന്നൊരിക്കലും മാഞ്ഞുപോകുന്നതല്ലെന്നാ"ണ് മഹാത്മാഗാന്ധി പ്രസ്താവിച്ചത്.

"തൊട്ടിലാട്ടുന്ന കൈതന്നെ വിഷ്ടപത്തെ ഭരിപ്പതും" എന്ന മഹദ്വചനം അമ്മമഹാറാണി സേതുപാർവ്വതീഭായി തിരുമനസ്സുകൊണ്ടു ലോകചരിത്രത്തിൽ ഒരിക്കൽക്കൂടി വെളിപ്പെടുത്തി. "നമ്മുടെ മതത്തിന്റെ ഭാവിയിലും മൌലികതത്വങ്ങളിലുമുള്ള ഉജ്വലമായ വിശ്വാസത്തിനും, സ്ത്രീത്വത്തിൻെറ

പ്രത്യേകാവകാശങ്ങളായ യാഥാസ്ഥിതിക ജന്മവാസനകളും, പ്രാചീന പാരമ്പര്യങ്ങളോടുള്ള ബഹുമാനവും, ഇടകലൎന്ന മഹാറാണി തിരുമനസ്സിലെ ആദൎശബോധത്തിനും, അടിയുറച്ച സ്വാതന്ത്ര്യത്തിനും, ക്ഷേത്രപ്രവേശനവിളംബരം ഒട്ടുവളരെ കടപ്പെട്ടിട്ടുണ്ട്." എന്നാണു മഹാരാജാവുതിരുമനസ്സുകൊണ്ട് ഇക്കഴിഞ്ഞ തിരുനാൾവാരത്തിൽ അമ്മമഹാറാണി തിരുമനസ്സിലെ പ്രതിമയുടെ അനാഛാദനകൎമ്മം നിൎവ്വഹിച്ച വേളയിൽ പ്രസ്താവിച്ചതു്.

"ക്ഷേത്രപ്രവേശനവിളംബരപ്രഖ്യാപനത്തിൽ മഹാറാണി തിരുമനസ്സിലേയ്ക്കുണ്ടായിരുന്ന പങ്കു് എന്താണെന്നു് അറിഞ്ഞിട്ടുള്ളവൎക്കു് ആ പ്രഖ്യാപനത്തിനു മുൻപും പിൻപും തിരുമനസ്സിലെ ഉപദേശങ്ങൾ എത്ര വളരെ പ്രധാനമായിരുന്നു എന്നു മനസ്സിലാക്കുവാൻ കഴിഞ്ഞിരിക്കും" എന്നാണു സർ. സി. പി. രാമസ്വാമിഅയ്യർ ആ അവസരത്തിൽത്തന്നെ പറഞ്ഞതു്.

ക്ഷേത്രപ്രവേശനവിളംബരം നടപ്പിലാക്കുന്ന വിഷയത്തിൽ സർ സി. പി. രാമസ്വാമിഅയ്യർ പ്രദൎശിപ്പിച്ച ആജ്ഞാശക്തിയും ആത്മാൎത്ഥതയും നയകോവിദത്വവും അഭിനന്ദനീയമായിരുന്നു. ൧൦൨൭-ൽ ചാന്നാസ്ത്രീകൾക്കു മാറുമറയ്ക്കുവാനുള്ള പ്രാഥമികപൌരാവകാശം ഒരു വിളംബരംമുഖേന സ്ഥാപിച്ചുകൊടുക്കുവാൻ അന്നു ദിവാൻജിയായിരുന്ന മാധവറാവുവിനു പോലീസുശക്തി വൎദ്ധിപ്പിക്കുകയും സൈന്യങ്ങളെ നിയോഗിക്കയും ചെയ്യേണ്ടിവന്നുവത്രേ. ക്ഷേത്രപ്രവേശനവിളംബരം നടപ്പിൽ വരുത്തുവാൻ തിരുവിതാംകൂറിൽ ഏതാനും തലകളെങ്കിലും അടിച്ചു കീറേണ്ടിവരുമെന്നായിരുന്നു താൻ പ്രതീക്ഷിച്ചതു് എന്നു മഹാത്മാഗാന്ധി പ്രസ്താവിക്കയുണ്ടായി. എന്നാൽ ഒരു പ്രഭാതത്തിൽ ഗവൎമ്മെന്റധീനതയിലുള്ള രണ്ടായിരത്തിൽ പരം ക്ഷേത്രങ്ങൾ, ബഹുസഹസ്രാബ്ദങ്ങളായി നിലനിന്നു പോന്ന ദുരാചാരങ്ങളേയും മാമൂലുകളേയും ആജ്ഞാശക്തി കൊണ്ടു ലംഘിച്ചു, ഹരിജനങ്ങൾക്കായി തുറന്നുവയ്ക്കുമ്പോൾ

ഒരു പോലീസ്സുകാരന്റെ കാക്കിയുടുപ്പുപോലും ആ ക്ഷേത്ര പരിസരങ്ങളിലെങ്ങും കണികാണ്മാനുണ്ടായിരുന്നില്ലെന്നു പറയുമ്പോഴാണു തിരുവിതാംകൂറിൽ സംഭവിച്ച അത്ഭുതത്തിന്റെ മഹിമ വെളിപ്പെടുന്നതു്. തിരുവിതാംകൂറിനകത്തു് ഒരപശബ്ദമെങ്കിലും ഒരു കോണിൽനിന്നും പുറപ്പെടുകയുണ്ടായില്ല. തിരുവിതാംകൂറിലെ ജനങ്ങൾ മേഘബിന്ദു പ്രതീക്ഷിച്ചുകൊണ്ടിരുന്ന ചാതകങ്ങളെപ്പോലെ ജീവകാരുണ്യപരമായ ഈ പരിഷ്കാരത്തിനു വേണ്ടി കാത്തിരിക്കയായിരുന്നു.

## ക്ഷേത്രപ്രവേശനവിളംബരം.

"നമ്മുടെ മതത്തിന്റെ പരമാർത്ഥതയും സുപ്രമാണതയും ഗാഢമായി ബോദ്ധ്യപ്പെട്ടും, ആയതു ദൈവീകമായ അനുശാസനത്തിലും സർവ്വവ്യാപകമായ സഹിഷ്ണുതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്നു വിശ്വസിച്ചും, അതിന്റെ പ്രവർത്തനത്തിൽ അതു ശതവർഷങ്ങളായി കാലപരിവർത്തനത്തിന് അനുയോജിച്ചുപോന്നു എന്നു ധരിച്ചും, നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കുംതന്നെ അവരുടെ ജനനമോ, ജാതിയോ സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിന്റെ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉൽക്കണ്ഠയിലും, നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നതെന്തെന്നാൽ, സമുചിത പരിതഃസ്ഥിതികൾ പരിരക്ഷിക്കുന്നതിനും, ക്രിയാപദ്ധതികളും ആചാരങ്ങളും വച്ചു നടത്തുന്നതിനും, നാം നിശ്ചയിക്കുകയും ചുമത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ജനനാലോ, മതവിശ്വാസത്താലോ, ഹിന്ദുവായ യാതൊരാൾക്കും നമ്മുടേയും നമ്മുടെ ഗവമ്മെൻറിന്റേയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ, ആരാധന നടത്തുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു."

മഹാത്മാഗാന്ധി ഈ വിളംബരത്തെപ്പററി ആദ്യം ചെയ്തിരുന്ന പ്രസ്താവനയിൽ പ്രസ്തുതനിയമം ക്ഷേത്രങ്ങളിലെ

ശ്ലൂചിത്വം മുതലായവ സംരക്ഷിക്കുവാൻ പര്യാപ്തമായ ചില പ്രത്യേക റൂളുകൾക്കു വിധേയമായിരിക്കുമെന്നു പ്രസ്താവിച്ചിരുന്നതിനെ അല്പം ആശങ്കയോടുകൂടിയാണു വീക്ഷിച്ചതു്. റൂളുകൾ വിളംബരത്തിലന്തർഭവിക്കുന്ന മഹത്തായ ആദർശങ്ങളുടെ ഫലപ്രാപ്തിയെ ലഘൂപ്പെടുത്തിയേയ്ക്കുമോ എന്നായിരുന്നു അദ്ദേഹം സംശയിച്ചതു്. എന്നാൽ വിളംബരത്തിനുശേഷം ഏതാനും ദിവസങ്ങൾക്കുള്ളിൽ പ്രസിദ്ധപ്പെടുത്തിയ റൂളുകൾ ഈ ഭയം കേവലമടിസ്ഥാനരഹിതമായിരുന്നു എന്നു തെളിയിച്ചു. ഗാന്ധിജി വീണ്ടും പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ്താവനയിൽ വിളംബരത്തിൻെറ സർവ്വതോമുഖമായ ശ്രേഷ്ഠതയെപ്പററിയും, ഇതരനാട്ടുരാജ്യങ്ങൾ തിരുവിതാംകൂറിനെ അനുകരിക്കേണ്ടതിൻെറ ആവശ്യത്തെപ്പററിയും, ഊന്നിപ്പറയുകയും, ചങ്ങനാശേരിയുടെ നേതൃത്വത്തിൽ നടത്തിയ പ്രക്ഷോഭണമാണു് ഈ വിളംബരത്തിലേയ്ക്കു വഴിതെളിച്ചതെന്നു പ്രസ്താവിക്കയും ചെയ്തിരുന്നു. ഗാന്ധിജിയുടെ ഹാർദ്ദമായ ഒരനുമോദനസന്ദേശവും ചങ്ങനാശേരിക്കു ലഭിക്കയുണ്ടായി.

കേരള ഹരിജനസേവാസംഘം ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപനം ചെയ്തതിലുള്ള ആഹ്ലാദം പ്രകടിപ്പിക്കുന്നതിനും, അതിലേയ്ക്കു തിരുമനസ്സിലെ അഭിനന്ദിക്കുന്നതിനും, വേണ്ടി ൧൧൧൨ വൃശ്ചികം ൧൪-ാംനു- ക്ഷേത്രപ്രവേശനദിനമായി കേരളമൊട്ടുക്കു കൊണ്ടാടണമെന്നു നിശ്ചയിച്ചു. ഹരിജനസേവാസംഘത്തിൻെറ കേരളത്തിലുള്ള എല്ലാ കേന്ദ്രങ്ങളും പ്രസ്തുത ആഘോഷങ്ങൾ മോടിയായി നടത്തുവാനുള്ള ഏർപ്പാടുകൾ ആരംഭിച്ചു. തിരുവനന്തപുരത്തെ പ്രകടനങ്ങൾ അതിഗംഭീരമായി നടത്തുവാൻ ഭാരവാഹികൾ നിശ്ചയിച്ചു. വൃശ്ചികം ൧൪-ാംനു-യ്ക്കു മുൻപുതന്നെ തിരുവനന്തപുരത്തെ പൌരന്മാരുടെ ഒരു യോഗം ലാക്കാളേജുഹാളിൽവച്ചു ചങ്ങനാശേരിയുടെ അദ്ധ്യക്ഷതയിൽ കൂടി അതിവിപുലമായ ഒരു കാര്യപരിപാടി നിർദ്ദേശിക്കയും അതനുസരിച്ചു് ഊർജ്ജിതമായ സജ്ജീകരണങ്ങളാരംഭിക്കയും ചെയ്തു.

ഹിന്ദുമതപരിഷ്കർത്താക്കളിൽ അദ്വിതീയനും ദക്ഷിണ ഇൻഡ്യയുടെ അഭിമാനസ്തംഭവുമായ ശ്രീ. സി. രാജഗോപാലാചാരിയെയാണു തിരുവനന്തപുരത്തു് ആഘോഷങ്ങളോടനുബ

ന്ധിച്ചു നടത്തുവാൻ നിശ്ചയിച്ചിരുന്ന മഹാസമ്മേളനത്തിലാദ്ധ്യക്ഷം വഹിക്കുവാൻ സംഘപ്രവൎത്തകന്മാർ ക്ഷണിച്ചിരുന്നതു്. മഹാരാജാവുതിരുമനസ്സിലേയ്ക്കു സമൎപ്പിക്കുവാൻ നിശ്ചയിച്ചിരുന്ന മംഗളപത്രം അന്നത്തെ മഹായോഗത്തിൽ വായിക്കണമെന്നു നിശ്ചയിച്ചിരുന്നു എങ്കിലും അതു സമൎപ്പിക്കുവാൻ അടുത്തൊരു ദിവസംതന്നെ മറെറാരു പ്രത്യേകയോഗം വിളിച്ചുകൂട്ടണമെന്നായിരുന്നു ആദ്യം തീരുമാനിച്ചതു്. എന്നാൽ ൧൧൨-ാംനു-യിലെ മഹായോഗത്തിൽവച്ചുതന്നെ മഹാരാജാവു തിരുമനസ്സിലേയ്ക്കു വേണ്ടി ദിവാൻജി സമ്മേളനത്തിൽ സന്നിഹിതനായി മംഗളപത്രം സ്വീകരിക്കുന്നതാണെന്ന് അധികാരികൾ ചങ്ങനാശേരിയെ അറിയിച്ചു.

വൃശ്ചികം ൧൧൨-ാംനു- തിരുവനന്തപുരത്തു് അത്യാഡംബരപൂൎണ്ണമായ ഒരാഘോഷമാണു നടന്നതു്. തമ്പാന്നൂർ റെയിൽവേസ്റ്റേഷൻമൈതാനമാണു യോഗസ്ഥലമായി തിരഞ്ഞെടുത്തതു്. വൈകുന്നേരം അഞ്ചു മണിക്കാണു യോഗം കൂട്ടുവാൻ നിശ്ചയിച്ചിരുന്നതെങ്കിലും, മൂന്നു മണിക്കു മുൻപുതന്നെ റെയിൽവേസ്റ്റേഷൻമൈതാനം മനുഷ്യശിരസ്സുകളുടെ ഒരു മഹാസമുദ്രമായി രൂപാന്തരപ്പെട്ടു. ഉദ്യോഗസ്ഥന്മാരും, അനുദ്യോഗസ്ഥന്മാരും, ബഹുസഹസ്രം സാമാന്യജനങ്ങളും, ഒട്ടനേകം ഹരിജനങ്ങളും ഈ സമ്മേളനത്തിൽ സന്ധിച്ചിരുന്നു. മണക്കാട്ട്, പേട്ട, പട്ടം, ശാസ്തമംഗലം, കരമന മുതലായ നഗരത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു ഗജവീരന്മാരുടേയും, താളമേളങ്ങളുടേയും അകമ്പടിയോടുകൂടി വൻപിച്ച ഘോഷയാത്രകൾ പുറപ്പെട്ടു് അഞ്ചു മണിക്കു മുൻപായിത്തന്നെ യോഗമൈതാനത്തു വന്നുചേൎന്നു. മൈതാനത്തിൻെറ മദ്ധ്യത്തിൽ അതിമനോഹരമായി കെട്ടിയലങ്കരിച്ചിരുന്ന ഒരു പന്തലിലാണു് അദ്ധ്യക്ഷനും പ്രശസ്തരായ അതിഥികൾക്കും ഇരുപ്പിടങ്ങൾ ഏൎപ്പാടു ചെയ്തിരുന്നതു്. കൃത്യം അഞ്ചു മണിക്കു് അദ്ധ്യക്ഷനായ ശ്രീ. സി. ആർ-നെ ചങ്ങനാശേരി സ്വീകരിച്ചു പന്തലിലേയ്ക്കാനയിച്ചു. ഈ ഘട്ടത്തിൽ ജയജയശബ്ദങ്ങളും, ഹസ്തഘോഷങ്ങളും തുടൎച്ചയായി അന്തരീക്ഷത്തെ ഭേദിച്ചുകൊണ്ടിരുന്നു. ക്ഷേത്രപ്രവേശനവിളംബരത്തിൻെറ നാനാമുഖ

മായ മാഹാത്മ്യങ്ങളെ പ്രകീൎത്തിച്ചുകൊണ്ടു് അദ്ധ്യക്ഷൻ സ്വതസിദ്ധമായ അദ്ദേഹത്തിൻെറ വാഗ്വിലാസത്തോടുകൂടി ഉത്തേജകമായ ഒരു പ്രസംഗം ചെയ്തു. അനന്തരം തിരുമനസ്സിനോടു കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രമേയം ഹാജരാക്കിയതിനെ യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു. അതിനുശേഷം ദിവാൻ സർ സി. പി. രാമസ്വാമിഅയ്യരുടെ ആഗമനമായി. ചങ്ങനാശേരി അദ്ദേഹത്തേയും ആദരപൂൎവ്വം സ്വീകരിച്ചു പന്തലിൽ പ്രവേശിപ്പിച്ചു. ഹരിജനസേവാസംഘം പ്രസിഡൻെറന്ന നിലയിൽ ചങ്ങനാശേരി പരമേശ്വരൻപിള്ള തിരുമനസ്സിലേയ്ക്കുള്ള മംഗളപത്രം വായിച്ചു ദിവാൻജിയെ ഏല്പിച്ചു. മംഗളപത്രസമൎപ്പണാനന്തരം വിളംബരം ലോകത്തിനു നൽകിയിരിക്കുന്ന ഐക്യസന്ദേശത്തെ പുരസ്കരിച്ചു ദിവാൻജി സ്തോഭജനകമായ ഒരു പ്രസംഗം ചെയ്തു. കൃതജ്ഞതാപ്രകടനം കഴിഞ്ഞു യോഗമവസാനിച്ചു എങ്കിലും, ആഡംബരപൂൎണ്ണമായ ആഘോഷപ്രകടനങ്ങൾ അതിനുശേഷമാണാരംഭിച്ചതു്.

യോഗസ്ഥലത്തുനിന്നും മഹാരാജാവു തിരുമനസ്സിലെ പടമലങ്കരിച്ചു് ആനപ്പുറത്തെഴുന്നള്ളിച്ചുകൊണ്ടു മററനേകം ആനകളുടെ അകമ്പടിയോടും, വടികുട, തഴവെഞ്ചാമരം തുടങ്ങിയ ആഡംബരങ്ങളോടും ചെണ്ട, ബാൻഡ്, നഗസ്വരം തുടങ്ങിയ താളമേളസംഗീതങ്ങളോടുംകൂടി ഒരു മൈൽ നീളം വരുന്ന ഒരു ഘോഷയാത്ര കവിടിയാർകൊട്ടാരത്തിലേയ്ക്കു പുറപ്പെട്ടു. തിരുവനന്തപുരത്തു നടന്നിട്ടുള്ള ഏററവും വൻപിച്ച ആഹ്ലാദപ്രകടനങ്ങളിലൊന്നായിരുന്നു അതു്. രാത്രി എട്ടുമണിയോടുകൂടി ഘോഷയാത്ര കവിടിയാർകൊട്ടാരത്തിൻെറ പ്രവേശനദ്വാരത്തിലെത്തി. തിരുമനസ്സുകൊണ്ടു ഘോഷയാത്ര കൊട്ടാരവളപ്പിൽ പ്രവേശിച്ചുകൊള്ളുവാനനുമതി നൽകി. മഹാരാജാവുതിരുമനസ്സുകൊണ്ടു്, മഹാറാണി, ഇളയരാജാവു്, ഒന്നാം മുറരാജകുമാരി എന്നീ തിരുമേനിമാരാൽ അനുഗതനായി കൊട്ടാരബാൽക്കണിയിൽ വന്നുനിന്നുകൊണ്ടു് ഉല്ലാസഭരിതരായ

ജനങ്ങൾക്കു ദശനമരുളി. അനേകായിരത്തോളം വരുന്ന അനിയന്ത്രിതമായ ആ ജനസമൂഹം സുശിക്ഷിതമായ രീതിയിൽ യാതൊരനാശാസ്യസംഭവങ്ങൾക്കുമിടകൊടുക്കാതെ തിരുമേനിമാരുടെ സന്നിധിയിൽ ഒതുങ്ങിനിന്ന് അദ്ദേഹത്തെ ആദരപൂവ്വം വണങ്ങി. രാജാജിയും ചങ്ങനാശേരിയും ഘോഷയാത്രയുടെ മുൻഭാഗത്തു നിന്ന് ഈ ജനക്കൂട്ടത്തെ നയിക്കുന്നുണ്ടായിരുന്നു. തിരുമനസ്സുകൊണ്ടു കാരുണ്യപൂർവ്വം രാജാജിയോടു കുശലപ്രശ്നം ചെയ്തു. ഈ ജനപ്രവാഹം കൊട്ടാരവളപ്പിൽ പ്രവേശിച്ചു പുറത്തു പോന്നതു രണ്ടു മണിക്കൂർസമയംകൊണ്ടാണെന്നു പ്രസ്താവിച്ചാൽ ആ ഘോഷയാത്രയിൽ സന്ധിച്ചിരുന്നവരുടെ ബാഹുല്യം എത്രമാത്രമെന്നു വ്യക്തമാകുമല്ലോ! കൊട്ടാരത്തിനു മുൻപിൽവച്ചു നടത്തിയ കെങ്കേമമായ കരിമരുന്നുപ്രയോഗമവസാനിച്ചതിനുശേഷം ജനങ്ങൾ സാവധാനം പിരിഞ്ഞുപോയി. ആഘോഷങ്ങൾ ഇത്ര വിപുലമായ തോതിൽ സംഘടിപ്പിച്ച പ്രവത്തകന്മാരിൽ മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ നാമധേയം പ്രത്യേകം പ്രസ്താവ്യമാണ്.

ക്ഷേത്രപ്രവേശനവിളംബരത്തിന്റെ പ്രാധാന്യത്തെ ലഘൂകരിക്കുവാനും അതു കേവലം ഒരു ബാഹ്യപ്രകടനം മാത്രമാണെന്നു വരുത്തുവാനും ചില ശ്രമങ്ങൾ യാഥാസ്ഥിതികരുടെ പ്രത്യേക കേന്ദ്രങ്ങളിൽനിന്നുത്ഭവിക്കാതിരുന്നില്ല. തിരുവിതാംകൂറിലെ സവണ്ണർ ക്ഷേത്രപ്രവേശനത്തിനെതിരാണെന്നും, വിളംബരത്തിനുശേഷം അവർ ക്ഷേത്രങ്ങളോടു നിസ്സഹകരണമനുഷ്ഠിക്കയാണെന്നും ചില കിംവദന്തികൾ തിരുവിതാംകൂറിനകത്തും പുറത്തും പ്രചരിക്കാതിരുന്നില്ല. രാജാജിയുടെ തിരുവിതാംകൂർസന്ദശനം ഈ ദുഷ്പ്രചരണത്തെ മുളയിൽത്തന്നെ നുള്ളുവാൻ സഹായകമായിത്തീന്നു. തിരുവിതാംകൂറിലെ ഒരൊററമൂലയിൽനിന്നെങ്കിലും ഒരു പ്രതിഷേധവും വിളംബരത്തിനെതിരായി പുറപ്പെട്ടില്ല. ആശാസ്യമായ ഈ പരിഷ്കാരത്തെ സകല ശക്തികളും പ്രയോഗിച്ചു വിജയപൂർവ്വം

നടപ്പിൽ വരുത്തുവാൻ ഗവമ്മെൻറും വൈമുഖ്യം പ്രദശി പ്പിച്ചില്ല. ബ്രിട്ടീഷിൻഡ്യയിൽനിന്നു് ഇതിനശേഷം ഒരു ജനപ്രവാഹംതന്നെ തിരുവിതംക്രൂറിലേയ്ക്കൊഴുകി. വിളം ബരത്തിനശേഷമുള്ള തിരുവിതാംക്രൂറിലെ സ്ഥിതിഗതികഠം നേരിട്ട കണ്ടു മനസ്സിലാക്കവാനും ക്ഷേത്രങ്ങളിൽ അച്ചന നട ത്തുവാനും ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽനിന്ന പല പ്രശസ്ഥന്മാരും തിരുവിതാംക്രൂർ സന്ദശിച്ചു. തിരുവിതാം ക്രൂറിലെ ഭരണാധികാരിയേയും ജനങ്ങളേയും പററിയുള്ള മുക്തകണ്ഠമായ പ്രശംസയോടുക്രൂടിയാണു് അവർ തിരിച്ചുപോ യത്തു്.

# അദ്ധ്യായം ൪൨

ക്ഷേത്രപ്രവേശനവിളംബരത്തിൻെറ സ്മരണയെ ശാശ്വതമായി നിലനിൎത്തുന്നതിന് എന്തെങ്കിലും സുസ്ഥിരമായ ഒരു സ്ഥാപനമുണ്ടാക്കുവാനുള്ള ആലോചനകൾ ഇതിനിടയ്ക്കു തിരുവിതാംകൂറിൽ തുടങ്ങിക്കഴിഞ്ഞിരുന്നു. തിരുമനസ്സിലെ ഒരു പ്രതിമ സ്ഥാപിക്കണമെന്ന് ഒരാശയം ഈ ആലോചനകളുടെ ഫലമായി രൂപമെടുത്തു. ഇക്കാൎയ്യത്തിൽ 'മുന്നിട്ടുനിന്നു പ്രവൎത്തിച്ചതു തിരുവനന്തപുരത്തു സംഘടിപ്പിക്കപ്പെട്ടുകഴിഞ്ഞിരുന്ന അഖിലകേരള ഈഴവക്ഷേത്രപ്രവേശനാഘോഷക്കമ്മിററിയായിരുന്നു. പ്രസ്തുത കമ്മിററി ചങ്ങനാശേരിയോടാലോചിച്ചതിനുശേഷം ഹരിജനസേവാസംഘത്തിൻേറയും ഈഴവക്ഷേത്രപ്രവേശനക്കമ്മിററിയുടേയും സംയുക്താഭിമുഖ്യത്തിൽ സ്മാരകസ്ഥാപനത്തെപ്പററി ആലോചിക്കുന്നതിന് ൧൧൦൯ വൃശ്ചികത്തിൽ ലാക്കാളേജ് ഹാളിൽവച്ചു ചങ്ങനാശേരിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിച്ചുകൂട്ടി. മഹാരാജാവുതിരുമനസ്സിലെ ഒരു പ്രതിമ സ്ഥാപിക്കണമെന്നും അതിലേയ്ക്കു വേണ്ട നടപടികൾ നടത്തുന്നതിനായി ഒരു ജനറൽകമ്മിററിയേയും വൎക്കിംങ്കമ്മിററിയേയും നിയമിച്ചിരിക്കുന്നു എന്നും, രണ്ടു പ്രമേയങ്ങൾ ആ യോഗത്തിൽ പാസാക്കി. രണ്ടു കമ്മിററികളുടേയും അദ്ധ്യക്ഷനായി ചങ്ങനാശേരിയെയാണു പ്രമേയപ്രയോക്താക്കൾ നിൎദ്ദേശിച്ചിരുന്നതു്. ശ്രീ. ജി. രാമചന്ദ്രൻ, സി. ഒ. കരുണാകരൻ എന്നിവരെ സിക്രട്ടറിമാരായും തിരഞ്ഞെടുത്തു. പ്രമേയം ഹാജരാക്കിയതിനുശേഷം ആ യോഗത്തിൽ സന്നിഹിതനായിരുന്ന മി. കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ള ഒരു ഭേദഗതി അവതരിപ്പിക്കുവാൻ അദ്ധ്യക്ഷനോടനുവാദമാവശ്യപ്പെട്ടു. ചങ്ങനാശേരിയുടെ പ്രാമാണ്യത്തിലസഹിഷ്ണുതയുള്ള ഒരു പ്രത്യേകസംഘത്തിന്റെ വക്താവുമാത്രമായിരുന്ന അദ്ദേഹം. കമ്മറ്റിയെ നിയമിച്ചുകൊണ്ടുള്ള പ്രമേയത്തെയാണു ഭേദഗതി ചെയ്യണമെന്നദ്ദേഹമാവശ്യപ്പെട്ടതു്. ചങ്ങനാശേരി പ്രസ്തുത ഭേദഗതി ഹാജരാക്കുവാൻ അനുമതി നിഷേധിക്കയാണു ചെയ്തതു്. ആദ്യപ്രമേയം ബഹുഭൂരിപക്ഷത്തോടെ പാസായി. മി.

കോട്ടൂരിന്റെ ഭേദഗതി അവതരിപ്പിക്കുവാൻ അദ്ധ്യക്ഷൻ അനുമതി നൽകിയിരുന്നു എങ്കിൽത്തന്നെ ആ യോഗം അതിനെ നിസ്സംശയം തിരസ്കരിക്കുമായിരുന്നു. എന്നാൽ അന്നത്തെ പരിപാവനമായ ആ അവസരത്തെ ഒരു നിരർത്ഥകമായ വാദപ്രതിവാദംകൊണ്ടു കളങ്കപ്പെടുത്താതിരിക്കുവാനാണു ചങ്ങനാശേരി ഭേദഗതിക്കനുമതി നിഷേധിച്ചതു്. ഏതായാലും ചങ്ങനാശേരിയെ ഭത്സിക്കുവാൻ അദ്ദേഹത്തിന്റെ പ്രതിയോഗികൾക്കു് ഇതൊരവസരം നൽകി. "അദ്ധ്യക്ഷന്റെ അനീതിപരമായ അധികാരപ്രയോഗ"ത്തെ അപലപിച്ചുകൊണ്ടു ചില ലേഖനങ്ങൾ പത്രപംക്തികളിൽ പ്രത്യക്ഷപ്പെട്ടു. ചങ്ങനാശേരിയെ കമ്മിററിയുടെ അദ്ധ്യക്ഷപദത്തിൽനിന്നു ബഹിഷ്കരിക്കുവാൻ സംഘടിതമായ ഒരു പ്രചരണവും പ്രക്ഷോഭണവും അദ്ദേഹത്തിന്റെ ശത്രുപക്ഷക്കാർ ആരംഭിച്ചു. ലാക്കാളേജിൽ വച്ചു രൂപവൽക്കരിക്കപ്പെട്ട കമ്മിറ്റി അനീതിപരമായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതാണെന്നും, പ്രസ്തുത കമ്മിററിയെ പിരിച്ചുവിട്ടു പ്രതിമാനിർമ്മാണം സംബന്ധിച്ചുള്ള ചുമതലകൾ ഗവർമ്മെൻറുതന്നെ ഏറെറടുക്കണമെന്നും, മററും വിവരിച്ചുകൊണ്ടു് അർത്ഥശൂന്യമായ ഒരു മെമ്മോറിയൽ കുറെയാളുകൾ ഒപ്പിട്ടു് അധികാരസ്ഥാനങ്ങളിലയച്ചു. പക്ഷേ അതിനു് എന്തു സംഭവിച്ചെന്നു് ഇപ്പോഴും ആർക്കും അറിവില്ല. അതു ഹജൂരാഫീസിലെ ചവററുകുട്ടയിൽ അനന്തമായ വിശ്രമം തേടിയിരിക്കണം. മറെറാരു പൊതുയോഗം വിളിച്ചുകൂട്ടി ഒരു എതിർക്കമ്മിററി സ്ഥാപിക്കുവാൻ നിർബന്ധിതരാകുമെന്നു കാണിച്ചു് മി. ഏ. നാരായണപിള്ള ഒരു ഭീഷണി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി. അദ്ദേഹത്തിന്റെ മറെറല്ലാ ഭീഷണികളെപ്പോലെ തന്നെ അതും അലസിപ്പോയിരിക്കണം. ഈ നേതൃത്വമത്സരം ഇതിനുശേഷം മറെറാരു രൂപത്തിൽ വെളിയിൽ വന്നു. മി. ടി. കെ. വേലുപ്പിള്ള പ്രതിമാസ്ഥാപനക്കമ്മിററിയെപ്പററിയും ക്ഷേത്രപ്രവേശനവിഷയത്തിൽ മഹാത്മാഗാന്ധിയെ തെററിദ്ധരിപ്പിച്ചു ഹരിജനസേവാസംഘം അനർഹമായ പ്രശസ്തി ആർജ്ജിക്കുവാൻ ഉദ്യമിക്കുന്നു എന്നു വിവരിച്ചും മദ്രാസിലും തിരുവിതാംകൂറിലുമുള്ള പത്രങ്ങളിൽ ഒരു ലേഖനമെഴുതി.

പ്രതിമാകമ്മിററിയിൽ അദ്ധ്യക്ഷനായിരിക്കുവാൻ ചങ്ങനാശേരിക്കു യോഗ്യതയില്ലെന്നു തെളിയിക്കുവാനും അദ്ദേഹം ശ്രമം ചെയ്തിരുന്നു. എന്നാൽ ഈ കോലാഹലങ്ങൾ തിരുവിതാംകൂറിൽ നടന്നുകൊണ്ടിരിക്കുമ്പോൾ ചങ്ങനാശേരി നാളികേര പ്രശ്നം സംബന്ധിച്ചു പഠിക്കുവാൻ സിലോണിൽ സഞ്ചരിക്കുകയായിരുന്നു. അതുകൊണ്ടു് ഇവിടത്തെ ക്ഷോഭപ്രകടനങ്ങൾ ഒന്നുംതന്നെയും അദ്ദേഹം അറിഞ്ഞിരുന്നില്ല. എങ്കിലും തിരുവിതാംകൂറിൽ പലരും മി. ടി. കെ–യുടെ ലേഖനങ്ങൾക്കു മറുപടി എഴുതുകയുണ്ടായി. അവയിൽ ഹരിജനസേവാസംഘം സിക്രട്ടറി ശ്രീ. ജീ. രാമചന്ദ്രൻ മി. ടി. കെ–യ്ക്കു് എഴുതിയിരുന്ന ഒരു പ്രത്യക്ഷപത്രം ഇവിടെ ഉദ്ധരിക്കുന്നതു രസകരവും വിജ്ഞാനപ്രദവുമായിരിക്കും.

"വിളംബരവും ഹരിജനസേവാസംഘവും"

സദസ്യതിലകന് ഒരു പ്രത്യക്ഷപത്രം.

(ജി. രാമചന്ദ്രൻ സെക്രട്ടറി, കേരളഹരിജനസേവാസംഘം.)

മാന്യരേ,

താങ്കൾ "ഹരിജനസേവാസംഘവും വിളംബരവും" എന്ന തലക്കെട്ടിൽ 'മലയാളരാജ്യ'ത്തിൽ അഞ്ചു കാളങ്ങളിലായി എഴുതിയിരുന്ന ലേഖനം ഞാൻ സശ്രദ്ധം വായിച്ചു. താങ്കളുടെ നിലയിരിക്കുന്ന ഒരാൾ ഇത്തരം ഒരു ലേഖനം എഴുതുവാൻ തുനിഞ്ഞതിൽ ഞാൻ അതിശയിക്കുന്നു. താങ്കളുടെ ലേഖനം ആദ്യന്തം കേരളഹരിജനസേവാസംഘത്തെക്കുറിച്ചു കരുതിക്കൂട്ടിയുള്ള പല അവാസ്തവപ്രസ്താവനകളുടെ ഒരു പട്ടികയാണെന്നു് എനിക്കു ബോദ്ധ്യമായതുകൊണ്ടാണു ഞാൻ ഈ കത്തെഴുതുവാൻ നിർബന്ധിതനാകുന്നതു്. ഹരിജനസേവാസംഘത്തെക്കുറിച്ചു് അധികാരസ്ഥാനങ്ങളിൽ അവജ്ഞയുണ്ടാക്കുന്നതിനും പൊതുജനങ്ങളിൽ ചിലരുടെ ഇടയിൽ ദുഷ്പ്രചാരണം നടത്തുന്നതിനുമുള്ള ഒരു അക്ഷന്തവ്യമായ ശ്രമമാണു താങ്കളുടേതെന്നുള്ളതിൽ എനിക്കു് തെല്ലും സംശയമില്ല. ഹരിജനസേവാസംഘത്തോടു താങ്കൾക്കു് ഇന്നേവരെ യാതൊരനുഭാവവുമുണ്ടായിട്ടില്ലെന്നുള്ളതു പരക്കേ അറിയപ്പെടുന്ന ഒരു കാര്യമാ

ണ്". കേരളഹരിജനസേവാസംഘത്തിൻെറ അദ്ധ്യക്ഷനായിരിക്കുന്ന മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ നേക്കു വ്യക്തിപരമായി താങ്കൾക്കുള്ള വിദ്വേഷങ്ങളാണു പ്രസ്തുത സംഘത്തോടു താങ്കൾക്കുള്ള പ്രതികൂലഭാവത്തിൻെറ അടിസ്ഥാനമെന്നു അറിയാത്തവർ ചുരുക്കമാണ്. മലയാളരാജ്യത്തിലെ താങ്കളുടെ ദീർഘലേഖനം വായിക്കുന്ന ആക്കുംതന്നെ ഇതു സ്പഷ്ടമാകുന്നതാണ്. താങ്കളുടെ സാങ്കല്പികശത്രുവിനോടു പൊരുതാൻ കേരളഹരിജനസേവാസംഘത്തെപ്പററി അവാസ്തവപ്രസ്താവനകൾ പ്രചരിപ്പിക്കുന്നതിനു പകരം താങ്കൾ ബുദ്ധിപൂർവ്വം ഇതരമാർഗ്ഗങ്ങൾ അന്വേഷിക്കേണ്ടതായിരുന്നു എന്നു ഞാൻ ആത്മാത്ഥമായി പറഞ്ഞുകൊള്ളട്ടെ. മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ ഭാഗം വാദിക്കേണ്ട ഭാരം എനിക്കില്ല. ഇമ്മാതിരി കാര്യങ്ങളിൽ പരസഹായം മി. ചങ്ങനാശേരിക്കു തീരേ ആവശ്യമില്ലെന്നുള്ളതു താങ്കൾക്കും നല്ലതുപോലെ അറിയാവുന്നതാണെല്ലോ. എന്നാൽ മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയേക്കാൾ കൂടുതൽ പൊതുക്കാര്യപ്രസക്തിയും മതബോധവും താങ്കൾക്കുണ്ടെന്നു പൊതുജനങ്ങളെ ബോധ്യപ്പെടുത്തുവാൻ താങ്കളെപ്പോലെയുള്ള ഒരാൾ ശ്രമപ്പെടുന്നതു കാണുന്നതിൽ ഞാൻ അതിശയിക്കുന്നു. മി. ചങ്ങനാശേരിക്കു മനുഷ്യസഹജമായ കുററങ്ങളും കുറവുകളും ഉണ്ടായിരിക്കാമെങ്കിലും പൊതുജനാഭ്യുന്നതിയെ പുരസ്കരിച്ചുള്ള എല്ലാ പുരോഗമനപ്രസ്ഥാനങ്ങളിലും നേതൃത്വം വഹിക്കുവാൻവേണ്ട കാര്യക്ഷമതയും സ്ഥിരതയും പ്രയത്നശീലവും ആത്മാത്ഥതയും ഉള്ള ഒരു മാന്യനാണദ്ദേഹമെന്നുള്ളതു നിഷ്പക്ഷബുദ്ധികളായ സകലരും സമ്മതിക്കുന്ന ഒരു പരമാത്ഥം മാത്രമാണ്. അതുകൊണ്ടാണ് ഇന്നദ്ദേഹം ഹരിജനസേവാസംഘത്തിൻെറയും കേരകൃഷകസംഘത്തിന്റെയും നേതാവായിരിക്കുന്നതു്. താങ്കൾ അദ്ദേഹത്തെ അപലപിക്കുന്ന ഈ അവസരത്തിൽപോലും വാർദ്ധക്യവും അനാരോഗ്യവും വിഗണിച്ചു നമ്മുടെ നാളികേരോല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളന്വേഷിച്ച് അദ്ദേഹം സിലോണിൽ സഞ്ചരിച്ചുവരുന്നതു് ഒരുപക്ഷെ താങ്കൾ അറിഞ്ഞിരിക്കാം. കൊളമ്പിൽവച്ച് അദ്ദേഹം ചെയ്ത ആദ്യത്തെ പ്രസംഗത്തെപ്പററി അസ്സോഷിയേററഡ്പ്രസ്സ് വിതര

ണം ചെയ്തിട്ടുള്ള സ്പെഷ്യൽ കമ്പിവാർത്ത വായിക്കുമ്പോൾ ഏതൊരു തിരുവിതാംകൂറുകാരനാണ് അദ്ദേഹത്തെപ്പറ്റി അഭിമാനം തോന്നാത്തതു്? എന്നാൽ മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയും താങ്കളുമായുള്ള സ്വകാര്യവഴക്കുകൾ എങ്ങിനേയും ഇരിക്കട്ടെ. കേരളഹരിജനസേവാസംഘത്തെപ്പററി താങ്കൾ പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്ന അസത്യപ്രസ്താവനകളെ ആ സംഘത്തിന്റെ പ്രധാന കാര്യദർശി എന്ന നിലയിൽ ഖണ്ഡിക്കേണ്ട ചുമതല മാത്രമേ എനിക്കുള്ളു.

താങ്കൾ സുദീർഘമായി പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്ന അവസരങ്ങളിൽപോലും താങ്കളുടെ ആശയഗതി എന്താണെന്നു മനസ്സിലാക്കാൻ വിമർശകന്മാർക്കു ബുദ്ധിമുട്ടേണ്ടിവന്നിട്ടുണ്ടു്. താങ്കളുടെ ക്ഷേത്രപ്രവേശനക്കമ്മിററി റിപ്പോർട്ടിനെ വിമർശിച്ചപ്പോൾ ഇങ്ങനെ ഒരു ദുഃഘടം എനിക്കും ഉണ്ടായിട്ടുണ്ടു്. കേരളഹരിജനസേവാസംഘത്തെപ്പററി താങ്കൾക്കുള്ള ആവലാതികളും ആരോപണങ്ങളും എന്തെല്ലാമെന്നു താങ്കളുടെ ലേഖനത്തിൽ നിന്നു മനസ്സിലാക്കുവാൻ ഇപ്പോഴും ഞാൻ കുഴങ്ങുന്നുണ്ടു്. താങ്കളുടെ അവാസ്തവപ്രസ്താവനകളുടെ ഒരു സംഗ്രഹം ഏതാണ്ടു താഴെ കാണുന്ന വിധത്തിലാണെന്നു ഞാൻ വിചാരിക്കുന്നു.

൧. മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ നേതൃത്വത്തിലുള്ള കേരളഹരിജനസേവാസംഘത്തിന്റെ പ്രവർത്തനങ്ങൾ ക്ഷേത്രപ്രവേശനവിളംബരത്തിനു വഴിതെളിച്ചു എന്നു മഹാത്മാഗാന്ധി പ്രസ്താവിക്കുകയുണ്ടായി. മഹാത്മാഗാന്ധിയുടെ പ്രസ്താവനസത്യാബദ്ധമാണെന്നും അങ്ങിനെ പറയുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്, മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയോ, ഞാനോ മഹാത്മാഗാന്ധിയെ തെററിദ്ധരിപ്പിച്ചതുകൊണ്ടാണെന്നും ആകുന്നു ഇതിനെക്കുറിച്ചുള്ള താങ്കളുടെ വ്യാഖ്യാനം. ഞങ്ങളുടെ പേരുകൾ തുറന്നു പറയുന്നില്ലെങ്കിലും ഇതാണു് ഉദ്ദേശമെന്നു താങ്കൾ വ്യക്തമായി സൂചിപ്പിക്കുന്നുണ്ടു്.

൨. ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപനം ചെയ്തതിൽ മഹാരാജാവുതിരുമനസ്സിലേയ്ക്കു ലഭിക്കേണ്ട പ്രശസ്തിയെ

ഹരിജനസേവാസംഘം ലാഘവപ്പെടുത്തുവാൻ ശ്രമിക്കുന്നു എന്നുള്ളതാണു താങ്കൾ പരത്തുന്ന രണ്ടാമത്തെ അവാസ്തവം.

൩. ക്ഷേത്രപ്രവേശനാഘോഷങ്ങളിൽ നേതൃത്വംവഹിച്ചതിലും ശ്രീയുത് സി. രാജഗോപാലാചാരി അവർകളെ ക്ഷണിച്ചു വരുത്തിയതിലും ഹരിജനസേവാസംഘം അനർഹമായ പ്രസിദ്ധി സമ്പാദിക്കുവാൻ ശ്രമിക്കയാണു ചെയ്തതു്.

൪. തിരുവിതാംകൂറിലെ ഹരിജനസേവാസംഘത്തിൻെറ നേതാക്കന്മാർ നിമ്മതരാണെന്നും അതുകൊണ്ടു് അവൎക്കു നേതൃത്വം വഹിക്കാൻ അർഹതയില്ലെന്നും താങ്കൾ വിചാരിക്കുന്നു.

ഇവയിൽ ഓരോന്നിനെപ്പററിയും ഞാൻ പ്രത്യേകം സമാധാനം പറയാൻ ശ്രമിക്കട്ടെ.

൧. ഹരിജനസേവാസംഘത്തിൻെറ പ്രവൎത്തനങ്ങളെ ലാഘവപ്പെടുത്തുവാനുള്ള ഉൽക്കണ്ഠകൊണ്ടു മഹാത്മാഗാന്ധിയുടെ പ്രസ്താവനകൾക്കില്ലാത്ത അൎത്ഥങ്ങൾ താങ്കൾ ഉണ്ടെന്നു സങ്കല്പിക്കുന്നു. കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി ഹരിജനസേവകസംഘം കയ്യേററു നടത്തിവന്ന ക്ഷേത്രപ്രവേശനപ്രചരണത്തെപ്പററി മാത്രമേ മഹാത്മാഗാന്ധി സൂചിപ്പിക്കുന്നുള്ളു. തിരുവിതാംകൂറിലേ ഇതരസ്ഥാപനങ്ങളുടെ പ്രവൎത്തനത്തെ ഇടിച്ചുതാഴ്ത്തുകയാണു മഹാത്മാഗാന്ധി ചെയ്തിട്ടുള്ളതെന്നു വിചാരിക്കുവാൻകൂടി അസാദ്ധ്യമാണു്. എന്നാൽ കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി ഗവണ്മെൻറിൻെറ ശ്രദ്ധയെ ആകൎഷിക്കത്തക്കവണ്ണം ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ചുള്ള സവൎണ്ണരുടെ അഭിപ്രായം കേന്ദ്രീകരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും വേണ്ടി ഹരിജനസേവാസംഘം തിരുവിതാംകൂറിലെ ഓരോ ഗ്രാമത്തിലും നടത്തിയിട്ടുള്ള വിപുലവും തീക്ഷ്ണവുമായ പ്രചരണജോലി സത്യസന്ധതയുള്ള യാതൊരാൾക്കും വിസ്മരിക്കുവാൻ കഴിവുള്ളതല്ല. ക്ഷേത്രപ്രവേശനം അനുവദിക്കണമെന്നു് ആവശ്യപ്പെടുവാൻവേണ്ടി അപൂർവ്വം ചില യോഗങ്ങൾ സംഘത്തിൻെറ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ടെന്നും അവയിൽ യാഥാസ്ഥിതികന്മാരാരുംതന്നെ ഭാഗഭാക്കുകൾ ആയിരുന്നില്ലെന്നും താങ്കൾ പറയുന്നു. ഇങ്ങിനെയുള്ള ഒരസത്യം പ്രചരി

പ്പിക്കുവാൻ താങ്കൾ ധൈര്യപ്പെട്ടതു് അത്ഭുതംതന്നെ. കഴിഞ്ഞ മൂന്നുകൊല്ലത്തിനിടയ്ക്കു ഹരിജനസേവാസംഘം തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലായി ൩൰൨ ക്ഷേത്രപ്രവേശന മഹായോഗങ്ങൾ നടത്തിയിട്ടുണ്ടു്. ഈ യോഗങ്ങൾ ഞങ്ങൾ അവധാനപൂർവ്വം ആലോചിച്ചു തയ്യാറാക്കിയ ക്ഷേത്രപ്രവേശനപ്രക്ഷോഭണപരിപാടിയുടെ ഒരു ഭാഗമായിരുന്നു. ക്ഷേത്രപ്രവേശനയോഗങ്ങളിൽ പലതും തിരുവിതാംകൂറിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള മറേറതൊരു മഹായോഗങ്ങളെക്കാളും കൂടുതൽ ജനബാഹുല്യമുള്ളവയായിരുന്നുവെന്നുള്ളതിലേക്കു് യഥാകാലം പുറപ്പെട്ടിട്ടുള്ള പത്രലേഖനങ്ങൾ സാക്ഷ്യം വഹിക്കുന്നു, ൧൯൩൭ മാർച്ചുമാസത്തിൽ ശ്രീയുത് താക്കർ അദ്ദേഹത്തിന്റെ തിരുവിതാംകൂർ സഞ്ചാരത്തിനിടയ്ക്കു പല മഹായോഗങ്ങളിലുംപ്രസംഗിക്കയുണ്ടായി. തിരുവനന്തപുരത്തും നാഗർകോവിലിലുംവച്ചു നടത്തിയ ക്ഷേത്രപ്രവേശനസമ്മേളനത്തിൽ ഡാക്ടർ. ടി. എസ്. എസ്. രാജൻ ആദ്ധ്യക്ഷം വഹിച്ചു. എന്നാൽ ഏറ്റവും കൂടുതൽ ജനബാഹുല്യമുണ്ടായിരുന്ന മഹായോഗങ്ങൾ നടന്നതു് ൧൯൩൮ മേ മാസത്തിൽ ശ്രീമതി രാമേശ്വരി നെഹ്റു കേരളത്തിൽ നടത്തിയ ദീർഘ സഞ്ചാരത്തിനിടയിലാണു്. തിരുവിതാംകൂറിലെ ഗ്രാമങ്ങളിൽപോലും കടന്നുചെന്നു ശ്രീമതി രാമേശ്വരിനെഹ്റു പ്രസംഗിച്ച മഹായോഗങ്ങളെക്കാൾ കൂടുതൽ ജനബഹുലമായ മഹായോഗങ്ങളിൽ പ്രസംഗിക്കുവാൻ തിരുവിതാംകൂറിൽ മഹാത്മാഗാന്ധിക്കല്ലാതെ മററാർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ എന്നു് സംശയമാണു്. കേരള ഹരിജനസേവാസംഘത്തിൽനിന്നും നിയമിച്ച പൊതുക്കാര്യപ്രസക്തന്മാരായ നേതാക്കന്മാർഉൾപ്പെട്ട പ്രതിനിധിസംഘങ്ങൾ തിരുവിതാംകൂർ ഒട്ടുക്കു സഞ്ചരിച്ചു പല മഹായോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗിച്ചിട്ടുണ്ടു്. ഈ യോഗങ്ങളിൽ യാഥാസ്ഥിതികന്മാർ സന്ധിച്ചിട്ടില്ലെന്നു പറയുന്നതു് അബദ്ധമാണു്. ഞങ്ങളുടെ എല്ലാ യോഗങ്ങളിലും, വിശേഷിച്ചു് ഉൾനാട്ടുകളിൽ വച്ചു നടന്നവയിൽ യാഥാസ്ഥിതികന്മാരായ അനേകം പേർ സംബന്ധിച്ചിരുന്നു. മിസ്സസ്സ് നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തുവച്ചു നടത്തിയ ഞങ്ങളുടെ പ്രത്യേക ക്ഷേത്രപ്രവേശനമഹാസമ്മേളനത്തിൽസംബന്ധിച്ച ജനങ്ങളിൽ ഒരു ഭാഗം തിരുവനന്തപുരത്തെ യാഥാ

സ്ഥികന്മാരായ ബ്രാഹ്മണരായിരുന്നു. ക്ഷേത്രപ്രവേശനം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടു മഹാരാജാവുതിരുമനസ്സിലെ സമക്ഷത്തിൽ സമർപ്പിച്ചു വമ്പിച്ച മെമ്മോറിയലിൽ ഹരിജനസേവകസംഘക്കാരുടെ ശ്രമഫലമായി ഒർദ്ധല സവർണ്ണരുടെ ഒപ്പുകൾ അനുബന്ധിക്കപ്പെട്ടിരുന്നു. ഈ അതിപ്രധാനമായ മെമ്മോറിയൽ മഹാരാജാവു തിരുമനസ്സിലേയ്ക്കു വേണ്ടി ദിവാൻജിഅവർകളാണു ക്ഷേത്രപ്രവേശനപ്രതിനിധിസംഘത്തിന്റെ പക്കൽനിന്നും സദയം സ്വീകരിച്ചതു്. മെമ്മോറിയൽ സംബന്ധിച്ച മഹൽശ്രമത്തിന്റെ വൈപുല്യവും പ്രാധാന്യവും മനസ്സിലാക്കണമെങ്കിൽ മുൻപറഞ്ഞ ഒർദ്ധല ഒപ്പുകൾ സവർണ്ണജനതയുടെ വിവിധഭാഗങ്ങളിൽനിന്നുമാണു സംഭരിക്കപ്പെട്ടതു് എന്നുള്ള വസ്തുതകൂടി അനുസ്മരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇത്തരം പ്രായോഗികപരിപാടികളൊന്നും പ്രവർത്തിച്ചു പരിചയമില്ലാത്ത താങ്കൾക്കു ചാരുകസേരയിൽ ഇരുന്നുകൊണ്ടു ഞങ്ങളുടെ പരിശ്രമങ്ങളെല്ലാം നിസ്സാരമായി പുച്ഛിച്ചു തള്ളിക്കളയുവാൻ എളുപ്പമാണു്. താങ്കളുടെ ആദ്യത്തെ അബദ്ധപ്രസ്താവനയ്ക്കു മറുപടിയായി ഒന്നു രണ്ടു സംഗതികൾകൂടി മാത്രമേ എനിക്കു പറയേണ്ടതായിട്ടുള്ളു. എസ്സ്. എൻ. ഡി. പി-യോഗവും, നായർ സർവ്വീസ്സൊസൈററിയും ക്ഷേത്രപ്രവേശനസംരംഭത്തിൽ ചെയ്തിട്ടുള്ള നിസ്തുലങ്ങളായ സേവനങ്ങളെപ്പറ്റി ഹരിജനസേവകസംഘക്കാർ വിളിച്ചുകൂട്ടീട്ടുള്ള എല്ലാ യോഗങ്ങളിലുംവച്ചു പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടു്. ഞങ്ങൾ നടത്തിയ ക്ഷേത്രപ്രവേശനപ്രക്ഷോഭണത്തിൽ ഞാൻ ഇവിടെ എടുത്തുപറയുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ലാത്ത ചില കാരണങ്ങളാൽ ഈ രണ്ടു സംഘങ്ങളും ഭാഗഭാക്കുകളായില്ല എന്നുള്ള വസ്തുതകൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു കഴിഞ്ഞ മൂന്നു വർഷങ്ങളായി നടന്നുകൊണ്ടിരുന്ന ക്ഷേത്രപ്രവേശനസംരംഭം സജീവമായ ഒരു പ്രക്ഷോഭണമായി കേരളമൊട്ടുക്കു നിലനിറുത്തിക്കൊണ്ടുവരേണ്ട ഭാരം കേരളഹരിജനസേവകസംഘം മാത്രമാണു വഹിച്ചതു്. എങ്കിൽ കൂടിയും എസ്സ്. എൻ. ഡി. പി-യോഗവും, നായർസർവ്വീസ്സൊസൈറ്റിയും നടത്തിയിട്ടുള്ള സ്തുത്യർഹമായ സേവനങ്ങളെ സവിനയം

സമ്മതിക്കുവാൻ ഞങ്ങൾ ഒരിക്കലും വൈമുഖ്യം പ്രദർശിപ്പിച്ചിട്ടില്ല.

ഹരിജനസേവകസംഘം ക്ഷേത്രപ്രവേശനം സാധിതപ്രായമാക്കുന്നതിൽ ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പററി മഹാത്മാഗാന്ധിയെ ആരും തെററിദ്ധരിപ്പിച്ചിട്ടില്ല. ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകളോ, ഞാനോ വിളംബരത്തിന്റെ ഉത്ഭവത്തിനു കാരണഭൂതമായതു ഞങ്ങളുടെ സംഘത്തിന്റെ പ്രയത്നങ്ങളാണെന്നു വിദൂരമായിപ്പോലും സൂചിപ്പിക്കുന്ന ഒരു വരിയെങ്കിലും മഹാത്മാഗാന്ധിക്ക് എഴുതിയയച്ചിട്ടില്ല. അങ്ങിനെ എന്തെങ്കിലും ചെയ്യുവാൻ തക്കവണ്ണമുള്ള ബുദ്ധിഹീനത ഞങ്ങൾക്കില്ല. അതുകൊണ്ട് ഈ സംഗതിയെപ്പററി ചിന്തിച്ചു താങ്കളുടെ ആത്മാവു പ്രക്ഷുബ്ധമാകേണ്ട ആവശ്യമില്ല. ഒരു കാര്യംകൂടി ഈ സംഗതിയെപ്പററി പറഞ്ഞുകൊള്ളട്ടെ. ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകളുടെ ക്ഷേത്രപ്രവേശനപരമായ സേവനങ്ങൾ, ഹരിജനസേവകസംഘത്തിന്റെ ഉദയത്തിന് എത്രയോ കാലം മുൻപുതന്നെ തുടങ്ങിയവയാണ്. കഴിഞ്ഞ ൨൦ വർഷങ്ങളായി ഹരിജനങ്ങളുടെ അവകാശസ്ഥാപനയത്നത്തിൽ അദ്വിതീയമായ നേതൃത്വം അദ്ദേഹം വഹിച്ചിട്ടുണ്ട്. ഞാൻ താങ്കളോട് ഒന്നു ചോദിച്ചുകൊള്ളട്ടെ. ഈ വിഷയത്തിൽ താങ്കളുടെ പങ്ക് എന്തായിരുന്നു? വയ്ക്കംസത്യാഗ്രഹത്തിൽ താങ്കൾക്ക് എന്തു ഭാഗമാണുണ്ടായിരുന്നതു്? കുറെ വർഷങ്ങൾക്കു മുൻപു താങ്കൾ ഏതോ ഒരു ക്ഷേത്രപ്രവേശനദർബാറിൽവച്ചു ചെയ്ത ഒരു ക്ഷേത്രപ്രവേശനപ്രസംഗത്തെപ്പററിയുള്ള ഒരു കഥ താങ്കൾതന്നെ ഇപ്പോൾ പ്രചരിപ്പിച്ചുവരുന്നതായി കാണുന്നു. * പക്ഷെ പൊതുജനങ്ങളുടെ മുൻപിൽ ക്ഷേത്രപ്രവേശനക്കമ്മിററിറിപ്പോർട്ടിൽ താങ്കൾ എഴുതിച്ചേർത്തിരിക്കുന്ന പ്രത്യേക കുറിപ്പ് ഇപ്പോഴും സ്ഥിതിചെയ്യുന്നുണ്ടല്ലൊ. അതിനെ എങ്ങിനെ ഒളിക്കും? 'പ്രശോഭനമായ ഒരു കുഴപ്പമാണതെ'ന്നു

---

* ഇതു ശരിയല്ല. മഹാത്മാഗാന്ധിയുടെ സന്ദേശം സ്വീകരിക്കുവാൻ തിരുവനന്തപുരത്തുവച്ചു കൂടിയ ക്ഷേത്രപ്രവേശനദർബാറിൽ ആദ്ധ്യക്ഷം വഹിച്ചതു മി. ടി. കെ. വേലുപ്പിള്ളയായിരുന്നു.

ഞാനൊരവസരത്തിൽ പറഞ്ഞിട്ടുണ്ട്. പൂർവ്വാപരവിരുദ്ധവും വിവേചനാശൂന്യവും ആയ താങ്കളുടെ ആ റിപ്പോർട്ടിൽ താങ്കൾ നൽകുന്ന നിർദ്ദേശം ധ്വജസ്തംഭംവരെ ഹരിജനങ്ങൾക്ക പ്രവേശനം അനുവദിക്കാം എന്നുള്ളതാണ്. നിരുപാധികമായി ഹരിജനങ്ങൾക്ക ക്ഷേത്രപ്രവേശനം ഉടനടി നൽകിയാൽ ഹിന്ദുമതം നശിച്ചുപോകുമെന്നുള്ള ഒരഭിപ്രായവും താങ്കൾ ൧൧൦൯-ാംവശത്തു പ്രകടിപ്പിച്ചിട്ടുണ്ട്. പക്ഷേ ഇന്നെന്താണു സംഭവിക്കുന്നതു്? അക്ബറിലോ, അശോകനിലോ മാത്രം കാണാൻ കഴിയുന്ന വിശാലവീക്ഷണത്തോടും ധൈര്യത്തോടുംകൂടി നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ട് ഇപ്പോൾ നടപ്പിൽ വരുത്തിയിരിക്കുന്നതു ഹിന്ദുമതത്തിന്റെ വിനാശത്തിനു വഴി തെളിക്കുമെന്നു താങ്കൾ പ്രസ്താവിച്ച പരിഷ്കാരംതന്നെയാണെന്ന് അറിയുന്നുണ്ടോ? താങ്കളുടെ നിർദ്ദേശം സ്വീകരിച്ചു ധ്വജസ്തംഭംവരെ മാത്രം ക്ഷേത്രപ്രവേശനം അനുവദിച്ചിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന വിനാശം എത്ര ഭയങ്കരമായിരുന്നു. അതുകൊണ്ടു താങ്കളെപ്പോലെയുള്ള ഒരാൾ ഇപ്പോൾ മുന്നോട്ടു വന്നു ഹരിജനസേവകസംഘത്തിന്റേയും ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകളുടേയും മേൽ ചെളി വാരി എറിയുന്നതു് എത്ര പരിഹാസ്യമായ ഒരു പ്രവൃത്തിയാണ്.

താങ്കളുടെ രണ്ടാമത്തെ അവാസ്തവപ്രസ്താവനയിലേയ്ക്കു് ഇനി ഞാൻ കടക്കട്ടെ. മഹാരാജാവു തിരുമനസ്സുകൊണ്ട് അർഹിക്കുന്ന പ്രസിദ്ധിയും, പ്രശസ്തിയും ലാഘവപ്പെടുത്തുവാൻ ഹരിജനസേവകസംഘം ശ്രമിക്കുന്നുവെന്നുള്ള താങ്കളുടെ സൂചനയെപ്പററി എഴുതുമ്പോൾ എനിക്ക വിഷമിച്ചു മാത്രമേ ആത്മസംയമനം സാധിക്കുന്നുള്ളു. മഹാത്മാഗാന്ധി കഴിഞ്ഞാൽ ഇൻഡ്യയിലെ ഹരിജനപ്രസ്ഥാനത്തിന്റെ അവിതർക്കിതനേതാവെന്ന് ആരും സമ്മതിക്കുന്ന ശ്രീമാൻ സി. രാജഗോപാലാചാരി അവർകൾ ആണു മഹാരാജാവുതിരുമനസ്സിലെ വിളംബരം ലോകോത്തരമഹാനായ അശോകചക്രവർത്തിയുടെ പ്രഖ്യാപനങ്ങളോടു തുല്യമാണെന്ന് ആദ്യം പ്രസ്താവിച്ചതു്. മഹാരാജാവുതിരുമനസ്സിലേയ്ക്കു് അവിതർക്കിതമായി

ലഭിക്കേണ്ട പ്രശസ്തിയെ അണുമാത്രമെങ്കിലും കുറയ്ക്കുന്ന ഏതെങ്കിലും ഒരു വാക്കുപോലും എഴുതുകയോ പറയുകയോ, ഹരിജനസേവകസംഘത്തിൽപെട്ട ഒരു വ്യക്തിയെങ്കിലും ചെയ്തിട്ടില്ല. ഞങ്ങൾ വിളിച്ചുകൂട്ടിയ എല്ലാ പൊതുയോഗങ്ങളിലും വിശേഷിച്ചു ശ്രീമാൻ സി. രാജഗോപാലാചാരി അവർകളുടെ അദ്ധ്യക്ഷതയിൽ നവംബർ ൨൯-ാംനു- റെയിൽവേസ്റ്റേഷൻ മൈതാനത്തു സമ്മേളിച്ച അതിഗംഭീരമായ മഹായോഗത്തിലുംവച്ചു ക്ഷേത്രപ്രവേശനവിളംബരം സംജാതമാകാനുള്ള അനിഷേധ്യമായ കാരണം മഹാരാജാവുതിരുമനസ്സിലെ മഹാമനസ്കതയും, വിശാലവീക്ഷണവും, ആണെന്നു നിസ്സന്ദേഹമായും, അനസ്യൂതമായും, കൃതജ്ഞതാപൂർവ്വമായും, പ്രസ്താവിക്കുകയും, ഈ മഹൽകൃത്യം ചെയ്യുന്നതിനുള്ള സർവ്വപ്രശസ്തിയും അവിടേയ്ക്കു മാത്രമുള്ളതാണെന്നു മുക്തകണ്ഠം ആഘോഷിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ഞങ്ങൾ ഇങ്ങനെ ചെയ്തതു് യാതൊരുവിധമായ സ്വാത്ഥലാഭത്തിനും വേണ്ടിയല്ല. പിന്നെയോ സത്യവും, ആത്മാത്ഥതയും ഇങ്ങനെ ചെയ്യണമെന്നു ഞങ്ങളെ പ്രേരിപ്പിച്ചതുകൊണ്ടാണു്. സ്വാത്ഥതല്പരന്മാക്കു് ഊഹിക്കാൻകൂടി നിവൃത്തിയില്ലാത്തവിധത്തിൽ മഹനീയമാണു മഹാരാജാവുതിരുമനസ്സിലെ അത്യുൽകൃഷ്ടമായ പ്രവൃത്തിയിൽ ഞങ്ങൾക്കുള്ള അഭിമാനവും ആനന്ദവും. മഹാരാജാവുതിരുമനസ്സിനെപ്പററിയുള്ള ഞങ്ങളുടെ കീത്തനങ്ങൾ നിമ്മലവും പരിശുദ്ധവും ആണു്. സ്വാത്ഥതയുടെ കണികപോലും അതിലില്ല. ഹരിജനസേവകസംഘത്തെപ്പറ്റി അസഹനീയമായ ഈ അസത്യം താങ്കൾ കെട്ടിയുണ്ടാക്കിയതെന്തിനെന്നു മനസ്സിലാക്കുവാൻ ഞാൻ അശക്തനാകുന്നു. വിഷമയമായ ഈ സൂചന പരത്തുന്നതിൽ താങ്കൾക്കു് എന്തൊരു സ്വാത്ഥലാഭമാണു് ഉള്ളതെന്നു മനസ്സിലാക്കുവാൻ എനിക്കു വിഷമമായിരിക്കുന്നു. നവംബർ ൨൯-ാംനു- ഞങ്ങൾ നടത്തിയ ഗംഭീരമായ ഘോഷയാത്രയിൽ ഹരിജനപ്രസ്ഥാനത്തിൻെറ നേതാക്കന്മാരുടെ പടമല്ല എഴുന്നള്ളിച്ചതു്. പൊതുജനഹൃദയത്തിൽ കൃതജ്ഞതയും ആഹ്ലാദവും ഉത്തേജിപ്പിക്കുമാറു് മഹാരാജാവുതിരുമനസ്സിലെ ഒരു വലിയ ഛായാപടം കെങ്കേമമായി അലങ്കരിച്ചു് ആനപ്പുറത്തു് എഴുന്നള്ളിച്ചുകൊണ്ടുപോകുക

യാണു ചെയ്തതു്. ഞങ്ങളുടെ ആഭിമുഖ്യത്തിൽ കേരളമൊട്ടുക്കു് അന്നു നടന്ന ഘോഷയാത്രകളിലും ആഹ്ലാദപ്രകടനങ്ങളിലുമെല്ലാം ഇങ്ങനെതന്നെയാണു നടന്നതു്. സദസ്യതിലകനായ താങ്കളോടു് എനിക്കുള്ള അപേക്ഷ ഈ മാതിരി വിദ്വേഷപരമായ പ്രചരണംകൊണ്ടു താങ്കളുടെ നല്ല പേരിനു തീരാക്കളങ്കം ഉണ്ടാക്കിത്തീക്കരുതെന്നാണു്.

ക്ഷേത്രപ്രവേശനവിളംബരത്തെക്കുറിച്ചു കൃതജ്ഞത പ്രകടിപ്പിക്കുവാൻ വേണ്ടിയുള്ള ഏററവും വലിയ മഹോത്സവം ഹരിജനസേവകസംഘത്തിൻെറ ആഭിമുഖ്യത്തിൽ നടത്തിയെന്നുള്ളതിൽ താങ്കൾ ഈൎഷ്യാകലുഷിതനായിത്തീൎന്നിരിക്കുന്നതുപോലെ തോന്നുന്നു. ക്ഷേത്രപ്രവേശനവിളംബരം ൧൯൩൬ നവംബർ ൧൨-ാംനു- രാത്രി പുറപ്പെടുവിച്ചു എങ്കിലും ഹരിജനസേവകസംഘം നടത്തിയ ആഘോഷങ്ങൾ തുടങ്ങിയതു് ൧൯൩൬ നവംബർ ൨൯-ാംനു- മാത്രമാണു്. എന്റെ ഓൎമ്മ ശരിയാണെങ്കിൽ മഹാരാജാവുതിരുമനസ്സിനെ അനുമോദിക്കുവാൻ ധൃതഗതിയിൽ കൂടിയ ആദ്യത്തെ യോഗത്തിൽ താങ്കളും ഒരു പ്രാസംഗികനായിരുന്നു. പല അനുമോദനയോഗങ്ങളും ആഘോഷങ്ങളും നവംബർ ൨൯-ാംതീയ്യതിക്കു മുൻപു തന്നെ നടന്നിരുന്നു. എന്നാൽ ഹരിജനസേവകസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ആഘോഷങ്ങൾ വളരെ വൻപിച്ചതോതിൽ സജ്ജീകരിക്കപ്പെട്ടുവെന്നുള്ളതാണു താങ്കളെ അസ്വസ്ഥതപ്പെടുത്തിയതെന്നു് എനിക്കറിയാം. നവംബർ ൨൯-ാം തീയ്യതി ഹരിജനസേവകസംഘം നടത്തിയ മഹായോഗവും ഘോഷയാത്രയും അതിനു മുൻപു നടന്ന സകല ആഘോഷങ്ങളേയും പിന്നിലാക്കുകതന്നെ ചെയ്തു. തിരുവനന്തപുരത്തു് ഇതുവരെ ഉണ്ടായിട്ടുള്ള മഹായോഗങ്ങൾക്കും ഘോഷയാത്രകൾക്കും അവയെ ജയിക്കുവാൻ കഴിഞ്ഞിട്ടില്ല. അന്നത്തെ മഹോത്സവത്തിൽ മി. ചങ്ങനാശേരി പരമേശ്വരൻപിള്ള നേതൃത്വം വഹിച്ചതു താങ്കൾക്കു ഹൃദയവേദനയുണ്ടാക്കിയെങ്കിൽ ഞാൻ അതിലേയ്ക്കു താങ്കളോടു് ആത്മാൎത്ഥമായി സഹതപിക്കുന്നു. ആ ചിത്രത്തിൽ താങ്കൾക്കു യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ലെന്നുള്ളതു പരമാൎത്ഥം തന്നെ. ഹരിജന

സേവകസംഘം നടത്തിയ ആഘോഷങ്ങൾ അത്ഭുതപൂർവ്വമാം വണ്ണം വിജയകരമായി പര്യവസാനിച്ചതുകൊണ്ടു പ്രസ്തുത സ്ഥാപനത്തിൻെറ പ്രവർത്തകന്മാർ അനർഹമായ പ്രശസ്തി ആർജ്ജിക്കുവാൻ ശ്രമം ചെയ്യുന്നു എന്നു് ഒരു ആരോപണം അവരുടെ നേക്കു പ്രയോഗിക്കുവാൻ ഒരുമ്പെടുന്ന താങ്കൾ എത്ര പരിഹാസ്യമായ ഒരു ചിത്രമാണു താങ്കളെപ്പററി മററുള്ളവരുടെ മുൻപിൽ പ്രദർശിപ്പിക്കുന്നതു്.

മി. സി. രാജഗോപാലാചാരിയുടെ നാമധേയം വാദവിഷയമാക്കുന്നതു് എനിക്കു തുലോം അനിഷ്ടകരമായ ഒരു സംഗതിയാകുന്നു. താങ്കൾ അദ്ദേഹത്തിൻെറ സന്ദർശനത്തെ പ്രതിക്ഷേപിക്കുന്നു. ഇതു താങ്കളുടെ ഒരു അപമര്യാദ മാത്രമായിക്കരുതി ഞാൻ അതിനെ തിരസ്കരിക്കുമായിരുന്നു. എന്നാൽ തിരുവിതാംകൂർ സന്ദർശിച്ചു ക്ഷേത്രപ്രവേശനവിളംബരത്തെ യാതൊരു പ്രതിബന്ധവുമെന്യേ എത്രമാത്രം പ്രായോഗികമാം വണ്ണം ഇവിടെ നടപ്പിൽ വരുത്തിയിരിക്കുന്നു എന്ന വാർത്ത ഭാരതസാമ്രാജ്യത്തിലെന്നു മാത്രമല്ല, ലോകമൊട്ടുക്കുതന്നെയും പ്രചരിപ്പിച്ചതിനു്, തിരുവിതാംകൂറിലെ ഏററവും ഉയൎന്ന അധികാരസ്ഥാനങ്ങളിൽനിന്നുപോലും അദ്ദേഹത്തോടു കൃതജ്ഞത പ്രകടിപ്പിച്ചിട്ടുണ്ടു്. തിരുവിതാംകൂറിനു വെളിയിലുള്ള ചില പ്രത്യേക പക്ഷക്കാർ ക്ഷേത്രപ്രവേശനവിളംബരത്തിൻെറ സൽഫലങ്ങളെ അതു സംബന്ധിച്ചു പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ നിഷ്പ്രയോജനങ്ങളാക്കിത്തീർത്തിരിക്കുന്നു എന്നു കാണിക്കുവാൻ വേണ്ടി നികൃഷ്ടമായ പ്രചരണവേലകൾ ഇൻഡ്യയുടെ പല ഭാഗങ്ങളിലും നടത്തിയെന്നും, മിസ്റ്റർ സി. രാജഗോപാലാചാരിയുടെ സന്ദർശനവും അദ്ദേഹം പുറപ്പെടുവിച്ച പ്രസ്താവനകളും ആ മലിനമായ അപവാദങ്ങളെ ഉത്ഭവത്തിൽത്തന്നെ നശിപ്പിക്കുന്നതിനു സഹായിച്ചു എന്നുമുള്ള വിവരം ഒരു പക്ഷേ താങ്കൾക്കു നൂതനമായ ഒററിവായിരിക്കുമെന്നു വന്നേക്കാം. മി. രാജഗോപാലാചാരിയെപ്പോലെയുള്ള മഹാന്മാരെ ബഹുമാനിക്കുന്നതിനും അവരുടെ സഹായസഹകരണങ്ങൾക്കു കൃതജ്ഞത പ്രകടിപ്പിക്കുന്നതിനും വേണ്ട എളിമ താങ്കൾക്കുകൂടി ഒരു ഭൂഷണമായിരിക്കുമെന്നാണു് എൻെറ വിനീതമായ അഭിപ്രായം. തിരുവിതാംകൂർ തിരുവിതാംകൂറു

കാരെക്കന്നു താങ്കൾ മുറവിളി കൂട്ടുകയും ആ അടിസ്ഥാനത്തി ന്മേൽ താങ്കൾ ശ്രീമാൻ രാജഗോപാലാചാരിയുടെ സന്ദർശന ത്തെ പ്രതികൂലിക്കയും ചെയ്യുന്നു. പരസ്പരബന്ധമില്ലാത്ത സംഗതികൾ കൂട്ടിക്കലൎത്തുന്ന താങ്കളുടെ വിവേചനാശൂന്യ മായ ബുദ്ധിയാണ് ഈ അഭിപ്രായത്തിൽ പ്രതിഫലിക്കുന്നതു്. ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപനം ചെയ്യുന്നതിൽ ഗണനീയമായ ഒരു പങ്കെടുത്തു തിരുവിതാംകൂറിൻെറ പ്രശ സ്തി നാനാദിഗന്തങ്ങളിലും പ്രചരിക്കുവാൻ സഹായിച്ച സചി വോത്തമൻ സർ. സി. പി. തിരുവിതാംകൂർസ്വദേശിയ ല്ലെന്നു താങ്കൾ വിസ്മരിച്ചുപോയോ? എന്നാൽ ഇക്കാൎയ്യത്തെ പ്പറ്റി തുറന്നു പറയുവാൻ താങ്കൾക്കു ധൈൎയ്യമുണ്ടാകയില്ലെന്ന് എനിക്കറിയാം. താങ്കളുടെ സുദീൎഘമായ ലേഖനത്തിൽ പുറ പ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ ഏററവും അസഹ്യമായി ട്ടുള്ളതു് ശ്രീജിത് രാജഗോപാലാചാരിയെപ്പോലുള്ള പുണ്യ ശ്ലോകന്മാരുടെ സന്ദർശനത്തെപ്പററി പ്രസ്താവിക്കുമ്പോൾ തിരു വിതാംകൂർ തിരുവിതാംകൂറുകാൎക്കെന്നു മുറവിളികൂട്ടുന്നതാണ്.

താങ്കളുടെ ലേഖനത്തിലുള്ള ഒടുവിലത്തെ അസത്യപ്ര സ്താവനയെക്കുറിച്ചാണു ഞാൻ അവസാനമായി രണ്ടു വാക്കു പറയുവാൻ പോകുന്നതു്. തിരുവിതാംകൂറിലെ ഹരിജനസേവ കസംഘം പ്രവൎത്തകന്മാർ മതവിരോധികളാണെന്നു താങ്കൾ പ്രസ്താവിക്കുകയും അതിനു തെളിവായി മി. ചങ്ങനാശേരിയുടെ ഒരു പഴയ പ്രസംഗത്തിൽനിന്നു ചില വാചകങ്ങൾ ഉദ്ധരിച്ചു കൊണ്ടു വരികയും ചെയ്യുന്നു. എൻെറ നാമധേയവും താങ്കൾ മി. പരമേശ്വരൻപിള്ളയുടേതിനോട് സംഘടിപ്പിച്ചിരിക്കുന്നു. താങ്കൾക്കു യാതൊരറിവും പരിചയവുമില്ലാത്ത ആളുകളെക്കു റിച്ചു് എന്തബദ്ധങ്ങളും അപരാധങ്ങളുംപറയുവാൻ താങ്കൾക്കു മടിയില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. താങ്കൾ ഒരു നിത്യ ക്ഷേത്ര സന്ദർശകനാണെന്നു തന്നെയിരിക്കട്ടെ. എന്നാൽ അവാസ്തവപ്രസ്താവനകൾ പ്രചരിപ്പിക്കുന്നതു മതമനോഭാവ ത്തിൻെറ ഒരു ഭാഗമാണെന്ന് എനിക്കു തോന്നുന്നില്ല. മതം എന്നു പറയുന്നതു് ഈശ്വരനോടും സത്യത്തോടും ഉള്ള ഭക്തി യും മനുഷ്യസേവനവും ആണെങ്കിൽ ക്ഷേത്രസന്ദർശനവും വ്യക്തിവിദ്വേഷവും നിരന്തരം അനുഷ്ഠിക്കുന്ന താങ്കളേക്കാൾ

ങ്ങൾ എത്രയോ കൂടുതൽ മതവിശ്വാസികളാണെന്നുള്ള കാൎയ്യം അനുഭവത്തിൽനിന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. എന്നാൽ ജാതിഭേദമെന്യേ സകല ഹിന്ദുക്കൾക്കും ആരാധനയ്ക്കായി തുറന്നുകൊടുക്കപ്പെട്ട ക്ഷേത്രങ്ങൾ ഇന്നു താങ്കൾക്കെന്നപോലെതന്നെ ഞങ്ങൾക്കും പരിപാവനമായിത്തീൎന്നിട്ടുണ്ടെന്നു ഞാൻ താങ്കളെ അറിയിച്ചുകൊള്ളുന്നു.

വളരെ മനോവേദനയോടുകൂടിയാണു ഞാൻ ഈ മറുപടി താങ്കൾക്കു് എഴുതുന്നതു്. താങ്കളെ ബഹുമാനിക്കുന്നതിനും വിലമതിക്കുന്നതിനും ഞാൻ എല്ലായ്പോഴും ശ്രമിച്ചിട്ടുണ്ടു്. അതുകൊണ്ടു ഞങ്ങളെക്കുറിച്ചു് ഇപ്രകാരം വ്യക്തിവിദ്വേഷപരമായ ഒരു പ്രക്ഷോഭണം താങ്കൾ തുടങ്ങുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഇമ്മാതിരി കാൎയ്യങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തുവാൻ അൎഹതയുള്ളവർ പൊതുജനങ്ങളാണു്. ഈ വാദത്തെക്കുറിച്ചു് അവരുടെ തീൎപ്പു് എന്തായിരിക്കുമെന്നും എനിക്കു നിശ്ചയമുണ്ടു്. എന്നാൽ ഹരിജനസേവകസംഘത്തെക്കുറിച്ചു താങ്കൾ പ്രചരിപ്പിക്കുന്ന അവാസ്തവപ്രസ്താവനകളെ യഥാവസരം എതിൎക്കുവാൻ ഞാൻ നിൎബ്ബന്ധിതനായിത്തീരുമെന്നുകൂടി താങ്കളെ അവസാനമായി അറിയിച്ചുകൊള്ളട്ടെ.

എന്നു് വിധേയൻ,
ജി. രാമചന്ദ്രൻ (ഒപ്പു്)

തിരുവനന്തപുരം.
൭—൭—൧൧൧൨

കഴിഞ്ഞ രണ്ടു വ്യാഴവട്ടങ്ങളായി തിരുവിതാംകൂറിലെ പൊതുക്കാൎയ്യജീവിതത്തിൽ ഒട്ടും അഗണ്യമല്ലാത്ത ഒരു പങ്കു വഹിച്ചിട്ടുള്ള സൎവ്വജനാദരണീയനായ ഒരു പൌരനാണു സദസ്യതിലകൻ ടി. കെ. വേലുപ്പിള്ള. അദ്ദേഹത്തിന്റെ വിജ്ഞാനവൈവിദ്ധ്യവും വചോവിലാസവും പരക്കെ അറിയപ്പെട്ടിട്ടുള്ള സംഗതികളാണു്. കൂടാതെ മി. വേലുപ്പിള്ള ഒരു കലാകുതുകിയും സാഹിത്യരസികനുമാണു്. മനോഹരമായ ഒന്നിലധികം ഗ്രന്ഥങ്ങൾകൊണ്ടു് അദ്ദേഹം ഭാഷായോഷയെ അലങ്കരിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഗവേഷണപര

മായ പാണ്ഡിത്യവും ചരിത്രവിജ്ഞാനവും ഈ അടുത്ത കാലത്തു പ്രസിദ്ധപ്പെടുത്തിയ സ്റ്റേററുമാന്വൽഗ്രന്ഥം വെളിപ്പെടുത്തുന്നുണ്ട്. തിരുവിതാംകൂർ നിയമസഭയിലേക്ക് ഒന്നിലധികം തവണ അദ്ദേഹത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരത്തു പ്രശസ്തികൊണ്ടും സ്വാധീനബലംകൊണ്ടും ഹിമവാനെപ്പോലെ അത്യുന്നതനായിരുന്ന പി. കെ. കേശവപിള്ളയെ തിരഞ്ഞെടുപ്പുമത്സരത്തിൽ മി. ടി. കെ. പരാജിതനാക്കിയ കഥ ഒരു വീരചരിതംപോലെ ഇന്നും സ്മരിക്കപ്പെട്ടുവരുന്നു. തിരുവിതാംകൂർനിയമസഭയിലെ ഒന്നാമത്തെ തിരഞ്ഞെടുക്കപ്പെട്ട ഡപ്യൂട്ടി പ്രസിഡൻറും ഈ രാജ്യത്തെ ഒന്നാമത്തെ പൗരനുമെന്ന നിലയിൽ അദ്ദേഹം മഹാരാജാ തിരുമനസ്സിലേയും പൊതുജനങ്ങളുടേയും പ്രശംസയ്ക്കും സ്നേഹാദരങ്ങൾക്കും പാത്രമായിത്തീർന്ന് സദസ്യതിലകസ്ഥാനലബ്ധിയിൽ ഇന്നും എതിരാളിയില്ലാതെ ശോഭിക്കുന്നു. എങ്കിലും മി. ടി. കെ. യുടെ നാനാമുഖമായ പാണ്ഡിത്യവും മററു ശ്രേഷ്ഠഗുണങ്ങളും അവ അർഹിക്കുന്ന പരിഗണനകൾക്കു പാത്രമായിരുന്നു എങ്കിൽ സക്കാർസേവനത്തിലത്യുന്നതമായ ഒരു സ്ഥാനത്തിലെത്തിച്ചേരുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. വിദ്യാഭ്യാസം കഴിഞ്ഞു പ്രവേശിച്ച സക്കാർ ജോലിയിൽ തുടന്നുകൊണ്ടുപോയിരുന്നു എങ്കിൽ തന്നെ അഭികാമ്യമായ ഒരു സ്ഥാനത്തിലെത്തിച്ചേരുവാൻ അദ്ദേഹത്തിൻെറ കഴിവുകളുള്ള ഒരാൾക്കു നിഷ്പ്രയാസം സാധ്യമായിരുന്നു. നിയമജീവിതത്തിൽ പ്രവേശിച്ച മി. വേലുപ്പിള്ളയ്ക്ക് ആ പ്രവത്തനപന്ഥാവിലും അല്പകാലങ്ങൾക്കുള്ളിൽ ലഭിച്ച ഉയച്ച് തുല്യനിലയിലുള്ളവരെ അമ്പരപ്പിക്കത്തക്കവണ്ണം അത്ര വളരെ അസൂയാർഹമായിരുന്നു.

ഒരു പൊതുക്കാര്യപ്രസക്തനെന്ന നിലയിലും അന്നദ്ദേഹത്തിന് അദ്വിതീയമായ ഒരു സ്ഥാനമാണുണ്ടായിരുന്നതു്. എങ്കിലും ഉജ്ജ്വലത്തായി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്ന സമകാലീനമായ ആശയപുരോഗതിയും വിപ്ലവമനഃസ്ഥിതിയും അദ്ദേഹത്തെ ആകൃഷ്ടനാക്കിയിരുന്നില്ല. മഹാത്മാഗാന്ധി ഭാരതരാഷ്ട്രീയചക്രവാളത്തിലുദയം ചെയ്തതിനു ശേഷം ഇവിടു

ത്തെ ദേശീയജീവിതം നിഷ്കാമകർമ്മത്തിൻേറയും ത്യാഗസന്നദ്ധതയുടേയും ക്ലേശകരമായ ജീവിതാനുഭവങ്ങളുടേയും ഒരു പര്യായമായിത്തീൎന്നിട്ടുള്ളതുകൊണ്ടു് വ്യക്തിപരമായ താല്പര്യങ്ങളെ നിശ്ശേഷം വിട്ടുപിരിയുവാൻ സന്നദ്ധതയില്ലാത്തവരുടെ പൊതുക്കാൎയ്യജീവിതം വൈദ്യുതദീപത്തിൻെറ മുന്നിൽ മിന്നാമിനുങ്ങ് എന്നപോലെ നിഷ്പ്രഭമായിത്തീൎന്നുപോയിട്ടുണ്ടു്. അതുകൊണ്ടു പൊതുജീവിതത്തിലും മി. വേലുപ്പിള്ളയുടെ സേവനങ്ങൾക്ക് അവ അൎഹിക്കുന്ന പരിഗണന ലഭിച്ചിട്ടില്ല. ജനസേവനകൃത്യങ്ങളിൽനിന്നു് ഇന്നും അദ്ദേഹം വിരമിച്ചിട്ടില്ല.

സ്വകാൎയ്യജീവിതത്തിൽ മറേറതൊരു പൊതുക്കാൎയ്യപ്രസക്തനും ഇവിടെ ലഭിച്ചിട്ടില്ലാത്തവണ്ണം അത്ര വൻപിച്ച ഒരു സുഹൃൽസംഘത്തെ അദ്ദേഹം സമ്പാദിച്ചിട്ടുണ്ടു്. അവരൊക്കെ അദ്ദേഹത്തിന്റെ അഭ്യുദയത്തെ കാംക്ഷിക്കുന്നവരുമാണു്. മി. വേലുപ്പിള്ളയുടെ ഹൃദയത്തിൽ ഏതു പരിതഃസ്ഥിതികളിലും വിദ്വേഷബുദ്ധിക്കു സ്ഥാനമില്ല. ആരും അദ്ദേഹത്തെയും വിദ്വേഷിക്കുന്നില്ല. അദ്ദേഹത്തിൻെറ കുടുംബജീവിതം തികച്ചും ആനന്ദപ്രദമാണു്. അദ്ദേഹത്തെ അടുത്തു പരിചയിക്കുവാനവസരമുണ്ടായിട്ടുള്ളവൎക്കു സ്നേഹസമ്പന്നനായ മി. വേലുപ്പിള്ളയോടുണ്ടായിട്ടുള്ള സമ്പൎക്കം, ക്ലേശഭൂയിഷ്ഠവും ദുൎഘടപൂൎണ്ണവുമായ അവരുടെ ജീവിതയാത്രയിലെ ഏകാന്തവുമന്ധകാരാവൃതവുമായ പന്ഥാക്കളെ ഒരു മിന്നൽപിണരെന്നപോലെ ചിലപ്പോൾ ശോഭിപ്പിക്കുവാനുതകുന്ന പല വിനോദസ്മരണകൾക്കും ഇട നൽകിയെന്നു വരാം.

# അദ്ധ്യായം ൪൩

സമസ്തകേരളക്ഷേത്രപ്രവേശനാഘോഷക്കമ്മിററി സംഘ ടിപ്പിക്കപ്പെട്ട വിവരം ഇതിനു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപനം ചെയ്തതിൽ ഈഴവ സമുദായത്തിനാകമാനമുള്ള അകൈതവമായ കൃതജ്ഞതയെ പ്രകടിപ്പിക്കുവാനും ആഹ്ലാദം രേഖപ്പെടുത്തുവാനും വേണ്ട ഒരു ക്കങ്ങൾ ചെയ്യുന്നതിലേയ്ക്കാണു പ്രസ്തുത കമ്മിറ്റി സംഘടിപ്പി ക്കപ്പെട്ടതു്. അതിനുമുൻപൊരിക്കലും തിരുവനന്തപുരത്തുണ്ടാ യിട്ടില്ലാത്ത തോതിൽ അത്ര ഗംഭീരമായ ഒരു പ്രകടനം നടത്തു ന്നതിനു വേണ്ട സജ്ജീകരണങ്ങളാണു കമ്മിററി ആരംഭിച്ചതു്. അധഃകൃതസേവനത്തിനു വേണ്ടി ആത്മബലി അർപ്പിക്കുവാൻ തന്നെ സന്നദ്ധനായ യോഗിവര്യനും ഭാരതീയദേശീയതത്വത്തി ന്റെ ശക്തിമന്ദിരവും ആയ മഹാത്മാഗാന്ധിയെത്തന്നെയാണു് അവർ അദ്ധ്യക്ഷസ്ഥാനത്തേയ്ക്കു ക്ഷണിച്ചതു്. ഫൈയ്സപ്പൂർ കാൺഗ്രസ്സിനുശേഷം കമ്മിററിയുടെ ക്ഷണം സ്വീകരിച്ചു ഗാ ന്ധിജി തിരുവിതാംകൂറിലേയ്ക്കുള്ള അദ്ദേഹത്തിന്റെ തീർത്ഥാ ടനം ആരംഭിച്ചു. ഗാന്ധിജിയുടെ ആഗമനം തിരുവിതാംകൂറൊ ട്ടാക്കു് ഇളക്കിയ ഉത്സാഹപ്രകർഷം വർണ്ണനാതീതമാണു്.

൧൧൧൨ ധനു ൧൧-ാംനു- വൈകുന്നേരം ഏഴര മണിക്കുള്ള മെയിൽവണ്ടിയിൽ ഗാന്ധിജി തിരുവനന്തപുരത്തു വന്നുചേർന്നു. വഴിമദ്ധ്യേയുണ്ടായ ആനന്ദപ്രകടനങ്ങൾമൂലം പതിവിൽ ഒന്നര മണിക്കൂർ താമസിച്ചാണു വണ്ടി അന്നു തിരുവനന്തപുരത്തു് എ ത്തിയതു്. ആഗമനവേളയിൽ റയിൽവേസ്റ്റേഷൻമൈതാനത്തു വച്ചുതന്നെ അദ്ദേഹത്തിനു് ഒരു മംഗളപത്രം നൾകുവാൻ തിരു വനന്തപുരം നഗരസഭ തീരുമാനിച്ചിരുന്നതുകൊണ്ടു ബഹുസ ഹസ്രം ജനങ്ങൾ റയിൽവേസ്റ്റേഷനു പുറത്തു തിങ്ങിക്കൂടിയിരു ന്നു. പ്ലാററുഫാറത്തിലേയ്ക്കുള്ള പ്രവേശനം റയിൽവേഅധി കാരികൾ നിയന്ത്രിച്ചിരുന്നു എങ്കിലും, വണ്ടി പ്ലാററ്ഫാറത്തി ലെത്തിയപ്പോഴേയ്ക്കു ജനക്കൂട്ടം സകല നിയന്ത്രണങ്ങളും ഭേദി ച്ചു് അകത്തേയ്ക്കിരച്ചുകയറി. 'ഗാന്ധി കീജയ്' എന്നു് ആകാ

ശം പൊട്ടുന്നവണ്ണമുള്ള ആരവതരംഗങ്ങൾ അലതല്ലുന്ന ഘോഷമല്ലാതെ അവിടെയൊന്നും കേൾക്കുവാനുണ്ടായിരുന്നില്ല. ആഹ്ലാദംകൊണ്ടു മതിമറന്ന ജനങ്ങൾ ഗാന്ധിജി ഇരുന്നിരുന്ന റയിൽവേമുറിയുടെ സമീപത്തേയ്ക്കു തള്ളിക്കയറി. ചീഫ് സിക്രട്ടറിയും, നഗരപിതാക്കളുടെ പ്രതിനിധിയും, ചങ്ങനാശേരിയും, മി. എം. ഗോവിന്ദനും ഗാന്ധിജിയെ ഹാരമണിയിച്ചു സ്വീകരിച്ചു. ആ മനുഷ്യപ്പെരുപ്പിന്റെ മദ്ധ്യത്തുകൂടി ഗാന്ധിജിയെ പുറത്തേക്കാനയിക്കുവാൻ പോലീസുകാരും വാളണ്ടിയർസംഘവും ഒട്ടുവളരെ ക്ലേശിക്കേണ്ടിവന്നു. റയിൽവേ സ്റ്റേഷൻമൈതാനത്തു കൂടിയ മഹായോഗത്തിൽവച്ചു മുൻസിപ്പാലിററി ഗാന്ധിജിക്കു മംഗളപത്രം സമർപ്പിച്ചു. യാത്രാക്ലേശം കൊണ്ടുള്ള തളർച്ചയെ വിഗണിച്ചു ഗാന്ധിജി സുദീർഘമായ ഒരു പ്രസംഗം ചെയ്തു.

അടുത്ത ദിവസം പ്രഭാതത്തിൽ ഗാന്ധിജി, ചങ്ങനാശേരി തുടങ്ങിയ ഹരിജനസേവകന്മാരാൽ അനുഗതനായി ശ്രീപത്മനാഭസ്വാമികോവിൽ സന്ദർശിച്ചു് അർച്ചന നടത്തി. അന്നു വൈകുന്നേരമഞ്ചുമണിക്കു പാളയം പട്ടാളമൈതാനത്തുവച്ചാണു പൊതുയോഗം നടന്നതു്. തിരുവനന്തപുരം പട്ടണം അതിനുമുമ്പൊരിക്കലും അത്ര വൻപിച്ച ഒരു ജനക്കൂട്ടം കണ്ടിരിക്കയില്ല. വിസ്തൃതമായ ആ മൈതാനം കവിഞ്ഞു ജനങ്ങൾ നാലുവശങ്ങളിലുമുള്ള റോഡുകളിൽ തിങ്ങിക്കൂടിനിന്നിരുന്നു. വട്ടമേശസമ്മേളനം കഴിഞ്ഞു തിരിച്ചുവന്നപ്പോൾ അദ്ദേഹത്തെ സ്വീകരിക്കുവാൻ ബാംബേയിൽ ആസദ്മൈതാനത്തു കൂടിയ ജനക്കൂട്ടം കഴിഞ്ഞാൽ ഇത്ര വൻപിച്ച ഒരു പുരുഷാരം താൻ വേറെ കണ്ടിട്ടില്ലെന്നാണു ഗാന്ധിജി ഈ സമ്മേളനത്തെപ്പററി പറഞ്ഞതു്.

ഉച്ചഭാഷിണിയന്ത്രങ്ങൾ മൈതാനത്തിന്റെ നാനാഭാഗങ്ങളിലും സജ്ജമാക്കിയിരുന്നു. കൃത്യം അഞ്ചുമണിക്കു ഗാന്ധിജി, സർ ജഗദീശപ്രസാദ്, സർ സി. പി. രാമസ്വാമിഅയ്യർ എന്നിവരോടുകൂടി മൈതാനത്തിന്റെ മദ്ധ്യത്തിൽ കെട്ടിഅലങ്കരിച്ചിരുന്ന ഉന്നതമായ പ്രസംഗമണ്ഡപത്തെ അധിരോഹണം ചെയ്തപ്പോൾ ലക്ഷത്തിലധികം വരുന്ന ജനങ്ങൾ ഒന്നാകെ

എഴുന്നേററു ജയജയഘോഷങ്ങൾ മുഴക്കി ആ മഹാത്മാവിനു
സ്വാഗതമരുളി. ആദ്യമായി മഹാരാജാ തിരുമനസ്സിലേയ്ക്കുള്ള
ഈഴവസമുദായത്തിന്റെ മംഗളപത്രം വായിച്ചു സമപ്പിക്കപ്പെ
ട്ടു. സർ സി. പി. മംഗളപത്രം മഹാരാജാവുതിരുമനസ്സിലേയ്ക്കു
വേണ്ടി സ്വീകരിച്ചുകൊണ്ടു് അനുചിതമായ മറുപടി പറഞ്ഞു.
അനന്തരം ഗാന്ധിജിക്കു് ഒരു മംഗളപത്രം സമപ്പിക്കപ്പെട്ടു. അ
തിനു മറുപടിയായി ഗാന്ധിജി പ്രശാന്തഗംഭീരമായ ഒരു പ്രസം
ഗംചെയ്തു. ഏകദേശം മുക്കാൽ മണിക്കൂറോളം നീണ്ടുനിന്ന ചി
ന്താദ്യോതകമായ ആ പ്രസംഗം ആനന്ദബാഷ്പത്തോടുകൂടിയാ
ണു സദസ്യർ ശ്രവിച്ചതു്. അന്നത്തെ ആഘോഷങ്ങളെ ഈഴവ
സമുദായത്തിന്റെ ക്ഷേത്രപ്രവേശനാഘോഷം എന്നു നാമക
രണം ചെയ്തതിൽ അദ്ദേഹം ഖേദിക്കുകയും ആ പ്രകടനം ദരി
ദ്രനിൽ ദരിദ്രനും പതിതനിൽ പതിതനും ആയ പുലയനു
കൂടി പ്രാതിനിധ്യം നൾകുന്നില്ലെങ്കിൽ തനിക്കതിൽ സ്ഥാന
മില്ലെന്നു പ്രസ്താവിക്കുകയും ചെയ്തു. അദ്ദേഹത്തിനു സമപ്പിക്ക
പ്പെട്ട മംഗളപത്രത്തിൽ ക്ഷേത്രപ്രവേശനത്തിനുവേണ്ടി പ്രയ
ത്നിച്ചിട്ടുള്ള മഹാന്മാരുടെ പേരുകൾ ചൂണ്ടിക്കാണിച്ചിരുന്ന
കൂട്ടത്തിൽ മററു ചില നാമധേയങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതാ
ണെന്നു് അദ്ദേഹമനുസ്മരിപ്പിച്ചു. ശ്രീ. കേളപ്പൻ, കൃഷ്ണസ്വാമി
അയ്യർ എന്നിവരുടെ പേരുകൾ അദ്ദേഹം പ്രത്യേകം എടുത്തു
പ്രസ്താവിച്ചു. ശ്രീചിത്തിരതിരുനാൾമഹാരാജാവു തിരുമനസ്സു
കൊണ്ടു ലോകത്തിനു നൾകിയിരിക്കുന്ന മഹനീയമായ
ആദശത്തെ അദ്ദേഹം പ്രശംസിക്കുകയും തിരുവിതാംകൂർ
രാജ്യത്തെ അല്പകാലം മുൻപുവരെ ഭരിച്ചിരുന്ന റീജൻറു
മഹാറാണി തിരുമനസ്സുകൊണ്ടു ക്ഷേത്രപ്രവേശനസംരംഭങ്ങ
ളോടു് അക്കാലത്തുതന്നെ അനുഭാവം പ്രകടിപ്പിച്ചിരുന്നു
എന്നു തുറന്നു പ്രസ്താവിക്കയും ചെയ്തു. അനന്തരം മഹാരാജാവു
തിരുമനസ്സിലെ മാതാവായ സേതുപാവ്തീഭായി തിരുമനസ്സി
നേയും സർ സി. പി. രാമസ്വാമിഅയ്യരേയും ഇങ്ങിനെ ഒരു
പരിഷ്കാരം നടപ്പിൽ വരുത്തുവാൻ മഹാരാജാതിരുമനസ്സിനെ
ഉപദേശിച്ചതിലേയ്ക്കു് അദ്ദേഹം അഭിനന്ദിച്ചു. വിളംബരത്തെ
വിജയപ്രദമാക്കുവാനുള്ള ഭാരം തിരുവിതാംകൂറിലെ അവണ്ണ
രിലും സവണ്ണരിലുമാണു നിക്ഷിപ്തമായിരിക്കുന്നതെന്നു പ്രസ്താ

വിച്ചുകൊണ്ടും ആ ചുമതല അവർ നിറവേററുമെന്നു പ്രത്യാശിച്ചുകൊണ്ടും അദ്ദേഹം പ്രസംഗമവസാനിപ്പിച്ചു. യോഗാനന്തരം മൈതാനത്തുനിന്നു തെക്കേത്തെരുവുവരെ പോയ ഘോഷയാത്ര തിരുവിതാംകൂറിലെ മറെറല്ലാ പ്രകടനങ്ങളേയും അതിശയിക്കുന്ന ഒന്നായിരുന്നു.

ഘോഷയാത്ര റോഡിൽക്കൂടി മാർച്ചുചെയ്യുമ്പോൾ മഹാരാജാതിരുമനസ്സുകൊണ്ടു് അതിന്റെ മദ്ധ്യത്തിൽക്കൂടി കാറിൽ കടന്നുപോകയും ജനങ്ങളുടെ ഉത്സാഹപ്രസരത്തെ തൃക്കൺപാൎക്കുകയും ചെയ്തു. ഊർജ്ജസ്വലനായ മി. സി. ഒ. കരുണാകരനാണു് ഈ പ്രകടനങ്ങൾ ഇത്രവളരെ മംഗളകരമായി അവസാനിപ്പിക്കുവാൻ അഹോരാത്രം ക്ലേശിച്ചു പ്രയത്നിച്ചതു്.

ഇതിനുശേഷം ഗാന്ധിജി ഏഴു ദിവസം തിരുവിതാംകൂറിലെങ്ങും ചുററിസഞ്ചരിച്ചു പ്രധാനപ്പെട്ട എല്ലാ ക്ഷേത്രങ്ങളും സന്ദൎശിച്ചു. ഓരോ സ്ഥലങ്ങളിലും വൻപിച്ച ജനക്കൂട്ടം അദ്ദേഹത്തെ സ്വാഗതം ചെയ്തു. വിളംബരത്തിന്റെ മാഹാത്മ്യത്തേയും അതിലടങ്ങിയിരിക്കുന്ന ദിവ്യസന്ദേശത്തിൻെറ വ്യാപ്തിയേയും അതു പ്രായോഗികമാക്കുവാൻ ജനങ്ങൾക്കുള്ള കൎത്തവ്യത്തേയുംപററി അദ്ദേഹം പൊതുജനങ്ങളെ ഉൽബോധിപ്പിച്ചു. അതിരററ കൃതാൎത്ഥതയോടുകൂടിയാണു ഗാന്ധിജി തിരുവിതാംകൂർ വിട്ടതു്. ഹരിജനോദ്ധാരണം സംബന്ധിച്ച അദ്ദേഹത്തിൻെറ ദീൎഘകാലത്തെ സുഖസ്വപ്നം യഥാൎത്ഥരൂപം കൈക്കൊണ്ടതു് ആദ്യം തിരുവിതാംകൂറിലായിരുന്നു. ഭാരതത്തിലസാദ്ധ്യമായി യാതൊന്നുംതന്നെയില്ലെന്നും, കൌപീനം കൊടിയടയാളമായി സ്വീകരിച്ച ശ്രീശങ്കരാചാൎയ്യരുടെ ജന്മദേശമായ കേരളത്തെപ്പററിയുള്ള തൻെറ പ്രത്യാശകൾ സഫലമായിത്തീരുന്നു എന്നും ഉള്ള ചാരിതാൎത്ഥ്യത്തോടുകൂടിയാണു് അദ്ദേഹം തിരുവിതാംകൂർ വിട്ടതു്. ചങ്ങനാശേരിയും മി. രാമചന്ദ്രനും തിരുവിതാംകൂറൊട്ടുക്കു ഗാന്ധിജിയെ അനുഗമിച്ചിരുന്നു.

# അദ്ധ്യായം ൪൮

ചങ്ങനാശേരി പരമേശ്വരൻപിള്ള സക്കാർസർവ്വീസിൽനിന്നു പെൻഷ്യൻ പററി പിരിയുമ്പോൾ തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷം അതിഭയങ്കരമായ സാമുദായികവിദ്വേഷംകൊണ്ടും കഠിനമത്സരങ്ങൾകൊണ്ടും കലുഷപ്പെട്ടിരുന്നു എന്ന് ഇതിനു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഔദ്യോഗികരംഗത്തിൽനിന്നും രാഷ്ട്രീയജീവിതത്തിലേയ്ക്കു തിരിച്ചുവന്ന പരമേശ്വരൻപിള്ളയെ ഈ പരിതഃസ്ഥിതികൾ വല്ലാതെ വ്യാകുലപ്പെടുത്തി. വഗ്ഗീയമത്സരങ്ങൾക്കുപശാന്തിയുണ്ടാക്കുവാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ എല്ലാംതന്നെ വിഫലങ്ങളായി. അതികഠിനമായി ജോലിചെയ്തു പരിശീലിച്ചിരുന്ന അദ്ദേഹത്തെ പ്രവൃത്തിരാഹിത്യമെന്ന വിപത്ത് എതിരിടുന്നതുപോലെ തോന്നി. രാജ്യത്തെ ആശങ്കാജനകമായ ഒരു വിഷമസന്ധിയിലേയ്ക്കു വലിച്ചിഴച്ചുകൊണ്ടിരുന്ന സാഹചര്യങ്ങളെ അസ്വാസ്ഥതയോടും ഉല്ക്കണ്ഠയോടുംകൂടിയാണ് അദ്ദേഹം വീക്ഷിച്ചത്. ദേശീയമായ ഒരുദ്യമങ്ങൾക്കും അന്നു സാദ്ധ്യമല്ലായിരുന്നു. നിവർത്തനമത്സരങ്ങളുടെ മനംമടുപ്പിക്കുന്ന ഒച്ചപ്പാടുകളിൽനിന്ന് ബഹുജനശ്രദ്ധയെ വ്യതിചലിപ്പിച്ച്, ജാതിമതഭേദമെന്യേ സാമാന്യജനങ്ങളെ ഗാഢമായി ബാധിക്കുന്ന മൌലികപ്രശ്നങ്ങളിലേയ്ക്കു തിരിച്ചുവിടുവാൻ പറ്റിയ സവ്വവ്യാപകമായ ഒരു പ്രവത്തനരംഗം അദ്ദേഹം ആരാഞ്ഞുതുടങ്ങി. ഒരു രാജ്യതന്ത്രജ്ഞന്റെ വിദൂരവീക്ഷണത്തോടുകൂടി അദ്ദേഹം ചുററുപാടും നോക്കി. ഏതൊരു രാഷ്ട്രത്തിന്റേയും ജീവനാഡിയായ സാമ്പത്തികപ്രശ്നങ്ങളിലാണു ചങ്ങനാശേരിയുടെ ദൃഷ്ടി പതിഞ്ഞത്. സാമ്പത്തികമായ അസ്ഥിവാരത്തിന്മേൽ ഒരഖിലതിരുവിതാംകൂർസംഘടന സൃഷ്ടിച്ചു ജാതിമതഭേദമെന്യേ സകല ജനങ്ങൾക്കും സഹകരിക്കുവാൻ ഇടംനൽകുന്ന ഒരു പ്രവത്തനപദ്ധതി ആരംഭിക്കുന്നതുമൂലമുള്ള ദേശീയമായ കഴിവുകൾ അദ്ദേഹം മനോദപ്പണത്തിൽ ദശിച്ചു. ചങ്ങനാശേരി പ്രവത്ത്യോന്മുഖനായി.

തിരുവിതാംകൂറിലെ സാമ്പത്തികപ്രശ്നങ്ങളെപ്പററി ഒരു ശാസ്ത്രജ്ഞന്റെ സൂക്ഷ്മമായ ശ്രദ്ധയോടുകൂടി അദ്ദേഹം പഠിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ മേശപ്പുറം സാമ്പത്തികപ്രശ്നങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകളും സ്ഥിതിവിവരക്കണക്കുകളും കൊണ്ടു നിറഞ്ഞു. ൧൧൦൯-ൽ മാവേലിക്കര ശ്രീചിത്രോത്സവമന്ദിരത്തിൽവച്ചു കൂടിയ കൃഷിവ്യവസായസമ്മേളനത്തിൽ അദ്ദേഹം ചെയ്ത ചിന്താദ്യോതകമായ പ്രസംഗമദ്ധ്യേ വെളിപ്പെടുത്തിയ സാമ്പത്തികശാസ്ത്രപരിജ്ഞാനം വിജ്ഞാനകുതുകികളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി. നാളികേരോല്പന്നങ്ങളുടെ ക്രമാതീതമായ വിലഇടിവുമൂലം തിരുവിതാംകൂറിലെ ജനങ്ങൾ അനുഭവിച്ചുപോന്ന സാമ്പത്തികദുരിതം ഇൻഡ്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു തുലോം ഉപരിയായിരുന്നു. കാർഷികവും വ്യാവസായികവുമായ ഉല്പന്നങ്ങളുടെ വില മുപ്പത്തഞ്ചു ശതമാനം മാത്രം കുറഞ്ഞപ്പോൾ നാളികേരോല്പന്നങ്ങളുടെ വിലയിടിവ് എഴുപതു ശതമാനമായിരുന്നു. സാമ്പത്തികാധഃപതനം രാജ്യമൊട്ടുക്കു പൊതുവേ ബാധിച്ചിരുന്ന ഒരു വൈഷമ്യമാകയാൽ നാളികേരോല്പന്നങ്ങളുടെ അസാധാരണമായ ഈ വിലയിടിവിനെപ്പററി ആദ്യം ആരും അത്ര കാര്യമായി അന്വേഷിക്കുകയുണ്ടായില്ല. ഒടുവിൽ തിരുവിതാംകൂർ വാണിജ്യമണ്ഡലം ഈ വിഷയത്തെപ്പററി കൂലങ്കഷമായ ഒരന്വേഷണം നടത്തുവാൻ നിശ്ചയിച്ചു. ഈ അന്വേഷണത്തിന്റെ ഫലമായി സാമ്പത്തികാധഃപതനം മാത്രമല്ല, പാശ്ചാത്യവിപണികൾ നഷ്ടപ്പെട്ടുപോകയാൽ ഇവിടെ ഇറക്കുമതിചെയ്തു കുറഞ്ഞ വിലയ്ക്കു വിററഴിക്കുന്ന സിലോൺ കൊപ്രയുടേയും നാളികേരത്തിന്റേയും മത്സരംകൂടി ഈ വിലയിടിവിനു കാരണമാണെന്നു ബോദ്ധ്യമായി. ഈ അനുമാനത്തിനുള്ള കാരണങ്ങളെ വിശദമാക്കിക്കൊണ്ടു വാണിജ്യമണ്ഡലം ഒരു ലഘുലേഖ പ്രസിദ്ധം ചെയ്തു. നാളികേരപ്രശ്നം ഇങ്ങിനെ പൊതുജനങ്ങളുടേയും ഗവമ്മെന്റിന്റേയും ശ്രദ്ധയിൽപെടുകയും തൽഫലമായി ഈ വിഷയത്തെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യുവാൻ ഇൻഡ്യാഗവമ്മെന്റ് ഒരു വിദഗ്ദ്ധനെ നിയമിക്കുകയും ചെയ്തു. ഇൻഡ്യാഗവ

മെൻറിൻെറ സാമ്പത്തികവിദഗ്ദ്ധൻ സമപ്പിച്ച റിപ്പോർട്ട വിജ്ഞാനപ്രദമായിരുന്ന എങ്കിലും അദ്ദേഹത്തിൻെറ ശുപാശ്കറം എണ്ണമിൽ ഉടമസ്ഥന്മാൎക്കല്ലാതെ ഉല്പാദകന്മാൎക്ക് അനുകൂലമായിരുന്നില്ല.

സാമ്രാജ്യകാഷികഗവേഷണസമിതിയും നാളികേരപ്രശ്നത്തെപ്പററി അന്വേഷിച്ച റിപ്പോർട്ട സമപ്പിക്കുവാൻ ഒരു കമ്മററിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിററിയിൽ തിരുവിതാംകൂർ കൃഷിഡയറക്ടർ പരമേശ്വരൻപിള്ള, വാണിജ്യമണ്ഡലം പ്രസിഡൻറ് മി. എൻ. ജി. ഹെയ്ഡൻ, പരേതനായ ജി. കെ. ദേവധാർ എന്നിവരും അംഗങ്ങളായിരുന്നു. ഈ കമ്മിററി അവഗാഹപൂർവ്വമായ പര്യാലോചനകറംക്കുശേഷം കൊപ്ര ടൺ ഒന്നിന് ൧൦ രൂപാ വീതവും മററു നാളികേരോല്പന്നങ്ങൾക്ക് അതിനനുസരണമായും സംരക്ഷണത്തീരുവ ചുമത്തേണ്ടതാണെന്ന ശുപാശ് ചെയ്തു. തിരുവിതാംകൂർ പരസ്പരസഹായാന്വേഷണക്കമ്മിററിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ ഇവിടത്തെ സാമ്പത്തികപ്രശ്നങ്ങളെപ്പററി പരിപൂർണ്ണമായി പഠിച്ചിരുന്ന ജി. കെ. ദേവധാർ തൻെറ സ്വാധീനശക്തി ഉപയോഗിച്ചാണ് ഇങ്ങിനെ ജനക്ഷേമകരമായ ഒരു ശുപാശ് പ്രസ്തുത കമ്മിററിയെക്കൊണ്ടു ചെയ്യിച്ചത്.

സിലോൺകൊപ്രയുടെ വർദ്ധിച്ചുവന്ന മത്സരംനിമിത്തം കേരളക്കരയിലെ നാളികേരത്തിൻെറ വില പിന്നെയും ഇടിഞ്ഞു. ഈ വിലയിടിവനുസരിച്ച് ൧൯൨൯-മുതൽ ഇന്ത്യാഗവമ്മെൻറു നാളികേരോല്പന്നങ്ങളുടെമേലുള്ള താരിപ്പുവില കുറവു ചെയ്തുവന്നിരുന്നു. താരിപ്പുവിലയുടെ ക്രമാനുസരണമായ കുറവു സിലോണിൽനിന്നുള്ള ഇറക്കുമതിക്കു കൂടുതൽ പ്രോത്സാഹനം നൽകി. തിരുവിതാംകൂറിലെ കേരകൃഷികരുടെ അവസ്ഥ തികച്ചും ആപൽക്കരമായിത്തീൎന്നു. ഈ ഘട്ടത്തിലാണു കേരകൃഷികർ സംഘടിച്ചു നാളികേരവ്യവസായം പരിരക്ഷിക്കുന്നതിലേയ്ക്കു ഗവമ്മെൻറിനെക്കൊണ്ടു ഒരു സംരക്ഷണനികുതി ഏർപ്പെടുത്തിക്കുവാൻ പ്രക്ഷോഭണം നടത്തേണ്ടതാണെന്നുള്ള അഭിപ്രായവുമായി ചങ്ങനാശേരി രംഗപ്രവേശം ചെയ്തത്.

നാളികേരപ്രശ്നത്തെപ്പററി വേണ്ട ആലോചനകൾ നട ത്തുവാൻ ഒണാട്ടുകര ശ്രീചിത്രോത്സവമന്ദിരത്തിൽവച്ചു് അവിടത്തെ പൊതുക്കാൎയ്യപ്രവൎത്തകന്മാരിൽ അഗ്രേസരനായ തട്ടാരമ്പലം മി. രാമൻപിള്ളയുടെ ശ്രമഫലമായി ഒരു യോഗം കൂടി. ' ചങ്ങനാശേരിയാണു് ആ യോഗത്തിലാദ്ധ്യക്ഷം വഹിച്ച തു്. പ്രസ്തുത യോഗത്തിൽവച്ചു നാളികേരപ്രശ്നം സംബന്ധിച്ചു ഫലപ്രദമായ നടപടികൾ ആരംഭിക്കുവാൻ ചങ്ങനാശേരി അദ്ധ്യക്ഷനായും, ചാക്കര മി. ആർ. കുഞ്ഞുകൃഷ്ണപിള്ള സിക്രട്ട റിയായും ഒരു കമ്മിററി സംഘടിപ്പിച്ചു. തിരുവിതാംകൂറിലെ കേരകൎഷകരെ ആകമാനം ഉൾക്കൊള്ളുന്ന ഒരു സംഘടന സൃഷ്ടിക്കണമെന്നായിരുന്നു ചങ്ങനാശേരിക്കമ്മിററി ആദ്യമായി നിശ്ചയിച്ചതു്. അതിലേയ്ക്കാവശ്യമായ നിബന്ധനകൾ ഉട നടി എഴുതിയുണ്ടാക്കി 'തിരുവിതാംകൂർ കേരകൎഷകസംഘം' എന്ന പേരിൽ നിയമാനുസരണം ഒരു കമ്പനി രജിസ്റ്റർ ചെയ്തു. അനന്തരം കേരകൎഷകസംഘത്തിലംഗങ്ങളെച്ചേൎക്കുന്ന തിനും ആ സംഘടനയുടെ ആദൎശങ്ങളേയും ആവശ്യങ്ങളേയും പററി പ്രചരണജോലി ചെയ്യുന്നതിനും ചങ്ങനാശേരി തിരു വിതാംകൂറിന്റെ നാനാഭാഗങ്ങളിലും ചുററിസഞ്ചരിച്ചു. നിവ ൎത്തനപ്രക്ഷോഭണവും ഉദ്യോഗമത്സരങ്ങളും, രാജധാനിയിലും മററു പട്ടണങ്ങളിലും അതിതീവ്രമായി നടന്നുകൊണ്ടിരിക്കു മ്പോൾ ചങ്ങനാശേരി തിരുവിതാംകൂറിലെ കുഗ്രാമങ്ങളിൽ സഞ്ചരിച്ചു കേരകൎഷകസംഘത്തിലംഗങ്ങളെ ചേൎക്കുകയും നാളികേരപ്രശ്നത്തിനു പരിഹാരമാൎഗ്ഗങ്ങൾ കണ്ടുപിടിക്കു വാൻ വേണ്ട പ്രചരണങ്ങൾ നടത്തുകയുമായിരുന്നു. ഈ ജീവൽപ്രശ്നത്തെക്കുറിച്ചുള്ള പ്രചരണങ്ങൾക്കു ഹാൎദ്ദമായ സ്വാഗതമാണു ജനതാമദ്ധ്യത്തിൽനിന്നു ലഭിച്ചതു്. ബഹുല ക്ഷം ജനങ്ങളുടെ സാമ്പത്തികമായ ഭാഗധേയങ്ങളെ സാരമായി സ്പൎശിക്കുന്ന ഈ പ്രക്ഷോഭണത്തിൽ ജാതിമതവൎഗ്ഗഭേദമെന്യേ സഹകരിക്കുവാൻ പല നേതാക്കന്മാരും ജനങ്ങളും സന്നദ്ധ രായിരുന്നു. ൧൦൦-ൽപരം അംഗങ്ങളെ ചേൎത്തുകൊണ്ടാണു ചങ്ങനാശേരി തിരുവനന്തപുരത്തേയ്ക്കു മടങ്ങിയതു്.


സംഘടനാജോലികൾ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ നാളികേരസംരക്ഷണം സംബന്ധിച്ച് വിശദമായി തയാറാക്കിയ ഒരു മെമ്മോറിയൽ, കമ്മിറ്റി വൈസ്രോയിക്കു സമർപ്പിച്ചു. നാളികേരവ്യവസായത്തിനു നേരിട്ടിട്ടുള്ള അധഃപതനത്തേയും, അതിനുള്ള കാരണങ്ങളേയും, അതിലേയ്ക്കു പരിഹാരമാർഗ്ഗമായി ഒരു സംരക്ഷണച്ചുങ്കമേർപ്പെടുത്തേണ്ടതിൻെറ ആവശ്യകതയേയുംപററി ഈ മെമ്മോറിയലിൽ സവിസ്തരം പ്രതിപാദിച്ചിരുന്നു. പ്രസ്തുത മെമ്മോറിയൽ തിരുവിതാംകൂർഗവമ്മെൻറിൻെറ ശക്തിയേറിയ പിൻതുണയോടും ശുപാർശകളോടും കൂടി പൊളിററിക്കൽഏജൻറുമുഖാന്തിരം ഇൻഡ്യാഗവമ്മെൻറിലേക്കയച്ചുകൊടുത്തു. കേരകർഷകസംഘത്തിന്റെ പ്രയോജനകരമായ പ്രവർത്തനങ്ങൾ ഗവമ്മെൻറിൻെറ ശ്രദ്ധയേയും ആകർഷിച്ചിരുന്നു. ൧൧൧൮-ൽ ഗവമ്മെൻറ് സംഘത്തിൻെറ നിർവിഘ്നമായ പ്രവർത്തനങ്ങൾക്കായി ൧൦൦൦-രൂപാ ഗ്രാൻറനുവദിച്ചു. ൧൧൧൯-ൽ ഈ തുകതന്നെ വീണ്ടും അനുവദിക്കയുണ്ടായി.

മെമ്മോറിയൽസമർപ്പണംവഴി ഉദ്ദിഷ്ടഫലങ്ങൾ ഒന്നുംതന്നെ ഉണ്ടാകാതിരുന്നതുകൊണ്ട് ഇൻഡ്യാവൈസ്രോയിയേയും വാണിജ്യമെമ്പറേയും നേരിട്ടു സന്ദർശിച്ചു വേണ്ട നിവേദനങ്ങൾ ചെയ്യുവാൻ കേരകർഷകസംഘത്തിൻെറ പ്രവർത്തകസമിതി നിശ്ചയിച്ചു. അതിലേയ്ക്കു കൂടുതൽ അംഗങ്ങളെ ചേർക്കുവാനുള്ള അധികാരത്തോടുകൂടി ചങ്ങനാശേരി, മി. സാമുവൽ ആരോൺ, ഡാക്ടർ ടി. എസ്സ്. രാജൻ എന്നിവരടങ്ങിയ ഒരു നിവേദകസംഘത്തേയും കമ്മിററി നിയമിച്ചു. ൧൯൩൫ സെപ്ററംബർമാസത്തിൽ ചങ്ങനാശേരി സിംലായ്ക്കു പോയി. അവിടെവച്ചു സാമ്രാജ്യനിയമസഭയിൽ മലബാറിലെ ഒരു മുസ്ലിംമെംബറായ ഹാജി അബ്ദുൽസത്താർഹാജി ഈസാക്ക്സേട്ടിനേയും തൃശ്ശിനാപ്പള്ളി മുസ്ലിംമെമ്പറായ മൌലവി സെയ്ത് മുത്തുസാഹിബ്ബിനേയും നിവേദകസംഘത്തിൽ കൂടുതലംഗങ്ങളായി ചേർത്തു. അനന്തരം നിവേദകസംഘാംഗങ്ങൾ വൈസ്രോയി വെല്ലിംഗ്ടൺപ്രഭുവിനേ സന്ദർശിച്ചു നാളികേരസംരക്ഷണം സംബന്ധിച്ചുള്ള അഭ്യർത്ഥനകൾ സമർപ്പിച്ചു. ൪൭

മിനിട്ടോളം നീണ്ടുനിന്ന ഈ കൂടിക്കാഴ്ചയിൽ നിവേദകസം ഘാംഗങ്ങളുടെ വാദമുഖങ്ങളെ വൈസ്രോയി അനുഭാവപൂർവ്വം ശ്രവിക്കുകയുണ്ടായി. ചങ്ങനാശേരിയാണു വൈസ്രോയിസമക്ഷം ഡപ്യൂട്ടേഷനെ നയിച്ചത്. ആശാഭരിതരായിട്ടാണു നിവേദക സംഘാംഗങ്ങൾ മടങ്ങിപ്പോന്നത്.

ഉത്തരേന്ത്യൻപര്യടനം, നാളികേരസംരക്ഷണം സംബ ന്ധിച്ചു ചങ്ങനാശേരി മററു വിധത്തിലും ഫലപ്രദമായി വിനിയോഗിക്കാതിരുന്നില്ല. ഉത്തരേന്ത്യയിലുള്ള പ്രധാന പത്ര ങ്ങളുടെ അധിപന്മാരെ സന്ദർശിച്ചു കേരസംരക്ഷണം സംബ ന്ധിച്ച് അവരുടെ അനുഭാവവും സഹകരണവും നേടുവാൻ അദ്ദേഹം ശ്രമം ചെയ്യുകയുണ്ടായി. ഹിന്ദുസ്ഥാൻടൈംസിലെ വിഖ്യാതനായ ഹാസ്യചിത്രകാരൻ മി. ഇല്ലിക്കളം ശങ്കര പ്പിള്ള കേരളത്തിലെ നാളികേരവ്യവസായമാകുന്ന സീതയെ സിലോൺ (ലങ്ക) അപഹരിച്ചുകൊണ്ടുപോകുന്നതായും, ചങ്ങ നാശേരി, ഡാക്ടർ രാജൻ എന്നീ രാമലക്ഷ്മണന്മാർ വൈ സ്രോയി, വാണിജ്യമെമ്പർ തുടങ്ങിയ വാനരനായകന്മാരു മായി സഖ്യത്തിലേപ്പെടുവാൻ ഉദ്യമിക്കുന്നതായും ഒരു ഹാസ്യചിത്രം പ്രസിദ്ധം ചെയ്തു. ചങ്ങനാശേരി സിംലാ സന്ദ ർശിച്ചതു സാമ്രാജ്യനിയമസഭ സമ്മേളിച്ചിരുന്ന അവസരത്തി ലായിരുന്നതുകൊണ്ടു ശ്രീയുത് ബുലഭായിദേശായി ശ്രീ. എം. എസ്സ്. ആനെ തുടങ്ങിയ കക്ഷിനേതാക്കന്മാരെ നേരിട്ടുകണ്ട് അവരുടെ സഹകരണം സമ്പാദിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. ശ്രീ. ബുലഭായ്ദേശായി നാളികേരപ്രശ്നം ഒരു കക്ഷിവിഷയമായി അംഗീകരിക്കാമെന്നു പ്രതിജ്ഞചെയ്തു. നാളികേരപ്രശ്നം സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ ഒരു ഗ്രന്ഥം അച്ചടിപ്പിച്ചു ചങ്ങനാശേരി സാമ്രാജ്യനിയമസഭാംഗ ങ്ങളുടെ ഇടയിൽ വിതരണം ചെയ്തു. ആ സമ്മേളനത്തിൽ തന്നെ മുപ്പതിലധികം അംഗങ്ങൾ നാളികേരപ്രശ്നം സംബ ന്ധിച്ച പ്രമേയങ്ങൾ അയയ്ക്കുകയുണ്ടായി എങ്കിലും അവ യൊന്നുംതന്നെ ബാലട്ടുചെയ്തു വന്നില്ല.

കേരളത്തിലെ നാളികേരപ്രശ്നത്തെ സംബന്ധിച്ചുള്ള പ്രക്ഷോഭണവും അതിനു ക്രമേണ ലഭിച്ചുവന്ന അഖിലഭാരത




‘ഹിന്ദുസ്ഥാൻടൈംസി’ലെ ഫാസ്യചിത്രം.

ചങ്ങനാശേരി, ഡാക്ടർ രാജൻ എന്നീ രാമലക്ഷ്മണന്മാർ നാളികേരവ്യവസായമാകുന്ന സീതയെ സിലോണാകുന്ന രാക്ഷസനിൽനിന്നു വീണ്ടെടുക്കുവാൻ വൈസ്രായി, കാമേർസ് മെമ്പർ തുടങ്ങിയ വാനരനായകന്മാരോടു സഖ്യം ചെയ്യുന്നതു്.

പ്രാധാന്യവും സിലോൺഗവൺമെൻറിനേയും ബാംബെയിലെ ചില മില്ലുടമസ്ഥന്മാരേയും അസ്വാസ്ഥപ്പെടുത്താതിരുന്നില്ല. കേരകൃഷകസംഘത്തിൻെറ പ്രക്ഷോഭണങ്ങളെ എതൃത്തു കൊണ്ടുള്ള ചില ലേഖനങ്ങളും അവിടവിടെ പ്രത്യക്ഷപ്പെട്ടു. എന്നാൽ ചങ്ങനാശേരി അപ്രതിരോധ്യമായ തൻെറ വാദമുഖങ്ങൾകൊണ്ടു് ഈ എതൃപ്പുകാരെ നിശ്ശബ്ദരാക്കി. വൈസ്രായി സമക്ഷം നിവേദനം സമർപ്പിക്കുന്നതിന് ഏതാനും നാളുകൾക്കു മുൻപു് ഇൻഡ്യാഗവൺമെൻറു നാളികേരത്തിന്മേലുള്ള താരിപ്പുവില മാത്രം അസാരം വർദ്ധിപ്പിക്കുകയുണ്ടായി. അനന്തരം ൧൯൩൩ ജനുവരിമുതൽ എല്ലാ നാളികേരസാധനങ്ങളുടേയും താരിപ്പുവില വീണ്ടും ഒന്നുകൂടി വർദ്ധിപ്പിച്ചു. എന്നാൽ അനുദിനമെന്നവണ്ണം സാമ്പത്തികദുരിതങ്ങളുടെ അടിത്തട്ടിലേയ്ക്കു താണുകൊണ്ടിരുന്ന കേരളീയരായ ഉല്പാദകരുടെ സംരക്ഷണത്തിന് ഈ തുഛമായ വിട്ടുവീഴ്ചകൾ തികച്ചും അപര്യാപ്തങ്ങളായിരുന്നു.

൧൯൩൩-ാമാണ്ടു് ആദ്യം ചങ്ങനാശേരി വീണ്ടും സിംലാ സന്ദർശിച്ചു. സാമ്രാജ്യനിയമസഭ സമ്മേളിച്ചിരുന്ന ഘട്ടമായിരുന്നു അതു്. നാളികേരപ്രശ്നത്തെ സംബന്ധിച്ചു് അനേകം പ്രമേയങ്ങൾ ആ സമ്മേളനത്തിലും പലരുമയച്ചിരുന്നു. അവയിൽ ചിലതു ബാലട്ടു ചെയ്തു വരികയുമുണ്ടായി. എന്നാൽ ആകെയുള്ള രണ്ടനുദ്യോഗസ്ഥ ദിവസങ്ങളിലും അവയിലൊന്നും തന്നെ പര്യാലോചനയ്ക്കു വരികയെന്നുള്ള കാര്യം വിഷമമായിരുന്നു. എന്നാൽ ഈ വിഷയത്തേസംബന്ധിച്ചു മി. സി. എൻ. മുത്തുരംഗമുതലിയാർ അയച്ചിരുന്ന ഏതാനും ചോദ്യങ്ങൾക്കു് ഉദ്യോഗസ്ഥപക്ഷത്തുനിന്നു മറുപടി നൽകുകയുണ്ടായി. അവധാനപൂർവ്വമായ ആലോചനകൾക്കുശേഷം നാളികേരങ്ങൾക്കും നാളികേരോല്പന്നങ്ങൾക്കുമുള്ള തീരുവ വർദ്ധിപ്പിക്കുന്നതു നീതീകരിക്കത്തക്കതല്ലെന്നും നാളികേരസാധനങ്ങളുടെ കമ്പോളവില വർദ്ധിച്ചതനുസരിച്ചു് അവയുടെ താരിപ്പുവില ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നും ആയിരുന്നു വാണിജ്യമെമ്പറുടെ മറുപടിയുടെ ചുരുക്കം. ഈ ഉത്തരം ഏറ്റവും നൈരാശ്യജനകമായിരുന്നു. ഈ മറുപടിയെ പ്രതിഷേധിച്ചും നാളികേരവ്യവസായത്തിനു സംരക്ഷണം നൽകേണ്ടതിൻെറ ആവശ്യകതയെ

വിശദീകരിച്ചും, മെ. ബുലഭായ്ദേശായി, ആനേ, മൌലാനാ ഷൌക്കത്താലി എന്നിവരുൾപ്പെടെ വന്ന സാമ്രാജ്യനിയമസഭാംഗങ്ങൾ ഒപ്പിട്ട് ഒരു പ്രസ്താവന പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ചങ്ങനാശേരി വീണ്ടും വാണിജ്യമെമ്പറെക്കണ്ടു സംഭാഷണംചെയ്തു എങ്കിലും നാളികേരസംരക്ഷണത്തിനുള്ള വിഷമതകളെ പർവ്വതീകരിച്ചു കാണിച്ച് അനുഭാവശൂന്യമായ ഒരു മറുപടിയാണദ്ദേഹം നൽകിയതു്. തിരുവിതാംകൂർ ഗവമെൻറ് നാളികേരോല്പന്നങ്ങൾക്കു ചുമത്തിവരുന്ന കയററുമതിത്തീരുവയാണ് ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കുന്നതിനുള്ള ഭീമമായ ഒരു തടസ്സമായി അദ്ദേഹം ചൂണ്ടിക്കാണിച്ചതു്.

രോഗഗ്രസ്തനായിട്ടാണു ചങ്ങനാശേരി സിംലായിൽനിന്നു മടങ്ങിയെത്തിയതു്. ദീനശയ്യയിൽ കിടന്നുകൊണ്ടുതന്നെ ഇൻഡ്യാഗവമെൻറുദ്യോഗസ്ഥന്മാർ, തിരുവിതാംകൂർഗവമെൻറു നാളികേരസാധനങ്ങളിൽ ചുമത്തിയിരിക്കുന്ന കയററുമതിച്ചുങ്കത്തെപ്പററി പ്രകടിപ്പിച്ച അഭിപ്രായങ്ങളെ വിശദീകരിച്ചുകൊണ്ടും, അതു നിർത്തൽചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും, ചങ്ങനാശേരി ഒരു പ്രസ്താവന പുറപ്പെടുവിച്ചു. അതിനുശേഷം ൧൧൦൮ ചിങ്ങത്തിൽ കൂടിയ കേരകൃഷകസംഘത്തിൻെറ പൊതുയോഗ നിശ്ചയമനുസരിച്ചു ചങ്ങനാശേരിയുടെ നേതൃത്വത്തിൽ ഒരു ഡെപ്യൂട്ടേഷൻ സർ. സി. പി. രാമസ്വാമിഅയ്യരെ സന്ദർശിച്ചു കയററുമതിത്തീരുവ നിർത്തൽ ചെയ്യേണ്ടതിൻെറ ആവശ്യകതയെപ്പററി നിവേദനങ്ങൾചെയ്തു. എന്നാൽ കയററുമതിത്തീരുവ ഫെഡറേഷൻപ്രശ്നത്തെ സാരമായി ബാധിക്കുന്ന ഒന്നാകയാൽ തത്സംബന്ധമായ വ്യവസ്ഥകൾ അവസാനമായി തീരുമാനിക്കപ്പെട്ടതിനു ശേഷമല്ലാതെ യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ലെന്നായിരുന്നു സർ സി. പി. നൽകിയ മറുപടി.

നാളികേരപ്രക്ഷോഭണം ശക്തിപ്പെടുത്തുകയല്ലാതെ മററു പോംവഴികളില്ലെന്നു ചങ്ങനാശേരിക്കു ബോധ്യമായി. അദ്ദേഹം നിരാശനായില്ല. ആ വാർദ്ധക്യദശയിലും അദ്ദേഹത്തിൻെറ ഉത്സാഹവും ധൃഷ്ടാന്തിയും അപരിമിതമായിരുന്നു. ചങ്ങനാശേരിക്കന്ന് അറുപതു വയസ്സിലധികം പ്രായമുണ്ടായിരുന്നു. എങ്കിലും ഒരു യുവാവിൻെറ ഊർജ്ജസ്വലതയോടു

കൂടിയാണ് അദ്ദേഹം ജനക്ഷേമകരമായ സംരംഭങ്ങളിൽ നിരന്തരമായി പങ്കെടുത്തത്. നാളികേരവ്യവസായം സംബന്ധിച്ച ദുർഘടപ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കുവാൻ ഡൽഹിയിലും സിംഹളയിലും ഒന്നിലധികം തവണ സഞ്ചരിച്ച് ഉദ്യോഗസ്ഥന്മാരേയും രാഷ്ട്രീയനേതാക്കന്മാരേയും നേരിട്ടുകണ്ടു തന്റെ വാദമുഖങ്ങൾ അവരെപ്പറഞ്ഞുമനസ്സിലാക്കി, ആശാജനകമല്ലാത്ത മറുപടികൾ ലഭിച്ചിരുന്നാൽത്തന്നേയും ഉത്സാഹഭംഗപ്പെടാതെ വീണ്ടും പൂർവ്വാധികം വാശിയോടുകൂടി മുന്നോട്ടുവന്നു പ്രവർത്തിക്കുവാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധത ആരേയും ആശ്ചര്യപ്പെടുത്തുന്ന ഒന്നായിരുന്നു.

൧൯൩൯-ൽ സിലോണിലെ പ്രധാന മന്ത്രിയായ സർ. ബാരൺ ജയതിലക തിരുവിതാംകൂർ സന്ദർശിച്ചു. തിരുവിതാംകൂറിലെ ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ സന്ദർശിച്ച് ഇവിടത്തെ പ്രവർത്തനങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനായിരുന്നുവത്രെ അദ്ദേഹം തിരുവിതാംകൂർ സന്ദർശിച്ചത്. ഇൻഡ്യൻ തൊഴിലാളികൾക്കു, വിശേഷിച്ചും മലയാളികൾക്ക് എതിരായ ഒരു പ്രക്ഷോഭണം ഉഗ്രമായി സിലോണിൽ നടന്നുകൊണ്ടിരുന്ന കാലമായിരുന്നു അത്. സിലോൺ പ്രധാന മന്ത്രിയെ ഔപചാരികമായി ചങ്ങനാശേരി സന്ദർശിക്കുകയുണ്ടായില്ല. എങ്കിലും അവർ പരസ്പരം കണ്ടുമുട്ടുവാൻ ഒരവസരമുണ്ടായി. തിരുവിതാംകൂറിലെ ഗ്രാമീണപുനരുദ്ധാരണകേന്ദ്രങ്ങളിൽ പ്രധാനമായ മാർത്താണ്ഡം വൈ. എം. സി. എ. യുടെ ആഭിമുഖ്യത്തിൽ അവിടത്തെ തേനീച്ചവളർത്തൽകാരുടെ ഒരു യോഗം കൂടുവാൻ നിശ്ചയിച്ചിരുന്നത് ഈ ഘട്ടത്തിലായിരുന്നു. ചങ്ങനാശേരിയായിരുന്നു യോഗാദ്ധ്യക്ഷനായി ക്ഷണിക്കപ്പെട്ടിരുന്നത്. സർ. ബാരണും ആ യോഗത്തിൽ സന്നിഹിതനായിരുന്നു. അവിടെവച്ച് സിലോണിന്റെ മത്സരംമൂലം തിരുവിതാംകൂറിലെ നാളികേരവ്യവസായത്തിനു സംഭവിച്ചിട്ടുള്ള അധഃപതനത്തെപ്പററി ചങ്ങനാശേരി പ്രസ്താവിച്ചു. അതിനുശേഷം ആ യോഗത്തിൽ വച്ചുതന്നെ സർ. ബാരൺ ചെയ്ത പ്രസംഗത്തിൽ ചങ്ങനാശേരിയുടെ പ്രസ്താവനയ്ക്കു മറുപടിയെന്നവണ്ണം ഇൻഡ്യയും സിലോ

ൺമായി നാളികേരപ്രശ്നം സംബന്ധിച്ച് ഒരു താരിപ്പുമത്സരത്തിൽ ഏപ്പെടേണ്ട ആവശ്യമില്ലെന്നും, ഇന്ത്യയിൽത്തന്നെ നാളികേരവിപണികൾ വർദ്ധിപ്പിക്കുന്ന വിഷയത്തിൽ അനന്തമായ സാധ്യതകളുണ്ടെന്നും, ഇൻഡ്യയും സിലോണുമായി സഹകരിച്ചു വേണ്ടതു പ്രവർത്തിക്കുമെങ്കിൽ ഈ പ്രശ്നം താനേ പരിഹരിക്കപ്പെടുമെന്നും, അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. ചങ്ങനാശേരി ഉപസംഹാരത്തിൽ സർ ബാരൻെറ സഹകരണസന്ദേശം വെറും പൊള്ളയാണെന്നും, ഇൻഡ്യയിൽനിന്നുള്ള കയറ്റുമതികൾക്കുപലതിനും സിലോൺ തീരുവ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും എഫ്. എം. എസ്സ്. കൊപ്രയ്ക്കു സിലോണിൽതന്നെ വലിയ തീരുവ ചുമത്തിയിട്ടുണ്ടെന്നും സംയുക്തപ്രവർത്തനങ്ങളുടെ ഫലമായി കമ്പോളങ്ങൾ വിസ്തൃതമാകുന്നതുവരെ ഇൻഡ്യൻ വിപണികൾ സിലോൺകാരുമായി പങ്കിടുവാൻ നിവൃത്തിയില്ലെന്നും ചങ്ങനാശേരി തുറന്നു പ്രസ്താവിച്ചു. യോഗാനന്തരം ചങ്ങനാശേരിയും സർ ബാരണും തമ്മിൽ ദീർഘമായ ഒരു സംഭാഷണം നടന്നു. സംഭാഷണാനന്തരം സിലോൺ നാളികേരപ്രശ്നത്തിൻെറ വിവിധ വശങ്ങളെപ്പററി നേരിട്ടു കണ്ടു മനസ്സിലാക്കുവാൻ സർ ബാരൺ ചങ്ങനാശേരിയെ സിലോണിലേയ്ക്കു ക്ഷണിച്ചു. ചങ്ങനാശേരി ആ ക്ഷണം സ്വീകരിക്കയും ചെയ്തു.

൧൯൩൪ ഡിസംബറിൽ ചങ്ങനാശേരി സിലോൺ സന്ദർശിക്കുവാൻ നിശ്ചയിച്ചപ്പോൾ സർ ബാരൺ പാശ്ചാത്യരാജ്യങ്ങളിൽ സഞ്ചരിക്കയായിരുന്നു. എങ്കിലും ചങ്ങനാശേരിയുടെ സന്ദർശനം സംബന്ധിച്ച സകല സൌകര്യങ്ങളും ഏർപ്പാടു ചെയ്യുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടാണു് അദ്ദേഹം സിലോൺ വിട്ടതു്. രാജോചിതമായ ഒരു സ്വീകരണമാണു ചങ്ങനാശേരിക്കു കൊളംബിൽ ലഭിച്ചതു്. ഗവൺമെൻറു പ്രതിനിധിയും സിലോണിലുള്ള ഇൻഡ്യാക്കാരുടെ പ്രതിനിധിയും ജട്ടിയിൽവച്ചുതന്നെ അദ്ദേഹത്തെ സ്വീകരിച്ചു. കൊളംബിലെത്തിയ ദിവസംതന്നെ മുൻസിപ്പൽ ടൌൺഹാളിൽ സമ്മേളിച്ചിരുന്നതും പതിനായിരത്തിൽപരം ജനങ്ങൾ കൂടിയിരുന്നതുമായ ഒരു യോഗത്തിൽവച്ചു് കേരളത്തിലെ നാളികേര

പ്രശ്നത്തിന്റെ വിവിധവശങ്ങളെ പരാമർശിച്ചുകൊണ്ട് ചങ്ങനാശേരി ദീർഘമായ ഒരു പ്രസംഗം ചെയ്തു.

കൊളംബിൽവച്ച് അദ്ദേഹത്തിനു ലഭിച്ച സ്വീകരണങ്ങൾക്കും സൽക്കാരങ്ങൾക്കും കയ്യും കണക്കുമില്ല. വിശ്രമാവസരങ്ങൾ വളരെ കുറവായി മാത്രമേ അദ്ദേഹത്തിനു ലഭിച്ചിരുന്നുള്ളു. സിലോൺ മന്ത്രിസഭാംഗങ്ങളുടേയും സുപ്രസിദ്ധ പൌരപ്രമാണികളുടേയും ആതിഥ്യം അദ്ദേഹം സ്വീകരിച്ചു. സിലോൺ ഇൻഡ്യൻ ലീഗ്, സെർവന്റ്സ് ആഫ് ഇൻഡ്യാ സൊസൈററി എന്നീ സ്ഥാപനങ്ങൾ അദ്ദേഹത്തിന് ആഡംബരപൂർവ്വമായ സൽക്കാരങ്ങൾ നൽകി. സിലോണിലെ മലയാളികളായ തൊഴിലാളികൾ ഒരു മംഗളപത്രം സമർപ്പിച്ചു. സിലോണിലുള്ള തെങ്ങിൻതോപ്പുകളും നാളികേരഗവേഷണശാലയും നാളികേരബോർഡിന്റെ ആഫീസ്, ലേലമുറി, വില്പന മുറി മുതലായ സ്ഥലങ്ങളും അദ്ദേഹം സന്ദർശിച്ചു. അവയുടെ പ്രവർത്തനങ്ങളെപ്പററി വിശദപരിജ്ഞാനം സമ്പാദിക്കുവാൻ ഈ അവസരം അദ്ദേഹം വിനിയോഗിച്ചു. അനന്തരം ചങ്ങനാശേരി കാൻഡി അനുരാധപുരം ജാഫ്നാ മുതലായ സ്ഥലങ്ങൾകൂടി സന്ദർശിച്ചതിനു ശേഷം ഇൻഡ്യയിലേയ്ക്കു മടങ്ങി.

# അദ്ധ്യായം ൪൫

കേരകൃഷികരുടെ പ്രശ്നം പൊതുജനദൃഷ്ടിയിൽ വച്ചുകൊണ്ടിരിക്കുവാൻ പ്രസ്താവനകൾ പുറപ്പെടുവിച്ചും, ഉദ്യോഗസ്ഥന്മാരെ സന്ദർശിച്ചു നിവേദനങ്ങൾ ചെയ്തും, കേന്ദ്രനിയമസഭയിലെ അംഗങ്ങളെ അലട്ടിയും, ചങ്ങനാശേരി നിരന്തരമായി പലതും ഇക്കാലത്തു പ്രവർത്തിച്ചുകൊണ്ടിരുന്നു. ൧൧൦൯ ഫെബ്രുവരിമാസത്തിൽ ചങ്ങനാശേരിയുടെ ശ്രമഫലമായി ധനപരിപോഷണക്കമ്മിററി ശുപാർശ ചെയ്ത ഒരു പ്രമേയത്തിലെ തത്വമംഗീകരിച്ചു്, ഇന്ത്യാഗവൺമെൻറിനെ സമീപിക്കുവാൻ തിരുവിതാംകൂർഗവൺമെൻറു് ഒരു നിവേദകസംഘത്തെ നിയമിച്ചു. അന്നു ചീഫ്സിക്രട്ടറിയായിരുന്ന ഡാക്ടർ എൻ. കുഞ്ഞൻപിള്ള, വാണിജ്യമണ്ഡലം പ്രസിഡൻറു് മി. ഹെയ്ഡൺ, ചങ്ങനാശേരി എന്നിവരായിരുന്നു നിവേദകസംഘാംഗങ്ങൾ. നിവേദകസംഘം നേരത്തേ സിംലായിലെത്തി ആലോചനകൾ നടത്തി പ്രബലമായ ഒരു വാദഗതി രൂപവൽക്കരിച്ചു് അതു് ഒരു പുസ്തകരൂപത്തിൽ അച്ചടിപ്പിച്ചു് ഇൻഡ്യാഗവൺമെൻറിനു സമർപ്പിച്ചു. സർ സഫറുള്ളാഖാൻ, സർ ജഗദീശ്പ്രസാദ്, സർ ജയിംസ്ഗ്രിഗ്ഗ് സർ ഗിരിജാശങ്കർ, ബാജ്പൈ മുതലായവരെ നിവേദകസംഘാംഗങ്ങൾ സന്ദർശിച്ചു് അവരുമായി വാദപ്രതിവാദം നടത്തി. സാധുകൃഷികർക്കു നികുതി ഇളവുചെയ്തോ മററുവിധത്തിലോ എന്തു സഹായങ്ങളാണു തിരു: ഗവൺമെൻറു ചെയ്തുകൊടുത്തിട്ടുള്ളതെന്നു സർ ബാജ്പൈ ചോദിച്ചു. ൩൦ കൊല്ലങ്ങൾക്കു മുൻപു നികുതി നിർണ്ണയിച്ചതിൽ പിന്നീടു് അതു പുതുക്കിയിട്ടില്ലെന്നും, അതിനുശേഷം നട്ടുപിടിപ്പിച്ചിട്ടുള്ള തെങ്ങുകൾക്കു കൂടുതൽ കരം ചുമത്തിയിട്ടില്ലെന്നും, അതു കൃഷികർക്കൊരാശ്വാസമാണെന്നും, ഡാക്ടർ കുഞ്ഞൻപിള്ള മറുപടി പറഞ്ഞു. നികുതിയിളവിനും ഏററുമതിത്തീരുവ നിർത്തലാക്കുന്നതിനും പൊതുജനങ്ങൾ ദീർഘകാലമായി പ്രക്ഷോഭണം നടത്തിവരികയാണെന്നും, ഗവൺമെൻറു് ആവക സൌജന്യങ്ങൾ അനുവദിച്ചിട്ടി

ല്ലാത്തതുകൊണ്ടു ജനകീയവാദങ്ങൾ ദുർബലപ്പെടുന്നില്ലെന്നും, ചങ്ങനാശേരി വാദിച്ചു. ഈ സന്ദർശനങ്ങളുടെ ഫലമായി ആശാസ്യമായ ഒരു മാനസികപരിവർത്തനം ഇൻഡ്യാഗവമ്മെൻറിലെ ഉദ്യോഗസ്ഥന്മാൎക്കുണ്ടാകുമെന്നു നിവേദകസംഘാംഗങ്ങൾ പ്രതീക്ഷിക്കാതിരുന്നില്ലെങ്കിലും ആ പ്രതീക്ഷ ഇനിയും സഫലമാകേണ്ടതായിട്ടാണിരിക്കുന്നത്.

കേരവ്യവസായത്തിനു സംരക്ഷണം നൾകണമെന്നഭ്യൎത്ഥിക്കുന്ന ഒരു പ്രമേയം കേന്ദ്രനിയമസഭയിൽ അവതരിപ്പിക്കുവാൻ പ്രഫസർ എൻ. ജി. രംഗ നോട്ടീസ്സു കൊടുത്തിരിക്കുന്നു എന്നുള്ള വാൎത്ത ഇതിനിടയ്ക്കു പ്രസിദ്ധമായി. പ്രഫസറുടെ പ്രമേയത്തിനു ബാലട്ടിൽ ആറാമത്തെ സ്ഥാനമാണു ലഭിച്ചിരുന്നത്. ചങ്ങനാശേരി അസംബ്ളി സമ്മേളിച്ചപ്പോൾ ഡൽഹിയിലെത്തിച്ചേൎന്നു. ഒരുനിമിഷംപോലും വ്യൎത്ഥമാക്കാതെ ഉദ്യോഗസ്ഥാംഗങ്ങളേയും കക്ഷിനേതാക്കന്മാരേയും മററു നിയമസഭാംഗങ്ങളേയും ഒന്നൊന്നായി അദ്ദേഹം സന്ദൎശിച്ചു. അനുദ്യോഗസ്ഥപ്രമേയം ആലോചനയ്ക്കു വന്നില്ലെങ്കിൽതന്നെ ബഡ്ജറ്റ് സമ്മേളനമായതുകൊണ്ടു് ഒരു ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നതിനു മി. സന്താനത്തിനോടപേക്ഷിക്കുവാൻ കാൺഗ്രസ്സ്കക്ഷിനേതാവായ മി. ബുലഭായിദേശായി ചങ്ങനാശേരിയോടു നിർദ്ദേശിച്ചു. ചങ്ങനാശേരി മി. സന്താനത്തെ സന്ദൎശിച്ചു മി.ബുലഭായിദേശായിയുടെ നിൎദ്ദേശമറിയിക്കുകയും മി. സന്താനം അതു സ്വീകരിക്കയും ചെയ്തു. പ്രഫസർ രംഗ സൎവ്വസഹകരണങ്ങളും വാഗ്ദാനം ചെയ്തു. മുസ്ലീംലീഗ്കക്ഷിയുടേയും നാഷനലിസ്റ്റ്കക്ഷിയുടേയും പിന്തുണയും അദ്ദേഹം സമ്പാദിച്ചു. അനന്തരം ചങ്ങനാശേരി ഡൽഹി വിട്ടു. മി. സന്താനത്തിൻെറ ഖണ്ഡനോപക്ഷേപം മാൎച്ച് ൧൬-ാംനു- വാദപ്രതിവാദത്തിനു വച്ചിരിക്കുന്നു എന്നുള്ളതായിരുന്നു തിരുവനന്തപുരത്തെത്തിയതിനുശേഷം ചങ്ങനാശേരിക്കു് ഒന്നാമതായി ലഭിച്ച സന്തോഷവാൎത്ത. കേരവ്യവസായം സംരക്ഷിക്കുന്നതിൽ ഗവമ്മെൻറു പ്രദൎശിപ്പിക്കുന്ന അനാസ്ഥയെക്കുറിച്ചു വാദപ്രതിവാദം ചെയ്യുവാൻ കാമേർസ്ഡിപ്പാർട്ടുമെൻറിലേയ്ക്കുള്ള ധനാഭ്യൎത്ഥനയിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണമെന്നാ

യിരുന്നു ഉപക്ഷേപം. മാർച്ച് ൧൬-ാംനു- ഉപക്ഷേപം യഥാക്രമം അവതരിപ്പിക്കപ്പെട്ടു. മെ. ജെ. ഡി. ബോയിൽ (ബോംബേ യൂറോപ്യൻ) ഹാജി അബ്ദുൾസത്താർ, ഹാജി എസ്സാക്ക്സേട്ട് (മുസ്ലീംലീഗ്), എം. അനന്തശയനയ്യങ്കാർ, കെ. ബി. ജിനരാജഹെഗ്ഡേ എന്നിവർ ഉപക്ഷേപത്തെ പിന്താങ്ങി പ്രസംഗിച്ചു. സർ സഫ്റുള്ളാഖാൻ ഗവമ്മെൻറുപക്ഷത്തിനു വേണ്ടി മറുപടി പറഞ്ഞു. അടുത്തുതന്നെ നടക്കുവാൻ പോകുന്ന ഇൻഡോ—സിലോൺ കച്ചവടാലോചനകളിൽ പ്രസ്തുത വിഷയം ഗാഢമായ ആലോചനയ്ക്കു വിഷയമാകുമെന്നായിരുന്നു ഗവമ്മെന്റിന്റെ മറുപടി. പ്രസംഗമദ്ധ്യേ കേരവ്യവസായപ്രശ്നത്തെ സംബന്ധിച്ചു ചങ്ങനാശേരി അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ വാണിജ്യമെമ്പറുടെ പ്രശംസയ്ക്കു വിഷയമായി. അദ്ദേഹം ഇങ്ങിനെ പറഞ്ഞു:—

"വാസ്തവം പറയുകയാണെങ്കിൽ കേരകൃഷികരുടെ ന്യായവാദങ്ങളെ വ്യക്തമായും യുക്തിയുക്തമായും വിവരിച്ച് ഇൻഡ്യാഗവമ്മെൻറിനെ മനസ്സിലാക്കുവാൻ വേണ്ട പരിജ്ഞാനമുള്ള ശാന്ത്യശീലനായ ഒരവകാശവാദിയാണു മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയെന്നെനിക്കു തോന്നി".

വാണിജ്യമെമ്പർ പ്രസ്താവിച്ചതുപോലെ ഇൻഡോ—സിലോൺ കച്ചവടാലോചനകൾ അടുത്തു നടന്നില്ല. സർ സഫറുള്ളാഖാനു പകരം സർ എ. രാമസ്വാമിമുതലിയാർ വാണിജ്യമെമ്പറായി ചാർജെടുത്തു. സർ രാമസ്വാമിമുതലിയാക്കയച്ച ഒരനുമോദനസന്ദേശത്തിൽ ചങ്ങനാശേരി കേരകൃഷികരുടെ പ്രക്ഷോഭണചരിത്രത്തെ സമഷ്ടിയായി വിവരിക്കുകയും, ഒരു ദക്ഷിണഭാരതീയനും വാണിജ്യമെമ്പറുമെന്ന നിലയിൽ അദ്ദേഹത്തിൻെറ അനുഭാവത്തെ അഭ്യർത്ഥിക്കയും ചെയ്തിരുന്നു. അല്പദിവസങ്ങൾ കഴിഞ്ഞപ്പോൾ കച്ചവടസംബന്ധമായ ആലോചനകൾ മാററിവച്ചിരിക്കുന്നു എന്നൊരു കുറിപ്പു പത്രങ്ങളിൽ കണ്ടു. ചങ്ങനാശേരി ഈ കാലതാമസത്തെക്കുറിച്ചു പരിതപിച്ചുകൊണ്ടും, കേരളകൃഷികരുടെ വർദ്ധിച്ചുവരുന്ന ദുരിതങ്ങളെ വിശദീകരിച്ചുകൊണ്ടും, വാണിജ്യമെ

മെക്ക് കമ്പിയടിച്ചു. ഇതിനുശേഷം സിലോൺഗവമ്മെൻറ് കച്ചവടസംബന്ധമായ ആലോചനകൾക്ക് ഇൻഡ്യാഗവമ്മെന്റിനെ സമീപിക്കുകയുണ്ടായി എന്നും, അതനുസരിച്ച് അക്ടോബർമാസത്തിൽ ആലോചനകൾ നടക്കുമെന്നും, മറെറാരു വാത്ത പ്രചരിച്ചു. എന്നാൽ ഈ ഘട്ടത്തിലാണു സിലോൺ ഗവമ്മെൻറ് അവിടത്തെ ഇൻഡ്യാക്കാരായ ശമ്പളക്കാരെ ജോലിയിൽനിന്നു പിരിച്ചയയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു എന്ന ക്ഷോഭജനകമായ വാത്ത ഭാരതമൊട്ടുക്കു പരന്നത്. കച്ചവടസംബന്ധമായ ആലോചന കഴിയുന്നതുവരെ ഈ തീരുമാനം നടപ്പിൽ വരുത്തരുതെന്നും, രഞ്ജകമായ എന്തെങ്കിലും ഒരു തീർപ്പു സാദ്ധ്യമാകുമെന്നും, ഇൻഡ്യാഗവമ്മെൻറു സിലോൺഗവമ്മെൻറിനെ അറിയിച്ചിട്ടും അവർ ആ നിർദ്ദേശത്തെ വിഗണിക്കുകയാണുണ്ടായത്. തന്മൂലം ഒരു പ്രതിഷേധമെന്ന നിലയിൽ ഇൻഡ്യാഗവമ്മെൻറു കച്ചവടസംബന്ധമായ ആലോചനകൾ അനിശ്ചിതകാലത്തേയ്ക്കു മാറ്റിവച്ചു. സിലോൺ—ഇന്ഡ്യൻപ്രശ്നവും കേരവ്യവസായസംരക്ഷണവും ഇടകലത്താവുന്നവയല്ലെന്നും, കച്ചവടസംബന്ധമായ ആലോചനകൾ മാററിവച്ചാൽത്തന്നെ കേരവ്യവസായപ്രശ്നം ആലോചനയ്ക്കെടുക്കേണ്ടതാണെന്നും, ചങ്ങനാശേരി വീണ്ടും വാണിജ്യമെമ്പർക്ക് എഴുതിയയച്ചു. എന്നാൽ ഇതു കേവലം ഒരു വനരോദനമായി കലാശിച്ചതല്ലാതെ യാതൊരു സൽഫലങ്ങളുമുണ്ടാക്കിയില്ല.

സിലോൺ—ഇന്ത്യൻപ്രശ്നം കാൺഗ്രസ്സ്പ്രവത്തകസമിതിയുടെ ശ്രദ്ധയെ ആകഷിച്ചു. പ്രവത്തകസമിതി ബാംബേയിൽ സമ്മേളിച്ചപ്പോൾ രഞ്ജകമായ ഒരു തീരുമാനമുണ്ടാകുവാനുള്ള സാദ്ധ്യതകളെപ്പററി അരായുവാൻ പണ്ഡിററ് ജവഹർലാൽ നിഹ്റുവിനെ സിലോണിലേയ്ക്കു നിയോഗിച്ചു. ഈ നിശ്ചയത്തെ സിലോൺകാരും ഹാർദ്ദമായി സ്വാഗതം ചെയ്തു. കേരസംരക്ഷണപ്രശ്നം സംബന്ധിച്ചു രക്ഷാമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ നിരന്തരമായി മനഃക്ലേശം ചെയ്തു ചിന്തിച്ചുകൊണ്ടിരുന്ന ചങ്ങനാശേരിയുടെ ഭാവനയെ ഉദ്ദീപിപ്പിക്കുവാൻ ഈ സംഭവം പര്യാപ്തമായി. കേരവ്യവസായസംരക്ഷണം

വാദവിഷയമാകുമ്പോഴെല്ലാം തങ്ങൾ പോററുന്ന ഇൻഡ്യാക്കാരുടെ പ്രശ്നം സിലോൺകാർ ഉന്നയിക്കാറുണ്ട്. സിലോണിന്ത്യൻപ്രശ്നം പര്യാലോചനയ്ക്കു വരുമ്പോൾ അതിനൊരു വിട്ടുവീഴ്ചയായി ഇൻഡ്യയിൽ അനിയന്ത്രിതമായ ഒരു കമ്പോളം സിലോൺ കേരവിഭവങ്ങൾക്ക് അവർ ആവശ്യപ്പെട്ടേയ്ക്കാമെന്ന് വിദൂരദൃഷ്ടിയായ ചങ്ങനാശേരിക്കു തോന്നി. അതിനു മറുപടി പറയുവാനുള്ളതു ജവഹർലാൽനിഹ്റുവാണ്. അദ്ദേഹമോ ഒരു തികഞ്ഞ ആദർശവാദിയും. സിലോൺകാരേയും ബർമ്മാക്കാരേയും ഏകോദരസഹോദരന്മാരെപ്പോലെ പരിഗണിക്കണമെന്നാണ് അദ്ദേഹം വാദിക്കാറുള്ളതു്. ൧൯൩൮ മാർച്ചുമാസത്തിൽ ഈ മൂന്നു രാജ്യങ്ങളുമായുള്ള സ്വതന്ത്രവ്യാപാരത്തെക്കുറിച്ച് അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു പ്രസ്താവനയെ ചങ്ങനാശേരി പ്രതിഷേധിക്കയും, കേരവ്യവസായപ്രശ്നത്തിൻെറ ദുർഘടവശങ്ങളെ ചൂണ്ടിക്കാണിക്കയും, ചെയ്തപ്പോൾ വിപുലമായ വ്യാപാരപ്രശ്നങ്ങളെക്കുറിച്ചാണു താൻ പ്രസ്താവിച്ചിട്ടുള്ളതെന്നും, നഷ്ടമൂല്യവില്പനയെത്തടയുവാൻ സംരക്ഷണം ഏപ്പെടുത്തേണ്ട പരിതഃസ്ഥിതികളെക്കുറിച്ചു വിഭിന്നമായി ചിന്തിക്കുവാൻ തനിക്കു സാധിക്കുമെന്നും, മി. നിഹ്റു പറയുകയുണ്ടായി. എന്നാൽ അതും വിശാലമായ ഒരു വീക്ഷണകോടിയിൽക്കൂടി ദർശിക്കേണ്ടതാണെന്നും അദ്ദേഹം തുടർന്നു പ്രസ്താവിച്ചു. ഇങ്ങിനെ സർവ്വരാജ്യവാദിയായ *മി. നിഹ്റു സിലോൺ അധികാരികളുമായി ആലോചന നടത്തുമ്പോൾ കേരകൃഷകന്നു് എന്തു സംഭവിക്കുമെന്നുള്ള ഉൽക്കണ്ഠ ചങ്ങനാശേരിയെ വ്യാകുലപ്പെടുത്തി. അതുകൊണ്ടു സിലോണിൽവച്ചു രഞ്ജനപരമായ സംഭാഷണങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ കേരകൃഷകൻെറ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഒരു പ്രതിനിധിയെ അങ്ങോട്ടയയ്ക്കുന്നതു് ഉചിതമായിരിക്കുമെന്നദ്ദേഹത്തിനു തോന്നി. എന്നാൽ ചികിത്സയിലിരുന്ന ചങ്ങനാശേരിയ്ക്കു ക്ലേശകരമായ ആ യാത്ര സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടു ൧൯൩൯ ജൂലൈ ൬-ാംനു- എറണാകുളത്തുവച്ചു കൂടിയ കേരകൃഷകസമിതി മി. ജി. രാമചന്ദ്രനെ അവരുടെ പ്രതിനിധിയായി

സിലോണിലേയ്ക്കു നിയോഗിച്ചു. അനന്തരം ചങ്ങനാശേരി കേരകൃഷകരുടെ ദുരിതപ്രശ്നങ്ങളെ വിശദമായി വിവരിച്ചു കൊണ്ടു ദീർഘമായ ഒരു കത്തെഴുതി പണ്ഡിററ് ജവഹർ ലാൽ നിഹ്റുവിന് അയച്ചുകൊടുത്തു. വിവരങ്ങൾ വിശദീക രിച്ചുകൊണ്ടു ഗാന്ധിജിക്ക് ഒരു കമ്പിസന്ദേശവുമയച്ചു. അവ സാനമായി സ്ഥിതിഗതികൾ സംക്ഷിപ്തമായി പരാമർശിച്ച് ഒരു പത്രപ്രസ്താവന നൽകി.

ശ്രീ. ജി. രാമചന്ദ്രൻ സിലോണിലെത്തി മി. നിഹ്റുവിനെക്കണ്ടു സംഭാഷണങ്ങൾ നടത്തി. ജൂലൈ ൧൮-ാംനു-അദ്ദേഹം ചങ്ങനാശേരിക്ക് ഇങ്ങിനെ കമ്പിയടിച്ചു:—

"ഇപ്പോഴത്തെ സംഭാഷണങ്ങളിൽ കേരകൃഷകപ്രശ്നം ഉന്നയിക്കപ്പെടുകയില്ലെന്നു പണ്ഡിററ്ജിയിൽനിന്നും നിശ്ചിതമായ ഉറപ്പു കിട്ടിയിരിക്കുന്നു." മി. നിഹ്റു സിലോണിലേയ്ക്കു പുറപ്പെടുന്നതിനു മുൻപു ബാംബേയിൽവച്ച് ഈ അഭിപ്രായം തന്നെ പ്രകടിപ്പിക്കയുണ്ടായി എന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാണ്.

സിലോൺഗവമ്മെൻറ് ഇൻഡ്യാക്കാരെ തിരിച്ചയയ്ക്കുവാൻ നടപടികൾ ആരംഭിച്ചപ്പോൾ ആ വിഷയത്തെപ്പററി ബ്രിട്ടീഷ്പാർലിമെൻററിലുണ്ടായ ഒരു ചോദ്യത്തോടു കേരകൃഷകപ്രശ്നവും കൂട്ടിച്ചേർത്തിരുന്നു എങ്കിലും അതിലേയ്ക്കു മറുപടി ഒന്നും ഗവമ്മെൻറിൽ നിന്നും ലഭിക്കുകയുണ്ടായില്ല.

ശ്രീ. ജവഹർലാലിൻെറ ശ്രമം പരാജയപ്പെട്ടതും, സിലോൺഗവമ്മെന്റിന്റെ ദുരുദ്ദേശപരമായ നയത്തെ പ്രതിഷേധിച്ച് ഇൻഡ്യാഗവമ്മെൻറു കുടിയേറിപ്പാപ്പിനെ സംബന്ധിച്ചു പ്രതികാരപരമായ ചില നടപടികൾ നടത്തുവാൻ ആലോചിച്ചതും പത്രപ്രസിദ്ധമാണല്ലോ. അതിനുശേഷം വാണിജ്യാലോചനകൾ ആരംഭിക്കയും ആ ശ്രമങ്ങൾ പരാജയപ്പെടുകയും ചെയ്തു. ഏതാനും ആഴ്ചകൾക്കു മുൻപ് വീണ്ടും സിലോണിൽ വച്ചു സന്ധിസംഭാഷണങ്ങൾ പുനരാരംഭിച്ചു ചില തീരുമാനങ്ങൾ ചെയ്യുകയുണ്ടായിട്ടുണ്ടെങ്കിലും അവ ഭാരതീയക്കു സ്വീകാര്യമല്ലെന്നുള്ള അഭിപ്രായം പ്രകടമായിക്കഴിഞ്ഞിരിക്കുന്നു.

പക്ഷേ ആ ചിത്രത്തിലൊന്നും കേരകൎഷകന്റെ പ്രശ്നം ആലോചനാവിഷയമായിട്ടുണ്ടോ എന്ന കാൎയ്യം ഇപ്പോഴുമറിഞ്ഞുകൂടാ. നിർഭാഗ്യവാന്മാരായ കേരകൎഷകരുടെ ദുർഘട പ്രശ്നങ്ങൾ ഇപ്പോഴും ത്രാസിൽത്തന്നെ തൂങ്ങുന്നു.

വായുമണ്ഡലത്തിലെ ശൂന്യതയിൽനിന്ന് ഒരു യാഥാൎത്ഥ്യം സൃഷ്ടിക്കുവാനുള്ള ചങ്ങനാശേരിയുടെ ആശ്ചൎയ്യകരമായ സംഘടനാചാതുൎയ്യത്തിന്റെ സ്മാരകസൗധമാണു കേരകൎഷക സംഘം. ആ സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ ഗൌരവപൂൎണ്ണമായ കൎത്തവ്യങ്ങൾ തുടങ്ങി ആഫീസ്ശിപായിയുടെ ഭൃത്യജോലിവരെ അദ്ദേഹം നിൎവ്വഹിച്ചിട്ടുണ്ട്. വൈസ്രായിയെക്കണ്ടു സംഭാഷണം നടത്തുന്നതും, ഇൻഡ്യയൊട്ടുക്കു പ്രചാരണം നടത്തുന്നതും, കണക്കുകൾ സൂക്ഷിക്കുന്നതും, പത്രറിപ്പോർട്ടുകൾ തയാറാക്കുന്നതും, രാജ്യമൊട്ടുക്കലഞ്ഞു നടന്നു സംഘത്തിലംഗങ്ങളെ ചേൎക്കുന്നതും അദ്ദേഹംതന്നെയായിരുന്നു. തിരുവിതാംകൂർഗവമെ്മന്റു കേരകൎഷകസംഘത്തിനു കുറെയൊക്കെ പിന്തുണ നൾകിയിട്ടുണ്ട്. എന്നാൽ ഗവമെ്മന്റു പരിപൂൎണ്ണമായ ആനുകൂല്യവും പിന്തുണയുംകൊണ്ട് ചങ്ങനാശേരിയുടെ ഹസ്തങ്ങൾ സുദൃഢമാക്കിയിരുന്നു എങ്കിൽ കേരകൎഷക സംഘം കൂടുതൽ ഫലപ്രദമായ പല സേവനങ്ങളുമനുഷ്ഠിക്കുമായിരുന്നു. ചങ്ങനാശേരിയുടെ നിലയും വിലയുമുള്ള ഒരു പൊതുക്കാൎയ്യപ്രസക്തന്റെ ആത്മാൎത്ഥമായ സഹകരണത്തോടുകൂടി കേരകൎഷകപ്രശ്നത്തിന് ഒരു പരിഹാരമാൎഗ്ഗം കണ്ടുപിടിക്കുവാൻ ഒരുപക്ഷേ ഗവമെ്മന്റിനു കഴിയുമായിരുന്നു. ഇന്നും, ചങ്ങനാശേരിയുടെ ദേഹിയോട് ആത്മീയമായ സമ്പൎക്കം സ്ഥാപിക്കുവാനുള്ള ആദ്ധ്യാത്മികമായ എന്തെങ്കിലുമൊരുപകരണം ആരെങ്കിലും കണ്ടുപിടിക്കുമെങ്കിൽ, ഐഹികകാൎയ്യങ്ങളെപ്പററി അദ്ദേഹത്തിൽ നിന്നുണ്ടാകുന്ന ആദ്യത്തെ അന്വേഷണം കേരളത്തിലെ ബഹുലക്ഷം ജനങ്ങൾക്കു ഭക്ഷണമുൾപ്പെടേയുള്ള സകല സുഖസൌകൎയ്യങ്ങളും നൾകുന്ന നാളികേരപ്രശ്നത്തെപ്പററിയായിരിക്കുമെന്നു തീൎത്തു പറയാം.

# അദ്ധ്യായം ൪൩

നിവൎത്തനപ്രക്ഷോഭണം വിജയകരമായി പൎയ്യവസാനിച്ചതോടുകൂടി തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ ആശാസ്യമായ പല പരിവൎത്തനങ്ങളും സംഭവിച്ചു. സർ മഹമ്മദു ഹബിബുള്ളായുടെ ദീൎഘവീക്ഷണത്തിന്റെയും നിഷ്പക്ഷമനോഭാവത്തിന്റെയും ഫലങ്ങളായി നിയമസഭാപ്രാതിനിധ്യവാദങ്ങൾക്കും ഉദ്യോഗവിതരണപ്രശ്നത്തിനും സുനിശ്ചിതങ്ങളായ പരിഹാരമാൎഗ്ഗങ്ങൾ നിൎദ്ദേശിക്കപ്പെട്ടു. ശ്രീചിത്തിരതിരുനാൾമഹാരാജാവു തിരുമനസ്സിലെ വിശ്വവിഖ്യാതമായ ക്ഷേത്രപ്രവേശനവിളംബരം, അവശസമുദായങ്ങൾ ബഹുശതാബ്ദങ്ങളായി അനുഭവിച്ചുപോന്ന അസ്വതന്ത്രതകളെ നിവാരണം ചെയ്തു പൌരസമത്വവും സൎവ്വസാഹോദൎയ്യവും സ്ഥാപിക്കുവാൻ സഹായകമായി. വൎഗ്ഗീയമായപ്രക്ഷോഭണങ്ങൾക്കും മത്സരങ്ങൾക്കും പൊതുവേ തിരുവിതാംകൂറിൽ സ്ഥാനമില്ലെന്നുള്ള ഒരു നില വന്നുകൂടി. ഇതര പ്രക്ഷോഭണമാൎഗ്ഗങ്ങൾ അടഞ്ഞുപോയതുകൊണ്ടു നൂതനമായ പ്രശ്നങ്ങൾ ആരാഞ്ഞുകൊണ്ടിരുന്ന ചില വൎഗ്ഗീയവാദികൾ നിയമസഭയിലും പത്രപംക്തികളിലും അന്തസ്സാരവിഹീനമായ ചില ഒച്ചപ്പാടുകൾ ഉണ്ടാക്കിക്കൊണ്ടിരുന്നു എങ്കിലും അവയൊന്നുംതന്നെ സാമാന്യജനങ്ങളുടെ അനൎഹമായ ശ്രദ്ധയെ ആകൎഷിച്ചിരുന്നില്ല. തിരുവിതാംകൂറിന്റെ അടുത്ത പുരോഗതി ദേശീയത്വത്തിലേയ്ക്കും ഉത്തരവാദഭരണത്തിലേയ്ക്കും ആയിരിക്കണമെന്നൊരഭിലാഷം പരക്കെ പ്രകടമായിത്തുടങ്ങി.

൧൧൧൬ ചിങ്ങം ൨൭-ാംനു വൈകുന്നേരം വയ്ക്കം രാമകൃഷ്ണപിള്ളയുടെ ആഫീസിൽ സമ്മേളിച്ച ഒരു പ്രാരംഭയോഗത്തിൽവച്ചു ഭാരതമഹാജനസഭയുടെ ഒരു ശാഖാസമിതി തിരുവനന്തപുരത്തു രൂപവൽക്കൃതമായി. ചങ്ങനാശേരിയെ പ്രവൎത്തകസമിതിയുടെ അദ്ധ്യക്ഷനായും, മെ. ജി. രാമചന്ദ്രൻ, പൊന്നറ ജി. ശ്രീധർ എന്നിവരെ സിക്രട്ടറിമാരായും തിരഞ്ഞെടുത്തു. പ്രവൎത്തകസമിതി, അംഗങ്ങളെ ചേൎക്കുവാനുള്ള

ജോലിയിലാണ് ആദ്യം തന്നെ വ്യാപൃതരായതു്. ൧൧൧൩ തുലാം ൧൮-ാംനു- കൂടിയ ഒരു യോഗത്തിൽ അന്നുവരെ ൧൦൭൩ അംഗങ്ങളെ ചേക്കുകയുണ്ടായി എന്നു സിക്രട്ടറിമാർ പ്രസ്താവിച്ചു. ആ യോഗത്തിൽവച്ചുതന്നെ ഒരു സംസ്ഥാന രാഷ്ട്രീയസമ്മേളനം വിളിച്ചുകൂട്ടുവാൻ ഐകകണ്ഠ്യേന തീരുമാനിക്കപ്പെട്ടു. മഹാരാജാവുതിരുമനസ്സിലെ പരമാധികാരത്തിൻകീഴിൽ ഉത്തരവാദഭരണം സ്ഥാപിക്കുകയെന്നുള്ളതാണു സമിതിയുടെ ലക്ഷ്യമെന്നു പ്രവൎത്തകക്കമ്മിററി പുറപ്പെടുവിച്ച ഒരു പ്രകടനപത്രികയിൽ പ്രസ്താവിച്ചിരുന്നു.

൧൧൧൩ വൃശ്ചികം ൧൭-ാംനു- തിരുവനന്തപുരത്തു ക്യാപ്പിറേറാൾ സിനിമാഹാളിൽവച്ചു ഡാക്ടർ പട്ടാഭിസീത്താരാമയ്യായുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനരാഷ്ട്രീയസമ്മേളനം കൂടി. ആ സമ്മേളനത്തിൽവച്ചു പ്രവൎത്തകസമിതി പുറപ്പെടുവിച്ചിരുന്ന പ്രകടനപത്രിക സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടു. ഉത്തരവാദഭരണപ്രമേയം കൂടാതെ കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ മൂന്നു സംസ്ഥാനങ്ങളും ഒരു സബ്ഫെഡറേഷനായി സംഘടിപ്പിക്കേണ്ടതാണെന്നു മറെറാരു നിശ്ചയവും പ്രസ്തുത സമ്മേളനത്തിൽ പാസാക്കി. സമ്മേളനാനന്തരം കമ്മിറ്റി തിരുവിതാംകൂറൊട്ടുക്കു യോഗങ്ങൾ വിളിച്ചുകൂട്ടി വിപുലമായ ഒരു പ്രചരണമാരംഭിക്കുവാൻ വട്ടംകൂട്ടി. ഈ ഘട്ടത്തിലാണു ഭാരതമഹാജനസഭയുടെ സുപ്രസിദ്ധമായ ഹരിപുരാസമ്മേളനം നടന്നതു്. സൃഷ്ടിപരമായ പ്രവൎത്തനങ്ങൾക്കല്ലാതെ, ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിൻെറ ശാഖകളെ നാട്ടുരാജ്യങ്ങളിൽ ഉത്തരവാദഭരണപ്രക്ഷോഭണത്തിനുള്ള സംഘടനകളായി ഉപയോഗിക്കരുതെന്നു നിരോധിച്ചുകൊണ്ടു ഹരിപുരാസമ്മേളനം ഒരു പ്രമേയം സ്വീകരിച്ചു.

ബാഹ്യപ്രേരണകളെ ആശ്രയിക്കാതെ അന്തർഭാഗത്തേയ്ക്കു ദൃഷ്ടി പതിപ്പിച്ചു ജനകീയശക്തി സംഘടിപ്പിക്കുവാനും പ്രക്ഷോഭണം നടത്തുവാനും നാട്ടുരാജ്യങ്ങളോടുള്ള ഒരാഹ്വാനമായിരുന്നു പ്രസ്തുത പ്രമേയം. നാട്ടുരാജ്യപ്രജകളുടെ സ്വാശ്രയ ശീലത്തോടും സ്വാതന്ത്ര്യതൃഷ്ണയോടുമുള്ള

ഒരു വെല്ലുവിളിയായിട്ടാണ് ഈ പ്രമേയത്തെ ഭാരതമഹാജന സഭ പരിഗണിച്ചത്. അതിനുശേഷം കാഷ്മീർ മുതൽ കന്യാകുമാരിവരെ ഉണ്ടായ സംഘടിതപ്രക്ഷോഭണങ്ങൾ ഈ പ്രമേയത്തെ നീതീകരിക്കയും ചെയ്തു.

ഈ ഘട്ടത്തിൽ തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ പ്രക്ഷോഭജനകമായ ഒരു കോളിളക്കത്തിന്റെ പ്രകടമായ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിരുന്നു. നിവൎത്തനപ്രക്ഷോഭണം സംബന്ധിച്ച് അറസ്ററു ചെയ്തു രാജദ്രോഹകുറ്റത്തിനു ശിക്ഷിച്ചു ജയിലിലടച്ചിരുന്ന മി. സി. കേശവൻ ബന്ധനവിമുക്തനായി. സംയുക്തരാഷ്ട്രീയകക്ഷി മി. സി. കേശവനു രാജ്യമൊട്ടുക്ക് അതിഗംഭീരമായ സ്വീകരണങ്ങൾ നൽകുവാൻ നിശ്ചയിച്ചു. ഒരനുമോദനമഹായോഗത്തിൽ വച്ചു സംയുക്തകക്ഷിയുടെ നേതാവും നിയമസഭയിലെ ഡപ്യൂട്ടി പ്രസിഡൻറുമായിരുന്ന മി. ടി. എം. വൎഗ്ഗീസ് തിരുവിതാംകൂറിലെ അൻപത്തൊന്നുലക്ഷം ജനങ്ങളുടെ നാമധേയത്തിൽ മി. സി. കേശവനു സ്വാഗതമരുളി. രാജദ്രോഹകുററത്തിനു ശിക്ഷിക്കപ്പെട്ട മി. സി. കേശവനെ അൻപത്തൊന്നു ലക്ഷം ജനങ്ങളുടെ പ്രതിനിധിയെന്ന നിലയിൽ അഭിനന്ദിച്ച ഡപ്യൂട്ടിപ്രസിഡൻറിന്റെ പേരിൽ നിയമസഭയിൽ ഒരവിശ്വാസ പ്രമേയം ഹാജരാക്കപ്പെട്ടു. ഡപ്യൂട്ടി പ്രസിഡൻറിന്റെ തിരഞ്ഞെടുപ്പുമത്സരത്തിൽ നിഷ്പക്ഷനില അവലംബിച്ച ഗവൎമ്മെന്റംഗങ്ങളുടെ സഹായത്തോടുകൂടി പ്രസ്തുത പ്രമേയം നിയമസഭയിൽ പാസായി.മി. വൎഗ്ഗീസ് ഡപ്യൂട്ടിപ്രസിഡന്റുസ്ഥാനം രാജിവച്ചു നിയമസഭയിലെ നിവൎത്തനകക്ഷിയുടെ നേതൃത്വം വീണ്ടും സ്വീകരിച്ചു. ഈ സംഭവം നിവൎത്തനകക്ഷിയുടെ കണ്ണുകൾ തുറപ്പിക്കുവാൻ പൎയ്യാപ്തമായി. നിയമസഭാപ്രാതിനിധ്യവും ഉദ്യോഗവിതരണവും കേവലം അയഥാൎത്ഥങ്ങളായ പ്രശ്നങ്ങളാണെന്നും, വൎഗ്ഗീയമത്സരങ്ങൾ ജനകീയതാല്പൎയ്യങ്ങളെ പരാജയപ്പെടുത്തുവാൻ മാത്രമേ ഉപകരിക്കുന്നുള്ളു എന്നും, ഉത്തരവാദഭരണം കൈവരുത്തുന്നതുമൂലമല്ലാതെ മൌലികങ്ങളായ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതല്ലെന്നും അവൎക്കു ബോദ്ധ്യമായി. ൧൯൩൮ ഫെബ്രുവരി ൨൦-ാംതിയ്യതി

കൂടിയ നിയമസഭായോഗത്തിൽ മി. ടി. എം. വർഗ്ഗീസ് "മഹാരാജാ തിരുമനസ്സിലെ പരമാധികാരത്തിൻകീഴിൽ സംസ്ഥാനത്തിൽ ഉത്തരവാദഭരണം സ്ഥാപിക്കുവാൻ വേണ്ട നടപടികൾ ഉടനടി സ്വീകരിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി വാദപ്രതിവാദം ചെയ്യുവാൻ സഭാനടപടികൾ നിർത്തിവയ്ക്കണ"മെന്നൊരടിയന്തിരപ്രമേയം ഹാജരാക്കി. ദിവാൻപ്രസിഡൻറ പ്രമേയമവതരിപ്പിച്ചുകൊള്ളുവാനനുമതി നൽകി. എന്നാൽ പ്രമേയാവതരണത്തിനു മുൻപായി ദിവാൻജി ഗവമ്മെൻറിൻെറ നില വിശദമാക്കിക്കൊണ്ടു സുദീർഘമായ ഒരു പ്രസംഗം ചെയ്തു. ഇന്നത്തെ നിലയിലും അധീശശക്തിയുമായുള്ള ഉടമ്പടികൾക്ക് ഉടവു തട്ടാതേയും കാര്യമായ രീതിയിൽ ഉത്തരവാദഭരണമനുവദിക്കുക ദുസ്സാധമാണെന്നായിരുന്നു അദ്ദേഹത്തിൻെറ പ്രസംഗസാരം. പ്രമേയം സംസാരിച്ചു തീർത്തല്ലാതെ വോട്ടിനിടുകയുണ്ടായില്ല.

സർ സി. പി. രാമസ്വാമിഅയ്യരുടെ ചരിത്രവിഖ്യാതമായ പ്രസംഗത്തിൻെറ പ്രതിദ്ധ്വനി ബ്രിട്ടീഷ്പാർലിമെൻറിൽപോലും മുഴങ്ങി. സർ സി. പിയുടെ ഭരണനയപ്രഖ്യാപനത്തെക്കുറിച്ചു ബ്രിട്ടീഷ്ഗവമ്മെൻറിൻെറ നിലയെന്താണെന്നു ൧൯൩൭ ഫെബ്രുവരി ൧൭-ാംനു- ക്യാപ്ററൻ ഹെയിൽ ജേർസ് കാമൺസ്സഭയിൽ ചോദിച്ചു. പരിപൂർണ്ണാധികാരമുള്ള നാട്ടുരാജ്യങ്ങളിലെ ആഭ്യന്തരഭരണകാര്യങ്ങളിൽ ഇടപെടാതെയിരിക്കയാണു സാധാരണ സന്ദർഭങ്ങളിൽ ബ്രിട്ടീഷ്ഗവമ്മെൻറിൻെറ നയമെന്നും, ഒരു ഭരണാധികാരിയാരംഭിക്കുന്ന ഭരണപരമായ പുരോഗതിക്കുള്ള നിർദ്ദേശങ്ങളെ അധീശശക്തി തടയുകയില്ലെന്നു താൻ ഉറപ്പുനൽകുന്നു എന്നും, ആവശ്യമുള്ളപ്പോൾ അധീശശക്തി വേണ്ട ഉപദേശങ്ങൾ നൽകുമെന്നും ഗവമ്മെൻറിനുവേണ്ടി ഇൻഡ്യൻ അണ്ടർസിക്രട്ടറിയായിരുന്ന വിൻറർടൺപ്രഭു മറുപടി പറഞ്ഞു. അധികൃതമായ ഈ പ്രസ്താവന പരിതഃസ്ഥിതികളുടെ പ്രേരണകൊണ്ടുണ്ടായതാണെങ്കിലും, ബ്രിട്ടീഷ്ഗവമ്മെൻറ വ്യക്തമാക്കിയ നില ഉത്തരവാദഭരണസ്ഥാപനോന്മുഖമായ നടപടികൾ

ആരംഭിക്കുന്നതിനു വേണ്ട സ്വാതന്ത്ര്യം നാട്ടുരാജ്യങ്ങൾക്കു നൽകുന്നുണ്ടെന്നായിരുന്നു ഇതിനെപ്പററി രാജ്യകാര്യവിശാരദന്മാർ അഭിപ്രായപ്പെട്ടതു്. സർ. സി. പി. രാമസ്വാമിഅയ്യരും വിന്റർടൺപ്രഭുവിൻെറ വിശദീകരണത്തിൽ പുരോഗതി ദർശിച്ചു എന്നു് ആ മറുപടി വിമർശിച്ചുകൊണ്ടു് അദ്ദേഹം ചെയ്ത പ്രസ്താവന തെളിയിച്ചു.

ഉത്തരവാദഭരണപ്രമേയത്തിനുശേഷം തിരുവിതാംകൂറിൽ സ്ഥിതിഗതികൾ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. മൌലികമായ പ്രശ്നങ്ങളെ വിസ്മരിച്ചു് ഉദ്യോഗവഴക്കുകളും വർഗ്ഗീയ കലഹങ്ങളുംകൊണ്ടു ഭിന്നിച്ചുനിന്നു ജനകീയശക്തിയെ ശിഥിലപ്പെടുത്തുന്നതു വിപൽക്കരമാണെന്നു ചിലർ വിചാരിച്ചു. ജാതിമതഭേദമെന്യേ ഒരു രാഷ്ട്രീയകക്ഷി രൂപവൽക്കരിച്ചു സംഘടിതമായി ദേശീയപ്രവർത്തനങ്ങളും പ്രക്ഷോഭണവുമാരംഭിച്ചില്ലെങ്കിൽ തിരുവിതാംകൂറിൻെറ ഭാവി,പുരോഗതി മുട്ടി നിശ്ചലമായിപ്പോകുമെന്നു് ഒരു ബോധം പൊതുവേ സംജാതമായി. ൧൯൩൫-ലെ ഇൻഡ്യൻഭരണപരിഷ്ക്കാരത്തിനുശേഷം ഒരു കാലത്തു ജയിൽപ്പുള്ളികളായും നിർഭാഗ്യവാന്മാരായും കഴിഞ്ഞുകൂടിയ ബ്രിട്ടീഷ് ഇൻഡ്യയിലെ ത്യാഗസമ്പന്നന്മാരായ കാൺഗ്രസ് പ്രവർത്തകന്മാർ തിരുവിതാംകൂറിനു വെളിയിൽ വിസ്തൃതമായ ഏഴു സംസ്ഥാനങ്ങളിൽ ഭരണം നടത്തുന്നതും അവർ കാണാതിരുന്നില്ല. സഹ്യാദ്രിക്കു കിഴക്കു ബ്രിട്ടീഷ്ഇൻഡ്യയിൽ അലതല്ലിക്കൊണ്ടിരുന്ന ദേശീയബോധവും രാഷ്ട്രീയപ്രബുദ്ധതയും തിരുവിതാംകൂറിലേയ്ക്കു വ്യാപിച്ചു് ആശാവഹമായ ചില ചലനങ്ങളുണ്ടാക്കി. ബ്രിട്ടീഷ്സിംഹത്തോടു സമരംചെയ്തു ഭരണാധികാരത്തിൻെറ സാരമായ അംശങ്ങൾ സംസ്ഥാനങ്ങളിൽ പിടിച്ചെടുത്ത ഇൻഡ്യൻ നാഷനൽ കാൺഗ്രസ്സിൻെറ ആദർശങ്ങളും പ്രവർത്തനപരിപാടിയും നാട്ടുരാജ്യപ്രജകളെ ആകൃഷ്ടരാക്കിയതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ!

ഇൻഡ്യൻനാട്ടുരാജ്യങ്ങളിൽ പൊതുവേ ഒരസ്വാസ്ഥത പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന കാലമായിരുന്നു അതു്. അസംതൃ

സ്ഥിയുടേയും ക്ഷോഭത്തിന്റേയും ആരവങ്ങൾ ചില രാജ്യങ്ങളിൽ ഉച്ചത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. അവരുടെ പ്രക്ഷോഭണങ്ങൾ പ്രാദേശികവും വൎഗ്ഗീയവും ആയിരുന്ന അവകാശവാദങ്ങളിൽനിന്നു മുന്നോട്ടുകടന്നു് ഉത്തരവാദഭരണലക്ഷ്യത്തെ ലാക്കാക്കി പ്രയാണം തുടങ്ങി. കാൎയ്യമായ യാതൊരു പ്രക്ഷോഭണവും കൂടാതെതന്നെ വിസ്തൃതിയിൽ വളരെ ചെറുതായ കൊച്ചീ രാജ്യം ഉത്തരവാദഭരണതത്വങ്ങളെ ആദരിച്ചു് ഒരു ചെറിയ അടി മുന്നോട്ടുവച്ചുകഴിഞ്ഞിരുന്നു. മൈസൂറിലെ ജനങ്ങൾ സുഘടിതമായ ഒരു രാഷ്ട്രീയകക്ഷി രൂപവൽക്കരിച്ചു സമരപ്രവൎത്തനങ്ങൾ ആരംഭിക്കുവാൻ വട്ടംകൂട്ടുകയായിരുന്നു. ഇൻഡ്യയിലെ ഇരുളടഞ്ഞ കോണുകളിൽ അപരിഷ്കൃതങ്ങളെന്നു വിഗണിക്കപ്പെട്ടു കിടന്നിരുന്ന ഏറ്റവും ചെറിയ നാട്ടുരാജ്യങ്ങളിൽപോലും ഏകാധിപത്യഭരണത്തിനെതിരായ ചില സംഘട്ടനങ്ങളും ആസന്നമായ സമരത്തിന്റെ കോളിളക്കങ്ങളും കണ്ടുതുടങ്ങി. നാട്ടുരാജ്യങ്ങളെപ്പററിയുള്ള ഹരിപുരാകാൺഗ്രസ്സ്സമ്മേളനത്തിലെ പ്രമേയം നാട്ടുരാജ്യപ്രജകളുടെ പൌരുഷത്തേയും സ്വാശ്രയശക്തിയേയും ഉജ്വലിപ്പിച്ചു. ഇങ്ങിനെയുള്ള പരിതഃസ്ഥിതികളിലാണു ൧൧൧൩ കുംഭം ൧൧-ാംനു- മി. ഏ. നാരായണപിള്ളയുടെ ആഫീസിൽ മി. സി. വി. കുഞ്ഞുരാമന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു യോഗത്തിൽവച്ചു് തിരുവിതാംകൂർ സ്റ്റേററുകാൺഗ്രസ്സ് എന്ന പേരിൽ നൂതനമായ ഒരു രാഷ്ട്രീയസംഘടന തിരുവിതാംകൂറിൽ സ്ഥാപിച്ചതു്. സ്റ്റേററുകാൺഗ്രസ്സിന്റെ താൽക്കാലികകമ്മിററി ആദ്യത്തെ പ്രസിഡന്റായി മി. പട്ടം താണുപിള്ളയെയാണു തിരഞ്ഞെടുത്തതു്. ന്യായപൂൎവ്വവും സമാധാനപരവുമായ മാൎഗ്ഗങ്ങളിലൂടേ പ്രായപൂൎത്തിവോട്ടവകാശത്തോടും ന്യൂനപക്ഷതാല്പൎയ്യങ്ങൾക്കു് ആവശ്യമായ രക്ഷാവ്യവസ്ഥകളോടുംകൂടി ഉത്തരവാദഭരണം തിരുവിതാംകൂറിൽ സ്ഥാപിക്കുകയെന്നുള്ളതാണു കാൺഗ്രസ്സ് അതിന്റെ ലക്ഷ്യമായി പ്രഖ്യാപിച്ചതു്. നിയമസഭയിലെ നിവൎത്തനകക്ഷിനേതാക്കന്മാരിൽ ചിലർ ഈ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. അവർ ഇങ്ങിനെയൊരു രാഷ്ട്രീയസംഘടനയുടെ രൂപവല്ക്കരണം ഹാൎദ്ദമായി സ്വാഗതം

ചെയ്യുകയാണുണ്ടായതു്. നിവൎത്തനകക്ഷിയിലെ അംഗങ്ങളായിരുന്ന ചിലർ പല പ്രലോഭനങ്ങൾക്കു വശഗതരായി ക്രമേണ ആ സംഘടനയിൽനിന്നു കാലുമാറിത്തുടങ്ങിയിരുന്നതുകൊണ്ടു് അതു ശിഥിലപ്പെട്ടുകഴിഞ്ഞിരുന്നു. ഒരു വൎഗ്ഗീയഘടനയായിരുന്ന നിവൎത്തനകക്ഷിക്കു ഫലപ്രദമായ ഒരു രാഷ്ട്രീയ പരിപാടിയും സ്വീകരിച്ചു പ്രവൎത്തിക്കുവാൻ സാധ്യമായിരുന്നില്ല. കൂടാതെ വൎഗ്ഗീയമായ കലാപങ്ങളുടേയും മത്സരങ്ങളുടേയും ഫലശൂന്യതയും അവൎക്കു ബോധ്യമായിരുന്നു. ഉത്തരവാദഭരണപ്രശ്നം സംബന്ധിച്ചുള്ള അടിയന്തിരപ്രമേയത്തിനു ദിവാൻജി നൽകിയ മറുപടി തിരുവിതാംകൂറിലെ ഒരു വിഭാഗം ജനങ്ങളെയെന്നപോലെതന്നെ നിവൎത്തനകക്ഷിയേയും അസംതൃപ്തരാക്കിയിരുന്നു. ഒരു രാഷ്ട്രീയസംഘടന രൂപവല്ക്കരിക്കേണ്ടതിന്റെ ആവശ്യം അവൎക്കു ബോധ്യമായി. സുഘടിതമായ ഒരു പാർട്ടിയെന്ന നിലയിൽ നിവൎത്തനകക്ഷിക്കു നിയമസഭയ്ക്കകത്തും പുറത്തും ഗണ്യമായ പ്രാബല്യമുണ്ടായിരുന്നു. അവരുടെ പ്രവൎത്തനപരിപാടി എത്രതന്നെ വൎഗ്ഗീയമായിരുന്നു എങ്കിലും ഒന്നിലധികം മതങ്ങളേയും സമുദായങ്ങളേയും സുഘടിതമായി ഉൾക്കൊള്ളുന്ന തിരുവിതാംകൂറിലെ ഒരു കക്ഷിയായിരുന്നു അതു്. നിവൎത്തനസമുദായങ്ങളുടെ പിന്തുണ കൂടാതെ യാതൊരു ദേശീയകക്ഷിയും സ്ഥാപിക്കുകയെന്നുള്ളതു് അന്നു് അത്ര എളുപ്പമായിരുന്നില്ല. ക്രൈസ്തവ്രാനികൾ, ഈഴവർ, മുസ്ലിമിങ്ങൾ എന്നീ മൂന്നു വൻപിച്ച സമുദായങ്ങളുടെ പ്രാതിനിധ്യമുള്ള നിവൎത്തനകക്ഷി നായർസമുദായംകൂടി ഉൾപ്പെടുന്ന ഒരു ദേശീയഘടനയായി വളരുകയും രാഷ്ട്രീയമായ ഒരു പരിപാടി സ്വീകരിക്കുകയും ചെയ്യുമെങ്കിൽ ആ സ്ഥാപനത്തിനു സാർവ്വത്രികമായ ദേശീയത്വം ലഭിക്കമൊത്രമല്ല സൎവ്വസമുദായമൈത്രിപോലും സാധിതപ്രായമായിത്തീരുമെന്നു രാജ്യഭക്തന്മാർ വിചാരിച്ചു. പ്രായോഗികവും ദുരുദ്ദേശരഹിതങ്ങളുമായിരുന്ന ഈ ശുഭപ്രതീക്ഷകൾക്കടവുതട്ടുന്ന പല സംഭവങ്ങളും അനന്തരകാലങ്ങളിൽ ഉണ്ടാകാതിരുന്നില്ലെങ്കിലും അന്നത്തെ പരിതഃസ്ഥിതികളിൽ മൂന്നു വൻപിച്ച

സമുദായങ്ങളുടെ പ്രാതിനിധ്യം വഹിച്ചിരുന്ന നിവർത്തനകക്ഷിയെ സ്റ്റേറ്റുകാൺഗ്രസ്സിൽ ലയിപ്പിക്കുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. ഇതുകൊണ്ടുതന്നെ വർഗ്ഗീയകലഹങ്ങൾ മൂർദ്ധന്യം പ്രാപിച്ചിരുന്ന മദ്ധ്യതിരുവിതാംകൂറിലെ ഒരു വിഭാഗം നായന്മാരും സർവ്വീസുസൊസൈററിയും സ്റ്റേറ്റുകാൺഗ്രസ്സിൽ നിന്നകന്നുനിന്നു.

സ്റ്റേറ്റുകാൺഗ്രസ്സ്സംഘടന ഉത്ഭവിപ്പിക്കയും അതിൻെറ പ്രവർത്തകസമിതിയിൽ സ്ഥാനങ്ങൾ സ്വീകരിക്കയും ചെയ്ത പലരും ഇൻഡ്യൻനാഷണൽകാൺഗ്രസ്സിൻെറ തിരുവിതാംകൂർശാഖാകമ്മറ്റിയിലും അംഗങ്ങളായിരുന്നു. അതുകൊണ്ട് ഈ രണ്ടു സംഘടനകളും കൂട്ടിയോജിപ്പിക്കുകയോ, ഒരെണ്ണം അവസാനിപ്പിക്കുകയോ ചെയ്യണമെന്നുള്ള ഒരു നില വന്നുചേന്നു. ആ വിഷയത്തെപ്പററി ആലോചിക്കുവാൻ ഇൻഡ്യൻനാഷണൽകാൺഗ്രസ്സിൻെറ ശാഖാസമിതിയുടെ ഒരു യോഗം ഹരിപുരാകാൺഗ്രസ്സിൽ സന്ധിച്ചതിനുശേഷം തിരിച്ചെത്തിയ മി. രാമചന്ദ്രൻെറ ശ്രമഫലമായി സമ്മേളിച്ചു. വർഗ്ഗീയസംഘടനകളിലെ അംഗങ്ങൾ കാൺഗ്രസ്സിന്റെ നിർവ്വാഹകസമിതികളിലംഗങ്ങളായിരിക്കുവാൻ പാടില്ലെന്നുള്ള ഭാരതമഹാജനസഭയിലെ നിബന്ധന തിരുവിതാംകൂർസ്റ്റേറ്റുകാൺഗ്രസ്സംഗീകരിച്ചിരുന്നില്ല. അത് അംഗീകരിക്കുവാൻ അവക്കു സാദ്ധ്യവുമായിരുന്നില്ല. സ്റ്റേറ്റുകാൺഗ്രസ്സിലെ പ്രവർത്തകസമിതിയിലെ പല അംഗങ്ങളും വിശേഷിച്ചു നിവർത്തനസമുദായങ്ങളുടെ പ്രാതിനിധ്യമുള്ള നേതാക്കന്മാരിൽ പലരും, അവർ പ്രതിനിധീകരിക്കുന്ന സമുദായങ്ങളുടെ വർഗ്ഗീയസംഘടനകളിൽ ഉയന്ന ഉദ്യോഗങ്ങൾ വഹിക്കുന്നവരായിരുന്നു. അവർ പ്രസ്തുത സ്ഥാനങ്ങളിൽനിന്നു രാജിവച്ചൊഴിയുന്നപക്ഷം സമുദായങ്ങളുടെ പിന്തുണയും അവക്കു നഷ്ടമാകുമെന്നും, അങ്ങിനെ സ്റ്റേറ്റുകാൺഗ്രസ്സിന്റെ പിന്നിലുള്ള ജനകീയശക്തി നശിക്കുമെന്നും, അവർ വാദിച്ചു. ആ വാദഗതിയുടെ പിന്നിലുള്ള യുക്തിബോധം എന്തായിരുന്നാലും വർഗ്ഗീയഘടനകളിലെ പ്രാബല്യമുള്ള സ്ഥാനങ്ങൾ വിട്ടൊഴിയുവാൻ അന്നവർ സന്നദ്ധരായിരുന്നില്ല. കാൺഗ്രസ്സിൻെറ വളച്ചയ്ക്കും ജനസമ്മിതിക്കും അവരുടെ പ്രാതി

നിധ്യം അത്യന്താപേക്ഷിതവുമായിരുന്നു. സ്റ്റേററുകാൺഗ്രസ്സ് അംഗീകരിക്കുവാൻ നിർബന്ധിതമായ ഈ വർഗ്ഗീയനിലയോടു ചങ്ങനാശേരിയും രാമചന്ദ്രനും പരിപൂർണ്ണമായി വിയോജിച്ചുകൊണ്ടു സ്റ്റേററുകാൺഗ്രസ്സിൽ അംഗങ്ങളായിച്ചേരുവാൻ അവർ തത്വപരമായി വിസമ്മതിച്ചു. സ്റ്റേററുകാൺഗ്രസ്സ് അവരുടെ സംഘടനാനിബന്ധനകൾ ഭേദഗതിചെയ്യുവാൻ സന്നദ്ധരുമായിരുന്നില്ല. അതുകൊണ്ടു രാജിശ്രമങ്ങൾ വിഫലങ്ങളായി. സ്റ്റേററുകാൺഗ്രസ്സ് അവരുടെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകയും ഇൻഡ്യൻനാഷണൽകാൺഗ്രസ്സിന്റെ ശാഖാ കമ്മിററി ഹരിപുരാനിർദ്ദേശമനുസരിച്ച് അവരുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയും ചെയ്തു.

# അദ്ധ്യായം ൪൧

സ്റ്റേററുകാൺഗ്രസ്സിന്റെ ജായിന്റുസിക്രട്ടറിമാരിൽ ഒരാളായിരുന്ന മി. കേ. പി. നീലകണ്ഠപ്പിള്ള പതിവുപോലെ ഒരു ദിവസം പട്ടത്തുള്ള സ്വഗൃഹത്തിൽനിന്ന് ആഫീസിലേയ്ക്കുപുറപ്പെട്ടു ഏതാനും വാര മുന്നോട്ടുപോന്നപ്പോൾ മൂന്നുനാലക്രമികൾ എവിടെനിന്നോ പ്രത്യക്ഷപ്പെട്ടു കൂട്ടംചേർന്നദ്ദേഹത്തെ കയ്യേററം ചെയ്യുകയും, ഇരുമ്പുകെട്ടിയ ഒരു വടികൊണ്ടു തലയിലും കയ്യിലും അടിച്ചു മുറിവേല്പിക്കുകയും ചെയ്തു. ഒരു ഘാതകൻ തലയ്ക്കുനേരേ ഓങ്ങിയ വടി മി. നീലകണ്ഠപ്പിള്ള അസാമാന്യമായ ധീരതയോടെ ചെറുത്തുനിന്നു കൈവശമുള്ള കുടകൊണ്ടു തടുത്തിരുന്നില്ലെങ്കിൽ അദ്ദേഹത്തിനു ജീവാപായംപോലും സംഭവിക്കുമായിരുന്നു. പ്രാണഭീതിയോടേ അദ്ദേഹം അത്യുച്ചത്തിൽ വിളിക്കുന്നതുകേട്ടു നാലുവശത്തുനിന്നും ജനങ്ങൾ ഓടിഎത്തുകയും അതുകണ്ടു് അക്രമികളിലൊരുവനൊഴിച്ചു ബാക്കിയുള്ളവർ ഓടി രക്ഷപ്പെടുകയും ചെയ്തു. തലയിൽനിന്നും കയ്യിൽനിന്നും ഒലിക്കുന്ന രക്തത്തോടുകൂടി മി. നീലകണ്ഠപ്പിള്ള പാളയം പോലീസ്സ്റ്റേഷനിൽ ഹാജരായി വിവരം അറിയിച്ചതിനുശേഷം രോഗശയ്യയെ അവലംബിച്ചു. രണ്ടു മാസം കഴിഞ്ഞതിനുശേഷം മാത്രമേ പിന്നീട് ആ ശയ്യ വിടുവാൻ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. പോലീസുകാർ അക്രമികളുടെ പേരിൽ ഒരു കേസു രജിസ്റ്റർ ചെയ്തു.

സ്റ്റേററുകാൺഗ്രസ്സ് വക്കിംഗ് കമ്മിററി അടിയന്തിരമായി സമ്മേളിച്ചു സ്ഥിതിഗതികൾ ഉൽക്കണ്ഠാപൂർവ്വം പ്രത്യാവലോകനം ചെയ്തു. ആ യോഗത്തിൽ പ്രത്യേക ക്ഷണമനുസരിച്ചു മി. ജി. രാമചന്ദ്രനും ചങ്ങനാശേരിയും സന്നിഹിതരായിരുന്നു. മി. രാമചന്ദ്രനും ചങ്ങനാശേരിയും അന്നു സ്റ്റേററുകാൺഗ്രസ്സിൽ അംഗങ്ങളായിരുന്നില്ല. സ്ഥിതിഗതികളുടെ ഗൌരവാവസ്ഥ ശക്തിപൂർവ്വം ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരുവാനുള്ള സ്റ്റേററുകാൺഗ്രസ്സ് വക്കിംഗ് കമ്മിററിയുടെ ഉദ്ദേ

ശത്തെ അവർ അനുകൂലിക്കുവാൻ മടിച്ചില്ല. വക്കിംഗ്കമ്മിററി ഒരു പ്രകടനം നടത്തുവാൻ നിശ്ചയിച്ചു. യോഗങ്ങൾ കൂട്ടുവാനുള്ള സംരംഭങ്ങളും മററു പൊതുപ്രകടനങ്ങളും അനുഭാവദൃഷ്ടിയോടല്ല അന്നു ഗവമ്മെൻറു വീക്ഷിച്ചുകൊണ്ടിരുന്നത്. അതുകൊണ്ടു നിരോധനാജ്ഞമൂലമോ, മററു മാർഗ്ഗങ്ങളിൽക്കൂടിയോ പ്രകടനങ്ങൾ തടയുവാൻ വല്ല നടപടികളും ഗവമ്മെൻറു കയ്ക്കൊള്ളുമോ എന്നൊരാശങ്ക പൊതുവേ പ്രകടമായിരുന്നു. മി. രാമചന്ദ്രൻെറ നിർദ്ദേശങ്ങളനുസരിച്ചു വിശദമായ ഒരു പ്രകടനപരിപാടി തയ്യാറാക്കി. അന്നു കാൺഗ്രസ്സ് ആഫീസായി ഉപയോഗിച്ചിരുന്ന വാൻറാസ്ബംഗ്ലാവിൽ നിന്നു റെയിൽവേസ്റ്റേഷൻമൈതാനംവരെ ഒരു ഘോഷയാത്ര നടത്തുന്നതിനും, അതവസാനിക്കുന്നിടത്തുവച്ച് പ്രതിഷേധമഹായോഗം കൂട്ടുന്നതിനുമാണു വക്കിംഗ്കമ്മറ്റി നിശ്ചയിച്ചത്. യോഗദിവസം വൈകുന്നേരം കൃത്യം മൂന്നു മണിക്കു ഗംഭീരമായ ഒരു ഘോഷയാത്ര വാൻറാസ്ബംഗ്ലാവിൽ നിന്നു തിരിച്ചു. ഘോഷയാത്ര ആരംഭിക്കുന്നതിനല്പം മുൻപായി ആയുധധാരികളായ ഒരു വലിയ സംഘം പോലീസ് സൈന്യം വാൻറാസ്ബംഗ്ലാവിനു പുറത്തു ചുററുമായി അണിനിരന്നുകഴിഞ്ഞിരുന്നു. മെ. പട്ടം താണുപിള്ള, ടി. എം. വർഗ്ഗീസ്, ജി. രാമചന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ വക്കീലന്മാർ, പൊതുക്കാര്യപ്രസക്തന്മാർ മുതലായവരുൾപ്പെട്ട നൂറിൽപരം ജനങ്ങളടങ്ങിയ ഒരു ഘോഷയാത്ര പല മുദ്രാവാക്യങ്ങളുമെഴുതിയിട്ടുള്ള കൊടികളും, പ്ലക്കാർഡുകളും വഹിച്ചുകൊണ്ടു ദേശീയഗാനങ്ങളും പാടി റോഡിലിറങ്ങിയതും, പോലീസുകാർ സൈനികരീതിയിൽ മാർച്ചുചെയ്തു ഘോഷയാത്രയുടെ ഇരുവശങ്ങളിലായി അണിനിരന്നതും ഒന്നായിക്കഴിഞ്ഞു. ഘോഷയാത്ര് പോലീസകമ്പടിയോടുകൂടി മുന്നോട്ടു നീങ്ങുവാനാരംഭിച്ചപ്പോൾ ഒരു മോട്ടാർവണ്ടി ആ കവലയിൽ വന്നു നിന്നു. അല്പനിമിഷങ്ങൾക്കുള്ളിൽ ചങ്ങനാശേരി കാറിൽനിന്നിറങ്ങി മന്ദമന്ദം മുന്നോട്ടു വന്നു ഘോഷയാത്രയുടെ മുൻഭാഗത്തു മററു നേതാക്കന്മാരോടു ചേർന്നു. അന്തരീക്ഷം പൊട്ടുന്ന ശബ്ദത്തിലുള്ള ജൈവിളികളോടും, മി. സി. കേശവൻെറ നിസർഗ്ഗമധുരമായ ഗാനാലാപങ്ങളോടും, മി.

വെട്ടൂർ നാരായണൻവൈദ്യന്റെ ചെണ്ടമേളങ്ങളോടും ഘോഷയാത്ര മുന്നോട്ടു സഞ്ചരിച്ചു. പ്രതീക്ഷിച്ചിരുന്നതുപോലെ യാതൊരനാശാസ്യസംഭവങ്ങളുമന്നുണ്ടായില്ല. ഘോഷയാത്ര കടന്നുപോകുന്നതു കാണുവാൻ മേയിൻറോഡിൻെറ ഇരുവശങ്ങളിലും, കെട്ടിടങ്ങളിലും, ബാംക്കണികളിലും ബഹുസഹസ്രം ജനങ്ങൾ കൂട്ടംകൂടി നിൽക്കുന്നുണ്ടായിരുന്നു. ഈ വൻപിച്ച പുരുഷാരം ഘോഷയാത്രയെഅനുഗമിച്ചു. റെയിൽവേസ്റ്റേഷൻ മൈതാനത്തു ജനങ്ങൾ തടിച്ചുകൂടിയിരുന്നു. ഘോഷയാത്ര മൈതാനത്തു ചെന്നുചേൎന്നപ്പോൾ പോലീസുകാർ ജനക്കൂട്ടത്തിൽനിന്നകന്നു മാറി യോഗസ്ഥലത്തിനു പുറകിൽ ഒരു വരിയായി നിന്നു. മി. പട്ടം താണുപിള്ളയുടെ അദ്ധ്യക്ഷതയിൽ യോഗം വിജയകരമായിക്കഴിഞ്ഞുകൂടി. യോഗമവസാനിക്കുന്നതുവരെ ചങ്ങനാശേരിയും സമ്മേളനസ്ഥലത്തു സന്നിഹിതനായിരുന്നു.

ചങ്ങനാശേരി ഈ പ്രകടനങ്ങളിൽ പങ്കെടുത്തതു് അപ്രതീക്ഷിതമായ ഒരു സംഭവമായിരുന്നു. അദ്ദേഹം അന്നു സ്റ്റേറ്റ് കാൺഗ്രസ്സിൽ ഒരംഗമായി ചേൎന്നിരുന്നില്ല. പോരെങ്കിൽ ഒരു പെൻഷ്യൻഡ് ഉദ്യോഗസ്ഥനായ അദ്ദേഹം ഗവമ്മെൻറിനെതിരായ പ്രകടനങ്ങളിൽ പങ്കെടുക്കുമെന്നു് ആരും വിശ്വസിച്ചിരുന്നതുമില്ല. ഏതായാലും തിരുവിതാംകൂറിലങ്ങിനെ ഒരു സംഭവം അതിനുമുൻപൊരിക്കലുമുണ്ടായിട്ടില്ല. കൂടാതെ രാജഭക്തിരഹിതവും വിദ്ധ്വംസകവുമെന്നു മുദ്രയടിക്കപ്പെട്ടുകഴിഞ്ഞിരുന്ന സ്റ്റേററ് കാൺഗ്രസ്സ് അപ്പോൾത്തന്നെ ഔദ്യോഗികദൃഷ്ട്യാ മഹാമാരിപോലെ വൎജ്ജിക്കയും ഭയപ്പെടുകയും ചെയ്യേണ്ട ഒരു സ്ഥാപനമായിത്തീൎന്നുകഴിഞ്ഞിരുന്നു.

ഓരോ തലമുടി നരയ്ക്കുന്തോറും ഗ്ലാഡ്സ്റ്റൻെറ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കും ഉല്പതിഷ്ണുത്വം വർദ്ധിച്ചുവന്നതായി അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ പ്രസ്താവിച്ചിട്ടുണ്ടു്. വാർദ്ധക്യം അദ്ദേഹത്തെ കൂടുതൽ കൂടുതൽ വിപ്ലവകാരിയാക്കിത്തീൎത്തിരുന്നുവത്രേ! "പരിപൂൎണ്ണമായ പക്വത സിദ്ധിച്ചിട്ടുള്ള ജനങ്ങൾ വളരെ അപൂൎവ്വമായതുകൊണ്ടു് എല്ലാ സൽഗുണങ്ങളും തികഞ്ഞ മനുഷ്യർ അത്ര സുലഭമല്ല. പ്രകൃതി

പഴുത്ത ഒരു ഫലംപോലെ മാധുര്യവും പുളിപ്പും ഇടകലർന്ന പ്രകൃതമുള്ളവരാണ് മനുഷ്യർ" എന്നു വാൾട്ടർ ലിപ്മാൻ ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ചങ്ങനാശേരി ഇതിനൊരു വൈവിദ്ധ്യമായിരുന്നു എന്നു വേണമെങ്കിൽ പറയാം. രാഷ്ട്രീയകാര്യങ്ങളിൽ പരിപൂർണ്ണമായി പഴുത്ത ഒരു പഴംപോലെ മാധുര്യവും സുഗന്ധവുമല്ലാതെ മറെറാന്നും അദ്ദേഹത്തിലവശേഷിച്ചിരുന്നില്ല. ചങ്ങനാശേരി പരമേശ്വരൻപിള്ളയെ സംബന്ധിച്ച് ഒരു സംഗതി തീർത്തു പറയാം. അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു എന്നു പറഞ്ഞാൽ അതു തികച്ചും അവാസ്തവമായിരിക്കും. എന്നാൽ അദ്ദേഹം ഒരു കടന്ന ഉല്പതിഷ്ണുവായിരുന്നു. വാർദ്ധക്യസഹജമായ യാഥാസ്ഥിതികത്വം രാഷ്ട്രീയകാര്യങ്ങളിൽ അദ്ദേഹത്തെ തീണ്ടിയിരുന്നുപോലുമില്ല. സാമുദായികവും രാഷ്ട്രീയവുമായ വിഷയങ്ങളിൽ ഒരു വിദ്യാർത്ഥി എന്ന നിലയിൽ അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന ഉല്പതിഷ്ണുത്വം ആ വാർദ്ധക്യദശയിലും കൂടുതൽ വികസിച്ചിരുന്നതല്ലാതെ അണുമാത്രമെങ്കിലും ക്ഷീണിതമായിരുന്നില്ല. അദ്ദേഹം ഒരു നിയമലംഘകനോ സമരപ്രവർത്തകനോ അല്ല. വ്യവസ്ഥാപിതമായ പ്രവർത്തനങ്ങൾകൊണ്ട് അടിയന്തിരമായല്ലെങ്കിലും കാലാന്തരത്തിൽ ഏതൊരു ദുർഘടപ്രശ്നങ്ങൾക്കും പരിഹാരമാർഗ്ഗം നേടുവാൻ അഭ്യസ്തവിദ്യരെക്കൊണ്ടു നിറഞ്ഞ ഒരു രാജ്യത്തു കഴിയുമെന്ന് അദ്ദേഹം ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. ആദ്യന്തമുള്ള അദ്ദേഹത്തിൻെറ രാഷ്ട്രീയപ്രവർത്തനങ്ങൾ ഇതിലേയ്ക്കു മതിയായ ഉദാഹരണങ്ങളാണ്. ൯൭-ലെ ഒന്നാംറഗുലേഷൻസംബന്ധിച്ചും, വയ്ക്കംസത്യാഗ്രഹസമരത്തിലും, ഈ മനോഭാവംതന്നെയാണ് അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയതു്. ഒരു നിയമലംഘകനെന്ന നിലയിൽ ഗവർമ്മെൻറിനോടേററു മുട്ടുവാനുള്ള അവസരങ്ങൾ ഒന്നിലധികം തവണ സുദീർഘമായിരുന്ന അദ്ദേഹത്തിൻെറ രാഷ്ട്രീയജീവിതത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും ഒരിക്കൽപോലും അദ്ദേഹം അതിനു തുനിഞ്ഞിട്ടില്ല. എന്നാൽ വ്യവസ്ഥാപിതപ്രക്ഷോഭണം അദ്ദേഹത്തിന്റെ നിഘണ്ടുവിൽ സ്വാർത്ഥതയ്ക്കോ അവസരസേവകത്വത്തിനോ ഉള്ള പര്യായപദമായിരുന്നില്ല. ഭീരുത്വത്തിൻെറ ഒരാവരണവുമായിട്ടല്ല അദ്ദേഹം ആ പദ

ത്തെ വ്യാഖ്യാനിച്ചിരുന്നതു്. പ്രാഥമികപൌരാവകാശങ്ങളെപ്പോലും ബലികഴിക്കുവാനുള്ള സന്നദ്ധതയും അദ്ദേഹത്തിൻെറ വ്യവസ്ഥാപിത പ്രക്ഷോഭണത്തിലന്തർഭവിക്കുന്നില്ല. ഒരു പൌരനു നിയമദത്തമായും അംഗീകൃതമായും ചില പൌരാവകാശങ്ങളുണ്ടു്. അവയിൽ കൈകടത്തുവാൻ യാതൊരു ഗവമ്മെൻറിനും അധികാരമില്ലെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. സുനിശ്ചിതമായ ആ പരിധിക്കുള്ളിൽ നിന്നുകൊണ്ടു ജനക്ഷേമകരങ്ങളായ പൊതുക്കായ്യപ്രവത്തനങ്ങളിൽ പങ്കെടുക്കേണ്ടതു് ഏതൊരു പൌരൻേറയും കത്തവ്യമാണെന്നദ്ദേഹം വിചാരിച്ചു. പ്രാഥമികമായ അവകാശങ്ങൾ പ്രയോഗിക്കുമ്പോൾ തന്മൂലമുണ്ടാകാവുന്ന ഭവിഷ്യത്തുകൾ അദ്ദേഹത്തെ ഒരിക്കലും അധീരനാക്കിയിട്ടില്ല. യാതൊരുവിധമായ ഭീഷണികൾക്കും അങ്ങിനെയുള്ള പ്രവത്തനങ്ങളിൽ നിന്നദ്ദേഹത്തെ പിന്തിരിപ്പിക്കുവാനും കഴിഞ്ഞിട്ടില്ല. ഏതു പരിതഃസ്ഥിതികളിലും എത്ര മഹാത്യാഗങ്ങൾതന്നെ സഹിക്കേണ്ടിവന്നാലും അഭിമാനകരമായ പൌരജീവിതത്തിനു ഹാനി തട്ടുന്ന ഏതൊരു കൈകടത്തലുകളേയും അദ്ദേഹം നിർഭയം ചെറുത്തിട്ടുണ്ടു്. അതുകൊണ്ടു നേരിടേണ്ടിവന്നിട്ടുള്ള ദുഘടങ്ങൾ ഒരു നിമിഷനേരത്തേയ്ക്കെങ്കിലും അദ്ദേഹത്തെ ചഞ്ചലചിത്തനാക്കിയിട്ടില്ല. അറസ്ററും ജയിൽവാസവും അദ്ദേഹത്തെ ആകൃഷ്ടനാക്കിയിട്ടില്ല. ജയിലിൽ ഓടിക്കയറുവാനും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ നീതീകരിക്കത്തക്ക യാതൊരു കത്തവ്യങ്ങളിൽ നിന്നും ജയിൽവാസഭീഷണിക്കോ മററു നടപടികൾക്കോ അദ്ദേഹത്തെ ഒരിക്കലെങ്കിലും പിന്തിരിപ്പിക്കുവാനും കഴിഞ്ഞിട്ടില്ല. സ്റേററു്കാൺഗ്രസ്സിനോടു ചങ്ങനാശേരിക്കുണ്ടായിരുന്ന ബന്ധം ഓരോ ഘട്ടത്തിലും അദ്ദേഹത്തിൻെറ ഈ പ്രത്യേക മനോഭാവത്തെ അനുസ്മരിപ്പിക്കുന്നുണ്ടു്.

തിരുവിതാംകൂറിൽ സംഭവങ്ങൾ ദ്രുതഗതിയിൽ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. ഗവമ്മെൻറിനു സ്റേററുകാൺഗ്രസ്സിനോടുണ്ടായിരുന്ന പ്രതികൂലഭാവം അനുദിനമെന്നവണ്ണം വർദ്ധിച്ചുവന്നു. യോഗങ്ങളും പ്രകടനങ്ങളും നടത്തുവാനുള്ള സ്റേററുകാൺഗ്രസ്സിൻെറ ശ്രമങ്ങൾ ഒന്നൊന്നായി വിഫലപ്പെട്ടു.

യോഗസ്ഥലങ്ങളിൽ ചട്ടമ്പിമാരും മദ്യപാനികളും സന്നിഹിതരായി കലക്കമുണ്ടാക്കുകയെന്നുള്ളതു് ഒരു സാധാരണ പതിവായിത്തീൎന്നു. ഈ ഘട്ടത്തിൽ പൊതുസമാധാനത്തിന്റെ പേരിൽ രാജ്യത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ യോഗങ്ങളും പ്രകടനങ്ങളും ഗവൎമ്മെന്റു നിരോധനാജ്ഞകൾകൊണ്ടു തടഞ്ഞു. രാജ്യമൊട്ടുക്കു പൊട്ടിപ്പുറപ്പെട്ട പ്രക്ഷോഭണങ്ങൾ വിദ്യാൎത്ഥിലോകത്തിലും ചില പ്രത്യാഘാതങ്ങൾ ഉണ്ടാക്കിത്തീൎത്തു. വിദ്യാൎത്ഥികൾ രാഷ്ട്രീയപ്രകടനങ്ങളിൽ പങ്കെടുത്തു് അസംതൃപ്തിയും അസമാധാനവും വൎദ്ധിപ്പിച്ചു. നിയമസഭ നടന്നുകൊണ്ടിരുന്ന ഘട്ടമായിരുന്നു അതു്. പരിവൎത്തനപരമായ രാഷ്ട്രീയ പ്രക്ഷോഭണങ്ങൾ വിദ്യാൎത്ഥികളെ സ്വാഭാവികമായി ആകൎഷിക്കുകയും, തൽഫലമായി രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ പങ്കെടുക്കുവാൻ വിസമ്മതിച്ച നിയമസഭാംഗങ്ങളെ അവർ കാളേജുനടയിൽനിന്നു കൂകിവിളിക്കയുംചെയ്തു. ഇതു ചിലനിയസഭാംഗങ്ങളെ ക്ഷോഭിപ്പിച്ചു. അടുത്തദിവസം നിയമസഭ ഒരടിയന്തിപ്രമേയംവഴി ഈ സംഗതി വാദവിഷയമാക്കി. ൧൧൧൬ മിഥുനമാസം ൯ ൧-ാംനു- വൈകുന്നേരം വീണ്ടും കൂക്കുവിളിയും മറ്റനിഷ്ടസംഭവങ്ങളും നടന്നു. പോലീസുകാരും അശ്വാരൂഢരായ പട്ടാളക്കാരും സയൻസുകാളേജുവളപ്പിൽ പ്രവേശിച്ചു വിദ്യാൎത്ഥികളെ അടിക്കയും ഇടിക്കയും ചെയ്തു. അസാധാരണമായ ഈ സംഭവം ജനപക്ഷത്തുനിന്നുള്ള പ്രക്ഷോഭണങ്ങൾക്കു ശക്തി കൂട്ടി. ൧൧൧൬ കൎക്കടകം ൮-ാംതീയ്യതി ദക്ഷിണതിരുവിതാംകൂറിലെ ആദരണീയനായ ഒരു പൌരനും പഴയ നിയമസഭാംഗവുമായ മി. പി.പത്മനാഭൻതമ്പിയുടെ അദ്ധ്യക്ഷതയിൽ തമ്പാന്നൂർമൈതാനത്തുവച്ചു പൌരന്മാരുടെ ഒരു മഹായോഗം കൂടി വിദ്യാൎത്ഥിമൎദ്ദനത്തെ പ്രതിഷേധിച്ചു. കൂടാതെ പ്രസ്തുത സമ്മേളനം വിദ്യാൎത്ഥിമൎദ്ദനത്തെപ്പററി വിശദമായ ഒരന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യുവാൻ ചങ്ങനാശേരി സംയോജകനായും രാജസഭാഭൂഷണൻ കെ. ചാണ്ടി, ഡാക്ടർ എ. ഇ. നായിഡു എന്നിവർ അംഗങ്ങളായും ഒരു കമ്മിററിയെ നിയമിച്ചു. അന്വേഷിക്കേണ്ട സംഭവങ്ങളുടെ സാക്ഷികൾ മിക്കവാറും വിദ്യാൎത്ഥികളും ഗവൎമ്മെന്റുദ്യോഗസ്ഥന്മാരുമായിരുന്നതുകൊണ്ടു കമ്മിററിക്കാർ ഇക്കാൎയ്യത്തിൽ ഗവ

മ്മെൻറിൻെറ സഹകരണം അഭ്യർത്ഥിക്കുവാൻ തീർച്ചയാക്കി. എന്നാൽ ഈ അഭ്യർത്ഥനയെ ഗവമ്മെൻറു നിരാകരിച്ചു. അതുകൊണ്ടന്വേഷണശ്രമങ്ങൾ ഉപേക്ഷിക്കുവാൻ കമ്മിററി നിർബന്ധിതമായി. ൧൯൩൮ അക്ടോബർ ൧൪-ാംതീയതി ഈ വിവരങ്ങൾ കാണിച്ച് ഒരു പ്രസ്താവന പുറപ്പെടുവിച്ചതിനുശേഷം കമ്മിററി സ്വയം ജോലിയിൽനിന്നു വിരമിച്ചു.

സ്റ്റേററുകാൺഗ്രസ്സിൻെറ സംഘടനാപരമായ പ്രവൎത്തനങ്ങൾ ആരംഭിച്ചതോടുകൂടി ഗവമ്മെൻറു നിരോധനാജ്ഞകൾകൊണ്ടു പൊതുയോഗങ്ങൾ തടഞ്ഞതും, ഉത്തരവാദഭരണമനുവദിക്കേണ്ടതിന്റെ ആവശ്യകതയെ വിശദീകരിച്ചും, ദിവാൻജിയെപ്പററി വ്യക്തിപരമായ ദോഷാരോപണങ്ങൾ ചെയ്തും, വർക്കിംഗ്കമ്മിററി മഹാരാജാവു തിരുമനസ്സിലേയ്ക്കു് ഒരു മെമ്മോറിയൽ സമൎപ്പിച്ചതും, ദുഘടകരമായ പല ദശാസന്ധികളും കടന്നു് ഒടുവിൽ സ്റ്റേററുകാൺഗ്രസ്സ് സത്യാഗ്രഹസമരമാരംഭിക്കുവാൻ നിശ്ചയിച്ചതുമായ ചരിത്രം ഇവിടെ അപ്രസക്തമാണു്. കാർമേഘാവൃതമായിരുന്ന തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ എന്തെങ്കിലും ഒരു രജതകിരണം വീശുവാൻ സാധിക്കുമോ എന്നു പരീക്ഷിക്കുവാനായി ഈ ഘട്ടത്തിൽ രാജകുമാരി അമൃതകൌറിനെ മഹാത്മാഗാന്ധി തിരുവനന്തപുരത്തേയ്ക്കു നിയോഗിച്ചു. ൧൧൧൪ ചിങ്ങം ൪-ാംനു രാജകുമാരി തിരുവനന്തപുരത്തെത്തി. ഗവമ്മെൻറും സ്റ്റേററുകാൺഗ്രസ്സും തമ്മിൽ ഒരു രാജിയുണ്ടാക്കി ആസന്നമായിരുന്ന ദുഘടങ്ങൾ പരിഹരിക്കുവാൻ രാജകുമാരി അതിതീവ്രമായും ആത്മാൎത്ഥമായും പ്രയത്നങ്ങൾ ചെയ്തു. മഹാരാജാവിനേയും മഹാറാണിയേയും, ദിവാൻജിയേയും സന്ദൎശിച്ച് ആ മഹതി ദീഘസംഭാഷണങ്ങൾ നടത്തി. സ്റ്റേററുകാൺഗ്രസ്സ്നേതാക്കന്മാരും രാജകുമാരിയെ അടിക്കടി കണ്ടു് അവരുടെ വീക്ഷണകോടി വിശദമാക്കി. ഈ ഘട്ടത്തിൽ സന്ധിയുണ്ടാക്കുവാനുള്ള ശ്രമങ്ങളിൽ ചങ്ങനാശേരിയും പങ്കെടുത്തു. ചങ്ങനാശേരി രാജകുമാരിയെ ഒന്നിലധികം തവണ സന്ദൎശിച്ചു രാജിയുണ്ടാക്കുവാനുള്ള മാൎഗ്ഗങ്ങൾ ആരാഞ്ഞു. സ്റ്റേററുകാൺഗ്രസ്സ് നിയമലംഘനം ആരംഭിക്കരുതെന്നും, രണ്ടാമത്തെ നിരോധനാജ്ഞകളുടെ കാലാവധി അവസാനിക്കുന്നതുവരെ കാത്തിരിക്കണ

മെന്നും, ഗവമ്മെൻറ് വീണ്ടും നിരോധനാജ്ഞകൾ പുതുക്കരുതെന്നും ഒരു വ്യവസ്ഥ ഇരുകക്ഷികളും സ്വീകരിക്കണമെന്നു രാജകുമാരി നിർദ്ദേശിച്ചു. ചങ്ങനാശേരി പ്രസ്തുത നിർദ്ദേശത്തെ പിന്താങ്ങി. നിരോധനാജ്ഞകൾ പുതുക്കയില്ലെന്നു ദിവാൻജിയിൽനിന്നു രാജകുമാരി ഒരുറപ്പു വാങ്ങണമെന്നും, ആ ഉറപ്പിനെ ആസ്പദമാക്കി നിയമലംഘനം തുടങ്ങരുതെന്നു സ്റ്റേററ് കാൺഗ്രസ്സിനോട് അവർ ഒരഭ്യർത്ഥന പുറപ്പെടുവിക്കണമെന്നും, അതനുസരിച്ചു സ്റ്റേററ്കാൺഗ്രസ്സ് സമരസമാരംഭം മാറ്റിവയ്ക്കണമെന്നുമാണു ചങ്ങനാശേരി നിർദ്ദേശിച്ചതു്. സ്റ്റേററ് കാൺഗ്രസ്സ് ഈ നിർദ്ദേശങ്ങൾക്കു വഴിപ്പെട്ടില്ല. ദിവാൻജിയിൽനിന്നു രാജകുമാരിക്കങ്ങിനെ ഒരുറപ്പു ലഭിച്ചതുമില്ല. രാജകുമാരി നിരാശയോടെ മടങ്ങിപ്പോയി.

രാജകുമാരി തിരുവനന്തപുരം വിട്ടതിനുശേഷം ചങ്ങനാശേരി മഹാത്മാഗാന്ധിക്കയച്ച ഒരു കത്തിൽ സ്റ്റേററ്കാൺഗ്രസ്സിൻെറ പ്രക്ഷോഭണചരിത്രം വിവരിച്ചിരിക്കുന്നതു വിജ്ഞാനപ്രദമാണു്. ൧൯൩൮ ആഗസ്റ്റ് ൨൬-ാംനു അയച്ച പ്രസ്തുത കത്തു താഴെച്ചേർക്കുന്നു:---

"അടിവന്ദ്യനായ ബാപ്പുജി,

അങ്ങയുടെ ആരോഗ്യസ്ഥിതി തൃപ്തികരമല്ലെന്നറിയുന്നതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. അതു് ആ പഴയ രക്തസമ്മർദ്ദസംബന്ധമായ സുഖക്കേടാണെന്നും ഇപ്പോൾ സുഖം പ്രാപിച്ചിട്ടുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. അങ്ങു് വേഗത്തിൽ പൂർണ്ണാരോഗ്യം പ്രാപിക്കുകയും, ഭാരതമാതാവിനു വേണ്ടിയുള്ള അങ്ങയുടെ ജോലികൾ ചെയ്യുവാൻ പ്രാപ്തനായി ഭവിക്കയും ചെയ്യട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയുടെ വിശ്രമത്തെ ഭഞ്ജിച്ചുകൊണ്ടു് ഈ എഴുത്തയയ്ക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. എന്നാൽ തിരുവിതാംകൂർകാര്യങ്ങളിൽ അങ്ങു താല്പര്യം പ്രദർശിപ്പിച്ചുവരുന്നതുകൊണ്ടു് ഇവിടത്തെ സ്ഥിതികളെക്കുറിച്ചു് ഒരു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ. രാജകുമാരി അമൃതകൌർ ഇന്നലെ രാവിലെ ഇവിടം വിട്ടു. ഇവിടെവച്ചു് അവർക്കുണ്ടായ അനുഭവങ്ങളെക്കുറിച്ചു് അവർ അങ്ങയോടു് ഇപ്പോൾ പറഞ്ഞുകഴിഞ്ഞിട്ടുണ്ടായിരിക്കണം. ഞാൻ കണ്ടിട്ടുള്ള സമർത്ഥകളായ സ്ത്രീകളിൽ ഒരാളാകുന്നു രാജകുമാരി. എന്തെങ്കിലും ഒരു രാജിയുണ്ടാക്കാൻ അവർ ആകുന്നിടത്തോളം യത്നിച്ചു. പ്രതീക്ഷിച്ചിരുന്നതുപോലെ അവരുടെ പരിശ്രമങ്ങൾ വിജയപ്രദമായി ഭവിച്ചിട്ടില്ലെങ്കിൽ, അതു് അവരുടെ ശ്രമക്കുറവുകൊണ്ടല്ല, പിന്നെയോ, ഇരുകക്ഷികളും തമ്മിലുള്ള അത്യസുഖകരമായ ബന്ധംകൊണ്ടു മാത്രമാണു്. ഞാൻ അവരോടടുത്തു പെരുമാറിയി

രുന്നു. പല അഭിപ്രായഗതികളോടുകൂടിയ സന്ദർശകർമൂലം അവർക്കുണ്ടായ ബുദ്ധിമുട്ടുകളും സമാധാനസംസ്ഥാപനത്തിനായി അവർ ചെയ്ത അവിശ്രാന്ത പരിശ്രമങ്ങളും എനിക്കു നല്ലപോലറിയാം.

ഉത്തരവാദഭരണപ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഒരിഞ്ചുപോലും കീഴടങ്ങുവാൻ ഗവണ്മെൻറു തയ്യാറില്ല. സർവ്വസമുദായപ്രാതിനിധ്യമുള്ളതും ഉത്തരവാദഭരണാർത്ഥം ആത്മാർത്ഥമായി പരിശ്രമിക്കുന്നതും ആയ ഏക സ്ഥാപനമാണു സ്റ്റേറ്റ്കാൺഗ്രസ്സ്. ചുരുക്കം ചില സമുദായവാദികളാണു അതു തുടങ്ങിയതു്; സംശയമില്ല. ദിവാനോടു വ്യക്തിപരമായി വിരോധമുള്ളവരായിരുന്നു അവരിൽ ചിലരെന്നതും പരമാർത്ഥംതന്നെ. മഹാരാജാവു തിരുമനസ്സിലേയ്ക്കു സമർപ്പിച്ച ഒരു മെമ്മോറാണ്ടത്തിൽ, ദിവാനെക്കുറിച്ചു ചില കുററങ്ങൾ ആരോപിക്കുക എന്ന അക്ഷന്തവ്യമായ തെററും അവർ ചെയ്തിട്ടുണ്ടു്. ഇതു് അധികാരികളെ വളരെ ക്രോധവശരാക്കിയിട്ടുണ്ടു്. പ്രാരംഭംമുതൽക്കേ പ്രസ്ഥാനത്തോടു ഗവണ്മെൻറ് അനുവർത്തിച്ച വിരോധഭാവത്താൽ ഇപ്രകാരം ചെയ്യുവാൻ സ്റ്റേറ്റ്കാൺഗ്രസ്സ് പ്രേരിതമാകയാണുണ്ടായതെന്നാണ് എൻെറ അഭിപ്രായം. സ്റ്റേറ്റ്കാൺഗ്രസ്സുകാർ ഒരു യോഗമെങ്കിലും കൂട്ടുകയോ, ഒരു പ്രസംഗമെങ്കിലും ചെയ്യുകയോ ചെയ്യുന്നതിനു മുമ്പ്, ഗവണ്മെൻറ് അവരുടെ യോഗങ്ങളെ നിരോധിച്ചു. സ്വാഭാവികമായി ഇതു സ്റ്റേറ്റ്കാൺഗ്രസ്സുകാരെ രോഷാകുലരാക്കി......

സ്റ്റേറ്റ്കാൺഗ്രസ്സ് ഇപ്പോൾ സാരമായ ശക്തി സമ്പാദിക്കുകയും, സാമുദായികത്വത്തിൽനിന്നും വ്യക്തിപരമായ ഗുണവാന്മാരെ, പ്രതീകാരബുദ്ധി എന്നിവയിൽനിന്നും വിനിവൃത്തമാകുകയും ചെയ്തിട്ടുണ്ടു്. വ്യക്തിവികാരപ്രേരിതരായ പലരും ഇനിയും അതിലില്ലെന്നു ഞാൻ പറയുന്നില്ല. . . . . ഏതായാലും സാമാന്യജനതയുടെ രാഷ്ട്രീയബോധം വളരെ വർദ്ധിച്ചിട്ടുണ്ടു്. അവരാണ് ഇന്നു പ്രസ്ഥാനത്തിൻെറ വാസ്തവത്തിലുള്ള നട്ടെല്ല്. എന്നാൽ, ഇന്നു പ്രസ്ഥാനത്തിൽ സാമുദായികത്വമില്ല. അതിനെതിരായി അവർ പ്രതിജ്ഞാപത്രം ഒപ്പിട്ടിട്ടുമുണ്ടു്. സർവ്വീസിലും നിയമസഭകളിലും പിന്നോക്കസമുദായതാല്പര്യങ്ങളെ സംരക്ഷിക്കുവാൻ ഗവണ്മെൻറു ചെയ്തിട്ടുള്ള വ്യവസ്ഥകളെ അവർ അനക്കിയിട്ടില്ലെന്നു മാത്രം. മി. രാമചന്ദ്രൻ പ്രസ്ഥാനത്തിൽ ചേർന്നതിനുശേഷം അസംബ്ളിയിലെ സാമുദായികകക്ഷിയെ പിരിച്ചുവിട്ടു തൽസ്ഥാനത്തു് ഒരു സ്റ്റേറ്റ്കാൺഗ്രസ്സുപാർട്ടിയെ രൂപവൽക്കരിച്ചിട്ടുണ്ടു്. അവർ അക്രമരാഹിത്യപരിപാലനത്തിനു പ്രതിജ്ഞ ചെയ്തിട്ടുള്ളവരാകുന്നു. പത്രങ്ങളിൽ കാണുന്ന ചില്ലറ അക്രമസംഭവങ്ങൾ കേഡിത്തരത്തിൻെറ ഫലമാണ്. അതിൽ സ്റ്റേറ്റ്കാൺഗ്രസ്സിനു യാതൊരു പങ്കുമില്ല. തങ്ങളുടെ കാര്യത്തിനു വേണ്ടി കഷ്ടപ്പാടുകളനുഭവിക്കാനുള്ള സന്നദ്ധതയും സ്റ്റേറ്റ്കാൺഗ്രസ്സംഗങ്ങൾ കാണിക്കുന്നുണ്ടു്.

ഇങ്ങിനെ സമുദായവാദികളായിരുന്ന ഒരു ചെറുസംഘം ആളുകളിൽനിന്നും, പരിതഃസ്ഥിതികളുടെ ശക്തികൊണ്ടു്, അതിശക്തമായ ഒരു രാഷ്ട്രീയകക്ഷി ഉത്ഭവിച്ചു. അതിനു ജനസാമാന്യത്തിൻെറ പിന്തുണയുണ്ടെന്നു മാത്രമല്ല, അതു സാമുദായികമനോഭാവം ഉപേക്ഷിക്കുകയും,

ത്യാഗങ്ങൾ അനുഭവിക്കാനുള്ള സന്നദ്ധത കാണിക്കുകയും, പൊതുവായ ഒരു നല്ല കാര്യത്തിനു വേണ്ടി നിരന്തരം പ്രവർത്തിക്കുവാൻ പ്രതിജ്ഞ ചെയ്യുകയും ചെയ്തിട്ടുണ്ട് ...............................

മേൽ പ്രസ്താവിച്ചതെഴുതി കഴിഞ്ഞതിനുശേഷം, ൧൧൧൪-ലെ ഒന്നാം റഗുലേഷനായി തിരുവിതാംകൂർ ക്രിമിനൽ ലാ അമൻഡ്മെൻറ് റഗുലേഷൻ (൧൯൩൮ ആഗസ്റ്റ് ൨൬-ാണ് ഇതിനു തുല്യമായ തീയതി) എന്നു പേരായി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു അസാധാരണ ഗസററ് എനിക്കു കിട്ടിയിട്ടുണ്ട്. അങ്ങയ്ക്കു വായിക്കുവാനായി അതിൻെറ ഒരു പ്രതി ഇതിലടക്കം ചെയ്തുകൊള്ളുന്നു. ഈ റഗുലേഷൻ നൽകുന്ന അധികാരം ഉപയോഗിച്ച്, സ്റ്റേററ് കാൺഗ്രസ്സിനെ ഒരു നിയമവിരുദ്ധസംഘമായി ഗവമ്മെൻറ പ്രഖ്യാപനം ചെയ്തിരിക്കുന്നു. .................

സ്നേഹബഹുമാനാന്വിതം,

ചങ്ങനാശേരി പരമേശ്വരൻപിള്ള (ഒപ്പ്)

# അദ്ധ്യായം ൪൮

൧൧൧൪ ചിങ്ങമാസം ൧൦-ാംതീയതി തിരുവിതാംകൂർ ചരിത്രത്തിലെ അവിസ്മരണീയമായ ഒരു ദിനമായി ഭാവിതലമുറകൾ പരിഗണിച്ചേയ്ക്കാം. അന്നാണു സ്റ്റേറ്റുകാൺഗ്രസ്സ് സത്യാഗ്രഹപ്രസ്ഥാനമാരംഭിക്കുവാൻ നിശ്ചയിച്ചിരുന്നത്. ജനപക്ഷത്തുനിന്നുള്ള നിയമലംഘനോദ്യമങ്ങളെ ശക്തിയുക്തം അമർത്തുവാൻ മറേറതൊരു ഗവമ്മെൻറുമെന്നപോലെതന്നെ തിരുവിതാംകൂർഗവമ്മെൻറും സന്നദ്ധമായി. അതിലേയ്ക്കു് എക്സിക്യൂട്ടിവിനു വിപുലമായ അധികാരങ്ങൾ നൽകുന്ന രൂക്ഷമായ പല വകുപ്പുകളും ഉൾപ്പെടുത്തി ൧൧൧൪-ലെ ഒന്നാംറെഗുലേഷനെന്ന പേരിൽ ഗവമ്മെൻറു് ഒരു വിളംബരം പ്രഖ്യാപനം ചെയ്തു. പ്രസ്തുത വിളംബരമനുസരിച്ചു ഗവമ്മെൻറിൽ നിക്ഷിപ്തമായ അധികാരങ്ങൾ പ്രയോഗിച്ചു സ്റ്റേറ്റുകാൺഗ്രസ്സ്, യൂത്ത്ലീഗ് എന്നീ സംഘടനകൾ നിയമവിരുദ്ധസംഘങ്ങളായി ഗവമ്മെൻറു പ്രഖ്യാപിച്ചു.

൧൧൧൪-ലെ ഒന്നാംറെഗുലേഷൻെറ ഓരോ പ്രതികൾ ചിങ്ങം ൧൦-ാംനു രാവിലെ പോലീസധികാരികൾ സ്റ്റേറ്റ്കാൺഗ്രസ്സ്നേതാക്കന്മാക്കയച്ചുകൊടുത്തു. എങ്കിലും മുൻകൂട്ടി നിശ്ചയിച്ചിരുന്ന കാര്യപരിപാടിയിൽ സ്റ്റേറ്റുകാൺഗ്രസ്സ് യാതൊരു വ്യതിയാനവും വരുത്തിയില്ല. ചിങ്ങം ൧൦-ാംനു വൈകുന്നേരം തിരുവനന്തപുരത്തു കടൽപ്പുറത്തു ബഹുസഹസ്രം ജനങ്ങൾ സന്നിഹിതരായിരുന്ന ഒരു മഹായോഗത്തിൽവച്ചു സ്റ്റേറ്റുകാൺഗ്രസ്സ്പ്രസിഡൻറു് മി. പട്ടം താണുപിള്ളയും മി. ടി. എം. വർഗ്ഗീസും നിയമലംഘനംചെയ്തു് അറസ്ററു വരിച്ചു. അന്നത്തെ സായാഹ്നത്തിൽത്തന്നെ തിരുവിതാംകൂറിലെ പ്രധാനപ്പെട്ട എല്ലാ പട്ടണങ്ങളിലും നിയമനിഷേധയോഗങ്ങൾ നടത്തി നേതാക്കന്മാർ സത്യാഗ്രഹമനുഷ്ഠിച്ചു. എന്നാൽ ഗവമ്മെൻറു് എല്ലാ നിയമലംഘകന്മാരേയും അറസ്ററുചെയ്യുകയുണ്ടായില്ല. ഈ ഘട്ടത്തിൽ ചങ്ങനാശേരി ൧൧൧൪-ലെ ഒന്നാംറെഗുലേഷനെ വിമർശിച്ചുകൊണ്ടു് ഒരു പ്രസ്താവന പുറപ്പെടുവിക്കയുണ്ടായി.

൧൧൨ ചിങ്ങം ൧൩-ാംതീയതി ശംഖുംമുഖം കടൽപ്പുറത്തുവച്ചു തിരുവനന്തപുരത്തെ രണ്ടാമത്തെ നിയമലംഘന മഹായോഗം നടന്നു. അന്നു പോലീസുകാർ യോഗം തടയുന്നതിനു വേണ്ടി കടൽപ്പുറത്തേയ്ക്കു മലവെള്ളംപോലെ പ്രവഹിച്ചുകൊണ്ടിരുന്ന ബഹുസഹസ്രം ജനങ്ങളെ എല്ലാ മാൎഗ്ഗങ്ങളിലും തടഞ്ഞുനിൎത്തി. ജനക്കൂട്ടം പെരുകി നിയന്ത്രണാതീതമായിത്തീൎന്നതോടുകൂടി പോലീസുകാർ ഒരു ലാത്തിപ്രയോഗം നടത്തി. അടിയേററു ജനങ്ങൾ ക്ഷുഭിതരായിത്തീൎന്നു. അനന്തരം അതിഭയങ്കരമായ ഒരു കല്ലേറു നടന്നു. ഡി. എസ്സ്. പി-യുടെ കാർ അഗ്നിക്കിരയായി. ചങ്ങനാശേരി കല്ലേറും ലാത്തിപ്രയോഗവും നടന്ന് ഒരു മണിക്കൂർ കഴിയുന്നതിനു മുൻപുതന്നെ മെ. ജി. രാമചന്ദ്രൻ, കെ. പി. നീലകണ്ഠപ്പിള്ള എന്നിവരാൽ അനുഗതനായി കടൽപ്പുറത്തു ചെന്നുചേൎന്നു. അദ്ദേഹം തുറമുഖം വരെ കാൽനടയായി സഞ്ചരിച്ച് ഉണ്ടായ സംഭവങ്ങളെപ്പററി അതിവിപുലമായ ഒരന്വേഷണം നടത്തി. കടൽപ്പുറത്തുള്ള ഓരോ മുക്കുവരുടെ ഗൃഹങ്ങളിലും കയറി അദ്ദേഹം തെളിവുകൾ ശേഖരിച്ചു. അനന്തരം ചങ്ങനാശേരി, മെ. രാമചന്ദ്രൻ, കെ. പി. നീലകണ്ഠപ്പിള്ള എന്നിവർ മൂന്നു പേരും ഒപ്പിട്ട് ഒരു പ്രസ്താവന പുറപ്പെടുവിച്ചു.

ഈ പ്രസ്താവനയുടെ യാഥാൎത്ഥ്യത്തെ ചോദ്യംചെയ്തുകൊണ്ടും, അതിലെ ഓരോ വാചകവും വാസ്തവവിരുദ്ധവും തെററിദ്ധാരണ ജനിപ്പിക്കുന്നതുമെന്നു പ്രസ്താവിച്ചുകൊണ്ടും പോലീസ്കമ്മീഷണരും ഡിസ്ട്രിക്ട്മജിസ്ട്രേട്ടും ഒപ്പിട്ട് ഒരു എതിർപ്രസ്താവന പുറപ്പെടുവിച്ചു. ഇതിനിടയ്ക്കു മെ. കെ. പി. നീലകണ്ഠപ്പിള്ളയും ജീ. രാമചന്ദ്രനും അറസ്റ്റിൽപ്പെട്ടുകഴിഞ്ഞിരുന്നതുകൊണ്ടു ചങ്ങനാശേരി സ്വന്തം ഉത്തരവാദിത്വത്തിന്മേൽ മാത്രം ഇതിനു മറെറാരു പ്രത്യാഖ്യാനമെഴുതി.

ചിങ്ങം ൧൭-ാംനു- തിരുവനന്തപുരത്തു വളരെ വൻപിച്ചതോതിൽ ഒരു വിദ്യാൎത്ഥിപ്രകടനം നടന്നു. വിദ്യാൎത്ഥികളും വിദ്യാൎത്ഥിനികളും അതിൽ പങ്കെടുത്തിരുന്നു. വൈ. ഡബ്ള്യൂ. സി. ഏ-യുടെ മുൻഭാഗത്തുള്ള മെയിൻറോഡിൽവച്ചാണ് ഈ ഗംഭീരമായ പ്രകടനങ്ങളാരംഭിച്ചത്. മഹാരാജാവുതിരു

മനസ്സുകൊണ്ടു പതിവുപോലെ കാലത്തു് ഒൻപതു മണിക്കു പത്മനാഭസ്വാമിക്ഷേത്രത്തിൽ ദർശനത്തിനെഴുന്നള്ളുമ്പോൾ മെയിൻറോഡിൽ രണ്ടു വശങ്ങളിൽ വരിവരിയായി നിരന്നു നിന്നു, വിദ്യാർത്ഥികളെ പോലീസുകാർ അടിച്ചതിനെക്കുറിച്ചുള്ള സങ്കടങ്ങളെ ഉണർത്തിക്കണമെന്നായിരുന്നു അവർ നിശ്ചയിച്ചിരുന്നതു്. കാലത്തു് എട്ടു മണിയോടുകൂടിത്തന്നെ ബഹുശതം വിദ്യാർത്ഥികളും ഒട്ടനവധി വിദ്യാർത്ഥിനികളും വൈ. ഡബ്ളിയൂ. സി. എ-യുടെ മുൻപിലുള്ള മെയിൽറോഡിൽ വന്നുകൂടിക്കഴിഞ്ഞിരുന്നു. അവർ മഹാരാജാവുതിരുമനസ്സിലെ ആഗമനം പ്രതീക്ഷിച്ചുകൊണ്ടു് അക്ഷമരായി റോഡിൻെറ ഇരുവശങ്ങളിലും വെയിലത്തു കാത്തിരുപ്പായി. തിരുമനസ്സിലെ കാർ അകലെ ദർശിച്ചതോടുകൂടി വിദ്യാർത്ഥികൾ ഉപചാരപൂർവ്വം എഴുന്നേററുനിന്നു ഭക്തിപുരഃസ്സരം അഭിവാദനം ചെയ്തു. അനന്തരം തിരുമനസ്സിലെ കാർ ദൃഷ്ടിയിൽ നിന്നു മറയുന്നതുവരെ വിദ്യാർത്ഥികൾ അവരുടെ സങ്കടങ്ങൾ അത്യുച്ചത്തിൽ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. തിരുമേനി കോവിൽസന്ദർശനം കഴിഞ്ഞു കൊട്ടാരത്തിലേയ്ക്കു മടങ്ങിയതിനുശേഷം വിദ്യാർത്ഥികൾ മെയിൻറോഡുവഴി ഒരു ഘോഷയാത്രയായി പുറപ്പെട്ടു വെള്ളയമ്പലത്തിൽ ചെന്നതിനു ശേഷം തെക്കോട്ടു തിരിഞ്ഞു തയ്ക്കാട്ടു മൈതാനത്തെത്തി. അവിടെവച്ചു് ഒരു യോഗം നടത്തി ചില പ്രമേയങ്ങൾ അംഗീകരിച്ചതിനുശേഷം അവർ പിരിഞ്ഞുപോയി. ഈ ഘോഷയാത്രയിൽ ചങ്ങനാശേരി പങ്കെടുത്തതായി ഒരാരോപണമുണ്ടായി. അതു സംബന്ധിച്ചു ചങ്ങനാശേരിയും ചീഫ്സെക്രട്ടറിയും തമ്മിൽ താഴെച്ചേർക്കുന്ന കത്തിടപാടുകൾ നടന്നു.

പ്രിയപ്പെട്ട സർ,

൧൯൩൮ ആഗസ്റ്റ് ൨൭-ാംനു- രാവിലെ നടന്ന വിദ്യാർത്ഥികളുടെ ഘോഷയാത്രയിൽ നിങ്ങൾ പങ്കെടുത്തുവെന്നും, നിങ്ങൾ അതിനെ പ്രത്യേകമായി മ്യൂസിയം കിഴക്കേ ഗേററു മുതൽ വഴുതക്കാട്ടു ജംക്ഷൻ വരെ നയിച്ചുവെന്നും, ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടിരിക്കുന്നു. പത്രവാർത്തകളും ഇതിനെ സാധൂകരിക്കുന്നു. ഇതു വാസ്തവമാണോ എന്നറിയിക്കുവാൻ ദയവുണ്ടാകണമെന്നപേക്ഷിക്കുന്നു.

സി. ഒ. മാധവൻ (ഒപ്പു്)

ഈ കത്തിനു ചങ്ങനാശേരി അയച്ച മറുപടിയും താഴെ ചേക്കുന്നു.

പ്രിയപ്പെട്ട സർ,

൧൯൩൮ സെപ്റ്റംബർ ൭-ാംനു നിങ്ങൾ അയച്ച /൨൭൫/൩൮/O. S. നമ്പർ കത്തു കിട്ടി. അല്പമാത്രമായ ഒരു പരമാത്ഥത്തിന്മേൽ അതിഭീമമായ ഒരു വ്യാജം കെട്ടിപ്പടുത്തിട്ടുണ്ടെന്നു മാത്രമാണു മറുപടിയായെനിക്കു പറയുവാനുള്ളൂ. പത്തിനും പതിനാലിനും മദ്ധ്യേ വയസ്സു പ്രായമുള്ള എന്റെ ചില കുട്ടികൾ നിങ്ങളുടെ കത്തിൽ പറയുന്ന ഘോഷയാത്രകാണുവാനാഗ്രഹിച്ചു. എന്റെ ഡ്രൈവർ ആ സമയത്തു് ഇല്ലാതിരുന്നതിനാലും, ഘോഷയാത്രയിൽ ഇടപെട്ടു് അവർ പെട്ടുപോകരുതെന്നു് എനിക്കാഗ്രഹമുണ്ടായിരുന്നതിനാലും അവരെ പാക്കുവരെ ഞാൻ അനുഗമിക്കുകയും അവിടെനിന്നു ഘോഷയാത്ര കടന്നുപോകുന്നതു കാണുകയും ചെയ്തു. ഘോഷയാത്ര പോയതിൽ പിന്നെ ഞങ്ങൾ ഗൃഹത്തിലേയ്ക്കു തിരിച്ചുപോന്നു. അതിനായി, ജനക്കൂട്ടത്തെ വഴിതെറ്റിച്ചുവിട്ടു മുക്കവരെ ഞങ്ങൾക്കു് അവശ്യം പിന്തുടരേണ്ടിയിരുന്നു. ഇതാണു പരമാത്ഥം. നിങ്ങളുടെ എഴുത്തിലെ മററു് ആരോപണങ്ങൾ അവാസ്തവവും കുസൃതിപരവും ആകുന്നു. നിങ്ങളുടെ എഴുത്തിൽ പറയുന്ന പത്രവാത്ത ഞാൻ കണ്ടിട്ടില്ല. ഞാൻ പ്രസ്താവിച്ചിട്ടുള്ളതിൽ കൂടുതലായെന്തെങ്കിലും ആ വാത്തകളിലുണ്ടെങ്കിൽ അവ് വെറും കളവാകുന്നു. എപ്പോഴെങ്കിലും ഒരു പ്രകടനത്തേയോ രാഷ്ട്രീയകക്ഷിയേയോ നയിക്കുവാനൊരു ആവേശം എനിക്കുണ്ടാകുകയാണെങ്കിൽ, എന്റെ പ്രവൃത്തിക്കു ലക്ഷ്യമായി സി. ഐ. ഡി. റിപ്പോർട്ടുകളേയോ പത്രവാത്തകളേയോ അടിസ്ഥാനപ്പെടുത്താനുള്ള ആവശ്യകത ഗവമ്മെൻറിനുണ്ടാകാതിരിപ്പാൻ ഞാൻ ശ്രദ്ധിക്കാമെന്നും, എന്റെ മനോഭാവത്തെക്കുറിച്ചു യാതൊരു സംശയവും ഉണ്ടാകാത്തവണ്ണം പ്രത്യക്ഷമായും സത്യസന്ധതയോടുകൂടിയും അപ്രകാരം ചെയ്തുകൊള്ളാമെന്നും, കൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. എന്നാൽ ഇതുവരെ അങ്ങിനെയൊരാവേശം എനിക്കുണ്ടായിട്ടില്ല. കഴിയുമെങ്കിൽ, ഒരു മദ്ധ്യസ്ഥനെപ്പോലെ പ്രവത്തിക്കുവാനാണു് എനിക്കിപ്പോഴിഷ്ടം.

ചങ്ങനാശേരി പരമേശ്വരൻപിള്ള (ഒപ്പു്)

**അതിനുശേഷം അദ്ദേഹം ഗാന്ധിജിക്കു താഴെച്ചേക്കുന്ന കത്തെഴുതി.**

അഭിവന്ദ്യനായ ബാപ്പുജി,

എന്റെ എഴുത്തുകളും ശ്രീ. രാമചന്ദ്രന്റെ അറസ്റ്റിനെ സംബന്ധിച്ചു കമ്പിയും കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. അതിനുശേഷം അങ്ങയുടെ പ്രസ്താവനയും അതിനു ദിവാന്റെ മറുപടിയും വായിക്കുവാനിടയായി.

... . . . . . . . . . . . . . . . . . . . . . . . . . . . . .

ഞങ്ങളെല്ലാവരും പരിതപിക്കുന്ന അക്രമങ്ങളെക്കുറിച്ചു പറയുന്നപക്ഷം, കല്ലേറിയലും ബസ്സു തീവെയ്ക്കലും പോലീസ്പ്രേരണമൂലം റൌഡികൾ ചെയ്യുന്നതാണെന്നു് ഒരു കൂട്ടർ പറയുന്നു. പക്ഷെ പരിപൂർണ്ണമായ ഒരു അന്വേഷണംകൂടാതെ, ഇന്നത്തെ അവസ്ഥയിൽ, അതിലേതാണു പരമാർത്ഥമെന്നു പറഞ്ഞുകൂട. പക്ഷേ, ഈ സംഭവങ്ങൾ പട്ടാപ്പകൽ അനേകം പോലീസ്സുകാരുടേയും പട്ടാളക്കാരുടേയും സാന്നിദ്ധ്യത്തിൽ നടന്നിട്ടും അവയിലൊന്നെങ്കിലും തടയുവാനോ ഒരു കുററവാളിയെയെങ്കിലും അറസ്റ്റു് ചെയ്യാനോ സാധിച്ചില്ലെന്നുള്ളതു് അത്ഭുതകരമായി അങ്ങേയ്ക്കു തോന്നുന്നില്ലേ? സ്റ്റേററു കാൺഗ്രസ്സുസഹായികൾ പറയുന്നതു, പോലീസുകാരും അവരാൽ നിയോഗിക്കപ്പെട്ടവരുംകൂടി ഈ അക്രമങ്ങൾ ചെയ്യുന്നതുകൊണ്ടു പോലീസുകാർ അവരെ അറസ്ററു ചെയ്യുവാൻ ധൈര്യപ്പെടുന്നില്ല എന്നാണു്. ഈ സമാധാനം എത്രത്തോളം സ്വീകാര്യമാണെന്നു് എനിക്കറിഞ്ഞുകൂട. കൊല്ലം യോഗത്തിൽ ഭയങ്കരമായ ലാത്തിയടിക്കിരയായിത്തീന്ന ഒരു വാളൻറിയർ ഹിന്ദുലേഖകനുമായുള്ള ഒരഭിമുഖസംഭാഷണത്തിൽ പറയുന്നതു് (ഇതു സെപ്തംബർ ൪-ാംനു-യിലെ ഹിന്ദുവിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.) പോലീസ്സുകാർ കല്ലേറിയുന്നതു് ആയാൾ കണ്ടുവെന്നാണു്. ഇങ്ങിനെയുള്ള ആരോപണങ്ങൾ സ്റ്റേറ്റ്കാൺഗ്രസ്സംഗങ്ങളിൽ നിന്നു് സാധാരണ കേൾക്കാറുണ്ടു്. രാജ്യത്തിൻെറ നാനാഭാഗത്തും യോഗങ്ങളും പ്രസംഗങ്ങളും നടക്കുന്നു. എന്നാൽ അറസ്ററുകൾ കുറവാണു്. യോഗങ്ങളെ ബലപ്രയോഗത്താൽ പിരിച്ചുവിടുകയാണു് ഇപ്പോഴത്തെ നയമെന്നു തോന്നുന്നു. ഇതു വെടിവെയ്പിലും നിർദ്ദോഷികളുടെ മരണത്തിലും പര്യവസാനിക്കുന്നു. കൊല്ലംയോഗത്തിനുശേഷം, കോട്ടയത്തിനു് ആറു മൈൽ അകലെയുള്ള പുതുപ്പള്ളിയെന്ന സ്ഥലത്തു വെടിവെയ്പുണ്ടായി. ഒന്നോ രണ്ടോ പേർ മരിച്ചു; ചിലക്കു പരുക്കേററു. ക്ലിപ്തമായ എണ്ണം അറിവായിട്ടില്ല.....അറസ്ററും ശിക്ഷയും വരിക്കുവാൻ സന്നദ്ധരായവരുടെ സംഖ്യ ഇപ്പോൾതന്നെ വർദ്ധിച്ചിരിക്കയും, ദിവസംപ്രതി കൂടിവരികയും ചെയ്യുന്നതുകൊണ്ടു് എല്ലാ കുററക്കാരേയും പിടിച്ചു ശിക്ഷിക്കണമെങ്കിൽ അവശ്യം കൂടുതൽ ജയിലുകൾ പണിയേണ്ടിവരും. സംസ്ഥാനസൈന്യാധിപനും, ഇയ്യിടെ ഉത്തരേന്ത്യയിൽനിന്നു വരുത്തിയ സ്പെഷ്യൽ സി. ഐ. ഡി. ഉദ്യോഗസ്ഥനും മുഖാന്തിരം മിനിഞ്ഞാന്നു സന്ധിസംസാരമുണ്ടായിരുന്നു. ൧. ദിവാനെതിരായുള്ള ആരോപണങ്ങൾ പിൻവലിക്കണമെന്നും, ൨. സിവിൾനിയമലംഘനം നിറുത്തണമെന്നും, ൩. ജനകീയാക്രമത്തിനു വ്യസനം പ്രകടിപ്പിക്കണമെന്നും സി. ഐ. ഡി. ആഫീസർ പറഞ്ഞതായി പറയുന്നു. പുതിയ വിളംബരവും സ്റ്റേററു് കാൺഗ്രസ്സ് നിയമവിരുദ്ധമാണെന്ന നോട്ടിഫിക്കേഷനും പിൻവലിക്കയും രാഷ്ട്രീയതടവുകാരെ വിടുകയും സമാധാനപരമായി പ്രവർത്തിക്കുവാൻ കാൺഗ്രസ്സിനെ അനുവദിക്കുകയും ചെയ്യാമെങ്കിൽ, ഈ വ്യവസ്ഥകൾ അംഗീകരിക്കുന്നതിനു ജയിലിൽ കിടക്കുന്ന നേതാക്കന്മാരെ ഉപദേശിക്കാമെന്നു പുറമേയുള്ള കാൺഗ്രസ്സുകാർ വാഗ്ദാനം ചെയ്തു. സന്ധിസംസാരഫലമായി ഒന്നും സംഭവിച്ചില്ല. ...............

ചങ്ങനാശേരി പരമേശ്വരൻപിള്ള (ഒപ്പ്)

# അദ്ധ്യായം ൪൯

൧൧൪ കന്നിമാസം ൧-ാംനു- പതിവിനു വിപരീതമായി നേരം പുലരുന്നതിനു മുൻപുതന്നെ ചങ്ങനാശേരി നിദ്രയിൽ നിന്നുണർന്നെഴുന്നേററു നിത്യകമ്മങ്ങൾ നടത്തി ആഫീസിലിരുന്നു് അതിതിടുക്കത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കയാണു്. അന്നദ്ദേഹം കൊല്ലത്തു താമസമാണു്. ഭാൎയ്യയും കൂടെത്തന്നെയുണ്ടു്. തോമസ്സ് സ്റ്റീഫൻ ആൻഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്റ്ററായ അദ്ദേഹം കമ്പനിസംബന്ധമായി അന്നുവരെ കുടിശ്ശിക വന്നിട്ടുള്ള ജോലികൾ തിടുക്കത്തിൽ ചെയ്തുതീൎക്കുകയാണു്. അതിനിടയ്ക്കു് ഒരു ഭൃത്യനെ സമീപത്തു വിളിച്ചു യാത്രയ്ക്കുള്ള പെട്ടി ഒരുക്കുവാൻ ആജ്ഞ നൾകി. വിശ്വസ്ഥനായ ഡ്രൈവർ നാരായണപിള്ളയെ വിളിച്ചു വരുത്തി ഒരു ദീൎഘയാത്രയ്ക്കാവശ്യമുള്ള പെട്രോൾ നിറച്ചു വണ്ടി തയ്യാറാക്കി നിൎത്തുവാനാവശ്യപ്പെട്ടു. യാത്രയ്ക്കുള്ള നിൎദ്ദേശങ്ങൾ നൾകുന്നതൊന്നും ഭാൎയ്യ അറിയുന്നില്ല. ജോലികൾ തീൎത്തു യാത്രോദ്യുക്തമായ വേഷത്തിൽ ആഫീസിലിരുന്നുകൊണ്ടു ചങ്ങനാശേരി ഭാൎയ്യയെ സമീപത്തു വിളിച്ചു. അത്ഭുതപൂൎവ്വമായ നടപടികളും ജോലിത്തിടുക്കവും കണ്ടു ഭയാശങ്കകളോടുകൂടിയാണു മിസസ്സ് ചങ്ങനാശേരി ആഫീസ്മുറിയിൽ കടന്നുചെന്നതു്. ചങ്ങനാശേരിയുടെ മുഖത്തു പ്രത്യക്ഷപ്പെട്ട കൃത്രിമമായ ഭാവവും അൎത്ഥഗൎഭമായ പുഞ്ചിരിയും അദ്ദേഹം എന്തോ തന്നിൽനിന്നു മറയ്ക്കുവാൻ ഉൽക്കണ്ഠപ്പെടുന്നതിന്റെ ലക്ഷണങ്ങളായി മിസസ്സ് ചങ്ങനാശേരിയുടെ സൂക്ഷ്മദൃഷ്ടികൾക്കു തോന്നി. ഭാൎയ്യയെക്കണ്ടയുടൻ ചങ്ങനാശേരി നേരത്തെ എഴുതിത്തയ്യാറാക്കി കൈവശം വച്ചിരുന്ന ൧൮൦൦ രൂപായുടെ ഒരു ചെക്കു പുറത്തെടുത്തു് അവരെ ഏല്പിച്ചു. "ഇതെന്തിനാണു്" എന്നു മിസസ്സ് ചങ്ങനാശേരിസംഭ്രമത്തോടെ ചോദിച്ചു. "രണ്ടു മൂന്നു മാസത്തെ ചിലവിനുള്ള പണം കൈവശമിരിക്കട്ടെ" എന്നു മാത്രമാണദ്ദേഹമതിനു മറുപടി പറഞ്ഞതു്. മിസസ്സ് ചങ്ങനാശേരിക്കു യാതൊരാലോചനയും കൂടാതെതന്നെ കാൎയ്യം മുഴുവൻ ഒരു ഞൊടിയിടകൊണ്ടു മനസ്സിലായി. "അങ്ങു ജയിലിൽ പോകു

വാൻ ഒരുങ്ങുകയാണ്'' എന്നവർ അടക്കുവാൻ വഹിയാത്ത ഉല്ക്കണ്ഠയോടും ഖേദത്തോടുംകൂടി ഒരൊററ ശ്വാസത്തിൽ പറഞ്ഞുതീർത്തു. "തീർച്ചയില്ല, സമാധാനമായിരിക്കു" എന്നു മാത്രം അല്പോക്തിയിൽ മറുപടി പറഞ്ഞിട്ട് അദ്ദേഹം കാറിൽ ചെന്നു കയറി ഡ്രൈവറോടു കോട്ടയത്തേയ്ക്കു വണ്ടിവിട്ടു പോകുവാനാജ്ഞാപിച്ചു. നിറഞ്ഞ കണ്ണുകളോടുകൂടി വണ്ടി ദൃഷ്ടിയിൽ നിന്നു മറയുന്നതുവരെ നിശ്ചലമായി നിന്നിടത്തുനിന്നു നോക്കുവാനല്ലാതെ മറെറാന്നിനും മിസ്സസ് ചങ്ങനാശേരി ശക്തയായില്ല.

ചങ്ങനാശേരി അന്നു കോട്ടയത്തേയ്ക്കു യാത്ര ചെയ്യുകയാണ്. ഗവമ്മെൻറു സുപ്രസിദ്ധമായ 'മലയാളമനോരമാ' പത്രത്തിന്റെ ലൈസൻസ് ക്യാൻസൽ ചെയ്യുകയും പ്രസ്സ കണ്ടുകെട്ടുകയും ചെയ്തതിനെ പ്രതിഷേധിക്കുവാൻ കോട്ടയത്തെ പൌരന്മാർ വിളിച്ചുകൂട്ടിയ മഹായോഗത്തിലാദ്ധ്യക്ഷം വഹിക്കുവാൻ അദ്ദേഹം അങ്ങോട്ടു തിരിച്ചിരിക്കയാണ്. അന്നത്തെ യോഗത്തിൽവച്ചോ യോഗാനന്തരമോ സംഭവിക്കുവാൻ പോകുന്നതെന്താണെന്ന് അദ്ദേഹത്തിനുതന്നെ നിശ്ചയമില്ല. രാജ്യമെങ്ങും നിയമനിഷേധങ്ങളും മററു പ്രകടനങ്ങളും വൻപിച്ച തോതിൽ നടന്നുകൊണ്ടിരിക്കയാണ്. ആവേശഭരിതരായ ജനങ്ങൾ ജയിലിലേയ്ക്കു ഇരച്ചുകയറുന്നു. ജനപക്ഷത്തുനിന്ന് അക്രമങ്ങളും ഗവമ്മെൻറുപക്ഷത്തുനിന്നു ലാത്തിപ്രഹരങ്ങളും വെടിവയ്പും നടക്കുന്നുണ്ട്. രാജ്യത്ത് അസ്വാസ്ഥ്യത വർദ്ധിപ്പിക്കുവാനുള്ള ഏതൊരു ശ്രമങ്ങളും ഗവമ്മെൻറു പ്രതികൂലഭാവത്തോടുകൂടി വീക്ഷിച്ചുകൊണ്ടിരുന്നു. യോഗങ്ങളും പ്രകടനങ്ങളുമെല്ലാംതന്നെ നിയമവിരുദ്ധസംഘടനയായ സ്റ്റേററ്കാൺഗ്രസ്സ് പ്രത്യക്ഷമായോ പരോക്ഷമായോ നടത്തുന്ന വിദ്ധ്വംസകപ്രവത്തനങ്ങളുടെ ഒരു ഭാഗമായിട്ടാണു ഗവമ്മെൻറു കരുതിയിരുന്നത്. ചങ്ങനാശേരിയുടെ പ്രസ്താവനകളെല്ലാംതന്നെ നിഷ്പക്ഷനിലയിലുള്ളവയാണെന്നാണ് അദ്ദേഹം അവകാശപ്പെട്ടിരുന്നതെങ്കിലും അദ്ദേഹം സ്റ്റേററുകാൺഗ്രസ്സിൻെറ പങ്കാളിയാണെന്നാണു ഗവമ്മെൻറു ധരിച്ചിരുന്നത്. ചങ്ങനാശേരിയെ അറസ്ററു ചെയ്യുവാൻ പോകുന്നു എന്നുള്ള കിംവദന്തികൾ നാടെങ്ങും

പ്രചരിക്കുന്നുണ്ടായിരുന്നു. അതുകൊണ്ട് അന്നത്തെ യോഗം അദ്ദേഹത്തിന്റെ അറസ്റ്റിൽകലാശിക്കുമെന്നു ന്യായമായി അദ്ദേഹം പ്രതീക്ഷിച്ചിരുന്നിരിക്കണം. അതുകൊണ്ടാണു യോഗത്തിനു പുറപ്പെടുന്നതിനു മുൻപുതന്നെ അദ്ദേഹം കമ്പനിജോലികൾ പൂർത്തിയാക്കിയതും, ഏതാനും മാസത്തെ ചിലവിനുള്ള പണം ഭാര്യയെ ഏല്പിച്ചതും. എങ്കിലും അപ്പോഴും നിയമലംഘനം ചെയ്യണമെന്നദ്ദേഹത്തിനുദ്ദേശമുണ്ടായിരുന്നില്ല. പ്രതിഷേധ മഹായോഗം കോട്ടയത്തെ പൌരന്മാരുടേതെന്നു പ്രത്യേകം പ്രഖ്യാപിച്ചിരുന്നതുകൊണ്ട് അതിനു സ്റ്റേററുകാൺഗ്രസ്സുമായി യാതൊരു ബന്ധവുമുള്ളതായി അദ്ദേഹം കരുതിയിരുന്നില്ല. നിർദ്ദോഷകരവും നിയമദത്തവുമായ പൌരാവകാശം പ്രയോഗിക്കുവാനുള്ള സ്വാതന്ത്ര്യത്തിൽനിന്നു പിന്മാറുവാൻ ജയിൽ വാസഭീതി അദ്ദേഹത്തെ പ്രേരിപ്പിച്ചില്ല. അന്നത്തെ പരിതഃസ്ഥിതികളിൽ, വേണ്ടിവന്നാൽ ജയിൽവാസമനുഭവിക്കാനും അദ്ദേഹം തികച്ചും സന്നദ്ധനായിരുന്നു.

മദ്രാസ് സിവിൽ ലിബർട്ടീസ് യൂണിയന്റെ അന്നത്തെ പ്രസിഡൻറായിരുന്ന ക്യാപ്ററൻ നിംബ്ക്കറും ചങ്ങനാശേരിയോടൊന്നിച്ച് അന്നു കോട്ടയത്തേയ്ക്കു യാത്രചെയ്യുന്നുണ്ടായിരുന്നു. സ്റ്റേററ്കാൺഗ്രസ്സിന്റെ നിയമലംഘനസംരംഭങ്ങളെ തടയുവാൻ നൂതനമായി നിർമ്മിച്ച നിയമങ്ങളുടെ ആവിർഭാവത്തിനുശേഷം തിരുവിതാംകൂറിൽ പൌരസ്വാതന്ത്ര്യം പ്രയോഗിക്കുവാൻ പ്രതിബന്ധങ്ങളുണ്ടായിട്ടുണ്ടോ എന്നന്വേഷിച്ചു റിപ്പോർട്ടു ചെയ്യുവാൻ മദ്രാസ് സിവിൽലിബർട്ടീസ് യൂണിയന്റെ നിയോഗമനുസരിച്ചു ക്യാപ്ററൻ നിംബ്ക്കർ തിരുവിതാംകൂറിൽ സഞ്ചരിച്ചുകൊണ്ടിരിക്കയായിരുന്നു. കോട്ടയം വൈ. എം. സി. എ. കെട്ടിടത്തിലാണു പ്രതിഷേധമഹായോഗം നടന്നതു്. ഗംഭീരമായ അന്നത്തെ പൊതുയോഗം സമാധാനമായിക്കഴിഞ്ഞുകൂടി. പത്രലൈസൻസ് റദ്ദുചെയ്തതിൽ പ്രതിഷേധവും, ൧൧൪-ലെ ൧൦-ാംറഗുലേഷൻ പിൻവലിക്കണമെന്ന അപേക്ഷയും, അടങ്ങിയ രണ്ടു പ്രമേയങ്ങളാണു സമ്മേളനം ഐകകണ്ഠ്യേന അംഗീകരിച്ചതു്. യോഗം ചങ്ങനാശേരിയെ അധികാരപ്പെടുത്തിയതനുസരിച്ചു

പ്രമേയങ്ങൾ യഥാകാലം അദ്ദേഹം ഗവമെൻറിനയച്ചുകൊടുത്തു.

മി. നിംബ്ക്കറുടെ തിരുവിതാംകൂർസന്ദർശനം മറെറാരു സന്ധിയാലോചനയ്ക്കു വഴി തെളിച്ചു. ൧൯൩൮ സെപ്ററംബർ ൧൧-ാംനു- ഗാന്ധിജി ഷീഗാണിൽനിന്നു ചങ്ങനാശേരിക്കു താഴെ ചേക്കുന്ന കത്തയച്ചിരുന്നു.

എൻെറ പ്രിയപ്പെട്ട പരമേശ്വരൻപിള്ളെ,

നിങ്ങളുടെ എഴുത്തു കിട്ടിയതിൽ ഞാൻ വളരെ സന്തോഷിച്ചു. അതു സഹായകമാണു്. ദയവുചെയ്തു തുടന്നു കത്തുകളയച്ചുകൊണ്ടിരിക്കുക. നിങ്ങൾക്കു പതിവായി എഴുത്തു കിട്ടുന്നുണ്ടോ?

ദിവാൻജിയ്ക്കെതിരായുള്ള വ്യക്തിപരമായ ആരോപണങ്ങളുടെ പ്രസക്തിയില്ലായ്മയെ തികച്ചും മനസ്സിലാക്കണം. അവയെ നിയമപ്രകാരം തെളിയിക്കുവാൻ സാധിക്കുകയില്ലെങ്കിൽ നിരുപാധികമായി പിൻവലിക്കണം.

ബാപ്പു.

ഈ എഴുത്തു ചങ്ങനാശേരി മി. നിംബ്ക്കറെ കാണിച്ചു. അദ്ദേഹം അതുകണ്ടാശാഭരിതനായിത്തീന്നു. ഗവമെൻറും സ്റേററ്കാൺഗ്രസ്സും തമ്മിൽ അഭിമാനകരമായ ഒരു രാജിയുണ്ടാക്കുവാൻ ഈ കത്തു മതിയായ അടിസ്ഥാനമാകുമെന്നു് അദ്ദേഹം വിചാരിച്ചു. അതിലേയ്ക്കുള്ള പരിശ്രമങ്ങളിൽ അദ്ദേഹം ചങ്ങനാശേരിയുടെ സഹകരണമഭ്യത്ഥിച്ചു. സമാധാനകാംക്ഷിയായിരുന്ന ചങ്ങനാശേരി നിസ്സന്ദേഹം അതു നൾകാമെന്നു വാഗ്ദാനം ചെയ്തു. ചങ്ങനാശേരിയും മി. നിംബ്ക്കറുമൊന്നിച്ചു് അടുത്ത ദിവസംതന്നെ തിരുവനന്തപുരത്തെത്തി. മി. നിംബ്ക്കർ ദിവാൻജിയെ സന്ദശിച്ചു സ്റേററ്കാൺഗ്രസ്സ് നേതാക്കന്മാരെ ജയിലിൽ ചെന്നു കണ്ടു സംഭാഷണം ചെയ്യുവാൻ അനുമതിവാങ്ങി. അനന്തരം മി. നിംബ്ക്കറും ചങ്ങനാശേരിയും ഒന്നിച്ചുതന്നെ ജയിലിൽ ചെന്നു മെ. പട്ടം താണുപിള്ള, ററി. എം. വർഗ്ഗീസ്, ജി. രാമചന്ദ്രൻ, വി. കെ. വേലായുധൻ എന്നിവരെക്കണ്ടു സന്ധിയാലോചനകൾ നടത്തി. ദിവാൻജിയിൽനിന്നും പ്രതീക്ഷിക്കാവുന്ന വാഗ്ദാനങ്ങൾ നിസ്സ

ന്ധമായി അറിയണമെന്നു സ്റ്റേററുകാൺഗ്രസ്സുകാർ ആവശ്യ പ്പെട്ടു. അതുകൊണ്ടു കന്നി മൂന്നാംതീയ്യതി മി. നിംബ്കർ വീണ്ടും ദിവാൻജിയെക്കണ്ടു് അദ്ദേഹത്തിൽനിന്നും പ്രതീക്ഷി ക്കാവുന്ന വാഗ്ദാനങ്ങരം എഴുതി വാങ്ങി. ഉത്തരവാദഭര ണസ്ഥാപനാത്ഥം അക്രമരഹിതവും സമാധാനപരവും ആയ പ്രക്ഷോഭണങ്ങരം നടത്തുന്നതിൽ ഗവമ്മെൻറിനു പ്രാതികൂ ല്യമില്ലെന്നും, മഹാരാജാവിനു സമപ്പിച്ച മെമ്മോറാണ്ഡത്തി ലെ ആരോപണങ്ങരം സ്റ്റേററുകാൺഗ്രസ്സ്നേതാക്കന്മാർ പിൻവലിക്കയും വ്യവസ്ഥാപിതവും സമാധാനപരവും ആയ രീതിയിലല്ലാതെ പ്രക്ഷോഭണം തുടരുകയില്ലെന്ന് ഏല്ക്കുകയും ചെയ്യുമെങ്കിൽ തടവുകാരെ മോചിപ്പിക്കുവാൻ ഗവമ്മെൻറു സന്നദ്ധമാണെന്നും, അങ്ങിനെ രണ്ടുമാസം സ്റ്റേററുകാൺഗ്രസ്സു പക്ഷത്തുനിന്നു് അക്രമങ്ങളുണ്ടാകാതിരിക്കയാണെങ്കിൽ ക്രിമി നൽഭേദഗതിനിയമം പിൻവലിക്കാമെന്നുമായിരുന്നു ദിവാൻജി നിർദ്ദേശിച്ച വ്യവസ്ഥകരം.

പ്രസ്തുത വ്യവസ്ഥകളുമായി ചങ്ങനാശേരിയും മി. നിംബ്കരും വീണ്ടും സ്റ്റേററുകാൺഗ്രസ്സുനേതാക്കന്മാരെ ജയി ലിൽച്ചെന്നു കണ്ടു. ജയിലിലുള്ള എല്ലാത്തടവുകാരും, അപ്പോഴും അറസ്റ്റിൽ പെട്ടിട്ടില്ലാത്തവരും പുറത്തു പ്രവത്തനങ്ങരം തുടന്നു കൊണ്ടിരിക്കുന്നവരും ആയ നേതാക്കന്മാരും, തമ്മിൽ കൂടി ആലോചിക്കുവാൻ ഒരവസരം ലഭിക്കുകയാണെങ്കിൽ മാത്രമേ ദിവാൻജിയുടെ നിർദ്ദേശങ്ങരംക്കു തൃപ്തികരമായ മറുപടി നരം കുവാൻ സാധ്യമാകയുള്ളു എന്നായിരുന്നു സ്റ്റേററു കാൺ ഗ്രസ്സുനേതാക്കന്മാരുടെ മറുപടി. ഭയാശങ്കകളോടുകൂടി മി. നിംബ്കർ വീണ്ടും ദിവാൻജിയെ കണ്ടു വിവരം ധരിപ്പിച്ചു. അപ്രതീക്ഷിതമാംവണ്ണം ദിവാൻജി ആ അപേക്ഷയും അനുവ ദിച്ചു. അതിൻെറ ഫലമായി കന്നി ൪-ാംനു- ജയിലിൽവച്ചു് അവിടെയുണ്ടായിരുന്ന രാഷ്ട്രീയതടവുകാർ, ലാക്കപ്പിൽ കിടന്നിരുന്നവരും അപ്പോഴും അറസ്റ്റിൽ പെട്ടിരുന്നില്ലാത്ത വരും ആയ ഏതാനും നേതാക്കന്മാർ, എന്നിവരുടെ ദീർഘ മായ ഒരു കൂടിയാലോചന നടന്നു. ജയിലിൽ കൂടിയാലോച നകരം നടക്കുമ്പോരംത്തന്നെ ചങ്ങനാശേരി ഗാന്ധിജിക്കു താഴെച്ചേക്കുന്ന കമ്പിസന്ദേശമയച്ചിരുന്നു.

"സമാധാനാലോചനകൾ നടക്കുന്നു. മെമ്മോറാണ്ഡം പിൻവലിക്കണമെന്നു ദിവാൻജി ആവശ്യപ്പെടുന്നു. ഞാനും ആ അഭിപ്രായത്തോടു യോജിക്കുന്നു. ചില അംഗങ്ങൾ അപ്രകാരം ചെയ്യുകയില്ലെന്നു ശാഠ്യം പിടിക്കുന്നു. മി. ടി. എം. വർഗ്ഗീസിൻെറ പേരും ഉൾപ്പെടുത്തി ജയിലിൽ കിടക്കുന്ന മി. പട്ടം താണുപിള്ളയ്ക്കു് അങ്ങയിൽനിന്നും ഒരു കമ്പി അത്യധികം സഹായകമായിരിക്കും."

പുറത്തുള്ള നേതാക്കന്മാരുടേയും രാഷ്ട്രീയതടവുകാരുടേയും കൂടിയാലോചനകൾക്കുശേഷം ചങ്ങനാശേരിയും മി. നിംബ്കറും വീണ്ടും മി. താണുപിള്ള തുടങ്ങിയ നേതാക്കന്മാരെ ജയിലിൽ ചെന്നു കണ്ടു. ഉത്തരവാദഭരണസ്ഥാപനാർത്ഥം യാതൊരു നടപടിയും കൈക്കൊള്ളുവാൻ ദിവാൻജി ഉദ്ദേശിക്കുന്നതായി അദ്ദേഹത്തിൻെറ വ്യവസ്ഥകളിലില്ലാത്തതുകൊണ്ടു് അവ അംഗീകരിക്കുവാൻ നിവൃത്തിയില്ലെന്നും, സമരം ആരംഭിച്ച സ്ഥിതിക്കു് അതു ലക്ഷ്യപ്രാപ്തിവരെ തുടരട്ടെ എന്നും, അതാണു് അവരുടെ ആലോചനാഫലമായി തീരുമാനിക്കപ്പെട്ടതെന്നും, അതുകൊണ്ടു സന്ധിയാലോചനകൾ ഫലപ്രദമാകണമെങ്കിൽ ഉത്തരവാദഭരണസ്ഥാപനാർത്ഥം എന്തെങ്കിലും നടപടികളാരംഭിക്കുവാൻ ഗവൺമെൻറു് ഒരുങ്ങണമെന്നാണു സ്റ്റേറ്റ്കാൺഗ്രസ്സിനു വേണ്ടി മി. പട്ടം താണുപിള്ള നൽകിയ മറുപടി. സന്ധിയാലോചനകൾ അങ്ങിനെ തകർന്നുപോയി. മി. നിംബ്കർ തിരുവിതാംകൂർ വിട്ടു. ചങ്ങനാശേരി വിവരം ഗാന്ധിജിയെ കമ്പിമൂലമറിയിച്ചു. ചങ്ങനാശേരിയുടെ ആദ്യത്തെ കമ്പിയിലെ നിർദ്ദേശമനുസരിച്ചു ഗാന്ധിജി മെ. പട്ടം താണുപിള്ളയുടേയും വർഗ്ഗീസിൻേറയും പേരുകൾ ഉൾപ്പെടുത്തി ജയിലിലേയ്ക്കു് ഒരു കമ്പിസന്ദേശമയച്ചിരുന്നു എന്നുള്ളതും ഇവിടെ പ്രസ്താവ്യമാണു്.

തിരുവിതാംകൂറിലെ സ്ഥിതിഗതികൾ കൂടുതൽ കൂടുതൽ അനിഷ്ടഫലങ്ങളിലേയ്ക്കു ത്വരിതമായി പ്രയാണം ചെയ്തുകൊണ്ടിരുന്നതിനാൽ വിവരം ഗാന്ധിജിയെ ധരിപ്പിച്ചു വല്ല പരിഹാരമാർഗ്ഗവും ആരായുവാൻ ഉള്ള ശ്രമങ്ങൾ ചെയ്യുന്നതിനു കന്നിമാസം ൯-ാംനു- ചങ്ങനാശേരി ഡൽഹിയിലേയ്ക്കു പുറപ്പെട്ടു. ഡെൽഹിയിലെത്തിയതിനുശേഷം തുടർച്ചയായി രണ്ടു

ദിവസം അദ്ദേഹം ഗാന്ധിജിയെ നേരിട്ടു കണ്ടു് അഭിമുഖസംഭാഷണം നടത്തി. തിരുവിതാംകൂറിലെ സ്ഥിതിഗതികളുടെ യാഥാൎത്ഥ്യം അദ്ദേഹം പൂൎണ്ണമായി ഗാന്ധിജിയെ അറിയിച്ചു. ഒരു പ്രസ്താവനമൂലം സ്വാഭിപ്രായങ്ങൾ വിശദപ്പെടുത്താമെന്നു ഗാന്ധിജി സംഭാഷണമവസാനിച്ചപ്പോൾ ചങ്ങനാശേരിയോടു പറഞ്ഞു. അതിനുശേഷം ചങ്ങനാശേരി ഡൽഹിയിൽനിന്നു തിരിച്ചുപോന്നു. ഡൽഹിയിൽനിന്നും മടങ്ങുന്ന വഴി ചങ്ങനാശേരി ബാംബേയിലിറങ്ങി. അവിടെവച്ചുതന്നെ ആശ്ചൎയ്യകരമായ മറ്റൊരു സംഭവമുണ്ടായി. ചങ്ങനാശേരി ഗാന്ധിജിയുമായി നടത്തിയ സംഭാഷണങ്ങളെപ്പററി യാതൊരു പത്രപ്രസ്താവനയും പുറപ്പെടുവിച്ചിരുന്നില്ല. എങ്കിലും ഹിന്ദുപത്രത്തിന്റെ ഒരു പ്രത്യേക ലേഖകൻ ഡൽഹിയിൽനിന്നു് ആ സംഭാഷണത്തെപ്പററി അനധികൃതവും അവാസ്തവവുമായ ഒരു റിപ്പോർട്ടു് സെപ്റ്റംബർ ൩൦-ാംതീയതിയിലെ ഹിന്ദുപത്രത്തിൽ പ്രസിദ്ധംചെയ്യുകയുണ്ടായി. സ്റ്റേററുകാൺഗ്രസ്സ് സിറിയൻക്രിസ്ത്യാനികളുടെ ഒരു പ്രസ്ഥാനമാണെന്നും, അതുകൊണ്ടാണു ദിവാൻജിയെപ്പററിയുള്ള ആരോപണങ്ങൾ പിൻവലിക്കുവാൻ അവർ വിസമ്മതിക്കുന്നതെന്നും, ദിവാൻജിയുടെ അഭിപ്രായങ്ങൾ പ്രത്യക്ഷരം ശരിയാണെന്നും, ഭാവിയിൽ സ്റ്റേററ് കാൺഗ്രസ്സിനെ ഉപദേശിക്കുവാൻ താൻ തയാറില്ലെന്നും, ഗാന്ധിജി ചങ്ങനാശേരിയെ ധരിപ്പിച്ചുഎന്നും, ദുരഭിമാനംകൊണ്ടാണു സ്റ്റേററുകാൺഗ്രസ്സ് ആരോപണങ്ങൾ പിൻവലിക്കാത്തതെന്നു ചങ്ങനാശേരി ഗാന്ധിജിയെ അറിയിച്ചു എന്നും, ഈ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. കൂടാതെ ഗാന്ധിജിയുടെ സന്ദേശം സ്റ്റേററുകാൺഗ്രസ്സുകാരെ അറിയിക്കുവാൻ ചങ്ങനാശേരി നിയുക്തനായിരിക്കയാണെന്നും അതിൽ പ്രസ്താവിച്ചിരുന്നു. ചങ്ങനാശേരി അത്ഭുതപരതന്ത്രനായിട്ടാണു് ഈ റിപ്പോർട്ടു വായിച്ചുതീൎത്തതു്. അസത്യസമ്പൂൎണ്ണവും അബദ്ധജടിലവുമായ പ്രസ്തുത റിപ്പോർട്ടിന്റെ കൎത്തൃത്വം ആരിലാണു ചുമത്തേണ്ടതെന്നു് എത്രമാത്രം ആലോചിച്ചിട്ടും അദ്ദേഹത്തിനു മനസ്സിലായില്ല. ഒരൊററപ്പത്രലേഖകനോടെങ്കിലും ഗാന്ധിജിയുമായിനടന്ന സംഭാഷണങ്ങളെക്കുറിച്ചദ്ദേഹം പറഞ്ഞിരുന്നില്ല. ഈ പത്രറിപ്പോർട്ടിനെ പ്രതിഷേധിച്ചു

കൊണ്ടു് അക്ടോബർ മൂന്നാംതീയതി ഗാന്ധിജി പുറപ്പെടുവിച്ചിരുന്ന പ്രസ്താവനയും ചങ്ങനാശേരിക്കു് അപ്പോൾത്തന്നെ ലഭിച്ചു. ഉടൻതന്നെ ചങ്ങനാശേരി യാഥാർത്ഥ്യങ്ങൾ വിശദീകരിച്ചുകൊണ്ടു ഗാന്ധിജിക്കു് ഒരു കത്തെഴുതി. അനന്തരം അദ്ദേഹം മദ്രാസിലേയ്ക്കു തിരിച്ചു. മദ്രാസിലെത്തിയതിനു ശേഷം ഹിന്ദുറിപ്പോർട്ടിനെ പ്രതിഷേധിച്ചുകൊണ്ടും, അതിലടങ്ങിയിരുന്ന വ്യാജപ്രസ്താവനകളെ വിശദീകരിച്ചും അദ്ദേഹം ആ പത്രത്തിനു് ഒരു പ്രസ്താവന നൽകി.

ബോംബേയിൽനിന്നും ഗാന്ധിജിക്കു ചങ്ങനാശേരി അയച്ചിരുന്ന കത്തിനു താഴെ ചേർക്കുന്ന മറുപടി അദ്ദേഹത്തിൽ നിന്നു കിട്ടി.

''പ്രിയപ്പെട്ട പരമേശ്വരാ,

എന്തൊരു ദുരന്തം! എനിക്കു നിരവധി പ്രതിഷേധങ്ങൾ ലഭിച്ചപ്പോൾ, ആ താക്കീതു ഞാനെന്റെ പ്രസ്താവനയിൽ ഉൾപ്പെടുത്തി. നിങ്ങളുടെ പ്രതിഷേധം ഞാൻ പ്രസിദ്ധപ്പെടുത്തണമെന്നു നിങ്ങൾ ആശിക്കുന്നുവോ? ഈ കാൺസ്റ്റബിളിനെ കൊല ചെയ്തു എന്ന വാർത്തയെപ്പററി എന്തു പറയുന്നു?

ബാപ്പു.

അതിനു മറുപടിയായി പെഷോവാറിലായിരുന്ന ഗാന്ധിജിക്കു ചങ്ങനാശേരി താഴെച്ചേർക്കുന്ന കമ്പി അയച്ചുകൊടുത്തു.

''അങ്ങയുടെ എഴുത്തിനു നന്ദി പറയുന്നു. എന്റെ എഴുത്തു പ്രസിദ്ധപ്പെടുത്തുകയും അങ്ങു് അതിനെപ്പററി വല്ലതും പറയുകയും ചെയ്യുമെങ്കിൽ ഇവിടെയുണ്ടായിരിക്കുന്ന തെററിദ്ധാരണ അധികവും തീരും. കാൺസ്റ്റബിളിനെ കൊല ചെയ്തതു ശരിയാണു്, വിസ്തരിച്ചു കത്തെഴുതുന്നുണ്ടു്. പരമേശ്വരൻ.''

ഗാന്ധിജിയുടെ മറുപടിയിൽ പറയുന്ന ഹരിജനിലെ തിരുത്തു താഴെ ഉദ്ധരിക്കുന്നു.

''തിരുവിതാംകൂറിനെക്കുറിച്ചു് അക്ടോബർ ൨൦-ാംനു-യിലെ ഹരിജനിൽ ഞാൻ പ്രസിദ്ധപ്പെടുത്തിയ പ്രസ്താവനയെ പരാമർശിച്ചുകൊണ്ടു, താൻ യാതൊരു പത്രപ്രസ്താവനയും നൽകിയിട്ടില്ലെന്നും, ഞാനുമായുണ്ടായ കൂടിക്കാഴ്ചയെ സംബന്ധിച്ചു് ഒരു പ്രസ്താവന പുറപ്പെടുവിക്കുവാൻ ആരേയും അനുവദിച്ചിട്ടില്ലെന്നും ശ്രീ. ചങ്ങനാശേരി പരമേശ്വരൻപിള്ള എനിക്കെഴുതിയിരിക്കുന്നു. ഞങ്ങൾ തമ്മിലുണ്ടായ കൂടിക്കാഴ്ചയുടെ വിവരങ്ങൾ നൽകിയതിൽ അദ്ദേഹത്തിനബദ്ധം പിണഞ്ഞുപോയി എന്നുള്ള എന്റെ പ്രസ്താവനയിലെ ഭാഗം കണ്ട ഉടനെ അദ്ദേഹം അതിനെ നിഷേധിച്ചുകൊണ്ടു് ഒരു പ്രസ്താവന പുറപ്പെടുവിച്ചു. സംശയലേശമെന്നിയെ അദ്ദേഹത്തിന്റെ നി

ഷേധത്തെ ഞാൻ അംഗീകരിക്കുന്നു. വാസ്തവത്തിൽ, എന്റെ ലേഖകന്മാർ ആക്ഷേപം പ്രകടിപ്പിച്ചപ്പോൾ, എന്നോടു ചോദിക്കാതെ കൂടിക്കാഴ്ചയെപ്പറ്റി എന്തെങ്കിലും പ്രസിദ്ധപ്പെടുത്തുവാനുള്ള അവിവേകം ശ്രീ. കെ. പി. പിള്ളയെപ്പോലെ സൂക്ഷ്മശീലനും ഉചിതജ്ഞനും ആയ ഒരാൾക്ക് ഉണ്ടായിരിപ്പായല്ലോ എന്നു ഞാൻ ഖേദിച്ചു. ഞാൻ എഴുതിയ വരികൾ എഴുതുന്നതിനു മുമ്പ് അദ്ദേഹത്തോട് അന്വേഷിക്കേണമെന്നു ഞാൻ വിചാരിച്ചു. പക്ഷേ സമയം വളരെ സാരമായിരുന്നു. അതിനാൽ, ഈ തിരുത്തൽ ചെയ്യുവാൻ എനിക്കു വളരെ സന്തോഷമുണ്ട്. ശ്രീ. കെ. പി. പിള്ളയെപ്പോലെ വിശ്വസ്തനായ ഒരു സഹപ്രവർത്തകനോട് അദ്ദേഹം പറയാത്തതിനെ ആരോപിച്ചു, അറിയാതെയാണെങ്കിലും ഞാൻ ചെയ്തുപോയ അനീതിയെപ്പറ്റി നിർവ്യാജം വ്യസനിക്കുന്നു.''

ഡൽഹിയിൽനിന്നു ചങ്ങനാശേരി തിരുവനന്തപുരത്തു മടങ്ങിയെത്തുമ്പോൾ ആറാമത്തെ സ്റ്റേറ്റുകോൺഗ്രസ്സ് പ്രസിഡൻറായിരുന്ന മി. പി. കെ. കുമാരൻ എം. എൽ. ഏ-യുടെ ഒരു കമ്പി അദ്ദേഹത്തെ കാത്തു കിടന്നിരുന്നു. അതിതാണ്.

''കോൺഗ്രസ്സിനെ ഒരു തെററായ രീതിയിൽ ചിത്രീകരിക്കുന്ന നിങ്ങളുടെ പ്രവൃത്തിയിൽ അമ്പരക്കുന്നു.''

ഈ ഘട്ടത്തിൽ മി. കുമാരനെ അറസ്ററു ചെയ്തുകഴിഞ്ഞിരുന്നു. അതിനാൽ അടുത്ത പ്രസിഡൻറായിരുന്ന മി. എൻ. വി. ചാക്കോയ്ക്കു ചങ്ങനാശേരി താഴെച്ചേർക്കുന്ന മറുപടി അയച്ചുകൊടുത്തു.

൨൧ കന്നി ൧൧൧൪.

പ്രിയപ്പെട്ട മി. ചാക്കോ,

ഉത്തരേന്ത്യയിൽനിന്നും ഞാൻ മടങ്ങി ഇന്ന് ഇവിടെ എത്തിയപ്പോൾ, നിങ്ങളുടെ മുൻഗാമിയായിരുന്ന മി. കുമാരൻ ഒക്ടോബർ ൨-ാംനു- അയച്ച കമ്പി എന്നെ കാത്തുകിടക്കുകയായിരുന്നു. മി. കുമാരൻ ജയിലിലായതുകൊണ്ടു ഞാൻ ഈ കത്ത് നിങ്ങൾക്കെഴുതുകയാണ്. ഞാനും മഹാത്മജിയുമായുണ്ടായ കൂടിക്കാഴ്ചയെക്കുറിച്ചു സെപ്റ്റംബർ ൩൦-ാംനു-യിലെ ഹിന്ദുവിൽ ഡൽഹിയിൽനിന്നും 'ഒരു പ്രത്യേക ലേഖകൻ' പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിനെ ആധാരമാക്കിയതാണു കമ്പി എന്നു തോന്നുന്നു. അങ്ങിനെയാണെങ്കിൽ ഹിന്ദു റിപ്പോർട്ടിനെക്കുറിച്ചു ഞാൻ മദിരാശിയിൽനിന്നും പ്രസിദ്ധപ്പെടുത്തിയ പത്രപ്രസ്താവന തെററിദ്ധാരണകളെ നീക്കുമെന്നു വിശ്വസിക്കുന്നു. ഇനിയും നിങ്ങൾക്കു സംശയമുണ്ടെങ്കിൽ, അവയെ ദൂരീകരിക്കുവാൻ ഞാൻ സന്നദ്ധനാണ്.

ചങ്ങനാശേരി പരമേശ്വരൻപിള്ള (ഒപ്പ്)

ചങ്ങനാശേരി ഡൽഹിയിലായിരിക്കുമ്പോൾ കടയ്ക്കൽ, കല്ലറ, പാങ്ങോട്ടു മുതലായ സ്ഥലങ്ങളിൽ അക്രമം പൊട്ടിപ്പുറപ്പെടുകയും, ഗവമ്മെൻറ് അതിനെ അമർത്തുകയും ചെയ്തു. അക്രമം നടന്ന സ്ഥലങ്ങളിലെ ജനങ്ങളുടെ അപ്പോഴത്തെ അവസ്ഥയെപ്പററി പരിഭ്രമജനകങ്ങളായ പല വാർത്തകളും ചങ്ങനാശേരിയുടെ കർണ്ണങ്ങളിൽ വന്നെത്തി. ഒരു നിഷ്പക്ഷ നിരീക്ഷകനെന്ന നിലയിൽ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ചു വിവരങ്ങൾ ഗ്രഹിക്കുന്നതിനദ്ദേഹം നിശ്ചയിച്ചു. അക്ടോബർ ൧൧-ാംനു- അദ്ദേഹം കടയ്ക്കലെത്തി പല സ്ഥലങ്ങളും സന്ദർശിച്ചു പലരേയും കണ്ടുമുട്ടി ദീർഘമായ സംഭാഷണങ്ങൾ നടത്തിയതിനുശേഷം തിരിച്ചുപോന്നു. അനന്തരം അദ്ദേഹം കണ്ടതും കേട്ടതുമായ വിവരങ്ങൾ കാണിച്ച് ഒരു പത്രപ്രസ്താവന പ്രസിദ്ധം ചെയ്തു.

# അദ്ധ്യായം ൯൰

മഹാരാജാവുതിരുമനസ്സിലെ തിരുനാൾവാരത്തിൽ തിരുവനന്തപുരത്തുവച്ചു, നിയമവിരുദ്ധസംഘമായ സ്റ്റേററുകാൺഗ്രസ്സിൻെറ ആഭിമുഖ്യത്തിൽ ഒരു വൻപിച്ച പ്രകടനം നടത്തുവാൻ തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിൽനിന്നും ബഹുസഹസ്രം ധമ്മഭടന്മാർ വന്നുചേന്നതും, എന്നാൽ അപ്രതീക്ഷിതമായി അന്നേദിവസം രാഷ്ട്രീയതടവുകാരെ ഗവമ്മെൻറു വിമോചിപ്പിച്ചതും, സ്റ്റേററ് കാൺഗ്രസ്സും, യൂത്തുലീഗും നിയമവിരുദ്ധസംഘങ്ങളാണെന്നുള്ള പ്രഖ്യാപനം പിൻവലിച്ചതും, അതിനുശേഷം സ്റ്റേററ് കാൺഗ്രസ്സ് വക്കിംഗ് കമ്മിററി സമ്മേളിച്ച് ഒരു നിവേദകസംഘത്തെ ഗാന്ധിജിയെ സന്ദശിക്കുവാൻ നിയോഗിച്ചതും, ദിവാൻജിക്കെതിരായുള്ള ആരോപണങ്ങൾ പിൻവലിക്കുവാൻ ഗാന്ധിജി ഉപദേശിച്ചതും, വക്കിംഗ് കമ്മിററി അതിരററ വൈമനസ്യത്തോടുകൂടി ഗവമ്മെൻറു പ്രാസിക്യൂഷൻനടപടികളാരംഭിച്ചതിനുശേഷം ജയിലിൽവച്ച് ആരോപണങ്ങൾ പിൻവലിച്ചതും ആയ ചരിത്രം ഇവിടെ അപ്രസക്തമാണ്.

കാൺഗ്രസ്സ് വക്കിംഗ് കമ്മിററി അടിക്കടി സമ്മേളിച്ചു രാഷ്ട്രീയസ്ഥിതികളെപ്പററി ആലോചിച്ചു പ്രമേയങ്ങൾ പാസാക്കിക്കൊണ്ടിരുന്നു. ആരോപണങ്ങൾ പിൻവലിച്ചതിനുശേഷം അവഗാഢമായ ആലോചനകൾ നടത്തി ഒടുവിൽ രണ്ടാമത്തും സത്യാഗ്രഹമാരംഭിക്കുവാൻതന്നെ കമ്മിറ്റി തീച്ചയാക്കി. ഈ ഘട്ടങ്ങളിലെല്ലാം വക്കിംഗ് കമ്മിറ്റി ഗാന്ധിജിയുമായി നേരിട്ടു കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്നു. തിരുവിതാംകൂറിലേ രാഷ്ട്രീയക്കുഴപ്പങ്ങൾക്കു തൃപ്തികരമായ ഒരു പയ്യവസാനമുണ്ടാക്കുവാൻ ഗാന്ധിജിയും ആത്മാത്ഥമായി ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ ആ യത്നങ്ങളും സഫലമായില്ല. അതുകൊണ്ടു രണ്ടാമത്തും നിയമലംഘനമാരംഭിക്കുവാനുള്ള ശ്രമങ്ങളെ അദ്ദേഹവും അനുഗ്രഹിക്കാതിരുന്നില്ല. മീനം ൧൨-ാംനു നിയമനിഷേധമാരംഭിക്കുവാൻ കമ്മിററി നിശ്ചയിച്ചു.

ഈ ഘട്ടത്തിൽ ചങ്ങനാശേരി തന്റെ ഹൃദയവികാരങ്ങൾ ദിവാൻജിയെ അറിയിക്കുവാൻതന്നെ നിശ്ചയിച്ചു. ഇതിനിടയ്ക്കു പല സംഭവങ്ങളും നടന്നുകഴിഞ്ഞിരുന്നു. നിയമലംഘനം ചെയ്തു തടവുശിക്ഷയനുഭവിച്ച. പത്തൊൻപതു നിയമസഭാംഗങ്ങളെ ഗവമ്മെൻറു നിയമസഭയിൽനിന്നു സ്ഥാനഭ്രഷ്ടരാക്കി. ഊർജ്ജസ്വലരായ കാൺഗ്രസ്സ്പ്രവർത്തകന്മാരെ അപ്പോഴും പോലീസുകാർ ബന്ധനസ്ഥരാക്കിക്കൊണ്ടിരുന്നു. ഭരണപരിഷ്കാരം സംബന്ധിച്ചു യാതൊരു നടപടികളും സ്വീകരിക്കുവാൻ ഗവമ്മെന്റു സന്നദ്ധമായില്ല. ഈ സംഭവങ്ങളുടെ നേരിട്ടുള്ള പ്രത്യാഘാതമെന്ന നിലയിലാണു സ്റ്റേറ്റുകാൺഗ്രസ്സ് സത്യാഗ്രഹമാരംഭിക്കുവാൻ തീർച്ചയാക്കിയതു്. ൧൯൩൯ ജാനുവരി ൨൭-ാംനു- അദ്ദേഹം ദിവാൻജിക്കു താഴെച്ചേർക്കുന്ന കത്തയച്ചു.

പ്രിയപ്പെട്ട സർ,

ഇന്നത്തെ രാഷ്ട്രീയസ്ഥിതിഗതിയെക്കുറിച്ചു ചില സുപ്രധാനങ്ങളായ സംഗതികൾ താങ്കളുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാനാണു ഞാൻ ഈ കത്തെഴുതുന്നതു്. ആ നശിച്ച മെമ്മോറാണ്ടം പിൻവലിച്ചതിനുശേഷം സ്റ്റേറ്റുകാൺഗ്രസ്സ്പ്രവർത്തനങ്ങളോടു് ഒരു രഞ്ജകനയം അങ്ങു കൈക്കൊള്ളുമെന്നു ഞാൻ ദൃഢമായി വിശ്വസിച്ചു. ഈ ആശയാലാണു്, മെമ്മോറാണ്ടം പിൻവലിക്കുവാൻ സ്റ്റേറ്റുകാൺഗ്രസ്സിനെ നിർബ്ബന്ധിക്കുവാൻ എന്റെ സ്വാധീനബലം മുഴുവനും ഞാൻ ഗാന്ധിജിയിൽ ചെലുത്തിയതു്. ഇക്കാര്യസാദ്ധ്യത്തിനായി ഞാൻ ചെയ്തതെല്ലാം അങ്ങയ്ക്കറിയാം. പക്ഷേ നിർഭാഗ്യവശാൽ എന്റെ ആശ ഫലിച്ചിട്ടില്ല. പ്രത്യുത, താങ്കൾ വട്ടിയൂർക്കാവുസമ്മേളനം നിരോധിച്ചു. (ഇതു മെമ്മോറാണ്ടം പിൻവലിക്കുന്നതിനു മുമ്പായിരുന്നുവെങ്കിലും അനാവശ്യകമായിരുന്നു എന്നു് എനിക്കു തോന്നുന്നു.) ഇപ്പോഴിതാ, തടവുശിക്ഷ അനുഭവിച്ച സ്റ്റേറ്റുകാൺഗ്രസ്സ്മെമ്പറന്മാരെ നിയമസഭയിലും ബാറിലും അയോഗ്യരാക്കിയിരിക്കുന്നു. പോരാ, സ്റ്റേറ്റുകാൺഗ്രസ്സ് അംഗങ്ങളെ ദിനംപ്രതി അറസ്റ്റു ചെയ്തു വിസ്തരിക്കാതെ കസ്റ്റഡിയിൽ സൂക്ഷിക്കുന്നു. കുററം സമ്മതിച്ചു, ശിക്ഷിക്കണമെന്നു പറഞ്ഞ തടവുകാരുടെയും കേസുകൾ, അന്യായമായി നീട്ടിക്കൊണ്ടുപോകുന്നു. റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളതുപോലെ തടവുകാരുടെ എണ്ണം അത്രയധികമല്ലായിരിക്കാം. ഇൻസ്പെക്ടർജനറൽ സമ്മതിച്ച സംഖ്യതന്നെയും നല്ല ഒരു തുകയാണു്. അറസ്റ്റുകളുടെ എണ്ണമല്ല, അവയുടെ ന്യായവും അന്യായവുമാണു കണക്കാക്കേണ്ടതു്. ബാസ്റ്റീൽ (Bastille) കീഴടക്കിയപ്പോൾ അതിൽ അര ഡസൻ ആളുകളിൽ കൂടുതലുണ്ടായിരുന്നില്ലെന്നു ഞാൻ കേട്ടിട്ടുണ്ടു്. ഇതിനു ഗവമ്മെന്റിനു സ്വന്തം കാരണങ്ങളുണ്ടായിരിക്കാം. പക്ഷേ അവയെ

അംഗീകരിക്കാൻ എനിക്കു സാധിക്കയില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഇതിനെല്ലാംപുറമേ, ശ്രീ. അക്കാമ്മാ ചെറിയാനെ ജയിലിൽവച്ചു സാധാരണ സ്ത്രീതടവുകാർ ഉപദ്രവിക്കുകയും അപമാനിക്കുകയും ചെയ്തുവെന്നും, ജയിൽ അധികൃതരോടു പരാതി പറഞ്ഞിട്ടു ഫലമുണ്ടായില്ലെന്നും അവർ കോടതിയിൽ നൽകിയ പ്രസ്താവനയും വരുന്നു. ഇവയെല്ലാം പരിഹാരം നൽകി, ഈ ദൌർഭാഗ്യം പിടിച്ച രാജ്യത്തു സമാധാനം പുനഃസ്ഥാപിക്കുവാൻ ഗവമ്മെന്റിനു സാധിക്കും. ഒരു സൌഹാർദ്ദചിഹ്നം സ്ഥിതിഗതികൾക്കു ശാന്തിയുണ്ടാക്കും. രാഷ്ട്രീയതടവുകാരെ മോചിപ്പിക്കുകയും ഉത്തരവാദഭരണസ്ഥാപനാർത്ഥം ചില നടപടികൾ എടുക്കുകയും ചെയ്യണമെന്നു മാത്രമാണു സ്റ്റേറ്റു കാൺഗ്രസ്സുകാർ പറയുന്നതു്. ഈ അപേക്ഷകളെ അനുകൂലമായി ഗവമ്മെന്റിനു പരിഗണിക്കരുതോ? ഈ അപേക്ഷകൾ ഗവമ്മെന്റു് കൈക്കൊള്ളാത്ത പക്ഷം, സ്റ്റേറ്റുകാൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി സിവിൽനിയമലംഘനം തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ടെന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. മുൻപറഞ്ഞ സംഗതികളും അവരെ അതിനു പ്രേരിപ്പിച്ചതാവണം. ഉദാരമനഃസ്ഥിതിയുള്ള ഗവമ്മെന്റിന് അവരുടെ പ്രവൃത്തിയെ ദാക്ഷിണ്യത്തോടെ വീക്ഷിച്ച്, അങ്ങിനെയൊരു സംഗതിയുണ്ടായിട്ടില്ലാത്ത മട്ടിൽ പ്രവർത്തിക്കുവാൻ സാധിക്കും.

ഞാൻ മുകളിൽ പറഞ്ഞ സംഗതികൾമൂലം, ഗവമ്മെന്റിനെ എത്രക്കണ്ടമെന്നു വിചാരമില്ലാത്തവർക്കും സ്ഥിതിഗതികൾ വളരെ വിഷമമായിത്തീർന്നിട്ടുണ്ടു്. എന്നാൽ, ഏതു പരിതഃസ്ഥിതിയിലും ഉദാസീനനിരീക്ഷകരായിരിപ്പാൻ അവർക്കുപോലും സാധ്യമല്ല. അങ്ങയെക്കണ്ടു മുഖദാവിൽ ഈ കാര്യങ്ങൾ പറയണമെന്നു ഞാൻ വിചാരിച്ചു. പക്ഷേ ഇയ്യിടെയായി അങ്ങേയ്ക്കു ധാരാളം ജോലിത്തിരക്കുള്ളതിനാൽ അങ്ങയെ ബുദ്ധിമുട്ടിക്കരുതെന്നു ഞാൻ വിചാരിച്ചു. എന്നെ കാണണമെന്നുണ്ടെങ്കിൽ, അങ്ങു് എപ്പോഴെങ്കിലും വിളിക്കുന്നതിനു വിരോധമില്ല. ഈ സംഗതിയെക്കുറിച്ചു് എഴുതുവാൻ എടുത്ത സ്വാതന്ത്ര്യത്തിനു മാപ്പു ചോദിച്ചുകൊണ്ടു്,

ചങ്ങനാശേരി പരമേശ്വരൻപിള്ള (ഒപ്പ്)

ഈ കത്തിനു ദിവാൻജി ചങ്ങനാശേരിക്കയച്ച മറുപടി ഇതായിരുന്നു.

ഭക്തിവിലാസ്, തിരുവനന്തപുരം.

൧൯൩൮ ഫെബ്രുവരി ൯.

പ്രിയപ്പെട്ട മി. പരമേശ്വരൻപിള്ള,

നിങ്ങളുടെ എഴുത്തു കിട്ടി. നിങ്ങൾ കാണുന്നപ്രകാരമുള്ള സ്ഥിതിഗതികളെ തുറന്ന പാത്രത്തിൽ ഞാൻ നിങ്ങളോടു കടപ്പെട്ടിരിക്കുന്നു.

പരിപൂർണ്ണമായ അന്വേഷണങ്ങൾക്കു ശേഷം, മിസ്സ് അക്കാമ്മാ ചെറിയാനെക്കുറിച്ചു മി. പട്ടം താണുപിള്ള ചെയ്ത പ്രസ്താവനകളും, "ജീവിതത്തിനും മാനത്തിനും അപകടം" എന്നു പറയപ്പെടുന്നതും, സത്യവിരുദ്ധങ്ങളും

ണെന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു. വാസ്തവസംഗതികൾ പൊതുജന
സമക്ഷം സമപ്പിച്ചിട്ടുണ്ടു്. അതുപോലെ, തടവുകാരെ ഉപദ്രവിക്കുന്നുവെന്നു
സ്റ്റേററുകാൺഗ്രസ്സുകാർ കണ്ടുപിടിച്ചിട്ടുള്ള കഥകളും അടിസ്ഥാനരഹിതങ്ങ
ളാകുന്നു. സത്യത്തേയും അക്രമരാഹിത്യത്തേയും ആരാധിക്കുന്നവർ ഇത്തരം
മാർഗ്ഗങ്ങൾ അവലംബിക്കുന്നതിൽ പരിതപിക്കേണ്ടിയിരിക്കുന്നു.

പ്രവത്തകസമിതിയുടെ ൩ കാളങ്ങളുള്ള പ്രത്യക്ഷപത്രവും എനിക്കു വിസ്ത
രിക്കേണ്ടിവരുന്നു. ഉത്തരവാദഭരണപ്രശ്നത്തെക്കുറിച്ചു ഗൌരവമുള്ള ഒരു
രാഷ്ട്രീയകക്ഷി ഇപ്രകാരം ഒരു പ്രത്യക്ഷപത്രം പുറപ്പെടുവിക്കുമെന്നു വിശ്വ
സിക്കുക സാദ്ധ്യമല്ല. അവരുടെ കാര്യപരിപാടി, ദുരന്തപരമല്ലെങ്കിൽ, വി
നോദപരമായിരിക്കുന്നു. പ്രായേണ എല്ലാ ആദായമാർഗ്ഗങ്ങളും ഗവമ്മെൻറി
നടച്ചുകളയാമെന്നാണു് അവരുടെ വിചാരം. അതേ സമയത്തുതന്നെ എല്ലാ
വിധം ചിലവുകളും വർദ്ധിപ്പിക്കണമെന്നും പ്രമേയങ്ങൾ ആവശ്യപ്പെടുന്നു.
ചുമതലാബോധത്തിനോ ആലോചനയ്ക്കോ സാക്ഷ്യം വഹിക്കുന്ന നടപടി
യല്ലാ ഇതു്.

ഇവയെല്ലാം അവഗണിച്ചാൽ, ഞാൻ കൽക്കട്ടായിൽവച്ചു പറഞ്ഞതു
പോലെ ബ്രി:മാതൃകയിൽ നിയമനിമ്മാണസഭയോടുത്തരവാദിത്വം അവതരി
പ്പിക്കുവാൻ മഹാരാജാവു നിശ്ചയിക്കുമ്പോഴും നിശ്ചയിക്കുന്നുവെങ്കിലും ഉത്തര
വാദഭരണം അനുവദിക്കുക മാത്രമാണു തിരുവിതാംകൂർ ഗവമ്മെൻറിനെടു
ക്കാനുള്ള അടുത്ത പടിയെന്ന വസ്തുത അവശേഷിക്കുന്നു. രാജക്കോട്ടു്,
ഹൈദ്രബാദു്, ബറോഡ, ഒറീസാ ഇവിടങ്ങളിൽ നടന്ന സംഭവങ്ങളും തിരുവി
താംകൂറിലെ ജനക്കൂട്ടത്തിൻെറ പെരുമാററവും, തൽഫലം അപ്രകാരം ഒരു
മാററം വരുത്തുവാൻ ഭരണാധികാരിയെ പ്രോത്സാഹിപ്പിക്കയോ ശക്തനാ
ക്കയോ ചെയ്യുന്ന ഘടകങ്ങളല്ല. കൂടാതെ, ബ്രി: ഇൻന്ത്യയിലെ ഉത്തരവാദഭ
രണമെന്നു പറയുന്നതു്, കാൺഗ്രസ്സു് വക്കിംഗ് കമ്മിററിയിൽ കേന്ദ്രീകരിച്ചു
ഭരണമായിത്തീന്നിരിക്കുന്നുവെന്നും, അതിനെതിരായി ലഹളയുടെ ചിഹ്ന
ങ്ങൾ ഉണ്ടെന്നും അതു് പ്രജാധിപത്യത്തിനു നേരേ വിരുദ്ധമാണെന്നും അറി
യേണ്ടിയിരിക്കുന്നു. അവസാനമായി രാഷ്ട്രീയവും ധനപരവുമായ സഹായ
ത്തിനായി, വാർദ്ധാ, അലഹബാദു്, ഡൽഹി, കൊച്ചി മുതലായ സ്ഥലങ്ങ
ളിലേയ്ക്കു ദൃഷ്ടി പതിക്കുന്നതായി ഇന്നുള്ള വാസനയെ വർദ്ധിപ്പിക്കുന്ന യാ
തൊരു രാഷ്ട്രീയപുരോഗതിയും ഉദ്ദേശിക്കുന്നില്ലെന്നും വ്യക്തമാക്കട്ടെ,

ഈ പരിതഃസ്ഥിതികളിലും, തൽക്കാലത്തേയ്ക്കും നാം അഭിപ്രായവ്യ
ത്യാസം വച്ചുകൊണ്ടിരിക്കുന്നതിനു പരസ്പരം സമ്മതിക്കേണ്ടിയിരിക്കുന്നു.

സി. പി. രാമസ്വാമിഅയ്യർ (ഒപ്പ്)

**ദിവാൻജിയുടെ മറുപടി ചങ്ങനാശേരിയേ കൂടുതൽ അ
സ്വസ്ഥചിത്തനാക്കിത്തീത്തതേയുള്ളൂ. ൧൧൧൪ മകരം ൨൩-ാം
തീയതി നിയമസഭാംഗങ്ങളെ സ്ഥാനഭ്രഷ്ടരാക്കിയതിനെ പ്ര
തിഷേധിക്കുവാൻ തിരുവനന്തപുരത്തുവച്ചു് ഒരു പൌരമഹാ**

യോഗം കൂടി. യോഗത്തിലാദ്ധ്യക്ഷം വഹിച്ചതു ചങ്ങനാശേരിയ ല്ലാതെ മററാരുമായിരുന്നില്ല. ചങ്ങനാശേരി ചെയ്ത ഉത്തേജക മായ അദ്ധ്യക്ഷപ്രസംഗത്തിൽ ഗവമെൻറ് സ്റേററുകാൺഗ്രസ്സ് കക്ഷിയംഗങ്ങളെ സ്ഥാനഭ്രഷ്ടരാക്കിയതുമൂലം "വെറും മര ക്കൈകൾ"മാത്രമേ നിയമസഭയിലവശേഷിച്ചിട്ടുള്ളു എന്നു പ്രസ്താവിക്കുകയുണ്ടായി. ഈ പ്രസ്താവന അടുത്ത നിയമസഭാ സമ്മേളനത്തിൽ "മരക്കൈകളുടെ "കഠിനമായ പ്രതിഷേധ ത്തിനു കാരണമാക്കി.

യോഗം പിരിഞ്ഞതിനുശേഷം അന്നു രാത്രിതന്നെ ചങ്ങനാശേരി കൊല്ലത്തെത്തി. അടുത്ത പ്രഭാതത്തിൽ അദ്ദേ ഹം തൻെറ സെക്രട്ടറിയെ വിളിച്ചു സ്റേററുകാൺസ്സിലംഗമാ യിച്ചേരുവാനുള്ള ഒരു രസീതുപുസ്തകം കൊണ്ടുവരുവാനാവശ്യ പ്പെട്ടു. അത്ഭുതപരതന്ത്രനായ സിക്രട്ടറി കൊല്ലത്തു സ്റേററു കാൺഗ്രസ്സ് ആഫിസിലേയ്ക്കോടി ഒരു രസീതുപുസ്തകവുമായി അടുത്ത നിമിഷത്തിൽ തിരിച്ചെത്തി. അദ്ദേഹം അപ്പോൾത്ത ന്നെ അവിടെവച്ചു സ്റേററുകാൺഗ്രസ്സിലംഗമായിച്ചേന്നു. അടുത്ത വണ്ടിയിൽ അദ്ദേഹം കൊല്ലത്തുനിന്നു കേരകൃഷക സംഘം സംബന്ധിച്ച ജോലികൾക്കായി ബാംഗ്ളൂർ, ഡൽഹി മുതലായ സ്ഥലങ്ങളിലേയ്ക്കു തിരിച്ചു. തിരുവിതാംകൂർ വിട്ട പ്പോൾ അദ്ദേഹം ഒരു സ്റേററ് കാൺഗ്രസ്സ് അംഗമായിരുന്നു എന്നുള്ള വിവരം അന്നു തിരുവനന്തപുരത്തായിരുന്ന ഭാൎയ്യപോ ലുംഅറിഞ്ഞിരുന്നില്ല. ബാംഗ്ളൂരിൽനിന്ന് അദ്ദേഹം ഭാൎയ്യയ്ക്ക് എഴുതിയ കത്തിൽ മാത്രമേ ഇതിനെപ്പററി പ്രസ്താവിച്ചിരു ന്നുള്ളു.

ഈ സംഭവം ചങ്ങനാശേരിയുടെ രാഷ്ട്രീയപ്രവൎത്തനങ്ങ ളുടെ പാരമ്യമായിരുന്നു എന്നു പറയാം. സ്റേററുകാൺഗ്രസ്സ് വൎക്കിംഗ്കമ്മിററി മീനം ൧൨-ാംതീയതി നിയമനിഷേധം ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നറിഞ്ഞുകൊണ്ടും, അതു തൻെറ ജീവിതത്തിലുണ്ടാക്കുവാനിടയുള്ള പ്രത്യാഘാത ങ്ങളുടെ വലിപ്പം ധരിച്ചുകൊണ്ടുമാണ് ആ ഘട്ടത്തിലദ്ദേഹം സ്റേററുകാൺഗ്രസ്സിലൊരംഗമായിട്ടു ചേൎന്നത്. സുദീർഘമാ യിരുന്ന അദ്ദേഹത്തിൻെറ രാഷ്ട്രീയജീവിതത്തിൽ ഒരിക്കൽ പോലും ഒരു നിയമലംഘകനായി അദ്ദേഹത്തെ ആരും ദൎശി ച്ചിട്ടില്ല. രാജ്യനിയമങ്ങൾ എത്ര അനീതിപരങ്ങളാണെങ്കിൽ

കൂടിയും അവയെ ആദരിക്കയും അനുസരിക്കയും ചെയ്യുവാനുള്ള ഒരു മനോഭാവമാണ് അദ്ദേഹത്തിൻെറ രക്തത്തിലും മജ്ജയിലുംകൂടി കലന്നിരുന്നത്. വ്യവസ്ഥാപിതപ്രക്ഷോഭണങ്ങളെ അതിലംഘിക്കുന്ന യാതൊരു പ്രവർത്തനങ്ങളിലും അദ്ദേഹം അന്നുവരെ പങ്കെടുത്തിരുന്നില്ല. സ്റ്റേററ് കാൺഗ്രസ്സിൻെറ ആദ്യത്തെ നിയമലംഘനപ്രസ്ഥാനത്തോട് അദ്ദേഹത്തിനനുഭാവമാണുണ്ടായിരുന്നതെങ്കിലും അതൊഴിച്ചുകൂടുവാൻ വഹിയാത്ത ഒരു ദുരന്തമായിരുന്നു എന്നദ്ദേഹം കരുതിയിരുന്നില്ല. കൂടുതൽ രഞ്ജകബുദ്ധിയും എളിമയും സ്റ്റേററുകാൺഗ്രസ്സിനു പ്രകടമാക്കാമായിരുന്നു എന്നദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. എങ്കിലും സംഭവങ്ങളുടെ ദ്രുതഗതിയിലുള്ള ചലനം അദ്ദേഹത്തിന്റെ ഹൃദയത്തിൽ വിപ്ലവപരമായ പരിവർത്തനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. രാഷ്ട്രീയമായി അദ്ദേഹത്തിനുണ്ടായിരുന്ന വിശ്വാസപ്രമാണങ്ങൾ ഒന്നൊന്നായി പുരോഭാഗത്തു തകർന്നു വീഴുന്നതുപോലെ തോന്നി. ഹൃദയപരിശോധന ചെയ്തു നൂതനമായ ചില തത്വങ്ങൾ അംഗീകരിക്കാതെ ഗത്യന്തരമില്ലെന്നും അദ്ദേഹം വിചാരിച്ചു. എങ്കിലും പഴയ സാഹചര്യങ്ങളോടും ആദർശങ്ങളോടും വിട്ടുപിരിയുവാൻ അദ്ദേഹത്തിനു വൈമനസ്യം തോന്നാതിരുന്നില്ല. ചുററുപാടും അലതല്ലിക്കൊണ്ടിരുന്ന തീക്ഷ്ണവികാരങ്ങൾ ഹൃദയത്തിലേക്കിരച്ചുകയറി അവിടെ ഉത്ഭവിപ്പിച്ച പ്രത്യാഘാതങ്ങളെ നിയന്ത്രിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞില്ല. ഒരു ഭാഗത്തു നിയമഭക്തനായ ഒരുത്തമ പൌരന്റെ ബുദ്ധിപ്രധാനമായ വിവേചനാശക്തിയിൽനിന്നുദ്ദീപിക്കുന്ന വികാരങ്ങൾ; മറുഭാഗത്തു ചുററുപാടുമുള്ള അന്തരീക്ഷത്തിൽ മുഴങ്ങുന്ന സ്വാതന്ത്ര്യകാഹളത്തിൻെറ മാറെറാലികൾ ജനിപ്പിക്കുന്ന ഹൃദയവിക്ഷോഭങ്ങൾ. ഈ വികാരസമ്മർദ്ദങ്ങൾക്കിടയിൽ ഉല്കണ്ഠാകുലമായ അഹോരാത്രങ്ങൾതന്നെ അദ്ദേഹം കഴിച്ചുകൂട്ടിയിട്ടുണ്ട്. ഒടുവിൽ കൂലങ്കഷമായ ചിന്തയുടേയും ദീർഘവീക്ഷണത്തിൻേറയും ഫലമായി പ്രയാണമാർഗ്ഗം അദ്ദേഹം തെളിഞ്ഞു കണ്ടു. ആ സ്വാതന്ത്ര്യസമരത്തിൽ യഥാർഹമായ പങ്കു വഹിക്കുവാൻ കർത്തവ്യബോധമദ്ദേഹത്തെ മാടിവിളിച്ചു. ഭവിഷ്യത്തുകൾ പരിഗണിക്കാതെ മനസ്സാക്ഷിയുടെ ആഹ്വാനം അദ്ദേഹം സ്വീകരിച്ചു. ചങ്ങനാശ്ശേരി സ്റ്റേററുകാൺഗ്രസ്സിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

# അദ്ധ്യായം ൭൫

ചങ്ങനാശ്ശേരി ൧൧൦൪ കുംഭമാസാവസാനത്തിൽ ഡൽഹിയിൽനിന്നു തിരിച്ചു തിരുവനന്തപുരത്തെത്തിയപ്പോൾ ചീഫ് സിക്രട്ടറിയുടെ ഒരു കത്തു് അദ്ദേഹത്തിൻെറ ആഗമനം പ്രതീക്ഷിച്ചു കിടക്കുന്നുണ്ടായിരുന്നു. ആ കത്തു് ഇതാണ്.

പ്രിയപ്പെട്ട സർ,

താങ്കൾ സ്റ്റേറ്റ് കാൺഗ്രസ്സിൽ ചേർന്നതായി പത്രങ്ങളിൽനിന്നറിയുന്നു. അതു പരമാർത്ഥമാണോ എന്നറിയിക്കുവാൻ സന്മനസ്സുണ്ടാകണമെന്നപേക്ഷിക്കുന്നു.

എം. കെ. നീലകണ്ഠയ്യർ (ഒപ്പ്)

ഈ കത്തിന് അദ്ദേഹം താഴെച്ചേർക്കുന്ന മറുപടി നല്കി.

പ്രിയപ്പെട്ട സർ,

൧൯൨൯ മാർച്ച് ൨൦-ാം തീയതിയിലെ ൧൫൨/൨൯/സി. എസ്. നമ്പർ എഴുത്തു കൈപ്പററി, നന്ദി പറഞ്ഞുകൊള്ളുന്നു. മൈസൂർ, ഡൽഹി മുതലായ സ്ഥലങ്ങളിൽ സഞ്ചാരം കഴിഞ്ഞു മാർച്ച് ൨൨-ാംനു- വെള്ളിയാഴ്ച വൈകുന്നേരം തിരുവനന്തപുരത്തു തിരിച്ചെത്തിയപ്പോഴാണ് ആ കത്തു ഞാൻ കാണാനിടയായതു്. അതുകൊണ്ടാണു മറുപടിക്കു് ഇത്രയും കാലതാമസം നേരിട്ടതു്.

നിങ്ങളുടെ എഴുത്തിൻെറ രൂപവും അതു നിങ്ങൾ എഴുതിയ കാരണവും മനസ്സിലാക്കുവാൻ എനിക്കു സാധ്യമല്ലെന്നു സമ്മതിക്കട്ടെ. പെൻഷ്യൻ പററുന്ന ഒരു ഹൈക്കോടതിജഡ്ജിയുടെ നിലയിൽ മാത്രമാണു ഗവമ്മെൻറിനു് എനിക്കെഴുതാവുന്നതു്. ഹൈക്കോടതിജഡ്ജിമാർക്കു് ഔദ്യോഗികമായി ചീഫ്സിക്രട്ടറി കത്തുകളയയ്ക്കുക എൻെറ കാലത്തു പതിവുണ്ടായിരുന്നില്ല. ഹൈക്കോർട്ടു രജിസ്ത്രാരുമായി ചീഫ്സിക്രട്ടറിയും, ഗവമ്മെൻറു ജഡ്ജിമാരും തമ്മിൽ ദിവാൻജിമുഖാന്തിരവും കത്തിടപാടുകൾ നടത്തിവന്നു. ഇപ്പോൾ ഹൈക്കോർട്ടുജഡ്ജിമാരെ സംബന്ധിച്ചു ആ ചട്ടം നിലവിലുണ്ടു് എന്നു ഞാൻ വിശ്വസിക്കുന്നു. അപ്രകാരമാണെങ്കിൽ, പെൻഷ്യൻ പററിയ ഹൈക്കോടതിജഡ്ജിമാരെയും ആ നിയമം ബാധിക്കണം.

ഇതു ചൂണ്ടിക്കാണിക്കുന്നതോടുകൂടി, എന്നിൽനിന്നും നിങ്ങൾ ആവശ്യപ്പെടുന്ന അറിവു തരാതിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. എൻെറ നിരസനം, വാദവിഷയത്തെ അകററിക്കളയുവാനോ താമസമുണ്ടാക്കുവാനോ ഉദ്ദേശിക്കപ്പെട്ടതായി ദുർവ്യാഖ്യാനം ചെയ്യേക്കാം. നിങ്ങളുടെ ചോദ്യത്തിനു് എൻെറ ഉത്തരം 'ഉവ്വു്' എന്നാകുന്നു. ഇതു്, മുൻപറഞ്ഞ തടസ്സത്തെ ദൂരീകരിക്കുന്നു എന്നു വിചാരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (ഒപ്പ്)

ഇതിനു വീണ്ടും ചീഫ് സിക്രട്ടറി ഇങ്ങനെ മറുപടി അയച്ചു.

പ്രിയപ്പെട്ട സർ,

൧൯൩൯ മാർച്ച് ൧൩-ാംതീയതിയിലെ നിങ്ങളുടെ എഴുത്തു കിട്ടി. പത്രപ്രസ്താവനയിൽ കണ്ടതുപോലെ, തിരുവിതാംകൂർ സ്റ്റേററ് കാൺഗ്രസ്സ് പ്രവർത്തനങ്ങളിൽ നിങ്ങൾ ഭാഗഭാക്കാകുവാൻ നിശ്ചയിച്ചുകഴിഞ്ഞോ എന്ന് അറിവാൻ ഗവൺമെൻറ് ആഗ്രഹിച്ചതുമൂലമാണു ഞാൻ എഴുത്തയയ്ക്കുവാൻ ഇടയായത്.

എഴുത്തിന്റെ രൂപത്തിനെക്കുറിച്ചാണെങ്കിൽ, ഉദ്യോഗത്തിലിരിക്കുന്ന ഹൈക്കോടതിജഡ്ജിയെ സംബന്ധിച്ച ചട്ടം, പെൻഷ്യൻ പററുന്ന ഒരു ഹൈക്കോടതിജഡ്ജിയെ ബാധിക്കുന്നതല്ലെന്നും പറയേണ്ടിയിരിക്കുന്നു. ഈ സംഗതിയെക്കുറിച്ചു വിസ്തരിക്കുന്നത് അനാവശ്യമാകുന്നു. എന്തെന്നാൽ ഒരേ നിയമം ബാധിക്കുമെങ്കിൽ, ഉദ്യോഗം ഭരിക്കുന്ന ഒരു ഹൈക്കോടതിജഡ്ജിക്ക് ഒരു സ്റ്റേററ് കാൺഗ്രസ്സ് മെമ്പറാകാൻ സാധിക്കയില്ലല്ലോ. ഒരു സ്വകാര്യവ്യക്തിയുടെ നിലയിൽ നിങ്ങളുടെ അവകാശങ്ങൾ വിനിയോഗിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നതുകൊണ്ടു, കത്തിടപാടുകളെ സംബന്ധിച്ച നിങ്ങൾ ഹൈക്കോടതിജഡ്ജിയുടെ അവകാശങ്ങളെ ആവശ്യപ്പെടുന്നത് അത്ഭുതമായിരിക്കുന്നു. കൂടാതെ, കുറച്ചുകാലം മുമ്പു ചില ഉദ്യോഗസ്ഥന്മാരുമായുള്ള കത്തിടപാടുകൾ ദിവാൻജി നേരിട്ടു നടത്തിയിരുന്നുവെങ്കിലും, ആ നിയമത്തെ ഭേദപ്പെടുത്തിയിട്ടുണ്ടെന്നും, ഹൈക്കോടതിയും ജഡ്ജിമാരും, വ്യത്യാസംകൂടാതെ എല്ലാ സംസ്ഥാനയുദ്യോഗസ്ഥന്മാരും തമ്മിലുള്ള കത്തിടപാടുകൾ സിക്രട്ടറിയേററുമുഖാന്തിരമാണു നടക്കുന്നതെന്നും പറഞ്ഞുകൊള്ളുന്നു.

നിങ്ങൾ തിരുവിതാംകൂർ സ്റ്റേററ് കാൺഗ്രസ്സിലെ ഒരംഗമാണെന്ന വസ്തുത ഗവൺമെൻറ് നോട്ടു ചെയ്തിരിക്കുന്നു.

എം. കെ. നീലകണ്ഠയ്യർ (ഒപ്പ്)

മുന്നറിവുരൂപത്തിലുള്ള ഗവൺമെൻറിന്റെ കത്തുകൾ ചങ്ങനാശേരിയെ അസ്വസ്ഥനോ പ്രവൃത്തിരഹിതനോ ആക്കിയില്ല. തിരുവിതാംകൂറിൽ തിരിച്ചെത്തിയതിനുശേഷം സ്റ്റേററു കാൺഗ്രസ്സ് പ്രവർത്തനങ്ങളിൽ സതതശ്രദ്ധയോടെ അദ്ദേഹം പങ്കെടുക്കുവാൻ തുടങ്ങി.

ഈ ഘട്ടത്തിൽ മഹാത്മാഗാന്ധിയിൽനിന്നും ലഭിച്ച ആജ്ഞാപൂർവ്വമായ നിർദ്ദേശമനുസരിച്ചു മീനം ൧൨-ാംനു ആരംഭിക്കുവാൻ നിശ്ചയിച്ചിരുന്ന നിയമലംഘനപ്രസ്ഥാനം മാററിവയ്ക്കുവാൻ സ്റ്റേററുകാൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി നിർബ

ന്ധിതമായി. സൃഷ്ടിപരമായ പ്രവൎത്തനങ്ങൾ മാത്രം തല്ക്കാലം തുടൎന്നുകൊണ്ടുപോകുവാൻ ഗാന്ധിജി നേതാക്കന്മാരെ ഉപദേശിച്ചു.

നിരന്തരമായി നടത്തിക്കൊണ്ടിരുന്ന യോഗങ്ങൾക്കും പ്രസംഗങ്ങൾക്കും ശേഷം ചങ്ങനാശേരി അല്പകാലത്തേയ്ക്കു വിശ്രമം വരിച്ചു. അക്കാലത്തുതന്നെ തിരുവിതാംകൂറിലെ രാഷ്ട്രീയസ്ഥിതിയെ വിശദീകരിച്ചുകൊണ്ടും, സ്റ്റേറ്റുകോൺഗ്രസ്സംഗീകരിക്കേണ്ട കൎമ്മപരിപാടിയെ വിവരിച്ചുകൊണ്ടും, ശ്രീ. ജി. രാമചന്ദ്രന്റെ പത്രാധിപത്യത്തിൽ നടന്നുകൊണ്ടിരുന്ന 'നവകേരളം' പത്രത്തിൽ ചങ്ങനാശേരി ഒരു ലേഖനമെഴുതി. ഈ ലേഖനംമൂലം അദ്ദേഹത്തിനു പെൻഷ്യൻ നഷ്ടപ്പെട്ടു. മേ മാസം ൧൪-ാംനു-യാണ് ഈ ലേഖനം പുറത്തുവന്നത്. മേ മാസം ൧൫-ാംനു- ചീഫ്സെക്രട്ടറി ചങ്ങനാശേരിക്ക് ഇങ്ങിനെ എഴുതിഅയച്ചു.

"ഗവൎമ്മെന്റിന്റെ അഭിപ്രായത്തിൽ, രാജദ്രോഹകരമായ പ്രചരണവേലകളിൽ വ്യാപൃതവും, അധികാരവിധ്വംസകവും, രാജ്യത്തിന്റെ ഉത്തമതാല്പൎയ്യങ്ങൾക്കു ഹാനികരവും, ആയ ഒരു സംഘടനയെ പ്രോത്സാഹിപ്പിക്കുന്നതിലും, അതിനോടു കൂടുതൽ കൂടുതൽ ബന്ധപ്പെടുന്നതിലും, നിങ്ങൾ ചെയ്തിരുന്ന ശ്രമത്തെ, സ്റ്റേറ്റുകോൺഗ്രസ്സിന്റെ ആരംഭംമുതൽക്കുതന്നെ, ഗവൎമ്മെന്റ് വീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നുവെന്നു ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ഈയിടെയായി, നിങ്ങളുടെ ലേഖനങ്ങളും, പ്രസംഗങ്ങളും, ഇതരപ്രവൎത്തനങ്ങളുംമൂലം നിങ്ങൾ സ്റ്റേറ്റുകോൺഗ്രസ്സ് പ്രവൃത്തികളുമായി പരസ്യമായി യോജിച്ചു പ്രവൎത്തിക്കയും, ഗവൎമ്മെന്റിന് അപകീൎത്തിയുളവാക്കുവാനും പൊതുജനങ്ങളുടെ മനസ്സിൽ ഗവൎമ്മെന്റിനെപ്പറ്റി അപ്രീതി ഉണ്ടാക്കുവാനും പൎയ്യാപ്തമായ അചഞ്ചലമായ പ്രചരണജോലി ചെയ്യുകയും ചെയ്തുവന്നിരുന്നു. ഉദ്യോഗത്തിൽനിന്നും പിരിഞ്ഞു പെൻഷ്യൻ പറ്റുന്ന ഉദ്യോഗസ്ഥന്മാരിൽനിന്നും രാജഭക്തിയും സഹകരണവും പ്രതീക്ഷിക്കുവാൻ ഗവൎമ്മെന്റിനവകാശമുണ്ട്. നിങ്ങളുടെ നിലയാകട്ടെ, ശത്രുതാപരമായിക്കാണുന്നു. പെൻഷ്യൻ പറ്റുന്ന ഒരുദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം ഗൌരവതരമായ ഒരു ദുൎന്നടത്തയാണു നിങ്ങളുടെ പ്രവൎത്തനങ്ങൾ എന്നാണു ഗവൎമ്മെന്റിന്റെ അഭിപ്രായം. നിങ്ങൾ ഇപ്പോൾ വാങ്ങുന്ന പെൻഷ്യൻ പിടിക്കുവാൻ ഗവൎമ്മെന്റിന് ഇതു മതിയായ കാരണമായിരിക്കും. നിങ്ങൾ ഇപ്പോഴത്തെ പ്രവൎത്തനങ്ങൾ തുടൎന്നുകൊണ്ടുപോവുകയാണെങ്കിൽ ഇനിയൊരു മുന്നറിവു തരാതെ നിങ്ങളുടെ പെൻഷ്യൻ നിറുത്തുകയല്ലാതെ ഗവൎമ്മെന്റിനു ഗത്യന്തരമില്ല."

## ഇതിനു ചങ്ങനാശേരി നൽകിയ മറുപടി ഇതാണ്.

"ഫൻബർ മേ ൧—൦ാംനു- നിങ്ങൾ അയച്ച കത്തു കൈപ്പററി, നന്ദി പറഞ്ഞുകൊള്ളുന്നു. ഗവമ്മെൻറ് എന്നിൽനിന്നും യാതൊരു മറുപടിയും പ്രതീക്ഷിക്കുന്നില്ലായിരിക്കാമെങ്കിലും, എഴുത്തിലുള്ള ചില പ്രസ്താവനകൾക്ക് ഉത്തരം നൽകേണ്ടതു് എന്റെ ചുമതലയാണെന്നു ഞാൻ വിചാരിക്കുന്നു. "ഗവമ്മെൻറിന്റെ അഭിപ്രായത്തിൽ രാജദ്രോഹകരങ്ങളായ പ്രചരണജോലികളിൽ വ്യാപൃതവും, അധികാരവിധ്വംസകവും രാജ്യത്തിന്റെ താല്പര്യങ്ങൾക്കു ഹാനികരവുമായ ഒരു സംഘടനയാണ്" സ്റ്റേററുകാൺഗ്രസ്സെന്നു നിങ്ങൾ പറയുന്നതു മനസ്സിലാക്കുവാൻ എനിക്കു വിഷമമായിരിക്കുന്നു എന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. ഒരുകാലത്തു സ്റ്റേററുകാൺഗ്രസ്സ് പ്രവർത്തനങ്ങളെക്കുറിച്ചു ഗവമ്മെൻറിന്റെ അഭിപ്രായം എന്തുതന്നെയായിരുന്നാലും, സ്റ്റേററുകാൺഗ്രസ്സ് നിയമവിരുദ്ധസംഘമാണെന്നു പ്രഖ്യാപിച്ചുകൊണ്ടുള്ള ക്രിമിനൽ ലാ അമൻറുമെൻറ് ആക്ട് പ്രകാരം ഉണ്ടായ നോട്ടിഫിക്കേഷൻ റദ്ദുചെയ്തപ്പോൾ സ്റ്റേററുകാൺഗ്രസ്സിന്റെ പേരിലുണ്ടായിരുന്ന ഈ കുററങ്ങൾ ഗവമ്മെൻറു പിൻവലിച്ചു എന്നും, അതിനെ തികച്ചും നിയമാനുസൃതസംഘമായംഗീകരിച്ചുവെന്നും വിചാരിക്കണം. "ഗവമ്മെൻറിനു് അപകീർത്തിയും പൊതുജനങ്ങൾക്കു ഗവമ്മെൻറിനോടു് അപ്രീതിയും ഉളവാക്കുന്നതായ" പ്രചരണവേല ഞാൻ നടത്തിയിരുന്നു എന്ന ആരോപണത്തെ ഈ സന്ദർഭത്തിൽ ആദരസമന്വിതം എനിക്കു നിഷേധിക്കേണ്ടിയുമിരിക്കുന്നു. ഗവമ്മെൻറിനു് ഈ ധാരണയുളവാക്കിയ എന്റെ പ്രസംഗഭാഗങ്ങളേയോ ലേഖനഭാഗങ്ങളേയോ എന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതു് എന്നോടു ചെയ്യേണ്ട ഒരു നീതിയാകുന്നു. പെൻഷ്യൻ വാങ്ങുന്ന ഉദ്യോഗസ്ഥന്മാരിൽനിന്നു രാജഭക്തിയും സഹകരണവും പ്രതീക്ഷിക്കുവാൻ ഗവമ്മെൻറിനവകാശമുണ്ടെന്നു നിങ്ങൾ പറയുന്നതിനോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. പെൻഷ്യൻപററി ജോലിയിൽനിന്നും പിരിഞ്ഞിരിക്കുന്ന ഗവമ്മെൻറുദ്യോഗസ്ഥന്മാരിൽ നിന്നുമാത്രമല്ല, രാജ്യത്തിലെ പൌരസഞ്ചയത്തിൽനിന്നും അവ പ്രതീക്ഷിക്കുവാൻ ഗവമ്മെൻറിനവകാശമുണ്ടെന്നു പറയുവാൻകൂടി ഞാൻ ആഗ്രഹിക്കുന്നു. എനിക്കറിവുള്ളിടത്തോളം, ഈ സംഗതിയിൽ രാജ്യത്തോടുള്ള എന്റെ ധർമ്മം നിർവ്വഹിക്കുന്നതിൽ യാതൊരു വിലോപവും ഞാൻ വരുത്തിയിട്ടില്ലെന്നാണ് എന്റെ ദൃഢബോധ്യവും. ഗവമ്മെൻറിനെ അപകീർത്തിപ്പെടുത്തുന്നതോ ഗവമ്മെൻറിനോടപ്രീതി ജനിപ്പിക്കുന്നതോ ആയി ഒന്നുംതന്നെ ചെയ്യുവാൻ ഞാൻ ഉദ്ദേശിച്ചിരുന്നില്ലെന്നു മാത്രമല്ല ഉദ്ദേശിക്കുന്നുമില്ല. ഗവമ്മെൻറിന്റെ നേരെയുള്ള എന്റെ നില ശത്രുതാപരമല്ല, പിന്നെയോ ബഹുമാനവും സ്നേഹവും ആത്മാർത്ഥതയും കലന്നതാകുന്നു. ഉത്തരവാദഭരണത്തിനായുള്ള വ്യവസ്ഥാപിതപ്രക്ഷോഭണം എന്റെ ജീവിതവൃത്തിയായിരുന്നു. ഗവമ്മെൻറിനു വിരോധജനകമല്ലെന്നു ഞാനെപ്പോഴും വിശ്വസിച്ചിരുന്ന ആ പ്രവൃത്തി തുടൻ നടത്തുകമാത്രമാണു ഞാൻ ചെയ്യുന്നതു്. ആ ജോലി അരാജഭക്തമാണെന്നു ഗവമ്മെൻറു വിചാരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പെൻഷ്യനെ സംബന്ധിച്ചു്, അതു നിയമമനു

മല്ലെന്നും, അതിന്റെ നിലനില്പു ഗവൺമെന്റിന്റെ പ്രീതിയേയും സന്മനോഭാവത്തെയും ആശ്രയിച്ചിരിക്കുന്നുവെന്നും എനിക്കറിയാം. ഞാൻ ഒരു ധനികനല്ല. എന്റെ വരവിൽ പ്രധാനമായ ഒരംശം പെൻഷനാകുന്നു. അതിനാൽ, നിവൃത്തിയുണ്ടെങ്കിൽ അതു നഷ്ടപ്പെടുത്താതിരിക്കുവാനാണു് എന്റെ ആശ. പക്ഷേ, എന്റെ പെൻഷ്യനും, സ്വാതന്ത്ര്യവും സത്യവാനും ആയ ഒരു പൌരനെന്ന നിലയിൽ ഉത്തമവിശ്വാസത്തോടും മനസ്സാക്ഷിയോടും കൂടി രാജ്യത്തോടും രാജാവിനോടും ഉള്ള ധർമ്മം നിർവഹിക്കുവാനുള്ള എന്റെ അവകാശവും, തമ്മിൽ ഒന്നു തിരഞ്ഞെടുക്കണമെന്ന പ്രശ്നമുദിക്കുകയാണെങ്കിൽ, രണ്ടാമത്തേതു സംരക്ഷിക്കയല്ലാതെ എനിക്കു ഗത്യന്തരമില്ല. ഗവൺമെൻറു് എന്റെ പെൻഷ്യൻ നിറുത്തിക്കഴിഞ്ഞാൽ എന്നെ അറിയിക്കുവാൻ ദയവുണ്ടാകണമെന്നപേക്ഷിക്കുകയല്ലാതെ എനിക്കു കൂടുതലായെന്നും പറയുവാനില്ല. നിരാകരിക്കുവാൻ വേണ്ടി മാത്രമായി എന്റെ പെൻഷ്യൻ ബിൽ സമർപ്പിക്കുകയെന്ന ബുദ്ധിമുട്ടു് എനിക്കു കൂടാതെ കഴിക്കാം. നിങ്ങളുടെ കത്തിന്റെ സ്വഭാവത്തിൽ നിന്നും ഞാൻ വിചാരിക്കുവാൻ പ്രേരിതനാകുന്നതു പെൻഷ്യൻ പിടിക്കുന്നതു ഞാൻ ഭാവിയിൽ ചെയ്യുന്ന എന്തെങ്കിലും പ്രവൃത്തിയുടെ ഫലമായിട്ടായിരിക്കുമെന്നാണു്. അതിനാൽ, ഞാൻ ആവശ്യപ്പെടുന്നതു് അധികമാകുകയില്ലെങ്കിൽ, പെൻഷ്യൻ നിറുത്തുന്നതറിയിക്കുന്ന കത്തിൽ ഞാൻ ചെയ്ത ക്രമക്കേടുകളുടെ വിവരങ്ങൾ കൂടി കാണിക്കുവാൻ ദയവുണ്ടാകുമെങ്കിൽ ഞാൻ വളരെ കൃതജ്ഞതയുള്ളവനായിരിക്കും. ആർഡർ പുനഃപരിശോധന ചെയ്യുന്നതിനപേക്ഷിക്കുന്നതിനായല്ല എന്റെ സ്വന്തം തൃപ്തിക്കുവേണ്ടി മാത്രമാണിതു്.

ചങ്ങനാശേരി പരമേശ്വരൻപിള്ള (ഒപ്പു്)

## വീണ്ടും ചങ്ങനാശേരിക്കു ചീഫ്സിക്രട്ടറി ഇങ്ങിനെയെഴുതി.

"എന്റെ മുൻ കത്തിനെ സംബന്ധിച്ചും, പ്രത്യേകിച്ചു താഴെച്ചേർക്കുന്ന ഉദ്ധരണികളോടുകൂടിയതും, ൧൯൩൮ മേയ് ൧൬-ാംനു-യിലെ കത്തിനു ശേഷം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടതും, ആയ ൧൯൩൮ മേയ് ൧൫-ാംനു-യിലെ നിങ്ങളുടെ നവഃകേരളലേഖനത്തെ പരാമർശിച്ചും, നിങ്ങളെ അറിയിക്കുവാനുള്ളതു്, ഗവൺമെൻറിൽനിന്നും പെൻഷ്യൻ പററുന്ന ഒരു റിട്ടയാർഡ് ജൂഡിഷ്യൽആഫീസർ എന്ന നിലയ്ക്കു നിയമവും വ്യവസ്ഥിതാധികാരവും സംരക്ഷിക്കുന്നതിനു നിങ്ങൾ സഹായിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നുവെങ്കിലും, മുൻപറഞ്ഞ ലേഖനത്തിലും നിങ്ങളുടെ പല പ്രസംഗങ്ങളിലും തിരുവിതാംകൂർ സ്റ്റേററു് കാൺഗ്രസ്സിന്റെ നിയമലംഘന പരിപാടിയെ നിങ്ങൾ പിന്താങ്ങുന്നതായും, നിങ്ങൾ മെമ്പറായുള്ള സ്റ്റേററു് കാൺഗ്രസ്സ്, വ്യവസ്ഥാപിതപ്രക്ഷോഭണമല്ലാതുള്ള ഒരു പരിപാടിയെ അംഗീകരിക്കുവാനുള്ള സാധ്യതയേയും ആവശ്യകതയേയും നിങ്ങൾ സൂചിപ്പിച്ചിട്ടുള്ളതായും കാണുന്നു എന്നാണു്. നിശ്ചിതമായി അസൂക്ഷ്മവും, ഗവൺമെൻറിനോടു വെറുപ്പും വിദ്വേഷവും ജനിപ്പിക്കാനും പൊതുജനങ്ങളിൽ ആശങ്കയുളവാക്കുവാനും പര്യാപ്തവുമായ ആരോപണങ്ങളും സൂചനകളുംകൂടി നിങ്ങൾ ചെയ്തിട്ടുണ്ടു്. ഇവ നിരീകരിക്കത്തക്കതല്ല. നിങ്ങളുടെ മററു പ്രസം

ങ്ങൾകൂടാതെതന്നെയും, മുൻപറഞ്ഞ ലേഖനം നിങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തിയതു നിങ്ങളെ സംബന്ധിച്ച് അനാശാസ്യമായ ഒരു നടപടിയാണെന്നു ഗവൎമ്മെൻറിനു ബോദ്ധ്യം വന്നിരിക്കുന്നു. അതിനാൽ, തിരുവിതാംകൂർ സർവ്വീസ് റെഗുലേഷൻ ആർട്ടിക്കിൾ ൨൨൪-പ്രകാരം ഇനിയൊരുത്തരവുണ്ടാകുന്നതുവരെ നിങ്ങളുടെ പെൻഷ്യൻ നിറുത്തിയിരിക്കുന്നുവെന്ന് അറിയിച്ചുകൊള്ളുന്നു.''

പെൻഷ്യൻ നിൎത്തൽചെയ്തതിനെപ്പററി ചങ്ങനാശേരി പുറപ്പെടുവിച്ച പ്രസ്താവനയെ അടിസ്ഥാനമാക്കി മദ്രാസിലെ ഹിന്ദുപത്രം മേയ് ൨൫-ാംനു എഴുതിയ കുറിപ്പ് താഴെച്ചേൎക്കുന്നു.

## ബുദ്ധിപൂൎവ്വകമല്ലാത്ത ഒരു നടപടി.

''ഇനിയൊരുത്തരവുണ്ടാകുന്നതുവരെ പെൻഷ്യൻ നിറുത്തിവെച്ചിരിക്കുന്നു എന്നുള്ള തിരുവിതാംകൂർ ഗവൎമ്മെൻറിൻെറ അസാധാരണനടപടിക്കു വിധേയനായ റിട്ടയാർഡ് ഹൈക്കോടതിജഡ്ജി മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ളയുമായി നടത്തിയ ഒരു അഭിമുഖസംഭാഷണത്തിൻെറ അനുഖ്യാനം ഞങ്ങൾ അന്യത്ര പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. മി. പിള്ളയുടേതെന്നു പരക്കെ അറിയപ്പെടുന്നതും, അങ്ങിനെ പലരുടേയും ബഹുമതിയെ ആൎജ്ജിച്ചിട്ടുള്ളതുമായ നിഷ്പക്ഷവും നിയമപരവുമായ സ്വഭാവവിശേഷത്തെയാണ് അതു പ്രകടിപ്പിക്കുന്നത്. തെളിയിക്കപ്പെട്ടിട്ടില്ലാത്ത കുററാരോപണങ്ങളും, അധികാരപരമായ പ്രസ്താവനകളും നിറഞ്ഞ ഗവൎമ്മെൻറുകമ്മ്യൂണിക്കെയും അതും തമ്മിൽ, ഈ സംഗതിയിൽ, അജഗജാന്തരമുണ്ട്. അഭിപ്രായസ്വാതന്ത്ര്യത്തെ ഭയപ്പെടുത്തി അടിച്ചമൎത്തുവാൻ അധികാരസ്ഥാനങ്ങളിൽനിന്നു ഈവിധശ്രമങ്ങൾ ഉണ്ടായിട്ടുള്ളതു് ഇദംപ്രഥമമല്ല. പരേതനായ സർ എസ്. സുബ്രഹ്മണ്യയ്യർ അക്കാലത്തെ ഇന്ത്യാഗവൎമ്മെൻറിൻെറ നടപടിയെക്കുറിച്ച് അദ്ദേഹത്തിൻെറ അഭിപ്രായം അമേരിക്കൻപൊതുജനങ്ങളെ ധരിപ്പിക്കുവാൻ ധൈൎയ്യപ്പെട്ടതിന് അദ്ദേഹത്തിൻെറ പെൻഷ്യൻ പിടിക്കുമെന്നു ഭീഷണിപ്പെടുത്തിയതും, അതിന് ആ രാജ്യഭക്തശിരോമണി നൽകിയ കുറിക്കുകൊണ്ട മറുപടിയും വായനക്കാർ ഓൎമ്മിക്കുമല്ലോ. അതിനുശേഷം പെൻഷ്യൻ പിടിക്കുമെന്നുള്ള ഭീഷണി കേൾക്കുകയുണ്ടായില്ല. എന്നാൽ, സർ എസ്. സുബ്രഹ്മണ്യയ്യരുടെ പെൻഷ്യൻ നിയമത്താൽ സുരക്ഷിതമായിരുന്നു. തിരുവിതാംകൂർ ജഡ്ജിമാരുടെ പെൻഷ്യൻ, മി. പരമേശ്വരൻപിള്ള ചൂണ്ടിക്കാണിക്കുന്നതുപോലെ അങ്ങിനെ സുരക്ഷിതമല്ല. ഏതായാലും, പെൻഷ്യനെ സംബന്ധിച്ച നിയമങ്ങളുടെ വ്യത്യാസം ഇപ്രകാരം ഉപയോഗിച്ചതിൽ ഞങ്ങൾ അത്ഭുതപ്പെടുന്നുവെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല.

മി. പിള്ളയ്ക്കെതിരായി ഗുരുതരമായ ആരോപണങ്ങൾ കൊണ്ടുവരുന്ന തിരുവിതാംകൂർ ഗവൎമ്മെൻറ്, അവയ്ക്കു സമാധാനം പറയുവാൻ അദ്ദേഹ

ത്തിന് ഒരു അവസരം നൽകാതിരുന്നതു പരിതാപകരമായിരിക്കുന്നു. ഈ കുറ്റാരോപണങ്ങൾ തെളിയിക്കാമെന്നു ഗവൺമെൻറിനു വിശ്വാസമുണ്ടായിരുന്നുവെങ്കിൽ, ഒരു ന്യായാസനത്തിനു മുമ്പിൽ അവ സമർപ്പിക്കാമായിരുന്നു. ഈ മാർഗ്ഗമവലംബിക്കാതെ, ഗവൺമെൻറുവാദിയുടെയും ജഡ്ജിയുടെയും നില ഒരേസമയത്തിൽ സ്വീകരിച്ചു്, പൊതുജനങ്ങളുടെ ഇടയിൽ അനഭിലഷണീയമായ ഒരു അഭിപ്രായം സംജാതമാകുവാൻ പര്യാപ്തമാകുന്നു. ലേഖനങ്ങളിലാകട്ടെ, പ്രസംഗങ്ങളിലാകട്ടെ, സിവിലാജ്ഞാലംഘനത്തെ താൻ അനുകൂലിക്കുകയോ പ്രത്യക്ഷസമരം ആവശ്യമായേയ്ക്കുമെന്നു പറയുകയോ ചെയ്തിട്ടില്ലെന്നു മി. പിള്ള ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ രാഷ്ട്രീയാഭിപ്രായങ്ങൾ അറിയാവുന്നവർക്ക് ഇതു വിശ്വസിക്കുവാൻ വിഷമമുണ്ടാകയില്ല. ഗവൺമെൻറ് അദ്ദേഹത്തിനെതിരായിക്കൊണ്ടുവരുന്ന ആരോപണങ്ങളെക്കുറിച്ചിടത്തോളം അദ്ദേഹം പറയുന്നതു്, ഭരണത്തെപ്പറ്റിയുണ്ടായിട്ടുള്ള ചില പ്രസ്താവനകൾമൂലം പൊതുജനമനസ്സ് അത്യന്തം പ്രക്ഷുബ്ധമായിട്ടുള്ളതിനാൽ, സ്റ്റേറ്റ് കാൺഗ്രസ്സ് ഒരു കമ്മിറ്റിയെ നിയമിച്ച് ഈ പ്രസ്താവങ്ങളുടെ സത്യാസത്യങ്ങൾ മനസ്സിലാക്കണമെന്നു താൻ നിർദ്ദേശിക്കമാത്രം ചെയ്തുവെന്നാണ്. സംസ്ഥാനത്തിലെ നിയമസ്ഥാപനങ്ങളിൽ ഏറ്റവും ഉയന്ന ഉദ്യോഗം വഹിച്ചിട്ടുള്ള മി. പിള്ള ഉത്തരവാദബോധമുള്ള ഒരു നേതാവാണെന്നു മാത്രമല്ല, അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ അവയുടെ മിതത്വത്തിനും വ്യവസ്ഥാപിതമനോഭാവത്തിനും ഗണനീയത ആർജ്ജിച്ചിട്ടുള്ളവയുമാകുന്നു. ഇങ്ങിനെയൊരു നേതാവിനെ സംബന്ധിച്ചു ഗവൺമെൻറ് അംഗീകരിച്ചിരിക്കുന്ന ഈ നടപടി, സിവിൽനിയമലംഘനം നിറുത്തിവച്ചു് ഉത്തരവാദഭരണസമ്പാദനാർത്ഥം വ്യവസ്ഥാപിതപ്രവർത്തനങ്ങൾ സ്വീകരിക്കണമെന്നു ഗാന്ധിജിയുടെ ഉപദേശപ്രകാരം സ്റ്റേറ്റ്കാൺഗ്രസ്സ ചെയ്ത തീരുമാനത്തെ തുടർന്നു ഗവൺമെൻറ് ഒന്നും ചെയ്യാത്തതിൽ സംസ്ഥാനത്തിലുണ്ടായിട്ടുള്ള കഠിനമായ അസംതൃപ്തിയെ വർദ്ധമാനമാക്കാതിരിക്കയില്ല. മി. പിള്ളയ്ക്കെതിരായി സ്വീകരിച്ചിട്ടുള്ള നടപടി തിരുവിതാംകൂർ ഗവൺമെൻറു റദ്ദുചെയ്യുമെന്നും, കൂടാതെ, ജനനേതാക്കന്മാരുമായി ആലോചിച്ചു ഭരണപരമായ പുരോഗതിക്ക് ഉടൻതന്നെ മാർഗ്ഗങ്ങൾ ആരായുമെന്നും ഞങ്ങൾ ആശിക്കുന്നു.''

ചങ്ങനാശേരിയുടെ പെൻഷ്യൻ നിർത്തൽചെയ്തതിനെപ്പറ്റി മലയാളപത്രങ്ങൾ പ്രായേണ മൌനം ദീക്ഷിച്ചതേയുള്ളു. മി. രാമചന്ദ്രന്റെ നവകേരളം ദീർഘമായ ഒരു മുഖപ്രസംഗമെഴുതി.

ഇതിനുശേഷം ചങ്ങനാശേരി ഹരിജനസേവകസംഘത്തിന്റെ അദ്ധ്യക്ഷപദം രാജിവയ്ക്കുകയുണ്ടായി എങ്കിലും ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ചു് അദ്ദേഹം രാജി പിൻവലിച്ചു.

# അദ്ധ്യായം ൭൨

പെൻഷ്യൻ നിൎത്തൽചെയ്യതിനെപ്പററി ചങ്ങനാശേരിയുടെ ഡയറിയിൽ അദ്ദേഹം എഴുതിച്ചേൎത്തിട്ടുള്ള കുറിപ്പ് ഇവിടെ ഉദ്ധരിക്കുന്നതു് അസംഗതമായിരിക്കയില്ലല്ലോ!

<u>൧൧൨൪ ഇടവം ൧൩.</u>

ഇനിയൊരുത്തരവുണ്ടാകുന്നതുവരെ എൻെറ പെൻഷ്യൻ നിൎത്തൽചെയ്തിരിക്കുന്നു എന്നുള്ള ഗവൺമെൻറുത്തരവു് ഇന്നു കാലത്തു് ആറര മണിയ്ക്കു് എനിക്കു കിട്ടി. ഞാൻ നിയമനിഷേധപ്രസ്ഥാനത്തോടു സഹകരിച്ചു എന്നും, നവകേരളത്തിൽ രാജദ്രോഹപരമായ ലേഖനം പ്രസിദ്ധംചെയ്തു എന്നും, ആണു് ഈ നടപടി സ്വീകരിക്കുവാൻ കാരണങ്ങളായി പ്രസ്താവിച്ചിട്ടുള്ളതു്. ഈ ഉത്തരവും അതോടൊന്നിച്ചുള്ള രേഖകളും ഫയലിൽ ചേൎത്തു. കാപ്പികുടി കഴിഞ്ഞു കൊല്ലത്തു പോയി കമ്പിനിസംബന്ധമായ ജോലികൾ ചെയ്തു. മദ്രാസ് മെയിൽപ്രതിനിധി ഒരു പ്രസ്താവന വേണമെന്നാവശ്യപ്പെട്ടു. നാളെ കാലത്തു കൊടുക്കാമെന്നു പറഞ്ഞു.

ക്ഷോഭരഹിതനും നിഗ്രഢചിത്തനും ആയ ഈ മനുഷ്യൻെറ ഹൃദയാന്തർഭാഗത്തു് ഈ സംഭവമുണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തെന്നു ഗ്രഹിക്കുവാൻ മററു യാതൊരു തെളിവുകളും അവശേഷിക്കുന്നില്ല. ചുററുപാടും നടന്നുകൊണ്ടിരുന്ന സംഭവങ്ങളേയും, നേരിട്ടു് ഇടപെട്ടിട്ടുള്ള വ്യക്തികളേയും സ്വജീവിതാനുഭവങ്ങളേയുംകുറിച്ചു ബുദ്ധിപ്രധാനവും വികാരപരവും ആയ ആശയങ്ങളും അഭിപ്രായങ്ങളും യാതൊരൊളിവുംകൂടാതെ ആത്മാൎത്ഥമായി രേഖപ്പെടുത്തിയിട്ടുള്ള അദ്ദേഹത്തിൻെറ ഡയറിയിൽ പെൻഷ്യൻ നിൎത്തൽചെയ്തുകൊണ്ടുള്ള ഉത്തരവിനെപ്പററി ചേൎത്തുകാണുന്ന സംക്ഷിപ്തമായ ഈ കുറിപ്പു്, അതു കേവലം നിസ്സാരമായ ഒരു സംഭവമായി മാത്രമേ അദ്ദേഹം പരിഗണിച്ചിരുന്നുള്ളു, എന്നല്ലാതെ എന്താണു വെളിവാക്കുന്നതു്. ഉത്തരവിൻെറ പകർപ്പുകൾ ഫയലിൽ ചേൎത്തിട്ടു് അസാധാരണമായി യാതൊന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ അദ്ദേഹം കാപ്പികുടി കഴിഞ്ഞു കൊല്ലത്തു പോയി കമ്പനിസംബന്ധമായ ജോലികളിൽ ഏൎപ്പെടുകയാണു ചെയ്തതു്.

ഒരു സ്റ്റേററുകാൺഗ്രസ്സ് നിവേദകസംഘം വീണ്ടും ഗാന്ധിജിയേ സന്ദർശിച്ചതും, അദ്ദേഹത്തിൻെറ ഉപദേശാനുസരണം ദിവാൻജിയുമായി നേതാക്കന്മാർ സന്ധിസംഭാഷണങ്ങളാരംഭിച്ചതും, അക്കാലത്തുതന്നെ സ്റ്റേററുകാൺഗ്രസ്സ് വാർഷികസമ്മേളനം കരുനാഗപ്പള്ളിയിൽവച്ചു നടത്തുവാൻ നിശ്ചയിച്ചതും, യുദ്ധപരിതഃസ്ഥിതികൾമൂലമതു മാററിവയ്ക്കണമെന്നു ഗവമ്മെൻറു നിർദ്ദേശിച്ചതും, സ്റ്റേററുകാൺഗ്രസ്സ് പ്രസ്തുത നിർദ്ദേശം വിഗണിച്ചതും, വീണ്ടും ഗവമ്മെൻറുമായി സംഘട്ടനമുണ്ടായതും എല്ലാം സ്റ്റേററുകാൺഗ്രസ്സ് ചരിത്രങ്ങളാണ്. സ്റ്റേററുകാൺഗ്രസ്സ് വാർഷികസമ്മേളനത്തിൽ ചങ്ങനാശേരി പങ്കെടുത്തിരുന്നു. സ്റ്റേററുകാൺഗ്രസ്സ് സംഘടനയെത്തന്നെ ശിഥിലപ്പെടുത്തുവാൻ പര്യാപ്തമായ അഭിപ്രായഭിന്നതകൾ നേതാക്കന്മാരുടെ ഇടയിൽ ഉത്ഭവിപ്പിച്ച വാർഷികസമ്മേളനത്തിലെ ആലോചനായോഗങ്ങളിൽ ചങ്ങനാശേരി ഇടപെട്ട് അദ്ദേഹത്തിൻെറ രഞ്ജനാപരമായ നടപടികളും ബുദ്ധിപൂർവ്വകമായ നിർദ്ദേശങ്ങളുംകൊണ്ട് ഐക്യം സംരക്ഷിച്ചിട്ടുണ്ട്. സമ്മേളനത്തിലെ പ്രധാന പ്രമേയം ചങ്ങനാശേരി ഹൃദയാവർജ്ജകമായ ഒരു പ്രസംഗത്തോടെ പിൻതാങ്ങി. ആ പ്രമേയം അന്നത്തെ സമ്മേളനം തിരസ്കരിച്ചിരുന്നു എങ്കിൽ ഒരു പക്ഷേ സ്റ്റേററുകാൺഗ്രസ്സ് സംഘടനതന്നെ തകൎന്നുപോയേനെ. അന്നത്തെ തീക്ഷ്ണമായിരുന്ന അന്തരീക്ഷത്തിൽ പ്രമേയം പരാജയപ്പെട്ടേയ്ക്കുമെന്നു ഭയന്നു പ്രവൎത്തകസമതിയിലെ പ്രമുഖാംഗങ്ങളിൽ ചിലർ ഒരു ഭീഷണിയെന്നപോലെ അവരുടെ രാജിക്കത്തുകൾ കീശയിൽ വഹിച്ചുകൊണ്ടു നടന്നിരുന്നു.

സ്റ്റേററുകാൺഗ്രസ്സ് വാർഷികം: ഗവമ്മെൻറു നിരോധനാജ്ഞകൾകൊണ്ടു തടഞ്ഞില്ലെങ്കിലും സമ്മേളനത്തിനുശേഷം ഗവമ്മെൻറും സ്റ്റേററുകാൺഗ്രസ്സും തമ്മിലുള്ള അകൽച്ച പൂർവ്വാധികം വർദ്ധിച്ചു. യുദ്ധപരിതഃസ്ഥിതികൾമൂലമുണ്ടായ കാരണങ്ങൾ എടുത്തു കാണിച്ച് ഗവമ്മെൻറു സന്ധിസംഭാഷണങ്ങൾ തല്ക്കാലത്തേയ്ക്കു നിൎത്തിവച്ചു. ഇതു കാൺഗ്രസ്സ് നേതാക്കന്മാരെ ക്ഷോഭിപ്പിച്ചു. അവർ ഒരു പരിപാടി തയാറാക്കി പ്രക്ഷോഭണത്തിനു വട്ടംകൂട്ടി. പ്രക്ഷോഭണപരിപാടിയനുസരിച്ചുള്ള

യോഗങ്ങൾ തിരുവനന്തപുരത്തു് ആരംഭിച്ചു. ഗവൺമെൻറു രാജ്യരക്ഷാനിയമമനുസരിച്ചു തുലാമാസം ൧൩-ാംനു- മി. പട്ടം ഉൾപ്പെടെയുള്ള ഏതാനും നേതാക്കന്മാരെ അറസ്ററു ചെയ്തു തടങ്കലിൽ വച്ചു. അതിനുശേഷം ചങ്ങനാശേരി രോഗഗ്രസ്ഥനാകുന്നതുവരെയുള്ള അദ്ദേഹത്തിൻെറ ചരിത്രം തുലോം സംക്ഷിപ്തമാണു്. കേവലം ആറു ദിവസങ്ങൾ മാത്രമാണു് അതിനുശേഷം പരിപൂർണ്ണമായ ആരോഗ്യത്തോടുകൂടി അദ്ദേഹം ജീവിച്ചിരുന്നതു്. "കാപ്പി കഴിഞ്ഞു് ആഫീസിൽ പോയി ജോലിചെയ്തു" എന്നുള്ള ഒരാവർത്തനം മാത്രമാണു് ഈ ആറുദിവസങ്ങളിലും തുടർച്ചയായി അദ്ദേഹത്തിൻെറ ഡയറിയിൽ കാണുന്ന കുറിപ്പുകൾ. ആ ദിവസങ്ങളിൽ അദ്ദേഹത്തിൻെറ ഹൃദയത്തെ ഇളക്കിമറിച്ചുകൊണ്ടിരുന്ന പ്രക്ഷുബ്ധമായ വികാരങ്ങളെപ്പററി വളരെ അടുത്തുകഴിഞ്ഞിരുന്ന കുടുംബാംഗങ്ങൾക്കുപോലും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രകൃത്യാ മിതഭാഷിയായ അദ്ദേഹത്തെ അത്ഭുതപൂർവ്വമായ ഒരു മൌനം ബാധിക്കുന്നതുപോലെ തോന്നി. തൻെറ അവസാന രാഷ്ട്രീയപ്രവർത്തനത്തെ,സാഹസികമെങ്കിലും യുക്തിപൂർവകമായ അതിൻെറ പാരമ്യത്തിലേയ്ക്കു നയിക്കുവാനുള്ള അവസരം സമാഗതമായി എന്നദ്ദേഹം ചിന്തിച്ചിരിക്കണം. അന്നുവരേയുള്ള രാഷ്ട്രീയമായ സകല സാഹചര്യങ്ങളേയും വിട്ടുപിരിയുവാനുള്ള ഒരുക്കങ്ങൾ അദ്ദേഹത്തിൻെറ ശാരീരികശക്തിയെ അടിമുതൽ മുടിവരെ ഉലച്ചിരിക്കണം. ആ വികാരഗതികളെപ്പററി അനന്തരസംഭവങ്ങളിൽനിന്നുള്ള ഗ്രന്ഥകാരൻെറ അല്പൂഹങ്ങളല്ലാതെ മററൊന്നും അവശേഷിച്ചിട്ടില്ല.

ചങ്ങനാശേരിയുടെ ഡയറി തുലാമാസം ൨൨-ാംതീയതി എന്നേയ്ക്കുമായവസാനിക്കുന്നു. അന്നന്നുള്ള സംഭവങ്ങൾ ഓരോ ദിവസവും രാത്രി ഉറങ്ങുവാൻ പോകുന്നതിനു മുൻപായി വളരെ ഭംഗിയായി സൂക്ഷിച്ചിരുന്ന ഒരു ഡയറിയിൽ രേഖപ്പെടുത്തുകയെന്നുള്ളതു ദിനചരിപോലെ കൃത്യമായി അദ്ദേഹമാചരിച്ചു വന്ന ഒരു പരിപാടിയായിരുന്നു. ദീർഘമായ ഈ ജീവചരിത്രത്തിൽ ചേർത്തിട്ടുള്ള മിക്കസംഭവങ്ങളും ഈ ഡയറിയെ ആസ്പദമാക്കി എഴുതിയിട്ടുള്ളവയാണു്. തികച്ചും പ്രക്ഷോഭജനക

മായ ഒരു പ്രമാണമാണത്. ഇതു പരസ്യപ്പെടുത്തുവാൻ നിവൃത്തിയില്ലാത്ത പല സംഭവങ്ങളും അഭിപ്രായങ്ങളും അഭ്യൂഹങ്ങളും ഈ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചങ്ങനാശേരിയുടെ മാനസികവ്യാപാരങ്ങളും ചിന്താഗതികളും, ലോകസംഭവങ്ങളേയും ദൈനംദിനജീവിതത്തിൽ അദ്ദേഹം ഇടപെട്ടിട്ടുള്ള പ്രവൎത്തനങ്ങളേയും വ്യക്തികളേയുംകുറിച്ചദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായങ്ങളും, അറിയണമെങ്കിൽ ഈ ഡയറി ഒരാവൎത്തി വായിച്ചേ മതിയാവൂ. രസകരവും വിജ്ഞാനപ്രദവുമായ ഈ പ്രമാണം പരസ്യപ്പെടുത്തുവാനുള്ള കാലം സമാഗതമാകുമെന്നു നമുക്കു പ്രതീക്ഷിക്കാം.

൨൨—ാംനു- ചങ്ങനാശേരി കൊല്ലത്തുനിന്നു തിരുവനന്തപുരത്തു തിരിച്ചെത്തി. ൨൩-ാംനു- മഹാരാജാവുതിരുമനസ്സിലെ തിരുനാളാഘോഷമായിരുന്നു. ഒരുറച്ച രാജഭക്തനായിരുന്ന അദ്ദേഹം അന്നു പ്രഭാതത്തിൽ കാപ്പികുടി കഴിഞ്ഞു തിരുനാൾ ഘോഷയാത്രയിൽ പങ്കുകൊള്ളുവാൻ കോട്ടയ്ക്കകത്തു പോയിരുന്നു. എഴുന്നള്ളത്തു കഴിഞ്ഞു തിരിച്ചെത്തിയതിനുശേഷം അദ്ദേഹം ഭക്ഷണം കഴിച്ചു വിശ്രമിച്ചു. അനന്തരം അഞ്ചു മണിയോടുകൂടി സായാഹ്നസവാരിക്കിറങ്ങി. എന്നാൽ പതിവിനു വിപരീതമായി അന്നദ്ദേഹം അഞ്ചു മിനിട്ടിനകം തിരിച്ചുവന്നു ശയനമുറിയിൽ പോയി മെത്തയിൽ കയറിക്കിടന്നു. അഭൂതപൂൎവമായ ഈ നടപടി കണ്ടു് ഉൽക്കണ്ഠയോടുകൂടി ഭാൎയ്യയും പുത്രിയും ശയനമുറിയിലോടിയണഞ്ഞു കാരണമന്വേഷിച്ചു. അദ്ദേഹം ഒരു വാക്കുമുരിയാടിയില്ല. സംഭ്രാന്തചിത്തയായ മിസസ്സ് പരമേശ്വരൻപിള്ള അദ്ദേഹത്തെ കുലുക്കി വിളിച്ചു വീണ്ടും വീണ്ടും ക്ഷീണകാരണമെന്താണെന്നന്വേഷിച്ചു. അദ്ദേഹം അപ്പോഴും നിശ്ശബ്ദനായിക്കിടന്നതേയുള്ളു. ചങ്ങനാശേരി ബോധരഹിതനായിരുന്നു എന്നു മാത്രമല്ല, സംഭാഷണം ചെയ്യുവാനുള്ള ശക്തിയും അദ്ദേഹത്തെ വിട്ടുപിരിഞ്ഞിരുന്നു. അല്പനിമിഷങ്ങൾക്കുള്ളിൽ ഡാക്ടർ വന്നു പരിശോധിക്കുകയും, രോഗം രക്തസമ്മൎദ്ദമാണെന്നു് അഭിപ്രായപ്പെടുകയും ചെയ്തു. ഒരാഴ്ചയിലധികം ചങ്ങനാശേരി ബോധരഹിതനായിത്തന്നെ കിടന്നു. ചികിത്സകൾ മുറയ്ക്കു നടന്നുകൊണ്ടിരുന്നു. ബോധം

തിരിച്ചുകിട്ടിയതിനുശേഷവും അദ്ദേഹത്തിനു സംസാരിക്കുവാനുള്ള ശക്തിയുണ്ടായിരുന്നില്ല. ഡാക്ടർ എൻ. കെ. കൃഷ്ണപിള്ളയുടെ വിദഗ്ദ്ധമായ ചികിത്സാവിധികളും ഭാര്യയുടെ നിരന്തരമായ പരിചരണവുംകൊണ്ട് ഒരു മാസം കഴിഞ്ഞപ്പോഴേയ്ക്കും രോഗത്തിന്റെ ആപൽഘട്ടം കടന്നുകൂടി. രോഗാരംഭത്തോടുകൂടി കഴിഞ്ഞ സംഭവങ്ങളെല്ലാംതന്നെ അദ്ദേഹം വിസ്മരിച്ചുപോയിരുന്നു. രോഗം അല്പം സാവകാശമായതിനുശേഷവും ഈ വിസ്മൃതി അദ്ദേഹത്തെ വിട്ടുപിരിഞ്ഞില്ല. അക്കങ്ങളും അക്ഷരങ്ങളുമെന്നുവേണ്ട ഭാര്യാപുത്രാദികളുടെ നാമധേയങ്ങൾപോലും അദ്ദേഹം വിസ്മരിച്ചുപോയിരുന്നു. സന്ദർശകന്മാരെ നേരിട്ടുകാണുമ്പോൾ തിരിച്ചറിയുവാൻ സാധിക്കുമായിരുന്നു എങ്കിലും അവരുടെ പേരുകൾ ഓർക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. രോഗംതുടങ്ങി ഒരു മാസം കഴിഞ്ഞതിനുശേഷം അവ്യക്തമായി ചില വാക്കുകൾ ഉച്ചരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അതിനുശേഷം ആയുർവ്വേദചികിത്സകൾ ആരംഭിച്ചു. അഞ്ചു മാസം തുടച്ചയായി ആയുർവ്വേദചികിത്സകൾ നടത്തിയതിനുശേഷം ഓർമ്മയും സംസാരിക്കുവാനുള്ള ശക്തിയും അല്പമായി തിരിച്ചുകിട്ടി എങ്കിലും അപ്പോഴും തുടച്ചയായി ഒരു വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു സംഭാഷണം ചെയ്യുവാനദ്ദേഹത്തിനു കഴിയുമായിരുന്നില്ല. സംഭാഷണവിഷയം ഇടയ്ക്കു മറന്നുപോകയും പൂർവ്വാപരബന്ധമില്ലാതെ സംസാരിക്കയും ചെയ്യുക അപ്പോഴും സാധാരണമായിരുന്നു. അസാധാരണമായ ഓർമ്മശക്തിയും അന്യൂനമായ യുക്തിബോധവുംകൊണ്ട് അനുഗൃഹീതനായിരുന്ന ആ ബുദ്ധിസമ്പന്നന്റെ ഉജ്ജ്വലമായ മസ്തിഷ്കത്തിന് അപരിഹാര്യമായ എന്തോ ഹാനി സംഭവിച്ചുപോയിരുന്നു. മരണപര്യന്തം ആ ദൌർബല്യത്തിൽനിന്നു പരിപൂർണ്ണമായ മോചനം അദ്ദേഹത്തിനു ലഭിച്ചതുമില്ല.

അക്കാലത്തു തിരുവിതാംകൂറിൽ പ്രക്ഷോഭജനകങ്ങളായ പല സംഭവങ്ങളും നടന്നുകൊണ്ടിരുന്നു. ഉത്തരവാദഭരണപ്രക്ഷോഭണത്തിന്റേയും, അറസ്റ്റുകളുടേയും, മററനിഷ്ടസംഭവങ്ങളുടേയും മാറെറാലികൾ നിരന്തരമായി അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. സ്റ്റേററ്കാൺഗ്രസ്സിന്റെ പ്രവർത്തന

ങ്ങളിൽ ചങ്ങനാശേരി നേരിട്ട പങ്കെടുത്തത് അക്ഷന്തവ്യമായ ഒരപരാധമായിട്ടാണ ഗവമെൻറ കരുതിയത്. അദ്ദേഹം ഹൈക്കോടതിയിൽനിന്ന പെൻഷ്യൻ പററിയ ഒരു ന്യായാധിപനായിരുന്ന എന്നുള്ളത് അദ്ദേഹത്തിന്റെ അപരാധത്തെ കൂടുതൽ ഗുരുതരമാക്കുന്ന എന്നാണ ഗവമെൻറ വിചാരിച്ചത്. എങ്കിലും ആ അപരാധത്തെ യുക്തിപൂർവ്വകമായ അതിന്റെ പാരമ്യത്തിലേയ്ക്കു നയിക്കുവാൻ അവസരം ലഭിക്കുന്നതിന മുൻപുതന്നെ അദ്ദേഹം രോഗഗ്രസ്തനായിത്തീൻ എന്നുള്ളതു നിയതിയുടെ ഒരു വികൃതിയെന്നല്ലാതെ എന്തു പറയട്ടെ. മനസ്സും ശരീരവും ഒന്നുപോലെ ഏകകാലത്തു ദുർബലപ്പെടുത്തിയ ഒരു രോഗമാണ് അദ്ദേഹത്തെ ബാധിച്ചിരുന്നത്. ഒരു കാലത്തു യാതൊരു തളച്ച്യും കൂടാതെ അസാധാരണമായ ഊർജ്ജചസപലതയോടുകൂടി ഉണന്നിരുന്ന അദ്ദേഹത്തിൻെറ മനസ്സ് ഒരു നിമിഷംകൊണ്ട് അലസവും ദുർബലവുമായിത്തീൻ. വായിക്കുവാനും എഴുതുവാനും അദ്ദേഹത്തിന സാധ്യമല്ലെന്നായി. ബുദ്ധിക്കു മന്ദത സംഭവിച്ചതോടുകൂടി കണ്ണുകൾക്കു കലക്കവും കാഴ്ചക്കുറവുമുണ്ടായി. വായിക്കുവാനാരംഭിക്കുമ്പോൾ തലകറക്കവും ബോധക്ഷയവും ഉണ്ടാകുന്നതുപോലെ അദ്ദേഹത്തിന തോന്നി. കഴിഞ്ഞ മുപ്പതു വഷങ്ങൾക്കിടയ്ക്ക് ഒരു ദിവസമെങ്കിലും സായാഹ്നവത്തമാനപ്പത്രം വായിക്കാതെ അദ്ദേഹം ഉറങ്ങിയിരുന്നില്ല. എന്നാൽ ഇക്കാലത്തു പത്രവായന പരിപൂണ്ണമായി അദ്ദേഹത്തിന പരിത്യജിക്കേണ്ടിവന്നു. മറഞ്ഞുപോയ ബുദ്ധിക്ക് ഇടയ്ക്കു തെളിച്ചംകിട്ടിയ ഒരവസരത്തിൽ താൻ ഏറെറടുത്തിട്ടുള്ള കത്തവ്യങ്ങളോടും, വിവിധപ്രസ്ഥാനങ്ങളോടും, സംഘടനകളോടും തനിക്കുള്ള ബന്ധങ്ങളേയും ബഹുമുഖമായ തൻെറ പ്രവത്തനമേഖലകളേയുംപററിയുള്ള സ്മരണകൾ ഒരു മിന്നൽപ്പിണരെന്നപോലെ ചങ്ങനാശേരിയുടെ ഹൃദയത്തിൽക്കൂടി കടന്നുപോയി. കേരകഷകസംഘം, ഹരിജനസേവാസംഘം, സ്റ്റേററ് കാൺഗ്രസ്സ് തുടങ്ങിയുള്ള സംഘടനകൾ തന്റെ കത്തവ്യബോധശൂന്യതയെ അപലപിച്ചുകൊണ്ട് ഒന്നൊന്നായി മുന്നിൽ വന്നു നിരക്കുന്നതുപോലെ അദ്ദേഹത്തിന തോന്നി. ഒരു നിമിഷത്തിൽ രോഗശയ്യയിൽനിന്ന ചാടിയെഴുന്നേററു വിസ്തൃതമായ പ്രവത്തനരംഗത്തേയ്ക്കു

സർവ്വശക്തികളും പ്രയോഗിച്ച് പാഞ്ഞുപോകുവാൻ അദ്ദേഹം അഭിലഷിച്ചു. എന്നാൽ അദ്ദേഹത്തിൻെറ കൈകാലുകൾ ചലിച്ചില്ല. ശരീരമിളകിയില്ല. പ്രവർത്തിക്കുവാനും ആയാസപ്പെടുവാനുമുള്ള അദ്ദേഹത്തിൻെറ ശക്തി ക്ഷയിച്ചുപോയിരുന്നു. കണ്ണുകൾ കലങ്ങി. സിരകൾ തളർന്നു. ചിത്തം പതറി. പരിപൂർണ്ണമായ വിശ്രമം അത്യന്താപേക്ഷിതമെന്നു ഭിഷഗ്വരൻ അനുശാസിച്ചു. ഭാവിജീവിതം ദീർഘിപ്പിക്കുവാനാഗ്രഹമുണ്ടെങ്കിൽ സകലവിധമായ പൊതുപ്രവർത്തനങ്ങളിൽനിന്നും വിരമിക്കണമെന്നു നിർദ്ദാക്ഷിണ്യമായി വൈദ്യശാസ്ത്രം വിധിച്ചു. ഉള്ളഴിഞ്ഞ സ്നേഹബന്ധത്തെ ആധാരമാക്കി നിർബാധമായ വിശ്രമം വരിക്കണമെന്നു കുടുംബാംഗങ്ങൾ യാചിച്ചു. തെളിഞ്ഞുകിട്ടിയ ബുദ്ധിസമ്പത്തു വീണ്ടും മറഞ്ഞുപോകുന്നതിനു മുമ്പായി ചങ്ങനാശേരി എല്ലാ പൊതുക്കാര്യപ്രവർത്തനങ്ങളിൽനിന്നും വിരമിക്കുവാൻ നിശ്ചയിച്ചു. കേരകർഷകസംഘം, ഹരിജനസേവാസംഘം, ഹിന്ദിപ്രചാരസഭ, സ്റ്റേററ് കാൺഗ്രസ്സ് എന്നീ സംഘടനകളിൽനിന്നു രാജിവച്ചു, ഗാർഹസ്ഥ്യജീവിതത്തിലെ വിജനതയിലേയ്ക്കു് അദ്ദേഹം തിരോധാനം ചെയ്തു. സുദീർഘവും, സംഭവബഹുലവും, വിശ്രുതവുമായിരുന്ന ഒരു പൊതുക്കാര്യജീവിതത്തിൻെറ പരമസമാപ്തിയായിരുന്നു അതു്. ആ നിമിഷംമുതൽ തിരുവിതാംകൂറിലെ പൊതുക്കാര്യജീവിതത്തിൽ അടയ്ക്കുവാൻ വഹിയാത്ത ഒരു വിടവു പ്രത്യക്ഷപ്പെട്ടു. അസാധാരണമായ സംഘടനാചാതുര്യംകൊണ്ടും, ആത്മാർത്ഥമായ സേവനതൃഷ്ണകൊണ്ടും, അന്യാദൃശമായ പരിപക്വതകൊണ്ടും മൂന്നു വ്യാഴവട്ടങ്ങളോളം തിരുവിതാംകൂറിലെ പൊതുക്കാര്യജീവിതത്തെ ഭാസുരമാക്കിത്തീർത്ത അവിസ്മരണീയനായ ഒരു നേതാവു ജനപക്ഷത്തേയ്ക്കു നഷ്ടമായി. ആ നിമിഷംമുതൽ മരണത്തെ പ്രതീക്ഷിച്ചുകൊണ്ടു മൃത്യുവിൻെറ നിഴലുകളിലാണു് അദ്ദേഹം ജീവിച്ചതു്. പ്രവൃത്തിരഹിതമായ ജീവിതം മരണത്തോടു തുല്യമാണെന്നു കരുതുന്ന അപൂർവ്വം ചിലരിലൊരാളാണു് അദ്ദേഹം. ജോലിയില്ലാത്ത പ്രദേശമാണു നരകം എന്നു ബർണാഡ്ഷ് ഒരിക്കൽ അഭിപ്രായപ്പെട്ടിട്ടുണ്ടു്. പ്രവൃത്തിരഹിതമായ ഭാവിജീവിതം നരക

ജീവിതമാണെന്നു ചങ്ങനാശേരി കരുതിയിരുന്നിരിക്കണം. വിസ്മൃതി എന്ന രോഗം മരണത്തിന്റെ മറ്റൊരു രൂപമാണ്. ഇവയിൽ കൂടുതൽ അഭികാമ്യമായിട്ടുള്ളതു മരണവുമാണ്. അനന്യസാധാരണമായ ബുദ്ധിസാമർത്ഥ്യംകൊണ്ടു ജീവിതവിജയത്തിനുള്ള മിക്ക പ്രതിബന്ധങ്ങളും തട്ടിത്തകർത്തു, പ്രതിയോഗികളെ അമ്പരിപ്പിച്ച്, ഔന്നത്യമാർജ്ജിച്ച ചങ്ങനാശേരിയുടെ അന്തിമഘട്ടം വിഷാദാത്മകമാക്കിത്തീർത്തതും ഈ രോഗം തന്നെയാണ്. ചങ്ങനാശേരിയുടെ അപ്രതിരോധ്യമായ ശക്തിയും, നിസ്സീമമായ കഴിവുകളും അദ്ദേഹത്തിന്റെ ബുദ്ധിശക്തിയെ ആശ്രയിച്ചാണിരുന്നതു്. ബുദ്ധിക്കു തെളിച്ചമില്ലാത്ത ജീവിതം ജീവിതമല്ല. പടക്കളത്തിൽവച്ചായുധം നഷ്ടപ്പെട്ടുപോയ ഒരു ഭടനെപ്പോലെയാണ് അദ്ദേഹം ജീവിതശിഷ്ടം കഴിച്ചുകൂട്ടിയതു്. മരിക്കുന്ന ദിവസം മദ്ധ്യാഹ്നഭക്ഷണത്തിനിരിക്കുമ്പോൾ അർദ്ധവിനോദസ്വരത്തിൽ "നാളെമുതൽ നിങ്ങൾ എനിക്കു ചോറു തരരുതു്. എനിക്കു ഭക്ഷണം കഴിക്കുവാനവകാശമില്ല. എന്തുകൊണ്ടെന്നാൽ ഞാൻ യാതൊരു ജോലിയും ചെയ്യാതിരിക്കയാണ്" എന്നായിരുന്നു അദ്ദേഹം ഭാര്യയോടു പറഞ്ഞതു്. മരണത്തെ അദ്ദേഹം അല്പമെങ്കിലും ഭയപ്പെട്ടിരുന്നില്ല. ആ അന്ത്യഘട്ടങ്ങളിൽ രോഗമന്വേഷിച്ചു ചെന്ന ഒരു സ്നേഹിതനോട് അദ്ദേഹം ഇങ്ങിനെയാണു പറഞ്ഞതു്: "എനിക്കു മരണത്തെപ്പററി യാതൊരു ഭയവുമില്ല. തിരുവിതാംകൂറിൽ ഒരു പൌരനു കഴിവുള്ളിടത്തോളം പൂർണ്ണമായും, ഫലപ്രദമായും, ഊർജ്ജസ്വലമായുമാണു ഞാൻ ജീവിച്ചിട്ടുള്ളതു്. മരണം അടുത്തുകഴിഞ്ഞിരിക്കുന്നു എന്നെനിക്കറിയാം. വാർദ്ധക്യംമൂലം മാനസികവും ശാരീരികവും ആയ സകല ശക്തികളും ക്ഷയിച്ച് ഒരു നിഴൽപോലെ ജീവിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ഇങ്ങിനെ ജീവിക്കുവാനും മരിക്കുവാനും സാധിക്കുന്നതിൽ ഞാൻ കൃതാർത്ഥനാണ്."

മരിക്കുന്നതിനു രണ്ടു മാസത്തിനു മുൻപ് പൊതുക്കാര്യജീവിതത്തിൽനിന്നു പിൻവലിഞ്ഞിരിക്കുന്നതായും, സ്റേററ് കാൺഗ്രസ്സുൾപ്പെടെയുള്ള എല്ലാ സംഘടനകളിൽനിന്നും രാജി വച്ചിരിക്കുന്നതായും, ആരോഗ്യപരമായ കാരണങ്ങളാൽ മാജീ

യിൽ യാതൊരു പ്രവൎത്തനങ്ങളിലും പങ്കെടുക്കുവാൻ ഉദ്ദേശി ക്കുന്നില്ലെന്നും, അദ്ദേഹം ഗവൎമ്മെൻറിനെ അറിയിച്ചു. ഗവ ൎമ്മെൻറ് ഈ ഉറപ്പിനെ അടിസ്ഥാനമാക്കി അദ്ദേഹത്തിനു പെൻഷ്യൻ തിരിച്ചുകൊടുക്കുവാൻ ഉത്തരവു ചെയ്തു.

മീനമാസത്തിൽ ചങ്ങനാശ്ശേരി കുടുംബസമേതം ദേഹസു ഖത്തിനായി കന്യാകുമാരിയിൽ പോയി താമസിച്ചു. ഏകദേശം രണ്ടുമാസക്കാലം അദ്ദേഹം അവിടെത്തന്നെ കഴിച്ചുകൂട്ടി. കന്യാ കുമാരിയിലെ ജീവിതം അദ്ദേഹത്തിനു വളരെ സുഖകരമായി രുന്നു. പഴയ ശരീരശക്തിയും ആരോഗ്യവും അദ്ദേഹത്തിനു തിരിച്ചുകിട്ടിയതുപോലെ തോന്നി. എങ്കിലും അതു കേവലം ഒരു മിഥ്യാബോധമായിരുന്നു എന്നനന്തരസംഭവം വെളിപ്പെ ടുത്തി. ഇടവം ൧൦-ാംനു- കന്യാകുമാരിയിലെ താമസമവ സാനിപ്പിച്ചു തിരുവനന്തപുരത്തു തിരിച്ചുവന്നിട്ടും ആരോഗ്യ ത്തിനു കാൎയ്യമായ ഹാനി ഒന്നും ഉടനടി സംഭവിച്ചില്ല. ഗൃഹ കാൎയ്യങ്ങളിൽമാത്രം ശ്രദ്ധ പതിപ്പിച്ചും ദിനചരികൾ മുടങ്ങാ തെ അനുഷ്ഠിച്ചും സുഖമായി ഒരു മാസംകൂടി അങ്ങിനെ കഴി ച്ചുകൂട്ടി.

മിഥുനം ൧൦-ാംനു- അദ്ദേഹത്തിൻെറ പുത്രിയുടെ ജന്മ നാളായിരുന്നതുകൊണ്ട് ഒരു ചെറിയ സദ്യ ഏൎപ്പാടുചെയ്തി രുന്നു. ഉച്ചയ്ക്കു ഭാൎയ്യയും കുട്ടികളും ഒന്നിച്ചിരുന്നു ചങ്ങനാശ്ശേരി സദ്യയുടെ വിഭവങ്ങളിൽ പങ്കുകൊണ്ടു. അനന്തരം പതിവുപോ ലെ വിശ്രമിക്കുവാൻ ശയനമുറിയിലേയ്ക്കു പോയി. റേഡിയോ തിരിച്ചുവച്ച് അല്പനേരം ലോകവാൎത്തകൾ ശ്രവിച്ചുകൊണ്ടി രുന്നു. അനന്തരം അദ്ദേഹം ശയനമുറിയിലുള്ള കാളിങ്ങ് ബെൽ അടിച്ചു ഭാൎയ്യയെ വിളിച്ചുവരുത്തി പതിവിനു വിപരീ തമായി അല്പനേരം സംഭാഷണം ചെയ്തു. വസ്തുവകകളെ പ്പററിയും കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ചുമാണു മുഖ്യ മായി സംസാരിച്ചത്. അതിനുശേഷം നിത്യവുമെന്നപോലെ രണ്ടു മണിക്ക് ഉറക്കമാരംഭിച്ചു. മിസസ്സ് പരമേശ്വരൻ പിള്ള നിശ്ശബ്ദമായി പുറത്തു പോന്നു. അല്പസമയം കഴി ഞ്ഞപ്പോൾ അസാധാരണമായ ചില അസ്വസ്ഥശബ്ദങ്ങൾ മുറിയിൽനിന്നു പുറപ്പെടുന്നതു കേട്ട് മിസസ്സ് ചങ്ങനാശ്ശേരി

ഓടി അകത്തു ചെന്നു. ചങ്ങനാശേരി നിദ്രയിൽനിന്നുണ ൎന്നു ചില അസുഖലക്ഷണങ്ങൾ കാണിക്കുന്നതും, ശ്വാസ ത്തിൻെറ തള്ളൽകൊണ്ടു് അദ്ദേഹത്തിന്റെ കണ്ഠം ഇടറുന്നതു മാണവർ കണ്ടതു്. മിസ്സസ്സ് ചങ്ങനാശേരിയുടെ മുഖത്തു ദൃഷ്ടി പതിപ്പിച്ചു് അദ്ദേഹം എന്തോ സംഭാഷണംചെയ്യുവാൻ ആഗ്ര ഹിക്കുന്ന ലക്ഷണങ്ങൾ പ്രകടിപ്പിച്ചു. മിസ്സസ്സ് ചങ്ങനാ ശേരി ഓടിഅണഞ്ഞു ചെവി അദ്ദേഹത്തിൻെറ മുഖത്തോടടു പ്പിച്ചു് എന്താണു പറയുവാൻപോകുന്നതെന്നു ശ്രദ്ധിച്ചു. വ്യക്തമായ യാതൊരു ശബ്ദവും കണ്ഠത്തിൽനിന്നു പുറപ്പെട്ടില്ല. സംസാരിക്കുവാനദ്ദേഹത്തിനുള്ള കഴിവു നഷ്ടമായിത്തീൎന്നിരുന്നു. അല്പനിമിഷങ്ങൾക്കുള്ളിൽ ഡാക്ടർ വന്നുചേൎന്നു. പരിശോ ധനയ്ക്കുശേഷം നിരാശയുടെ ലക്ഷണങ്ങളാണു് അദ്ദേഹത്തിന്റെ മുഖത്തു പ്രകടമായതു്. ആ കുടുംബം മുഴുവൻ അദ്ദേഹത്തിന്റെ ചുററും വന്നുകൂടിനിന്നു. ആറു മാസംമാത്രം പ്രായമുള്ള എല്ലാ ററിലും ഇളയ ശിശുവിൻെറ മുഖത്തു് ആ കണ്ണുകൾ ഒരു നിമി ഷനേരത്തേയ്ക്കു പതിഞ്ഞു. പതിവുപോലെ ആ മുഖം ഒരു മന്ദഹാസംകൊണ്ടു വികസിച്ചു. വീണ്ടും ആ കണ്ണുകൾ ചുററും കൂടിനിന്നിരുന്ന ഓരോ മുഖങ്ങളിലും ചെന്നു പതിഞ്ഞു. ഒടുവിൽ മിസ്സസ്സ് ചങ്ങനാശേരിയുടെ നേരെ ഒരിക്കൽക്കൂടി തിരിഞ്ഞു് അവസാനമായി ദൃഷ്ടികൾ അവിടെ ഉറച്ചു. നാഡി ചലനം കുറഞ്ഞുവരുന്നതായി ഡാക്ടർ മന്ത്രിച്ചു. ശ്വാസ ങ്ങൾക്കു ഇടയും ആഴവും കുറഞ്ഞു കുറഞ്ഞു വന്നു. കണ്ണുക ളുടെ പ്രകാശം മങ്ങി. ആ മാറിടം ഒരിക്കൽക്കൂടി ചലി ച്ചു. എല്ലാം നിശ്ശബ്ദമായി. ൧൧൭ മിഥുനം ൧-ാംനു- ഉച്ചതിരിഞ്ഞു ൨—൩൦-ന ചങ്ങനാശേരിയുടെ ദേഹി ദേഹ ത്തെ വിട്ടുപിരിഞ്ഞു.

അങ്ങിനെ അവ്യവസ്ഥിതമായ ഏററക്കുറച്ചിലുകളോടു കൂടി എട്ടു മാസം നീണ്ടുനിന്ന രോഗത്തിനുശേഷം ജീവിതമാ കുന്ന വ്യാമോഹം അദ്ദേത്തിലസ്തമിച്ചുപോയി. അണയാൻ പോകുന്ന ദീപംപോലെ അവസാനമായി ഒരിക്കൽക്കൂടി ആളി ക്കത്തിയതിനുശേഷം അദ്ദേഹത്തിൻെറ ആത്മാവു് അന്ത്യനി ദ്രയിൽ ലയിച്ചു. ആ ശരീരം അചേതനവും ചലനരഹിതവു

മായിത്തീൎന്നു. ചങ്ങനാശേരി പരമേശ്വരൻപിള്ള ചരമമടഞ്ഞു.


അങ്ങിനെ അവസാനിച്ച സംഭവബഹുലമായിരുന്ന ആ ദീൎഘജീവിതം എന്തെല്ലാം സ്മാരകങ്ങളാണു തിരുവിതാംകൂറിലെ ഓരോ പൌരനിലും ഇന്നും ഉദ്ദീപിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ഈ രാജ്യത്തെ ബഹുമുഖമായ പൊതുക്കാൎയ്യജീവിതത്തിലെ അടിയൊഴുക്കുകളും എതിരൊഴുക്കുകളും കഴിഞ്ഞ കാൽ ശതാബ്ദത്തിലധികകാലം സ്വന്തജീവിതത്തിൽ ഇത്ര വളരെ തെളിഞ്ഞു പ്രതിബിംബിപ്പിച്ചിട്ടുള്ള മറെറാരു വ്യക്തി തിരുവിതാംകൂറിലുണ്ടായിട്ടില്ല. കഴിഞ്ഞ രണ്ടു വ്യാഴവട്ടങ്ങൾക്കിടയ്ക്കു ചങ്ങനാശേരി പരമേശ്വരൻപിള്ള സാരമായി പങ്കെടുത്തിട്ടില്ലാത്ത ഒരൊററ സംഭവംപോലും തിരുവിതാംകൂറിലെ പൊതുജീവിതത്തിലുണ്ടായിട്ടില്ല. അദ്ദേഹത്തിൻെറ ചരമത്തോടുകൂടി, അതിശീഘ്രതയിൽ മറഞ്ഞുകൊണ്ടിരിക്കുന്ന പഴയ ലോകത്തിലെ ഗുണവൈശിഷ്ട്യങ്ങളും, വിദ്യുൽപ്രവാഹംപോലെ ഇരച്ചുകയറുന്ന നൂതനയുഗത്തിലെ നവീനാദൎശങ്ങളും ഒന്നിച്ചു് ഏകകാലത്തു സമ്മേളിച്ചിരുന്ന ഒരു തലമുറയിലെ അവസാനവ്യക്തിയും ഈ രാജ്യത്തിനു നഷ്ടമായിരിക്കുന്നു എന്നു വേണമെങ്കിൽ പറയാം. ആ നിലയിലദ്ദേഹത്തിന്റെ ജീവിതം ഭൂതകാലത്തിൻെറ ചരമശാസനവും ഭാവിയുടെ ഒരു പ്രവചനവുമായിരുന്നു. ചങ്ങനാശേരി ഒരതിമാനുഷനോ വിശിഷ്ടപുരുഷനോ ആയിരുന്നില്ല. മനുഷ്യസഹജമായ പല വികലതകളുമുള്ള ഒരു സാധാരണ മനുഷ്യനായിരുന്നു അദ്ദേഹം. എന്നാൽ ഒരു സാധാരണ മനുഷ്യനുള്ള അസാധാരണമായ കഴിവുകളെ മനസ്സിലാക്കി അതനുസരിച്ചു പ്രവൎത്തിക്കുവാനും പ്രയത്നിക്കുവാനും ചങ്ങനാശേരിക്കു കഴിഞ്ഞിരുന്നു എന്നുള്ളതാണു മററു സാധാരണന്മാരെ അപേക്ഷിച്ചു് അദ്ദേഹത്തിനുള്ള മഹത്വം.

# അദ്ധ്യായം ഒന്നു

ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ ജീവിതവിവരണം മാത്രമല്ല, അദ്ദേഹം ജീവിച്ചിരുന്ന കാലത്തിന്റെ ഒരു സംക്ഷിപ്തചരിത്രംകൂടി ഈ ഗ്രന്ഥത്തിലുൾപ്പെടുത്തിയിട്ടുണ്ട്. തിരുവിതാംകൂറിന്റെ ആധുനികചരിത്രത്തിലെ ഏററവും പ്രശോഭനമായ ഒരു കാലഘട്ടത്തെക്കുറിക്കുന്ന കഴിഞ്ഞ മൂന്നു വ്യാഴവട്ടങ്ങൾക്കിടയ്ക്കു ഈ രാജ്യത്തിലുണ്ടായിട്ടുള്ള അതിപ്രധാനമായ സംഭവങ്ങളുടെ ഒരു ചരിത്രമാണു ചങ്ങനാശേരിയുടെ ജീവചരിത്രം. ജീവിതത്തിന്റെ നാനാമുഖമായ രംഗങ്ങളിൽ തിരുവിതാംകൂറിലെന്നല്ല ഭാരതഭൂമിയിൽത്തന്നെ ഈ വർഷങ്ങൾ ഒരു നവോത്ഥാന(Renaissance)ഘട്ടത്തെക്കുറിക്കുന്നു. ഈ പരിവർത്തനദശയിൽ തിരുവിതാംകൂറിലെ സാമുദായികവും രാഷ്ട്രീയവും സാമ്പത്തികവുമായ ജീവിതം, പ്രഥമദൃഷ്ടിയിൽ തിരിച്ചറിയുവാൻ വഹിയാത്തവണ്ണം അത്രവളരെ രൂപഭേദപ്പെട്ടിട്ടുണ്ട്. ഭാവിതലമുറകൾ നിഷ്പക്ഷബുദ്ധിയോടുകൂടി ഈ കാലഘട്ടത്തിലെ തിരുവിതാംകൂറിന്റെ ചരിത്രവശങ്ങൾ മറിച്ചുനോക്കുമ്പോൾ ചങ്ങനാശേരിയുടെ നാമധേയം ആ പുറങ്ങളിലവിടവിടെ ആവർത്തിക്കുന്നതുകണ്ടു തിരിഞ്ഞുനിന്നു ഈ മനുഷ്യനാരാണെന്നും, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെന്തായിരുന്നു എന്നും, ഒരു പക്ഷേ അന്വേഷിച്ചേക്കാം. മാത്രമല്ല അദ്ദേഹത്തിന്റെ ചരിത്രം അവർ താല്പര്യത്തോടുകൂടി പഠിച്ചു എന്നും വരാം. ചങ്ങനാശേരിയുടെ പാദരേഖകൾ പതിഞ്ഞിട്ടില്ലാത്ത ഒരു മൂലയെങ്കിലും ആ സംഭവങ്ങൾ രേഖപ്പെടുത്തീട്ടുള്ള പുറങ്ങളിൽ ഒരു ചരിത്രവിദ്യാർത്ഥിക്കു കണ്ടെത്തുവാൻ കഴിയുന്നതല്ല.

മൊട്ടക്കുന്നുപോലെ നിശ്ശേഷം രോമരഹിതമായി മിന്നുന്ന അദ്ദേഹത്തിന്റെ മൂർദ്ധാവും, വിശാലമായ നെറ്റിത്തടവും, പ്രകാശിക്കുന്ന കണ്ണുകളിലെ രൂക്ഷമായ നോട്ടവും, ഇറുകിയടഞ്ഞു നിശ്ചയദാർഢ്യം ദ്യോതിപ്പിക്കുന്ന വക്ത്രവും, നിർദ്ദാക്ഷിണ്യമനോഭാവത്തെക്കുറിക്കുന്ന കൂർത്ത താടിയും, കൃശഗാത്രവും എന്ന സ്വരൂപവും ഒരുപക്ഷേ ആദ്യനോട്ടത്തിൽ പ്രേക്ഷകന്മാരുടെ ദൃഷ്ടി

യിൽ ഗാഢമായി പതിഞ്ഞു എന്ന് വരികയില്ലായിരിക്കാം. എങ്കിലും സമകാലീനന്മാരായ ബഹുസഹസ്രം ജനങ്ങളുടെ ഹൃദയത്തിൽ നിന്നൊരിക്കലും മാഞ്ഞുപോകാത്ത ഉഗ്രമായ ഒരു വ്യക്തിത്വം 'പ്രഥിതനായ ആ കൊച്ചുമനുഷ്യനിൽ' തെളിഞ്ഞു കാണാമായിരുന്നു. "ആ മനുഷ്യനെ നോക്കുക; അദ്ദേഹത്തിൻെറ മുഖത്തു പ്രകടമാകുന്ന അസാധാരണമായ ശക്തി എന്നെ ചിലപ്പോൾ ഭീതിപ്പെടുത്താറുണ്ട്" എന്നാണ് ഒരു പൊതുസ്ഥലത്തുവച്ചു ചങ്ങനാശേരിയുടെ മുഖത്തു കണ്ണെടുക്കാതെ നോക്കിക്കൊണ്ട് ഉന്നതനായ ഒരു ഉദ്യോഗസ്ഥൻ ഇതെഴുതുന്ന ആളോടു പറഞ്ഞത്. അദ്ദേഹത്തിന്റെ ശരീരത്തിലും മുഖത്തും സുദൃഢമായി ഉയർന്നുനിൽക്കുന്ന അസ്ഥിശകലങ്ങളെ മാംസലേപനംകൊണ്ടു മിനുസപ്പെടുത്തുവാൻ സൃഷ്ടികർത്താവ് ഒരുങ്ങിയിരുന്നില്ല. ക്ലേശകരവും വിശ്രമരഹിതവുമായിരുന്ന ദീർഘജീവിതത്തിനിടയിൽ ശാരീരികമായ പൌഷ്കല്യം നൽകി തന്നെ അനുഗ്രഹിക്കുവാൻ വത്സലപൂർണ്ണയായ പ്രകൃതിമാതാവിനവസരം ലഭിച്ചിട്ടില്ലെന്നാണു മാംസളമല്ലാത്ത അദ്ദേഹത്തിൻെറ ശരീരത്തെപ്പററി ചങ്ങനാശേരി വിനോദരൂപത്തിൽ പറയാറുണ്ടായിരുന്നത്. മുടങ്ങാത്ത ദിനചരികൊണ്ടും, വ്യക്തിപരമായ അച്ചടക്കംകൊണ്ടും, ശരീരം രോഗരഹിതമായി സൂക്ഷിക്കുവാനദ്ദേഹത്തിനു കഴിഞ്ഞിരുന്നു. തീവണ്ടിയിൽ സഞ്ചരിക്കുമ്പോൾകൂടി ഏതെങ്കിലും ഒരു പ്ലാററ്ഫാറത്തിൽ അല്പസമയം വണ്ടി നിൽക്കുമ്പോഴെല്ലാം അദ്ദേഹം പുറത്തു ചാടിയിറങ്ങി അതിദ്ധൃതിയിൽ പ്ലാററ്ഫാറത്തിൽ അങ്ങുമിങ്ങും നടന്നു വ്യായാമം ചെയ്യുക പതിവാണ്. നിഷ്കർഷാപൂർവ്വമായ പരിചരണങ്ങൾകൊണ്ടു ഹാനികൂടാതെ സംരക്ഷിച്ചിരുന്ന ആ കൃശശരീരത്തിനുള്ളിൽ ഉരുക്കിൻെറ ദാർഢ്യത്തെപ്പോലും വെല്ലുവിളിക്കുന്ന അചഞ്ചലമായ ഒരു ഹൃദയം ആവാസം ചെയ്തിരുന്നു എന്നുള്ളതാണ് അദ്ദേഹത്തിന്റെ ജീവിതവിജയത്തിന്റെ മുഖ്യമായ രഹസ്യം. വിക്ഷുബ്ധരായ പൊതുജനങ്ങൾ നിർദ്ദാക്ഷിണ്യമായി അദ്ദേഹത്തെ അപവദിക്കയും ശത്രുവർഗ്ഗങ്ങൾ, സഭ്യേതരമായി അവഹേളിക്കയും ചെയ്തിട്ടുള്ള ഘട്ടങ്ങൾ ചങ്ങനാശേരിയുടെ ജീവിതത്തിലുണ്ടായിട്ടുണ്ട്. അങ്ങിനെയുള്ള ഘട്ടങ്ങളിലൊക്കെ മുഖത്തെ ഒരു മാംസപേശിയെങ്കിലും ചലി



ചങ്ങനാശേരിയും കുടുംബാംഗങ്ങളും.

പ്പിക്കാതെ അദ്ദേഹം അക്ഷോഭ്യനം സമാധാനചിത്തനുമായിരു ന്നിട്ടുമുണ്ട്. പ്രചണ്ഡമായ ആ കൊടുങ്കാറ്റിനുശേഷമന്തരീക്ഷം ശാന്തമാകുമ്പോൾ കണ്ഠത്തിനൊരിടച്ചപോലുമില്ലാതെ, വ്യക്തി വിദ്വേഷത്തിന്റെ ലാഞ്ഛനപോലുമില്ലാതെ അദ്ദേഹത്തിന്റെ പ്രശാന്തമായ ശബ്ദം അന്തരീക്ഷത്തിലേയ്ക്കുയരുന്നു. പ്രതികക്ഷി കളെഅദ്ദേഹം അസ്തപ്രജ്ഞരാക്കുന്നു. ചങ്ങനാശേരി പൊതുക്കാ ര്യജീവിതത്തിൽ ഒരിക്കലും അപഥസഞ്ചാരം ചെയ്തിട്ടില്ലെന്നു പറയുന്നത് അവാസ്തവമായിരിക്കും. ഔന്നത്യത്തിൽനിന്ന് ഒരിക്കലും കീഴോട്ടു പതിക്കാതിരിക്കയല്ല, പിന്നെയോ വീഴ്ചപ റ്റിയിട്ടുള്ളപ്പോഴെല്ലാം വീണ്ടും പിടഞ്ഞെഴുന്നേററു പൂർവ്വാധികം ശക്തിയോടുകൂടി ഉപരിതലത്തിലേയ്ക്കുന്നമിക്കുകയെന്നുള്ളതാ ണു കൂടുതൽ ശ്രേഷ്ഠമായിട്ടുള്ളതെന്നു കൺഫ്യൂഷ്യസ്സ് പറയുന്നു. ചങ്ങനാശേരി ഔന്നത്യത്തിൽ നിന്നധഃപതിച്ചിട്ടുണ്ട്. ആ അവസരങ്ങളിലെല്ലാം പതിച്ച ദിക്കിൽനിന്നു കുതിച്ചെഴു ന്നേററു പ്രതിയോഗികളെ അമ്പരപ്പിക്കുമാറ് അസാമാന്യമായ പ്രാബല്യത്തോടുകൂടി അദ്ദേഹം മുകൾപ്പരപ്പിലേയ്ക്കു പാഞ്ഞു കയറിയിട്ടുമുണ്ട്. സമുദായത്തിലും തൊഴിൽരംഗത്തും അത്യു ന്നതമായ ഒരു സ്ഥാനവും, സാമാന്യജനങ്ങൾ വിട്ടുപിരിയുവാൻ മടിക്കുന്ന സാമ്പത്തിക താല്പര്യങ്ങളും ആദായമാർഗ്ഗങ്ങളും ആർജ്ജിച്ചതിനുശേഷം, തിരുവിതാംകൂറിൽ രാഷ്ട്രീയരംഗത്ത് പ്രത്യക്ഷപ്പെട്ട ആദ്യത്തെ പ്രക്ഷോഭകാരി ചങ്ങനാശേരിയായി രുന്നു. സാമുദായികമായോ സാമ്പത്തികമായോ യാതൊരു താല്പര്യങ്ങളും നഷ്ടപ്പെടാനില്ലാതെ ദേശീയപ്രവർത്തനങ്ങൾ കൊണ്ടു നിലയും വിലയും സമ്പാദിക്കാമെന്നു പ്രതീക്ഷിച്ചു കൊണ്ടു പ്രക്ഷോഭണരംഗത്തിറങ്ങുന്ന ആധുനികയുവാക്കന്മാ രിൽനിന്ന് ആ നിലയിൽ അദ്ദേഹം ഒരു വൈരുദ്ധ്യമായിരുന്നു.

ദുർബലചിത്തന്മാരെ പ്രചോദിപ്പിക്കുവാനുള്ള മനഃശ്ശ ക്തിയും, ആരുടേയും ബഹുമാനാദരങ്ങളെ ആർജ്ജിക്കുവാനുള്ള വിജ്ഞാനസമ്പത്തും, അനുയായികളെ ആകർഷിക്കുവാനുള്ള ഉദാത്തമായ ആത്മവിശ്വാസവും, ഒരു രാഷ്ട്രീയപ്രവർത്തകന് അത്യന്താപേക്ഷിതമായി ഉണ്ടായിരിക്കേണ്ടതാണെന്നു പ്ര ഫ്സർ മൈക്കൽസ് പ്രസ്താവിച്ചിട്ടുണ്ട്. വികാരപരമായ ഔ ദാര്യബുദ്ധിയല്ല നിർദ്ദാക്ഷിണ്യവും കാര്യമാത്രപ്രസക്തവുമായ

പരിഗണനകളാണ് ഒരു ജനസമുദായത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവരുടെ മാറ്റുകളെ നിയന്ത്രിക്കേണ്ടതെന്നു ഹാരോൾഡ് കാക്സ് പറയുന്നു. ഈ മഹനീയഗുണങ്ങൾ ആശ്ചര്യകരമാംവണ്ണം ചങ്ങനാശേരിയിൽ സമ്മേളിച്ചിരുന്നു എന്നുള്ളതിലേയ്ക്കു അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാർ സാക്ഷ്യം വഹിക്കുന്നു. യഥാർത്ഥമായ ശക്തിയും ശക്തനാണെന്നുള്ള ബോധവും രണ്ടും രണ്ടാണ്. സ്വശക്തിയെപ്പററിയുള്ള ആത്മവിശ്വാസം ആമോദകരമായ ഒരനുഭവമാണ്. എന്നാൽ ശക്തിസമ്പന്നന്മാർ ഇങ്ങിനെയൊരാനന്ദമനുഭവിക്കുന്നില്ല. നേരെമറിച്ചു ദുർബലന്മാരായ ജനങ്ങൾ ബലവാന്മാരാണെന്നും പ്രബലന്മാർ ബലഹീനരാണെന്നും സ്വയം തെററിദ്ധരിക്കുന്നു. ഇതു് ഒരു വിരുദ്ധപ്രസ്താവനയാണെന്നു തോന്നാം. എങ്കിലും ഒരു വേദസൂക്തംപോലെ വാസ്തവമാണ്. അതുകൊണ്ടുതന്നെയാണു ഭരണകർത്താക്കളായിരിക്കുവാൻ യോഗ്യതയുള്ളവരെന്നു സ്വയം അഭിമാനിക്കുന്നവർ വാസ്തവത്തിൽ നല്ല ഭരണാധികാരികളായിരിക്കയില്ലെന്നു പ്ലേറേറാ പറയുന്നതു്. ചങ്ങനാശേരി ഒരു ശക്തനായിരുന്നു. അദ്ദേഹത്തിന്റെ ശക്തിയിൽ വിശ്വാസവുമദ്ദേഹത്തിനുണ്ടായിരുന്നു. ചങ്ങനാശേരിയുടെ രാഷ്ട്രീയപ്രക്ഷോഭണചരിത്രത്തിലോരോ ഘട്ടവും ഈ വസ്തുത വെളിപ്പെടുത്തുന്നുണ്ടു്. രാഷ്ട്രീയപ്രവർത്തനങ്ങളിൽ അദ്ദേഹം ഒരു യഥാർത്ഥവാദിയായിരുന്നു. യാഥാർത്ഥ്യമായിരുന്നു അദ്ദേഹം ആദർശമായിപ്പരിഗണിച്ചിരുന്നതു്. ആദർശവാദികളായ രാഷ്ട്രീയചിന്തകന്മാർക്ക് എപ്പോഴും ആദർശമാണു യാഥാർത്ഥ്യമായിട്ടുള്ളതു്. ജാർജ് മൂർ എന്ന സുപ്രസിദ്ധ നോവൽകർത്താവിന്റെ അഭിപ്രായത്തിൽ ഈ രണ്ടു വാദങ്ങളും ഏറെക്കുറെ തെററാണ്. "യാഥാർത്ഥ്യം എപ്പോഴും ആദർശത്തിന്റെ നിഴൽ മാത്രമാണ്. അതുപോലെതന്നെ ആദർശം എപ്പോഴും യാഥാർത്ഥ്യത്തിന്റെ നിഴലുമാണ്."

സഹപ്രവർത്തകന്മാരെ തിരഞ്ഞെടുക്കുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന ആന്തരികമായ പ്രചോദനശക്തി അനിതരസാധാരണമായിരുന്നു. അനുയായികളുടെ ഭക്തിവിശ്വാസങ്ങളും ആത്മാർത്ഥമായ സഹകരണവും അദ്ദേഹത്തിനു ലഭി

ച്ചിട്ടുള്ളതുപോലെ അധികം പൊതുജനനേതാക്കന്മാർക്ക ലഭി ച്ചിരിക്കയില്ല. സഹപ്രവർത്തകന്മാരോടൊപ്പം ഒരടിമയേപ്പോലെ ക്ലേശിച്ചു പണിയെടുക്കുവാനദ്ദേഹം മടിച്ചിട്ടില്ല. ഒരു നിമിഷമെങ്കിലും വ്യർത്ഥമായി വ്യയം ചെയ്യുക അദ്ദേഹം പതിവില്ല. പൊതുക്കാര്യങ്ങളെക്കുറിച്ചദ്ദേഹത്തോടാലോചിക്കുവാൻ ചെല്ലുന്ന സന്ദർശകന്മാർ ഏതാനും നിമിഷനേരത്തേയ്ക്കു് അതിസൂക്ഷ്മമായി സംവാദങ്ങൾ ചെയ്തതിനുശേഷം അദ്ദേഹത്തിന്റെ മുഖത്തു തുറിച്ചുനോക്കി മററെന്തൊരു വിഷയത്തെപ്പററിയാണു സംഭാഷണം ചെയ്യേണ്ടതെന്നറിയാതെ വിഷമിക്കുന്നു. ആ സമയത്തു് അദ്ദേഹത്തിന്റെ മുഖത്തു പ്രകടമാകാറുള്ള അജ്ഞാതമായ ഭാവം "സംഭാഷണമവസാനിച്ചിരിക്കുന്ന സ്ഥിതിക്കു കൂട്ടതലായി എന്റേയും നിങ്ങളുടേയും സമയം വ്യർത്ഥമാക്കാതെ യാത്രയാകുവാൻ സമയമായില്ലേ" എന്നു ചോദിക്കുന്നതുപോലെ തോന്നും.

കമ്മിററികളിലും ആലോചനായോഗങ്ങളിലും മററുള്ളവർ മുഖം ചുമപ്പിച്ചു ശബ്ദമുയർത്തി വാശിപൂർവ്വം വാദപ്രതിവാദം ചെയ്യുകയും, ആവേശഭരിതരായി പ്രസംഗിക്കയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ചുററുപാടും അലതല്ലുന്ന വികാരവിക്ഷുബ്ധതയെ വിഗണിച്ചു് ഒരു മൂലയിൽ മൌനമായിരുന്നു ചങ്ങനാശേരി സമചിത്തതയോടെ നടപടികളിൽ പങ്കെടുക്കുന്നതു കണ്ടു് അദ്ദേഹത്തിന്റെ ബന്ധുക്കളും ശത്രുക്കളും ഒന്നുപോലെ നിരാശപ്പെട്ടിട്ടുണ്ടു്. ആരെയും പ്രശംസിക്കുവാനും ആരെയും ആക്ഷേപിക്കുവാനുമദ്ദേഹത്തിനു കഴിയുകയില്ല. മാനസികവ്യാപാരങ്ങളെ, മററുള്ളവർക്കു് ഒരിക്കലും കടന്നു നോക്കുവാൻ കഴിയാത്തവണ്ണം ലോഹനിർമ്മിതമായ ഒരു കൃത്രിമമുഖം കൊണ്ടു മറയ്ക്കുവാനദ്ദേഹത്തിനു കഴിയും. ചങ്ങനാശേരി ഒരു തുള്ളി കണ്ണുനീർ പൊഴിച്ചിട്ടുള്ള അവസരം അദ്ദേഹത്തിന്റെ പത്നിക്കുപോലും ഓർക്കുവാൻ കഴിയുന്നില്ല. ആ ഹൃദയം ഒരു ഗ്നിപർവ്വതംപോലെ ക്ഷോഭിക്കയും കലങ്ങി മറിയുകയും ചെയ്തിട്ടുള്ള ഘട്ടങ്ങൾ ഒരു പക്ഷേ ഉണ്ടായിരുന്നിരിക്കാം. എന്നാൽ മററുള്ളവരുടെ ദൃഷ്ടിയിൽനിന്നു മാനസികവികാരങ്ങളെ മറച്ചുവയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ അദ്ദേഹം ശാസ്ത്രീയമായ രീതിയിൽ പരിശീലിച്ചിരുന്നു.

രാഷ്ട്രീയകാര്യങ്ങളിൽ ചങ്ങനാശേരി ഒരുല്പതിഷ്ണുവായ യാഥാസ്ഥിതികനും യാഥാസ്ഥിതികനായ ഒരു ഉല്പതിഷ്ണുവുമായിരുന്നു. പൊതുജനാവകാശങ്ങൾക്കു വേണ്ടി നിർഭയം പ്രക്ഷോഭണം നടത്തിക്കൊണ്ടിരുന്ന ഓരോ ഘട്ടത്തിലും അദ്ദേഹം തത്വങ്ങൾ ബലികഴിക്കാതെ പ്രതിയോഗികളുമായി രാജിപ്പെടുവാൻ വിസമ്മതിച്ചിട്ടില്ല. രൂപായ്ക്കു രണ്ടണ മാത്രമാണു താല്ക്കാലികമായി ലഭിക്കുന്നതെങ്കിലും അതു പററിക്കൊണ്ടു ബാക്കി പതിന്നാലണയ്ക്കു വേണ്ടി നിരന്തരമായി അദ്ദേഹം സമരം ചെയ്തുകൊണ്ടിരുന്നു. രാഷ്ട്രീയമായ കാര്യങ്ങളിൽ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുവാൻ പഞ്ചേന്ദ്രിയങ്ങൾ കൂടാതെ ഗൂഢമായ ആറാമതൊരിന്ദ്രിയംകൂടി അദ്ദേഹത്തിനുള്ളതുപോലെ തോന്നും. സംഭവങ്ങൾ എങ്ങിനെ പുരോഗമിക്കുമെന്നു ദീഘദർശനം ചെയ്യുവാനും തദനുസരണം പ്രവർത്തനപരിപാടികൾ മുൻകൂട്ടി നിയന്ത്രിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സംഭവങ്ങളേയും വ്യക്തികളേയുംപററി അദ്ദേഹത്തിനുള്ള അഭിപ്രായങ്ങൾ മിക്കപ്പോഴും തെററാറില്ല. കാര്യശേഷിയിലും ദീഘവീക്ഷണത്തിലും അദ്ദേഹം സമകാലീനന്മാരുടെ ഇടയിൽ ഹിമവാനെപ്പോലെ ഉന്നതനായിരുന്നു. ഒരു സാധാരണ മനുഷ്യന്റെ ബുദ്ധിശക്തിയുടെ ആഴം എത്രമാത്രമെന്നു് അദ്ദേഹം സ്വന്ത ജീവിതംകൊണ്ടു വെളിപ്പെടുത്തി. ചങ്ങനാശേരി തെററുകൾ ചെയ്തിട്ടുണ്ടു്. അവ അദ്ദേഹം ഒരു സാധാരണ മനുഷ്യൻ മാത്രമാണെന്നുള്ളതിനെ വ്യക്തമാക്കുകയാണു ചെയ്തിട്ടുള്ളതു്. പക്ഷേ അതോടുകൂടിത്തന്നെ ഒരു സാധാരണ മനുഷ്യന്റെ നിസ്സീമമായ കഴിവുകളും അദ്ദേഹം വ്യക്തമാക്കി.

പൊതുക്കാര്യജീവിതത്തിൽനിന്നു് എന്നേയ്ക്കുമായി പിൻവാങ്ങിയതിനുശേഷം ചങ്ങനാശേരി പെൻഷ്യൻ തിരിച്ചു വാങ്ങിയ സംഭവം ഉദ്ധരിച്ചു് അദ്ദേഹത്തിന്റെ യശസ്സിൽ മാലിന്യം തേയ്ക്കുവാൻ ചില ദോഷൈകദൃക്കുകൾ ഒരുമ്പെടാതിരുന്നില്ല. എന്നാൽ ചങ്ങനാശേരിയുടെ പൊതുക്കാര്യപ്രവർത്തനങ്ങൾ സൂക്ഷിച്ചു വീക്ഷിച്ചിട്ടുള്ള ഒരാൾക്കു് അസ്വാഭാവികമായോ പൂർവ്വാപരവിരുദ്ധമായോ യാതൊന്നുംതന്നെ അദ്ദേഹത്തിന്റെ ഈ അവസാന നടപടിയിലും ദർശിക്കുവാൻ

കഴിയുന്നതല്ല. ചുററുപാടുമുള്ള സംഭവങ്ങളിൽനിന്നു വിഭിന്ന നായി നിന്നുകൊണ്ടു നിഷ്പക്ഷബുദ്ധിയോടെ വിസ്തൃതമായ പൊതുപ്രശ്നങ്ങളെ നോക്കിക്കാണുവാൻ അദ്ദേഹത്തിനു കഴി യുമായിരുന്നു. പെൻഷ്യൻ നിർത്തൽചെയ്തതു, നീതീകരിക്കുവാൻ വഹിയാത്ത ഒരു നടപടിയായിട്ടാണ് അദ്ദേഹം പരിഗണിച്ചി രുന്നതു്. വ്യക്തിപരമായ യാതൊരു സ്വകാര്യസേവനത്തി നുമുള്ള പ്രതിഫലമായിട്ടല്ല ചങ്ങനാശേരി പെൻഷ്യൻ പരിഗണിച്ചിരുന്നതു്. സക്കാർസർവ്വീസിൽ ആറു വഷം ആത്മാത്ഥമായും മനസ്സാക്ഷിയോടുകൂടിയും സേവനമനുഷ്ഠിച്ച തിനു ജീവാവസാനംവരെ ലഭിക്കുവാനവകാശമുള്ള ഒരു പ്രതി ഫലമാണു പെൻഷ്യൻസംഖ്യയെന്ന് അദ്ദേഹം വിശ്വസിച്ചി രുന്നു. പൊതുക്കാര്യജീവിതത്തിൽ നിന്നു പാടേ പിൻവലി ഞ്ഞതിനുശേഷവും വീണ്ടും പെൻഷ്യൻ തടഞ്ഞുവയ്ക്കുവാൻ ആൎക്കും അവസരം നൽകുന്നതു നിരത്ഥകമാണെന്ന് അദ്ദേഹം വിചാരിച്ചിരുന്നിരിക്കണം. ആരെയും സന്തോഷിപ്പിക്കുവാനോ ആരുടേയും പ്രീതി സമ്പാദിക്കുവാനോ അല്ല അദ്ദേഹം സ്റ്റേററു കാൺഗ്രസ്സിൽനിന്നു രാജിവച്ചതു്. അന്നത്തെ പരിതഃസ്ഥിതി കളിൽ ശാരീരികമായ കാരണങ്ങളാൽ അതൊരൊഴിച്ചുകൂടു വാൻ വഹിയാത്ത ആവശ്യമായിത്തീൎന്നു. ചങ്ങനാശേരിയുടെ ഉയൎച്ചയിലും, ബഹുമുഖമായിരുന്ന അദ്ദേഹത്തിൻെറ പ്രവൎത്ത നങ്ങളുടെ വിജയത്തിലും സ്പർദ്ധാലുക്കളായിരുന്ന ദുഷ്ടബുദ്ധി കൾക്കു മാത്രമേ വ്യക്തിവിദ്വേഷപരമായ മറേറതെങ്കിലും ഒരു വിശദീകരണം ആ സംരംഭത്തിനു നൽകുവാൻ കഴികയുള്ളൂ. വി ഷാദാത്മകമായിരുന്ന ആ രോഗചരിത്രത്തിലെഅദ്ദേഹത്തിന്റെ മാനസികാവസ്ഥ ഒന്നു മാത്രം ആശ്ചര്യപൂർവ്വമായ ഏതൊരു നടപടിയും നീതീകരിക്കുവാൻ മതിയായ കാരണമായിരുന്നു. എങ്കിലും ആക്ഷേപാർഹമായ യാതൊരു കൃത്യത്തിനും അദ്ദേഹ മൊരുങ്ങിയില്ല. സ്ഥിതിഗതികൾ യാഥാത്ഥ്യബോധത്തോടെ നോക്കിക്കാണുവാൻ അപ്പോഴും ചങ്ങനാശേരിക്കു കഴി ഞ്ഞിരുന്നു എന്നാണ് ഈ സംഭവം വെളിപ്പെടുത്തുന്നതു്.

മറ്റേതൊരു വിശദീകരണവും സത്യവിരുദ്ധമായിരിക്കും. പക്ഷേ ചങ്ങനാശേരിയുടെ സുദീർഘമായിരുന്ന പൊതുക്കാര്യപ്രവർത്തനങ്ങൾക്ക് ദുരുദ്ദേശം കല്പിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ ശത്രുക്കൾ ഈ അന്ത്യനടപടിയേപ്പറ്റിയും ദോഷാരോപണം ചെയ്തതിൽ ആശ്ചര്യപ്പെടുവാനെന്തുള്ളു? തിരുവിതാംകൂറിലെ ഉദ്ഘടസമ്പൂർണ്ണമായിരുന്ന ഓരോ രാഷ്ട്രീയ ഘട്ടത്തിലും ഈ ദോഷൈകദൃക്കുകൾ സ്തുതിഗീതവും അവസരവാദസേവകത്വവും ഒരു കലയാക്കി രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ ചങ്ങനാശേരി ധീരവും നിസ്വാർത്ഥപരവുമായ ഓരോ പ്രവർത്തനങ്ങൾകൊണ്ട് അവരെ വെല്ലുവിളിച്ചു പരാജയപ്പെടുത്തിയിട്ടുണ്ട്.

ചങ്ങനാശേരിയുടെ പെൻഷ്യൻ നിർത്തൽചെയ്യുന്നതിനു മുൻപ് അദ്ദേഹം ഗവമ്മെൻറിൻെറ ഒരു ഏജൻറായി സ്റ്റേററു കാൺഗ്രസ്സിനകത്തു നിന്നുകൊണ്ട് ആ സ്ഥാപനത്തെ ശിഥിലപ്പെടുത്തുകയാണെന്നവർ പറഞ്ഞു പ്രചരിപ്പിച്ചു. പെൻഷ്യൻ നിർത്തിയുള്ള ഗവമ്മെൻറുത്തരവ് അവരുടെ വാ മൂടിക്കെട്ടി. ചങ്ങനാശേരി അദ്ദേഹത്തിൻെറ മരണത്തിനു വഴി തെളിച്ച ഭയങ്കരമായ രോഗത്തിനടിപെട്ടു ശയ്യയിൽ കഴിച്ചുകൂട്ടുമ്പോൾ ജയിൽവാസഭീതികൊണ്ട് അദ്ദേഹം അനാരോഗ്യം നടിക്കയാണെന്നു ചില ക്രൂരബുദ്ധികൾ പറഞ്ഞു പരത്തി. ചങ്ങനാശേരി ഇപ്പോഴും മരിച്ചിട്ടില്ലെന്നും സ്റ്റേററുകാൺഗ്രസ്സ് പ്രവർത്തനങ്ങളിൽ നിന്നൊഴിഞ്ഞുനിൽക്കുവാൻ വേണ്ടി എവിടേയോ മറഞ്ഞിരിക്കയാണെന്നും ഒരു പക്ഷേ ഇപ്പോഴും അവർ പറഞ്ഞുനടന്നാലും ആരും ആശ്ചര്യപ്പെടുകയില്ല. ചങ്ങനാശേരിയുടെ പെൻഷ്യൻ തിരിച്ചു കൊടുത്തപ്പോൾ അദ്ദേഹം മാപ്പുചോദിച്ചിരിക്കണമെന്നവർ സങ്കല്പിച്ചു. ആരോടും മാപ്പു ചോദിക്കേണ്ട യാതൊരു പൊതുപ്രവർത്തനങ്ങളിലും ചങ്ങനാശേരി അദ്ദേഹത്തിൻെറ ജീവിതകാലത്തു പങ്കെടുത്തിട്ടില്ല. എവിടെയും തെളിഞ്ഞുനിന്നു പരസ്യമായി ആത്മാഭിമാനത്തോടുകൂടി സമ്മതിക്കാവുന്ന കൃത്യങ്ങളിലല്ലാതെ ഒന്നിലുമദ്ദേഹം ഏപ്പെട്ടിട്ടുമില്ല.

ചങ്ങനാശേരി ഒരു വ്യവസായപ്രിയൻകൂടിയായിരുന്നു എന്നുള്ളതു് ഈ ഗ്രന്ഥത്തിൽ ഇതിനുമൻപു പ്രസ്താവിച്ചിട്ടില്ല. ഇന്നു വിജയകരമായി നടന്നുവരുന്ന കൊല്ലത്തു തോമസ്സ് സ്റ്റീഫൻ ആൻഡ് കമ്പനി ആരംഭിക്കപ്പെട്ട നാൾമുതൽ, മരണപര്യന്തം ആ സ്ഥാപനത്തിൻെറ ഭരണസമിതിയുടെ അദ്ധ്യക്ഷൻ അദ്ദേഹംതന്നെയായിരുന്നു. മാനേജിംഗ് ഡയറക്റ്ററന്മാരുടെ ഭരണദൂഷ്യംകൊണ്ടോ മററു കാരണങ്ങളാലോ പ്രസ്തുത കമ്പനിക്കവശത തട്ടിയിട്ടുള്ള ഓരോ ഘട്ടങ്ങളിലും ചങ്ങനാശേരി ഇടപെട്ടു് ഒരു വ്യവസായവിദഗ്ദ്ധൻെറ നിസ്സീമമായ കാര്യശേഷിയോടുകൂടി ആ സ്ഥാപനത്തെ അപകടത്തിൽ നിന്നു സംരക്ഷിക്കയും പുരോഗമിപ്പിക്കയും ചെയ്തിട്ടുണ്ടു്. ഉദ്യോഗത്തിൽനിന്നു പെൻഷ്യൻ പററിയതിനുശേഷം മരിക്കുന്നതിനല്പകാലം മുൻപുവരെ അദ്ദേഹം കമ്പനിയുടെ മാനേജിംഗ് ഡയറക്റ്റർസ്ഥാനം കയ്യേററു നടത്തിവന്നു. കൂടാതെ മററു പല വ്യവസായസംരംഭങ്ങളിലും ചങ്ങനാശേരിക്കു പങ്കുണ്ടായിരുന്നു. മ്ലാമലെ, ടി, എസ്റ്റേററ് ലിമിററഡ് എന്ന കമ്പനിയുടെ അദ്ധ്യക്ഷനും അദ്ദേഹംതന്നെയായിരുന്നു. ഈ സംരംഭത്തിൽ സുപ്രസിദ്ധനായ പാലാമ്പടം മി. പി. ടി. തോമസ്സ് ചങ്ങനാശേരിയുടെ സഹപ്രവൎത്തകനായിരുന്നു. താമരപ്പിള്ളി റബ്ബർകമ്പനി ലിമററഡ്-നോടും അദ്ദേഹം ബന്ധപ്പെട്ടിരുന്നു എന്നു മാത്രമല്ല ഏകദേശം ഒരു വൎഷകാലത്തോളം അദ്ദേഹം അതിൻെറ ചെയർമാനുമായിരുന്നു.

ചങ്ങനാശേരി ഒരു നാസ്തികനായിരുന്നു എന്നു ചിലർ പറയുന്നതു കേട്ടിട്ടുണ്ടു്. ഇതെത്രമാത്രം വാസ്തവമാണെന്നു തീൎത്തു പറയുവാൻ നിവൃത്തിയില്ല. ദുർബലന്മാൎക്കു് ഊന്നി നടക്കുവാനുള്ള ഒരു വടിയാണീശ്വരൻ എന്നൊരവസരത്തിൽ അദ്ദേഹം പറയുകയുണ്ടായിട്ടുണ്ടു്. ജപതപം,ക്ഷേത്രസന്ദൎശനം തുടങ്ങിയ ബാഹ്യമായ ഭക്തിപ്രകടനങ്ങൾ ആസ്തികത്വത്തിന്റെ അത്യന്താപേക്ഷിതങ്ങളായ ഘടങ്ങകളാണെങ്കിൽ ചങ്ങനാശേരി ഒരു നാസ്തികനായിരുന്നു എന്നു സമ്മതിക്കാതെ തരമില്ല. വിഗ്രഹാരാധനയിലും ആർഭാടപരമായ ഈശ്വരധ്യാനത്തിലും അദ്ദേഹം വിശ്വസിച്ചിരുന്നില്ല. ചങ്ങനാശേരിക്കു ശാസ്ത്രീയമായ ഒരു മനോഭാവമാണുണ്ടായിരുന്നതെന്നും,

ഡാർവിൻ, ഹക്സ്ലി, ടിൽഡൻ തുടങ്ങിയ ശാസ്ത്രീയചിന്തകന്മാരുടെ വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥങ്ങളായിരുന്നു അദ്ദേഹത്തിന്റെ നിത്യസഹകാരികളെന്നും, ഈ ഗ്രന്ഥത്തിൽ ഒന്നിലധികം സ്ഥലങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ചിരകാലമായി നിലനിന്നുപോരുന്ന പാരമ്പര്യങ്ങളുടേയും സാഹചര്യങ്ങളുടേയും ഫലമായി ആസ്തികത്വം മനുഷ്യസമുദായത്തിന്റെ രക്തത്തിൽ തന്നെ കൂടികലർന്നിട്ടുണ്ട്. ഒരു ശിശു ഈശ്വരവിശ്വാസത്തോടുകൂടിയാണു മാതാവിന്റെ ഗർഭപാത്രത്തിൽ നിന്നു പുറത്തേയ്ക്കു പോരുന്നത്. എന്നാൽ ബുദ്ധിസമ്പത്തും ചിന്താശക്തിയും വളർന്നുവരുന്നതോടുകൂടി ആസ്തിക്യമാകുന്ന വിശ്വാസപ്രമാണങ്ങൾക്ക നിത്യജീവിതത്തിലെ യഥാർത്ഥ്യങ്ങളോടു പൊരുത്തമുണ്ടാക്കുവാൻ ഒരാൾക്കു ചിലപ്പോൾ സാധിക്കാതെ വരുന്നു. മോട്ടാർവണ്ടിയും ആകാശവിമാനവും ശബ്ദപ്രക്ഷേപിണിയും കൈകൾകൊണ്ടു സ്പർശിക്കാവുന്ന ശാസ്ത്രീയസത്യങ്ങളായി പുരോഭാഗത്തു് അവൻ ദർശിക്കുന്നു. അവയുടെ പാർശ്വസ്ഥലത്തു യുക്തിബോധത്തിനനുരൂപമല്ലാത്ത വിശ്വാസങ്ങൾക്കും അയഥാർത്ഥമായ സങ്കല്പങ്ങൾക്കും സ്ഥാനമില്ലാതെ പോകുന്നു. ജീവിതമത്സരത്തിലെ ജയാപജയങ്ങളെ സംബന്ധിച്ചിടത്തോളം ആസ്തികത്വം പ്രയോജനശൂന്യമായ ഒരു മൂഢവിശ്വാസമായി അവശേഷിക്കുന്നു. അതുകൊണ്ടു ബുദ്ധിപ്രധാനമായ ജീവിതം നയിക്കുന്ന ഒരു ജനവിഭാഗത്തിനു് ഈശ്വരൻ ഉണ്ടോ ഇല്ലയോ എന്ന പ്രശ്നം കേവലം നിരർത്ഥകമായി മാത്രമനുഭവപ്പെടുന്നു. എന്നാൽ സത്യനിഷ്ഠയും സദാചാരബോധവും സമസൃഷ്ടിസ്നേഹവും ലോകത്തിന്റെ നിലനില്പിനുതന്നെ അത്യന്താപേക്ഷിതങ്ങളാണു്. അതിൽ യുക്തിരഹിതമായോ അയഥാർത്ഥമായോ യാതൊന്നുംതന്നെയില്ല. ഈശ്വരവിശ്വാസവുമായി അവയ്ക്കു ബന്ധവുമില്ല. അതുകൊണ്ടുതന്നെയാണു് ഒരുകൂട്ടം ജനങ്ങൾ ബുദ്ധിശക്തിക്കതീതമായ ആദ്ധ്യാത്മികചിന്തകൾ വെടിഞ്ഞിട്ടു് ജനസേവനമാകുന്ന നിത്യയാഥാർത്ഥ്യത്തിലേയ്ക്കു ശ്രദ്ധ തിരിച്ചുവിടുന്നതു്. ഈശ്വരൻ ഉണ്ടോ ഇല്ലയോ എന്ന പ്രശ്നം അവരെ അലട്ടുന്നില്ല. ഈശ്വരാർച്ചനയ്ക്കും വിഗ്രഹാരാധനത്തിനും അവർ ഒരുങ്ങുന്നില്ല. അവയൊക്കെ യുക്തിക്കതീതങ്ങളായ വിശ്വാസങ്ങൾമാത്രമാണെന്നവർ കരുതുന്നു. സത്യനിഷ്ഠയും സമസൃഷ്ടിസേവനവും ആസ്തികത്വത്തിന്റെ

അംശമായി പരിഗണിക്കപ്പെട്ടുമെങ്കിൽ വിഗ്രഹാരാധനകൊണ്ടുമാത്രം ആത്മനിർവൃതി നേടാമെന്നു തെററിദ്ധരിക്കുന്ന ഭക്തശിരോമണികളേക്കാൾ ഉന്നതന്മാരായ മതനിഷ്ഠകന്മാരും ആസ്തികന്മാരുമാണവർ. ഇതുതന്നെയായായിരുന്നു ചങ്ങനാശേരിയുടേയും മതം. ആരാധനാക്രമങ്ങൾക്ക് അപ്രധാനത്വം കല്പിക്കയും കമ്മമാർഗ്ഗങ്ങളനുശാസിക്കയും ചെയ്യുന്ന ബുദ്ധമതം അദ്ദേഹത്തെ ഒട്ടധികം ആകർഷിച്ചിരുന്നു. ഒരുകാലത്തു ചങ്ങനാശേരി ബുദ്ധമതം സ്വീകരിച്ചതായിപ്പോലും ചിലർ പറഞ്ഞു പരത്തി. സാമാന്യമായ അർത്ഥത്തിൽ ചങ്ങനാശേരി ആസ്തികനോ നാസ്തികനോ ആയിരുന്നില്ല. മരണദിനംവരെ ഈശ്വരൻ ഒരു ചോദ്യചിഹ്നമായി അദ്ദേഹത്തിൻെറ പുരോഭാഗത്തു പ്രത്യക്ഷപ്പെട്ടിരുന്നു. ആ കടംകഥയ്ക്കു് ഉത്തരം കണ്ടുപിടിക്കുവാൻ അദ്ദേഹം ക്ലേശിച്ചിരുന്നതുമില്ല.

സ്വകാര്യജീവിതത്തിൽ ചങ്ങനാശേരി വാത്സല്യനിധിയായ ഒരു പിതാവും, സ്നേഹപൂർണ്ണനായ ഒരു ഭർത്താവും, വിശ്വസ്ഥനായ ഒരു മിത്രവും, കാരുണ്യശീലനായ ഒരു യജമാനനുമായിരുന്നു. അച്ചടക്കവും ശിക്ഷണബോധവും അദ്ദേഹം തൻെറ കുട്ടികളെ പരിശീലിപ്പിച്ചു. ചങ്ങനാശേരി കുട്ടികളെ ക്രോധപൂർവ്വം ശാസിക്കുക പതിവില്ല. എങ്കിലും ആ മുഖത്തു് അസംതൃപ്തിയുടെ ലാഞ്ചന പ്രകടമായാൽ അതു ദണ്ഡനശിക്ഷയേക്കാൾ വെറുപ്പുജനകമായിട്ടാണു കുട്ടികൾ കരുതിയിരുന്നതു്. തൻെറ മൂത്തപുത്രിയെ അദ്ദേഹം 'എൻെറ പ്രൈവററ്സിക്രട്ടറി', എന്നാണു വിളിക്കാറുണ്ടായിരുന്നതു്. ഒരു പ്രൈവററ് സിക്രട്ടറിയുടെ പരിശീലനങ്ങളും അദ്ദേഹം പുത്രിക്കു നൽകിയിരുന്നു. ഡൽഹിയിലും സിംലായിലും സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ചില ഘട്ടങ്ങളിൽ പ്രൈവറ്റ്സിക്രട്ടറിയുടെ കത്തവ്യങ്ങളും പുത്രിതന്നെ നിർവഹിച്ചിട്ടുണ്ടു്. ചങ്ങനാശേരി ഭാര്യയെ 'ഹോംസിക്രട്ടറി' എന്നാണു വിളിക്കുക പതിവു്. ഗൃഹഭരണസംബന്ധമായ കാര്യങ്ങളെപ്പറ്റി ആലോചിക്കുവാൻ നിത്യവും അദ്ദേഹം ആഭ്യന്തരകാര്യഭരണമന്ത്രിയ്ക്കു് ഒരു ക്ലിപ്തസമയം നീക്കിവച്ചിരുന്നു. ബന്ധുഗണങ്ങളിൽ യാതൊരാളേയും അദ്ദേഹം തൻെറ മരണശാസനത്തിൽ വിസ്മരിച്ചില്ല. സുഖമായി കഴിഞ്ഞുകൂട്ടുവാനുള്ള ധനം ഓരോരുത്തക്കും അദ്ദേഹം പകുത്തു നൽകിയിട്ടുണ്ടു്. ൫൫ വർഷം വിശ്വസ്ഥതയോടെ അദ്ദേഹത്തെ

സേവിച്ച ഡ്രൈവർ നാരായണപിള്ളയ്ക്കു് ൧൦൦൦ രൂപാ ചരമശാസനത്തിലദ്ദേഹം നീക്കിവച്ചിരുന്നു.

സാമ്പത്തികമായ പ്രാബല്യമോ, ബന്ധുമിത്രാദികളുടെ കാര്യമായ പിന്തുണയോ കൂടാതെ സമുദായത്തിന്റെ അടിത്തട്ടിൽനിന്നു്, അചഞ്ചലമായ മനോദാർഢ്യംകൊണ്ടും അക്ഷീണമായ പ്രയത്നശീലംകൊണ്ടും ആ സോപാനത്തിന്റെ ഏററവും അത്യുന്നതമായ പടിയിലേയ്ക്കുയൎന്ന ഒരു സാധാരണ മനുഷ്യന്റെ സാധാരണ ചരിത്രം മാത്രമാണിതു്. ഒരതിമാനുഷന്റെ വിഭ്രമജനകമായ പരാക്രമങ്ങളോ, ഒരു ദിവ്യപുരുഷൻെറ മായാശക്തിയോ, ഒരു സമരധീരൻെറ സാഹസികതാപമോ, ഈ ഗ്രന്ഥത്തിലാൎക്കും കാണുവാൻ കഴിയുകയില്ല. ജീവിതത്തിൽ വിജയം നേടുവാൻ നിശ്ചയിച്ചുറച്ച ഒരു ദരിദ്രബാലൻെറ അപ്രാപ്യങ്ങളായ ജീവിതാഭിലാഷങ്ങളും, അശരണനായ ഒരു യുവാവിന്റെ ഉൽക്കർഷേച്ഛ കലൎന്ന പരിശ്രമശീലവും, ജനസേവനോത്സുകനായ ഒരു മദ്ധ്യവയസ്കൻെറ നിശ്ചയദാർഢ്യവും, ഇതിൽ യഥാവിധി വിവരിച്ചിട്ടുണ്ടു്. ചങ്ങനാശേരി സമൎത്ഥനായ ഒരഭിഭാഷകനായിരുന്നു. നിസ്വാൎത്ഥശീലനായ ഒരു സമുദായപ്രവൎത്തകനായിരുന്നു. സമസൃഷ്ടിസ്നേഹമുള്ള ഒരു ഹരിജനസേവകനായിരുന്നു. നീതിനിഷ്ഠനായ ഒരു ന്യായാധിപനായിരുന്നു, സൎവ്വോപരി രാജ്യാഭിമാനിയായ ഒരു ദേശീയപ്രവൎത്തകനും പ്രക്ഷോഭകാരിയുമായിരുന്നു. ഭാവി തലമുറകൾ ചങ്ങനാശേരിയുടെ പൊതുക്കാൎയ്യപ്രവൎത്തനങ്ങൾമൂലമുണ്ടായിട്ടുള്ള നേട്ടങ്ങൾ കൃതജ്ഞതാപൂൎവ്വം സ്മരിക്കാതിരിക്കയില്ല. വൎഷങ്ങൾ കടന്നുപോകുന്തോറും അദ്ദേഹത്തെപ്പററി കൂടുതൽ കൂടുതൽ ഗ്രഹിക്കുവാൻ ജനങ്ങൾ ഉൽക്കണ്ഠപ്പെട്ടുകൊണ്ടിരിക്കും. തിരുവിതാംകൂർ, സാമുദായികമായും രാഷ്ട്രീയമായും പുരോഗമിക്കുന്നതോടൊപ്പംതന്നെ ചങ്ങനാശേരിയുടെ സ്മരണയെ നിലനിൎത്തുവാനുള്ള അഭിവാഞ്ഛയും വർദ്ധിച്ചുകൊണ്ടിരിക്കും. ചങ്ങനാശേരിയെപ്പോലെ സ്വന്തജീവിതം മുഴുവൻതന്നെ ജനസേവനത്തിനായൎപ്പിക്കയും അതിലേയ്ക്കു മരണപൎയ്യന്തമക്ഷീണമായി പ്രയത്നിക്കയും ചെയ്തിട്ടുള്ള മററൊരു തിരുവിതാംകൂർകാരൻകൂടി ഇന്നുവരെയുണ്ടായിട്ടുണ്ടെങ്കിൽ അതു് യശഃശ്ശരീരനായ ടി. കെ. മാധവനാണു്.

സമാപ്തം.

# APPENDIX

മിസസ്സ് ചങ്ങനാശേരിക്കു ലഭിച്ച അനുശോചനസന്ദേശങ്ങളിൽ ചിലതു മാത്രം താഴെച്ചേർക്കുന്നു.

## ഗാന്ധിജിയുടെ കമ്പി.

ന്യൂഡൽഹി.

നിങ്ങളുടെ ഭർത്താവിൻെറ ചരമവാർത്തയറിഞ്ഞു ഹൃദയപൂർവ്വം അനുശോചിക്കുന്നു. ഈശ്വരൻ നിങ്ങൾക്കു സമാധാനം നൽകട്ടെ.

ഗാന്ധി.

## മി. ബർലായുടെ കമ്പി.

ന്യൂഡൽഹി.

നിങ്ങളുടെ ഖേദകരമായ നഷ്ടം അറിഞ്ഞ് അത്യധികമായി ഖേദിക്കുന്നു. ഹൃദയപൂർവ്വമായ അനുശോചനങ്ങൾ സ്വീകരിക്കുക. ധീരതയോടുകൂടി ഈ നഷ്ടം നിങ്ങൾ പൊറുക്കുമല്ലോ!

ബർല.

## ശ്രീ. സി. ആറിൻെറ കത്ത്.

'ഹിന്ദുസ്ഥാൻ ടൈംസ്',
ന്യൂഡൽഹി.

മാഡം,

ഡൽഹിയിലേയ്ക്കു സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ശ്രീ. പരമേശ്വരൻപിള്ള ചരമമടഞ്ഞിരിക്കുന്നു എന്ന വാർത്ത വായിച്ചു ഞാൻ നടുങ്ങുകയും ദുഃഖിക്കയും ചെയ്തു. അദ്ദേഹം എനിക്കയച്ചിരുന്ന അവസാനത്തെ കത്തിൽനിന്നു, രോഗം ഭേദമായതായും ക്രമേണ പൂർണ്ണസുഖം പ്രാപിച്ചുകൊണ്ടിരിക്കുന്നതായും ഞാൻ ധരിച്ചിരുന്നു. തിരുവിതാംകൂറിലെ പക്വമാനസനായ ഒരു മാർഗ്ഗദർശിയും, ഏതു പരിതഃസ്ഥിതികളിലും വിശ്വസിക്കാവുന്ന ഒരു മിത്രവും, ഞങ്ങളിൽ ചിലർക്കു നഷ്ടപ്പെട്ടു. പൊതുജനങ്ങൾക്കുള്ള നഷ്ടം വളരെ ഭാരിച്ചതും അപരിഹാര്യവുമാണ്. അദ്ദേഹത്തിൻെറ കുടുംബാംഗങ്ങൾക്കെല്ലാംമ്പോൾ ഈ വിരഹം അവർക്കു വലുതായിരിക്കുമെന്ന് എനിക്ക് അറിയാം. എൻെറ അത്യഗാധമായ അനുശോചനങ്ങൾ നൽകുകയെന്നുള്ളതു ഖേദകരമായ ഒരവകാശമായി ഞാൻ കരുതുന്നു. അനേകവർഷങ്ങളായി ഒരിക്കലും പരിക്ഷേപിക്കപ്പെട്ടുപോയിട്ടില്ലാത്ത ഒരു മൈത്രീബന്ധമാണ് എനിക്കദ്ദേഹത്തോടുണ്ടായിരുന്നത്. ഞാൻ അതു വളരെ വിലമതിച്ചിരുന്നു. അകാലത്തിൽ സംഭവിച്ച ഈ വിധിവൈപരീത്യംമൂലം അതവസാനിച്ചുപോയിരിക്കുന്നു.

എന്ന് വിശ്വസ്തനായ സി. രാജഗോപാലാചാരി.

## ശ്രീ. താക്കറുടെ കമ്പി.

പൂന.

ഞങ്ങളുടെ ഒരുററ മിത്രവും സഹപ്രവത്തകനുമായിരുന്ന പരമേശ്വരൻ പിള്ളയുടെ മരണത്തെപ്പററി അപാരമായി ദുഃഖിക്കുന്നു.

താക്കർ.

മനോവിൽ, സിംല.
൨൯—൭—൪൦.

## രാജകുമാരി അമൃതകൌറിൻെറ കത്തു്.

പ്രിയസഹോദരി,

നിങ്ങളുടെ പ്രിയപ്പെട്ട ഭത്താവിൻെറ ചരമംമൂലം ഉണ്ടായിട്ടുള്ള നഷ്ടത്തിൽ നിങ്ങളോടും നിങ്ങളുടെ കുട്ടികളോടും ചേൎന്നു് ഹൃദയപൂൎവ്വം ഖേദിക്കുവാനും, സഹതപിക്കുവാനും എന്നെ അനുവദിക്കുക. ഞാൻ തിരുവിതാംകൂർ സന്ദശിച്ചിട്ടുള്ള രണ്ടവസരങ്ങളിലും അദ്ദേഹം എന്നോടു പ്രദശിപ്പിച്ചിട്ടുള്ള കാരുണ്യത്തെ ഒരിക്കലും മറക്കുവാനെനിക്കു സാദ്ധ്യമല്ല. അദ്ദേഹത്തെപ്പററി രാജ്യത്തുണ്ടായിരുന്ന അത്യുന്നതമായ മതിപ്പും, തിരുവിതാംകൂറിലെ പൊതുക്കാൎയ്യജീവിതത്തിനു് അദ്ദേഹത്തിൻെറ ചരമംമൂലമുണ്ടായിട്ടുള്ള അപരിഹാൎയ്യമായ നഷ്ടവും എനിക്കു നല്ലതുപോലെ അറിയാം.

സഹതാപത്തോടുകൂടി
നിങ്ങളുടെ വിശ്വസ്ഥയായ അമൃതകൌർ.

തൃശ്ശിനാപ്പള്ളി,
൩൧—൭—൪൦.

## മി. ടി. എസ്സ്. എസ്സ്. രാജൻെറ കത്തു്.

പ്രിയപ്പെട്ട മാഡം,

നിങ്ങളുടെ ഭത്താവിൻെറ ചരമത്തെക്കുറിച്ചറിഞ്ഞു ഞാൻ അത്യധികമായി ഖേദിക്കുന്നു. ഇതു നിങ്ങൾക്കു മാത്രം സംഭവിച്ച ഒരു നഷ്ടമായിക്കരുതുവാൻ പാടുള്ളതല്ല. തിരുവിതാംകൂറിനും ഇൻഡ്യയുടെ മററു ഭാഗങ്ങൾക്കും ദുർബലന്മാരോടും, സാധുക്കളോടും, താഴ്ത്തപ്പെട്ടവരോടും അനുഭാവമുള്ള ഒരു പ്രവത്തകൻ നഷ്ടമായിരിക്കുന്നു. ഈ വിരഹവേളയിൽ എൻെറ ഹൃദയപൂൎവ്വമായ അനുശോചനങ്ങൾ ദയാപൂൎവ്വം സ്വീകരിക്കുക. അദ്ദേഹത്തിൻെറ ആത്മാവിനെ ദൈവമനുഗ്രഹിക്കട്ടെ.

എന്നു് വിശ്വസ്ഥനായ ടി. എസ്സ്. എസ്സ്. രാജൻ.

ശ്രീനഗർ, കാഷ്മീർ.
൯—൬—൧൯൪൦.

## ശ്രീമതി രാമേശ്വരി നെഹ്റുവിന്റെ കത്തു്.

പ്രിയമിത്രമേ!

നിങ്ങളുടെ പ്രിയപ്പെട്ട ഭർത്താവിന്റെ ചരമവാർത്തയറിഞ്ഞു ഞാൻ അത്യഗാധമായി ഖേദിക്കുന്നു. ജനങ്ങൾക്കു വേണ്ടി പല മഹാത്യാഗങ്ങളും അനുഭവിച്ചിട്ടുള്ള ഒരു ശ്രേഷ്ഠരാജ്യസേവകനായിരുന്നു അദ്ദേഹം. അദ്ദേഹം ഏറ്റെടുത്തു പ്രവർത്തിച്ചിട്ടുള്ള എല്ലാകാര്യങ്ങളിലും അദ്ദേഹത്തിന്റെ ആത്മാർത്ഥത തെളിഞ്ഞു കാണുമായിരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി അദ്ദേഹത്തോടൊന്നിച്ചു പ്രവർത്തിക്കുകയെന്നുള്ളതു് അഭിമാനകരമായിട്ടാണു ഞാൻ വിചാരിച്ചിരുന്നതു്. അദ്ദേഹം ഏറ്റെടുത്തിരുന്ന വിവിധപ്രവർത്തനങ്ങളിൽ അദ്ദേഹത്തിന്റെ ശേഷിയും മാന്യതയും പ്രത്യക്ഷമായി ഞാൻ കണ്ടിട്ടുണ്ടു്. അതുകൊണ്ടുതന്നെ ഈ നഷ്ടം കൂടുതൽ ഖേദകരമായി എനിക്കു തോന്നുന്നു. അദ്ദേഹത്തിന്റെ ചരമംമൂലം അപരിഹാര്യമായ ഒരു നഷ്ടമാണു നിങ്ങൾക്കു നേരിടേണ്ടിയിരിക്കുന്നതു്. എന്നാൽ ആ നഷ്ടത്തിൽ പങ്കാളികളായ ബഹുശതം മിത്രങ്ങളും സഹപ്രവർത്തകന്മാരുമുണ്ടെന്നു ഞാൻ നിങ്ങൾക്കുറപ്പു നൽകട്ടെ. അദ്ദേഹത്തിന്റെ ആത്മാവിനു ശാന്തി നല്കണമെന്നും, ഈ ഭാരിച്ച നഷ്ടം സഹിക്കുവാൻ നിങ്ങൾക്കു ശേഷി ഉണ്ടാകണമെന്നും ഞാൻ ഈശ്വരനോടു പ്രാർത്ഥിക്കുന്നു.

എന്നു് വിശ്വസ്തയായ രാമേശ്വരിനെഹ്റു.

## സർ സി. പി.-യുടെ കത്തു്.

ഭക്തിവിലാസം, തിരുവനന്തപുരം.
൧൯൪൦ ജൂലായി ൧-ാംനു

പ്രിയപ്പെട്ട സർ,

ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ കുടുംബത്തിനു് ഉണ്ടായിട്ടുള്ള നഷ്ടത്തിൽ എനിക്കവരോടുള്ള അനുകമ്പയും സഹതാപവും ദയവു ചെയ്തു നിങ്ങൾ സ്വീകരിച്ചു് അവരെ അറിയിക്കുമല്ലോ.

നിങ്ങളുടെ വിശ്വസ്തൻ
സർ സി. പി. രാമസ്വാമിഅയ്യർ.

മി. കെ. പി. രാമചന്ദ്രൻനായർ അവർകൾ, തിരുവനന്തപുരം.

ബാംഗ്ലൂർ,
൧൯൪൦ ജൂലായി ൯.

## സർ മെർസാ ഇസ്മെയിലിന്റെ കത്തു്.

പ്രിയപ്പെട്ട മിസ്സസ്സ് പരമേശ്വരൻപിള്ളയ്ക്കു്,

നിങ്ങളുടെ ഭർത്താവിന്റെ ചരമവാർത്തയറിഞ്ഞു ഞാൻ ദുഃഖിക്കുന്നു.

ഏതാനും മാസങ്ങൾക്കു മുൻപു മി. പരമേശ്വരൻപിള്ള ഈ രാജ്യം സന്ദർശിച്ചപ്പോൾ മാത്രമാണു് അദ്ദേഹത്തെ നേരിട്ടു കാണുവാനും പരിചയ

കപ്പെടുവാനും എനിക്ക കഴിഞ്ഞതു്. മൈസൂരിൽ കണ്ട കാര്യങ്ങളിലെല്ലാം അദ്ദേഹം അഗാധമായ താല്പര്യം പ്രകടിപ്പിച്ചു. അദ്ദേഹം ഇപ്പോൾ ജീവിച്ചിരിക്കുന്നില്ലെന്നുള്ളതു ഖേദകരമായിരിക്കുന്നു. ഈ വിരഹത്തിൽ നിങ്ങളോടും നിങ്ങളുടെ കുടുംബത്തോടുമുള്ള എൻെറ ഹൃദയപൂർവമായ സഹതാപത്തെ പ്രകടിപ്പിക്കട്ടെ.

എന്റെ വിശ്വസ്തനായ സർ മിർസാ ഇസ്മയിൽ.

## ശ്രീമതി ലക്ഷ്മിക്കുട്ടിനേത്യാരമ്മയുടെ കത്തു്.

(ഇപ്പോഴത്തെ കൊച്ചീമഹാരാജാവു തിരുമനസ്സിലെ നേത്യാരമ്മ)

തൃപ്പൂണിത്തുറ,

൧൯൪൦ ജൂലായി ൧.

ശ്രീ.

പ്രിയസ്നേഹിതെ,

ചങ്ങനാശ്ശേരിയേയും നിങ്ങളേയും യശശ്ശരീരനായ അദ്ദേഹത്തിൻെറ ഛായാപടങ്ങളാൽ അലംകൃതങ്ങളായ സ്കൂളുകളേയും ഞാൻ ഇപ്പോഴും കാണുന്നു. മനുഷ്യർ ഒരിക്കലും മരിക്കാത്തവരല്ലല്ലോ. നായർസർവീസ് സൊസൈറ്റി അദ്ദേഹത്തെ പൂജിച്ചുകൊണ്ടു മേലിലും അഭിവൃദ്ധി പ്രാപിച്ചു വരട്ടെ. നിങ്ങൾക്കും കുട്ടികൾക്കും സർവ്വവിധ സുഖങ്ങളും സമാധാനവും നൽകുന്നതിനു് ഈശ്വരനെ പ്രാർത്ഥിച്ചുകൊണ്ടു വിരമിക്കട്ടെ.

വിനീതവിധേയ

കരിമ്പററ അമ്മിണിഅമ്മ.

## വള്ളത്തോളിൻെറ കമ്പി.

ഷൊർണ്ണൂർ.

അനുശോചനങ്ങൾ സ്വീകരിക്കുക. അദ്ദേഹത്തിൻെറ ആത്മാവിനു ശാന്തിയുണ്ടാകട്ടെ.

വള്ളത്തോൾ.

മററു കത്തുകൾ സ്ഥലച്ചുരുക്കംകൊണ്ടു പ്രസിദ്ധം ചെയ്യുന്നില്ല.

ഇവകൂടാതെ അഖിലഭാരതഹരിജനസേവാസംഘം തുടങ്ങി തിരുവിതാംകൂറിനകത്തും പുറത്തുമുള്ള ൫൦-ൽപരം സ്ഥാപനങ്ങളും ചങ്ങനാശ്ശേരിയുടെ ചരമത്തെപ്പററി അനുശോചനസന്ദേശങ്ങളയച്ചിരുന്നു.

[PRINT]ED AT THE KAMALALAYA PRINTING WORKS, TRIVANDRUM.

ആവശ്യപ്പെടേണ്ട മേൽവിലാസം—

ജി. രാമചന്ദ്രൻ,

[illegible]—തിരുവനന്തപുരം.